# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

2015 ജൂലൈ 1, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 159 - നമ്പർ 4

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 1, ബുധൻ

സ്പീക്കർ

**ശ്രീ. എൻ. ശക്തൻ**

സെക്രട്ടറി

**ശ്രീ. പി. ഡി ശാരംഗധരൻ**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ<br>സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും<br>കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീമതി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും<br>വകുപ്പുമന്ത്രി | : ശ്രീ. കെ. എം. മാണി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും<br>സ്റ്റേഷനറിയും വകുപ്പുമന്ത്രി | : ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും<br>വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും<br>സിനിമയും വകുപ്പുമന്ത്രി | : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...01
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...27
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...27
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...60

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 1258-ാം നമ്പർ ചോദ്യത്തിന്റെ
തിരുത്തിയ ഉത്തരം ...388

**III സത്യപ്രതിജ്ഞ** ...388

**IV അടിയന്തരപ്രമേയം**

മാധ്യമപ്രവർത്തകർക്കുനേരെ നടന്ന അക്രമം
(അവതരണാനുമതി നിഷേധിച്ചു.) ...389

**V ശ്രദ്ധ ക്ഷണിക്കൽ**

1. അനാചാരങ്ങളെ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത—
   ശ്രീ. കെ. ശിവദാസൻ നായർ ... 412
2. നഷ്ടപരിഹാരം നൽകേണ്ടതിന്റെ ആവശ്യകത—
   ശ്രീമതി ജമീലാ പ്രകാശം ...417

**VI സബ്മിഷൻ**

1. കൺസ്യൂമർഫെഡിലെ അഴിമതി—
   പ്രതിപക്ഷ നേതാവ്
   (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) ...422
2. നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത—
   ശ്രീ. റോഷി അഗസ്റ്റിൻ ...424
3. എസ്.സി. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്—
   ശ്രീ. കെ. രാജു ...426

*പേജ്*

4. ആസ്തിവികസന ഫണ്ടിന്റെ പ്രവർത്തന പുരോഗതി—
ശ്രീ. കെ. മുരളീധരൻ ...428

5. കോട്ടയം ടെക്സ്റ്റൈയിൽസ് നേരിടുന്ന പ്രതിസന്ധി—
ശ്രീ. മോൻസ് ജോസഫ്
...431

6. റോഡ് പുനർനിർമ്മാണം—
ശ്രീ. എ. എം. ആരിഫ് ...432

7. മേലോത്തുങ്കൽ ബാലഗോപാലക്ഷേത്ര പരിസരത്തുണ്ടായ സംഘർഷം—
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) ...434

8. സ്കോളർഷിപ്പ് വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത—
ശ്രീ. ആർ. സെൽവരാജ്
...438

9. തസ്തികകൾ അനുവദിക്കൽ—
ശ്രീമതി ഇ. എസ്. ബിജിമോൾ ...439

10. വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ട്—
ശ്രീ. രാജു എബ്രഹാം ... 441

11. താലൂക്കാശുപത്രിയായി ഉയർത്തൽ—
ശ്രീ. റ്റി. എ. അഹമ്മദ് കബീർ ... 443

**VII മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം
അനുസരിച്ചുള്ളകടലാസ്സുകൾ ...444

**VIII റിപ്പോർട്ട് സമർപ്പണം**

1. സബ്ജക്ട് കമ്മിറ്റി V-ന്റെ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും ...448

പേജ്

2. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് ...448
3. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് ...449

**IX ധനകാര്യം**

2015-2016 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ...449

ധനാഭ്യർത്ഥന നമ്പർ V- കാർഷികാദായ നികുതിയും വിൽപ്പനനികുതിയും ...450

ധനാഭ്യർത്ഥന നമ്പർ XXI-ഭവനനിർമ്മാണം ...450

ധനാഭ്യർത്ഥന നമ്പർ VI-ഭൂനികുതി ...450

ധനാഭ്യർത്ഥന നമ്പർ XII-ജില്ലാഭരണവും പലവകയും ...451

ധനാഭ്യർത്ഥന നമ്പർ XXVI-പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് ...451

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

*2015 ജൂലൈ 1, ബുധൻ*

വാല്യം 159] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 2015 ജൂലൈ മാസം 1-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## 1 ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## I വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ * 91

(ശ്രീ. കെ. എം. മാണി രാജിവയ്ക്കുക, ബാർ കോഴ കേസ് അട്ടിമറിക്കാതിരിക്കുക തുടങ്ങിയ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചുകൊണ്ടിരുന്നു.)

പ്ലീസ്.... പ്ലീസ്.... ഇത് ചോദ്യോത്തര സമയമാണ്. ഇപ്പോൾ നിങ്ങളിത് ചെയ്യരുത്. സഹകരിക്കണം. പ്ലീസ്..ജയരാജൻ., പ്ലീസ്, ശിവൻകുട്ടി.. ഇതിന് പ്രത്യേക സമയമുണ്ടല്ലോ. പ്ലീസ്..

### നെൽവയൽ നീർത്തട സംരക്ഷണ നിയമം

1 (*91) ശ്രീ. തോമസ് ചാണ്ടി:

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിൽ നിഷ്കർഷിക്കുന്ന ഡാറ്റാ ബാങ്കുകൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) ഡാറ്റാ ബാങ്കുകൾ പൂർത്തിയാക്കാത്തത് ബോധപൂർവ്വമാണെന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഡാറ്റാ ബാങ്കുകൾ പൂർത്തിയാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) ഡാറ്റാ ബാങ്ക് ഒത്തുനോക്കാനുള്ള ഉപഗ്രഹ ചിത്രങ്ങൾ വാങ്ങുന്നതിനുള്ള തുക ബജറ്റിൽ വകയിരുത്തിയിരുന്നോ; എങ്കിൽ എത്ര തുകയാണ് ഇതിനായി വകയിരുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തുക മുഴുവൻ ചെലവഴിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ,

(എ) അന്തിമ ഡാറ്റാ ബാങ്ക് വിജ്ഞാപനം പൂർത്തീകരിച്ചിട്ടില്ല. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്ക് തയ്യാറാക്കി അംഗീകരിക്കുന്നത് ബന്ധപ്പെട്ട കൃഷി ഓഫീസർ കൺവീനറായ പ്രാദേശികതല നിരീക്ഷണ സമിതികളും അവ ഗസറ്റ് വിജ്ഞാപനം നടത്തുന്നത് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുമാണ്. കരട് ഡാറ്റാ ബാങ്ക് ഏറെക്കുറെ പൂർണ്ണമായും തയ്യാറാക്കിക്കഴിഞ്ഞുവെങ്കിലും ആയത് പ്രസിദ്ധീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. സംസ്ഥാനത്ത് 978 ഗ്രാമപഞ്ചായ ത്തുകളുള്ളതിൽ 21 ഗ്രാമപഞ്ചായത്തുകളിൽ നെൽവയലുകളോ, തണ്ണീർത്തടങ്ങളോ ഇല്ല. ശേഷിക്കുന്ന 957 ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും ഒടുവിലെ കണക്കുപ്രകാരം 677 ഗ്രാമപഞ്ചായത്തുകൾ ഡാറ്റാ ബാങ്ക് തയ്യാറാക്കി ഗവൺമെന്റ് പ്രസ്സിൽ നൽകിയിട്ടുണ്ട്. 238 ഗ്രാമപഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2008-ലെ നെൽവയൽ തണ്ണീർത്തട ചട്ടത്തിലെ 4-ാം ചട്ടപ്രകാരമാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നത്. ചട്ടപ്രകാരം തണ്ണീർത്തടങ്ങളുടെ കാര്യത്തിൽ വില്ലേജ് ഓഫീസറും നെൽവയലുകളുടെ കാര്യത്തിൽ ബന്ധപ്പെട്ട കൃഷി ഓഫീസറുമാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കേണ്ടത്. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ പ്രദേശികതല നിരീക്ഷണ സമിതി ഇത് പരിശോധിച്ച് അപാകതകളില്ലെന്ന് ഉറപ്പുവരുത്തി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകേണ്ടതാണ്. പ്രദേശികതല നിരീക്ഷണ സമിതി യഥാസമയം ഡാറ്റാ ബാങ്ക്

തയ്യാറാക്കി നൽകാത്തതാണ് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാൻ വൈകുന്നതിന് കാരണം.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

ശ്രീ. തോമസ് ചാണ്ടിക്കുവേണ്ടി (ശ്രീ. എം. ചന്ദ്രൻ) : സർ, 2008-ൽ വളരെ പ്രതീക്ഷയോടുകൂടി നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ ഒരു നിയമമാണ് നെൽവയൽ നീർത്തട സംരക്ഷണനിയമം. നെൽവയലുകളുടെയും തണ്ണീർത്തട ങ്ങളുടെയും വിസ്തീർണ്ണം കുറഞ്ഞുവരുന്ന ഘട്ടത്തിൽ അവ സംരക്ഷിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഈ നിയമം അന്ന് നിയമസഭ പാസ്സാക്കിയത്. എന്നാൽ ഏഴ് കൊല്ലം കഴിഞ്ഞും ഈ കാലയളവിലും നെൽവയലുകൾ നികത്തുന്നതിന് യാതൊരു കുറവും സംഭവിച്ചിട്ടില്ല. ഈ നിയമം പ്രാബല്യത്തിലിരിക്കെ തന്നെ അതിന്റെ മുൻകാലങ്ങളേക്കാൾ കൂടുതൽ നെൽവയലുകളും തണ്ണീർത്തടങ്ങളും നമ്മുടെ സംസ്ഥാനത്ത് നികത്തിക്കൊണ്ടിരിക്കുകയാണ്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഒരു ഡാറ്റാ ബാങ്ക് രൂപീകരിക്കാൻ നിശ്ചയിച്ചത്. 978 ഗ്രാമപഞ്ചായത്തുകളിൽ 238 പഞ്ചായത്തുകളിലാണ് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുള്ളതെന്നാണ് മന്ത്രി പറയുന്നത്. നിരവധി വർഷം കഴിഞ്ഞാലും ഈ ഡാറ്റാ ബാങ്ക് പൂർത്തീകരിക്കാൻ കഴിയില്ല. അതിന് ഉദ്യോഗസ്ഥർ തടസ്സമാണ്. മാത്രമല്ല, ഡാറ്റാ ബാങ്കിൽ കൃത്രിമം നടത്തിക്കൊണ്ടിരിക്കുകയുമാണ്. നികത്തിയ നെൽവയലുകൾക്ക് സംരക്ഷണം കൊടുക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ താഴെ തലത്തിൽ ഉദ്യോഗസ്ഥർ നടത്തിയതിന്റെ ഭാഗമായി നികത്തിയ വയലുകളിലൊക്കെ ഷോപ്പിംഗ് കോംപ്ലക്സും വൻകിട കെട്ടിടങ്ങളുമൊക്കെ ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. ഇത് അവസാനിപ്പിക്കാൻ കേരളത്തിലെ അവശേഷിക്കുന്ന നെൽവയലുകളെങ്കിലും സംരക്ഷിക്കുന്നതിന് അടിയന്തരമായി ഡാറ്റാ ബാങ്ക് പൂർത്തീകരിച്ച് പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. അടൂർ പ്രകാശ് : സർ, 238 പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചുകഴിഞ്ഞു. 677 പഞ്ചായത്തുകൾ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കു വാനായി ഗവൺമെന്റ് പ്രസ്സിൽ അച്ചടിക്ക് നൽകിയിരിക്കുകയാണ്. 42

പഞ്ചായത്തുകൾ മാത്രമാണ് ഇനിയും ബാക്കി നിൽക്കുന്നത്. അവിടെയും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുവേണ്ട തയ്യാറെടുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. വേഗത്തിൽ ഡാറ്റാ ബാങ്കിന്റെ പ്രസിദ്ധീകരണം നടത്തുന്നതിനുവേണ്ട നടപടികളുണ്ടാകും.

ശ്രീ. എം. ചന്ദ്രൻ : സർ, നെൽവയൽ തണ്ണീർത്തട നിയമമനുസരിച്ച് ഒരുടമയ്ക്ക് പത്ത് സെന്റ് മാത്രമാണ് നികത്താൻ അവകാശമുള്ളത്. അതിൽ വില്ലേജ് ഓഫീസറും കൃഷി ഓഫീസറും എഞ്ചിനീയറുമുൾപ്പെടുന്ന പ്രാദേശിക സമിതികളുമുണ്ട്. അതിന്റെ മുകളിൽ ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ഒരു സമിതിയുണ്ട്. ഈ സമിതികളുടെ അംഗീകാരത്തോടുകൂടി മാത്രമേ കേരളത്തിൽ നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്താൻ പാടുള്ളൂ. എന്നാൽ ഈ കമ്മിറ്റികളെയൊക്കെ നോക്കുകുത്തികളാക്കിക്കൊണ്ട് നെൽവയലുകൾ ഇഷ്ടംപോലെ നികത്തിക്കൊണ്ടിരിക്കുന്നു. മാത്രമല്ല KLU (Kerala Land Utilisation Order) ഇപ്പോഴും നിലനിൽക്കുന്നതുകൊണ്ട് റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് ഇഷ്ടംപോലെ നെൽവയൽ നികത്തുന്നതിനു വേണ്ട സൗകര്യം ഈ നിയമത്തെ മറികടന്നുകൊണ്ട് ലഭിക്കുന്നു. അതുകൊണ്ട് KLU ഓർഡർ റദ്ദാക്കിക്കൊണ്ട് ഈ നിയമത്തിന് സർക്കാർ സംരക്ഷണം കൊടുക്കുകയും നിയമം നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാൻ തയ്യാറാകുമോ ?

ശ്രീ. അടൂർ പ്രകാശ് : സർ, KLU ഓർഡർ റദ്ദ് ചെയ്യുക എന്നുപറയുന്നത് വേഗത്തിൽ നടക്കുന്ന കാര്യമല്ല. കാരണം കേന്ദ്ര സർക്കാരിന്റെ നിയമമനുസരിച്ചു ള്ളതാണ് KLU Order. 2008-ൽ നെൽവയൽ തണ്ണീർത്തട നിയമം പാസ്സാക്കുന്ന അവസരത്തിൽ ഇത്തരം കാര്യങ്ങൾകൂടി ആ നിയമത്തിൽ കൊണ്ടുവരേണ്ടതായിരുന്നു. പക്ഷെ, ആ നിയമത്തിലെ അപാകതകൾ പലതും ഇന്നും നിലനിൽക്കുകയാണ്. ആ നിയമത്തിലെ അപാകതകൾ കാരണം ഇന്നും പല കാര്യങ്ങൾക്കും പഴുതുണ്ടായിട്ടുണ്ട് എന്നുള്ളത് സത്യാവസ്ഥയാണ്. ബഹുമാനപ്പെട്ട അങ്ങുൾപ്പെടെ ഈ സഭയിലുണ്ടായി രുന്നതാണ്. ഈ നിയമം പാസ്സാക്കുന്ന അവസരത്തിൽ ഇക്കാര്യങ്ങൾ പലതും ചർച്ച ചെയ്യപ്പെടേണ്ടതായിരുന്നു. അത് ചർച്ച ചെയ്യപ്പെടാതെ പോയി എന്നുള്ള പ്രശ്നമുണ്ട്. പല നിയമങ്ങളുടേയും അപര്യാപ്തത കാരണം പലപ്പോഴും പല ആളുകൾക്കും ഇതിനുള്ള അവസരങ്ങൾ നമ്മൾ തന്നെ ഉണ്ടാക്കിക്കൊടുത്തുയെന്നുള്ളത് ഒരു സത്യാവസ്ഥയാണ്. അതിന് ചില മാറ്റങ്ങൾ ഉണ്ടാകുന്നതായിരിക്കും ഏറ്റവും നല്ലതെന്നാണ് വ്യക്തിപരമായ എന്റെ അഭിപ്രായം.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, നമ്മുടെ പ്രകൃതിയെയും നെൽവയലുകളെയും സംരക്ഷിക്കാനാണ് ഇത്തരത്തിലൊരു നിയമം പാസ്സാക്കിയത്. പക്ഷെ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ ബാങ്കുകൾ പ്രസിദ്ധീകരിക്കാതിരിക്കുകയും ഡാറ്റാ ബാങ്കുകൾ തന്നെ അശാസ്ത്രീയമായി നിൽക്കുകയും ചെയ്യുന്ന ദുരവസ്ഥ തുടരുകയും ചെയ്യുന്നതിനിടയിലാണ് ഈ സർക്കാർ 2008-ന് മുൻപ് നികത്തിയ നെൽവയലുകൾക്ക് മാർക്കറ്റ് വിലയുടെ 25 ശതമാനം നൽകിയാൽ അത് സാധൂകരിക്കുന്നതാണ് എന്നൊരുത്തരവ് പാസ്സാക്കിയത്. ആ ഉത്തരവ് പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ വ്യാപകമായി നെൽവയലുകൾ നികത്തിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഡാറ്റാ ബാങ്കുകൾ പൂർത്തിയാക്കുകയും അത് ശാസ്ത്രീയമാക്കുകയും ചെയ്യുന്നതുവരെ ഇത്തരത്തിലുള്ള ഏതെങ്കിലും നികത്തൽ മുൻകാല പ്രാബല്യത്തോടെയോ പണം അടച്ചോ ചെയ്യുന്നത് റദ്ദ് ചെയ്ത് ഇക്കാര്യത്തിൽ നടക്കുന്ന കൃത്രിമം അന്വേഷിക്കു വാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ് : സർ, മാർക്കറ്റ് വാല്യുവിന്റെ 25 ശതമാനം അടച്ചാൽ 2008-ന് മുൻപ് നികത്തിയിട്ടുള്ള നെൽവയലുകൾ സാധൂകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നത് ഇപ്രാവശ്യം ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതാണ്. അതിനുശേഷം ഏതെങ്കിലും മേഖലയിൽ അനധികൃതമായി മണ്ണിട്ട് നികത്തി സാധൂകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് യാതൊരു കാരണവശാലും അനുവദിക്കുന്ന പ്രശ്നമില്ല. എവിടെയെങ്കിലും അങ്ങനെ ചെയ്തിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ബേസിക് ആയിട്ടുള്ള രേഖയില്ലാതെ എങ്ങനെയാണ് അത് ശരിയാണോ തെറ്റാണോ എന്ന് മനസ്സിലാക്കുന്നത്?...(ബഹളം)...

മി. സ്പീക്കർ : പ്ലീസ്... പ്ലീസ്.....മിനിസ്റ്റർ മറുപടി പറയട്ടെ...

ശ്രീ. അടൂർ പ്രകാശ് : സർ, 2008-ൽ ഈ നിയമം പാസ്സാക്കുന്ന അവസരത്തിൽ ഡാറ്റാ ബാങ്ക് പ്രിപ്പയർ ചെയ്യാൻ പറഞ്ഞിട്ടുണ്ടെങ്കിൽപോലും ഡാറ്റാ ബാങ്ക് തയ്യാറാക്കിയതിൽ അപാകതകൾ കടന്നുകൂടിയിട്ടുണ്ടെന്ന് ഞാൻ ആദ്യത്തെ മറുപടിയിൽ പറഞ്ഞതാണ്. ആ അപാകതകൾ തിരുത്തുന്നതിനുവേണ്ടി ഈ

നിയമത്തിൽ യാതൊരു പഴുതും വച്ചിട്ടില്ല. അതാണ് ഇപ്പോൾ പ്രധാനപ്പെട്ട വിഷയമായി വന്നിരിക്കുന്നത്. ഏതെങ്കിലും മേഖലയിൽ അനധികൃതമായി ഇനിയും ഭൂമി നികത്തിക്കൊണ്ട് നെൽവയലുകൾ നികത്തുന്നത് സാധൂകരിക്കുന്നതിനുവേണ്ടി ആരെങ്കിലും തുനിയുന്നുണ്ടെങ്കിൽ അതിനെതിരെ ശക്തമായ നിയമനടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

മി. സ്പീക്കർ : ഉപചോദ്യം ചോദിക്കുന്നതിനെ സംബന്ധിച്ച് ചെയർ ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ചോദ്യം ചോദിക്കുന്ന ബഹുമാന്യരായ അംഗങ്ങൾ ദീർഘമായി ചോദ്യം ചോദിക്കുകയാണെങ്കിൽ ഉപചോദ്യം ചോദിക്കുന്നവരുടെ എണ്ണം കുറയും. അതുപോലെ മന്ത്രിമാർ ദീർഘമായി മറുപടി പറയുകയാണെങ്കിൽ ചോദ്യങ്ങൾ വളരെ കുറച്ച് മാത്രമേ കൊടുക്കാൻ പറ്റുകയുള്ളൂ. മറ്റൊരു കാര്യംകൂടി വ്യക്തമായി മനസ്സിലാക്കണം. 8 ഉപചോദ്യം അനുവദിക്കുന്നുണ്ടെങ്കിൽ നാലെണ്ണം പ്രതിപക്ഷത്തിനും നാലെണ്ണം ഭരണപക്ഷത്തിനുമാണ്. നാലെണ്ണം പ്രതിപക്ഷത്തിനുകൊടുക്കുമ്പോൾ സ്വാഭാവികമായും സി.പി.ഐ, സി.പി.ഐ.(എം) എന്നിങ്ങനെ ഓരോ പാർട്ടിക്കാർക്കായി പോകും. ബഹുമാനപ്പെട്ട സി. ദിവാകരനെ ഇന്നലെ ചോദ്യത്തിനായി വിളിച്ചില്ലായെന്ന് പരാതി പറഞ്ഞു, അത് ശരിയാണ്. അങ്ങേയ്ക്ക് ഒരു ചോദ്യം തന്നുകഴിഞ്ഞാൽ അങ്ങയുടെ പാർട്ടിയിലുള്ള മറ്റാർക്കും ചോദ്യം കൊടുക്കാൻ സാധിക്കുകയില്ല. അപ്പോൾ അങ്ങയുടെ പാർട്ടിയിൽപ്പെട്ട ചോദ്യം കിട്ടാത്തവർക്ക് കൊടുക്കണമെന്നുണ്ടെങ്കിൽ അങ്ങയെ വിളിച്ചുകഴിഞ്ഞാൽ അവർക്ക് കൊടുക്കാൻ സാധിക്കുകയില്ല. അതാണ് കാര്യം. പലപ്പോഴും ചെയറിന് പരാതി വരികയാണ്. സീനിയർ ലീഡേഴ്സ് ചോദ്യത്തിനായി കൈ പൊക്കുമ്പോൾ ഒരു കാര്യം ഓർക്കണം; നിങ്ങൾക്ക് ചോദ്യം തന്നുകഴിഞ്ഞാൽ നിങ്ങളുടെ പാർട്ടിയിൽപ്പെട്ട മറ്റുള്ളവർക്ക് ചോദ്യം ചോദിക്കാനുള്ള അവസരം കിട്ടാതെ പോകും.

ശ്രീ. സി. പി. മുഹമ്മദ് : സർ, നെൽവയൽ നീർത്തട സംരക്ഷണ നിയമം വളരെ പ്രതീക്ഷയോടുകൂടി തയ്യാറാക്കിയ ഒരു നിയമമാണ്. പക്ഷെ നിയമം പ്രായോഗികതലത്തിൽ പരിപൂർണ്ണമായി വിജയിപ്പിക്കാൻ സാധിച്ചില്ല. അത് കൊണ്ടുവന്നവർതന്നെ അതിന്റെ ശേഷക്രിയ ചെയ്യാൻ പരിശ്രമിക്കുകയാണ് ചെയ്തത്.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ലീഡേഴ്സിന് ചോദ്യത്തിനുള്ള

പ്രിവിലേജുണ്ട്.

<u>മി. സ്പീക്കർ</u> : ലീഡേഴ്സിന് പ്രിവിലേജ് ഉണ്ട്. പക്ഷെ ചോദ്യം ചോദിക്കുന്ന എണ്ണത്തിൽ പ്രിവിലേജില്ല. ശ്രീ. എ. കെ. ശശീന്ദ്രൻ ഒരു കാര്യം മനസ്സിലാക്കണം. എട്ട് ഉപചോദ്യം അനുവദിക്കുന്നുണ്ടെങ്കിൽ നാലെണ്ണം ... (ബഹളം).... ചെയർ പറയുന്നത് ശ്രദ്ധിക്കണം. ഇപ്പോൾ എട്ട് ഉപചോദ്യം കൊടുക്കുന്നുവെങ്കിൽ നാലെണ്ണം ഭരണപക്ഷത്തിനും നാലെണ്ണം പ്രതിപക്ഷത്തിനുമാണ്. ശ്രീ. എ. കെ. ശശീന്ദ്രൻ കാര്യങ്ങൾ മനസ്സിലാക്കാതെയാണ് സംസാരിക്കുന്നത്. ഒരാളെ വിളിച്ചുകഴിഞ്ഞാൽ ആ പാർട്ടിയിൽനിന്നും മറ്റൊരാളെ വിളിക്കാൻ സാധിക്കുകയില്ല. ആവശ്യമില്ലാതെ സംസാരിച്ചിട്ട് കാര്യമില്ല.

<u>ശ്രീ. സി. പി. മുഹമ്മദ്</u> : സർ, വളരെ പ്രതീക്ഷയോടുകൂടിയാണ് നെൽവയൽ നീർത്തട സംരക്ഷണ നിയമം നടപ്പിലാക്കിയത്. നിർഭാഗ്യവശാൽ അത് പ്രായോഗിക തലത്തിൽ ഒരുപാട് പ്രതിസന്ധികൾ ഉണ്ടാക്കിയിരിക്കുകയാണ്. നമ്മുടെ നാട്ടിലെ നെൽവയൽ മാത്രമല്ല ധാരാളം ജലാശയങ്ങളും തണ്ണീർത്തടങ്ങളും നികത്തപ്പെട്ടുകൊണ്ടിരിക്കുകയാണ്. പാലക്കാട് ജില്ലയിൽ ആയിരക്കണക്കിന് കുളങ്ങളും ഇതിനകം നികത്തപ്പെട്ടു കഴിഞ്ഞു. അതുകൊണ്ട് നെൽവയൽ മാത്രമല്ല നികത്തപ്പെട്ട കുളങ്ങളും പുനരുദ്ധരിക്കാൻ വേണ്ട നടപടി ഈ ആക്ടിന്റെ ഭാഗമായി സർക്കാർ സ്വീകരിക്കുമോ ?

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, അനധികൃതമായി മണ്ണിട്ട് നികത്തുന്നുവെങ്കിൽ അത് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ നിയമത്തിൽ തന്നെ പറഞ്ഞിട്ടുണ്ട്. പക്ഷെ പലപ്പോഴും നിയമത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പാലിക്കപ്പെടുന്നില്ല. ഇത് മണ്ണിട്ട് നികത്തുന്നുവെന്ന് പറയുമ്പോൾ അത് തിരിച്ചെടു ക്കുന്നതിനുവേണ്ടി നോട്ടീസ് നൽകുന്നത് ഇത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്കാണ്. അത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചില്ലായെങ്കിൽ നേരിട്ട് ജില്ലാതലത്തിലോ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലോ നടത്തപ്പെടേണ്ട തായിട്ടുണ്ട്. അങ്ങനെ നടത്തപ്പെടുന്നുവെന്നുണ്ടെങ്കിൽ എവിടെനിന്ന് പണം ചെലവഴി ക്കപ്പെടണമെന്ന കാര്യം ഈ നിയമത്തിൽ പറഞ്ഞിട്ടില്ല. അതൊരു പ്രധാനപ്പെട്ട വിഷയമായി മാറിയിരിക്കുന്നു. അതുകൊണ്ട് ഈ നിയമത്തിൽ അടിയന്തരമായി ചില ഭേദഗതികൾ കൊണ്ടുവരേണ്ടതാണ്. ബഹുമാനപ്പെട്ട സി. പി. മുഹമ്മദ് ചോദിച്ചത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ഇക്കാര്യത്തിൽ ചില തീരുമാനങ്ങൾ ഉദ്യോഗസ്ഥതലത്തിൽ എടുക്കുമ്പോൾ അവർക്ക് പ്രൊട്ടക്ഷൻ ആവശ്യമാണ്. അത് നിയമത്തിൽ പറഞ്ഞിട്ടില്ല. അതിനുവേണ്ട തീരുമാനങ്ങൾ കൈക്കൊള്ളണമെന്ന്

തന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീമതി പി. അയിഷാ പോറ്റി : സർ, നെൽവയൽ നീർത്തട സംരക്ഷണ നിയമമൊക്കെ ഉള്ളപ്പോഴും നിലം നികത്തുമ്പോൾ റോഡുകളുടെ സൈഡിൽ കൂടിയുള്ള തോട് ഉൾപ്പെടെ നികത്തി പോകുന്നതുകൊണ്ട് എല്ലാ സ്ഥലങ്ങളിലും വലിയ ബുദ്ധിമുട്ട് ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഞാനും അതനുഭവിക്കുന്നുണ്ട്. റോഡും കലുങ്കും തോടും ഉൾപ്പെടെ നികത്തിയിട്ട് ഇത് ഞങ്ങളുടേതാണ്, പതിച്ചുകിട്ടിയതാണ് എന്നുപറയുന്നവരുണ്ട്. പലപ്പോഴും റോഡിൽ വീണ് ആൾക്കാർ മരിച്ച സംഭവം വരെ കൊട്ടാരക്കരയിൽ ഉണ്ടായിട്ടുണ്ട്. 5 സെന്റായാലും 10 സെന്റായാലും വെള്ളം ഒഴുകിപ്പോകാൻ റോഡിന്റെ സൈഡിലുള്ള തോടുകൾ/നീർച്ചാലുകൾ അതേപടി നിലനിർത്തിക്കൊണ്ടുമാത്രമേ നികത്താവൂ എന്നൊരു നടപടി സ്വീകരിക്കാൻ കഴിയുമോ ?

ശ്രീ. അടൂർ പ്രകാശ് : സർ, ബഹുമാനപ്പെട്ട അംഗം അങ്ങയുടെ നിയോജക മണ്ഡലത്തിൽപ്പെട്ട ചില കാര്യങ്ങളാണ് സൂചിപ്പിച്ചത്. അതുവഴി കടന്നുവരുന്ന ഒരു വ്യക്തി എന്നുള്ള നിലയിൽ കൊട്ടാരക്കരയിൽ വരുമ്പോൾ കാണുന്ന കാര്യങ്ങൾ അങ്ങേയ്ക്കും എനിക്കും ബോധ്യമുള്ളതാണ്. അങ്ങ് പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. നിലവിലുള്ള നിയമം അനുസരിച്ച് പഞ്ചായത്ത് ഏരിയായിൽ വീട് വയ്ക്കുന്നതിനുവേണ്ടി മാത്രം പത്തുസെന്റ് ഭൂമി നികത്താൻ അനുവദിക്കുന്നുവെങ്കിൽ മുനിസിപ്പൽ/കോർപ്പറേഷൻ ഏരിയകളിൽ വീട് വയ്ക്കുന്നതിനുവേണ്ടി അഞ്ചുസെന്റ് വീതം നികത്തുന്നതിനുള്ള അനുമതിയാണ് കൊടുക്കാറുള്ളത്. ആക്ടിന്റെ ഭേദഗതി വരുന്ന അവസരത്തിൽ തീർച്ചയായും അങ്ങ് പറഞ്ഞ ഈ സജഷൻകൂടി നിയമത്തിനകത്ത് ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ഡോ. എൻ. ജയരാജ് : സർ, നമ്മുടെ പരിസ്ഥിതി ഒരു പത്മവ്യൂഹത്തിലാണെന്നുള്ളതുകൊണ്ടാണ് 2008-ൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിയമസഭ പാസാക്കിയത്. ഭൂപരിഷ്കരണ നിയമത്തിനുശേഷംവന്ന ഏറ്റവും പ്രധാനപ്പെട്ട നിയമങ്ങളിൽ ഒന്നായിരുന്നു നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം. പക്ഷെ ഇവിടെ സൂചിപ്പിച്ചതുപ്പോലെ, പ്രായോഗിക തലത്തിൽ അത് പൂർണ്ണമായി നടപ്പാക്കാൻ കഴിഞ്ഞില്ല. ഗവൺമെന്റ് അക്കാര്യത്തിൽ അടിയന്തരമായി ഭേദഗതി കൊണ്ടുവരുമെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. വളരെ ആശ്വാസകരമായ കാര്യമാണത്. ഈ നിയമം പാസ്സാക്കിയശേഷം പിന്നീട് നിയമപരമല്ലാതെ തണ്ണീർത്തടങ്ങളോ പാടങ്ങളോ

നികത്തിയിട്ടുണ്ടെങ്കിൽ, ഏതെങ്കിലും കേസുകൾ അങ്ങനെ റിപ്പോർട്ട് ചെയ്തത് തിരികെ പൂർവ്വസ്ഥിതിയിലേക്ക് കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; അങ്ങനെയുള്ള ഏതെങ്കിലും കേസുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. അടൂർ പ്രകാശ് : സർ, ഈ നിയമം വന്നതിനുശേഷം അനധികൃതമായി നെൽവയൽ നികത്തിയിട്ടുള്ള ആളുകൾക്ക് നോട്ടീസ് നൽകി അവരുടെ പേരിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അവ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ചിലയിടങ്ങളിൽ പുനഃസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. പക്ഷെ മൊത്തത്തിലുള്ള കണക്ക് ഇപ്പോൾ തരാൻ കഴിയില്ല. ഈ ചോദ്യവുമായി ബന്ധപ്പെട്ടുള്ളതാണെങ്കിൽപ്പോലും എല്ലാ ജില്ലകളിൽ നിന്നുമുള്ള വ്യക്തമായ കണക്കുകൾ പരിശോധിച്ചശേഷം മറ്റൊരു ചോദ്യത്തിനുള്ള മറുപടി എന്ന നിലയിൽ തീർച്ചയായും നൽകുന്നതാണ്. കേസുകൾ രജിസ്റ്റർ ചെയ്യുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : സർ, നെൽവയലും തണ്ണീർത്തടവും സംരക്ഷിക്കുന്നതിനുവേണ്ടി നിയമമുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുന്നത്. പക്ഷെ മന്ത്രിയുടെ ജില്ല മാത്രമല്ല, കേരളത്തിലാകെ എല്ലാ ജില്ലകളിലും പാടങ്ങൾ നികത്തിക്കൊണ്ടിരിക്കുന്നു എന്നതൊരു വസ്തുതയാണ്. റവന്യൂ ഉദ്യോഗസ്ഥരുടെ മുമ്പാകെ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടിയെടുക്കുന്നി ല്ലെന്നത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. താലൂക്കുകളിലും വില്ലേജുകളിലുമുള്ള റവന്യൂ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം കൊടുത്ത് ഇതുതടയാൻ നടപടി സ്വീകരിക്കണ മെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇങ്ങനെ പോയാൽ നമ്മുടെ നാട്ടിൽ ഒരു കൃഷി വകുപ്പുമന്ത്രിയുടെ ആവശ്യമുണ്ടാകുമെന്ന് തോന്നുന്നില്ല. കൃഷിഭൂമിയുണ്ടെങ്കിലല്ലേ കൃഷി വകുപ്പുമന്ത്രിയുടെ ആവശ്യമുള്ളൂ. നമ്മുടെ കൃഷിഭൂമിയെല്ലാം കരഭൂമിയായി മാറുന്നതിൽ പ്രതിഷേധിച്ച് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഭരണപക്ഷത്തിൽ നിന്നും പ്രതിപക്ഷ സീറ്റിലേക്ക് ഇരിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് : സർ, കൃഷി വകുപ്പുമന്ത്രി ഭരണപക്ഷത്തിൽനിന്ന് പ്രതിപക്ഷത്തിൽ പോയിരിക്കണമെന്നതാണ് അദ്ദേഹത്തിന്റെ ആവശ്യം. അത്തരമൊരവസ്ഥ ഇപ്പോൾ വന്നിട്ടുണ്ടോ? അദ്ദേഹം ഇവിടെ ശക്തമായി ഇരിക്കുകയാണ്. ഇവിടെ യാതൊരു പ്രശ്നവുമുണ്ടായിട്ടില്ല. ബഹുമാനപ്പെട്ട അങ്ങും

ഇതെല്ലാം നോക്കിക്കാണുന്നുണ്ടെന്ന് ഞാൻ വിശ്വസിക്കുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, നാല് വർഷക്കാലമായി കൂടുതൽ നിലം നികത്തപ്പെട്ടിട്ടില്ല. അങ്ങനെ ഏതെങ്കിലുമുണ്ടെങ്കിൽ പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്. ഇത്തരത്തിലുള്ള ഒരു പരാതിയും ലഭിച്ചിട്ടില്ല. ശ്രീമതി കെ. കെ. ലതികയുടെ മണ്ഡലത്തിൽ 6 കോടി രൂപ ചെലവഴിച്ച് സ്ഥലം കൂടുതൽ കൃഷിയോഗ്യമാക്കുകയാണുണ്ടായിട്ടുള്ളത്. അക്കാര്യം അവർക്കറിയാം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, വലിയ വിസ്തൃതിയുള്ള വയലുകൾ നികത്തുന്നതിനും വൻകിട പദ്ധതികൾക്കും തിരുവനന്തപുരത്തുനിന്ന് സംസ്ഥാന കമ്മിറ്റിയുടെ അനുമതിവാങ്ങുന്ന ഒരു രീതിയുണ്ട്. എന്നാൽ പാവപ്പെട്ടവന് അഞ്ചോ പത്തോ സെന്റ് നിലം നികത്തുന്നതിനുവേണ്ടി പലപ്പോഴും കളക്ടറേറ്റിൽനിന്നും വില്ലേജ് ഓഫീസറിൽനിന്നും അനുമതി വാങ്ങാൻ സാധിക്കാത്ത ഘട്ടത്തിൽ തിരുവനന്തപുരത്തെത്തണമെന്നുള്ളത് ഏറെ പ്രയാസകരമായ കാര്യമാണ്. വൻകിടക്കാർക്ക് വൻകിട പദ്ധതികൾക്കായി തിരുവനന്തപുരത്ത് വന്ന് സംസ്ഥാന തലത്തിൽ തീരുമാനമെടുക്കാൻ കഴിയും. അതുകൊണ്ട് പത്ത് സെന്റുവരെയുള്ള ഭൂമി നികത്തുന്നതിനുള്ള അനുമതി ജില്ലാകളക്ടർമാർക്ക് തന്നെ നൽകാനും അവിടെ വച്ചുതന്നെ അന്തിമ തീരുമാനമെടുക്കാനുമുള്ള അനുമതി കൊടുത്താൽ അത് പാവപ്പെട്ടവർക്ക് ഏറെ പ്രയോജനകരമായിരിക്കും. അതിന് സർക്കാർ തയ്യാറാകുമോ ?

ശ്രീ. അടൂർ പ്രകാശ് : സർ, ഇതിന് പ്രാദേശിക തലത്തിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ടെന്നുള്ളത് നിയമത്തിൽതന്നെ പറഞ്ഞിട്ടുണ്ട്. പക്ഷെ ആ പ്രാദേശിക സമിതി പലപ്പോഴും വേണ്ടതരത്തിൽ പ്രവർത്തിക്കുന്നില്ല എന്നത് സത്യാവസ്ഥയാണ്. റവന്യൂ സർവ്വേ അദാലത്ത് നടത്തുന്ന അവസരത്തിൽ മലപ്പുറം ജില്ലയിൽ എത്തിച്ചേർന്നപ്പോൾ ഒട്ടനവധി പരാതികളാണ് എന്റെ മുമ്പിൽ വന്നത്. പത്ത് സെന്റ് ഭൂമി നികത്തി വീട് വയ്ക്കുന്നതിനുവേണ്ടിയുള്ള അനുമതി ലഭിക്കണമെന്നാവശ്യ പ്പെട്ടുകൊണ്ട് ഒട്ടനവധി പരാതികൾ വന്നിരുന്നു. അത് ശരിക്കും പരിശോധിച്ചു നോക്കിയാൽ അവർ ഏറ്റവും അർഹതപ്പെട്ടവരാണ്. പക്ഷെ ഇത്തരം കാര്യങ്ങൾക്ക് വേണ്ടതരത്തിൽ തീരുമാനം കൈക്കൊള്ളുന്നതിന് ജില്ലാതലത്തിലോ അല്ലെങ്കിൽ പ്രാദേശികസമിതിക്കോ തന്നെ അതിനുള്ള അനുമതി കൊടുക്കാൻ കഴിയുന്നതാണ്. പക്ഷെ അവർ അതിന്

തീരുമാനമെടുക്കുന്നില്ല. അതിനുള്ള അപ്പീൽ പ്രൊവിഷൻ എന്നുള്ള നിലയ്ക്ക് പുതിയ ആക്ടിൽ ഭേദഗതി വരുത്തുമ്പോൾ ഇക്കാര്യങ്ങൾകൂടി നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. കെ. നാരായണൻ : സർ, സൈറ്റ് വെരിഫിക്കേഷൻ നടത്താതെ ഭൗമ സർവ്വേ നടത്തിയാണ് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിരിക്കുന്നത്. അതിന്റെ ഫലമായി വയൽ കരയായും കര വയലായും ഡാറ്റാ ബാങ്കിൽ രേഖപ്പെടുത്തിയിരിക്കുകയാണ്. അതുകൊണ്ട് ശാസ്ത്രീയമായി സൈറ്റ് വെരിഫിക്കേഷൻ നടത്തി ഡാറ്റാബാങ്ക് തയ്യാറാക്കാൻ സംവിധാനമുണ്ടാക്കുമോ ?

ശ്രീ. അടൂർ പ്രകാശ് : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഡാറ്റാ ബാങ്ക് തയ്യാറാക്കിയ അവസരത്തിൽ കുറേ അപാകതകൾ കടന്നുകൂടിയിട്ടുണ്ട്. അവ പരിഹരിക്കപ്പെടണമെങ്കിൽ ഇവിടെ പാസാക്കിയ നിയമത്തിൽ ചില ഭേദഗതികൾ കൊണ്ടുവരികയും ആ ഭേദഗതികൾ കൊണ്ടുവരുന്ന അവസരത്തിൽ നേരിട്ട് പരിശോധന നടത്തി ജില്ലാതലത്തിൽ തന്നെ അതിനൊരു പരിശോധനാ സമിതിയുണ്ടാക്കി, തീരുമാനങ്ങൾ കൈക്കൊള്ളാനുള്ള അവസരമൊരുക്കിയെടുക്കുകയും ചെയ്യുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഈ ആക്ടിന്റെ ഭേദഗതി വരുന്ന അവസരത്തിൽ ഇക്കാര്യങ്ങൾകൂടി ഉൾക്കൊള്ളിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. കെ. അച്ചുതൻ : സർ, നീർത്തടമെന്നുപറഞ്ഞാൽ ഞങ്ങളുടെ നാട്ടിൽ കുളങ്ങളെന്നാണ് പറയുന്നത്. ഈ ഭാഷ മനസ്സിലാക്കാത്തതുകൊണ്ട് പല സ്ഥലത്തും ധാരാളം കുളങ്ങൾ ഇപ്പോൾ നികത്തിക്കൊണ്ടിരിക്കുകയാണ്. പറമ്പ് എന്നാണ് കുളത്തിന് നിർവ്വചനമുള്ളത്. പറമ്പ് എന്നുപറയുമ്പോൾ അതിൽ ആർക്കും ഇടപെടാൻ കഴിയുന്നില്ല. അതുകൊണ്ട് അടിയന്തരമായി നിലവിലുള്ള എല്ലാ കുളങ്ങളുടേയും ഡീറ്റെയിൽസ് എടുക്കുന്നതിനും ഒരു കുളംപോലും നികത്താൻ ഇനി അനുവദിക്കില്ലെന്ന തീരുമാനമെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. അടൂർ പ്രകാശ് : സർ, കുളങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് നമ്മുടെ ആവശ്യമാണ്. ജലസംരക്ഷണമെന്നുപറയുന്നത് അത്യന്താപേക്ഷിതമായി മാറിയിരി ക്കുകയാണ്. തീർച്ചയായും ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ട കാര്യം മുന്തിയ പരിഗണനയിൽ ഗവൺമെന്റ് എടുക്കുന്നതാണ്.

**റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ വകമാറ്റൽ**

2 (*92) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:

ശ്രീ. എം. എ. ബേബി:

ശ്രീ. പുരുഷൻ കടലുണ്ടി:

ശ്രീ. എ. കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിന് അനുവദിക്കുന്ന ഭക്ഷ്യവസ്തുക്കൾ വകമാറ്റി വിൽക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി പാർലമെന്റിൽവച്ച റിപ്പോർട്ടിൽ ഇത് സംബന്ധിച്ച പരാമർശമുള്ളതായി അറിയാമോ; കഴിഞ്ഞ സാമ്പത്തിക വർഷം ഏതെല്ലാം റേഷൻ വസ്തുക്കൾ എത്ര അളവിൽ വകമാറ്റി എന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഇത് തടയുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; അവ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോയെന്ന വിലയിരുത്തൽ നടത്താറുണ്ടോ;

(ഡി) റേഷൻ വസ്തുക്കളുടെ സംഭരണവും വിതരണവും സംബന്ധിച്ച് പരിശോധനകൾ നടത്താറുണ്ടോ ;

(ഇ) സംസ്ഥാനത്തിന് ലഭിക്കുന്ന റേഷൻ സാധനങ്ങൾ വകമാറ്റുന്നത് തടയുന്നതിനും യഥാസമയം വിതരണം നടത്തുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) കേന്ദ്ര സർക്കാർ നിശ്ചിത സമയത്തും നിശ്ചിത അളവിലും സംസ്ഥാനത്തിന് ഭക്ഷ്യധാന്യങ്ങൾ നൽകാതെ വരുമ്പോൾ വകമാറ്റി നൽകേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഒരു രൂപാ നിരക്കിൽ അരി നൽകുന്ന പദ്ധതി 2011 സെപ്തംബർ ഒന്നുമുതൽ നിലവിലുണ്ട്. ബി.പി.എൽ. കാർഡ് ഉടമകൾക്കും എ.എ.വൈ. കാർഡ് ഉടമകൾക്കുമാണ് നിലവിൽ ഒരു രൂപാ നിരക്കിൽ അരി നൽകുന്നത്. ബി.പി.എൽ. സ്കീമിൽ 14.62 ലക്ഷം ഗുണഭോക്താക്കളുണ്ട്. 2014 ജൂലൈ മാസം കേന്ദ്ര സർക്കാരിൽനിന്ന് അഡ്ഹോക് വിഹിതം ലഭ്യമാകാത്തതിനാൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് 25 Kg നൽകുവാൻ എ.എ.വൈ. സ്കീമിൽ നിന്നും 7448

MT വകമാറ്റി നൽകി. 2014 ആഗസ്റ്റ് മാസം മുതൽ അഡ്ഹോക് വിഹിതം ലഭ്യമായതിനെ തുടർന്ന് ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ മാസങ്ങളിലായി വകമാറ്റിയ അളവ് തിരികെ വച്ചിട്ടുണ്ട്.

(സി) കേന്ദ്രസർക്കാർ നിശ്ചിത അളവിലും നിശ്ചിത സമയത്തും ഭക്ഷ്യ ധാന്യങ്ങൾ അനുവദിച്ചാൽ മാത്രമേ വകമാറ്റൽ പൂർണ്ണമായും ഒഴിവാക്കാൻ കഴിയൂ. ആയത് അനുവദിക്കാതിരിക്കുന്ന സാഹചര്യത്തിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് ആവശ്യമായ അളവിൽ ഭക്ഷ്യധാന്യം നൽകുവാൻ സാധിക്കാതെ വരുന്ന അടിയന്തര സാഹചര്യം ഉണ്ടാകാറുണ്ട്. ഇത്തരം സാഹചര്യങ്ങളിലാണ് ഭക്ഷ്യധാന്യങ്ങൾ വകമാറ്റി നൽകുന്നത്. അഡ്ഹോക് വിഹിതമായി ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് നിരന്തരം ആവശ്യപ്പെടാറുണ്ട്. അഡ്ഹോക് വിഹിതം ലഭിക്കുന്ന മുറയ്ക്ക് വകമാറ്റിയ അളവ് തിരികെ വയ്ക്കും.

(ഡി) ഉണ്ട്.

(ഇ) കേന്ദ്രസർക്കാർ നിശ്ചിത അളവിലും നിശ്ചിത സമയത്തും ഭക്ഷ്യധാന്യങ്ങൾ അനുവദിച്ചാൽ മാത്രമേ വകമാറ്റൽ പൂർണ്ണമായും തടയാൻ കഴിയൂ. റേഷൻ സാധനങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിനായി നിലവിൽ സാധാരണ അലോട്ട്മെന്റിന് പുറമേ അധിക വിഹിതവും ലഭ്യമാകുന്നതിനാൽ ഭക്ഷ്യധാന്യങ്ങൾ വകമാറ്റേണ്ട ആവശ്യം ഇപ്പോഴില്ല.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : സർ, വളരെ ഗുരുതരമായ പ്രശ്നമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടിയിലൂടെ സമ്മതിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് നൽകുന്ന ഭക്ഷ്യവിഭവങ്ങൾ വകമാറ്റി നൽകിയിട്ടുണ്ടെന്നാണ് അദ്ദേഹം നൽകിയ മറുപടിയിൽനിന്നും വ്യക്തമാകുന്നത്. എവിടേക്കാണ് വകമാറ്റി നൽകിയിട്ടുള്ളതെന്ന് അദ്ദേഹം പറഞ്ഞിട്ടില്ല. കേന്ദ്രമന്ത്രി പാർലമെന്റിൽവച്ച റിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടില്ലെന്നാണ് അദ്ദേഹം മറുപടിയിൽ പറയുന്നത്. 640 കോടി രൂപയുടെ റേഷൻ ഉല്പന്നങ്ങളാണ് സംസ്ഥാനത്ത് ചോർന്നിട്ടുള്ളത്. കേന്ദ്രമന്ത്രി ശ്രീ. അരുൺ ജയ്റ്റ്ലി പാർലമെന്റിൽവച്ച സാമ്പത്തിക സർവ്വേ റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളത്. അതറിയില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടിയായി പറഞ്ഞിട്ടുള്ളത്. കേരളത്തിനനുവദിച്ച 1,20,00,192 കിലോ ലിറ്റർ മണ്ണെണ്ണയിൽ 34 ശതമാനവും ചോർന്നതായിട്ടാണ് കേന്ദ്രമന്ത്രി പാർലമെന്റിൽവച്ച റിപ്പോർട്ടിൽ വ്യക്തമാക്കുന്നത്. മണ്ണെണ്ണയ്ക്ക് പുറമേ കേരളത്തിന്

കേന്ദ്ര ഗവണ്മെന്റ് അനുവദിച്ച അരിയിൽ 2,32,861 ടൺ അരിയും ചോർന്നതായി കേന്ദ്രമന്ത്രി പാർലമെന്റിൽവച്ച രേഖയിൽ പറയുന്നുണ്ട്. അവ വകമാറ്റി ചെലവഴിച്ചിട്ടുണ്ടെന്ന് മന്ത്രി മറുപടിയിൽ പറഞ്ഞു. വകമാറ്റി ചെലവഴിക്കുന്ന അരി ചെന്നെത്തുന്നത് സ്വകാര്യ മില്ലുകളിലാണ്. ആറ്റിങ്ങൽ, പൂവാർ എന്നിവിടങ്ങളിൽ നിന്ന് പിടിച്ചെടുത്ത അരിയിൽ റേഷൻ കടകളിൽ വിതരണം ചെയ്യേണ്ട അരി സ്വകാര്യ ഗോഡൗണിൽ എത്തിക്കുകയും റേഷനരിയുടെ രൂപവും ഭാവവും മാറ്റി ബ്രാൻഡഡ് അരിയാക്കി വിൽപ്പന നടത്തുകയും ചെയ്യുകയാണ്. കള്ളക്കളി വളരെ കാര്യമായി നടന്ന സംഭവത്തെ സംബന്ധിച്ച് വളരെ ലാഘവത്തോടെയുള്ള മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രി നൽകിയിട്ടുള്ളത്. ഈ വകമാറ്റലിനെ സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിടാൻ ബഹുമാനപ്പെട്ട മന്ത്രി സന്നദ്ധനാകുമോ ?

ശ്രീ. അനൂപ് ജേക്കബ് : സർ, മറുപടി മനസ്സിലാക്കാതെയാണ് അദ്ദേഹം വീണ്ടുമൊരു ചോദ്യം ഉന്നയിച്ചിരിക്കുന്നത്. വകമാറ്റിയതിനെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം ഉണ്ടാകുന്നെങ്കിൽ ഉണ്ടാകട്ടെ, അത് എല്ലാ കാലത്തുമുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും വകമാറ്റിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുൻ ഭക്ഷ്യ വകുപ്പുമന്ത്രി അവിടെ ഇരിപ്പുണ്ട്. അദ്ദേഹം തന്നെ അതിന് മറുപടി പറയട്ടെ. BPL-ലേക്കാണ് വകമാറ്റി നൽകിയിട്ടുള്ളതെന്ന് ഞാൻ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. എങ്ങോട്ടാണ് വകമാറ്റിയത് എന്നതിനെക്കുറിച്ച് ഞാൻ പറഞ്ഞിട്ടില്ലെന്നാണ് അദ്ദേഹം പറയുന്നത്. താങ്കൾ അതിന്റെ ഉത്തരം ഒന്നുകൂടി വായിച്ചുനോക്കണം. AAY-ൽ നിന്നെടുത്ത് BPL-ലേക്ക് കൊടുത്തു. 25 കിലോ തികയ്ക്കാൻവേണ്ടിയാണ് അങ്ങനെ കൊടുത്തത്. അങ്ങനെ എല്ലാക്കാലത്തും ചെയ്യാറുണ്ട്. ഇതിനുമുമ്പ് ഒരു ഫോൺ ഓർഡർവഴി കൊടുത്തുകൊണ്ടിരുന്നു. ഇത്തവണ ഗവൺമെന്റ് ഉത്തരവ് മുഖാന്തിരംതന്നെ കൊടുത്തു. കാരണം APL, BPL വിഭാഗങ്ങൾക്ക് കൊടുക്കാനുള്ള വിഹിതം തികയാതെ വരുന്ന സാഹചര്യങ്ങളിലാണ് വകമാറ്റി കൊടുക്കേണ്ട സന്ദർഭമുണ്ടാകുന്നത്. AAY-യിൽ നമുക്ക് അധികം അലോട്ട്മെന്റ് ലഭ്യമാകുന്ന സാഹചര്യങ്ങളിലാണ് AAY-യിൽനിന്ന് എടുക്കുന്നത്. നീക്കിയിരിപ്പ് ഉണ്ടാകാറുണ്ട്. നീക്കിയിരിപ്പ് ഉണ്ടാകുമ്പോൾ അതിൽ നിന്നും എടുത്തുകൊടുക്കുന്ന സാഹചര്യമാണുള്ളത്. എനിക്ക് തോന്നുന്നത്, ബഹുമാനപ്പെട്ട അംഗം മറുപടി കൃത്യമായി മനസ്സിലാക്കാതെയാണ് ആരോപണങ്ങളിലേയ്ക്ക് കടന്ന തെന്നാണ്. AAY-യിൽ നിന്ന് BPL-ലേയ്ക്ക് വകമാറ്റിയ കാര്യമാണ് ഞാൻ രേഖാമൂലം ഇവിടെ പറഞ്ഞിരിക്കുന്നത്. 7,448

മെട്രിക് ടൺ വകമാറ്റി നൽകിയിട്ടുണ്ട്. എല്ലാകാലത്തും തികയ്ക്കാൻവേണ്ടി ഇത്തരത്തിലുള്ള അഡ്ജസ്റ്റ്മെന്റ്സിൽ കൊടുക്കാറുണ്ട്. ഏതെങ്കിലും ഒരു വിഭാഗത്തിന് കുറഞ്ഞ് കഴിഞ്ഞാൽ APL, BPL, AAY, അന്നപൂർണ്ണ ഇവയിൽ ഏതിലെങ്കിലും നിന്ന് പരസ്പരം മാറ്റിക്കൊടുക്കാറുണ്ട്. അദ്ദേഹം മണ്ണെണ്ണയുടെ കാര്യവും പറഞ്ഞു. മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കുന്നുണ്ട്. 2,525 കിലോലിറ്റർ മണ്ണെണ്ണ മത്സ്യമേഖലയ്ക്ക് കൊടുക്കുന്നുണ്ട്. അതും വകമാറ്റൽ തന്നെയാണ്. കാരണം, ലഭിക്കുന്ന മണ്ണെണ്ണ പൂർണ്ണമായും PDS-ന് കൊടുക്കേണ്ട മണ്ണെണ്ണയാണ്. പക്ഷെ ഞങ്ങളത് കൊടുക്കുന്നുണ്ട്. ക്യാബിനറ്റിൽ ഈ വിഷയം ഡിസ്കസ് ചെയ്തിട്ടുമുണ്ട്. കാരണം, മത്സ്യമേഖലയ്ക്ക് പ്രത്യേകം മണ്ണെണ്ണ കിട്ടാത്തതു കൊണ്ട് റേഷൻ മണ്ണെണ്ണയെടുത്ത് മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കുന്നു. അത് 1980 മുതൽ കേരളാ ഗവൺമെന്റ് അനുവർത്തിച്ചുപോരുന്ന കീഴ്വഴക്കമാണ്. അതിപ്പോഴും തുടരുന്നുണ്ട്. ആറ്റിങ്ങൽ, പൂവാർ മേഖലകളിൽ സ്വകാര്യ ഗോഡൗണുകളിലേയ്ക്ക് പോകുന്ന റേഷൻ അരിയുടെ കാര്യം അദ്ദേഹം പറഞ്ഞു. ആറ്റിങ്ങൽ അടക്കമുള്ള മേഖലകളിൽ സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിന്റെ സ്ക്വാഡ് പോയി പിടിച്ചെടുത്ത അരിയുടെ കാര്യമാണ് അദ്ദേഹം ഇപ്പോൾ പറഞ്ഞത്. അദ്ദേഹം പറയുന്ന കാര്യങ്ങൾ രണ്ടും രണ്ടാണ്. ഞാനിവിടെ മറുപടി കൊടുത്തത് വകമാറ്റലിനെക്കുറിച്ചാണ്. അദ്ദേഹം ഉന്നയിച്ചത് റേഷനരി കരിഞ്ചന്തയിലേയ്ക്ക് വന്ന് പിടിച്ചെടുത്തതാണ്. അരി പിടിച്ചെടുത്തത് സിവിൽ സപ്ലൈസ് വകുപ്പിലെ പ്രത്യേക സ്ക്വാഡുകളാണ്. ഇപ്പോൾ രാത്രികാല സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ആ സ്ക്വാഡുകളാണ് ആറ്റിങ്ങൽ, പൂവാർ മേഖലകളിൽ നിന്ന് അരി പിടിച്ചെടുത്തത്. സ്ക്വാഡ് പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട പ്രോസിക്യൂഷൻ നടപടികൾ തുടർന്നുപോകുന്നുണ്ട്. വളരെ ശക്തമായ ഒരു മോണിറ്ററിംഗ് സിസ്റ്റം ഇന്ന് സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിനുണ്ട്.

<u>ശ്രീ. സി. ദിവാകരൻ</u> : സർ, വകമാറ്റി എന്ന് ബഹുമാനപ്പെട്ട അംഗം ഉദ്ദേശിച്ചത് നിങ്ങൾ കരിഞ്ചന്തയിലേയ്ക്ക് വകമാറ്റിക്കൊണ്ടുപോകുന്നുവെന്നുള്ളതാണ്. കേന്ദ്ര ഗവൺമെന്റ് പാർലമെന്റിൽ മേശപ്പുറത്തുവച്ച രേഖയിൽ പറയുന്നത് മിസ്യൂസ് ചെയ്തു എന്നാണ്. നേരേമറിച്ച് കഴിഞ്ഞകാലത്ത് ഗവൺമെന്റ് കുട്ടികൾക്ക് ഓണത്തിനും ക്രിസ്തുമസ്സിനും റേഷനരി എടുത്ത് കൊടുത്തിട്ടുണ്ട്. ഇവിടെ അങ്ങനെ വകമാറ്റുന്നതല്ല. ഓപ്പൺ മാർക്കറ്റിൽ കരിഞ്ചന്തയ്ക്ക് വകമാറ്റിക്കൊടുത്തു എന്നാണ്.

<u>മി. സ്പീക്കർ</u> : യെസ്....യെസ്....ശ്രീ. സി. ദിവാകരൻ, അബ്ദുൾ ഖാദർ

സെക്കന്റ് ക്വസ്റ്റ്യൻ ചോദിച്ചില്ല. .......(ബഹളം)...

<u>ശ്രീ. അനൂപ് ജേക്കബ്</u> : സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യത്തിനുള്ള മറുപടിയാണ്. അദ്ദേഹം ഉന്നയിച്ച ചോദ്യം ഇതായിരുന്നു.

<u>മി. സ്പീക്കർ</u> : ഇത് ശരിയായ രീതിയല്ല, ദയവായി ഇങ്ങനെ തുടരരുത്, .... (ബഹളം).......ചോദ്യം ചോദിക്കാൻ അവകാശമുണ്ട്. ഒരു മെമ്പറുടെ ചോദ്യത്തിന് സെക്കന്റ് ക്വസ്റ്റ്യൻ ചോദിക്കുന്നതിനുമുമ്പ് ഇത്തരം നടപടി ശരിയല്ല. ... (ബഹളം)... ബഹുമാനപ്പെട്ട മിനിസ്റ്റർ പ്ലീസ്...പ്ലീസ്...... ശ്രീ. കെ. വി. അബ്ദുൾ ഖാദർ.....

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : സർ, വകമാറ്റി, മിസ്‌യൂസ് ചെയ്തു എന്നുപറയുന്ന കാര്യങ്ങളിൽ എന്ത് നടപടി സ്വീകരിച്ചു എന്ന എന്റെ ചോദ്യത്തിന് കൃത്യമായ മറുപടി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞില്ല. എന്തുകൊണ്ടാണ് ഈ വകമാറ്റലുകൾക്ക്, സ്വകാര്യ മില്ലുകളിലേയ്ക്ക് സാധാരണ ജനങ്ങൾക്ക് കിട്ടേണ്ട റേഷൻ വിഭവങ്ങൾ മാറ്റുന്ന നടപടി, കരിഞ്ചന്തയിൽ വിൽക്കുന്നത് തടയുന്നതിന് എന്തുകൊണ്ട് ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. മിസ്‌യൂസ് ചെയ്യപ്പെടുകയാണ്. അതിന് എന്തുനടപടി സ്വീകരിച്ചു എന്നതാണ് എന്റെ ചോദ്യം. പാർലമെന്റിൽ ഇതുസംബന്ധിച്ച് കേന്ദ്രമന്ത്രി വച്ച രേഖയുണ്ട്. പക്ഷെ മന്ത്രി അവ്യക്തമായിട്ടുള്ള മറുപടികളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. എന്ത് നടപടി ഇക്കാര്യത്തിൽ സ്വീകരിച്ചു എന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞില്ല.

<u>ശ്രീ. അനൂപ് ജേക്കബ്</u> : സർ, ഞാൻ വളരെ വ്യക്തമായ മറുപടിയാണ് പറഞ്ഞത്. അദ്ദേഹത്തിന്റെ ചോദ്യം ഞാൻ വായിക്കാം. 'റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിന് അനുവദിക്കുന്ന ഭക്ഷ്യവസ്തുക്കൾ വകമാറ്റി നൽകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?' അതിന് 'കേന്ദ്ര സർക്കാർ നിശ്ചിത സമയത്തും നിശ്ചിത അളവിലും സംസ്ഥാനത്തിന് ഭക്ഷ്യധാന്യങ്ങൾ നൽകാതെ വരുമ്പോൾ വകമാറ്റി നൽകേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്' എന്നതാണ് മറുപടി. ചോദ്യത്തിനുള്ള വ്യക്തമായ മറുപടി കാര്യകാരണ സഹിതം ഇതിനകത്തുണ്ട്. അതാണ് ഞാൻ പറഞ്ഞത് നമുക്ക് നോർമൽ അലോട്ട്മെന്റും അധിക അഡ്ഹോക്ക് അലോട്ട്മെന്റും കൂടി ലഭിക്കുമ്പോഴാണ് 25 കിലോ അരി BPL-വിഭാഗത്തിനും 9 കിലോ അരി APL വിഭാഗത്തിനും കൊടുക്കാനുള്ള സാഹചര്യമുണ്ടാകുന്നത്. പലപ്പോഴും സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ അധികവിഹിതം കിട്ടാതെ വരുന്ന സന്ദർഭത്തിലാണ് വകമാറ്റൽ ഉണ്ടാകുന്നത്. രണ്ടാമത്, അദ്ദേഹം കരിഞ്ചന്തയുടെ

കാര്യമാണ് ചോദിച്ചത്. അതിനുള്ള മറുപടിയും ഞാൻ പറഞ്ഞു. വ്യക്തമായ രീതിയിലുള്ള നടപടിക്രമങ്ങളും പരിശോധനകളും ഡിപ്പാർട്ട്മെന്റ് തലത്തിലുണ്ട്. അങ്ങ് മനസ്സിലാക്കാനുള്ള ഒരു കാര്യം, കഴിഞ്ഞ ആറ് മാസത്തിനിടയ്ക്ക് നടത്തിയ റെയ്ഡുകളിൽ 19 പേരെയാണ് അറസ്റ്റ് ചെയ്തത്. അഞ്ചുപേർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിലുള്ള വിഷയങ്ങളിൽ വളരെ കർശനമായ സമീപനം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്വീകരിക്കുന്നുണ്ട്.

ശ്രീ. എം. എ. ബേബി : സർ, പലതരത്തിലുള്ള വകമാറ്റമുണ്ട് എന്ന് നമുക്കറിയാം. നമ്മുടെ നാട്ടിലെ പട്ടിണിപ്പാവങ്ങളും തുച്ഛവരുമാനമുള്ള ഇടത്തരക്കാരുമെല്ലാം റേഷൻ സമ്പ്രദായത്തെ ആശ്രയിച്ചാണ് ജീവിച്ചുപോരുന്നത്. എന്നാൽ നമ്മുടെ രാജ്യത്ത് ഇതിന്റെ ആവശ്യമില്ല എന്നുപറഞ്ഞ് റേഷൻ സംവിധാനത്തെത്തന്നെ അട്ടിമറിക്കാനുള്ള ചില പദ്ധതികളുമുണ്ട്. അത്തരമൊരു സാഹചര്യത്തിൽ റേഷൻ സമ്പ്രദായത്തിൽ കരിഞ്ചന്ത നടത്തുന്നവരെ ശക്തമായ നടപടികളിലൂടെ കണ്ടുപിടിക്കാനും അവരെ ശിക്ഷിക്കാനുമുള്ള നടപടി ഗവൺമെന്റ് എടുത്താൽ മാത്രമേ റേഷൻ സംവിധാനത്തെ സംരക്ഷിക്കാൻ കഴിയുകയുള്ളൂ. നിർഭാഗ്യവശാൽ, അത്തരമൊരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. തിരൂരിൽ വലിയ അഴിമതിയാണ് നടത്തിയത്. ഒരുകോടി അഞ്ചുലക്ഷം രൂപയുടെ തട്ടിപ്പ് നടത്തിയ ഒരു ഉദ്യോഗസ്ഥനെത്തന്നെ പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങളിൽ നിയമിക്കുകയാണ്. അതുകൊണ്ട് ഇത്തരം കേസുകളിൽ കരിഞ്ചന്തക്കാരെ സഹായിക്കുന്ന സമീപനമെടുത്ത സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഉദ്യോഗസ്ഥർക്ക് ശിക്ഷ ലഭിക്കുന്നവിധം കേസ് നടത്തുവാൻ ഫലപ്രദമായി ഗവൺമെന്റിന് നീങ്ങാൻ കഴിഞ്ഞിട്ടുണ്ടോ എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. അതോടൊപ്പം ജി.പി.ആർ.എസ്. സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് റേഷൻ ഉല്പന്നങ്ങൾ കയറ്റിയ വാഹനങ്ങളുടെ സഞ്ചാരം മോണിറ്റർ ചെയ്യുന്നതിനു വേണ്ട നടപടി സ്വീകരിക്കുമെന്ന് മുമ്പ് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പ് നൽകിയിരുന്നു. അക്കാര്യത്തിൽ എന്തെങ്കിലും നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. അനൂപ് ജേക്കബ് : സർ, കരിഞ്ചന്ത കേസ് അടക്കമുള്ള കാര്യങ്ങളിൽ വളരെ കൃത്യവും ശക്തവുമായ നടപടി ഗവൺമെന്റ് എടുക്കുന്നുണ്ട്. 2014-15 മാർച്ച് മാസംമുമ്പ് വരെയുള്ള കണക്കാണ് ഞാൻ നേരത്തേ പറഞ്ഞത്. സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റും പോലീസും വെവ്വേറെയും സംയുക്തവുമായി നടത്തിയ

റെയ്ഡുകളിലാണ്

19 പേരെ അറസ്റ്റ് ചെയ്യതും അഞ്ച് പേർക്കെതിരെ പ്രോസിക്യൂഷൻ നടപടികളുമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നതും. LPG കേസ്സുമായി ബന്ധപ്പെട്ട് ആയിരത്തോളം സിലിണ്ടറുകൾ seize ചെയ്തിട്ടുണ്ട്. ആയിരം ടണ്ണോളം റേഷനരി പിടിച്ചെടുത്തിട്ടുമുണ്ട്. വളരെ കർശനമായ സമീപനം ഇക്കാര്യത്തിൽ ഗവൺമെന്റ് എടുക്കും. വളരെ ഗൗരവമായ ഒരു വിഷയം തന്നെയാണിത്. ഇതെല്ലാം കാലാകാലങ്ങളിലുണ്ടെന്നത് ഒരു നിർഭാഗ്യകരമായ സാഹചര്യമാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പലതലങ്ങളിലും, നമ്മുടെ രാജ്യത്തുതന്നെ വിവിധ സംസ്ഥാനങ്ങളിലും ഇത്തരത്തിലുള്ള വിഷയങ്ങളുണ്ട്. കേരളത്തിൽ ഗവൺമെന്റിന്റെ കൃത്യമായ ഇടപെടലുകളും പരിശോധനാ സംവിധാനങ്ങളും കർശനമായി നിൽക്കുന്നു വെന്നുള്ളതുകൊണ്ട് ജനങ്ങൾ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാണ്. തീർച്ചയായും ഏറ്റവും മികച്ച ഒരു റേഷൻ സംവിധാനം കേരളത്തിൽ കൊണ്ടുവരു വാനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. പരിശോധനകൾ കൂടുതൽ കർശനമായി മുന്നോട്ടു കൊണ്ടുപോകുവാനുള്ള നടപടികളുണ്ടാകും. അത്തരത്തിലുള്ള പ്രവണതകളെ കർശനമായ നിലയിൽ ഗവൺമെന്റ് നേരിടും. ഞാൻ ഇതിനുമുമ്പും സഭയിൽ ഇക്കാര്യം പറഞ്ഞിട്ടുള്ളതാണ്. അതിനുള്ള തുടർനടപടികളായിട്ടാണ് നൈറ്റ് സ്ക്വാഡുകളടക്കം മുമ്പോട്ടുവച്ചതും ഇത്രയുംപേർക്കെതിരെ നടപടികളെടുക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുള്ളത്. തിരൂരിലെ സംഭവം എന്റെ ശ്രദ്ധയിൽവന്നിട്ടുണ്ട്. പക്ഷെ അതിനെക്കുറിച്ചുള്ള വ്യക്തമായ മറുപടി ഇപ്പോൾ എന്റെ കൈവശമില്ല. പന്ത്രണ്ടോളം ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ. തീർച്ചയായും അക്കാര്യം പരിശോധിക്കാം. അത്തരത്തിലുള്ള ആക്ഷേപമോ നടപടികൾക്ക് വിധേയമാവുകയോ ചെയ്യുന്ന ഉദ്യോഗസ്ഥർ തുടർ അച്ചടക്കനടപടി നേരിടേണ്ടതായിട്ടുണ്ടാകും. ജി.പി.ആർ.എസ്. എല്ലാ റേഷൻ വാഹനങ്ങളിലും വയ്ക്കുന്നത് സംബന്ധിച്ച് ഗവൺമെന്റിന്റെ പരിഗണനയിലിരുന്നതും ഗവൺമെന്റ് തന്നെ മുന്നോട്ടുവച്ചതുമാണ്. അതിന് ആരംഭം കുറിച്ചുകഴിഞ്ഞു. അതിന്റെ ആദ്യഭാഗമായി കോതമംഗലം താലൂക്കിലാണ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. ഒരുമാസം മുമ്പ് ഇതിന് ആരംഭം കുറിച്ചു. ആട്ടയും പഞ്ചസാരയും റേഷൻ കടകളിൽ നേരിട്ട് സപ്ലൈകോതന്നെ എത്തിക്കുകയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ തന്നെയാണ് അത് ചെയ്യുന്നത്. നേരത്തേ ഇത് റേഷൻ വ്യാപാരികൾ ഡിപ്പോകളിൽനിന്നെടുത്ത് കടകളിൽ കൊണ്ടുവരികയാണ് ചെയ്തിരുന്നത്. ഇപ്പോൾ ഡിപ്പോയിൽനിന്ന്

സപ്ലൈകോ നേരിട്ട് സാധനങ്ങൾ റേഷൻ കടകളിൽ എത്തിക്കും. ആട്ടയും പഞ്ചസാരയുമാണ് പരീക്ഷണാടിസ്ഥാനത്തിൽ ആരംഭം കുറിച്ചത്. സപ്ലൈകോയുടെ വാഹനത്തിൽത്തന്നെ അവ റേഷൻകടകളിൽ എത്തിക്കുന്നുണ്ട്. ഈ വാഹനങ്ങളിൽ ജി.പി.ആർ.എസ്. ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. അത് വളരെ വിജയകരമായി മുന്പോട്ടുപോകുന്നുണ്ട്. കെൽട്രോണിന്റെ സാങ്കേതിക സഹകരണവുംകൂടി വിനിയോഗിച്ചുകൊണ്ടാണ് ഈ സംവിധാനം ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ജി.പി.ആർ.എസ്. വിജയകരമായി കാണുന്നുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലേയ്ക്കും ആട്ടയും പഞ്ചസാരയും ഡോർ ഡെലിവറി നടത്താനുള്ള നടപടികളിലേയ്ക്ക് നീങ്ങുകയാണ്. അത്തരം വാഹനങ്ങളിലെല്ലാം ഈ സിസ്റ്റം ഇൻസ്റ്റാൾ ചെയ്യും. അടുത്ത ഭാഗമായി അരിയും ഗോതമ്പുമുൾപ്പെടെ കൊണ്ടുപോകുന്ന വാഹനങ്ങളിലേയ്ക്ക് ഈ സംവിധാനം കൊണ്ടുവരാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : സർ, വിലക്കയറ്റം വല്ലാതെ വീർപ്പുമുട്ടിക്കുന്ന കാലഘട്ടത്തിലാണ് നമ്മൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. എന്തായാലും ഇതിനൊരു പ്രതിവിധി കാണണം. ബി.പി.എൽ.-കാർക്ക് അരി ഒരു രൂപയ്ക്കാണ് കൊടുക്കുന്നതെന്ന് പറയുന്നു. ഈ അരി വകമാറ്റി കളർചെയ്ത് കരിഞ്ചന്തക്കാരന് കൊടുക്കേണ്ട ഗതികേടിലേയ്ക്ക് എന്തുകൊണ്ടാണ് എത്തിയതെന്ന് പരിശോധിക്കണം. അതുകൊണ്ട് ഈ സിസ്റ്റം മാറ്റണം. സാധാരണക്കാരന്, വിശക്കുന്ന വയറിന് അരിയും മറ്റ് സാധനങ്ങളും എത്തിക്കാനുള്ള ചുമതലയുള്ള മന്ത്രി വെറുതെ പ്രസംഗിച്ചതുകൊണ്ട് കാര്യമില്ല. ഇതിനൊരു പ്രതിവിധി കണ്ടെത്തണം. ഇതിന് ജി.പി.ആർ.എസ്. സംവിധാനമോ മറ്റെന്തൊക്കെയോ കാര്യങ്ങൾ ചെയ്യുവെന്ന് പറഞ്ഞാലും അതൊന്നും കാര്യക്ഷമമായി നടക്കുന്നില്ല. ഒരു രൂപയുടെ അരി കളർചെയ്ത് കരിഞ്ചന്തയിൽ വിൽക്കുന്ന സ്ഥിതിക്ക് പ്രതിവിധി കണ്ടെത്തണം. സാധാരണക്കാരന് അരിയും മറ്റ് ഭക്ഷ്യധാന്യങ്ങളും എത്തിക്കണം. ഇവിടെ മാവേലി സ്റ്റോർ ചവിട്ടി മെതിച്ചുകഴിഞ്ഞു. നന്മ സ്റ്റോറുകൾ ഇല്ലാതായി. പാവപ്പെട്ടവന്റെ കാര്യത്തിൽ ശ്രദ്ധിക്കാത്ത ഒരു ഗവൺമെന്റ് ഗിരിപ്രഭാഷണം നടത്തിയിട്ട് ഒരു കാര്യവുമില്ല.

<u>ശ്രീ. അനൂപ് ജേക്കബ്</u> : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചതിൽ ചോദ്യമൊന്നും വന്നിട്ടില്ല. നേരത്തേ പറഞ്ഞ കാര്യങ്ങൾ തന്നെയാണ്. അദ്ദേഹം കാര്യങ്ങൾ മനസ്സിലാക്കാതെയാണ് വീണ്ടും സംസാരിച്ചതെന്ന് തോന്നുന്നു. പരിശോധനകളും കർശനമായ നടപടികളുമുണ്ട്. ജി.പി.ആർ.എസ്. ആരംഭം

കുറിച്ചതേയുള്ളൂ. കുറച്ചുമുമ്പ് ഞാനത് പറഞ്ഞതാണ്. ഒരു മാസം മുമ്പാണ് അതിന് ആരംഭം കുറിച്ചത്. മാവേലി സ്റ്റോറുകൾ ഒരിടത്തും ചവിട്ടിമെതിച്ചിട്ടില്ല. എല്ലാ ജില്ലകളിലും മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിൽത്തന്നെ പുതിയ മാവേലി സ്റ്റോർ ആരംഭിച്ചിട്ടുണ്ട്. നൂറ്റിപ്പതിനഞ്ചോളം പുതിയ മാവേലി സ്റ്റോറുകൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, എ.എ.വൈ.-യിൽ നിന്ന് ബി.പി.എൽ.-ലേയ്ക്ക് പോയതിന്റെ ഭാഗമായി 7448 മെട്രിക് ടൺ വകമാറ്റിയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിൽ ഒരു വിയോജിപ്പുമില്ല. വകമാറ്റുന്നുവെങ്കിൽ വകമാറ്റണം. ഇവിടെ പ്രശ്നം അതല്ല. സംസ്ഥാനത്ത് 640 കോടിരൂപയുടെ റേഷൻ ചോർന്നുവെന്നാണ് സർവ്വേ റിപ്പോർട്ടിൽ പറയുന്നത്. വകമാറ്റുന്നതും ചോർത്തിയതും രണ്ടാണ്. 20 ശതമാനം അരിയാണ് ചോർന്നുപോയത്. 11,56,661 ടണ്ണിൽ നിന്ന് 2,32,861 ടൺ അരി ചോർന്ന് പൊതുമാർക്കറ്റിലേയ്ക്ക് പോയി. 377 കോടിരൂപയാണ് അതിനുവേണ്ടി വരുന്നത്. ഗോതമ്പിന്റെ കാര്യത്തിൽ 152 കോടിരൂപയുടെ ചോർച്ചയാണ് ഉണ്ടായതെന്നാണ് ഈ റിപ്പോർട്ടിൽ പറയുന്നത്. അതായത് 2,73,146 ടണ്ണിൽനിന്ന് 12,146 ടൺ ചോർന്നുവെന്നതാണ്. അത് ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ചാൽ മതി. ഞാനിപ്പോൾ വേറെ കാര്യത്തിലേയ്ക്ക് കടക്കുന്നില്ല. വകമാറ്റിയത് എന്നതിന് ചോർന്ന കണക്കാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. വകമാറ്റി എന്നു വിചാരിക്കാം. എന്നാൽ അത് ബി.പി.എൽ.-കാർക്ക് ലഭിക്കണ്ടേ; ഞാൻ ഊരുകളിലും കോളനികളിലുംപോയി മനസ്സിലാക്കിയിട്ടാണ് ഇക്കാര്യം പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി എന്റെ കൂടെ വന്നാൽ ഞാൻ ചില ഊരുകളിലേയ്ക്ക് കൊണ്ടുപോകാം. ബി.പി.എൽ.-ന് 25 കിലോ അരിയും 7 കിലോ ഗോതമ്പും ലഭിക്കേണ്ടതാണ്. അതിൽ അഞ്ചോ ഏഴോ കിലോയിൽ അധികം കൊടുക്കുന്നില്ല. ഒരു കിലോ ഗോതമ്പ് കൊടുക്കും. ചിലപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അലോട്ട്മെന്റ് കൊടുത്തിട്ടുണ്ടാകും. പക്ഷെ അവിടെ ചെയ്യുന്നതെന്താണെന്ന് പറഞ്ഞുകഴിഞ്ഞാൽ ഇത് ബി.പി.എൽ.-കാർക്ക് കൊടുക്കുന്നില്ല. എന്നിട്ട് അവരോടുതന്നെ പറയുകയാണ്, ഒരു കിലോ അരി പത്തുരൂപയ്ക്ക് നിങ്ങൾക്ക് തരാമെന്ന്. അതേ കടയിൽനിന്നുതന്നെ 10 രൂപയ്ക്ക് കൊടുക്കുകയാണ്. നിങ്ങൾ അരി കൊടുത്തിട്ടില്ല എന്നല്ല ഞാൻ പറയുന്നത്. കൊടുത്ത അരിയിൽ നാലിലൊന്ന് ഒരു രൂപയ്ക്കും ബാക്കി 10 രൂപയ്ക്കും കൊടുക്കുകയാണ്. ഇത് ഞാൻ നേരിട്ട് കണ്ടതും അനുഭവിച്ചതുമാണ്. അട്ടപ്പാടിയിലെ ഒരു ഊരിൽ പോയ സമയത്ത് ഇതേ അനുഭവമുണ്ടായി. റേഷൻകടയിൽ വന്നപ്പോൾ റേഷൻകടക്കാരൻ അവിടെനിന്നും

ഓടിപ്പോയി. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്തിയതാണ്. ഇങ്ങനെയുള്ള തട്ടിപ്പ് റേഷൻ കടകളിൽ നടക്കാതിരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ നേരിട്ടുള്ള ഇടപെടൽ ആവശ്യമാണ്. ഒരു പ്രത്യേക കമ്മിറ്റിയെ വച്ച് ഇക്കാര്യം പരിശോധിക്കണം. അങ്ങ് ഏതെങ്കിലും സ്ഥലത്ത് ആ വഴി പോകുമ്പോൾ കടകളിലും ഊരുകളിലും ഒന്നു കയറണം. അതിന് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാണെങ്കിൽ ഞങ്ങളും വരാം. ഈ കൊള്ള അവസാനിപ്പിക്കണം. ഊരുകളിൽ പട്ടിണിയാണ്. അരുവിക്കരയിലെ ഊരുകളിലും കോളനികളിലും പോയിട്ടുണ്ടാകുമല്ലോ; അവരും പട്ടിണി കിടക്കുകയാണ്. നിങ്ങൾ തെരഞ്ഞെടുപ്പിൽ ജയിച്ചിട്ടുണ്ടാകും. ഞാനിത് സത്യസന്ധമായി പറയുകയാണ്. ഒരു കളവും പറയുന്നില്ല. അതിന്റെ ആവശ്യവും എനിക്കില്ല. ഈ അടിസ്ഥാന വിഭാഗത്തിന്റെ പ്രശ്നം അറിയാവുന്നതുകൊണ്ട് പറയുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം ഗൗരവമായി പരിശോധിക്കുമോ?

ശ്രീ. അനൂപ് ജേക്കബ് : സർ, തീർച്ചയായും അദ്ദേഹം പറഞ്ഞ ഈ വിഷയം വളരെ ഗൗരവമുള്ളതാണ്. അദ്ദേഹം ഇന്നലെ ഈ വിഷയം നിയമസഭയിൽ സൂചിപ്പിച്ചിരുന്നു. ഇന്നലെത്തന്നെ ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇന്ന് ആ മേഖലകളിൽ പരിശോധന നടക്കുന്നുണ്ട്. അദ്ദേഹം ഇതിനുമുമ്പും ഈ വിഷയം ഉന്നയിച്ചിരുന്നു. ആ സമയത്തുതന്നെ അട്ടപ്പാടി ഉൾപ്പെടെയുള്ള പാലക്കാട് ജില്ലയിലെ വിവിധ ഊരുകളടക്കമുള്ള പ്രദേശങ്ങളിൽ സ്ക്വാഡുകൾ പരിശോധിക്കുകയും അഞ്ച് കടകൾക്കെതിരെ അന്നുതന്നെ നടപടിയും സ്വീകരിച്ചിരുന്നു. ഇത് പലപ്പോഴും ആവർത്തിക്കപ്പെടുന്നുവെന്നത് ഒരു വിഷയമാണ്. ഇത്തരം വിഭാഗത്തിലുള്ള ജനങ്ങൾ ചൂഷണത്തിന് വിധേയമാകുന്ന സാഹചര്യ ങ്ങളുണ്ട്. അത് ഗവൺമെന്റ് വളരെ ഗൗരവമായിത്തന്നെ കാണും. അത്തരത്തിലുള്ള വിഷയങ്ങളെ കർശനമായ നിലയിൽത്തന്നെ നേരിടും. ഇവർക്ക് കിട്ടേണ്ട ഭക്ഷ്യധാന്യങ്ങൾ കിട്ടാതെ പോകുന്ന സാഹചര്യങ്ങൾ തീർച്ചയായും തടയിടുക എന്നത് സംബന്ധിച്ച് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. അദ്ദേഹം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പ്രത്യേകമായ നിലയിൽ ഈ മേഖലകളൊക്കെ നോക്കിയിരുന്നു. കഴിഞ്ഞ സെഷനിൽ പറഞ്ഞ വിഷയമാണ്. അന്ന് അഞ്ച് കടകൾക്കെതിരെ നടപടിയെടുത്തിട്ടുണ്ട്. അർഹമായ തോത് അവർക്ക് കൊടുക്കാതെ പോകുന്ന സാഹചര്യമാണുണ്ടായിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റേഷൻ കടക്കാരുടെ കമ്മീഷൻ കിലോയ്ക്ക് ഒരു രൂപയായി വർദ്ധിപ്പിച്ചുകൊടുത്തിട്ടുണ്ട്. നമ്മുടെ രാജ്യത്തെ ഏറ്റവും ഉയർന്ന കമ്മീഷൻ വില

അവർക്ക് കൊടുത്തിട്ടുണ്ട്. അവർക്ക് ന്യായമായ നിലയിൽ, മാന്യമായി തൊഴിലെടുക്കാനുള്ള വിഹിതവും കമ്മീഷൻ വിഹിതവും ഈ ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. അതുകൊണ്ട് മറ്റൊരു ന്യായവും ഗവൺമെന്റ് കേൾക്കാൻ ഉദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട മുൻ ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി ഇവിടെയിരിപ്പുണ്ട്, അദ്ദേഹത്തിനറിയാം, പലപ്പോഴും ചർച്ചകളിൽ അവർ പറയുന്നത് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ല എന്നാണ്. അതുകൊണ്ടാണ് കമ്മീഷൻ വർദ്ധിപ്പിച്ചുകൊടുക്കാൻ ഗവൺമെന്റ് നിശ്ചയിച്ചത്. അവർക്ക് മാന്യമായ വിഹിതം കൊടുക്കുന്നുണ്ട്. അതുകൊണ്ട് അവരുടെ സേവനത്തിന് കൃത്യമായ നിലയിൽ കമ്മീഷൻ കൊടുക്കുമ്പോൾ ജനങ്ങൾക്ക് മികച്ച സേവനം കൊടുക്കുവാൻ അവരും പ്രതിജ്ഞാബദ്ധരാണ്. അക്കാര്യം ഉറപ്പുവരുത്തുക എന്നുള്ളത് ഗവൺമെന്റിന്റെ ഉത്തരവാദിത്തവുമാണ്. ആ ഉത്തരവാദിത്തം കൃത്യമായ നിലയിൽത്തന്നെ ഗവൺമെന്റ് നിർവ്വഹിക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഊരുകളുള്ള പ്രദേശങ്ങളിൽ കൂടുതൽ പരിശോധനകളുണ്ടാകും. ക്രമക്കേടുകളുണ്ടായിട്ടുണ്ടെങ്കിൽ ശക്തവും യുക്തവുമായ നടപടികൾ സ്വീകരിക്കും.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, വീടുകളിൽ വിളക്ക് കത്തിക്കുന്നതിനും ഭക്ഷ്യോത്പാദനത്തിനുംവേണ്ടി കേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന മണ്ണെണ്ണയാണ് നമ്മൾ മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കുന്നത്. പക്ഷെ ഇത് ഓരോ വർഷവും കുറഞ്ഞു വരികയാണ്. അതുകൊണ്ട് കേന്ദ്രത്തിൽനിന്ന് നമുക്ക് ലഭിക്കുന്ന മണ്ണെണ്ണയിൽ ഒരു നിശ്ചിത അളവ് എല്ലാ വർഷവും തീരദേശത്തുള്ള പരമ്പരാഗത മൽസ്യത്തൊഴി ലാളികൾക്ക് കൊടുക്കാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യം കേന്ദ്ര ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; അതോടൊപ്പംതന്നെ കേരള ഗവൺമെന്റ് പ്രഖ്യാപിച്ച മണ്ണെണ്ണയുടെ സബ്സിഡി ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനം എടുത്തിട്ടുണ്ടോ എന്ന് അങ്ങ് വ്യക്തമാക്കുമോ ?

<u>ശ്രീ. അനൂപ് ജേക്കബ്</u> : സർ, 2525 കിലോ ലിറ്റർ മണ്ണെണ്ണ സിവിൽ സപ്ലൈസ് വകുപ്പ് മത്സ്യമേഖലയ്ക്കായി കൊടുക്കുന്നുണ്ട്. വിളക്ക് തെളിക്കുവാനും പാചകം ചെയ്യുവാനും മാത്രമേ മണ്ണെണ്ണ വിനിയോഗിക്കാവൂ എന്നതാണ് കേന്ദ്ര ഗവൺമെന്റ് ഗൈഡ്ലൈൻസ്. എന്നാൽ 1980 മുതൽ മത്സ്യമേഖലയ്ക്കായി മണ്ണെണ്ണ കൊടുത്തു

കൊണ്ടിരിക്കുന്നത് ഒരു കീഴ്വഴക്കമായി നിൽക്കുകയാണ്. മത്സ്യത്തൊഴിലാളികൾ

തീർച്ചയായും അനുകമ്പയും പരിഗണനയും അർഹിക്കുന്നവരായതുകൊണ്ടുതന്നെയാണ് ഇതിപ്പോഴും നിലനിർത്തുന്നത്. 2005 മുതൽ 2015 വരെയുള്ള പത്തുവർഷ കാലയളവ് പരിശോധിച്ചാൽ കേരളത്തിലേയ്ക്കുള്ള മണ്ണെണ്ണ വിഹിതത്തിൽ 50 ശതമാനത്തിന്റെ കുറവ് വന്നിട്ടുണ്ട്. ഇത്രയേറെ കുറവ് വന്ന സന്ദർഭത്തിലും മത്സ്യമേഖലയിൽ കൊടുക്കുന്ന മണ്ണെണ്ണയുടെ വിഹിതം 11 ശതമാനം മാത്രമാണ് സിവിൽ സപ്ലൈസ് വകുപ്പ് കുറച്ചിട്ടുള്ളത്. മണ്ണെണ്ണയുടെ വിഹിതം കൂട്ടുതൽ തരണമെന്നും നമുക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന വിഹിതം പുനഃസ്ഥാപിച്ചുകിട്ടണമെന്നുമുള്ള നിരന്തരമായ കത്തിടപാടുകൾ പെട്രോളിയം മന്ത്രാലയവുമായി സംസ്ഥാന ഗവൺമെന്റ് നടത്തുന്നുണ്ട്. ഞാൻ തന്നെ നേരിട്ട് വകുപ്പുമന്ത്രിയുമായി വിവിധ സന്ദർഭങ്ങളിൽ ചർച്ച നടത്തിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ വിഷയങ്ങൾ പ്രധാനമന്ത്രിയുടെ ശ്രദ്ധയിലും കൊണ്ടുവന്നിട്ടുണ്ട്. മണ്ണെണ്ണയുടെ അലോട്ട്മെന്റ് തീർച്ചയായും പഴയ നിലയിൽ വീണ്ടും ലഭ്യമാകേണ്ട സാഹചര്യം അനിവാര്യമായിരിക്കുകയാണ്. ഇപ്പോൾ Electrified Households-ന് അര ലിറ്റർ മുതൽ ഒരു ലിറ്റർ മണ്ണെണ്ണ വരെ മാത്രമേ റേഷൻ കടകളിലൂടെ കൊടുക്കാൻ കഴിയുന്നുള്ളൂ. Non-electrified households-ന് 4 ലിറ്റർ കൊടുക്കുന്നുണ്ട്. ഇപ്പോൾ മത്സ്യമേഖലയിൽ കൊടുക്കുന്നതുപോലെ മണ്ണെണ്ണ തുടർന്ന് കൊടുക്കണമെങ്കിലും കൂട്ടുതൽ കൊടുക്കണമെങ്കിലും അലോട്ട്മെന്റ് കൂട്ടിക്കിട്ടണം. അതിനുവേണ്ടി ശക്തമായ സമ്മർദ്ദം സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ ചെലുത്തുന്നുണ്ട്.

<u>ശ്രീ. കെ. വി. വിജയദാസ്</u> : സർ, റേഷൻകടകളിലൂടെയുള്ള അരിയുടെയും പഞ്ചസാരയുടെയും മണ്ണെണ്ണയുടെയും വിതരണത്തിൽ വലിയ തോതിൽ കുറവ് വരുന്നുണ്ട്. ബി.പി.എൽ. വിഭാഗത്തിന് 25 കിലോ അരി എന്നുള്ളത് 22 കിലോ ആണ് യഥാർത്ഥത്തിൽ കിട്ടുന്നത്. എ.പി.എൽ. വിഭാഗത്തിന് 9 കിലോ അരി എന്നുള്ളത് 7 കിലോ ആണ് കിട്ടുന്നത്. മണ്ണെണ്ണ മാർച്ച് മാസത്തിൽ അര ലിറ്റർ, ഏപ്രിൽ മാസത്തിൽ ഒരു ലിറ്റർ വീണ്ടും മേയ് മാസത്തിൽ അര ലിറ്റർ അങ്ങനെ ഒന്നിടവിട്ട മാസങ്ങളിൽ അര ലിറ്റർ മാത്രമാണ് കിട്ടുന്നത്. മേയ്, ജൂൺ മാസത്തിൽ പഞ്ചസാര കിട്ടിയിട്ടില്ല. റേഷൻ കടകൾവഴി പാവപ്പെട്ടവർക്ക് നൽകുന്ന അരി, മണ്ണെണ്ണ, പഞ്ചസാര തുടങ്ങിയവയുടെ വിഹിതം കുറഞ്ഞുകാണുന്നു. ഇതും വകമാറ്റലിന്റെ ഭാഗമാണോ ; എന്തുകൊണ്ട് ഇവ പാവപ്പെട്ടവർക്ക് കൃത്യമായി കൊടുക്കുന്നില്ല ?

25 കിലോ അരി കൊടുക്കുമെന്നാണ് പത്രവാർത്ത. യഥാർത്ഥത്തിൽ കിട്ടുന്നത് 20-22 കിലോ മാത്രമാണ്. അതിലൊരു മാറ്റം വരുത്താൻ ഗവൺമെന്റ്

ശ്രദ്ധിക്കണം.

<u>ശ്രീ. അനൂപ് ജേക്കബ്</u> : സർ, 25 കിലോ അരി ബി.പി.എൽ. വിഭാഗത്തിനും
9 കിലോ അരി എ.പി.എൽ. വിഭാഗത്തിനുമാണ് ലഭ്യമാക്കേണ്ടത്. അതിനുള്ള അലോട്ട്മെന്റ് സംസ്ഥാനത്തിനുണ്ട്. അതുകൊടുക്കുവാൻ തീർച്ചയായും ഇവർ ബാധ്യസ്ഥരുമാണ്. ഇതിനകത്ത് കുറവുവരുന്ന മേഖലകൾ പരിശോധിക്കാം. പലപ്പോഴും ഇത്തരത്തിൽ നേരിട്ടുള്ള പരാതികൾ എനിക്കും ലഭ്യമാകാറുണ്ട്. കിട്ടുന്ന പരാതികൾക്ക് അപ്പോൾത്തന്നെ നടപടികൾ സ്വീകരിക്കാറുണ്ട്. മണ്ണെണ്ണ അര ലിറ്ററും ഒരു ലിറ്ററും ആയി മാറ്റേണ്ടി വന്നിട്ടുള്ള സാഹചര്യത്തെക്കുറിച്ച് ഞാൻ സൂചിപ്പിച്ചിരുന്നു. കൃത്യമായി വിഹിതം ജനങ്ങൾക്ക് എത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതോടൊപ്പം പൊതുവിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുമുണ്ട്. കമ്പ്യൂട്ടർവത്കരണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. തിരുവനന്തപുരത്തും മൂവാറ്റുപുഴയിലും അതിന്റെ പൈലറ്റ് പദ്ധതികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, റേഷൻ കടകളിലൂടെ ബി.പി.എൽ. വിഭാഗത്തിന് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റേഷൻകാർഡുകൾക്ക് അപേക്ഷിച്ച മുഴുവൻ ആളുകൾക്കും പുതിയ കാർഡുകൾ ഇഷ്യു ചെയ്തു. എങ്കിലും ഇപ്പോഴും ബി.പി.എൽ. കാർഡിൽ ഒരുപാട് അപാകതകളുണ്ട്. കാൻസർ പോലുള്ള രോഗങ്ങൾ ബാധിക്കുന്നവർക്ക് ബി.പി.എൽ. കാർഡ് കൊടുക്കാനുള്ള വ്യവസ്ഥപോലും പലപ്പോഴും നടപടിക്രമങ്ങളിൽ കുരുങ്ങിക്കിടക്കുകയാണ്. അർഹരായ മുഴുവൻ ആളുകൾക്കും ബി.പി.എൽ. കാർഡ് കൊടുക്കുന്നതിനും ബി.പി.എൽ. ലിസ്റ്റ് ശരിയായ രീതിയിൽ പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; അങ്ങനെ ചെയ്തില്ലെങ്കിൽ അനർഹരായ ധാരാളം ആളുകൾ ഈ ആനുകൂല്യങ്ങൾ കൊണ്ടുപോകും. അർഹരായ പല ആളുകൾക്കും ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യവുമുണ്ട്. അതൊഴിവാക്കാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ ?

<u>ശ്രീ. അനൂപ് ജേക്കബ്</u> : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബി.പി.എൽ. ലിസ്റ്റിൽനിന്നും അനർഹരായിട്ടുള്ള ഏകദേശം 70,000-ത്തോളം പേരെ ഒഴിവാക്കിയിട്ടുണ്ട്. കാൻസർ പോലുള്ള മാരകരോഗങ്ങൾ

പിടിപെട്ടിട്ടുള്ളവർക്ക് അവരുടെ സാമ്പത്തികസ്ഥിതി അനുസരിച്ച് ബി.പി.എൽ. കാർഡ് ഇഷ്യു ചെയ്യണമെന്നുള്ള തീരുമാനമെടുത്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളിൽ ഇതിനെ സംബന്ധിച്ച് അദ്ദേഹം തന്നെ മുന്നോട്ടുവച്ച നിർദ്ദേശ പ്രകാരം, നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് അർഹരായവർക്ക് ബി.പി.എൽ. കാർഡ് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കാർഡ് issue ചെയ്യാൻ താമസം വരികയാണെങ്കിൽ, ഇവർ ബി.പി.എൽ.-ന് അർഹതയുള്ളവരാണെങ്കിൽ 'for treatment facility' എന്ന സീൽ ബന്ധപ്പെട്ട സപ്ലൈ ഓഫീസിൽനിന്ന് പതിച്ചു കൊടുക്കും. ഇവർക്ക് രോഗമുണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അടക്കം ഇതിന്റെ രേഖകൾ സ്ഥലം എം.എൽ.എ. വഴിയോ ബന്ധപ്പെട്ട സപ്ലൈ ഓഫീസിലോ എത്തിച്ചുകഴിഞ്ഞാൽ അവർക്ക് അടിയന്തരമായി 'for treatment purpose' ബി.പി.എൽ. ആയി സ്റ്റാമ്പ് ചെയ്ത് കൊടുക്കുന്ന നടപടി ഇപ്പോഴുമുണ്ട്. ഒപ്പംതന്നെ priority വിഭാഗക്കാരെ കണ്ടെത്തുവാനുള്ള നടപടികളാണ് ഇപ്പോൾ നടത്തി ക്കൊണ്ടിരിക്കുന്നത്. അർഹരായവരെ ഉൾപ്പെടുത്തിക്കൊണ്ട് പുതിയ ബി.പി.എൽ. ലിസ്റ്റ് (പ്രയോരിറ്റി ലിസ്റ്റ്) പ്രസിദ്ധീകരിക്കാൻ കഴിയുമെന്നുതന്നെയാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : സർ, കൊടിയ അഴിമതി നടക്കുന്ന ഒരു വകുപ്പാണ് ഭക്ഷ്യവും സിവിൽ സപ്ലൈസും. അതിന് ഏറ്റവും വലിയ ഉദാഹരണം, റേഷൻ സാധനങ്ങൾ കൊടുക്കുന്നതെല്ലാം ബഹുഭൂരിപക്ഷവും ചോർന്നുപോകുന്നു എന്ന സുപ്രധാനമായ റിപ്പോർട്ട് കേന്ദ്രമന്ത്രി പാർലമെന്റിൽ വച്ചിട്ട് ആഴ്ചകൾ കഴിഞ്ഞിട്ടും നമ്മുടെ വകുപ്പുമന്ത്രിയോ, വകുപ്പിലെ ബന്ധപ്പെട്ടവരോ ഈ വിവരം അറിഞ്ഞിട്ടില്ല എന്നുള്ളതാണ്. തമിഴ്നാട്ടിൽ 1 രൂപയ്ക്ക് വിൽക്കുന്ന അരി കളറും രൂപവും മാറ്റി പുതിയ രീതിയിൽ ഇവിടെ മാർക്കറ്റിലെത്തുന്നു. അതിനുവേണ്ട മില്ലുകൾ പ്രവർത്തിക്കുന്നത് തമിഴ്നാട്ടിലല്ല കേരളത്തിലെ അതിർത്തിപ്രദേശങ്ങളിലാണ്. കേരളത്തിൽ ഇവ നിൽക്കുന്നതുതന്നെ ഇവിടെ അഴിമതിക്കുള്ള സാധ്യതയുണ്ട് എന്നുള്ളതുകൊണ്ടുതന്നെയാണ്. റ്റി.എസ്.ഒ., ഡി.എസ്.ഒ., തുടങ്ങിയ സ്ഥാനങ്ങൾക്ക് ലക്ഷക്കണക്കിന് രൂപ വച്ചാണ് ലേലം വിളിക്കുന്നത്. റ്റി.എസ്.ഒ.-യ്ക്ക് 5 ലക്ഷവും ഡി.എസ്.ഒ.-യ്ക്ക് 10 ലക്ഷവുമാണ്. ഈ രീതിയിൽ വലിയ തുകകൾ ലേലം വിളിച്ചുകൊടുക്കാൻ തയ്യാറാകുന്നുണ്ടെങ്കിൽ അതിന്റെ അർത്ഥമെന്താണ്? സാധാരണക്കാരന് ഭക്ഷണ സാധനങ്ങൾ എത്തിക്കാൻവേണ്ടി ആരംഭിച്ച ഈ പ്രസ്ഥാനം സാധാരണക്കാരിൽ നിന്ന്

അകന്നുപോയിരിക്കുകയാണ്, അഴിമതിയുടെ പേക്കൂത്തായി മാറിയിരിക്കുന്നു. നടപടി എടുക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. നടപടി എടുത്തതിന്റെ രണ്ടുമൂന്ന് ഉദാഹരണം പറയാമോ ; പിടിക്കുന്ന കേസ് പത്രത്തിൽ വരുന്നുണ്ട്. ഒരു നടപടിയും നിങ്ങൾ എടുക്കാൻ പോകുന്നില്ല.

ശ്രീ. അനൂപ് ജേക്കബ് : സർ, പാർലമെന്റിൽവച്ച റിപ്പോർട്ടിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചു. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. തീർച്ചയായും അക്കാര്യം പരിശോധിക്കാം. ബഹുമാനപ്പെട്ട അംഗത്തിന് ആരോപണ ങ്ങളുണ്ടെങ്കിൽ എഴുതിത്തന്നശേഷം ഉന്നയിക്കട്ടെ, അതിനുള്ള മറുപടി ഞാൻ പറയാം. എവിടെയെങ്കിലും പറയുന്നത് കേട്ടുകൊണ്ട് കാര്യങ്ങൾ ഉന്നയിക്കുന്നത് ഒരംഗത്തിന് യോജിച്ചതല്ല. ഇവിടെ നിങ്ങളുടെ കാലഘട്ടത്തിലുള്ള പഴയ കുറേ റിപ്പോർട്ടുകളുണ്ട്, അതൊക്കെ ഞാൻ വായിച്ചാൽ നിങ്ങൾ ഇവിടെനിന്നിറങ്ങിയോടും. അതുകൊണ്ട് ആ രീതിയിലുള്ള ചോദ്യമൊന്നും ഇവിടെ വേണ്ട. .....(ബഹളം)... ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ കർശനമായ നടപടികൾ സ്വീകരിക്കും. ഇത്തരത്തിലുള്ള വിഷയങ്ങളെ ഗവൺമെന്റ് വളരെ ഗൗരവമായി കാണുകയും നീതിയുക്തമായ സമീപനം ജനങ്ങൾക്ക് കിട്ടുന്നതിനും അർഹമായ സാധനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുകയും ചെയ്യും.

**പൊതുമരാമത്ത് വകുപ്പിൽ നടപ്പാക്കിയ പുതിയ പദ്ധതികൾ**

3 (*93) ശ്രീ. റ്റി. യു. കുരുവിള:

ശ്രീ. സി. എഫ്. തോമസ്:

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കാലോചി തമായ പരിഷ്ക്കാരങ്ങൾ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ;

വിശദാംശം ലഭ്യമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) ഈ സർക്കാർ അധികാരമേറ്റപ്പോൾ സംസ്ഥാനത്തൊട്ടാകെ തകർന്ന റോഡുകളായിരുന്നു. ഇതിന് പരിഹാരമായത്, പൊതുമരാമത്ത് വകുപ്പിന്റെ കൃത്യമായ ആസൂത്രണവും പദ്ധതി നടപ്പാക്കലുമാണ്. 3,000 കോടി രൂപ ചെലവിൽ 7600 കിലോമീറ്റർ റോഡുകളുടെ ഉപരിതലം പുതുക്കി. ഇതിൽ മുനിസിപ്പൽ കോർപ്പറേഷൻ റോഡുകളും പഞ്ചായത്ത് റോഡുകളും ഉൾപ്പെടുന്നു. 158 പാലങ്ങളുടെ പണി പൂർത്തിയാക്കി. ഇപ്പോൾ 4000 കിലോമീറ്റർ റോഡിന്റെ ഉപരിതലം പുതുക്കൽ നടന്നുവരുന്നു. 1500 കെട്ടിടങ്ങളുടെ നിർമ്മാണം വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. മൊത്തം 10,700 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് വകുപ്പിന് കീഴിൽ ഇപ്പോൾ നടന്നുവരുന്നത്.

പൊതുമരാമത്ത് വകുപ്പ് ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പുതിയ പദ്ധതികളുടെ വിശദവിവരം അനുബന്ധം 1 ആയി വച്ചിട്ടുണ്ട്.*

(ബി) ഉണ്ടാകും. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കാലോചിതമായ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി വരുന്നു.

ശ്രീ. റ്റി. യു. കുരുവിള : സർ, പൊതുമരാമത്ത് വകുപ്പ് ധാരാളം നല്ല പ്രോജക്ടുകൾ നടപ്പാക്കുന്നുണ്ട്. എന്നാൽ ഈപ്രാവശ്യത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ട് (ഡി.എഫ്.ഐ.പി.) എങ്ങനെ വിഭാവനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ; അതുപോലെതന്നെ കോൺട്രാക്ടർമാരുടെ ബിൽ കുടിശ്ശിക പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിയ ബിൽ ഡിസ്ക്കൗണ്ട് സിസ്റ്റം ഗുണകരമായിട്ടുണ്ടോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, കോൺട്രാക്ടർമാരുടെ ബിൽ കുടിശ്ശിക റോഡ്സിൽ 5 മാസവും ബിൽഡിംഗ്സിൽ 2 മാസവുമായി കുറഞ്ഞിരിക്കുകയാണ്. 1,750 കോടി രൂപയാണ് പൊതുമരാമത്ത് വകുപ്പിലെ കോൺട്രാക്ടർമാർക്ക് ഇനി കുടിശ്ശികയായി കൊടുക്കാനുള്ളത്. എമിലിയിൽ (EMLI) കയറിട്ടുള്ളത് 2015 ഫെബ്രുവരി വരെയുള്ള ബില്ലുകളാണ്. അങ്ങ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചോദിച്ച DFIP (District Flagship Infrastructure Projects) ഇത്തവണത്തെ ബഡ്ജറ്റിൽ വന്നതാണ്. ആ പദ്ധതി വളരെ സ്പീഡായി നടപ്പിലാക്കാനുള്ള ശ്രമം പൊതുമരാമത്ത് വകുപ്പ് ആരംഭിച്ചിട്ടുണ്ട്. പെട്രോളിനും ഡീസലിനും ഒരു ലിറ്ററിന് ഒരു രൂപ നിരക്കിൽ അഡീഷണൽ സെയിൽസ് ടാക്സ് ചുമത്തുമ്പോൾ അതിന്റെ 50 ശതമാനം പൊതുമരാമത്ത് വകുപ്പിന് നൽകാമെന്ന് തീരുമാനമായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 14 ജില്ലകളിലും നടപ്പിലാക്കാനുള്ള District Infrastructure Flagship Project-കൾ തയ്യാറായി ക്കൊണ്ടിരിക്കുകയാണ്. അതു സംബന്ധിച്ച ഒരുത്തരവ് ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഹോട്ടലുകളിലെ വില വർദ്ധനവ്

4 (*94) ശ്രീ. സാജു പോൾ :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. ബി. സത്യൻ:

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോട്ടലുകളിൽ ഭക്ഷണ പദാർത്ഥങ്ങളുടെ വില യാതൊരു മാനദണ്ഡവുമില്ലാതെ വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പ്രഖ്യാപിച്ചിരിക്കുന്നത് ; ആയത് നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) തൃപ്തി ന്യായവില ഭക്ഷണശാലകൾ താലൂക്കുകൾതോറും ആരംഭിക്കുന്നമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദമാക്കാമോ ;

(ഡി) ഹോട്ടലുകളിലെ വില നിയന്ത്രിക്കുന്നതിന് നിയമ നിർമ്മാണം പരിഗണനയിലുണ്ടോ ; വിശദമാക്കാമോ ;

(ഇ) ഹോട്ടലുകളിലെ അന്യായവില തടയുന്നതിന് എന്തെങ്കിലും പുതിയ

സംവിധാനങ്ങൾ ആലോചനയിലുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്. ഇതു സംബന്ധിച്ച കരട് ബിൽ തയ്യാറായിവരുന്നു.

(സി) ഇല്ല. സംസ്ഥാനത്ത് താലൂക്ക് അടിസ്ഥാനത്തിൽ തൃപ്തി ഹോട്ടലുകൾ ആരംഭിക്കണമെന്ന് ബഡ്ജറ്റ് പ്രഖ്യാപനം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ പ്രോജക്ട് ഉണ്ടാക്കുകയും യൂണിറ്റുകളെ ഹോട്ടലുകൾ ആരംഭിക്കുവാൻ സജ്ജരാക്കുകയുമുണ്ടായി. എന്നാൽ ഇതിനായി താലൂക്കുകളിൽ സ്ഥലം കണ്ടെത്താൻ കഴിയാത്തതുമൂലം തൃപ്തി ഹോട്ടലുകൾ ആരംഭിച്ചിട്ടില്ല.

(ഡി&ഇ) ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള നിയമ നിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്. ഇതുസംബന്ധിച്ച കരട് ബിൽ തയ്യാറായി വരുന്നു.

**അദ്ധ്യാപക പാക്കേജ്**

5 (*95) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപക പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) അദ്ധ്യാപക പാക്കേജ്‌വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പാക്കേജിലെ പ്രധാന വിഷയങ്ങൾ എന്തൊക്കെയാണെന്ന്

വിശദമാക്കുമോ ;

(ഡി) പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ&ബി) ഉണ്ട്. സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ചട്ടങ്ങളും ഉത്തരവുകളും വ്യവസ്ഥകളും ലംഘിച്ചുകൊണ്ട് മാനേജർമാർ നടത്തിയ നിയമനങ്ങൾ കാരണം അംഗീകാരമില്ലാതെയും ശമ്പളമില്ലാതെയും ജോലിചെയ്തിരുന്ന അദ്ധ്യാപകരുടെയും പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനവും പുനർവിന്യാസവും ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കുന്നതിനുമായാണ് അദ്ധ്യാപക പാക്കേജിന് രൂപം നൽകിയത്. എന്നാൽ ബഹു. ഹൈക്കോടതി 30107/13 ഉം മറ്റനുബന്ധ കേസുകളിലെയും 15-1-2015-ലെ വിധിയിലൂടെ പാക്കേജും അനുബന്ധ ഉത്തരവുകളും റദ്ദുചെയ്തിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരെ സർക്കാർ W.A:812/15 എന്ന നമ്പറിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. അന്തിമവിധി ലഭ്യമായിട്ടില്ല.

(സി) പാക്കേജിന് രൂപംനല്കി പുറപ്പെടുവിച്ച 1-10-2011-ലെ ജി.ഒ (പി) 199/11/പൊവിവ. നമ്പർ ഉത്തരവ്, അദ്ധ്യാപകബാങ്ക് രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച 23-12-2014 ലെ സ.ഉ(പി)278/14/പൊവിവ. എന്നീ ഉത്തരവുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) അദ്ധ്യാപക പാക്കേജ് പ്രകാരം ശമ്പളമില്ലാതെ ജോലിയിൽ തുടർന്നിരുന്ന 2813 അദ്ധ്യാപകർക്ക് അംഗീകാരം നല്കി ശമ്പളം നൽകി. കൂടാതെ 2987 പ്രൊട്ടക്റ്റഡ് അദ്ധ്യാപകർക്കും തസ്തികയില്ലാതെ സർവ്വീസിൽ തുടർന്ന 134 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, കുട്ടികളുടെ കുറവുമൂലം പുറത്തുപോയ 51 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, 1159 റിട്രെഞ്ച്ഡ് ടീച്ചേഴ്സ്, പഞ്ചായത്ത് സ്കൂളുകളിലെ ശമ്പളമില്ലാതെ ജോലി ചെയ്തിരുന്ന 4 പേർ, പഞ്ചായത്ത് സ്കൂളുകളിൽ കുട്ടികളുടെ കുറവുമൂലം പുറത്തുപോയ
11 അദ്ധ്യാപകർ, സ്പെഷ്യൽ സ്കൂളുകളിലെ ശമ്പളമില്ലാതെ ജോലിചെയ്തിരുന്ന 4 അദ്ധ്യാപകർ എന്നിവർക്ക് നിയമനാംഗീകാരം നൽകിയിട്ടുണ്ട്. 23-12-2014-ലെ സ.ഉ.(പി)നമ്പർ 278/14/പൊവിവ. പ്രകാരം അദ്ധ്യാപകബാങ്ക് രൂപീകരിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പാക്കേജ് ഉത്തരവുകളെല്ലാം ബഹു.ഹൈക്കോടതി റദ്ദുചെയ്തിരിക്കുന്ന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാഹചര്യത്തിലും അപ്പീലിന്മേൽ അന്തിമവിധിയാകാത്തതിനാലും ബാങ്ക് രൂപീകരണത്തിനുള്ള തുടർ നടപടികൾക്ക് തത്ക്കാലം നിർവ്വാഹമില്ല.

**കയർ വ്യവസായത്തിന്റെ പുരോഗതി**

6 (*96) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യൂ റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായത്തിന്റെ നിലനിൽപ്പിനും പുരോഗതിക്കും വേണ്ടി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) കയർ വ്യവസായത്തിന്റെ പുരോഗതിക്കായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ളതാണ് ഈ പുതിയ പദ്ധതി. നാളികേര വികസന ബോർഡുമായിട്ടുള്ള 90,90,000 രൂപയുടെ പ്രോജക്ടിനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മുടക്കംകൂടാതെ തൊഴിൽ നൽകുന്നതിനും കയർ വ്യവസായം പരിപോഷിപ്പിക്കുന്നതിനും കയർ മേഖലയിലെ ചകിരിക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും ലക്ഷ്യമിട്ടാണ് 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി പ്രകാരം, തൊണ്ട് സംഭരിച്ച് ചകിരി ഉല്പാദിപ്പിക്കുന്ന സ്ഥാപനത്തിൽ എത്തിക്കുന്നവർക്ക് വർദ്ധിപ്പിച്ച തോതിൽ ഇൻസെന്റീവ് നൽകിക്കൊണ്ടും കയർ മേഖലയിൽ സഹകരണ സംഘങ്ങൾക്ക് തൊണ്ട് സംഭരിക്കുന്നവർക്ക് വാഹന വാടക നൽകിക്കൊണ്ടും

തൊഴിലാളികൾ തൊണ്ട് സംഭരിച്ച് നൽകുമ്പോൾ തൊണ്ട് ശേഖരിക്കുന്ന തൊഴിലാളിക്ക് പ്രതിദിന വേതനവും കൂടുതലായി സംഭരിക്കുന്ന ഓരോ 50 പച്ചത്തൊണ്ടിനും ഓരോ 100 ഉണക്കത്തൊണ്ടിനും സർക്കാർ വിഹിതം നൽകിയും തൊണ്ട് സംഭരിക്കുന്ന തൊഴിലാളികൾക്ക് പ്രതിദിന വേതനം കൂടാതെ സംഭരണ ഇൻസെന്റീവും ലഭിക്കുന്ന തരത്തിലും കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

5-2-2015-ലാണ് പുതിയ തൊണ്ട് സംഭരണ പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകിയത്. കയർ വകുപ്പിലെ ഉദ്യോഗസ്ഥർ, കയർ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടും, എല്ലാ കയർ പ്രോജക്ട് ഓഫീസുകളുടെയും പരിധിയിൽ വരുന്ന കയർ സഹകരണ സംഘങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടും സെമിനാറുകൾ നടത്തി പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദീകരിച്ചിരുന്നു. പദ്ധതി നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം

7 (*97) ശ്രീ. എ. എം. ആരിഫ് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. സി. കെ. സദാശിവൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ നടത്തിയ നെല്ല് സംഭരണത്തിൽ കർഷകർക്ക് നെല്ലിന്റെ വില നൽകാനുണ്ടോ ; എങ്കിൽ എത്ര തുകയാണ് നൽകാനുള്ളതെന്ന് അറിയിക്കാമോ ;

(ബി) ഈ സീസണിൽ സപ്ലൈകോ എത്ര ടൺ നെല്ലാണ് സംഭരിച്ചതെന്ന റിയിക്കാമോ ;

(സി) എന്ത് നിരക്കിലാണ് സംഭരണം നടത്തിയത് ; സംസ്ഥാനം വിഹിതം നൽകാത്തതിനാൽ കേന്ദ്ര വിഹിതം മാത്രം വിതരണം ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) പി.ആർ.എസ്. വായ്പാ പദ്ധതികൊണ്ട് ഉദ്ദേശിച്ചിരുന്നത് എന്തായിരുന്നു ;

അതിന്റെ ലക്ഷ്യം നേടാനായിട്ടുണ്ടോ ; വിശദമാക്കാമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) 2014-15 രണ്ടാം വിളയിൽ കർഷകർക്ക് ഇനി നൽകാനുള്ളത് 97.61 കോടി രൂപയാണ്.

(ബി) 2014-15 രണ്ടാം വിളയിൽ സപ്ലൈകോ 406813 ടൺ നെല്ല് സംഭരിച്ചു.

(സി) കിലോഗ്രാമിന് 19 രൂപ നിരക്കിലാണ് നെല്ല് സംഭരണം നടത്തിയത്. ഒന്നാം ഗഡുവായി, കേന്ദ്രവിഹിതമായ ₹ 13.60 നിരക്കിൽ വിതരണം ചെയ്തു തുടങ്ങിയെങ്കിലും പിന്നീട് രണ്ടാം ഗഡുവായി, സംസ്ഥാന വിഹിതമായ ₹ 5.40 കൂടി നൽകി. സംഭരണ വിലയായ 19 രൂപ പ്രകാരമുള്ള മുഴുവൻ തുകയും 15-5-2015 വരെ നെല്ല് നൽകിയ കർഷകർക്ക് വിതരണം ചെയ്തു.

(ഡി) പി.ആർ.എസ്. വായ്പ പദ്ധതി പ്രകാരം കർഷകർ സപ്ലൈകോയ്ക്ക് നെല്ല് നൽകിയ വകയിൽ ലഭിക്കുവാനുള്ള തുക അവർ ബാങ്ക് ലോണായി എടുക്കുകയും അതിന്റെ പലിശ സപ്ലൈകോ നൽകുകയും ചെയ്യുന്നു. ഇതനുസരിച്ച് 2014-15 രണ്ടാം വിള സീസണിൽ പാലക്കാട് ജില്ലാ സഹകരണ ബാങ്ക്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ, കാനറ ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങൾ വഴി കോട്ടയം, ആലപ്പുഴ, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ കർഷകർക്ക് ₹ 271.12 കോടി രൂപ 26-6-2015 തീയതി വരെ നൽകിയിട്ടുണ്ട്.

**റോഡ് വികസന പദ്ധതി**

8 (T*98) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് വികസന പദ്ധതി ഏത് ഘട്ടം വരെയായിയെന്ന് വ്യക്തമാക്കാമോ ;

(ബി) റോഡുകളുടെ പുനരുദ്ധാരണത്തിന് നിലവിൽ എന്തെല്ലാം നടപടികൾ

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സ്വീകരിച്ചു ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ&ബി) റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് വിഭാഗമായി തിരിച്ച് യഥാക്രമം 469 കി.മീ., 621 കി.മീ. ദൈർഘ്യംവരുന്ന റോഡുകളുടെ നവീകരണമാണ് സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെട്ട 469 കി.മീ.റോഡുകളുടെ നവീകരണത്തിന് പി.പി.പി. ആന്വിറ്റി രീതിയിൽ ടെണ്ടർ ക്ഷണിച്ചപ്പോൾ കിട്ടിയ ഓഫറുകളിലെ ആന്വിറ്റി നിരക്കുകൾ വളരെ കൂടുതൽ ആയതിനാൽ അനുമതി നൽകിയിരുന്നില്ല. ഇപ്പോൾ റീഹാബിലിറ്റേഷൻ പക്കേജിലെ 106.20 കി.മീ. റോഡുകൾ ഒരു പൈലറ്റ് പ്രോജക്ടായി പുതുക്കിയ നിബന്ധനകളോടെ പി.പി.പി./ആന്വിറ്റി രീതിയിൽ ടെണ്ടർ ക്ഷണിച്ചിരിക്കുകയാണ്. ജൂലൈ മാസം 7-ാം തീയതിയാണ് ഓഫറുകൾ നൽകേണ്ട അവസാന തീയതി. കൂടാതെ റീഹാബിലിറ്റേഷൻ പാക്കേജിൽ അവശേഷിക്കുന്ന 363 കി.മീ. റോഡുകളും അപ്ഗ്രഡേഷൻ പാക്കേജിലെ 621 കി.മീ. റോഡുകളും ഉൾപ്പെടുത്തി ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസിയിൽ നിന്നുള്ള ധനസഹായത്തിനായുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന തിരുവനന്തപുരം നഗരറോഡ് വികസന പദ്ധതി പൂർത്തിയാകാറായി. കോഴിക്കോട് നഗരറോഡ് വികസന പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കൺസഷണറെ തെരഞ്ഞെടുത്തുകഴിഞ്ഞു. നിർമ്മാണ പ്രവർത്തനങ്ങൾ ബി.ഒ.റ്റി.-ആന്വിറ്റി വ്യവസ്ഥയിൽ ഉടൻ ആരംഭിക്കുന്നതാണ്. കൂടാതെ കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽകൂടി പദ്ധതി വ്യാപിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. കണ്ണൂർ, മലപ്പുറം, കോട്ടയം എന്നീ നഗരറോഡ് വികസന പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തിയാക്കിയിട്ടുണ്ട്. തൃശ്ശൂർ, കൊല്ലം എന്നീ നഗരറോഡ് വികസന പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(സി) റോഡ് വികസന പദ്ധതിയിലെ നവീകരണ പ്രവർത്തനങ്ങൾക്ക് പി.പി.പി./ആന്വിറ്റി രീതിയിൽ ടെണ്ടർ ക്ഷണിച്ച്, കുറഞ്ഞ ആന്വിറ്റി തുക ക്വാട്ട്

ചെയ്യുന്ന കരാറുകാരൻ പണം മുടക്കി രണ്ടുവർഷം കൊണ്ട് IRC മാനദണ്ഡങ്ങൾ പ്രകാരം പണി പൂർത്തിയാക്കണം. തുടർന്നുള്ള 13 വർഷക്കാലം റോഡുകളുടെ പരിപാലനം കരാറുകാരന്റെ ഉത്തരവാദിത്തമാണ്.

നിർമ്മാണം പൂർത്തിയായശേഷം അർദ്ധ വാർഷിക ഗഡുക്കളായി 13 വർഷം ആന്വിറ്റി തുക കരാറുകാരന് നൽകും. കൂടാതെ നിർമ്മാണ സമയത്ത് പണിയുടെ പുരോഗതി വിലയിരുത്തി എസ്റ്റിമേറ്റ് തുകയുടെ 20% രണ്ടുവർഷംകൊണ്ട് കരാറുകാരന് ഗ്രാന്റായി നൽകുകയും ചെയ്യും. കെ.ആർ.എഫ്.ബി.യിൽ ബി.ഒ.റ്റി.-ആന്വിറ്റി മാതൃകയിൽ ടോൾ പിരിവില്ലാതെയാണ് മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നത്.

## ലൈറ്റ് മെട്രോ പദ്ധതി

9 (*99) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എളമരം കരീം :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈറ്റ് മെട്രോ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഏതെല്ലാം നഗരങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത് ;

(ബി) പദ്ധതിക്ക് എന്തു തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(സി) പദ്ധതിയുടെ പ്രവർത്തനം ഡി.എം.ആർ.സി.യെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് വകുപ്പുകൾ തമ്മിൽ തർക്കം നിലനിൽക്കുന്നുണ്ടോ ; ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം എന്തായിരുന്നു ; വിശദമാക്കാമോ ;

(ഡി) മോണോ റെയിൽ പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കുകയുണ്ടായോ ; ഈ പദ്ധതിക്കായി ഇതിനകം എന്തു തുക ചെലവായി എന്ന് വെളിപ്പെടുത്താമോ ;

(ഇ) മോണോ റെയിൽ പദ്ധതിയുടെ സാധ്യത സംബന്ധിച്ച് സമഗ്ര പഠനം നടത്തിയിരുന്നോ ; എങ്കിൽ ഈ പദ്ധതിയുടെ പ്രവർത്തനം അവസാനിപ്പിക്കേണ്ടി വന്ന സാഹചര്യം വിശദമാക്കാമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ലൈറ്റ് മെട്രോ പദ്ധതിക്കായി ഡി.എം.ആർ.സി. തയ്യാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലാണ് ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്.

(ബി) പദ്ധതിക്കായി കണക്കാക്കപ്പെട്ട തുക ചുവടെ ചേർക്കുന്നു :

| തുക | തിരുവനന്തപുരം | കോഴിക്കോട് | ആകെ |
|---|---|---|---|
| അടങ്കൽ തുക | 3453 കോടി | 2057 കോടി | 5510 കോടി |
| പൂർത്തീകരണച്ചെലവ് | 4219 കോടി | 2509 കോടി | 6728 കോടി |

ലൈറ്റ് മെട്രോ പദ്ധതികൾക്കായി 2015-16 ലെ സംസ്ഥാന ബജറ്റിൽ ടോക്കൺ പ്രൊവിഷനായി ഒരുലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിക്ക് അംഗീകാരം നൽകുന്ന മുറയ്ക്ക് കൂടുതൽ തുക വകയിരുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.
5 വർഷംകൊണ്ട് തിരുവനന്തപുരവും 4 വർഷംകൊണ്ട് കോഴിക്കോടും പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) പദ്ധതിയുടെ പ്രവർത്തനം ഡി.എം.ആർ.സി.യെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് വകുപ്പുകൾ തമ്മിൽ തർക്കം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മോണോറെയിൽ പദ്ധതി പൂർണ്ണമായും ഉപേക്ഷിച്ച് മറ്റൊരു മാസ് റാപ്പിഡ് ട്രാൻസിറ്റ് പദ്ധതിയായ ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കാനാണ് പദ്ധതിയുടെ കൺസൾട്ടന്റായ ഡി.എം.ആർ.സി. ശിപാർശ ചെയ്തിരിക്കുന്നത്. മോണോ റെയിൽ പദ്ധതിക്കായും ലൈറ്റ് മെട്രോ പദ്ധതിക്കായും ഇതുവരെ നടന്ന പ്രാരംഭ പ്രവർത്തനങ്ങൾക്ക് 2015 ജൂൺ 12 വരെ 12,88,55,088 രൂപ ചെലവായിട്ടുണ്ട്.

(ഇ) തിരുവനന്തപുരം നഗരത്തിന് നാറ്റ്പാക്കും കോഴിക്കോട് നഗരത്തിന് വിൽബർ സ്മിത്ത് അസോസിയേറ്റ്സുമാണ് പദ്ധതി സംബന്ധിച്ച സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചത്. ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനാണ് രണ്ട് നഗരങ്ങൾക്കും മോണോറെയിൽ പദ്ധതിക്കായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയത്.

മോണോറെയിൽ പദ്ധതികൾക്കുവേണ്ടി കേരള മോണോറെയിൽ കോർപ്പറേഷൻ 1-10-2013-ന് ദർഘാസ് ക്ഷണിക്കുകയും ഒറ്റ സ്ഥാപനം മാത്രമേ താൽപര്യം പ്രകടിപ്പിച്ചുള്ളൂ എന്നതിനാൽ സർക്കാർ നിർദ്ദേശപ്രകാരം പുനഃദർഘാസ് വിളിക്കുകയും ചെയ്തു. പുനഃദർഘാസ് 30-5-2014-ന് തുറന്നെങ്കിലും വീണ്ടും ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാങ്കേതിക ദർഘാസ് DMRC വിശദമായി പരിശോധിച്ചതിനുശേഷം സാമ്പത്തിക ദർഘാസ് പരിശോധിച്ചു. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് പദ്ധതിയുടെ അടങ്കൽ തുകയേക്കാൾ ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ, 28-8-2014-ന് കൂടിയ ബോർഡ് യോഗത്തിൽ ടെണ്ടർ നിരസിക്കുകയും മോണോറെയിൽ പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിക്കുകയും പകരം മറ്റേതെങ്കിലും മാസ് റാപ്പിഡ് ട്രാൻസിറ്റ് പദ്ധതിക്കായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ DMRC-യെ ചുമതലപ്പെടുത്തുകയും ചെയ്തു.

**ഭൂനിയമങ്ങളിൽ ഭേദഗതി**

10 (*100) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. രാജു :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂനിയമങ്ങളിൽ ഭേദഗതി വരുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം നിയമങ്ങളിൽ എന്തെല്ലാം ഭേദഗതികളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഭേദഗതികൾ സാമൂഹ്യ പാരിസ്ഥിതിക രംഗത്തെ ഏതെല്ലാം തരത്തിൽ ബാധിക്കുന്നു എന്നതിനെക്കുറിച്ച് വിശദവിവരം നൽകുമോ ;

(സി) കൃഷിഭൂമി വ്യാവസായികാവശ്യത്തിന് ഉപയോഗിക്കാൻ

ഭൂനിയമങ്ങളിൽ ആവശ്യമായ ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽവന്ന 2008-ന് മുമ്പ് നികത്തിയ നെൽവയലുകൾ നിശ്ചിത ഫീസ് ഒടുക്കി ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നിയമഭേദഗതി കൊണ്ടുവരുമെന്ന 2015-16-ലെ ബജറ്റ് പ്രഖ്യാപനത്തെത്തുടർന്ന് ഇത് ഫിനാൻസ് ബിൽ ആയിട്ടുണ്ട്. ഇതുകൂടാതെ പൊതു ആവശ്യത്തിനായി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഭേദഗതി പ്ലാനിംഗ് ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്മേൽ തീരുമാനമായിട്ടില്ല. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം ഡാറ്റാ ബാങ്ക് അന്തിമമായി പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ ആയതിന്മേൽ ആവലാതി ബോധിപ്പിക്കുവാൻ ജനങ്ങൾക്ക് അവസരം ഇല്ല എന്നുകണ്ട് ഒരു അപ്പീൽ സാധ്യത നിയമത്തിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 2013-ൽ നിലവിൽവന്ന പുതിയ ലാന്റ് അക്വിസിഷൻ ആക്ടിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 81(e) പ്രകാരം ഇളവ് ലഭിച്ച തോട്ടഭൂമിയുടെ 5 ശതമാനം മറ്റ് ആവശ്യങ്ങൾക്കായുള്ള വിനിയോഗത്തിൽ ചില ഭേദഗതികൾ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചട്ടരൂപീകരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മേൽ പരാമർശിച്ച ഭേദഗതികൾ സാമൂഹ്യ പാരിസ്ഥിതിക രംഗത്തെ ഏതെല്ലാം തരത്തിൽ ബാധിക്കും എന്നതിനെക്കുറിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല

(സി) കൊണ്ടുവന്നിട്ടില്ല.

## സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗിന്റെ റിപ്പോർട്ട്

11 (*101) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ മേഖലയിൽ സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പ്രൈമറി, അപ്പർ പ്രൈമറി വിഭാഗങ്ങളിൽ പഠന നിലവാരം കുറഞ്ഞു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ അഞ്ച് ജില്ലകളാണ് എസ്.സി.ഇ.ആർ.ടി. പഠനത്തിനായി തെരഞ്ഞെടുത്തത്. നാലാം ക്ലാസിലെയും ഏഴാം ക്ലാസിലെയും കുട്ടികളുടെ നിലവാരമാണ് പഠനത്തിന് വിധേയമാക്കിയത്. നിലവിലുള്ള ഗ്രേഡിംഗിന് ഉപയോഗിക്കുന്ന അഞ്ച് പോയിന്റ് ഗ്രേഡിംഗ് രീതിയാണ് ഈ പഠനത്തിനും സ്വീകരിച്ചത്. ഇംഗ്ലീഷ്, മലയാളം, സയൻസ്, കണക്ക് എന്നീ വിഷയങ്ങളാണ് പഠനവിധേയമാക്കിയത്. ഇംഗ്ലീഷിലും മലയാളത്തിലും റീഡിംഗ്, റൈറ്റിംഗ്, വ്യാകരണം, പദപരിചയം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയുള്ള ചോദ്യപേപ്പറും കണക്കിൽ അരിത്തമെറ്റിക്സ്, ജ്യോമട്രി, സമയം, നമ്പർ എന്നീ ഘടകങ്ങളുമാണ് പഠനത്തിനായി ഉപയോഗിച്ചത്. നാലാം ക്ലാസിൽ 20 മാർക്കിന് ഒരു മണിക്കൂർ കൊണ്ട് ചെയ്യാവുന്നതും, 7-ാം ക്ലാസിൽ 25 മാർക്കിന് 40 മിനിട്ട് കൊണ്ട് ചെയ്യാവുന്നതരത്തിലും ഒബ്ജക്റ്റീവ് ടൈപ്പ് ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. 5 ജില്ലകളിൽനിന്നും 2500-ഓളം കുട്ടികളെയാണ് പഠനവിധേയമാക്കിയത്. സ്റ്റാൻഡേർഡൈസ്ഡ് അച്ചീവ്മെന്റ് ടെസ്റ്റാണ് പഠനത്തിനായുപയോഗിച്ചത്. പഠനത്തിന്റെ കൂടുതൽ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രൈമറി, അപ്പർ പ്രൈമറി, വിഭാഗങ്ങളിൽ പഠന നിലവാരം കുറഞ്ഞു വരുന്നതായി പഠന റിപ്പോർട്ട് പ്രകാരം കണ്ടെത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കുട്ടികൾക്ക് ആരോഗ്യകരമായ സാമൂഹ്യജീവിത പഠന പരിശീലനം**

12 (*102) ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസത്തോടൊപ്പം ആരോഗ്യകരമായ സാമൂഹ്യജീവിത പാഠങ്ങളും കൂടി കുട്ടികൾക്ക് ലഭ്യമാക്കാൻ എന്തെല്ലാം പദ്ധതികളാണ് വിദ്യാഭ്യാസ വകുപ്പിനു കീഴിൽ നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) സ്ത്രീ സംരക്ഷണ നിയമങ്ങൾ കൂടുതൽ കർക്കശമാക്കിയിട്ടും പെൺകുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ, കുട്ടികളിൽ സാമൂഹിക അച്ചടക്കവും എതിർലിംഗക്കാരോടുള്ള ആദരവും വളർത്തുംവിധമുള്ള പരിശീലനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; അതിനായുള്ള പഠനങ്ങൾക്ക് ആരംഭം കുറിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ആരോഗ്യകരമായ സാമൂഹ്യജീവിതപാഠങ്ങളും മൂല്യങ്ങളും കുട്ടികളിൽ സന്നിവേശിപ്പിക്കുന്നതിനായി നിരവധി പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സാമൂഹിക അച്ചടക്കവും എതിർലിംഗത്തിൽപ്പെട്ടവരോട് ആദരവും വളർത്തുന്ന വിധത്തിലുള്ള പാഠഭാഗങ്ങളും പരിശീലനവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിഗണിച്ചിട്ടുണ്ട്. 9,10 ക്ലാസുകളിലെ സിലബസും പാഠപുസ്തകങ്ങളും പരിഷ്കരിക്കുമ്പോൾ ഇത് നടപ്പാക്കുന്നതാണ് എന്ന് എസ്.സി.ഇ.ആർ.ടി. അറിയിച്ചിട്ടുണ്ട്.

**റോഡുകളുടെ നവീകരണ പ്രവൃത്തികളും കരാറുകാരുടെ കുടിശ്ശികയും**

13 (*103) ശ്രീ. ബി. ഡി. ദേവസ്സി :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. സി. കെ. സദാശിവൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക പ്രതിസന്ധി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ എങ്ങനെയെല്ലാം ബാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) റോഡുകളുടെ നവീകരണ പ്രവൃത്തികൾ സ്തംഭിച്ചതുമൂലം റോഡപകടങ്ങളും അപകടമരണങ്ങളും നിത്യസംഭവമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കരാറുകളുടെ ബിൽ കുടിശ്ശികയായത് റോഡ് നവീകരണത്തെയും അറ്റകുറ്റപ്പണികളെയും ബാധിച്ചിട്ടുള്ളത് പരിശോധിച്ചിട്ടുണ്ടോ ; കരാറുകാർക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ടെന്ന് അറിയിക്കാമോ ;

(ഡി) കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം വഴി നൽകുന്നതിന് ആലോചിക്കുന്നുണ്ടോ ; ഇത് കരാറുകാർ അംഗീകരിച്ചിട്ടുണ്ടോ ;

(ഇ) കരാറുകാരുടെ കുടിശ്ശിക തീർത്ത് നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനും അതുവഴി റോഡപകടങ്ങൾ കുറയ്ക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) സാമ്പത്തിക പ്രതിസന്ധി പൊതുമരാമത്ത് വകുപ്പിനെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കരാർ കുടിശ്ശിക കാരണം പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ മുൻപ് മടി കാണിച്ചിരുന്നു. എന്നാൽ ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തിയതിനുശേഷം ഈ സ്ഥിതിയില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റോഡുകളുടെ നവീകരണ പ്രവൃത്തികൾ സ്തംഭിച്ചിട്ടില്ല.

(സി) പരിശോധിച്ചിട്ടുണ്ട്. കരാറുകളുടെ ബിൽ കുടിശ്ശികയായത് റോഡ് നവീകരണത്തെയും അറ്റകുറ്റപ്പണികളെയും ബാധിച്ചിട്ടില്ല. കരാറുകാരുടെ ബിൽ കുടിശ്ശിക നിരത്ത് വിഭാഗത്തിൽ 1711.19 കോടി രൂപയും കെട്ടിടവിഭാഗത്തിൽ 477.97 കോടി രൂപയും ദേശീയ പാതാ വിഭാഗത്തിൽ 45.72 കോടി രൂപയുമാണ്.

(ഡി) കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം വഴി നൽകുന്നതിന് ജി.ഒ.(പി)നമ്പർ 154/15/ഫിൻ തീയതി 27-4-2015 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കരാറുകാർ ഈ പദ്ധതി പ്രയോജനപ്പെടുത്തിവരുന്നു. റോഡുകളും പാലങ്ങളും വിഭാഗത്തിലെ സെപ്തംബർ 2014 വരെയുള്ള ബില്ലുകൾക്കും കെട്ടിടവിഭാഗത്തിലെ ഡിസംബർ 2014 വരെയുള്ള

ബില്ലുകൾക്കും 10-6-2015-ലെ സർക്കാർ ഉത്തരവ് നമ്പർ5597/2015/ഫിൻ. പ്രകാരം ബിൽ ഡിസ്കൗണ്ടിംഗ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ബിൽ ഡിസ്കൗണ്ട് ചെയ്യുമ്പോൾ കരാറുകാർ വഹിക്കേണ്ടിവരുന്ന പലിശയുടെ 50% സർക്കാർ വഹിക്കുന്നതാണ്.

(ഇ) കരാറുകാരുടെ കുടിശ്ശിക തീർക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്.

**പെട്രോൾ, ഡീസൽ സെസ് വഴി ലഭ്യമാകുന്ന തുക**

14 (*104) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോളിനും ഡീസലിനും പുതുതായി ഏർപ്പെടുത്തിയ സെസ് പ്രകാരമുള്ള തുകയിൽ എത്ര രൂപയാണ് പ്രതിവർഷം പൊതുമരാമത്ത് വകുപ്പിന് ലഭിക്കുകയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ തുക എപ്രകാരമാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ&ബി) 2015-16 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പെട്രോൾ, ഡീസൽ എന്നിവയുടെ മേൽ അധികവിൽപ്പന നികുതിയായി ലിറ്ററിന് ഒരു രൂപ എന്ന കണക്കിൽ നിശ്ചിത തീരുവ ചുമത്തുന്നതാണെന്നും ഇതിൽനിന്നും ലഭിക്കുന്ന അധിക നികുതി സ്വന്തം പാർപ്പിടമില്ലാത്ത പാവപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിനുള്ള പദ്ധതിക്കായി വിനിയോഗിക്കുന്നതാണെന്നും വിജ്ഞാപനംവഴി സർക്കാരിന് ഈ നിരക്കിൽ വ്യതിയാനം വരുത്താവുന്നതും ഇതുവഴി 375 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നുവെന്നും പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചതുപ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ 'മെഗാ ഇൻഫ്രാസ്ട്രക്ചർ പ്രവൃത്തി' കെ.ആർ.എഫ്.ബി. വഴി നടപ്പിലാക്കുന്നതിന് പദ്ധതി രേഖ തയ്യാറാക്കുകയും പ്രസ്തുത മെഗാ ഇൻഫ്രാസ്ട്രക്ചർ പദ്ധതി നടപ്പിലാക്കുന്നതിന് ബജറ്റിൽ പ്രഖ്യാപിച്ച ഇന്ധന അധിക വിൽപ്പന നികുതിയുടെ (ലിറ്ററിന് 1 രൂപ നിരക്കിൽ ഏർപ്പെടുത്തിയത്) 50% തുക റോഡ് ഫണ്ട് ബോർഡിന് കൈമാറേണ്ടതാണെന്നും നിർദ്ദേശിച്ചു. പ്രസ്തുത നിർദ്ദേശം 20-5-2015-ൽ ചേർന്ന

മന്ത്രിസഭാ യോഗം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് എന്ന പേരിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് ചെലവഴിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ഇറക്കിയ G.O.(Rt.) No.801/2015/PWD dated TVM 10-6-2015* ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**ദേശീയ ഭക്ഷ്യസുരക്ഷാ നിയമം**

15 (*105) <u>ശ്രീ. കെ. അച്ചുതൻ</u> :
<u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. ആർ. സെൽവരാജ്</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുമ്പോൾ ഉണ്ടാകാനിടയുള്ള ദോഷങ്ങൾ ദൂരീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത നിയമം നടപ്പാക്കുമ്പോൾ ഇപ്പോൾ ബി.പി.എൽ. വിഭാഗത്തിൽ ഉള്ളവരേയും എ.പി.എൽ. വിഭാഗത്തിലെ അർഹതയുള്ളവരെയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>):

(എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ഗുണഭോക്താക്കളെ കണ്ടെത്തുക, റേഷൻ സാധനങ്ങൾ വാതിൽപ്പടി വിതരണം നടത്തുക, മദ്ധ്യവർത്തി സംഭരണ ശാലകൾ സ്ഥാപിക്കുക, പൊതുവിതരണരംഗത്തെ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയുടെ ഒന്നാം ഘട്ടമായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഡിജിറ്റലൈസേഷൻ, സപ്ലൈ ചെയിൻ മനേജ്മെന്റ് സിസ്റ്റം, പരാതി പരിഹാരത്തിനുള്ള സംവിധാനം എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ബി.പി.എൽ. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി തദ്ദേശസ്വയം ഭരണ വകുപ്പ് പുറത്തിറക്കിയിട്ടുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അപേക്ഷാ ഫാറം കാർഡുടമകൾക്ക് നൽകി വിവരം ശേഖരിച്ച് ഡാറ്റാ എൻട്രി നടത്തി വരുന്നു. ഇപ്രകാരം ശേഖരിച്ച വിവരത്തിന്റെയടിസ്ഥാനത്തിൽ ഓരോ കുടുംബത്തേയും റാങ്ക് ചെയ്ത് പ്രസ്തുത റാങ്കിംഗിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്ന നടപടിയാണ് വിഭാവന ചെയ്തിട്ടുള്ളത്.

(സി) ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം മുൻഗണനാ വിഭാഗത്തിനുമാത്രമാണ് റേഷൻ ഭക്ഷ്യധാന്യം ലഭിക്കുന്നത്. എന്നാൽ സംസ്ഥാനത്തെ എല്ലാ കാർഡുടമകൾക്കും റേഷൻ വിഹിതം നൽകാനാണ് ഉദ്ദേശിക്കുന്നത്. വെൽഫെയർ, അന്നപൂർണ്ണ എന്നിവയ്ക്കായി പ്രത്യേക അലോട്ട്മെന്റ് നൽകുന്നതിന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം 1472688 മെ.ടൺ ഭക്ഷ്യധാന്യമാണ് നൽകുന്നതെങ്കിലും കഴിഞ്ഞ മൂന്ന് കൊല്ലത്തെ ശരാശരി ആയ 16.20 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രത്തിന് കത്ത് നൽകിയിട്ടുണ്ട്.

(ഡി) താലൂക്ക് തലത്തിൽ റാങ്കിംഗ് നടത്തുമ്പോൾ ഏറ്റവും പിന്നോക്കം നിൽക്കുന്ന അർഹതയുള്ള എല്ലാവരേയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയും.

**എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനത്തിലെ പിഴവുകൾ**

16 (*106) ശ്രീ. എം. എ. ബേബി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനത്തിൽ പിഴവുകൾ ഉണ്ടാകാനിടയായ സാഹചര്യം വിശദമാക്കാമോ ;

(ബി) മൂല്യനിർണ്ണയം സംബന്ധിച്ച് അദ്ധ്യാപക സംഘടനകളുടെ അഭിപ്രായം

പരിഗണിച്ചിരുന്നുവോ ;

(സി) എസ്.എസ്.എൽ.സി. ഫലം തയ്യാറാക്കുന്നതിന് മുൻപരിചയമില്ലാത്തവരും യോഗ്യരല്ലാത്തവരുമായ ഉദ്യോഗസ്ഥരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിരുന്നോ ; വിശദാംശം നൽകാമോ ;

(ഡി) പ്രസ്തുത പിഴവുകൾ സംബന്ധിച്ച ഡി.പി.ഐ.യുടെ വിശദീകരണം ലഭ്യമാക്കുമോ ;

(ഇ) എസ്.എസ്.എൽ.സി. മൂല്യനിർണ്ണയം മുതൽ ഫലപ്രഖ്യാപനം വരെ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനും എസ്.എസ്.എൽ.സി. പരീക്ഷയുടെ വിശ്വാസ്യത വീണ്ടെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ അബ്ദു റബ്ബ്) :

(എ) ചില മൂല്യനിർണ്ണയ ക്യാമ്പുകളിൽനിന്നും അപ്‌ലോഡ് ചെയ്ത മാർക്കുകൾ സാങ്കേതിക തകരാറുകൾമൂലം പൂർണ്ണമായി സർവ്വറിൽ ലഭിക്കാതിരുന്നതും ചില സ്കൂളുകളിൽ നിന്നും ഗ്രേസ് മാർക്കുകൾ യഥാസമയം അപ്‌ലോഡ് ചെയ്യാതിരുന്നതും ഉൾപ്പെടെയുള്ള കാരണങ്ങളാൽ ഈ വർഷത്തെ എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനത്തിൽ ചില പിഴവുകൾ ഉണ്ടായിട്ടുണ്ട്.

(ബി) 24-2-2015-ൽ എസ്.സി.ഇ.ആർ.ടി.-യിൽ എല്ലാ അദ്ധ്യാപക സംഘടനകളുടേയും യോഗം വിളിച്ച് ചേർത്തിരുന്നു. അവരുടെ അഭിപ്രായംകൂടി പരിഗണിച്ചുകൊണ്ടാണ് എസ്.എസ്.എൽ.സി. പരീക്ഷ നടത്തിയത്.

(സി) എസ്.എസ്.എൽ.സി. മൂല്യനിർണ്ണയ ക്യാമ്പുകളിൽ മാർക്കുകൾ ഡബിൾ എൻട്രി നടത്തുന്നതിനായി ക്യാമ്പ് ഓഫീസർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ കൂടിയാലോചിച്ച് താൽക്കാലികാടിസ്ഥാനത്തിൽ ആകെ 54 ക്യാമ്പുകളിലായി ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായി 331 പേരെയും 54 സ്കോർ സൂപ്പർവൈസർമാരെയും നിയമിച്ചിരുന്നു. ഇവരിൽ 2013-14 വർഷം ഈ പ്രവർത്തനങ്ങളിൽ പങ്കെടുത്തവരേയും മതിയായ ആളുകളെ ലഭിക്കാതിരുന്ന ചില ക്യാമ്പുകളിൽ ഈ വിഷയത്തിൽ മുൻപരിചയമില്ലാത്ത ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെയും നിയമിച്ചിട്ടുണ്ട്. പരീക്ഷാ ഭവനിൽ എസ്.എസ്.എൽ.സി. ഫല പ്രഖ്യാപനവുമായി നടന്ന പ്രവർത്തനങ്ങളിൽ

പ്രവർത്തിച്ച എല്ലാ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരും മുൻപരിചയമുള്ളവരായിരുന്നു.

(ഡി) ചില മൂല്യനിർണ്ണയ ക്യാമ്പുകളിൽനിന്നും അപ്‌ലോഡ് ചെയ്ത മാർക്കുകൾ സാങ്കേതിക തകരാറുകൾമൂലം പൂർണ്ണമായി സർവ്വറിൽ ലഭിക്കാതിരുന്നതും. ചില സ്കൂളുകളിൽനിന്നും ഗ്രേസ് മാർക്കുകൾ യഥാസമയം അപ്‌ലോഡ് ചെയ്യാതിരുന്നതും ഉൾപ്പെടെയുള്ള കാരണങ്ങളാൽ ഈ വർഷത്തെ ഫലപ്രഖ്യാപനത്തിൽ ചില പിഴവുകൾ ഉണ്ടായിട്ടുണ്ട്. സോഫ്റ്റ്‌വെയറിന്റെ തകരാറുകൊണ്ടും ഡാറ്റാ എൻട്രി കൃത്യമായി നടക്കാത്തതുകൊണ്ടുമാണ് അപ്രകാരം സംഭവിച്ചത്. പിഴവുകൾ പരിഹരിച്ച നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് സമഗ്രാന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഇ) ഡോ. അച്യുത് ശങ്കർ എസ്. നായർ ഡയറക്ടർ, സെന്റർ ഫോർ ബയോ ഇൻഫർമാറ്റിക്സ്, യൂണിവേഴ്സിറ്റി ഓഫ് കേരള, ശ്രീ. ജോൺസ് വി. ജോൺ പരീക്ഷാഭവൻ മുൻ സെക്രട്ടറി, ഡോ. കെ മുഹമ്മദ്. വൈ. സഫറുള്ള, ഡയറക്ടർ, ഐ.ടി. മിഷൻ എന്നിവർ അംഗങ്ങളായി പൊതുവിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനം സംബന്ധിച്ച മുഴുവൻ കാര്യങ്ങളും അന്വേഷിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 21-5-2015- ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർടി.) 1927/15/പൊ.വി.വ പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ കൂടി കണക്കിലെടുത്ത് ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കായൽ കയ്യേറ്റം**

17 (*107) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളപ്പിറവിക്കുശേഷമുണ്ടായിട്ടുള്ള കായൽ കയ്യേറ്റങ്ങളെക്കുറിച്ച് എപ്പോഴെങ്കിലും കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) കായൽ, തോട് എന്നിവ നികത്തി കയ്യേറ്റം നടത്തി കൈവശപ്പെടുത്തുന്ന ഭൂമിക്ക് തണ്ടപ്പേർ നമ്പർ തരപ്പെടുത്തിക്കൊടുത്ത് കൈമാറ്റ സൗകര്യം നല്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) കേരളപ്പിറവിക്കുശേഷം കായലോരങ്ങളിൽ, കരഭൂമിയുടെ വിസ്തൃതിയിൽ ഉണ്ടായിട്ടുള്ള വർദ്ധന കണ്ടെത്താൻ, നിഷ്പക്ഷരായ ഉദ്യോഗസ്ഥരുടെ സംഘത്തെ നിയോഗിക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) കേരളപ്പിറവിക്കുശേഷം സംസ്ഥാനത്തെ കായൽ കയ്യേറ്റങ്ങളെപ്പറ്റി പ്രത്യേക പഠനം നടത്തി ഇക്കാര്യത്തിലുള്ള പൂർണ്ണമായ കണക്കെടുപ്പ് നടത്തിയിട്ടില്ല. ലഭ്യമായ വിവരങ്ങൾ പ്രകാരം തിരുവനന്തപുരം ജില്ലയിൽ വെള്ളായണി കായൽ സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. ടി കായൽ പുനരുദ്ധാരണ സർവ്വേയുടെ ഭാഗമായി ജില്ലാ കളക്ടറുടെ 8-10-2013-ലെ ജെ 4-79893/13 ഉത്തരവ് പ്രകാരം പരിശോധന നടത്തി വെങ്ങാനൂർ, കല്ലിയൂർ വില്ലേജിൽ കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ടി കയ്യേറ്റങ്ങളിൻമേൽ കേരള ലാന്റ് കൺസർവൻസി നിയമപ്രകാരം നടപടി സ്വീകരിച്ചുവരുന്നു. കോട്ടയം താലൂക്കിൽ കുമരകം വില്ലേജിൽ 12 കേസ്സുകളിലായി 6.43.32 ഹെക്ടർ കായൽ പുറമ്പോക്ക് കയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്. അവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ നാളിതുവരെ 4 ഹെക്ടർ 33 ച.മീ. സ്ഥലത്ത് കായൽ കയ്യേറിയിട്ടുള്ളതായി അന്വേഷണ രേഖകൾ പരിശോധിച്ചതിൽനിന്നും അറിവായിട്ടുണ്ട്. കായലുകളിലും ജലസ്രോതസ്സുകളിലും ഉണ്ടാകുന്ന കയ്യേറ്റങ്ങളെപ്പറ്റി ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥൻമാർ റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. പ്രധാനപ്പെട്ട ചിറകൾ, കായലുകൾ എന്നിവയുടെ സുസ്ഥിര സംരക്ഷണത്തിനായി പദ്ധതികൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി നടത്തിയിട്ടുള്ള പഠനങ്ങളിൽ ശാസ്താംകോട്ട, അഷ്ടമുടി, വേമ്പനാട് എന്നീ റാംസർ സൈറ്റുകളായി പ്രഖ്യാപിക്കപ്പെട്ട കായലുകളുടെ വിസ്തീർണ്ണം കുറഞ്ഞതായി CWRDM രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ചിറകൾ, തടാകങ്ങൾ, കുളങ്ങൾ എന്നിവയുടെ സംരക്ഷണ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജലസേചന വകുപ്പ് നടത്തുന്ന പഠന

പര്യവേഷണങ്ങളിലും ജലസ്രോതസ്സുകളുടെ വിസ്തൃതിയിൽ കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തണ്ണീർത്തടങ്ങളുടെ കയ്യേറ്റങ്ങൾ സംബന്ധിച്ച് ഈ വകുപ്പിൽ വിവരം നൽകുന്നതിൽ പ്രത്യേക ശ്രദ്ധ ഉണ്ടാകണമെന്ന് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) 12-11-2013-ൽ പുറപ്പെടുവിച്ച സർക്കുലറിൽ എല്ലാ ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കായൽ, തോട് എന്നിവ നികത്തി കയ്യേറ്റം നടത്തി കൈവശപ്പെടുത്തുന്ന ഭൂമിക്ക് തണ്ടപ്പേർ നമ്പർ തരപ്പെടുത്തിക്കൊടുക്കുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ അന്വേഷണം നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) നിഷ്പക്ഷരായ ഉദ്യോഗസ്ഥരെ മാത്രമേ നിയമിക്കാറുള്ളൂ.

## സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം

18 (*108) ശ്രീ. എം. ഹംസ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച സർക്കാർ നയമെന്തെന്ന് വ്യക്തമാക്കാമോ ;

(ബി) സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച ചട്ടങ്ങളിലെ വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(സി) അനധികൃതമായി പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകൾക്ക് ഈ വർഷം അംഗീകാരം നൽകിയിട്ടുണ്ടോ ; ഈ സർക്കാർ അധികാരമേറ്റശേഷം ഇത്തരത്തിലുള്ള എത്ര സ്കൂളുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത് ;

(ഡി) ഇതുസംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചിട്ടാണോ ഈ സ്കൂളുകൾക്ക് എല്ലാം അംഗീകാരം നൽകിയിട്ടുള്ളത് ; വിശദമാക്കാമോ ;

(ഇ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ എണ്ണമെത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(എഫ്) അനധികൃത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനെതിരെ സമീപത്തുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ ; അവ അവഗണിച്ചത് എന്തുകൊണ്ടായിരുന്നു ; വിശദമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) 7-10-2011-ലെ സർക്കാർ ഉത്തരവ് G.O(Ms.)No.202/11/G.Edn. പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതും നിലവിൽ അഞ്ച് വർഷം പൂർത്തിയാക്കി യതുമായ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകൾക്കാണ് സർക്കാർ എൻ.ഒ.സി. നൽകിവരുന്നത്.

(ബി) സി.ബി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന ചട്ടങ്ങൾ സംബന്ധിച്ച 7-10-2011-ലെ സർക്കാർ ഉത്തരവ് G.O.(Ms.) No.202/11/G.Edn. അനുബന്ധമായി ചേർക്കുന്നു.*

(സി) അനധികൃതമായി പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടില്ല. G.O(Ms)No.202/11/G.Edn. പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള അഞ്ച് വർഷം പൂർത്തിയാക്കിയിട്ടുള്ളതുമായ 540 സ്കൂളുകൾക്ക് ഈ സർക്കാർ എൻ.ഒ.സി. നൽകിയിട്ടുണ്ട്.

(ഡി) അതെ. G.O(Ms)No.202/11/G.Edn. പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതും നിലവിൽ അഞ്ച് വർഷം പൂർത്തിയാക്കിയതുമായ സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. സ്കൂളുകൾക്കാണ് സർക്കാർ എൻ.ഒ.സി. നൽകിയിട്ടുള്ളത്.

(ഇ) കൃത്യമായ എണ്ണം കണക്കാക്കിയിട്ടില്ല.

(എഫ്) ആക്ഷേപങ്ങൾ ഉണ്ടായിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. കൂടാതെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നേരിട്ട് സന്ദർശനം നടത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിലാണ് അപേക്ഷകൾ പരിശോധിക്കുന്നത്. പരാതി ലഭിച്ചാൽ വിശദമായി പരിശോധിച്ച ശേഷമാണ് എൻ.ഒ.സി. നൽകുന്നത്.

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

19 (*109) ശ്രീ. ടി. എൻ. പ്രതാപൻ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. അൻവർ സാദത്ത് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഭൂരഹിതർക്ക് നൽകാൻ ഭൂമി കണ്ടെത്തുന്നതിനും വിതരണം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണ് ;

(ഡി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ ഉൾക്കൊള്ളിച്ചിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015-ന്റെ ഒന്നാംഘട്ട പട്ടയ വിതരണം 14 ജില്ലകളിലും പൂർത്തിയായിട്ടുണ്ട്. കേരളത്തെ ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുന്നതിനാണ് പ്രസ്തുത പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. സ്വന്തമായി ഭൂമിയില്ലാത്ത, വാർഷിക കുടുംബവരുമാനം75,000 രൂപയിൽ താഴെയുള്ള, കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനുവേണ്ടി മൂന്ന് സെന്റ് ഭൂമി വീതം സൗജന്യമായി പതിച്ചു കൊടുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. വരുമാന പരിധി 28-10-2014-ൽ ഒരു ലക്ഷമായി ഉയർത്തിയിട്ടുണ്ട്.

(ബി&സി) താലൂക്ക്, ജില്ല, സംസ്ഥാനം എന്നീ തലങ്ങളിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ച് പദ്ധതി പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്ന പ്രവർത്തനം വില്ലേജ് ഓഫീസർമാർ, താലൂക്ക് തഹസിൽ ദാർമാർ, ജില്ലാ കളക്ടർമാർ എന്നിവരുടെ മേൽനോട്ടത്തിൽ നടന്നുവരികയാണ്. പാട്ടക്കാലാവധി കഴിഞ്ഞതും പാട്ട വ്യവസ്ഥകൾ ലംഘിച്ചതുമായ സർക്കാർ ഭൂമികളും മറ്റ് വകുപ്പുകളുടെ ഉടമസ്ഥതയിലുള്ളതും എന്നാൽ ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമികൾ കൂടി കണ്ടെത്തി പദ്ധതിക്കായി ഉപയോഗിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം സർക്കാർ ഭൂമിയിലുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) മിഷൻ 676-ൽ ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത പദ്ധതിയിൽ വിതരണം ചെയ്യുന്നതിനാവശ്യമായ വാസയോഗ്യമായ മുഴവൻ സർക്കാർ ഭൂമിയും കണ്ടെത്തു വാനുള്ള ഊർജ്ജിത ശ്രമങ്ങൾ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

**ഭക്ഷ്യ വസ്തുക്കളിലെ വിഷാംശം**

20 (*110) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ വസ്തുക്കളിലെ കീടനാശിനികളും, മറ്റ് രാസ വസ്തുക്കളുംമൂലം ജനങ്ങളുടെ ആരോഗ്യം നശിച്ച് മരണപ്പെടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ ഭക്ഷ്യ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ജൈവ ഉല്പന്നങ്ങളെന്ന് പരസ്യപ്പെടുത്തി കൂടുതൽ വില ഈടാക്കി വില്പന നടത്തുന്ന പച്ചക്കറികളും, അരിയുമുൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളിൽ പലതും വിഷാംശവും, മറ്റ് രാസമാലിന്യങ്ങളും നിറഞ്ഞതാണെന്ന പരാതികളിൽ വകുപ്പ് നടപടി
സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഇത്തരം തട്ടിപ്പുകൾക്കെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ഇത്തരം വാർത്തകൾ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉപഭോക്തൃസംരക്ഷണനിയമം - 1986, ഒരു ഉപഭോക്താവിന് നൽകുന്ന ഏറ്റവും പ്രധാനപ്പെട്ട അവകാശങ്ങളിൽ ഒന്നാണ്. 'സുരക്ഷയ്ക്കുള്ള അവകാശം'. ഇതിന്റെ അടിസ്ഥാനത്തിൽ ലോകഭക്ഷ്യദിനാചരണം, ദേശീയ ഉപഭോക്തൃദിനാചരണം, ലോക ഉപഭോക്തൃ അവകാശദിനാചരണം എന്നീ അവസരങ്ങളിൽ ഭക്ഷ്യവസ്തുക്കളിലെ മായം, അവയുടെ ദോഷഫലങ്ങൾ, നല്ല ഭക്ഷണം കഴിക്കേണ്ടതിന്റെ ആവശ്യകത എന്നീ വിഷയങ്ങളെ സംബന്ധിച്ച് ബോധവത്കരണ ക്ലാസുകൾ വിഷയവിദഗ്ധരെ ഉൾപ്പെടുത്തി സംഘടിപ്പിക്കാറുണ്ട്. കൂടാതെ സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾവഴി വിദ്യാർത്ഥികളിൽ ബോധവത്കരണവും നടത്തിവരുന്നു. മായം കലർന്ന ഭക്ഷണങ്ങൾ കണ്ടുപിടിക്കുന്നതും നടപടികൾ എടുക്കുന്നതും ആരോഗ്യവകുപ്പിന് കീഴിലുള്ള ഫുഡ് സേഫ്റ്റി വിഭാഗമാണ്. അവർ സമയോചിത ഇടപെടലുകൾ നടത്തുന്നുണ്ട്.

(ബി&സി) ഭക്ഷ്യ വസ്തുക്കളിലെ കീടനാശിനികളുടേയും രാസവസ്തുക്കളുടേയും സാന്നിദ്ധ്യം സംബന്ധിച്ച് നടപടിയെടുക്കേണ്ടത് ആരോഗ്യ വകുപ്പാണ്.

**വിജിലൻസ് അന്വേഷണം നേരിടുന്ന വൈസ്ചാൻസലർമാർ**

21 (*111) ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വകലാശാലകളിൽ വൈസ് ചാൻസലർ ഉൾപ്പെടെ ഉന്നത പദവിയിലുള്ളവർ വിവിധ കേസുകളിൽ പ്രതികളായി അന്വേഷണം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം സർവ്വകലാശാലകളിൽ ഇത്തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടെന്ന് വിശദമാക്കാമോ ; പ്രതിചേർക്കപ്പെട്ടവർ ആരെല്ലാമാണെന്ന് അറിയിക്കാമോ ;

(സി) കോഴിക്കോട് സർവ്വകലാശാലാ വൈസ് ചാൻസലർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് കോടതി ഉത്തരവ് നൽകിയതുസംബന്ധിച്ച് വിവരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) വൈസ് ചാൻസലർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് കോടതി ഉത്തരവ് നൽകാനിടയായ കാരണങ്ങൾ വിശദമാക്കാമോ ;

(ഇ) അന്വേഷണം നേരിടുന്ന വൈസ് ചാൻസലർമാർ ഉൾപ്പെടെയുള്ള ഉന്നതരെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഉണ്ട്.

(ബി&സി) കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ എന്നിവരടക്കം 4 പേർക്കെതിരെ ക്വിക്ക് വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യാൻ തൃശ്ശൂർ വിജിലൻസ് കോടതി വിജിലൻസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) തൃശ്ശൂർ ജില്ലയിലെ പാമ്പാടി നെഹ്റു എഞ്ചിനീയറിംങ് കോളേജിലെ 23 വിദ്യാർത്ഥികൾക്കുവേണ്ടി, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ നിലവിലുള്ള

വ്യവസ്ഥകൾക്ക് വിരുദ്ധമായി പുനഃപരീക്ഷ നടത്തി എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ
14-5-2015 ന് ആണ് വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്തത്.

(ഇ) PC Act 13(1)@(d) r/w 13(2) ഉം IPC 120(B)409 പ്രകാരവും പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നുണ്ട്. സർവകലാശാല കളിലെ വൈസ് ചാൻസലർമാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ബഹു. ചാൻസലറിൽ നിക്ഷിപ്തമാണ്. സർക്കാരിന് ഈ വിഷയത്തിൽ നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

**റവന്യൂ അദാലത്ത്**

22 (*112) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പ് നടത്തിയ റവന്യൂ അദാലത്ത് വിജയകരമായ സ്ഥിതിക്ക് ഇത്തരം അദാലത്തുകൾ ആറ് മാസത്തിലൊരിക്കൽ നടത്തുന്നതിന് നടപടി ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) വില്ലേജ് താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ ജനകീയവും സുതാര്യവുമാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) പൊതുജനങ്ങൾക്ക് മന്ത്രിയുമായി നേരിട്ട് പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനുമായാണ് സ്ഥിരം സംവിധാനങ്ങൾക്കു പുറമേ റവന്യൂ അദാലത്ത് നടത്തിയിട്ടുള്ളത്. ഇത്തരത്തിൽ അദാലത്തുകൾ 6 മാസത്തിലൊരിക്കൽ നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) വില്ലേജ്-താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം ജനകീയവും സുതാര്യവും ആക്കുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പിൽനിന്നും നൽകിവരുന്ന 23 സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകിവരുന്നു. Online Transfer of Registry

(പോക്കുവരവ്) വിവിധ ജില്ലകളിൽ നടപ്പാക്കി വരുന്നു. പൂർണ്ണമായ കടലാസുരഹിത പോക്കുവരവ് സംവിധാനം നടപ്പിലാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഓരോ Smart Village Office സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. വിവിധ നികുതികൾ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനവും താമസിയാതെ നടപ്പാക്കുന്നതാണ്. ഇതു മുഖേന പൗരന് ഏതു സമയത്തും എവിടെവച്ചും സേവനം ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു.

## ലൈറ്റ് മെട്രോ പദ്ധതി

23 (T*113) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. വി. ശശി :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലൈറ്റ് മെട്രോ പദ്ധതി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ഈ പദ്ധതി ഡി.എം.ആർ.സി. അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകരിക്കാത്തതെന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(സി) ലൈറ്റ് മെട്രോ പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കിയാലുണ്ടാകുന്ന ഭവിഷ്യത്തുകളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ലൈറ്റ് മെട്രോ പദ്ധതി കൊച്ചി മെട്രോ മാതൃകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) അംഗീകരിച്ചിട്ടില്ല. ഹൈദ്രാബാദ് മെട്രോ, മുംബൈ മെട്രോ ലൈൻ 1&2, ഡൽഹി എയർപോർട്ട് മെട്രോ എന്നീ മെട്രോ പദ്ധതികൾ സ്വകാര്യ

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പങ്കാളിത്തത്തോടെ നടപ്പാക്കിയതിൽ വലിയ കാലതാമസവും, വൻ സാമ്പത്തിക നഷ്ടവും ഉളവായി എന്ന് ഡി.എം.ആർ.സി. പ്രിൻസിപ്പൽ അഡ്വൈസർ ഡോ.ഇ.ശ്രീധരൻ അഭിപ്രായപ്പെട്ടിരുന്നു. തിരുവനന്തപുരം, കോഴിക്കോട്, ലൈറ്റ് മെട്രോ പദ്ധതികളിൽ കാലതാമസവും സാമ്പത്തികനഷ്ടവും ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ് ഡി.എം.ആർ.സി. പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള മാതൃകയിൽ നടപ്പാക്കരുത് എന്ന് ശിപാർശ ചെയ്തിരിക്കുന്നത്.

(സി) 18-5-2015-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. വ്യവസായ, ഇൻഫർമേഷൻ ടെക്നോളജി വകുപ്പുമന്ത്രി, ബഹു. ഊർജ്ജ വകുപ്പുമന്ത്രി, ബഹു. ധനകാര്യ, നിയമ, ഭവന വകുപ്പുമന്ത്രി, ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി, ബഹു. ആരോഗ്യ, കുടുംബക്ഷേമ ദേവസ്വം വകുപ്പുമന്ത്രി എന്നിവരും കെ.എം.സി.എൽ., ഡി.എം.ആർ.സി. ഉദ്യോഗസ്ഥരും പങ്കെടുത്ത യോഗം ഇത് സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഹൈദ്രാബാദ് മെട്രോ, മുംബൈ മെട്രോ ലൈൻ 1&2, ഡൽഹി എയർപോർട്ട് മെട്രോ എന്നീ മെട്രോ പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കിയതിൽ വലിയ കാലതാമസവും വൻ സാമ്പത്തിക നഷ്ടവും ഉളവായി എന്ന് ഡോ. ഇ. ശ്രീധരൻ അഭിപ്രായപ്പെട്ടു.

**റോഡ് യൂസർ പെർസെപ്ഷൻ സർവ്വേ**

24 (*114) ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് യൂസർ പെർസെപ്ഷൻ സർവ്വേ നടത്താൻ കെ.എസ്.ടി.പി. ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) ജനഹിതമറിയാനുള്ള എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സർവ്വേയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ-ഡി) കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഏറ്റെടുത്ത് വികസിപ്പിക്കുന്ന ആകെ 363 കി.മീ. ദൈർഘ്യം വരുന്ന 6 റോഡുകളുടെ നിലവിലുള്ള അവസ്ഥയെ

(വികസിപ്പിക്കുന്നതിന് മുമ്പുള്ള) പറ്റി ജനങ്ങളുടെ അഭിപ്രായം സമാഹരിക്കുന്നതിനുവേണ്ടി M/s ഷെർവുഡ് ടെക്നോക്രാറ്റ്സ് & കൺസൾട്ടന്റ് എന്ന സ്ഥാപനത്തെ നിയമിച്ച് റോഡ് യൂസർ പെർസപ്ഷൻ സർവ്വേ നടത്തുകയും 2014 ജൂലൈ മാസം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ വിഭാഗത്തിലുമുള്ള റോഡ് ഉപയോക്താക്കളെ വിവിധ സംഘങ്ങളായി തിരിച്ച് പ്രത്യേകം ചോദ്യാവലി തയ്യാറാക്കിയാണ് അഭിപ്രായ ശേഖരണം നടത്തിയത്. പ്രസ്തുത ചോദ്യാവലിയിൽ റോഡ് ഉപയോക്താക്കളുടെ സാമൂഹികവും സാമ്പത്തികവും പ്രാദേശികവുമായിട്ടുള്ള ഘടകങ്ങളും നിലവിലുള്ള പ്രോജക്ട് റോഡുകളെപ്പറ്റിയുള്ള അഭിപ്രായങ്ങളും റോഡിന്റെ ഘടന, നിർമ്മാണം, സുരക്ഷിതത്വം എന്നിവയും ഉപയോക്താക്കളുടെ റോഡ് ഉപയോഗരീതികളും ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. റോഡുപണി പൂർത്തീകരിച്ചശേഷം നടത്തുന്ന റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ സർവ്വേയുടെ കണ്ടെത്തലുകളുമായി ഈ റിപ്പോർട്ടിലെ കണ്ടെത്തലുകൾ താരതമ്യം ചെയ്യുന്നതിനു വേണ്ടിയും ഭാവിയിൽ മറ്റ് പൊതുമരാമത്ത് റോഡുകളിലേക്കും കൂടി റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ ഇൻഡക്സ് വികസിപ്പിച്ചെടുക്കു ന്നതിനുമാണ് ഈ സർവ്വേ ലക്ഷ്യമിടുന്നത്.

**പുതിയ അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി**

25 (*115) ശ്രീ. വി. ശശി :
ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. അജിത് :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ അച്ചടി വൈകാൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഒന്ന് മുതൽ പത്തുവരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കായി എത്ര പാഠപുസ്തകങ്ങളാണ് അച്ചടിക്കാനുള്ളത് ; ഇതിൽ ആദ്യഘട്ടത്തിൽ ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം എത്ര ;

(സി) പാഠപുസ്തക അച്ചടിയിലെ പ്രതിസന്ധി പരിഹരിച്ച് പുസ്തകങ്ങൾ യഥാസമയം വിദ്യാർത്ഥികൾക്ക് എത്തിച്ചുകൊടുക്കുന്നതിന് എന്തു സംവിധാനമാണു ള്ളതെന്ന് വിശദമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) പുതിയ അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായി വരികയാണ്. എല്ലാവർഷവും പാഠപുസ്തക അച്ചടിക്കുള്ള പേപ്പർ സംഭരണം ജനുവരി മാസത്തിൽ പൂർത്തിയാകാറുണ്ട്. എന്നാൽ പേപ്പർ സംഭരണത്തിൽ ഈ വർഷം കാലതാമസം നേരിട്ടതാണ് അച്ചടി വൈകാൻ ഇടയായ സാഹചര്യം. ഈ വർഷം 2,4,6,8 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ മാറ്റമുള്ളതിനാൽ അച്ചടി നേരത്തെ തുടങ്ങാൻ കഴിഞ്ഞിരുന്നില്ല. ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി/ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഒന്ന് മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലായി 3,73,15,500 പുസ്തകങ്ങളാണ് അച്ചടിക്കാനുള്ളത്. ഇതിൽ ആദ്യഘട്ടത്തേക്കാവശ്യമായ പാഠപുസ്തകങ്ങളുടെ എണ്ണം 2,33,26,800 ആണ്.

(സി) ജൂലൈ 20 നകം അച്ചടി പൂർത്തിയാക്കുന്നതിന് കർശന നിർദ്ദേശം കെ.ബി.പി.എസ്.-ന് നൽകിയിട്ടുണ്ട്. ജൂലൈ 31-നകം ഈ പുസ്തകങ്ങളുടെ വിതരണം പൂർത്തീകരിക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്.

## അന്യസംസ്ഥാനങ്ങളിലുള്ള കേരളത്തിന്റെ ഭൂമി

26 (*116) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിലുള്ള സംസ്ഥാനത്തിന് അവകാശപ്പെട്ട ഭൂമി അന്യാധീനപ്പെട്ടുകൊണ്ടിരിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തിന് അവകാശപ്പെട്ട അത്തരം ഭൂമി ഏതൊക്കെ വകുപ്പുകളുടെ കീഴിലാണുള്ളതെന്നത് സംബന്ധിച്ച പൂർണ്ണ വിവരം ശേഖരിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാന രൂപീകരണവേളയിൽ അന്യ സംസ്ഥാനങ്ങളിലും ഡൽഹിയി ലുമുണ്ടായിരുന്ന സംസ്ഥാനത്തിന്റെ ഭൂമിയിൽ എത്രത്തോളം കുറവുണ്ടായിട്ടുണ്ടെന്നതു സംബന്ധിച്ച വിവരം ലഭ്യമാണോ ; എങ്കിൽ

വിശദമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഉണ്ട്. പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകമായ പത്മനാഭപുരം കൊട്ടാരം ഉൾപ്പെടുന്ന 6 ഏക്കർ 30 സെന്റ് സ്ഥലത്ത് കൊട്ടാരവളപ്പിന് വെളിയിലായി ഏകദേശം 12.5 സെന്റിന്റെ കുറവ് വന്നിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ വസ്തു കണ്ടെത്തുന്നതിനായി കേരള - തമിഴ്നാട് സർക്കാരുകളുടെ പ്രതിനിധികൾ ചേർന്ന് ജോയിന്റ് സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ടി കൊട്ടാരം സ്ഥിതിചെയ്യുന്ന സ്ഥലത്ത് 15 സെന്റ് സ്ഥലം ഒരു സ്വകാര്യ വ്യക്തിയുടെ കൈവശത്തിലാണെന്നും 1974-ലെ റീസർവ്വേ പ്രകാരം ടിയാൾ പട്ടയം സമ്പാദിച്ചതായും കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഈ സ്ഥലം സ്വകാര്യ വ്യക്തിയുടെ കൈവശമായത് എന്നാണ് എന്നതിനെ സംബന്ധിച്ച് രേഖകളൊന്നും ലഭ്യമല്ല. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള തെങ്കാശി താലൂക്കിലെ കുറ്റാലം കൊട്ടാരം സ്ഥിതിചെയ്യുന്ന 55.60 ഏക്കർ സ്ഥലത്ത് ഹിന്ദു റിലീജിയസ് ചാരിറ്റബിൾ എൻഡോവ്മെന്റ് എന്ന സംഘടന 20.5 സെന്റ് ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത 55.60 ഏക്കർ വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തിരുവിതാംകൂർ മഹാരാജാവിന്റെ പിൻഗാമിയും തമിഴ്നാട്, കേരള സർക്കാരുകളുമായും ഒരു കേസ് മദ്രാസ് ഹൈക്കോടതിയുടെ മധുര ബഞ്ചിൽ നിലവിലുണ്ട്. 1964 -ൽ ഡൽഹി കപൂർത്തല പ്ലോട്ടിൽനിന്നും 2 ഏക്കർ സ്ഥലം കേരള എഡ്യൂക്കേഷൻ സൊസൈറ്റിക്ക് വിട്ടുനൽകിയിട്ടുണ്ട്. ചെന്നൈ നുങ്കംപക്കം വില്ലേജിൽ ഗ്രീൻസ് റോഡിൽ ഉണ്ടായിരുന്ന 8 ഏക്കർ സ്ഥലത്തുനിന്നും 3.05 ഏക്കർ സ്ഥലം ആശാൻ മെമ്മോറിയലിനും 3 ഏക്കർ സ്ഥലം അപ്പോളോ ആശുപത്രിക്കും വിട്ടുനൽകിയിരുന്നു. ബാക്കിയുള്ള 1.40 ഏക്കർ സ്ഥലം 3 വശത്തുമുള്ള റോഡുകൾക്കും തമിഴ്നാട് പോലീസ് ക്വാർട്ടേഴ്സിനുമായി കയ്യേറുകയും 0.55 ഏക്കർ സ്ഥലം കെ.ടി.ഡി.സി.ക്ക് പാട്ടത്തിന് നൽകുകയും ചെയ്തു.

(ബി) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ഉത്തരം 'എ' യിൽ പറഞ്ഞ പ്രകാരം.

**റോഡുകളുടെ ശോച്യാവസ്ഥ**

27 (*117) ശ്രീ. കെ. കെ. ജയചന്ദ്രൻ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗതാഗതയോഗ്യമല്ലാത്തതരത്തിൽ തകർന്ന നിലയിലായ റോഡുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പുതുതായി പണി പൂർത്തിയാക്കിയ പാതകൾപോലും തകരാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത അവസ്ഥയ്ക്ക് കാരണമെന്തെന്ന് വിശദമാക്കുമോ ;

(ഡി) ഗതാഗതയോഗ്യമല്ലാത്ത റോഡുകളിൽ അപകടങ്ങളും അതുമൂലമുള്ള മരണങ്ങളും പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ഗതാഗത യോഗ്യമല്ലാത്ത തരത്തിൽ തകർന്ന റോഡുകളൊന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ദേശീയപാത വിഭാഗത്തിലെ നിർമ്മാണ പ്രവൃത്തികളെല്ലാം തന്നെ ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ നിബന്ധനകൾക്കും മോർത്ത് (MoRTH) സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടത്തുന്നത്. നിർമ്മാണ ഘട്ടത്തിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എല്ലാ സംവിധാനങ്ങളോടും കൂടിയ ഗുണനിലവാര പരിശോധന ലബോറട്ടറി സംവിധാനങ്ങൾ കരാർ പ്രകാരം സൈറ്റിൽ കോൺട്രാക്ടർ സ്ഥാപിച്ച് ദേശീയപാതയുടെ കീഴിലുള്ള ഗുണനിലവാര പരിശോധന വിംഗിന്റെ മേൽനോട്ടത്തിൽ ടെസ്റ്റുകൾ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ സംസ്ഥാന പൊതുമരാമത്ത് വകുപ്പിലെയും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിലെയും എഞ്ചിനീയർമാർ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. ആയതിനാൽ പുതുതായി പണി പൂർത്തിയാക്കിയ പാതകളൊന്നും തന്നെ തകരുന്നില്ല. എന്നാൽ ആവശ്യമായ ഡ്രെയിനേജ് സംവിധാനങ്ങളുടെ അഭാവത്തിലും വാട്ടർ പൈപ്പുകളിലുള്ള ലീക്കേജ് മൂലവും ചില സ്ഥലങ്ങളിൽ റോഡുകളിൽ കേടുപാടുകൾ സംഭവിക്കുന്നുണ്ട്. ഇത്തരം കേടുപാടുകൾ

ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കുതന്നെ അവയ്ക്കുള്ള പരിഹാര നടപടികൾ സ്വീകരിക്കാറുണ്ട്. സംസ്ഥാന പാതകളിൽ പഞ്ചായത്തുകളിൽ നിന്നും സർക്കാർ ഏറ്റെടുത്ത് എം.ഡി.ആർ. ആയി വിജ്ഞാപനം പുറപ്പെടുവിച്ച റോഡുകൾ വർഷങ്ങളായി പുനരുദ്ധാരണ പ്രവൃത്തികൾ നടത്താതിരുന്നതുകൊണ്ട് അടിക്കടി കേടുപാടുകൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കേടുപാടുകൾ അതാത് സമയങ്ങളിൽതന്നെ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) റോഡുകളിൽ അപകടങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയിൽ ഭൂരിഭാഗവും റോഡ്, ഉപയോഗിക്കുന്നവരുടെ അശ്രദ്ധമൂലമാണ് ഉണ്ടാകുന്നത്. റോഡുകളിലുള്ള കേടുപാടുകൾ പരിഹരിക്കുന്നതിന് യഥാസമയം നടപടി സ്വീകരിക്കുന്നുണ്ട്.

**സപ്ലൈകോ വിതരണം ചെയ്യുന്ന അവശ്യവസ്തുക്കളുടെ വില വർദ്ധനവ്**

28 (*118) ശ്രീ. എസ്. ശർമ്മ :
ശ്രീ. എളമരം കരീം :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ബാബു. എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോവഴി വിൽക്കുന്ന അവശ്യവസ്തുക്കളുടെ വില വർദ്ധിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം ഉല്പന്നങ്ങൾക്ക് എത്ര ശതമാനം നിരക്കിലാണ് വർദ്ധനവ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്രാമത്തെ തവണയാണ് സപ്ലൈകോ വിതരണം ചെയ്യുന്ന വസ്തുക്കൾക്ക് വില വർദ്ധിപ്പിക്കുന്നത്; വിശദമാക്കാമോ ;

(ഡി) പൊതു മാർക്കറ്റിൽ വിലക്കയറ്റം നിയന്ത്രണാതീതമായി തുടർന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സപ്ലൈകോവഴി വിൽക്കുന്ന ഉല്പന്നങ്ങളുടെ വില കുറയ്ക്കുന്ന കാര്യം പരിഗണിക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ഉണ്ട്. പൊതുവിപണി വിലയിൽനിന്നും 20 ശതമാനമോ സപ്ലൈകോയ്ക്ക് നഷ്ടമുണ്ടാകുന്നില്ലെങ്കിൽ 30 ശതമാനമോ കുറവിൽ സബ്സിഡി വില നിശ്ചയിക്കണമെന്ന് സർക്കാർ സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) അനുബന്ധമായി ചേർക്കുന്നു.*

(ഡി) പൊതു വിപണിയിലെ അവശ്യ സാധനങ്ങളുടെ വിലവർദ്ധനവ് സപ്ലൈകോയുടെ വാങ്ങൽ വിലയിലും പ്രതിഫലിക്കുന്നുണ്ട്. വൻ വിലക്കുറവിൽ കുറഞ്ഞ അളവിൽ സാധനങ്ങൾ വിൽക്കുന്നതിനുപകരം അവശ്യ സാധനങ്ങളുടെ വില്പനവില യുക്തമായി പുനർനിർണ്ണയം ചെയ്ത് സാധനങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കി കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വിപണിയിടപെടൽ കൂടുതൽ ഫലപ്രദമാകുന്ന ശാസ്ത്രീയമായ പൊതുവിപണിയിടപെടൽ തന്ത്രമാണ് സപ്ലൈകോ നിർവ്വഹിക്കുന്നത്.

## പാതയോരങ്ങളിലെ മദ്യശാലകളും പരസ്യങ്ങളും

29 (*119) <u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. പി. തിലോത്തമൻ</u> :
<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> :
<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ നീക്കം ചെയ്യണമെന്ന് റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സുപ്രീം കോടതി നിയമിച്ച മൂന്നംഗ സമിതി ശിപാർശ ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ബി) പാതയോരങ്ങളിൽ നിന്ന് പരസ്യങ്ങൾ നീക്കം ചെയ്യുന്നതിനും കയ്യേറിയ നടപ്പാതകൾ ഒഴിപ്പിക്കുന്നതിനും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>) :

(എ) ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ നീക്കം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെയ്യണമെന്ന് സുപ്രീം കോടതി നിയമിച്ച മൂന്നംഗ സമിതി ശിപാർശ ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് യാതൊരു നിർദ്ദേശവും പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടില്ല.

(ബി) കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ നടപ്പാക്കിവരുന്ന തിരുവനന്തപുരം നഗര റോഡ്‌വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏകദേശം 43 കി.മീ. ദൈർഘ്യത്തിലുള്ള റോഡുകളുടെ വശങ്ങളിലുള്ള പരസ്യങ്ങൾ നീക്കം ചെയ്യുന്നതിനും നടപ്പാതകളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും, ജില്ലാ ഭരണ കൂടവുമായി ബന്ധപ്പെട്ട് നിരന്തരം നടപടികൾ സ്വീകരിച്ചുവരികയാണ്. ദേശീയ പാതാ വിഭാഗത്തിൽ അനധികൃത പരസ്യ ബോർഡുകളും കയ്യേറ്റങ്ങളും മറ്റും ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അത് മാറ്റുവാനുള്ള നോട്ടീസ് കൊടുക്കുകയും യാത്രക്കാർക്ക് തടസ്സം ഉണ്ടാക്കുന്ന പരസ്യങ്ങളും മറ്റ് കയ്യേറ്റങ്ങളും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പാതയോരങ്ങളിൽനിന്ന് പരസ്യങ്ങൾ നീക്കം ചെയ്യുന്നതിനും കയ്യേറിയ നടപ്പാതകൾ ഒഴിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## പാചകവാതക വിതരണം സുഗമമാക്കാൻ താലൂക്ക് തലത്തിൽ അദാലത്തുകൾ

30 (*120) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചകവാതക വിതരണം സുഗമമാക്കുന്നതിന്റെ ഭാഗമായി താലൂക്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ജില്ലാതല ഓപ്പൺ ഫോറത്തിൽ ഉപഭോക്താക്കൾക്ക് തർക്ക പരിഹാരത്തിന് പോകേണ്ട അവസ്ഥ ഇത്തരത്തിലുള്ള താലൂക്ക് അദാലത്തുകൾ മുഖേന ഒഴിവാക്കുമോ ;

(സി) താലൂക്ക് തല അദാലത്തുകളിൽ ഓയിൽ കമ്പനി പ്രതിനിധികൾക്ക് പുറമെ ഏതെല്ലാം വകുപ്പുകളിലെ ഉദ്യോഗസ്ഥരെയാണ് ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) താലൂക്ക് തല അദാലത്തുകൾ സംഘടിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടില്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ-ഡി) നിലവിൽ എല്ലാ താലൂക്ക് സപ്ലൈ ആഫീസുകളിലും സിറ്റി റേഷനിംഗ് ആഫീസുകളിലും പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. പാചകവാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫോറങ്ങളിൽ താലൂക്ക് സപ്ലൈ ആഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിച്ച് പരാതി പരിഹരിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ താലൂക്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതു സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

## (ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കുമാരി സീതാലക്ഷ്മിയുടെ ടി.സി.യും വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളും നൽകാൻ നടപടി

1 (1017) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 അദ്ധ്യയന വർഷം IHRD-യുടെ കീഴിലുള്ള കരുനാഗപ്പള്ളി എൻജിനീയറിംഗ് കോളേജിൽ അഡ്മിഷൻ ലഭിച്ചിരുന്ന ബി.ടെക് വിദ്യാർത്ഥിനിയായിരുന്ന കുമാരി സീതാലക്ഷ്മി, ടി.സി.യും വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളും ലഭിക്കുവാൻ കോളേജ് അധികൃതർക്ക് അപേക്ഷ നൽകിയിട്ടുണ്ടോ ;

(ബി) മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിച്ച പ്രസ്തുത വിദ്യാർത്ഥിനി മുഴുവൻ ഫീസും നൽകിയിട്ടുണ്ടോ ;

(സി) ടി.സി.യും സർട്ടിഫിക്കറ്റുകളും നൽകാതിരിക്കാൻ എന്ത് നിയമതടസ്സമാണ് നിലനിൽക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) നിയമതടസ്സമൊന്നും ഇല്ലെങ്കിൽ ടി.സി.യും സർട്ടിഫിക്കറ്റുകളും നൽകുവാൻ

ബന്ധപ്പെട്ടവർക്ക് അടിയന്തര നിർദ്ദേശം നൽകുമോ ?

<u>ഉത്തരം</u>

(എ) കുമാരി സീതാലക്ഷ്മിയുടെ ടി.സി.-യും വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളും തിരികെ ലഭിക്കുവാനുള്ള അപേക്ഷ കോളേജ് അധികൃതർക്ക് ലഭിച്ചിട്ടുണ്ട്.

(ബി) മാനേജ്മെന്റ് ക്വാട്ടയിൽ 2013-ൽ അഡ്മിഷൻ ലഭിച്ച പ്രസ്തുത വിദ്യാർത്ഥിനി ആ വർഷത്തെ മുഴുവൻ ഫീസായ 65,000 രൂപ കോളേജിൽ അടച്ചിട്ടുണ്ട്.

(സി) പ്രവേശന പരീക്ഷാ കമ്മീഷണർ 2013-ൽ ഇറക്കിയിട്ടുള്ള പ്രോസ്പെക്ടസിലെ clause 12.2.4., a ii പ്രകാരം സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിൽ മാനേജ്മെന്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ അതേ അധ്യയന വർഷംതന്നെ പ്രവേശനനടപടികൾ പൂർത്തിയാക്കിയതിനുശേഷം പഠനം നിർത്തി പോവുകയാണെങ്കിൽ Liquidated damages ഇനത്തിൽ 75,000 രൂപ അടയ്ക്കാൻ ബാധ്യസ്ഥരാണ്. ടി വ്യവസ്ഥ പാലിക്കുന്നപക്ഷം കുമാരി സീതാലക്ഷ്മിയുടെ ടി.സി.യും വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളും തിരികെ നൽകാവുന്നതാണെന്ന് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) സാധാരണ ഗതിയിൽ അദ്ധ്യയന വർഷം അവസാനിക്കുമ്പോഴാണ് വിദ്യാർത്ഥികൾക്ക് ടി.സി.യും മറ്റ് സർട്ടിഫിക്കറ്റുകളും നൽകുന്നത്. എന്നാൽ കുമാരി സീതാലക്ഷ്മി 29-6-2014-ൽ പഠനം നിർത്താൻ അപേക്ഷിക്കുകയും തുടർന്ന് 12-8-2014-ൽ അതേ കോളേജിൽ പുനഃപ്രവേശനത്തിന് അപേക്ഷ നൽകുകയും ആയത് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ അനുവദിക്കുകയും ചെയ്തിരുന്നു. പുനഃപ്രവേശനം നേടിയശേഷം 8-6-2015-ൽ ടി വിദ്യാർത്ഥിനിയുടെ പിതാവ് Liquidated damages നൽകാതെ ടി.സി.-യും മറ്റ് സർട്ടിഫിക്കറ്റുകളും ലഭിക്കുവാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഓഫീസ്‌വഴി അപേക്ഷ നൽകിയിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ നിയമപരമായ നിബന്ധനകൾക്ക് വിധേയമായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**പുതുതായി ആരംഭിച്ച കോളേജുകൾ**

2 (1018) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര ആർട്സ്

ആന്റ് സയൻസ് കോളേജുകളാണ് ആരംഭിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ബി) ഇവയിൽ ഏതെല്ലാം കോളേജുകളിൽ എത്ര തസ്തികകൾ വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കുന്ദമംഗലം ഗവൺമെന്റ് കോളേജ് തസ്തികകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 19 സർക്കാർ ആർട്സ് & സയൻസ് കോളേജുകളും 4 എയ്ഡഡ് കോളേജുകളും അനുവദിച്ചിട്ടുണ്ട്.

<u>സർക്കാർ ആർട്സ് & സയൻസ് കേളേജുകൾ</u>

താനൂർ, കൊടുവള്ളി, കൊണ്ടോട്ടി, മങ്കട, ബാലുശ്ശേരി, തൃത്താല, ചേലക്കര, കാട്ടാക്കട, തലശ്ശേരി, പയ്യന്നൂർ, നെയ്യാറ്റിൻകര, കോങ്ങാട്, നാദാപുരം, ഒല്ലൂർ, ഉദുമ, തവനൂർ, കുന്ദമംഗലം എന്നീ നിയമസഭാ മണ്ഡലങ്ങളിലും പത്തനംതിട്ട, അട്ടപ്പാടി എന്നിവിടങ്ങളിലുമാണ് സർക്കാർ ആർട്സ് & സയൻസ് കോളേജുകൾ അനുവദിച്ചിട്ടുളളത്.

മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, വേങ്ങര, മലപ്പുറം, കെ.പി.എം.എസ്. എയ്ഡഡ് കോളേജ്, കുര്യോട്ടുമല, കൊല്ലം, പി.ആർ.ഡി.എസ്. എയ്ഡഡ് കോളേജ്, അമര, ചങ്ങനാശ്ശേരി, അംബേദ്ക്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ് വണ്ടൂർ, മലപ്പുറം എന്നിവയാണ് അനുമതി നൽകിയ എയ്ഡഡ് കേളോജുകൾ.

മലപ്പുറത്ത് ഒരു സർക്കാർ വനിതാ കോളേജ് തത്വത്തിൽ അനുവദിച്ചിട്ടുണ്ട്.

(ബി)

| ക്രമ നമ്പർ | ഗവ.കോളേജ് | അദ്ധ്യാപക തസ്തിക | അനദ്ധ്യാപക തസ്തിക |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | താനൂർ | 18 | - |

| | | | |
|---|---|---|---|
| 2 | കൊടുവള്ളി | 14 | 13 |
| 3 | മങ്കട | 21 | 13 |
| 4 | കൊണ്ടോട്ടി | 16 | 13 |
| (1) | (2) | (3) | (4) |
| 5 | ബാലുശ്ശേരി | 14 | 13 |
| 6 | ചേലക്കര | 13 | 13 |
| 7 | തൃത്താല | 10 | 13 |
| 8 | കാട്ടാക്കട | 6 | - |
| 9 | തലശ്ശേരി | 8 | - |
| 10 | പയ്യന്നൂർ | 7 | - |
| 11 | നെയ്യാറ്റിൻകര | 6 | - |
| 12 | നാദാപുരം | 11 | - |
| | ആകെ | 144 | 78 |

144 അദ്ധ്യാപക തസ്തികകളിൽ 28 തസ്തികകൾ 8 മുതൽ 12 മണിക്കൂർ വരെ മാത്രം വർക്ക് ലോഡുള്ളവയാകയാൽ ഗസ്റ്റ് അദ്ധ്യാപക തസ്തികകളായാണ് അനുവദിച്ചിട്ടുള്ളത്. മേൽ പറഞ്ഞ തസ്തികകൾ കൂടാതെ വേങ്ങര എയ്ഡഡ് കോളേജിന് 31 തസ്തികകളും (അദ്ധ്യാപകർ 23, അനദ്ധ്യാപകർ 08) അനുവദിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

**എൽ.എൽ.ബി. സീറ്റുകൾ**

3 (1019) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ലോ കോളേജുകളിലും എയ്ഡഡ്, സ്വാശ്രയ ലോ കോളേജുകളിലുമായി 2006 മുതൽ 2015 വരെയുള്ള ഓരോ വർഷവും എൽ.എൽ.ബി.ക്ക് എത്ര സീറ്റ് വീതം ഉണ്ടായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) മൂന്നുവർഷ കോഴ്സുകളിലും അഞ്ചുവർഷ കോഴ്സുകളിലുമായി എത്ര വീതം സീറ്റുകളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പുതുതായി ലോ കോളേജുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി)

Three year LLB:

| Year | Government Colleges | Private Self Financing Colleges. |
|---|---|---|
| 2006 | 408 | .. |
| 2007 | 404 | .. |
| 2008 | 401 | .. |
| 2009 | 413 | .. |
| 2010 | 408 | .. |
| 2011 | 399 | .. |
| 2012 | 408 | 30 |
| 2013 | 417 | 200 |
| 2014 | 412 | 200 |

Five year LLB:

| Year | Government Colleges | Private Self Financing Colleges. |
|---|---|---|
| 2006 | 328 | .. |
| 2007 | 327 | .. |
| 2008 | 328 | .. |
| 2009 | 333 | .. |
| 2010 | 328 | .. |

| | | |
|---|---|---|
| 2011 | 328 | .. |
| 2012 | 332 | 89 |
| 2013 | 328 | 560 |
| 2014 | 328 | 675 |

(സി) സർക്കാർ എയ്ഡഡ് മേഖലയിൽ പുതുതായി ലോ കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലില്ല. എന്നാൽ സ്വാശ്രയ മേഖലയിൽ ഒരു ജില്ലയിൽ 2 ലോ കോളേജുകൾ വീതം അനുവദിക്കുന്നതിന് അനുമതി നൽകി വരുന്നുണ്ട്.

**ബി.എഡ്. സെന്ററുകളുടെ അടച്ചുപൂട്ടൽ**

4 (1020) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാല നേരിട്ട് നടത്തിയിരുന്ന പത്ത് ബി.എഡ്. സെന്ററുകൾ അടച്ചു പൂട്ടിയത് തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത സെന്ററുകൾ തുറന്ന് പ്രവർത്തിക്കുന്നതിനായി നടത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കാമോ ;

(സി) പ്രസ്തുത സെന്ററുകളിൽ എന്ന് മുതൽ ക്ലാസുകൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) NCTE യുടെ Southern Regional Committee (SRC) ബെംഗളൂരു, 31-5-2015-ൽ ചേർന്ന യോഗ തീരുമാനപ്രകാരം കേരള സർവ്വകലാശാലയുടെ കീഴിലുള്ള 10 ബി.എഡ് കോളേജുകളുടെ അംഗീകാരം പുനഃസ്ഥാപിച്ചിട്ടുണ്ട്.

(ബി) NCTE SRC-യുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1-6-2015-ൽ ബി.എഡ്.സെന്ററുകളിലേയ്ക്ക് അഡ്മിഷനുവേണ്ടിയുള്ള വിജ്ഞാപനം

പുറപ്പെടുവിച്ചിട്ടുണ്ട്. NCTE 2014 റെഗുലേഷൻ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ച് അദ്ധ്യാപകരെ നിയമിക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

(സി) 1-7-2015 മുതൽ ക്ലാസ്സുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

**ലാബ് അറ്റന്റർ തസ്തിക**

5 (1021) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി എസ്.എ.ആർ.ബി.റ്റി.എം. ഗവൺമെന്റ് കോളേജിൽ ഫിസിക്സ് ഡിപ്പാർട്ട്മെന്റിൽ ലാബ് അറ്റന്റർ തസ്തിക സൃഷ്ടിക്കുന്നതിനായി കോളീജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ ;

(ബി) ഫിസിക്സ് ഡിപ്പാർട്ട്മെന്റിൽ മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്താത്തതിനാൽ കോളേജിൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ പരിഗണിക്കുന്നതിനും കോളേജിൽ മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത കോളേജിൽ സയൻസ് ബ്ലോക്ക് കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ;

(ഡി) പ്രസ്തുത കോളേജിൽ നിലവിൽ ഭരണാനുമതി ലഭിച്ച പദ്ധതികളും നിർമ്മാണ പ്രവൃത്തികളും ഏതെല്ലാമാണെന്നും ആയതിന്റെ വിശദാംശങ്ങൾ സഹിതം അറിയിക്കുമോ ?

ഉത്തരം

(എ) കൊയിലാണ്ടി ഗവൺമെന്റ് കോളേജിലെ അറ്റന്റർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ഇതേവരെ ലഭിച്ചതായി കാണുന്നില്ല. ധനനിയന്ത്രണ ചട്ടം നിലവിൽ ഉണ്ടായിരുന്നതിനാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി പ്രൊപ്പോസലുകൾ ഗവൺമെന്റിൽ ലഭ്യമാക്കിയിരുന്നില്ല.

(ബി) ബി.എസ്‌സി., എം.എസ്‌സി. ഫിസിക്സ് ലാബുകൾ വളരെയധികം

ഇടുങ്ങിയ മുറികളിലാണ് പ്രവർത്തിക്കുന്നത്. ഈ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 119 ലക്ഷം രൂപ അനുവദിച്ച് നബാർഡ് (RIDF) -ന്റെ ധനസഹായത്താൽ നടത്തുന്ന സയൻസ് ബ്ലോക്കിന്റെ നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ സ്ഥലത്തെ മരങ്ങൾ മുറിച്ചുമാറ്റുകയും സയൻസ് ബ്ലോക്കിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തി NABARD-RIDF-XVI-ൽ ഉൾപ്പെട്ട പദ്ധതിയാണ്. പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരൻ പുതുക്കിയ SOR അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതിനാൽ കരാറുകാരനിൽ നിന്നും കഷ്ടനഷ്ടങ്ങൾ ഈടാക്കി നിലവിലുള്ള കരാർ അവസാനിപ്പിച്ചശേഷം ടി പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്യുന്നതാണ്.

(ഡി) പ്രസ്തുത കോളേജിൽ നിലവിൽ ഭരണാനുമതി ലഭിച്ച പദ്ധതികളുടെയും നിർമ്മാണ പ്രവൃത്തികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. <u>പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ</u>

യു.ജി.സി. ഫണ്ട് ഉപയോഗിച്ച് തുടങ്ങാൻ ഉദ്ദേശിച്ച പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് 10-11-2010 തീയതിയിലെ കത്ത് പ്രകാരം യു.ജി.സി.-യുടെ ഫണ്ടിൽനിന്നും 60 ലക്ഷം രൂപയും 27-3-2015 തീയതിയിലെ ജി.ഒ.(ആർ.റ്റി.) നമ്പർ623/2015/ഹയർ എഡ്യൂക്കേഷൻ ഉത്തരവ് പ്രകാരം 140 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഹോസ്റ്റൽ നിർമ്മാണം തുടങ്ങുന്നതിനായി പി.ഡബ്ല്യൂ.ഡി.-യെ അറിയിച്ചിട്ടുണ്ട്.

2. <u>വാട്ടർ ടാങ്ക് പുതുക്കി പണിയുന്നത്</u>

18-2-2013-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 241/2013/ഹയർ എഡ്യൂക്കേഷൻ പ്രകാരം നിലവിലുള്ള വാട്ടർ ടാങ്ക് പൊളിച്ച് പുതിയ ടാങ്ക് നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി 2012-13-ൽ പ്ലാൻ ഫണ്ട് സി.ഐ.യു.പി. ഹെഡിൽ 30 ലക്ഷം രൂപ അനുവദിക്കുകയും ഡെപ്യൂട്ടി ഡയറക്ടർ ടി തുക കോഴിക്കോട് എക്സിക്യൂട്ടീവ് എൻജിനീയർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ക്കാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി പണി തുടങ്ങാൻവേണ്ടി ആവശ്യപ്പെട്ടതിൻ പ്രകാരം 20-4-2015-ൽ പി.ഡബ്ല്യൂ.ഡി.-യിൽ

നിന്നും 37,00,000 രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചു. 7 ലക്ഷം രൂപ പി.ഡബ്ല്യു.ഡി.-യിൽ ഡെപ്പോസിറ്റ് ചെയ്താൽ മാത്രമേ പണി തുടങ്ങുകയുള്ളൂ. ടി ഫണ്ടിനുവേണ്ടി 2015-16 പ്ലാൻ ഫണ്ടിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

3. Ladies Amenities Centre - ന്റെ നിർമ്മാണ പ്രവർത്തനം - 8 ലക്ഷം രൂപ ടെണ്ടർ നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല.

4. കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണം-25 ലക്ഷം രൂപ- ടെണ്ടർ നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല.

**ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളീയരുടെ പിന്നോക്കാവസ്ഥ**

6 (1022) <u>ശ്രീ. കെ. ശിവദാസൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളീയർ പിന്നോട്ട് പോകുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) നിരന്തര മൂല്യനിർണ്ണയത്തിലൂടെ കുട്ടികളിലെ ഗവേഷണ ത്വര പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം നേടിയെടുക്കാൻ ആവിഷ്കരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുമോ ;

(സി) ഉദ്ദേശ്യ ലക്ഷ്യങ്ങൾ എത്രമാത്രം നേടാനായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളം പിന്നോട്ടുപോയി എന്നു പറയാനാവില്ല. 2009-10-ൽ പ്രവേശന അനുപാതം (GER) 13.8 ആയിരുന്നത് 2010-11-ൽ 19.4 ഉം 2014-15-ൽ 24%-ൽ കൂടുതൽ ആണ്. 2012-13-ൽ ഇന്ത്യയുടെ (GER) 18% ആയിരുന്നു. എന്നാൽ കേരളത്തിന്റേത് 21.9% ആണ്.

(ബി) യൂണിവേഴ്സിറ്റിയിൽ ബിരുദതലത്തിൽ വിദ്യാർത്ഥികളെ നിരന്തര മൂല്യ നിർണ്ണയത്തിന് വിധേയമാക്കുന്ന ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ മാതൃകയിലുള്ള പാഠ്യരീതി. വിദ്യാർത്ഥികളിലെ ഗവേഷണത്വര പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇന്റേണൽ പരീക്ഷകൾ, പ്രബന്ധാവതരണങ്ങൾ, സെമിനാറുകൾ, പ്രായോഗിക പരിശീലന പരിപാടികൾ, പ്രോജക്ടുകൾ, സയന്റിഫിക്ക് റിസർച്ച് മെത്തഡോളജി ക്ലാസുകൾ, ചർച്ചകൾ, സയന്റിഫിക്ക് റിപ്പോർട്ട് മുതലായവ പഠനപ്രക്രിയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതികൾ പ്രാരംഭ ഘട്ടത്തിലാണെങ്കിലും ഉദ്ദേശ ലക്ഷ്യം ഒരു പരിധിവരെ നേടാനായിട്ടുണ്ട്.

**എയ്ഡഡ് മേഖലയിൽ ആർട്സ്, സയൻസ് കോളേജുകൾക്ക് അനുമതി**

7 (1023) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് എയ്ഡഡ് മേഖയിൽ എത്ര ആർട്സ്, സയൻസ് കോളേജുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് കോളേജുകൾ അനുവദിച്ചിട്ടുള്ളത് ; അനുവാദം നൽകിയ എത്ര കോളേജുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എയ്ഡഡ് മേഖലയിൽ നാല് ആർട്സ് & സയൻസ് കേളേജുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

1. മലപ്പുറം ജില്ല
   - മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, വേങ്ങര
   - അംബേദ്ക്കർ മെമ്മോറിയൽ എയ്ഡഡ് കോളേജ്, വണ്ടൂർ

2. കൊല്ലം ജില്ല
   - കെ.പി.എം.എസ്., കുര്യോട്ട് മല എയ്ഡഡ് കോളേജ്

3. കോട്ടയം ജില്ല
   - പി.ആർ.ഡി.എസ്. അമര എയ്ഡഡ് കോളേജ്, ചങ്ങനാശ്ശേരി

(ബി) സർക്കാർ/എയ്ഡഡ് മേഖലയിൽ കോളേജുകളില്ലാത്ത നിയമസഭ നിയോജക മണ്ഡലങ്ങളിൽ പുതിയ കോളേജ് അനുവദിക്കുമെന്ന സർക്കാർ നയത്തിന്റെ ഭാഗമായിട്ടാണ് മലപ്പുറം ജില്ലയിലെ വേങ്ങര നിയോജക മണ്ഡലത്തിൽ എയ്ഡഡ് കോളേജ് ആരംഭിച്ചത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഗണിച്ചും ഈ സമുദായങ്ങൾക്ക് ഇതുവരെ കോളേജുകളൊന്നും അനുവദിച്ചിട്ടില്ല എന്നതും കണക്കിലെടുത്താണ് മറ്റ്

മൂന്ന് എയ്ഡഡ് കോളേജുകൾ അനുവദിച്ചത്.

മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, വേങ്ങര, അംബേദ്ക്കർ മെമ്മോറിയൽ എയ്ഡഡ് കോളേജ്, വണ്ടൂർ എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## എയ്ഡഡ് കോളേജുകളിലെ പട്ടികജാതി - പട്ടികവർഗ്ഗ അദ്ധ്യാപകർ

8 (1024) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് കോളേജുകളിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) എയ്ഡഡ് കോളേജുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സംവരണം നടപ്പിലാക്കണമെന്ന് ഹൈക്കോടതി വിധി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഈ വിഭാഗക്കാർക്ക് സംവരണം നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത കോടതി വിധി പരിഗണിച്ച് പ്രസ്തുത വിഭാഗക്കാർക്ക് സംവരണം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി - 49

പട്ടികവർഗ്ഗം - 5

ആകെ 54

(ബി-ഡി) ഉണ്ട്. എയ്ഡഡ് കോളേജുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം നൽകുന്നതുമായി ബന്ധപ്പെട്ട ഫയൽ (26823/ഡി1/10/ ഉ.വി.വ) സർക്കാർ പരിശോധിച്ചു വരുന്നു.

## എയ്ഡഡ് കോളേജുകളിലെ പട്ടികവിഭാഗ സംവരണം

9 (1025) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് കോളേജുകളിൽ പട്ടികവിഭാഗങ്ങൾക്ക് സംവരണം

നടപ്പാക്കണമെന്ന ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഹൈക്കോടതി വിധി അംഗീകരിച്ച് മേൽ കോടതിയിൽ അപ്പീലിന് പോകാതെ ഉടനെ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത കോടതി വിധിയുടെ അടിസ്ഥാനത്തിൽ എല്ലാ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പട്ടിക വിഭാഗക്കാർക്ക് സംവരണം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) എയ്ഡഡ് കോളേജുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം നൽകുന്നതുമായി ബന്ധപ്പെട്ട ഫയൽ (26823/ഡി1/10/ഉ.വി.വ) സർക്കാർ പരിശോധിച്ചുവരുന്നു.

## ലക്ചറർ ഡോ.പി.വി.ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ്

10 (1027) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാർ ഇവാനിയോസ് കോളേജിൽനിന്നും വിരമിച്ച സെലക്ഷൻ ഗ്രേഡ് ലക്ചറർ ഡോ. പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നത് സംബന്ധിച്ച ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 34180/സി1/2012/ഹയർ എഡ്യൂക്കേഷൻ നമ്പർ ഫയൽ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നോ ;

(ബി) പ്രസ്തുത കേസിൽ തീരുമാനം എടുക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ 42037/ഇ.ഡി.എൻ/സി2/ഫിൻ ഫയലിൽ ആവശ്യമായ വിശദാംശങ്ങൾ സഹിതം സമർപ്പിക്കുവാൻ വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നുവോ ; ധനകാര്യ വകുപ്പിന് ആവശ്യമായ വിശദാംശങ്ങൾ നൽകിയിട്ടുണ്ടോ ;

(സി) പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) അയച്ചിരുന്നു.

(ബി&സി) ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട വിശദാംശങ്ങൾ പൂർണ്ണമായി ലഭ്യമാക്കാൻ കഴിയില്ലെന്ന വിവരം അറിയിച്ച് ഫയൽ വീണ്ടും ആ വകുപ്പിലേയ്ക്ക് അയച്ചു. തുടർന്ന് ധനകാര്യ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഡോ.പി.വി.ജോർജിന് മുൻകൂർ ഇൻക്രിമെന്റ് അനുവദിക്കുന്നത് സംബന്ധിച്ച അഭിപ്രായം 1191/ഡി1/2012/ഉ.വി.വ. നമ്പർ ഫയലിൽ

രേഖപ്പെടുത്തി നൽകി 34180/ സി3/2012/ഉ.വി.വ. നമ്പർഫയൽ തീർപ്പാക്കിയിട്ടുണ്ട്.

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് സീറ്റുകൾ

11 (1028) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ മാനേജ്മെന്റ് സീറ്റുകളിലെ പ്രവേശനത്തിന് കണക്കിന് മാർക്കിളവ് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) അഖിലേന്ത്യാ സാങ്കേതിക കൗൺസിലിന്റെ നിബന്ധന പ്രകാരം കണക്ക്, ഫിസിക്സ്, കെമിസ്ട്രി, എന്നീ വിഷയങ്ങൾക്ക് 45 ശതമാനം ശരാശരി മതിയെന്ന് ശിപാർശയുണ്ടോ ;

(സി) യോഗ്യതാ മാർക്ക് ഒഴിവാക്കണമെന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ നിവേദനത്തിന്മേൽ എന്ത് നടപടിയെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) 4-6-2015-ലെ ജി.ഒ.(എംഎസ്.) നമ്പർ236/15/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം സ്വാശ്രയ മാനേജ്മെന്റ് സീറ്റിലെ എഞ്ചിനീയറിംഗ് പ്രവേശനത്തിന് യോഗ്യതാ മാർക്കിൽ ഇളവ് വരുത്തി കണക്ക്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങളിൽ മൊത്തമായി 45% മാർക്ക് നേടിയാൽ മതിയാവുന്നതാണ്. ഇപ്രകാരം പ്രോസ്പെക്ടസ് ഭേദഗതി വരുത്തിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

## സ്കോളർ സപ്പോർട്ട് പ്രോഗ്രാം

12 (1029) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ശ്രീ. സി. പി. മുഹമ്മദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കോളർ സപ്പോർട്ട് പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പദ്ധതിയിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതി എയ്ഡഡ് കോളേജുകളിൽ കൂടി നടപ്പാക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഈ പദ്ധതി അനുസരിച്ച് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി പരീക്ഷകളിൽ മെച്ചപ്പെട്ട പ്രകടനം നടത്തുവാൻ വേണ്ടിയുള്ള സ്പെഷ്യൽ ക്ലാസ്സുകൾ നൽകിവരുന്നു. കേരളത്തിലെ സർക്കാർ/എയ്ഡഡ് മേഖലയിലെ ആർട്സ് & സയൻസ് കോളേജിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഓരോ കോളേജിലും 50 കുട്ടികൾക്കാണ് ഈ പദ്ധതിവഴി പ്രയോജനം ലഭിക്കുന്നത്. ആദ്യവർഷ ബിരുദ വിദ്യാർത്ഥികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് ബിരുദ പ്രോഗ്രാമിന്റെ രണ്ടും മൂന്നും വർഷങ്ങളിലും പദ്ധതിയുടെ പ്രയോജനം ലഭിക്കത്തക്ക രീതിയിലാണ് പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളത്.

(ബി) ഓരോ കോളേജിലും കോളേജിലെ സാഹചര്യങ്ങളും ആവശ്യവും പരിഗണിച്ച് കുറഞ്ഞത് 6 വിഷയങ്ങളിലെങ്കിലും വേണ്ട സഹായം വിദ്യാർത്ഥികൾക്ക് നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സർവ്വകലാശാല തലത്തിൽ നടത്തിയ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി പരീക്ഷകളിൽ വിദ്യാർത്ഥികൾ മോശമായ പ്രകടനം കാഴ്ചവച്ച വിഷയങ്ങൾ കണ്ടെത്തി പ്രസിദ്ധ പ്പെടുത്തിയിട്ടുണ്ട്. ഈ പട്ടികയിൽ നിന്നും വിദ്യാർത്ഥികളുടെ താത്പര്യംകൂടി പരിഗണിച്ച് കോളേജ് തലത്തിൽ വിഷയങ്ങൾ സ്ഥാപനങ്ങൾക്ക് തെരഞ്ഞെടുക്കാം. പൊതുവായ ഒരു വിഷയം ഇംഗ്ലീഷ് ആയിരിക്കും. മറ്റ് അഞ്ച് വിഷയങ്ങൾ കോളേജ് കൗൺസിലിന്റെ സഹായത്തോടെ ബന്ധപ്പെട്ട കോളേജ് കണ്ടെത്തണം. അതനുസരിച്ച് പഠനത്തിന് സഹായം വേണ്ട മാർക്ക് കുറവുള്ള 50 വിദ്യാർത്ഥികളെ കണ്ടെത്തുന്നു. ഇംഗ്ലീഷിന് 10 വിദ്യാർത്ഥികളെയും മറ്റ് അഞ്ച് വിഷയങ്ങൾക്കോരോന്നിനും
8 വീതം വിദ്യാർത്ഥികളെയുമാണ് കണ്ടെത്തുന്നത്. ഇപ്രകാരം തെരഞ്ഞെടുക്കുന്ന

50 വിദ്യാർത്ഥികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഒരു വർഷം ഒരു വിഷയത്തിൽ 20 മണിക്കൂർ വീതം 6 വിഷയങ്ങൾക്ക് പരമാവധി 120 മണിക്കൂർ വരെ പദ്ധതി പ്രകാരം സഹായം നൽകാം. വിദ്യാർത്ഥികൾക്ക് വ്യക്തിപരമായ ശ്രദ്ധ ലഭിക്കുന്നതിന് ഓരോ വിഷയത്തിലും ഉള്ള കുട്ടികളുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടുണ്ട്. ക്വസ്റ്റ്യൻ ബാങ്ക് വിതരണം, പൊതുവായ വിഷയങ്ങളെപ്പറ്റിയുള്ള ക്ലാസ്സുകൾ എന്നിവ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നു. സർവ്വകലാശാല പരീക്ഷ മാതൃകയിലുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കി വിശദമായ ഉത്തര സൂചികകളോടൊപ്പം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നു. ഇതൊക്കെയാണ് ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് വിഷയങ്ങളുടെ എണ്ണത്തിൽ ചില ക്രമീകരണങ്ങൾ 2014-15 വർഷത്തിൽ വരുത്തിയിട്ടുണ്ട്.

(സി) 2012-13 വർഷം മുതൽ ഒരു പൈലറ്റ് പദ്ധതി എന്ന രീതിയിൽ സർക്കാർ കോളേജുകളിൽ മാത്രമാണ് പദ്ധതി നടപ്പിലാക്കിയത്. 2013-14 വർഷം 27 എയ്ഡഡ് കോളേജുകളെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2014-15 വർഷം എല്ലാ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കാസർഗോഡ് സർക്കാർ കോളേജ്**

13 (1030) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് സർക്കാർ കോളേജിൽ ബിരുദ ബിരുദാനന്തര പഠനത്തിന് ഏതെല്ലാം കോഴ്സുകളാണ് ഇപ്പോഴുള്ളത് ; പ്രസ്തുത കോഴ്സുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോ ;

(ബി) ഒരു കോളേജിനെ കോളേജ് ഓഫ് എക്സലൻസായി ഉയർത്താൻ വേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(സി) കാസർഗോഡ് സർക്കാർ കോളേജിന് പ്രസ്തുത മാനദണ്ഡമനുസരിച്ച് കോളേജ് ഓഫ് എക്സലൻസ്, സ്പെഷ്യൽ ഗ്രേഡ് എന്നീ പദവികൾ ലഭ്യമാക്കാൻ അർഹതയുണ്ടോ ; എങ്കിൽ എപ്പോഴാണ് ഇവ നൽകുകയെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത കോളേജിൽ നിലവിലുള്ള എല്ലാ വിഭാഗം തസ്തികകളുടെയും ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെയും വിശദാംശം ലഭ്യമാക്കാമോ ?

## ഉത്തരം

(എ) ഡിഗ്രി കോഴ്സ്.

1. അറബിക്
2. ഇക്കണോമിക്സ്
3. ഇംഗ്ലീഷ്
4. ഹിസ്റ്ററി
5. കന്നഡ
6. മലയാളം
7. ബികോം
8. ബോട്ടണി
9. കെമിസ്ട്രി
10. കമ്പ്യൂട്ടർ സയൻസ്
11. ജിയോളജി
12. മാത്തമാറ്റിക്സ്
13. ഫിസിക്സ്
14. സുവോളജി.

പി.ജി.കോഴ്സ്

1. അറബിക്
2. ഇക്കണോമിക്സ്
3. ഇംഗ്ലീഷ്
4. കന്നഡ
5. കെമിസ്ട്രി
6. ജിയോളജി

7. മാത്തമാറ്റിക്സ്.

ശിപാർശ ലഭിക്കുന്ന മുറയ്ക്ക് കോഴ്സുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) കോളേജുകളെ സെന്റർ ഓഫ് എക്സലൻസുകളായി ഉയർത്തുന്നത് ഗവൺമെന്റ് നേരിട്ട് പരിശോധിച്ചാണ്. കോളേജിന്റെ പഴമ, കോഴ്സുകളുടെ വൈപുല്യം, വിദ്യാർത്ഥികളുടെ എണ്ണം, മെച്ചപ്പെട്ട റിസൾട്ട് തുടങ്ങിയ കാര്യങ്ങൾ ഇക്കാര്യത്തിൽ സാധാരണ പരിശോധിക്കാറുണ്ട്.

(സി) നിലവിൽ കാസർഗോഡ് സർക്കാർ കോളേജ് സെന്റർ ഓഫ് എക്സലൻസ് കോളേജല്ല. ഇതിനായുള്ള പ്രൊപ്പോസലുകൾ ഒന്നുംതന്നെ നിലവിൽ പരിഗണനയിലില്ല. കോളേജുകൾക്ക് സ്പെഷ്യൽ ഗ്രേഡ് പദവി നൽകുന്ന സമ്പ്രദായം ഇപ്പോൾ നിലവിലില്ല.

(ഡി) ടി കോളേജിൽ ആകെ അദ്ധ്യാപകരുടെ തസ്തികകൾ (പ്രിൻസിപ്പാൾ ഉൾപ്പെടെ) 89 ആണ്. അതിൽ 29 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. ആകെയുള്ള 43 അനദ്ധ്യാപക തസ്തികകളിൽ 2 എണ്ണം ഒഴിഞ്ഞ് കിടക്കുന്നുണ്ട്.

## സർക്കാർ/എയ്ഡഡ് കോളേജുകളില്ലാത്ത നിയോജക മണ്ഡലങ്ങൾ

14 (1031) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ/എയ്ഡഡ് കോളേജുകളില്ലാത്ത 22 നിയോജക മണ്ഡലങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ പുതുതായി ഏതെല്ലാം മണ്ഡലങ്ങളിൽ സർക്കാർ/എയ്ഡഡ് കോളേജുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) തിരുവനന്തപുരം ജില്ലയിലെ സർക്കാർ/എയ്ഡഡ് കോളേജുകളുടെ പേര് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) 1. ഉദുമ

2. പയ്യന്നൂർ

3. നാദാപുരം

4. ബാലുശ്ശേരി

5. കുന്നമംഗലം

6. കൊടുവള്ളി

7. മങ്കട

8. വേങ്ങര

9. തവനൂർ

10. തൃത്താല

11. കോങ്ങാട്

12. മലമ്പുഴ

13. ആലത്തൂർ

14. ചേലക്കര

15. ഒല്ലൂർ

16. വൈപ്പിൻ

17. കരുനാഗപ്പള്ളി

18. കാട്ടാക്കട

19. നെയ്യാറ്റിൻകര

20. താനൂർ

21. കൊണ്ടോട്ടി

22. തലശ്ശേരി.

മേൽപ്പറഞ്ഞ 22 മണ്ഡലങ്ങളിൽപ്പെട്ട 18 മണ്ഡലങ്ങളിൽ ഈ ഗവൺമെന്റ് കോളേജ് അനുവദിച്ചിട്ടുണ്ട്. അവയിൽ ഇനി കോളേജ് അനുവദിക്കാനുള്ള

മണ്ഡലങ്ങൾ താഴെപ്പറയുന്നവയാണ്:

1. വൈപ്പിൻ, 2. കരുനാഗപ്പള്ളി, 3. മലമ്പുഴ, 4. ആലത്തൂർ.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട, നെയ്യാറ്റിൻകര നിയോജക മണ്ഡലങ്ങൾക്ക് ഓരോ സർക്കാർ ആർട്സ് & സയൻസ് കോളേജ് വീതം അനുവദിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലെ സർക്കാർ/എയ്ഡഡ് കോളേജുകളുടെ പേര് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

I. <u>തിരുവനന്തപുരം</u>

1. സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം
2. സർക്കാർ ആർട്സ് & സയൻസ് കോളേജ്, തിരുവനന്തപുരം
3. യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം
4. സർക്കാർ സംസ്കൃത കോളേജ്, തിരുവനന്തപുരം
5. സർക്കാർ അദ്ധ്യാപക ട്രെയിനിംഗ് കോളേജ്, തിരുവനന്തപുരം
6. എസ്.എസ്.റ്റി.സംഗീത കോളേജ്, തിരുവനന്തപുരം
7. ആൾ സെയിന്റ്സ് കോളേജ്, തിരുവനന്തപുരം

II. <u>കഴക്കൂട്ടം</u>

1. സർക്കാർ കോളേജ്, കാര്യവട്ടം
2. ലയോള സോഷ്യൽ സയൻസ് കോളേജ്, തിരുവനന്തപുരം
3. എസ്.എൻ.കോളേജ്, ചെമ്പഴന്തി
4. മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം
5. മാർ തിയോഫിലസ് ട്രെയിനിംഗ് കോളേജ്, നാലാഞ്ചിറ

III. <u>വട്ടിയൂർക്കാവ്</u>

എം.ജി.കോളേജ്, തിരുവനന്തപുരം

IV. <u>നെടുമങ്ങാട്</u>

സർക്കാർ കോളേജ്, നെടുമങ്ങാട്

V. <u>കോവളം</u>

സർക്കാർ കോളേജ്, കാഞ്ഞിരംകുളം

VI. <u>ആറ്റിങ്ങൽ</u>

1. സർക്കാർ കോളേജ്, ആറ്റിങ്ങൽ
2. എസ്.എൻ.ട്രെയിനിംഗ് കോളേജ്, നെടുങ്കണ്ട

VII. <u>നെയ്യാറ്റിൻകര</u>

സർക്കാർ ആർട്സ് & സയൻസ് കോളേജ്, കുളത്തൂർ, നെയ്യാറ്റിൻകര

VIII. <u>കാട്ടാക്കട</u>

സർക്കാർ ആർട്സ് & സയൻസ് കോളേജ്, മലയിൻകീഴ്, കാട്ടാക്കട

IX. <u>നേമം</u>

എൻ.എസ്.എസ്. വനിത കോളേജ്, തിരുവനന്തപുരം

X. <u>അരുവിക്കര</u>

ക്രിസ്ത്യൻ കോളേജ്, കാട്ടാക്കട

XI. <u>വാമനപുരം</u>

1. ഇക്ബാൽ കോളേജ്, പെരിങ്ങമല
2. മന്നാനിയ ആർട്സ് & സയൻസ് കോളേജ്, പാങ്ങോട്

XII. <u>പാറശ്ശാല</u>

വി.ടി.എം.എൻ.എസ്.എസ്. കോളേജ്, ധനുവച്ചപുരം

XIII. <u>വർക്കല</u>

എസ്.എൻ.കോളേജ്, ശിവഗിരി, വർക്കല

XIV. <u>ചിറയിൻകീഴ്</u>

സെന്റ് സേവ്യേഴ്സ് കോളേജ്, തിരുവനന്തപുരം.

**സർക്കാർ മേഖലയിൽ പുതുതായി ആരംഭിച്ച കോളേജുകൾ**

15 (1032) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ പുതുതായി എത്ര കോളേജുകൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) ഈ കോളേജുകളിൽ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) കാസർഗോഡ് ജില്ലയിൽ ഉദുമ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ അദ്ധ്യാപകരുടെ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടം വരെയായെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ പുതുതായി 19 കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മലപ്പുറം സർക്കാർ വനിത കോളേജിന് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ 19 കോളേജുകളിൽ 13 കോളേജുകൾക്ക് അദ്ധ്യാപക തസ്തികകളും 7 കോളേജുകൾക്ക് അനദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട്.

(സി) കാസർഗോഡ് ജില്ലയിൽ ഉദുമ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ അധ്യാപകരുടെ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടികൾ കൈക്കൊണ്ടുവരികയാണ്.

**സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസരംഗം**

16 (1033) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസത്തിനുള്ള പ്രവേശനാനുപാതം സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കുറവാണെന്നതുകൊണ്ട് ഉന്നതവിദ്യാഭ്യാസ രംഗത്ത് നാം പുറകിലേക്ക് പോകുന്നു എന്ന ആരോപണം ശ്രദ്ധയിൽവന്നിട്ടുണ്ടോ ; എങ്കിൽ യഥാർത്ഥ വസ്തുതകൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വിദ്യാഭ്യാസ രംഗത്ത് മാറിവരുന്ന പ്രവണതകൾക്കും സാമൂഹ്യ ആവശ്യകതയ്ക്കും അനുസരിച്ചും സംസ്ഥാനത്തിന്റെ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾ ക്കനുസൃതമായ മാറ്റങ്ങൾക്ക് കാലവിളംബം വന്നതുമൂലവും പ്രസ്തുത മേഖലയ്ക്ക് ലഭിക്കേണ്ട സാമ്പത്തിക സഹായങ്ങൾ നഷ്ടമായെന്ന കണ്ടെത്തലുകളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ വ്യക്തമാക്കുമോ ;

(സി) ഉന്നത വിദ്യാഭ്യാസ മേഖല കാലികവും ചലനാത്മകവുമാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളം പിന്നോട്ടുപോയി എന്നു പറയാനാവില്ല. 2009-10-ൽ പ്രവേശന അനുപാതം (GER) 13.8 ആയിരുന്നത് 2010-11-ൽ 19.4-ലും 2014-15-ൽ 24%-ൽ കൂടുതൽ ആണ്. 2012-13-ൽ ഇന്ത്യയുടെ (GER) 18% ആയിരുന്നു. എന്നാൽ കേരളത്തിന്റേത് 21.9% ആണ്.

(ബി) വിദ്യാഭ്യാസരംഗത്ത് മാറിവരുന്ന പ്രവണതകൾക്കും, സാമൂഹ്യ ആവശ്യകതയ്ക്കും സംസ്ഥാനത്തിന്റെ സാമൂഹ്യ, സാമ്പത്തിക സാഹചര്യങ്ങൾക്കനുസൃതവുമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വിദ്യാഭ്യാസ മേഖലയിൽ വിവിധ പരിപാടികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ റൂസ സംസ്ഥാനത്ത് നടപ്പാക്കുകയും 15 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്കും 4 സർവ്വകലാശാലകൾക്കും 110 കോടി രൂപയുടെ ഇൻഫ്രാസ്ട്രക്ച്ചർ ഗ്രാന്റ് ലഭ്യമാക്കുകയും ചെയ്തു.

(സി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഉന്നത വിദ്യാഭ്യാസ മേഖല കാലികവും ചലനാത്മകവുമാക്കാൻ പുതുമയുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സ്റ്റേറ്റ് അക്രെഡിറ്റേഷൻ & അസ്സസ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിനും ഫാക്കൽറ്റി ട്രെയിനിംഗ് അക്കാഡമി ആരംഭിക്കുന്നതിനും ഏകീകൃത സർവ്വകലാശാല നിയമം കൊണ്ടുവരാനുമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. വിവിധ കോളേജുകൾക്ക് സ്വയംഭരണ പദവി നൽകി. വിദ്യാർത്ഥികൾക്ക് കൂടുതൽ അക്കാദമിക സ്വാതന്ത്ര്യം നൽകുന്നതിനായും അന്തർ- വൈജ്ഞാനിക പഠനം പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ മാതൃകയിലുള്ള പാഠ്യരീതി നടപ്പിലാക്കിയിട്ടുണ്ട്.

**കോളേജുകളിൽ സംരംഭകത്വ വികസന ക്ലാസുകൾ**

17 (1034) <u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :

<u>ശ്രീ. പി. എ. മാധവൻ</u> :

<u>ശ്രീ. ബെന്നി ബെഹനാൻ</u> :

<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജുകളിൽ സംരംഭകത്വ വികസന ക്ലാസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഇതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോയെന്നും വിശദീകരിക്കാമോ ;

(സി) പ്രസ്തുത ക്ലാസുകളുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ-സി) കോളേജുകളിൽ സംരംഭകത്വ വികസന ക്ലബുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് വർഷംതോറും പുറത്തിറങ്ങുന്ന ഒരു ലക്ഷത്തോളം ബിരുദധാരികളിൽ നല്ലൊരുവിഭാഗം വിദ്യാർത്ഥികൾക്ക് സംരംഭകത്വ ആശയം ഉണ്ടെങ്കിലും അവ പ്രാവർത്തികമാക്കുന്നതിനുള്ള സാഹചര്യവും പിന്തുണയും ലഭിക്കുന്നില്ല. വിദ്യാർത്ഥികളുടെ സംരംഭങ്ങൾക്ക് പ്രചോദനം നൽകേണ്ടത് കേരളത്തിന്റെ വികസനത്തിന് അനിവാര്യമാണെന്ന് കണ്ടതിനാലാണ് സംരംഭകത്വ ക്ലബ്ബുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾ തൊഴിൽ അന്വേഷകർ എന്നതിന് പകരം തൊഴിൽ ദാതാക്കളായി മാറുന്ന സംസ്കാരം വളർത്തിയെടു ക്കുന്നതിന് ഇതുവഴി കഴിയും. സംരംഭകത്വ ക്ലബുകൾ സ്ഥാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 15-1-2014-ന് ടെക്ക്നോപാർക്കിൽ ബഹു. മുഖ്യമന്ത്രി നിർവഹിക്കുക യുണ്ടായി. സാധാരണ ക്ലബ്ബുകളിൽനിന്ന് വ്യത്യസ്തമായി സംരംഭകത്വ ക്ലബുകൾ സൊസൈറ്റികളായി രജിസ്റ്റർ ചെയ്യുകയും പൂർണ്ണമായും വിദ്യാർത്ഥികൾതന്നെ നട<u>ത്തു</u>കയും ചെയ്യുന്നു. എല്ലാ കോളേജുകളിലും ഇത്തരം ക്ലബുകൾ സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം. 2013 സെപ്റ്റംബർ 12 സംസ്ഥാന സംരംഭകത്വ ദിനമായി ആചരിക്കുകയും സംസ്ഥാന ബഡ്ജറ്റിന്റെ ഒരു ശതമാനം യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി മാറ്റിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. 2013 ജനുവരി മുതൽ 1804 അപേക്ഷകൾ സ്റ്റാർട്ട് അപ്പ് വില്ലേജിൽ സംരംഭങ്ങൾ

തുടങ്ങുന്നതിന് ലഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ 136 സംരംഭങ്ങൾ സ്റ്റാർട്ട് അപ്പ് വില്ലേജിൽ ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകത്വ പദ്ധതിയെ എല്ലാ സർവ്വകലാശാലകളും അക്കാദമിക് റഗുലേഷൻസിലും ഉൾപ്പെടുത്തുക, സർവ്വകലാശാല കളിൽ ഇതിനുവേണ്ടി പ്രത്യേക സെൽ ആരംഭിക്കുക, ഇൻക്യൂബേറ്റർ അംഗീകരിച്ച പ്രോജക്ടുകൾ വിദ്യാർത്ഥികളുടെ അവസാന വർഷ പ്രോജക്ടിന്റെ ഭാഗമാക്കി സിലബസ് അനുസരിച്ച് മാർക്ക് നൽകുക, ആയിരം കോളേജുകളിൽ ബൂട്ട് ക്യാമ്പുകൾ സംഘടിപ്പിക്കുക, അയ്യായിരം ബിരുദ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഭാവിയിൽ വിവിധ മേഖലകളിൽ തിളങ്ങുന്നതിന് നേതൃത്വ പരിശീലനം നൽകുക തുടങ്ങിയ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്. ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ സ്ഥാപിക്കുന്ന തിനായി 2015-16 ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് 1 കോടി രൂപ വീതം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

### അസിസ്റ്റന്റ് പ്രൊഫസർമാരുടെ റെഗുലറൈസേഷൻ

18 (1035) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ റെഗുലറൈസേഷൻ സംബന്ധിച്ച ചട്ടങ്ങൾ ലഭ്യമാക്കാമോ ;

(ബി) റെഗുലറൈസേഷന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(സി) ഈ സർക്കാരധികാരമേറ്റശേഷം വിവിധ വിഷയങ്ങളിലായി അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ എത്ര നിയമനം നടത്തിയിട്ടുണ്ട് ; വിശദമായ ലിസ്റ്റും തീയതിയും ഉൾപ്പെടെ ലഭ്യമാക്കുമോ ;

(ഡി) ഈ ലിസ്റ്റിൽ റെഗുലറൈസ് ചെയ്യാത്ത എത്ര പേരുണ്ട് ; ഓരോന്നിന്റെയും കാരണം വിശദമാക്കാമോ ;

(ഇ) റെഗുലറൈസേഷൻ നടപടികൾ സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(എഫ്) പ്രസ്തുത റെഗുലറൈസേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വകുപ്പുതലത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ജി) ഇല്ലെങ്കിൽ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ സാങ്കേതിക കാരണം വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഗസറ്റഡ് ഉദ്യോഗസ്ഥരുടെ നിയമനങ്ങൾ റഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ 16-8-2013-ലെ G.O.(P) 23/13/P&ARD നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട് പകർപ്പ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) വിവിധ വിഷയങ്ങളിലായി 810 പേർക്ക് അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട്. വിഷയം തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(ഡി) ആകെയുള്ള 810 പേരിൽ റെഗുലറൈസ് ചെയ്യാത്ത 795 അദ്ധ്യാപകരുണ്ട്. പി.എസ്.സി. ആവശ്യപ്പെട്ട രേഖകൾ സമർപ്പിച്ച 274 പേരുടെ അപേക്ഷ പി.എസ്.സി-ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ബാക്കി 521 പേരുടെ അപേക്ഷ പി.എസ്.സി.-ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

പേഴ്സണൽ മെമ്മോറാണ്ടം, ഐ.ഡി. സർട്ടിഫിക്കറ്റിന്റെ പകർപ്പ്, 14-12-2010-നുശേഷം പി.എസ്.സി. മുഖേന അഡ്വൈസ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ സമർപ്പിച്ചിട്ടുള്ള അദ്ധ്യാപകരുടെ ലിസ്റ്റ് പി.എസ്.സി.-ക്ക് വെരിഫിക്കേഷന് കൊടുത്തിട്ടുണ്ട്. അദ്ധ്യാപകരുടെ നിയമനം റെഗുലറൈസ് ചെയ്യുന്നതിന് പി.എസ്.സി. വെരിഫിക്കേഷൻ റിപ്പോർട്ടിനോടൊപ്പം പോലീസ് വെരിഫിക്കേഷൻ, നെറ്റ്/ പി.എച്ച്.ഡി. വെരിഫിക്കേഷൻ എന്നിവ കൂടി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നിയമനം ക്രമീകരിച്ച് ഉത്തരവ് നൽകുവാൻ കഴിയുകയുള്ളൂ.

(ഇ) പോലീസ് വെരിഫിക്കേഷൻ, നെറ്റ്/പി.എച്ച്.ഡി. വെരിഫിക്കേഷൻ, പി.എസ്.സി. വെരിഫിക്കേഷൻ എന്നിവയുടെ റിപ്പോർട്ട് ലഭിക്കാനുള്ള കാലതാമസം കാരണമാണ് സമയ ബന്ധിതമായി സർവ്വീസ് റെഗുലറൈസ് ചെയ്യുവാൻ കഴിയാത്തത്.

(എഫ്) റെഗുലറൈസേഷൻ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) പോലീസ് വെരിഫിക്കേഷൻ, നെറ്റ് വെരിഫിക്കേഷൻ, പി.എസ്.സി. വെരിഫിക്കേഷൻ എന്നിവയുമായി ബന്ധപ്പെട്ട് കാലതാമസം കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിന്റെ സമഗ്ര പുരോഗതിക്കായുള്ള നടപടികൾ

19 (1036) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏക എഞ്ചിനീയറിംഗ് കോളേജായ ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിന്റെ സമഗ്ര പുരോഗതിക്കായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; ഓരോ പ്രവർത്തിയുടെയും വിശദാംശവും ചെലവഴിച്ചതും അനുവദിച്ചതുമായ തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കോളേജിൽ നിലവിൽ എത്ര കോഴ്സുകൾ ഉണ്ട് ; ഏതെല്ലാം പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിന്റെ സമഗ്ര പുരോഗതിക്കായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. ആൺകുട്ടികളുടെ താമസ സൗകര്യാർത്ഥം ബോയ്സ് ഹോസ്റ്റൽ 5 കോടി രൂപ ചെലവിൽ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.
2. വിദ്യാർത്ഥികളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിനായി 24,67,170 രൂപയ്ക്ക് കോളേജിന് ഒരു ബസ് അനുവദിച്ചു. (ആകെ 6 ബസ്സുകൾ നിലവിലുണ്ട്.)
3. സാങ്കേതിക വിദ്യയിൽ പരിശീലനം നൽകി സംരംഭകരെ സഹായിക്കുന്നതിനായി ടെക്നോളജി ബിസിനസ്സ് ഇൻകുബേഷൻ സെന്റർ 2014 മുതൽ കോളേജിൽ പ്രവർത്തിച്ചുവരുന്നു. 2014-15 ൽ അനുവദിച്ച 4.5 ലക്ഷം രൂപ ഉപയോഗിച്ച് റ്റി.ബി.ഐ.-യ്ക്ക് ആവശ്യമായ ഓഫീസും ട്രെയിനിങ്ങ് സെന്ററും സജ്ജീകരിച്ചിട്ടുണ്ട്.
4. 2012-ൽ അനുവദിക്കപ്പെട്ട മെക്കാനിക്കൽ ബ്രാഞ്ചിന് ആവശ്യമായ വർക്ക്ഷോപ്പുകളും ലാബുകളും ക്രമീകരിക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തിൽ 58,88,481 രൂപ അനുവദിക്കുകയും ടി തുക ഉപയോഗിച്ച് ലെയ്ത്ത് മെഷീൻ

ലാബ്, കാഡ് ലാബ്, മെഷീൻ ലാബ് തുടങ്ങിയവ സജ്ജീകരിച്ചു കഴിഞ്ഞു.

5. പുതിയതായി നിർമ്മിക്കപ്പെട്ട ലേഡീസ് ഹോസ്റ്റലിൽ 10 ലക്ഷം രൂപ ചെലവഴിച്ച് വിദ്യാർത്ഥിനികളുടെ സൗകര്യാർത്ഥം ഒരു കമ്പ്യൂട്ടർ സെന്റർ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്.

6. സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്ക് സ്വതന്ത്രമായി കമ്പ്യൂട്ടറുകളും അനുബന്ധ സൗകര്യങ്ങളും ഉപയോഗിക്കുന്നതിനായി 14,02,681 രൂപ ചെലവിൽ സെന്റർ ഫോർ കമ്പ്യൂട്ടർ ഫെസിലിറ്റി സെന്ററിലേയ്ക്ക് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്.

7. 390 ലക്ഷം രൂപ ചെലവഴിച്ച് നബാർഡ് നിർമ്മിച്ച ലേഡീസ് ഹോസ്റ്റൽ 2013-ൽ നിർമ്മാണം പൂർത്തീകരിക്കപ്പെട്ട് 100-ൽ പരം വിദ്യാർത്ഥിനികൾക്ക് താമസ സൗകര്യം ലഭ്യമാക്കി.

8. താൽക്കാലിക ആവശ്യങ്ങൾക്കായി നിർമ്മിക്കപ്പെട്ടിരുന്ന സെമി പെർമനന്റ് കെട്ടിടങ്ങൾ നവീകരിച്ച് ആൺകുട്ടികളുടെ താമസ സൗകര്യത്തിന് ഉതകുന്നവിധം പരിവർത്തനം ചെയ്ത് ഉപയോഗ്യമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിനായി 5 ലക്ഷം രൂപ ചെലവഴിച്ചു.

9. പാലക്കാട് മുൻ എം. പി. ശ്രീ. എൻ. എൻ. കൃഷ്ണദാസിന്റെ പ്രാദേശിക വികസന നിധി ഉപയോഗിച്ച് കോളേജിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി നിർമ്മിച്ചിരുന്ന കെട്ടിടം മോടിപിടിപ്പിച്ച് സ്റ്റാഫ് ഹോസ്റ്റലാക്കി മാറ്റിയിട്ടുണ്ട്. ഈ ആവശ്യത്തിനായി അനുവദിച്ചിരുന്ന 20.50 ലക്ഷം രൂപ ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പാണ് ഈ നവീകരണ പ്രവർത്തനങ്ങൾ പൂർത്തികരിച്ചത്.

10. 2011-ൽ ഈ സ്ഥാപനത്തിന് കമ്പ്യൂട്ടർ സയൻസിൽ ഒരു എം.ടെക് കോഴ്സും 2012 -ൽ മെക്കാനിക്കൽ വിഭാഗം ബി.ടെക് കോഴ്സും അനുവദിച്ചു.

(ബി) നിലവിൽ ഈ സ്ഥാപനത്തിൽ ബി.ടെക്-ൽ കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ്, ഐ.റ്റി., മെക്കാനിക്കൽ കോഴ്സുകളും എം.ടെക്-ൽ കമ്പ്യൂട്ടർ

സയൻസ് കോഴ്സുകളുമുണ്ട്. ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗിൽ ബി.ടെക്ക് കോഴ്സ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്.

**മഹാത്മാഗാന്ധി സർവകലാശാല അദ്ധ്യാപക നിയമനം**

20 (1037) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി സർവ്വകലാശാല നിയമന അംഗീകാരം നൽകിയ കോതമംഗലം എം.എ. കോളേജ് കോമേഴ്സ് വിഭാഗം അദ്ധ്യാപകനായ ശ്രീ. സജിൻ പോളിന്റെ നിയമനം അംഗീകരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) 2011-ൽ നിയമനം ലഭിച്ച ശ്രീ. സജിൻ പോളിന്റെ നിയമനം അംഗീകരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**കോളേജുകൾക്ക് സ്വയംഭരണ പദവി**

21 (1038) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര കോളേജുകൾക്ക് സ്വയംഭരണ പദവി ലഭിച്ചിട്ടുണ്ട് ; അതിന്റെ ലിസ്റ്റ് ലഭ്യമാക്കാമോ ;

(ബി) സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(സി) ഇത്തരത്തിൽ നടത്തിയ വിലയിരുത്തൽ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 11 കോളേജുകൾക്ക് യു.ജി.സി. സ്വയംഭരണ പദവി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കോളേജുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

1. മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം.

2. ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം.

3. സെന്റ് ബെർക്ക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി.

4. സെന്റ് തെരേസാസ് കോളേജ്, എറണാകുളം.

5. സേക്രട്ട് ഹാർട്ട് കോളേജ്, തേവര, എറണാകുളം.

6. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം.

7. മഹാരാജാസ് കോളേജ്, എറണാകുളം.

8. സെന്റ് തോമസ് കോളേജ്, തൃശ്ശൂർ.

9. എം.ഇ.എസ്. കോളേജ്, മാമ്പാട്.

10. ഫറോക്ക് കോളേജ്, കോഴിക്കോട്.

11. സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി, കോഴിക്കോട്.

(ബി&സി) സ്വയംഭരണാവകാശം ലഭിച്ച കോളേജുകളുടെ പ്രവർത്തനം വിലയിരുത്താനും പരാതികൾ വന്നാൽ അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി നടപടികൾ ശിപാർശ ചെയ്യാനും വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായുള്ള സ്വയംഭരണ അംഗീകാര സമിതിക്ക് അധികാരമുണ്ട്. സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ട്, 2014 പ്രകാരം ഇക്കാര്യം ഉറപ്പാക്കിയിട്ടുണ്ട്. സ്വയംഭരണ അംഗീകാര സമിതി ഇത്തരമൊരു വിലയിരുത്തൽ നടത്തിയിട്ടില്ല.

**സർവ്വകലാശാലകളിലെ അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ**

22 (1039) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ നിലവിൽ എത്രയാണെന്നും അവ ഓരോന്നിലും നിലവിലുള്ള ഒഴിവുകൾ എത്ര വീതമാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) സർവ്വകലാശാല അനദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചിരുന്നത് എപ്പോഴായിരുന്നു ;

(സി) അതിനുശേഷം സർവ്വകലാശാലകൾ നേരിട്ട് നിയമനം നടത്തുകയുണ്ടായോ ; എങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്ര വീതം നിയമനം നടത്തുകയുണ്ടായി ;

(ഡി) സർക്കാരിന്റെ നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർവ്വകലാശാലകളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സംബന്ധിച്ച് സർവ്വകലാശാലകൾ ലഭ്യമാക്കിയ ഏകദേശ വിവരം അനുബന്ധമായി ചേർക്കുന്നു.**

(ബി) 18-12-2010-ലെ സ.ഉ.(കൈ)199/10/ഉവിവ, 4-2-2011-ലെ സ.ഉ.(കൈ) നമ്പർ 11/2011/ഉവിവ എന്നീ ഉത്തരവുകളിലൂടെയാണ് സർവ്വകലാശാല അനദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചത്.

(സി) നിയമന നടപടികൾ നേരത്തെ ആരംഭിച്ചിരുന്ന സർവ്വകലാശാലകൾക്ക് നിലവിലെ നിയമം അനുസരിച്ച് നിയമനം തുടരുന്നതിന് അനുമതി നൽകിയിരുന്നു.

(ഡി) നടപടികൾ സ്വീകരിച്ചുവരികയാണ്.

## റൂസ (RUSA) നടപ്പാക്കാൻ പദ്ധതി

23 (1040) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂസ (RUSA) നടപ്പാക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ, നടത്തിപ്പിന്റെ കേന്ദ്ര സംസ്ഥാന വിഹിതം എന്നിവ വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 'റൂസ' പദ്ധതി നടപ്പാക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര സർക്കാരിനെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ഒരു സമ്മതപത്രം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) 18-നും 23-നും ഇടയ്ക്ക് പ്രായമുള്ള ഇന്ത്യൻ ജനതയുടെ ഉന്നത വിദ്യാഭ്യാസ പ്രവേശനം നിലവിലുള്ള 19.4%-ൽനിന്നും 13-ാം പദ്ധതികാലത്തിനകം 34% ആയി ഉയർത്തുക, Access, Equity, Excellance എന്നിവ മുൻനിർത്തി നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അദ്ധ്യാപകരുടെയും നിലവാരം ഉയർത്തുക, വിദ്യാഭ്യാസ പരീക്ഷാ പരിഷ്കാരം നടപ്പിലാക്കുക, നിലവിലുള്ള തെരെഞ്ഞെടുത്ത കോളേജുകളെ സർവ്വകലാശാലകളായി ഉയർത്തുക, പിന്നോക്ക വിഭാഗങ്ങൾ/വനിതകൾ/ഭിന്നശേഷി യുള്ളവർ എന്നിവർക്ക് ഉന്നത വിദ്യാഭ്യാസരംഗത്ത് തുല്യത ഉറപ്പാക്കുക, ഗവേഷണങ്ങൾക്കും നൂതന ആശയങ്ങൾക്കും പ്രാമുഖ്യം നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഈ പദ്ധതിയുടെ നടത്തിപ്പിന് 65% കേന്ദ്ര വിഹിതവും 35% സംസ്ഥാന സർക്കാർ വിഹിതവുമാണ്.

(സി) ഹയർ എഡ്യൂക്കേഷൻ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി ഒരു ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഒരു പ്രോജക്ട് ഡയറക്ടറേയും അദ്ദേഹത്തിനെ സഹായിക്കാനായി ഒരു സെല്ലും രൂപീകരിച്ചിട്ടുണ്ട്. 12-ാം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 1133.56 കോടി രൂപയുടെ ശിപാർശകൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ റൂസ മിഷൻ ചില വിശദീകരണങ്ങൾ ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ പദ്ധതി പുതുക്കി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ റൂസ ഫണ്ട് നിക്ഷേപിക്കുന്നതിനായി കാനറാ ബാങ്കിൽ ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. റൂസ പദ്ധതിക്കുവേണ്ടി കേന്ദ്രവിഹിതം ഉൾപ്പെടെ 10,35,00,000 രൂപ 2015-16 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## എസ്.എസ്.എൽ.സി. പരീക്ഷാഫലം പരാതികൾക്ക് പരിഹാരം

24 (1041) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2015-ലെ എസ്.എസ്.എൽ.സി. പരീക്ഷാ ഫലപ്രഖ്യാപനവുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിരുന്നു എന്ന് വ്യക്തമാക്കാമോ; ഈ പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ഇനി എത്ര പരാതികൾ പരിഹരിക്കാനുണ്ട് എന്നും വ്യക്തമാക്കാമോ ?

ഉത്തരം

260 പരാതികൾ ലഭിച്ചിട്ടുണ്ട്. 205 പരാതികൾ ഗ്രേസ് മാർക്കുമായി ബന്ധപ്പെട്ടതാണ്. ബാക്കി 55 പരാതികൾ മറ്റ് വിഷയവുമായി ബന്ധപ്പെട്ടതായിരുന്നു. മുഴുവൻ പരാതികളും പരിഹരിച്ചിട്ടുണ്ട്.

## പ്ലസ് ടു വിന് അധിക ബാച്ചുകൾ

25 (1042) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി പ്ലസ്ടുവിന് അധിക ബാച്ചുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് അപേക്ഷകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## സ്കൂൾ പാചക തൊഴിലാളികൾക്ക് നല്കുന്ന ആനുകൂല്യങ്ങൾ

26 (1044) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ പാചക തൊഴിലാളികൾക്ക് നിലവിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ വിശദമാക്കാമോ ;

(ബി) സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ പാചക തൊഴിലാളികൾക്ക് മറ്റ് ജീവനക്കാരെ പോലെ സേവന വേതന വ്യവസ്ഥയിൽ ഉൾപ്പെടുത്തി നിയമനം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 150 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ സ്കൂൾ പ്രവൃത്തിദിനം ദിവസം 200 രൂപ നിരക്കിലും 150-നു മുകളിൽ കുട്ടികളുള്ള സ്കൂളുകളിൽ 200 രൂപയ്ക്കു പുറമെ

കുട്ടിയൊന്നിന് 25 പൈസ നിരക്കിൽ പരമാവധി 250 രൂപ നൽകി വരുന്നു. കൂടാതെ ഓണക്കാലത്ത് ഉത്സവബത്തയും നൽകുന്നുണ്ട്. 2014-ലെ ഓണത്തിന് 1,000 രൂപയാണ് ഉത്സവ ബത്തയായി അനുവദിച്ചിട്ടുള്ളത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## സ്മാർട്ട് ക്ലാസ്

27 (1045) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ മുഴുവൻ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് ആക്കുമെന്ന 2012-13-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) 2012-13 വർഷം ഒരു സ്കൂളിൽ ഒരു സ്മാർട്ട് ക്ലാസ് മുറിയെങ്കിലും നിർമ്മിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ; ഒരു സ്മാർട്ട് ക്ലാസ് റൂം പോലും ഇല്ലാത്ത എത്ര സ്കൂളുകൾ സംസ്ഥാനത്തുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) 2012-13 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച സ്മാർട്ട് ക്ലാസ് റൂം പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിച്ച നടപടികൾ

28 (1046) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ തുറക്കുന്നതിന് മുമ്പായി സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) ബാലാവകാശ കമ്മീഷന്റെ ഉത്തരവുപ്രകാരം എല്ലാ വിദ്യാലയങ്ങളിലും പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത സംവിധാനം ശരിയായവിധം നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്കൂൾ തുറക്കുന്നതിന് മുമ്പായി സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ

മെച്ചപ്പെടുത്തി ശുചിത്വം ഉറപ്പാക്കാനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും എല്ലാ പ്രധാനാദ്ധ്യാപകർക്കും നിർദ്ദേശം നൽകിയിരുന്നു. സർക്കാർ സ്കൂളുകൾക്ക് ഇതിനായി മെയിന്റനൻസ് ഗ്രാന്റും നൽകിയിരുന്നു. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, 12-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക, നബാർഡിൽനിന്നുമുള്ള ധനസഹായം എന്നിങ്ങനെ വിവിധ പദ്ധതികളിലൂടെ അടിസ്ഥാന സൗകര്യം ഒരുക്കിവരുന്നു. എയ്ഡഡ് സ്കൂളുകളിൽ ടി സൗകര്യങ്ങൾ ഒരുക്കുവാൻ ബന്ധപ്പെട്ട മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ബി) ഉണ്ട്.

(സി) പ്രസ്തുത സംവിധാനം ശരിയായവിധം നടപ്പിലാക്കുന്നതിന് സ്കൂൾ പ്രധാനാദ്ധ്യാപകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ ആഫീസർമാർ സ്കൂൾ സന്ദർശന വേളയിൽ ടി സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## അംഗീകാരമില്ലാത്ത സ്കൂളുകൾ

29 (1047) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തണമെന്ന ബാലാവകാശ കമ്മീഷന്റെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എൽ.പി./യു.പി. എന്നിവയുടെ ഘടന പുനർനിർണ്ണയിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കാമോ ;

(സി) എ.പി.എൽ/ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ.ഉ.(കൈ)നമ്പർ154/13/പൊ.വി.വ. തീയതി 3-5-2013 പ്രകാരം വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി ഒന്നുമുതൽ അഞ്ച് വരെ

ക്ലാസ്സുകളെ പ്രൈമറി വിഭാഗത്തിലും ആറ് മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളെ അപ്പർ പ്രൈമറി വിഭാഗത്തിലും ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 6-6-2013-ലെ സർക്കുലർ നമ്പർ എച്ച്1/35486/13 പ്രകാരം 5-ാം ക്ലാസ്സ് ഉൾപ്പെടുന്ന യു.പി.സ്കൂളുകളെ ലോവർ & അപ്പർ പ്രൈമറി സ്കൂളെന്നും 8-ാം ക്ലാസ്സ് ഉൾപ്പെടുന്ന ഹൈസ്കൂളുകളെ അപ്പർ പ്രൈമറി & ഹൈസ്കൂൾ എന്നും പുനർ നാമകരണം ചെയ്യാൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എസ്.എസ്.എ. പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിലെ ഒന്നുമുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിലെ എല്ലാ പെൺകുട്ടികൾക്കും എസ്.സി.-എസ്.റ്റി. ആൺകുട്ടികൾക്കും ബി.പി.എൽ. വിഭാഗം ആൺകുട്ടികൾക്കും കേന്ദ്ര മാനദണ്ഡ പ്രകാരം സൗജന്യ യൂണിഫോം ഏർപ്പെടുത്തിയിരുന്നു. 2013-14 വർഷം മുതൽ അതേ കാറ്റഗറിയിൽപ്പെട്ട എയ്ഡഡ് മേഖലയിലെ വിദ്യാർത്ഥികൾക്കുകൂടി പദ്ധതി വിപുലപ്പെടുത്തി 19-11-2013-ൽ സ.ഉ.(കൈ.) നമ്പർ 298/13 പൊ.വി. പ്രകാരം ഉത്തരവായിരുന്നു. കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ മാനദണ്ഡ പ്രകാരം എ.പി.എൽ. വിഭാഗം ആൺകുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്നതിന് കഴിയുന്നതല്ല.

## എ.എസ്.എ.പി.പദ്ധതി

30 (1048) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിൽ എ.എസ്.എ.പി. പദ്ധതിയുടെ ഭാഗമായി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് നിലവിലുള്ള ഫയലുകൾ ഏതെല്ലാമാണ് ; വിശദമാക്കാമോ ;

(സി) ഈ അദ്ധ്യയന വർഷം മഞ്ചേരി സ്കിൽ പാർക്ക് യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

### <u>ഉത്തരം</u>

(എ) ജി.എച്ച്.എസ്.എസ്. പാണ്ടിക്കാടിൽ സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിന്റെ ആദ്യ പടിയായി സർവ്വേ വർക്കുകൾ പൂർത്തീകരിച്ചുവരുന്നു.

(ബി) ഇത് സംബന്ധിച്ച് നിലവിലുള്ള ഫയലിന്റെ നമ്പർ 36799/സി1/2013/ ഉ.വി.വ. ആണ്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

## സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സർട്ടിഫിക്കറ്റുകളിൽ ജാതി രേഖപ്പെടുത്തൽ

31 (1049) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസ്സുകളിലെ സർട്ടിഫിക്കറ്റുകളിൽ ജാതി രേഖപ്പെടുത്തി നൽകണമെന്ന നിവേദനത്തിന്മേൽ കേന്ദ്ര ഗവൺമെന്റിൽനിന്നും എന്തെങ്കിലും നടപടി സ്വീകരിച്ചതായി അറിയുമോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ അനുകൂല തീരുമാനമുണ്ടാകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇതുസംബന്ധിച്ച അറിയിപ്പുകളൊന്നും കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## കലാ പഠനത്തിനായി യോഗ്യതയുള്ളവരെ നിയമിക്കുന്നത്

32 (1050) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ കലാ പഠനത്തിനായി അവിദഗ്ദ്ധ അദ്ധ്യാപകരെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ഉത്തരവിലെ അശാസ്ത്രീയത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കലാ പഠനത്തിനായി അദ്ധ്യാപന യോഗ്യത നേടിയിട്ടുള്ളവരെ ദിവസക്കൂലി/ താൽക്കാലിക/ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന കാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## എസ്.എസ്.എൽ.സി. പരീക്ഷാഫലത്തിലെ പിഴവുകൾ

33 (1051) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-ൽ പ്രഖ്യാപിച്ച എസ്.എസ്.എൽ.സി. പരീക്ഷാഫലത്തിൽ ഗുരുതരമായ രീതിയിൽ പിഴവുകൾ സംഭവിച്ചതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് നൽകുമോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ ; മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ ഒരു മൂന്നംഗ സമിതിയെ അന്വേഷണത്തിനായി നിയമിച്ചിട്ടുണ്ട്. അന്വേഷണം നടന്നുവരികയാണ്.

(ബി) 2015-എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനത്തിലുണ്ടായ പിഴവുകൾ പഠിക്കാനായി നിയോഗിക്കപ്പെട്ട സമിതി അതിന്റെ നിർദ്ദേശങ്ങൾ അടങ്ങുന്ന റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക്, അവയുടെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും കുറ്റമറ്റതാക്കാനുള്ള കൂടുതൽ നടപടികൾ ആവശ്യമുണ്ടെങ്കിൽ സ്വീകരിക്കുന്നതാണ്.

## എസ്.എസ്.എൽ.സി. പരീക്ഷ ചോദ്യപേപ്പർ

34 (1052) ശ്രീ. സാജു പോൾ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ബി. സത്യൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് വിദ്യാർത്ഥികളുടെ എണ്ണം പരിഗണിക്കാതെ ചോദ്യപേപ്പർ അച്ചടിപ്പിച്ചതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഒരു ചോദ്യപേപ്പർ അച്ചടിക്കുന്നതിനുള്ള ചെലവ് എത്രയെന്ന് കണക്കാക്കി യിട്ടുണ്ടോ ; ഇതുമൂലം സർക്കാരിന് ഉണ്ടായിട്ടുള്ള അധിക ചെലവ് വ്യക്തമാക്കുമോ ;

(സി) ഓൺലൈനായി പരീക്ഷ നടത്തിയ ഐ.റ്റി. വിഷയത്തിനുപോലും

പരീക്ഷ കഴിഞ്ഞതിനുശേഷം ചോദ്യപേപ്പർ അച്ചടിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരത്തിൽ ചോദ്യപേപ്പർ അച്ചടിച്ചത് പ്രസ്തുത പരീക്ഷയുടെ ഗൗരവവും രഹസ്യവും നശിപ്പിക്കുന്നതാണെന്നറിയാമോ ;

(ഇ) ഇത്ര ലാഘവത്തോടെ എസ്.എസ്.എൽ.സി. പരീക്ഷയെ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരുടെ വീഴ്ചയ്ക്കെതിരെ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കിയാണ് ചോദ്യപേപ്പർ അച്ചടിക്കുന്നത്. ചോദ്യപേപ്പർ സ്റ്റേറ്റ്മെന്റ് നൽകുമ്പോൾ A List പൂർത്തീകരിക്കാത്തതിനാൽ 20% എണ്ണം കൂട്ടിയാണ് ചോദ്യപേപ്പർ സ്റ്റേറ്റ്മെന്റ് പ്രിന്റർക്ക് നൽകാറുള്ളത്.

(ബി) എസ്.എസ്.എൽ.സി. പരീക്ഷയുടെ ഒരു ചോദ്യപേപ്പറിനുള്ള അച്ചടി കൂലി പ്രത്യേകമായി കണക്കാക്കിയിട്ടില്ല. പരീക്ഷയുടെ ആകെ ചെലവ് മാത്രമാണ് കണക്കാക്കുന്നത്. 2014 പരീക്ഷയുടെ ആകെ ചെലവ് 1,15,50,475 രൂപയാണ്. 2015-ലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ ചെലവ് കണക്കാക്കി വരുന്നതേയുള്ളൂ.

(സി&ഡി) 2015 വർഷത്തെ കുട്ടികൾക്ക് ഐ.ടി. വിഷയത്തിൽ ഓൺലൈൻ പരീക്ഷ നടത്തിയതിനോടൊപ്പം 20-11-2012-ന് മുമ്പ് പഴയ സ്കീമിൽ ഐ.ടി. വിഷയത്തിന് പാസ്സാകാത്ത കുട്ടികൾക്കുവേണ്ടി ചോദ്യപേപ്പർ അച്ചടിക്കുകയുണ്ടായി. ആയത് പരീക്ഷയുടെ രഹസ്യസ്വഭാവം നിലനിർത്തി തന്നെയാണ് അച്ചടിച്ചിട്ടുള്ളത്.

(ഇ) എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനത്തിൽ ഉണ്ടായ പിഴവുകൾ സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണം നടന്നുവരികയാണ്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## എസ്.എസ്.എൽ.സി. പരീക്ഷാ മൂല്യനിർണ്ണയം

35 (1053) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷാ മൂല്യനിർണ്ണയം സംബന്ധിച്ച് അദ്ധ്യാപക സംഘടനകളിൽനിന്നും പരാതി ലഭിച്ചിരുന്നോ ; പരാതിയും നിർദ്ദേശങ്ങളും പരിഗണിക്കുകയുണ്ടായോ ;

(ബി) മൂല്യനിർണ്ണയത്തിനായി എത്ര ക്യാമ്പുകളാണ് പ്രവർത്തിച്ചിരുന്നത് ; ഈ ക്യാമ്പുകളിലെല്ലാം കൂടി എത്ര അദ്ധ്യാപകരാണ് മൂല്യനിർണ്ണയത്തിൽ പങ്കെടുത്തത് ;

(സി) അദ്ധ്യാപകരുടെ എണ്ണമനുസരിച്ച് എല്ലാ ക്യാമ്പുകളിലും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നോ; ക്യാമ്പുകളിലെ അസൗകര്യങ്ങൾ സംബന്ധിച്ച് പരാതികൾ ഉയർന്നിരുന്നോ; ഇത് സംബന്ധിച്ച അദ്ധ്യാപകരുടെ പ്രതിഷേധത്തിന് പരിഹാരം കാണാൻ കഴിഞ്ഞിരുന്നോ ;

(ഡി) ഇത്തവണ മൂല്യനിർണ്ണയത്തിൽ ഒരദ്ധ്യാപകൻ എത്ര പേപ്പറുകളാണ് മൂല്യനിർണ്ണയം നടത്തേണ്ടിയിരുന്നത് ; മുൻവർഷങ്ങളിൽ ഇത് എത്രയായിരുന്നു ;

(ഇ) മൂല്യനിർണ്ണയം എത്ര ദിവസം കൊണ്ടാണ് പൂർത്തിയാക്കിയത് ; ചുരുങ്ങിയ ദിവസത്തിനുള്ളിൽ മൂല്യനിർണ്ണയം പൂർത്തിയാക്കാൻ നിർദ്ദേശിച്ചതിന്റെ ഉദ്ദേശ്യമെന്തായിരുന്നു ; മൂല്യനിർണ്ണയത്തിന് മതിയായ സമയം ലഭിക്കാത്തത് അപാകതകൾ കടന്നുകൂടുന്നതിനും കാര്യക്ഷമത കുറയുന്നതിനും കാരണമായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) എസ്.എസ്.എൽ.സി. പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് അദ്ധ്യാപക സംഘടനകളുടെ പരാതികളും നിർദ്ദേശങ്ങളും പൂർണ്ണമായും പരിഗണിച്ച് കൊണ്ടുതന്നെയാണ് മുന്നോട്ടുപോയിട്ടുള്ളത്.

(ബി) കേരള സംസ്ഥാനത്തൊട്ടാകെ 54 മൂല്യനിർണ്ണയ ക്യാമ്പുകളാണ് പ്രവർത്തിച്ചിരുന്നത്. ഈ ക്യാമ്പുകളിലെല്ലാംകൂടി 19601 അദ്ധ്യാപകരാണ് മൂല്യ നിർണ്ണയത്തിൽ പങ്കെടുത്തത്.

(സി) കേരള സംസ്ഥാനത്തൊട്ടാകെ 54 ക്യാമ്പുകളിലായിട്ടാണ് മൂല്യനിർണ്ണയം നടത്തിയത്. പ്രസ്തുത ക്യാമ്പുകളിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുവാൻ എല്ലാ ജില്ലകളിലെയും ബന്ധപ്പെട്ട ആഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിൽ അസൗകര്യങ്ങൾ ഉണ്ടായതായി വന്നിട്ടുള്ള പരാതികൾ പരിശോധിക്കുകയും അത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ ഉടൻതന്നെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇംഗ്ലീഷ്, സോഷ്യൽ സയൻസ്, കണക്ക് എന്നീ വിഷയങ്ങൾക്ക് 24 വീതവും മറ്റ് വിഷയങ്ങൾക്ക് 36 വീതവുമാണ് മൂല്യനിർണ്ണയം നടത്തിയിരുന്നത്. മുൻവർഷങ്ങളിലും ഇത്തരത്തിലാണ് മൂല്യനിർണ്ണയം നടത്തിയിരുന്നത്.

(ഇ) പത്ത് ദിവസംകൊണ്ടാണ് മൂല്യനിർണ്ണയം പൂർത്തിയാക്കിയത്. ഇപ്രകാരം മൂല്യനിർണ്ണയം നടത്തിയ കാരണത്താൽ അപാകതകൾ സംഭവിച്ചിട്ടില്ല.

**എസ്.എസ്.എൽ.സി. പരീക്ഷാഫലത്തിലെ പോരായ്മകൾ**

36 (1054) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലത്തെ എസ്.എസ്.എൽ.സി. പരീക്ഷാഫലം വന്നപ്പോൾ പരീക്ഷ എഴുതാത്ത കുട്ടികൾ പാസ്സായി എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ ;

(സി) എത്ര കുട്ടികളുടെ പരീക്ഷാഫലത്തിലാണ് തിരുത്തൽ വേണ്ടി വന്നിട്ടുള്ളത് ;

(ഡി) ഇത്തരത്തിലുള്ള ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തിയിട്ടുണ്ടോ ;

(ഇ) എങ്കിൽ അവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില മൂല്യനിർണ്ണയ ക്യാമ്പുകളിൽ ആബ്സന്റായ കുട്ടികൾക്ക് തെറ്റായി മാർക്ക് എൻട്രി നടത്തിയതുമൂലമാണ് ഇത്തരം പിഴവ് സംഭവിച്ചത്. ആയത് ഉടൻതന്നെ പരിഹരിക്കപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിലെ 54 ക്യാമ്പുകളിലായിട്ടാണ് മൂല്യനിർണ്ണയം നടന്നത്. പ്രസ്തുത ക്യാമ്പുകളിൽനിന്നും ഡബിൾ എൻട്രി നടത്തിയതിനുശേഷം സ്കോർ സൂപ്പർവൈസർമാർ വിശദമായ പരിശോധന നടത്തിയ മാർക്ക് അപ്‌ലോഡ് ചെയ്യണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ചില ക്യാമ്പുകളിൽ ഇതിൽ വീഴ്ച സംഭവിച്ചതായി കരുതുന്നു.

(സി) പരീക്ഷയിൽ ആബ്സന്റായിരുന്ന പത്ത് കുട്ടികൾക്ക് ഇപ്രകാരം തെറ്റായി മാർക്ക് രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയത് അടിയന്തരമായി പരിഹരിച്ചിട്ടുണ്ട്.

(ഡി&ഇ) പരീക്ഷാഫല പ്രഖ്യാപനത്തിൽ ഉണ്ടായിട്ടുള്ള വീഴ്ചകളെക്കുറിച്ച് പഠിക്കാൻ സർക്കാർ തലത്തിൽ രൂപീകരിച്ച സമിതി ഇതേക്കുറിച്ച് സമഗ്രമായി പഠിച്ചുവരികയാണ്. കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## എസ്.എസ്.എൽ.സി. പരീക്ഷയുടെ മൂല്യനിർണ്ണയം

37 (1055) ശ്രീ. ജി. സുധാകരൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ഡോ. കെ. ടി. ജലീൽ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയുടെ മൂല്യനിർണ്ണയം സംബന്ധിച്ച് ഉയർന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മൂല്യനിർണ്ണയ ക്യാമ്പുകളിലെ അദ്ധ്യാപക ബാഹുല്യവും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും മൂല്യനിർണ്ണയത്തെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) മൂല്യനിർണ്ണയം വേഗത്തിൽ തീർക്കുന്നതിന് എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത് ; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത് ; ഇത് സംബന്ധിച്ച സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) എസ്.എസ്.എൽ.സി. ഫലം പ്രഖ്യാപിക്കുന്നതിലുണ്ടായ തിടുക്കം മൂല്യനിർണ്ണ യത്തിന്റെ നിലവാരം കുറയാൻ കാരണമായതായി വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആക്ഷേപങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) മൂല്യനിർണ്ണയ ക്യാമ്പുകളുടെ തുടക്കത്തിൽ ഇപ്രകാരമുള്ള ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇത് പരിഹരിക്കുവാൻ എല്ലാ ജില്ലകളിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുകയും അവ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മൂല്യനിർണ്ണയം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നേരത്തെതന്നെ തീരുമാനങ്ങളെടുത്തിരുന്നു. അത് സംബന്ധിച്ച് പുറപ്പെടുവിച്ച പൊതു നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) മുൻകൂട്ടി നിശ്ചയിച്ച സമയത്തുതന്നെയാണ് 2015-ലെ എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനം നടത്തിയത്. 2015 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ ഉത്തര കടലാസുകളുടെ മൂല്യനിർണ്ണയത്തിൽ യാതൊരു നിലവാര തകർച്ചയും സംഭവിച്ചിട്ടില്ല. മൂല്യനിർണ്ണയം നടത്തിയശേഷം മാർക്കുകൾ എൻട്രി വരുത്തിയതുമായി ബന്ധപ്പെട്ട സാങ്കേതിക തകരാറുകളാണ് ഉണ്ടായിട്ടുള്ളത്.

### എസ്.എസ്.എൽ.സി. പരീക്ഷാഫലത്തിലെ പിഴവുകൾ

38 (1056) ശ്രീ. ജെയിംസ് മാത്യു :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. പരീക്ഷാഫല പ്രഖ്യാപനത്തിൽ പിഴവുകൾ സംഭവിച്ചതിന് കാരണം പരിശോധിച്ചിട്ടുണ്ടോ; അതിന് ഉത്തരവാദികൾ ആയവർ ആരൊക്കെയാണ് ; അവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) അന്യസംസ്ഥാനങ്ങളിൽ ഉപരിപഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ യഥാസമയം വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഈ വിഷയവുമായി ബന്ധപ്പെട്ട് രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) എല്ലാ വിദ്യാർത്ഥികൾക്കും യഥാസമയം സർട്ടിഫിക്കറ്റുകൾ വിതരണം നടത്തുന്നതിന് ആവശ്യമായ ക്രമീകരണം നടത്തിയിട്ടുണ്ട്.

### എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനത്തിലെ പാളിച്ച

39 (1057) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പാളിച്ചകളാണ് വിദ്യാഭ്യാസ വകുപ്പിന് സംഭവിച്ചിട്ടുള്ളത് ;

(ബി) ഇത് സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ആരുടെയെങ്കിലും പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) ഇനിയും ഇതുപോലുള്ള പാളിച്ചകൾ സംഭവിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ചില മൂല്യനിർണ്ണയ ക്യാമ്പുകളിൽനിന്നും അപ്‌ലോഡ് ചെയ്ത മാർക്കുകൾ ചില സാങ്കേതിക തകരാറുകൾമൂലം പൂർണ്ണമായി സർവ്വറിൽ ലഭിക്കാതിരുന്നതും ചില സ്കൂളുകളിൽനിന്നും ഗ്രേസ് മാർക്കുകൾ യഥാസമയം അപ്‌ലോഡ് ചെയ്യാതിരുന്നതും ഉൾപ്പെടെയുള്ള കാരണങ്ങളാൽ ഈ വർഷത്തെ എസ്.എസ്.എൽ.സി. ഫലപ്രഖ്യാപ നത്തിൽ ചില പിഴവുകൾ ഉണ്ടായിട്ടുണ്ട്.

(ബി) റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) ഇതുമായി ബന്ധപ്പെട്ട അന്വേഷണം നടക്കുകയാണ്. ആരുടേയും പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടില്ല.

(ഡി) ഇതിനായി നിയോഗിക്കപ്പെട്ട കമ്മിറ്റി പ്രശ്നത്തിന്റെ വിവിധ വശങ്ങൾ പഠിച്ചുവരികയാണ്. പാളിച്ചകൾ സംഭവിക്കാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ടിന്മേലുള്ള ശിപാർശകൾകൂടി കണക്കിലെടുത്ത് കൂടുതൽ സമഗ്രമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകനിയമനം**

40 (T1058) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അൺഎയ്ഡഡ് സ്കൂളുകളിൽ അന്യസംസ്ഥാനത്ത് നിന്ന് അദ്ധ്യാപകരെ നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് നിലവിൽ തുച്ഛശമ്പളത്തിൽ ജോലിയെടുക്കുന്ന അദ്ധ്യാപകരെ വീണ്ടും ചൂഷണത്തിന് വിധേയമാക്കാൻ ഇടവരുത്തുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് മിനിമംവേതനം നൽകണമെന്ന് കോടതി നിർദ്ദേശമുണ്ടോ ; എങ്കിൽ അത് എത്രയാണെന്ന് വിശദമാക്കുമോ ; അത് നൽകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഈ മേഖലയിൽ അദ്ധ്യാപകർ ചൂഷണം ചെയ്യപ്പെടുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) ഈ മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനവും മറ്റ് ആനുകൂല്യങ്ങളും ജോലി സ്ഥിരതയും ഉറപ്പാക്കുന്നതിന് എന്തെങ്കിലും നിയമം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) ബഹു. ഹൈക്കോടതിയുടെ 30-3-2009-ലെ 2287/09 വിധിപ്രകാരം ശമ്പളം പുതുക്കി നിശ്ചയിച്ച് സ.ഉ.(കൈ) 36/11/പൊ.വി.വ. (തീയതി 14-2-2011) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാറുണ്ട്.

(ഡി) ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പരാതി ലഭിക്കുമ്പോൾ അന്വേഷണം നടത്തി നടപടി സ്വീകരിക്കാറുണ്ട്.

(ഇ) ഉണ്ട്. സ.ഉ.(കൈ) 36/11/പൊ.വി. തീയതി 14-2-2011 (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)*.

(എഫ്) ബാധകമല്ല.

**അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം**

41 (1059) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ; ജില്ല തിരിച്ച് സ്കൂളുകളുടെ പേര് അടക്കമുള്ള വിശദമായ ലിസ്റ്റ് ലഭ്യമാക്കാമോ ;

(ബി) അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതുമൂലം സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കുട്ടികൾ കുറയുന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പാഠ്യപദ്ധതി പിൻതുടരുന്നതും സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ 308 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു.* ഇതിന് പുറമേ ആലപ്പുഴ ജില്ലയിലെ പ്രയാർ ആർ.വി.എസ്.എം. ഹയർസെക്കന്ററി സ്കൂളിലെ എൽ.പി. വിഭാഗത്തിന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2015 മാർച്ച് 3-ലെ സ.ഉ. (കൈ) 863/15/പൊ.വി. ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) അംഗീകാരം നൽകപ്പെട്ട സ്കൂളുകൾ വളരെ വർഷമായി പ്രവർത്തിച്ചുവരുന്ന താകയാൽ അംഗീകാരം നൽകുന്ന കാരണത്താൽ സമീപത്തെ സ്കൂളുകളിൽ കുട്ടികൾ കുറയാൻ സാധ്യതയില്ലായെന്ന് വിലയിരുത്തിയിട്ടുണ്ട്.

**അൺ എക്കണോമിക് ആയി ലിസ്റ്റ് ചെയ്ത സ്കൂളുകൾ**

42 (1060) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അൺ എക്കണോമിക് ആയി എത്ര സർക്കാർ സ്കൂളുകളെ ലിസ്റ്റ് ചെയ്തിട്ടുണ്ട് ; അവയുടെ ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ ?

ഉത്തരം

2014-15 വർഷം വരെ 2532 സ്കൂളുകൾ അൺ എക്കണോമിക് ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. സ്കൂളുകളുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

**ഭൂമി വിൽക്കുന്നതിനുവേണ്ടി എയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടുക**

43 (1061) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയ്ഡഡ് സ്കൂൾ മാനേജർമാർക്ക് ഭൂമി വിൽക്കുന്നതിനുവേണ്ടി സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എയ്ഡഡ് സ്കൂൾ മാനേജർമാർക്ക് മുൻകൂർ നോട്ടീസ് നൽകി സ്കൂൾ അടച്ച് പൂട്ടുന്നതിന് വ്യവസ്ഥ ചെയ്യുന്ന കേരള വിദ്യാഭ്യാസ ചട്ടത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കേരള ഹൈക്കോടതിയിൽനിന്നും സ്കൂൾ മാനേജർമാർ വാങ്ങിയ വിധിക്കെതിരെ സുപ്രീം കോടതിയെ സമീപിക്കുന്നതിനും ഇത് സംബന്ധിച്ച് നിയമ നിർമ്മാണം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സ്കൂളുകളിൽ കുട്ടികൾ കുറവായതുകൊണ്ട് സ്കൂൾ അടച്ചുപൂട്ടുന്നതിന് മാനേജർമാർ നോട്ടീസ് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകുന്നതിന് തീരുമാനിച്ചിട്ടില്ല. എന്നാൽ ഇതുസംബന്ധിച്ച് കേരള വിദ്യാഭ്യാസ നിയമം, ചട്ടം എന്നിവയിൽ ആവശ്യമായ മാറ്റംവരുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

## പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ കുറവ്

44 (1062) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മുതൽ 2015 വരെയുള്ള വിദ്യാഭ്യാസ വർഷങ്ങളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) മേൽ സൂചിപ്പിച്ച വർഷങ്ങളിൽ അൺ എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സിൽ എത്ര വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) പൊതു വിദ്യാലയങ്ങളിൽ കുട്ടികൾ കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 2011 മുതൽ 2015 വരെയുള്ള വിദ്യാഭ്യാസ വർഷങ്ങളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം പട്ടികയായി ചുവടെ ചേർക്കുന്നു :

| വർഷം | എണ്ണം |
|---|---|
| 2011-12 | 323372 |
| 2012-13 | 300098 |
| 2013-14 | 290697 |
| 2014-15 (പ്രൊവിഷണൽ) | 296096 |

(ബി) ഒന്നാം ക്ലാസ്സിൽ അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| <u>വർഷം</u> | <u>എണ്ണം</u> |
|---|---|
| 2011-12 | 43158 |
| 2012-13 | 42569 |
| 2013-14 | 41255 |
| 2014-15 | 41453 |

(സി) പൊതുവിദ്യാലയങ്ങളിൽ കുട്ടികൾ കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. പൊതുവിദ്യാലയങ്ങളെ ശക്തിപ്പെ ടുത്തുന്നതിനും മികവുറ്റതാക്കുന്നതിനുമായി പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്ന പദ്ധതികളോടൊപ്പം ഫോക്കസ് 2015 എന്ന പേരിൽ എസ്.എസ്.എ.യുടെ നേതൃത്വത്തിൽ ഇതിനായി പ്രത്യേക പരിപാടിയും നടപ്പിലാക്കുന്നുണ്ട്.

**എൽ.പി., യു.പി. സ്കൂൾ ഘടനയിൽ മാറ്റം**

45 (1063) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയനവർഷം എൽ.പി., യു.പി. സ്കൂൾ ഘടനയിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽനിന്നും എന്തെങ്കിലും വിധി വന്നിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) അഞ്ചാം ക്ലാസ് എൽ.പി. സ്കൂളിന്റെയും എട്ടാംക്ലാസ് യു.പി. സ്കൂളിന്റെയും ഭാഗമാക്കി പ്രവർത്തിപ്പിക്കാൻ നിർദ്ദേശമുണ്ടെന്ന പത്രവാർത്തയെത്തുടർന്ന് ചില സ്കൂൾ അധികൃതർ കുട്ടികൾക്ക് വിടുതൽ സർട്ടിഫിക്കറ്റ് നൽകുന്നില്ല എന്ന റിപ്പോർട്ട് ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) പരിഗണനയിലില്ല.

(ബി) ഹൈക്കോടതി വിധി നിലവിലില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

**ആർ.എം.എസ്.എ. പദ്ധതി**

46 (1064) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ അനുവദിച്ച കുളിയാട് ഹൈസ്കൂളിൽ അദ്ധ്യാപകരുടെ തസ്തിക അനുവദിക്കാത്തതിനാൽ ഇവിടെയുണ്ടായിരുന്ന യു.പി. സ്കൂളിലെ 7-ാം തരം പാസ്സായ കുട്ടികൾ റ്റി.സി. വാങ്ങി മറ്റ് സ്കൂളിലേക്ക് മാറിപ്പോകുന്നകാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടും നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ഇവിടെ എപ്പോൾ അദ്ധ്യാപകരെ നിയമിക്കും എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) എം.എച്ച്.ആർ.ഡി.-യുടെ അംഗീകാരം ലഭിക്കാത്ത സ്കൂളാണ് കാസർഗോഡ് ജില്ലയിലെ ജി.യു.പി.എസ്. കുളിയാട്. ഈ സ്കൂൾ ഉൾപ്പെടുന്ന 30 സ്കൂളുകളിന്മേൽ തസ്തിക സൃഷ്ടിക്കുന്നതിന് അംഗീകാരമായിട്ടുണ്ട്.

**ആർ.എം.എസ്.എ. പദ്ധതി**

47 (1065) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ. പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര വിദ്യാലയങ്ങൾ യു.പി. സ്കൂളുകളായും ഹൈസ്കൂളുകളായും ഉയർത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പുതുതായി അപ്ഗ്രേഡ് ചെയ്യുന്നതിന് വിദ്യാലയങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വിശദമാക്കാമോ ;

(സി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം പ്രസ്തുത വിദ്യാലയങ്ങൾക്ക്

എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 111 യു.പി. സ്കൂളുകൾ ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്.

(ബി) തയ്യാറാക്കിയിട്ടുണ്ട്. ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്യുന്നതിന് 30 സ്കൂളുകളുടെ പ്രൊപ്പോസൽ എം.എച്ച്.ആർ.ഡി.-ക്ക് സമർപ്പിച്ചുവെങ്കിലും നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. ഇപ്പോൾ ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത 111 സ്കൂളുകളിൽ 2009-10 വർഷം അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകളിൽ 59 സ്കൂളുകൾക്ക് (ഒരു സ്കൂൾ ആരംഭിച്ചിട്ടില്ല) കെട്ടിട നിർമ്മാണത്തിന് ഫണ്ട് നൽകിയിട്ടുള്ളതും ആയത് ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളുടെ നേതൃത്വത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചും വരുന്നു. തുടർന്ന് 2010-11-ൽ അപ്ഗ്രേഡ് ചെയ്ത 36 സ്കൂളുകൾക്കും
2011-12-ൽ അപ്ഗ്രേഡ് ചെയ്ത 16 സ്കൂളുകളുടേയും കെട്ടിട നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത 111 സ്കൂളുകൾക്കും 2015-16-ലെ വാർഷിക പദ്ധതിയിൽ സ്കൂൾ ഒന്നിന് സ്കൂൾ ഗ്രാന്റായി 50,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. കൂടാതെ ഹെഡ്മാസ്റ്റർ ഉൾപ്പെടെ അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുന്നതിന് എം.എച്ച്.ആർ.ഡി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. എം.എച്ച്.ആർ.ഡി.യുടെ അംഗീകാരം ലഭിച്ചിട്ടില്ലാത്ത 30 സ്കൂളുകൾക്ക് സഹായങ്ങൾ ലഭ്യമാക്കാൻ ആർ.എം.എസ്.എ.-യ്ക്ക് നിർവ്വാഹമില്ല. എങ്കിലും ടി സ്കൂളുകളിൽ ആവശ്യമായ തസ്തിക നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഹൈസ്കൂളായി ഉയർത്തിയ സ്കൂളുകൾ

48 (1066) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ. പദ്ധതിപ്രകാരം കണ്ണൂർ ജില്ലയിലെ എത്ര സ്കൂളുകൾ

ഹൈസ്കൂളായി ഉയർത്തിയിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) ഈ സ്കൂളുകളിൽ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) പയ്യന്നൂർ സബ് ജില്ലയിലെ തവിടിശ്ശേരി ഹൈസ്കൂളിൽ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിൽ ആർ.എം.എസ്.എ. പദ്ധതി പ്രകാരം 2010-11-ൽ അപ്ഗ്രേഡ്ചെയ്ത 2 സ്കൂളുകളും 2011-12-ൽ അപ്ഗ്രേഡ് ചെയ്ത 7 സ്കൂളുകളും ഹൈസ്കൂളുകളായി ഉയർത്തിയിട്ടുണ്ട്.

(ബി) സൃഷ്ടിച്ചിട്ടുണ്ട്. 2010-11-ൾ അപ്ഗ്രേഡ് ചെയ്ത 2 സ്കൂളുകളിൽ സർക്കാർ ഉത്തരവ് (കൈ) നമ്പർ 317/2013/പൊ.വി.വ തീയതി, 6-12-2013 പ്രകാരം ഒരു ഹെഡ്മാസ്റ്റർ, 5 ഹൈസ്കൂൾ അദ്ധ്യാപകർ (സയൻസ് -1, കണക്ക്-1, സോഷ്യൽ സയൻസ്-1, മലയാളം-1, ഹിന്ദി-1) ഒരു എഫ്.റ്റി.എം. എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

2011-12-ൽ അപ്ഗ്രേഡ് ചെയ്ത 7 സ്കൂളുകളിൽ സർക്കാർ ഉത്തരവ് (കൈ) നമ്പർ 131/2015/പൊ.വി.വ. തീയതി, 22-5-2015 പ്രകാരം ഒരു ഹെഡ്മാസ്റ്റർ, 6 ഹൈസ്കൂൾ അദ്ധ്യാപകർ (സയൻസ് -1, കണക്ക്-1, സോഷ്യൽ സയൻസ്-1, മലയാളം-1, ഹിന്ദി-1, ഇംഗ്ലീഷ് -1) എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ തവിടിശ്ശേരി ഹൈസ്കൂൾ 2011-12-ൽ അപ്ഗ്രേഡ് ചെയ്ത 16 സ്കൂളുകളിൽ ഉൾപ്പെട്ടതാണ്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 131/2015/പൊ.വി.വ. തീയതി, 22-5-2015 പ്രകാരം ഒരു ഹെഡ്മാസ്റ്റർ, 6 ഹൈസ്കൂൾ അദ്ധ്യാപകർ (സയൻസ് -1, കണക്ക്-1, സോഷ്യൽ സയൻസ്-1, മലയാളം-1, ഹിന്ദി-1, ഇംഗ്ലീഷ്-1) എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**ആർ.എം.എസ്.എ. സ്കൂളുകളിലെ അദ്ധ്യാപകരുടെ കുറവ്**

49 (1067) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ. സ്കൂളുകളിൽ ആവശ്യത്തിന് അദ്ധ്യാപകർ ഇല്ല എന്ന

കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആർ.എം.എസ്.എ. സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;

(സി) ആവശ്യത്തിന് അദ്ധ്യാപകരില്ലാത്ത ആർ.എം.എസ്.എ. സ്കൂളുകളുടെ പട്ടിക ലഭ്യമാക്കാമോ ;

(ഡി) കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗവൺമെന്റ് ഹൈസ്കൂളിൽ അദ്ധ്യാപകരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ പ്രസ്തുത സ്കൂളിൽ അദ്ധ്യാപകരെ നിയമിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആർ.എം.എസ്.എ. സ്കൂളുകളിൽ മറ്റ് സർക്കാർ സ്കൂളുകളെപ്പോലെ അദ്ധ്യാപക നിയമനം നടത്തുന്നത് വിദ്യാഭ്യാസ ഉപഡയറക്ടർമാരാണ്. എം.എച്ച്.ആർ.ഡി. കാലാകാലങ്ങളിൽ അനുവദിച്ചിട്ടുള്ള അദ്ധ്യാപക തസ്തികകൾക്ക് ആർ.എം.എസ്.എ. വഴി ശമ്പളം നൽകുന്നുണ്ട്.

(സി) 2011-12-ൽ അപ്ഗ്രേഡ് ചെയ്ത 16 സ്കൂളുകളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് 22-5-2015-ൽ ഇറങ്ങിയിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ഈ സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കാവുന്നതാണ്. സ്കൂളുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നത് അതാത് വിദ്യാഭ്യാസ ഉപഡയറ ക്ടർമാരാണ്. കാവിലുംപാറ ഗവൺമെന്റ് ഹൈസ്കൂൾ ഉൾപ്പെടെ ആർ.എം.എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ എം.എച്ച്.ആർ.ഡി. മാനദണ്ഡങ്ങൾ ക്കുപരിയായി കെ.ഇ.ആർ. പ്രകാരം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നകാര്യം പരിശോധിച്ച് നടപടിയെടുക്കുന്നതാണ്.

**എൽ.എസ്.എസ്., യു.എസ്.എസ് പരീക്ഷകൾ**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

50 (1068) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷകളിൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഇപ്പോൾ എത്ര രൂപയാണ് സ്കോളർഷിപ്പ് നൽകുന്നത് ; പ്രസ്തുത തുക വർദ്ധിപ്പിക്കു ന്നതിനും യഥാസമയം സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

എൽ.എസ്.എസ്.- 100 രൂപ<br>
യു.എസ്.എസ്.- 150 രൂപ } (മൂന്ന് വർഷം)

തുക വർദ്ധിപ്പിക്കുന്നകാര്യം പരിശോധിക്കുന്നുണ്ട്. വിജയിക്കുന്ന കുട്ടികൾക്കുള്ള സർട്ടിഫിക്കറ്റുകൾ യഥാസമയം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**പ്ലസ് ടു അദ്ധ്യാപക നിയമനം**

51 (1069) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 അദ്ധ്യയന വർഷം പ്ലസ് ടു അനുവദിച്ച സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽപോലും അദ്ധ്യാപകർക്ക് ശമ്പളം കിട്ടുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന് പരിഹാരം കാണാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 2014-15 അദ്ധ്യയനവർഷത്തേയ്ക്ക് പുതിയ ഹയർസെക്കന്ററി സ്കൂളുകളും അധിക ബാച്ചുകളും അനുവദിച്ചപ്പോൾ ടി സ്കൂളുകളിൽ നിശ്ചിത യോഗ്യതയുള്ള ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്താനാണ് 31-7-2014-ലെ സ.ഉ.(കൈ) നമ്പർ 143/14/പൊ.വി. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) ഇതിന് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പ്ലസ് വൺ പ്രവേശനം

52 (1070) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യാർത്ഥികളിൽ ഉപരിപഠനത്തിന് യോഗ്യത നേടിയവർ എത്ര ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) ഉപരിപഠനത്തിന് യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും പ്ലസ് വൺ പ്രവേശനം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദാംശം ലഭ്യമാക്കാമോ ;

(സി) ആന്വൽ സ്റ്റാറ്റസ് എജ്യൂക്കേഷൻ റിപ്പോർട്ട് (ASER) പ്രകാരം സംസ്ഥാനത്തെ പഠനനിലവാരം കുറഞ്ഞുവരുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ ?

### ഉത്തരം

(എ) 461542. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) എസ്.എസ്.എൽ.സി. (കേരള സിലബസ്) സി.ബി.എസ്.ഇ., ഐ.സി. എസ്.ഇ., റ്റി.എച്ച്.എസ്.എൽ.സി. തുടങ്ങിയ സ്കീമുകളിൽ പരീക്ഷ വിജയിച്ചവർക്കും, മറ്റ് സംസ്ഥാനങ്ങളിൽനിന്നും രാജ്യങ്ങളിൽനിന്നും എസ്.എസ്.എൽ.സി.-ക്ക് തുല്യമായ പരീക്ഷ വിജയിച്ചിട്ടുള്ളവർക്കും സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനത്തിനുള്ള അവസരം ലഭ്യമാണ്. സംസ്ഥാനത്തെ വിവിധ സർക്കാർ/ എയ്ഡഡ്/ അൺഎയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനത്തിന് ഈ വർഷം 346995 സീറ്റുകൾ ലഭ്യമാണ്. ഇതിന് പുറമെ വി.എച്ച്.എസ്.ഇ., ഐ.റ്റി.ഐ./ഐ.റ്റി.സി., പോളിടെക്നിക്ക് എന്നിവിടങ്ങളിലും ഉപരിപഠനത്തിനായി സീറ്റുകൾ ലഭ്യമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പ്ലസ് വൺ സീറ്റുകൾ

53 (1071) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇത്തവണത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ എത്ര വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടി ;

(ബി) സർക്കാർ, എയ്ഡഡ് മേഖലകളിലെ സ്കൂളുകളിൽ പ്ലസ്‌വൺ സീറ്റുകൾ എത്ര എണ്ണമാണ് നിലവിലുള്ളത് ;

(സി) അൺഎയ്ഡഡ് മേഖലയിൽ കഴിഞ്ഞ വർഷം എത്ര കുട്ടികളാണ് പ്ലസ് വൺ പരീക്ഷ എഴുതിയത് ;

(ഡി) ഈ വർഷം സർക്കാർ, എയ്ഡഡ് മേഖലകളിൽ എത്ര പ്ലസ് വൺ സീറ്റുകളാണ് പുതുതായി അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 461542.

(ബി) സംസ്ഥാനത്ത് 2015-16 അദ്ധ്യയന വർഷം പ്ലസ് വൺ-ന് സർക്കാർ മേഖലയിൽ 137150 സീറ്റുകളും എയ്ഡഡ് മേഖലയിൽ 154215 സീറ്റുകളും ലഭ്യമാണ്.

(സി) 2015 മാർച്ചിൽ അൺ എയ്ഡഡ് മേഖലയിൽനിന്നും 34,639 കുട്ടികൾ ഒന്നാംവർഷ ഹയർസെക്കന്ററി പരീക്ഷയും 40,023 കുട്ടികൾ രണ്ടാംവർഷ ഹയർ സെക്കന്ററി പരീക്ഷയും എഴുതി.

(ഡി) ഈ വർഷം സർക്കാർ, എയ്ഡഡ് മേഖലയിൽ ഇനി പുതുതായി പ്ലസ് വൺ സീറ്റുകൾ അനുവദിക്കാൻ ഇപ്പോൾ സർക്കാർ ഉദ്ദേശിക്കുന്നില്ല.

## പുതിയ ഹയർസെക്കന്ററി സ്കൂളുകൾ

54 (1073) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം പുതുതായി ഹയർസെക്കന്ററി സ്കൂളുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ ;

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞവർഷം സർക്കാർ, എയ്ഡഡ് , അൺ എയ്ഡഡ് മേഖലകളിൽ പ്ലസ് വൺ സീറ്റുകൾ ഒഴിഞ്ഞ് കിടക്കവേ പുതിയ ഹയർസെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ;

(സി) കുട്ടികളുടെ എണ്ണം, അടിസ്ഥാന സൗകര്യം തുടങ്ങിയവ പഠന വിധേയമാക്കാതെ പുതിയ ഹയർസെക്കന്ററി സ്കൂളുകൾ തുടങ്ങിയാൽ ആയത് ഭാവിയിൽ സർക്കാരിന് വലിയ ബാധ്യതയാകുമെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ&ബി) ഈ വർഷം ഇനി പുതുതായി ഹയർസെക്കന്ററി സ്കൂളുകൾ അനുവദിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

(സി) ഉണ്ട്.

**ഹയർസെക്കന്ററി കോമേഴ്സ് അദ്ധ്യാപക ഒഴിവുകൾ**

55 ([T]1074) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി കോമേഴ്സ് (സീനിയർ/ജൂനിയർ, നോൺ വൊക്കേഷണൽ) അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ സീനിയർ ജൂനിയർ വിഭാഗങ്ങളിലായി എത്ര പേരെ പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തസ്തികകളിലെ എല്ലാ ഒഴിവുകളും നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) ഹയർസെക്കന്ററി കോമേഴ്സ് (സീനിയർ) അദ്ധ്യാപകരുടെ 32 ഒഴിവുകളും ഹയർസെക്കന്ററി കോമേഴ്സ് (ജൂനിയർ) അദ്ധ്യാപകരുടെ 358 ഒഴിവുകളും നോൺ വൊക്കേഷണൽ കോമേഴ്സ് (സീനിയർ) അദ്ധ്യാപകരുടെ 21 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നോൺ വൊക്കേഷണൽ വിഭാഗത്തിലെ 21 ഒഴിവുകളിൽ
17 എണ്ണം നേരിട്ടുള്ള നിയമനത്തിനും 4 എണ്ണം മിനിസ്റ്റീരിയൽ വിഭാഗത്തിൽനിന്നും ബൈട്രാൻസ്ഫർ മുഖാന്തിരമുള്ള നിയമനത്തിനുമുള്ളതാണ്.

(ബി) ഹയർസെക്കന്ററി കോമേഴ്സ് (സീനിയർ) വിഭാഗത്തിൽ 32 പേരെയും ജൂനിയർ വിഭാഗത്തിൽ 356 പേരെയും വൊക്കേഷണൽ വിഭാഗത്തിൽ 17 പേരെയും പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

## ഹയർസെക്കന്ററി സ്കൂളുകളിൽ അനുവദിച്ച സീറ്റുകൾ

56 (1075) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർസെക്കന്ററി സ്കൂളുകളിൽ എത്ര സീറ്റുകൾ അനുവദിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) 2012-13, 2013-14, 2014-15 അദ്ധ്യയന വർഷങ്ങളിൽ ഓരോ ജില്ലയിലും എത്ര സീറ്റുകൾ അനുവദിച്ചിരുന്നു; അതിൽ എത്ര സീറ്റുകൾ ഒഴിഞ്ഞുകിടന്നു; വിശദമാക്കാമോ ;

(സി) കുട്ടികളുടെ എണ്ണം കണക്കിലെടുക്കാതെ ബാച്ചുകൾ അനുവദിച്ചതുമൂലമാണ് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശി ക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 346995 സീറ്റുകൾ. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി

ചേർക്കുന്നു*

(ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) ഉണ്ട്. എന്നാൽ ഇത്തരം സീറ്റുകൾ ഏറെയും അൺഎയ്ഡഡ് മേഖലയിലാണ്. സർക്കാർ/എയ്ഡഡ് മേഖലയിൽ ഒഴിവ് വന്ന സീറ്റുകൾ ഏറെയും പിന്നോക്ക പ്രദേശങ്ങളിലും യാത്രാ സൗകര്യം കുറഞ്ഞ പ്രദേശങ്ങളിലുമാണ്.

**ഹയർ സെക്കന്ററി കോമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ**

57 (1076) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി കോമേഴ്സ് അദ്ധ്യാപകരുടെ ജൂനിയർ, സീനിയർ വിഭാഗങ്ങളിൽ എത്ര സ്ഥിരം ഒഴിവുകൾ 31-3-2015 വരെ നിലവിലുണ്ട് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) ഇനി റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ എത്രയാണ് ;

(ഡി) നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത തസ്തികകളിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിൽനിന്ന് എത്രപേർക്ക് നിയമനം നൽകിയെന്നറിയിക്കുമോ ;

(എഫ്) റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ പേർക്കും നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ജി) അഡ്വൈസ് അയച്ചിട്ടും ജോയിൻ ചെയ്യാത്ത ജൂനിയർ/സീനിയർ ടീച്ചർമാരുടെ കണക്ക് വ്യക്തമാക്കാമോ ; പ്രസ്തുത ഒഴിവുകൾകൂടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**എച്ച്.എസ്.എസ്.ടി.അദ്ധ്യാപക തസ്തികകളിലെ പ്രശ്നങ്ങൾ**

58 (1078) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി വിഭാഗത്തിൽ നിലനിൽക്കുന്ന എച്ച്.എസ്.എസ്.ടി. സീനിയർ, ജൂനിയർ വിഭാഗം അദ്ധ്യാപക തസ്തികകളിൽ ഉണ്ടായിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നയം വ്യക്തമാക്കാമോ ;

(ബി) 2015 മേയ് 31 വരെയുള്ള കണക്ക് അനുസരിച്ച് ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ എച്ച്.എസ്.എസ്.ടി. ഹിന്ദി സീനിയർ വിഭാഗത്തിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമോ ; എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു എന്നറിയിക്കാമോ ?

ഉത്തരം

(എ) ഹയർസെക്കന്ററി ജൂനിയർ അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകുന്നത് സംബന്ധിച്ച് ലബ്ബ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള 8-1-2015-ലെ ഉദ്യോഗസ്ഥതല യോഗത്തിൽ ഹയർസെക്കന്ററി അദ്ധ്യാപകരുടെ എൻടി കേഡർ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ)-നെ പുനഃനാമകരണം ചെയ്ത് എച്ച്.എസ്.എസ്.റ്റി. ആക്കുവാനും എച്ച്.എസ്.എസ്.റ്റി. തസ്തികയെ എച്ച്.എസ്.എസ്.റ്റി (സീനിയർ) എന്ന് പുനഃനാമകരണംചെയ്ത് എച്ച്.എസ്.എസ്.റ്റി.യുടെ പ്രൊമോഷൻ തസ്തിക ആക്കുവാനും എച്ച്.എസ്.എസ്.റ്റി., എച്ച്.എസ്.എസ്.റ്റി (സീനിയർ) എന്നീ തസ്തികകൾ 1:1 എന്ന അനുപാതത്തിൽ നിർണ്ണയിക്കുവാനും തീരുമാനിച്ചെങ്കിലും അദ്ധ്യാപക സംഘടനകൾ ഒന്നടങ്കം എതിരഭിപ്രായം ഉന്നയിച്ചതിനാൽ, നിലവിലുള്ളരീതി തന്നെ തുടരാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിൽ 9 ഒഴിവുകളുണ്ട്.

(സി) ഹിന്ദി സീനിയർ തസ്തികയിലെ നിലവിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടില്ല. സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം പ്രൊബേഷൻ പൂർത്തീകരിച്ച് പ്രൊമോഷന് യോഗ്യരായ ജൂനിയർ അദ്ധ്യാപകർ നിലവിലുള്ളതിനാൽ ഹിന്ദി സീനിയർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ തസ്കികമാറ്റ നിയമനം നൽകുന്നതിനുവേണ്ടി നീക്കിവച്ചിരിക്കുകയാണ്.

**എച്ച്.എസ്.എസ്.റ്റി. സീനിയർ തസ്തികയിലെ നിയമനം**

59 (1079) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എച്ച്.എസ്.എസ്.റ്റി. സീനിയർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനം റദ്ദാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കാമോ ;

(ബി) എങ്കിൽ പ്രസ്തുത ഒഴിവുകൾ ഏത് രീതിയിൽ നികത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഒഴിവുകൾക്ക് ആനുപാതികമായി ജൂനിയർ തസ്തികയിൽ നേരിട്ടുള്ള നിയമനം നടത്തുമോ ;

(ഡി) എങ്കിൽ പ്രസ്തുത ഉത്തരവുകൾ തസ്തികമാറ്റംവഴിയുള്ള നിയമനത്തിനും ബാധകമാണോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

### എച്ച്.എസ്.എസ്.റ്റി. മാരുടെ പൊതു സ്ഥലമാറ്റം

60 (1080) ശ്രീ. കെ. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എസ്.റ്റി.-മാർക്ക് പൊതു സ്ഥലമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ടോ; ആയത് അംഗീകരിച്ചിട്ടുണ്ടോ ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത മാനദണ്ഡപ്രകാരം എച്ച്.എസ്.എസ്.റ്റി.-മാരുടെ 2015 വർഷത്തെ പൊതുസ്ഥലമാറ്റത്തിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) പൊതുസ്ഥലമാറ്റം ഈ വർഷം നടത്തുന്നതിനു എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് മാനദണ്ഡങ്ങൾ അനുസരിച്ചുള്ള സ്ഥലം മാറ്റത്തിനുള്ള നടപടികൾ ഈ വർഷം തന്നെ സ്വീകരിക്കുമോ ; ഈ അദ്ധ്യയന വർഷം തന്നെ എച്ച്.എസ്.എസ്.റ്റി.-മാരുടെ പൊതുസ്ഥലം മാറ്റം നടക്കുമോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 27-5-2015-ലെ സ.ഉ.(പി) 143/2015/പൊ.വി.വ. ഉത്തരവ് പ്രകാരം സർക്കാർ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).*

(ബി) പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ ഓൺലൈൻ മുഖാന്തരം ക്ഷണിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) ഇല്ല. ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ പൊതുസ്ഥലം മാറ്റത്തിന്റെ ഓൺലൈൻ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നത് കേന്ദ്ര ഏജൻസിയായ എൻ.ഐ.സി. ആണ്. പുതുക്കിയ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ അനുസരിച്ച് സോഫ്റ്റ്‌വെയർ വിപുലപ്പെടുത്തുന്നതിന് സമയം ആവശ്യമാണ്.

(ഡി) മാനദണ്ഡങ്ങൾ അനുസരിച്ച് പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖാന്തരം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി

61 (1081) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം നൽകുന്ന പദ്ധതി ഈ അദ്ധ്യയന വർഷവും നടപ്പാക്കുന്നുണ്ടോ ;

(ബി) കഴിഞ്ഞവർഷം കേന്ദ്രീകൃതമായി സർക്കാർ ഏർപ്പെടുത്തിയ ഏജൻസിവഴി മാത്രം യൂണിഫോം വിതരണം ചെയ്തതുമൂലം അദ്ധ്യയന വർഷം അവസാനിക്കാറായിട്ടും പല സ്കൂളുകളിലും യൂണിഫോം എത്തിയിരുന്നില്ല എന്നത് പരിഗണിച്ച് ഈ വർഷം അതാത് സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് യൂണിഫോമിനുള്ള തുക നേരിട്ട് നൽകാൻ തയ്യാറാകുമോ ;

(സി) മുൻവർഷങ്ങളെ അപേക്ഷിച്ച് വില വളരെ ഉയർന്ന സാഹചര്യത്തിൽ, യൂണിഫോമിന് നൽകുന്ന തുക വർദ്ധിപ്പിച്ചു നൽകാൻ തയ്യാറാകുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വർഷം സ്കൂൾ എസ്.എം.സി. വഴി അതത് സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് യൂണിഫോമിനുള്ള തുക നൽകിക്കഴിഞ്ഞു.

(സി) കേന്ദ്രത്തിൽനിന്നും അനുവദിക്കുന്ന തുക മാത്രമേ യൂണിഫോമിനായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എസ്.എസ്.എ.-യ്ക്ക് നൽകാൻ സാധിക്കുകയുള്ളൂ.

**അരൂർ മണ്ഡലത്തിലെ എസ്.എസ്.എ. പ്രവർത്തനങ്ങൾ**

62 (1082) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.എസ്.എ. ഫണ്ടിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ ?

ഉത്തരം

അരൂർ മണ്ഡലത്തിൽ എസ്.എസ്.എ. ഫണ്ടിൽ ഉൾപ്പെടുത്തി നടന്നിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

**സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി**

63 (1084) ശ്രീ. എ. കെ. ബാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ യൂണിഫോം പദ്ധതി എത്രത്തോളം ഫലപ്രദമായി നടപ്പാക്കി ; ഇല്ലെങ്കിൽ കാരണം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) യൂണിഫോം വിതരണത്തിൽ മുൻസർക്കാരിന്റെ കാലത്തുണ്ടായിരുന്ന നടപടി ക്രമങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത് ; ഇതിനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ ;

(സി) അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം യഥാസമയം ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷമുള്ള യൂണിഫോം വിതരണത്തിൽ തുടർച്ചയായി ന്യൂനതകൾ സംഭവിക്കുന്നു എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) കഴിഞ്ഞ അദ്ധ്യയനവർഷത്തെ യൂണിഫോം വിതരണം സർക്കാർ എയ്ഡഡ് മേഖലയിൽ എന്നാണ് പൂർത്തിയായതെന്നും എത്ര വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ടെന്നും യുണിഫോമിന് വകയിരുത്തിയ ഫണ്ടും ചെലവായ തുകയും എത്രയെന്നുമുള്ള വിവരങ്ങൾ നൽകാമോ ; കുടിശ്ശിക നൽകാനുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) നടപ്പ് അദ്ധ്യയന വർഷാരംഭത്തിൽ തന്നെ യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ യൂണിഫോം പദ്ധതി ഫലപ്രദമായി നടപ്പിലാക്കിവരുന്നു.

(ബി) മുൻസർക്കാരിന്റെ കാലത്ത് എസ്.എസ്.എ.വഴി യൂണിഫോം വിതരണം നടത്തിയിരുന്നില്ല.

(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) കഴിഞ്ഞ അദ്ധ്യയനവർഷത്തെ യൂണിഫോം വിതരണം സർക്കാർ/ എയ്ഡഡ് മേഖലയിൽ ഡിസംബറിൽ പൂർത്തിയായി. 715803 കുട്ടികൾക്ക് വകയിരുത്തിയ ഫണ്ട് 3121.77 ലക്ഷം രൂപയും ചെലവഴിച്ച ഫണ്ട് 2863.21 ലക്ഷം രൂപയുമാണ്. കുടിശ്ശികയില്ല.

(എഫ്) ഉണ്ട്. 2015 ജൂലൈ 15-നകം അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികളും പുതിയ യൂണിഫോം ധരിച്ച് സ്കൂളുകളിൽ എത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കരകുളം ഗവൺമെന്റ് എച്ച്.എസ്.എസ്-ലെ എച്ച്.എസ്.എസ്. റ്റി. മലയാളം (സീനിയർ) തസ്തിക ഒഴിവ്**

64 (1085) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ കരകുളം ഗവൺമെന്റ് എച്ച്.എസ്.എസ്.-ലെ എച്ച്.എസ്.എസ്.റ്റി. മലയാളം (സീനിയർ) തസ്തിക നിലവിൽ ഒഴിഞ്ഞുകിടക്കുകയാണോ ;

(ബി) പ്രസ്തുത തസ്തികയിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ; ഇത് ഏതെല്ലാം ജില്ലകളിൽ നിന്നാണെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത തസ്തികയിലേക്ക് സ്ഥലം മാറ്റം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ മുൻഗണനാക്രമത്തിൽ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഒഴിഞ്ഞുകിടക്കുന്നു. ടി ഒഴിവിലേയ്ക്ക് നിയമനത്തിനായി പാലക്കാട്, എറണാകുളം, കോട്ടയം, ആലപ്പുഴ ജില്ലകളിൽ നിന്നായി 4 അപേക്ഷകളും കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരപേക്ഷയും ലഭിച്ചിട്ടുണ്ട്.

(സി) 27-5-2015 സ.ഉ.(പി) നമ്പർ 143/2015 പൊ.വി.വ എന്ന ഉത്തരവ് പ്രകാരമാണ് സ്ഥലംമാറ്റം നടത്തുന്നത്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)*.

**എയ്ഡഡ് വിദ്യാലയങ്ങൾ**

65 (1086) <u>ശ്രീമതി ജമീലാ പ്രകാശം</u> :
<u>ശ്രീ. മാത്യു. റ്റി. തോമസ്</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ എയ്ഡഡ് വിദ്യാലയങ്ങൾ എയ്ഡഡ് വിദ്യാലയങ്ങളാക്കി മാറ്റി ;

(ബി) ജില്ലതിരിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) അതിനുവേണ്ടി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) അഞ്ച് അൺഎയ്ഡഡ് സ്പെഷ്യൽ സ്കൂളുകൾക്കും (അന്ധർ/ബധിരർ) മൂന്ന് എയ്ഡഡ് സ്പെഷ്യൽ സ്കൂളുകളിലെ അൺഎയ്ഡഡ് ഹൈസ്കൂൾ വിഭാഗത്തിനും മൂന്ന് എയ്ഡഡ് ഹൈസ്കൂളിലെ അൺഎയ്ഡഡ് ഹയർസെക്കന്ററി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിഭാഗത്തിനും എയ്ഡഡ് പദവി അനുവദിച്ചിട്ടുണ്ട്. അപ്രകാരം 11 സ്കൂളുകൾക്കാണ് എയ്ഡഡ് പദവി നൽകിയിട്ടുള്ളത്.

(ബി) പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ 1 വീതവും മലപ്പുറം ജില്ലയിൽ നാലും എറണാകുളം ജില്ലയിൽ മൂന്നും അൺഎയ്ഡഡ് വിദ്യാലയങ്ങളെയാണ് എയ്ഡഡ് വിദ്യാലയങ്ങളാക്കി മാറ്റിയത്.

(സി) പ്രത്യേക കേസായി പരിഗണിച്ചുകൊണ്ടാണ് മേൽ 11 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടുള്ളത്.

## അടൂർ വിദ്യാഭ്യാസ ജില്ലാ രൂപീകരണം

66 (1088) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; അടൂർ വിദ്യാഭ്യാസ ജില്ലാ രൂപീകരണത്തിനുള്ള കാലവിളംബത്തിന്റെ കാരണം വിശദമാക്കുമോ ;

(ബി) അദ്ധ്യാപകരുടെയും/പൊതുജനങ്ങളുടെയും നിരന്തര ആവശ്യമായ പ്രസ്തുത വിദ്യാഭ്യാസ ജില്ലാ രൂപീകരണം സമയബന്ധിതമായി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ&ബി) അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് അയച്ചുതന്ന പ്രൊപ്പോസൽ ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിരുന്നു. എന്നാൽ ടി ശിപാർശ ധനകാര്യവകുപ്പ് അംഗീകരിക്കുകയുണ്ടായില്ല. ധനകാര്യവകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കേണ്ടതില്ല എന്ന് തീരുമാനമെടുത്തിട്ടുണ്ട്. ഹെഡ്മാസ്റ്റർമാർക്ക് ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് അധികാരം നൽകിയിട്ടുള്ളതിനാലും ശമ്പള ബില്ലുകൾ SPARK മുഖേന ചെയ്യുന്നതിനാലും വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ജോലിഭാരം കുടുതൽ ലഘൂകരിച്ചിട്ടുള്ളതിനാലും അടൂർ കേന്ദ്രമായി പുതിയ ഒരു വിദ്യാഭ്യാസ ജില്ലയ്ക്ക് പ്രസക്തിയില്ല.

## ശ്രീമതി കെ. എം. സ്വപ്നകുമാരിക്ക് ആശ്രിതനിയമനം

67 (1089) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈനിക സേവനത്തിലിരിക്കെ മരണപ്പെട്ട നായിക് മനോജ് കുമാറിന്റെ ഭാര്യ ശ്രീമതി കെ. എം. സ്വപ്നകുമാരിക്ക് കണ്ണൂർ ജില്ലയിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ആശ്രിതനിയമനം അനുവദിച്ചുകൊണ്ടുള്ള പൊതുഭരണ വകുപ്പിന്റെ ഉത്തരവ്
ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശ്രീമതി കെ. എം. സ്വപ്നകുമാരിക്ക് നിയമന ഉത്തരവ് നൽകാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശ്രീമതി കെ. എം. സ്വപ്നകുമാരിക്ക് നിയമനം നൽകുന്നതിന് ഒഴിവുകൾ തൽക്കാലം നിലവിലില്ല. ഒഴിവ് ഉണ്ടാകുന്നമുറയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**അതുല്യം പദ്ധതി**

68 (1090) <u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അതുല്യം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പദ്ധതി ആരെല്ലാമായി സഹകരിച്ചാണ് നടത്തുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) അതുല്യം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പരിധിയിൽ വരുന്ന 15 മുതൽ 50 വയസ്സ് വരെ പ്രായമുള്ള പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാതെപോയ മുഴുവൻ പേർക്കും പ്രാഥമിക വിദ്യാഭ്യാസം നൽകി കേരളത്തെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമെന്ന പദവി കൈവരിക്കുക എന്നതാണ് അതുല്യം പദ്ധതി ലക്ഷ്യംവയ്ക്കുന്നത്.

(സി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ പഞ്ചായത്ത്, സാമൂഹ്യക്ഷേമം, നഗരകാര്യം, ന്യൂനപക്ഷ ക്ഷേമം, ഗ്രാമവികസനം, സഹകരണം, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കിവരുന്നത്.

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സംഘാടക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നടക്കുന്ന എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അതത് സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാർ ചെയർമാനായിട്ടുള്ള സംഘാടക സമിതിയും വാർഡ് തലങ്ങളിൽ വാർഡ് മെമ്പർമാർ ചെയർമാനായിട്ടുള്ള വാർഡ്തല സമിതിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സംസ്ഥാന സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ അതുല്യം സ്റ്റേറ്റ് സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഈ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ജില്ലകളെ നാല് മേഖലകളായി തിരിച്ച് മുൻപരിചയമുള്ള നാല് ജില്ലാ കോ-ഓർഡിനേറ്റർമാരെ മേഖലാ തലത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനുമായി മേഖലാ കോ-ഓർഡിനേറ്റർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അതുല്യം പദ്ധതിക്കായി തെരഞ്ഞെടുത്ത റിസോഴ്സ് പേഴ്സൺമാർ, കീ റിസോഴ്സ് പേഴ്സൺമാർ, ഇൻസ്ട്രക്ടർമാർ, പ്രേരക്മാർ എന്നിവർക്ക് ജില്ലാതലങ്ങളിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, ഡയറ്റ് പ്രിൻസിപ്പൽമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർ എന്നിവരെ ഉൾപ്പെടുത്തി അതുല്യം പദ്ധതിയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി വീഡിയോ കോൺഫറൻസ് നടത്തുകയുണ്ടായി. ജില്ലാ കോ-ഓർഡിനേറ്റർമാരേയും മേഖലാ കോ-ഓർഡിനേറ്റർമാരേയും ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ പദ്ധതി അവലോകന യോഗങ്ങളും

നടത്തിയിട്ടുണ്ട്.

## സംസ്ഥാന സ്കൂൾ കലോൽസവത്തിൽ അപ്പീൽവഴി പങ്കെടുക്കുന്നവരുടെ എണ്ണത്തിലുള്ള വർദ്ധനവ്

69 (1091) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ അദ്ധ്യയന വർഷത്തെ സംസ്ഥാന സ്കൂൾ കലോൽസവത്തിൽ വിവിധ മത്സരങ്ങളിലായി എത്ര കുട്ടികൾ പങ്കെടുത്തു ;

(ബി) ഇതിൽ ജില്ലാ മത്സരങ്ങളിൽ വിജയിച്ച് അർഹത നേടിയവർ എത്രയായിരുന്നു ; അപ്പീൽവഴി പങ്കെടുത്തവരുടെ എണ്ണമെത്ര ;

(സി) വർഷംപ്രതി അപ്പീലുകളുടെ എണ്ണം വർദ്ധിച്ചുവരുന്നത് കലോത്സവത്തെ എങ്ങനെയെല്ലാം പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) അപ്പീലുകളുടെ ബാഹുല്യം സംബന്ധിച്ച് ഹൈക്കോടതി പരാമർശം ഉണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഇ) അപ്പീലുകളുടെ എണ്ണം കുറയ്ക്കുന്നതിനും കലോൽസവം കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; കലോത്സവ മാന്വലിൽ മാറ്റം വരുത്തുവാൻ ഉദ്ദേശ്യമുണ്ടോ ?

### ഉത്തരം

(എ) 15266 കുട്ടികൾ പങ്കെടുത്തു.

(ബി) ജില്ലാ മത്സരങ്ങളിൽ വിജയിച്ച് അർഹത നേടിയവർ 8991.

അപ്പീൽ വഴി പങ്കെടുത്തവർ 6275.

(സി) അപ്പീലുകൾ ക്രമാതീതമായി വർദ്ധിക്കുന്നത് കലോൽസവത്തിന്റെ സുഗമമായ നടത്തിപ്പിനെ സാരമായി ബാധിച്ചിട്ടുണ്ട്. പല മത്സര ഇനങ്ങളും രാപ്പകലെന്യെ നീളുന്ന അവസ്ഥ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ കലോത്സവത്തിൽ ചില മത്സരങ്ങൾ പൂർത്തിയാക്കുന്നതിന് 24 മണിക്കൂറിലും കൂടുതൽ സമയം എടുത്തിട്ടുണ്ട്. ഇത് മത്സര നടത്തിപ്പിനെയും മത്സരാർത്ഥികളെയും വിധികർത്താക്കളെയും വളരെയധികം ബുദ്ധിമുട്ടിച്ചിട്ടുണ്ട്.

(ഡി) ഹൈക്കോടതി പരാമർശം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കലോത്സവ മാന്വലിൽ മാറ്റംവരുത്തുന്നകാര്യം പരിശോധിക്കുന്നതാണ്.

## സ്കൂൾ പാഠപുസ്തക അച്ചടി

70 (1092) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ അദ്ധ്യയന വർഷത്തേക്ക് ആവശ്യമായ സ്കൂൾ പാഠപുസ്തക അച്ചടി നിർവ്വഹിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമായി അറിയിക്കുമോ ;

(ബി) നടപ്പ് അദ്ധ്യയന വർഷത്തെ സ്കൂൾ പാഠപുസ്തക അച്ചടി ജോലികൾ സർക്കാർ പ്രസ്സുകളെ ഏല്പിച്ചത് എന്നുമുതലാണ് എന്ന് വ്യക്തമാക്കുമോ ;

(സി) അച്ചടി നിർവ്വഹിക്കാനാവശ്യമായ പേപ്പറും മഷിയും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ അച്ചടി വകുപ്പിന് എത്തിക്കുവാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ആരെയെന്ന് അറിയിക്കുമോ ;

(ഡി) വിദ്യാഭ്യാസ വകുപ്പും അച്ചടി വകുപ്പും നേരിട്ട് ഇത്തരം പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് തടസ്സങ്ങളുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

### ഉത്തരം

(എ) മധ്യവേനലവധിക്കാലത്തുതന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കത്തക്കവിധം 2014 നവംബർ മാസംതന്നെ പേപ്പർ വാങ്ങുന്നതിനുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ മാറ്റമുള്ള ക്ലാസ്സുകളായ 2,4,6,8 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ ടൈറ്റിലുകളും പാഠസംഗ്രഹവും ജനുവരി മാസം എസ്.സി.ഇ.ആർ.ടി.യിൽനിന്ന് ലഭിച്ച ഉടൻതന്നെ ജനുവരി 2015-ൽ ഐ.ടി. സ്കൂൾ വെബ്സൈറ്റിൽ സ്കൂളുകളിൽനിന്ന് ലഭിച്ച ഇൻഡന്റും ഉൾക്കൊള്ളിച്ച് ഫൈനൽ പ്രിന്റ് ഓർഡർ കെ.ബി.പി.എസ്.-ന് ജനുവരി മാസം കൈമാറുകയുണ്ടായി. അച്ചടിയുടെ പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ടായിരുന്നു. സർക്കാർ സംഘടിപ്പിച്ച ഉന്നതതലയോഗങ്ങളിൽ അതാത് സമയത്തെ അച്ചടി, വിതരണം എന്നിവയിലെ തടസ്സങ്ങൾ സംബന്ധിച്ച് അവലോകനം ചെയ്തിരുന്നു. 2015-16 അദ്ധ്യയന വർഷത്തെ ഹയർസെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും 2015 ഫെബ്രുവരി മാസത്തിൽതന്നെ കേരള സർക്കാരിന് കീഴിലുള്ള C-apt എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്. Accountancy Part II, Themes in Kerala History എന്നീ രണ്ട് പുസ്തകങ്ങളൊഴികെ ബാക്കിയെല്ലാ പുസ്തകങ്ങളും

അച്ചടി പൂർത്തിയാക്കി വിതരണം നടത്തിയിട്ടുണ്ട്. ജൂലൈ 15-നകം അച്ചടി പൂർത്തീകരിക്കുന്നതും 31-നകം വിതരണം ചെയ്യുന്നതുമാണ്.

(ബി) 12-5-2015-ലെ സർക്കാർ കത്ത് നമ്പർ 13473/H3/15/H.Edn പ്രകാരമാണ് പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സുകളിൽ അച്ചടിക്കാനായി നിർദ്ദേശം നൽകിയത്.

(സി) പേപ്പറും മഷിയും ഉൾപ്പെടെയുള്ള പ്രിന്റിംഗ് മെറ്റീരിയൽ സർക്കാർ പ്രസ്സുകൾക്ക് കൈമാറി നൽകാൻ കെ.ബി.പി.എസ്.-നെയും സ്റ്റേഷനറി കൺട്രോളറെയുമാണ് ചുമതലപ്പെടുത്തിയിരുന്നത്.

(ഡി) തടസ്സങ്ങൾ ഒന്നുംതന്നെ ശ്രദ്ധയിൽ വന്നിട്ടില്ല.

**അംഗീകൃത സ്കൂളുകൾ**

71 (1093) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അംഗീകൃത സ്കൂളുകൾ പ്രവർത്തിച്ചുവരുന്നുണ്ട് ;

(ബി) അംഗീകാരമില്ലാതെ സ്റ്റേറ്റ് സിലബസ്സിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് അപേക്ഷ ക്ഷണിച്ചിരുന്നത് ഏത് തീയതിയിലായിരുന്നു ; എത്ര തവണ സമയം നീട്ടിക്കൊടുത്തുവെന്നും ലഭിച്ച അപേക്ഷകൾ എത്രയായിരുന്നുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഇതിൽ അംഗീകാരം നൽകുന്നതിനായി തെരഞ്ഞെടുത്ത സ്കൂളുകൾ എത്രയാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ഡി) ഏത് മാനദണ്ഡ പ്രകാരമാണ് അംഗീകാരത്തിനുള്ള അർഹത നിർണ്ണയിച്ചത് ; മാനദണ്ഡങ്ങൾ എന്തായിരുന്നുവെന്നും ഏത് തലത്തിലാണ് അംഗീകാരം നൽകിയതെന്നും അറിയിക്കുമോ ;

(ഇ) ഇതുമൂലം അടച്ചുപൂട്ടൽ ഭീഷണിയിലായ സ്കൂളുകൾ എത്രയാണ് ; എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) സർക്കാർ മേഖലയിൽ 4619 സ്കൂളുകളും എയ്ഡഡ് മേഖലയിൽ 7145 സ്കൂളുകളും അൺഎയ്ഡഡ് മേഖലയിൽ 1159 സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) 2-7-2013-ലെ ജി.ഒ. (ആർടി.) 2736/13 പ്രകാരം അപേക്ഷ സ്വീകരിക്കു ന്നതിനുള്ള അവസാന തീയതി 31-7-2013 ആയിരുന്നു. 3 തവണ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി നീട്ടിക്കൊടുത്തു. 16-8-2013-ലെ ജി.ഒ. (ആർടി.) നമ്പർ 3333/2013 പ്രകാരം അപേക്ഷ സ്വീകരിക്കുന്ന തീയതി 31-8-2013 ആയും 1-10-2013-ലെ ജി.ഒ. (ആർടി.) നമ്പർ 4027/13 പ്രകാരം അപേക്ഷ സ്വീകരിക്കുന്ന തീയതി 31-10-2013 ആയും 9-10-2014-ലെ ജി.ഒ. (ആർടി.) നമ്പർ 4078/14 പ്രകാരം അപേക്ഷ സ്വീകരിക്കുന്ന തീയതി 31-12-2014 ആയും നീട്ടി നൽകിയിട്ടുണ്ട്.

ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്.

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | - | 54 |
| 2. | കൊല്ലം | - | 84 |
| 3. | പത്തനംതിട്ട | - | 59 |
| 4. | ആലപ്പുഴ | - | 22 |
| 5. | കോട്ടയം | - | 29 |
| 6. | ഇടുക്കി | - | 36 |
| 7. | എറണാകുളം | - | 41 |
| 8. | തൃശ്ശൂർ | - | 57 |
| 9. | പാലക്കാട് | - | 110 |
| 10. | മലപ്പുറം | - | 156 |
| 11. | കോഴിക്കോട് | - | 84 |
| 12. | വയനാട് | - | 27 |
| 13. | കണ്ണൂർ | - | 115 |

| | | | |
|---|---|---|---|
| 14. | കാസർഗോഡ് | - | 91 |
| | ആകെ | | 965 |

(സി) ആദ്യഘട്ടത്തിൽ ചുവടെ പറയുന്ന 308 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് :

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | - | 16 |
| 2. | കൊല്ലം | - | 34 |
| 3. | പത്തനംതിട്ട | - | 5 |
| 4. | ആലപ്പുഴ | - | 4 |
| 5. | കോട്ടയം | - | 11 |
| 6. | ഇടുക്കി | - | 14 |
| 7. | എറണാകുളം | - | 9 |
| 8. | തൃശ്ശൂർ | - | 21 |
| 9. | പാലക്കാട് | - | 30 |
| 10. | മലപ്പുറം | - | 62 |
| 11. | കോഴിക്കോട് | - | 32 |
| 12. | വയനാട് | - | 10 |
| 13. | കണ്ണൂർ | - | 25 |
| 14. | കാസർഗോഡ് | - | 35 |
| | ആകെ | | 308 |

(ഡി) 10-6-2013-ലെ ജി.എ.(എംഎസ്.) 184/2013/പൊ.വി.വ. പ്രകാരമുള്ള സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് അംഗീകാരത്തിനുള്ള അർഹത നിർണ്ണയിച്ചത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* അംഗീകാരം നൽകുന്നതിനായി മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ തലത്തിൽ അംഗീകാരം നൽകിയത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സ്കൂളുകൾക്കാണ് (2012-ലേയ്ക്ക് 5 വർഷം) അംഗീകാരം നൽകിയത്. അംഗീകാരം നൽകിയതുമൂലം അടച്ചുപൂട്ടൽ ഭീഷണിയിലായ സ്കൂളുകളുടെ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മൂന്നുപരാതികൾ മാത്രമാണ് ഇതുസംബന്ധിച്ച് ലഭിച്ചിട്ടുള്ളത്.

## അംഗീകൃത അൺഎയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകൾ

72 (1094) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര അംഗീകൃത അൺഎയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകൾ പ്രവർത്തിക്കു ന്നുവെന്നത് സംബന്ധിച്ച കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത സ്കൂളുകളിൽ കേരള വിദ്യാഭ്യാസ ചട്ടം XXXII അനുശാസിക്കുന്ന യോഗ്യതയുള്ള അദ്ധ്യാപകരാണ് പഠിപ്പിക്കുന്നതെന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം നിശ്ചയിച്ചുകൊണ്ട് കെ.ഇ.ആർ. ചട്ടം ഉണ്ടോ ; എങ്കിൽ പ്രസ്തുത ചട്ടത്തിന്റെ പ്രസക്തഭാഗം ലഭ്യമാക്കാമോ ;

(സി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ അദ്ധ്യാപകരുടെ യോഗ്യത ഏറ്റവും അവസാനം പരിശോധിച്ചത് എന്നാണ് ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് നൽകാമോ ?

### ഉത്തരം

(എ) അംഗീകൃത അൺഎയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളുടെ ജില്ല തിരിച്ച് എണ്ണം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 40 |
| കൊല്ലം | - | 20 |
| പത്തനംതിട്ട | - | 15 |
| ആലപ്പുഴ | - | 13 |
| കോട്ടയം | - | 23 |
| ഇടുക്കി | - | 11 |
| എറണാകുളം | - | 45 |
| തൃശ്ശൂർ | - | 36 |
| പാലക്കാട് | - | 24 |
| മലപ്പുറം | - | 69 |

| | | |
|---|---|---|
| കോഴിക്കോട് | - | 28 |
| വയനാട് | - | 5 |
| കണ്ണൂർ | - | 17 |
| കാസർഗോഡ് | - | 16 |

(ബി) ഇല്ല.

(സി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) പരിശോധന നടന്നിട്ടില്ല.

**കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം**

73 (1095) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കുന്ന നടപടി ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ ;

(ബി) ഈ നിയമപ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് സംസ്ഥാനത്ത് പ്രവർത്തനാനുമതിയുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിന് മുമ്പായി അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അനുമതി നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അന്തഃസത്ത പരിഗണിക്കാതെ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതും വ്യവസ്ഥകൾ പാലിക്കാത്തതുമായ സി.ബി.എസ്.ഇ. സ്കൂളുകൾക്ക് യഥേഷ്ടം അംഗീകാരം നൽകുന്നത് സർക്കാർ വിദ്യാലയങ്ങളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഒന്ന് മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന 5 മുതൽ 14 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവും ഗുണമേന്മയുള്ളതുമായ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. 2013-14 അദ്ധ്യയന വർഷംമുതൽ 1 മുതൽ 5 വരെ ഉൾപ്പെടുന്ന സ്കൂളുകളെ പ്രൈമറി സ്കൂളെന്നും 5-ാം ക്ലാസ്സ് ഉൾപ്പെടുന്ന യു.പി. സ്കൂളുകളെ ലോവർ &അപ്പർ പ്രൈമറി വിഭാഗമെന്നും 8-ാം ക്ലാസ്സ് ഉൾപ്പെടുന്ന ഹൈസ്കൂളുകളെ അപ്പർ പ്രൈമറി & ഹൈസ്കൂൾ എന്നും പുനർനാമകരണം ചെയ്യുവാനുള്ള നടപടി കൈക്കൊണ്ടു.

വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അൺഎയ്ഡഡ് സ്കൂളുകളിൽ 1-ാം ക്ലാസ്സിൽ ആ ക്ലാസ്സിലെ കുട്ടികളുടെ അംഗസംഖ്യയുടെ കുറഞ്ഞത് 25 ശതമാനമെങ്കിലും അയൽപക്ക പ്രദേശങ്ങളിലെ ദുർബല വിഭാഗങ്ങളിലും പിന്നോക്ക വിഭാഗത്തിലുംപെട്ട കുട്ടികൾക്ക് പ്രവേശനം നൽകുന്നതിനും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനും ഓരോ കുട്ടിക്കും ചെലവാകുന്ന തുകയോ അല്ലെങ്കിൽ കുട്ടിയിൽനിന്നും ഈടാക്കുന്ന യഥാർത്ഥ തുകയോ ഏതാണോ കുറവ്, പ്രസ്തുത തുക സ്കൂളിന് റീ-ഇംപേഴ്സ് ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്. എന്നാൽ കുട്ടിയുടെ താമസസ്ഥല ത്തിനടുത്ത് ഒരു കിലോമീറ്റർ ചുറ്റളവിൽ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളില്ലാത്ത സാഹചര്യത്തിൽ മാത്രമേ മുകളിൽ സൂചിപ്പിച്ച രീതിയിൽ റീ-ഇംപേഴ്സ്മെന്റ് ചെയ്യുകയുള്ളൂ. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം സ്കൂൾ അടിസ്ഥാനത്തിൽ എൽ.പി. സ്കൂളുകൾക്ക് 1:30 ആയും യു.പി. സ്കൂളുകളിൽ 1:35 ആയും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. എല്ലാ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസിലെ എല്ലാ പെൺകുട്ടികൾക്കും എ.പി.എൽ വിഭാഗം ഒഴിച്ചുള്ള ആൺകുട്ടികൾക്കും യൂണിഫോമും എല്ലാ വിഭാഗക്കാർക്കും ടെക്സ്റ്റ് ബുക്കും സൗജന്യമായി വിതരണം ചെയ്യുന്നു. സ്കൂൾ മാപ്പിംഗ് നടപടികൾ നടന്നുവരുന്നു. ഗവൺമെന്റ് സ്കൂളുകളിൽ ഹെഡ് ടീച്ചേഴ്സിനെ ക്ലാസ് ചാർജ്ജിൽനിന്നും ഒഴിവാക്കി പകരം ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂളുകളിൽ കുടിവെള്ള സൗകര്യം, കളിക്കാനുള്ള സ്ഥലം എന്നിവ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു. സ്കൂളുകളിൽ സ്പെഷ്യൽ ഫീസ് പിരിക്കുന്ന സമ്പ്രദായം നിർത്തലാക്കി. 1-ാം ക്ലാസ്സ് മുതൽ 8-ാം ക്ലാസ്സ് വരെ ഓൾ പ്രൊമോഷൻ നടപ്പിലാക്കി.

സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എല്ലാ ഗവൺമെന്റ് സ്കൂളിലും നടപ്പിലാക്കി.

എയ്ഡഡ് സ്കൂളുകളിൽ ഉപദേശക സമിതിയുടെ സ്ഥാനമാണ് എസ്.എം.സി.-ക്ക് നൽകിയിരിക്കുന്നത്. യു.പി. വിഭാഗത്തിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പൂളിംഗ് നടപ്പിലാക്കി. ഓരോ സ്കൂളിലും പ്രവേശനം നേടുന്ന ഓരോ കുട്ടിയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയാൻ ആധാർ നമ്പർ (യു.ഐ.ഡി.) സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 18 പ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കാൻ പാടുള്ളതല്ല.

(സി) ആർ.റ്റി.ഇ. നിയമം വരുന്നതിനുമുമ്പ് കെ.ഇ.ആർ. പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് അംഗീകാരം നൽകിവന്നിരുന്നത്. ഈ സർക്കാർ വന്നശേഷം 549 സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അനുമതി നല്കിയിട്ടുണ്ട്.

(ഡി) മാനദണ്ഡങ്ങൾ പാലിക്കുന്ന വിദ്യാലയങ്ങൾക്ക് മാത്രമാണ് അംഗീകാരം നൽകുന്നത്. മറ്റ് വിദ്യാലയങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുകയില്ല എന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികളെക്കൊണ്ട് അന്വേഷണം നടത്താറുണ്ട്.

**അനധികൃത സ്കൂളുകൾക്ക് അംഗീകാരം**

74 (1096) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതുമൂലം നിലവിലുള്ള സ്കൂളുകൾ അടച്ചുപൂട്ടപ്പെടുമോ എന്ന കാര്യം പ്രത്യേകം പരിശോധിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ എയ്ഡഡ് സ്കൂളുകളുടെ പരിധിക്കകത്ത് പ്രവർത്തിച്ചുവന്ന അംഗീകാരമില്ലാത്ത എത്ര സ്കൂളുകൾക്ക് ഇപ്പോൾ അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) അൺ എക്കണോമിക്കായിട്ടും അടച്ചുപൂട്ടാതിരുന്ന ഏതെല്ലാം സ്കൂളുകളുടെ അടുത്തുള്ള അനധികൃത സ്കൂളുകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) നിലവിൽ അൺ എക്കണോമിക് സ്കൂളുകൾ എത്രയെന്നും തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകർ എത്രയെന്നും പ്രൊട്ടക്ടഡ് അദ്ധ്യാപകർ എത്രയെന്നും അറിയിക്കുമോ ?

ഉത്തരം

(എ) പരിശോധിച്ചിരുന്നു. വർഷങ്ങളായി പ്രവർത്തിക്കുന്ന സ്കൂളുകൾക്കാണ് വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരം അംഗീകാരം നൽകിയിട്ടുള്ളത്.

(ബി&സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) നിലവിൽ 5412 അൺ എക്കണോമിക് സ്കൂളുകളുണ്ട്. 2014-15-ലെ തസ്തിക നിർണ്ണയ പ്രകാരം സർക്കാർ സ്കൂളുകളിലെ 4687 അദ്ധ്യാപകർക്കും എയ്ഡഡ് സ്കൂളുകളിലെ 12917 അദ്ധ്യാപകർക്കും തസ്തിക നഷ്ടപ്പെട്ടിട്ടുണ്ട്. പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

**കണ്ണൂർ ജില്ലയിലെ മലയാളം അദ്ധ്യാപക നിയമനം**

75 (1098) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ നിലവിൽ വന്ന മലയാളം അദ്ധ്യാപക റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചു ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും വ്യക്തമാക്കാമോ ;

(സി) 2015 മാർച്ച് 31 വരെ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിരുന്നു ; ആയത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 33 പേരെ നിയമിച്ചു.

(ബി) 29-5-2015-ൽ.

(സി) ജില്ലയിൽ എച്ച്.എസ്.എ. (മലയാളം) തസ്തികയിൽ ഒഴിവുകളില്ല. നിലവിൽ 5 അദ്ധ്യാപകർ അധികമായി ജോലി ചെയ്തുവരുന്നു.

**അനംഗീകൃത അൺഎയ്ഡഡ് സ്കൂളുകൾ**

76 (1099) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി അംഗീകാരം നൽകിയ അനംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ

എത്രയാണ്; ഇവയ്ക്ക് അംഗീകാരം നൽകുന്നതിനെതിരെ ലഭിച്ചിരുന്ന പരാതികൾ എത്രയായിരുന്നു ;

(ബി) അനംഗീകൃത സ്കൂളുകൾ അംഗീകാരം നൽകിയതിന്റെയും സി.ബി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. നൽകിയതിന്റെയും ഫലമായി എത്ര സർക്കാർ-എയ്ഡഡ് സ്കൂളുകൾ അൺ എക്കണോമിക് ഭീഷണിയിൽ അകപ്പെട്ടിട്ടുണ്ട് ; ഡിവിഷൻ നഷ്ടപ്പെട്ടതുവഴി തൊഴിൽ നഷ്ടപ്പെട്ട മൊത്തം അദ്ധ്യാപകരുടെ എണ്ണം; അവയിൽ പ്രൊട്ടക്റ്റ് ചെയ്യപ്പെട്ട അദ്ധ്യാപകരുടെ എണ്ണം ; അടച്ചുപൂട്ടൽ ഭീഷണിയിലായ മൊത്തം സ്കൂളുകൾ ; പ്രവർത്തനം ഇതിനകം പൂർണ്ണമായും നിലച്ചവ ; എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) സ.ഉ.(കൈ) നമ്പർ 114/2015/പൊ.വി. തീയതി 14-5-2015 പ്രകാരം സംസ്ഥാന പാഠ്യപദ്ധതി പിൻതുടരുന്ന 308 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അംഗീകാരം നൽകുന്നതിനെതിരെ മൂന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പാഠ്യപദ്ധതി പിൻതുടരുന്നതും സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ 308 സ്കൂളുകൾക്ക് ഇതിനകം അംഗീകാരം നൽകുകയുണ്ടായി. വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന സ്കൂളുകൾക്കാണ് ഇത്തരത്തിൽ അംഗീകാരം നൽകിയത്. ഇതുമൂലം സർക്കാർ/എയ്ഡഡ് സ്കൂളുകൾ അൺ എക്കണോമിക് ഭീഷണി യിലായതായും അദ്ധ്യാപകരുടെ തസ്തികകൾ നഷ്ടപ്പെട്ടതായിട്ടും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത**

77 (1100) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പല സ്കൂളുകളിലും അടിസ്ഥാന സൗകര്യം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഇത്തരം സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തെ പല സ്കൂളുകളിലും വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി അടിസ്ഥാന സൗകര്യങ്ങളില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എസ്.എസ്.എ., ആർ.എം.എസ്.എ., ശുചിത്വ മിഷൻ എന്നിവയുടെ ഫണ്ട് വിനിയോഗിച്ച് പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താത്ത എയ്ഡഡ് സ്കൂൾ മാനേജർമാർക്ക് മതിയായ സൗകര്യങ്ങളേർപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ ഹയർസെക്കന്ററി സ്കൂളുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതിനാൽ ഇവയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഹയർസെക്കന്ററി സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്നുണ്ട്. അതിനുപുറമെ പ്ലാൻ ഫണ്ട്, 12-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക/നബാർഡിൽ നിന്നുമുള്ള ധനസഹായം എന്നിങ്ങനെ വിവിധ പദ്ധതികളിലൂടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. 220 വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ കുടിവെള്ളം, ടോയ്‌ലറ്റ്, യൂറിനലുകൾ നിർമ്മിക്കുന്നതിന് 2012-13 സാമ്പത്തിക വർഷം 377 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ അനുവദിച്ചു. ടി തുകയിൽനിന്നും എല്ലാ ജില്ലാ കളക്ടർമാർക്കും അതാത് ജില്ലയിലെ സ്കൂളുകൾക്ക് വേണ്ട തുക ഡി.ഡി. ആയി റിലീസ് ചെയ്തിട്ടുണ്ട്.

**അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം**

78 (1101) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പരിഷ്കരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

പരിശോധിച്ചുവരുന്നു.

**അദ്ധ്യാപക ബാങ്ക്**

79 (1102) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അദ്ധ്യാപക ബാങ്കിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ; നിലവിൽ എത്ര അദ്ധ്യാപകർ ഇതിലുണ്ട് ;

(ബി) പ്രസ്തുത അദ്ധ്യാപകരെ റഗുലറൈസ് ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോയെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ബാങ്ക് രൂപവത്ക്കരിച്ചിട്ടില്ല. അദ്ധ്യാപക ബാങ്ക് സംബന്ധമായും പാക്കേജ് സംബന്ധമായുമുള്ള എല്ലാ ഉത്തരവുകളും ഹൈക്കോടതി റദ്ദ് ചെയ്തിരിക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാർ ഫയൽചെയ്ത അപ്പീലിന്മേൽ അന്തിമ തീരുമാനമാകാത്ത സാഹചര്യത്തിൽ ബാങ്കുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നുംതന്നെ ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തക വിതരണം**

80 (1103) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> :
<u>ശ്രീ. പി. റ്റി. എ. റഹീം</u> :
<u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് ഈ അദ്ധ്യയന വർഷത്തിൽ ആവശ്യമുള്ള പാഠപുസ്തകങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഇതിൽ ഏതെല്ലാം ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(സി) അച്ചടി പൂർത്തീകരിച്ച് വിതരണത്തിന് നൽകിയിട്ടുള്ള പുസ്തകങ്ങൾ എത്രയെന്ന് അറിയിക്കാമോ ;

(ഡി) ഏതെല്ലാം ഏജൻസികൾവഴിയാണ് അച്ചടി പ്രവർത്തനങ്ങൾ നടത്തുന്നത് ; ഓരോ ഏജൻസിക്കും എത്രവീതം പുസ്തകങ്ങളുടെ അച്ചടിയാണ് നൽകിയിട്ടുള്ളത് ; വിശദമാക്കാമോ ;

(ഇ) ഗവൺമെന്റ് പ്രസ്സിൽ അച്ചടിക്ക് വേണ്ട കടലാസും മഷിയും സി.ഡി.യും നൽകിയിരുന്നില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) പാഠപുസ്തകങ്ങളുടെ അച്ചടിക്ക് വേണ്ട കടലാസ് ഓർഡർ നൽകുന്നതിന് താമസം ഉണ്ടായിരുന്നോ ; എങ്കിൽ കാരണം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഒന്ന് മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേയ്ക്ക് 3,73,15,500 പാഠപുസ്തകങ്ങളാണ് രണ്ടുഘട്ടങ്ങളായി ഈ അദ്ധ്യയന വർഷത്തിൽ ആവശ്യമുള്ളത്. ഇതിൽ ഒന്നാം ഘട്ടത്തിലേയ്ക്ക് ആവശ്യമായ വോള്യം 1 പാഠപുസ്തകങ്ങൾ 2,33,26,800 ആണ്. 11-ാം ക്ലാസ്സിലേയ്ക്ക് 10,41,879 പുസ്തകങ്ങളും 12-ാം ക്ലാസ്സിലേയ്ക്ക് 14,29,108 എണ്ണവും ആവശ്യമാണ് എന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) 9, 10 ക്ലാസ്സുകളിലെ അച്ചടി പൂർത്തീകരിച്ച് വിതരണം ചെയ്തിട്ടുണ്ട്. മാറ്റമുള്ള 2,4,6,8 ക്ലാസ്സുകളിലേയും മാറ്റമില്ലാത്ത 1,3,5,7 ക്ലാസ്സുകളിലേയും പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തീകരിച്ചുവരികയാണ്. 11, 12 ക്ലാസ്സുകളിലെ പുസ്തക അച്ചടി പൂർത്തിയായിവരുന്നു.

(സി) കെ.ബി.പി.എസ്.-ൽ 1,72,37,158 പാഠപുസ്തകങ്ങളും സർക്കാർ പ്രസ്സുകളിൽ 12 ലക്ഷവും അച്ചടിച്ച് വിതരണം നടത്തിയിട്ടുണ്ട്. 11,12 ക്ലാസ്സുകളിലേയ്ക്കായി 94 <u>ടൈറ്റിലുകളിലുള്ള</u> പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായി, വിതരണം നടന്നുവരുന്നു.

(ഡി) ഒന്നു മുതൽ 10 വരെയുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കെ.ബി.പി.എസ്.-നെയാണ് ഏൽപ്പിച്ചിരുന്നത്. എന്നാൽ യഥാസമയം അച്ചടി പൂർത്തിയാക്കാൻ കഴിയില്ലായെന്ന് കെ.ബി.പി.എസ്. അറിയിച്ചതിനെ തുടർന്ന് സർക്കാർ പ്രസ്സുകളിലും 12 ലക്ഷം പുസ്തകങ്ങൾ അച്ചടിച്ചു. ശേഷിക്കുന്ന പുസ്തകങ്ങൾ കെ.ബി.പി.എസ്.-ൽ തന്നെ അച്ചടിച്ചുവരുന്നു. ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും കേരള സർക്കാരിന് കീഴിലുള്ള സി.ആപ്റ്റ് എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

(ഇ) യഥാസമയം തന്നെ പ്രിന്റിംഗ് മെറ്റീരിയൽസ് കെ.ബി.പി.എസ്. സർക്കാർ പ്രസ്സുകൾക്ക് കൈമാറി നൽകിയിരുന്നു.

(എഫ്) ഇല്ല.

**അദ്ധ്യാപകരുടെ നിയമന രീതി**

81 (1106) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ അദ്ധ്യാപകരുടെ നിയമനരീതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) നിയമനം ലഭിക്കാൻ കെ-ടെറ്റ് പരീക്ഷ പാസാകണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ;

(സി) ടി.ടി.സി., ബി.എഡ്. തുടങ്ങിയ കോഴ്സുകൾ വിജയിച്ചവർ വീണ്ടും കെ-ടെറ്റ് പരീക്ഷ പാസ്സാകണമെന്ന വ്യവസ്ഥ കൊണ്ടുവരാനിടയായ സാഹചര്യം വിശദമാക്കുമോ ;

(ഡി) നിലവിൽ ഓരോ വിഭാഗത്തിലുമായി എത്രപേർ കെ-ടെറ്റ് പരീക്ഷ എഴുതിയിട്ടുണ്ടെന്നും അതിൽ എത്ര പേർ വിജയിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ?

ഉത്തരം

(എ) എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനം മാനേജർമാർ മുഖേനയും സർക്കാർ സ്കൂൾ അദ്ധ്യാപകരുടെ നിയമനം പി.എസ്.സി. മുഖേനയും നടന്നുവരുന്നു. നിയമനരീതിയിൽ മാറ്റം വരുത്തുന്നകാര്യം പരിഗണനയിലില്ല.

(ബി) ഉണ്ട്.

(സി) 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് അക്കാദമിക അതോറിറ്റിയായ NCTE അദ്ധ്യാപക നിയമനത്തിന് ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് പാസാകുന്നത് ഒരു യോഗ്യതാ മാനദണ്ഡം ആക്കിയിരുന്നു. എല്ലാ സംസ്ഥാനങ്ങളിലും ഇത് നടപ്പാക്കണമെന്ന നിർദ്ദേശവും എൻ.സി.ടി.ഇ. നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് കെ-ടെറ്റ് പരീക്ഷ നടപ്പിലാക്കിയത്.

(ഡി) 2012 മുതൽ 14 വരെയുള്ള കാലയളവിൽ എൽ.പി. വിഭാഗത്തിൽ 83006 പേർ പരീക്ഷ എഴുതി 8007 പേർ വിജയിച്ചു. യു.പി. വിഭാഗത്തിൽ 90589 പേർ പരീക്ഷ എഴുതി 5713 പേർ വിജയിച്ചു. ഹൈസ്കൂൾ വിഭാഗത്തിൽ 97673 പേർ പരീക്ഷ എഴുതി 6181 പേർ ജയിച്ചു. 2013 മുതൽ ആരംഭിച്ച ഭാഷാദ്ധ്യാപക/സ്പെഷ്യലിസ്റ്റ് അദ്ധ്യാപക വിഭാഗത്തിൽ 7352 പേർ എഴുതി 847 പേർ വിജയിച്ചു.

## സർക്കാർ സ്വകാര്യ സ്കൂളുകൾ, വിദ്യാർത്ഥി ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ

82 (1107) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള സർക്കാർ-സ്വകാര്യ സ്കൂളുകൾ, വിദ്യാർത്ഥി ഹോസ്റ്റലുകൾ

എന്നിവ എത്രയെന്നും ഇവയിൽ മതിയായ തോതിൽ ടോയ്‌ലെറ്റുകളും ശുദ്ധമായ കുടിവെള്ളവും സുരക്ഷിതമായ പാചകപ്പുരകളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോയെന്നും 2015-ൽ വിദ്യാഭ്യാസ വകുപ്പും ആരോഗ്യവകുപ്പും പരിശോധിച്ചുവോ ;

(ബി) എങ്കിൽ എത്ര സ്കൂളുകളിൽ/ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യം തൃപ്തികരമായുണ്ട് എന്നും ഇല്ലാത്തവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ ;

(സി) ഇവ സംബന്ധിച്ച് ഈ സർക്കാരിന്റെ കാലയളവിൽ ബഹു. ഹൈക്കോടതി എത്ര പ്രാവശ്യം നിർദ്ദേശം സർക്കാരിന് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; അവയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ആരോഗ്യവകുപ്പ് പരിപാടിയിൽ ഉൾപ്പെട്ട 'സേഫ് കേരള' പദ്ധതി പ്രകാരം സ്കൂളുകൾ/വിദ്യാർത്ഥി ഹോസ്റ്റലുകൾ എന്നിവ പരിശോധിച്ച് വിദ്യാഭ്യാസ വകുപ്പിന് നൽകിയ റിപ്പോർട്ടിൽ സൂചിപ്പിച്ച വിഷയങ്ങൾ എന്തെല്ലാം ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) ബഹു. ഹൈക്കോടതി സർക്കാരിനും വിദ്യാഭ്യാസ വകുപ്പിനും പ്രസ്തുത വിഷയം സംബന്ധിച്ചുനൽകിയ താക്കീത് പാലിക്കാത്ത സ്കൂളുകൾ ഏതെല്ലാം ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) മൂത്രപ്പുരയില്ലാത്ത സ്കൂളുകളിലെ പെൺകുട്ടികൾ, അദ്ധ്യാപികമാർ എന്നിവർ നേരിടുന്ന ആരോഗ്യപ്രശ്നങ്ങൾ വിദ്യാഭ്യാസവകുപ്പും ആരോഗ്യവകുപ്പുംകൂടി പരിശോധിച്ചുവോ ; എങ്കിൽ പ്രശ്നങ്ങൾ എന്താണെന്നും ഇതുപരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-എഫ്) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**വിദ്യാഭ്യാസ വകുപ്പിന് വകയിരുത്തിയ തുക**

83 (1108) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ ബഡ്ജറ്റിൽ വിദ്യാഭ്യാസ വകുപ്പിനായി വകയിരുത്തിയ തുകയും ആയതിന്റെ ചെലവും പദ്ധതി തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇതിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമെന്നും തുക ഏതെല്ലാം പദ്ധതികൾക്ക് ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നീ മേഖലകൾക്ക് അനുവദിച്ച തുക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014-15 വർഷത്തെ ബഡ്ജറ്റിൽ പൊതുവിദ്യാഭ്യാസ വകുപ്പിനായി വകയിരുത്തിയ തുകയുടെയും ആയതിന്റെ ചെലവിന്റെയും വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.*

(ബി) അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.*

(സി) പൊതുവിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം 3-ൽ ചേർത്തിട്ടുണ്ട്*. ഉന്നത വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം 4-ൽ ചേർത്തിട്ടുണ്ട്.*

**അനാദായകരമായ സ്കൂളുകൾ**

84 (1109) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അനാദായകരമെന്ന് കണക്കാക്കപ്പെട്ടിട്ടുള്ള സ്കൂളുകളുടെ ആകെ എണ്ണം എത്രയാണ് ;

(ബി) ഇതിന്റെ എൽ.പി., യു.പി, ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗങ്ങളിലുള്ള കണക്ക് സർക്കാർ, എയ്ഡഡ് മേഖല തിരിച്ച് നൽകാമോ ?

ഉത്തരം

(എ) 2013-14 വർഷത്തെ കണക്ക് പ്രകാരം 5412 സ്കൂളുകൾ അനാദായകരമാണെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.* ഹയർസെക്കന്ററി മേഖലയിൽ സ്കൂളുകളെ അനാദായകരമെന്ന നിലവിൽ നിർവ്വചിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിദ്യാഭ്യാസ അവകാശ നിയമം

85 (1110) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി ഇനി എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാനുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാരിൽനിന്നും ഇതുവരെ എത്രകോടി രൂപ ലഭിച്ചു എന്നും ഇത് ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ;

(ഡി) ലഭിച്ച ഫണ്ടിൽനിന്നും എത്ര രൂപ ചെലവഴിക്കാതെ നഷ്ടപ്പെട്ടിട്ടുണ്ട് ; അതിനുള്ള കാരണം വ്യക്തമാക്കാമോ ?

### ഉത്തരം

(എ&ബി) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഒന്നുമുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന 5 മുതൽ 14 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവും ഗുണമേന്മയുള്ളതുമായ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. 2013-14 അദ്ധ്യയന വർഷം മുതൽ 1 മുതൽ 5 വരെ ഉൾപ്പെടുന്ന സ്കൂളുകളെ പ്രൈമറി സ്കൂളെന്നും 5-ാം ക്ലാസ്സ് ഉൾപ്പെടുന്ന യു.പി. സ്കൂളുകളെ ലോവർ & അപ്പർ പ്രൈമറി വിഭാഗമെന്നും 8-ാം ക്ലാസ്സ് ഉൾപ്പെടുന്ന ഹൈസ്കൂളുകളെ അപ്പർ പ്രൈമറി & ഹൈസ്കൂൾ എന്നും പുനർനാമകരണം ചെയ്യുവാനുള്ള നടപടി കൈക്കൊണ്ടു. വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അൺഎയ്ഡഡ് സ്കൂളുകളിൽ 1-ാം ക്ലാസ്സിൽ ആ ക്ലാസ്സിലെ കുട്ടികളുടെ അംഗസംഖ്യയുടെ കുറഞ്ഞത് 25 ശതമാനമെങ്കിലും അയൽപക്ക പ്രദേശങ്ങളിലെ ദുർബല വിഭാഗങ്ങളിലും പിന്നോക്ക വിഭാഗത്തിലുംപെട്ട കുട്ടികൾക്ക് പ്രവേശനം നൽകുന്നതിനും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനും ഓരോ കുട്ടിക്കും ചെലവാകുന്ന തുകയോ അല്ലെങ്കിൽ കുട്ടിയിൽനിന്നും ഈടാക്കുന്ന യഥാർത്ഥ തുകയോ ഏതാണോ കുറവ്, പ്രസ്തുത തുക സ്കൂളിന് റീ-ഇംപേഴ്സ് ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്. എന്നാൽ കുട്ടിയുടെ താമസസ്ഥല ത്തിനടുത്ത് ഒരു കിലോമീറ്റർ ചുറ്റളവിൽ ഗവൺമെന്റ്/എയ്ഡഡ്

സ്കൂളുകളില്ലാത്ത സാഹചര്യത്തിൽമാത്രമേ മുകളിൽ സൂചിപ്പിച്ചരീതിയിൽ റീ-ഇംപേഴ്സ്മെന്റ് ചെയ്യുകയുള്ളൂ. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം സ്കൂൾ അടിസ്ഥാനത്തിൽ എൽ.പി. സ്കൂളുകൾക്ക് 1:30 ആയും യു.പി. സ്കൂളുകളിൽ 1:35 ആയും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. എല്ലാ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസിലെ എല്ലാ പെൺകുട്ടികൾക്കും എ.പി.എൽ. വിഭാഗം ഒഴിച്ചുള്ള ആൺകുട്ടികൾക്കും യൂണിഫോമും എല്ലാ വിഭാഗക്കാർക്കും ടെക്സ്റ്റ് ബുക്കും സൗജന്യമായി വിതരണം ചെയ്യുന്നു. സ്കൂൾ മാപ്പിംഗ് നടപടികൾ നടന്നുവരുന്നു. ഗവൺമെന്റ് സ്കൂളുകളിൽ ഹെഡ് ടീച്ചേഴ്സിനെ ക്ലാസ് ചാർജ്ജിൽനിന്നും ഒഴിവാക്കി പകരം ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂളുകളിൽ കുടിവെള്ള സൗകര്യം, കളിക്കാനുള്ള സ്ഥലം എന്നിവ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു. സ്കൂളുകളിൽ സ്പെഷ്യൽ ഫീസ് പിരിക്കുന്ന സമ്പ്രദായം നിർത്തലാക്കി. 1-ാം ക്ലാസ്സ് മുതൽ 8-ാം ക്ലാസ്സ് വരെ ഓൾ പ്രൊമോഷൻ നടപ്പിലാക്കി.

സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എല്ലാ ഗവൺമെന്റ് സ്കൂളിലും നടപ്പിലാക്കി. എയ്ഡഡ് സ്കൂളുകളിൽ ഉപദേശക സമിതിയുടെ സ്ഥാനമാണ് എസ്.എം.സി.-ക്ക് നൽകിയിരിക്കുന്നത്. യു.പി. വിഭാഗത്തിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പൂളിംഗ് നടപ്പിലാക്കി. ഓരോ സ്കൂളിലും പ്രവേശനം നേടുന്ന ഓരോ കുട്ടിയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയാൻ ആധാർ നമ്പർ (യു.ഐ.ഡി.) സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. മേൽ നിയമം നടപ്പാക്കലിന്റെ ഭാഗമായി പരാതി പരിഹാര കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതുണ്ട്. സ്കൂൾ മാപ്പിംഗ് പൂർത്തീകരിച്ച് സ്കൂളുകളുടെ ആവശ്യം കണക്കാക്കേണ്ടതുണ്ട്. പഞ്ചായത്തുകൾ മുഖേന വിദ്യാർത്ഥികളുടെ രേഖകൾ ശേഖരിക്കുന്ന നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. ആർ.റ്റി.ഇ. സംബന്ധിച്ച കമ്മിറ്റികൾ യോഗം ചേർന്ന് തുടർപദ്ധതികൾ തീരുമാനിച്ച് ഘട്ടംഘട്ടമായി നടപ്പാക്കേണ്ടതുണ്ട്.

(സി&ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

## വിദ്യാഭ്യാസ വകുപ്പിൻകീഴിൽ നടപ്പാക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

86 (1111) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസ വകുപ്പിൻകീഴിൽ നടപ്പാക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ട ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ സാധിക്കാത്തത് ;

(ബി) പദ്ധതികൾ നടപ്പാക്കാൻ കഴിയാതെ പോയതിന്റെ കാരണങ്ങൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിൽ നടപ്പാക്കാൻ കഴിയാത്ത പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഉന്നത വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ബി) ചില പദ്ധതികൾ ധനകാര്യ വകുപ്പ് തുക അനുവദിക്കാത്തതിനാലും മറ്റ് ചിലത് വിവര സാങ്കേതിക വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാലും സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞില്ല. കൂടാതെ ഒറ്റത്തവണ കേന്ദ്ര സഹായ പദ്ധതികൾ കേന്ദ്ര ധനസഹായം ലഭിക്കാത്തതിനാൽ നടപ്പിലാക്കുവാൻ സാധിച്ചില്ല. കുട്ടികളുടെ പരിമിതി കാരണവും, സ്ഥലം ലഭ്യമാകാത്തതിനാലും എം.ജി.എൽ.സി.കളെ അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതിയും നടപ്പിലായില്ല.

## സർക്കാർ സ്കൂളുകളിൽ പ്ലസ് ടു കോഴ്സുകൾ

87 (1112) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്ലസ് ടു കോഴ്സുകൾ ഇല്ലാത്ത സർക്കാർ സ്കൂളുകളിൽ അവ അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

ഇപ്പോൾ പരിഗണനയിലില്ല.

## വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

88 (1113) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രതിവർഷം സ്കൂൾതലത്തിൽ അർഹമായ വിദ്യാഭ്യാസാനുകൂല്യങ്ങളെ സംബന്ധിച്ച വിശദവിവരം നൽകാമോ ;

(ബി) ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അർഹമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എസ്.സി./എസ്.ടി. പെൺകുട്ടികൾക്കുള്ള ഇൻസെന്റീവ് സ്കോളർഷിപ്പ് മാത്രമാണ് പൊതുവിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്നത്. ടി. സ്കോളർഷിപ്പിന് ഗവൺമെന്റ്/എയ്ഡഡ് സ്കൂളിൽ 9-ാം ക്ലാസ്സിൽ പഠിക്കുന്ന 16 വയസ്സ് പൂർത്തിയാകാത്തവരും വിവാഹിതരല്ലാത്തവരുമായ എല്ലാ എസ്.സി./എസ്.ടി. പെൺകുട്ടികൾക്കും അർഹതയുണ്ട്. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയമാണ് ടി സ്കോളർഷിപ്പ് നൽകിവരുന്നത്. അർഹരായവരുടെ ലിസ്റ്റ് മാനവ വിഭവശേഷി മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും അർഹരാകുന്ന കുട്ടികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് 3,000 രൂപ നിക്ഷേപിക്കുകയും ചെയ്യുന്നു. തുടർന്ന് എസ്.എസ്.എൽ.സി. പാസ്സാവുകയും 18 വയസ്സ് പൂർത്തിയാവുകയും ചെയ്യുന്നമുറയ്ക്ക് 3,000 രൂപയും അതുവരെയുള്ള ഇൻസെന്റീവും ചേർന്ന തുക കുട്ടികൾക്ക് ലഭിക്കുകയും ചെയ്യുന്നു.

(ബി) ന്യൂനപക്ഷ ക്ഷേമത്തിനായി പ്രധാനമന്ത്രിയുടെ 15 ഇന പരിപാടിയിലുൾപ്പെടുത്തിയ ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് എന്ന സെൻട്രൽ സെക്ടർ സ്കീം പ്രകാരം, മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധിസ്റ്റ്, പാഴ്സി, ജൈൻ എന്നീ വിഭാഗങ്ങളിലെ ഒന്നുമുതൽ പത്ത്വരെ ക്ലാസ്സുകളിലെ സമർത്ഥരും ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിൽ നിന്നുള്ളവരുമായ കുട്ടികൾക്ക് പ്രതിവർഷം 1,000 രൂപ നിരക്കിൽ ആനുകൂല്യം അനുവദിക്കുന്നു.

## സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് മുൻഗണന

89 (1116) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സുമുതൽ പഠിച്ചുവരുന്ന കുട്ടികളെക്കാളേറെ മാർക്ക് വാങ്ങുന്നതിന്, മറ്റ് സിലബസ്സിൽ പഠിച്ച് 7,8,9 ക്ലാസ്സുകൾ പൂർത്തിയാക്കി സ്റ്റേറ്റ് സിലബസ്സുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലേക്ക് മാറ്റപ്പെടുന്ന കുട്ടികൾക്ക് കഴിയുന്ന സാഹചര്യം കണക്കിലെടുത്ത്, സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ആദ്യംമുതൽ പഠിക്കുന്ന സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് പ്ലസ് വൺ പ്രവേശനത്തിനും മറ്റ് കോഴ്സുകൾക്കും മുൻഗണന നൽകാൻ ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്നുപറയാമോ ?

ഉത്തരം

ഇല്ല. എന്നാൽ സ്റ്റേറ്റ് സിലബസിൽ പത്താം ക്ലാസ് കഴിഞ്ഞുവരുന്ന വിദ്യാർത്ഥി കൾക്ക് പ്ലസ് വൺ പ്രവേശനത്തിൽ 3 ബോണസ് പോയിന്റ് നൽകുന്നുണ്ട്.

## സർക്കാർ/എയ്ഡഡ് മേഖലകളിൽ പുതുതായി അനുവദിച്ച തസ്തികകൾ

90 (1117) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സർക്കാർ/എയ്ഡഡ് മേഖലകളിൽ പുതുതായി അനുവദിച്ച സ്ഥാപനങ്ങളിലും കോഴ്സുകളിലുമായി മൊത്തം എത്ര തസ്തികകൾ സൃഷ്ടിക്കപ്പെട്ടു ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളാണ് പുതുതായി തസ്തിക സൃഷ്ടിച്ചുകിട്ടുന്നതിന് വേണ്ടി പരിഗണനയിലുള്ളത് ;

(സി) ഇവയെല്ലാംകൂടി എത്ര തസ്തികകൾവരും; അതിനായി പ്രതിവർഷം വേണ്ടി വരുന്ന അധിക ചെലവ് എത്ര ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) അനുവാദം നല്കപ്പെട്ട കോഴ്സുകൾക്ക് എല്ലാമായി നിയോഗിക്കപ്പെട്ടവരുടെ നിയമനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ; അവശേഷിക്കുന്നവ എത്ര ; വിശദാംശം ലഭ്യമാക്കാമോ ?

### ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## മഞ്ചേരിയിൽ ടി.എച്ച്.എസ്.-ന്റെ സ്ഥലം ഫയർസ്റ്റേഷനായി വിട്ടുനൽകുന്നത്

91 (1118) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരിയിൽ ടി.എച്ച്.എസ്.-ന്റെ സ്ഥലം ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനായി വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട ഫയൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദമാക്കാമോ ;

(ബി) പ്രസ്തുതവിഷയത്തിൽ 13732/J1/എച്ച്.ഇഡി./2015, ഡി.4/48423/14/ഡി.റ്റി.ഇ. എന്നീ ഫയലുകളിന്മേൽ നടപടി വൈകുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ ;

(സി) നടപടികൾ പൂർത്തീകരിച്ച് ഫയർ സ്റ്റേഷന് സ്ഥലം വിട്ടുനൽകുന്ന പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കാമോ ?

ഉത്തരം

(എ) പ്രസ്തുത ഫയലിൽ നടപടി സ്വീകരിച്ച് തീർപ്പാക്കിയിട്ടുണ്ട്.

(ബി&സി) മഞ്ചേരിയിൽ ടി.എച്ച്.എസ്.-ന്റെ സ്ഥലം ഫയർ സ്റ്റേഷൻ ആരംഭി ക്കുന്നതിനായി വിട്ടുനൽകുന്നതിലേയ്ക്കായി 4-6-2015 തീയതിയിലെ G.O. (Ms.) No. 235/2015/H.Edn. പ്രകാരം ഉത്തരവായിട്ടുണ്ട്.

**സ്കൂളുകളുടെ അംഗീകാരം**

92 (1119) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം മറയാക്കി എത്ര സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ;

(ബി) അനധികൃതമായി പ്രവർത്തിച്ചുവന്ന സ്കൂളുകൾക്ക് അംഗീകാരം നൽകിയതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(സി) അംഗീകാരം നൽകിയ ഏതെങ്കിലും സ്കൂൾ മാനേജ്മെന്റ് സർക്കാർ അംഗീകരിച്ച ശമ്പളം അദ്ധ്യാപകർക്ക് നൽകുന്നുണ്ടോ ; ഇത് ഉറപ്പാക്കിയത് എങ്ങനെയെന്ന് വ്യക്തമാക്കാമോ ;

(ഡി) മൂന്ന് ഏക്കറിലധികം സ്ഥലം ഇല്ലാത്ത ഏതെങ്കിലും സ്കൂളിന് അംഗീകാരം നൽകിയിട്ടുണ്ടോ ; സ്ഥലമുണ്ടെന്ന് ഉറപ്പുവരുത്തിയതെങ്ങനെയെന്ന് വിശദീകരിക്കാമോ ;

(ഇ) ആദ്യഘട്ടത്തിലേതിനുപുറമെ ഏതാനും സ്കൂളുകൾക്ക്കൂടി അംഗീകാരം നൽകുന്നതിന് ഡി.പി.ഐ.യിൽനിന്നും പ്രൊപ്പോസൽ വാങ്ങിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത തീരുമാനത്തെ തുടർന്ന് എത്ര സ്കൂളുകൾ അടച്ചുപൂട്ടേണ്ടതായിവരുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനായി മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷക ളിന്മേൽ വിശദമായ പരിശോധന നടത്തി മാനദണ്ഡങ്ങൾ പാലിക്കുന്ന 308 സ്കൂളുകൾക്ക് ഇതുവരെ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) 10-6-2013-ലെ സ.ഉ.(കൈ.) നമ്പർ 184/13/പൊ.വി.വ. പ്രകാരമുള്ള സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് അംഗീകാരത്തിനുള്ള അർഹത നിർണ്ണയിച്ചത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി) സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള ശമ്പളം അദ്ധ്യാപകർക്ക് നൽകണമെന്നുള്ളത് മാനദണ്ഡങ്ങളിലെ ഒരു വ്യവസ്ഥയായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ആയത് നൽകാമെന്ന് സ്കൂൾ മാനേജർമാർ 100 രൂപ മുദ്രപത്രത്തിൽ ഡിക്ലറേഷൻ അംഗീകാരത്തിനായുള്ള അപേക്ഷയോടൊപ്പം നൽകിയിട്ടുണ്ട്.

(ഡി) അംഗീകാരം ഇല്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് കെ.ഇ.ആർ.-ൽ വ്യവസ്ഥ ചെയ്യുന്ന സ്ഥലപരിധിയാണ് ആവശ്യമായത്. ഹൈസ്കൂളിന് 3 ഏക്കറും എൽ.പി. ആന്റ് യു.പി. സ്കൂളുകൾക്ക് 1 ഏക്കറും ആവശ്യമാണ്. 10-6-2013-ലെ സ.ഉ. (കൈ.) നമ്പർ 184/2013/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവിൽ അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡപ്രകാരം 1-6-2012-ന് 10 വർഷത്തെ പ്രവർത്തനം പൂർത്തീകരിച്ച സ്കൂളുകൾക്ക് മേൽ പരാമർശം സ്ഥല പരിമിതിയിൽ ഇളവ് നൽകിയിട്ടുണ്ട്. അപേക്ഷയോടൊപ്പം സ്ഥലം സംബന്ധിക്കുന്ന രേഖകളും ഹാജരാക്കിയിട്ടുണ്ട്.

(ഇ) ആദ്യഘട്ടത്തിലേതിനുപുറമേ മാനദണ്ഡങ്ങൾ പാലിക്കുന്ന മറ്റ് സ്കൂളുകൾക്കുകൂടി അംഗീകാരം നൽകുന്നതിനുള്ള ശിപാർശ പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്ന് ലഭ്യമായിട്ടുണ്ട്. അംഗീകാരത്തിന് അർഹമല്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടപ്പെടുന്നതാണ്.

**കുട്ടനാട്ടിലെ സർവ്വശിക്ഷാ അഭിയാൻ കേരള പദ്ധതി പ്രവൃത്തികൾ**

93 (1120) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വശിക്ഷാ അഭിയാൻ കേരള പദ്ധതിപ്രകാരം കുട്ടനാട്ടിൽ ഏതെല്ലാം പ്രവൃത്തികൾക്ക് 2014-15 സാമ്പത്തിക വർഷം എത്ര തുക വീതം അനുവദിച്ചുവെന്നും ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) കുട്ടനാട്ടിൽ 2014-15 സാമ്പത്തിക വർഷത്തിൽ സ്കൂളുകൾക്ക് യൂണിഫോം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിതരണം ചെയ്യുന്ന പദ്ധതിയിൽ എത്ര രൂപ അനുവദിച്ചുവെന്നും ചെലവഴിച്ചുവെന്നും വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ കുട്ടനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ എസ്.എസ്.എ. പ്രവർത്തനങ്ങൾ അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്.*

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ കുട്ടനാട് മണ്ഡലത്തിൽ സ്കൂളുകൾക്ക് വിതരണം ചെയ്ത യൂണിഫോമിന്റെ വിവരങ്ങൾ അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്.*

## ഹോസ്ദുർഗ്ഗ് ഗവൺമെന്റ് സ്കൂളിലെ യു.പി.എസ്.എ. കന്നട വിഭാഗം തസ്തിക

94 (1121) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിമൂന്ന് വർഷമായി കാസർഗോഡ് ഹോസ്ദുർഗ്ഗ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ നിലവിലുണ്ടായിരുന്ന യു.പി.എസ്.എ. കന്നട വിഭാഗം തസ്തിക റദ്ദ് ചെയ്തിട്ടുണ്ടോ ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്കൂളിൽ കന്നടവിഭാഗം അനുവദിച്ച ജി.ഒ. നമ്പർ 4953/2000 തീയതി 2-12-2000 പൊതുവിദ്യാഭ്യാസം എന്ന ഉത്തരവ് അവഗണിച്ചാണോ പ്രസ്തുത തസ്തിക റദ്ദ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തസ്തിക റദ്ദ് ചെയ്തതുമൂലം കന്നട ഭാഷാ ന്യൂനപക്ഷ വിദ്യാർത്ഥികൾ സഹിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതുപരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ഹോസ്ദുർഗ്ഗ് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ 2014-15 വർഷം 5, 6, 7 ക്ലാസുകളിലായി യഥാക്രമം 4, 5, 6 വീതം കുട്ടികളാണ് യു.ഐ.ഡി./ ഇ.ഐ.ഡി. പ്രകാരം പഠിതാക്കളായി ഉണ്ടായിരുന്നത്. സ.ഉ.ജി.ഒ. (എംഎസ്.) 167/2001/പൊ.വി.വ. തീയതി 11-5-2011 പ്രകാരം ഭാഷാ ന്യൂനപക്ഷങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പഠിതാക്കളായ കാസർഗോഡ് ജില്ല പോലുള്ള അതിർത്തി ജില്ലകളിൽ പ്രൈമറി ഡിവിഷനുകൾ നിലനിർത്താനായി ചുരുങ്ങിയത് 8 കുട്ടികളെങ്കിലും ഒരു ഡിവിഷനിൽ ഉണ്ടായിരി ക്കേണ്ടതാണ്. 2010-11 വർഷത്തെ തസ്തികാ നിർണ്ണയം നടത്തിയ കാലഘട്ടത്തിൽ ടി സ്കൂളിൽ 1 ഡിവിഷനിൽ എട്ടോ അതിൽ കൂടുതലോ കുട്ടികൾ പഠിതാക്കളായി ഉണ്ടായതിനാൽ പ്രൈമറി വിഭാഗത്തിൽ 1 തസ്തിക നിലനിന്നുപോന്നിരുന്നു. എന്നാൽ 2014-15 വർഷം 8-ലും കുറഞ്ഞത് മൂലമാണ് തസ്തിക അനുവദിക്കാതിരുന്നത്.

(ബി) സ.ഉ. (സാധാ.) നമ്പർ 4953/2000/പൊ.വി.വ. തീയതി 2-12-2000 പ്രകാരം ഹോസ്ദുർഗ്ഗ് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിലെ സമാന്തര കന്നട ഡിവിഷനുകളെ ഭാഷാ ന്യൂനപക്ഷമായി കണക്കിലെടുത്ത് നിലനിർത്തിപ്പോകണ മെന്നാണ് സർക്കാർ ഉത്തരവിറക്കിയിരുന്നത്. എന്നാൽ ടി ഉത്തരവിന്റെ തുടർച്ചയായി വീണ്ടും കുട്ടികളുടെ കുറവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്നുവരെ പ്രൈമറി വിഭാഗം ഡിവിഷനുകൾ നിലനിർത്താനാവശ്യമായ വിദ്യാർത്ഥികളുടെ കുറഞ്ഞ എണ്ണമായ 10-ൽ നിന്നും 8 ആക്കിക്കുറച്ചുകൊണ്ടുള്ള ഉത്തരവാണ് ഭാഷാ ന്യൂനപക്ഷങ്ങൾ പഠിക്കുന്ന ഡിവിഷനുകളിൽ നടപ്പിലാക്കേണ്ടതെന്ന് സ.ഉ. ജി.ഒ. (എംഎസ്.) 167/2001/പൊ.വി.വ. തീയതി 11-5-2011 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത്. മേൽ ഉത്തരവുകൾ കൃത്യമായി പാലിച്ചുകൊണ്ട് തന്നെയാണ് ടി സ്കൂളിൽ കന്നട തസ്തിക റദ്ദ് ചെയ്തിട്ടുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള സാഹചര്യത്തിൽ ഹോസ്ദുർഗ്ഗ് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ പ്രൈമറി വിഭാഗം കന്നട ഡിവിഷനുകളും തസ്തികയും നിലനിർത്താൻ കഴിയില്ല.

**എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം**

95 (1122) ശ്രീ. മോൻസ് ജോസഫ് :

ശ്രീ. സി. എഫ്. തോമസ് :

ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് എല്ലാവർക്കും വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്ത് ഉൾപ്പെടെ ഉയർന്ന ഗുണനിലവാരം പുലർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രാഥമിക വിദ്യാഭ്യാസരംഗത്ത് എല്ലാവർക്കും വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന അഞ്ചുമുതൽ പതിനാല് വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസ അവകാശ നിയമം വിഷയമാക്കിക്കൊണ്ട് എല്ലാ അദ്ധ്യാപകർക്കും പരിശീലനം നൽകുകയും പാരന്റൽ അവയർനെസ് പരിപാടികൾ നടത്തുകയും ചെയ്യുന്നുണ്ട്. എല്ലാ വർഷവും ഔട്ട് ഓഫ് സ്കൂൾ കുട്ടികളെ കണ്ടെത്തുന്നതിനായി സർവ്വേ നടത്തുകയും അങ്ങനെ കണ്ടെത്തിയ കുട്ടികൾക്ക് പ്രത്യേക ട്യൂട്ടർമാരെവച്ച് ബ്രിഡ്ജ് കോഴ്സ് നൽകിയതിനുശേഷം അവരെ വിദ്യാലയങ്ങളിൽ എൻറോൾ ചെയ്യിക്കുകയും ചെയ്തുവരുന്നു. പ്രാഥമിക വിദ്യാഭ്യാസ പാഠ്യപദ്ധതി പരിഷ്കരിച്ചു. അതിന്റെ ഭാഗമായി എല്ലാ കുട്ടികളിലും പഠന നേട്ടങ്ങൾ ഉറപ്പാക്കുന്ന തരത്തിൽ സിലബസ്സും പാഠപുസ്തകങ്ങളും പരിഷ്കരിക്കുകയും അദ്ധ്യാപക പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രൈമറി ക്ലാസ്സുകളിൽ ഇംഗ്ലീഷ് മീഡിയം പാഠപുസ്തകങ്ങൾ വേണമെന്ന ആവശ്യം പരിഗണിച്ച് 1 മുതൽ 4 വരെ ക്ലാസ്സുകളിലേയ്ക്ക് ഇംഗ്ലീഷ് മീഡിയം പാഠപുസ്തകങ്ങൾ പഠിപ്പിച്ചുവരുന്നു. മൂല്യനിർണ്ണയം പരിഷ്കരിച്ച് കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**ചോദ്യപേപ്പറിലെ അപാകതകൾ**

96 (1123) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. പരീക്ഷാ ചോദ്യപേപ്പറിൽ ചന്ദ്രക്കലയും നക്ഷത്രവും അച്ചടിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചന്ദ്രക്കലയും നക്ഷത്രവും അച്ചടിക്കാൻ പരീക്ഷാ സെക്രട്ടറി മുൻകൂർ അനുമതി നൽകിയിരുന്നോ ; ഇല്ലെങ്കിൽ അപാകത വരുത്തിയവർക്കെതിരെ ശിക്ഷാ നടപടി സ്വീകരിച്ചുവോ ;

(സി) പത്താംക്ലാസ്, പ്ലസ്സ കണക്ക് പരീക്ഷയുടെ ചോദ്യപേപ്പറുകൾ പ്രയാസമേറിയ തായതിനാൽ ലഭിക്കേണ്ട മാർക്ക് ലഭിക്കാതെ വന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പരീക്ഷ പ്രയാസമായതുമൂലം കുട്ടികൾക്ക് ഉണ്ടായ പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചുവോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) എത്രപേർ പരീക്ഷാ പേപ്പർ പുനർനിർണ്ണയത്തിന് അപേക്ഷ നൽകിയെന്നും റിസൾട്ട് എപ്പോൾ പ്രഖ്യാപിക്കുമെന്നും വ്യക്തമാക്കുമോ ;

(എഫ്) റിസൾട്ട് പ്രഖ്യാപനം സംബന്ധിച്ച മറ്റ് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും ഇവർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) എസ്.എസ്.എൽ.സി. പരീക്ഷാ ചോദ്യപേപ്പറിന്റെ അവസാനം ചന്ദ്രക്കലയും നക്ഷത്രവും എന്ന സിംബൽ അച്ചടിച്ചുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരീക്ഷാ സെക്രട്ടറി മുൻകൂർ അനുമതി നൽകിയിട്ടില്ല. ഇതുസംബന്ധിച്ച് ബന്ധപ്പെട്ട പ്രിന്ററിൽനിന്നും വിശദീകരണം തേടുകയുണ്ടായി. പ്രിന്ററിൽനിന്നും ലഭിച്ച വിശദീകരണ പ്രകാരം സോഷ്യൽ സയൻസ് ഇംഗ്ലീഷ് മീഡിയം പേപ്പറിന്റെ അവസാനം ചന്ദ്രക്കലയും നക്ഷത്രവും അച്ചടിച്ചുവന്നത് മനഃപൂർവ്വമോ പ്രത്യേക ലക്ഷ്യമോ വച്ചല്ല. പ്രസ്തുത ചിഹ്നം ഉൾപ്പെടെ 19 ചിഹ്നങ്ങൾ പ്രിന്ററുടെ കമ്പ്യൂട്ടർ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ അഞ്ചാമത്തെ ഫോണ്ടാണ് സോഷ്യൽ സയൻസ് ഇംഗ്ലീഷ് മീഡിയം പേപ്പറിൽ ഉപയോഗിച്ചിരുന്നത്. ഈ ഫോണ്ടുതന്നെയാണ് തുടർന്നുനടന്ന ദിവസങ്ങളിലെ എല്ലാ ഇംഗ്ലീഷ് മീഡിയം ചോദ്യ പേപ്പറുകളിലും ഉപയോഗിച്ചിരുന്നത്. ഈ

ഫോണ്ട് തെരഞ്ഞെടുത്തതിനോ, ഉപയോഗിച്ചതിനോ പ്രത്യേക കാരണമോ ലക്ഷ്യമോ ഇല്ലായിരുന്നുവെന്ന് പ്രിന്റർ വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ ചോദ്യപേപ്പറിന്റെയും അവസാനം ചോദ്യങ്ങൾ അവസാനിച്ചു എന്നതിന് സൂചനയായി പ്രിന്റർ 19 എണ്ണത്തിൽനിന്നും ഒരു സിംബൽ ആണ് ചോദ്യപേപ്പറുകൾക്ക് നൽകി വരുന്നത്. മേൽപ്പറഞ്ഞ 19 ചിഹ്നങ്ങളും പ്രിന്റർ തന്നെ തയ്യാറാക്കിയിട്ടുള്ളതാണ്. ഇങ്ങനെ ഒരു ചിഹ്നം ചോദ്യപേപ്പറിന്റെ അവസാനം നൽകണമെന്ന് യാതൊരു നിർദ്ദേശവും പരീക്ഷാഭവനിൽനിന്നും നൽകിയിട്ടില്ല.

(സി&ഡി) കണക്ക് പരീക്ഷകൾ പ്രയാസമേറിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) 93977 പുനർമൂല്യനിർണ്ണയത്തിന്റെ അപേക്ഷ ലഭിക്കുകയും മുഴുവൻ പുനർ മൂല്യനിർണ്ണയവും നടത്തി റിസൾട്ട് പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പരാതികൾക്ക് പരിഹാരം ഉടൻ തന്നെ സ്വീകരിച്ചിട്ടുണ്ട്. ഫലപ്രഖ്യാപനത്തിൽ ഉണ്ടായതായ വീഴ്ചകളെപ്പറ്റി പഠിക്കുവാൻ രൂപീകരിച്ച കമ്മിറ്റി അതെപ്പറ്റി പഠിച്ചുവരികയാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഹയർസെക്കണ്ടറി അദ്ധ്യാപക നിയമനം**

97 (1126) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോമേഴ്സ് ജൂനിയർ, സീനിയർ ഹയർസെക്കണ്ടറി അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ 2015 മാർച്ച് 31-നകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളുകളിൽ എത്ര കോമേഴ്സ് ബാച്ചുകൾ പുതുതായി അനുവദിച്ചുവെന്നും അവിടെ എത്ര കോമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി. ലിസ്റ്റിൽനിന്ന് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ഒഴിവുകൾ**

98 (1127) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ ;

(ബി) ഇതിൽ കായികാദ്ധ്യാപകരുടെ ഒഴിവുകൾ എത്ര ;

(സി) യോഗ്യത ഇല്ലാത്തവരെ കായികാദ്ധ്യാപകരായി ഏതെങ്കിലും സ്കൂളുകളിൽ നിയമിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) അദ്ധ്യാപക ബാങ്കിൽനിന്നും മുമ്പ് ഭാഷാദ്ധ്യാപകരെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരായി നിയമിച്ചിരുന്നോ ; ഇവർ ഇപ്പോഴും തുടരുന്നുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി&ഡി) 2014-15 വർഷത്തെ തസ്തിക നിർണ്ണയംമൂലം അധികമായി കണ്ടെത്തിയിട്ടുള്ള സർക്കാർ സ്കൂൾ അധ്യാപകരെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ അനുശാസിക്കുംപ്രകാരം എസ്.എസ്.എ.വഴി പാർട്ട്ടൈം ഇൻസ്ട്രക്ടർമാരായി നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. കേന്ദ്ര സർക്കാരിൽനിന്നും ഇതിലേയ്ക്കായി അനുവദിച്ച തുക വിനിയോഗിച്ച് ടി അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിനും തികച്ചും താൽക്കാലിക അടിസ്ഥാനത്തിൽ അധികമായി കണ്ടെത്തിയ അധ്യാപകരെ പുനർവിന്യസിക്കുന്നതിനും ആണ് നടപടികൾ സ്വീകരിച്ചിരുന്നത്. എന്നാൽ മറ്റ് അദ്ധ്യാപകരെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരായി നിയമിക്കുന്നതിനെതിരെ പ്രതിഷേധം ഉണ്ടായതിനെ തുടർന്ന് ഈ നടപടി പിൻവലിക്കുകയുണ്ടായി.

**പാഠപുസ്തകങ്ങളുടെ വിതരണം**

99 (1128) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വിവിധ ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തിയായിക്കഴിഞ്ഞോ ; ഇല്ലെങ്കിൽ സ്കൂൾ തുറക്കുമ്പോൾ തന്നെ വിതരണം പൂർണ്ണമായും നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

## ഉത്തരം

ഒന്നുമുതൽ പത്ത്‌വരെയുള്ള ക്ലാസ്സുകളിലെ സ്കൂൾ പാഠപുസ്തക അച്ചടിയും വിതരണവും നടന്നുകൊണ്ടിരിക്കുകയാണ്. ജൂലൈ മാസം 31-നുമുമ്പ് അച്ചടി പൂർത്തീകരിച്ച് പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനായി ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. ഹയർസെക്കണ്ടറിയിലെയും വൊക്കേഷണൽ ഹയർസെക്കണ്ടറിയിലെയും 12-ാം ക്ലാസ്സിലെ 95% പുസ്തകങ്ങളും അച്ചടിച്ച് വിതരണം നടത്തിയിട്ടുണ്ട്. 11-ാം ക്ലാസ്സ് പാഠപുസ്തകങ്ങൾ ക്ലാസ്സ് തുടങ്ങുന്നതിന് മുമ്പായും വിതരണം ചെയ്യാൻ കഴിയും.

## പാഠപുസ്തകങ്ങളുടെ വിതരണം

100 (1129) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) പുതുക്കിയ സിലബസ് അനുസരിച്ച് എത്ര പാഠപുസ്തകങ്ങൾ ഏതെല്ലാം ക്ലാസ്സുകളിലേക്കാണ് അനുവദിച്ചിട്ടുള്ളത് ; ഇവയുടെ വിതരണം ഏതു ഘട്ടത്തിലാണ് ; വ്യക്തമാക്കാമോ ;

(സി) ടാബ്ലറ്റ് രൂപത്തിൽ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ഏതെല്ലാം ക്ലാസ്സുകളിലാണ് നടപ്പിലാക്കുന്നത് ; പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ ;

(ഡി) ഓരോ ജില്ലയിലേയ്ക്കും ഓരോ ക്ലാസ്സിനും ഓരോ വിഷയത്തിനും എത്ര പാഠപുസ്തകങ്ങൾ ആവശ്യമുണ്ടെന്ന് അറിയിക്കുമോ ; ആയതിൽ എത്രയെണ്ണം ഓരോ ജില്ലയിലും ലഭ്യമാക്കിയെന്നും വിശദമാക്കാമോ ?

## ഉത്തരം

(എ) മധ്യവേനലവധിക്കാലത്തുതന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്ക ത്തക്കവിധം 2014 നവംബർ മാസം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ഒന്ന് മുതൽ പത്തുവരെ ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടിയുടെ ചുമതലയുള്ള കെ.ബി.പി.എസ്.-ന് മാറ്റമില്ലാത്ത പുസ്തകങ്ങളുടെ ടെന്റേറ്റീവ് പ്രിന്റ്

ഓർഡർ നൽകുകയും ചെയ്തിരുന്നു. മാറ്റമുള്ള ക്ലാസ്സുകളായ 2,4,6,8 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ ടൈറ്റിലുകളും പാഠസംഗ്രഹവും ജനുവരി മാസം എസ്.സി.ഇ.ആർ.ടി.യിൽ നിന്ന് ലഭിച്ച ഉടൻതന്നെ ജനുവരി 2015-ൽ ഐ.ടി. സ്കൂളിൽ സ്കൂളുകളിൽനിന്ന് ലഭിച്ച ഇൻഡന്റും ഉൾക്കൊള്ളിച്ച് ഫൈനൽ പ്രിന്റ് ഓർഡർ കെ.ബി.പി.എസ്.-ന് നൽകി. സർക്കാർ സംഘടിപ്പിച്ച ഘട്ടംഘട്ടമായ ഉന്നതതലയോഗങ്ങളിൽ അതാത് സമയത്തെ അച്ചടി, വിതരണം സംബന്ധിച്ച് തടസ്സങ്ങൾനീക്കി അവലോകനം ചെയ്തിരുന്നു. ജൂലൈ 31 -നകം പുസ്തക വിതരണം പൂർത്തിയാക്കുന്നതാണ്. 2015-16 അധ്യയന വർഷത്തേയ്ക്കുള്ള ഹയർസെക്കണ്ടറി 12-ാം ക്ലാസ് പാഠപുസ്തകങ്ങൾ 95% വിതരണം പൂർത്തിയാക്കി. 11-ാം ക്ലാസ് പാഠപുസ്തകങ്ങൾ ക്ലാസ് ആരംഭിക്കുന്നതിന് മുമ്പായും വിതരണം പൂർത്തിയാക്കും.

(ബി) 2,4,6,8 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളാണ് ഈ വർഷം മാറ്റമുള്ളത്. വിതരണത്തിന്റെ ചുമതല കെ.ബി.പി.എസ്., തപാൽ വകുപ്പുമുഖേനയാണ് നിർവ്വഹിക്കുന്നത്. കെ.ബി.പി.എസിൽനിന്ന് ലഭിച്ച വിതരണത്തിന്റെ റിപ്പോർട്ട് ഇതോടൊപ്പം ചേർക്കുന്നു. (അനുബന്ധം A).* 2015-16 അധ്യയന വർഷം 12 -ാം ക്ലാസിൽ 40 എസ്.സി.ഇ.ആർ.ടി. പുസ്തകങ്ങളും 25 എൻ.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങളും മാറി വരുന്നുണ്ട്. ഇതിൽ 63 പുസ്തകങ്ങളുടെ അച്ചടി പൂർത്തിയായി വിതരണം നടക്കുന്നു. ജൂലൈ 10-നു മുമ്പായി വിതരണം പൂർത്തിയാക്കും.

(സി) ടാബ്ലറ്റ് രൂപത്തിൽ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനുള്ള തീരുമാനം നടപ്പിലാക്കിയിട്ടില്ല.

(ഡി) ഓരോ ജില്ലയ്ക്കും ആവശ്യമായ പാഠപുസ്തകങ്ങളുടെ റിക്വയർമെന്റും വിതരണം ചെയ്ത വിവരവും അനുബന്ധം B ആയി ചേർക്കുന്നു.*

**പാഠപുസ്തകങ്ങളുടെ വിതരണം**

101 (1130) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അദ്ധ്യയന വർഷം സ്കൂൾ പാഠപുസ്തകങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വരുന്ന അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിച്ചുമതല

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആർക്കാണ് നൽകിയിരിക്കുന്നത് ;

(സി) പാഠപുസ്തക വിതരണം എന്നത്തേക്ക് നടത്താനാണ് തീരുമാനിച്ചിരിക്കുന്നത് ?

<u>ഉത്തരം</u>

(എ) 2014-15 അധ്യയന വർഷം സ്കൂൾ പാഠപുസ്തകങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. വോള്യം 1 പാഠപുസ്തക വിതരണത്തിൽ ആദ്യം ഉണ്ടായ ചില പാകപ്പിഴവുകൾ യഥാസമയം പരിശോധിച്ച് പരിഹരിച്ചിട്ടുണ്ട്.

(ബി) 2015-16 അധ്യയന വർഷത്തേയ്ക്കുള്ള ഒന്നുമുതൽ പത്തുവരെയുള്ള പാഠപുസ്തകങ്ങളുടെ അച്ചടി ചുമതല കെ.ബി.പി.എസ്.-നാണ് നൽകിയിരുന്നത്. എന്നാൽ സർക്കാർ പ്രസ്സുകളിലും പാഠപുസ്തക അച്ചടി നടന്നു. കേരള സർക്കാരിന് കീഴിലുള്ള C-apt എന്ന സ്ഥാപനത്തിനാണ് 2015-16 അധ്യയന വർഷത്തെ +1, +2 പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും ഏൽപ്പിച്ചിരിക്കുന്നത്.

(സി) 9,10 ക്ലാസ്സുകളിലെ പാഠപുസ്തക വിതരണം ഏപ്രിൽ, മേയ് മാസങ്ങളിലായി പൂർത്തീകരിച്ചിട്ടുണ്ട്. മാറ്റമുള്ള പാഠപുസ്തകങ്ങളുള്ള 2,4,6,8 ക്ലാസ്സുകളിലെയും മാറ്റമില്ലാത്ത 1,3,5,7 ക്ലാസ്സുകളിലെയും പാഠപുസ്തക വിതരണത്തിന്റെ 50% മേയ് മാസത്തിൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. ഇനിയും വിതരണം ചെയ്യേണ്ട പുസ്തകങ്ങളുടെ അച്ചടി ജൂലൈ മാസംതന്നെ പൂർത്തീകരിച്ച് സ്കൂളുകളിൽ എത്തിക്കുന്നതായിരിക്കും. പ്ലസ് ടു പാഠപുസ്തക വിതരണം 95% പൂർത്തിയായിട്ടുണ്ട്, പ്ലസ് വൺ ക്ലാസുകളിലെ പുസ്തക വിതരണം ക്ലാസ് തുടങ്ങുന്നതോടെ പൂർത്തിയാകും.

## ഹയർസെക്കൻഡറി സ്കൂൾ അദ്ധ്യാപകൻ കെ. കെ. അനീഷിന്റെ ആത്മഹത്യ

102 (1131) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപകൻ കെ. കെ. അനീഷ് ആത്മഹ്യ ചെയ്യാനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ഡി.പി.ഐ. ആഫീസിലെ വിജിലൻസ് വിഭാഗം 18-11-2014 മുതൽ നടത്തിയ അന്വേഷണങ്ങളുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) അതിൽ കുറ്റാരോപിതർ ആരൊക്കെയാണ് എന്ന് വിശദമാക്കാമോ ; ഇവർക്ക് എതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) കെ. കെ. അനീഷിനെതിരെ കള്ളപ്പരാതിയും വ്യാജ സർട്ടിഫിക്കറ്റും ഹാജരാക്കിയതായി അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ ; എങ്കിൽ ആരാണ് ഇത് ഹാജരാക്കിയത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ; സ്കൂൾ മാനേജർക്ക് എതിരെ അന്വേഷണത്തിൽ പരാമർശമുണ്ടെങ്കിൽ അക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) പ്രസ്തുത വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ക്യൂ.ഐ.പി. വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ വിജിലൻസ് വിഭാഗം 18-11-2014-ൽ അന്വേഷണം നടത്തുകയുണ്ടായി. തുടർന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ കെ. കെ. അനീഷ് സമർപ്പിച്ചിരുന്ന അപ്പീലിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശപ്രകാരം ജോയിന്റ് ഡയറക്ടർ (അക്കാഡമിക്) ബന്ധപ്പെട്ടവരെ 22-4-2015-ൽ കേൾക്കുകയുണ്ടായി. ഈ വിഷയം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിഗണനയിലാണ്.

(ബി) റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരം മൂന്നിയൂർ എച്ച്.എസ്.-ലെ മാനേജർ, പ്രഥമാധ്യാപിക എന്നിവർക്ക് ചാർജ്ജ് മെമ്മോ നല്കിയിട്ടുണ്ട്. എന്നാൽ മാനേജർ ബഹു. കേരള ഹൈക്കോടതിയിൽ WP(C) No. 12116/15(L) ഫയൽ ചെയ്യുകയും ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലഭിക്കാതെ ടിയാനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കരുതെന്ന് പ്രസ്തുത WP(C) യിന്മേലുള്ള 10-2-2015-ലെ ഇടക്കാല ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. 18-11-14-ലെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം മുൻ വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീ. കെ. സി. ഗോപിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്ന വിഷയം സർക്കാരിൽ പരിശോധിച്ചുവരികയാണ്.

(ഡി) ഡോ. കോയ നല്കിയ വൂണ്ട് സർട്ടിഫിക്കറ്റ് സംശയം ജനിപ്പിക്കുന്ന തരത്തിലുള്ളതാണെന്ന് 18-11-2014-ലെ അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

(ഇ) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരം മൂന്നിയൂർ എച്ച്.എസ്.-ലെ മാനേജർ, പ്രഥമാധ്യാപിക എന്നിവർക്ക് ചാർജ്ജ് മെമ്മോ നല്കിയിട്ടുണ്ട്. എന്നാൽ മാനേജർ ബഹു. കേരള ഹൈക്കോടതിയിൽ WP(C) No. 12116/15(L) ഫയൽ ചെയ്യുകയും ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് ലഭിക്കാതെ ടിയാനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കരുതെന്ന് പ്രസ്തുത WP(C) യിന്മേലുള്ള 10-2-2015-ലെ ഇടക്കാല ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. 18-11-14-ലെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം മുൻ വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീ. കെ. സി. ഗോപിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്ന വിഷയം സർക്കാരിൽ പരിശോധിച്ചുവരികയാണ്.

## വിദ്യാർത്ഥികളുടെ എണ്ണം

103 (1132) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾ കുറയുന്നത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും പദ്ധതികളും എന്തെന്ന് വിശദമാക്കാമോ ?

### ഉത്തരം

സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് നിയന്ത്രിക്കുന്നതിനായി അത്തരം കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ ബ്രിഡ്ജ് കോഴ്സ് നൽകി തിരികെ സ്കൂളിൽ പ്രവേശിപ്പിക്കുന്നതിനായി എസ്.എസ്.എ.-യുടെ നേതൃത്വത്തിൽ ഔട്ട് ഓഫ് സ്കൂൾ ഇന്റർവെൻഷൻ നടത്തിവരുന്നു. ഇതിനായി പ്രത്യേക ട്യൂട്ടർമാരെ നിയോഗിച്ചിട്ടുണ്ട്.

കൂടാതെ കൂടുതൽ കുട്ടികളെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലേയ്ക്ക് ആകർഷിക്കു ന്നതിനായി എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ പ്രാഥമിക പാഠ്യപദ്ധതി പരിഷ്കരിച്ചു. അതിന്റെ ഭാഗമായി എല്ലാ കുട്ടികൾക്കും പഠനനേട്ടങ്ങൾ ഉറപ്പാക്കുന്ന തരത്തിൽ സിലബസ്സും പാഠപുസ്തകങ്ങളും പരിഷ്കരിക്കുകയും അദ്ധ്യാപക പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. കൂടാതെ ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലേയ്ക്ക് ഇംഗ്ലീഷ് മീഡിയം പാഠപുസ്തകങ്ങൾ വേണമെന്ന ആവശ്യം പരിഗണിച്ച് ഇംഗ്ലീഷ് മീഡിയം പാഠപുസ്തകങ്ങൾ തയ്യാറാക്കി പഠിപ്പിച്ചുവരുന്നു.

## വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

104 (1133) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ നിരക്ക് എത്ര ശതമാനമാണ് ; ഇത് ഓരോ തലത്തിലും എത്ര ശതമാനം വീതമാണെന്ന് വിശദമാക്കാമോ ;

(ബി) കൊഴിഞ്ഞുപോക്കിന് കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(സി) ഇത്തരം വിദ്യാർത്ഥികളെ കണ്ടെത്തി പുനഃപ്രവേശിപ്പിക്കുന്നതിനും തുടർ വിദ്യാഭ്യാസം നൽകുന്നതിനും എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ; ഇല്ലെങ്കിൽ ഇതിനായി പദ്ധതി ആവിഷ്കരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ നിരക്ക് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ഹൈസ്കൂൾ തലം | : | 0.38% |
| യു. പി. തലം | : | 0.64% |
| എൽ. പി. തലം | : | 0.49% |

(ബി&സി) ഉണ്ട്. ആവശ്യമായ ഗതാഗത സൗകര്യങ്ങളുടെ അഭാവം,

ജോലിക്കായി കുട്ടികൾ മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും മാതാപിതാക്കളോടൊപ്പവും പോകുന്നത് എന്നിവയാണ് കാരണങ്ങൾ. ഈ വിഷയത്തിൽ എസ്.എസ്.എ. നടത്തിയ ഗവേഷണ ഫലങ്ങൾ സംസ്ഥാനതലത്തിൽ വിദ്യാഭ്യാസ ഓഫീസർമാരുടേയും ബന്ധപ്പെട്ട ഏജൻസികളുടേയും യോഗത്തിൽ അവതരിപ്പിച്ചിരുന്നു. ഔട്ട് ഓഫ് സ്കൂൾ ഇന്റർവെൻഷന്റെ ഭാഗമായി ഇത്തരം കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ ബ്രിഡ്ജ് കോഴ്സ് നൽകി ഇവരെ തിരികെ വിദ്യാലയങ്ങളിൽ എൻറോൾ ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ എസ്.എസ്.എ.യുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കൂടാതെ ബ്രിഡ്ജ് കോഴ്സ് നൽകുന്നതിനായി പ്രത്യേക വേതനംനൽകി ട്യൂട്ടർമാരേയും നിയോഗിച്ചിട്ടുണ്ട്.

## 2015 വിദ്യാലയവർഷത്തെ പാഠപുസ്തകങ്ങളുടെ അച്ചടി

105 (1134) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 വിദ്യാലയ വർഷം വിദ്യാലയങ്ങളിലെത്തുന്ന വിദ്യാർത്ഥികൾക്ക് വേണ്ടുന്ന പുസ്തകങ്ങൾ മധ്യവേനലവധിക്കാലത്തു തന്നെ സ്കൂളുകളിൽ എത്തിക്കും എന്ന ഉറപ്പ് നടപ്പാക്കിയോ എന്നും നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ഇതിനായി വകുപ്പ് നടത്തി എന്നും വ്യക്തമാക്കാമോ ;

(ബി) പാഠപുസ്തക അച്ചടിയും വിതരണവും നടത്തുവാൻ ചുമതലപ്പെടുത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും അവർ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും എത്ര പുസ്തകങ്ങൾ നാളിതുവരെ അച്ചടിച്ചുകഴിഞ്ഞു എന്നും എത്ര പുസ്തകങ്ങൾ അച്ചടിക്കാനുണ്ട് എന്നും ക്ലാസ്സുകൾ തിരിച്ചും വിഷയങ്ങൾ തിരിച്ചും വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്സുകൾക്ക് വേണ്ടുന്ന കടലാസ്സും മഷിയും മറ്റ് സൗകര്യങ്ങളും നാളിതുവരെ ഏതെല്ലാം പ്രസ്സുകൾക്ക് വിതരണം ചെയ്തു. അവ എത്ര ശതമാനം വിതരണം ചെയ്തിട്ടുണ്ടെന്നും ഇനി എത്ര ശതമാനം വിതരണം ചെയ്യുവാനുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പുസ്തക അച്ചടി നിയന്ത്രിക്കാനും യഥാസമയം എത്തിക്കുവാനും നിയോഗിക്കപ്പെട്ട വകുപ്പിൻ കീഴിലെ ഉദ്യോഗസ്ഥർ ആരെല്ലാം എന്നും പ്രസ്തുത പ്രവർത്തനങ്ങളിൽ വീഴ്ചവരുത്തിയവർ ആരെല്ലാം എന്നും വ്യക്തമാക്കുമോ ;

(ഇ) പുസ്തക അച്ചടിക്കായി എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ; പ്രസ്തുത

തുക യഥാസമയം അനുവദിച്ചുനൽകുന്നതിൽ ധനവകുപ്പ് ഉന്നയിച്ച തടസ്സവാദങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(എഫ്) കുട്ടികൾക്ക് 2015 വർഷം എപ്പോൾ പുസ്തകങ്ങൾ വിതരണം ചെയ്തു തീർക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒന്ന് മുതൽ പത്ത് വരെയുള്ള പാഠപുസ്തകങ്ങൾ മധ്യവേനലവധിക്കാലത്ത് തന്നെ സ്കൂളുകളിൽ എത്തിക്കത്തവിധം 2014 നവംബർ മാസം തന്നെ പേപ്പർ വാങ്ങുന്നതിനുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മാറ്റമുള്ള 2,4,6,8 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ ടൈറ്റിലുകളും പാഠ സംഗ്രഹവും ജനുവരി മാസം എൻ.സി.ഇ.ആർ.ടി.യിൽനിന്ന് ലഭിച്ച ഉടൻ തന്നെ ജനുവരി 2015-ൽ ഐ.ടി. സ്കൂൾ വെബ് സൈറ്റിൽ സ്കൂളുകളിൽനിന്ന് ലഭിച്ച ഇൻഡന്റും ഉൾക്കൊള്ളിച്ച് ഫൈനൽ പ്രിന്റ് ഓർഡർ കെ.ബി.പി.എസ്.-ന് ജനുവരി മാസം കൈമാറുകയുണ്ടായി. തുടർന്ന് അച്ചടിയുടെ പുരോഗതി നിരന്തരം ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിതലത്തിൽ വിലയിരുത്തുന്നുണ്ടായിരുന്നു. പുസ്തക വിതരണം ജൂലൈയിൽ പൂർത്തിയാക്കാൻ കഴിയും. ഹയർസെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും C-apt-നെയാണ് ഏല്പിച്ചിരിക്കുന്നത്.

(ബി) കെ.ബി.പി.എസ്.-ലും സർക്കാർ പ്രസ്സുകളിലുമായാണ് പാഠപുസ്തകങ്ങൾ അച്ചടിക്കുന്നത്. കെ.ബി.പി.എസ്.-ൽ 1,76,64,079 ഇതുവരെ അച്ചടിച്ചു. ഗവൺമെന്റ് പ്രസ്സിൽ 12 ലക്ഷം പുസ്തകങ്ങളാണ് അച്ചടിച്ചത്. ശേഷിക്കുന്ന പുസ്തകങ്ങൾ കെ.ബി.പി.എസ്.-ൽ തന്നെ അച്ചടിച്ചുവരികയാണ്. പാഠപുസ്തക വിതരണം, അച്ചടിയുടെ വിഷയംതിരിച്ചരേഖ അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു. (അനുബന്ധം-എ)* ഹയർസെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും C-apt നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ആകെ 2470987 പുസ്തകമാണ് അച്ചടിക്കേണ്ടത്. പ്ലസ് ടു Accountancy Part I & II, Themes in Kerala History എന്നിവയുടെ 73170 പുസ്തകങ്ങളൊഴികെ ബാക്കിയുള്ളവയുടെ അച്ചടി പൂർത്തിയായിട്ടുണ്ട്. ക്ലാസ്സ്/വിഷയം തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം - ബി)*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സർക്കാർ പ്രസ്സുകൾക്ക് അച്ചടിക്ക് ആവശ്യമായ പ്രിന്റിംഗ് മെറ്റീരിയൽ കെ.ബി.പി.എസ്. ആണ് കൈമാറി നൽകിയിട്ടുള്ളത്. 12 ലക്ഷത്തോളം പുസ്തകങ്ങൾ സർക്കാർ പ്രസുകളിൽ ഇപ്രകാരം അച്ചടിക്കുകയുണ്ടായി. മണ്ണന്തല, വാഴൂർ, ഷൊർണ്ണൂർ പ്രസ്സുകളിലാണ് അച്ചടിക്കാവശ്യമായ മെറ്റീരിയൽ കെ.ബി.പി.എസ്. കൈമാറി നൽകിയിട്ടുള്ളത്. ശേഷിക്കുന്ന പുസ്തകങ്ങളുടെ അച്ചടി കെ.ബി.പി.എസ്. തന്നെ നടത്തിവരുന്നു.

(ഡി) പാഠപുസ്തക അച്ചടി പൂർണ്ണമായും നിർവ്വഹിക്കുന്നതിന് കെ.ബി.പി.എസ്.-നെയാണ് സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. കൂടാതെ പാഠപുസ്തക വിതരണത്തിന്റെ ചുമതലയും കഴിഞ്ഞ അഞ്ചുവർഷങ്ങളായി കെ.ബി.പി.എസ്.-നെയാണ് സർക്കാർ ഏൽപ്പിച്ചിരിക്കുന്നത്. വിതരണം കെ.ബി.പി.എസ്. തപാൽ വകുപ്പുമുഖേന നിർവ്വഹിക്കുന്നു. തപാൽ വകുപ്പും കെ.ബി.പി.എസ്.-മായാണ് അതിനായുള്ള MoU ഒപ്പുവയ്ക്കുന്നത്. അച്ചടിയുടെയും വിതരണത്തിന്റെയും മേൽനോട്ടം വഹിക്കുന്നതിന് കോ-ഓർഡിനേറ്ററായി ശ്രീ. ജി. ചന്ദ്രശേഖരൻ ഉണ്ണിത്താനെയാണ് സർക്കാർ നിയമിച്ചിരിക്കുന്നത്. ഹയർ സെക്കണ്ടറി പാഠപുസ്തക അച്ചടിയിൽ വീഴ്ച വന്നിട്ടില്ല.

(ഇ) പാഠപുസ്തക അച്ചടി പൂർത്തിയാക്കിയതിനുശേഷമാണ് അച്ചടിയുടെ ചാർജ്ജ് കെ.ബി.പി.എസ്.-ന് നൽകുന്നത്. ഏകദേശം 6 കോടി രൂപയാണ് ഓരോ വർഷവും കെ.ബി.പി.എസ്.-ന് അച്ചടിയിനത്തിൽ നൽകിവരുന്നത്. ആയതിനാൽ ഈ വർഷത്തേയ്ക്കുള്ള അച്ചടിക്കുള്ള തുക നൽകേണ്ടത് 2016 മാർച്ച് മാസത്തിന് മുൻപാണ്. ഹയർസെക്കണ്ടറി പാഠപുസ്തക അച്ചടിക്ക് സർക്കാർ തുക അനുവദിച്ചുനൽകുന്ന പതിവില്ല. പകരം പുസ്തകം അച്ചടിച്ച് വില്പന നടത്തുന്ന രീതിയാണ് അവലംബിക്കുന്നത്.

(എഫ്) 2015-16 വർഷം ജൂലൈ 20-ന് മുമ്പ് പാഠപുസ്തക വിതരണം പൂർത്തിയാക്കാൻ കഴിയും. ഹയർസെക്കണ്ടറി പ്ലസ് ടു പാഠപുസ്തകങ്ങൾ 95% വും വിതരണം ചെയ്തിട്ടുണ്ട്. പ്ലസ് വൺ പുസ്തകങ്ങൾ ക്ലാസ്സ് ആരംഭിക്കുന്നതിനുമുമ്പ് വിതരണം പൂർത്തിയാകും.

**വിദ്യാഭ്യാസരംഗത്തെ മിഷൻ 676 പ്രകാരമുള്ള കർമ്മ പദ്ധതികൾ**

106 (1135) <u>ശ്രീ. ബെന്നി ബെഹനാൻ</u> :

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :

ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ രംഗത്ത് മിഷൻ 676 പ്രകാരം എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളെ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതി നിർവ്വഹണത്തിനായി ഏതെല്ലാം സ്ഥാപനങ്ങളെയും ഏജൻസികളെയുമാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ;

(ഡി) പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) മിഷൻ 676 പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഇവയാണ്.

1. ആശ്വാസ്
2. ജി. വി. രാജാ സ്പോർട്സ് സ്കൂൾ - അടിസ്ഥാന സൗകര്യ വികസനം
3. ഇന്ററാക്ടീവ് ഡിസ്റ്റൻസ് ഇ-ലേണിംഗ്
4. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്ഥാപനങ്ങൾക്കുള്ള ധനസഹായം
5. അതുല്യം രണ്ടാം ഘട്ടം
6. അക്ഷരലക്ഷം രണ്ടാം ഘട്ടം
7. ആദിവാസി സാക്ഷരതാ പദ്ധതി

ഉന്നത വിദ്യാഭ്യാസ രംഗത്ത് മിഷൻ 676 പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം -2-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടിയായ അതുല്യം രണ്ടാം ഘട്ടം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ പഞ്ചായത്ത്, സാമൂഹ്യക്ഷേമം, നഗരകാര്യ ന്യൂനപക്ഷക്ഷേമം, ഗ്രാമവികസനം, സഹകരണം, ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് നടത്തുന്നത്. പാലക്കാട് ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, എസ്.സി./ എസ്.റ്റി. എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ആദിവാസി സാക്ഷരതാ പദ്ധതി (അട്ടപ്പാടി) നടപ്പിലാക്കുന്നു. മിഷൻ 676 -ലെ മറ്റ് പദ്ധതികളെല്ലാം പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടാണ് നടപ്പിലാക്കുന്നത്. ഉന്നത വിദ്യാഭ്യാസരംഗത്ത് മിഷൻ 676 പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-2-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(ഡി) അതുല്യം പദ്ധതിയുടെ (രണ്ടാം ഘട്ടം) സുഗമമായ നടത്തിപ്പിനായി സംസ്ഥാനതലത്തിലും ജില്ലാ തലങ്ങളിലും സംഘാടക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്ത റിസോഴ്സ് പേഴ്സൺമാർ, കീ റിസോഴ്സ് പേഴ്സൺമാർ, ഇൻസ്ട്രക്ടർമാർ, പ്രേരക്മാർ എന്നിവർക്ക് ജില്ലാതലങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, ഡയറ്റ് പ്രിൻസിപ്പൽമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർ എന്നിവരെ ഉൾപ്പെടുത്തി സർക്കാർ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. അക്ഷരലക്ഷം പദ്ധതിയുടെ ഭാഗമായി ആദിവാസി മേഖല, തീരദേശ മേഖല, നഗരചേരികൾ, മത്സ്യത്തൊഴി ലാളികൾ, ഭാഷാ ന്യൂനപക്ഷ മേഖലകൾ എന്നീ നിരക്ഷരതാ തുരുത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിലൂടെ കേരളത്തിലെ 50,000 പേരെ സാക്ഷരരാക്കാനാണ് ഉദ്ദേശിക്കുന്നത്. ആദിവാസി സാക്ഷരതാ പരിപാടിയുടെ ഭാഗമായി ജനപ്രതിനിധി കളുടെ നേതൃത്വത്തിൽ ബ്ലോക്കുതല മീറ്റിംഗുകളും പഞ്ചായത്തുതല മീറ്റിംഗുകളും വിളിച്ച് ചേർത്ത് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. മിഷൻ 676-ലെ മറ്റ് പദ്ധതികളെല്ലാം പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടാണ് നടപ്പിലാക്കുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് മിഷൻ 676 പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ

വിശദാംശങ്ങൾ അനുബന്ധം-2-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

## ഫ്ലെയർ (FLAIR) പദ്ധതി

107 (1136) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫ്ലെയർ (Fostering Linkage In Academic Innovation and Research) പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ആരെല്ലാമായി സഹകരിച്ചാണ് നടത്തുന്നത് ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ ഒരുക്കിയിട്ടുള്ള സംവിധാനം വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫ്ലെയർ പദ്ധതിക്ക് രണ്ട് ലക്ഷ്യങ്ങൾ ഉണ്ട്.

1. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിലും സർവ്വകലാശാല വകുപ്പുകളിലും പുതിയതായി പ്രവേശിച്ച അദ്ധ്യാപകർക്ക് മികച്ചരീതിയിലുള്ള അദ്ധ്യാപന പരിശീലനവും അദ്ധ്യാപനത്തിലും ഗവേഷണത്തിലും മികച്ച ദേശീയ/ അന്തർദ്ദേശീയ സ്ഥാപനത്തിൽ പരിശീലനവും പദ്ധതിപ്രകാരം നൽകുന്നു. അഞ്ച് വർഷത്തിൽ താഴെ സർവ്വീസുള്ള ഇനിയും 20 വർഷമെങ്കിലും സർവ്വീസ് ഉള്ളവരുമായ യുവ അദ്ധ്യാപകരെയാണ് ഫ്ലെയർ പരിശീലനങ്ങൾക്ക് തെരഞ്ഞെടുത്തിട്ടുള്ളത്.

2. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉന്നത നിലവാരത്തിലുള്ളതും നൂതനവുമായ ആശയങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും പ്രചോദനം നൽകുവാനും പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഫ്ലെയർ പദ്ധതി ദേശീയതലത്തിൽ ഹൈദരാബാദ് എഫ്ലു (EFLU) ഐ.ഐ.റ്റി. മദ്രാസ്, ഐ.ഐ.റ്റി. മുംബൈ, ബാംഗ്ലൂരിലെ സെന്റർ ഫോർ നാനോ സയൻസ് ആന്റ് എഞ്ചിനീയറിംഗ്, Indian Institute of Science, TATA Institute of Social Science, Mumbai; National Institute of Technology, Bhopal; University of Delhi, ഐ.ഐ.ടി., ഗുവഹാത്തി, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, ജെ.എൻ.യു., തുടങ്ങിയ സ്ഥാപനങ്ങളുമായും അന്തർദ്ദേശീയ തലത്തിൽ ബ്രിട്ടീഷ് കൗൺസിൽ, ഹയർ എഡ്യൂക്കേഷൻ അക്കാഡമി, യു.കെ., ബ്രിട്ടണിലെ ഷെഫീൽഡ് ഹള്ളാം, സൌതാപ്റ്റൻ റോഹാമറ്റൻ, ആഗ്ലിയാ റസ്കിൻ, ദർഹാം തുടങ്ങിയ സർവ്വകലാശാലകളുമായി ചേർന്ന് സഹകരിച്ച് പരിശീലനം നടത്തിവരുന്നു.

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെകീഴിലുള്ള ഫ്ലെയർ പദ്ധതി ഉൾപ്പെടുന്ന പുതിയ സംരംഭങ്ങൾക്കായി ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുടെ കീഴിൽ ഒരു പ്രത്യേക ഓഫീസ് പ്രവർത്തിക്കുന്നു. ഫ്ലെയർ പദ്ധതിയുടെ നടത്തിപ്പിനായി ഒരു പ്രോഗ്രാം ഡയറക്ടറെയും വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. അക്കാദമിക് പരിശീലനം രൂപപ്പെടുത്താനും അത് നൽകാനുമായി ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ഡോ. എൻ. ജെ. റാവുവിന്റെ നേതൃത്വത്തിൽ ഒൻപത് പേരടങ്ങുന്ന ഒരു പരിശീലന ടീം പ്രവർത്തിക്കുന്നു.

## പാഠപുസ്തക വിതരണം

108 (1137) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളാണ് ഈ അദ്ധ്യയന വർഷത്തിൽ മാറുന്നത് എന്ന് വിശദമാക്കാമോ ;

(ബി) പാഠപുസ്തകങ്ങൾ വിതരണം നടത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണം വിശദമാക്കാമോ ; മുഴുവൻ കുട്ടികൾക്കും ജൂൺ ആദ്യവാരം തന്നെ പാഠപുസ്തകം വിതരണം ചെയ്യാൻ സാധിക്കുമോ ; വ്യക്തമാക്കുമോ ;

(സി) 2015-16 വർഷം വിവിധ ക്ലാസ്സുകളിലേക്ക് എത്ര പാഠപുസ്തകങ്ങൾ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; ക്ലാസ്സ് തിരിച്ച് വിശദമാക്കാമോ ?

### ഉത്തരം

(എ) 2,4,6,8 എന്നീ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും ഹയർസെക്കണ്ടറിയിലെ +2 പാഠപുസ്തകങ്ങളുമാണ് ഈ വർഷം മാറുന്നത്.

(ബി) പാഠപുസ്തക വിതരണം കെ.ബി.പി.എസ്. തപാൽ വകുപ്പുമുഖേനയാണ് നടത്തുന്നത്. ഹയർസെക്കണ്ടറി പുസ്തകങ്ങൾ C-apt വഴിയും നടത്തുന്നു. മുഴുവൻ കുട്ടികൾക്കും ജൂൺ ആദ്യവാരം പാഠപുസ്തകം വിതരണം ചെയ്യുന്നതിനായി അച്ചടിയുടെ ഓർഡർ 2014 നവംബർ മാസം തന്നെ പാഠപുസ്തക ഓഫീസിൽനിന്ന് നൽകുകയുണ്ടായി. കൂടാതെ 2015 ജനുവരി മാസം സ്കൂളുകളുടെ ഇൻഡന്റ് ഐ.ടി. @ സ്കൂൾ വെബ് സൈറ്റിൽ ശേഖരിച്ച് ഡാറ്റാ കെ.ബി.പി.എസ്.-ന് കൈമാറുകയുണ്ടായി. ജൂലൈ മാസത്തോടെ പാഠപുസ്തക വിതരണം പൂർത്തിയാക്കാൻ വകുപ്പ് തീവ്രശ്രമം നടത്തിവരുന്നു. +2 പുസ്തകങ്ങളുടെ 95 ശതമാനം വിതരണം പൂർത്തിയാക്കി. +1 പുസ്തകങ്ങൾ ക്ലാസ് തുടങ്ങുന്നതോടെ വിതരണം പൂർത്തിയാകും.

(സി) 2015-16 വർഷം 1 മുതൽ 10 വരെ ക്ലാസ്സുകൾക്ക് ആവശ്യമായ പുസ്തകങ്ങളുടെ ക്ലാസ് തിരിച്ചുള്ള എണ്ണം രേഖപ്പെടുത്തിയ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* പ്ലസ് I-ലേക്ക് 10,41,879-ഉം പ്ലസ് II-ലേയ്ക്ക് 14,28,706 പാഠപുസ്തകങ്ങളും വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

**അതിവൈദഗ്ദ്ധ്യ സമ്പാദന പദ്ധതി (അസാപ്)**

109 (1138) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിവൈദഗ്ദ്ധ്യ സമ്പാദന പദ്ധതിക്ക് (അസാപ്) തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഹയർസെക്കണ്ടറി/ബിരുദ വിദ്യാർത്ഥികൾക്ക് റഗുലർ പഠനത്തോടൊപ്പം താൽപ്പര്യമുള്ള വ്യവസായ മേഖലകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വിവരസാങ്കേതികവിദ്യ, ഇഷ്ടമുള്ള ഒരു തൊഴിൽ മേഖല എന്നിവയിൽ വിവിധ വ്യവസായ പരിശീലക സ്ഥാപനങ്ങൾ ട്രെയിനിംഗ് നൽകിവരുന്നു. ഇതിനകം 954 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്.

(സി) ഉന്നത, പൊതുവിദ്യാഭ്യാസ വകുപ്പുകളുടെ കീഴിലുള്ള സർക്കാർ, എയ്ഡഡ് കോളേജുകൾ, ഹയർസെക്കണ്ടറി സ്കൂളുകൾ എന്നിവർ ഈ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു എംപവേർഡ് കമ്മിറ്റിയും ജില്ലാതലത്തിൽ ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർമാരും സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട സർക്കാർ, എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും കോളേജുകളിലും പ്രോഗ്രാം മാനേജർമാർ ചാർജ്ജ് വഹിക്കുന്ന നൈപുണ്യവികസന കേന്ദ്രങ്ങളും ഇവർക്ക് ഭരണപരമായ നിർദ്ദേശങ്ങളും അംഗീകാരവും നൽകുന്നതിന് ഒരു അസാപ് സെക്രട്ടേറിയറ്റും പ്രവർത്തിച്ചുവരുന്നു.

**പുതിയ കോഴ്സുകൾ**

110 (1139) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ അദ്ധ്യയന വർഷം തന്നെ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പുതിയ കോഴ്സുകൾ ആരംഭിക്കുമ്പോൾ അതിനനുബന്ധമായി പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക പരിമിതിമൂലം തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണമുണ്ട്. ആയതിനാൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണിക്കാൻ സാധിക്കുകയില്ല.

## കോട്ടായി ഐ.എച്ച്.ആർ.ഡി. കോളേജിന് കെട്ടിടം

111 (1140) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടായി ഐ.എച്ച്.ആർ.ഡി. കോളേജിന് കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ ;

(ബി) കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് പി.ഡബ്ല്യൂ.ഡി. തയ്യാറാക്കി നൽകിയിട്ടുണ്ടോ ; എങ്കിൽ എസ്റ്റിമേറ്റ് എത്ര രൂപയുടേതാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോട്ടായി ഐ.എച്ച്.ആർ.ഡി. കോളേജിന് കെട്ടിട നിർമ്മാണത്തിനായി പി.ഡബ്ല്യൂ.ഡി.-യിൽനിന്നും എസ്റ്റിമേറ്റ് പരിശോധിച്ച് ഭരണാനുമതിക്കുള്ള ശിപാർശ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ തയ്യാറാക്കി വരുന്നു.

(ബി) ഉണ്ട്. 390 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് പി.ഡബ്ല്യൂ.ഡി. തയ്യാറാക്കി നൽകിയിരിക്കുന്നത്.

(സി) ഭരണാനുമതിക്കായുള്ള ശിപാർശ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ തയ്യാറാക്കിവരുന്നു. ആയത് സർക്കാരിൽ ലഭിച്ചാൽ ഉടൻതന്നെ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## ചേർത്തല ഗവൺമെന്റ് പോളിടെക്നിക്ക്

112 (1141) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല ഗവൺമെന്റ് പോളിടെക്നിക്കിൽ മെക്കാനിക്കൽ എൻജിനീയറിംഗ്, കമ്പ്യൂട്ടർ എൻജിനീയറിംഗ് എന്നീ വിഭാഗങ്ങളിൽ രണ്ട് പുതിയ ബ്രാഞ്ചുകൾക്ക് അംഗീകാരം നൽകിയിട്ട് എത്ര വർഷമായി ;

(ബി) ഈ ബ്രാഞ്ചുകൾ എത്രയും വേഗം ആരംഭിക്കുമെന്ന ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇനിയും ഈ ബ്രാഞ്ചുകൾ ആരംഭിക്കാത്തത് വിശദമാക്കുമോ ;

(സി) ഈ അദ്ധ്യയന വർഷം മുതൽ ഈ രണ്ടുബ്രാഞ്ചുകളും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സർക്കാർ അംഗീകാരം നൽകിയിട്ടില്ല.

(ബി&സി) പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തുമെന്നതിനാൽ ഇക്കാര്യം വിശദമായി പരിശോധിച്ചശേഷംമാത്രമേ ഈ വിഷയത്തിൽ തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ.

**പ്രതിപക്ഷനേതാവിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണം**

113 (1142) <u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിപക്ഷനേതാവിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച നിയമസഭാ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമാണ് ;

(സി) സമിതിയുടെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിനെക്കുറിച്ച് വിശദമായ ഒരു അന്വേഷണം നടത്തുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) നിയമസഭാ സമിതിയുടെ നിഗമനങ്ങളിൽ പരാമർശിക്കുന്ന (1), (3) വിഷയങ്ങൾ ഉൾപ്പെടുത്തി ഒരു വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വിജിലൻസ് വകുപ്പിൽനിന്നും വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. സ്പേസ് എന്ന സ്ഥാപനത്തെപ്പറ്റിയുള്ള ആരോപണം തെറ്റാണെന്ന് സമിതി കണ്ടെത്തിയതിനാൽ സമിതിയുടെ 4-ാം നിഗമനത്തിൽ നടപടി ആവശ്യമില്ലെയെന്നും തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഈ വിഷയം സംബന്ധിച്ച് സർക്കാർ നിർദ്ദേശപ്രകാരം വി.ഇ.2/2012/ എസ്.ഐ.യു. II, വി.ഇ.1/2012/എസ്.ഐ.യു. II എന്നീ നമ്പറുകൾ പ്രകാരം
2 വിജിലൻസ് അന്വേഷണങ്ങൾ നടത്തിയിരുന്നു. അതിൽ വി.ഇ.2/2012/ എസ്.ഐ.യു. II എന്ന നമ്പർ അന്വേഷണം പൂർത്തിയായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വി.സി.01/2015/എസ്.ഐ.യു. I എന്ന നമ്പർ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഈ വിഷയത്തിലുള്ള സ്പെഷ്യൽ റിപ്പോർട്ടും എഫ്.ഐ.ആർ.-ഉം ഈ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## അനുവദിച്ച പോളിടെക്നിക്കുകളും സീറ്റുകളും

114 (1143) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 മുതൽ 2015 വരെ പോളിടെക്നിക്കൽ വിവിധ കോഴ്സുകൾക്കായി ഓരോ വർഷവും എത്ര സീറ്റ് വീതം ഉണ്ടായിരുന്നുവെന്ന് അറിയിക്കുമോ ;

(ബി) ഓരോ വർഷവും എത്ര സീറ്റുകളും കോളേജുകളും പുതിയതായി അനുവദിച്ചിട്ടുണ്ട് ; അവ എവിടെയെല്ലാമാണ് ; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) വിശദാംശം അനുബന്ധം II, അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാസർഗോഡ് ഗവൺമെന്റ് പോളിടെക്നിക്കിൽ സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ്

115 (1144) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ നിലവിൽ ഏതൊക്കെ ഡിപ്ലോമ കോഴ്സുകളാണ് ഉള്ളത് ;

(ബി) പ്രസ്തുത സ്ഥാപനത്തിന് സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ് നടത്തുന്നതിനുള്ള എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) കെട്ടിട സൗകര്യവും ജനറൽ അദ്ധ്യാപക തസ്തികകളുമുള്ള പ്രസ്തുത സ്ഥാപനത്തിൽ സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) കാസർഗോഡ് ഗവൺമെന്റ് പോളിടെക്നിക്കിൽ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകൾ നിലവിലുണ്ട്.

(ബി) സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിന് 2014-ൽ എ.ഐ.സി.ടി.ഇ.യുടെ അംഗീകാരം ലഭിച്ചിരുന്നു.

(സി) ലബോറട്ടറി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും മറ്റ് അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്യേണ്ടിവരുന്നത് ഭീമമായ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതാണ്. അതിനാൽ കാസർഗോഡ് ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല.

## നിർബന്ധിത കമ്പ്യൂട്ടർ പരിജ്ഞാനം

116 (1145) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് അടക്കമുള്ള പി.എസ്.സി.-യുടെ അസിസ്റ്റന്റ്/ക്ലറിക്കൽ തസ്തികകളിലേക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നിർബന്ധമാക്കിയതിനാൽ 13 കോഴ്സുകൾ ഇതിന് വേണ്ടി അംഗീകരിച്ചുകൊണ്ട് 7-8-2012-ൽ സാങ്കേതിക വിദ്യാഭ്യാസവകുപ്പ് ഡയറക്ടർ പി&എ.ആർ.ഡി.-ക്ക് കത്ത് നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കോഴ്സുകളിൽ കേരളത്തിലെ തന്നെ മറ്റ് യൂണിവേഴ്സിറ്റികളുടെ സമാന കോഴ്സുകൾ ഉൾപ്പെട്ടിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് സംബന്ധമായി മുനവിറ കെ, അത്തിക്കാട്ട് ഹൗസ്, ആലിൻ ചുവട്, കുഴിമണ്ണ പി.ഒ., മലപ്പുറം എന്നയാൾ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ 534/VIP/13 (M) (Edn) dt, 18-3-2013 നമ്പറായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നൽകിയ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ കത്തിടപാടുകളുടെ പകർപ്പ് സഹിതം നൽകുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിഷയം പരിശോധിച്ചുവരികയാണ്. അന്തിമ തീരുമാനമെടുത്തിട്ടില്ല.

## എഞ്ചിനീയറിംഗ് കോളേജുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംവരണം

117 (1146) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ എയ്ഡഡ്, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ കഴിഞ്ഞവർഷം എത്ര സീറ്റുകൾ നിലവിലുണ്ടായിരുന്നുവെന്നും അതിൽ എത്ര പേർക്ക് പ്രവേശനം നൽകിയെന്നും പറയാമോ ;

(ബി) എത്ര സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നും അതിനുള്ള കാരണങ്ങളും പറയാമോ ;

(സി) സംസ്ഥാനത്തൊട്ടാകെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംവരണം ചെയ്ത എത്ര സീറ്റുകൾ ഉണ്ടായിരുന്നുവെന്നും അതിൽ എത്ര പേർക്ക് പ്രവേശനം നൽകിയെന്നും പറയാമോ ?

<u>ഉത്തരം</u>

(എ) സർക്കാർ, എയ്ഡഡ്, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ കഴിഞ്ഞ വർഷം നിലവിലുണ്ടായിരുന്ന സീറ്റുകളും അതിൽ എത്ര പേർക്ക്

പ്രവേശനം നൽകിയെന്ന വിവരവും താഴെ ചേർക്കുന്നു :

| കോളേജുകൾ | ആകെ സീറ്റുകൾ | പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അലോട്ട്മെന്റ് ലഭ്യമായവ | അലോട്ട്മെന്റ് ചെയ്യപ്പെട്ടവ |
|---|---|---|---|
| സർക്കാർ | 3381 | 3319 | 3315 |
| എയ്ഡഡ് | 1703 | 1417 | 1417 |
| സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ | 7514 | 6551 | 5822 |
| സ്വാശ്രയ കോളേജുകൾ | 46622 | 24676 | 13228 |

(ബി) ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ/അലോട്ട്മെന്റ് ചെയ്യാതിരുന്ന സീറ്റുകൾ

| | |
|---|---|
| സർക്കാർ | - 4 |
| എയ്ഡഡ് | - ഇല്ല |
| സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ | - 729 |
| സ്വാശ്രയ കോളേജുകൾ | - 11448 |

സീറ്റുകൾ ഒഴിഞ്ഞുകിടന്നത്, പ്രസ്തുത സീറ്റുകൾക്ക് വേണ്ടിയുള്ള ആവശ്യമായ വിദ്യാർത്ഥികൾ ഇല്ലാതിരുന്നതുകൊണ്ടാണ്.

(സി) (i) അവസാന അലോട്ട്മെന്റിൽ ഉണ്ടായിരുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംവരണം ചെയ്ത സീറ്റുകൾ

| കോളേജുകൾ | പട്ടികജാതി | പട്ടികവർഗ്ഗ വിഭാഗം |
|---|---|---|
| സർക്കാർ | 265 | 44 |

| | | |
|---|---|---|
| എയ്ഡഡ് | 113 | 15 |
| സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ | 289 | 11 |
| സ്വാശ്രയ കോളേജുകൾ | 825 | 471 |

(ii) അവസാനഘട്ട അലോട്ട്മെന്റിൽ ഒഴിഞ്ഞുകിടന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംവരണം ചെയ്ത സീറ്റുകൾ

| കോളേജുകൾ | പട്ടികജാതി | പട്ടികവർഗ്ഗ വിഭാഗം |
|---|---|---|
| സർക്കാർ | ഇല്ല | ഇല്ല |
| എയ്ഡഡ് | ഇല്ല | ഇല്ല |
| സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ | ഇല്ല | ഇല്ല |
| സ്വാശ്രയ കോളേജുകൾ | 417 | 459 |

**പെരിന്തൽമണ്ണ പോളിടെക്നിക്ക് കോളേജിന്റെ ഭൂമി**

118 (1147) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ പോളിടെക്നിക്കിന്റെ ഉടമസ്ഥതയിൽ വഴിക്കടവിലുള്ള ഭൂമിയിൽ നിന്നുള്ള 50 സെന്റിൽ സയൻസ് പാർക്ക് -കം-ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കുന്നതിന് എൻ.ഒ.സി. നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഭൂമിയുടെ ഉടമസ്ഥതാവകാശം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ തന്നെ നിലനിർത്തി ഭൂമി നൽകുന്നതിന് എൻ.ഒ.സി. നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമി, പെരിന്തൽമണ്ണ ഗവൺമെന്റ് പോളിടെക്നിക്കിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്നതാണോ എന്ന് പരിശോധിച്ചശേഷം ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

**തൃക്കരിപ്പൂർ നടക്കാവ് പോളിടെക്നിക്ക് കോളേജിലെ കെട്ടിടം പണി**

119 (1148) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ നടക്കാവ് പോളിടെക്നിക്ക് കോളേജിലെ കെട്ടിടങ്ങളുടെ മുടങ്ങിക്കിടക്കുന്ന പണി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

തൃക്കരിപ്പൂർ നടക്കാവ് പോളിടെക്നിക്ക് കോളേജിലെ ഹോസ്റ്റൽ കെട്ടിടങ്ങളുടെയും ജീവനക്കാരുടെ ക്വാർട്ടേഴ്സിന്റെയും മുടങ്ങിക്കിടന്ന നിർമ്മാണ പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി 6-12-2014-ലെ ജി.ഒ.(ആർ.ടി.) നമ്പർ 2893/2014/H.Edn. ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു എന്നും സാങ്കേതികാനുമതി ലഭിച്ച് ടെൻഡർ നടപടി പൂർത്തീകരിച്ചാൽമാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂവെന്നും പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്.

**ചടയമംഗലം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ദുരിതാശ്വാസ പ്രവൃത്തികൾ**

120 (1149) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചടയമംഗലം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള വെള്ളപ്പൊക്ക ദുരിതാശ്വാസം, വരൾച്ച ദുരിതാശ്വാസം എന്നീ ഇനങ്ങളിലുള്ള വിവിധ പ്രവൃത്തികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

വെള്ളപ്പൊക്കം, വരൾച്ച ദുരിതാശ്വാസ പ്രവൃത്തികൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ അനുവദിക്കാറില്ല.

**വില്ലേജ് ഓഫീസർമാരുടെ വിശദാംശങ്ങൾ**

121 (1150) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുനലൂർ താലൂക്കിൽ ഉൾപ്പെട്ട വില്ലേജ് ഓഫീസുകളിൽ വില്ലേജ് ഓഫീസർ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്നവർ കൊല്ലം ജില്ലയിൽ സേവനത്തിൽ പ്രവേശിച്ചതിന്റെയും നിലവിൽ ജോലിചെയ്യുന്ന വില്ലേജ് ഓഫീസിൽ പ്രവേശിച്ചതിന്റെയും തീയതിയും വർഷവും ലഭ്യമാക്കാമോ ?

ഉത്തരം

അനുബന്ധമായി ചേർക്കുന്നു.*

**ദുരന്ത നിവാരണ പദ്ധതി**

122 (1151) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ദുരന്തനിവാരണ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിച്ച വിവിധ ഉപകരണങ്ങളിൽ പലതും നശിച്ചുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച വിശദാംശം നൽകുമോ ;

(ഡി) ഇത്തരത്തിലുള്ള ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാലവർഷ സംബന്ധമായ തയ്യാറെടുപ്പ് പ്രവർത്തനങ്ങൾ ജില്ലയിൽ നടത്തിയിട്ടുണ്ട്. വരൾച്ച ദുരന്ത ലഘൂകരണ പ്രചരണ പ്രവർത്തനങ്ങളും അവബോധന ക്ലാസ്സുകളും ജില്ലയിൽ സംഘടിപ്പിച്ചിട്ടുണ്ട്.

(സി&ഡി) ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിൽ അതോറിറ്റി നേരിട്ട് ഉപകരണങ്ങളൊന്നും തന്നെ സ്ഥാപിച്ചിട്ടില്ല. എന്നാൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഫയർ & റസ്ക്യൂ സർവ്വീസിന് 4,26,571 രൂപ വിലവരുന്ന ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ആയത് പ്രവർത്തനസജ്ജമാണ്.

**സ്ഫോടനത്തിൽ കേടുപാടുകൾ സംഭവിച്ച വീടുകൾക്ക് നഷ്ടപരിഹാരം**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

123 (1152) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിൽ സ്ഫോടക വസ്തുക്കൾ നിർവീര്യമാക്കുമ്പോഴുണ്ടായ സ്ഫോടനത്തിൽ വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചതിന് നഷ്ടപരിഹാരം നൽകുന്നതിനെക്കുറിച്ച് പഠിക്കാൻ നിയമിച്ച വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ആയതനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി & സി) ബാധകമല്ല.

**'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി'**

124 (1153) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽവച്ച് യു.പി.എ. അദ്ധ്യക്ഷ സോണിയാഗാന്ധി എത്ര പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത് ;

(ബി) പ്രസ്തുത പട്ടയങ്ങളിൽ രേഖപ്പെടുത്തിയ ഭൂമി പട്ടയം ലഭിച്ചവർക്ക് കൈമാറാൻ സാധിച്ചിട്ടുണ്ടോ ;

(സി) ഉദ്ഘാടന ചടങ്ങിൽവച്ച് പട്ടയം ലഭിച്ചവർക്ക് ഭൂമി കണ്ടെത്തി നൽകാനായിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ പ്രസ്തുത പദ്ധതിപ്രകാരം ഭൂമി ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് ; ഇതിൽ എത്ര പേർക്ക് പട്ടയം നൽകി ; ഇവർക്ക് പട്ടയപ്രകാരമുള്ള ഭൂമി ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉദ്ഘാടന ചടങ്ങിൽവച്ച് വിതരണം ചെയ്ത പട്ടയങ്ങളിൽ കാട്ടാക്കട

താലൂക്കിൽ ഉൾപ്പെടുന്ന ആരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോ ; ഇവർക്ക് പട്ടയപ്രകാരമുള്ള ഭൂമി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; ഇവർക്ക് നൽകിയത് വ്യാജപട്ടയമാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ യു.പി.എ. അദ്ധ്യക്ഷ ശ്രീമതി സോണിയാ ഗാന്ധി 6 പട്ടയങ്ങളാണ് വിതരണം ചെയ്തിരുന്നത്.

(ബി) പ്രസ്തുത പട്ടയങ്ങൾ ലഭിച്ചവർക്ക് ഭൂമി കൈമാറിയിട്ടുണ്ട്. എന്നാൽ പോക്കുവരവ് ചെയ്തതിനുശേഷം എറണാകുളത്തെ പട്ടയത്തിൽപ്പെട്ട ഭൂമിയിൽ പിന്നീട് കോടതി കേസ് വന്നു.

(സി) ഉദ്ഘാടനത്തോടനുബന്ധിച്ച് പട്ടയം നൽകിയവരിൽ ചിലർക്ക് ഭൂമി നൽകാനായിട്ടില്ല എന്നുമുള്ള ഏതാനും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ ഒന്നാംഘട്ട പട്ടയ വിതരണം കഴിഞ്ഞതിനുശേഷമാണ് കാട്ടാക്കട താലൂക്ക് രൂപീകൃതമായിട്ടുള്ളത്. നെടുമങ്ങാട്, നെയ്യാറ്റിൻകര താലൂക്കുകളിൽപ്പെട്ടിരുന്ന ചില വില്ലേജുകൾ ചേർത്താണ് കാട്ടാക്കട താലൂക്ക് രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത വില്ലേജുകളുമായി ബന്ധപ്പെട്ട് 3074 അപേക്ഷകൾ ലഭിക്കുകയും 2221 ഭൂരഹിത കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. നെടുമങ്ങാട്, നെയ്യാറ്റിൻകര താലൂക്കുകളുടെ ഭാഗമായിരുന്നപ്പോൾ പ്രസ്തുത വില്ലേജുകളിൽപ്പെട്ട 370 പേർക്ക് ഒന്നാംഘട്ടത്തിൽ പട്ടയം നൽകിയിരുന്നു.

(ഇ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ ഉദ്ഘാടന ചടങ്ങ് നടന്ന സമയത്ത് കാട്ടാക്കട താലൂക്ക് നിലവിലുണ്ടായിരുന്നില്ല. എന്നാൽ നിലവിൽ കാട്ടാക്കട താലൂക്കിൽ ഉൾപ്പെട്ട് വരുന്നതും മുമ്പ് നെടുമങ്ങാട്, നെയ്യാറ്റിൻകര താലൂക്കുകളുടെ ഭാഗമായിരുന്നതുമായ വില്ലേജുകളിൽനിന്ന് തെരഞ്ഞെടുത്തിരുന്ന ഗുണഭോക്താ ക്കൾക്ക് പട്ടയം നൽകിയിരുന്നു. ഇതിൽ നെടുമങ്ങാട് താലൂക്കിലെ വിതുര വില്ലേജിൽ ഭൂമി അനുവദിച്ച കേസുകളിൽ ചട്ടപ്രകാരം ഭൂമി കൈമാറാൻ കഴിഞ്ഞിട്ടില്ല. പട്ടയം തയ്യാറാക്കിയതിനുശേഷം, പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് കോടതി കേസുകൾ ഉണ്ടായതിനാലാണ് ഭൂമി കൈമാറാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുള്ളത്.

## സീറോ ലാന്റ്ലെസ് പദ്ധതി

125 (1154) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതർക്ക് 3 സെന്റ് ഭൂമി പതിച്ചുകൊടുക്കുന്ന സീറോ ലാന്റ്ലെസ് പദ്ധതിപ്രകാരം എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ; ഇതിൽ എത്രപേർക്ക് പട്ടയം നൽകി ;

(ബി) പട്ടയം നൽകിയ 3 സെന്റ് ഭൂമികളിൽ പലതും വീടുവയ്ക്കാൻ കഴിയാത്തവണ്ണം പാറ നിറഞ്ഞതും കാട്ടുമൃഗങ്ങളുടെ ശല്ല്യം ഉള്ളതുമായ പ്രദേശമാണ് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുപരിഹരിക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) അപേക്ഷിച്ച മുഴുവൻ പേർക്കും ഭൂമി നൽകുന്നതിന് ഭൂമി ലഭ്യമായിട്ടുണ്ടോ ; ലഭ്യമായ ഭൂമിയുടെ അളവ് എത്രയാണ് ;

(ഡി) ഇതുപ്രകാരം എത്രപേർക്ക് 3 സെന്റ് വീതം പട്ടയം നൽകാനാകും ; വിശദാംശം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സീറോ ലാന്റ്ലെസ് പദ്ധതിയിൽ ആകെ 3,59,038 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകളിന്മേൽ വിശദമായ അന്വേഷണം നടത്തി നിശ്ചിത മാനദണ്ഡങ്ങൾക്കനുസൃതമായി തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളിൽ 36,491 പേർക്ക് ഒന്നാം ഘട്ടമായി പട്ടയം അനുവദിച്ചിട്ടുണ്ട്.

(ബി) വാസയോഗ്യമായ 3 സെന്റ് ഭൂമി വീതം വിതരണം ചെയ്യുന്നതിനുള്ള നടപടികളാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ജില്ലാ കളക്ടർമാർ സ്വീകരിച്ചത്. ആക്ഷേപങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കി ആവശ്യമുള്ള കേസുകളിൽ പ്ലോട്ടുകൾ മാറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) മുഴുവൻ ഗുണഭോക്താക്കൾക്കും നൽകുന്നതിനാവശ്യമായ ഭൂമി നിലവിൽ ലഭ്യമായിട്ടില്ല. കണ്ടെത്തിയ മുഴുവൻ ഭൂമിയും വിതരണം ചെയ്തിട്ടില്ല. കോടതിക്കേസുകളും തടസങ്ങളും തർക്കങ്ങളും ഉള്ളത് ആദ്യഘട്ടത്തിൽ ഒഴിവാക്കി. അനുയോജ്യമായ ഭൂമി കണ്ടെത്തുന്ന നടപടികൾ വില്ലേജ്, താലൂക്ക് തലത്തിൽ നടന്നുവരുന്നു. കണ്ടെത്തിയ ഭൂമിയിൽ സർവ്വേ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ പൂർത്തിയായാൽ മാത്രമേ ലഭ്യമായ ഭൂമിയുടെ അളവ് കൃത്യമായി തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂവെന്ന് കാണുന്നു.

(ഡി) ഭൂമി കണ്ടെത്തുന്ന പ്രവർത്തനങ്ങളും സർവ്വേ നടപടികളും പൂർത്തിയായാൽ മാത്രമേ പട്ടയം നൽകാൻ കഴിയുന്ന ഗുണഭോക്താക്കളുടെ എണ്ണം കൃത്യമായി

നിർണ്ണയിക്കുവാൻ കഴിയുകയുള്ളൂ.

**ഭൂമി വിട്ടുനൽകിയവർക്കുള്ള നഷ്ടപരിഹാരത്തുക നൽകൽ**

126 (1155) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ചെല്ലഞ്ചി പാലം നിർമ്മാണത്തിനായി ഭൂമി വിട്ടുനൽകിയവർക്കുള്ള നഷ്ടപരിഹാരത്തുക നൽകാൻ നാളിതുവരെ സാധിച്ചിട്ടി ല്ലായെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തുക നൽകുന്നതിന് തടസ്സങ്ങൾ വിശദീകരിക്കുമോ ;

(സി) പ്രസ്തുത തുക എന്നത്തേക്ക് കൊടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കു ന്നതെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെടുമങ്ങാട് താലൂക്കിലെ വിതുര, പാലോട് വില്ലേജുകളിലുൾപ്പെട്ട ചെലഞ്ചിപ്പാലത്തിനുവേണ്ടിയുള്ള അക്വിസിഷന് പി.ഡബ്ല്യൂ.ഡി. (റോഡ്സ് വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയർ, 2-2-2009-ൽ നൽകിയ അർത്ഥന പ്രകാരം ലാന്റ് അക്വിസിഷൻ ചട്ടങ്ങൾ പ്രകാരമുള്ള നോട്ടിഫിക്കേഷനുകൾ പ്രസിദ്ധപ്പെടുത്തി 11-7-2013-ൽ ജില്ലാതല പർച്ചേസ് കമ്മിറ്റികൂടി സ്ഥലവില നിശ്ചയിക്കുകയും 11-8-2014-ലെ എസ്.എൽ.ഇ.സി. മീറ്റിംഗിൽ വില അംഗീകരിക്കുകയും ഫണ്ടിനുവേണ്ടി പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ഈ അവസരത്തിൽ ബഹു. മുഖ്യമന്ത്രിക്ക് പരപ്പിൽ, ചെല്ലഞ്ചി പ്രദേശവാസികൾ ബോധിപ്പിക്കുന്നത് എന്ന് തലക്കെട്ടോടുകൂടി ടി അക്വസിഷനെതിരായി ഒപ്പും പേരും രേഖപ്പെടുത്താത്ത ഒരു പരാതി തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിൽ ലഭിക്കുകയുണ്ടായി. വർഷങ്ങൾക്ക് മുമ്പ് ടി പാലം പണിയുന്നതിനായി 50-ഓളം നാട്ടുകാർ തങ്ങളുടെ സ്ഥലം സൗജന്യമായി സർക്കാരിലേയ്ക്ക് ഒപ്പിട്ട് നൽകിയിരുന്നതായും കഴിഞ്ഞ രണ്ടുവർഷമായി ടി സ്ഥലത്തിന് സർക്കാർ പണം നൽകാമെന്ന് പറഞ്ഞതിനാൽ ബന്ധപ്പെട്ട റവന്യൂ അധികാരികൾ സ്ഥലം സന്ദർശിക്കുകയും സ്ഥലത്തിന് വില നിശ്ചയിക്കുകയും ചെയ്തുവെന്നും വിലനിർണ്ണയത്തിൽ സ്ഥലത്തിന്റെ ശരാശരി വിലയേക്കാൾ കൂടുതൽ വില നൽകിയിട്ടുണ്ടെന്നും ഇത് ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരും ചേർന്നുള്ള

അഴിമതിയാണെന്നും മറ്റും ആരോപണം ഉന്നയിക്കുകയും ആയത് അന്വേഷിച്ച് അർഹമായ തുക വിലയായി നൽകണമെന്നും മുടങ്ങിക്കിടക്കുന്ന പാലം പണി പുനരാരംഭിച്ച് അടിയന്തരമായി തീർപ്പാക്കണമെന്നും പ്രസ്തുത പരാതിയിൽ ആവശ്യപ്പെട്ടിരുന്നു.

ഈ പരാതിയിൽ വിശദമായ അന്വേഷണം നടത്തുന്നതിന് ഡെപ്യൂട്ടി കളക്ടർ (എൽ.എ.)യെ ചുമതലപ്പെടുത്തുകയും ആയതുപ്രകാരം ചെല്ലഞ്ചിപ്പാലത്തിന് വേണ്ടിയുള്ള സ്ഥലമെടുപ്പിലേയ്ക്ക് പാലോട്, കല്ലറ വില്ലേജുകളിൽപ്പെട്ട 41 പേർ ലാന്റ് റിലിങ്ക്വിഷ്മെന്റ് ഫാറം പി.ഡബ്ല്യൂ.ഡി. അധികൃതർക്ക് ഒപ്പിട്ട് കൈമാറിയിട്ടുണ്ടായിരുന്നെന്നും എന്നാൽ യഥാസമയം ടി ഫാറങ്ങൾ അനന്തര നടപടികൾക്കായി റവന്യൂ അധികൃതർക്ക് കൈമാറുന്നതിന് പകരം ടി ആഫീസിൽ തന്നെ സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തുകയും ചെയ്തു.

ടി പരാതി സംബന്ധിച്ച് ഡെപ്യൂട്ടി കളക്ടർ (എൽ.എ.) യുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം റിക്വിസിഷൻ അതോറിറ്റിയായ പി.ഡബ്ല്യൂ.ഡി. (റോഡ്സ് വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയറോട് വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്, എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഭൂമി സംരക്ഷണം**

127 (1156) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് താലൂക്കിൽ സ്വകാര്യ വ്യക്തികളിൽനിന്ന് പിടിച്ചെടുത്ത റവന്യൂ ഭൂമി സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

കയ്യേറ്റം ഒഴിപ്പിച്ച ഭൂമിയിൽ വീണ്ടും കയ്യേറ്റമുണ്ടാകാതെ സംരക്ഷിക്കുന്നതിനുള്ള കർശന നിർദ്ദേശം ജില്ലാ കളക്ടർ ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

**പാട്ട ഭൂമിയിൽനിന്ന് വാടക**

128 (1158) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും

കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാട്ടത്തിന് നൽകിയ ഭൂമിയിൽനിന്ന് വാടക യഥാസമയം പിരിച്ചെടുക്കാത്തതുമൂലം എത്ര നഷ്ടമുണ്ടായതായിട്ടാണ് സി.എ.ജി. റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; പ്രസ്തുത തുക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

ഏകദേശം 500 കോടി രൂപ നഷ്ടമുണ്ടായതായിട്ടാണ്, സി.എ.ജി. റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി, അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്നവർക്കെതിരെ കേരളാ ഭൂ സംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ, കാലാവധി കഴിഞ്ഞ ഭൂമി തിരികെ സർക്കാരിലേയ്ക്ക് ഏറ്റെടുക്കുക എന്നീ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസ് മാറ്റി സ്ഥാപിക്കൽ

129 (1159) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അങ്കമാലി നിയോജകമണ്ഡലത്തിലെയും സമീപ നിയോജകമണ്ഡലങ്ങളിലെയും ജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി ഫോർട്ടു കൊച്ചിയിലുള്ള റവന്യൂ ഡിവിഷണൽ ഓഫീസിൽ എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ്തുത ഓഫീസ് എറണാകുളത്തേയ്ക്കോ കാക്കനാട് കളക്ടറേറ്റിലേക്കോ മാറ്റണമെന്നകാര്യം ശ്രദ്ധയിൽ പ്പെടുത്തിയിട്ടും നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ?

<u>ഉത്തരം</u>

ഫോർട്ട് കൊച്ചിയിൽ പ്രവർത്തിക്കുന്ന റവന്യൂ ഡിവിഷണൽ ഓഫീസ് എറണാകുളത്തേയ്ക്കോ കാക്കനാട് കളക്ടറേറ്റിലേക്കോ മാറ്റി സ്ഥാപിക്കണമെന്ന ആവശ്യത്തിന്മേൽ, എറണാകുളം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ഉൾപ്പെടെ വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്.

**ദുരന്ത പ്രതികരണനിധി**

130 (1160) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം 2011-2014 കാലയളവിൽ എറണാകുളം ജില്ലയിൽ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും പൂർത്തിയാക്കാത്ത ഇത്തരം പ്രവൃത്തികൾ ഏതൊക്കെയെന്നും, സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടി എന്തെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ)

| | |
|---|---|
| 2011-2012 | 11,74,84,742 |
| 2012-2013 | 14,96,39,890 |
| 2013-2014 | 42,88,69,948 |
| ആകെ | 69,59,94,580 |

പകർപ്പുകൾ അനുബന്ധം - I-ൽ ചേർത്തിട്ടുണ്ട്.*

(ബി) ഭരണാനുമതി ലഭിച്ചിട്ടും പൂർത്തിയാകാത്ത പ്രവൃത്തികൾ അനുബന്ധം - II-ൽ ചേർത്തിട്ടുണ്ട്.* സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ കൺവീനർമാരുടെ യോഗം വിളിച്ചുകൂട്ടി നിർദ്ദേശം നൽകിയിട്ടുണ്ട്.

**റവന്യൂ സർവ്വേ അദാലത്തുകൾ**

131 (1161) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. സി. പി. മുഹമ്മദ് :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത അദാലത്തുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഏതെല്ലാം തരത്തിലുള്ള പരാതികളാണ് പ്രസ്തുത അദാലത്തുകളിൽ പരിഗണിക്കുന്നത് ;

(ഡി) അദാലത്തുകൾ ആരുടെ മേൽനോട്ടത്തിലാണ് നടക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്തെ 14 ജില്ലകളിലും റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ട്.

(ബി) റവന്യൂ-സർവ്വേ വകുപ്പുകളിൽ 31-10-2014 വരെ നിലവിലുള്ളതും 1-11-2014 മുതൽ 20-12-2014 വരെയും ലഭിച്ചതായ ഫയലുകളും സമയബന്ധിതമായി തീർപ്പാക്കിയും റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ പൊതുജനങ്ങളിൽനിന്ന് പരാതികൾ നേരിട്ട് സ്വീകരിച്ചും പൂർണ്ണമായ പ്രശ്നപരിഹാരത്തിന് വഴിയൊരുക്കുകയുമാണ് അദാലത്തിന്റെ ലക്ഷ്യം. വർഷങ്ങളായോ മാസങ്ങളായോ പരിഹരിക്കപ്പെടാതെ കിടക്കുന്നതും എന്നാൽ നിയമക്കുരുക്കുകളോ കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്ക് മികച്ച സേവനം നൽകുകയുമാണ് അദാലത്ത് കൊണ്ട് ഉദ്ദേശിച്ചത്.

(സി) എൽ.ആർ.എം. പരാതികൾ, CMDRF, NFBS, പോക്കുവരവ്, അതിർത്തി നിർണ്ണയം, പട്ടയം, KLU, പ്രകൃതിക്ഷോഭം എന്നീ വിഭാഗങ്ങളിലെ പരാതികളാണ് അദാലത്തിൽ പരിഗണിക്കുന്നത്.

(ഡി) ജനങ്ങളുടെ പരാതികൾ അതിവേഗം പരിഹരിക്കുന്നതിനായി റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ആണ് 14 ജില്ലകളിലും റവന്യൂ അദാലത്തുകൾ നടത്തിയിട്ടുള്ളത്.

**റവന്യൂ ഇൻഫർമേഷൻ സിസ്റ്റം പദ്ധതി**

132 (1162) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :

<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ ഇൻഫർമേഷൻ സിസ്റ്റം (ആർ.ഇ.എൽ.ഐ.എസ്.) പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) പോക്കുവരവ് നടത്തുന്നതിന് റവന്യൂ-രജിസ്ട്രേഷൻ വകുപ്പുകളെ ഓൺലൈനായി ബന്ധിപ്പിച്ച് എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ്/ജമമാറ്റം നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റരീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്ന ഓൺലൈൻ പോക്കുവരവ് ആണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം. നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ജനങ്ങൾക്ക് പരിഹരിച്ചുകിട്ടുകയും വില്ലേജ് റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്നു. മാത്രമല്ല, സർക്കാർ ഭൂമി യാതൊരു കാരണവശാലും അനധികൃതമായി കൈമാറ്റം ചെയ്യപ്പെടാതി രിക്കാനും രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽനിന്നോ, നിരീക്ഷണത്തിൽനിന്നോ മാറിപ്പോകാതിരിക്കാനും ഈ സംവിധാനം സഹായകരമാണ്. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട സുതാര്യതയാണ് മറ്റൊരു ഉദ്ദേശ്യലക്ഷ്യം.

(സി) നിലവിൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതി പ്രകാരം ഓൺലൈൻ പോക്കുവരവ് (ജമമാറ്റം) ചെയ്യുന്നതിലേയ്ക്കായി സ്ഥലം കൈമാറ്റം ചെയ്യാനുദ്ദേശിക്കുന്ന വ്യക്തി വില്ലേജ് ഓഫീസിൽനിന്നോ, അക്ഷയകേന്ദ്രങ്ങളിൽ

നിന്നോ ലഭിക്കുന്ന 'ഭൂരേഖ'(RoR) സഹിതം ആ പ്രദേശത്തെ സബ് രജിസ്ട്രാർക്ക് അക്ഷയ കേന്ദ്രംവഴി നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ പോക്കുവരവ് ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷ ഓൺലൈൻ ആയി അയയ്ക്കേണ്ടതാണ്. ആധാരത്തിലെയും ഓൺലൈൻ ആയി ലഭിച്ച അപേക്ഷയിലെയും വസ്തുതകൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തിയശേഷം അവശ്യംവേണ്ട വിവരങ്ങൾ ഓൺലൈൻ ആയിത്തന്നെ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ വിവരങ്ങൾ സബ് രജിസ്ട്രാർ പരിശോധിച്ച് അംഗീകരിച്ചാൽ ഉടനെ പോക്കുവരവ് (ജമമാറ്റം) നടത്തുന്നതിലേയ്ക്കായി ഭൂമി കൈമാറ്റത്തിന്റെ സ്വഭാവമനുസരിച്ച് ബന്ധപ്പെട്ട തഹസീൽദാർക്കോ, വില്ലേജ് ഓഫീസർക്കോ റെലിസ് (ReLIS) പ്രോഗ്രാംവഴി ഓൺലൈൻ ആയി അയച്ചുകൊടുക്കുന്നതുമാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ വില്ലേജ് ഓഫീസർ/ തഹസീൽദാർ പരിശോധിച്ച് അംഗീകരിക്കുമ്പോൾ വസ്തു കൈമാറ്റം ലഭിച്ച വ്യക്തിയുടെ പേരിൽ ജമമാറ്റം നടക്കുകയും പുതിയ തണ്ടപ്പേർ, സർവ്വേ/സബ് ഡിവിഷൻ നമ്പർ എന്നിവ ലഭിക്കുകയും ചെയ്യുന്നു.

നിലവിലെ പദ്ധതിയുടെ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് പൊതുജനങ്ങൾക്ക് പരമാവധി ബുദ്ധിമുട്ടുകൾ ഒഴിവാക്കി, ഓൺലൈൻ പോക്കുവരവ് മറ്റ് ജില്ലകളിൽകൂടി നടപ്പാക്കാനുള്ള നടപടികൾ നടന്നുവരുന്നു. ആധാര രജിസ്ട്രേഷനുവേണ്ടി ഉപയോഗിക്കുന്ന ഓപ്പൺ പേൾ എന്ന സോഫ്റ്റ്‌വെയറുമായി റെലിസ് സോഫ്റ്റ്‌വെയർ ബന്ധിപ്പിച്ചുകൊണ്ട് ഓൺലൈൻ പോക്കുവരവ് സാധ്യമാക്കുന്ന രീതിയാണ് പരിഗണനയിലുള്ളത്.

(ഡി) റീ-സർവ്വേ പൂർത്തീകരിച്ച വില്ലേജുകളിലാണ് ആദ്യഘട്ടത്തിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധിയിൽ വരുന്ന 17 വില്ലേജുകളിൽ 15-9-2011 മുതൽ ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയതായി മറ്റ് തിരഞ്ഞെടുക്കപ്പെട്ട വില്ലേജുകളിൽകൂടി ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

**പദ്ധതി പ്രവർത്തനങ്ങൾക്കുള്ള സ്ഥലം ഏറ്റെടുക്കൽ**

133 (1163) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പദ്ധതി പ്രവർത്തനങ്ങൾക്കുള്ള സ്ഥലം ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിനായി 2012-13-ലെ ബജറ്റിൽ നീക്കിവച്ച തുക എത്രയായിരുന്നുവെന്ന വെളിപ്പെടുത്തുമോ ;

(ബി) ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് എത്ര വീതം ചെലവഴിച്ച എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 2012-13-ലെ ബജറ്റിൽ സർക്കാർ ആവശ്യങ്ങൾക്കുള്ള ഭൂമി ഏറ്റെടുക്കലിനായി 5054-80-800-65 എന്ന ശീർഷകത്തിലെ വോട്ടഡ് അപ്രോപ്രിയേഷനിൽ 250 കോടിയും ചാർജ്ഡ് അപ്രോപ്രിയേഷനിൽ 50 കോടി രൂപയുമാണ് നീക്കിവച്ചിരുന്നത്.

(ബി) ചാർജ്ഡ് അപ്രോപ്രിയേഷനിൽ നീക്കിവച്ച 50 കോടി രൂപ വിവിധ എൽ.എ.ആർ. കേസുകളുടെ വിധി തുക കെട്ടിവയ്ക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് അനുവദിച്ചുനൽകുകയുണ്ടായി. സർക്കാർ ആവശ്യങ്ങൾക്കുള്ള ഭൂമി ഏറ്റെടുക്കലിനായി വോട്ടഡ് അപ്രോപ്രിയേഷനിൽ നീക്കിവച്ച 250 കോടി രൂപ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*

**പ്രകൃതി ദുരന്ത പ്രതിരോധ സംവിധാനങ്ങൾ**

134 (1164) <u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. ആർ. സെൽവരാജ്</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ഇത് സംബന്ധിച്ച മുന്നറിയിപ്പ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര ദുരന്ത നിവാരണ സേനയുടെ സഹായത്താൽ ദുരന്തനിവാരണത്തിനായി ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത സംവിധാനങ്ങൾ ഏതെല്ലാം ദുരന്തങ്ങൾക്കാണ് പ്രയോജനപ്പെട്ട ത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പ്രകൃതി ദുരന്തങ്ങളുടെ മുന്നറിയിപ്പിനും ഏകോപനത്തിനുമായി കെൽട്രോണിന്റെ സഹായത്തോടെ 5.96 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഇന്റഗ്രേറ്റഡ് ഡിസിഷൻ സപ്പോർട്ട് സംവിധാനത്തോടുകൂടിയ വിവര സാങ്കേതികവിനിമയ സംവിധാനം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ (SDMA) ഗവേഷണ സാങ്കേതിക ലബോറട്ടറിയും ദുരന്ത പ്രതിരോധ-ലഘൂകരണ-പ്രതികരണ പ്രവർത്തനങ്ങളുടെ ഏകോപന കേന്ദ്രവുമായ സംസ്ഥാന അടിയന്തര ഘട്ട കാര്യനിർവ്വഹണ കേന്ദ്ര (SEOC)ത്തിൽ ഒരുക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര ദുരന്ത നിവാരണ സേനയുടെ ഒരു സ്ഥിരം താവളം കേരളത്തിൽ ഒരുക്കുവാൻ ഒന്നര ഏക്കർ ഭൂമി ഏറ്റെടുത്ത് കേന്ദ്ര സർക്കാരിന് കൈമാറുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ മുഖേന സമർപ്പിക്കുവാൻ എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ പ്രകൃതിദുരന്തങ്ങളായി കണക്കാക്കപ്പെട്ടിട്ടുള്ള ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, ഭൂമി കുലുക്കം, വരൾച്ച, തീപിടിത്തം, സുനാമി, ആലിപ്പഴ വർഷം, ശൈത്യതരംഗം, ഹിമപാതം, ഹിമാഘാതം, കീടാണുബാധ, മേഘ വിസ്ഫോടനം എന്നിവയെക്കുറിച്ച് വിശകലനം ചെയ്യുവാനും സാധ്യമായവയെക്കുറിച്ച് മുന്നറിയിപ്പ് നൽകുവാനും ദുരന്ത പ്രതികരണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനുമാണ് പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിനും ദുരന്ത പ്രതികരണ നടപടികൾ ഏകോപിപ്പിക്കുന്നതിനുമായി സാങ്കേതികവും ഇന്റഗ്രേറ്റഡ് ഡിസിഷൻ സപ്പോർട്ട് സംവിധാനത്തോടുകൂടിയതുമായ വിവര സാങ്കേതിക വിനിമയ സംവിധാനം സംസ്ഥാനത്ത് ഒരുക്കുന്നതിനുള്ള പദ്ധതിക്ക്

ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ ഏകോപനത്തിനും പ്രവർത്തനങ്ങൾക്കുമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ഹെഡ് ക്വാർട്ടേഴ്സ് പണി കഴിപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

## പ്രകൃതിദുരന്തങ്ങൾ മൂലമുണ്ടായ നാശനഷ്ടങ്ങൾ

135 (1165) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം കനത്ത മഴയും പ്രകൃതി ദുരന്തങ്ങളും കടൽക്ഷോഭവും നിമിത്തമുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; എങ്കിൽ നാശനഷ്ടങ്ങൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രകൃതിദുരന്തങ്ങൾമൂലം നാശനഷ്ടങ്ങൾ നേരിട്ടവർക്കും ഭവനരഹിതരായവർക്കും എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് ; ഇതുസംബന്ധിച്ച് ലഭിച്ച അപേക്ഷകൾ എത്ര ; തീരുമാനങ്ങൾ എടുത്തവയെത്ര ;

(സി) ഭവനരഹിതരായവരെ പുനരധിവസിപ്പിക്കുന്നതിനും അടിയന്തരസഹായം ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അവലോകനം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്. 17644-ഓളം അപേക്ഷകൾ ലഭ്യമായതിൽ 10067-ഓളം അപേക്ഷകളിൽ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

(സി) ഭവനരഹിതരായവരെ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിനും അടിയന്തര ധനസഹായം അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പ്രകൃതി ദുരന്തത്തിൽ നഷ്ടം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാര തുക

136 (1166) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രകൃതി ദുരന്തത്തിൽ നഷ്ടം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാര തുക ഉയർത്താനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ ; വിശദമാക്കാമോ ; ഉത്തരവുകൾ ലഭ്യമാക്കാമോ ?

ഉത്തരം

പ്രകൃതി ദുരന്തത്തിൽ നഷ്ടം സംഭവിച്ചവർക്കുള്ള ആശ്വാസ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കാലാനുസൃതമായി കേന്ദ്ര സർക്കാർ ആണ് പുറപ്പെടുവിക്കുന്നത്. അതനുസരിച്ചുള്ള പുതിയ കേരള സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

## താലൂക്ക് രൂപീകരണം

137 (1169) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ബി) പത്ത് ഗ്രാമപഞ്ചായത്തുകളും രണ്ട് ബ്ലോക്ക് പഞ്ചായത്തുകളും ഉൾപ്പെടുന്ന നെന്മാറ നിയോജകമണ്ഡലത്തിൽ പുതിയ താലൂക്ക് അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) നിലവിൽ ഇതിനായി ഏതെങ്കിലും തരത്തിലുള്ള സർവ്വെ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) നിയമസഭാ മണ്ഡലങ്ങൾ പുനഃസംഘടിപ്പിക്കപ്പെട്ടതിനെ തുടർന്നുണ്ടായ സാഹചര്യങ്ങൾ, ഭരണപരമായ സൗകര്യങ്ങൾ, സംസ്ഥാനത്ത് നിലവിലുള്ള താലൂക്കുകൾ, വില്ലേജുകൾ എന്നിവ, അവയുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന ത്രിതല പഞ്ചായത്തീരാജ് സംവിധാനം, വികസന സാധ്യത, ജനങ്ങളുടെ യാത്രാ സൗകര്യം, ഭൂപ്രകൃതി അനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം എന്നീ കാര്യങ്ങൾ പരിശോധിച്ചും അതോടൊപ്പം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ചാണ്, പുതുതായി താലൂക്കുകൾ ആരംഭിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പുതിയ താലൂക്കുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇല്ല.

**ഭൂനികുതി വർദ്ധനവ്**

138 (1170) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂനികുതി വർദ്ധിപ്പിച്ചതു കാരണം കർഷകർക്ക് അമിതഭാരം അടിച്ചേൽപ്പിച്ചതായി കരുതുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം വർദ്ധിച്ച ഭൂനികുതിയുടെ വിശദാംശം നൽകുമോ ;

(സി) വർദ്ധിപ്പിച്ച ഭൂനികുതി പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭൂനികുതി വർദ്ധിപ്പിച്ചത് കാരണം കർഷകർക്ക് അമിതഭാരം അടിച്ചേൽപ്പിച്ചതായി കരുതുന്നില്ല.

| | | | |
|---|---|---|---|
| (ബി) | പഞ്ചായത്ത് മേഖല | - | 5 രൂപ/ആർ |
| | ടൗൺ/മുനിസിപ്പൽ കൗൺസിൽ | - | 10 രൂപ/ആർ |
| | മുനിസിപ്പൽ കോർപ്പറേഷൻ(പ്രതിവർഷം) | - | 20 |

രൂപ/ആർ

(സി) ഇപ്പോൾ പരിഗണനയിലില്ല.

**കാലവർഷ ദുരന്ത നിവാരണ സംവിധാനങ്ങളുടെ രൂപീകരണം**

139 (1171) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷത്തോടനുബന്ധിച്ചുള്ള ദുരന്തങ്ങൾ ഒഴിവാക്കുന്നതിനും പ്രതിരോധിക്കുന്നതിനും സർക്കാർ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ദുരന്തമുണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സംവിധാനങ്ങൾ രൂപീകരിച്ചിട്ടുണ്ടോ ; പ്രവർത്തനങ്ങൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ എന്ന നിലയിൽ പ്രിൻസിപ്പൽ സെക്രട്ടറി റവന്യൂ, ദുരന്ത നിവാരണ വകുപ്പ്, 26-5-2015-ൽ സംസ്ഥാനത്തെ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വകുപ്പ് മേധാവികളുടെ യോഗം വിളിച്ചുചേർക്കുകയുണ്ടായി. പ്രസ്തുത യോഗതീരുമാനപ്രകാരം 29 നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്കും വിവിധ വകുപ്പ് മേധാവികൾക്കും നടപ്പിലാക്കുവാനായി നൽകിയിട്ടുണ്ട്. മഴക്കാല ദുരന്തങ്ങളുടെ പ്രതിരോധ പ്രവർത്തനങ്ങളുടെ തയ്യാറെടുപ്പുകൾക്കാണ് പ്രസ്തുത നിർദ്ദേശങ്ങൾ നൽകിയിരുന്നത്. കൂടാതെ ഏപ്രിൽ 2015 മുതൽ വർദ്ധിപ്പിച്ച തോതിൽ ദുരിതാശ്വാസം നൽകുന്നതിനുള്ള കേന്ദ്ര മാനദണ്ഡങ്ങളടങ്ങിയ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. എല്ലാ ജില്ലകളിലെയും വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടൽക്ഷോഭം, ഇടിമിന്നൽ, ഭൂമികുലുക്കം എന്നീ ദുരന്തസാധ്യതകളുള്ള പ്രദേശങ്ങൾ അടയാളപ്പെടുത്തി എല്ലാ ജില്ലാകളക്ടർമാർക്കും ഭൂപടമായും പട്ടികയായും നൽകിയിട്ടുണ്ട്.

**കാലവർഷം മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം**

140 (1172) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> :
<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> :
<u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞവർഷം സംസ്ഥാനത്ത് കാലവർഷംമൂലമുണ്ടായ നാശനഷ്ടങ്ങൾ എത്രയാണെന്ന് കണക്കാക്കിയിരുന്നോ ; ആയതിന് നഷ്ടപരിഹാരമായി എന്ത് തുക നൽകിയിട്ടുണ്ടെന്നറിയിക്കാമോ ;

(ബി) കേന്ദ്രത്തിൽനിന്ന് എത്ര രൂപ ധനസഹായമായി ആവശ്യപ്പെട്ടിരുന്നുവെന്നും ഇതിൽ എത്ര രൂപ ഇതുവരെ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) നഷ്ടപരിഹാരത്തുക സമയബന്ധിതമായി ലഭ്യമാക്കുന്നതിൽ വീഴ്ച വന്നിട്ടുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കഴിഞ്ഞ കാലവർഷക്കെടുതിയുടെ നഷ്ടപരിഹാരം ഇനിയും നൽകാൻ

കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ ; ഇത് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഇ) മുൻവർഷം ചെലവഴിക്കാൻ കഴിയുമായിരുന്നതും എന്നാൽ ഇതുവരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ ദുരിതാശ്വാസ ഫണ്ടുകൾ സംബന്ധിച്ച് വിശദവിവരം നൽകാമോ ?

ഉത്തരം

(എ) കണക്കാക്കിയിരുന്നു. ആശ്വാസ ധനസഹായമായി 134,99,52,437 രൂപ നൽകിയിട്ടുണ്ട്.

(ബി) 2014-ലെ കാലവർഷക്കെടുതിയിൽ കേന്ദ്രധനസഹായമായി 399.97 കോടി രൂപ ധനസഹായമായി ആവശ്യപ്പെട്ടിരുന്നു. ഇതിൽ 2 കോടി രൂപയാണ് ഇതുവരെ സംസ്ഥാനത്തിന് അനുവദിച്ച് നൽകിയിട്ടുള്ളത്.

(സി) ഇല്ല.

(ഡി) ആവശ്യമായ രേഖകൾ സമർപ്പിക്കാത്തതുമൂലമാണ് ധനസഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളത്. രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതാണ്.

(ഇ) സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ 29.8659 കോടി രൂപ നീക്കിയിരുപ്പുണ്ട്.

**ഓൺലൈൻവഴി റവന്യൂ സർട്ടിഫിക്കറ്റുകൾ**

141 (1173) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(ബി) ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ഓൺലൈൻ മുഖേന ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത സൗകര്യങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) റവന്യൂ വകുപ്പിൽനിന്നും നൽകുന്ന താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇപ്പോൾ കേരളമൊട്ടാകെ ഓൺലൈൻവഴി നൽകിവരുന്നുണ്ട്:

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
4. ബന്ധുത്വ സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡോമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
11. സോൾവെൻസി സർട്ടിഫിക്കറ്റ്
12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
13. കൺവെർഷൻ സർട്ടിഫിക്കറ്റ്
14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
15. അഗതി സർട്ടിഫിക്കറ്റ്
16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്

17. മിശ്രവിവാഹ സർട്ടിഫിക്കറ്റ്

18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്

19. ലൈഫ് സർട്ടിഫിക്കറ്റ്

20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്

21. പൊസഷൻ ആന്റ് നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്

22. വാല്യേഷൻ സർട്ടിഫിക്കറ്റ്

23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്

24. മൈനോറിറ്റി സർട്ടിഫിക്കറ്റ്.

(സി) റവന്യൂ വകുപ്പിനെക്കൂടാതെ കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ, നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ (എൻ.ഐ.സി.), അക്ഷയ സെന്ററുകൾ എന്നീ ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്.

(ഡി) G.O.(P) No.24/2010/ITD തീയതി, 4-8-2010 പ്രകാരം ഓൺലൈൻവഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ട്.

(ഇ) അക്ഷയ കേന്ദ്രങ്ങൾവഴി വിതരണം ചെയ്ത ലഘുലേഖകൾവഴിയും വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവത്ക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്.

**ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പുതുക്കി പണിയുന്നതിന് നടപടി**

142 (1174) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിൽ ചേമഞ്ചേരി സബ്ബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം പുതുക്കി പണിയുന്നതിന് ചേമഞ്ചേരി വില്ലേജ് ഓഫീസർ കൊയിലാണ്ടി തഹസീൽദാർക്ക് സമർപ്പിച്ച അപേക്ഷയിൽ പഞ്ചായത്ത് സ്ഥലം റിലിംഗ്വിഷ് ചെയ്യുന്നതിനായി താലൂക്ക് ഓഫീസിൽ സ്വീകരിച്ച നടപടി, ബന്ധപ്പെട്ട ഫയലിന്റെ പൂർണ്ണമായ പകർപ്പ് (നോട്ട്ഫയൽ ഉൾപ്പെടെ) ലഭ്യമാക്കിക്കൊണ്ട് വ്യക്തമാക്കാമോ ;

(ബി) ചേമഞ്ചേരി പഞ്ചായത്ത്, രജിസ്ട്രാർ ഓഫീസിനായി വിട്ടുനൽകാമെന്ന് തീരുമാനിച്ചിട്ടുള്ള സ്ഥലത്തിന്റെ ഏതെങ്കിലും ഭാഗം എൻ.എച്ച്. വികസനത്തിന്

ഏറ്റെടുക്കേണ്ടിവരുമോ/എന്നത് സംബന്ധിച്ച് റവന്യൂ (എൽഎ.) വകുപ്പിൽ വിവരങ്ങൾ/ അറിയിപ്പ് ഉണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) താലൂക്ക് ഓഫീസിൽ ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ ;

(ഡി) റവന്യൂ വകുപ്പിൽ/താലൂക്കിൽനിന്ന് രജിസ്ട്രേഷൻ/ജില്ലാ രജിസ്ട്രാർക്ക് എന്തെങ്കിലും കത്തുകൾ ഈ വിഷയത്തിൽ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഇ) ഉണ്ടെങ്കിൽ അതിന് മറുപടി ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ വളരെ പ്രധാനപ്പെട്ട ഫയൽ എന്ന നിലയിൽ തഹസീൽദാർ ഈ കാര്യത്തിൽ എന്ത് തുടർനടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(എഫ്) സമയബന്ധിതമായി ഫയലിൽ തീരുമാനമെടുക്കുന്നതിന് ആവശ്യമായ നടപടി ഉണ്ടാകുമോ ?

<u>ഉത്തരം</u>

(എ) ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണത്തിനായി നിർദ്ദേശിച്ചിട്ടുള്ള റീ.സ. 124/4 ബി-യിൽപ്പെട്ട 0.0266 ഹെക്ടർ സ്ഥലം ദേശീയപാതയ്ക്കുവേണ്ടി ഏറ്റെടുക്കുന്നതിന് എൻ.എച്ച്. ആക്ട് പ്രകാരം 3(ഡി) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി-ഇ) ചേമഞ്ചേരി വില്ലേജിലെ ചേമഞ്ചേരി ദേശത്ത് റീ.സ.124/4 ബി-യിൽ പ്പെട്ടതും ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതുമായ 16.16 സെന്റ് സ്ഥലത്തുനിന്നും 7 ½ സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം പണിയുന്നതിന് ഭൂമി വിട്ടൊഴിയുന്നതിനായി ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷ നൽകിയിരുന്നു. എന്നാൽ ദേശീയ പാതയിൽ വികസനത്തിന്റെ ഭാഗമായി വീതികൂട്ടുമ്പോൾ 16.16 സെന്റ് സ്ഥലത്തിന്റെ ഏകദേശം മധ്യഭാഗത്തുകൂടിയാണ് അലൈൻമെന്റ് പോകാൻ സാധ്യതയുള്ളതായി കാണുന്നത്. ആയതിനാൽ ശേഷിക്കുന്ന സ്ഥലത്തുനിന്നും 7½ സെന്റ് സ്ഥലം ഗ്രാമപഞ്ചായത്ത് വിട്ടുനൽകാൻ തയ്യാറാണോ എന്നും പ്രസ്തുത

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് കെട്ടിടം പണിയാൻ അനുയോജ്യമാണോ എന്നും അറിയുന്നതിനുവേണ്ടി ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും ജില്ലാ രജിസ്ട്രാർക്കും താലൂക്ക് ഓഫീസിൽനിന്നും 30-9-2014-ന് കത്തയച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല എന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(എഫ്) ജില്ലാ കളക്ടറിൽനിന്നും ലാന്റ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിൽ ഭൂമി കൈമാറ്റ ശിപാർശയും അനുബന്ധരേഖകളും ലഭ്യമാകുന്നമുറയ്ക്ക് അനന്തര നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്.

**കിണറുകൾ വൃത്തിയാക്കുന്നവർക്ക് സുരക്ഷാബോധവത്ക്കരണം**

143 (1175) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിണറുകൾ വൃത്തിയാക്കാനിറങ്ങുന്നവരും ഭൂമി കുഴിച്ചുള്ള പണികളിലേർപ്പെടുന്നവരും അവിചാരിത അപകടങ്ങളിൽപ്പെട്ട് ജീവഹാനി സംഭവിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽവന്നിട്ടുണ്ടോ ;

(ബി) ശുദ്ധവായു ലഭിക്കാതെയും വിഷവാതകം ശ്വസിച്ചും മണ്ണിടിഞ്ഞും ഉണ്ടാകുന്ന ഇത്തരം അപകടങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം പ്രവൃത്തികളിലേർപ്പെടുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാമാന ദണ്ഡങ്ങളെക്കുറിച്ചും പാലിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ബോധവൽക്കരണം നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് നിയമപ്രകാരമുള്ള സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നതിനായി ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് രജിസ്ട്രേഷൻ എടുക്കുന്ന എല്ലാ തൊഴിലുടമകൾക്കും കർശന നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ, തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാർ, അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-I എന്നിവർ ടി

നിയമപ്രകാരമുള്ള സുരക്ഷാ മാനദണ്ഡങ്ങൾ തൊഴിലിടങ്ങളിൽ പാലിക്കുന്നുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

(സി) തൊഴിലിടങ്ങളിൽ ഒരുക്കേണ്ട സുരക്ഷാമാനദണ്ഡങ്ങളെക്കുറിച്ചും പാലിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും തൊഴിലാളികൾക്കും തൊഴിലുടമകൾക്കും ബോധവത്ക്കരണം നടത്തുന്നതിനാവശ്യമായ നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നു. ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെയും സഹായത്തോടെ നിർമ്മാണ മേഖലയിലെ തൊഴിലാളികൾക്കും തൊഴിലുടമകൾക്കും തൊഴിലിടങ്ങളിൽ പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങളെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി കർമ്മപരിപാടി തൊഴിൽ വകുപ്പ് ആസൂത്രണം ചെയ്യുന്നതാണ്. അപകടമരണം സംഭവിക്കുന്ന സന്ദർഭങ്ങളിൽ എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് പ്രകാരം തൊഴിലുടമ/ കരാറുകാരൻ നോട്ടീസ് നൽകി നഷ്ടപരിഹാരം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

## കൃഷ്ണപുരം, കായംകുളം വില്ലേജ് ആഫീസുകൾ-പുതിയ കെട്ടിട നിർമ്മാണം

144 (1176) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം അസംബ്ലി മണ്ഡലത്തിലെ കൃഷ്ണപുരം, കായംകുളം വില്ലേജ് ആഫീസുകൾക്കുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) ഇത് എന്നത്തേക്ക് പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കാർത്തികപ്പള്ളി താലൂക്കിലെ കായംകുളം വില്ലേജ് ഓഫീസിന്റെ അറ്റകുറ്റപ്പണികൾ 2-11-2012-ൽ പൂർത്തികരിച്ചിട്ടുണ്ട്. കൃഷ്ണപുരം വില്ലേജ് ആഫീസ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി 2015-16 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തുന്നതിന് 23-5-2015-ലെ സ.ഉ.(സാധാ) നമ്പർ 2633/2015/റവ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) കൃഷ്ണപുരം വില്ലേജ് ആഫീസ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി 2015-16 സാമ്പത്തിക വർഷത്തിൽ നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

**നെൽവയൽ സംരക്ഷണ നിയമം**

145 (1178) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ രേഖകളിൽ ഭൂമിയുടെ തരം മാറ്റി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ ;

(ബി) നെൽവയൽ സംരക്ഷണ നിയമപ്രകാരം ഏതെല്ലാം ഗാർഹിക ആവശ്യങ്ങൾക്കായി നിലം നികത്തുന്നതിനാണ് അനുവാദം നൽകുന്നത്; ഇതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത നിയമപ്രകാരം 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ പുനലൂർ താലൂക്കിൽ ഉൾപ്പെട്ട അഞ്ചൽ വില്ലേജിന്റെ പരിധിയിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ആയത് പ്രകാരം എത്ര പേർക്ക് അനുവാദം നൽകിയെന്നും സർവ്വേ നമ്പർ, വിസ്തൃതി എന്നിവ സഹിതം വാർഷിക അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇപ്രകാരം ഗാർഹികേതര ആവശ്യങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) റവന്യൂ രേഖകളിൽ ഭൂമിയുടെ തരംമാറ്റി നൽകുന്നതിന് നിലവിലെ നിയമങ്ങളിൽ വ്യവസ്ഥയില്ല.

(ബി) ഗാർഹികാവശ്യത്തിന് നിലം നികത്തുന്നതിന് അനുവാദം നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 5, 9 എന്നിവയിൽ പ്രതിപാദിച്ചിട്ടുണ്ട്. അപ്രകാരം നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനുള്ള ഏതൊരപേക്ഷയും ബന്ധപ്പെട്ട പ്രാദേശികതല നിരീക്ഷണ സമിതിയുടെ കൺവീനർ മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന് ചട്ടം 5-ൽ വ്യക്തമാക്കിയിട്ടുണ്ട്. സമിതിയുടെ ശിപാർശ സഹിതം പരമാവധി 60 ദിവസത്തിനകം അപേക്ഷ ജില്ലാതല അധികൃത സമിതിയുടെ പരിഗണനയ്ക്കായി അയച്ചുകൊടുക്കേണ്ടതും ജില്ലാതല അധികൃത സമിതി ഒരു മാസത്തിനകം

ആയതിന്മേൽ തീരുമാനമെടുക്കേണ്ടതുമാണ്. ജില്ലാതല അധികൃത സമിതിക്ക് പരിഗണനയ്ക്കയയ്ക്കുന്ന ശിപാർശകളിൽ പ്രാദേശികതല നിരീക്ഷണ സമിതി

1. അപ്രകാരമുള്ള രൂപാന്തരപ്പെടുത്തൽ പാരിസ്ഥിതിക വ്യവസ്ഥയേയും ചേർന്നു കിടക്കുന്ന നെൽവയലിലെ കൃഷിയേയും പ്രതികൂലമായി ബാധിക്കുകയില്ലെന്നും,

2. നെൽവയലിന്റെ ഉടമസ്ഥനോ അയാളുടെ കുടുംബത്തിനോ ഈ ആവശ്യത്തിനുപറ്റിയ സ്ഥലം പകരം ആ ജില്ലയിൽ സ്വന്തമായി ഇല്ലെന്നും,

3. കെട്ടിടം നിർമ്മിക്കുന്നത് അയാളുടെ സ്വന്തം ആവശ്യത്തിന് വേണ്ടിയാണെന്നും,

4. പ്രസ്തുത നെൽവയൽ, മറ്റു നെൽവയലുകളാൽ ചുറ്റപ്പെട്ട് സ്ഥിതി ചെയ്യുന്നതല്ലെന്നും ശിപാർശ ചെയ്താൽമാത്രമേ അപ്രകാരമുള്ള ഏതൊരു അപേക്ഷയും ജില്ലാതല അധികൃത സമിതി പരിഗണിക്കുവാൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

നെൽവയലിന്റെ ഉടമസ്ഥന് വീടുവയ്ക്കുന്നതിനുവേണ്ടി, പഞ്ചായത്തിൽ പത്തും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ അഞ്ചും സെന്റിൽ കൂടുതൽ നെൽവയൽ നികത്തു ന്നതിന് പ്രാദേശികതല നിരീക്ഷണ സമിതി ശിപാർശ ചെയ്യുവാൻ പാടുള്ളതല്ല. നിയമത്തിലെ വകുപ്പ് 9(6) പ്രകാരം ജില്ലാതല അധികൃത സമിതിയുടെ തീരുമാനംമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും തീരുമാനം കൈപ്പറ്റി മുപ്പതുദിവസത്തിനകം കളക്ടർക്ക്, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ അപ്പീൽ നൽകാവുന്നതാണ്.

(സി) 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ അഞ്ചൽ വില്ലേജിന്റെ പരിധിയിൽ ആകെ 24 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ടി 24 അപേക്ഷകർക്കും അനുമതി നൽകിയിട്ടുള്ളതുമാണെന്ന് കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുള്ള ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*

**മൂന്നാറിലെ വൻകിട കയ്യേറ്റങ്ങൾ**

**146 (1179)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ഡോ. കെ. ടി. ജലീൽ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിൽ വ്യാപകമായി നടക്കുന്ന വൻകിട കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുൻസർക്കാരിന്റെ കാലത്ത് തിരിച്ചുപിടിച്ച ഭൂമി വീണ്ടും കൃത്രിമ രേഖകൾ ഉണ്ടാക്കി കൈവശപ്പെടുത്തിയത് അറിവുള്ളതാണോ ;

(സി) ഇതുസംബന്ധിച്ച വകുപ്പുതല അന്വേഷണങ്ങൾ ഉദ്യോഗസ്ഥ ഭൂമാഫിയ കൂട്ടുകെട്ട് കാരണം അട്ടിമറിക്കപ്പെടുന്നത് തടയാൻ ശക്തമായ നടപടി സ്വീകരിക്കുമോ ;

(ഡി) കയ്യേറ്റം സംബന്ധിച്ച വിജിലൻസ് കേസുകളിൽ ഇതുവരെ റവന്യൂ വകുപ്പ് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) മൂന്നാർ പ്രദേശത്തെ ശ്രദ്ധയിൽപ്പെട്ട കയ്യേറ്റങ്ങൾ ദേവികുളം സബ് കളക്ടറുടെയും മൂന്നാർ സ്പെഷ്യൽ ഓഫീസറുടെയും ദേവികുളം തഹസീൽദാരുടെയും നേതൃത്വത്തിലും ഭൂസംരക്ഷണ സേനയുടെയും പോലീസിന്റെയും സഹായത്തോടെയും ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മുൻസർക്കാരിന്റെ കാലത്ത് തിരിച്ചുപിടിച്ച സർക്കാർ ഭൂമിയിൽ "സർക്കാർ വക" എന്ന് ബോർഡുകൾ സ്ഥാപിച്ച് സംരക്ഷിച്ചുവരുന്നു. മൂന്നാറിലെ സർക്കാർ ഭൂമി സംരക്ഷിക്കുന്നതിന് പബ്ലിക് ലാൻഡ് പ്രൊട്ടക്ഷൻ ഫോഴ്സിനെയും സജ്ജമാക്കിയിട്ടുണ്ട്.

(സി) വകുപ്പുതല അന്വേഷണ റിപ്പോർട്ടുകളിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കയ്യേറ്റം സംബന്ധിച്ച വിജിലൻസ് കേസ്സുകളിൽ ലഭ്യമായ റിക്കാർഡുകൾ വിജിലൻസ് അധികാരികൾ ആവശ്യപ്പെടുന്നമുറയ്ക്ക് ഹാജരാക്കുന്നുണ്ട്. കൂടാതെ റവന്യൂ സംബന്ധമായ കേസ്സുകളിൽ വിജിലൻസ് അധികാരികൾ ആവശ്യപ്പെടുന്നമുറയ്ക്ക് പരിചയസമ്പന്നരായ റവന്യൂ ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പാക്കുന്നുണ്ട്.

**കാസർഗോഡ് ജില്ലയിലെ റവന്യൂ അദാലത്തിലെ പരാതികൾ**

147 (1180) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ നടത്തിയ റവന്യൂ അദാലത്തിൽ എത്ര പരാതികളാണ് ലഭിച്ചത് ; ഇതിൽ തൽസമയം പരിഹാരം ഉണ്ടാക്കിയ പരാതികൾ എത്രയാണ് ;

(ബി) അദാലത്തിൽ ലഭിച്ച പരാതികളിൽ ഇനിയും തീർപ്പുകൽപ്പിക്കാൻ ബാക്കിയുള്ളതിന്റെ എണ്ണം എത്രയാണ് ; ഈ പരാതികളിൽ തീർപ്പുണ്ടാക്കാൻ വൈകുന്നതിന്റെ കാരണം എന്താണ് ; അന്തിമ തീരുമാനം എപ്പോൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ നടത്തിയ റവന്യൂ അദാലത്തിൽ 2766 പരാതികളാണ് ലഭിച്ചത്. ഇതിൽ 483 അപേക്ഷകളിന്മേൽ തൽസമയം പരിഹാര മുണ്ടായിട്ടുണ്ട്.

(ബി) റവന്യൂ അദാലത്തിൽ ലഭിച്ച അപേക്ഷകളിൽ 1490 എണ്ണം ഇനിയും തീർപ്പുകല്പിക്കാൻ ബാക്കിയുണ്ട്. ഇവയിൽ 1200-ൽ അധികം അപേക്ഷകൾ പട്ടയം ലഭിക്കുന്നതിനുവേണ്ടിയുള്ളതാണ്. ഈ അപേക്ഷകളിൽ വിശദമായ അന്വേഷണം ആവശ്യമായതിനാലാണ് തീർപ്പുണ്ടാക്കാൻ വൈകുന്നത്. ആയതിന്മേലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റീ-സർവ്വേ അദാലത്തുകൾ**

148 (1181) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീ-സർവ്വേ അദാലത്തുകൾ വില്ലേജ്തലത്തിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) റീ-സർവ്വേ സംബന്ധിച്ച പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിന്

എന്തെല്ലാം നടപടികളാണ് അദാലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിക്കുന്ന പരാതികൾ പ്രസ്തുത അദാലത്തുകളിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാതല റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ട്.

(ബി) റവന്യൂ-സർവ്വേ വകുപ്പുകളിൽ 31-10-2014 വരെ നിലവിലുള്ളതും 1-11-2014 മുതൽ 20-12-2014 വരെയും ലഭിച്ചതായ ഫയലുകളും സമയബന്ധിതമായി തീർപ്പാക്കിയും റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ പൊതുജനങ്ങളിൽനിന്ന് പരാതികൾ അദാലത്ത് ദിവസം നേരിട്ട് സ്വീകരിച്ചും പൂർണ്ണമായ പ്രശ്നപരിഹാരത്തിന് വഴിയൊരുക്കുകയുമാണ് ജില്ലാതല റവന്യൂ/സർവ്വേ അദാലത്തിന്റെ ലക്ഷ്യം. വർഷങ്ങളായോ മാസങ്ങളായോ പരിഹരിക്കപ്പെടാതെ കിടക്കുന്നതും എന്നാൽ നിയമക്കുരുക്കുകളോ കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്ക് മികച്ച സേവനം നൽകുകയുമാണ് അദാലത്തുകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ പരാതികൾ നിലവിൽ ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർമാരാണ് പരിഹരിച്ചു വരുന്നത്. റീ-സർവ്വേ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സർവ്വേ സബ് ഡിവിഷൻ സ്കെച്ച് അംഗീകരിക്കുവാൻ താലൂക്കുകളിലെ റീ-സർവ്വേ സൂപ്രണ്ടുമാർക്കുകൂടി താല്ക്കാലികമായി അധികാരം നൽകിയിട്ടുണ്ട്. എൽ.ആർ.എം.-ൽ ശേഷിക്കുന്ന മുഴുവൻ റീ-സർവ്വേ പരാതികളും പരിഹരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) താലൂക്ക് തലത്തിൽ നടപടി ശേഷിക്കുന്ന എല്ലാ പരാതികളും അദാലത്ത് മുഖേന തീർപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ**

149 (1182) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2014-15 വർഷത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി പുനർനിർമ്മിക്കുന്നതിന് അനുമതി നൽകിയ

റോഡുകളുടെ പണി മാർച്ച് 31-നകം പൂർത്തിയാക്കി ബില്ലുകൾ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) 2014-15 വർഷത്തിൽ അനുമതി നൽകിയതും എന്നാൽ 2015 മാർച്ച് 31-ന് മുമ്പ് പണി പൂർത്തീകരിക്കുവാൻ കഴിയാത്തതുമായ പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി പുതുക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതും പ്രവൃത്തി ആരംഭിച്ചതും 31-3-2015-നുമുമ്പ് പൂർത്തിയാകാത്തതുമായ പ്രവൃത്തികൾക്ക് പ്രസ്തുത ഭരണാനുമതി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള കാലാവധിവരെ സമയം അനുവദിച്ച് നൽകിയിട്ടുണ്ട്.

## ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾ

150 (1183) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014 മാർച്ച് 31-നുശേഷം ഇതുവരെ ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം പ്രവൃത്തികൾ നടപ്പാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

ലിസ്റ്റ് അനുബന്ധമായിചേർക്കുന്നു.*

## ഭൂരഹിതർക്ക് വിതരണം ചെയ്യാനായി മാറ്റിവച്ച ഭൂമി

151 (1184) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) റവന്യൂ വകുപ്പിൻ കീഴിൽ ഭൂരഹിതർക്ക് വിതരണം ചെയ്യാനായി മാറ്റിവച്ച ഭൂമി എത്ര പേർക്ക് വിതരണം ചെയ്തു ; ജില്ല തിരിച്ച് വിശദമാക്കാമോ ; അപേക്ഷകർക്കെല്ലാം വിതരണം ചെയ്യാനാവശ്യമായ ഭൂമി റവന്യൂ വകുപ്പിന്റെ കീഴിലുണ്ടോ ;

(ബി) സാമുദായികമായി പിന്നാക്കംനിൽക്കുന്ന ജനവിഭാഗങ്ങൾക്ക് ഭൂമി വിതരണങ്ങളിൽ പ്രത്യേക പരിഗണനയുണ്ടോ ?

ഉത്തരം

(എ) വീട് വയ്ക്കാൻ അനുയോജ്യമായ റവന്യൂ ഭൂമി, മിച്ചഭൂമി, അന്യംനിൽപ്പ് ഭൂമി, ബോട്ട്-ഇൻ-ലാൻഡ് തുടങ്ങിയ വിവിധയിനം സർക്കാർ ഭൂമികൾ ഉപയോഗപ്പെടുത്തി ക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ഭൂമിയുടെ ലഭ്യതയനുസരിച്ച് വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഒന്നാം ഘട്ടമായി 36,491 ഗുണഭോക്താക്കൾക്ക് താഴെപ്പറയുന്നത് പ്രകാരം ഭൂമി അനുവദിച്ചിരുന്നു :

| ജില്ല | അനുവദിച്ച പട്ടയങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 3181 |
| കൊല്ലം | 683 |
| പത്തനംതിട്ട | 506 |
| ആലപ്പുഴ | 256 |
| കോട്ടയം | 1309 |
| ഇടുക്കി | 1992 |
| എറണാകുളം | 1449 |
| തൃശ്ശൂർ | 510 |
| പാലക്കാട് | 2114 |
| മലപ്പുറം | 843 |
| കോഴിക്കോട് | 1550 |

| | |
|---|---|
| വയനാട് | 727 |
| കണ്ണൂർ | 11100 |
| കാസർഗോഡ് | 10271 |
| ആകെ | 36491 |

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരമുള്ള പട്ടയ വിതരണത്തിൽ, ഭൂമിപതിവ് ചട്ടങ്ങൾക്കനുസൃതമായിത്തന്നെ ചില വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്നത് പരിഗണിച്ചിട്ടുണ്ട്. അഗതികൾ, മാരകരോഗം ബാധിച്ചവർ, അംഗവൈകല്യമുള്ളവർ, വിധവകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നീ ക്രമത്തിലാണ് മുൻഗണന നൽകിയിട്ടുള്ളത്.

**ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി**

152 (1185) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കിയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതിക്ക് കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(സി) പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പദ്ധതിയുടെ സംസ്ഥാന ഘടകത്തിന് സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതി നിർവ്വഹണത്തിനായി 26-12-2013 ലെ സ.ഉ.(സാധാ) നമ്പർ 6773/2013/ഡി.എം.ഡി. പ്രകാരം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പ്രോജക്ട് സ്റ്റീയറിംഗ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. സെക്രട്ടറി, റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്, (മെമ്പർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി), ലാന്റ് റവന്യൂ കമ്മീഷണർ, ജില്ലാ കളക്ടർ, കൊല്ലം, ഹെഡ് സയന്റിസ്റ്റ് (സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം), സെക്രട്ടറി ധനകാര്യ (എക്സ്പെന്റിച്ചർ)

വകുപ്പ് എന്നിവർ അടങ്ങുന്നതാണ് ഈ കമ്മിറ്റി. 5-8-2014 ലെ സ.ഉ. (സാധാ) നമ്പർ 331/2014/ഡി.എം.ഡി. പ്രകാരം പദ്ധതി നിർവ്വഹണത്തിനായി കേരള സർക്കാർ അനുമതി നൽകിയതിനെത്തുടർന്ന് കേരളത്തിന്റെ 9 തീരദേശ ജില്ലകളിൽ പദ്ധതി നടത്തിപ്പിനായി സ്റ്റേറ്റ് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (SPIU) രൂപീകരിച്ചു. പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധോദ്ദേശ്യ അഭയകേന്ദ്രങ്ങൾ, റോഡുകൾ എന്നിവ നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങളുടെ വിവരങ്ങൾ ജില്ലകളിൽനിന്ന് ശേഖരിക്കുകയും ആ സ്ഥലങ്ങളിൽ പരിസ്ഥിതി-സാമൂഹിക പഠനവും നടത്തുന്നുണ്ട്. പദ്ധതിക്കുവേണ്ടി ഒരു മോഡൽ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ലോക ബാങ്കിന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്കുവേണ്ട ധനസഹായത്തിന് ലോകബാങ്കിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ അംഗീകാരവും ലഭിച്ചിട്ടുണ്ട്.

(സി) ലോകബാങ്കിന്റെ വായ്പാ സഹായത്തോടെ കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹകരണത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ദേശീയ ചുഴലിക്കാറ്റ് ലഘൂകരണ പദ്ധതി. പദ്ധതിയിൽ നാല് ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(a) Early Warning Dissemination

(b) Cyclone Risk Mitigation Infrastructure

(c) Technical Assistance for Multi-hazard Risk Management

(d) Project Implementation unit ;

രണ്ടാം ഘടക പദ്ധതിക്ക് 22.3 ദശലക്ഷം ഡോളറാണ് വകകൊള്ളിച്ചിട്ടുള്ളത്. ഇതിന്റെ 75% വായ്പയും 25% സംസ്ഥാന വിഹിതവുമാണ്. സംസ്ഥാനത്തെ തീരദേശ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവയുടെ തീരപ്രദേശങ്ങളോട് ചേർന്നുള്ള സ്ഥലങ്ങളിൽ വിവിധോദ്ദേശ്യ അഭയകേന്ദ്രങ്ങൾ, റോഡുകൾ മുതലായവ നിർമ്മിക്കുകയെന്നതാണ് ഈ ഘടകത്തിന്റെ ലക്ഷ്യം. ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ മുഖേനയായിരിക്കും നിർമ്മാണം നടപ്പിലാക്കുക.

(ഡി) ഉണ്ട്. 2015-16 ബഡ്ജറ്റിൽ 28.16 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച റോഡുകളുടെ നിർമ്മാണപ്രവൃത്തികൾ

153 (1186) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ നിർത്തിവെച്ചതും, പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കേണ്ടതില്ല എന്ന ഉത്തരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അനുവദിച്ച റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; മാവേലിക്കര മണ്ഡലത്തിൽ പ്രസ്തുത ഉത്തരവിനെ തുടർന്ന് നിർത്തിവച്ച റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കാലാവധി 31-3-2015-ൽ അവസാനിക്കുന്നതിനാൽ, 31-3-2015-നുമുമ്പ് പ്രവൃത്തികൾ പൂർത്തിയാക്കി ബില്ലുകൾ സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു.

(ബി) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 31-3-2015-നുമുമ്പ് തുടങ്ങിയ പ്രവൃത്തികൾ, ഭരണാനുമതി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് 3-6-2015-ലെ 5054/K1/2015/DMD നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത പ്രതികരണനിധി അനുവദിക്കാറില്ല.

## പുറമ്പോക്കിലെ താമസക്കാർക്ക് പട്ടയം അനുവദിക്കാൻ നടപടി

154 (1187) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി ഈശ്വരമംഗലത്തെ പുഴ പുറമ്പോക്കിൽ 40 വർഷത്തിലധികമായി താമസിക്കുന്ന 100 കുടുംബങ്ങൾക്ക് ഇതുവരെ പട്ടയം അനുവദിച്ച് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥലത്ത് സ്ഥിരതാമസമാക്കിയ ഇവർക്ക് സ്വന്തമായി റേഷൻ

കാർഡും, വീട്ട് നമ്പരും, കൈവശ സർട്ടിഫിക്കറ്റും ഉള്ളവരും ഭൂമി വാങ്ങി വീട് വയ്ക്കാൻ കഴിയാത്ത തീർത്തും നിർദ്ധനരായവരുമായതിനാൽ 'ഭൂമി കേരളം' പദ്ധതിയിൽപ്പെടുത്തി ഇവർക്ക് ഇപ്പോൾ താമസിക്കുന്ന സ്ഥലത്തിന് പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പുഴ പുറമ്പോക്ക് ഭൂമി പതിച്ച് നൽകരുതെന്ന് ബഹു. സുപ്രീം കോടതിയുടെയും ബഹു. കേരള ഹൈക്കോടതിയുടെയും വിധിന്യായങ്ങൾ നിലവിലുള്ള തിനാൽ പ്രസ്തുത ഭൂമിയിൽ പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

**ഉള്ളൂർക്കടവ് പാലത്തിന് സ്ഥലമെടുപ്പ്**

155 (1188) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി ബാലുശ്ശേരി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഉള്ളൂർക്കടവ് പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) ഇതിൽ കൊയിലാണ്ടി ഭാഗത്തെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സ്ഥലം വിട്ടുനൽകേണ്ടവർക്കുള്ള വസ്തുവില സംബന്ധിച്ച് എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഈ ഫയൽ ഇപ്പോൾ ഏത് വകുപ്പിലാണ് ഉള്ളത് ; പ്രസ്തുത ഫയൽ നമ്പർ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) കൊയിലാണ്ടി-ബാലുശ്ശേരി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഉള്ളൂർക്കടവ് പാലത്തിന്റെ സ്ഥലമെടുപ്പിനുവേണ്ടി ജില്ലാതല പർച്ചേസ് കമ്മിറ്റി ശിപാർശചെയ്ത വില സംസ്ഥാനതല ഉന്നതാധികാര സമിതി (എസ്.എൽ.ഇ.സി.) അംഗീകരിച്ച്

27-12-2014-ൽ ഉത്തരവായിട്ടുണ്ട്. എന്നാൽ അർത്ഥനാധികാരിയായ

പൊതുമരാമത്ത് വകുപ്പ് തുക അനുവദിക്കാത്തതിനാൽ അവാർഡ് പാസ്സാക്കി ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞില്ല. ഈ പൊന്നുംവില നടപടി 27-3-2015-ൽ ഡിനോവ ആയിട്ടുണ്ട്.

(സി) കോഴിക്കോട് കളക്ടറേറ്റിൽ ബി2-26043/2010 നമ്പർ ഫയലായാണ് ഈ വിഷയം കൈകാര്യം ചെയ്യുന്നത്.

## വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണം

156 (1189) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനാവശ്യമായ തുക 2015-16 ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

## എസ്റ്റേറ്റുകൾ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നത്

157 (1190) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള ഹാരിസൺ വില്പന നടത്തിയ എത്ര എസ്റ്റേറ്റുകൾ സർക്കാർ ഏറ്റെടുക്കും ; ഇവ ഏതൊക്കെയാണ് ; എവിടെയുള്ളഭൂമി ; എത്ര ഏക്കർ വീതം ; ആർക്ക് വില്പന നടത്തിയ സ്ഥലങ്ങളാണ് ഏറ്റെടുക്കുന്നതെന്നും വിശദമാക്കാമോ ;

(ബി) ഇങ്ങനെ ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഉടമകൾ കോടതിയിൽ കേസ് നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിവാക്കുമോ ;

(സി) പ്രസ്തുത തോട്ടങ്ങളിൽ പണി എടുത്തിരുന്ന തൊഴിലാളികളെ സംരക്ഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്ന് വിശദീകരിക്കുമോ ;

(ഡി) ഈ ഏറ്റെടുക്കുന്ന ഭൂമി എങ്ങനെ സംരക്ഷിക്കാനാണ് പദ്ധതി തയ്യാറാക്കി യിട്ടുള്ളതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ നാല് ജില്ലകളിൽ M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശംവയ്ക്കുന്ന ഭൂമി, പ്രസ്തുത കമ്പനി അനധികൃതമായി വിൽപ്പന നടത്തിയ ഭൂമി എന്നിവയിൽ നാളിതുവരെ കേരള ഭൂസംരക്ഷണ നിയമപ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള കേസുകളും തീയതിയും ഭൂമിയുടെ വിസ്തീർണ്ണവും അനുബന്ധമായി ചേർക്കുന്നു.*

(ബി) ഭൂമി ഏറ്റെടുക്കുന്നതിനെതിരെ കമ്പനികൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജികൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് | WP(c)33122/2014 |
| M/s. ബോയിസ് റബ്ബർ എസ്റ്റേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി | WP(c)11598/2015 |
| M/s. ട്രാവൻകൂർ റബ്ബർ & റ്റീ കമ്പനി | WP(c)10962/2015 |
| M/s. ഗോസ്പൽ ഫോർ എഷ്യ | WP(c)10640/2015 |
| M/s. റിയാ റിസോർട്ട് & പ്രോപ്പർട്ടീസ് പ്രൈവറ്റ് ലിമിറ്റഡ് | WP(c)10320/2015 |

മേൽ റിട്ട് ഹർജികളിൽ M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് ഫയൽ ചെയ്ത WP(c)33122/2014 പ്രകാരം പ്രസ്തുത ഭൂമിയിൽ കേരള ലാന്റ് കൺസർവൻസി ആക്ട് പ്രകാരമുള്ള നടപടികൾ ബാധകമാക്കാൻ സർക്കാരിന് അധികാരമുണ്ടോ എന്ന വിഷയം മാത്രം ബഹു. ഹൈക്കോടതി പരിശോധിച്ചുവരുന്നു. മറ്റ് നാല് റിട്ട് ഹർജികളും ടി കേസ്സിനൊപ്പം കേൾക്കാൻ ബഹു. ഹൈക്കോടതി തീരുമാനിച്ചിട്ടുള്ളതിനാൽ അന്തിമ ഉത്തരവ് പ്രകാരം ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്ന നടപടികൾ മാത്രം നിർത്തിവയ്ക്കാനും എന്നാൽ അന്തിമ ഉത്തരവിന്റെ തൽസ്ഥിതി തുടരുന്നതിനും ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(സി&ഡി) ബഹു. ഹൈക്കോടതിയുടെ ഇടക്കാല വിധിന്യായത്തിലെ നിർദ്ദേശമനുസരിച്ച് കേരള ലാന്റ് കൺസർവൻസി നിയമപ്രകാരം ഉത്തരവായ ഭൂമി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഏറ്റെടുക്കുന്ന നടപടികൾ നിർത്തിവച്ചിട്ടുണ്ട്. സർക്കാരിലേയ്ക്ക് ടി ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമി സംരക്ഷിക്കുന്നത് സംബന്ധിച്ചും തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ചും യുക്തമായ തീരുമാനമെടുക്കുന്നതാണ്.

## ഭൂരഹിതരില്ലാത്ത ജില്ല

158 (1191) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെങ്കിലും ജില്ലയെ ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ; ഇതിന് അടിസ്ഥാനമാക്കിയ മാനദണ്ഡങ്ങൾ എന്താണെന്ന് അറിയിക്കുമോ ;

(ബി) ഇതിനായി സംസ്ഥാനാടിസ്ഥാനത്തിൽ സർവ്വെ നടത്തിയിരുന്നോ ; എങ്കിൽ ജില്ലാടിസ്ഥാനത്തിലുള്ള ഭൂരഹിതരുടെ കണക്ക് ലഭ്യമാക്കാമോ ;

(സി) ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിച്ച ജില്ലയിൽ നിന്നും ഭൂരഹിത കേരളം പദ്ധതിപ്രകാരം ഭൂമി ലഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയാണ് ; ഇവർക്കെല്ലാം ഭൂമി ലഭിച്ചിട്ടുണ്ടോ ?

### ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ അർഹരായി കണ്ടെത്തിയ മുഴവൻ ഗുണഭോക്താക്കൾക്കും ഭൂമി അനുവദിച്ചുകൊണ്ട് പ്രസ്തുത ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചിരുന്നു. കണ്ണൂർ ജില്ലയിൽ 12,184 അപേക്ഷകളും കാസർഗോഡ് ജില്ലയിൽ 17,905 അപേക്ഷകളുമാണ് ലഭിച്ചിരുന്നത്. പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായുള്ള അന്വേഷണത്തിൽ കണ്ണൂർ ജില്ലയിൽ 11,032 അപേക്ഷകരേയും കാസർഗോഡ് ജില്ലയിൽ 10,271 അപേക്ഷകരേയും പദ്ധതിയുടെ ഗുണഭോക്താക്കളായി കണ്ടെത്തിയിരുന്നു. മുഴവൻ ഗുണഭോക്താക്കൾക്കും ഭൂമി അനുവദിച്ചുകൊണ്ടാണ് പ്രസ്തുത ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചത്.

(ബി) പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകരിൽനിന്ന് വിശദമായ അന്വേഷണ ങ്ങളുടെയും നിശ്ചിത മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിനകം പ്രസിദ്ധീകരിച്ചിട്ടുള്ള ജില്ലാടിസ്ഥാനത്തിലുള്ള

ഗുണഭോക്താക്കളുടെ എണ്ണം താഴെ ചേർക്കുന്നു :

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 35,851 |
| കൊല്ലം | 28,591 |
| പത്തനംതിട്ട | 6,807 |
| ആലപ്പുഴ | 14,163 |
| കോട്ടയം | 10,388 |
| ഇടുക്കി | 7,970 |
| എറണാകുളം | 31,379 |
| തൃശ്ശൂർ | 26,776 |
| പാലക്കാട് | 23,874 |
| മലപ്പുറം | 23,962 |
| കോഴിക്കോട് | 8,304 |
| വയനാട് | 4,546 |
| കണ്ണൂർ | 11,099 |
| കാസർഗോഡ് | 10,218 |
| ആകെ | 2,43,928 |

(സി) പ്രസ്തുത പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അവസരം ലഭിച്ചില്ലായെന്ന് പരാതിയുണ്ടായതിനെത്തുടർന്ന് അപേക്ഷ സമർപ്പിക്കുന്നത് 1-2-2014 മുതൽ 31-3-2014 വരെയുള്ള രണ്ട് മാസക്കാലത്തേയ്ക്കുകൂടി വീണ്ടും അവസരം നൽകിയിരുന്നു. ഈ കാലയളവിൽ കണ്ണൂർ ജില്ലയിൽ 12,306 അപേക്ഷകളും കാസർഗോഡ് ജില്ലയിൽ 16,982 അപേക്ഷകളും ലഭിച്ചിട്ടുള്ളതായി കാണുന്നു. പ്രസ്തുത അപേക്ഷകളിൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്ന നടപടികൾ ജില്ലാതലത്തിൽ നടന്നുവരുന്നു. പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ പുതുതായി കണ്ടെത്തുന്ന ഗുണഭോക്താക്കൾക്കും ഭൂമി നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

159 (1192) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(ബി) നാളിതുവരെ ലഭിച്ച അപേക്ഷകൾ എത്ര ; എത്ര പേർക്ക് ഇതിനകം ഭൂമി നൽകാനായി ;

(സി) പട്ടയം നൽകിയവയിൽ ഭൂരിഭാഗവും അനുവദിച്ച ഭൂമി ഏറ്റെടുത്തിട്ടില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ ; ഉപയോഗ പ്രദമല്ലാത്തതും വിദൂരങ്ങളിലുള്ളതുമായ ഭൂമി നൽകിയതാണ് ഇതിനു കാരണമെന്നറിവുള്ളതാണോ ;

(ഡി) അപേക്ഷകർക്ക് അതാതിടങ്ങളിൽ തന്നെ ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കാത്തതെന്തുകൊണ്ട് ;

(ഇ) ഭൂരഹിതർ സി.പി.ഐ.(എം) നേതൃത്വത്തിൽ നടന്ന സമരത്തിൽ ചൂണ്ടിക്കാട്ടിയ ഭൂമി ഈ ആവശ്യത്തിന് പിടിച്ചെടുത്ത് വിതരണം ചെയ്യാത്തതെന്തുകൊണ്ട് ;

(എഫ്) സർക്കാർ കൈവശമുള്ള മിച്ചഭൂമി ഈ ആവശ്യത്തിനായി വിനിയോഗിച്ചിട്ടുണ്ടോ ; ഉപയോഗശൂന്യമായ ഭൂമിക്കുപകരം ഭൂമി കണ്ടെത്തി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ; സംസ്ഥാനത്തെ മിച്ചഭൂമി സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ ?

ഉത്തരം

(എ) രണ്ടായിരത്തി പതിനഞ്ചാമാണ്ട് അവസാനത്തോടുകൂടി പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) 1-2-2014 മുതൽ 31-3-2014 വരെ അപേക്ഷ സമർപ്പിക്കുന്നതിന് വീണ്ടും അവസരം നൽകിയതിനെത്തുടർന്ന് ലഭ്യമായതുൾപ്പെടെ പദ്ധതിയിലേയ്ക്ക് ആകെ 3,59,038 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിനകം പ്രസിദ്ധീകരിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റിൽനിന്ന് പദ്ധതിയുടെ ഒന്നാം ഘട്ടമായി 36,491 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്.

(സി) പട്ടയം അനുവദിച്ച ഭൂരിപക്ഷം ഗുണഭോക്താക്കൾക്കും ഭൂമി കൈമാറാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കോടതി കേസുകൾ മുഖേനയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ സാമൂഹിക സംഘടനകളുടേയോ ഇടപെടലുകൾ മുഖേനയോ ചില സ്ഥലങ്ങളിൽ ഭൂമി കൈമാറാൻ കഴിഞ്ഞിട്ടില്ല എന്നുകാണുന്നു. ഗുണഭോക്താക്കൾക്ക് അവരുടെ വില്ലേജിൽനിന്നോ സമീപ വില്ലേജുകളിൽനിന്നോ ആണ് ഒന്നാം ഘട്ടത്തിൽ ഭൂമി അനുവദിച്ചത്.

(ഡി) ഗുണഭോക്താക്കൾക്ക് സ്വന്തം വില്ലേജിൽത്തന്നെ ഭൂമി അനുവദിക്കാനാണ് ശ്രമിച്ചുവരുന്നത്. എന്നാൽ സ്വന്തം വില്ലേജിൽ ഭൂമി ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ മാത്രമേ മറ്റു വില്ലേജുകളിൽനിന്നുള്ള ഭൂമി അനുവദിച്ചിട്ടുള്ളൂ. അപേക്ഷകരുടെ ജില്ലയ്ക്ക് വെളിയിൽ പ്രസ്തുത പദ്ധതി പ്രകാരം ഭൂമി നൽകിയിട്ടില്ല.

(ഇ&എഫ്) വീട് വയ്ക്കാൻ അനുയോജ്യമായ മിച്ചഭൂമികളും ചട്ടങ്ങൾക്ക് വിധേയമായി പദ്ധതിക്ക് ഉപയോഗിക്കുന്നുണ്ട്. വീട് വയ്ക്കാൻ അനുയോജ്യമല്ലാത്ത പ്ലോട്ടുകളെന്ന് ആക്ഷേപം ഉണ്ടായിട്ടുള്ള കേസുകളിൽ വസ്തുത ബോധ്യപ്പെടുന്നപക്ഷം പകരം പ്ലോട്ടുകൾ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ മുഴുവൻ മിച്ചഭൂമിയും വിതരണയോഗ്യമല്ല. വിതരണയോഗ്യമായതാണ് ജില്ലാകളക്ടർമാർ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം തെരഞ്ഞെടുത്തത്.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

160 (1193) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം സംസ്ഥാനത്ത് ഭൂമി ലഭിക്കുവാൻവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് ജില്ല തിരിച്ച് പറയാമോ ;

(ബി) ഇവയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട് എത്ര അപേക്ഷരുണ്ടായിരുന്നുവെന്ന് പറയാമോ ;

(സി) പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്താകെ എത്രപേർക്ക് ഇതുവരെ ഭൂമി നൽകിയെന്നും അതിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർ എത്ര പേരുണ്ടെന്നും ജില്ല തിരിച്ച് പറയാമോ ;

(ഡി) സംസ്ഥാനത്ത് ഭൂരഹിതരായി എത്രപേരെ കണ്ടെത്തിയിട്ടുണ്ടെന്നും അവർക്കെല്ലാം പ്രഖ്യാപിച്ചതുപോലെ സമയബന്ധിതമായി ഭൂമി വിതരണം ചെയ്യാൻ കഴിയാത്തത് എന്തുകൊണ്ടാണെന്നും പറയാമോ ?

<u>ഉത്തരം</u>

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

| ജില്ല | പദ്ധതിയുടെ പ്രാരംഭത്തിൽ ലഭ്യമായവ | 1-2-2014 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ ലഭ്യമായവ | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 47340 | 9595 | 56935 |
| കൊല്ലം | 29850 | 6280 | 36130 |
| പത്തനംതിട്ട | 7532 | 1142 | 8674 |
| ആലപ്പുഴ | 17142 | 1223 | 18365 |
| കോട്ടയം | 10742 | 1094 | 11836 |
| ഇടുക്കി | 10496 | 3433 | 13929 |
| എറണാകുളം | 43248 | 3619 | 46867 |
| തൃശ്ശൂർ | 30836 | 2278 | 33114 |
| പാലക്കാട് | 28524 | 5742 | 34266 |
| മലപ്പുറം | 25998 | 1221 | 27219 |
| കോഴിക്കോട് | 9070 | 2575 | 11645 |
| വയനാട് | 6611 | 690 | 7301 |
| കണ്ണൂർ | 12184 | 11952 | 24136 |
| കാസർഗോഡ് | 12184 | 16437 | 28621 |
| ആകെ | 291757 | 67281 | 359038 |

(ബി) തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ 38074 പേർ പട്ടികജാതി പട്ടികവർഗ്ഗത്തിൽ ഉൾപ്പെട്ടവരാണെന്ന് കാണുന്നു. 1-2-2014 മുതൽ 31-3-2014 വരെ ലഭ്യമായ അപേക്ഷകളിന്മേൽ അന്വേഷണം പൂർത്തിയാകാത്തതിനാൽ അവയിൽ ഉൾപ്പെടുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ എണ്ണം കണക്കാക്കിയിട്ടില്ല.

(സി) പദ്ധതിയുടെ ഒന്നാം ഘട്ടമായി 36491 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചിരുന്നു. ഇവയിൽ ഉൾപ്പെട്ടിരുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു :

| ജില്ല | പട്ടികജാതിക്കാർ | പട്ടികവർഗ്ഗക്കാർ |
|---|---|---|

| | | |
|---|---|---|
| തിരുവനന്തപുരം | 1350 | 7 |
| കൊല്ലം | 103 | 0 |
| പത്തനംതിട്ട | 151 | 5 |
| ആലപ്പുഴ | 62 | 9 |
| കോട്ടയം | 211 | 34 |
| ഇടുക്കി | 994 | 20 |
| എറണാകുളം | 326 | 34 |
| തൃശ്ശൂർ | 132 | 0 |
| പാലക്കാട് | 590 | 18 |
| മലപ്പുറം | 204 | 8 |
| കോഴിക്കോട് | 115 | 3 |
| വയനാട് | 63 | 136 |
| കണ്ണൂർ | 799 | 72 |
| കാസർഗോഡ് | 566 | 176 |

(ഡി) പദ്ധതിയുടെ ഗുണഭോക്താക്കളായി സംസ്ഥാനത്ത് 2,43,928 ഭൂരഹിത കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തിയിരുന്നു. 1-2-2014 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ ലഭ്യമായ അപേക്ഷകളിൽനിന്ന് ഗുണഭോക്താക്കളായ ഭൂരഹിത കുടുംബങ്ങളെ കണ്ടെത്തുന്ന പ്രവർത്തനം പൂർത്തിയായിട്ടില്ല. വീട് വയ്ക്കാൻ അനുയോജ്യമായ ഭൂമി ലഭിക്കുന്നതനുസരിച്ച് വിവിധ ഘട്ടങ്ങളിലായി പട്ടയം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ഒന്നാം ഘട്ടമായി 36,491 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിരുന്നു. 2015 അവസാനത്തോടുകൂടി മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. രണ്ടാംഘട്ട പട്ടയവിതരണത്തിനുള്ള നടപടികൾ ജില്ലകളിൽ നടന്നുവരുന്നു.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

161 (1194) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി ഭൂരഹിതരുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ ;

(ബി) ഇതുപ്രകാരം ഭൂരഹിതരുടെ എണ്ണം എത്രയാണ് ; ജില്ല തിരിച്ചുള്ള

കണക്ക് ലഭ്യമാക്കാമോ ;

(സി) ഭൂരഹിതരായ പട്ടികജാതി/പട്ടിക വർഗ്ഗക്കാരുടെ കണക്ക് എത്രയെന്ന് ജില്ലതിരിച്ച് ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളിൽനിന്ന് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ഭൂരഹിത കുടുംബങ്ങളുടെ എണ്ണം ജില്ലതിരിച്ച് താഴെ ചേർക്കുന്നു. 1-2-2014 മുതൽ 31-3-2014 വരെകൂടി അപേക്ഷകൾ സമർപ്പിക്കുന്നതിന് വീണ്ടും അവസരം നൽകിയതിനെത്തുടർന്ന് ലഭിച്ചിട്ടുള്ള അപേക്ഷകളിൽനിന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടികൾ പൂർത്തിയായിട്ടില്ല:

| ജില്ല | എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 35,851 |
| കൊല്ലം | 28,591 |
| പത്തനംതിട്ട | 6,807 |
| ആലപ്പുഴ | 14,163 |
| കോട്ടയം | 10,388 |
| ഇടുക്കി | 7,970 |
| എറണാകുളം | 31,379 |
| (1) | (2) |
| തൃശ്ശൂർ | 26,776 |
| പാലക്കാട് | 23,874 |
| മലപ്പുറം | 23,962 |
| കോഴിക്കോട് | 8,304 |
| വയനാട് | 4,546 |
| കണ്ണൂർ | 11,099 |

| | |
|---|---|
| കാസർഗോഡ് | 10,218 |
| ആകെ | 2,43,928 |

(സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളിൽനിന്നും ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പട്ടികജാതി-പട്ടികവർഗ്ഗ
വിഭാഗത്തിൽപ്പെട്ടവരുടെ കണക്ക് ജില്ല തിരിച്ച് താഴെ ചേർക്കുന്നു :

| ജില്ല | പട്ടികജാതിക്കാർ | പട്ടികവർഗ്ഗക്കാർ |
|---|---|---|
| തിരുവനന്തപുരം | 6585 | 34 |
| കൊല്ലം | 3363 | 19 |
| പത്തനംതിട്ട | 1779 | 68 |
| ആലപ്പുഴ | 1513 | 86 |
| കോട്ടയം | 1115 | 119 |
| ഇടുക്കി | 2543 | 63 |
| എറണാകുളം | 4128 | 182 |
| തൃശ്ശൂർ | 4792 | 23 |
| പാലക്കാട് | 4229 | 311 |
| മലപ്പുറം | 3695 | 195 |
| കോഴിക്കോട് | 456 | 15 |
| വയനാട് | 285 | 862 |
| കണ്ണൂർ | 799 | 73 |
| കാസർഗോഡ് | 566 | 176 |

**നടപ്പിലാക്കാത്ത പദ്ധതികൾ**

162 (1195) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിലെ ബജറ്റ് പ്രസംഗങ്ങളിൽ റവന്യൂ വകുപ്പിൻ കീഴിൽ പ്രഖ്യാപിക്കപ്പെട്ട ഏതെല്ലാം പദ്ധതികളാണ് ഉപേക്ഷിക്കപ്പെടുകയോ നടപ്പിലാക്കാതി രിക്കുകയോ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിലെ ബഡ്ജറ്റ് പ്രസംഗങ്ങളിൽ റവന്യൂ വകുപ്പിൻകീഴിൽ പ്രഖ്യാപിക്കപ്പെട്ട് ഭരണാനുമതി ലഭ്യമാക്കി യിട്ടുള്ള പദ്ധതികളെല്ലാം നടപ്പിലാക്കിവരുന്നു.

(ബി) ബാധകമല്ല.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച ധനസഹായം വിതരണം ചെയ്യാത്തത്**

163 (1196) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ച ആളുകൾക്ക് സർക്കാർ ഫണ്ട് നൽകിയിട്ടും ഇനിയും വിതരണം ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലപ്പുറം ജില്ലയിൽ ഇനിയും വിതരണം ചെയ്യാതെ കിടക്കുന്ന അപേക്ഷകരുടെ എണ്ണവും തുകയും താലൂക്ക് തിരിച്ച് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്.

| ക്രമ നമ്പർ | താലൂക്ക് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|---|
| 1 | ഏറനാട് | 130 | 32,18,722 |
| 2 | പെരിന്തൽമണ്ണ | 285 | 32,25,114 |
| 3 | നിലമ്പൂർ | 578 | 63,68,084 |
| 4 | കൊണ്ടോട്ടി | 78 | 7,29,000 |
| 5 | തിരൂർ | 329 | 29,45,000 |

| | | | |
|---|---|---|---|
| 6 | തിരൂരങ്ങാടി | 171 | 61,01,500 |
| 7 | പൊന്നാനി | 123 | 8,90,000 |

**നെല്ലിയാമ്പതിയിലെ കരുണാ എസ്റ്റേറ്റ് കയ്യേറ്റം**

164 (1197) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിയാമ്പതിയിലെ കരുണാ എസ്റ്റേറ്റ് കയ്യേറ്റത്തെക്കുറിച്ച് ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിന്മേൽ റവന്യൂ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ;

(ബി) വകുപ്പ് സ്വീകരിച്ച നടപടികളെ കോടതിയിൽ ചോദ്യം ചെയ്തിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ടിലെ ശിപാർശ പ്രകാരമുള്ള സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ഡി) സർവ്വേ ടീമിനെ നിയമിച്ചിട്ടുണ്ടെങ്കിൽ ടീമംഗങ്ങൾ ആരെല്ലാമെന്നും അവർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നും നടപടികൾ പൂർത്തീകരിക്കുന്നതിന് അനുവദിച്ചിട്ടുള്ള കാലാവധി എത്രയെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) നെല്ലിയാമ്പതിയിലെ തർക്കഭൂമിയുമായി ബന്ധപ്പെട്ട മുഴുവൻ ഭൂമിയും സർവ്വേ നടത്തുന്നതിന് ഒരു സർവ്വേ ടീമിനെ രൂപീകരിക്കുവാൻ സർവ്വേ ഡയറക്ടറെ ചുമതലപ്പെടുത്തി സ.ഉ.(സാധാ.) 5473/2014/റവന്യൂ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വേ ഡയറക്ടറുടെ ബി2-33419/2014 നമ്പർ ഉത്തരവ് പ്രകാരം നിയമിക്കപ്പെട്ട സർവ്വേ ടീമിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ഉണ്ട്. റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾക്കെതിരെ പോബ്സ് എസ്റ്റേറ്റ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) നമ്പർ 34072/2014 നമ്പർ കേസിലെ ഇടക്കാല ഉത്തരവ് പ്രകാരം സർവ്വേ നടത്തുന്നതൊഴിച്ച് മറ്റു വിഷയങ്ങളിൽ ബഹു. ഹൈക്കോടതിയുടെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ തുടർ നടപടികൾ കൈക്കൊള്ളാൻ പാടുള്ളൂ എന്ന് ഉത്തരവായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കരുണ എസ്റ്റേറ്റുമായി ബന്ധപ്പെട്ട സർവ്വേ ജോലികൾക്കായി മലപ്പുറം ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ബാബു ഗംഗാനാഥിന്റെ നേതൃത്വത്തിൽ മറ്റു സർവ്വേ ഉദ്യോഗസ്ഥരായ ശ്രീ. ലോഹിതാക്ഷൻ.വി., ശ്രീ. ബേബി കുളങ്ങര, ശ്രീ. തമ്പി പോൾ, ശ്രീ. സാംകുട്ടി. വൈ., ശ്രീ. അബ്ദുൾ റസാക്ക്. പി, ശ്രീ. സുജിത്ത്.എസ് എന്നിവരാണ് ടീമിൽ ഉൾപ്പെട്ടിരുന്നത്. എന്നാൽ ശ്രീ. ബാബു ഗംഗാനാഥ് 31-3-2015-ന് സർവ്വീസിൽനിന്നും വിരമിച്ചിട്ടുള്ളതിനാൽ ടിയാന് പകരമായി തൃശ്ശൂർ സർവ്വെ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. ബാലകൃഷ്ണനെ നിയോഗിച്ചിട്ടുണ്ട്. സർവ്വേ പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ച് കാലാവധി നിഷ്ക്കർഷിച്ചിട്ടില്ലെങ്കിലും എത്രയും പെട്ടെന്ന് സർവ്വേ പൂർത്തിയാക്കാൻ സർവ്വേ ടീമിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കാലവർഷക്കെടുതിമൂലം ഉണ്ടായ നാശനഷ്ടങ്ങൾ**

165 (1198) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ കാലവർഷക്കെടുതിമൂലം ഉണ്ടായ നാശനഷ്ടങ്ങൾ എത്രയെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) കാലവർഷക്കെടുതി നേരിടുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും ഓരോ വർഷത്തിലും സംസ്ഥാന സർക്കാർ എന്ത് തുക ചെലവഴിച്ചു ; ഓരോ വർഷവും ലഭിച്ച കേന്ദ്രവിഹിതം എത്ര ; വ്യക്തമാക്കുമോ ;

(സി) കാലവർഷക്കെടുതിക്ക് ഇരയായവർക്ക് നഷ്ടപരിഹാരത്തുക ഇനിയും നൽകാനുണ്ടോ ; എങ്കിൽ ഏതെല്ലാം വർഷങ്ങളിൽ എത്ര പേർക്ക് നഷ്ടപരിഹാരത്തുക നൽകാൻ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ)

| | |
|---|---|
| 2011-12 | 201,00,52,714 |
| 2012-13 | 195,77,36,248 |
| 2013-14 | 271,45,99,524 |
| 2014-15 | 314,83,75,899 |

(ബി)

| വർഷം | ആശ്വാസധനസഹായം നൽകുന്നതിന് ചെലവഴിച്ച തുക | ലഭിച്ച കേന്ദ്രവിഹിതം |
|---|---|---|
| 2011-12 | 120,08,20,633 | 212.91 |
| 2012-13 | 176,88,01,387 | 204.39 |
| 2013-14 | 295,15,25,591 | 113.81 |
| 2014-15 | 244,46,57,893 | 119.50 |

(സി) വിവരം ശേഖരിച്ചുവരുന്നു.

### പുനരധിവസിപ്പിക്കപ്പെട്ടവർക്ക് പട്ടയ വിതരണം

166 (1199) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കപ്പെട്ടപ്പോൾ പുനരധിവസിപ്പിക്കപ്പെട്ടവർക്ക് വർഷങ്ങളായി അവർ താമസിക്കുന്ന സ്ഥലത്തിന് പട്ടയം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽപ്പെട്ട പട്ടയം നൽകേണ്ട എത്ര കുടുംബങ്ങളുണ്ട് ; വിശദവിവരം നൽകാമോ ;

(സി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

### സീറോ ലാന്റ്ലെസ് പദ്ധതി

167 (1200) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീറോ ലാന്റ് ലെസ് പദ്ധതിപ്രകാരം (Zero Landless) പട്ടയം ലഭിച്ചവർക്ക് ഭൂമി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുട്ടനാട്ടിൽ പട്ടയം വിതരണം ചെയ്ത എത്രപേർക്ക് ഭൂമി ലഭിച്ചുവെന്നും

ഇനി എത്രപേർക്ക് ലഭിക്കുവാനുണ്ടെന്നുമുള്ള റിപ്പോർട്ട് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കോടതി കേസുകൾ, തർക്കങ്ങൾ എന്നിവമൂലം ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിച്ചിട്ടില്ലായെന്ന് ചുരുക്കം ചില പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പട്ടയം നൽകിയവർക്ക് ഭൂമിയുടെ കൈവശം വിട്ടുകൊടുക്കുന്ന നടപടി ജില്ലകളിൽ പുരോഗമിച്ചുവരുന്നു. കോടതിക്കേസുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹിക സംഘടനകൾ എന്നിവയുടെ ഇടപെടലുകൾ എന്നിവമൂലം ഭൂമി കൈമാറാൻ കഴിയാത്ത സാഹചര്യങ്ങൾ സംസ്ഥാനത്ത് ചില സ്ഥലങ്ങളിൽ നിലനിൽക്കുന്നുണ്ട്.

(ബി) കുട്ടനാട് താലൂക്കിൽ പദ്ധതിയുടെ ഒന്നാം ഘട്ടമായി 51 ഗുണഭോക്താക്കൾക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. പട്ടയം നൽകിയ എല്ലാപേർക്കും ഭൂമി കൈമാറിയിട്ടുണ്ട്.

**ഭൂമി ഏറ്റെടുക്കൽ**

168 (1201) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മാസത്തിനുശേഷം നാളിതുവരെ വികസന പ്രവർത്തനങ്ങൾക്കായി വിവിധ ജില്ലകളിൽ എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ട് ;

(ബി) വിവിധ ജില്ലയിൽ ഏതെല്ലാം പദ്ധതികൾക്കുവേണ്ടിയാണ് ഭൂമി ഏറ്റെടുത്തിട്ടുള്ളത് ; ഓരോ പദ്ധതിക്ക് ഏറ്റെടുത്ത ഭൂമിയുടെ വിസ്തൃതി എത്ര ;

(സി) ഓരോ പദ്ധതിക്കായി എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിച്ചിട്ടുണ്ട് ; ഓരോ പദ്ധതിക്കും ഭൂമി ഏറ്റെടുത്ത വകയിൽ എത്ര തുക നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട് ;

(ഡി) സർക്കാർ പദ്ധതികൾക്കല്ലാതെ മറ്റേതെങ്കിലും പദ്ധതികൾക്കായി ഭൂമി ഏറ്റെടുത്തിട്ടുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) 2011 മേയ് മാസത്തിനുശേഷം വിവിധ പദ്ധതികൾക്കുവേണ്ടി ഏറ്റെടുത്ത ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-1 ആയി

ചേർത്തിരിക്കുന്നു.*

(സി) വിവിധ പദ്ധതികൾക്കായി കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളുടെ എണ്ണവും നഷ്ടപരിഹാരമായി നൽകിയ തുകയും അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

(ഡി) മലപ്പുറം ജില്ലയിൽ ആലത്തിയൂർ പെരുംതൃക്കോവിൽ ക്ഷേത്രത്തിനുവേണ്ടി ഭൂമി ഏറ്റെടുത്തിട്ടുണ്ട്. മറ്റെല്ലാം പൊതു ആവശ്യങ്ങൾക്ക് വേണ്ടിയാണ് ഏറ്റെടുത്തിട്ടുള്ളത്.

**വയൽ നികത്തൽ**

169 (1202) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർഷങ്ങൾക്കുമുമ്പ് നികത്തിയ വയലുകൾ കരഭൂമിയായി പരിഗണിക്കാവുന്നതാണെന്ന നിർദ്ദേശം ദുരുപയോഗം ചെയ്യുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വയലുകളും തണ്ണീർത്തടങ്ങളും നീർച്ചാലുകളും വ്യാപകമായി നികത്തികര ഭൂമിയാക്കി മാറ്റുന്ന പ്രവണത തടയാൻ സ്വീകരിച്ച മുൻകരുതൽ നടപടികൾ വിശദമാക്കുമോ ;

(സി) ഇത്തരം നികത്തൽ നടപടികൾക്ക് നിയന്ത്രണമേർപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വർഷങ്ങൾക്കുമുമ്പ് നികത്തിയ വയലുകൾ കരഭൂമിയായി പരിഗണിക്കാവു ന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടില്ല. ആയതിനാൽ ദുരുപയോഗം ചെയ്യുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) വയലുകളും തണ്ണീർത്തടങ്ങളും നീർച്ചാലുകളും അനധികൃതമായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പരിവർത്തനപ്പെടുത്തുന്നത് തടയുന്നതിനായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം എല്ലാ ജില്ലകളിലും ബന്ധപ്പെട്ട കൃഷി ഓഫീസർ കൺവീനറായി പ്രാദേശികതല നിരീക്ഷണ സമിതികളും ജില്ലാതല അധികൃത സമിതികളും രൂപികരിച്ച് പ്രവർത്തിച്ചുവരുന്നു.

നിയമലംഘനം ശ്രദ്ധയിൽപ്പെടുന്ന കേസ്സുകളിൽ സ്റ്റോപ്പ് മെമ്മോ നൽകി അനധികൃത പ്രവൃത്തി തടയുകയും കക്ഷികളെ വിചാരണ ചെയ്യുകയും നിയമത്തിലെ 13-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ ഉൾപ്പെടെ കർശന നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരുന്നു. ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഏതെങ്കിലും പ്രവർത്തനത്തിന് ഉപയോഗിച്ചതോ ഉപയോഗിച്ചതായി കരുതപ്പെടുന്നതോ ആയ വാഹനങ്ങൾ പിടിച്ചെടുക്കുകയും ടി നിയമത്തിലെ വകുപ്പ് 20 പ്രകാരം വാഹന ഉടമകൾക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

**ഇരിണാവ് പാലം**

170 (1203) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഇരിണാവ് പാലം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പാലത്തിന്റെ നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനായി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ വിശദാംശം നൽകുമോ ;

(ബി) നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഇറിഗേഷൻ വകുപ്പിന്റെ റഗുലേറ്റർ-കം-ബ്രിഡ്ജ് കാലപ്പഴക്കം കാരണം ഏതു സമയത്തും തകരുമെന്നിരിക്കെ സ്ഥലം ലഭ്യമാക്കി പാലം നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഇരിണാവ് പാലം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാതല പർച്ചേസ് കമ്മിറ്റി ശിപാർശ ചെയ്ത വില സർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ 4(1) വിജ്ഞാപനം പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം പ്രാബല്യത്തിൽ വന്നശേഷം പ്രസിദ്ധീകരിച്ചതിനാൽ പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും

പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഇതൊഴിവാക്കാനായി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ ഉത്തരവ് നൽകിയതിനുശേഷം രജിസ്റ്റർ ചെയ്ത് ഭൂമി ഏറ്റെടുക്കാവുന്നതാണ്.

**ഭൂമിയുടെ പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം**

171 (1204) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയുടെ പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത സമ്പ്രദായം മുഖേന എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത സമ്പ്രദായം നടപ്പാക്കുന്നതിനായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ആദ്യഘട്ടമായി പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധിയിൽവരുന്ന 17 വില്ലേജുകളിൽ ഈ പദ്ധതി പ്രകാരം രജിസ്ട്രേഷൻ, റവന്യൂ ഡിപ്പാർട്ടുമെന്റുകളെ ഇന്റർനെറ്റ് സംവിധാനംവഴി ബന്ധിപ്പിച്ചുകൊണ്ട് 15-9-2011 മുതൽ ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.) പാലക്കാട് യൂണിറ്റ് തയ്യാറാക്കിയ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന സോഫ്റ്റ്‌വെയറാണ് ഇതിനായി ഉപയോഗിക്കുന്നത്. ഈ പദ്ധതിവഴി 6-6-2015-ന് രാവിലെ 11.10 വരെ 19242 ഓൺലൈൻ പോക്കുവരവ് നടന്നിട്ടുണ്ട്.

ആധാരം രജിസ്റ്റർ ചെയ്യുന്നതിനായി "ഓപ്പൺ പേൾ" എന്ന സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കിയിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ സബ് രജിസ്ട്രാർ

ഓഫീസുകളുമായി റെലിസിനെ ബന്ധിപ്പിച്ചുകൊണ്ട് ഓൺലൈൻ പോക്കുവരവ് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ത്വരിതഗ തിയിൽ നടന്നുവരുന്നു. തുടർന്ന് സംസ്ഥാനമൊട്ടാകെ ഓൺലൈൻ പോക്കുവരവ് ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(ബി) നിലവിലെ സംവിധാനമനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ജനങ്ങൾക്ക് ഒഴിവായി കിട്ടുകയും വില്ലേജ് റിക്കാർഡുകളുടെ കൃത്യത ഉറപ്പാകുകയും ചെയ്യുന്നു. മാത്രമല്ല സർക്കാർ ഭൂമി യാതൊരു കാരണവശാലും അനധികൃതമായി കൈമാറ്റം ചെയ്യപ്പെടാതിരിക്കാനും രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ പോക്കുവരവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽനിന്നോ നിരീക്ഷണത്തിൽനിന്നോ മാറിപ്പോകാതെ സൂക്ഷിക്കുവാനും കഴിയുന്നു.

(സി) റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളും എൻ.ഐ.സി., അക്ഷയ സെന്റർ എന്നീ ഏജൻസികളുമാണ് ഇതിനായി സഹകരിക്കുന്നത്.

**വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികളുടെ സ്പിൽ ഓവർ പ്രവർത്തനങ്ങൾ**

172 (1205) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 മാർച്ച് 31-ന് അനുമതി ലഭിച്ചിട്ടുള്ളതും പൂർത്തീകരിക്കാൻ സാധിക്കാത്തതുമായ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾ തുടർന്നും പൂർത്തീകരിക്കാൻ സമയവും തുകയും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അടിയന്തരമായി പുറത്തിറക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) 31-3-2015-നുമുമ്പ് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതും പ്രസ്തുത തീയതിക്കുമുമ്പ് ആരംഭിച്ചിട്ടുള്ളതുമായ പ്രവൃത്തികൾ ഭരണാനുമതി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്**

**അനുവദിച്ച ഭൂമി**

173 (1206) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് അനുവദിച്ച ഭൂമി അതിർത്തി നിർണ്ണയിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറിയ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മേൽ വിഷയത്തിൽ കിനാലൂരിലെ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ 5 ഏക്കർ ഭൂമി സർക്കാർ കോളേജിന് അനുവദിച്ച വ്യവസായ വകുപ്പ് ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറ്റം ചെയ്തുനൽകുന്നതിന് കെ.എസ്.ഐ.ഡി.സി.-യുടെ മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതുസംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശിക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ഉണ്ട്.

(ഡി) ഭൂമി കൈമാറ്റത്തിനുള്ള അപേക്ഷ കോഴിക്കോട് ജില്ലാ കളക്ടർക്ക് സമർപ്പിക്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിന് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ആലപ്പുഴ ജില്ലയിൽ ഭവന നിർമ്മാണത്തിന് അനുവദിച്ച ഭൂമി**

174 (1207) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം 2014-15 സാമ്പത്തിക വർഷം ഭവന നിർമ്മാണത്തിന് ആലപ്പുഴ ജില്ലാ സമിതിക്കു മുമ്പാകെ എത്ര അപേക്ഷകൾ ലഭിച്ചു എന്ന് വിശദമാക്കാമോ ;

(ബി) ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണം തീർപ്പുകൽപ്പിച്ചുവെന്ന് വ്യക്തമാക്കാമോ

;

(സി) അനുവദിച്ച ഭൂമിയുടെ വിസ്തീർണ്ണം എത്രയാണ് എന്ന് വിശദമാക്കുമോ ;

(ഡി) അനുവദിച്ച വിസ്തീർണ്ണത്തിൽ കൂടുതൽ നിലം പരിവർത്തനം ചെയ്യുന്നുണ്ടോ എന്ന കാര്യം പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ ; ഇങ്ങനെ അധികം നികത്തിയ കേസുകളിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം 2014-15 സാമ്പത്തിക വർഷം ഭവനനിർമ്മാണത്തിന് ആലപ്പുഴ ജില്ലാ സമിതിക്കു മുമ്പാകെ 318 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ലഭിച്ച അപേക്ഷകളിൽ 276 അപേക്ഷകൾ തീർപ്പ് കല്പിച്ചിട്ടുണ്ട്

(സി) 761 ആർസ് (18.80 ഏക്കർ) സ്ഥലം അപ്രകാരം അനുവദിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. അനധികൃതമായി നിലം നികത്തുന്നത് തടയുന്നതിനായി ജില്ലാതല സ്ക്വാഡുകളും താലൂക്കുതല സ്ക്വാഡുകളും നിരന്തരം പ്രവർത്തനം നടത്തുകയും അനധികൃതമായി നികത്തുന്ന നിലം ഉടമകൾക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ നേതൃത്വത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയുടെ നികത്തലുകൾക്കെതിരെ 1967-ലെ കെ.എൽ.യു. ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്.

**പട്ടയ വിതരണം**

175 (1208) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതർക്ക് വീടുണ്ടാക്കാൻ പഞ്ചായത്തുകൾ വിതരണം ചെയ്യുന്ന ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഗ്രാമപഞ്ചായത്തുകളിൽനിന്ന് അനുവാദ പത്രിക ലഭിച്ചവർക്ക് പട്ടയം നൽകണമെങ്കിൽ പഞ്ചായത്തുകളിൽ നിന്ന് എൻ.ഒ.സി. ലഭ്യമാക്കണമെന്ന വ്യവസ്ഥയുണ്ടോ ;

(സി) പഞ്ചായത്തുകൾ അനുവാദ പത്രിക നൽകിയവർക്ക് പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച അനുവാദ പത്രിക അനുവദിക്കുന്ന മുറയ്ക്ക് വില്ലേജ് ഓഫീസർ മുഖേന സ്ഥല പരിശോധന നടത്തി ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിച്ച് തഹസീൽദാർമാർ പട്ടയം നൽകിവരുന്നു.

(ബി) ഇല്ല.

(സി) നടപടി സ്വീകരിച്ചുവരുന്നു.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

176 (1209) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം എത്ര പേർക്കാണ് ഭൂമി നൽകാനായത് ; സംസ്ഥാനത്തെ ഭൂരഹിതരുടെ എണ്ണമെത്ര ;

(ബി) സർക്കാർ അനുവദിച്ച ഭൂമി ഉപയോഗശൂന്യമായതും പട്ടയപ്രകാരമുള്ളവ കണ്ടെത്താനാവാത്തതും കാരണം ഭൂമി ലഭിക്കാത്തവരുടെ എണ്ണമെത്ര; ഇതു സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(സി) ഈ പദ്ധതിക്കായി എത്ര ഏക്കർ ഭൂമി എവിടങ്ങളിലെല്ലാമാണ് കണ്ടെത്തിയത്; ഇത് ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ഭൂമിയാണ്; മിച്ചഭൂമി, പുറമ്പോക്ക്, മറ്റ് സർക്കാർ കൈവശമുള്ള ഭൂമി എന്നിങ്ങനെ തരംതിരിച്ച് കണക്ക് ലഭ്യമാക്കാമോ ;

(ഡി) ഈ ആവശ്യത്തിലേക്കായി പണം നൽകി ഭൂമി വാങ്ങിയിട്ടുണ്ടോ ; എങ്കിൽ എത്ര ; എന്ത് തുക ചെലവായി ?

<u>ഉത്തരം</u>

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 36,491 പേർക്ക് പട്ടയം അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ ഭൂരഹിതരുടെ എണ്ണം പ്രസ്തുത പദ്ധതി പ്രകാരം തിട്ടപ്പെടുത്തുന്നതിനായി വില്ലേജ് ഓഫീസ് മുഖാന്തിരം അപേക്ഷ ക്ഷണിച്ച് ചട്ടപ്രകാരമുള്ള വിശദമായ അന്വേഷണം നടത്തി നിശ്ചിത മാനദണ്ഡങ്ങളുടെ പരിധിയിൽവരുന്ന ഭൂരഹിത കുടുംബങ്ങളെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി പരിഗണിച്ചിട്ടുള്ളത്. ഇങ്ങനെ കണ്ടെത്തിയ ഭൂരഹിതരായ കുടുംബങ്ങളുടെ എണ്ണം 2,43,928 ആണ്.

(ബി) പദ്ധതിയിൽ വീട് വയ്ക്കാൻ അനുയോജ്യമായ സർക്കാർ ഭൂമിയാണ് പ്ലോട്ടുകൾതിരിച്ച് നൽകുന്നത്. എന്നാൽ അനുവദിച്ച ഏതാനും പ്ലോട്ടുകളെ സംബന്ധിച്ച് ആക്ഷേപം ചുരുക്കം ചില സ്ഥലങ്ങളിൽ ഉയർന്നിരുന്നു. അർഹമായ കേസുകളിൽ മാത്രം അത്തരം പ്ലോട്ടുകൾ മാറ്റി നൽകുന്നതിനുള്ള നടപടികൾ ജില്ലാതലങ്ങളിൽ നടന്നുവരുന്നു. ജില്ലകളിൽ ലഭിച്ച ഇത്തരം പരാതികൾ ജില്ലാ കളക്ടർമാർ പരിശോധിച്ചുവരുന്നു.

(സി) ഭൂമി തെരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങൾ വില്ലേജ്-താലൂക്ക്-ജില്ലാതലങ്ങളിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി നടന്നുവരികയാണ്. റവന്യൂ ഭൂമി, മിച്ച ഭൂമി, അന്യം നിൽപ് ഭൂമി, ബോട്ട്-ഇൻ-ലാൻഡ്, മറ്റു വകുപ്പുകളുടെ കൈവശത്തിലുള്ളതും എന്നാൽ അവർ ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമി തുടങ്ങി വിവിധതരം ഭൂമികളാണ് പദ്ധതിക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നത്. ഇതിനകം തെരഞ്ഞെടുത്ത ഭൂമികളിൽ സർവ്വേ നടപടികൾ നടന്നുവരുന്നു. സർവ്വേ നടപടികൾ പൂർത്തിയായാൽ മാത്രമേ ലഭ്യമായ ഭൂമിയുടെ കൃത്യമായ വിസ്തീർണ്ണം ലഭ്യമാകുകയുള്ളൂ.

(ഡി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കുവേണ്ടി നാളിതുവരെ പണം നൽകി ഭൂമി വാങ്ങിയിട്ടില്ല.

## എളങ്കുന്നപ്പുഴയിലെ തീരദേശവാസികൾക്ക് പട്ടയം

177 (1210) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എളങ്കുന്നപ്പുഴയിലെ തീരദേശവാസികളായ 27-ഓളം കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന്റെ ഭാഗമായി സി.ഇ.എസ്സ്.എസ്സ്.-ന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട് കത്ത് നൽകിയിട്ടുണ്ടോ ; എങ്കിൽ ഏത് തീയതിയിലെന്നും ഇക്കാര്യത്തിലുള്ള മറുപടിയെന്തെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

എളങ്കുന്നപ്പുഴയിലെ തീരദേശവാസികളായ ഇരുപത്തിയേഴോളം കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അഭിപ്രായം അറിയിക്കുന്നതിലേയ്ക്കായി 2-4-2013-ന് എറണാകുളം ജില്ലാ കളക്ടർ, സെസ്സ് (സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്) എന്ന സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ട്. ആയതിന്

മറുപടിയൊന്നും നാളിതുവരെയും ലഭിച്ചിട്ടില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഭൂസംരക്ഷണ നിയമത്തിൽ ഭേദഗതി**

178 (1211) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വ്യാവസായികാവശ്യത്തിന് ഭൂമി കണ്ടെത്തുന്നതിനായി ഭൂസംരക്ഷണ നിയമത്തിൽ ഭേദഗതി പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

വ്യാവസായിക ആവശ്യത്തിന് ഭൂമി കണ്ടെത്തുന്നതിനായി ഭൂസംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**ഡാറ്റാ ബാങ്കിലെ വിശദാംശങ്ങൾ തിരുത്തുന്നതിനുള്ള സംവിധാനം**

179 (1212) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമിയുടെ തരം തിരിവ് സംബന്ധിച്ച് ഡാറ്റാ ബാങ്കിലെ വിശദാംശങ്ങൾ തിരുത്തുന്നതിന് എത്ര പരാതികൾ ലഭ്യമായി എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പരാതികളിൽ എത്ര എണ്ണത്തിന് പരിഹാരം കണ്ടു ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമായി ജില്ലാ തലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഡാറ്റാ ബാങ്കിലെ വിശദാംശങ്ങൾ തിരുത്തുന്നതിന് 5676 പരാതികൾ ലഭ്യമായിട്ടുണ്ട്.

(ബി) ഡാറ്റാ ബാങ്ക് സംബന്ധിച്ച പരാതികൾക്ക് പരിഹാരം കണ്ടത് സംബന്ധിച്ച ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം | 31 |
| കൊല്ലം | 172 |
| പത്തനംതിട്ട | 98 |
| ആലപ്പുഴ | 801 |
| കോട്ടയം | - |
| ഇടുക്കി | - |
| എറണാകുളം | 2441 |
| തൃശ്ശൂർ | - |
| പാലക്കാട് | - |
| മലപ്പുറം | - |
| കോഴിക്കോട് | - |
| വയനാട് | 128 |
| കണ്ണൂർ | - |
| കാസർഗോഡ് | - |
| ആകെ | 3671 |

(സി) കരട് ഡാറ്റാ ബാങ്കിലെ പരാതികൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ നിയമപ്രകാരം സ്വീകരിക്കേണ്ടത് പ്രാദേശികതല നിരീക്ഷണ സമിതിയാണ്. ഇതിനായി ജില്ലാതലത്തിൽ നിലവിൽ പ്രത്യേക സംവിധാനങ്ങളില്ല.

## ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നത് സംബന്ധിച്ച ശ്രീ. മുഹമ്മദ് അഷറഫിന്റെ പരാതി

180 (1213) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നത് സംബന്ധിച്ച് ശ്രീ. മുഹമ്മദ് അഷറഫ്, തിരുവനന്തപുരം താലൂക്ക് ഓഫീസിൽ നൽകിയ പരാതി (H13/66467/2014

dated 27-11-2014) പ്രകാരം താലൂക്ക് സർവ്വേയർ ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; ഇതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ തുടർ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് പരാതിക്കാരന് നീതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ഫയലിൽ ഇനിയുള്ള നടപടിക്രമം വ്യക്തമാക്കാമോ ; ഇതിന്റെ കാലതാമസം ഒഴിവാക്കുമോ ; ബന്ധപ്പെട്ട വില്ലേജിൽ കരം ഒടുക്കുന്നതിനുള്ള അനുവാദം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രീ. മുഹമ്മദ് അഷറഫിന്റെ വസ്തു അളക്കുന്നതിനുള്ള അപേക്ഷയിന്മേൽ തിരുവനന്തപുരം താലൂക്ക് സർവ്വേയർ മുഖാന്തിരം റീസർവ്വേ പ്രകാരം വസ്തു അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. താലൂക്ക് സർവ്വേയറുടെ റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു*

(ബി) ശ്രീ. മുഹമ്മദ് അഷറഫിന്റെ പട്ടയ ഭൂമി റീസർവ്വേയിൽ പുറമ്പോക്കാക്കി മാറ്റി എന്നതാണ് ആക്ഷേപം. റീസർവ്വേ റിക്കാർഡുപ്രകാരം സ്ഥലം അളന്നു പരിശോധിച്ചതിൽ ഉളിയാഴ്ത്തുറ വില്ലേജിൽ റീസർവ്വേ 402/8 ൽപ്പെട്ട പുറമ്പോക്ക് സ്ഥലത്തിൽനിന്നും 1.62 ആർ വിസ്തീർണ്ണം ടിയാന്റെ സർവ്വേ നമ്പർ 402/12 ൽപ്പെട്ട പട്ടയഭൂമിയോട് ചേർത്ത് കൈവശം വച്ചിട്ടുള്ളതായി കാണുന്നു.

(സി) പട്ടയഭൂമി പുറമ്പോക്കാക്കിമാറ്റി എന്ന ടിയാളുടെ ആക്ഷേപം പരിശോധിക്കുന്നതിന് ഫയൽ താലൂക്കിലെ എൽ.ആർ.എം. വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. തുടർനടപടി കാലതാമസം കൂടാതെ സ്വീകരിക്കുന്നതാണ്. പരാതിയിൽ കഴമ്പില്ലാത്ത പക്ഷം അനധികൃതമായി കൈവശം വച്ചിട്ടുള്ള പുറമ്പോക്ക് ഭൂമി ഒഴിപ്പിച്ചെടുക്കുന്ന നടപടി സ്വീകരിക്കുന്നതാണ്.

**ലൈസൻസ് ഉള്ളതും ഇല്ലാത്തതുമായ ക്വാറികൾ**

181 (1214) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലൈസൻസ് ഇല്ലാതെ പല ക്വാറികളും പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ക്വാറികൾ ഏതെല്ലാമാണെന്നും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾ ഏതെല്ലാമാണെന്നും ജില്ല തിരിച്ച് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ലൈസൻസ് ഇല്ലാതെ പല ക്വാറികളും പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം ക്വാറികൾക്ക് സ്റ്റോപ് മെമ്മോ നൽകുക, റോയൽറ്റിയും പിഴയും ഈടാക്കുക, പിഴ ഒടുക്കാത്ത ക്വാറികൾക്കെതിരെ കെ.എം.എം.സി. ചട്ടം 2015 പ്രകാരം നിയമ നടപടികൾ സ്വീകരിക്കുക എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ക്വാറികളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് (തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളുടെ ഹാർഡ് കോപ്പിയും മറ്റു ജില്ലകളുടെ സോഫ്റ്റ് കോപ്പിയും) ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.* ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾ ശ്രദ്ധയിൽപ്പെട്ടാലുടൻ കെ.എം.എം.സി. ചട്ടം 2015 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിനാൽ അവയുടെ പ്രവർത്തനം നിർത്തിവച്ചിട്ടുണ്ട്.

**സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധന**

182 (1215) <u>ശ്രീ. കെ. ശിവദാസൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിന്റെ നിലവിലെ സംവിധാനം വിശദമാക്കുമോ ;

(ബി) സ്വർണ്ണത്തിന്റെ പരിശുദ്ധി അനുസരിച്ച് (കാരറ്റ്) വില നിശ്ചയിക്കണമെന്ന ചട്ടം പല സ്വർണ്ണക്കടകളും പാലിക്കാറില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിന് എറണാകുളം ജില്ലയിലെ കാക്കനാട് സ്വർണ്ണ ഗുണമേന്മ പരിശോധനാ ലാബ് ഉണ്ട്. ഇവിടെ രണ്ട് വിധത്തിലുള്ള പരിശോധനകൾ നടത്തിവരുന്നുണ്ട്.

1. X-Ray Fluorescent Spectrometer (XRF) മെഷീൻ ഉപയോഗിച്ചുള്ള

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നോൺ ഡിസ്ട്രക്റ്റീവ് മെതേഡ് പ്രകാരമുള്ള സ്വർണ്ണ ഗുണമേന്മ നിശ്ചയിക്കൽ.

2. ഫയർ അസ്സേ മെതേഡിൽ അധിഷ്ഠിതമായ ഡിസ്ട്രക്റ്റീവ് മെതേഡ് പ്രകാരമുള്ള ഗുണമേന്മ നിർണ്ണയിക്കൽ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വർണ്ണം വിൽക്കുന്ന സമയത്ത് സ്വർണ്ണക്കടക്കാരൻ ഉപഭോക്താക്കൾക്ക് നൽകുന്ന ബില്ലിൽ കാരറ്റ് ചേർത്തിരിക്കണം എന്ന ചട്ടം നിലവിലുണ്ട്. ഇത് ലംഘിക്കുന്ന സ്വർണ്ണക്കടകൾക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ഒരു വീട്ടിൽ ഒരു കയർ ഉല്പന്നം**

183 (1216) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം എന്ന ആശയം നടപ്പാക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിന് നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഇന്ത്യയിൽ ഏജൻസി ഷോറൂമുകൾ ഉൾപ്പെടെ ഷോറൂം വില്പനശാലകൾ ആരംഭിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, നിലവിലുള്ള ഷോറൂമുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കയർ കേരള പോലുള്ള എക്സിബിഷനുകൾ സംഘടിപ്പിച്ചും പങ്കെടുത്തും ഒരു വീട്ടിൽ ഒരു കയർ ഉല്പന്നം പോലുള്ള പരസ്യങ്ങൾ നൽകിയും വൈവിദ്ധ്യവത്ക്കരണത്തിലൂടെ പുതിയ ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ചും ആഭ്യന്തര വിപണനം ശക്തമാക്കുന്നുണ്ട്. കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുവാൻ കയർഫെഡ് പുതിയ ഏജൻസി ഷോറൂമുകൾ തുറക്കുകയും എക്സിബിഷനുകളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെയും കയർ സഹകരണ

സംഘങ്ങളുടെയും ആഭ്യന്തര വിദേശ വിപണനം വർദ്ധിപ്പിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുവേണ്ടി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു Marketing Research Division ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കയർ കേരള പദ്ധതി പ്രകാരമുള്ള വിദേശ ഓർഡറുകൾ**

184 (1217) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ കേരള പദ്ധതിയിലൂടെ കഴിഞ്ഞ 4 വർഷങ്ങളിലായി കേരളത്തിന് എത്ര രൂപയുടെ വിദേശ ഓർഡറുകൾ ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) കയർ ഉല്പന്നങ്ങൾക്ക് കൂടുതൽ വിദേശ ഓർഡറുകൾ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കയർ കേരള പദ്ധതിയിലൂടെ കഴിഞ്ഞ 4 വർഷങ്ങളിലായി സ്റ്റേറ്റ് കയർ കോർപ്പറേഷന് 773.49 ലക്ഷം രൂപയുടെയും ഫോം മാറ്റിംഗ് (ഇന്ത്യ) ലിമിറ്റഡിന് 191.99 ലക്ഷം രൂപയുടെയും കയർഫെഡിന് 85.59 ലക്ഷം രൂപയുടെയും വിദേശ ഓർഡറുകൾ ലഭിച്ചു. സ്വകാര്യ സ്ഥാപനങ്ങൾക്ക് ലഭിച്ച വിദേശ ഓർഡറുകളുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(ബി) കയർ ഉല്പന്നങ്ങൾക്ക് കൂടുതൽ വിദേശ ഓർഡറുകൾ ലഭിക്കുന്നതിനായി കയർ മേഖലയിലെ നൂതന ഉല്പന്നങ്ങളും കയർ മെഷിനറികളും സാങ്കേതിക വിദ്യയും കയറ്റുമതിക്കാർക്കും ഉപഭോക്താവിനും പരിചയപ്പെടുത്തുന്നതിനായി നാഷണൽ/ ഇന്റർനാഷണൽ സെമിനാറുകൾ സംഘടിപ്പിച്ചുകൊണ്ടും കേരളത്തിലെ പ്രധാനപ്പെട്ട എക്സ്പോർട്ടർമാരുടെ വിവരങ്ങളും അവർ നിർമ്മിക്കുന്ന ഉല്പന്നങ്ങളും ഉൾപ്പെടുത്തി ഡയറക്ടറി പ്രസിദ്ധീകരിച്ച് പ്രധാന ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയുംവരുന്നു. കയറുല്പന്നങ്ങൾക്ക് കൂടുതൽ വിദേശ ഓർഡറുകൾ ലഭിക്കുന്നതിനായി വൈവിദ്ധ്യ വത്ക്കരണത്തിന് സർക്കാർ കൂടുതൽ പ്രാധാന്യം

നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് ശബ്ദനിയന്ത്രണത്തിനുള്ള വളരെ ഫലപ്രദമായതും ചെലവ് കുറഞ്ഞതുമായ ഒരു കയർ ഉല്പന്നം വികസിപ്പിച്ചിട്ടുണ്ട്.

കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിവിധ തരത്തിലുള്ള കയർ സഹകരണ സംഘങ്ങൾക്കും കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വ്യാപാരം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു മാർക്കറ്റിംഗ് റിസർച്ച് ഡിവിഷൻ വിഭാവനം ചെയ്തിട്ടുണ്ട്. കയർ ഉല്പന്നങ്ങളുടെ വിദേശ വിപണി സാധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ വിദേശത്ത് സംഘടിപ്പിക്കുന്ന ട്രേഡ് ഷോകളിലും ബയർ-സെല്ലർ മീറ്റുകളിലും പങ്കെടുത്ത് കയർ ഉല്പന്നങ്ങളുടെ സാധ്യതകളെ വിശദീകരിക്കുകയും ഓർഡറുകൾ ശേഖരിക്കുകയും ചെയ്യുന്നു. കൂടാതെ വിദേശ ഉപഭോക്താക്കളുടെ ഇന്ത്യയിലുള്ള ഏജന്റുമാരെ നേരിൽക്കണ്ട് ഉല്പന്നങ്ങളുടെ വിദേശ ഓർഡറുകൾ ശേഖരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ആധുനിക വിവര സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വിദേശ വിപണന സാധ്യതകളും പ്രയോജനപ്പെടുത്തുന്നുണ്ട്.

നൂതന മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഓൺലൈനിലൂടെയും വിദേശത്ത് കയർ ഉല്പന്നങ്ങൾ കയറ്റി അയയ്ക്കുന്ന സ്ഥാപനങ്ങളെ കണ്ടുപിടിച്ചും അവരുമായി ബന്ധപ്പെട്ട് വിദേശ ഓർഡറുകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡും കയർഫെഡും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**കയർ മേളകൾ**

185 (1218) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കയർ എക്സ്പോകൾ നടന്നിട്ടുണ്ട് , ഇതിന് ചെലവായ തുക എത്രയെന്ന് വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത മേളകൾ വഴി എത്ര തുകയ്ക്കുള്ള കയർ ഉല്പന്നങ്ങൾ വിപണനം ചെയ്യാൻ

കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 'കയർ കേരള' എന്ന പേരിൽ നാലും 'കേരള കയർ ഫെയർ' എന്ന പേരിൽ മൂന്നും ഉൾപ്പെടെ ആകെ ഏഴ് മേളകൾ നടത്തിയിട്ടുണ്ട്.

ഓരോ തവണയും മേളയുടെ നടത്തിപ്പിനായി ചെലവായ തുകയുടെ കണക്കുകൾ താഴെ ചേർക്കുന്നു :

1. കയർ കേരള 2012, ആലപ്പുഴ – 3,59,96,185 രൂപ
2. കയർ കേരള 2013, ആലപ്പുഴ – 4,76,36,949 രൂപ
3. കയർ കേരള 2014, ആലപ്പുഴ – 4,16,46,952 രൂപ
4. കയർ കേരള 2015, ആലപ്പുഴ – 4,09,35,080 രൂപ
5. കേരള കയർ ഫെയർ 2014 (കോഴിക്കോട്, കോന്നി) –1,07,44,525 രൂപ
6. കേരള കയർ ഫെയർ 2015 (കോന്നി). – ഓഡിറ്റ്പൂർത്തിയായിട്ടില്ല

(ബി) പ്രസ്തുത മേളകൾവഴി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ (KSCC) 782.64 ലക്ഷം രൂപയുടെയും ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് (FOMIL) 1480.76 ലക്ഷം രൂപയുടെയും കയർഫെഡ് 191.24 ലക്ഷം രൂപയുടെയും കയറുല്പന്നങ്ങൾ വിപണനം ചെയ്തിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള വിപണനത്തിന്റെ വിവരങ്ങൾ ലഭ്യമല്ല.

**കയർ മേഖലയിലെ പ്രതിസന്ധി**

186 (1219) <u>ഡോ. ടി. എം. തോമസ് ഐസക്</u> :
<u>ശ്രീ. ജി. സുധാകരൻ</u> :

ശ്രീ. കെ. ദാസൻ :

ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചകിരിയുടെ ദൗർലഭ്യം കയർ വ്യവസായത്തെയും തൊഴിലാളികളെയും പ്രതിസന്ധിയിലാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) കയർ മേഖലയിലുള്ള ആകെ തൊഴിലാളികളുടെ എണ്ണം എത്രയാണെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്; ഇതിൽ എത്ര ശതമാനം പേർക്ക് നിലവിൽ തൊഴിൽ ലഭിക്കുന്നുണ്ട് ; തൊഴിൽ ദിനങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന നാളികേരത്തിന്റെ തൊണ്ട് സംഭരിക്കുന്നതിന് എന്ത് സംവിധാനമാണ് ഉള്ളതെന്നും എത്ര ശതമാനം തൊണ്ടാണ് ശേഖരിക്കുന്നതെന്നും അറിയിക്കാമോ ;

(ഡി) തൊണ്ട് സംഭരണം ഊർജ്ജിതമാക്കി ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കയർ മേഖലയിലുള്ള തൊഴിൽ സ്തംഭനം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചകിരിയുടെ ദൗർലഭ്യവും അടിക്കടിയുള്ള വിലവർദ്ധനവും കയർ വ്യവസായ മേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പുതിയ പദ്ധതിക്ക് -'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' - സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞു. ഈ പദ്ധതി പ്രകാരം തൊണ്ട് സംഭരിച്ച് ചകിരി ഉല്പാദിപ്പിക്കുന്ന സ്ഥാപനത്തിൽ എത്തിക്കുന്നവർക്ക് പച്ചത്തൊണ്ടിന് 25 പൈസ നിരക്കിലും ഉണക്കത്തൊണ്ടിന് 15 പൈസ നിരക്കിലും ഇൻസെന്റീവ് നൽകുന്നതാണ്. കയർ മേഖലയിൽ സഹകരണ സംഘങ്ങൾക്ക് തൊണ്ട് സംഭരിക്കുമ്പോൾ (നേരിട്ട് സംഭരിക്കുന്നതിനും മറ്റ് ഏജൻസികൾ മുഖാന്തിരം സംഭരിക്കുന്നതിനും ഉൾപ്പെടെ) 5000 തൊണ്ടിന് 250 രൂപയും കൂട്ടതലായി സംഭരിക്കുന്ന ഓരോ 1000 തൊണ്ടിനും 50 രൂപ എന്ന കണക്കിലും വാഹന വാടക നൽകും. മിനി ഡീഫൈബറിംഗ്

മെഷീൻ ഉപയോഗിക്കുന്ന യൂണിറ്റുകൾക്ക് തൊഴിലാളികൾ തൊണ്ട് സംഭരിച്ച് നൽകുമ്പോൾ പ്രതിദിന വേതനമായി തൊണ്ട് ഒന്നിന് 40 പൈസ വച്ച് 400 പച്ചത്തൊണ്ടിന് 160 രൂപ സർക്കാർ വിഹിതവേതനമായി നൽകുന്നു. കൂടാതെ സംഭരിക്കുന്ന തൊണ്ട് ചകിരിയാക്കുന്ന സ്ഥാപനത്തിന് (കമ്മിറ്റി നിശ്ചയിച്ച വിലയ്ക്ക് ചകിരി വില്ക്കുന്നവർക്ക്) പച്ചത്തൊണ്ട് ഒന്നിന് 25 പൈസ (Rs. 3 per Kg.) സബ്സിഡിയും കയർ സഹകരണ സംഘങ്ങൾക്ക് തൊണ്ട് സംഭരണത്തിന് 2 ലക്ഷം രൂപ വരെ റിവോൾവിംഗ് ഫണ്ടും സർക്കാർ നൽകുന്നു. ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം ചകിരി ഉല്പാദിപ്പിക്കുന്ന തൊഴിലാളികൾക്ക് ചകിരി ഉല്പാദിപ്പിക്കുമ്പോൾ പച്ചത്തൊണ്ട് ഒന്നിന് 20 പൈസ വരെ ആനുകൂല്യംകൂടി ലഭിക്കുന്നു. നാളികേര വികസന ബോർഡുമായിട്ടുള്ള 90,90,000 രൂപയുടെ പ്രോജക്ടിനും സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞു. ഉണക്കത്തൊണ്ടും പച്ചത്തൊണ്ടും ചതച്ച് ചകിരിയാക്കാൻ കഴിയുന്ന പുതിയൊരു ഡീഫൈബറിംഗ് മെഷീൻ NCRMI വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് സർക്കാർ നിയന്ത്രണത്തിലുള്ള കയർ മെഷീനറി ഫാക്ടറിയിലൂടെ ഉല്പാദിപ്പിച്ച് കയർമേഖലയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കയർ മേഖലയിൽ 3.75 ലക്ഷത്തോളം തൊഴിലാളികൾ ഉള്ളതായി കണക്കാക്കപ്പെടുന്നു. ഇതിൽ സഹകരണ മേഖലയിൽ ഏകദേശം 90000 ത്തോളം പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. സഹകരണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെക്കാൾ കൂടുതൽപേർ സ്വകാര്യമേഖലയിൽ പണിയെടുക്കുന്നുണ്ട്. ഇവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. നിലവിൽ ശരാശരി 155 ദിവസം തൊഴിൽ നൽകാൻ സാധിക്കുന്നുണ്ട്.

(സി) തൊണ്ട് സംഭരണത്തിന് സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. തൊണ്ട് സംഭരണത്തിനായി 36 തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾ രൂപീകരിച്ചിരുന്നു. പ്രവർത്തന മൂലധനമായി ഓരോ കൺസോർഷ്യത്തിനും 5 ലക്ഷം രൂപ വീതം 180 ലക്ഷം രൂപ അനുവദിച്ചിരുന്നു. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന നാളികേരത്തിന്റെ തൊണ്ട് സംഭരിക്കുന്നതിനായി തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പാക്കിയിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി ഉദ്ദേശിച്ച രീതിയിൽ ഫലപ്രദമല്ലെന്ന് കണ്ടതിനാൽ 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതി നടപ്പാക്കുന്നതിന് 5-2-2015-ലെ 116/2015/വ്യവ. നമ്പർ ഉത്തരവുപ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എത്ര ശതമാനം

തൊണ്ട് ശേഖരിക്കുന്നതിനല്ല, മറിച്ച് ഉല്പാദിപ്പിക്കുന്ന നാളികേരത്തിന്റെ പരമാവധി തൊണ്ട് ശേഖരിച്ച് ചകിരിയാക്കുക എന്നതാണ് പുതിയ പദ്ധതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് 2010-ലും 2012-ലും തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കിയെങ്കിലും പ്രതീക്ഷിച്ച നേട്ടം ഈ മേഖലയിൽ കൈവരിക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. ഈ പോരായ്മ പരിഹരിക്കുന്നതിനും കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കയർ മേഖലയിലെ ചകിരി ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും അതുവഴി കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരതയും മികച്ച വരുമാനവും ഉറപ്പാക്കുക എന്നതുകൂടി ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നു.

**കയർ മേഖലയിലെ തൊഴിലാളികൾ**

187 (1220) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയിൽ എത്ര തൊഴിലാളികളുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് ;

(ബി) നിലവിൽ ഈ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണമെത്ര ; വ്യക്തമാക്കാമോ ;

(സി) കയർമേഖലയിൽ ഓരോ തൊഴിലാളിക്കും എത്ര തൊഴിൽ ദിനങ്ങൾ ലഭിക്കുന്നുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) കയർ മേഖലയിൽ 3.75 ലക്ഷത്തോളം തൊഴിലാളികൾ ഉള്ളതായി കണക്കാക്കപ്പെടുന്നു. ഇതിൽ സഹകരണ മേഖലയിൽ ഏകദേശം 90000 ത്തോളം പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. സഹകരണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെക്കാൾ കൂടുതൽ പേർ സ്വകാര്യ മേഖലകളിൽ

പണിയെടുക്കുന്നുണ്ട്. ഇവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

(സി) കയർ മേഖലയിൽ ഓരോ തൊഴിലാളിക്കും ശരാശരി 155 തൊഴിൽ ദിനങ്ങൾ ലഭിക്കുന്നുണ്ട്.

**കയർ വകുപ്പിലെ ഡയറക്ടർ നിയമനം**

188 (1221) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വകുപ്പിൽ നിലവിലെ സ്പെഷ്യൽ റൂളിനും, മാനദണ്ഡങ്ങൾക്കും വിരുദ്ധമായി മറ്റൊരു വകുപ്പിലെ ഉദ്യോഗസ്ഥന് ഡയറക്ടറായി നിയമനം നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നിലവിലെ കഴിവുള്ളവരും പ്രതിജ്ഞാബദ്ധരുമായ സീനിയർ ഉദ്യോഗസ്ഥർ ഉള്ളപ്പോൾ ഇത്തരത്തിൽ നിയമനം നൽകിയ സാഹചര്യം വിശദമാക്കാമോ ;

(സി) നിലവിൽ തെറ്റായി നൽകിയിട്ടുള്ള നിയമനം പുനഃപരിശോധിച്ച് വ്യവസായ വകുപ്പിലെ അഡീഷണൽ ഡയറക്ടറെ കയർ വകുപ്പിലെ ഡയറക്ടറായി നിയമിക്കുമോ?

ഉത്തരം

(എ-സി) കയർ വകുപ്പിലെ നിലവിലുള്ള സ്പെഷ്യൽ റൂൾ അനുസരിച്ച് കയർ വികസന ഡയറക്ടറെ നിയമിക്കുന്നത് സർക്കാരാണ്. 5-6-2015-ലെ സ.ഉ. (സാധാ.) 4203/15/പൊ.ഭ.വ. പ്രകാരം ഉന്നത വിദ്യാഭ്യാസ ഡയറക്ടറായ ശ്രീ. കെ. എൻ. സതീഷ്, ഐ.എ.എസ്.-ന് കയർ വികസന ഡയറക്ടറുടെ ചുമതല നൽകിയിട്ടുണ്ട്.

**കയർ മേഖലയിൽ സ്റ്റാർട്ട് അപ് ഇൻക്യൂബേറ്റർ**

189 (1222) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർ മേഖലയിൽ സ്റ്റാർട്ട്-അപ്പ് ഇൻക്യുബേറ്റർ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പുതിയ കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് യുവ സംരംഭകർക്ക് വേണ്ട സഹായം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) യുവസംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് ഇതുവഴി ലഭിക്കുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ) 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ, കയർ മേഖലയിൽ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉല്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നവേഷൻ ഫണ്ടും നൂതന ഉല്പന്നങ്ങൾ നിർമ്മിക്കുന്ന പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി ഒരു കയർ ഇൻകുബേഷൻ സെല്ലും രൂപീകരിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അത് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) കയർ മേഖലയിൽ പുതിയ ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉല്പന്നങ്ങളും വികസിപ്പിക്കുക, നൂതന സാങ്കേതിക വിദ്യകളും ആശയങ്ങളും പദ്ധതികളും ഉപയോഗിച്ച് നൂതന ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ബിസിനസ് സംരംഭങ്ങളെ സഹായിക്കുക തുടങ്ങിയവയാണ് പ്രധാന ലക്ഷ്യങ്ങൾ.

(സി) നൂതന ആശയങ്ങൾ, പുതിയ സാങ്കേതിക വിദ്യ, ഇന്നവേഷൻ, നൂതന കണ്ടുപിടിത്തങ്ങൾ എന്നിവ പങ്കുവയ്ക്കാൻ കഴിവുള്ള യുവസംരംഭകരെ കയർ മേഖലയിലേയ്ക്ക് ആകർഷിക്കുവാൻ ഈ പദ്ധതി സഹായകരമാകുമെന്ന് കരുതുന്നു.

(ഡി) നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി നൂതന ഉല്പന്നങ്ങൾ നിർമ്മിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഏജൻസികൾക്കും ഇതിന്റെ സഹായം ലഭിക്കുന്നു. കയർ മേഖലയിൽ ഗവേഷണ വികസന സ്ഥാപനമായ എൻ.സി.ആർ.എം.ഐ.-യുടെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

**കയർ ഗ്രാമം പദ്ധതി**

190 (1223) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13-ലെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള കയർഗ്രാമം പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഇതിനായി സ്വകാര്യ മേഖലയിൽനിന്നും പങ്കാളിത്തം ഉണ്ടായിട്ടുണ്ടോ

; പ്രസ്തുത പദ്ധതിക്കായി സർക്കാർ എന്തു തുക ചെലവഴിച്ചു ;

(സി) ഇതുമൂലം കയർ മേഖലയ്ക്ക് എന്തെങ്കിലും ഗുണം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി& സി) ഉത്തരം 'എ'യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**കയർ മേഖലയിലെ യന്ത്രവൽക്കരണം**

191 (1224) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയിൽ യന്ത്രവൽക്കരണം ദ്രുതഗതിയിൽ നടപ്പിലാക്കുമ്പോൾ ഈ മേഖലയിലെ പരമ്പരാഗത തൊഴിലാളികൾക്ക് എപ്രകാരമാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) യന്ത്രവൽക്കരണം കയർ മേഖലയിൽ നടപ്പിലാക്കുമ്പോൾ ഈ മേഖലയിലെ പരമ്പരാഗത തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) തൊണ്ട് ചകിരിയാക്കുന്ന മിനി ഡീഫൈബറിംഗ് മെഷീൻ, കയർ പിരിക്കുന്ന ഇലക്ട്രോണിക് റാട്ട്, ആധുനിക തരത്തിലുള്ള വിവിധയിനം കയർ പിരിക്കാവുന്ന ഉല്പാദനക്ഷമത കൂടുതലുള്ള ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ ഉൾപ്പെടെയുള്ള കയർ മെഷീനറി യന്ത്രങ്ങൾ നിർമ്മിച്ച് കയർ മേഖലയിൽ നിയന്ത്രിത യന്ത്രവത്ക്കരണം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുവഴി തൊഴിലാളികളുടെ അധ്വാനഭാരം ലഘൂകരിക്കാനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും തൊഴിലാളികൾക്ക് വരുമാന സ്ഥിരത ഉറപ്പാക്കാനും കഴിയുന്നതാണ്.

(ബി) നിയന്ത്രിത യന്ത്രവത്ക്കരണം നടപ്പാക്കിക്കൊണ്ടിരിക്കുന്നതിലൂടെ പരമ്പരാഗത തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുന്നു.

**ചകിരിച്ചോറിൽനിന്ന് വൈദ്യുതി**

192 (1225) <u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചകിരിച്ചോറിൽനിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുന്ന നിലയം സ്ഥാപിക്കു ന്നതിനുള്ള പദ്ധതിക്ക് കയർ ബോർഡ് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പദ്ധതി വഴി ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല. എന്നിരുന്നാലും ചകിരിച്ചോറ് അഗ്രോവെയ്സ്റ്റുമായി ചേർത്ത് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനെ സംബന്ധിച്ച് മുംബൈയിലെ ഒരു സ്ഥാപനവുമായി കയർ ബോർഡ് ചർച്ചകൾ നടത്തിയതായും ആവശ്യമായ സ്ഥലവും മുതൽമുടക്കും ഉണ്ടെങ്കിൽ ചകിരിച്ചോറും മേൽപ്പടി വസ്തുക്കളും ചേർത്തുപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കുമെന്ന് ടി സ്ഥാപനം അവകാശപ്പെട്ടിട്ടുള്ളതായും കയർ ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി&ഡി) കയർ ബോർഡിന്റെ പ്രവർത്തന പരിധിക്കകത്തുനിന്ന് ഇതിനായി നിലയം നിർമ്മിക്കാൻ വ്യവസ്ഥയില്ലെന്നും ചകിരിച്ചോർ മാത്രം ഉപയോഗിച്ചുള്ള വൈദ്യുതി ഉല്പാദനം ലാഭകരമല്ലായെന്നും ഇക്കാരണത്താൽ തുടർ നടപടികളൊന്നും എടുത്തിട്ടില്ലായെന്നും കയർ ബോർഡ് അറിയിച്ചിട്ടുണ്ട്.

**കയർത്തൊഴിലാളി സമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥകൾ**

193 (1226) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് കയർ തൊഴിലാളികൾ അടുത്ത കാലത്ത് സമരം നടത്തുകയുണ്ടായോ ; പ്രസ്തുത സമരത്തിന്റെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(ബി) സമരം ചെയ്ത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തിയിരുന്നോ ; തൊഴിലാളി സംഘടനകളെ പ്രതിനിധീകരിച്ച് ആരെല്ലാമാണ് ചർച്ചയിൽ പങ്കെടുത്തത് ;

(സി) ചർച്ചയുടെ അടിസ്ഥാനത്തിൽ സമരം ഒത്തുതീർപ്പാക്കുകയുണ്ടായോ ; എന്തെല്ലാമായിരുന്നു ഒത്തുതീർപ്പ് വ്യവസ്ഥകൾ ;

(ഡി) ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പാക്കുകയുണ്ടായോ വിശദാംശം നൽകാമോ ?

ഉത്തരം

(എ) കയർ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് കയർ തൊഴിലാളികൾ അടുത്തകാലത്ത് സമരം നടത്തുകയുണ്ടായിട്ടുണ്ട്. കയർ വ്യവസായം സംരക്ഷിക്കുക, തൊഴിലും കൂലിയും ഉറപ്പുവരുത്തുക, തൊഴിൽ അല്ലെങ്കിൽ ആശ്വാസ ധനം നൽകുക, കയർ സംഘങ്ങൾക്ക് കയർഫെഡ് നൽകാനുള്ള 3 കോടി രൂപ നൽകുക, 6 മാസമായി പെൻഷൻ കിട്ടുന്നില്ല, കുടിശ്ശിക ഉടൻ നൽകുക, പെൻഷൻ 1,000 രൂപയായി വർദ്ധിപ്പിക്കുക, തൊണ്ടും ചകിരിയും സംഭരിച്ചു നൽകാനുള്ള നടപടികൾ സ്വീകരിക്കുക, സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുക, നിലവിലുള്ള കടബാധ്യതകൾ എഴുതിത്തള്ളുക, ജപ്തി നടപടികൾ നിർത്തിവയ്ക്കുക, ഉല്പാദനക്ഷമതയുള്ള യന്ത്രവൽകൃത റാട്ടുകളും ലൂമുകളും തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കും നൽകുക, ക്രയവില സ്ഥിരതാ പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കുക എന്നിവയായിരുന്നു സമരത്തിന്റെ പ്രധാന ആവശ്യങ്ങൾ.

(ബി) സമരം ചെയ്ത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ബഹു. റവന്യൂകയറും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 4-4-2015-ന് സർക്കാർ ചർച്ച നടത്തിയിരുന്നു.

തൊഴിലാളി സംഘടനകളെ പ്രതിനിധീകരിച്ച് താഴെ പറയുന്നവർ ചർച്ചയിൽ പങ്കെടുത്തു :

1. ഡോ. ടി. എം. തോമസ് ഐസക്, എം.എൽ.എ., പ്രസിഡന്റ്, കേരള കയർ വർക്കേഴ്സ് സെന്റർ (സി.ഐ.റ്റി.യു)

2. ശ്രീ. പി. തിലോത്തമൻ, എം.എൽ.എ., പ്രസിഡന്റ്, കേരള

സ്റ്റേറ്റ് കയർ തൊഴിലാളി ഫെഡറേഷൻ (എ.ഐ.റ്റി.യു.സി.)

3. ശ്രീ. ആനത്തലവട്ടം ആനന്ദൻ, ജനറൽ സെക്രട്ടറി, കേരള കയർ വർക്കേഴ്സ് സെന്റർ (സി.ഐ.റ്റി.യു.)

4. ശ്രീ. എ. കെ. രാജൻ, ഐ.എൻ.റ്റി.യു.സി.

5. ശ്രീ. വി. സി. അലോഷ്യസ്, ഐ.എൻ.റ്റി.യു.സി.

6. ശ്രീ. കെ. കെ. ഗണേശൻ, കേരള കയർ വർക്കേഴ്സ് സെന്റർ , സി.ഐ.റ്റി.യു.

7. അഡ്വ. എൻ. സായികുമാർ, കേരള കയർ വർക്കേഴ്സ് സെന്റർ , സി.ഐ.റ്റി.യു.

8. ശ്രീ.പി.വി.സത്യനേശൻ, ജനറൽ സെക്രട്ടറി, കേരള സ്റ്റേറ്റ് കയർ തൊഴിലാളി ഫെഡറേഷൻ, എ.ഐ.റ്റി.യു.സി.

9. അഡ്വ. കെ. രത്നകുമാർ, ജനറൽ സെക്രട്ടറി, ആൾ കേരള കയർ തൊഴിലാളി ഫെഡറേഷൻ, യു.റ്റി.യു.സി.

10. ശ്രീ. പൂന്തുറ സജി, സെക്രട്ടറി, യു.റ്റി.യു.സി.

11. ശ്രീ. എസ്. എൻ. സജികുമാർ, സി.ഐ.റ്റി.യു.

12. ശ്രീ. ആർ. ദേവരാജൻ, ഐ.എൻ.റ്റി.യു.സി.

13. അഡ്വ. വി. മോഹൻദാസ്, കയർ യൂണിയൻ പ്രസിഡന്റ്, ജില്ലാ കമ്മിറ്റി ഓഫീസ്, എ.ഐ.യു.റ്റി.സി.

(സി) ചർച്ചയുടെ അടിസ്ഥാനത്തിൽ സമരം ഒത്തുതീർപ്പാക്കുകയുണ്ടായി. ഒത്തു തീർപ്പ് വ്യവസ്ഥകൾ താഴെ ചേർക്കുന്നു :

1. കയർ സംഭരിച്ചതിൽ സംഘങ്ങൾക്ക് കയർഫെഡ് നൽകാനുള്ള 6.3 കോടി രൂപ സർക്കാർ ഏപ്രിൽ 20 നകം നൽകും.

2. സംഘങ്ങളിൽ നിലവിൽ സ്റ്റോക്കുള്ള കയർ കയർഫെഡ് സംഭരിക്കും.

3. ഓരോ പ്രോജക്ടുപ്രദേശത്തേയും കയർ ഇനത്തിന്റെ റണ്ണേജ്, ഗ്രേഡ് സംബന്ധിച്ച് സംഘങ്ങൾക്ക് നിർദ്ദേശം

നൽകുന്നതിനായി കയർഫെഡ് പ്രോജക്ടുതലത്തിൽ യോഗം ചേരുന്നതാണ്. അതനുസരിച്ച് കയർപിരി സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയർ കയർഫെഡ് സംഭരിക്കുന്നതാണ്.

4. കയർ സംഭരിക്കുന്നതിനുള്ള വില നിശ്ചയിക്കുന്നതിനായുള്ള വിലനിർണ്ണയ കമ്മിറ്റി 3 മാസത്തിലൊരിക്കൽ കൂടുന്നതാണ്.

5. ക്രയ വിലസ്ഥിരതാ പദ്ധതിയുടെ കീഴിൽ ചെറുകിട ഉല്പാദക സംഘങ്ങൾക്കും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ആവശ്യമായ കയർ, കയർഫെഡ് കയർപിരി സംഘങ്ങളിൽനിന്നും സംഭരിച്ചു നൽകേണ്ടതാണ്.

6. കയർ മേഖലയിലെ ആശ്വാസ ധനസഹായം സംബന്ധിച്ച് ഡിമാന്റ് യൂണിയനുകൾ ഉന്നയിച്ചു. കയർ മേഖലയിൽ തൊഴിൽരഹിതരായവരെക്കുറിച്ച് പഠനം നടത്തുന്നതിനായി സർക്കാർ ഒരു കമ്മിറ്റി രൂപീകരിക്കുന്നതാണ്.

7. പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് അവയുടെ ഉല്പാദനം വർദ്ധിപ്പിക്കു ന്നതിനും കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനും പ്രവർത്തന മൂലധനം നൽകുന്നതിനെക്കുറിച്ച് കയർ വകുപ്പ് സെക്രട്ടറി ഒരു മാസത്തിനകം റിപ്പോർട്ട് നൽകും.

8. കടാശ്വാസ പദ്ധതിയിൻകീഴിൽ 6 മാസത്തെ മോറട്ടോറിയം നൽകണമെന്ന ആവശ്യം സർക്കാർ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

9. പിരിഞ്ഞുപോകുന്ന സഹകരണ സംഘം ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകണമെന്ന ആവശ്യം സർക്കാർ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

10. കയർ സഹകരണ സംഘങ്ങളിൽ ജീവനക്കാർക്ക്

പെൻഷൻ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് കയർ വകുപ്പ് സെക്രട്ടറി റിപ്പോർട്ട് നൽകും.

(ഡി) കയർഫെഡ് സംഘങ്ങൾക്ക് നൽകുവാനുണ്ടായിരുന്ന 6.5 കോടി രൂപ സർക്കാർ അനുവദിച്ചുനൽകി. കയർ തൊഴിലാളികൾക്ക് കടാശ്വാസ പദ്ധതിയിൻ കീഴിൽ 6 മാസത്തെ മൊറട്ടോറിയം പ്രഖ്യാപിച്ച് സർക്കാർ ഉത്തരവായി. മറ്റു വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**2014-15 വർഷത്തെ ബജറ്റിൽ കയർ വകുപ്പിൽ വിനിയോഗിച്ച തുക**

194 (1227) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005-06 മുതൽ ഓരോ വർഷവും ബജറ്റിൽ കയർ വകുപ്പിന് പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ ഉൾപ്പെടുത്തിയ തുകയും വിനിയോഗിച്ച തുകയും സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ ;

(ബി) 2014-15 വർഷം കയർ വകുപ്പിൽ നടപ്പാക്കാൻ നിർദ്ദേശിച്ച കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര-സംസ്ഥാന വിഹിതമായി നിർദ്ദശിച്ച തുകയെത്രയെന്നും ചെലവാക്കിയ തുകയെത്രയെന്നും വ്യക്തമാക്കുമോ ;

(സി) 2014-15 വർഷത്തെ ബജറ്റിൽ കയർ വകുപ്പ് വിനിയോഗിച്ച തുക എത്ര ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർക്കുന്നു*

(ബി) കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള 'വിപണി വികസന സഹായം' (Market Development Assistance – MDA)എന്ന പദ്ധതിയാണ്
2014-15 വർഷം കയർ വകുപ്പിൽ നടപ്പാക്കാൻ നിർദ്ദേശിച്ച കേന്ദ്രാവിഷ്കൃത പദ്ധതി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേന്ദ്ര വിഹിതമായി 5 കോടി രൂപയും സംസ്ഥാന വിഹിതമായി 5 കോടി രൂപയും ഉൾപ്പെടെ ആകെ 10 കോടി രൂപയാണ് കേന്ദ്ര-സംസ്ഥാന വിഹിതമായി നിർദ്ദേശിച്ചിരുന്നത്. പ്രസ്തുത തുക പൂർണ്ണമായും ചെലവാക്കി.

(സി) 2014-15 വർഷത്തെ ബജറ്റിൽ കയർ വകുപ്പ് 64,35,44,632 രൂപ വിനിയോഗിച്ചിട്ടുണ്ട്.

**സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങളുടെ വിതരണം**

195 (1228) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം  മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏതെല്ലാം നിത്യോപയോഗ സാധനങ്ങളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത് ; പ്രസ്തുത സാധനങ്ങളുടെ ഇപ്പോഴത്തെ വിലയെത്രയാണ് ; പ്രസ്തുത നിരക്ക് വർദ്ധിപ്പിക്കാൻ കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പുതിയ വില എപ്രകാരമാണ് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാവശ്യം സബ്സിഡി സാധനങ്ങളുടെ വില പുതുക്കി നിശ്ചയിച്ചിട്ടുണ്ട് ; ഓരോ പ്രാവശ്യത്തെയും പുതുക്കിയ വില വ്യക്തമാക്കുമോ ;

(സി) സബ്സിഡി നൽകിയ വകയിൽ എത്ര രൂപയാണ് സർക്കാർ കോർപ്പറേഷന് നൽകാനുള്ളത് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ഇനത്തിൽ എത്ര രൂപ കോർപ്പറേഷന് നൽകിയിട്ടുണ്ട് ; വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ 13 ഇനം നിത്യോപയോഗ സാധനങ്ങൾ താഴെപ്പറയുന്ന സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു :

| ക്രമ നമ്പർ | ഇനം | നിലവിലെ സബ്സിഡി വില (കി.ഗ്രാമിന്) |
|---|---|---|

| | | |
|---|---|---|
| 1 | ചെറുപയർ | 74.00 |
| 2 | ഉഴുന്ന് ബോൾ | 66.00 |
| 3 | വൻകടല | 43.00 |
| 4 | വൻപയർ | 45.00 |
| 5 | തുവരപ്പരിപ്പ് | 65.00 |
| 6 | മുളക് | 75.00 |
| 7 | മല്ലി | 100.00 |
| 8 | പഞ്ചസാര | 25.00 |
| 9 | പച്ചരി | 23.00 |
| 10 | കുറുവ അരി | 25.00 |
| 11 | മട്ട അരി | 25.00 |
| 12 | ജയ അരി | 25.00 |
| 13 | വെളിച്ചെണ്ണ (ലിറ്ററിന്) | 130.00 |

(ബി) അനുബന്ധമായിചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2014-15 സാമ്പത്തിക വർഷംവരെ സപ്ലൈകോയുടെ മാർക്കറ്റ് ഇടപെടൽ പദ്ധതിയിലൂടെ സബ്സിഡി സാധനങ്ങളുടെ വിതരണം, ബി.പി.എൽ. കിറ്റ് വിതരണം, റേഷൻ കടകളിലൂടെയുള്ള സ്പെഷ്യൽ പഞ്ചസാര വിതരണം എന്നീ വകയിൽ 596.12 കോടി രൂപ സപ്ലൈകോയ്ക്ക് നൽകാനുണ്ട്.

(ഡി)

| ക്രമ നമ്പർ | സാമ്പത്തിക വർഷം | അനുവദിച്ച തുക (കോടിയിൽ) |
|---|---|---|
| 1 | 2011-12 | 118.35 |
| 2 | 2012-13 | 135.00 |
| 3 | 2013-14 | 116.02 |
| 4 | 2014-15 | 70.00 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| ആകെ | 439.37 കോടി |

**നെല്ലുസംഭരണ പദ്ധതി**

196 (1229) ശ്രീ. പി. എ. മാധവൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. പാലോട് രവി :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നെല്ലുസംഭരണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കർഷകർക്ക് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എത്ര നെൽ കർഷകർക്കാണ് പ്രസ്തുത പദ്ധതിവഴി പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) എത്ര ലക്ഷം ടൺ നെല്ലാണ് പ്രസ്തുത പദ്ധതിവഴി സംഭരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഇ) സംഭരണ വില കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുവാൻ എന്തെല്ലാം സംവിധാനം ഒരുക്കിയിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 17-2-2012-ലെ G.O.(Ms) 31/2012/Agri. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2012-13 ഒന്നാം സീസൺ മുതൽ സപ്ലൈകോ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽനിന്നും നെല്ല് സംഭരിച്ചുവരുന്നു. 2014-15 ഒന്നും രണ്ടും സീസണിലായി 549641.930 മെ.ടൺ നെല്ല് സംഭരിച്ചു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) 2013-14 ഒന്നാം സീസൺ മുതൽ നെല്ല് സംഭരണ രജിസ്ട്രേഷൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഓൺലൈനായി നടപ്പിലാക്കിയിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യമുള്ള എവിടെനിന്നും കർഷകർക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

(സി) ഓരോ വർഷവും രണ്ട് സീസണിലായി ഏകദേശം ഒരു ലക്ഷത്തി എഴുപത്തി അയ്യായിരത്തിൽപ്പരം കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. നടപ്പ് (2014-15-IInd) സീസണിൽ 125698 കർഷകർ സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 2014-15 ഒന്നും രണ്ടും സീസണിലായി ഏകദേശം 5.5 LMT നെല്ല് സംഭരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുവരെ 549641.930 മെ.ടൺ നെല്ല് സംഭരിച്ചു.

(ഇ) നെല്ല് സംഭരിച്ചശേഷം കർഷകർക്ക് നെൽവില ലഭിക്കുന്നതിനായി കാനറാ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നീ പൊതുമേഖലാ ബാങ്കുകളും പാലക്കാട്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഉണ്ടാക്കി. അത് പ്രകാരം നെല്ലിന്റെ വില സപ്ലൈകോയുടെ നിർദ്ദേശപ്രകാരം കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് നൽകിവരുന്നു. (ഇപ്രകാരം നൽകുന്ന പണത്തിന് ബാങ്കുകൾക്കുള്ള പലിശ വഹിക്കുന്നത് സപ്ലൈകോയാണ്.) കൂടാതെ ബാങ്കുകളിൽനിന്നും ഓവർഡ്രാഫ്റ്റ് എടുത്തും കർഷകരുടെ നെൽവില നൽകിവരുന്നു.

**തൃപ്തി ന്യായവില ഭക്ഷണശാലകൾ**

197 (1230) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറഞ്ഞ ചെലവിൽ ഭക്ഷണം ലഭിക്കുന്നതിന് 'തൃപ്തി' ന്യായവില ഭക്ഷണശാലകൾ സ്ഥാപിക്കുമെന്ന 2013-14 ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഇത്തരം ഭക്ഷണശാലകൾക്ക് എന്തെല്ലാം ഇളവുകൾ നൽകുമെന്നായിരുന്നു ബജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത് ; ഇത് നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് എത്ര മാവേലി ന്യായവില ഭക്ഷണശാലകൾ ആരംഭിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ ; ഇതിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കു ന്നുണ്ടെന്ന വിവരം നൽകാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സാധാരണക്കാരായ ആളുകൾക്ക് പ്രത്യേകിച്ച് തൊഴിലാളി വിഭാഗങ്ങൾക്ക് കുറഞ്ഞ ചെലവിൽ ഭക്ഷണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യപ്രാപ്തിക്കുവേണ്ടി 20 രൂപ നിരക്കിൽ ഭക്ഷണം നൽകുക എന്നതായിരുന്നു ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. പദ്ധതിയുടെ നടത്തിപ്പ്, കുടുംബശ്രീ, ജനശ്രീ, ഗൃഹശ്രീ തുടങ്ങിയ മഹിളാ സംഘടനകളിൽകൂടി നടപ്പിലാക്കാനും ഹോട്ടലുകളിലെ കെട്ടിട വാടക, ഇലക്ട്രിസിറ്റി, വാട്ടർ ചാർജ് എന്നിവയ്ക്കായി പ്രതിവർഷം 5 ലക്ഷം രൂപവരെ സർക്കാർ ഗ്രാന്റായി നൽകാമെന്നും തീരുമാനിച്ചിരുന്നു. ഇതിനുപുറമേ പ്രതിവർഷം 50,000 രൂപ മാനേജീരിയൽ സബ്സിഡിയും വിവിധ സർക്കാർ ഏജൻസികൾവഴി ഭക്ഷ്യധാന്യങ്ങൾ, പലവ്യഞ്ജനം, പച്ചക്കറികൾ, മത്സ്യം തുടങ്ങിയവ ന്യായവിലയ്ക്കും സൗജന്യ നിരക്കിൽ ഗ്യാസ് കണക്ഷനും ലഭ്യമാക്കുന്നതാണ്.

(സി) 52 ന്യായവില ഭക്ഷണശാലകൾ ആരംഭിച്ചിരുന്നു. നിലവിൽ മാവേലി ന്യായവില ഭക്ഷണശാലകൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല.

**പഹൽ സ്കീം**

198 (1231) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൽ.പി.ജി. ഉപഭോക്താക്കളിൽ എത്ര ശതമാനംപേർ "പഹൽ " സ്കീമിൽ അംഗങ്ങളായുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അർഹതയുള്ള എല്ലാ ഉപഭോക്താക്കളെയും പ്രസ്തുത പദ്ധതിക്കു കീഴിൽ കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) എൽ.പി.ജി. സിലിണ്ടറുകൾ യഥാസമയം വിതരണം ചെയ്യുന്നതിൽ ഗ്യാസ് ഏജൻസികൾ കാണിക്കുന്ന അലംഭാവം തടയുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് ; വിവരം ലഭ്യമാക്കുമോ ;

(ഡി) അവശ്യ സർവ്വീസ് നിയമത്തിന്റെ പരിധിയിൽ വരുന്നുണ്ടെങ്കിലും പ്രസ്തുത നിയമത്തെ പാടേ അവഗണിച്ചുകൊണ്ട് ഈ മേഖലയിൽ ഉണ്ടാകുന്ന സമരങ്ങളും മറ്റുംമൂലം ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട് ; വിവരം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഉപഭോക്താക്കളിൽ 88.01% പേർ 'പഹൽ' സ്കീമിൽ അംഗങ്ങളായുണ്ടെന്ന് സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള പദ്ധതി പ്രകാരം ആധാർ ഇല്ലാത്ത ഉപഭോക്താക്കൾക്കും സബ്സിഡി ലഭിക്കാൻ അർഹതയുണ്ട്. അതിനുവേണ്ടി ഉപഭോക്താക്കൾ അവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഗ്യാസ് ഏജൻസികളിൽ നൽകുകയോ അല്ലെങ്കിൽ എൽ.പി.ജി. നമ്പർ ബാങ്കുകളിൽ നൽകുകയോ ചെയ്താൽ സബ്സിഡി ലഭിക്കുന്നതാണ് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(സി&ഡി) എൽ.പി.ജി.-യുടെ ട്രാൻസ്പോർട്ടേഷനും വിതരണവും ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനങ്ങളും കേരള എസൻഷ്യൽ സർവ്വീസസ് മെയിന്റനൻസ് ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എൽ.പി.ജി. ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനത്തിലുള്ള പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരം കാണുവാനും ആവശ്യാനുസൃതമായി സിലിണ്ടറുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കണമെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്ററോട് ആവശ്യപ്പെട്ടിട്ടുണ്ട്. പാചകവാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കു ന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങളും പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ സഹിതം വിശദമായ ശിപാർശ സമർപ്പിക്കാൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**ബി.പി.എൽ. റേഷൻ കാർഡുടമകളുടെ വിവരങ്ങൾ**

199 (1232) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മാസത്തിൽ കേരളത്തിൽ എത്ര ബി.പി.എൽ. റേഷൻ കാർഡുടമകൾ ഉണ്ടായിരുന്നു ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ബി.പി.എൽ. റേഷൻ കാർഡിന് അർഹത ഉണ്ടായിട്ടും ആയത് നിഷേധിക്കപ്പെട്ടവരുടെ വിവരം ശേഖരിച്ചിട്ടുണ്ടോ ; ജില്ലതിരിച്ചുള്ള കണക്കുകൾ

ലഭ്യമാക്കുമോ ;

(സി) അങ്ങനെയുള്ളവർക്ക് റേഷൻ കാർഡ് ലഭ്യമാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ഇപ്പോൾ കേരളത്തിൽ എത്ര ബി.പി.എൽ. റേഷൻകാർഡുടമകൾ ഉണ്ട് ; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 2011 മേയ് മാസത്തിൽ 14,60,519 ബി.പി.എൽ. കാർഡുകളും 5,94,897 എ.എ.വൈ. കാർഡുകളുമുൾപ്പടെ 20,55,416 കാർഡുകൾ നിലവിലുണ്ടായിരുന്നു.

| | കാർഡുകളുടെ എണ്ണം | | |
|---|---|---|---|
| | BPL | AAY | ആകെ |
| തിരുവനന്തപുരം | 1,62,942 | 65,540 | 2,28,482 |
| കൊല്ലം | 1,55,483 | 52,114 | 2,07,597 |
| പത്തനംതിട്ട | 58,800 | 26,764 | 85,564 |
| ആലപ്പുഴ | 1,34,376 | 43,336 | 1,77,712 |
| കോട്ടയം | 99,004 | 35,426 | 1,34,430 |
| ഇടുക്കി | 60,632 | 31,756 | 92,388 |
| എറണാകുളം | 1,02,758 | 39,560 | 1,42,318 |
| തൃശ്ശൂർ | 1,58,438 | 57,178 | 2,15,616 |
| പാലക്കാട് | 94,261 | 47,534 | 1,41,795 |
| മലപ്പുറം | 1,43,785 | 54,928 | 1,98,713 |
| കോഴിക്കോട് | 1,28,173 | 42,616 | 1,70,789 |
| വയനാട് | 23,398 | 40,877 | 64,275 |
| കണ്ണൂർ | 90,778 | 36,275 | 1,27,053 |
| കാസർഗോഡ് | 47,691 | 20,993 | 68,684 |
| ആകെ | 14,60,519 | 5,94,897 | 20,55,416 |

(ബി) ഇല്ല.

(സി) കേന്ദ്ര സർക്കാർ അനുവദിക്കുന്ന ബി.പി.എൽ. റേഷൻ ധാന്യവിഹിതം പരിമിതമായതിനാലാണ് നിലവിലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ കുടുംബങ്ങൾക്കും ബി.പി.എൽ. റേഷൻ കാർഡ് നൽകാൻ കഴിയാത്തത്.

(ഡി) നിലവിൽ 2015 മേയ് മാസം 14,79,310 ബി.പി.എൽ. കാർഡുകളും 5,84,631 എ.എ.വൈ. കാർഡുകളുമുൾപ്പടെ 20,63,941 കാർഡുകൾ നിലവിലുണ്ട്.

| | കാർഡുകളുടെ എണ്ണം | | |
|---|---|---|---|
| | BPL | AAY | ആകെ |
| തിരുവനന്തപുരം | 1,64,479 | 64,108 | 2,28,587 |
| കൊല്ലം | 1,55,138 | 51,313 | 2,06,451 |
| പത്തനംതിട്ട | 56,679 | 26,247 | 82,926 |
| ആലപ്പുഴ | 1,32,084 | 42,644 | 1,74,728 |
| കോട്ടയം | 94,743 | 34,175 | 1,28,918 |
| ഇടുക്കി | 61,194 | 32,019 | 93,213 |
| എറണാകുളം | 99,758 | 38,341 | 1,38,099 |
| തൃശ്ശൂർ | 1,72,269 | 56,801 | 2,29,070 |
| പാലക്കാട് | 99,638 | 47,517 | 1,47,155 |
| മലപ്പുറം | 1,41,162 | 53,262 | 1,94,424 |
| കോഴിക്കോട് | 1,30,560 | 41,254 | 1,71,814 |
| വയനാട് | 33,260 | 40,834 | 74,094 |
| കണ്ണൂർ | 89,385 | 35,547 | 1,24,932 |
| കാസർഗോഡ് | 48,961 | 20,569 | 69,530 |
| ആകെ | 14,79,310 | 5,84,631 | 20,63,941 |

**ഒരു കിലോ അരി പദ്ധതി**

200 (1233) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് രണ്ടുരൂപയ്ക്ക് ഒരു കിലോ അരി പദ്ധതി നടപ്പിലാക്കിവന്നത് ഏത് തീയതി മുതലായിരുന്നു ; ആ പദ്ധതിയുടെ ഗുണഫലം എത്ര കുടുംബങ്ങൾക്ക് ലഭ്യമായിട്ടുണ്ടായിരുന്നു ;

(ബി) ഒരുരൂപയ്ക്ക് ഒരുകിലോ അരി നൽകിയ പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയത് ഏത് തീയതി മുതലായിരുന്നു ; ഈ പദ്ധതിയുടെ ഗുണഫലം എത്ര കുടുംബങ്ങൾക്ക് ലഭ്യമാകുന്നുണ്ട് ;

(സി) ഒരുരൂപയ്ക്ക് അരി പദ്ധതിക്കുവേണ്ടി അത് നടപ്പിലാക്കിയ തീയതിമുതൽ ഇതുവരെ ഓരോ വർഷവും ഖജനാവിൽ നിന്ന് ചെലവഴിച്ച തുക എത്ര വീതമാണ് ;

(ഡി) ഒരുമാസം അർഹതപ്പെട്ട എല്ലാ കുടുംബങ്ങൾക്കും ഒരു രൂപയ്ക്ക് അരി നൽകുന്നതിനുവേണ്ടി ചെലവഴിക്കേണ്ടിവന്ന തുക എത്രയാണ് ;

(ഇ) ഈ പദ്ധതിപ്രകാരം സർക്കാർ കൊടുത്തുതീർക്കാനുള്ള കുടിശ്ശിക എത്രയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) രണ്ട് രൂപയ്ക്ക് ഒരു കിലോ അരി പദ്ധതി 22-5-2009-ാം തീയതിയിലാണ് നടപ്പിൽ വന്നത്. ആ സമയത്ത് 23.28 ലക്ഷം കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചുവന്നിരുന്നു. ഇതിൽ 14.65 ലക്ഷം ബി.പി.എൽ. കുടുംബങ്ങളും 5.80 ലക്ഷം എ.എ.വൈ. കുടുംബങ്ങളും എ.പി.എൽ. വിഭാഗത്തിൽപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി, ആശ്രയ കുടുംബങ്ങളിൽപ്പെട്ട 2.83 ലക്ഷം കുടുംബങ്ങളും ഉൾപ്പെട്ടിരുന്നു.

(ബി) ഒരുരൂപയ്ക്ക് ഒരുകിലോ അരി പദ്ധതി 1-9-2011- ാം തീയതിയിലാണ് നടപ്പിൽ വന്നത്. 20.63 ലക്ഷം കുടുംബങ്ങൾക്ക് ഒരുരൂപയ്ക്ക് ഒരു കിലോ അരി പദ്ധതിയുടെ ആനുകൂല്യം ലഭിച്ചുവരുന്നു.

(സി) 2011-12 വർഷം : 164,04,65,200 രൂപ

2012-13 വർഷം : 215,82,38,400 രൂപ

2013-14 വർഷം : 242,30,22,400 രൂപ

2014-15 വർഷം : 274,24,22,000 രൂപ

2015-16 വർഷം : (മേയ് 2015 വരെ) : 43,33,59,200 രൂപ വീതം ഒരു രൂപയ്ക്ക് ഒരുകിലോ അരി പദ്ധതിക്ക് ചെലവായിട്ടുണ്ട്.

(ഡി) ഒരുരൂപയ്ക്ക് ഒരു കിലോ അരി പദ്ധതിക്ക് ഒരു മാസം 21,66,79,600 രൂപ ഇപ്പോൾ ചെലവാകുന്നുണ്ട്.

(ഇ) നിലവിൽ കുടിശ്ശികയില്ല.

**അരി വിതരണത്തിലെ അഴിമതി**

201 (1234) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽസപ്ലൈസ് വകുപ്പിന്റെ അരി വിതരണത്തിൽ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്വേഷണം നടക്കുകയുണ്ടായോ അന്വേഷണത്തിൽ കണ്ടെത്തിയ വിവരം ലഭ്യമാക്കാമോ ;

(സി) ആരൊക്കെയാണ് ഈ അഴിമതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ഡി) ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2012 വർഷത്തിൽ മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ ഓഡിറ്റ് വിഭാഗം അന്വേഷണം നടത്തുകയുണ്ടായി. ആവശ്യകതയിൽ കൂടുതൽ സാധനങ്ങൾ ക്രമവിരുദ്ധമായി നൽകി സർക്കാരിന് നഷ്ടം വരുത്തിയതായി കണ്ടെത്തി.

(സി) 1. കെ.കെ. ബിജു ക്ലാർക്ക്

| | | |
|---|---|---|
| 2. | സുജാത പി. | റേഷനിംഗ് ഇൻസ്പെക്ടർ |
| 3. | മുഹമ്മദ് കുട്ടി പി. | റേഷനിംഗ് ഇൻസ്പെക്ടർ |
| 4. | രാജശ്രീ പി. | റേഷനിംഗ് ഇൻസ്പെക്ടർ |
| 5. | ജോർജ്ജ് കെ.സാമുവൽ | റേഷനിംഗ് ഇൻസ്പെക്ടർ |
| 6. | ബഷീർ ടി. | റേഷനിംഗ് ഇൻസ്പെക്ടർ |
| 7. | പ്രമോദ് പി. | റേഷനിംഗ് ഇൻസ്പെക്ടർ |
| 8. | രാധാകൃഷ്ണൻ ബി. | റേഷനിംഗ് ഇൻസ്പെക്ടർ |
| 9. | പ്രസന്നകുമാർ എ. | റേഷനിംഗ് ഇൻസ്പെക്ടർ |
| 10. | പി.കെ. സൈനുദ്ദീൻകുട്ടി | റേഷനിംഗ് ഇൻസ്പെക്ടർ (റിട്ടയേർഡ്) |
| 11. | അലവിക്കുട്ടി | അസ്സിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ (റിട്ടയേർഡ്) |
| 12. | ബാബു സി.എൻ. | താലൂക്ക് സപ്ലൈ ഓഫീസർ (റിട്ടയേർഡ്) |

മേൽപ്പറഞ്ഞ ജീവനക്കാരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിരുന്നു.

(ഡി) മേൽ ക്രമനമ്പർ (1) ജീവനക്കാരൻ കെ.കെ. ബിജുവിനെതിരെ ഓഫീസ് മുദ്ര ദുർവിനിയോഗം ചെയ്തതിനും ഓഫീസ് രേഖകളിൽ മേലധികാരികളുടെ അറിവോ സമ്മതമോ ഇല്ലാതെ സ്വയം സാക്ഷ്യപ്പെടുത്തി റേഷൻ സാധനങ്ങൾ വിതരണം ചെയ്തു എന്ന ക്രിമിനൽ കുറ്റത്തിന് തിരൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1386/14/U/S409, 201 IPC ആയി കേസ് രജിസ്റ്റർ ചെയ്തു. ജീവനക്കാരുടെ കർത്തവ്യനിർവ്വഹണത്തിലുണ്ടായ വീഴ്ചയ്ക്ക് അനുസൃതമായി നഷ്ടമായ തുകയുടെ 10 ശതമാനംവീതം കണക്കാക്കി മേൽ ക്രമനമ്പർ (2) മുതൽ (8) വരെയുള്ള ജീവനക്കാരിൽനിന്ന് ഈടാക്കുകയും സസ്പെൻഷൻ കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിച്ച് കുറ്റവിമുക്തരാക്കി സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയും ചെയ്തു. മേൽ ക്രമനമ്പർ 9, 10, 11 ആയ ജീവനക്കാരെ കുറ്റക്കാരല്ലെന്നുകണ്ട് താക്കീത് ചെയ്ത് സിവിൽ സപ്ലൈസ് ഡയറക്ടർ സേവനത്തിൽ തിരികെ എടുത്തു. മേൽ

ക്രമനമ്പർ 12 ശ്രീ. ബാബു സി.എൻ.(റിട്ട.) താലൂക്ക് സപ്ലൈ ഓഫീസർക്ക് സർക്കാർ നഷ്ടത്തിന്റെ 10 ശതമാനം 2 ലക്ഷത്തിൽ കൂടുതലാണെങ്കിൽ 2 ലക്ഷം രൂപ അടവാക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

**പുതിയ റേഷൻ കാർഡ്**

202 (1235) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡിന് അപേക്ഷ സ്വീകരിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്നുമുതൽ അപേക്ഷ സ്വീകരിച്ചു തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) പുതിയ റേഷൻകാർഡ് ലഭിക്കുവാൻ സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ ;

(ഡി) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല. നിലവിലെ റേഷൻകാർഡ് പുതുക്കുന്നതിനുള്ള നടപടികൾ തീരുന്ന മുറയ്ക്ക് പുതിയ കാർഡിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതാണ്.

(സി&ഡി) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതോടെ പുതിയ കാർഡുകൾ നൽകുന്നതിനുള്ള നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റംവരും. ഇതിനുള്ള നടപടിക്രമം സ്വീകരിച്ചുവരുന്നു.

**എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ**

203 (1237) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആരുടെയെല്ലാം സഹായമാണ് ഇതിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിമൂലം പൊതുവിപണിയിലെ വിലവർദ്ധന എത്രമാത്രം നിയന്ത്രിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(സി) ഇതിനായി സപ്ലൈകോയുടെ വിൽപ്പനശാലകളില്ലാത്ത ഗ്രാമപഞ്ചായത്തു കളിലേയ്ക്ക്, പഞ്ചായത്ത് ഒരുക്കിതരേണ്ട അഞ്ചു വർഷത്തേയ്ക്ക് വാടകരഹിതമായി കുറഞ്ഞത് 500 ച. അടി വിസ്തീർണ്ണത്തിലുള്ള വാർക്കകെട്ടിടം, കമ്പ്യൂട്ടർ, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്കായി ഒരു ലക്ഷം രൂപ, എന്നിവയെ സംബന്ധിച്ചുള്ള വ്യക്തമായ പ്രൊപ്പോസൽ ആവശ്യപ്പെട്ടുകൊണ്ട് സപ്ലൈകോയിൽനിന്നും കത്ത് നൽകുകയുണ്ടായി. സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുവാൻ സാമ്പത്തികമായി ബുദ്ധിമുട്ടുണ്ടെന്നും ആയതിനാൽ ഇക്കാര്യത്തിൽ ഇളവ് അനുവദിക്കണമെന്നും രേഖാമൂലം ആവശ്യപ്പെട്ട അഞ്ചുതെങ്ങ്, മല്ലപ്പുഴശ്ശേരി, പൊൻമല, തിരുമിറ്റക്കോട് എന്നീ പഞ്ചായത്തുകൾക്ക് ഇക്കാര്യത്തിൽ ഇളവ് അനുവദിക്കുകയും ചെയ്തു.

(ഡി) സപ്ലൈകോ വിൽപ്പനശാലകൾവഴി എല്ലാ ജനങ്ങൾക്കും 13 ഇനം അവശ്യസാധനങ്ങൾ പൊതുവിപണി വിലയേക്കാൾ 20% മുതൽ 35% വരെ കുറച്ച് സബ്സിഡി നിരക്കിൽ ലഭ്യമാക്കി വരുന്നതിനോടൊപ്പംതന്നെ മറ്റെല്ലാ നിത്യോപയോഗ/FMCG സാധനങ്ങളും MRP -യിൽനിന്ന് ശരാശരി 5%മുതൽ 30% വരെ വിലക്കുറച്ച് വിതരണം ചെയ്തുവരുന്നുണ്ട്. ഇപ്രകാരം വിതരണം ചെയ്യുന്നതുവഴി പൊതുവിപണിയിലെ വിലവർദ്ധന ഫലപ്രദമായ രീതിയിൽ നിയന്ത്രിക്കുവാൻ സപ്ലൈകോയ്ക്ക് സാധിക്കുന്നുണ്ട്.

**നെല്ല് സംഭരണ കുടിശ്ശിക**

204 (1238) ശ്രീമതി ഗീതാഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ തൃശ്ശൂർ ജില്ലയിലെ കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ താങ്ങുവിലയിലുള്ള കുടിശ്ശിക എത്രയുണ്ടെന്ന് അറിയിക്കുമോ ;

(ബി) താങ്ങുവില കുടിശ്ശിക നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ;

(സി) കുടിശ്ശിക പൂർണ്ണമായും എപ്പോൾ വിതരണം ചെയ്യുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 24-6-2015-ാം തീയതിയിലെ കണക്ക് പ്രകാരം തൃശ്ശൂർ ജില്ലയിലെ കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ താങ്ങുവിലയിലുള്ള കുടിശ്ശിക 33.82 കോടി രൂപയാണ്.

(ബി&സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ചുവരുന്നു.

## നെല്ല് സംഭരണം

205 (1239) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രണ്ടാം വിളയിൽ എത്ര ടൺ നെല്ലാണ് സംഭരിച്ചിട്ടുള്ളത്;

(ബി) സംഭരിച്ച നെല്ലിന്റെ വില കർഷകർക്കു നൽകിക്കഴിഞ്ഞോ ; എത്ര തുകയാണ് ഇതുവരെ നൽകിയതെന്നും ഇനി എത്ര നൽകാനുണ്ടെന്നും വിശദമാക്കുമോ;

(സി) പാലക്കാട് ജില്ലയിൽ എത്ര തുകയാണ് കർഷകർക്ക് നൽകുവാൻ ബാക്കിയുള്ളത് ; ആയത് എന്ന് കൊടുത്തു തീർക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2014-15 രണ്ടാംവിളയിൽ 406328 ടൺ നെല്ലാണ് സംഭരിച്ചിട്ടുള്ളത്.

(ബി) 2014-15 രണ്ടാംവിളയിൽ 24-6-2015 വരെ കർഷകർക്ക് നൽകിയത് 591.61 കോടി രൂപയാണ്. ഇനി നൽകുവാനുള്ളത് 181.09 കോടി രൂപയാണ്.

(സി) 2014-15 രണ്ടാംവിള സീസണിൽ പാലക്കാട് ജില്ലയിൽ 24-6-2015-ലെ കണക്ക് പ്രകാരം കർഷകർക്ക് നൽകുവാൻ ബാക്കിയുള്ളത് 31 ലക്ഷം രൂപയാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കർഷകർക്ക് നെല്ല് സംഭരിച്ച ഇനത്തിലുള്ള കുടിശ്ശിക തീർക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## നെല്ല് സംഭരണം

206 (1240) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ല് സംഭരണത്തിലെ പ്രതിസന്ധി ശ്രദ്ധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സിവിൽസപ്ലൈസ് കോർപ്പറേഷൻ വഴി നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് എത്രതുക കൊടുത്തു തീർക്കാനുണ്ട് ; വിശദമാക്കുമോ ;

(സി) എങ്കിൽ പ്രസ്തുത തുക കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നെല്ല് സംഭരണത്തിൽ പ്രതിസന്ധി ഒന്നും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 24-6-2015-ാം തീയതിയിലെ കണക്കുപ്രകാരം 2014-15 രണ്ടാംവിള സീസണിൽ ഇനി 181.09 കോടി രൂപ കർഷകർക്ക് നൽകുവാനുണ്ട്.

(സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കർഷകർക്ക് കുടിശ്ശിക തീർക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## റേഷൻ വിഹിതം വെട്ടിക്കുറച്ചതും പൊതുവിപണിയിലെ അരിവിലയും

207 (1241) ശ്രീ. രാജു എബ്രഹാം :
ശ്രീമതി കെ. കെ. ലതിക :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ ; ഏതെല്ലാം ഇനങ്ങളിൽ എത്രവീതമാണ് കുറവ് വരുത്തിയിട്ടുള്ളത് ;

(ബി) ഇത്തരം ഒരു തീരുമാനം ഉണ്ടാകാൻ ഇടയാക്കിയ സാഹചര്യമെന്താണ് ;

(സി) അനുവദിച്ച റേഷൻ വിഹിതം സംസ്ഥാനം കൃത്യമായി വിനിയോഗിക്കാത്തതും, അതിന് കണക്ക് നൽകാത്തതും റേഷൻ വിഹിതം കുറയ്ക്കാൻ ഇടയാക്കിയിരുന്നോ ;

(ഡി) സപ്ലൈകോയിലൂടെ വിതരണം ചെയ്യുന്ന അരിയുടെ വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ റേഷൻവിഹിതം വെട്ടിക്കുറച്ചത് പൊതുവിപണിയിൽ അരിവില ക്രമാതീതമായി വർദ്ധിക്കാൻ ഇടയാക്കും എന്നകാര്യം വിലയിരുത്തിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) സംസ്ഥാനത്തിന് നോർമൽ വിഹിതമായി അനുവദിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ പൂർണ്ണമായി വിട്ടെടുക്കാറുണ്ട്.

(ഡി) സപ്ലൈകോയുടെ വാങ്ങൽ വില, കടത്തുകൂലി, കയറ്റിറക്കുകൂലി, ഭരണ ചെലവുകൾ എന്നിവ മാസംതോറും കൂടിക്കൊണ്ടിരിക്കുകയും വിൽപനവില കൂട്ടാതിരിക്കുകയും ചെയ്യുതുമൂലം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുകൊണ്ട് സപ്ലൈകോയ്ക്ക് ഉണ്ടാകുന്ന നഷ്ടം വളരെയധികം വർദ്ധിക്കുകയും അത് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്യുതുകൊണ്ടാണ് അരി ഉൾപ്പടെയുള്ള സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില പുനർനിർണ്ണയിച്ചത്. പൊതു വിപണിയിലെ അവശ്യസാധനങ്ങളുടെ വില വർദ്ധനവ് സപ്ലൈകോയുടെ വാങ്ങൽ വിലയിലും പ്രിതഫലിക്കുന്നു. വളരെ വർദ്ധിച്ച വിലയ്ക്ക് അവശ്യസാധനങ്ങൾ വാങ്ങി കുറഞ്ഞനിരക്കിൽ വിൽപ്പന നടത്തുന്നതിനാൽ സപ്ലൈകോയ്ക്കുണ്ടാകുന്ന നഷ്ടം വൻതോതിൽ കൂടുകയും ചെയ്യുന്നുണ്ട്.

ഇങ്ങനെ വൻ വിലക്കുറവിൽ സാധനങ്ങൾ വിൽക്കുന്നതുകൊണ്ട്

സംഭവിക്കുന്ന നഷ്ടംമൂലം ഈ ഉൽപ്പന്നങ്ങൾ കൂടുതൽ അളവിൽ സംഭരിക്കുവാൻ സപ്ലൈകോയുടെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല. ഇങ്ങനെ വൻ വിലക്കുറവിൽ കുറഞ്ഞ അളവിൽ സാധനങ്ങൾ വിൽക്കുന്നതിന് പകരം അവശ്യസാധനങ്ങളുടെ വിൽപ്പനവില പുനർനിർണ്ണയം ചെയ്ത് സാധനങ്ങൾ അവശ്യാനുസരണം ലഭ്യമാക്കി കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വിപണിയിടപെടൽ കൂടുതൽ ഫലപ്രദമാക്കുന്ന ശാസ്ത്രീയമായ പൊതു വിപണിയിടപെടൽ തന്ത്രമാണ് സപ്ലൈകോ ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

അരി ഉൾപ്പടെയുള്ള അവശ്യസാധനങ്ങൾ കമ്പോളത്തിൽ തടസ്സമില്ലാതെ ലഭ്യമാക്കാൻ സപ്ലൈകോയ്ക്ക് സാധിച്ചിട്ടുണ്ട്. ഇത് പൊതുവിപണിയിലെ വിലവർദ്ധനവ് പിടിച്ചുനിർത്താൻ വളരെയധികം സഹായിച്ചിട്ടുണ്ട്.

**റേഷൻ കാർഡ് വിതരണം**

208 (1242) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ റേഷൻകാർഡ് എപ്പോഴാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കേരളത്തിൽ ഇപ്പോൾ എത്ര എ.പി.എൽ., ബി.പി.എൽ. കുടുംബങ്ങൾ ഉണ്ട് ; പുതിയ റേഷൻകാർഡ് വിതരണം ചെയ്യുന്നതോടെ ഈ കണക്കുകളിൽ ഉണ്ടാകാൻ പോകുന്ന മാറ്റം എന്താണ് ; വിശദമാക്കുമോ ;

(സി) കാസർഗോഡ് ജില്ലയിൽ നിലവിലുള്ള റേഷൻ കാർഡുകളിൽ ആദ്യം കന്നഡയും രണ്ടാമത് മലയാളവുമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നതിനാൽ പുതിയ റേഷൻ കാർഡിൽ മലയാളത്തിന് പ്രഥമസ്ഥാനം നൽകാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ 1-9-2015-ന് പുതിയ കാർഡുകൾ വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കേരളത്തിൽ നിലവിൽ 62,57,813 എ.പി.എൽ. വിഭാഗത്തിലുള്ള കുടുംബങ്ങൾക്കും 20,63,941 ബി.പി.എൽ/എ.എ.വൈ. വിഭാഗത്തിലുള്ള കുടുംബങ്ങൾക്കും റേഷൻ കാർഡ് നൽകിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ നിയമമനുസരിച്ച്

പുതിയ കാർഡുകൾ നിലവിൽ വരുമ്പോൾ ഏകദേശം 31,60,000 മുൻഗണനാ കുടുംബങ്ങളും 51,61,754 കുടുംബങ്ങൾ ജനറൽ വിഭാഗത്തിൽപ്പെടുന്നതുമായി വരുന്നു.

(സി) സ്വീകരിക്കുന്നതാണ്.

**റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള നടപടികൾ**

209 (1243) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പുതിയ റേഷൻകാർഡുകൾ എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാർഡുടമകളിൽനിന്നും ശേഖരിച്ച വിവരങ്ങൾ അടങ്ങിയ അപേക്ഷാഫാറം, ഡാറ്റാ എൻട്രി നടത്തുന്ന ഘട്ടത്തിലാണ്.

(ബി) മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ 1-9-2015-ന് പുതിയ കാർഡുകൾ വിതരണം ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**റേഷൻ കാർഡുകളുടെ വിതരണം**

210 (1244) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ റേഷൻ കാർഡുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഇല്ല. കാർഡുടമകളിൽനിന്നും ശേഖരിച്ച വിവരങ്ങളുടെ ഡാറ്റാ എൻട്രി ഘട്ടമാണ് നിലവിൽ നടന്നുവരുന്നത്.

(ബി) മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ 1-9-2015-ന് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**റേഷൻ കാർഡുകളുടെ പുതുക്കൽ നടപടി**

211 (1245) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡുകൾ പുതുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പുതിയ റേഷൻ കാർഡുകൾ എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) കാർഡുടമകളിൽനിന്നും ശേഖരിച്ച വിവരങ്ങളുടെ ഡാറ്റാ എൻട്രി ഘട്ടമാണ് നിലവിൽ നടന്നുവരുന്നത്.

(ബി) മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ 1-9-2015-ന് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**സിവിൽ സപ്ലൈസ് കോർപ്പറേഷൻ അരി മില്ലുകൾ സ്ഥാപിക്കൽ**

212 (1246) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ല് അരിയാക്കി വിപണനം ചെയ്യുന്നതിന് വയനാട്, പാലക്കാട്, കുട്ടനാട് എന്നിവിടങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അരിമില്ലുകൾ സ്ഥാപിക്കുമെന്ന 2013-14-ലെ ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഇതിനുവേണ്ടി ബജറ്റിൽ വകയിരുത്തിയ തുകയെത്രയായിരുന്നു ; ഇത് ചെലഴിക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013-14-ലെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ അരിമില്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അരിമില്ലുകൾ സ്ഥാപിക്കുന്നതിന് കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന് അനുയോജ്യമായ സ്ഥലം അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) അരിമില്ലുകൾ സ്ഥാപിക്കുന്നതിനായി 14 കോടി രൂപയാണ് ബജറ്റിൽ

വകയിരുത്തിയിരുന്നത്. ഇത് ചെലവഴിച്ചിട്ടില്ല.

## സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ശൃംഖലവഴി വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ്

213 (1247) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുന്ന ഏതെല്ലാം ഉൽപ്പന്നങ്ങളുടെ വില എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; വർദ്ധന എന്ത് നിരക്കിലായിരുന്നെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഉൽപ്പന്നങ്ങളുടെ നിലവിലെ വിലയും 2011 ജനുവരി മാസത്തെ വിലയും എത്രയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ വില പുതുക്കി നിശ്ചയിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർക്കുന്നു.*

## സപ്ലൈകോ നിയമനങ്ങളും പ്രൊമോഷനും

214 (1248) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയിൽ സീനിയർ അസിസ്റ്റന്റ് ഗ്രേഡ് II ഗ്രേഡ് I എന്നീ തസ്തികകളിൽ കോർപ്പറേഷൻ ജീവനക്കാർക്കായി എത്ര പോസ്റ്റുകൾ അനുവദിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ 50% പ്രൊമോഷൻ, ഡെപ്യൂട്ടേഷൻ 50% എന്ന രീതി എസ്.എ.-II, എസ്.എ-I എന്നീ തസ്തികകളിലും അനുവദിക്കുന്നതിനുള്ള നിയമതടസ്സം എന്തെന്ന് വ്യക്തമാക്കാമോ ; സപ്ലൈകോ ജീവനക്കാർക്ക് 50% പ്രൊമോഷൻ അനുവദിക്കുന്നതിനായുള്ള 30/10 ഓർഡർ സ്റ്റേ നീക്കുന്നതിനുള്ള നടപടിക്രമം എന്താണ് ; വ്യക്തമാക്കാമോ ;

(സി) സപ്ലൈകോയിൽ സെയിൽസ്മാൻ എന്ന തസ്തിക ഇപ്പോൾ നിലവിലുണ്ടോ ; എത്ര പേർ  നിലവിൽ ആ തസ്തികയിൽ ജോലി ചെയ്തുവരുന്നെന്ന് വ്യക്തമാക്കാമോ ;

(ഡി) സപ്ലൈകോയിൽ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിൽ വരുന്നതിനും തടസ്സം എന്തെന്ന് വ്യക്തമാക്കാമോ ;

(ഇ) സപ്ലൈകോയിലെ സ്റ്റാഫ് പാറ്റേൺ പഠിക്കുന്നതിനായി നിയോഗിച്ച പ്രൊഡക്ടിവിറ്റി കൗൺസിൽ റിപ്പോർട്ട് സമർപ്പിച്ചുവോ ; പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

(എഫ്) സപ്ലൈകോയിൽ ജോലി ചെയ്തുവരുന്ന അസിസ്റ്റന്റ് സെയിൽസ്മാനും ഡെപ്യൂട്ടേഷനിൽ വരുന്ന എൽ.ഡി. ക്ലാർക്കിനും അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി. തന്നെയാണെന്നിരിക്കെ ഇവരെ രണ്ടുതരം ജോലി ഏൽപ്പിക്കുന്നത് വിവേചനമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ജി) 2015 മേയ് 31 ആകുമ്പോഴേക്കും പ്രമോഷൻ തസ്തികയിൽ എത്ര ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവ് വരാൻ സാദ്ധ്യതയുണ്ട് ; പ്രസ്തുത ഒഴിവിലേക്ക് നിയമനം നടത്തുവാൻ കാലതാമസമുണ്ടോ ; വിശദമാക്കാമോ ?

## ഉത്തരം

(എ) നിലവിൽ കോർപറേഷൻ ജീവനക്കാരുടെ സീനിയർ അസിസ്റ്റന്റ് I, സീനിയർ അസിസ്റ്റന്റ് II തസ്തികകൾ താഴെപ്പറയുന്ന പ്രകാരമാണ്:

സീനിയർ അസിസ്റ്റന്റ് I - Nil

സീനിയർ അസിസ്റ്റന്റ് II - 19

(ബി) 4-9-2010-ലെ സ.ഉ.(എംഎസ്.) നമ്പർ 30/10/ഭ.സി.സ.വ. പ്രൊമോഷൻ/ റിക്രൂട്ട്മെന്റ് റൂൾ ധനവകുപ്പിന്റെ എതിർപ്പിനെതുടർന്ന് സ.ഉ. (എംഎസ്.) നമ്പർ27/11/ ഭ.സി.സ.വ. തീയതി 6-7-2011 പ്രകാരം സർക്കാർ സ്റ്റേ ചെയ്തിട്ടുള്ളതാകുന്നു. സപ്ലൈകോ ജീവനക്കാർക്ക് പ്രൊമോഷൻ

അനുവദിക്കുന്നതിനായുള്ള ശിപാർശ കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കുന്ന താണെന്ന് സപ്ലൈകോ മാനേജിംഗ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 8 പേർ.

(ഡി) സപ്ലൈകോയിൽ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിൽ വരുത്തുന്നതിനായുള്ള സപ്ലൈകോയുടെ ശിപാർശ സർക്കാർ പരിശോധിച്ച് വരികയാണ്.

(ഇ) കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ അന്തിമ റിപ്പോർട്ട് സപ്ലൈകോയ്ക്ക് സമർപ്പിച്ചിട്ടില്ലായെന്നാണ് മാനേജിംഗ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുള്ളത്.

(എഫ്) രണ്ടും രണ്ടുതരം ജോലികളായി നിർവ്വഹിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ഇവരെ രണ്ടുതരം ജോലികൾ ഏൽപ്പിക്കുന്നതിൽ വിവേചനം ഇല്ലായെന്ന് കരുതുന്നു.

(ജി) 2015 മേയ് 31 വരെ 6 റിട്ടയർമെന്റ് ഒഴിവുകൾ ഉണ്ട്. പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിന് കാലതാമസമില്ല.

**സപ്ലൈകോ സ്ഥാപനങ്ങളിലെ ദിവസവേതന ജോലിക്കാരുടെ വേതനം**

215 (1249) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ സ്ഥാപനങ്ങളിലെ ദിവസവേതന ജോലിക്കാർക്ക് നിലവിൽ എത്ര രൂപയാണ് വേതനായി നൽകിവരുന്നത് ;

(ബി) ഇത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) സപ്ലൈകോ ഓട്ട് ലെറ്റുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് പ്രതിദിനം 250 രൂപയാണ് നൽകിവരുന്നത്.

1-4-2015 മുതൽ സപ്ലൈകോയിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഡ്രൈവർ, പെട്രോൾ ബങ്കിലെ ദിവസ വേതനക്കാർ എന്നിവർക്ക്

വേതനം വർദ്ധിപ്പിച്ച് നൽകിയത് അനുബന്ധമായി ചേർക്കുന്നു.*

## മത്സ്യം, ഇറച്ചി എന്നിവയുടെ വില വർദ്ധനവ്

216 (1250) ശ്രീ. ബാബു. എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണക്കാർക്ക് അപ്രാപ്യമായ വിധത്തിൽ, കടൽമത്സ്യങ്ങളുടെയും കോഴി ഇറച്ചി ഉൾപ്പെടെയുള്ള ഇറച്ചികളുടെയും വില ദിനംപ്രതി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ട്രോളിംഗ് നിരോധത്തിനുമുമ്പുതന്നെ മത്തി, അയല തുടങ്ങിയ ചെറുമത്സ്യങ്ങളുടെ വിലപോലും കുത്തനെ ഉയർന്നത് എന്തുകൊണ്ടാണ് എന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) മത്സ്യം, ഇറച്ചി എന്നിവയുടെ വില അനിയന്ത്രിതമായി ഉയരുന്നതു തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

### ഉത്തരം

(എ) ഉണ്ട്. കടൽ മത്സ്യങ്ങളുടെ വിലവർദ്ധിക്കുന്നതും കോഴി ഇറച്ചി ഉൾപ്പെടെയുള്ള ഇറച്ചികളുടെ ആഴ്ചവിലയിൽ വർദ്ധനവ് ഉള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. മത്സ്യബന്ധനത്തിന് ആവശ്യമായ ഇന്ധനങ്ങളായ മണ്ണെണ്ണ, ഡീസൽ എന്നിവയുടെ വിലയിൽ വന്നിട്ടുള്ള വർദ്ധനവിന് ആനുപാതികമായിട്ടാണ് മത്സ്യവിലയിലും വർദ്ധനവുണ്ടായിട്ടുള്ളത്.

(സി) ഫിഷറീസ് വകുപ്പുതലത്തിൽ മത്സ്യത്തിന്റെ വില നിയന്ത്രണത്തിന് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങളാണ് വിപണന മേഖലയിൽ പ്രവർത്തിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേരളത്തിലെ ഇറച്ചിക്കോഴികളുടെ ഉൽപ്പാദനം, വിപണനം എന്നിവ യഥാർത്ഥത്തിൽ നിയന്ത്രിക്കുന്നത് അന്യസംസ്ഥാനങ്ങളിലെ വൻകിട ഉൽപ്പാദകരാണ്. ഇടയ്ക്കിടയ്ക്ക് ഉൽപ്പാദനം കുറയ്ക്കുകയും വിപണനം നിയന്ത്രിക്കുകയും ചെയ്ത് അവർ കൃത്രിമ ക്ഷാമം സൃഷ്ടിച്ച് കോഴിയിറച്ചിയുടെ ആവശ്യകത വർദ്ധിപ്പിക്കുന്നു. ഈ പഴുതിലൂടെ അന്യസംസ്ഥാന കച്ചവടലോബി ഇറച്ചിക്കോഴിയുടെ വില അനിയന്ത്രിതമായി വർദ്ധിപ്പിക്കുന്നു. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഏകദേശം നാൽപ്പത്തഞ്ചോളം സംയോജിത ഇറച്ചിക്കോഴി ഫാമുകളിൽ വളർത്തിയെടുക്കുന്ന കോഴികളെ സ്വന്തം മാംസ സംസ്കരണ കേന്ദ്രത്തിൽ ശാസ്ത്രീയമായി സംസ്കരിച്ച് ഇറച്ചിയാക്കി കെപ്കോ ഏജൻസികൾവഴിയും സ്വന്തം വിൽപന കേന്ദ്രംവഴിയും മിതമായ വിലയ്ക്ക് ഉപഭേക്താക്കൾക്ക് ലഭ്യമാക്കുന്നു. ഇതിനുപുറമേ കേരളത്തിൽ ഇറച്ചിക്കോഴി വളർത്തൽ വ്യാപിപ്പിക്കുന്നതിനുവേണ്ടി ഒരുദിവസം പ്രായമായ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ വിപണിവിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നു. ഇതിനുവേണ്ടി ഈ കോർപ്പറേഷന്റെ കീഴിലുള്ള ഹാച്ചറികളുടെ ശേഷി വർദ്ധിപ്പിക്കാനും അതുവഴി ഒരു കോടി ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ അധികമായി ഉൽപ്പാദിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. എം.പി.ഐ. വിവിധതരം മാംസോൽ പ്പന്നങ്ങളുടെ വില കുറച്ചുകൊണ്ട് വിലക്കയറ്റം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**നെല്ലിന്റെ സംഭരണ വില കർഷകന് കൃത്യമായി നൽകാൻ നടപടി**

217 (1251) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകരിൽ നിന്നും സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ വില സംഭരണ സമയത്തുതന്നെ കർഷകന് ലഭ്യമാക്കുമെന്ന 2013-14 ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഇതിനായി ജില്ലാ സഹകരണ ബാങ്കുകളിൽ റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ ; ഇതിലേക്ക് ഇതിനകം സർക്കാർ എന്തു തുക നൽകിയിട്ടുണ്ട് ;

(സി) ഈ പദ്ധതിപ്രകാരം സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും

സംഭരണം നടക്കുമ്പോൾതന്നെ നെല്ലിന്റെ വിലയുള്ള ചെക്ക് കർഷകർക്ക് നൽകുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) നെല്ലിന്റെ സംഭരണ വില സംഭരണ സമയത്തുതന്നെ കർഷകന് കൊടുക്കാറുണ്ട്. 2014-15 രണ്ടാംസീസണിൽ നെല്ലിന്റെ സംഭരണവില വിതരണം ചെയ്യുന്നതിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ട്. ആയത് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കൊടുത്തു തീർക്കുവാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല. നെല്ലിന്റെ വില നൽകുന്നതിന് ജില്ലാ സഹകരണ ബാങ്കുകളിൽ റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടില്ല.

(സി) സംഭരണ സമയത്തുതന്നെ നെല്ലിന്റെ വിലയ്ക്കുള്ള ചെക്ക് കർഷകർക്ക് നൽകുന്നില്ല.

**വിലക്കയറ്റം**

218 (1252) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ ലേബർ ബ്യൂറോയുടെ കണക്കുകൾ പ്രകാരം വിലക്കയറ്റത്തിൽ സംസ്ഥാനം ഇപ്പോൾ ഏത് സ്ഥാനത്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കണക്കുകൾ പ്രകാരം മറ്റ് സംസ്ഥാനങ്ങളിലെ വിലക്കയറ്റത്തിന്റെ തോത് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ലേബർ ബ്യൂറോ മാസംതോറും പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃവില റിപ്പോർട്ടിൽ സംസ്ഥാനത്തിന്റേയോ മറ്റു സംസ്ഥാനങ്ങളുടേയോ വിലക്കയറ്റത്തെ സംബന്ധിച്ച സ്ഥാനം ലഭ്യമല്ല. ഏറ്റവും പുതുതായി ലഭിച്ച വില സൂചികയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു..*

**സപ്ലൈകോയുടെ യൂണിറ്റുകൾ**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

219 (1253) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയുടെ എത്ര യൂണിറ്റുകൾ/സ്ഥാപനങ്ങൾ, പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സപ്ലൈകോയുടെ എത്ര യൂണിറ്റുകൾ തുടങ്ങി ; അവ എവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) സപ്ലൈകോവഴി ജനങ്ങൾക്ക് അവശ്യസാധനങ്ങൾ എത്ര ശതമാനം വില കുറച്ചാണ് നൽകുന്നതെന്ന് വിശദമാക്കുമോ ;

(ഡി) സപ്ലൈകോയുടെ വികസനത്തിനായി 2011 മുതൽ 2015 വരെയുള്ള വർഷങ്ങളിൽ ബജറ്റിൽ പ്രത്യേകമായി തുക നീക്കിവച്ചിട്ടുണ്ടോ ; എങ്കിൽ എത്ര വീതമെന്ന് വിശദമാക്കുമോ ;

(ഇ) പ്രസ്തുത കാലഘട്ടത്തിൽ ഈ സ്ഥാപനം ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിച്ചു വരുന്നതെന്ന് വിശദമാക്കുമോ ;

(എഫ്) ലാഭത്തിലാണെങ്കിൽ പ്രസ്തുത കാലഘട്ടത്തിലെ ലാഭം എത്രയെന്നും നഷ്ടത്തിലാണെങ്കിൽ നഷ്ടം എത്രയെന്നുമുള്ള വിവരം നൽകുമോ ?

ഉത്തരം

(എ &ബി) അനുബന്ധമായി ചേർക്കുന്നു*.

(സി) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ താഴെ കൊടുത്തിരിക്കുന്ന 13 ഇനം അവശ്യസാധനങ്ങൾ വിതരണം ചെയ്തുവരുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു :

| ക്രമ | | നിലവിലെ സബ്സിഡി | പൊതുവിപണി വില(as per economics and statistics | സപ്ലൈകോ വിലയും പൊതു വിപണി വിലയും | വ്യത്യാ |
|---|---|---|---|---|---|

| നമ്പർ | ഇനം | വില(രൂപ കി.ഗ്രാമിന്) | Dept .of 22-5-2015 per k.g) | തമ്മിലുള്ള വ്യത്യാസം | സം ശതമാന ത്തിൽ |
|---|---|---|---|---|---|
| 1 | ചെറുപയർ | 74 | 111.29 | 37.29 | 33.51 |
| 2 | ഉഴുന്ന് (ബോൾ) | 66 | 116.57 | 50.57 | 43.38 |
| 3 | വൻകടല | 43 | 66.46 | 23.46 | 35.30 |
| 4 | വൻപയർ | 45 | 61.57 | 16.57 | 26.91 |
| 5 | തുവര പരിപ്പ് | 65 | 108.29 | 43.29 | 39.98 |
| 6 | മുളക് | 75 | 114.00 | 39.00 | 34.21 |
| 7 | മല്ലി | 100 | 125.07 | 25.07 | 20.04 |
| 8 | പഞ്ചസാര | 25 | 28.50 | 3.50 | 12.28 |
| 9 | പച്ചരി | 23 | 28.60 | 5.60 | 19.58 |
| 10 | മട്ട അരി | 25 | 33.00 | 8.00 | 24.24 |
| 11 | ജയ അരി | 25 | 33.13 | 8.13 | 24.54 |
| 12 | കുറുവ അരി | 25 | 32.33 | 7.33 | 22.67 |
| 13 | വെളിച്ചെണ്ണ | 130 | 169.64 | 39.64 | 23.37 |

(ഡി) സപ്ലൈകോയുടെ വികസനത്തിനായി 2011-15 കാലയളവിൽ പ്രത്യേകം തുക നീക്കിവെച്ചിട്ടില്ല. എന്നാൽ MIO യ്ക്കായി 65 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഇ) നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(എഫ്)

| ക്രമനമ്പർ | വർഷം | നഷ്ടം (കോടിയിൽ) |
|---|---|---|
| 1 | 2011-12 | 39.22 |
| 2 | 2012-13 | 80.90 |
| 3 | 2013-14 | ആഡിറ്റ് പൂർത്തിയായിട്ടില്ല. |

| | | |
|---|---|---|
| 4 | 2014-15 | ആഡിറ്റ് പൂർത്തിയായിട്ടില്ല. |

**വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം**

220 (1254) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റേഷൻ സാധനങ്ങളുടെ വിതരണം കുറ്റമറ്റതാക്കാൻ വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ ;

(സി) പൊതുവിതരണത്തിനുള്ള ഭക്ഷ്യധാന്യങ്ങളും മറ്റും കടത്തിക്കൊണ്ടു പോകുന്നത് ഒഴിവാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത സിസ്റ്റത്തിൽ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി ഏതെല്ലാം ഏജൻസികളുമായാണ് സഹകരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) പൊതുവിതരണത്തിനുള്ള ഭക്ഷ്യസാധനങ്ങളും മണ്ണെണ്ണയും വിതരണത്തിനായി കൊണ്ടുപോകുന്ന വാഹനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്ത് സുതാര്യത ഉറപ്പുവരുത്തുക എന്നതാണ് ജി.പി.എസ്. സംവിധാനം വഴി ലക്ഷ്യമാക്കിയിട്ടുള്ളത്. ഈ സംവിധാനം പ്രാവർത്തികമാക്കിയിട്ടില്ല. റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളിൽ ജി.പി.എസ്. പദ്ധതിപ്രകാരം വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം സ്ഥാപിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടക്കുകയാണ്. Door delivery നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിച്ച് പൈലറ്റ് പദ്ധതി നടന്നുവരുന്നു.

(സി) പൊതുവിതരണത്തിനുള്ള മണ്ണെണ്ണയും ഭക്ഷ്യസാധനങ്ങളും വിതരണത്തിനായി കൊണ്ടുപോകുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഉപയോഗി ക്കുമ്പോൾ കൈമാറുന്ന സിഗ്നലുകൾ ഉപയോഗിച്ച് വാഹനങ്ങൾ സഞ്ചരിക്കുന്ന ദിശ മനസ്സിലാക്കാനും ഇവ കൃത്യസ്ഥലത്ത് തന്നെയാണെത്തുന്നത് എന്ന് ഉറപ്പുവരുത്താനും കഴിയും.

(ഡി) പൊതുവിതരണ സമ്പ്രദായം കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഏജൻസികളെ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

**ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ മാവേലിസ്റ്റോർ**

221 (1255) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ മാവേലി സ്റ്റോറുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ.യും മുനിസിപ്പാലിറ്റിയും നൽകിയ അപേക്ഷയിന്മേൽ എന്തുനടപടി സ്വീകരിച്ചു ; വിശദമാക്കുമോ ;

(ബി) പ്രസ്തുത മാവേലിസ്റ്റോറുകൾ എന്നുമുതൽ പ്രവർത്തനം ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ 4 സ്ഥലങ്ങളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനായി ആറ്റിങ്ങൽ നഗരസഭ നൽകിയ അപേക്ഷ 6-12-2014-ൽ സപ്ലൈകോയിൽ ലഭിക്കുകയും പ്രസ്തുത അപേക്ഷയിന്മേൽ സാധ്യതാ പഠനംനടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം മേഖലാ മാനേജർക്ക് അയച്ചുകൊടുക്കുകയും ചെയ്തിരുന്നു. സാധ്യതാപഠനറിപ്പോർട്ട് പ്രകാരം അവനവഞ്ചേരി ഗ്രാമമുക്ക് എന്ന സ്ഥലത്ത് മാത്രമാണ് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് അനുയോജ്യമായി കാണുന്നത്. അതുപ്രകാരം അവനവഞ്ചേരി ഗ്രാമമുക്ക് എന്ന സ്ഥലത്ത് പുതിയ മാവേലി സ്റ്റോർ തുടങ്ങുന്നതിന് സപ്ലൈകോയുടെ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കണമെന്ന് ആറ്റിങ്ങൽ മുനിസിപ്പാലിറ്റി സെക്രട്ടറിക്ക് ആറ്റിങ്ങൽ ഡിപ്പോയിൽനിന്ന് കത്തയച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ഇതുസംബന്ധിച്ച് മറുപടി ഒന്നും ലഭിച്ചിട്ടില്ല. ആറ്റിങ്ങൽ മുനിസി പ്പാലിറ്റിയിൽനിന്നുള്ള മറുപടി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത മറുപടിയുടേയും ജീവനക്കാരുടെ ലഭ്യതയുടേയും അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

**ഹോട്ടലുകളിലെ ഭക്ഷണ വില നിയന്ത്രണം**

222 (1256) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ :

(എ) ഹോട്ടൽ/തട്ടുകൾ/ബേക്കറികൾ എന്നിവ അമിതവില ഈടാക്കുന്നതും പഴകിയ ഭക്ഷണം നൽകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്നറിയിക്കുമോ ;

(ബി) ഹോട്ടലുകളിലെ അമിതവില തടയാൻ ഭക്ഷണവില നിയന്ത്രണ ബില്ലിന് രൂപം നൽകിയിട്ട് എത്രകാലമായി എന്നും ആയതു പാസ്സാക്കാൻ താമസിക്കുന്നതിന് കാരണമെന്തെന്നും എപ്പോൾ പാസ്സാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) നഗരങ്ങളിൽ അമിതവില ഈടാക്കുന്ന ഭൂരിഭാഗം ഹോട്ടലുകളും മറ്റു സംസ്ഥാനക്കാരാണ് നടത്തുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ പരിശോധിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഹോട്ടലുകളിലെ വിലനിലവാരം നിയന്ത്രിക്കാൻ ഈ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നും, എന്തെല്ലാം തുടർ നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ ;

(ഇ) തലസ്ഥാനത്തുതന്നെ ഹോട്ടലുകളിൽ സാദാ ഊണിന് 150 രൂപയും ചായ/കാപ്പിക്ക് 20 രൂപയും ഒരു സെറ്റ് ദോശക്ക് 70-ൽ അധികം രൂപയും ഈടാക്കുന്ന അന്യസംസ്ഥാനക്കാരുടെ ഹോട്ടലുകളിലും ബേക്കറികളിലും ഭക്ഷണ വില നിയന്ത്രണം ഏർപ്പെടുത്താൻ എന്തു നടപടി സ്വീകരിക്കും എന്നു വ്യക്തമാക്കുമോ ;

(എഫ്) 2013 സെപ്റ്റംബറിൽ തയ്യാറാക്കിയ ബിൽ, നിയമവകുപ്പ് തുടർനടപടികൾ സ്വീകരിക്കാതെ വച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹോട്ടൽ/തട്ടുകടകൾ/

ബേക്കറികൾ എന്നിവ കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും വൃത്തിഹീനമായ അന്തരീക്ഷത്തിലോ പഴകിയതോ ആയ ഭക്ഷണം നൽകുന്ന സ്ഥാപനങ്ങൾക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കുംപ്രകാരമുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുവാനായുള്ള നിയമനിർമ്മാണം പരിശോധനയിലാണ്. ഇതുസംബന്ധിച്ച് നടന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾപ്പെടുത്തി തികച്ചും ലളിതവും പ്രായോഗികവുമായ നിയമനിർമ്മണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കരട് ബിൽ തയ്യാറായിവരുന്നു.

(സി-ഇ) സാധാരണക്കാർ ആശ്രയിക്കുന്ന എല്ലാ ഹോട്ടലുകളെയും റെസ്റ്റോറന്റു കളെയും നിർദ്ദിഷ്ട നിയമത്തിന്റെ പരിധിയിൽ വരുത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. വില വിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കാത്ത ഏതുതരം ഹോട്ടലുകളിലും ഭക്ഷ്യപൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും അത്തരത്തിൽ വില പ്രദർശിപ്പിക്കാത്തവർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

(എഫ്) ഇല്ല. ഇതുസംബന്ധിച്ച് നടന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾപ്പെടുത്തി തികച്ചും ലളിതവും പ്രായോഗികവുമായ നിയമനിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കരട് ബിൽ അന്തിമ ഘട്ടത്തിലാണ്.

**സബ്സിഡിയോടെ വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങൾ**

223 (1257) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽസപ്ലൈസ് കോർപ്പറേഷന്റെ പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുന്ന സബ്സിഡി ഉൽപ്പന്നങ്ങൾ ഏതെല്ലാമാണ് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സബ്സിഡി നൽകുന്ന ഉൽപ്പന്നങ്ങളുടെ എണ്ണം കുറച്ചിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാമാണ് ;

(സി) സബ്സിഡിയോടെ വിതരണം ചെയ്യുന്ന ഉൽപന്നങ്ങളുടെ വില ഈ സർക്കാർ എത്രതവണ വർദ്ധിപ്പിച്ചു എന്ന് വ്യക്തമാക്കാമോ ; എന്ത് നിരക്കിലായിരുന്നു വിലവർദ്ധനവ് എന്നറിയിക്കുമോ ;

(ഡി) പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുന്ന സബ്സിഡി ഉൽപ്പന്നങ്ങളുടെ നിലവിലെ വിലയും 2011 ജനുവരി മാസത്തെ വിലയും ഇനം തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ചെറുപയർ, ഉഴുന്ന് (ബോൾ), വൻകടല, വൻപയർ, തുവരപരിപ്പ്, മുളക്, മല്ലി, പഞ്ചസാര, ജയ അരി, കുറുവ അരി, മട്ട അരി, പച്ചരി (സോർട്ടക്സ്), വെളിച്ചെണ്ണ എന്നീ 13 ഇനം അവശ്യ വസ്തുക്കളാണ് ഇപ്പോൾ സബ്സിഡി നിരക്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്തുവരുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സപ്ലൈകോ വിൽപ്പന ശാലകളിൽ പൊതുവേ വിൽപ്പന കുറവുള്ളതും ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാ ത്തതുമായ കടുക്, ജീരകം, ഉലുവ, ഉഴുന്ന് പിളർന്നത്, പീസ് പരിപ്പ്, ബോധന അരി, എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽനിന്നും ഒഴിവാക്കി പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ആവശ്യപ്പെടുന്നതും കൂടുതൽ അളവിൽ ഉപയോഗിക്കുന്നതുമായ ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) അനുബന്ധം 1 ആയി ചേർക്കുന്നു*

(ഡി) അനുബന്ധം 2 ആയി ചേർക്കുന്നു.*

**പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റികൾ**

224 (1258) <u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽസപ്ലൈസ് വകുപ്പിന് കീഴിൽ പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത കമ്മിറ്റികൾ എത്ര ശതമാനം പ്രയോജനപ്പെട്ടുമെന്ന് വിശദമാക്കാമോ;

(സി) എല്ലാ പഞ്ചായത്തുകളിലും പ്രസ്തുതകമ്മിറ്റികൾ രൂപികരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) ഉണ്ട്. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ കൺവീനറുമായാണ് പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിരിക്കുന്നത്. 2 മാസത്തിലൊരിക്കൽ ടി സമിതി യോഗം ചേരേണ്ടതുണ്ട്. പൊതുവിതരണ സമ്പ്രദായത്തിന്റെ അവലോകനം, ഗുണമേന്മയുള്ള റേഷൻ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും ഉപഭോക്താവിന് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക, കൂടാതെ ഉപഭോക്താക്കളെ കണ്ടെത്തുന്നത് സംബന്ധിച്ച പ്രശ്നങ്ങളിൽ ഇടപെടുക, ന്യായവില ഷോപ്പുകളുടെ പ്രവർത്തനം നിരീക്ഷിക്കുക, പൊതുവിതരണ സമ്പ്രദായത്തിന്റെ തുടർച്ചയായ അവലോകനം എന്നിവ പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റിയുടെ ഉത്തരവാദിത്വമാണ്.

(ബി) റേഷൻ സാധനങ്ങൾ യഥാസമയം ശരിയായ അളവിലും തൂക്കത്തിലും ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക, റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ് ഇവ തടയുക മുതലായ പ്രവർത്തനങ്ങൾക്ക് വിജിലൻസ് സമിതികൾ വകുപ്പിന് സഹായകമാകുന്നുണ്ട്. കൂടാതെ, സമിതി യോഗങ്ങളിൽ ഉന്നയിക്കുന്ന പരാതികൾക്ക് പരിഹാരം കാണാനും കഴിയുന്നുണ്ട്.

(സി) എല്ലാ പഞ്ചായത്തുകളിലും രൂപീകരിച്ചിട്ടുണ്ട്.

## നിത്യോപയോഗ സാധനങ്ങളുടെ വില

225 (1259) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ഉൽപ്പന്നങ്ങൾക്ക് എത്ര ശതമാനം നിരക്കിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുവിപണയിൽ വൻവില വർദ്ധനവിന് ഇത് ഇടയാക്കുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഏതെല്ലാം ഉൽപ്പന്നങ്ങൾക്കാണ് ഇപ്പോൾ സബ്സിഡിയുള്ളതെന്നും അവ വിലയിൽ നിന്നും എത്ര കുറച്ചാണ് നൽകുന്നതെന്നും വിശദമാക്കുമോ ;

(ഡി) ഉയരുന്ന മാർക്കറ്റ് വില നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

(സി) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ വിൽപ്പന ശാലകൾവഴി വിതരണം ചെയ്തുവരുന്നു. വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു :

| ക്രമ നമ്പർ | ഇനം | നിലവിലെ സബ്സിഡി വില (രൂപ കി. ഗ്രാമിന്) | പൊതുവിപണിവില (as per Economics and statistics Dept of 22-5-2015) (per Kg) | സപ്ലൈകോ വിലയും പൊതുവിപണി വിലയും തമ്മിലുള്ള വ്യത്യാസം | വ്യത്യാസം (ശതമാനത്തിൽ ) |
|---|---|---|---|---|---|
| 1 | ചെറുപയർ | 74 | 111.29 | 37.29 | 33.51 |
| 2 | ഉഴുന്ന് (ബോൾ) | 66 | 116.57 | 50.57 | 43.38 |
| 3 | വൻകടല | 43 | 66.46 | 23.46 | 35.30 |
| 4 | വൻപയർ | 45 | 61.57 | 16.57 | 26.91 |
| 5 | തുവരപരിപ്പ് | 65 | 108.29 | 43.29 | 39.98 |
| 6 | മുളക് | 75 | 114.00 | 39.00 | 34.21 |
| 7 | മല്ലി | 100 | 125.07 | 25.07 | 20.04 |
| 8 | പഞ്ചസാര | 25 | 28.50 | 3.50 | 12.28 |
| 9 | പച്ചരി | 23 | 28.60 | 5.60 | 19.58 |
| 10 | മട്ട അരി | 25 | 33.00 | 8.00 | 24.24 |
| 11 | ജയ അരി | 25 | 33.13 | 8.13 | 24.54 |
| 12 | കുറുവ അരി | 25 | 32.33 | 7.33 | 22.67 |
| 13 | വെളിച്ചെണ്ണ | 130 | 169.64 | 39.64 | 23.37 |

(ഡി) സബ്സിഡി ഉൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനോടൊപ്പം കൂടുതൽ ജനങ്ങൾക്ക് സബ്സിഡി നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കി, യഥാർത്ഥ ഉപഭോക്താവിന് മാത്രമേ സബ്സിഡി നിരക്കിൽ സാധനങ്ങൾ ലഭിക്കു എന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾവഴി നിയന്ത്രിക്കുകയും അതുവഴി സബ്സിഡിയുടെ ദുർവിനിയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വിൽപ്പനശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും SP റാങ്കിലുള്ള ഉദ്യോസ്ഥന്റെ (വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ മുഖേനയും ഇന്റേണൽ ഓഡിറ്റ് വിഭാഗം, ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) എന്നിവർ മുഖേനയും വിൽപ്പനശാലകളിൽ പരിശോധന നടത്തിവരുന്നുണ്ട്.

കൂടാതെ പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി, സൂപ്പർ മാർക്കറ്റ് തലത്തിലും പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തലത്തിലും പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിച്ച്, പൊതുജനങ്ങൾക്ക് അവിടെ പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

അവശ്യസാധനങ്ങൾ കമ്പോളത്തിൽ തടസ്സമില്ലാതെ ലഭ്യമാക്കാൻ സപ്ലൈകോയ്ക്ക് സാധിച്ചിട്ടുണ്ട്. ഇത് വിപണിവില വർദ്ധനവ് പിടിച്ചുനിർത്താൻ വളരെയധികം സഹായിച്ചിട്ടുണ്ട്. അവശ്യസാധനങ്ങളുടെ വിൽപ്പനവില യുക്തമായി പുനർനിർണ്ണയം ചെയ്ത് സാധനങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കി മാർക്കറ്റ് ഇടപെടൽ കൂടുതൽ ഫലപ്രദമാക്കുന്ന ശാസ്ത്രീയമായ പൊതുവിപണി ഇടപെടൽ തന്ത്രമാണ് സപ്ലൈകോ ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ഇതിനുപുറമെ മറ്റ് അവശ്യസാധനങ്ങളും FMCG ഉൽപ്പന്നങ്ങളും MRP മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30 ശതമാനംവരെ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് നൽകിവരുന്നു.

ഉപഭോക്താവിന് നല്ല ഗുണമേന്മയുള്ള ഗോതമ്പുപൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും സപ്ലൈകോ വിൽപ്പനശാലകൾവഴിയും വിതരണം ചെയ്തുവരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ ശബരി ബ്രാൻഡിൽ ഗുണനിലവാരപരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20-30 ശതമാനം വിലക്കുറവിൽ വിറ്റുവരുന്നു. കൂടാതെ സാമ്പാർപൊടി, രസപ്പൊടി, ചിക്കൻ മസാല, പുട്ടുപൊടി, അപ്പം പൊടി, തുടങ്ങിയവ ശബരി ബ്രാന്റിൽ പുതിയതായി പൊതുവിപണിയിൽ എത്തിച്ചിട്ടുണ്ട്.

ഉത്സവകാലങ്ങളിൽ വിലവർദ്ധന നിയന്ത്രിക്കാൻ ഓണം, റംസാൻ,

ക്രിസ്തുമസ്, വിഷു തുടങ്ങിയ ഉത്സവകാലങ്ങളിൽ പ്രത്യേക ഉത്സവകാല ചന്തകൾ സംഘടി പ്പിച്ചുവരുന്നു. കൂടാതെ എല്ലാ അദ്ധ്യയന വർഷാരംഭങ്ങളിലും വിദ്യാർത്ഥികൾക്ക് ആവശ്യമായ നോട്ട്ബുക്ക്, പെൻസിൽ, പേന, ഇൻസ്ട്രുമെന്റ് ബോക്സ്, ബാഗുകൾ, കുടകൾ തുടങ്ങിയ എല്ലാ പഠനോപകരണങ്ങളും ശരാശരി 20 ശതമാനം വിലക്കുറവിൽ ലഭ്യമാക്കി വരുന്നു. ഇങ്ങനെ പൊതുവിപണിയിൽ സജീവമായി ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുവാനുള്ള നടപടികൾ സപ്ലൈകോ എടുത്തുവരുന്നു.

**റേഷൻ കടകൾ, റേഷൻ കാർഡുകൾ**

226 (1260) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആകെ എത്ര റേഷൻകടകൾ നിലവിലുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) റേഷൻ കടകളിൽ എത്ര തരത്തിലുള്ള റേഷൻ കാർഡുകൾ ഉണ്ട് ; ഇവ ഏതൊക്കെയെന്നും എന്തു മാനദണ്ഡം വച്ചാണ് റേഷൻ കാർഡുകൾ ഉപഭോക്താവിന് നൽകുന്നത് എന്നുമറിയിക്കുമോ ;

(സി) ഓരോ കാർഡിനും എന്തൊക്കെ സാധനങ്ങൾ ഏതളവിലാണ് നൽകിവരുന്നത് ; വിശദമാക്കുമോ ;

(ഡി) ഒരു മാസത്തിൽ എത്ര തവണയാണ് ഒരു കാർഡ് ഉടമയ്ക്ക് റേഷൻ സാധനങ്ങൾ കൊടുക്കുന്നത് ; വിശദമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റേഷൻ കടകളിൽ സാധനങ്ങൾ കൊടുക്കുന്നതുമായി ബന്ധപ്പെട്ട എന്തൊക്കെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ;

(എഫ്) മിനിമം എത്ര കാർഡുകളാണ് ഒരു റേഷൻ കടയ്ക്ക് വേണ്ടത് ;

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹോൾസെയിൽ ഷോപ്പുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്; ഇവ എവിടെയൊക്കെയാണെന്നും ഏതൊക്കെയെന്നും അറിയിക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ റേഷൻ കടകൾക്ക് അനുമതി

നൽകിയിട്ടുണ്ട് ; ഇവ എവിടെയൊക്കെ യാണെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ ആകെ 14336 അംഗീകൃത ചില്ലറ വ്യാപാര ശാലകൾ ഉണ്ട്. ജില്ലതിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | : | 1883 |
| കൊല്ലം | : | 1421 |
| പത്തനംതിട്ട | : | 833 |
| ആലപ്പുഴ | : | 1254 |
| കോട്ടയം | : | 990 |
| ഇടുക്കി | : | 701 |
| എറണാകുളം | : | 1343 |
| തൃശ്ശൂർ | : | 1201 |
| പാലക്കാട് | : | 936 |
| മലപ്പുറം | : | 1239 |
| കോഴിക്കോട് | : | 974 |
| വയനാട് | : | 315 |
| കണ്ണൂർ | : | 858 |
| കാസർഗോഡ് | : | 388 |
| ആകെ | | 14,336 |

(ബി) റേഷൻ കാർഡുകൾ നൽകുന്നതിന്റെ പൊതുവായ മാനദണ്ഡം താഴെ കൊടുക്കുന്നു :

ഇന്ത്യൻ പൗരനായ വ്യക്തിയായിരിക്കണം. ബന്ധപ്പെട്ട വില്ലേജ് ആഫീസറിൽനിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള താമസസ്ഥല സാക്ഷ്യപത്രം, കുടുംബ റേഷൻകാർഡ്, കുടുംബ റേഷൻ കാർഡുടമയുടെ സമ്മതപത്രം, ഒരു റേഷൻ കാർഡിലും പേരില്ലാത്ത വ്യക്തിയാ ണെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്/ മുനിസിപ്പൽ ചെയർമാൻ/ എം.എൽ.എ/എം.പി. എന്നിവരിൽ ഒരാളുടെ സാക്ഷ്യപത്രം കൂടി ആവശ്യമാണ്.

റേഷൻ കടകളിൽ അഞ്ച് തരത്തിലുള്ള റേഷൻ കാർഡുകളാണുള്ളത്. ഇവ താഴെപ്പറയും പ്രകാരമാണ്:

(1) എ.പി.എൽ. (നോർമൽ)

(2 ) എ.പി.എൽ.(എസ്.എസ്.)

പ്രതിമാസ കുടുംബ വരുമാനം 25,000 രൂപയിൽ കുറവും 2.5 ഏക്കറിൽ കുറഞ്ഞ സ്ഥലവുമുള്ള കുടുംബങ്ങൾക്ക് 7/11 വരെ ഈ സ്കീം അനുസരിച്ചുള്ള റേഷൻ കാർഡ് നൽകിയിരുന്നു.

(3) ബി.പി.എൽ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത് നൽകുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും 2009-ലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരും 27-4-2012-ലെ സ.ഉ.(കൈ) നമ്പർ 112/12 പ്രകാരം ജില്ലാ കളക്ടർ ഉൾപ്പെടുത്തുന്നവരും

(4) എ.എ.വൈ.

ദരിദ്രരിൽ ദരിദ്രരായവരായി ഗ്രാമസഭകൾ തിരഞ്ഞെടുത്ത് നൽകുന്ന ഗുണ ഭോക്താക്കൾ

(5) അന്നപൂർണ്ണ

നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം പ്രകാരം പെൻഷന് അർഹതയുള്ളവരും എന്നാൽ യാതൊരു വിധ പെൻഷൻ ലഭിക്കാത്തവരുമായ 65 വയസ്സിന് മുകളിൽ പ്രായമുള്ളവർ.

(സി) പ്രതിമാസം

| | അരി (Kg) | ഗോതമ്പ് (Kg) | പഞ്ചസാര (ഗ്രാം) |
|---|---|---|---|
| എ.പി.എൽ. | 8-10 | 2 | Nil |
| എ.പി.എൽ (എസ്.എസ്.) | 8-10 | 2 | Nil |
| ബി.പി.എൽ. | 25 | 7 | 400 gm/member |
| എ.എ.വൈ. | 35 | Nil | 400 gm/member |

| | | | |
|---|---|---|---|
| അന്നപൂർണ്ണ (സൗജന്യം) | 10 | Nil | Nil |

മണ്ണെണ്ണ എല്ലാ വിഭാഗക്കാർക്കും വൈദ്യുതീകരിച്ച വീടുകൾക്ക് സ്റ്റോക്കിന്റെ ലഭ്യതയ്ക്കനുസരിച്ച് ഒന്ന്/അര ലിറ്ററും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് 4 ലിറ്ററും നൽകുന്നു.

(ഡി) മാസത്തിലൊരിക്കലോ പരമാവധി 4 തവണകളായോ അരി, ഗോതമ്പ് എന്നിവ വാങ്ങാവുന്നതാണ്. പഞ്ചസാര,മണ്ണെണ്ണ എന്നിവ മാസത്തിലൊരിക്കൽ വാങ്ങാവുന്നതാണ്.

(ഇ) മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല.

(എഫ്) ഏറ്റവും കുറഞ്ഞത് 400 കാർഡുകൾ വേണം. ഭൂപ്രദേശത്തിന്റെ പ്രത്യേകതകൾ മറ്റു സൗകര്യങ്ങളുടെ ലഭ്യതക്കുറവ് എന്നിവ കണക്കിലെടുത്ത് ഈ നിബന്ധനയിൽ ഇളവ് അനുവദിക്കാറുണ്ട്.

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി മൊത്ത വിതരണശാലകൾ അനുവദിച്ചിട്ടില്ല. മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ മുമ്പ് പ്രവർത്തിച്ചിരുന്ന 2 മൊത്ത വിതരണശാലകൾ രാജിവച്ചതിന്റെ അടിസ്ഥാനത്തിൽ ചെമ്പ്രയിൽ ശ്രീമതി സി. കെ. ബീന ലൈസൻസിയായി 12-ാം നമ്പർ മൊത്ത വിതണശാലയും കോട്ടയ്ക്കലിൽ ശ്രീ. സെയ്തലവി ലൈസൻസിയായി 5-ാം നമ്പർ മൊത്തവിതരണശാലയും ജില്ലാ കളക്ടർ തലത്തിൽ പുനർനിയമനം നടത്തിയിട്ടുണ്ട്.

പുതിയതായി 115 റേഷൻ കടകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ പറയുംപ്രകാരമാണ് :

| | | |
|---|---|---|
| തിരുവനന്തപുരം | : | 19 |
| കൊല്ലം | : | 3 |
| പത്തനംതിട്ട | : | 1 |
| ആലപ്പുഴ | : | 1 |
| കോട്ടയം | : | 4 |
| ഇടുക്കി | : | 9 |
| എറണാകുളം | : | 9 |

| | | |
|---|---|---|
| തൃശ്ശൂർ | : | .. |
| പാലക്കാട് | : | 29 |
| മലപ്പുറം | : | 19 |
| കോഴിക്കോട് | : | 8 |
| വയനാട് | : | 7 |
| കണ്ണൂർ | : | 1 |
| കാസർഗോഡ് | : | 5 |
| ആകെ | | 115 |

ഓരോ ജില്ലയിലും അനുവദിച്ച സ്ഥലം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ഹോട്ടലുകളിൽ വിലനിലവാര പട്ടിക

227 (1261) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോട്ടലുകളിൽ ഊണ്, ദോശ, ഇഡ്ഡലി തുടങ്ങിയ സാധാരണ ഭക്ഷണങ്ങൾക്കുപോലും കൂടിയ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹോട്ടലുകളിൽ വിലനിലവാര പട്ടിക പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ റെയ്ഡുകൾ നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിലനിലവാര പട്ടിക പ്രദർശിപ്പിക്കാത്ത എത്ര ഹോട്ടലുകൾക്കെതിരെ നടപടി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) സാധാരണ ജനങ്ങൾക്ക് മിതമായ നിരക്കിൽ ഭക്ഷണപദാർത്ഥങ്ങൾ ഹോട്ടലുകളിൽനിന്നും ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഹോട്ടലുകളിൽ വിലനിലവാര പട്ടിക പ്രദർശിപ്പിക്കുവാൻ കർശന നിർദ്ദേശം നൽകുകയും വില പ്രദർശിപ്പിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത 2660 ഹോട്ടലുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇതിനായുള്ള നിയമ നിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**നടപ്പാക്കാൻ കഴിയാതിരുന്ന പദ്ധതികൾ**

228 (1262) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഭക്ഷ്യവകുപ്പിൻ കീഴിൽ പ്രഖ്യാപിക്കപ്പെട്ട ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ കഴിയാതെ പോയതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമായിരുന്നു ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഭക്ഷ്യവകുപ്പിൻ കീഴിൽ പ്രഖ്യാപിക്കപ്പെട്ട, നടപ്പിലാക്കാൻ കഴിയാതിരുന്ന പദ്ധതികളും അതിനുള്ള കാരണങ്ങളും താഴെ പറയുന്നു :

<u>2011-12</u>

<u>ഖണ്ഡിക-205</u>

തലശ്ശേരി നിലമ്പൂർ, കുത്താട്ടുകുളം, പാല, തിരുവല്ല, കൊല്ലം, കഴക്കൂട്ടം എന്നീ സ്ഥലങ്ങളിൽ അതിനൂതന വ്യാപാര സൗകര്യങ്ങളുള്ള ചില്ലറ വിൽപ്പന കേന്ദ്രങ്ങളായ ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്ന പദ്ധതി.

മേൽ പ്രഖ്യാപനത്തിൽ പറഞ്ഞ നിലമ്പൂർ, കുത്താട്ടുകുളം, പാല, കഴക്കൂട്ടം എന്നിവിടങ്ങളിലെ ഹൈപ്പർ മാർക്കറ്റുകൾ സ്ഥലം ലഭ്യമല്ലാത്തതിനാൽ

ആരംഭിച്ചിട്ടില്ല. തിരുവല്ല, കൊല്ലം എന്നിവിടങ്ങളിൽ ഹൈപ്പർ മാർക്കറ്റിനുള്ള പദ്ധതിക്ക് നടപടികൾ ആരംഭിച്ചിട്ടുണ്ട്. തലശ്ശേരി ഹൈപ്പർ മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഖണ്ഡിക 207-ൽ പറഞ്ഞിട്ടുള്ള 75 മാവേലി സ്റ്റോറുകളെ ആധുനിക സൗകര്യങ്ങളുള്ള സൂപ്പർ മാർക്കറ്റുകളാക്കി മാറ്റുന്നതാണ് എന്ന പദ്ധതി പ്രകാരം 14 മാവേലി സ്റ്റോറുകൾ ആധുനിക സൗകര്യങ്ങളുള്ള സൂപ്പർ മാർക്കറ്റുകളായി ഉയർത്തി. ശേഷിച്ചവ സാമ്പത്തിക പരിമിതിമൂലം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

ഖണ്ഡിക-208

ദുർബല ജനവിഭാഗങ്ങളുടെ അധിവാസ കേന്ദ്രങ്ങളിൽ 10 മാവേലി സ്റ്റോറുകൾ പുതുതായി ആരംഭിക്കും. കൂടാതെ 10 സൂപ്പർ മാർക്കറ്റുകളെ ആധുനിക വ്യാപാര സൗകര്യങ്ങളോടുകൂടിയ പീപ്പിൾസ് ബസാറുകളാക്കി മാറ്റുന്നതാണ് തുടങ്ങിയ പ്രഖ്യാപനങ്ങളുമായി ബന്ധപ്പെട്ട് 3 സൂപ്പർ മാർക്കറ്റുകൾ ആധുനിക സൗകര്യങ്ങളുള്ള പീപ്പിൾസ് ബസാറുകളായി ഉയർത്തുകയുണ്ടായി. കൂടുതൽ വിൽപ്പനശാലകൾ ആരംഭിക്കാൻ കഴിയാതിരുന്നത് ഇതിന് വേണ്ടതായ അടിസ്ഥാനസൗകര്യങ്ങൾ പ്രത്യേകിച്ച് അനുയോജ്യമായ കെട്ടിടങ്ങൾ സപ്ലൈകോയുടെ മാനദണ്ഡമനുസരിച്ചുള്ള വാടക നിരക്കിൽ ലഭിക്കാതിരുന്നതിനാലാണ്. എന്നാൽ പിന്നീട് വന്ന കാലയളവിൽ അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യതയനുസരിച്ച് മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും പീപ്പിൾസ് ബസാറുകളും ആരംഭിച്ചിട്ടുണ്ട്.

ഖണ്ഡിക-209

'റേഷൻ കടകൾ മുഖേന 13 അവശ്യ സാധനങ്ങൾകൂടി വിതരണം ചെയ്യുന്നതിനുള്ള 354 കോടി രൂപ മുതൽമുടക്ക് വരുന്ന പദ്ധതി'

സപ്ലൈകോയുടെ പരിമിതമായ സാമ്പത്തികസ്ഥിതിയുടെ അടിസ്ഥാനത്തിൽ ടി പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

2012-13

ഖണ്ഡിക - 352

'അവശ്യ സാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിലേയ്ക്കായി സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകൾവഴി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി. 2009-ലെ ബി.പി.എൽ. സർവ്വേയുടെ അടിസ്ഥാനത്തിൽ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പുതിയ ബി.പി.എൽ. കാർഡുകൾ

നൽകുന്നതിനും ആനുകൂല്യം ലഭിച്ചുകൊണ്ടിരുന്ന അനർഹരെ ഒഴിവാക്കുന്നതിനും ഉദ്ദേശിച്ചിരുന്നു.'

സപ്ലൈകോയുടെ പരിമിതമായ സാമ്പത്തിക സ്ഥിതിമൂലം സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ റേഷൻകടവഴി വിതരണം നടത്താൻ കഴിഞ്ഞിട്ടില്ല. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുവിഭാഗം, മുൻഗണനാവിഭാഗം എന്നിങ്ങനെ തരംതിരിച്ച് റേഷൻ കാർഡുകൾ പുതുക്കി നൽകുകയും നിലവിൽ ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്ന അനർഹരെ ഒഴിവാക്കുന്നതിനുമുള്ള നടപടികൾ നടന്നുവരികയാണ്.

ഖണ്ഡിക - 353

റേഷൻ സാധനങ്ങൾ പൊതു വിപണിയിലേയ്ക്ക് അനധികൃതമായി കടത്തിക്കൊണ്ടുപോകുന്നത് തടയുന്നതിന് ഗ്ലോബൽ പൊസിഷനിംഗ് സംവിധാനം ഉപയോഗിക്കുന്നതും, റൂട്ട് മാറിപ്പോകുന്ന വാഹനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കുന്നതും പൊതുവിതരണ സമ്പ്രദായമാകെ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പദ്ധതിയായ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി ഗ്ലോബൽ പൊസിഷനിംഗ് സംവിധാനം നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്.

കൂടാതെ, ഖണ്ഡിക 354-ൽ പറഞ്ഞിരിക്കുന്ന ചവറ ഹൈപ്പർ മാർക്കറ്റ് സ്ഥല ദൗർലഭ്യംമൂലം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ തലശ്ശേരിയിൽ ഹൈപ്പർ മാർക്കറ്റ് പ്രവർത്തനം ആരംഭിക്കുകയും തിരുവല്ല, കൊല്ലം എന്നിവിടങ്ങളിൽ ടി പദ്ധതിക്ക് നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. സപ്ലൈകോയുടെ പ്രവർത്തനം ഗൾഫ് രാജ്യങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും ന്യൂഡൽഹി, നവിമുംബൈ എന്നിവിടങ്ങളിലെ കേരളാ ഹൗസിൽ സപ്ലൈകോയുടെ പ്രീമിയം റീട്ടെയിൽ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനും വല്ലാർപാടം കണ്ടെയ്നർ ടെർമിനലിൽ ആധുനിക ഫ്യൂവൽ സ്റ്റേഷൻ ആരംഭിക്കുന്നതിനും നിർദ്ദേശങ്ങൾ ഉണ്ടായിരുന്നു. സംസ്ഥാനത്തിന് പുറത്തുള്ള കേരള ഹൗസുകളിൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സപ്ലൈകോയുടെ പ്രീമിയം ഔട്ട്ലെറ്റുകൾ സ്ഥാപിക്കുവാൻ കഴിയുകയുള്ളൂ. രാജ്യത്തിന് പുറത്ത് വിൽപ്പനശാലകൾ തുടങ്ങുവാൻ നിലവിലെ സാഹചര്യത്തിൽ സപ്ലൈകോ പ്രാപ്തമല്ല. വല്ലാർപാടം കണ്ടെയ്നർ ടെർമിനലിൽ സപ്ലൈകോയുടെ ഫ്യൂവലിംഗ് സ്റ്റേഷൻ അനുവദിക്കണമെന്ന് ഇൻഡ്യൻ ഓയിൽ കോർപ്പറേഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഖണ്ഡിക 356 പ്രകാരം കോന്നിയിൽ മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുമെന്ന് പ്രഖ്യാപനമുണ്ടായിരുന്നു. 2013-ൽ ടി ഫുഡ് പാർക്ക് തുടങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ടി ഫുഡ് പാർക്ക് തുടങ്ങുന്നതിനാവശ്യമായ റോഡ്, കോമ്പൗണ്ട് വാൾ എന്നിവയുടെ നിർമ്മാണം തുടങ്ങിയിട്ടുണ്ട്. എന്നാൽ സി.എഫ്.ആർ.ഡി.-യുടെ കീഴിൽ 50 ഏക്കർ സ്ഥലം ലഭ്യമല്ലാത്തതിനാൽ ഫുഡ് പാർക്ക്
സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നുള്ള സഹായം ലഭ്യമല്ല.

2013-14

ഖണ്ഡിക 21 പ്രകാരം നെല്ല് സംഭരണം നടക്കുമ്പോൾത്തന്നെ അതിന്റെ വില നൽകുന്നതിന് റിവോൾവിംഗ് ഫണ്ട് രൂപീകരിക്കും എന്നുള്ള പ്രഖ്യാപനം നിലവിലെ സാമ്പത്തിക സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ, ടി ആവശ്യത്തിലേയ്ക്കായി ബാങ്കിൽനിന്നും ലോൺ ലഭ്യമാക്കി നടപടികൾ സ്വീകരിക്കുന്നതിന് സപ്ലൈകോയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ബജറ്റ് പ്രഖ്യാപനമായ അരിമില്ലുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമായിട്ടില്ല.

ഖണ്ഡിക - 26

'തൃപ്തി' ന്യായവില ഭക്ഷണശാലകൾ ആരംഭിക്കുന്ന പദ്ധതി.

ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ മഹിളാ സംഘടനകൾവഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അറിയിപ്പ്/ തീരുമാനം ലഭിച്ചാൽ മാത്രമേ നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

ഖണ്ഡിക - 401

ആധാറുമായി കൂട്ടിയിണക്കി റേഷൻ കാർഡുകളുടെ ഡിജിറ്റൽ ഡേറ്റാബേസ്, കമ്പ്യൂട്ടർവൽകൃത സപ്ലൈ, ചെയിൻ മാനേജ്മെന്റ്, സുതാര്യ പരാതി പരിഹാരം എന്നിവ നടപ്പിലാക്കുന്ന പദ്ധതി ഇപ്പോൾ പൊതുവിതരണ വകുപ്പിൽ നടന്നു കൊണ്ടിരിക്കുന്ന എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാകുന്നതോടെ നിലവിൽ വരും.

ഖണ്ഡിക - 402

2009-ൽ നടത്തിയ സർവ്വേയിൽ 32 ലക്ഷത്തോളം ബി.പി.എൽ. കുടുംബങ്ങളെ കണ്ടെത്തിയിരുന്നെങ്കിലും 21 ലക്ഷത്തോളം കുടുംബങ്ങൾക്ക് മാത്രമാണ് ബി.പി.എൽ./ എ.എ.വൈ. റേഷൻ കാർഡുകൾ നൽകിയിരുന്നത്.

ഈ ലിസ്റ്റിൽപ്പെട്ട എല്ലാവർക്കും നാലുമാസത്തേയ്ക്ക് ബി.പി.എൽ. നിരക്കിൽ റേഷൻ നൽകുന്നതിന് സംസ്ഥാന സർക്കാർ നടപടി എടുത്തിരുന്നു. ഈ പദ്ധതി കേന്ദ്ര സഹായത്തോടെ തുടർന്നും നടപ്പിലാക്കാമെന്നായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ, ഈ പദ്ധതിക്കായി കേന്ദ്ര സഹായം ലഭ്യമായിട്ടില്ല. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കളെ പൊതുവിഭാഗം, മുൻഗണനാവിഭാഗം എന്നിങ്ങനെ തരംതിരിച്ച് റേഷൻ കാർഡുകൾ പുതുക്കി നൽകുകയും നിലവിൽ ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്ന അനർഹരെ ഒഴിവാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

ഖണ്ഡിക 403-ൽ പറഞ്ഞിരുന്ന സപ്ലൈകോ വിൽപ്പനശാലകളോടൊപ്പം ന്യായവില ഷോപ്പുകൾ അനുവദിക്കുന്നതാണ് എന്നും അതിന്റെ പ്രാരംഭമായി ഓരോ നിയോജകമണ്ഡലത്തിലും മാവേലി സ്റ്റോറുകൾ തുടങ്ങുന്നതാണ് എന്നുള്ള പ്രഖ്യാപനം സാമ്പത്തിക പരിമിതിമൂലം ആരംഭിച്ചിട്ടില്ല. എം.എൽ.എ.മാരുടെ പ്രാദേശിക വികസനഫണ്ട് ഉപേയോഗിച്ചുകൊണ്ട് നടപ്പിലാക്കുന്നതിനായിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. അതോടൊപ്പംതന്നെ 50 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതാണ് എന്ന പ്രഖ്യാപനത്തിന്റെ ഭാഗമായി തീരദേശ-മലയോര-പിന്നോക്ക പ്രദേശങ്ങളിൽ കേന്ദ്ര സർക്കാർ സഹായത്തോടെ 10 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ സപ്ലൈകോ ആരംഭിച്ചിട്ടുണ്ട്.

2014-15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**കുട്ടനാട്ടിൽ കർഷകർക്ക് നെല്ലിന്റെ സംഭരണവില നൽകാൻ ഉണ്ടായ കാലതാമസം**

229 (1263) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ കുട്ടനാട്ടിൽ നിന്നും എത്ര രൂപയുടെ നെല്ല് സംഭരിച്ചു എന്ന് വിശദമാക്കാമോ ;

(ബി) സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് എത്ര ദിവസം കഴിഞ്ഞാണ് ലഭ്യമാക്കിയതെന്ന് വിശദമാക്കാമോ ;

(സി) സംഭരണ വില കാലതാമസം കൂടാതെ കർഷകർക്ക് ലഭ്യമാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന 2014-15, 2015-16 വർഷങ്ങളിൽ കുട്ടനാട്ടിൽനിന്നും സംഭരിച്ച നെല്ലിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു :

2014-15 - 166737995 Kgx19 = 316.80 കോടി രൂപ

2015-16 - 87802746 Kgx19 = 166.82 കോടി രൂപ

(ബി) 15 മുതൽ 45 ദിവസം 26-3-2015 വരെ നെല്ല് ഏറ്റെടുത്ത് കൈപ്പറ്റ് രസീത് തന്നവർക്ക് നെല്ലിന്റെ വില പൂർണ്ണമായും നൽകിയിട്ടുണ്ട്.

(സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക്, നെല്ലിന്റെ സംഭരണവില അടിയന്തരമായി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

**വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽ സപ്ലൈ ഓഫീസ്**

230 (1264) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരധികാരമേറ്റശേഷം പുതിയ താലൂക്ക് സപ്ലൈ ഓഫീസുകൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പുതുതായി രൂപീകരിച്ച വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽ സപ്ലൈ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി താലൂക്ക് സപ്ലൈ ഓഫീസുകൾ അനുവദിച്ചിട്ടില്ല. എന്നാൽ, സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച വെള്ളരിക്കുണ്ട് ഉൾപ്പെടെയുള്ള 12 താലൂക്കുകളിലും സപ്ലൈ ഓഫീസുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**റേഷൻ കാർഡുകളുടെ വിതരണം**

231 (1265) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡുകളുടെ വിതരണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഇതിനായുള്ള ഡാറ്റാ എൻട്രി, വിവരശേഖരണം എന്നീ പ്രവൃത്തികൾ ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത് ;

(സി) പുതിയ കാർഡുകൾ എന്നത്തേക്ക് വിതരണം ചെയ്യുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

(ഡി) ആയത് എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിലെ റേഷൻ കാർഡുകൾ പുതുക്കുന്നതിനായി കാർഡുടമകളിൽ നിന്നും ശേഖരിച്ച വിവരങ്ങളുടെ ഡാറ്റാ എൻട്രി നടത്തുന്ന ഘട്ടത്തിലാണ്.

(ബി) ഡാറ്റാ എൻട്രി സി-ഡിറ്റ്, അക്ഷയ, കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളെയാണ് ഏൽപ്പിച്ചിട്ടുള്ളത്. വിവരശേഖരണത്തിനായി ഒരു ഏജൻസിയേയും ചുമതലപ്പെടുത്തിയിട്ടില്ല.

(സി) 1-7-2015-ന് വിതരണം ചെയ്യാനാകും എന്നാണ് പ്രഖ്യാപിച്ചിരുന്നത്.

(ഡി) മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമുണ്ടായില്ലെങ്കിൽ 1-9-2015-ന് പുതിയ കാർഡുകൾ വിതരണം ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മാവേലിസ്റ്റോറുകൾ**

232 (1266) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച മാവേലിസ്റ്റോറുകളുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) മലപ്പുറം ജില്ലയിൽ അനുവദിച്ച മാവേലിസ്റ്റോറുകൾ ഏതെല്ലാമാണ് ;

അവയിൽ എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഏറനാട് മണ്ഡലത്തിൽ എവിടെയെല്ലാമാണ് പുതിയ മാവേലിസ്റ്റോറുകൾ തുടങ്ങുന്നതിന് അനുമതി നൽകിയത് ; അവയിൽ ഏതെല്ലാം മാവേലിസ്റ്റോറുകൾ പ്രവർത്തനമാരംഭിച്ചു; ഇല്ലെങ്കിൽ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച മാവേലി സ്റ്റോറുകളുടെ ജില്ലതിരിച്ചുള്ള എണ്ണം താഴെ ചേർക്കുന്നു :

| | | |
|---|---|---|
| 1. | തിരുവനന്തപുരം | - 16 |
| 2. | കൊല്ലം | -6 |
| 3. | പത്തനംതിട്ട | - 2 |
| 4. | ആലപ്പുഴ | -1 |
| 5. | കോട്ടയം | -2 |
| 6. | ഇടുക്കി | -2 |
| 7. | എറണാകുളം | - 25 |
| 8. | തൃശ്ശൂർ | -2 |
| 9. | പാലക്കാട് | - 9 |
| 10. | മലപ്പുറം | -18 |
| 11. | കോഴിക്കോട് | - 8 |
| 12. | വയനാട് | -9 |
| 13. | കണ്ണൂർ | -12 |
| 14. | കാസർഗോഡ് | - 3 |
| | ആകെ | 115 എണ്ണം |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലപ്പുറം ജില്ലയിൽ അനുവദിച്ച മാവേലി സ്റ്റോറുകൾ :

1. അച്ചനമ്പലം, തിരൂർ

2. ചെട്ടിപ്പറമ്പ്, പെരിന്തൽമണ്ണ
3. നടുവത്ത്, നിലമ്പൂർ
4. മേൽമുറി, മഞ്ചേരി
5. കുറുകോൽ, തിരൂർ
6. എരുമമുണ്ട, തിരൂർ
7. തച്ചിങ്ങനാടം, പെരിന്തൽമണ്ണ
8. പനങ്ങാങ്ങര, പെരിന്തൽമണ്ണ
9. പടിക്കൽ, തിരൂരങ്ങാടി
10. വെറ്റിലപ്പാറ, മഞ്ചേരി
11. വള്ളുവമ്പ്രം, മഞ്ചേരി,
12. മൂക്കിലപ്പീടിക, തിരൂർ
13. പടപ്പറമ്പ്, പെരിന്തൽമണ്ണ
14. പുതിയേടത്ത് പറമ്പ, തിരൂരങ്ങാടി
15. എടപ്പറ്റ, പെരിന്തൽമണ്ണ
16. കോഴിക്കോട്ടുപറമ്പ്, പെരിന്തൽമണ്ണ
17. നിറമരുതൂർ, തിരൂർ
18. വിളയിൽ, മഞ്ചേരി
19. ചപ്പനങ്ങാടി, തിരൂർ
20. പഞ്ചായത്ത്പടി, തിരൂരങ്ങാടി
21. കാനട്പറമ്പ്, തിരൂരങ്ങാടി.

മേൽപ്പറഞ്ഞവയിൽ ക്രമ നമ്പർ 18 വരെയുള്ളവ (18 ഉൾപ്പെടെ) പ്രവർത്തനം ആരംഭിച്ചു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ ഊർങ്ങാട്ടിരി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ പുതിയ മാവേലി സ്റ്റോർ ആരംഭിച്ചു. നിലവിൽ പ്രസ്തുത മണ്ഡലത്തിൽ അനുമതി നൽകിയിട്ടും പ്രവർത്തനം ആരംഭിക്കാത്ത മാവേലി സ്റ്റോറുകൾ ഇല്ല.

**നിത്യോപയോഗ സാധനങ്ങളുടെ ന്യായവില**

233 (1267) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് മിഷൻ 676 അനുസരിച്ച് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ;

(ബി) ഏതെല്ലാം ഏജൻസികളെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) മിഷൻ 676-ൽ പരാമർശിക്കപ്പെട്ട നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനായി സംസ്ഥാന സർക്കാർ സപ്ലൈകോ മുഖേന നടപ്പിലാക്കിയിട്ടുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വിലനിലവാരം പിടിച്ചുനിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യസാധനങ്ങൾ താഴെ കൊടുത്തിരിക്കുന്ന വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിറ്റുവരുന്നു :

| ക്രമ നമ്പർ | ഇനം | നിവിലെ സബ്സിഡി വില |
|---|---|---|
| 1 | ചെറുപയർ | 74.00 |
| 2 | ഉഴുന്ന് ബോൾ | 66.00 |
| 3 | വൻകടല | 43.00 |
| 4 | വൻപയർ | 45.00 |
| 5 | തുവരപ്പരിപ്പ് | 65.00 |

| | | |
|---|---|---|
| 6 | മുളക് | 75.00 |
| 7 | മല്ലി | 100.00 |
| 8 | പഞ്ചസാര | 25.00 |
| 9 | ജയ അരി | 25.00 |
| 10 | കുറുവ അരി | 25.00 |
| 11 | മട്ട അരി | 25.00 |
| 12 | പച്ചരി സോർട്ടക്സ് | 23.00 |
| 13 | വെളിച്ചെണ്ണ (ലിറ്ററിന്) | 130.00 |

അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും 5-30% വരെ വിലക്കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP-യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

കൂടുതൽ വിൽപ്പനശാലകൾവഴി മിതമായ നിരക്കിൽ വിപണിയിൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമേ ആദിവാസി/ തീരദേശ മേഖലകളിൽ നത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി 23 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു.

ഉപഭോക്താവിന് നല്ല ഗുണമേന്മയുള്ള ഗോതമ്പുപൊടി ലഭ്യമാക്കുന്നതിന് ഒരു കിലോ പായ്ക്കറ്റിന് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും 1300 ഓളം സപ്ലൈകോ വിൽപ്പനശാലകൾവഴിയും വിതരണം ചെയ്തുവരുന്നു

ഇതുകൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ ശബരി ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20-30 ശതമാനം വിലക്കുറവിൽ വിറ്റ് വരുന്നു. കൂടാതെ, സാമ്പാർപൊടി, രസപ്പൊടി, ചിക്കൻമസാല, പുട്ടുപൊടി, അപ്പംപൊടി തുടങ്ങിയവ ശബരി ബ്രാന്റിൽ പുതിയതായി പൊതുവിപണിയിൽ എത്തിച്ചിട്ടുണ്ട്.

ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ ഓണം, റംസാൻ, ക്രിസ്തുമസ്, വിഷു തുടങ്ങിയ ഉത്സവകാലങ്ങളിൽ പ്രത്യേക ഉത്സവകാല ചന്തകൾ സംഘടിപ്പിച്ച് വരുന്നു. കൂടാതെ, എല്ലാ അദ്ധ്യയന വർഷാരംഭങ്ങളിലും വിദ്യാർത്ഥികൾക്ക് ആവശ്യമായ നോട്ട്ബുക്ക്, പെൻസിൽ, പേന, ഇൻസ്ട്രുമെന്റ് ബോക്സ്, ബാഗുകൾ, കുടകൾ തുടങ്ങിയ എല്ലാ പഠനോപകരണങ്ങളും ശരാശരി 20% വിലക്കുറവിൽ ലഭ്യമാക്കിവരുന്നു.

ഇങ്ങനെ പൊതുവിപണിയിൽ സജീവമായി ഇടപെട്ട് നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കി വിലക്കയറ്റം പിടിച്ചുനിർത്താൻ സഹായിക്കുന്നു.

## മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം

234 (T1268) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് നിലവിൽ എന്തെല്ലാം പ്രതിസന്ധികളാണുള്ളത് ; വ്യക്തമാക്കുമോ ;

(ബി) അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) ഈ ഇനത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേന്ദ്രത്തിൽനിന്നും അനുവദിക്കുന്ന സബ്സിഡി മണ്ണെണ്ണ പാചക ആവശ്യത്തിനും വിളക്ക് കത്തിക്കുന്നതിനും മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എങ്കിലും കേന്ദ്രവിഹിതത്തിൽനിന്നും പ്രതിമാസം 2525 കി.ലി. മണ്ണെണ്ണ മത്സ്യബന്ധന മേഖലയ്ക്ക് വകമാറ്റി നൽകിവരുന്നു. ഇതിന്റെ ഫലമായി മണ്ണെണ്ണയുടെ ത്രൈമാസ വിഹിതത്തിൽ 7584 കി.ലി. കുറവ് വരുത്തിയിരുന്നു. സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥനയെ തുടർന്ന് വിഹിതം പുന:സ്ഥാപിച്ചു തന്നുവെങ്കിലും 2015 ഏപ്രിൽമാസം മുതലുള്ള വിഹിതത്തിൽ വീണ്ടും കുറവ് വന്നിട്ടുണ്ട്. മത്സ്യബന്ധന മേഖലയ്ക്ക്

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നോൺ സബ്സിഡി മണ്ണെണ്ണ മാത്രമേ ഉപയോഗിക്കാവൂ എന്ന് കേന്ദ്രത്തിൽനിന്നും വീണ്ടും കർശന നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സബ്സിഡി മണ്ണെണ്ണ തുടർന്നും മത്സ്യബന്ധന മേഖലയ്ക്ക് വകമാറ്റി നൽകിയാൽ മണ്ണെണ്ണയുടെ വിഹിതം വീണ്ടും കുറയുവാൻ സാധ്യതയുണ്ട്.

(ബി) മത്സ്യബന്ധന മേഖലയ്ക്ക് നൽകിവരുന്ന സബ്സിഡി മണ്ണെണ്ണ തുടർന്നും നൽകുവാൻ അനുവദിക്കണമെന്നും നിലവിലെ വിഹിതം തുടർന്നും നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര പെട്രോളിയം മന്ത്രിക്കും കത്തയയ്ക്കുകയും ആയത് എം.പി.-മാരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുമുണ്ട്. കൂടാതെ കേന്ദ്രത്തിൽനിന്നും വെള്ള മണ്ണെണ്ണ വാങ്ങി സബ്സിഡി നിരക്കിൽ മത്സ്യഫെഡ്വഴി വിതരണം ചെയ്യുവാനുമുള്ള നടപടികൾ മത്സ്യബന്ധന വകുപ്പിൽ സ്വീകരിച്ചുവരുന്നു.

(സി) കേന്ദ്രത്തിൽനിന്നും പൊതുവിതരണ സമ്പ്രദായത്തിലൂടെ ലഭ്യമാകുന്ന സബ്സിഡി മണ്ണെണ്ണയിൽനിന്നും 2525 കി.ലി. മണ്ണെണ്ണ മത്സ്യബന്ധന മേഖലയ്ക്ക് നൽകിവരുന്നു.

## മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം

235 (1269) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ നൽകുന്നതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ നടപടി മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ പ്രതികൂലമായി ബാധിക്കുന്നതാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവർക്കുള്ള മണ്ണെണ്ണ വിതരണം തടസ്സമില്ലാതെ തുടരുന്നതിന് ആവശ്യമായ നടപടി സ്വീകിരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കേന്ദ്രത്തിൽനിന്നും സബ്സിഡി നിരക്കിൽ ലഭ്യമാകുന്ന പി.ഡി.എസ്. മണ്ണെണ്ണ മത്സ്യബന്ധന മേഖലയിൽ ഉപയോഗിക്കാൻ പാടില്ല എന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എങ്കിലും 2525 കി.ലി. പി.ഡി.എസ്. മണ്ണെണ്ണ മത്സ്യബന്ധന മേഖലയിൽ വിതരണം ചെയ്തുവരുന്നു. ആയതിനാൽ, സംസ്ഥാനത്തിന് ലഭ്യമാകുന്ന വിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. എങ്കിലും മത്സ്യബന്ധന മേഖലയ്ക്ക് അനുവദിച്ചുവരുന്ന മണ്ണെണ്ണയുടെ അളവിൽ കുറവ്

വരുത്തിയിട്ടില്ല.

(സി) മത്സ്യബന്ധന മേഖലയ്ക്ക് നൽകിവരുന്ന സബ്സിഡി മണ്ണെണ്ണ തുടർന്നും നൽകുവാൻ അനുവദിക്കണമെന്നും നിലവിലെ വിഹിതം തുടരണമെന്നും ആവശ്യപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര പെട്രോളിയം മന്ത്രിക്കും കത്തയയ്ക്കുകയും ആയത് എം.പി.മാരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്രത്തിൽനിന്നും വെള്ളമണ്ണെണ്ണ വാങ്ങി സബ്സിഡി നിരക്കിൽ മത്സ്യഫെഡ്വഴി വിതരണം ചെയ്യുവാനുള്ള നടപടികൾ മത്സ്യബന്ധനവകുപ്പിൽ സ്വീകരിച്ചുവരുന്നു.

**പാചകവാതക വിതരണത്തിലെ കാലതാമസം**

236 (1270) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാചക വാതക വിതരണത്തിൽ പല കമ്പനികളും വലിയ കാലതാമസം വരുത്തുന്നതുമൂലം ഉപഭോക്താക്കൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിലെ ബി.പി.സി.എൽ.-ന് കീഴിലുള്ള ഗ്യാസ് ഏജൻസികളിൽനിന്നും, മാർച്ച് 15-നു ശേഷം ബുക്കുചെയ്ത ഗാർഹിക ഉപഭോക്താക്കൾക്ക് ഇനിയും ഗ്യാസ് വിതരണം ചെയ്യാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊച്ചി ബി.പി.സി.എൽ. പ്ലാന്റിൽ 2015 ഫെബ്രുവരി, ഏപ്രിൽ മാസങ്ങളിൽ ഉണ്ടായ ഡ്രൈവർമാരുടെ സമരം കാരണം മാർച്ച് 15-നുശേഷം ബുക്കു ചെയ്ത ഉപഭോക്താക്കൾക്ക് സിലിണ്ടർ വിതരണം പൂർണ്ണ തോതിൽ നടത്താൻ സാധിച്ചിട്ടില്ല എന്നും കൊരട്ടിയിലെ ഏജൻസികളിലെ സിലിണ്ടർ വിതരണം മൂന്നാഴ്ചയ്ക്കുള്ളിൽ സാധാരണ നിലയിൽ ആകുമെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

**അവശ്യ സാധനങ്ങളുടെ വിലക്കയറ്റം**

237 (1271) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ :

(എ) അവശ്യസാധനങ്ങളുടെ വിലനിലവാരം അമിതമായി വർദ്ധിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) കേന്ദ്രത്തിൽനിന്ന് അനുവദിക്കുന്ന അരി, ഗോതമ്പ് എന്നിവയുടെ വിഹിതം ഗണ്യമായി വെട്ടിക്കുറച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിലെ അരിയുടെയും ഗോതമ്പിന്റെയും കേന്ദ്രവിഹിതം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നൽകാമോ ;

(സി) വെട്ടിക്കുറച്ച കേന്ദ്ര വിഹിതം പുന:സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ ?

<u>ഉത്തരം</u>

(എ) ക്രമാതീതമായ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ നിത്യോപയോഗ സാധനങ്ങൾക്ക് നേരിയ തോതിൽ വില വർദ്ധനവ് ഉണ്ടിയിട്ടുണ്ട്. എന്നിരുന്നാലും സപ്ലൈകോ വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതുമൂലം വിലവർദ്ധനവ് ഒരു പരിധിവരെ പിടിച്ചുനിർത്താൻ സാധിക്കുന്നുണ്ട്. വിപണിയിലുണ്ടാകുന്ന വിലവർദ്ധന പിടിച്ചുനിർത്തുന്നതിനും അതുവഴി പൊതു ജനങ്ങൾക്ക് ആശ്വാസമേകുന്നതിനുമായി സപ്ലൈകോ മുഖേന നടപ്പിലാക്കിയിട്ടുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഫലപ്രദമായ വിപണിയിടപെടൽ പദ്ധതിക്കായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില നിലവാരം പിടിച്ചുനിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾവഴി വിറ്റുവരുന്നു.

2. പ്രാദേശികമായി ജനങ്ങൾക്ക് താൽപര്യമുള്ള വിവിധ ഇനം അരി (മട്ട അരി, ജയ അരി, കുറുവ അരി) എന്നിവ കി.ഗ്രാമിന് 25 രൂപ നിരക്കിലും പച്ചരി 23 രൂപ നിരിക്കിലും പ്രതിമാസം കാർഡ് ഒന്നിന് 10 കി.ഗ്രാം വീതം വിതരണം ചെയ്തുവരുന്നു.

3. കൂടുതൽ വിൽപ്പനശാലകൾവഴി മിതമായ നിരക്കിൽ വിപണിയിൽ

തടസ്സമില്ലാതെ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമെ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി 23 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു.

4. യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾവഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

5. ഗോതമ്പ് പൊടിയുടെ വിലവർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവവഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തിവരുന്നു.

6. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും 15 % വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP യിൽനിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

7. പൊതു വിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പിപ്പൊടി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

8. ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

9. സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

10. ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാ സാധനങ്ങളും ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമാണ് വിൽപ്പനയ്ക്ക് വയ്ക്കുന്നത്.

ഇത്തരത്തിൽ വിപണിയിൽ ഫലപ്രദമായി ഇടപ്പെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി)  നോർമൽ വിഹിതത്തിൽ കുറവ് വന്നിട്ടില്ല. എന്നാൽ 'അഡ്ഹോക്ക്" വിഹിതത്തിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി)  കേന്ദ്ര സർക്കാരുമായി നിരവധി ചർച്ചകൾ നടത്തിയതിന്റെ ഫലമായി അഡ്ഹോക്ക് വിഹിതം കേന്ദ്ര സർക്കാർ പുന:സ്ഥാപിച്ച് നൽകാറുണ്ട്.

**ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ അംഗങ്ങളുടെ നിയമനം**

238 (1272) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം  മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ എത്ര അംഗങ്ങളെ നിയമിച്ചിട്ടുണ്ട് ;

(ബി) അംഗങ്ങളെ നിയമിക്കുന്നതിന് എന്ത് മാനദണ്ഡമാണ് പരിഗണിച്ചത് എന്ന് വ്യക്തമാക്കാമോ ;

(സി) അംഗങ്ങളെ നിയമിച്ചതിൽ അഴിമതി നടന്നതായി വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ട് എങ്കിൽ ഇതിന്മേൽ വകുപ്പ് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ)  ഈ സർക്കാർ  നിലവിൽ വന്നതിനുശേഷം 14 ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലുമായി 25 അംഗങ്ങൾ നിയമിതരായിട്ടുണ്ട്.

(ബി) (i) കമ്മീഷനിലും ഫോറങ്ങളിലും ഒരു അംഗം വനിതയായിരിക്കണം.

(ii) 35 വയസ്സ് പൂർത്തിയായിരിക്കണം.

(iii) അംഗീകൃത സർവ്വകലാശാലയിൽനിന്നും നേടിയ ബിരുദം.

(iv) സാമൂഹിക, സാമ്പത്തിക, നിയമ, വ്യാവസായിക വിഷയങ്ങളിൽ 10 വർഷത്തിൽ കുറയാതെയുള്ള ഇടപെടലും പ്രവർത്തന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പരിചയവും.

(സി&ഡി) ഇല്ല. അടിസ്ഥാനരഹിതമായ വാർത്തകളായിരുന്നു അവ. മാനദണ്ഡങ്ങൾ പാലിച്ചുമാത്രമാണ് എല്ലാ നിയമനങ്ങളും നടത്തിയിട്ടുള്ളത്.

**ഉപഭോക്തൃ ഫോറങ്ങളുടെ പ്രവർത്തനം**

239 (1273) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉപഭോക്തൃ ഫോറങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഫോറത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദീകരിക്കാമോ ;

(സി) ഉപഭോക്തൃഫോറങ്ങൾ പുനഃസംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) ഇത്തരം ഫോറങ്ങൾ പ്രാദേശികമായി പുനഃസംഘടിപ്പിക്കുന്നത് പരിഗണിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനതലത്തിൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും ജില്ലാതലങ്ങളിൽ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഉപഭോക്തൃ ഫോറങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 1986-ലെ ദേശീയ ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ദേശീയ സംസ്ഥാന കമ്മീഷനുകളും ജില്ലാ ഫോറങ്ങളും പ്രവർത്തിച്ചുവരുന്നത്. ഉപഭോക്താവ് എന്ന നിലയിലുള്ള പൊതുജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുകയാണ് പ്രധാനമായും കമ്മീഷന്റെയും ഫോറങ്ങളുടെയും പ്രവർത്തനംവഴി ലക്ഷ്യമിടുന്നത്. ഉപഭോക്താവിന്റെ സുരക്ഷയ്ക്കുള്ള അവകാശം, ഉൽപ്പന്നം/സേവനം സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും അറിയാനുള്ള അവകാശം, തെരഞ്ഞെടുക്കുവാനുള്ള അവകാശം, പരാതിപ്പെടാനുള്ള അവകാശം, പരിഹാരം തേടാനുള്ള അവകാശം, ഉപഭോക്തൃ വിദ്യാഭ്യാസത്തിനുള്ള അവകാശം എന്നിവ സംരക്ഷിക്കപ്പെടേണ്ടതും ഇവയുടെ പ്രധാന ലക്ഷ്യത്തിൽപ്പെടുന്നു.

ഉപഭോക്താക്കൾക്ക് കുറഞ്ഞ ചെലവിൽ വേഗത്തിൽ പരാതി പരിഹാരം ലഭ്യമാക്കുക എന്നതും കമ്മീഷൻ/ഫോറങ്ങൾ ലക്ഷ്യമിടുന്നു.

(സി&ഡി) ഉപഭോക്തൃ സംരക്ഷണ നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമാണ് ഉപഭോക്തൃ ഫോറങ്ങളിൽ നിയമനം നടത്തുന്നത്. പ്രസിഡന്റുമാരുടെയും അംഗങ്ങളുടെയും നിയമന കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ഉണ്ടാകുന്ന ഒഴിവുകൾ നികത്തുകയാണ് ചെയ്യുന്നത്. 5 വർഷം തികയുന്നതോ അല്ലെങ്കിൽ 65 വയസ്സ് പൂർത്തിയാകുന്നതോ ഏതാണോ ആദ്യം എന്നതാണ് പ്രസിഡന്റുമാരുടേയും അംഗങ്ങളുടേയും നിയമന കാലാവധി. എല്ലാ ജില്ലാ ഫോറങ്ങളിലെയും ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നുണ്ട്.

## സ്കൂളുകളിലെ ഉപഭോക്തൃ സംരക്ഷണ ക്ലബ്ബുകൾ

240 (1274) ശ്രീ. പാലോട് രവി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സ്കൂളുകളിൽ ഉപഭോക്തൃ സംരക്ഷണ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) എന്തെല്ലാം ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങളാണ് പ്രസ്തുത ക്ലബ്ബുകൾവഴി നടത്തിവരുന്നത് ; വിശദാംശങ്ങൾ നല്കാമോ ;

(സി) വിദ്യാർത്ഥികൾക്ക് നേരിട്ട് വിപണിയിലെ വില നിലവാരവും പ്രവർത്തനവും മനസ്സിലാക്കുന്നതിനും ഉപഭോക്തൃ അവകാശങ്ങൾ തിരിച്ചറിയുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകിവരുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത 100 സ്കൂളുകളിൽ സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾ പൊതുവിതരണ വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്നു.

(ബി) ഉപഭോക്തൃ സംരക്ഷണ നിയമങ്ങളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുക, അടിസ്ഥാനാവശ്യങ്ങളായ കുടിവെള്ളം, ശുചിത്വം, പൊതുഗതാഗതം, എന്നിവയെക്കുറിച്ചുള്ള പ്രാദേശിക പരാതികൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുക, ദേശീയ/ലോക ഉപഭോക്തൃ ദിനാചരണങ്ങൾ സംഘടിപ്പിക്കുക, ഉപഭോക്തൃ ബോധവൽക്കരണം ലക്ഷ്യമാക്കിയുള്ള സംവാദം, പെയിന്റിംഗ്/ക്വിസ് മൽസരങ്ങൾ എന്നിവ സംഘടിപ്പിക്കുക എന്നീ ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) വിദ്യാർത്ഥികൾക്ക് നേരിട്ട് വിപണിയിലെ വിലനിലവാരവും പ്രവർത്തനവും മനസ്സിലാക്കുന്നതിനും ഉപഭോക്തൃ അവകാശങ്ങൾ തിരിച്ചറിയുന്നതിനും കഴിയുന്ന തരത്തിലുള്ള മാർക്കറ്റ് സർവ്വേ, വ്യാജ ഉൽപ്പന്നങ്ങളും വ്യാജ പരസ്യങ്ങളും തിരിച്ചറിയാനും ഭക്ഷ്യ പദാർത്ഥങ്ങളിലെ മായം ചേർക്കൽ, മലിനീകരണം മുതലായവ തിരിച്ചറിയാനും സഹായിക്കുന്ന പരിശീലന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ സ്കൂൾ കൺസ്യൂമർ ക്ലബ്ബുകളുടെ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഓരോ കൺസ്യൂമർ ക്ലബ്ബിനും 10,000 രൂപ വീതം സംസ്ഥാനത്തെ 100 ക്ലബ്ബുകൾക്കായി 10,00,000 രൂപ കേന്ദ്രധനസഹായമായി ലഭിക്കുകയും ആയത് കൺസ്യൂമർ ക്ലബ്ബുകളുടെ പ്രവർത്തനത്തിനായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

**രജിസ്ട്രേഷൻ വകുപ്പിലെ വിവിധ സേവനങ്ങൾക്കുള്ള ഫീസുകളുടെ വർദ്ധന**

241 (1275) <u>ശ്രീമതി കെ.കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിലെ വിവിധ സേവനങ്ങൾക്കുള്ള ഏതെല്ലാം ഫീസുകളാണ് വർദ്ധിപ്പിച്ചിട്ടുള്ളത് ;

(ബി) ഓരോ ഘട്ടത്തിലും വർദ്ധിപ്പിച്ച ഫീസ് നിരക്കും അതിന് മുമ്പുണ്ടായിരുന്ന ഫീസും എത്രയെന്ന് വിശദമാക്കാമോ ;

(സി) കുടുംബാംഗങ്ങൾ തമ്മിലുള്ള വസ്തുകൈമാറ്റം രജിസ്റ്റർ ചെയ്യുന്നതിന് ഈടാക്കുന്ന ഫീസ് എത്ര ; സ്റ്റാമ്പ് ഡ്യൂട്ടി നിരക്കെത്ര ?

<u>ഉത്തരം</u>

(എ) 1. 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് പ്രകാരം വിവിധ ഇനങ്ങളിന്മേൽ പിഴ ഈടാക്കുന്നതിനുള്ള ഫീസ് 2013- ലെ ഫിനാൻസ് ബിൽ പ്രകാരം വർദ്ധിപ്പിക്കുകയും 2014-ലെ ഫിനാൻസ് ബിൽ പ്രകാരം ആയത് കുറച്ച് ഉത്തരവാകുകയും ചെയ്തു. വിശദവിവരം അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.*

2. 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 23-9-2014-ലെ G.O.(P) No.409/14 /Fin. നമ്പർ ഉത്തരവിലൂടെ 50% വർദ്ധിപ്പിച്ചു. നിലവിൽ 25 രൂപയായിരുന്നത് 38 രൂപയായി വർദ്ധിപ്പിച്ചു. ടി ഉത്തരവിലൂടെ 2005-ലെ വിവരാവകാശ നിയമത്തിലെ 4(2) വകുപ്പ് പ്രകാരംഫ്ളോപ്പി, സി.ഡി., മറ്റേതെങ്കിലും ഇലക്ട്രോണിക് രൂപത്തിൽ വിവരങ്ങൾ നൽകുന്നതിനുള്ള ഫീസ് 50% വർദ്ധിപ്പിച്ചു. നിലവിൽ 50 രൂപയായിരുന്നത് 75 രൂപയായി വർദ്ധിപ്പിച്ചു. ടി ഉത്തരവ് അനുബന്ധം (II) ആയി ചേർത്തിരിക്കുന്നു.*

3. ഫേം രജിസ്ട്രേഷന് രജിസ്ട്രേഷൻ ഫീസ് 15 രൂപയിൽ നിന്ന് 500 രൂപയായും ഭേദഗതി (change) ഫയൽ ചെയ്യുന്നതിന് 5 രൂപയിൽനിന്ന് 200 രൂപയായും തെരച്ചിലിന് 2 രൂപയിൽ നിന്നും 50 രൂപയായും പകർപ്പിന് 10 രൂപയിൽ നിന്ന് 100 രൂപയായും

18-10-2013-ലെ 22657/Leg.A2/2011/ Law നമ്പർ വിജ്ഞാപന പ്രകാരം വർദ്ധിപ്പിക്കുകയുണ്ടായി. ടി വിജ്ഞാപനം അനുബന്ധം (III) ആയി ചേർത്തിരിക്കുന്നു.*

4. ചിട്ടി ഫീസുകൾ G.O.(P) 209/2013/TD തീയതി 18-12-2013 നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചുവെങ്കിലും ടി ഉത്തരവ് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ വർദ്ധനവ് നിലവിൽ വന്നിട്ടില്ല. ടി ഉത്തരവ് അനുബന്ധം (IV) ആയി ചേർത്തിരിക്കുന്നു.*

5. 29-3-2012-ലെ G.O.(P) 8/12/Law, 26-11-2013-ലെ G.O.(P) 7/2013/Law നമ്പർ വിജ്ഞാപനങ്ങൾ പ്രകാരം 1954-ലെ സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള വിവിധ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സേവനങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിച്ചു. ടി ഉത്തരവുകൾ അനുബന്ധം (V) (a) യും (V)(b) യും ആയി ചേർത്തിരിക്കുന്നു.*

6. 27-4-2013-ലെ No. 88/2013/TD നമ്പർ വിജ്ഞാപന പ്രകാരം രജിസ്ട്രേഷൻ ഫീസ് പട്ടിക പ്രകാരമുള്ള വിവിധ സേവന നിരക്കുകളിൽ വർദ്ധവ് വരുത്തിയിട്ടുള്ളതാണ്. വിശദവിവരം അനുബന്ധം (VI) ആയി ചേർത്തിരിക്കുന്നു.*

7. 22-4-2015-ലെ G.O.(P) No. 66/2015/TD നമ്പർ വിജ്ഞാപനത്തിലൂടെ രജിസ്ട്രേഷൻ ഫീസ് പട്ടിക പ്രകാരമുള്ള വിവിധ സേവന നിരക്കുകളിൽ വർദ്ധനവ് വരുത്തി. വിശദവിവരം അനുബന്ധം (VII) ആയി ചേർത്തിരിക്കുന്നു.*

(ബി) വിവിധ ഇനങ്ങളുടെ വർദ്ധിപ്പിച്ച ഫീസ് നിരക്കുകൾ, വർദ്ധനവ് നിലവിൽ വരുന്നതിനു മുമ്പുണ്ടായിരുന്ന ഫീസ് നിരക്കുകൾ എന്നിവ അനുബന്ധം (VIII) ആയി ചേർത്തിരിക്കുന്നു.*

(സി) കുടുംബാംഗങ്ങളുടെ ഭാഗപത്രം, ഒഴിമുറി എന്നീ ആധാരങ്ങൾക്ക് ഫെയർവാല്യൂ പ്രകാരമുള്ള വില/ഫെയർവാല്യൂ പ്രകാരം ആധാരത്തിൽ പ്രസ്താവിച്ചിട്ടുള്ള തുക, ഇവയിൽ ഏതാണോ കൂടുതൽ ആയതിന്റെ 1% എന്നതിനു വിധേയമായി പരമാവധി 1,000 രൂപയും ദാനം, ധനനിശ്ചയം എന്നിവയ്ക്ക് വിലയുടെ 2% എന്നതിനു വിധേയമായി പരമാവധി 1,000 രൂപയുമാണ് സ്റ്റാമ്പ് ഡ്യൂട്ടി നൽകേണ്ടത്.

8-10-2014-ലെ Go(P)No.172/2014/TD വിജ്ഞാപനത്തിലൂടെ കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ദാനം, ഒഴിമുറി, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് മൂല്യം/ന്യായവില, ഇവയിൽ ഏതാണോ കൂടുതൽ ആയതിന്റെ 1% ആണ്.

**ഭൂമി രജിസ്ട്രേഷൻവക വരുമാനം**

242 (1276) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 4 വർഷത്തെ സംസ്ഥാനത്തെ ഭൂമി രജിസ്ട്രേഷന്റെ എണ്ണമെത്രയാണ് ; ഓരോ വർഷത്തെയും കണക്ക് പ്രത്യേകം ലഭ്യമാക്കാമോ ;

(ബി) ഈ വകയിൽ കഴിഞ്ഞ 4 വർഷം സർക്കാരിന് ലഭിച്ച വരുമാനം വാർഷികാടിസ്ഥാനത്തിൽ അറിയിക്കുമോ ;

(സി) വരുമാനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കുറവുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011-12 സാമ്പത്തികവർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | ആധാരങ്ങളുടെ എണ്ണം |
|---|---|
| 2011-2012 | 1310573 |
| 2012-2013 | 1278072 |
| 2013-2014 | 1179064 |
| 2014-2015 | 1053918 |
| ആകെ | 4821627 |

(ബി) 2011-12 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ രജിസ്ട്രേഷൻ വകുപ്പിന്റെ വരുമാനം ചുവടെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | വരുമാനം (കോടി രൂപയിൽ) |
|---|---|
| 2011-2012 | 2773.06 |
| 2012-2013 | 2747.58 |
| 2013-2014 | 2353.49 |
| 2014-2015 | 2390.23 |
| ആകെ | 10264.36 |

(സി) 2011-12 മുതൽ 2013-14 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആധാരങ്ങളുടെ എണ്ണത്തിൽ വലിയ തോതിൽ കുറവ് സംഭവിച്ചതുകൊണ്ട് വരുമാനത്തിലും കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. എന്നാൽ 2014-15 സാമ്പത്തിക വർഷം നവംബർ മാസത്തിൽ ഫെയർ വാല്യൂ വർദ്ധിപ്പിച്ച് ഉത്തരവായതിനാൽ മുൻ വർഷത്തെ അപേക്ഷിച്ച് വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

**ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം**

243 (1277) ശ്രീ. വർക്കല കഹാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത സംവിധാനംവഴി എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഓൺലൈൻ സംവിധാനവുമായി സഹകരിക്കുന്നവർ ആരൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ, ആധാരങ്ങൾ തയ്യാറാക്കി ആധാരവിവരങ്ങൾ ഓൺലൈനായി സമർപ്പിക്കുവാനും കക്ഷിയുടെ സൗകര്യത്തിന് അനുസരിച്ച് തീയതിയും സമയവും നിശ്ചയിച്ചുകൊണ്ടുള്ള ടോക്കൺ നേരത്തെ എടുക്കാനുമുള്ള സൗകര്യം തിരുവനന്തപുരം ജില്ലയിലെ 41 സബ് രജിസ്ട്രാർ ഓഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളിൽക്കൂടി ഈ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആധാര രജിസ്ട്രേഷന്റെ ദിവസവും സമയവും മുൻകൂട്ടി നിശ്ചയിച്ചു നൽകിക്കൊണ്ട് രജിസ്ട്രേഷനുവേണ്ടി കാത്തുനിന്ന് പൊതുജനങ്ങൾക്കുണ്ടാകുന്ന സമയനഷ്ടം ഒഴിവാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഓൺലൈൻ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 314 സബ് രജിസ്ട്രാർ ഓഫീസുക ളിലെയും വിവരങ്ങൾ ക്രോഡീകരിച്ച് തിരുവനന്തപുരത്തുള്ള ഡാറ്റാ സെന്ററിലെ കമ്പ്യൂട്ടറുകളിൽ ശേഖരിക്കുകവഴി രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേയ്ക്ക് മാറുന്നു എന്നതാണ് ഈ പദ്ധതിയുടെ പ്രാധാന്യം.

(സി) രജിസ്ട്രേഷനായി ആഫീസിൽ ഹാജരാക്കേണ്ട സമയം കക്ഷികൾക്കു തന്നെ നിശ്ചയിക്കുന്നതിനുള്ള സൗകര്യമാണ് ഈ സംവിധാനത്തിലൂടെ ലഭിക്കുന്നത്. ഇതിലൂടെ പൊതുജനങ്ങൾക്ക് സമയലാഭം ഉണ്ടാകുന്നതാണ്.

ഹാജരാക്കുന്ന ആധാരങ്ങളുടെ രജിസ്ട്രേഷൻ വ്യക്തമായ കാരണങ്ങൾ ഇല്ലാതെ നീട്ടിവയ്ക്കുന്നു എന്ന പരാതിയും ഇതിലൂടെ പരിഹരിക്കുവാൻ സാധിക്കും. കൂടാതെ വിദേശത്തുള്ള കക്ഷികൾക്ക് ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അവരുടെ ഫോട്ടോ, വിരൽപതിപ്പ് എന്നിവ ഓൺലൈനായി സബ് രജിസ്ട്രാർ ഓഫീസിൽ സമർപ്പിക്കുവാനും ഭാവിയിൽ സാധിക്കുന്നതാണ്.

(ഡി) രജിസ്ട്രേഷൻ, ട്രഷറി വകുപ്പുകൾക്ക് പുറമെ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, സി-ഡിറ്റ്, കെൽട്രോൺ എന്നീ സർക്കാർ സ്ഥാപനങ്ങൾ ഓൺലൈൻ പദ്ധതിയുമായി സഹകരിക്കുന്നു.

(ഇ) 1. പദ്ധതിയുടെ പരീക്ഷണഘട്ടത്തിന് തിരുവനന്തപുരം ജില്ലയിലെ പട്ടം സബ് രജിസ്ട്രാർ ഓഫീസിൽ 1-9-2011-ൽ തുടക്കം കുറിക്കുകയും ആയത് വിജയകരമായി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ 41 സബ് രജിസ്ട്രാർ ഓഫീസുകളിൽ പദ്ധതി നടപ്പാക്കുകയും ചെയ്തു.

2. ആദ്യഘട്ടത്തിൽ ബാധ്യതാ സർട്ടിഫിക്കറ്റുകൾ, ആധാരപ്പകർപ്പുകൾ, വിവാഹം, ഗഹാൻ എന്നീ സേവനങ്ങൾക്കുള്ള അപേക്ഷാ വിവരങ്ങൾ തുടങ്ങിയവ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി. നിലവിൽ ആധാരങ്ങൾ തയ്യാറാക്കി ഓൺലൈനായി സമർപ്പിക്കുവാനും കക്ഷിയുടെ സൗകര്യത്തിന് അനുസരിച്ച് തീയതിയും സമയവും നിശ്ചയിച്ചുകൊണ്ടുള്ള ടോക്കൺ നേരത്തെ എടുക്കാനുള്ള സൗകര്യവും തിരുവനന്തപുരം ജില്ലയിലെ 41 സബ് രജിസ്ട്രാർ ഓഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

3. സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്ട്രേഷനുകൾക്ക് ഹാജരാക്കുന്ന ആധാരങ്ങളുടെ ഘടനയ്ക്ക് ഏകീകൃത രൂപവും നിലവാരവും കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

4. മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ നൽകുന്ന ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ പ്രാരംഭ ഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

5. സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളായി സൂക്ഷിച്ചിരിക്കുന്ന ആധാരപ്പകർപ്പുകൾ സ്കാൻ ചെയ്തുകൊണ്ട് ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു. ഇതിലൂടെ രജിസ്റ്റർ വാല്യങ്ങളിലെ വിവരങ്ങൾ നശിച്ചുപോകാതെ സംരക്ഷിക്കുവാനും ആധാരപ്പകർപ്പുകൾ അപേക്ഷകർക്ക് ഒട്ടും കാലതാമസം കൂടാതെ നൽകുവാനും കഴിയുന്നതാണ്.

6. ബാധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നൽകുന്നതിനായി 1980 മുതലുള്ള ആധാര വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഭൂമിയുടെ ന്യായവില നിർണ്ണയം**

244 (1278) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയുടെ ന്യായവില നിർണ്ണയിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ് ; ആയതു എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ബി) സർക്കാർ നിശ്ചയിച്ച ന്യായവില സംബന്ധിച്ച പരാതികളിൽ തീർപ്പുകൽപ്പിക്കാൻ കാലതാമസം നേരിടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ന്യായവില പുനർനിർണ്ണയിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) വില കുറച്ച് ആധാരം രജിസ്റ്റർചെയ്ത കേസുകളിലുള്ള അപ്പീലുകൾ കാലതാമസമില്ലാതെ തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എല്ലാ ജില്ലകളിലും ഭൂമിയുടെ ന്യായവില നിർണ്ണയ നടപടികൾ 6-3-2010-ൽ പൂർത്തിയായി. ആയത് 2010 ഏപ്രിൽ 1-ന് പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. ന്യായവില നിശ്ചയിച്ചിട്ടില്ലാത്ത കേസുകളിൽ കക്ഷികളുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ അതത് RDO സ്വീകരിച്ചുവരുന്നുണ്ട്.

ഭൂമിയുടെ ന്യായവില നിർണ്ണയവുമായി ബന്ധപ്പെട്ട ഗസറ്റ് വിജ്ഞാപനത്തിൽ, വില ചേർക്കാൻ വിട്ടുപോയ സർവ്വേ നമ്പരുകൾ, ഗവൺമെന്റ് പ്രോപ്പർട്ടി എന്ന് തെറ്റായി രേഖപ്പെടുത്തിയവ, ദേശവ്യത്യാസം, ബ്ലോക്ക് വ്യത്യാസം മുതലായ കേസുകളിൽ വില്ലേജാഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വില നിർണ്ണയിച്ച് അപാകതകൾ പരിഹരിച്ച് ജില്ലാ കളക്ടർമാർ ഗസറ്റ് വിജ്ഞാപനം ചെയ്യുന്നുണ്ട്. പുതിയ സർവ്വേ സബ് ഡിവിഷൻ നമ്പരിന് ഫെയർ വാല്യൂ വിവരങ്ങൾ ആവശ്യമായി വരുന്നതിനാൽ ആയതിന്റെ അപേക്ഷകൾ പരിഗണിച്ച് ന്യായവില നിർണ്ണയിച്ച് നൽകുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട സബ് കളക്ടർ/RDO സ്വീകരിച്ചുവരുന്നു.

(ബി) സർക്കാർ നിശ്ചയിച്ച ന്യായവില സംബന്ധിച്ച പരാതികളിൽ തീർപ്പ് കൽപ്പിക്കാൻ കാലതാമസം നേരിടാറില്ല. ന്യായവില സംബന്ധിച്ച് ലഭിക്കുന്ന പരാതിയിന്മേൽ വില്ലേജാഫീസറുടെ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയതിനുശേഷം അർഹതയുള്ളവയിന്മേൽ RDO തീർപ്പ് കൽപ്പിച്ച് വരുന്നുണ്ട്. എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ അങ്കമാലി വില്ലേജിലെ ഭൂമിയുടെ ന്യായവില നിർണ്ണയം സംബന്ധിച്ച് ധാരാളം അപ്പീലുകൾ ലഭിക്കുന്നതിനാൽ ആയത് തീർക്കുന്നതിന് ചെറിയ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ന്യായവില പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് 17-3-2015-ന് ബഹു. റവന്യൂ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയും ചേർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഒരു യോഗം ചേരുകയുണ്ടായി. യോഗതീരുമാനപ്രകാരം ഒരു സബ് കമ്മിറ്റി രൂപീകരിച്ച് ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കുന്നതിലെ അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വിലകുറച്ച് ആധാരം രജിസ്റ്റർ ചെയ്ത കേസുകളിൽ ജില്ലാ രജിസ്ട്രാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെമേൽ അപ്പീൽ കേൾക്കാനുള്ള അധികാരം കോടതികൾക്കാണ്. അതുകൊണ്ട് അപ്പീലുകൾ തീർപ്പാക്കാനുള്ള കാലതാമസം സംബന്ധിച്ച് വകുപ്പുതലത്തിൽ നടപടി സ്വീകരിക്കാൻ കഴിയില്ല.

**രജിസ്ട്രേഷൻ വകുപ്പിലെ നടപ്പിലാക്കാത്ത പദ്ധതികൾ**

245 (1279) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിലെ ബജറ്റ് പ്രസംഗങ്ങളിൽ രജിസ്ട്രേഷൻ വകുപ്പിൻ കീഴിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ട ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതെ പോയതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം ബജറ്റ് പ്രസംഗങ്ങളിൽ രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

| വർഷം | നടപ്പിലാക്കാത്ത പദ്ധതി |
|---|---|
| 2011-12 | ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിട്ടില്ല. 2015 ആഗസ്റ്റ് മാസംമുതൽ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. |
| 2012-13 | 2012-13 സാമ്പത്തിക വർഷം പ്രഖ്യാപിച്ച രണ്ട് പദ്ധതികൾ ഭാഗീകമായി പൂർത്തിയാക്കുകയുണ്ടായി. സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ നെറ്റ് വർക്ക് മുഖാന്തിരം തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ എത്തിച്ചുകൊണ്ട് കേരളത്തിൽ ഭൂമി സംബന്ധമായ രജിസ്ട്രേഷൻ വിവരങ്ങൾ ഒരു സ്ഥലത്ത് കേന്ദ്രീകരിക്കുന്ന പദ്ധതി എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പുരോഗമിക്കുകയാണ്. മറ്റൊരു പദ്ധതിയായ ഏകജാലക സംവിധാനം ജീവനക്കാരുടെ കുറവുമൂലം ഭാഗീകമായി മാത്രമേ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളൂ. |
| 2013-14 | തിരുവനന്തപുരം ജില്ലയിലെ 10 സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാരപരിധി പുനർനിർണ്ണയിച്ചുകൊണ്ട് ഏത് ആധാരവും ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാവുന്ന സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുമെന്നുള്ള പ്രഖ്യാപനം നെറ്റ് വർക്കിംഗ് പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് |

| | |
|---|---|
| | പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കുന്നതാണ്. തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങളുടെ രജിസ്ട്രേഷൻ നിയമവും ഇൻഡ്യൻ സൊസൈറ്റി രജിസ്ട്രേഷൻ നിയമവും ഏകീകരിച്ചുകൊണ്ട് കേരളത്തിൽ പുതിയ സൊസൈറ്റി രജിസ്ട്രേഷൻ നിയമം നടപ്പിലാക്കുമെന്നുള്ള പ്രഖ്യാപനവും നടപ്പിലാക്കിയിട്ടില്ല. |
| 2014-15 | എടവണ്ണ ആസ്ഥാനമാക്കി പുതിയ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പിലായിട്ടില്ല. എറണാകുളം ജില്ലയിലെ കുത്താട്ടുകുളത്ത് രജിസ്ട്രേഷൻ വകുപ്പിന്റെ ട്രെയിനിംഗ് സെന്റർ നിർമ്മിക്കുവാനുള്ള പദ്ധതിക്ക് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. ട്രെയിനിംഗ് സെന്റർ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

## ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം

246 (1280) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ ; ഇത് എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പാലത്തിന്റെ പണി ദീർഘനാളായി സ്തംഭനത്തിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പാലത്തിന്റെ പണികൾ പുനരാരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്നുമുതൽ തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

<u>ഉത്തരം</u>

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം 16-7-2010-ലാണ് ആരംഭിച്ചത്. എഗ്രിമെന്റ് പ്രകാരം 6-1-2012-ലാണ് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം ഏറ്റെടുത്തിരുന്ന കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പ്രസ്തുത പ്രവൃത്തി പൂർണ്ണമായും നിർത്തിവച്ചിരിക്കുന്നതിനാൽ കരാർ റദ്ദ് ചെയ്ത് കൺസ്ട്രക്ഷൻ കോർപറേഷന്റെ നഷ്ടോത്തരവാദിത്വത്തിൽ ബാക്കി പണികൾ റീടെണ്ടർ ചെയ്തിട്ടുണ്ട്.

## പി.ഡബ്ല്യൂ.ഡി.ലൈമാൻ നിയമനം

247 (1281) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ഡബ്ല്യൂ.ഡി. ലൈൻമാൻ നിയമനം സംബന്ധിച്ച് പത്തനംതിട്ട ജില്ലയിലെ ഉദ്യോഗാർത്ഥികൾ നൽകിയ പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) 25-7-1983-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ലൈൻമാൻ, അസി. ലൈൻമാൻ, ഹെൽപ്പർ തസ്തികകളുടെ ആകെ എണ്ണം ഇപ്പോഴും നിലനിൽക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

### ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ ലൈൻമാൻമാരുടെ 8 തസ്തികകളാണ് ഉള്ളത്. എന്നാൽ 18 തസ്തികകളുണ്ടെന്നും അത്രയും ഒഴിവുകൾ പി.എസ്.സി.-യെ അറിയിക്കണമെന്നുമായിരുന്നു ഉദ്യോഗാർത്ഥികളുടെ പരാതിയിലെ ആവശ്യം. എന്നാൽ നിലവിലുള്ളത് 8 തസ്തികകൾ മാത്രമായതിനാലും ഈ തസ്തികയിൽ ഒഴിവില്ലാതിരുന്നതിനാലും ഉദ്യോഗാർത്ഥികളുടെ ആവശ്യത്തിന്മേൽ തുടർ നടപടികളൊന്നും സ്വീകരിച്ചിരുന്നില്ല. ഉദ്യോഗാർത്ഥിയായ ശ്രീ. എസ്.ഡി. ദിലീപ് സമർപ്പിച്ച ഒ.എ. നമ്പർ 300/2014-ൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ആവശ്യപ്പെട്ട പ്രകാരം കേസ്സിന്റെ അന്തിമ വിധിക്ക് വിധേയമായി ലൈൻമാന്റെ 10 ഒഴിവുകൾ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ
പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്.

(ബി) ജി.ഒ.(എംഎസ്.) നമ്പർ 80/83/പൊ.മ.വ, തീയതി 25-7-1983 ഉത്തരവ് പ്രകാരം ഇലക്ട്രിക്കൽ സബ് ഡിവിഷൻ പത്തനംതിട്ടയിൽ ലൈൻമാൻ 2, അസിസ്റ്റന്റ് ലൈൻമാൻ 2, ഹെൽപ്പർ-4, ഇലക്ട്രിക്കൽ സെക്ഷൻ പത്തനംതിട്ടയിൽ ലൈൻമാൻ 2, അസിസ്റ്റന്റ് ലൈൻമാൻ-2, ഹെൽപ്പർ-1,

തിരുവല്ല സെക്ഷനിൽ ലൈൻമാൻ -2, അസിസ്റ്റന്റ് ലൈൻമാൻ-2, ഹെൽപ്പർ-1 എന്നീ തസ്തികകൾക്ക് താൽക്കാലിക അനുമതി നൽകിയിരുന്നു. ലൈൻമാൻ, അസിസ്റ്റന്റ് ലൈൻമാൻ, ഹെൽപ്പർ എന്നീ തസ്തികകൾ 1-3-1997 മുതൽ പ്രാബല്യത്തിൽ ഏകോപിപ്പിച്ചതിനാൽ ഇപ്പോൾ ലൈൻമാൻ തസ്തികകൾ മാത്രമാണുള്ളത്. ജി.ഒ.(എംഎസ്.) 16/2010/പൊ.മ.വ. തീയതി 22-3-2010 പ്രകാരം 2010 മുതൽ തിരുവല്ല സെക്ഷനിൽ 4 ലൈൻമാൻമാരുടെയും പത്തനംതിട്ട ഇലക്ട്രിക്കൽ സെക്ഷനിൽ 4 ലൈൻമാൻമാരുടെയും വീതം തസ്തികകൾക്കാണ് സ്ഥിരാംഗീകാരം ലഭിച്ചിട്ടുള്ളത്. ഈ തസ്തികകളിൽ 8 ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്.

**പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ**

248 (1282) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടി പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) എയർപോർട്ട്, ഹജ്ജ് ഹൗസ് എന്നിവയ്ക്ക് സമീപമുള്ള പ്രസ്തുത റസ്റ്റ് ഹൗസിന് മുകൾ നില പണിയുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് നൽകിയ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ജലലഭ്യത ഇല്ല എന്നുള്ളതാണ് കൊണ്ടോട്ടി പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസിന്റെ ഏറ്റവും വലിയ പോരായ്മ. ഇത് പരിഹരിക്കുന്നതിനായി ഒരു കുഴൽക്കിണർ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി ഇൻവെർട്ടർ, വി.ഐ.പി. റൂമിൽ എയർ കണ്ടീഷണർ, ടി.വി., ഫർണിച്ചർ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളും ഉദ്ദേശിക്കുന്നു.

(ബി) റസ്റ്റ് ഹൗസിന് മുകൾനില പണിയുന്നതിനുള്ള 65 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കുവേണ്ടി തയ്യാറാക്കിവരുന്നു. ഇതിൽ താഴെപ്പറയുന്നവകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ഫർണിച്ചർ വാങ്ങൽ-രണ്ടു ലക്ഷം രൂപ

2. ഇലക്ട്രിഫിക്കേഷൻ- അഞ്ചു ലക്ഷം രൂപ

3. കുഴൽക്കിണർ & പമ്പ് സെറ്റ്- ഒന്നര ലക്ഷം രൂപ

4. ഇലക്ട്രോണിക് ഐറ്റം - മൂന്നര ലക്ഷം രൂപ

5. കെട്ടിടത്തിന്റെ മുകൾ നിലയിൽ 5 റൂമുകൾ, ഒരു കോൺഫറൻസ് ഹാൾ എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**ഹയർ സെക്കന്ററി സ്കൂളുകൾക്ക് കെട്ടിടം**

249 (1283) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കര മണ്ഡലത്തിലെ കുന്നം ഹയർ സെക്കന്ററി സ്കൂളിനും ഇറവങ്കര വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനും കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്നും ആവശ്യമായ തുക അനുവദിക്കുമോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

മാവേലിക്കര മണ്ഡലത്തിലെ കുന്നം ഹയർ സെക്കന്ററി സ്കൂളിനും ഇറവങ്കര വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനും കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് ആലപ്പുഴ കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർ പ്രവൃത്തികൾക്കുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

**അടൂർ നിയോജക മണ്ഡലത്തിലെ വിവിധങ്ങളായ പദ്ധതികൾ**

250 (1284) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് അടൂർ നിയോജകമണ്ഡലത്തിൽ വിവിധങ്ങളായ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്ന തുമായ പ്രവൃത്തികളുടെ പേരുവിവരവും നിലവിലുള്ള

സ്ഥിതിയും സംബന്ധിച്ച വാർഷിക ക്രമത്തിലുള്ള വിവരം പദ്ധതി തിരിച്ച് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

പൊതുമരാമത്ത് വകുപ്പിൻ കീഴിൽ അടൂർ നിയോജകമണ്ഡലത്തിൽ കെട്ടിട വിഭാഗം, നിരത്തുവിഭാഗം എന്നിവയുമായി ബന്ധപ്പെട്ട് വിവിധങ്ങളായ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ പേരുവിവരവും നിലവിലുള്ള സ്ഥിതിയും സംബന്ധിച്ച വാർഷിക ക്രമത്തിലുള്ള വിവരം പദ്ധതി തിരിച്ച് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

**കേന്ദ്ര സർക്കാരിന് ശിപാർശ ചെയ്ത നിരത്തുകൾ, പാലങ്ങൾ**

251 (1285) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം കേന്ദ്ര സർക്കാരിലേയ്ക്ക് നിർമ്മാണത്തിന് ശിപാർശ ചെയ്ത നബാർഡ് സഹായത്തോടെയുള്ള നിരത്തുകളുടെയും പാലങ്ങളുടെയും വിശദാംശങ്ങൾ മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ ;

(ബി) ഇവയിൽ കേന്ദ്ര സർക്കാർ അംഗീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ചേലക്കര മണ്ഡലത്തിലെ കുത്താമ്പുള്ളി-മായന്നൂർ റോഡ്, പാലം എന്നിവയുടെ നിർമ്മാണ പദ്ധതി പരിഗണനയിലുണ്ടോ ; ആയതിനായി നബാർഡിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ ടി പദ്ധതിയെ ഈ വർഷത്തെ പദ്ധതികളിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2014-15) സർക്കാർ ശിപാർശ ചെയ്ത് നബാർഡിലേയ്ക്ക് സമർപ്പിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു*

(ബി) നബാർഡ് അംഗീകരിച്ച് ഭരണാനുമതി നൽകിയ പദ്ധതികളുടെ പട്ടിക

അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു.*

(സി) ചേലക്കര നിയോജകമണ്ഡലത്തിലെ കൊണ്ടാഴി-കുത്താമ്പുള്ളി പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിന് നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-XVI സ്കീമിൽ (2010-11) ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നെങ്കിലും സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുവാൻ കാലതാമസം വന്നതിനാൽ നിർമ്മാണം ആരംഭിക്കാൻ സാധിച്ചില്ല.

(ഡി) കൊണ്ടാഴി-കുത്താമ്പുള്ളി പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനായി സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായശേഷം നബാർഡിൽനിന്നും ധനസഹായം ലഭിക്കുന്നതിന് ശിപാർശ ചെയ്യുന്നകാര്യം പരിഗണിക്കുന്നതാണ്.

**മലപ്പുറം ജില്ലയിലെ തീരദേശ ഹൈവേ**

252 (1286) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ ഹൈവേയുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത റോഡിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട എന്തെല്ലാം നടപടികളാണ് പൂർത്തിയായിട്ടുള്ളതെന്നും എന്തെങ്കിലും തർക്കം നിലനിൽക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ ;

(സി) മലപ്പുറം ജില്ലയിലൂടെ എത്ര കിലോമീറ്റർ ഈ റോഡ് കടന്നുപോകുമെന്നും ഈ പ്രദേശത്തെ സ്ഥലമെടുപ്പ് ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ ;

(ഡി) ഏത് ഏജൻസിക്കാണ് ഈ റോഡിന്റെ നിർമ്മാണ ചുമതലയെന്നും പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) തീരദേശ ഹൈവേയുടെ ആദ്യ റീച്ചായ ആശാൻപടിമുതൽ പറവണ്ണ വരെയുള്ള 4.5 കി.മീ. റോഡിന്റെ പണി പൂർത്തിയായിട്ടുണ്ട്.

(ബി&സി) പറവണ്ണമുതൽ ചീരാൻ കടപ്പുറംവരെയുള്ള 5.0 കിലോമീറ്ററും ആശാൻ പടിമുതൽ തിരൂർപുഴ വരെയുള്ള 1.8 കിലോമീറ്ററും സ്ഥലം ഏറ്റെടുക്കുവാനുള്ള ജോയിന്റ് സൈറ്റ് ഇൻസ്പെക്ഷൻ 14-10-2014-ന് പൂർത്തീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്ന രണ്ട് ശ്മശാനങ്ങളും ചില സ്വകാര്യ വ്യക്തികളുടെ എതിർപ്പും നിലനിൽക്കുന്നുണ്ട്. ആശാൻപടിമുതൽ ട്രാൻസ്ഫോർമർ റോഡ്‌വരെയുള്ള ഭാഗത്ത്, തിരൂർപുഴമുതൽ ട്രാൻസ്ഫോർമർവരെയുള്ള ഭാഗം കല്ലിട്ട് തിരിക്കുവാൻ നാട്ടുകാരുടെ എതിർപ്പുമൂലം സാധിച്ചിട്ടില്ല. മലപ്പുറം ജില്ലയിലൂടെ 30 കിലോമീറ്റർ ദൂരമാണ് ഈ റോഡിനുള്ളത്.

(ഡി) പ്രസ്തുത റോഡിന്റെ നിർമ്മാണച്ചുമതല ആർ.ബി.ഡി.സി.കെ. ലിമിറ്റഡിനാണ്. റവന്യൂ വകുപ്പുവഴി സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞാലുടൻ തന്നെ പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

**മലപ്പുറം ജില്ലയിലെ തിരുനാവായ തവനൂർ പാലം**

253 (1287) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ തിരുനാവായ-തവനൂർ പാലത്തിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന്റെ സ്ഥലമെടുപ്പ് നടപടികൾക്കാവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത് ;

(ഡി) സംസ്ഥാന റോഡ്സ് & ബ്രിഡ്ജ് കോർപ്പറേഷൻ തിരുനാവായ-തവനൂർ പാലവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) തുക വകയിരുത്തിയിട്ടില്ല.

(സി) സ്ഥലമെടുപ്പ് നടപടികൾക്കാവശ്യമായ തുക അനുവദിച്ചിട്ടില്ല.

(ഡി) സർവ്വേ നടത്തി പാലത്തിന്റെ രൂപരേഖ തയ്യാറാക്കി അതിർത്തിക്കല്ലുകൾ സ്ഥാപിച്ചു. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി അർത്ഥനാപത്രം മലപ്പുറം ജില്ലാകലക്ടർക്ക് സമർപ്പിച്ചു. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി ജില്ലാ പർച്ചേസ് കമ്മിറ്റി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയെങ്കിലും വിലയിൽ

ധാരണയിലത്താൻ കഴിഞ്ഞിട്ടില്ല.

## കെ.എസ്.ടി.പി. ഒന്നാം ഘട്ട റോഡ് പുന:നിർമ്മാണം

254 (1288) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി. ഒന്നാം ഘട്ടത്തിന്റെ ഭാഗമായി റോഡ് പുനർ നിർമ്മാണത്തിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ;

(ബി) പുനർനിർമ്മാണത്തിനുള്ള അടങ്കൽ എത്രയാണ് ;

(സി) എന്തെല്ലാം പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത് ;

(ഡി) ഒന്നാം ഘട്ടമായി ഏതെല്ലാം പ്രദേശങ്ങളാണ് പുനർനിർമ്മിക്കുന്നത് ; നിർമ്മാണം എന്നത്തേക്ക് ആരംഭിക്കും ?

<u>ഉത്തരം</u>

(എ-ഡി) കെ.എസ്.ടി.പി. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി വികസിപ്പിച്ച പാലക്കാട്- ഷൊർണ്ണൂർ റോഡ്, ചൂണ്ടൽ-കുറ്റിപ്പുറം റോഡ്, അടൂർ - ചെങ്ങന്നൂർ റോഡ്, മൂവാറ്റുപുഴ-അങ്കമാലി റോഡ്, മൂവാറ്റുപുഴ-തൊടുപുഴ റോഡ് എന്നീ 150 കി.മീറ്ററോളം വരുന്ന റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതിക്കായി ലോകബാങ്കിന് സമർപ്പിച്ചിട്ടുണ്ട്. 172 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന ടി പ്രവൃത്തികൾക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെൻഡർ ചെയ്തു നടപ്പിലാക്കുന്നതാണ്. റോഡുകളുടെ ഉപരിതലം പുതുക്കൽ, ഓടകൾ, കലുങ്കുകൾ ഇവയുടെ വൃത്തിയാക്കൽ, ആവശ്യമായ റോഡ് സുരക്ഷാ പ്രവൃത്തികൾ, റോഡ് മാർക്കിംഗ്, സൈൻ ബോർഡുകൾ എന്നീ പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## പി.ഡബ്ല്യു.ഡി. കരാറുകാർക്കുള്ള കുടിശ്ശിക

255 (1289) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ഡബ്ല്യൂ.ഡി. കരാറുകാർക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമൂലം കരാർ പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) കുടിശ്ശിക തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കരാറുകാർക്ക് 28-2-2015 വരെ കുടിശ്ശിക ബില്ലിനത്തിൽ 1711.19 കോടി രൂപയും കെട്ടിടവിഭാഗത്തിൽ 02/2015 വരെ 477.97 കോടി രൂപയും ദേശീയപാതാ വിഭാഗത്തിൽ 45.72 കോടി രൂപയും കുടിശ്ശിക നൽകാനുണ്ട്.

(ബി) സാമ്പത്തിക പ്രതിസന്ധി കാരണം പൊതുമരാമത്ത് വകുപ്പിൽ നേരത്തേ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ മടി കാണിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം നിലവിൽ വന്നശേഷം സ്ഥിതിഗതികൾ മെച്ചപ്പെട്ടിട്ടുണ്ട്.

(സി) കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. റോഡുകളും പാലങ്ങളും വിഭാഗത്തിലെ സെപ്റ്റംബർ 2014 വരെയുള്ള ബില്ലുകൾക്കും കെട്ടിടവിഭാഗത്തിലെ ഡിസംബർ 2014 വരെയുള്ള ബില്ലുകൾക്കും ബിൽ ഡിസ്കൗണ്ടിംഗ് നൽകി തുക നൽകാൻ ഉത്തരവായിട്ടുണ്ട്. ബിൽ ഡിസ്കൗണ്ട് ചെയ്യുമ്പോൾ കരാറുകാർ വഹിക്കേണ്ടിവരുന്ന പലിശയുടെ 50% സർക്കാർ വഹിക്കുന്നതാണ്.

## കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ ഏൽപ്പിക്കുന്ന പി.ഡബ്ല്യൂ.ഡി.ജോലികൾ

256 (1290) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ജോലികൾ ഏറ്റെടുത്ത് നടത്തുന്നുണ്ടോ ; എങ്കിൽ ഇതിന്റെ മാനദണ്ഡം വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത കോർപ്പറേഷൻ ലിമിറ്റഡിന് എത്ര രൂപയുടെ ജോലികൾ പി.ഡബ്ല്യു.ഡി. നൽകിയിട്ടുണ്ട് ; ഇവ ഏതൊക്കെയെന്നും എവിടെയൊക്കയെന്നും ഓരോന്നും എത്ര രൂപയുടെ വീതം

ജോലിയാണെന്നും നിയോജക മണ്ഡലം തിരിച്ച് വിശദമാക്കുമോ ;

(സി) ടെണ്ടർ ചെയ്യാതെ പ്രസ്തുത കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെ ; ഓരോന്നിന്റെയും വിശദാംശങ്ങളും തുകയും നിയോജകമണ്ഡലം ഏതെന്നും വിശദമാക്കുമോ ;

(ഡി) ടെണ്ടർ ചെയ്യാതെ കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന് പ്രവൃത്തികൾ കൊടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ സർക്കാരിന്റെ ടെണ്ടറുകളിൽ പങ്കെടുക്കുവാൻ പ്രീ-ക്വാളിഫൈ ചെയ്തിട്ടുണ്ട്. 18-8-1998-ലെ സർക്കാർ ഉത്തരവ് പ്രകാരം ഇ.എം.ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 'എ' ക്ലാസ്സ് കോൺട്രാക്ടറായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുപുറമേ, മറ്റ് കരാറുകാരിൽനിന്നും 10% അധിക നിരക്കിൽ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ടെണ്ടർ സമർപ്പിച്ചാൽ പ്രസ്തുത കരാർ പരിഗണിക്കാനും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ 13-1-2015 മുതൽ ഈ ആനുകൂല്യം നിർത്തൽ ചെയ്തു.

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ടെണ്ടറുകളിൽ കരാറുകാർ പങ്കെടുക്കാത്ത കേസ്സുകളിലും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം കണക്കിലെടുത്തും സർക്കാർ നേരിട്ട് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ വർക്കുകൾ ഏൽപ്പിക്കാറുണ്ട്. ഇത്തരം വർക്കുകൾ കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ 7-9-2007-ലെ ജി.ഒ.(പി) നമ്പർ 408/2007/ഫിൻ. പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് ചെയ്യുന്നത്. വർക്ക് ടെണ്ടർ ചെയ്യാത്തപക്ഷം എസ്റ്റിമേറ്റ് നിരക്കിലും കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് ഒഴിവാക്കിയുമാണ് പ്രവൃത്തി ചെയ്യുന്നത്.

**റോഡ് നിർമ്മാണത്തിന് പുതിയ സ്ഥാപനം**

257 (1291) <u>ഡോ. ടി. എം. തോമസ് ഐസക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് നിർമ്മാണരംഗത്ത് നിലവിലുള്ള സ്ഥാപനങ്ങളെയെല്ലാം മാറ്റിനിർത്തി പുതിയതായി ഒരു സ്ഥാപനം രൂപീകരിക്കാൻ കെ.എസ്.ടി.പി. തീരുമാനിച്ചിട്ടുണ്ടോ ;

(ബി) റോഡുകളുടെ നവീകരണത്തിനും മാർഗ്ഗരേഖ തയ്യാറാക്കുന്നതിനും നിലവിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ് ; പ്രസ്തുത സ്ഥാപനങ്ങൾ എല്ലാം ഉണ്ടായിരിക്കെ ഭാരിച്ച ചെലവ് പ്രതീക്ഷിക്കാവുന്ന പുതിയ സംവിധാനംതന്നെ വേണമെന്ന് നിഷ്കർഷിക്കാൻ കാരണമെന്തായിരുന്നു ;

(സി) പുതിയ സ്ഥാപനത്തിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കുമോ ; ഏതെല്ലാം തസ്തികകളിൽ എത്രയാളുകൾ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമാണ് ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (KSTP), റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (RBDCK), റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി ഓഫ് കേരള ലിമിറ്റഡ് (RICK) എന്നീ സ്ഥാപനങ്ങളാണ് റോഡ് വികസനത്തിനും മാർഗ്ഗരേഖ തയ്യാറാക്കുന്നതിനും ഉദ്ദേശിച്ച് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിലവിലുള്ള സ്ഥാപനങ്ങൾ. എന്നാൽ നിലവിലുള്ള റോഡ് നിർമ്മാണം, നവീകരണ, പരിപാലന സംവിധാനങ്ങൾക്കുപുറമെ 2009-ലെ കരട് റോഡ് വികസന നയത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഫണ്ടിനു പുറമെ മറ്റ് ധനാഗമ മാർഗ്ഗങ്ങളിലൂടെ പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിനെക്കുറിച്ച് പഠനം നടത്തുക എന്ന ഉദ്ദേശ്യത്തോടെ ഒരു സ്ട്രാറ്റജിക് റോഡു നെറ്റ്വർക്ക് പ്രോഗ്രാം നടത്താൻ കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ വിഭാവന ചെയ്തിട്ടുണ്ട്. ഇതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നതേയുള്ളൂ.

**മലയോര ഹൈവേ**

258 (1292) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13-ലെ ബജറ്റിൽ പ്രഖ്യാപിച്ച മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഇതിനായി ബജറ്റിൽ പ്രഖ്യാപിച്ച തുക എത്രയായിരുന്നു ; ഇതിനകം എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

1. പാലക്കാട് ജില്ലയിലെ ഒലിപ്പാറ-പൊൻപാറ-കോട്ടപ്പള്ള മുണ്ടൻകുന്ന്- കാഷ്ഠപറമ്പ്-അമ്പലപ്പാറ, തിരുവിഴാംകുന്ന്, കോട്ടപ്പാടം എന്നീ റോഡുകളിൽ (കി.മീ.0/000) മുതൽ 21/500 വരെ) ബി.എം. & ബി.സി. പ്രവൃത്തിയുടെ ദർഘാസ് അംഗീകാരത്തിനായി സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയതിന് അംഗീകാരം നൽകുന്നകാര്യം പരിശോധി ച്ചുവരുന്നു.

2. കണ്ണൂർ ജില്ലയിലെ ഹിൽ ഹൈവേ കൂമൻതോടുമുതൽ ആറളംവരെ രണ്ടാംഘട്ടം (64/620 മുതൽ 71/690 വരെ പള്ളിത്തോട്- കരിക്കോട്ടക്കരി) പ്രവൃത്തി പൂർത്തീകരിച്ചു.

3. കണ്ണൂർ ജില്ലയിലെ ഹിൽ ഹൈവേ കരിക്കോട്ടക്കരി-ഏട്ടൂർ- ആറളം- പാലപ്പുഴ-മണത്തണ മൂന്നാം ഘട്ടം പണിയുടെ (71/690 മുതൽ 90/315 വരെ) എഗ്രിമെന്റ് വയ്ക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 61 കോടി രൂപയാണ് ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 7,17,79,030 രൂപ ചെലവഴിച്ചു. (ഏഴ് കോടി പതിനേഴ് ലക്ഷത്തി എഴുപത്തൊമ്പതിനായിരത്തി മുപ്പത് രൂപ മാത്രം).

**കുതിര മുനമ്പ്, കളയ്ക്കൽ പാലങ്ങളുടെ നിർമ്മാണം**

259 (1293) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുതിര മുനമ്പ്, കളയ്ക്കൽ പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച നടപടി ക്രമങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഇവയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ ; നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കുതിര മുനമ്പ് പാലം നിർമ്മാണത്തിനായുള്ള സർവ്വേയും മണ്ണ് പരിശോധനയും ഡിസൈനും പൂർത്തിയായിട്ടുണ്ട്. കളയ്ക്കൽ കലുങ്ക് വീതികൂട്ടി പുതുക്കി പണിയുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കൽ, പുതിയ എൽ.എ. ആക്ട് പ്രകാരമുള്ള സ്ഥലം ഏറ്റെടുക്കൽ എന്നീ പ്രവൃത്തികൾ പൂർത്തിയായശേഷം ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നമുറയ്ക്ക് നിർമ്മാണപ്രവർത്തനം ആരംഭിക്കുവാൻ കഴിയും.

**കൊല്ലം കാഞ്ഞിരപ്പള്ളി ബൈപ്പാസ്സുകളുടെ നിർമ്മാണം**

260 (1294) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച കൊല്ലം-കാഞ്ഞിരപ്പള്ളി ബൈപ്പാസുകളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ് ;

(ബി) ഇതിനായി എന്തു തുക ഖജനാവിൽനിന്നും ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തിൽ ഇ.പി.സി. വ്യവസ്ഥയിൽ നിർമ്മിക്കുന്ന കൊല്ലം ബൈപ്പാസിന് ടെണ്ടർ അടിസ്ഥാനപ്പെടുത്തിയുള്ള 352.05 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുകയും RDS-CVCC (JV) എന്ന കമ്പനിയുമായി 11-2-2015-ൽ എഗ്രിമെന്റ് വയ്ക്കുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കാഞ്ഞിരപ്പള്ളി ബൈപ്പാസിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളാണ് ഇപ്പോൾ നടക്കുന്നത്.

(ബി) തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**വയനാട് ചുരം ബൈപ്പാസ് നിർമ്മാണം**

261 (1295) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച വയനാട് ചുരം റോഡിന് സമാന്തര ബൈപാസ് നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഈ പദ്ധതിക്കായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത് ; ഇതിനകം എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഈ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 56.50 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും 19-3-2013-ലെ സ.ഉ. (സാധാ) നമ്പർ 381/2013/പൊ.മ.വ. പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ ഈ പ്രവൃത്തി സർക്കാരിന്റെ സ്പീഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി ദുർബല പ്രദേശത്തിലൂടെയും വനഭൂമിയിലൂടെയും പാത കടന്നുപോകുന്നതിനാൽ ഈ റോഡിന്റെ സാധ്യതാപഠനവും വനഭൂമിയുടെ ഏരിയൽ സർവ്വേയും നടത്തി വിശദമായ പദ്ധതി റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതിക്ക് ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**ഉപരിതല ഗതാഗത വികസനത്തിന് കർമ്മ പദ്ധതികൾ**

262 (1296) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676 അനുസരിച്ച് ദേശീയപാത ഉൾപ്പെടെയുള്ള ഉപരിതല ഗതാഗത വികസനത്തിന് എന്തെല്ലാം കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ;

(സി) പദ്ധതി നിർവ്വഹണത്തിനായുള്ള ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) മിഷൻ 676 അനുസരിച്ച് ദേശീയപാത ഉൾപ്പെടെയുള്ള ഉപരിതല ഗതാഗത വികസനത്തിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. തിരുവനന്തപുരം ബൈപ്പാസ് :

ദേശീയപാത 47-ലെ കഴക്കൂട്ടം മുതൽ കാരോട് (തമിഴ്നാട് അതിർത്തി) വരെയുള്ള 43 കി.മീ. ദൈർഘ്യംവരുന്ന തിരുവനന്തപുരം ബൈപ്പാസിന്റെ നിർമ്മാണം ദേശീയപാത അതോറിറ്റിയാണ് നടപ്പിലാക്കുന്നത്. സർവ്വീസ് റോഡോടുകൂടി നാലുവരി പാതയായി വികസിപ്പിക്കുന്ന ഈ ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.5 കി.മീ. ഭാഗത്തിന്റെ പണികളുള്ള ടെൻഡർ പൂർത്തിയാക്കി 669 കോടി രൂപയ്ക്ക് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. മുക്കോല മുതൽ കാരോട്‌വരെയുള്ള ബാക്കി ഭാഗത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിവരുന്നു.

2. <u>കൊല്ലം ബൈപ്പാസ്</u> :

ദേശീയപാത 47-ലെ കാവനാട് മുതൽ മേവറം വരെയുള്ള 13 കി.മീ. ദൈർഘ്യം വരുന്ന കൊല്ലം ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 352 കോടി രൂപ ചെലവ് വരുന്ന ഈ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്.

3. <u>ആലപ്പുഴ ബൈപ്പാസ്</u> :

ദേശീയപാത 47-ലെ കുമ്മാട്ടി മുതൽ കളർകോടുവരെയുള്ള 6.80 കി.മീ. ദൈർഘ്യംവരുന്ന ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 348.43 കോടി രൂപ ചെലവ് വരുന്ന ഈ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്.

4. <u>കോഴിക്കോട് ബൈപ്പാസ്</u> :

ദേശീയപാത 17-ലെ വെങ്ങളം മുതൽ പൂളാടിക്കുന്നു വരെയുള്ള 5.1 കി.മീ. ദൈർഘ്യംവരുന്ന കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണം അതിവേഗം പുരോഗമിക്കുകയാണ്. 152.75 കോടി രൂപ ചെലവുവരുന്ന ഈ പദ്ധതിയുടെ ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

5. <u>തൃപ്പൂണിത്തുറ ബൈപ്പാസ്</u> :

തൃപ്പൂണിത്തുറ ബൈപ്പാസിന്റെ അലൈൻമെന്റ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനായി 984.46 കോടി രൂപയുടേയും നിർമ്മാണത്തിനായി 315.71 കോടി രൂപയുടേയും ഡി.പി.ആർ. തയ്യാറായിട്ടുണ്ട്. സ്ഥലമെടുപ്പിന്റെ ഡി.പി.ആർ. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഇതിന്റെ നിർമ്മാണം സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

6. <u>തലശ്ശേരി-മാഹി ബൈപ്പാസ്</u> :

ദേശീയപാത 17-ൽ മുഴപ്പിലങ്ങാട് മുതൽ അഴിയൂർ വരെ 18 കി.മീ. ദൈർഘ്യത്തിലാണ് ഈ ബൈപ്പാസ്. ഇതിന്റെ ആദ്യഘട്ടമായ 10.8 കി.മീ. ദൂരം 45 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമായ ഭാഗത്ത് ബൈപ്പാസ് നിർമ്മാണം സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 390 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിച്ച് വരികയാണ്.

സംസ്ഥാനത്തെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കിന് പരിഹാരം കണ്ടെത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ മേൽപ്പാലങ്ങൾ, റിംഗ് റോഡുകൾ, ബൈപ്പാസുകൾ 'സ്പീഡ് കേരള' പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആകെ 23 പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ ആദ്യഘട്ടത്തിൽ 10 പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചു. ഇതിൽ 5 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. വിശദാംശം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ഇടപ്പള്ളി ഫ്ലൈ ഓവർ | - | 108 കോടി |
| കോഴിക്കോട് ബൈപ്പാസ് | - | 141.02 " |
| പാലാരിവട്ടം ഫ്ലൈ ഓവർ | - | 41.28 " |
| രാമപുരം - നാലമ്പലം ദർശനം റോഡ് | - | 50.75 " |
| കഞ്ഞിക്കുഴി വെട്ടത്തുകവല കറുകച്ചാൽ-മല്ലപ്പള്ളി റോഡ് | - | 45.35 " |

ലോകബാങ്ക് ധനസഹായത്തോടെ 2403 കോടി രൂപ ചെലവിൽ നടപ്പിലാക്കുന്ന കെ.എസ്.ടി.പി.-II പദ്ധതിയിൽ ഉൾപ്പെടുത്തി 363 കി.മീ. ദൂരംവരുന്ന 6 റോഡുകൾ വികസിപ്പിക്കുന്നതാണ്. 9 പാക്കേജുകളായാണ് ഇവയുടെ നിർമ്മാണം. ഇതിൽ 7 റോഡ് പാക്കേജുകളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

കാസർഗോഡ്-കാഞ്ഞങ്ങാട്, പിലാത്തറ-പാപ്പിനിശ്ശേരി, ചെങ്ങന്നൂർ-ഏറ്റുമാനൂർ, ചെങ്ങന്നൂർ-മൂവാറ്റുപുഴ, തിരുവല്ല ബൈപ്പാസ്, പൊൻകുന്നം-തൊടുപുഴ എന്നീ റോഡുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

പുനലൂർ-പൊൻകുന്നം റോഡ് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കു ന്നതിന് ടെണ്ടർ പടപടികൾ പുരോഗമിച്ചുവരുന്നു. പെരുമ്പിലാവ്-പെരിന്തൽമണ്ണ റോഡിന്റെ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ട 106.2 കി.മീ. റോഡുകളുടെ പുനഃരുദ്ധാരണത്തിനായി 279.31 കോടി രൂപയുടെ ഒരു പദ്ധതി റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള (RICK) എന്ന സ്ഥാപനം വഴി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതു-സ്വകാര്യ പങ്കാളിത്തത്തോ ടെയാണ് RICK ഈ പദ്ധതി നടപ്പിലാക്കുന്നത്.

വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്കിന് ശാശ്വതപരിഹാരമായി തിരുവനന്ത പുരത്തും കോഴിക്കോട്ടും ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേരള റാപ്പിഡ് ട്രാൻസ്പോർട്ട് കമ്പനി ലിമിറ്റഡ് (KRTL) മുഖാന്തരം സ്വീകരിച്ചുവരുന്നു.

## ലൈറ്റ് മെട്രോ പദ്ധതികൾ

263 (1297) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച അന്തിമ നിലപാട് വെളിപ്പെടുത്തുമോ ;

(ബി) ധനവകുപ്പ് ഇക്കാര്യത്തിൽ മുന്നോട്ടുവച്ച നിർദ്ദേശം എന്തായിരുന്നു ; നിർദ്ദേശങ്ങൾ അടങ്ങിയ ഫയലിന്റെ ശരി പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഡി.എം.ആർ.സി.-യും ശ്രീ. ഇ. ശ്രീധരനും മുന്നോട്ടുവച്ച നിർദ്ദേശം എന്തായിരുന്നു ; നിർദ്ദേശം സംബന്ധിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) ലൈറ്റ് മെട്രോ പദ്ധതിക്കുള്ള വിശദമായ പദ്ധതി റിപ്പോർട്ട്

ഭരണാനുമതി നൽകുന്നതിനായി ധനകാര്യ വകുപ്പിന്റെയും പ്ലാനിംഗ് ബോർഡിന്റെയും നിർദ്ദേശങ്ങൾ സഹിതം സർക്കാർ പരിശോധിച്ചുവരുന്നു. ധനകാര്യ വകുപ്പ് നൽകിയ അഭിപ്രായത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.* തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി കൊച്ചി മെട്രോയുടെ മാതൃകയിൽ കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരഭമായി നടപ്പിലാക്കണം എന്നതാണ് ഡി.എം.ആർ.സി. സമർപ്പിച്ച ഡി.പി.ആർ-ൽ ശിപാർശ ചെയ്തിട്ടുള്ളത്. ഈ ഡി.പി.ആർ.-ന് അംഗീകാരമായിട്ടില്ല.

## മേലുകര-റാന്നി റോഡ് ടാറിംഗ്

264(1298) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേലുകര-റാന്നി റോഡ് ബി.എം&ബി.സി. നിലവാരത്തിൽ ടാറിംഗ് നടത്തുന്നതിനായി എത്ര തുക അനുവദിച്ചു ; എന്നാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) ഈ റോഡിന്റെ നിർമ്മാണം ടെൻഡർ ചെയ്തിരുന്നോ ; ഉണ്ടെങ്കിൽ എന്നാണ്
ടെൻഡർ ചെയ്തിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇനിയും ഈ റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) ഇത് പരിഹരിച്ച് ഉടൻ നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 13-9-2013-ലെ സ.ഉ.(സാധാ.) നമ്പർ 1237/2013/പൊ.മ.വ. പ്രകാരം 9,29,34,027 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 11-7-2014-ൽ ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ അംഗീകരിക്കുകയും കരാറുകാരനുമായി എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) പ്രവൃത്തി ആരംഭിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ചേമ്പർ ഓഫ് കൊമേഴ്സ് ജംഗ്ഷൻ മുതൽ അറക്കൽ പാലസ് - താഴേചൊവ്വ വരെയുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾ**

265 (1299) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിൽ എൻ.എച്ച്. 17-ൽ ചേംബർ ഓഫ് കോമേഴ്സ് ജംഗ്ഷൻമുതൽ അറക്കൽ പാലസ്-താഴേ ചൊവ്വ വരെയുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് 2009-ൽ ഏത് ഉത്തരവുപ്രകാരമാണ് ഭരണാനുമതി നൽകിയത് ; എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയത് ;

(ബി) പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്തത് എപ്പോഴാണ് ; ഏതു കരാറുകാരനാണ് പ്രവൃത്തി ഏറ്റെടുത്തത് ;

(സി) എസ്റ്റിമേറ്റിനേക്കാൾ എത്ര ശതമാനം അധികരിച്ച തുകയ്ക്കാണ് കരാർ അംഗീകരിച്ചത് ; കരാർ പ്രകാരം എന്നായിരുന്നു പ്രവൃത്തി പൂർത്തീകരിക്കേണ്ടത് ;

(ഡി) കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതെന്തുകൊണ്ടാണ് ;

(ഇ) കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി ആരംഭിക്കുവാനോ കാരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുവാനോ തയ്യാറാകാത്ത കരാറുകാരന്റെ അഭ്യർത്ഥനപ്രകാരം എസ്റ്റിമേറ്റിനേക്കാൾ എത്രശതമാനം അധികരിച്ച തുകയാണ് ഇപ്പോൾ പുതുക്കിയ ഭരണാനുമതി നൽകിയത് ;

(എഫ്) ഏത് ഉത്തരവു പ്രകാരമാണ് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുള്ളത് ; എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത് ;

(ജി) 2009-ൽ ഭരണാനുമതി നൽകിയ പ്രവൃത്തി 2014 വരെ ആരംഭിക്കാതിരുന്ന സാഹചര്യത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ടെൻഡർ ചെയ്യാതിരുന്നതെന്തുകൊണ്ടാണ്; 2009-ലെ ഭരണാനുമതി പ്രകാരം കരാർ ഏറ്റെടുത്ത കരാറുകാരനെത്തന്നെ പുതുക്കിയ നിരക്കിലുള്ള കരാർ ഏൽപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാനിടയായ സാഹചര്യങ്ങൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കണ്ണൂരിൽ എൻ.എച്ച്.17-ൽ ചേംബർ ഓഫ് കൊമേഴ്സ് ജംഗ്ഷൻമുതൽ അറക്കൽ പാലസ് - താഴെ ചൊവ്വ വരെയുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾക്ക്

14-7-2009-ലെ സ.ഉ. (സാധാ) നമ്പർ 1045/09/പൊ.മ.വ. പ്രകാരം 450 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്.

(ബി) 10-3-2011-നാണ് ടെണ്ടർ ചെയ്തത്. ശ്രീ. കെ. മനോഹരനാണ് കരാറുകാരൻ.

(സി) 19% അധികരിച്ച തുകയ്ക്കാണ് കരാർ അംഗീകരിച്ചത്. കരാർ പ്രകാരം 27-8-2012 -ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു.

(ഡി) റോഡ് പുനരുദ്ധാരണ പ്രവൃത്തിക്കാവശ്യമായ ഭൂമി കണ്ണൂർ നഗരസഭ ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ കാലതാമസം വന്നതിനാലാണ് കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കാതെ വന്നത്.

(ഇ) കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി ആരംഭിക്കുവാനോ പൂർത്തീകരിക്കുവാനോ സാധിക്കാതെ വന്നത് റോഡ് പുനരുദ്ധാരണ പ്രവൃത്തിക്കാവശ്യമായ ഭൂമി കണ്ണൂർ നഗരസഭ ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ കാലതാമസം വന്നതിനാലാണ്. പഴയ എസ്റ്റിമേറ്റും പുതുക്കിയ എസ്റ്റിമേറ്റും തമ്മിൽ 67%-ന്റെ വർദ്ധനവാണ് ഉള്ളത്.

(എഫ്) 1-3-2014-ലെ സ.ഉ. (സാധാ.) നമ്പർ 335/14/പൊ.മ.വ. പ്രകാരം 815 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്.

(ജി) റോഡ് നവീകരണത്തിനാവശ്യമായ ഭൂമി കണ്ണൂർ നഗരസഭ ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ കാലതാമസം വന്നതിനാലാണ് 2009-ൽ ഭരണാനുമതി നൽകിയ പ്രവൃത്തി 2014 വരെ ആരംഭിക്കാതിരുന്നത്. 2014 ജനുവരി മാസത്തിലാണ് ആവശ്യമായ ഭൂമി ഏറ്റെടുത്ത് കൈമാറാൻ തയ്യാറായ വിവരം നഗരസഭ അറിയിച്ചത്. 2012 ഷെഡ്യൂൾ നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് 2014-ൽ റീ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുവാനുള്ള കാലതാമസം ഒഴിവാക്കുന്നതിനും, ടെണ്ടർ വർദ്ധനവ് ഒഴിവാക്കുന്നതിനും വേണ്ടിയാണ് അതേ കരാറുകാരനെത്തന്നെ പ്രവൃത്തി ഏൽപ്പിച്ചത്.

**മണലൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് പദ്ധതികൾ**

266 (1300) <u>ശ്രീ. പി. എ. മാധവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗം മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏതു ഘട്ടങ്ങളിലാണെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ&ബി) മണലൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

**നാട്ടിക പഴുവിൽ പാലം നിർമ്മാണം**

267 (1301) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ പഴുവിൽ പാലം നിർമ്മാണം ആരംഭിക്കുന്നതിനും കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ ;

(ബി) പാലം നിർമ്മാണത്തിന് വേണ്ടിവരുന്ന ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായോ എന്നും ഇല്ലെങ്കിൽ പ്രധാന തടസ്സങ്ങൾ എന്താണെന്നും അറിയിക്കുമോ ;

(സി) ഭൂമിയുടെ ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് കോടതി കേസ്സുകൾ നിലവിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പാലം നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ പഴുവിൽ പാലം പണിയുന്നതിനുള്ള സാങ്കേതികാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറായി വരുന്നതേയുള്ളൂ.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്താണ് പാലം നിർമ്മിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്.

(സി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) 2015 ജൂലൈ മാസത്തോടെ പാലം നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷ.

**സംസ്ഥാന പാതകളിലെ ഹെവി മെയിന്റനസ് പദ്ധതി**

268 (1302) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഹെവി മെയിന്റനൻസ് പദ്ധതി മുഴുവൻ സംസ്ഥാന പാതകളിലും നടപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ ;

(ബി) എത്ര പാതകളിലാണ് ഇത് നടപ്പാക്കിയത് എന്നും ഇത് എത്ര മീറ്റർ എന്നും അറിയിക്കുമോ ;

(സി) ഇതിനായി ചെലവഴിച്ച തുകയെത്ര എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2012-13-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഹെവി മെയിന്റനൻസ് പദ്ധതി മുഴുവൻ സംസ്ഥാന പാതകളിലും നടപ്പാക്കുന്നതിന് സാധിച്ചിട്ടില്ല എങ്കിലും ഘട്ടം ഘട്ടമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) ഹെവി മെയിന്റനൻസ് പദ്ധതിയിൽ ഒറ്റപ്പാലം-മണ്ണാർക്കാട് റോഡ് കി.മീ.0/000 to 31/400-31.40 കി.മീ, പാലക്കാട് പെരിന്തൽമണ്ണ റോഡ് 43/880 to 48/880-5 കി.മീ. ഇതിനായി ചെലവഴിച്ച തുക 24.5 കോടി രൂപ

**ചേലക്കര ബൈപ്പാസ് നിർമ്മാണം**

269 (1303) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിലെ ചേലക്കര ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) നിരന്തരം ജീവഹാനി ഉൾപ്പെടെയുള്ള അപകടങ്ങൾ നടക്കുന്ന സാഹചര്യത്തിൽ ബൈപ്പാസ് നിർമ്മിക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകി

ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചേലക്കര ബൈപ്പാസ് നിർമ്മാണത്തിന് 14-7-2009-ലെ സ.ഉ.(സാധാ) നമ്പർ 1045/2009/പൊ.മ.വ പ്രകാരം 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പുതുക്കിയ റേറ്റ് ഷെഡ്യൂൾ അനുസരിച്ച് 2,500 ലക്ഷം രൂപ പണിക്ക് ആവശ്യമായി വരുന്നതിനാൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പുതിയ ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ആലപ്പുഴ ജില്ലയിലെ ഗ്രാമീണ റോഡുകളുടെ നവീകരണം**

270 (1304) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി എന്തു തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് ;

(ബി) ആലപ്പുഴ ജില്ലയിൽ പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ ഏതെല്ലാം റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി 2011-12 മുതൽ ഇതുവരെ 3408.99 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധം-I ൽ ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7-1-2012-ലെ സ.ഉ.(എം.എസ്) 5/2012/പൊ.മ.വ പ്രകാരം 61 റോഡുകൾ, 269.008 കി.മീ.നീളം, മേജർ ജില്ലാ റോഡായി ഏറ്റെടുത്തിട്ടുണ്ട്. ആയതിന്റെ ലിസ്റ്റ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുബന്ധം-II ൽ ചേർക്കുന്നു.*

## ഗ്രീൻ ബിൽഡിംഗ് പദ്ധതി

271 (1305) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രീൻ ബിൽഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇതിന്റെ നടത്തിപ്പിനായി കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പിൽ നിന്ന് ഇതുവരെ എത്ര രൂപ ധനസഹായമായി ലഭിച്ചിട്ടുണ്ട് ; ഇതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

### ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ധനസഹായം ലഭിച്ചിട്ടില്ല.

## കേന്ദ്ര സഹായത്തോടെ ബൈപ്പാസ് റോഡുകളുടെ നിർമ്മാണം

272 (1306) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സഹായത്തോടെ ബൈപ്പാസ് റോഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി പ്രതീക്ഷിക്കുന്നത് ; വ്യക്തമാക്കാമോ ;

(സി) പണികൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

### ഉത്തരം

(എ-സി) ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം ബൈപ്പാസ്

ദേശീയപാത 47 ൽ വരുന്ന കഴക്കൂട്ടം മുതൽ തമിഴ്നാട് അതിർത്തി വരെ 43

കി.മീ. ദൈർഘ്യം വരുന്ന തിരുവനന്തപുരം ബൈപ്പാസിന്റെ നിർമ്മാണം ദേശീയപാതാ വികസന അതോറിറ്റിയാണ് നടപ്പിലാക്കുന്നത്. സർവ്വീസ് റോഡുകളോട്ടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുന്ന ഈ ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.5 കി.മീറ്റർ ഭാഗത്തിന്റെ പണിയ്ക്കുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കൊല്ലം ബൈപ്പാസ്

ദേശീയപാത 47 ലെ കാവനാട് (കി.മീ.486/500) തുടങ്ങി മേവറം (കി.മീ 499/500) വരെയുള്ള 13 കി.മീറ്റർ വരുന്ന ബൈപ്പാസ് 2 വരിപ്പാതയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ (50:50) പങ്കാളിത്തത്തോടെയാണ് നിർമ്മിക്കുന്നത്. ടെൻഡർ നടപടികൾ പൂർത്തിയായി, നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

ആലപ്പുഴ ബൈപ്പാസ്

ദേശീയപാത 47-ലെ കൊമ്മാടി (കി.മീ.408/100) മുതൽ കളർകോട് (കി.മീ.414/900) വരെയുള്ള 6.80 കി.മീറ്റർ വരുന്ന ബൈപ്പാസ് 2 വരിപ്പാതയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ (50:50) പങ്കാളിത്തത്തോടെയാണ് നിർമ്മിക്കുന്നത്. ടെൻഡർ നടപടികൾ പൂർത്തിയായി, നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

തൃപ്പൂണിത്തുറ, മൂവാറ്റുപുഴ, കോതമംഗലം എന്നീ ബൈപ്പാസുകളുടെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ (DPR) കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

## ഇടച്ചിറ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

273 (1307) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കരുനാഗപ്പള്ളി മണ്ഡലത്തിൽ സുനാമി ബാധിത പ്രദേശത്ത് ഇടച്ചിറ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ; തടസ്സം എന്താണ് ?

ഉത്തരം

പാലവും പാലത്തിന്റെ അപ്രോച്ച് റോഡും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ

അപ്രോച്ചിൽനിന്നും തുരുത്തിലേയ്ക്കുള്ള ഗതാഗത സൗകര്യം പ്രാവർത്തികമാക്കുന്നതിനുള്ള സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറി കിട്ടിയിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ബാക്കി പണി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**കോരപ്പുഴ പാലം പുനർ നിർമ്മാണം**

274 (1308) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം കോഴിക്കോട് ജില്ലയിലെ കോരപ്പുഴ പാലം പുതുക്കിപ്പണിയുന്നതിന് എത്ര തുക ബജറ്റിൽ പ്രഖ്യാപിച്ചിരുന്നുവെന്നും എത്ര രൂപ അനുവദിച്ചെന്നും വ്യക്തമാക്കാമോ ;

(ബി) ഈ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) ബഹു. ധനകാര്യവകുപ്പുമന്ത്രിയുടെ 2015-16-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കോരപ്പുഴ പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന് ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്. ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടില്ല.

**ദേശീയപാത വികസനം**

275 (1309) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ദേശീയപാതയുടെ വീതി എത്രയായിരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) ദേശീയപാത വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കുമോ ;

(ഡി) ഏറ്റെടുക്കുന്ന ഭൂമിക്ക് അതത് പ്രദേശത്തുള്ള ഭൂമിയുടെ വിലയ്ക്ക് ആനുപാതികമായി നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) കേരളത്തിലെ ദേശീയപാതകളായ എൻ.എച്ച് 17-ഉം എൻ.എച്ച് 47-ഉം സർവ്വീസ് റോഡുകളോടുകൂടിയ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് ദേശീയപാത അതോറിറ്റിക്ക് കൈമാറിയിരുന്നു. എൻ.എച്ച്. 47-ലെ വാളയാർമുതൽ അരൂർ വരെയുള്ള ഭാഗത്തെ പ്രവർത്തനങ്ങൾ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ നടന്നുവരികയാണ്. എൻ.എച്ച് 47-ലെ കഴക്കൂട്ടം മുതൽ തമിഴ്നാട് അതിർത്തിവരെയുള്ള (തിരുവനന്തപുരം ബൈപ്പാസ്) ഭാഗത്തെ കഴക്കൂട്ടംമുതൽ മുക്കോല വരെയുള്ള ഭാഗം നാലുവരിയായി വികസിപ്പിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കി 669.06 കോടി രൂപയ്ക്ക് വർക്ക് അവാർഡ് ചെയ്തുകഴിഞ്ഞു. മുക്കോലമുതൽ കാരോട് (തമിഴ്നാട് അതിർത്തി) വരെയുള്ള ഭാഗത്ത് സ്ഥലമെടുപ്പ് നടപടികളും പൂർത്തീകരിച്ചുവരുന്നു. എൻ.എച്ച്. 17-ലെ തലപ്പാടിമുതൽ ഇടപ്പള്ളി വരെയും എൻ.എച്ച്. 47-ലെ ചേർത്തല മുതൽ കഴക്കൂട്ടം വരയുമുള്ള ഭാഗത്തെ സ്ഥലമെടുപ്പ് അനിശ്ചിതമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ ഈ ഭാഗത്തെ വികസനത്തിൽനിന്നും ദേശീയപാത അതോറിറ്റി പിൻമാറിയിട്ടുണ്ട്. എന്നാൽ ഈ ഭാഗത്തെ വികസനത്തിനായി 45 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുത്തു നൽകുന്നതാണെന്ന് ഉറപ്പു നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. ഈ ഉറപ്പിൻമേൽ ദേശീയപാതാ വികസന പദ്ധതിയിൽനിന്നും പിന്മാറിയ തീരുമാനം പിൽവലിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ദേശീയപാതകളുടെ വീതി 60 മീറ്റർ ആയിരിക്കണമെന്നാണ് ദേശീയപാത അതോറിറ്റിയുടെ നിലപാട്. എന്നാൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് എൻ.എച്ച്. 17-ന്റേയും എൻ.എച്ച്. 47-ന്റേയും വീതി 45 മീറ്റർ ആയി നിജപ്പെടുത്താൻ കേന്ദ്രസർക്കാർ സമ്മതിച്ചിട്ടുണ്ട്.

(സി&ഡി) ദേശീയപാതാ വികസനത്തിന് സ്ഥലമെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം നൽകുന്നത് കേന്ദ്രസർക്കാർ ആണ്. ദേശീയപാതയ്ക്കുള്ള സ്ഥലമെടുപ്പിന്റെ നഷ്ടപരിഹാരം കണക്കാക്കിയിരുന്നത് 1956-ലെ എൻ.എച്ച്.ആക്ട് പ്രകാരമാണ്. എന്നാൽ 1-1-2015 മുതൽ ദേശീയപാതയ്ക്കുള്ള സ്ഥലമെടുപ്പിനുള്ള നഷ്ടപരിഹാരം നിശ്ചയിക്കേണ്ടത് കേന്ദ്രസർക്കാരിന്റെ 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Re-settlement)

(RFCTLARR) പ്രകാരം ആയിരിക്കുമെന്ന് കേന്ദ്ര ഗതാഗതമന്ത്രാലയം അറിയിച്ചിട്ടുണ്ട്. ദേശീയപാതയ്ക്കുള്ള സ്ഥലമെടുപ്പിന് നഷ്ടപരിഹാരം നിശ്ചയിക്കുമ്പോൾ സംസ്ഥാന പദ്ധതികൾക്കായി സ്ഥലമേറ്റെടുക്കുമ്പോൾ സ്വീകരിക്കുന്ന R&R പാക്കേജിലെ മാനദണ്ഡങ്ങൾകൂടി പരിഗണിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**അങ്കമാലി നിയോജക മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ**

276 (1310) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ തുക അനുവദിച്ചിട്ടും ആരംഭിക്കാൻ സാധിച്ചിട്ടില്ലാത്ത റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് എന്നാണ് ഭരണാനുമതി നല്കിയതെന്നും ഇത് എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1. അങ്കമാലി-മഞ്ഞപ്ര റോഡിന്റെ ശേഷിക്കുന്ന ഭാഗം ബി.എം. & ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ (ch. 6/000 to 7/800)

2. കാലടി-മഞ്ഞപ്ര-ചുള്ളി റോഡ് ബി.എം. & ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ (ch. 0/000 to 6/000)

3. 4-ാം മൈൽ എ.എ.റോഡ് (ch.1/000 to 2/000) അഭിവൃദ്ധിപ്പെടുത്തൽ.

4. ഭൂമി ഏറ്റെടുത്ത് വേങ്ങൂർ-നായത്തോട് റോഡ് വീതികൂട്ടി അഭിവൃദ്ധിപ്പെടുത്തൽ.

(ബി & സി) അനുബന്ധം-1 ൽ ചേർത്തിരിക്കുന്നു*.

## മലപ്പുറം ജില്ലയിലെ ഹൈവേകളിലെ തെരുവുവെളിച്ചം

277 (1311) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ സ്റ്റേറ്റ്/നാഷണൽ ഹൈവേകളുടെ പാർശ്വങ്ങളിലുള്ള തെരുവുവെളിച്ചം ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) കേടുവന്ന ലൈറ്റുകൾ നന്നാക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനായി ഏതെല്ലാം ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ-സി) തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പിന്റെ 15-9-2011-ലെ പരിപത്രം നമ്പർ 3055/ഡിഎ 3/2011/ത.സ്വ.ഭ.വ. പ്രകാരം കേടുവന്ന തെരുവു വിളക്കുകൾ നന്നാക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനുമുള്ള അധികാരം പൂർണ്ണമായും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പ്രകാരം ആവശ്യമായ എസ്റ്റിമേറ്റ് തുക ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തെരുവു വിളക്കുകൾ സ്ഥാപിച്ചു നൽകുന്നുണ്ട്.

## ബൈപ്പാസ് നിർമ്മാണം

278 (1312) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബൈപ്പാസുകളുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഏതു പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് ;

(സി) പ്രസ്തുത നിർമ്മാണത്തിനുള്ള ധനസമാഹരണം എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങളുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

## ഉത്തരം

(എ) തിരുവനന്തപുരം ബൈപ്പാസിന്റെ കഴക്കൂട്ടംമുതൽ മുക്കോലവരെയുള്ള 26.5 കി.മീറ്റർ നാലുവരി പാതയാക്കുന്നതിനുള്ള പ്രവൃത്തിയുടെ ടെൻഡർ നടപടി പൂർത്തിയാക്കിയവർക്ക് അവാർഡ് ചെയ്തുകഴിഞ്ഞു. ബാക്കിയുള്ള മുക്കോലമുതൽ തമിഴ്നാട് അതിർത്തിവരെയുള്ള 16.5 കി.മീറ്റർ ഭാഗത്തെ സ്ഥലമെടുപ്പ് അവസാന ഘട്ടത്തിലാണ്. കൊല്ലം-ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. കോഴിക്കോട് ബൈപ്പാസ് നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. തലശ്ശേരി-മാഹി ബൈപ്പാസ് സ്ഥലമെടുപ്പ് ഏതാണ്ട് പൂർത്തിയാക്കി ഡി.പി.ആർ. തയ്യാറാക്കി യിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കണ്ണൂർ ബൈപ്പാസിന്റെ നിർമ്മാണത്തിന്റെ സ്ഥലമെടുപ്പ് നടന്നുവരുന്നു. തൃപ്പൂണിത്തുറ, മൂവാറ്റുപുഴ, കോതമംഗലം എന്നീ ബൈപ്പാസുകളുടെ സ്ഥലമെടുപ്പിനുള്ള എസ്റ്റിമേറ്റ് അംഗീകാരത്തിനായി കേന്ദ്ര ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ ബൈപ്പാസിന്റെ നിർമ്മാണം പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തു.

കൂടാതെ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ താഴെപ്പറയുന്ന ബൈപ്പാസുകളുടെ പ്രവൃത്തികൾ നടന്നുവരുന്നു. (1) എം.സി. റോഡ് - പത്തനാപുരം റോഡ് ശബരിമല ബൈപ്പാസ് (മേഴ്സി ഹോസ്പിറ്റൽ - ചെങ്ങമനാട് റോഡ് 6.60 കി.മീ) (2) കോതമംഗലം - തങ്കളം - കോഴിപ്പിള്ളി ബൈപ്പാസ്. (3) തിരൂർ - പൊന്നുണ്ടം ബൈപ്പാസ്. (4) കർമ്മ ബൈപ്പാസ്

റോഡ്, പൊന്നാനി. (5) മൂടാൽ - കഞ്ഞിപ്പുര ബൈപ്പാസ്. (6) ഒരേടത്ത് പാലം - മാനത്തു മംഗലം - തൈക്കുത്ത് ബൈപ്പാസ്. (7) കടുത്തുരുത്തി ബൈപ്പാസ്. (8) പട്ടിത്താനം - മണ്ണാർക്കാട് ബൈപ്പാസ്. (9) അയർക്കുന്നം - കുറ്റില്ലം ബൈപ്പാസ്.

കെ.എസ്.ടി.പി-1 പദ്ധതിയിൽപ്പെടുത്തി എം.സി. റോഡിലെ അടൂർ ബൈപ്പാസിലെ നിർമ്മാണം 2010-ൽ പൂർത്തിയാക്കി. കെ.എസ്.ടി.പി -2 പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവല്ല ബൈപ്പാസ്, തൊടുപുഴ ബൈപ്പാസ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

(ബി) തിരുവനന്തപുരം ബൈപ്പാസ് ദേശീയപാത അതോറിറ്റി ബി.ഒ.ടി. വ്യവസ്ഥയിൽ നടപ്പിലാക്കുന്നു. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണച്ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തുല്യമായി വഹിക്കുന്നതാണ്. ഇത് സ്പീഡ് കേരള പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. തൃപ്പൂണിത്തുറ, മൂവാറ്റുപുഴ, കോതമംഗലം ബൈപ്പാസുകളുടെ നിർമ്മാണം കേന്ദ്രസർക്കാരിന്റെ വാർഷിക പദ്ധതിയിലോ, സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തിയോ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണം സ്പീഡ് കേരള പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണം സംസ്ഥാന സർക്കാരിന്റെ സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. തലശ്ശേരി-മാഹി ബൈപ്പാസിന്റെ നിർമ്മാണം സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ദേശീയപാത അതോറിറ്റി നിർമ്മിക്കുന്ന ബൈപ്പാസുകൾ ബി.ഒ.റ്റി. വ്യവസ്ഥയിലാണ്. സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് കേരള റോഡ് ഫണ്ട് ബോർഡിന്റെ വാർഷിക വിഹിതം ഉപയോഗിച്ചും ബോർഡ് മുഖേന ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തുമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ചാണ് നിർമ്മാണം നടത്തുന്നത്.

(ഡി) തിരുവനന്തപുരം ബൈപ്പാസിന്റെ കഴക്കൂട്ടം - മുക്കോല ഭാഗത്തെ ടെൻഡർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തു. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

**ബൈപ്പാസ് നിർമ്മാണം**

279 (1313) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14-ലെ ബജറ്റിൽ പ്രഖ്യാപിച്ച കോഴിക്കോട്, തലശ്ശേരി-മാഹി, സുൽത്താൻ ബത്തേരി, ചെങ്ങന്നൂർ, കോഴഞ്ചേരി ബൈപ്പാസുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുവരെ ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2013-14-ലെ ബജറ്റിൽ പ്രഖ്യാപിച്ച കോഴിക്കോട് എൻ. എച്ച്. ബൈപ്പാസിന്റെ അവസാന റീച്ചായ 5.1 കി.മീ.-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സ്പീഡ് കേരള പരിപാടിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുണ്ട്. തലശ്ശേരി-മാഹി ബൈപ്പാസിന്റെ ഒന്നാം റീച്ചിന്റെ മുഴപ്പിലങ്ങാട് മുതൽ നാലുതറ വരെയുള്ള 12 കി.മീ. പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. ചെങ്ങന്നൂർ, കോഴഞ്ചേരി, സുൽത്താൻബത്തേരി ബൈപ്പാസുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി) കോഴിക്കോട് എൻ എച്ച് ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇതുവരെ 73.24 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**ദേശീയപാത വികസനത്തിന് കേന്ദ്രസഹായം**

280 (1314) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത വികസനത്തിന് കേന്ദ്രസർക്കാർ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം സഹായങ്ങളാണ് ഇതിനായി കേന്ദ്രം നൽകുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇവയുടെ പണികൾ തുടങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്തെ ദേശീയപാതകളുടെ സമഗ്രമായ വികസനം ദേശീയപാതാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് നടപ്പിലാക്കുവാൻ ദേശീയ പാതാ വികസന അതോറിറ്റിയെ ഏൽപ്പിച്ചിരുന്നു. ഇതിൻപ്രകാരം എൻ.എച്ച്. 17-ഉം 47-ഉം എൻ.എച്ച്.ഡി.പി. (ദേശീയ പാത വികസന പദ്ധതി) ഘട്ടം 2-ലും 3-ലും പെടുത്തി സർവ്വീസ് റോഡോടു കൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. മറ്റു ദേശീയ പാതകൾ പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാത യുമായാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. എന്നാൽ ഭൂമി ഏറ്റെടുക്കലിലെ കാലതാമസം കാരണം ദേശീയ പാത വികസന അതോറിറ്റി തലപ്പാടിമുതൽ ഇടപ്പള്ളിവരെയും ചേർത്തലമുതൽ കഴക്കൂട്ടംവരെയുമുള്ള ഭാഗങ്ങളിൽനിന്നും പിൻമാറിയിരിക്കുകയാണ്. പ്രസ്തുത ഭാഗങ്ങൾ വീണ്ടും ഏറ്റെടുക്കുവാൻ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എൻ.എച്ച്. 17-ഉം എൻ.എച്ച്. 47-ഉം ഒഴികെയുള്ള ദേശീയപാതകളുടെ വികസനം സംസ്ഥാന സർക്കാർവഴി കേന്ദ്രത്തിന്റെ വാർഷിക പദ്ധതിയിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കാമെന്ന് കേന്ദ്രം സമ്മതിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം എൻ.എച്ച്. 208-ന്റെ 47.5 കി.മീ., എൻ.എച്ച്. 49-ന്റെ 42.28 കി.മീ. എൻ.എച്ച് .220-ന്റെ 30.3 കി.മീ., എൻ.എച്ച്. 213 എന്നിവയെ ഈ വർഷത്തെ കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്താനായി എസ്റ്റിമേറ്റുകൾ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുമെന്നാണ് പ്രതീക്ഷ. മേൽപ്പറഞ്ഞവയ്ക്കു പുറമേ കോതമംഗലം ബൈപ്പാസ്, തൃപ്പൂണിത്തുറ ബൈപ്പാസ്, മൂവാറ്റുപുഴ ബൈപ്പാസ്, മണാർക്കാട് ബൈപ്പാസ് എന്നിവയും 9 പാലങ്ങളുടെ പുനർ നിർമ്മാണവും

6 പാലങ്ങളുടെ നവീകരണവുമുൾപ്പെടെ 2,365 കോടി രൂപയുടെള്ള പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ റോഡുകളുടെ ഉപരിതലം മെച്ചപ്പെടുത്തുന്നതിന് നോൺ പ്ലാനിൽ 30 കോടിരൂപയുടെള്ള പദ്ധതിയും സമർപ്പിച്ചിട്ടുണ്ട്.

## കായംകുളം മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

281 (1315) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ മുനിസിപ്പൽ ജംഗ്ഷൻ മുതൽ കെ. പി. റോഡ് ഓവർബ്രിഡ്ജ്വരെ ഫുട്പാത്ത്, ഡ്രെയിനേജ് എന്നിവയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) രണ്ടുപ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ആരുംതന്നെ ടി പ്രവൃത്തി ഏറ്റെടുക്കാൻ ഇല്ലാതിരുന്നതിനാൽ ക്വട്ടേഷൻ ക്ഷണിച്ചു. ലഭ്യമായ ക്വട്ടേഷൻ ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയിലാണ്.

## കോങ്ങാട് മണ്ഡലത്തിൽ റോഡുകൾക്ക് അനുവദിച്ച തുക

282 (1316) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം എത്ര റോഡുകൾ അനുവദിച്ചുവെന്ന് ജില്ലതിരിച്ചും മണ്ഡലംതിരിച്ചുമുള്ള വിവരങ്ങൾ നല്കുമോ ;

(ബി) കോങ്ങാട് മണ്ഡലത്തിൽ എത്ര റോഡുകൾക്ക് എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ; റോഡിന്റെ മറ്റ് വിവരങ്ങളും നൽകുമോ ;

(സി) കോങ്ങാട് മണ്ഡലത്തിലേക്കായി വർദ്ധിപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ പരിഗണിച്ചിട്ടുണ്ടോ ; വിശദവിവരങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം എത്ര റോഡുകൾ അനുവദിച്ചു വെന്ന് ജില്ലതിരിച്ചും മണ്ഡലം തിരിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(ബി) കോങ്ങാട് മണ്ഡലത്തിൽ വർമാംകോട് - ഇരുമ്പുകചോല റോഡ് കി. മീ. 0/000-3/800 വരെ അഭിവൃദ്ധിപ്പെടുത്തലിന് 140 ലക്ഷം രൂപയും ചാലക്കയം - കുണ്ടൻപൊട്ടി വട്ടപ്പാറ ശിരുവാണി റോഡ് കി.മീ. 0/000-8/900 വരെ അഭിവൃദ്ധിപ്പെടുത്തലിന് 365 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) വർദ്ധിപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ നിലവിലില്ല.

## കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുള്ള മരാമത്ത് പ്രവൃത്തികൾ

283 (1317) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12, 2012-13, 2013-14, 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുള്ള മരാമത്ത് പ്രവൃത്തികൾ ഏതെല്ലാംമെന്നും ഓരോന്നിനും എന്തുതുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) നിർമ്മാണം നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാം ആണെന്നും അവയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) 2011-12, 2012- 13, 2013-14, 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുള്ള മരാമത്ത് പ്രവൃത്തികൾ ഏതെല്ലാം എന്നും ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും നിർമ്മാണം നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാം ആണെന്നും അവയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയും എന്നുമുള്ള വിവരങ്ങൾ ദേശീയപാത വിഭാഗം, കെട്ടിട വിഭാഗം നിരത്തുവിഭാഗം എന്നിങ്ങനെ തിരിച്ച് യഥാക്രമം അനുബന്ധം 1-ഉം 2-ഉം 3-ഉം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാത ദേശീയപാത നിലവാരത്തിൽ വികസിപ്പിക്കൽ

284 (1318) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാത ദേശീയപാത നിലവാരത്തിൽ വികസിപ്പിക്കുന്നതിനായി K.S.T.P.-യെ ഏൽപ്പിച്ചത് എന്നാണ് ;

(ബി) പ്രസ്തുത റോഡിന്റെ എത്ര കിലോമീറ്റർ ഭാഗമാണ് ഇതുവരെ പൂർത്തിയായിട്ടുള്ളത് ; ഇതിനായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത് ; പ്രസ്തുത ഫണ്ട് എവിടെ നിന്നുമാണ് ലഭ്യമായിട്ടുള്ളത് ; നിർമ്മാണം പൂർത്തിയാക്കിയ വർഷം ഏത് ;

(സി) ഇപ്പോൾ പ്രസ്തുത റോഡിന്റെ നിർമ്മാണം നടക്കുന്നുണ്ടോ ; ഏതു ഭാഗമാണ് നിർമ്മിക്കുന്നത് ; എത്ര കിലോമീറ്റർ ; ഇതിനായി എത്ര തുകയാണ് ചെലവഴിക്കുന്നത് ; പ്രസ്തുത ഫണ്ട് ഏത് ഏജൻസിയിൽനിന്നുമാണ് ലഭ്യമാക്കിയിട്ടുള്ളത് ;

(ഡി) റോഡിന്റെ തുടക്കമായ പുനലൂരിൽ നിന്നും 3 ജില്ലകളിലൂടെ കടന്ന് പൊൻകുന്നംവരെ എത്തുന്ന പ്രസ്തുത റോഡിന്റെ ഭാഗം ഇതേവരെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) റോഡിന്റെ വികസനം K.S.T.P.-ക്ക് കൈമാറിയതുമൂതൽ ഈ റോഡിൽ വർഷാവർഷം കുഴികൾ അടയ്ക്കുന്നതിനു മാത്രമാണ് നാമമാത്രമായി ഫണ്ടനുവദിക്കാറുള്ളത് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) കാലവർഷമാകുന്നതോടെ റോഡ് തകരുന്നതുമൂലം ഈ റോഡിലൂടെ വാഹനയാത്ര ദുഷ്കരമാകുന്നതിനാൽ അടിയന്തരമായി ഈ റോഡ് നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) മൂന്ന് ഭാഗങ്ങളായി വികസിപ്പിക്കുന്ന പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ പുനലൂർ-പൊൻകുന്നം ഭാഗം PPP Hybrid Annuity ആയി ആണ് വകസിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത ഭാഗം കെ.എസ്.ടി.പി. ഏറ്റെടുത്തിട്ടില്ല. ബാക്കിയുള്ള പൊൻകുന്നം മുതൽ തൊടുപുഴ വരെയുള്ള ഭാഗം കെ.എസ്.ടി.പി ഏറ്റെടുത്തത് 28-5-2014-ലും തൊടുപുഴ - മൂവാറ്റുപുഴ ഭാഗം ഏറ്റെടുത്തത് 16-12-2012-ലും ആണ്.

(ബി) പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ തൊടുപുഴമുതൽ മൂവാറ്റുപുഴവരെയുള്ള 17.83 കി.മീ. റോഡ് ലോക ബാങ്ക് ധനസഹായത്തോടെ 2007-ൽ പൂർത്തിയാക്കി യിട്ടുണ്ട്. തൊടുപുഴ-മൂവാറ്റുപുഴ റോഡിനും മൂവാറ്റുപുഴ-അങ്കമാലി റോഡിനുംകൂടി ആകെ 112.79 കോടി രൂപയാണ് ചെലവായത്.

(സി) ഉണ്ട്. ലോകബാങ്കിന്റെ ധനസഹായത്തോടെ പൊൻകുന്നംമുതൽ തൊടുപുഴ വരെയുള്ള 50.22 കി.മീ. ഭാഗമാണ് നിർമ്മിക്കുന്നത്. ഇതിനായി ഏകദേശം 227 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. PPP Hybrid Annuity (പൊതു സ്വകാര്യ പങ്കാളിത്തത്തോടെ) ആയിട്ടാണ് പ്രസ്തുത റോഡ് വികസിപ്പിക്കുന്നത്.

(ഡി) ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കി കരാറുകാരെ കണ്ടെത്തുന്നതിനുവേണ്ടി ഇൻവെസ്റ്റർ മീറ്റ് നടത്തുകയുണ്ടായി. കരാറുകാരെ പ്രീ-ക്വാളിഫൈ ചെയ്യുന്നതിനുള്ള RFQ (Request for Qualification) ഡോക്യുമെന്റിന് ലോക ബാങ്കിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്.

(ഇ&എഫ്) ടി റോഡ് കെ.എസ്.ടി.പി. ഏറ്റെടുത്ത് നവീകരിക്കുന്നതുവരെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള റോഡ് ഭാഗത്തെ അറ്റകുറ്റപ്പണി പൊതുമരാമത്ത് റോഡ് വിഭാഗം നടത്തുന്നുണ്ട്.

**വാളയാർ വടക്കാഞ്ചേരി ദേശീയപാത പ്രവൃത്തി പുരോഗതി**

285 (1319) <u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാളയാർ-വടക്കാഞ്ചേരി ദേശീയപാത നാല് വരിയാക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ദേശീയപാത 47-ൽ വാളയാർമുതൽ വടക്കാഞ്ചേരിവരെ ബി.ഒ.ടി. (ടോൾ) അടിസ്ഥാനത്തിൽ നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ 18-5-2013-ന് ആരംഭിക്കുകയും 13-11-2015-ന് പദ്ധതി

പൂർത്തീകരിക്കുവാൻ ലക്ഷ്യമി ടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പൂർത്തീകരണത്തെക്കുറിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | വിശദാംശം | യൂണിറ്റ് | ആകെ | പൂർത്തീ കരിച്ചത് | പൂർത്തീകരിച്ച പ്രവൃത്തി ശതമാനത്തിൽ |
|---|---|---|---|---|---|
| 1 | നാലുവരിപ്പാതാ നിർമ്മാണം | കി.മീ | 53.885 | 48.00 | 89.07 |
| 2 | ബോക്സ് കൾവർട്ട് | നമ്പർ | 135 | 135 | 100 |
| 3 | പൈപ്പ് കൾവർട്ട് | നമ്പർ | 58 | 58 | 100 |
| 4 | മൈനർ ബ്രിഡ്ജ് | നമ്പർ | 12 | 12 | 100 |
| 5 | മേജർ ബ്രിഡ്ജ് | നമ്പർ | 2 | 2 | 100 |
| 6 | വെഹിക്കുലർ അണ്ടർ പാസ്സ് | നമ്പർ | 7 | 7 | 100 |
| 7 | പാസഞ്ചർ അണ്ടർ പാസ്സ് | നമ്പർ | 4 | 4 | 100 |
| 8 | ഫ്ലൈ ഓവർ | നമ്പർ | 1 | 1 | 100 |

നിലവിൽ മൊത്തം പദ്ധതിയുടെ 94% ത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിവരുന്ന പ്രവൃത്തികൾ കൂടി ഉദ്ദേശിച്ച കാലാവധിയ്ക്കു മുമ്പുതന്നെ പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

## പാറക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം

286 (1320) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പണിപൂർത്തിയായ പാറക്കടവ് പാലത്തിനുള്ള ഭരണാനുമതിയിൽ അപ്രോച്ച് റോഡ് കൂടി ഉൾപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് പ്രവൃത്തി പൂർത്തിയാക്കാത്തതെന്ന് വ്യക്തമാക്കാമോ ;

(സി) പൂർത്തിയാവാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിരുന്നുവോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 4-3-2011-ന് പ്രസ്തുത പാറക്കടവ് പാലത്തിന്റെ പണി പൂർത്തീകരിച്ചെങ്കിലും അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം 4-1-2013 -ന് മാത്രമാണ് റവന്യൂ അധികാരികളിൽനിന്നും പൊതുമരാമത്ത് വകുപ്പിന് ലഭ്യമായത്. പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തിരുന്ന കരാറുകാരന്റെ ആവശ്യപ്രകാരം 15-11-2012-ന് ടിയാന്റെ കരാർ അവസാനിപ്പിച്ചിരുന്നു.

(സി) പൂർത്തിയാകാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

**പാലക്കാട് - ഷൊർണ്ണൂർ കെ.എസ്.റ്റി.പി.റോഡ്**

287 (1321) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്-ഷൊർണ്ണൂർ കെ.എസ്.റ്റി.പി. റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് പൂർത്തീകരിച്ചത് ; എത്ര തുക ചെലവഴിച്ചു ; റോഡിന്റെ ഗുണനിലവാരം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത റോഡിൽ ഒറ്റപ്പാലം ൗണിനോട് ചേർന്നുകിടക്കുന്ന ഒറ്റപ്പാലം പാലത്തിന്റെയും കണ്ണിയംപുറം തോട്ടുപാലത്തിന്റെയും ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പാലങ്ങളുടെ വീതികൂട്ടി പുനർനിർമ്മിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; അതിനായുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) പാലക്കാട്-ഷൊർണ്ണൂർ കേരള സംസ്ഥാന ഗതാഗത പദ്ധതി

(കെ.എസ്.റ്റി.പി) റോഡിന്റെ നിർമ്മാണ പ്രവൃത്തി 28-2-2012-ലാണ് പൂർത്തീകരിച്ചത്. പാലക്കാട് - ഷൊർണ്ണൂർ റോഡിനും ചുണ്ടൽ-കുറ്റിപ്പുറം റോഡിനുംകൂടി ആകെ 175.69 കോടി രൂപയാണ് ചിലവഴിച്ചത്. MORTH (Ministry of Road Transport and Highways), IRC (Indian Road Congress) specification പ്രകാരം അന്താരാഷ്ട്ര നിലവാര ത്തിലാണ് ഈ റോഡിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. GSB (Granular Sub Base), WMM (Wet Mix Mecadam), DBM (Dense Bitumen Mecadam), BC (Bitumen Concrete) എന്നിവ ചെയ്ത് എല്ലാ റോഡുസുരക്ഷാ ക്രമീകരണങ്ങളും ആവശ്യമായ സൈനേജുകളും പൂർത്തിയാക്കിയാണ് റോഡ് നിർമ്മാണം നടത്തിയത്.

(ബി-ഡി) പാലക്കാട് - ഷൊർണ്ണൂർ റോഡിൽ ഒറ്റപ്പാലം ഠൗണിനോട് ചേർന്നു കിടക്കുന്ന ഒറ്റപ്പാലം പാലത്തിനും കണ്ണിയാംപുറം തോട്ടുപാലത്തിനും വീതി കുറവായതിനാൽ ചെറിയ തോതിൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പ്രസ്തുത പാലം പുനർനിർമ്മിക്കുന്ന കാര്യം (കെ.എസ്.റ്റി.പി. മുഖേന) പരിഗണനയിലാണ്. ഇതുസംബന്ധിച്ച പ്രൊപ്പോസൽ ലോകബാങ്കിന്റെ അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുകയാണ്. ടി അനുമതി ലഭ്യമായാൽ മാത്രമേ പണി തുടങ്ങുവാൻ സാധിക്കുകയുള്ളൂ.

## നരിക്കുനി ബൈപ്പാസ് നിർമ്മാണം

288 (1322) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ നരിക്കുനി ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് എന്നാണ് ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ് ;

(സി) നരിക്കുനി സർക്കുലർ റോഡ് നിർമ്മിക്കുന്നതിന് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ ?

### ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ നരിക്കുനി ബൈപ്പാസ് നിർമ്മാണത്തിന് 14-7-2009-ലെ സ.ഉ (സാധാ) 1045/2009/പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരം 950 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി

ചേർക്കുന്നു.*

(ബി) ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല.

(സി) നടത്തിയിട്ടില്ല.

**ചാലക്കുടി റെയിൽവേ അണ്ടർപാസ്സേജിന്റെ അപ്രോച്ച് റോഡ്**

289 (1323) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി റെയിൽവേ അണ്ടർ പാസ്സേജിന്റെ നിർമ്മാണം പൂർത്തിയാക്കി 2 വർഷം പിന്നിട്ടിട്ടും ഇതിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കാത്തതുമൂലം യാത്രക്കാർക്കും പ്രദേശവാസികൾക്കുമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകി ഉടൻ ഭരണാനുമതി നൽകുന്നതിനും പ്രസ്തുത അപ്രോച്ച് റോഡ് യാഥാർത്ഥ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നകാര്യം സർക്കാർ പരിഗണനയിലാണ്.

**റെയിൽവേ മേൽപ്പാലം**

290 (T1324) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കര റെയിൽവേ സ്റ്റേഷനു സമീപം ബുദ്ധ ജംഗ്ഷൻ-കല്ലുമല റോഡിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ഞാറക്കൽ-മഞ്ഞനക്കാട് പാലത്തിന്റെ നിർമ്മാണം**

291 (1325) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഞാറക്കൽ മഞ്ഞനക്കാട് പാലത്തിന്റെ നിർമ്മാണത്തിൽ നിലവിലുള്ള ഭരണാനുമതി പ്രകാരം സർക്കാർ സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; വ്യക്തമാക്കാമോ ;

(ബി) ഭരണാനുമതി നൽകുന്നതിന് ആധാരമാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് പരിഗണിച്ച് പാലം നിർമ്മാണം സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ&ബി) 8-11-2012-ലെ സ.ഉ (സാധാ) നമ്പർ 1885/12/പൊ.മ.വ. പ്രകാരം മഞ്ഞനക്കാട് പാലത്തിന്റെ (Foot Bridge) നിർമ്മാണത്തിന് 2 കോടി രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരുന്നതേയുള്ളൂ. ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി എത്രയും പെട്ടെന്ന് സാങ്കേതികാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**നീലേശ്വരം-കോട്ടപ്പുറം പാലം പണി**

292 (1326) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നീലേശ്വരം കോട്ടപ്പുറം പാലം പണി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; ഇതിന്റെ കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റ്-ൽ ടെർമിനേറ്റുചെയ്ത് പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ഏറ്റെടുത്ത ഈ പ്രവൃത്തി ചില സാങ്കേതിക പ്രശ്നങ്ങളാൽ മന്ദഗതിയിലായി. പൈലിംഗ് ചെയ്യുന്നതിനുള്ള പോൺ, ടൂൺ (ബാർജ്) ഒരു പ്രാവശ്യം ഒഴുകി പോകുകയും പുനർനിർമ്മാണത്തിനുശേഷം അടുത്ത വെള്ളത്തിൽ താഴ്ന്ന് പോവുകയും ചെയ്തു. ഇത് പ്രസ്തുത പ്രവൃത്തിയുടെ കാലതാമസത്തിന് കാരണമായി കൂടാതെ പ്രവൃത്തിയുടെ ബില്ലിന്റെ പേമെന്റ് വൈകുന്നതും പ്രവൃത്തിയുടെ പുരോഗതിക്ക് തടസ്സമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 2015, 9-ാം മാസം തീർക്കാമെന്നുള്ള ഒരു പ്രോഗ്രാം ചാർട്ട് നൽകിയിട്ടുള്ളതുകൊണ്ടും ഇപ്പോഴും പണി നടക്കുന്നതുകൊണ്ടും കരാറുകാരനെ ഒഴിവാക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ ഫ്ളൈ ഓവർ**

293 (1327) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത 47-ൽ നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ അനുവദിച്ചിട്ടുള്ള മേൽപ്പാലത്തിന്റെ തറക്കല്ലിടീൽ നടത്തി ഒരുവർഷം പിന്നിട്ടിട്ടും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ ഫ്ളൈ ഓവർ നിർമ്മിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ടോ ;

(സി) നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ ; തടസ്സങ്ങൾ മാറ്റി ഫ്ളൈ ഓവർ നിർമ്മാണം ആരംഭിക്കുന്നതിന് സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ഡി) കൊരട്ടി ജംഗ്ഷനിൽ ഫ്ളൈ ഓവർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ&ബി) ദേശീയപാത 47-ൽ ചാലക്കുടി സ്റ്റേഷൻ റോഡ് ജംഗ്ഷനിൽ വെഹിക്കുലർ അണ്ടർപാസ് നിർമ്മിക്കുവാൻ 2008 മാർച്ചിൽ ഒറിജിനൽ എഗ്രിമെന്റിൽ മാറ്റംവരുത്തി തീരുമാനിച്ചെങ്കിലും തദ്ദേശവാസികളുടെ എതിർപ്പുമൂലം പ്രവൃത്തി നടത്താൻ കഴിഞ്ഞില്ല.

(സി) ചാലക്കുടി കോർട്ട് ജംഗ്ഷനും ചാലക്കുടി സ്റ്റേഷൻ റോഡ് ജംഗ്ഷനും തമ്മിലുള്ള ദൂരം 210 മീറ്റർ മാത്രമാണ്. ആയതിനാൽ കോർട്ട് റോഡ് ജംഗ്ഷനിലെ അണ്ടർപാസും അപ്രോച്ച് റോഡും പൂർത്തിയാവുമ്പോൾ സ്റ്റേഷൻ റോഡ് ജംഗ്ഷൻ പൂർണ്ണമായും അടയ്ക്കപ്പെടും. അതുകൊണ്ട് ചാലക്കുടി സ്റ്റേഷൻ റോഡ് ജംഗ്ഷന്റെ ഇരുവശത്തുനിന്നും വരുന്ന വാഹനങ്ങൾ ചാലക്കുടി ഫ്ളൈ ഓവർ വഴിയോ അല്ലെങ്കിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന അണ്ടർപാസിലെത്താൻ നിലവിലുള്ള
5.5 മീറ്റർ സർവ്വീസ് റോഡിൽക്കൂടിയോ എത്തേണ്ടിവരും. ഇതിനെ ഒരു വിഭാഗം ജനങ്ങൾ എതിർക്കുകയുണ്ടായി. തദ്ദേശവാസികളുടെ എതിർപ്പിന് പരിഹാരമാകുന്ന മുറയ്ക്ക് ഇതിനുമേൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയും.

(ഡി) ഇല്ല.

**ബാലുശ്ശേരി മിനി സിവിൽസ്റ്റേഷൻ നിർമ്മാണം**

294 (1328) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുമെന്ന പ്രഖ്യാപനത്തെ

തുടർന്ന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) ഇതിനുവേണ്ടി ബാലുശ്ശേരിയിലെ പറമ്പിൻമുകളിൽ കണ്ടെത്തിയ സ്ഥലം സന്ദർശിച്ച സീനിയർ ആർക്കിടെക്റ്റിന് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥലത്തിന്റെ 'ടോട്ടൽ സ്റ്റേഷൻ സർവ്വേ' വിവരങ്ങൾ കെട്ടിടത്തിന്റെ രൂപകൽപ്പനക്കായി ലഭിച്ചിട്ടുണ്ടോ ;

(ഡി) കെട്ടിടത്തിന്റെ കൺസെപ്ച്വൽ ഡിസൈൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ബാലുശ്ശേരിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി ആർക്കിടെക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പ് വാസ്തുശില്പ വിഭാഗത്തിലെ ആർക്കിടെക്റ്റ് നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ച് ടോട്ടൽ സ്റ്റേഷൻ സർവ്വേ പ്ലാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് ആർക്കിടെക്റ്റിന് 21-2-2015-ൽ സമർപ്പിച്ചിട്ടുണ്ട്. മിനി സിവിൽ സ്റ്റേഷനിൽ ഉൾപ്പെടുത്തേണ്ട ഓഫീസുകളുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ബാക്കി പ്രവൃത്തികൾ നടത്തുന്നതാണ്.

(ബി) ലഭ്യമാക്കിയിട്ടുണ്ട്.

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷനിൽ ഉൾപ്പെടുത്തേണ്ട ഓഫീസുകളുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് എത്രയും വേഗം രൂപകല്പന തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കമ്പംകോട്ട മുതൽ ഏനാത്ത് വരെ വാഹനാപകടമുക്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ**

295 (1329) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെയിൻ സെൻട്രൽ റോഡിൽ കമ്പംകോട്ട മുതൽ ഏനാത്ത് വരെയുള്ള ഭാഗത്ത് കഴിഞ്ഞ 4 വർഷങ്ങളിൽ വാഹന അപകടത്തിൽ മരണമടഞ്ഞവരുടെ എണ്ണം എത്രയാണ് ;

(ബി) പ്രസ്തുത പ്രദേശം വാഹനാപകട മുക്തമാക്കുന്നതിന് കെ.എസ്.റ്റി.പി. സ്വീകരിച്ച

നടപടികൾ എന്തെല്ലാമാണ് ;

(സി) എത്ര തുക ഇതിനായി ചെലവഴിച്ചു ; ഇതിനായി നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മെയിൻ സെൻട്രൽ റോഡിൽ കമ്പംകോട് മുതൽ ഏനാത്ത് വരെയുള്ള ഭാഗത്ത് കഴിഞ്ഞ 4 വർഷങ്ങളിൽ (സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ - ക്രാഷ് ഡാറ്റാ പ്രകാരം) വാഹനാപകടത്തിൽ മരണമടഞ്ഞവരുടെ എണ്ണം താഴെ പറയുന്നു :

| വർഷം | എണ്ണം |
|---|---|
| 2011 | 10 |
| 2012 | 27 |
| 2013 | 12 |
| 2014 | 10 |

(ബി&സി) 2011-ൽ നവീകരണം പൂർത്തിയാക്കിയശേഷം പ്രസ്തുത റോഡിന്റെ കഴക്കൂട്ടം മുതൽ ചെങ്ങന്നൂർ വരെയുള്ള ഭാഗത്ത് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി 2012-ൽ റോഡ് സുരക്ഷാ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി കാലാകാലങ്ങളിൽ മഴമൂലമുണ്ടാകുന്ന പോട്ട് ഹോളുകൾ യഥാസമയം അടയ്ക്കുക, മാഞ്ഞുപോയ ഹമ്പ് മാർക്കിംഗ് ചെയ്യുക എന്നിവയും വാളകത്തും കമ്പംകോട്ടും മഴമൂലമുണ്ടായ കേടുപാടുകൾ ബി.സി. ഓവർലേ ചെയ്ത് റോഡ് യാത്ര സുഗമമാക്കുക, മറ്റ് റോഡ് സേഫ്റ്റി പ്രവൃത്തികളായ മുന്നറിയിപ്പ് ബോർഡുകൾ, ക്രാഷ് ബാരിയർ, റോഡ് സ്റ്റഡ്, കാട് വെട്ടിതെളിക്കൽ, ഓട ക്ലീനിംഗ് എന്നിവയും നടത്തിയിട്ടുണ്ട്. കൂടാതെ അപ്രോച്ച് റോഡുകളിൽ ഹമ്പ് സ്ഥാപിച്ച് ഇതുവഴി വാഹനങ്ങൾ അമിത വേഗത്തിൽ എം.സി.റോഡിൽ പ്രവേശിക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്. ഇതുകൂടാതെ എം.സി. റോഡിന്റെ അപകടങ്ങൾ കുറയ്ക്കുന്നതിനായി കെ.എസ്.റ്റി.പി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി കഴക്കൂട്ടം മുതൽ അടൂർ വരെ ലോക ബാങ്ക് സഹായത്താൽ "സേഫ് കോറിഡോർ" പദ്ധതി നടപ്പാക്കുന്നതിനായി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. പ്രസ്തുത പ്രവൃത്തികൾക്ക് ആകെ ചെലവഴിച്ച തുക ചുവടെ

ചേർക്കുന്നു :

i. പോട്ട് ഹോൾ ഫില്ലിംഗ് - 43,000

ii. ഹമ്പ് മാർക്കിംഗ് - 1,05,000

iii. ബി.സി. ഓവർലേ - 12,46,931

iv. റോഡ് സേഫ്റ്റി വർക്ക് - കമ്പംകോട് മുതൽ ഏനാത്ത് വരെ ഉൾപ്പെടുന്ന കഴക്കൂട്ടം മുതൽ ചെങ്ങന്നൂർ വരെയുള്ള എം.സി.റോഡിന്റെ സുരക്ഷാ പ്രവൃത്തികൾക്കായി (2012 കാലഘട്ടത്തിൽ) 4.67 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

296 (1330) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ എൽ.എ.സി., എ.ഡി.എസ് പ്രവൃത്തികളൊഴികെയുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; റോഡ്സ്, ബ്രിഡ്ജസ്, ബിൽഡിംഗ്സ് വിഭാഗം തിരിച്ച് വിശദമാക്കാമോ ;

(ബി) ഓരോ പ്രവൃത്തികളുടെയും അടങ്കൽ തുകയെത്ര ; ഇതുവരെ എന്തു തുക വീതം ചെലവഴിച്ചു ; ഓരോ പ്രവൃത്തിയും എന്നത്തേക്കാണ് പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ ?

### ഉത്തരം

(എ&ബി) അമ്പലപ്പുഴ മണ്ഡലത്തിൽ എൽ.എ.സി., എ.ഡി.എസ്. പ്രവൃത്തിക ളൊഴികെയുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക, ഇതുവരെ എന്തു തുക വീതം ചെലവഴിച്ചു എന്നും, ഓരോ പ്രവൃത്തിയും എന്നത്തേക്കാണ് പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നുമുള്ള വിശദാംശങ്ങൾ അനുബന്ധം 1 ഉം 2 ഉം 3 ഉം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കോഴിക്കോട് മാവൂർ റോഡിലെ ഓടകളുടെ ശുചീകരണം**

297 (1331) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മാവൂർ റോഡ് ജംങ്ഷൻ മുതൽ അരയടത്ത് പാലം വരെ ഇരുവശങ്ങളിലുമുള്ള ഓട, മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി അവസാനമായി വൃത്തിയാക്കിയത് ഏതു വർഷത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) മഴക്കാലത്ത് വെള്ളം കെട്ടിക്കിടക്കുന്ന ഈ ഓടകൾ വർഷംതോറും വൃത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് മാവൂർ റോഡ് ജംങ്ഷൻ മുതൽ അരയടത്ത് പാലം വരെയുള്ള റോഡ് പ്രവൃത്തി Kerala Sustainable Urban Development Project (KSUDP) മുഖേന നടപ്പിലാക്കുന്നതിനായി കോഴിക്കോട് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. റോഡിന് ഇരുവശത്തുമുള്ള ഓടകൾ വൃത്തിയാക്കുന്നത് ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി കോർപ്പറേഷൻ അധികാരികളാണ്. ആയതിനാൽ 2007-ന ശേഷം പൊതുമരാമത്ത് വകുപ്പ് ഈ ഓടകൾ വൃത്തിയാക്കിയിട്ടില്ല.

**കോഴിക്കോട് ജില്ലയിലെ മഴക്കാലപൂർവ്വ ശുചീകരണം**

298 (1332) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ മഴക്കാലപൂർവ്വ ശുചീകരണത്തിനായി എത്ര തുകയാണ് ഓരോ വർഷവും അനുവദിച്ചതെന്ന് വിശദമാക്കുമോ ;

(ബി) ഓരോ വർഷവും ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചതെന്ന് പ്രവൃത്തിയുടെ പേരും തുകയും സഹിതം വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ മഴക്കാലപൂർവ്വ ശുചീകരണത്തിനായി അനുവദിച്ച തുകയും പ്രവൃത്തിയുടെ പേരും

അനുബന്ധമായി ചേർത്തിരിക്കുന്നു.*

## മാവേലിക്കര കണ്ടിയൂർ ബൈപ്പാസ് നിർമ്മാണം

299 (1333) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കര കണ്ടിയൂർ ബൈപ്പാസ് നിർമ്മാണത്തിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കാലതാമസം ഒഴിവാക്കി ബൈപ്പാസ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ടിയൂർ ബൈപ്പാസ് നിർമ്മാണത്തിന്റെ കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രണ്ടു പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ആരുംതന്നെ ടി പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകാതിരുന്നതിനാൽ ക്വട്ടേഷൻ ക്ഷണിച്ചു. രണ്ട് ക്വട്ടേഷൻ ലഭിച്ചിട്ടുണ്ട്. ക്വട്ടേഷന് അംഗീകാരമായാൽ മാത്രമേ പണി തുടങ്ങാൻ സാധിക്കുകയുള്ളൂ.

## മാവേലിക്കര മണ്ഡലത്തിൽ വഴിയോര വിശ്രമ കേന്ദ്രങ്ങളുടെ നിർമ്മാണം

300 (1334) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിന് എം.എൽ.എ. നിർദ്ദേശിച്ച വഴിയോര വിശ്രമ കേന്ദ്രങ്ങൾക്ക് അനുമതി നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിരത്തുകൾക്ക് സമീപം വഴിയോര വിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികൾക്കാണ് വഴിയോര വിശ്രമകേന്ദ്രങ്ങളുടെ നിർമ്മാണച്ചുമതല നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ. യുടെ പ്രാദേശിക വികസന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിന്, എം.എൽ.എ. നിർദ്ദേശിച്ച വഴിയോര വിശ്രമ കേന്ദ്രങ്ങൾക്ക് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകളൊന്നും പൊതുമരമത്ത് വകുപ്പിൽ ലഭ്യമായിട്ടില്ല.

(ബി&സി) നിരത്തുകൾക്ക് സമീപം വഴിയോര വിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് 27-2-2013-ലെ സർക്കാർ ഉത്തരവ് (കൈ.) നമ്പർ 19 പ്രകാരം പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## നിർമ്മാണ വസ്തുക്കളുടെ ഗുണനിലവാരം

301 (1335) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ഡബ്ല്യൂ.ഡി. നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി ജില്ലാ കേന്ദ്രങ്ങളിൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി ഇതിന്റെ പ്രവർത്തനരീതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

### ഉത്തരം

(എ&ബി) ഉണ്ട്. പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റീജിയണൽ ലാബുകൾ പ്രവർത്തിക്കുന്നു. തിരുവനന്തപുരത്തെ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയുടെ പ്രവർത്തനം നിർവഹിക്കുന്നു. ജില്ലാ ലാബുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. പ്രസ്തുത ലാബുകളിൽ പരിഷ്കരിച്ച പൊതുമരാമത്ത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മാന്വലിലെ ചട്ടം 2401.1 പ്രകാരം പ്രവൃത്തികളുടെ രണ്ടാംതല ഗുണനിലവാര പരിശോധനയാണ് നടത്തുന്നത്.

(സി&ഡി) ജില്ലാതലത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ജില്ലാ ലാബുകൾ നിലവിലുണ്ട്. ലാബുകളിൽ ഗുണനിലവാര പരിശോധനയ്ക്കായി അസിസ്റ്റന്റ് എഞ്ചിനീയറേയും മറ്റ് സാങ്കേതിക ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. ലാബുകളിലെ ഉദ്യോഗസ്ഥർ പ്രവൃത്തി നടക്കുന്ന സ്ഥലങ്ങൾ 'റാൻഡം' രീതിയിൽ സന്ദർശനം നടത്തി നിശ്ചിത അളവിലുള്ള സാമ്പിളുകൾ ശേഖരിക്കുകയും പ്രവൃത്തി സ്ഥലത്തുവെച്ച് പരിശോധിക്കാനുള്ളത് അവിടെവച്ചും, ബാക്കിയുള്ളവ ഗുണനിലവാര പരിശോധന ലാബുകളിൽ വച്ചും പരിശോധന നടത്തുന്നു. റീജിയണൽ ലാബുകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഇവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. പരിശോധനാഫലങ്ങൾ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ചീഫ് എഞ്ചിനീയർമാർക്കും അയച്ചുകൊടുക്കുന്നുണ്ട്.

## കോട്ടൂർ ഗ്രാമപഞ്ചായത്ത് ഭാഗത്ത് അപ്രോച്ച് റോഡ്

302 (1336) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ബാലുശ്ശേരി, കോട്ടൂർ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് രാമൻ പുഴയിൽ നിർമ്മിച്ച കോവിലകം താഴെ പാലം, കോട്ടൂർ ഗ്രാമപഞ്ചായത്ത് ഭാഗത്ത് അപ്രോച്ച് റോഡ് ഇല്ലാത്തതിനാൽ പ്രയോജനപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ അപ്രോച്ച് റോഡിനു വേണ്ടി ഭൂമി അക്വയർ ചെയ്യുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ ;

(സി) ഇതു സംബന്ധിച്ച് റവന്യൂ വകുപ്പിന് കൈമാറിയ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) ഭൂമി ഏറ്റെടുത്ത് നൽകുന്നതിനുവേണ്ടി റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. രേഖകളുടെ പകർപ്പ അനുബന്ധമായി ചേർക്കുന്നു.*

## കഴക്കൂട്ടം-കോവളം ബൈപ്പാസ് ദർഘാസ് വിജ്ഞാപനം

303 (1337) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം-കോവളം ബൈപ്പാസ് നാല് വരിപ്പാതയാക്കാനുള്ള പ്രവൃത്തി ടെണ്ടർ വിജ്ഞാപനം ചെയ്തത് എന്നാണ് എന്നും ഏതെല്ലാം കോൺട്രാക്ടർമാർ ടെണ്ടറിൽ പങ്കെടുക്കുകയുണ്ടായെന്നും ക്വാളിഫൈ ചെയ്യപ്പെട്ടവർ ആരൊക്കെയെന്നും വിശദാംശം നൽകുമോ ;

(ബി) ക്വാട്ട് ചെയ്തവർ ഓരോരുത്തരും എന്തു തുക വീതമാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടത് എപ്പോഴായിരുന്നു ; തുക എത്രയായിരുന്നു ; എസ്റ്റിമേറ്റ് തുകയും വർക്ക് അവാർഡ് ചെയ്ത തുകയും എത്ര വീതമാണ് ; നിർമ്മാണത്തിന് എഗ്രിമെന്റ് വച്ച കമ്പനി ഏതാണ് ; വിശദമായ വിവരം നൽകുമോ ;

(ഡി) പ്രസ്തുത പ്രവൃത്തി നടത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക ഏത് ഹെഡ്ഡിൽ എത്രയായിരുന്നുവെന്നു വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) കഴക്കൂട്ടം-കോവളം ബൈപ്പാസ് നാലുവരിപ്പാതയാക്കാനുള്ള പ്രവൃത്തിയുടെ ടെണ്ടർ വിജ്ഞാപനം ചെയ്തത് 30-10-2014-ൽ ആണ്. ടെണ്ടർ സ്വീകരിച്ച അവസാന തീയതി 10-4-2015 ആണ്. ടെണ്ടറിൽ പങ്കെടുത്തവർ മെസ്സേഴ്സ് കെ. എൻ. ആർ. കൺസ്ട്രക്ഷൻസ് ലിമിറ്റഡ്, ഹൈദരാബാദ്, എൽ ആന്റ് റ്റി കൺസ്ട്രക്ഷൻ കമ്പനി എന്നിവരാണ്. ഇതിൽ മെസ്സേഴ്സ് കെ.എൻ.ആർ. കൺസ്ട്രക്ഷൻസ് ലിമിറ്റഡ്, ഹൈദരാബാദ് ആണ് ക്വാളിഫൈ ചെയ്യപ്പെട്ടത്.

(ബി) ഓരോരുത്തരും ക്വാട്ട് ചെയ്ത തുക ചുവടെ ചേർക്കുന്നു :

| | |
|---|---|
| മെസ്സേഴ്സ് കെ.എൻ.ആർ. കൺസ്ട്രക്ഷൻസ് ലിമിറ്റഡ് ഹൈദരാബാദ് | 669.06 കോടി രൂപ |
| എൽ ആന്റി റ്റി കൺസ്ട്രക്ഷൻ കമ്പനി | 708.40 കോടി രൂപ |

(സി) നിലവിലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എസ്റ്റിമേറ്റ് തുക (സിവിൽ വർക്ക്) 621.22 കോടി രൂപയും വർക്ക് അവാർഡ് ചെയ്ത തുക 669.06 കോടി രൂപയുമാണ്. മെസ്സേഴ്സ് കെ.എൻ.ആർ. കൺസ്ട്രക്ഷൻസ് ലിമിറ്റഡ്, ഹൈദരാബാദുമായാണ് എഗ്രിമെന്റ് വച്ചത്.

(ഡി) പദ്ധതിയുടെ തുക പൂർണ്ണമായും കേന്ദ്രസർക്കാരാണ് വഹിക്കുന്നത്.

ആയതിനാൽ സംസ്ഥാന ബജറ്റിൽ തുക വകയിരുത്തേണ്ട ആവശ്യമില്ല.

## കോഴിക്കോട് - ബാലുശ്ശേരി റോഡിന്റെ വികസനം

304 (1338) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള കോഴിക്കോട് ബാലുശ്ശേരി റോഡിന്റെ വികസനം വകുപ്പിന്റെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(ബി) എങ്കിൽ അതുസംബന്ധിച്ച വിശദവിവരവും പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത റോഡിന് 2015-16 വർഷത്തിൽ അറ്റകുറ്റപ്പണികൾക്കായി തുക വകയിരുത്തിയിട്ടുണ്ടോ ; എങ്കിൽ പ്രവൃത്തിയുടെ വിശദവിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കോഴിക്കോട്-ബാലുശ്ശേരി റോഡ് സംസ്ഥാന റോഡ് വികസന പദ്ധതിയിലെ റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് ഉൾപ്പെടെയുള്ള റോഡുകളുടെ പാക്കേജ് പി.പി.പി./ ആന്വിറ്റി രീതിയിൽ നവീകരിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചപ്പോൾ കിട്ടിയ നിരക്കുകൾ കൂടുതലായതിനാൽ അംഗീകാരം നൽകിയിട്ടില്ല.

(സി) 2015-16 വർഷത്തിൽ അറ്റകുറ്റപ്പണികൾക്കായി പ്രസ്തുത റോഡിന് തുകയൊന്നും വകയിരുത്തിയിട്ടില്ല.

## റോഡ് വികസനം

305 (1339) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രത്തിന്റെ സാമ്പത്തിക പുരോഗതിയിൽ റോഡുവികസനം മുഖ്യപങ്ക് വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരളത്തെ ഏറ്റവും മികച്ച സംസ്ഥാനമാക്കി മാറ്റുന്നതിന് റോഡുവികസനത്തിന് മുന്തിയ പരിഗണന നൽകുമോ ;

(സി) റോഡുപണിക്ക് എ.എം.ഡി. നിലവിലുണ്ടോയെന്ന് വിശദമാക്കുമോ ;

(ഡി) റോഡുകൾ കുറ്റമറ്റ രീതിയിൽ സംരക്ഷിക്കുന്നതിനുള്ള സ്ഥിരം സംവിധാനത്തിന്റെ കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉത്തരവാദപ്പെട്ടവരാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തെ ഏറ്റവും മികച്ച സംസ്ഥാനമാക്കി മാറ്റുന്നതിന് റോഡു വികസനത്തിന് മുന്തിയ പരിഗണന നൽകുന്നുണ്ട്.

(സി) ചോദ്യത്തിൽ എ.എം.ഡി. എന്ന് പറഞ്ഞിരിക്കുന്നത് വ്യക്തമല്ല. എന്നാൽ പുതുക്കിയ PWD മാന്വലിൽ പണികൾക്ക് എ.എം.ഡി. (ആന്വൽ മെയിന്റനൻസ് കോൺട്രാക്ട്) നിർദ്ദേശിച്ചിട്ടുണ്ട്. ഇത്, നിലവിലുള്ള പെർഫോമൻസ് ബേസ്ഡ് മെയിന്റനൻസ് കോൺട്രാക്ടിൽനിന്നും വിഭിന്നമാണ്. മാന്വൽ പ്രകാരമുള്ള എ.എം.ഡി, പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ നടപ്പിലാക്കി തുടങ്ങി. റോഡ്സ് വിഭാഗത്തിൽ ഇത് ഉടനെ നടപ്പിലാക്കുന്നതാണ്.

(ഡി) റോഡുകൾ കുറ്റമറ്റ രീതിയിൽ സംരക്ഷിക്കുന്നതിന് പദ്ധതി ഇനത്തിലുൾപ്പെടുത്തി വർഷം തോറും തുക അനുവദിക്കാറുണ്ട്. എന്നാൽ റോഡുകളുടെ പൂർണ്ണമായ പരിപാലനത്തിന് ഇത് അപര്യാപ്തമാണ്. ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് വകുപ്പിൽ ഇപ്പോൾതന്നെ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ, പ്രവൃത്തി ഏറ്റെടുത്ത് നടത്തിയശേഷം നിശ്ചിത കാലാവധിക്ക് ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള ഉത്തരവുകളും നടപ്പാക്കിയിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനവുമുണ്ട്.

## ചിപ്പൻചിറ പാലം നിർമ്മാണം

306 (1340) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വാമനപുരം നിയോജകമണ്ഡലത്തിലെ ചിപ്പൻചിറ പാലത്തിന്റെ നിർമ്മാണം ഏതുഘട്ടം വരെയായി എന്ന് വിശദമാക്കുമോ ?

ഉത്തരം

ചിപ്പൻചിറയിൽ നിലവിലെ ഇരുമ്പ് പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നതിന് നടപടികൾ എടുത്തുവരുന്നു. പാലം നിർമ്മിക്കുന്ന പുഴ ഉൾപ്പെടുന്ന വനഭൂമി പ്രദേശങ്ങൾ, നിർമ്മാണ പ്രവർത്തനത്തിനായി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 590 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 25-10-2014-ൽ സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് പ്രവൃത്തി ടെണ്ടർ ചെയ്യുകയുമുണ്ടായി. പ്രസ്തുത ടെണ്ടർ പ്രകാരം കരാറുകാരനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

## പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

307 (1341) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് പ്രവൃത്തി, തുക എന്നിവ സഹിതം വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ അവസ്ഥ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, പൊതുമരാമത്ത് വകുപ്പ്, പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തി, തുക, പ്രവൃത്തികളുടെ അവസ്ഥ എന്നിവ നിരത്തുവിഭാഗം, ദേശീയപാത വിഭാഗം, കെട്ടിട വിഭാഗം എന്നിവ തിരിച്ച് അനുബന്ധം 1 ഉം 2 ഉം 3 ഉം ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണത്തിലെ കാലതാമസം**

308 (1342) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോൺവെന്റ് ബീച്ച് പാലത്തിന്റെ സാങ്കേതികാനുമതിക്കുള്ള കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ബി) നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പ്രവൃത്തി നടപ്പാക്കുന്നതിൽ തടസ്സങ്ങളുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) കോൺവെന്റ് ബീച്ച് പാലം കോസ്റ്റൽ റെഗുലേറ്ററി സോണിൽ വരുന്നതിനാൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽനിന്നും ക്ലിയറൻസ് ലഭിക്കേണ്ടതുണ്ട്. ആയത് ലഭിച്ചാൽ മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. ക്ലിയറൻസ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കരാറുകാരുടെ കുടിശ്ശിക**

309 (1343) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ കുടിശ്ശിക തുക കൊടുത്തു തീർക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) കരാറുകാരിൽ പലരും പ്രവൃത്തികൾ പാതിവഴിയിൽ നിർത്തിവെച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) കരാറുകാർക്ക് കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. റോഡുകളും പാലങ്ങളും വിഭാഗത്തിലെ സെപ്തംബർ 2014 വരെയുള്ള ബില്ലുകൾക്കും കെട്ടിടവിഭാഗത്തിലെ ഡിസംബർ 2014 വരെയുള്ള ബില്ലുകൾക്കും ഡിസ്കൗണ്ടിംഗ് സമ്പ്രദായം അനുവദിച്ചിട്ടുണ്ട്. ബിൽ ഡിസ്കൗണ്ട് ചെയ്യുമ്പോൾ കരാറുകാർ വഹിക്കേണ്ടിവരുന്ന

പലിശയുടെ 50% സർക്കാർ വഹിക്കുന്നതാണ്.

(ബി) പ്രവൃത്തികൾ പാതിവഴിയിൽ നിർത്തിവച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മുമ്പ് പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ വിമുഖത കാണിച്ചിരുന്നു വെങ്കിലും ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തിയതിനുശേഷം സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്.

**ആറ്റിങ്ങൽ പട്ടണത്തിലെ എൻ.എച്ച്. വീതി കൂട്ടൽ**

310 (T1344) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാതൃകാപദ്ധതിയായി നടപ്പിലാക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ച ആറ്റിങ്ങൽ പട്ടണത്തിലെ എൻ.എച്ച്. വീതി കൂട്ടൽ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി നീക്കി വച്ചിരിക്കുന്ന തുക എത്രയാണെന്നറിയിക്കുമോ ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനം എന്ന് തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) മാതൃകാപദ്ധതിയായി നടപ്പിലാക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ച ദേശീയപാത 66 (പഴയ നമ്പർ 47)-ൽ ആറ്റിങ്ങൽ പട്ടണത്തിലെ മൂന്നുമുക്ക മുതൽ പൂവമ്പാറ വരെയുള്ള 3 കി.മീ. ദൂരം വരുന്ന ഭാഗം 20 മീറ്റർ വീതിയിൽ വികസിപ്പിക്കുന്ന പദ്ധതിക്കുവേണ്ടി 22.75 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ.

**ആറ്റിങ്ങൽ മണ്ഡലത്തിലെ റോഡുകളുടെ നവീകരണം**

311(1345) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തു നിർമ്മാണം നടത്തിവരുന്ന കിളിമാനൂർ-തുണ്ടിൽ-ഞാവേലിക്കോണം-തോപ്പിൽ-പോങ്ങനാട്, പട്ടക്കൈത-കാട്ടുചന്ത എന്നീ റോഡുകളുടെ നവീകരണം അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത റോഡ് പണി അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) 2015 ജൂൺ മാസത്തിൽതന്നെ പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഭരണാനുമതി

312 (1346) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡ്സ് & ബ്രിഡ്ജസ്, ബിൽഡിംഗ്സ് എന്നിവയുടെ പ്രവൃത്തികൾക്കായി എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അവ ഓരോന്നും ഇനം, നിയോജകമണ്ഡലം, തുക, റോഡുകൾ തിരിച്ച് വിശദമാക്കുമോ ;

(ബി) റോഡ്സ്&ബ്രിഡ്ജസ്, ബിൽഡിംഗ്സ് എന്നിവയ്ക്ക് പുതിയ ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

## വെണ്ണിക്കുളം-റാന്നി റോഡ് വികസനം

313 (1347) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെണ്ണിക്കുളം-റാന്നിറോഡ് ബി.എം&ബി.സി. നിലവാരത്തിൽ വികസിപ്പിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) ഈ തുക ഉപയോഗിച്ച് എത്ര കിലോമീറ്റർ റോഡ് വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത് ;

(സി) ഇതിന്റെ നിർമ്മാണം ടെൻഡർ ചെയ്തിരുന്നോ ; എത്ര തവണ ടെൻഡർ ചെയ്തു ; ഏതൊക്കെ തീയതികളിൽ ; എത്ര പേർ ടെൻഡറിൽ ഓരോ തവണയും പങ്കെടുത്തു ; ആർക്കാണ് ഈ പ്രവൃത്തി ലഭിച്ചിട്ടുള്ളത് ;

(ഡി) റോഡ് വികസനത്തിന് ഫണ്ട് ലഭ്യമാക്കിയിട്ടും ഇതേവരെ ഈ റോഡിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ ; ഇനിയും എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചാലാണ് നിർമ്മാണം ആരംഭിക്കാൻ കഴിയുക ;

(ഇ) റോഡ് നിർമ്മാണത്തിന് ഫണ്ടനുവദിച്ചതിനാൽ കഴിഞ്ഞ രണ്ട് വർഷമായി ഈ റോഡിൽ അറ്റകുറ്റപ്പണിപോലും നടത്താത്തതുമൂലം റോഡ്തകർന്ന് കാൽനടയാത്രപോലും അസാധ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇത് പരിഹരിക്കുന്നതിനായി ഒന്നുകിൽ റോഡിൽ അടിയന്തര അറ്റകുറ്റപ്പണിയോ, അല്ലെങ്കിൽ ബി.എം.&ബി.സി. നിലവാരത്തിലുള്ള റോഡ് വികസനമോ ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) വെണ്ണിക്കുളം-റാന്നി റോഡ് ബി.എം. & ബി.സി. നിലവാരത്തിൽ വികസിപ്പിക്കുന്നതിന് 265 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 0/000 മുതൽ 5/000 കി.മീ. (5 കി.മീ)

(സി-എഫ്) പ്രവൃത്തി മൂന്നു തവണ ടെണ്ടർ ചെയ്തു. 2-8-2013-തീയതിയിലെ ടെണ്ടറിൽ 3 പേർ പങ്കെടുത്തു. ഇതിൽ 0.01% കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. സന്തോഷ് സെബാസ്റ്റ്യന് സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും ടെണ്ടർ നിരസിച്ചതിന് എതിരായി ശ്രീ. പ്രസാദ് മാത്യു കോടതിയിൽ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കാലയളവിൽ പ്രവൃത്തിയുടെ ഫേം പിരീഡ് അവസാനിച്ചതിനാൽ ശ്രീ. സന്തോഷ് സെബാസ്റ്റ്യൻ പ്രവൃത്തി ചെയ്യുവാൻ വിസമ്മതിക്കുകയും ഉണ്ടായി. തുടർന്ന് രണ്ടാം പ്രാവശ്യം ടി പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ചുവെങ്കിലും ആരും തന്നെ പങ്കെടുക്കുകയുണ്ടായില്ല. 17-7-2014-ൽ ഒരിക്കൽ കൂടി ദർഘാസ് ചെയ്തുവെങ്കിലും ആരും പ്രതികരിച്ചില്ല. തുടർന്ന്

ക്വട്ടേഷൻ ക്ഷണിക്കുകയും 63% അധിക നിരക്കിൽ ശ്രീ. പ്രസാദ് മാത്യു ക്വട്ടേഷൻ നൽകുകയും ആയത് സർക്കാർ ടെണ്ടർ കമ്മിറ്റി പരിഗണിക്കുകയും എസ്റ്റിമേറ്റ് നിരക്കിൽനിന്നും 32.5% ഉയർന്ന നിരക്കിൽ LMR അംഗീകരിക്കുവാനോ, റീ ടെണ്ടർ ചെയ്യുവാനോ തീരുമാനം ആകുകയും ഉണ്ടായി. റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിരുന്നുവെങ്കിലും കോടതിയിൽ കേസ് തീർപ്പാക്കാനുള്ള കാലതാമസവും തുടർന്ന് ദർഘാസ് രണ്ടു പ്രാവശ്യവും ക്ഷണിച്ചിട്ട് കരാറുകാരുടെ ഭാഗത്തുനിന്നും പ്രതികരണം ഉണ്ടാകാത്തതും നിർമ്മാണം തടസ്സപ്പെടുവാൻ കാരണമായി. ക്വട്ടേഷൻ തീരുമാനമാകുന്ന മുറക്ക് തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

## കോട്ടക്കണ്ണി (കൊറത്തിക്കുണ്ട്) പാലത്തിന്റെ പുനർനിർമ്മാണം

314 (1348) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിലെ കോട്ടക്കണ്ണി (കൊറത്തിക്കുണ്ട്) പാലം നിർമ്മാണത്തിന് എന്ത് നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ ; രണ്ട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും നിലവിൽ അപകടാവസ്ഥയിലുള്ളതുമായ പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി പാലത്തിന്റെ പണി എപ്പോൾ ആരംഭിക്കാനാവുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) കോട്ടക്കണ്ണി പാലത്തിന്റെ പുനർ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ. ആയത് സർക്കാരിൽ ലഭ്യമായാൽ മാത്രമേ തുടർനടപടി സ്വീകരിക്കാനാകുകയുള്ളൂ.

## ഉള്ളൂർകടവ് പാലം

315 (1349) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉള്ളൂർക്കടവ് പാലത്തിന്റെ പുതുക്കിയ ഡിസൈൻ അംഗീകരിക്കുന്നതിന്റെ നടപടികൾ ഏതുഘട്ടത്തിലാണെന്ന വിശദമാക്കാമോ ;

(ബി) ഈ പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ നീണ്ടുപോകുന്ന സാഹചര്യത്തിൽ പാലത്തിന്റെ മറ്റ് നടപടികളുമായി മുന്നോട്ട് പോകാമെന്ന് സൂപ്രണ്ടിംഗ് എൻജിനീയർ ചീഫ് എൻജിനീയർ മുൻപാകെ നൽകിയ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമായി വ്യക്തമാക്കാമോ ;

(സി) സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയറുടെ ആഫീസിൽനിന്ന് ധനകാര്യ വകുപ്പിലേക്ക് അയച്ച ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; ബന്ധപ്പെട്ട കത്തുകൾ, കുറിപ്പുകൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) DRIQ Board-ൽ പാലത്തിന്റെ ഡിസൈൻ പൂർത്തീകരണ ഘട്ടത്തിലാണ്.

(ബി) പാലത്തിന്റെ ഇരുകരകളിലും approach road - ന്റെയും പാലത്തിന്റെയും ഉയരം പരമാവധി കുറച്ച് സർക്കാരിന്റെ കൈവശം ഉള്ള സ്ഥലം പരമാവധി ഉപയോഗിക്കാൻ പാകത്തിൽ പാലത്തിന്റെ രൂപകല്പന DRIQ Board-ൽ പൂർത്തീകരണഘട്ടത്തിലാണ്.

(സി) പാലത്തിനുള്ള അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പിനായി 2,17,90,663 രൂപ അനുവദിക്കണമെന്ന ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം ധനകാര്യ വകുപ്പിന് അയച്ചിരുന്നു. എന്നാൽ 'ഡിനോവ' ആയ സാഹചര്യത്തിൽ ആവശ്യമായ നടപടി ക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് ധനകാര്യ വകുപ്പ് ആരാഞ്ഞിരിക്കുകയാണ്. ബന്ധപ്പെട്ട കത്തുകൾ, കുറിപ്പുകൾ അനുബന്ധമായി വയ്ക്കുന്നു.*

**പൊതുമരാമത്ത് വകുപ്പിലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

316 (1350) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് ഒറ്റ തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് റോഡ് നവീകരണത്തിന് കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് മണ്ഡലം തിരിച്ചുള്ള കണക്ക് നൽകാമോ ;

(സി) പ്രസ്തുത ഫണ്ട് വിതരണത്തിൽ പക്ഷപാതപരമായ നിലപാട് സ്വീകരിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്ത് മാനദണ്ഡപ്രകാരമാണ് ഫണ്ട് അനുവദിച്ചത് എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് റോഡുകളുടെ ശോചനീയാവസ്ഥ ചൂണ്ടിക്കാട്ടി പൊതുജനങ്ങളിൽനിന്നും ജനപ്രതിനിധികളിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ചാണ് റോഡിന്റെ ഉപരിതലം പുതുക്കുന്നതിനും അറ്റകുറ്റ പണികൾക്കുമായുള്ള ഫണ്ട് അനുവദിക്കുന്നത്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പൊതുമരാമത്ത് വിഭാഗത്തിന്റെ പുതിയ പദ്ധതികൾ**

317 (1351) <u>ശ്രീ. പി. എ. മാധവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിനും പുതിയ പാലങ്ങളുടെ നിർമ്മാണത്തിനുമായി പൊതുമരാമത്ത് വിഭാഗം എന്തെല്ലാം പുതിയ പദ്ധതികളാണ് തയ്യാറാക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ ;

(ബി) സംസ്ഥാനത്തെ 60 റോഡുകളും 100 പാലങ്ങളും നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം റോഡുകളും പാലങ്ങളുമാണ് നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 400 ദിവസത്തിനകം 100 പാലങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിനായി തെരെഞ്ഞെടുക്കപ്പെട്ട 106.2 കി.മീ. റോഡുകളുടെ പുനരുദ്ധാരണത്തിനായി 279.31 കോടി രൂപയുടെ പദ്ധതി RICK എന്ന സ്ഥാപനം ഏറ്റെടുത്തു നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ദേശീയപാതകളുടെ

വികസനത്തിനായി 2015-16 സാമ്പത്തിക വർഷത്തെ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ 2365.72 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കിന് പരിഹാരം കണ്ടെത്തുന്നതിന്റെ ഭാഗമായി തെരെഞ്ഞെടുത്ത സ്ഥലങ്ങളിൽ മേൽപ്പാലങ്ങൾ, റിംഗ് റോഡുകൾ, ബൈപ്പാസുകൾ എന്നിവ നിർമ്മിക്കാനാണ് സ്പീഡ് കേരള പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 23 പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ആദ്യഘട്ടത്തിലെ 10 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 5 പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. ഇത് കൂടാതെ DFIP (District Flagship Infrastructure Project) പദ്ധതിയിൽ, 3771.47 കോടി രൂപ ചെലവിൽ 21 പദ്ധതികൾക്ക് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 400 ദിവസത്തിനകം 100 പാലങ്ങൾ പൂർത്തിയാകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 89 പാലങ്ങളുടെ നിർമ്മാണത്തിനായി നിരത്തുകളും പാലങ്ങളും വിഭാഗത്തിൽനിന്നും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. (ഇതിൽ 15 പാലങ്ങൾ പൂർത്തീകരിച്ചു.) ബാക്കിയുള്ള 11 പാലങ്ങൾ NH, RBDCK തുടങ്ങിയ ഏജൻസികൾ വഴി നടപ്പിലാക്കിവരുന്നു. പ്രസ്തുത പാലങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു*. സംസ്ഥാനത്ത് 60 റോഡുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിലില്ല.

**പൊതുമരാമത്ത് കരാറുകാർക്കുള്ള കുടിശ്ശിക തുക**

318 (1352) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുമരാമത്ത് കരാറുകാർക്ക് ഈ സർക്കാർ എത്ര കോടി രൂപ നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ ; കാസർഗോഡ് ജില്ലയിൽ എത്ര കോടി രൂപ നൽകാനുണ്ടെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കരാറുകാർക്ക് 28-2-2015-വരെ കുടിശ്ശിക ബില്ലിനത്തിൽ 1711.19 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 477.97 കോടി രൂപയും ദേശീയപാതാ വിഭാഗത്തിൽ 45.72 കോടി രൂപയും കുടിശ്ശികയുണ്ട്. കാസർഗോഡ് ജില്ലയിൽ നിരത്ത് വിഭാഗത്തിൽ

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

7838.85 ലക്ഷം രൂപയും കെട്ടിടവിഭാഗത്തിൽ 12.78 കോടി രൂപയും നൽകുവാനുണ്ട്. ദേശീയപാതാ വിഭാഗത്തിൽ കാസർഗോഡ് ജില്ലയിൽ കുടിശ്ശിക നൽകാനില്ല.

**ചന്ദനത്തോപ്പ് - പെരിനാട് ഇ.എസ്.ഐ. റോഡിന്റെ നിർമ്മാണം**

319 (1353) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചന്ദനത്തോപ്പ്-പെരിനാട് ഇ.എസ്.ഐ. റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ അനന്തമായി നീളുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ചന്ദനത്തോപ്പ്-പെരിനാട് ഇ.എസ്.ഐ. റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് രണ്ടുതവണ ടെണ്ടർ ക്ഷണിച്ചിട്ടും കരാറുകാർ പ്രതികരിക്കാത്തതിനെ തുടർന്ന് തുടർ ക്വട്ടേഷൻ ക്ഷണിക്കുകയും അതിൻ പ്രകാരം ലഭിച്ച എസ്റ്റിമേറ്റ് റേറ്റിന്റെ 17.87% അധിക നിരക്കിലുള്ള ശ്രീ. സജീഷ് എ. എന്ന കരാറുകാരന്റെ ടെണ്ടർ ക്വട്ടേഷൻ 21-5-2015-ലെ സ.ഉ.(സാധാ) നമ്പർ 685/15/പൊ.മ.വ. പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പണിയ്ക്കുള്ള കരാർ ഒപ്പുവച്ചാലുടൻ തന്നെ പണി ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

**തിരുവനന്തപുരം - ചെങ്കോട്ട റോഡ് ഗതാഗത തടസ്സം**

320 (1354) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-ചെങ്കോട്ട, പാലോട് ഫോറസ്റ്റ് റെയിഞ്ചാഫീസിനു മുന്നിലെ റോഡ് വാമനപുരം നദിയിലേക്ക് ഇടിഞ്ഞുവീണ് വർഷങ്ങളായി ഗതാഗത തടസ്സം ഉണ്ടായി കൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റോഡിന്റെ പാർശ്വഭിത്തി നിർമ്മിച്ച് ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത റോഡിന്റെ ഇടിഞ്ഞ ഭാഗത്ത് പാർശ്വഭിത്തി നിർമ്മിച്ച് റോഡ് പുനരുദ്ധരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദവിവരം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) 15-6-2015-ലെ സ.ഉ. (സാധാ) നമ്പർ 832/15/പൊ.മ.വ. പ്രകാരം പ്രസ്തുത റോഡിന്റെ പാർശ്വഭിത്തി നിർമ്മിക്കുന്നതിനായി 480 ലക്ഷം രൂപയുള്ള ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെ പാർശ്വഭിത്തി നിർമ്മാണത്തിനുള്ള അടിയന്തര നടപടികൾ സ്വീകരച്ചുവരുന്നുണ്ട്.

## അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാല നിർമ്മാണം

321 (1355) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലത്തിന്റെ എല്ലാ പൈലുകളുടെയും 18 പൈൽ ക്യാപ്പുകളിൽ 13 എണ്ണത്തിന്റെയും 18 പിയറുകളിൽ 11 എണ്ണത്തിന്റെയും 16 പിയർ ക്യാപ്പുകളിൽ 8 എണ്ണത്തിന്റെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മേൽപ്പാലത്തിന്റെ പണികൾ 2016 ജനുവരി 31-ാം തീയതിയോടെ പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷ.

## ആത്തിപ്പൊറ്റ പാലത്തിന്റെ പുനർ നിർമ്മാണം

322 (1356) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തരൂർ മണ്ഡലത്തിലെ ആത്തിപ്പൊറ്റ പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള നടപടികൾ ഏതു ഘട്ടംവരെയായെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനകം എത്ര പ്രാവശ്യം എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട് ; ഏറ്റവും പുതിയ എസ്റ്റിമേറ്റ് എത്ര രൂപയാണ് ;

(സി) പുതിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ ഭരണാനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) തരൂർ മണ്ഡലത്തിലെ ആത്തിപ്പൊറ്റ പാലത്തിന്റെ പുനർ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റ് 4 തവണ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പുതിയ എസ്റ്റിമേറ്റ് 8 കോടി രൂപയുടേതാണ്.

(സി&ഡി) ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

**കരുനാഗപ്പള്ളി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ മരാമത്ത് പണികൾ**

323 (T1357) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2012-13, 2013-14, 2014-15 വർഷത്തിൽ കരുനാഗപ്പള്ളി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ മരാമത്ത് പണികൾ ഏതെല്ലാം ; ഓരോന്നിന്റെയും അടങ്കൽ തുക എത്ര ; ഇതിൽ നാളിതുവരെ ആരംഭിച്ച പ്രവൃത്തികൾ എന്തെല്ലാം ; ബാക്കിയുള്ളത് എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

2012-13, 2013-14, 2014-15 വർഷത്തിൽ കരുനാഗപ്പള്ളി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ മരാമത്ത് പണികൾ ദേശീയപാത വിഭാഗം, നിരത്തു വിഭാഗം, കെട്ടിട വിഭാഗം എന്നിവ തിരിച്ച് യഥാക്രമം അനുബന്ധം 1- ഉം 2- ഉം 3- ഉം ആയി ചേർത്തിരിക്കുന്നു.*

**മുടപ്പല്ലൂർ - മംഗലം ഡാം റോഡിന്റെ നിർമ്മാണം**

324 (1358) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ മുടപ്പല്ലൂർ-മംഗലം ഡാം റോഡിന്റെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നിർമ്മാണം പാതിവഴിയിൽ നിർത്തിവച്ചിട്ട് വർഷങ്ങളായി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡിന്റെ പണി പുനരാരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(ഡി) പണി പൂർത്തീകരിക്കാനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) ആലത്തൂർ നിയോജക മണ്ഡലത്തിലെ മുടപ്പല്ലൂർ-മംഗലം ഡാം റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്ന M/s. Able Group Trading Contractors എന്ന സ്ഥാപനത്തെ, 2 തവണ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടും പണി പൂർത്തിയാക്കാത്തതിനാൽ നഷ്ടോത്തരവാദിത്വത്തിൽ 21-1-2014-ൽ കരാറിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. പ്രവൃത്തി പുനരാരംഭിക്കുന്നതിന് വേണ്ടി വീണ്ടും ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

## പാപ്പിനിശ്ശേരി-പിലാത്തറ കെ.എസ്.ടി.പി. റോഡ്

325 (1359) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാപ്പിനിശ്ശേരി-പിലാത്തറ കെ.എസ്.ടി.പി. റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ ; എത്ര ശതമാനം പ്രവൃത്തി നിലവിൽ പൂർത്തിയായിട്ടുണ്ട് ; രാമപുരത്ത് പുതിയ പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) പാപ്പിനിശ്ശേരി-താവം റെയിൽവേ മേൽപ്പാലങ്ങളുടെ പ്രവൃത്തി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) പിലാത്തറ-പാപ്പിനിശ്ശേരി റോഡിന്റെ കലുങ്കുകൾ, ഇരുവശത്തുമുള്ള

ഓട, സംരക്ഷണ ഭിത്തികൾ, പിലാത്തറ, താവം റെയിൽവേ ഓവർ ബ്രിഡ്ജുകൾ, റോഡ് നിർമ്മാണം എന്നീ പ്രവൃത്തികൾ നടന്നുവരുന്നു. ടി റോഡിന്റെ 26 ശതമാനം പ്രവൃത്തികൾ നിലവിൽ പൂർത്തിയായിട്ടുണ്ട്. രാമപുരത്ത് നിർമ്മിക്കുന്ന പുതിയ പാലത്തിന്റെ ഡിസൈനും ഡ്രോയിങ്ങും കൺസൾട്ടന്റ് തയ്യാറാക്കി കരാറുകാരന് നൽകിയിട്ടുണ്ട്.

(ബി) താവം, പാപ്പിനിശ്ശേരി എന്നീ മേൽപ്പാലങ്ങളുടെ പ്രവൃത്തികൾ വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 2016 മാർച്ചിൽ പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

**കരാറുകാർക്ക് നൽകാനുള്ള തുക**

326 (1360) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് നൽകാനുള്ള തുക എത്രയെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ?

<u>ഉത്തരം</u>

കരാറുകാർക്ക് നൽകാനുള്ള തുക ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | ജില്ലയുടെ പേര് | കെട്ടിട വിഭാഗം | ദേശീയപാതാ വിഭാഗം | നിരത്തുകളും പാലങ്ങളും വിഭാഗം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1. | തിരുവനന്തപുരം | 9015.39 | 682.61 | 8580.00 |
| 2. | കൊല്ലം | 2217.36 | 123.26 | 5796.00 |
| 3. | പത്തനംതിട്ട | 1760.80 | - | 5885.00 |
| (1) | (2) | (3) | (4) | (5) |

| | | | | |
|---|---|---|---|---|
| 4. | കോട്ടയം | 3829.78 | 90.67 | 17030.00 |
| 5. | ആലപ്പുഴ | 1884.60 | 300.29 | 6840.00 |
| 6. | ഇടുക്കി | 2595.53 | 1.87 | 6668.00 |
| 7. | എറണാകുളം | 4423.18 | 1148.27 | 13862.00 |
| 8. | തൃശ്ശൂർ | 4128.99 | - | 5994.00 |
| 9. | പാലക്കാട് | 1938.66 | - | 7176.00 |
| 10. | മലപ്പുറം/മഞ്ചേരി | 2483.06 | 13.00 | 21567.00 |
| 11. | കോഴിക്കോട് | 3976.85 | 512.91 | 10104.00 |
| 12. | തലശ്ശേരി/കണ്ണൂർ | 2238.05 | 526.54 | 12155.00 |
| 13. | വയനാട് | 1296.72 | 23.77 | 4411.00 |
| 14. | കാസർഗോഡ് | 1335.02 | - | 5878.00 |
| | ആകെ | 43123.99 (431 കോടി) | 3423.20 (34 കോടി) | 131947.00 (1319.47 കോടി) |

**വണ്ണാത്തിക്കടവ് പാലം**

327 (1361) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ വണ്ണാത്തിക്കടവ് പാലം പുതുക്കി പണിയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ വണ്ണാത്തിക്കടവ് പാലം പുതുക്കിപ്പണിയുന്നതിന് മുന്നോടിയായുള്ള വിശദമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈൻ പൂർത്തിയായിക്കഴിഞ്ഞാൽ മാത്രമേ പണിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ.

## നടപ്പിലാക്കാൻ കഴിയാതിരുന്ന പദ്ധതികൾ

328 (1362) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷമുള്ള ബഡ്ജറ്റ് പ്രസംഗങ്ങളിൽ മരാമത്ത് വകുപ്പിനുകീഴിൽ പ്രഖ്യാപിക്കപ്പെട്ട ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷമുള്ള ബഡ്ജറ്റ് പ്രസംഗങ്ങളിൽ മരാമത്ത് വകുപ്പിനുകീഴിൽ പ്രഖ്യാപിക്കപ്പെട്ടതും നടപ്പിലാക്കാൻ കഴിയാതെവന്നതുൾ- പ്പെടെയുള്ള വിവിധ പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ കെട്ടിട വിഭാഗം, ദേശീയപാത വിഭാഗം എന്നിവ തിരിച്ച് അനുബന്ധം 1-ഉം 2-ഉം ആയി ചേർത്തിരിക്കുന്നു*. നിരത്ത് വിഭാഗവുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചു നൽകുന്നതാണ്.

## തൃക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണവം റോഡു നിർമ്മാണം

329 (1363) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ ഇടുമ്പ-കണ്ണവം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിലുള്ള കേസ്സ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) സുപ്രീംകോടതി നിർദ്ദേശപ്രകാരം നിലവിലെ കരാറുകാരൻ ചെയ്തു തീർത്ത പ്രവൃത്തിയുടെ കണക്കെടുപ്പ് നടത്തുകയുണ്ടായോ ;

(സി) എങ്കിൽ ഗതാഗതയോഗ്യമല്ലാതായിരിക്കുന്ന പ്രസ്തുത റോഡിന്റെ അടിയന്തര അറ്റകുറ്റപ്പണികൾക്ക് അനുമതി നൽകുവാനും ഫണ്ട് ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ-സി) തൃക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണവം റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരുന്ന SLP(C) No.19380/2014 നമ്പർ കേസിന്റെ വാദം നടന്നു വരുന്നതേയുള്ളൂ. ബഹു. സുപ്രീം കോടതിയുടെ 27-4-2015-ലെ ഇടക്കാല ഉത്തരവ് പ്രകാരം കരാറുകാരൻ ചെയ്തു തീർത്ത പ്രവൃത്തിയുടെ കണക്കെടുപ്പ് നടത്തി വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കുവാൻ 19-5-2015-ലെ 31304/പി.എസ്2/13/പൊ.മ.വ. നമ്പർ കത്ത് പ്രകാരം പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ, കോഴിക്കോട് നിരത്ത് വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ, കണ്ണൂർ നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കേസ് 13-7-2015-ന് പരിഗണനയ്ക്കായി വച്ചിട്ടുണ്ട്. കേസ് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## എൻ.എച്ച്. - 17, എൻ.എച്ച്. - 47 പാതകളുടെ വികസനം

330 (1364) <u>ശ്രീ. ഇ. പി. ജയരാജൻ</u> :
<u>ശ്രീ. ജി. സുധാകരൻ</u> :
<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> :
<u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.എച്ച്.-17, എൻ.എച്ച് - 47 എന്നീ പാതകളുടെ വികസനം സംബന്ധിച്ച് കേന്ദ്ര സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പാതകളുടെ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഹൈവേ അതോറിറ്റി അവസാനിപ്പിച്ചതായി അറിയിച്ചിട്ടുണ്ടോ ;

(സി) ഈ പാതകളുടെ വികസനത്തിന് എത്ര ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; എത്ര ഹെക്ടർ ഭൂമി ഈ സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(ഡി) സ്ഥലമെടുപ്പ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് സ്ഥല ഉടമകളുമായി ധാരണയിലെത്താൻ കഴിഞ്ഞിട്ടുണ്ടോ ; ഇവർക്ക് സ്വീകാര്യമായ ഒരു പാക്കേജ് തയ്യാറാക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ ;

(ഇ) ഈ പാതകളുടെ വികസനം കേന്ദ്രം ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ എന്തെല്ലാം

നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കേരളത്തിലെ ദേശീയപാതകളായ എൻ.എച്ച്. 17-ഉം എൻ.എച്ച് 47- ഉം സർവ്വീസ് റോഡുകളോടുകൂടിയ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് ദേശീയപാത അതോറിറ്റിക്ക് കൈമാറിയിരുന്നു. ദേശീയപാതകളുടെ വീതി 60 മീറ്റർ ആയിരിക്കണമെന്നാണ് ദേശീയപാത അതോറിറ്റിയുടെ നിലപാട്. എന്നാൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് എൻ.എച്ച്. 17-ന്റെയും എൻ.എച്ച്. 47-ന്റെയും വീതി 45 മീറ്റർ ആയി നിജപ്പെടുത്താൻ കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുണ്ട്. എൻ.എച്ച് 47-ലെ വാളയാർ മുതൽ അരൂർ വരെയുള്ള ഭാഗത്തെ പ്രവർത്തനങ്ങൾ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ നടന്നുവരികയാണ്. എൻ.എച്ച്. 47-ലെ കഴക്കൂട്ടം മുതൽ തമിഴ്നാട് അതിർത്തി വരെയുള്ള (തിരുവനന്തപുരം ബൈപ്പാസ്) ഭാഗത്തെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള ഭാഗം നാലു വരിയായി വികസിപ്പിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി 669.06 കോടി രൂപയ്ക്ക് വർക്ക് അവാർഡ് ചെയ്തുകഴിഞ്ഞു. മുക്കോല മുതൽ കാരോട് (തമിഴ്നാട് അതിർത്തി) വരെയുള്ള ഭാഗത്ത് സ്ഥലമെടുപ്പ് നടപടികളും പൂർത്തീകരിച്ചുവരുന്നു. എൻ.എച്ച്. 17-ലെ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും എൻ.എച്ച്. 47-ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്തെ സ്ഥലമെടുപ്പ് അനിശ്ചിതമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ ഈ ഭാഗത്തെ വികസനത്തിൽനിന്നും ദേശീയപാത അതോറിറ്റി പിൻമാറിയിട്ടുണ്ട്. എന്നാൽ ഈ ഭാഗത്തെ വികസനത്തിനായി 45 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുത്ത് നൽകുന്നതാണെന്ന് ഉറപ്പുനൽകിക്കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. ഈ ഉറപ്പിന്മേൽ ദേശീയപാത വികസന പദ്ധതിയിൽനിന്നും പിന്മാറിയ തീരുമാനം പിൻവലിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ദേശീയപാതയ്ക്കുവേണ്ടി ഇനി ഏറ്റെടുക്കുവാനുള്ള ഭൂമിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

തലപ്പാടി - കണ്ണൂർ- 303.27 ഹെക്ടർ

കണ്ണൂർ-വെങ്ങളം-248.58 ഹെക്ടർ

വെങ്ങളം-കുറ്റിപ്പുറം-143.19 ഹെക്ടർ

കുറ്റിപ്പുറം-ഇടപ്പള്ളി-282.20 ഹെക്ടർ

ചേർത്തല-ഓച്ചിറ-114.00 ഹെക്ടർ

ഓച്ചിറ-കഴക്കൂട്ടം-142.00 ഹെക്ടർ

തിരുവനന്തപുരം ബൈപ്പാസിലെ മുക്കോല മുതൽ കാരോട് (തമിഴ്നാട്

അതിർത്തി) വരെ 96.034 ഹെക്ടർ സ്ഥലമെടുപ്പ് പൂർത്തിയായിവരുന്നു.

(ഡി) ദേശീയപാത വികസനത്തിന് സ്ഥലമെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്ന- വർക്കുള്ള നഷ്ടപരിഹാരം നൽകുന്നത് കേന്ദ്ര സർക്കാർ ആണ്. ദേശീയപാതയ്ക്കുള്ള സ്ഥലമെടുപ്പിന്റെ നഷ്ടപരിഹാരം കണക്കാക്കിയിരുന്നത് 1956-ലെ എൻ.എച്ച്. ആക്ട് പ്രകാരമാണ്. എന്നാൽ 1-1-2015 മുതൽ ദേശീയപാതയ്ക്കുള്ള സ്ഥലമെടുപ്പിനുള്ള നഷ്ടപരിഹാരം നിശ്ചയിക്കേണ്ടത് കേന്ദ്ര സർക്കാരിന്റെ 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമം (Right to Fair Compensation and Transparency in Land Acquisition Rehabilitation and Resettlement (RFCTLARR) പ്രകാരം ആയിരിക്കുമെന്ന് കേന്ദ്ര ഗതാഗതമന്ത്രാലയം അറിയിച്ചിട്ടുണ്ട്. ദേശീയപാതയ്ക്കുള്ള സ്ഥലമെടുപ്പിന് നഷ്ടപരിഹാരം നിശ്ചയിക്കുമ്പോൾ സംസ്ഥാന പദ്ധതികൾക്കായി സ്ഥലമേറ്റെടുക്കുമ്പോൾ സ്വീകരിക്കുന്ന R&R പാക്കേജിലെ മാനദണ്ഡങ്ങൾ കൂടി പരിഗണിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) സ്ഥലമെടുപ്പിലെ കാലതാമസം കാരണം എൻ.എച്ച് 17-ലെ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും എൻ.എച്ച് 47-ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്തെ വികസന പദ്ധതിയിൽനിന്നും ദേശീയപാത അതോറിറ്റി പിൻമാറിയ തീരുമാനം പിൻവലിക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ദേശീയപാത വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുത്ത് നൽകാമെന്ന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

## മിഷൻ 676-സ്പീഡ് കേരള പദ്ധതി

331 (1365) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പീഡ് കേരള പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം തരം നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസനവും നടത്താനാണ് പ്രസ്തുത പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ;

വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗത കുരുക്ക് പരിഹരിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഫ്ളൈ ഓവറുകൾ, പാലങ്ങൾ, റിംഗ് റോഡുകൾ മുതലായവ നിർമ്മിക്കുക, ഗുണനിലവാരമുള്ള റോഡുകൾ വികസിപ്പിക്കുക എന്നതാണ് സ്പീഡ് കേരള പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) സ്പീഡ് കേരള പരിപാടിയിലെ തെരഞ്ഞെടുക്കപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിന് നിർദ്ദേശവും നൽകിയിട്ടുണ്ട്.

(സി) ഫ്ളൈ ഓവറുകൾ, പാലങ്ങൾ, റിംഗ് റോഡുകൾ മുതലായവ നിർമ്മിക്കുകയാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*

(ഡി) തെരഞ്ഞെടുക്കപ്പെട്ട പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൻ കീഴിലുള്ള വിവിധ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവയിൽ നിർമ്മാണം ആരംഭിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. കോഴിക്കോട് എൻ.എച്ച് ബൈപ്പാസ്,
2. പാലാരിവട്ടം ഫ്ളൈ ഓവർ
3. രാമപുരം - നാലമ്പലം ദർശനം റോഡ്
4. കഞ്ഞിക്കുഴി - വെട്ടുത്തുകവല - കറുകച്ചാൽ - മല്ലപ്പള്ളി റോഡ്.

## കൊല്ലം - തിരുമംഗലം (എൻ.എച്ച് - 744) ദേശീയ പാതയുടെ വീതികൂട്ടൽ

332 (1367) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 40 വർഷമായി ടാറിംഗ് വീതികൂട്ടാത്ത ഏക ദേശീയ പാതയായ കൊല്ലം-തിരുമംഗലം ദേശീയപാത (എൻ.എച്ച്.-744) അടിയന്തരമായി വീതികൂട്ടാൻ ആവശ്യമായ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപടികൾ സ്വീകരിക്കുമോ ;

(ബി) പ്രസ്തുത ദേശീയ പാതയുടെ ഇരുവശമുള്ള കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) നാളിതുവരെ പൊതുമരാമത്ത് വിഭാഗം ഉദ്യോഗസ്ഥർ ഇക്കാര്യങ്ങളിൽ നടത്തിയ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) മേൽ പ്രവൃത്തികൾക്ക് ആവശ്യമായ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) സ്വീകരിക്കുന്നതാണ്. കൊല്ലം-തിരുമംഗലം ദേശീയപാത (എൻ.എച്ച്. -744) പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ട് വരിപ്പാതയായി വികസിപ്പിക്കുന്നതിനായി 100 കോടി രൂപയുടെ പ്രൊപ്പോസൽ 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി&സി) കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ നോട്ടീസുകൾ നൽകുകയും ബന്ധപ്പെട്ട റവന്യൂ അധികാരികളോട് അതിർത്തി നിർണ്ണയക്കല്ലുകൾ പുന:സ്ഥാപിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഡി) പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്ക് അനുമതിയും അതിനുള്ള തുകയും കേന്ദ്ര സർക്കാർ ആണ് നൽകേണ്ടത്.

**വെള്ളനാംതുരുത്ത് അഴീക്കൽ റോഡ് - CRF പദ്ധതി**

333 (1368) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

CRF പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വെള്ളനാംതുരുത്ത്-അഴീക്കൽ റോഡിന്റെ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ; എത്ര തുകയാണ് പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളത് ; എത്ര കിലോമീറ്റർ റോഡാണ് പണിയുന്നത് ?

<u>ഉത്തരം</u>

വെള്ളനാംതുരുത്ത് - അഴീക്കൽ റോഡിന്റെ പണിക്കരുകടവ് മുതൽ അഴീക്കൽ വരെയുള്ള ഭാഗം 2013-14-ൽ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ച സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയായ കരുനാഗപ്പള്ളി അമൃതപുരി-അഴീക്കൽ റോഡ് (12 കി.മി - 13 കോടി രൂപ) പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുണ്ട്. 23-6-2015-ന് ഇതിന്റെ Tender-ന് Tender Committee അനുവാദം നൽകിയിട്ടുണ്ട്. പണി ഉടൻ ആരംഭിക്കുന്നതാണ്.

*(നക്ഷത്രചിഹ്നമിടാത്ത 1026, 1043, 1072, 1077, 1083, 1087, 1097, 1104, 1105, 1114, 1115, 1124, 1125, 1157, 1167, 1168, 1177, 1236, 1366 എന്നീ*

*നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല)*

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 1258-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 1258-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽവന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റുമെന്റ് ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

## III സത്യപ്രതിജ്ഞ

മി. സ്പീക്കർ : ശ്രീ. കെ. എസ്. ശബരീനാഥന്റെ സത്യപ്രതിജ്ഞ സംബന്ധിച്ച അറിയിപ്പിനായി നിയമസഭാ സെക്രട്ടറിയെ ക്ഷണിക്കുന്നു.

നിയമസഭാ സെക്രട്ടറി (ശ്രീ. പി. ഡി. ശാരംഗധരൻ) : അരുവിക്കര അസംബ്ലി നിയോജകമണ്ഡലത്തിൽനിന്നും വിജയിച്ച ശ്രീ. കെ. എസ്. ശബരീനാഥൻ സത്യപ്രതിജ്ഞയ്ക്കായി സഭയിൽ സന്നിഹിതനായിട്ടുണ്ട്.

(ശ്രീ. കെ. എസ്. ശബരീനാഥൻ താഴെപ്പറയുംപ്രകാരം സത്യപ്രതിജ്ഞ ചെയ്തു)

ശ്രീ. കെ. എസ്. ശബരീനാഥൻ: ശബരീനാഥൻ കെ. എസ്. ആയ ഞാൻ നിയമസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ നിയമം വഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും ദൈവത്തിന്റെ നാമത്തിൽ സത്യം ചെയ്യുന്നു.

(ശ്രീ. കെ. എസ്. ശബരീനാഥനെ ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അംഗങ്ങളും അഭിനന്ദിച്ചു. രജിസ്റ്ററിൽ ഒപ്പുവച്ചശേഷം

അദ്ധ്യക്ഷവേദിയെ അഭിവാദ്യം ചെയ്ത് അദ്ദേഹം സ്വസ്ഥാനത്ത് ഉപവിഷ്ടനായി.)

# IV അടിയന്തരപ്രമേയം

## മാധ്യമപ്രവർത്തകർക്കുനേരെ നടന്ന അക്രമം

മി. സ്പീക്കർ : ഇന്നലെ തിരുവനന്തപുരത്തും കോഴിക്കോട്ടും മാധ്യമ പ്രവർത്തകർക്കുനേരെയും പത്തനാപുരത്ത് ശ്രീ. കെ. ബി. ഗണേഷ് കുമാർ എം.എൽ.എ.-യുടെ വീടിനുനേരെയും പോലീസ് നോക്കിനിൽക്കെ നടത്തിയ അക്രമങ്ങളെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ശ്രീരാമകൃഷ്ണൻ, വി. എസ്. സുനിൽകുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : അരുവിക്കര ഉപതെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽനടന്ന തിരുവനന്തപുരം സംഗീത കോളേജിന് മുമ്പിൽവച്ച് 30-6-2015-ന് പകൽ 11.30-ഓടെ റിപ്പോർട്ടർ ചാനൽ എഡിറ്റർ-ഇൻ-ചീഫ് ശ്രീ. എം. വി. നികേഷ് കുമാറിനെയും മറ്റും സ്ഥലത്ത് കൂടിനിന്ന യു.ഡി.എഫ്. പ്രവർത്തകർ കൂകിവിളിക്കുകയുണ്ടായി. ഉടനെതന്നെ പോലീസ് ശ്രീ. എം. വി. നികേഷ് കുമാറിനെയും മറ്റും പോലീസ് വലയത്തിലാക്കി ആവശ്യമായ സുരക്ഷ നൽകിയിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് ആർക്കും പരിക്കുപറ്റിയതായി പോലീസിന് അറിവില്ലാത്തതും ആരുംതന്നെ പരാതിപ്പെട്ടിട്ടില്ലാത്തതുമാണ്. സംഭവത്തിനുശേഷവും ഇന്നലെ മുഴുവനും ശ്രീ. എം. വി. നികേഷ് കുമാർ റിപ്പോർട്ടിംഗിന്റെ തിരക്കിലായിരുന്നു. ഇന്ന് നികേഷിന്റെ സ്റ്റേറ്റുമെന്റ് വാങ്ങാൻ സിറ്റി പോലീസ് കമ്മീഷണർ തമ്പാനൂർ സി.ഐ.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

30-6-2015-ന് പകൽ 11.30-ഓടെ ആഹ്ലാദപ്രകടനവുമായി യു.ഡി.എഫ്. പ്രവർത്തകർ പത്തനാപുരം പോലീസ് സ്റ്റേഷൻ പരിധിയിലെ പത്തനാപുരം മഞ്ചള്ളൂർ റോഡിലുള്ള ശ്രീ. കെ. ബി. ഗണേഷ് കുമാർ എം.എൽ.എ.-യുടെ ഓഫീസിനു മുന്നിലൂടെ പോകുന്ന സമയം ജാഥക്കാരും ഓഫീസിലുണ്ടായിരുന്നവരും തമ്മിൽ കല്ലേറുണ്ടാകുകയും സംഭവത്തിൽ, കെ.എസ്.യു. മണ്ഡലം സെക്രട്ടറി ശ്രീ. ബിജോയിക്കും കേരള കോൺഗ്രസ് (ബി) പ്രവർത്തകനായ ശ്രീ. ശ്യാമിനും പരിക്കേൽക്കുകയും ചെയ്തു. ഇരുവരും പത്തനാപുരം പി.എച്ച്.സി.-യിൽ ഒ.പി. ചികിത്സ തേടി. സംഭവത്തിൽ എം.എൽ.എ.-യുടെ

ഓഫീസിനുമുമ്പിൽ നിർത്തിയിട്ടിരുന്ന കാറിനും ഓഫീസിന് മുൻവശത്ത് പാകിയിരുന്ന ടൈൽസിനും കേടുപാടുണ്ടായി. സംഭവത്തിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. പ്രവർത്തകർ 11.30 മുതൽ 1.30 വരെ ഓഫീസിന് മുന്നിലെ റോഡ് ഉപരോധിച്ചു. മേൽസംഭവങ്ങൾക്ക് ശ്രീ. ബിജോയിയുടെ പരാതിപ്രകാരം ഐ.പി.സി. 324 പ്രകാരം ക്രൈം നമ്പർ 918/2015 ആയും കേരള കോൺഗ്രസ് (ബി) മണ്ഡലം സെക്രട്ടറി ശ്രീ. ശ്യാമിന്റെ പരാതി പ്രകാരം ഐ.പി.സി. 143, 147, 148, 324, 427, 149 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 920/2015 ആയും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചു വരികയാണ്. റോഡ് ഉപരോധിച്ചതിന് യു.ഡി.എഫ്. പ്രവർത്തകരെ പ്രതിയാക്കിയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ മൂന്ന് കേസുകളും പത്തനാപുരം പോലീസ് സബ് ഇൻസ്പെക്ടർ അന്വേഷിച്ചുവരികയാണ്. പ്രതികളെ അറസ്റ്റുചെയ്യാനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തിവരുന്നു. 30-6-2015-ന് പകൽ 12.30-ഓടെ കോഴിക്കോട് കസ്ബ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മാവൂർ രാജാജി റോഡ് ജംഗ്ഷന് സമീപമുള്ള കെട്ടിടത്തിലെ ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന റിപ്പോർട്ടർ ചാനലിന്റെ ബ്യൂറോ ഓഫീസിന്റെ കോണിയിലും വാതിലിന് തൊട്ടുതാഴെയും ചിലർ പടക്കംപൊട്ടിച്ച സംഭവത്തിൽ ആർക്കും പരിക്കേൽക്കുകയോ എന്തെങ്കിലും നാശനഷ്ടം ഉണ്ടാകുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ ശ്രീ. സാജു എന്നയാളിന്റെ പരാതി പ്രകാരം കസ്ബ പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 286, 448 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 745/2015 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരികയാണ്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : സർ, ആഭ്യന്തര വകുപ്പുമന്ത്രിയുടെ കൈവശം വിവരമൊന്നുമില്ലെങ്കിലും ഇന്ന് കേരളത്തിലിറങ്ങിയ പല പ്രമുഖ പത്രങ്ങളും ശ്രീ. എം. വി. നികേഷ് കുമാറിനെ ആക്രമിക്കുന്നതിന്റെ ചിത്രം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്നിറങ്ങിയ മംഗളം പത്രമാണ് എന്റെ കൈവശമുള്ളത്. (പത്രം ഉയർത്തിക്കാട്ടി) മംഗളം പത്രത്തിന്റെ മൂന്നാമത്തെ പേജിൽ ശ്രീ. എം. വി. നികേഷ് കുമാറിനെ വളഞ്ഞുവച്ച് ആക്രമിക്കുന്നതിന്റെ ചിത്രമുണ്ട്. കേരളത്തിലെ പോലീസ് സേന അങ്ങയുടെ മുമ്പാകെ എത്രത്തോളം വസ്തുതാപരമായ കാര്യങ്ങളാണ് കൊണ്ടു വരുന്നതെന്ന് അങ്ങേയ്ക്കുകൂടി മനസ്സിലാക്കാൻ പറ്റുന്ന ഒരു ചിത്രമാണിത്. ഇവിടെ റിപ്പോർട്ടർ ചാനൽ എഡിറ്റർ-ഇൻ-ചീഫ് ശ്രീ. എം. വി. നികേഷ് കുമാർ ആക്രമിക്കപ്പെട്ടു. ആക്രമിച്ചത് വോട്ടെണ്ണൽ കേന്ദ്രത്തിൽനിന്ന്. ജനക്കൂട്ടം യാദൃശ്ചികമായുണ്ടാക്കിയ ആക്രമണമായിരുന്നില്ല അത്. ഡി.സി.സി. സെക്രട്ടറി ലത്തീഫിന്റെ നേതൃത്വത്തിലാണ് ശ്രീ. എം. വി. നികേഷ് കുമാറിനെ ആക്രമിച്ചത്.

ശ്രീ. എം. വി. നികേഷ് കുമാർ മാത്രമല്ല, റിപ്പോർട്ടർ ചാനലിന്റെ ബ്യൂറോ ചീഫ് ശ്രീ. കെ. രതീഷ്, മീഡിയ വൺ-ന്റെ സീനിയർ റിപ്പോർട്ടർ ശ്രീ. ജയേഷ്, സിറാജിന്റെ ഫോട്ടോഗ്രാഫർ ശ്രീ. ശിവജികുമാർ എന്നിവരെയെല്ലാം വളഞ്ഞുവച്ച് ആക്രമിക്കുന്ന സ്ഥിതിയുണ്ടായി. എന്തുകൊണ്ടാണ് ഈ വോട്ടെണ്ണൽ കേന്ദ്രത്തിലെ യു.ഡി.എഫ്. പ്രവർത്തകർക്ക് റിപ്പോർട്ടർ ചാനലിനോട് ഇത്രയും അസ്വസ്ഥതയുണ്ടായത് ; ഈ ഗവൺമെന്റിന്റെ രാഷ്ട്രീയ അഴിമതികൾ ഒന്നൊന്നായി പുറത്തുകൊണ്ടുവരുന്നതിൽ മുഖ്യപങ്കുവഹിക്കുന്ന ഒരു മാധ്യമ പ്രവർത്തകനും മാധ്യമ സ്ഥാപനവുമായി ഇന്ന് റിപ്പോർട്ടർ ചാനൽ മാറിയിരിക്കുകയാണ്. ഒരു എസ്.പി.-യുടെ ഒളിക്യാമറ വെളിപ്പെടുത്തൽ കൊണ്ടുവന്നു. ശ്രീ. സുകേശൻ പറഞ്ഞത്, സമ്മർദ്ദംകൊണ്ട് ഞാൻ ആത്മഹത്യ ചെയ്യുന്ന കാര്യംവരെ ആലോചിക്കുകയുണ്ടായി എന്നാണ്. അത് ഒളിക്യാമറ വഴിയാണ് പുറത്തുവന്നത്. സരിത എസ്. നായരുടെ കുപ്രസിദ്ധനായ അഭിഭാഷകൻ, ഫെനി ബാലകൃഷ്ണൻ പറഞ്ഞ കാര്യങ്ങൾ നമ്മളെല്ലാവരും മാധ്യമങ്ങളിലൂടെ കാണുകയുണ്ടായി. അത് പുറത്തുകൊണ്ടുവന്നത് റിപ്പോർട്ടർ ചാനലാണ്. ..... (ബഹളം)...നിങ്ങൾക്ക് കുറച്ച് അസ്വസ്ഥതയുണ്ടാകും. ശ്രീമതി സരിത എസ്. നായരുമായുള്ള സംഭാഷണം.......... എല്ലാം കഴിഞ്ഞുവെന്നാണ് ധരിച്ചിരിക്കുന്ന ത്......... ഒരു ഉപതെരഞ്ഞെടുപ്പ് കഴിഞ്ഞതോടുകൂടി നോമ്പുകാലത്ത് അൽപം സംസം വെള്ളം കുടിച്ചതുപോലെ എല്ലാ പാപവും പരിഹരിച്ചുവെന്ന് നിങ്ങൾ കരുതണ്ട. സരിത എസ്. നായരുമായി നടന്ന സംഭാഷണത്തിന്റെ വിശദാംശങ്ങൾ, നിങ്ങളുടെ നേതാവായിരുന്ന ശ്രീധരൻ നായരുടെ ഇന്റർവ്യൂ, ഇങ്ങനെ തുടർച്ചയായി ഈ ഗവൺമെന്റിന് അസ്വസ്ഥതയുണ്ടാക്കുന്ന അഴിമതിക്കഥകൾ സത്യസന്ധമായി പുറത്തുകൊണ്ടുവന്ന ഒരു മാധ്യമ പ്രവർത്തകനാണ് ശ്രീ. എം. വി. നികേഷ് കുമാർ. അത്തരം വാർത്തകളെല്ലാം പുറത്തു വരുമ്പോൾ.......(ബഹളം)...........

ശ്രീ. വർക്കല കഹാർ: സർ, ഇനി വേറെ കാര്യങ്ങൾ പറയൂ....... (ബഹളം)......

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, നിങ്ങളിനി വേറെ എന്തെങ്കിലും ചെയ്യൂ. നിങ്ങൾ ചെയ്യുമ്പോൾ പറഞ്ഞോളാം. .......(ബഹളം)....... എന്താണ് സർ ഇത്.......(ബഹളം)....

മി. സ്പീക്കർ: പ്ലീസ്......പ്ലീസ്...... ശ്രീ. വർക്കല കഹാർ..... (ബഹളം)...... പ്ലീസ്.... അവരെ ഞാൻ ഇരുത്താം..... പ്ലീസ്.... (ബഹളം)........ ശ്രീ. പി. കെ.

ബഷീർ..... പ്ലീസ്..... (ബഹളം)...... ശ്രീ. വി. ശിവൻകുട്ടി സീറ്റിലേയ്ക്ക് പോകു...... ശ്രീ. പി. ശ്രീരാമകൃഷ്ണൻ അടിയന്തരപ്രമേയം അവതരിപ്പിക്കുകയാണ്. അദ്ദേഹത്തെ സംസാരിക്കാൻ ഞാൻ അനുവദിച്ചിട്ടുണ്ട്. ദയവായി അദ്ദേഹത്തെ ശല്യപ്പെടുത്തരുത്. ....(ബഹളം)..... പ്ലീസ്..... ... ശ്രീ. എ. കെ. ബാലൻ ......... പ്ലീസ്............

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, എന്റെ സമയമാണ് പോകുന്നത്. ഞാൻ പറഞ്ഞോട്ടെ.

മി. സ്പീക്കർ: യെസ്...... പ്ലീസ്........ശ്രീ. പി. ശ്രീരാമകൃഷ്ണൻ, അങ്ങ് സംസാരിക്കു.......

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, സമൂഹത്തോടും സർക്കാരിനോടും ബാധ്യതയുള്ള ഒരു പത്രപ്രവർത്തകനെന്ന നിലയിൽ, ഒരു ജനാധിപത്യ രാജ്യത്തെ ഏറ്റവും പ്രധാനമായിട്ടുള്ള ഒരു മേഖലയാണ് മാധ്യമ പ്രവർത്തനം എന്നുമനസ്സിലാക്കി ഇടപെട്ടുകൊണ്ടിരിക്കുന്ന മാധ്യമപ്രവർത്തകനാണ് അദ്ദേഹം. ആ മാധ്യമ പ്രവർത്തകന്റെ ഒളിക്യാമറയിലൂടെ പുറത്തുവരുന്ന വിവരങ്ങൾ ഈ ഗവൺമെന്റിനെ ശ്വാസം മുട്ടിക്കുന്നവയാണെന്നുള്ളത് ഒരു വസ്തുതയാണ്. അതാണ് ഇവരെയൊക്കെ ബാധിക്കുന്ന പ്രശ്നം. ഇങ്ങനെ ഉയർന്നുവരുന്ന പ്രശ്നങ്ങളോടൊന്നും പ്രതികരിക്കാതിരിക്കുകയാണ് കേരളത്തിന്റെ മുഖ്യമന്ത്രി. അവരെല്ലാം നിഷേധിച്ചല്ലോ എന്ന നിലപാടാണ് പറയുന്നത്. ഈ ഗവൺമെന്റിന്റെ ഭാഗമായിട്ടുള്ള അന്വേഷണ ഉദ്യോഗസ്ഥനായ എസ്.പി. അത് നിഷേധിക്കുക-യുണ്ടായോ ; വളരെ കൗതുകകരമാണ്. ശ്രീ. എം. വി. നികേഷ് കുമാർ പുറത്തുകൊണ്ടുവന്ന ഒളിക്യാമറ വിവരങ്ങളെല്ലാം വ്യാജമാണെന്ന് ഉത്തമ ബോധ്യമുണ്ടെങ്കിൽ നിങ്ങൾ കേസെടുക്കണ്ടേ ; റിപ്പോർട്ടർ ചാനലിനെതിരെ നിങ്ങൾ കേസെടുത്തോ; ഇത് യാദൃശ്ചികമായിട്ടല്ല എന്നുള്ളതിന് വേറെയും ഉദാഹരണങ്ങളുണ്ട്. വ്യക്തിപരമായി നിങ്ങളൊരു മാധ്യമപ്രവർത്തകനെ ആക്രമിക്കുകയാണ്. അദ്ദേഹത്തിന്റെയും കുടുംബത്തിന്റെയും ഒരേയൊരു പ്രൊഫൈൽ ചിത്രമാണ് ഫെയ്സ്ബുക്കിലുള്ളത്. ആ പ്രൊഫൈൽ ചിത്രമെടുത്ത് ഛിന്നഭിന്നമാക്കി അദ്ദേഹത്തിന്റെ കുഞ്ഞിന്റെയും ഭാര്യയുടെയും ചിത്രങ്ങൾ വേർപെടുത്തി വിവാഹമോചനത്തിലേയ്ക്കെന്നുപറഞ്ഞ് പ്രചരിപ്പിക്കുന്ന രീതി ഫെയ്സ്ബുക്കിൽ നടക്കുന്നുണ്ട്. അതേതെങ്കിലും വ്യക്തികളല്ല, www.kpcc.org.in എന്ന വെബ്സൈറ്റിൽനിന്നാണ് ഈ കുടുംബം ശിഥിലമാകുന്ന വാർത്ത

പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഡി.ജി.പി.-ക്കും ആഭ്യന്തര വകുപ്പുമന്ത്രിക്കും അദ്ദേഹം പരാതി നൽകി. എന്നെ സംബന്ധിച്ചും എന്റെ കുടുംബത്തെ സംബന്ധിച്ചും വ്യാജപ്രചരണങ്ങൾ നടത്തുന്ന, അപവാദപ്രചരണങ്ങൾ നടത്തുന്ന www.kpcc.org.in-എന്ന സൈറ്റിനെതിരെ നടപടി എടുക്കണമെന്ന പരാതി കിട്ടിയിട്ടും നിങ്ങളെന്താണ് ചെയ്തത് ; അദ്ദേഹത്തെ ആക്രമിക്കുന്ന രീതി അവിടെ അവസാനിപ്പിക്കുകയല്ല.

ശ്രീ. പി. സി. വിഷ്ണുനാഥ് ഒരിക്കൽ പ്രസംഗിക്കുമ്പോൾ പറയുകയുണ്ടായി ഇത് പെയ്ഡ് ന്യൂസാണെന്ന്. ഇത് പെയ്ഡ് ന്യൂസാണെന്ന് ശ്രീ. പി. സി. വിഷ്ണുനാഥിന് പുറത്തുപോയി പറയാൻ ധൈര്യമുണ്ടോ; ശ്രീ. കെ. എം. മാണിസാറും ഒരു ഘട്ടത്തിൽ ആ നിലയിൽ എന്തോ സൂചിപ്പിക്കുകയുണ്ടായി. നിയമസഭയുടെ സുരക്ഷിതത്വത്തിൽ വായിൽതോന്നിയത് വിളിച്ചുപറയുന്നതിനു പകരം ഉത്തമബോധ്യമുണ്ടെങ്കിൽ റിപ്പോർട്ടർ ചാനലിന്റെ വാർത്തകൾ പെയ്ഡ് ന്യൂസാണെന്ന് പുറത്തുപോയി പറയാൻ ഞാൻ ശ്രീ. പി. സി. വിഷ്ണുനാഥിനെ വെല്ലുവിളിക്കുകയാണ്. ധൈര്യമുണ്ടെങ്കിൽ പുറത്തുപോയി പറയട്ടെ.

ഇത് അടിയന്തരാവസ്ഥയുടെ 40-ാം വാർഷികമാണ്. അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടതിന്റെ പിറ്റേന്നിറങ്ങിയ പ്രധാനപ്പെട്ട ഒരു മാധ്യമത്തിൽ വന്ന വാർത്ത, ആ മാധ്യമം അവരുടെ മുഖപ്രസംഗത്തിന്റെ ഭാഗം ഒഴിച്ചിട്ടിരുന്നു, 'പെൺ ഹിറ്റ്ലർ ജനിക്കുന്നു, ഇന്ത്യ അടിയന്തരാവസ്ഥയിലേയ്ക്ക്' എന്നാണ് അതിന്റെ ഹെഡ്ഡിംഗ്. ഇന്ത്യാ രാജ്യത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ ഏറ്റവും കറുത്ത അദ്ധ്യായമായ അടിയന്തരാവസ്ഥയ്ക്ക് സമാനമായ ഒരവസ്ഥ കേരളത്തിൽ കൊണ്ടുവരുന്നതിനുള്ള ഒരു പരിശ്രമമാണ് ഇവിടെ നടക്കുന്നത്. തങ്ങളെ പ്രകീർത്തിച്ചില്ലെങ്കിൽ മാധ്യമപ്രവർത്തകരെ, മാധ്യമ സ്ഥാപനങ്ങളെ ആക്രമിക്കും എന്നുള്ള രീതി തുടർച്ചയായി തുടരുകയാണ്. Article 19(1)(a) Freedom of expression സംരക്ഷിക്കേണ്ടവരാണ്. അത് സംരക്ഷിക്കാൻ ബാധ്യതപ്പെട്ടൊരു ഗവൺമെന്റിന്റെ നേതൃത്വത്തിലാണ് ഈ പണി നടക്കുന്നത്. കെ.പി.സി.സി.-യുടെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നുപോലും ഒരു മാധ്യമപ്രവർത്തകനെ ആക്രമിച്ചത് സംബന്ധിച്ച് പരാതി കിട്ടിയിട്ട് കേസ് ഫയൽ ചെയ്യാത്ത ഒരു ഗവൺമെന്റ്. നിങ്ങൾക്കെന്താണ് സ്റ്റിംഗ് ഓപ്പറേഷനോട് ഇത്ര പരിഭവം; നിങ്ങളുടെ നിലപാടെന്താണ്; ബി.ജെ.പി.-യുടെ അഖിലേന്ത്യാ പ്രസിഡന്റ് ബംഗാരു ലക്ഷ്മൺ പണം എണ്ണിവാങ്ങുന്ന ചിത്രം കണ്ടിട്ട് കോൺഗ്രസ് എന്ത് നിലപാടാണ് സ്വീകരിച്ചത്; അത് ഒളിക്യാമറയിലെടുത്തതാണ്. കോൺഗ്രസിന്റെ

നിലപാട് എന്തായിരുന്നു; നിങ്ങൾ മാധ്യമ സ്വാതന്ത്ര്യത്തെക്കുറിച്ച് ഗീർവാണ പ്രസംഗം നടത്തിയിരുന്ന ആളുകളാണല്ലോ. 2009-ൽ വിവാദമായൊരു കേസാണ് പോൾ മുത്തൂറ്റ് കേസ്. ആ കേസന്വേഷണത്തിൽ ഇടപെട്ടിട്ട് ഒരു മാധ്യമപ്രവർത്തകൻ ഒരു ആലയിൽ പോയി ചില വിവരങ്ങളൊക്കെ പ്രസിദ്ധീകരിച്ചു. അന്ന് ഡി.ജി.പി. Cr.P.C. 161 പ്രകാരം അദ്ദേഹത്തെ ചോദ്യം ചെയ്യാൻ വകുപ്പുണ്ടെന്നുള്ളൊരു കമന്റ് പറഞ്ഞു. ആ കമന്റിന്റെ പേരിൽ കേരളത്തിലുണ്ടാക്കിയ കോലാഹലങ്ങൾ എന്തെല്ലാമായിരുന്നു. ഇപ്പോഴത്തെ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല പത്രസമ്മേളനം നടത്തി മാധ്യമ സ്വാതന്ത്ര്യത്തെ സംബന്ധിച്ച് കഴുതക്കണ്ണീരൊഴുക്കി. ഓരോ ഘട്ടത്തിലും നിങ്ങൾക്ക് തോന്നുന്നപോലെയുള്ള നിലപാടാണോ സ്വീകരിക്കുന്നത്; നിങ്ങളല്ലേ മാധ്യമ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ളവാദം അന്ന് ഉയർത്തി ക്കൊണ്ടുവന്നത്. ഈ പറയുന്ന വിഷയത്തിലെ പ്രധാനപ്പെട്ട രണ്ട് വ്യക്തികളുണ്ട്; പണം കൊടുത്തു എന്നുപറയുന്ന രണ്ട് പ്രധാനപ്പെട്ട വ്യക്തികൾ. അവരുടെ നാവിറങ്ങിപ്പോയോ ? ഒരാൾ ശ്രീ. തമ്പാനൂർ രവിയാണ്. അദ്ദേഹം ഇതുവരെ അക്കാര്യം നിഷേധിച്ചിട്ടുണ്ടോ; ശ്രീ. ബെന്നി ബെഹനാൻ ഇന്നലെ ആവേശത്തോടുകൂടി എന്തെല്ലാം പ്രസംഗമാണ് ഇവിടെ നടത്തിയത്. ശ്രീ. ബെന്നി ബെഹനാൻ നിഷേധിച്ചിട്ടുണ്ടോ; ശ്രീ. ഫെനി ബാലകൃഷ്ണന്റെ വെളിപ്പെടുത്തലുമായി ബന്ധപ്പെട്ട് ശ്രീ. തമ്പാനൂർ രവിയോ ശ്രീ. ബെന്നി ബെഹനാനോ അത് പിൻവലിക്കാൻ ഇതുവരെ തയ്യാറായിട്ടുണ്ടോ. ഇല്ലല്ലോ. മാധ്യമ സ്വാതന്ത്ര്യം എന്നത് ഒരു കേവല വിഷയം മാത്രമല്ല..... നിങ്ങൾ കേസെടുക്കുകയാണ് വേണ്ടത്. നിങ്ങളെക്കുറിച്ചല്ലേ പറഞ്ഞത്; ശ്രീ. ബെന്നി ബെഹനാനും ശ്രീ. തമ്പാനൂർ രവിയുമാണ് പണം നൽകിയതെന്നുള്ളത് പരസ്യമായി പറഞ്ഞത് തെറ്റാണെങ്കിൽ നിങ്ങൾ പോയി കേസ് കൊടുക്കണം. അല്ലെങ്കിലത് നിഷേധിക്കണം. എന്തെങ്കിലുമൊന്ന് ചെയ്തോ? നിങ്ങളൊന്നും ചെയ്തില്ല. ശ്രീ. ബെന്നി ബെഹനാൻ നിഷേധിച്ചോ? നിങ്ങളൊന്നും പറഞ്ഞില്ല. നിങ്ങളത് അംഗീകരിച്ചു, മൗനം സമ്മതമാണ്. ഇതുവരെ നിഷേധിച്ചിട്ടില്ല. ...........(ബഹളം)..............

കേരളത്തിലെ ദൃശ്യമാധ്യമ രംഗത്ത് സവിശേഷമായൊരു ചരിത്രത്തിന് തുടക്കം കുറിച്ച വ്യക്തിയാണ് ശ്രീ. എം. വി. നികേഷ് കുമാർ. ശ്രീ. എം. വി. നികേഷ് കുമാർ എന്നു പറയുന്നയാൾ ഒരു വ്യക്തി മാത്രമല്ല, ഒരു പ്രതീകമാണ്. എന്താണ് കാരണം. നിങ്ങൾ വിഷമിക്കേണ്ട. എന്താണ് കാരണം? വാർത്തകൾ കേവലമായി വായിച്ചു തള്ളുകയല്ല, വാർത്തകളുടെ ഭാഗമായ ചർച്ചയും

ഇടപെടലുകളും ഒരു സമൂഹത്തിൽ ആവശ്യമുണ്ടെന്ന് മലയാള മാധ്യമങ്ങളെ പഠിപ്പിച്ച വ്യക്തിയാണ് ശ്രീ. എം. വി. നികേഷ് കുമാർ. നിങ്ങൾക്ക് സംശയമുണ്ടോ ; ഇന്ത്യാവിഷനിലൂടെ ആരംഭിച്ച ആ മാധ്യമത്തിന്റെ ഇടപെടൽ രീതിയാണ് ഇന്ന് കേരളത്തിലെ എല്ലാ വാർത്താ മാധ്യമങ്ങളും നിങ്ങളുടെ ജയ്ഹിന്ദ് ചാനലുൾപ്പെടെ നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ ആദ്യമായി ദേശീയ മാധ്യമങ്ങൾക്ക് സമാനമായ നിലയിൽ മാധ്യമപ്രവർത്തനത്തെ വലിയ നിലയിൽ വികസിപ്പിച്ചെടുത്ത ഒരു വ്യക്തിയെന്ന സിമ്പലാണ് അദ്ദേഹത്തോടുള്ള ആക്രമണം കേരളത്തിലെ മാധ്യമരംഗത്തെ വികാസത്തിനെതിരെയുള്ള ആക്രമണമാണ്. ആ നിലയിൽ ഈ അക്രമത്തെ കാണണം. വിജയത്തിന്റെ ഹുങ്കിൽ നിങ്ങളുടെ എല്ലാ ഉറുമാൽ കച്ചവടവും മൂടിവയ്ക്കാമെന്ന് കരുതേണ്ട. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തുന്ന പലതും ഉറുമാൽ കച്ചവടമാണ്. ഉറുമാലിൽ പൊതിഞ്ഞുനടത്തുന്ന കച്ചവടമാണ്. ആ കച്ചവടങ്ങൾ പലതും പുറത്തുകൊണ്ടുവരുന്നവരെയെല്ലാം നോട്ടമിട്ടിരിക്കുകയാണ്.

ഈ സഭയിലെ അംഗമായ ശ്രീ. കെ. ബി. ഗണേഷ് കുമാർ, അദ്ദേഹം ചെയ്ത തെറ്റ് എന്തായിരുന്നു ; എന്തായിരുന്നു അദ്ദേഹം ചെയ്ത തെറ്റ് ? നിങ്ങളുടെ ഗവൺമെന്റിനെ സംബന്ധിച്ച് നിങ്ങളുടെ ഒപ്പംനിന്നുകൊണ്ടുതന്നെ വിമർശിച്ചു. ഭരണകക്ഷി എം.എൽ.എ. ആയിരിക്കുമ്പോൾ, വനമേഖലയിൽ നടക്കുന്ന വെട്ടിപ്പിനെക്കുറിച്ചും റവന്യൂ വകുപ്പിന്റെ ഭൂമി തട്ടിപ്പിനെ സംബന്ധിച്ചും ആദ്ദേഹം കൃത്യമായ നിലപാട് സ്വീകരിച്ചു. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ടുള്ള ആക്ഷേപങ്ങൾ അദ്ദേഹം ഉന്നയിച്ചു. അഴിമതിക്കെതിരെയുള്ള നിലപാട് സ്വീകരിച്ച് അഴിമതിയാരോപണങ്ങൾ സഭയിൽ കൊണ്ടുവന്ന അന്നുമുതൽ ശ്രീ. കെ. ബി. ഗണേഷ് കുമാർ നിങ്ങളുടെ ശത്രുവായി. അതല്ലേ സംഭവിച്ചത്? അതുവരെ ശ്രീ. ഗണേഷ് കുമാറിന് ഒരു കുഴപ്പവും ഉണ്ടായിരുന്നില്ല; എല്ലാ കാര്യങ്ങളും നിങ്ങൾ അംഗീകരിച്ചു. രണ്ടു മൂന്ന് ദിവസമായി നിങ്ങൾ ശ്രീ. കെ.ബി. ഗണേഷ് കുമാറിനും ശ്രീ. ആർ.ബാലകൃഷ്ണപിള്ളയ്ക്കുമെതിരായി ഓരോ കാര്യങ്ങൾ പറഞ്ഞു കൊണ്ടിരിക്കുകയാണ്. ഈ സഭയിൽ നിങ്ങൾക്കെതിരായി അഴിമതി ആരോപണങ്ങൾ കൊണ്ടുവന്നതിന്റെ പേരിൽ ശ്രീ. കെ. ബി. ഗണേഷ് കുമാറിനെ ആക്രമിക്കുകയാണ്. രണ്ടര മണിക്കൂറാണ് കുന്നിക്കോട്-പത്തനാപുരം പാതയിൽ വാഹനങ്ങൾ തടഞ്ഞത്. കേരളത്തിലെ ആഭ്യന്തരവകുപ്പും പോലീസുമൊക്കെ എവിടെ പോയിരിക്കുകയായിരുന്നു ? അദ്ദേഹത്തിന്റെ വീടിനുനേരെ ആക്രമണം നടത്തി. കല്ലേറിൽ ശ്യാം എന്ന പ്രവർത്തകനും നിരവധിപേർക്കും പരിക്കുപറ്റി.

നടക്കുന്ന കാര്യങ്ങൾ നടക്കട്ടേയെന്ന് നിങ്ങൾ ഡയറക്ഷൻ കൊടുത്തിട്ടല്ലേ ഇതു സംഭവിച്ചത്; നിങ്ങൾക്ക് ഇപ്പോൾ ശരീരഭാഷയിലൊക്കെ മാറ്റം വന്നിരിക്കുകയാണ്. സാധാരണഗതിയിൽ ഒരു സൗമ്യഭാവത്തിൽ പ്രതികരിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ശ്രീ. അനൂപ് ജേക്കബിന് ഇന്നലെയും ഇന്നുമായി പെട്ടെന്ന് എന്തോ ബലംവച്ച മാതിരിയാണ്. എന്താണ് ഈ ബലത്തിന്റെ ആധാരം? അദ്ദേഹത്തിന് ഒരു റീ-നെർവ് ഇൻജക്ഷൻ കിട്ടിയോ? ഞരമ്പുകളെ ഉത്തേജിപ്പിക്കുന്ന ഒരു ഇൻജക്ഷൻ കിട്ടിയതുപോലെയാണ് അദ്ദേഹത്തിന്റെ ശരീരഭാഷ. ആ ശരീരഭാഷയ്ക്ക് കാരണമെന്താണ് ? നിങ്ങൾക്കൊരു വിജയം കിട്ടി, നിങ്ങൾ എവിടെയാണ് വിജയിച്ചത്? അരുവിക്കരയിലല്ലേ വിജയിച്ചത് ; 100 സീറ്റിൽ വിജയിച്ച സമയത്തുപോലും ഞങ്ങൾ പരാജയപ്പെട്ട സീറ്റാണത്. അതൊരു പുതിയ കാര്യമല്ല. ഞാൻ ചോദിക്കുന്നു, നിങ്ങൾ കല്യാശ്ശേരിയിലോ, തളിപ്പറമ്പിലോ, മട്ടന്നൂരോ, മലമ്പുഴയിലോ വന്ന് മൽസരിച്ചിട്ട് അഭിപ്രായം പറയൂ.. .....(ബഹളം)...... നിങ്ങൾ 24 വർഷമായി വിജയിച്ചുകൊണ്ടിരിക്കുന്ന, കേരളത്തിലെ 100 സീറ്റിൽ എൽ.ഡി.എഫ്. വിജയിച്ചപ്പോൾപ്പോലും പരാജയപ്പെട്ട ഒരു സീറ്റിലെ വിജയം, ഈ കേരളത്തിലാകെയുള്ള രാഷ്ട്രീയ വിജയമായി ആഘോഷിക്കുന്നതിന്പകരം, ഞങ്ങളുടെ ഉറച്ച സീറ്റുകളിൽ, ഞങ്ങൾ വിജയിച്ചുകൊണ്ടിരിക്കുന്ന സീറ്റിൽ ജയിച്ചിട്ട് പറയൂ, നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടോ? ....(ബഹളം)......... അരുവിക്കരയിൽ ഒരു ഉപതെരഞ്ഞെടുപ്പ് വിജയിച്ചതോടുകൂടി, രണ്ട് ലിറ്റർ സംസം വെള്ളം കുടിച്ചതുമാതിരിയാണ് ഇവരിപ്പോൾ. ഗംഗാ ജലത്തിൽ നിങ്ങളുടെ എല്ലാ പാപങ്ങളും കഴുകിക്കളഞ്ഞതുമാതിരിയാണ് ഇപ്പോൾ. ഒരു വോട്ടുപോലും കൂടിയിട്ടില്ല, 347 വോട്ട് കുറയുകയാണ് ചെയ്തത്. 26000 പുതിയ വോട്ടർമാർ വന്നിട്ട് ഒരു വോട്ട് നിങ്ങൾക്ക് വർദ്ധിച്ചോ ? കേരള രാഷ്ട്രീയത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന വർഗ്ഗീയ ധ്രുവീകരണത്തെക്കുറിച്ച് ആശങ്കപ്പെടുന്നതിനുപകരം നിങ്ങൾ സി.പി.എം.-ന്റേയും ഇടതുപക്ഷ പ്രസ്ഥാനത്തിന്റേയും തകർച്ചയിൽ മതിമറന്ന് ആഹ്ലാദിക്കേണ്ട, നിങ്ങളുടെ തന്ത്രത്തിന് ലഭിച്ച വിജയമാണ്, ഞാനത് അംഗീകരിക്കാം. ഈ ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾ മുതൽ മുഖ്യമന്ത്രി എന്താണ് പറഞ്ഞുകൊണ്ടിരിക്കുന്നത് ? രണ്ടാംസ്ഥാനം ബി.ജെ.പി.-ക്ക് ലഭിക്കുമെന്നാണ്. രണ്ടാംസ്ഥാനം ബി.ജെ.പി.-ക്ക് ലഭിക്കണമെന്ന് മുഖ്യമന്ത്രിക്ക് എന്താണ് ഇത്ര നിർബന്ധം? സി.പി.എം. മൽസരിക്കുന്നത് രണ്ടാം സ്ഥാനത്തിനു വേണ്ടിയാണ് എന്ന് മുഖ്യമന്ത്രി പറയുകയാണ്, മറുഭാഗത്ത് ബി.ജെ.പി പറയുകയാണ് രണ്ടാം സ്ഥാനം ഞങ്ങൾ പിടിച്ചെടുക്കും. രണ്ടുകൂട്ടരും ഒരുപോലെ

രണ്ടാം സ്ഥാനം എന്ന പറഞ്ഞത് എന്തുകൊണ്ടാണ് ? എന്തുകൊണ്ട് ബി.ജെ.പി. ഞങ്ങൾക്ക് ഒന്നാം സ്ഥാനം എന്നുപറഞ്ഞില്ല? ഇന്നലെ തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് പുറത്തുവന്നപ്പോൾ ശ്രീ. ഒ. രാജഗോപാലിനോട് മാധ്യമപ്രവർത്തകൻ ഒരു കമന്റ് ചോദിച്ചു, അദ്ദേഹം എന്താണ് മറുപടി പറഞ്ഞത്, എനിക്ക് രണ്ടാം സ്ഥാനം കിട്ടാത്തതിൽ വിഷമമുണ്ട് എന്നാണ്. അപ്പോൾ ബി.ജെ.പി.-യെ രണ്ടാം സ്ഥാനത്തെത്തിക്കാൻ ബി.ജെ.പി.-യും യു.ഡി.എഫും ഒരുപോലെ നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമാണിത്. പ്രത്യക്ഷമായോ, പരോക്ഷമായോ നിങ്ങൾ തമ്മിൽ ഒരു അഡ്ജസ്റ്റ്മെന്റുണ്ടായി. ആ അഡ്ജസ്റ്റ്മെന്റ് ആണ് പറയുന്നത്, നിങ്ങൾക്ക് അല്പംകൂടി ഇഷ്ടപ്പെട്ട ശത്രുവാണ് ബി.ജെ.പി. അതിന്റെ പിന്നിൽ ഒരു കുറുക്കബുദ്ധിയുണ്ട്. ബി.ജെ.പി.-യെക്കുറിച്ച് പറഞ്ഞ് വലുതാക്കിയാൽ മതന്യൂനപക്ഷങ്ങളുടെ ഏകീകരണംകൊണ്ട് നിങ്ങൾക്ക് എല്ലാക്കാലത്തും ഉറച്ച് മുന്നോട്ടുപോകാം എന്നതാണ്. അത് അപകടകരമായ ഒരു ലക്ഷ്യമാണ്. കേരളത്തിൽ ബി.ജെ.പി.-യാണ് നിങ്ങൾക്ക് ഇഷ്ടപ്പെട്ട എതിരാളി എന്നു വരുത്തിത്തീർത്താൽ മതന്യൂനപക്ഷങ്ങളുടെ വർഗ്ഗീയ ധ്രുവീകരണത്തിന് അത് കാരണമാകും. മതന്യൂനപക്ഷങ്ങളെ വർഗ്ഗീയമായി ധ്രുവീകരിച്ച് അതിന്റെ നേട്ടം കൊയ്യാനുള്ള കുടിലതന്ത്രമാണ് ഈ തെരഞ്ഞെടുപ്പിൽ നിങ്ങൾ പയറ്റിയത്, ആ കുടിലതന്ത്രത്തിന്റെ ഒരു താൽക്കാലിക വിജയമാണിത്. ശ്രീ. പന്തളം സുധാകരൻ ഇത് പരസ്യമായി പറയുകയും ചെയ്തു. ഒരു തെരഞ്ഞെടുപ്പിന്റെ പരാജയത്തോടുകൂടി ചരിത്രം അവസാനിക്കുന്നില്ല. എല്ലാ ചരിത്രവും ബഹുമാന്യനായ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയിൽ തുടങ്ങി ഉമ്മൻചാണ്ടിയിൽ അവസാനിക്കുമെന്ന് ആരും കരുതരുത്, അങ്ങും കരുതരുത്. 1957-ൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് ഇവിടെ അധികാരത്തിൽ വന്നപ്പോൾ 30 ലക്ഷം കൃഷിക്കാർക്ക് പട്ടയം കൊടുത്തു, ഭൂ പരിഷ്കരണം നടപ്പിലാക്കി, വിദ്യാഭ്യാസ ബിൽ കൊണ്ടുവന്നു, പക്ഷേ രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ ആ ഗവൺമെന്റ് പിരിച്ചുവിടപ്പെട്ടു, അതിനുശേഷം വന്ന തെരഞ്ഞെടുപ്പിൽ ഞങ്ങൾ പരാജയപ്പെട്ടു. അന്ന് ചില മാധ്യമ കുബുദ്ധികൾ പ്രചരിപ്പിച്ചത്, ഇനി 100 കൊല്ലത്തേയ്ക്ക് കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽവന്നാൽ ആത്മഹത്യ ചെയ്യുമെന്ന്. അതിനുശേഷം 1967-ൽ ഞങ്ങൾ അധികാരത്തിൽവന്നു. 1977-ൽ അടിയന്തിരാവസ്ഥയ്ക്കുശേഷം രാജ്യം മുഴുവൻ കോൺഗ്രസ്സ് തുത്തെറിയപ്പെട്ടു. ചിക്മഗ്ലൂരിൽ ഇന്ദിരാഗാന്ധി പരാജയപ്പെട്ടു. പക്ഷേ അപ്പോഴും കേരളത്തിൽ വലിയ വിജയം ഐക്യജനാധിപത്യമുന്നണിക്കുണ്ടായി. അതിനുശേഷം എൽ.ഡി.എഫ്. തിരിച്ചുവന്നു. 1984-ൽ ഇന്ദിരാഗാന്ധിയുടെ മരണത്തിനുശേഷം വൻവിജയം

കോൺഗ്രസ്സിനുമുണ്ടായി. 1987-ൽ ഞങ്ങൾ തിരിച്ചുവന്നു. 1991-ൽ വലിയ പരാജയമുണ്ടായി, 1996-ൽ തിരിച്ചുവന്നു. ഒരു തെരഞ്ഞെടുപ്പിന്റെ പരാജയത്തെ സ്പെസിമെൻ ആക്കി നാട്ടുകാരെ പറ്റിക്കുന്നപണി നിങ്ങൾ നിർത്തണം. നിങ്ങൾ 25 കൊല്ലമായി വിജയിച്ചുകൊണ്ടിരിക്കുന്ന മണ്ഡലത്തിൽ കുതന്ത്രങ്ങൾകൊണ്ട് തൽക്കാലം വിജയിച്ചിരിക്കുന്നതിന്റെ പേരിൽ എല്ലാംതീർന്നു എന്ന് തെറ്റിദ്ധരിക്കരുത്. കേരള രാഷ്ട്രീയത്തിൽ അതിനേക്കാൾ ശക്തമായ രാഷ്ട്രീയ ധ്രുവീകരണം ഉയർന്നുവരും, അതിശക്തമായ രാഷ്ട്രീയ സാന്നിദ്ധ്യമായി ഇടതുപക്ഷ പ്രസ്ഥാനം തിരിച്ചുവരുമെന്ന കാര്യത്തിൽ ഒരു സംശയവും നിങ്ങൾക്കുവേണ്ട. ആ സാഹചര്യത്തിലേയ്ക്ക് സഹായകരമായ നിലപാടു സ്വീകരിക്കുന്ന ആരെങ്കിലുമുണ്ടെങ്കിൽ, സത്യസന്ധമായ വാർത്തകൾ പ്രസിദ്ധീകരിക്കുന്ന മാധ്യമങ്ങളോടും മാധ്യമപ്രവർത്തകരോടും കാണിക്കുന്ന ഈ തെറ്റായ സമീപനം ഈ സഭ ഗൗരവമായി ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ പ്രസംഗംതന്നെ ഈ സംഭവം എത്രമാത്രം ഗൗരവമുള്ളതാണെന്ന് തെളിയിക്കുന്നതാണ്. അദ്ദേഹം പറഞ്ഞത് അടിയന്തര പ്രമേയത്തിലെ കാര്യങ്ങളെ പറ്റിയല്ല, അരുവിക്കര തെരഞ്ഞെടുപ്പിനെപ്പറ്റിയാണ്. ശ്രീ. എം. വി. നികേഷ് കുമാറിനെ സംബന്ധിച്ചിടത്തോളം അദ്ദേഹം പറഞ്ഞ കാര്യങ്ങൾ, മംഗളം പത്രമാണ് അദ്ദേഹം ഇവിടെ കാണിച്ചത്. ഞാനും മംഗളം പത്രം കാണിക്കാം. 5 പോലീസുകാരുടെ സഹായത്തോടെ ശ്രീ. എം. വി. നികേഷ് കുമാറിനെ എസ്കോർട്ട്ചെയ്ത് അദ്ദേഹത്തിന്റെ കാറിലേയ്ക്ക് കൊണ്ടുപോകുന്ന ചിത്രമാണ് മംഗളം പത്രത്തിലുള്ളത്, ഞാനതു കാണിക്കാം. വോട്ടെണ്ണൽ കേന്ദ്രത്തിൽ അദ്ദേഹം പുറത്തുവന്ന സമയത്ത് ആരോ കൂക്കിവിളിച്ചു. കൂക്കിവിളിക്കുന്നത് കണ്ടപ്പോൾ പോലീസുകാർ അടുത്ത്ചെന്നു. ഉന്നത പോലീസുദ്യോഗസ്ഥർ അടക്കമുള്ളവർ അദ്ദേഹത്തെ എസ്കോർട്ട് ചെയ്ത് കൊണ്ടുപോകുന്ന പടമാണിത് (മംഗളം ദിനപത്രം ഉയർത്തിക്കാണിച്ചു). ഇന്നലെ റിപ്പോർട്ടർ ചാനലിൽ രാത്രി ഞാൻ കണ്ടതാണ്, റിപ്പോർട്ടർ ചാനലിൽ അതേ കാണിക്കുന്നുള്ളൂ. അദ്ദേഹം പറയുന്ന മീഡിയാ വൺ പത്രപ്രവർത്തകരെക്കുറിച്ച് ഒരു പരാമർശവും ഒരു പത്രത്തിലും ഞാൻ കണ്ടില്ല. നോട്ടീസ് തന്നതിനകത്ത് മീഡിയാ വൺ പത്രപ്രവർത്തകരെ ആക്രമിച്ചു എന്നുപറയുന്നു. ഒരു പത്രത്തിലും ഞാനത് കണ്ടില്ല. ഉപതെരഞ്ഞെടുപ്പിൽ തോറ്റതിനുശേഷം എന്തെങ്കിലും പറയാൻ വേണ്ടി ഒരു

അടിയന്തരപ്രമേയം കൊണ്ടുവന്ന എന്നുള്ളതല്ലാതെ മറ്റൊന്നും ഈ കാര്യത്തിലില്ല.

ഈ ഗവൺമെന്റ് പത്ര സ്വാതന്ത്ര്യത്തെ വിലമതിക്കുന്ന ഗവൺമെന്റാണ്. പത്രപ്രവർത്തകർക്ക് നിർഭയമായി പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം ഒരുക്കി ക്കൊടുക്കുന്ന ഗവൺമെന്റാണിത്. ഏത് പത്രപ്രവർത്തകർക്ക് എവിടെ അക്രമം ഉണ്ടായാലും കർശന നടപടി എടുത്തിട്ടുള്ള ഗവൺമെന്റാണിത്. ജനാധിപത്യത്തിൽ ഫോർത്ത് എസ്റ്റേറ്റിന്റെ മാഹാത്മ്യം തിരിച്ചറിയുന്നവരാണ് ഞങ്ങൾ. ജനാധിപത്യത്തിൽ പത്രത്തിന്റേയും മാധ്യമങ്ങളുടേയും സ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിക്കുന്നവരാണ് ഞങ്ങൾ. സംസ്ഥാനത്ത് പത്രപ്രവർത്തകർക്ക് നിർഭയമായി, സ്വതന്ത്രമായി, നിഷ്പക്ഷമായി എഴുതാനും വാർത്തകൾ വായിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട്. ഞങ്ങളാരും മാധ്യമ സിൻഡിക്കേറ്റ് എന്നുപറഞ്ഞ് അവരെ ആക്ഷേപിച്ചിട്ടില്ല. ആരാണ് ഇവിടെ മാധ്യമ സിൻഡിക്കേറ്റ് എന്നു പറഞ്ഞ് ആക്ഷേപിച്ചത്; ആരാണ് "എടോ ഗോപാലകൃഷ്ണാ" എന്നുവിളിച്ചത്; മാതൃഭൂമി ചീഫ് എഡിറ്ററായിരുന്ന ഗോപാലകൃഷ്ണനെ പരസ്യമായി ആക്ഷേപിച്ചത് ഇപ്പുറത്തുള്ളവരല്ല. മാധ്യമ സ്വാതന്ത്ര്യത്തെക്കുറിച്ച് പറഞ്ഞല്ലോ. മാധ്യമ പ്രവർത്തകൾ ഇഷ്ടമില്ലാത്ത വാർത്തകൾ എഴുതുമ്പോൾ, മാധ്യമ സിൻഡിക്കേറ്റാണ് എന്നുപറഞ്ഞ് അവരെ ഭീഷണിപ്പെടുത്താൻ ഇന്നുവരെ യു.ഡി.എഫ്.-ലെ ഒരു കക്ഷിനേതാവോ, എം.എൽ.എ.-യോ, പാർട്ടി പ്രവർത്തകരോ മുന്നോട്ട് വന്നിട്ടില്ല. ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഞങ്ങളെ മാധ്യമ പ്രവർത്തനം പഠിപ്പിക്കുകയൊന്നും വേണ്ട. ഈ നാട്ടിൽ മാധ്യമങ്ങൾക്ക് പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. മുഖ്യമന്ത്രിയെ വിമർശിച്ചാൽ, ഗവൺമെന്റിനെ വിമർശിച്ചാൽ, അതോടൊപ്പംതന്നെ എത്രയോ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അവിടെയെല്ലാം പോലീസും ഗവൺമെന്റും എടുക്കുന്നസമീപനം പൂർണ്ണമായും മാധ്യമപ്രവർത്തകർക്ക് സംരക്ഷണം കൊടുക്കുക എന്നുള്ളതാണ്. ശ്രീ. പി. ശ്രീരാമകൃഷ്ണന് മാധ്യമപ്രവർത്തകരെ സംബന്ധിച്ച് ഒരാശങ്കയും വേണ്ട. കേരളത്തിലെ മാധ്യമ പ്രവർത്തകർ സുരക്ഷിതരാണ്, അവർക്ക് നിർഭയമായും നിഷ്പക്ഷമായും എഴുതാം, മാധ്യമ സ്വാതന്ത്ര്യത്തിന് ഉന്നതമായ പരിഗണനനൽകുന്ന ഗവൺമെന്റാണിത്. ഞങ്ങളാരും ഒരു മാധ്യമപ്രവർത്തകനേയും ഞങ്ങൾക്കെതിരെ വാർത്ത കൊടുത്തതിന്റെ പേരിൽ ഭീഷണിപ്പെടുത്തിയിട്ടില്ല, അവരുടെ ചെകിട്ടത്ത് അടിച്ചിട്ടില്ല. ഈ സംസ്ഥാനത്ത് മാധ്യമപ്രവർത്തകരോട് ഏറ്റവും കൂടുതൽ ആദരവ് കാണിക്കുന്ന ഗവൺമെന്റാണിത്. ഞങ്ങൾ സ്വതന്ത്രവും നീതിപൂർവ്വവുമായ വാർത്തകൾ വരണമെന്ന് ആഗ്രഹിക്കുന്നവരാണ്. ജനാധിപത്യത്തിന്റെ ശക്തിയെന്നു പറയുന്നത് പത്രങ്ങളാണ്. ജനങ്ങളെ വാർത്തകൾ അറിയിക്കുന്നത് പത്രപ്രവർത്തകരാണ്.

ഈ ഗവൺമെന്റിന്റെ മന്ത്രിമാർക്കെതിരായി, മുഖ്യമന്ത്രിക്കെതിരായി എത്രയോ വാർത്തകൾ വന്നിട്ടുണ്ട്. നിങ്ങൾ ചോദിച്ചല്ലോ കേസ്സ് കൊടുക്കാമോ എന്ന് ? ഞങ്ങൾ അത്രയും സഹിഷ്ണത കാണിക്കുന്നവരാണ്, മാന്യത കാണിക്കുന്നവരാണ്, പത്രമാധ്യമങ്ങളിൽ വാർത്തകൾ വന്നാൽ അവരെ അപമാനിക്കുന്നത് സ്വഭാവമായി എടുത്തിട്ടില്ല. ഒരു കാര്യം പറയാനുള്ളത്, മാധ്യമങ്ങൾ പൊതുപ്രവർത്തകരെക്കുറിച്ച് വാർത്തകൾ കൊടുക്കുമ്പോൾ അല്പം കരുതലുണ്ടാകേണ്ടത് ആവശ്യമല്ലേ ?

[10.00 AM]

നമ്മളൊക്കെ പൊതുപ്രവർത്തകരാണ്. മാധ്യമങ്ങൾ പൊതുപ്രവർത്തകരെപ്പറ്റി വാർത്തകൾ കൊടുക്കുമ്പോൾ അല്പം കരുതലുണ്ടാകേണ്ടത് ആവശ്യമല്ലേ ? ഞാൻ എല്ലാവരെയും കുറിച്ചാണ് പറയുന്നത്. ശ്രീമതി കെ. കെ. ലതികയെപ്പറ്റി ഒരു വാർത്ത വന്നപ്പോൾ ലതിക എങ്ങനെയാണ് പ്രതികരിച്ചത്? നമ്മുടെ സംസ്ഥാനത്ത് പൊതുപ്രവർത്തകരെക്കുറിച്ച് മാത്രമല്ല ആരെപ്പറ്റി വാർത്ത വന്നാലും ആ വാർത്തകൾ പണ്ടൊക്കെ നിഷേധിക്കുമായിരുന്നു. ഇപ്പോൾ ദൃശ്യമാധ്യമങ്ങളിൽ വരുന്ന വാർത്തകൾ കള്ളമാണെന്ന് തെളിഞ്ഞാൽപോലും ആരും നിഷേധിക്കുന്നില്ല, ആരും തിരുത്തുന്നുമില്ല. സംസ്ഥാനത്ത് ഏത് പൊതുപ്രവർത്തകർക്കെതിരെ വാർത്തകൾ വന്നാലും അത് തെറ്റാണെങ്കിൽ നിഷേധിക്കാനുള്ള ഉത്തരവാദിത്വം ആ മാനേജ്മെന്റിനുണ്ട്. ദൃശ്യമാധ്യമങ്ങളിൽ ആരും അത് ചെയ്യാറില്ല. എന്നാൽ അച്ചടിമാധ്യമങ്ങൾ ഇടയ്ക്കിടെ അത് ചെയ്യാറുണ്ട്. ഇത് ഗൗരവതരമായ കാര്യമാണ്. എല്ലാവരും അത് വിലയിരുത്തണമെന്നേ ഞാൻ പറയുന്നുള്ളൂ, അതിനപ്പുറത്തേയ്ക്ക് ഞാൻപോകുന്നില്ല. വാർത്തകൾ പ്രസിദ്ധീകരിക്കുന്നത് സത്യസന്ധമല്ലെങ്കിൽ, തെറ്റായ വാർത്തകളാണെങ്കിൽ അത് തിരുത്താനുള്ള സാമാന്യമര്യാദയുണ്ടാകേണ്ടത് ആവശ്യമല്ലേയെന്ന് അപ്പുറത്തുമിപ്പുറത്തുമിരിക്കുന്ന ആളുകൾ ചിന്തിക്കണം.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : സർ, വാർത്ത തിരുത്തിയില്ലെങ്കിൽ കെ. പി. സി. സി.-യുടെ വെബ്സൈറ്റിലൂടെ മാധ്യമപ്രവർത്തകരെ അപമാനിക്കുമോ ?

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, ഒരിക്കലും അപമാനിക്കില്ല. ശ്രീ. എം. വി. നികേഷ് കുമാർ എനിക്ക് പരാതി തന്നു, എന്നെ ഫോണിൽ വിളിച്ചു. ഞാനത് പരിശോധിച്ചു. കെ.പി.സി.സി.-ക്ക് അങ്ങനെയൊരു വെബ്സൈറ്റ് ഇല്ല. ഞാൻ കെ.പി.സി.സി. പ്രസിഡന്റായിരുന്ന സമയത്താണ് വെബ്സൈറ്റ് ആരംഭിച്ചത്.

ആ വെബ്സൈറ്റിനകത്ത് ആരെയും അപകീർത്തിപ്പെടുത്തുന്ന രീതിയിൽ ഒരു പരാമർശവും ഉണ്ടായിട്ടില്ല. വ്യാജ വെബ്സൈറ്റുകൾ എത്രയെണ്ണമാണ് പ്രചരിക്കുന്നത്; ആരുടെയെല്ലാം പേരിൽ വ്യാജ വെബ്സൈറ്റുകൾ ഉണ്ടാകുന്നുണ്ട്? ശ്രീ. എം. വി. നികേഷ് കുമാർ എന്നെ ഫോണിൽ വിളിച്ചുപറഞ്ഞു, എനിക്ക് പരാതി കൊടുത്തയച്ചു, അപ്പോൾത്തന്നെ ഞാൻ ആ പരാതി ഡി.ജി.പി.-ക്ക് കൈമാറി. സൈബർ സെൽ ആ പരാതിയെക്കുറിച്ച് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, കെ.പി.സി.സി.-യുടെ പേരിൽ വ്യാജ വെബ്സൈറ്റ് വന്നതിനെതിരെ കെ.പി.സി.സി പരാതി കൊടുത്തിട്ടുണ്ടോ ?

ശ്രീ.രമേശ് ചെന്നിത്തല : സർ, ഇല്ല. അതിപ്പോഴാണ് അറിയുന്നത്. ശ്രീ. പി. ശ്രീരാമകൃഷ്ണന് അറിയാമല്ലോ ; ഓരോ ദിവസവും ദൃശ്യമാധ്യമങ്ങളിൽ പുതിയ പുതിയ വ്യാജ വെബ്സൈറ്റുകൾ ആളുകൾ ഉണ്ടാക്കുന്നുണ്ട്. അതിലൂടെ പുതിയ പുതിയ വാർത്തകൾ പ്രചരിക്കുന്നുമുണ്ട്. ആരെയൊക്കെപ്പറ്റി എന്തെല്ലാമാണ് എഴുതുന്നത് ; അപ്പുറത്തുമിപ്പുറത്തുമിരിക്കുന്ന ആളുകളെപ്പറ്റി എന്തെല്ലാമെഴുതുന്നു? ഇവിടെ നവ മാധ്യമങ്ങളെ സംബന്ധിച്ചിടത്തോളം സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ ഗവൺമെന്റിന് ചില പരിമിതികളുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഒരു മാധ്യമപ്രവർത്തകരുടേയും സ്വാതന്ത്ര്യത്തെ ഹനിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. സംഭവത്തെ സംബന്ധിച്ച് ശ്രീ. എം. വി. നികേഷ് കുമാറിന്റെ സ്റ്റേറ്റുമെന്റ് എടുക്കാൻവേണ്ടി ഇന്നലെ പോലീസ് അദ്ദേഹത്തെ അന്വേഷിച്ചതാണ്. അദ്ദേഹം വൈകുന്നേരംവരെ ചാനലിൽ പ്രോഗ്രാമിലായിരുന്നു. ഇന്ന് പോലീസ് കമ്മീഷണർ അദ്ദേഹത്തിന്റെ സ്റ്റേറ്റുമെന്റ് എടുക്കുവാൻ സി.ഐ.-യോട് പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന് പരാതിയുണ്ടെങ്കിൽ തീർച്ചയായും കേസ്സെടുക്കും, ഒരു സംശയവും വേണ്ട.

കുന്നിക്കോട് നടന്ന സംഭവത്തെ സംബന്ധിച്ച് ഞാൻ വിശദീകരിച്ചതാണ്. ശ്രീ. കെ. ബി. ഗണേഷ് കുമാറല്ല ഏതൊരു വ്യക്തിയുടെ നേരെ അക്രമം ഉണ്ടായാലും അത് പരിശോധിക്കും. ഇവിടെ പരസ്പരം കല്ലേറാണുണ്ടായത്. യു.ഡി.എഫ്. പ്രവർത്തകർ നടത്തിയ ജാഥ ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ വീടിന് മുന്നിലൂടെയാണ് ടൗണിലേയ്ക്ക് പോയത്. അതുവഴി വന്നപ്പോൾ പരസ്പരം കല്ലേറുണ്ടായി. ഇരുവിഭാഗത്തിന്റെപേരിലും പോലീസ് കേസ്സെടുത്തു. രണ്ട് പേർ ആശുപത്രിയിലാണ്. പോലീസ് കേസ് പരിശോധിച്ച് പ്രതികളെ കണ്ടെത്തുവാൻ ശ്രമിക്കുകയാണ്. ഈ കാര്യത്തിലൊക്കെ നിയമപരമായി മാത്രമേ മുന്നോട്ട്

പോകുകയുള്ളൂ. അദ്ദേഹം ഇവിടെ രാഷ്ട്രീയം പറഞ്ഞു. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടാൽ അരുവിക്കരയിൽ യു.ഡി.എഫ്. ജയിച്ചിട്ടേയില്ലെന്ന് തോന്നും. ഞങ്ങൾ തോറ്റുവെന്നുള്ള രീതിയിലാണ് അദ്ദേഹം സംസാരിക്കുന്നത്. അദ്ദേഹം ചോദിച്ചത് ഞാൻ കല്ല്യാശ്ശേരിയിൽ മത്സരിക്കാൻ തയ്യാറാണോയെന്നാണ്. പൊന്നാനിയിൽ മത്സരിക്കാൻ ഞങ്ങൾ തയ്യാറാണെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അരുവിക്കരയിൽ ബി.ജെ.പി. രണ്ടാംസ്ഥാനത്ത് വരുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞുവെന്ന് അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രി പറഞ്ഞതിൽ എന്താണ് തെറ്റ്? കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ നിങ്ങളുടേത് പേമെന്റ് സീറ്റായിരുന്നിട്ടുപോലും തിരുവനന്തപുരം ലോക്സഭാ സീറ്റിൽ ഇടതുപക്ഷത്തെ മൂന്നാമതാക്കി ബി.ജെ.പി. രണ്ടാം സ്ഥാനത്തുവന്നു. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത് ആ കാര്യമാണ്. അതിവിടെയും ആവർത്തിക്കാൻ പോകുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. ഞങ്ങളാരും ബി.ജെ.പി.-യെ വെള്ളപൂശുന്നവരല്ല. ഇന്ത്യയിൽ ബി.ജെ.പി.-ക്കെതിരെ പോരാട്ടം നടത്തുവാനും ബി.ജെ.പി.-യെ തടഞ്ഞുനിർത്തുവാനും കഴിയുന്ന ഏക രാഷ്ട്രീയ ശക്തി ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സാണ്.

<u>ശ്രീ. എം. എ. ബേബി</u> : സർ, എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. രമേശ് ചെന്നിത്തല ഇങ്ങനെയെല്ലാം പറയുന്നല്ലോ; അരുവിക്കര ഉപതെരഞ്ഞെടുപ്പ് നടന്ന സമയത്താണ് ത്രിപുരയിൽ രണ്ട് ഉപതെരഞ്ഞെടുപ്പുകൾ നടന്നത്. 62 ശതമാനം വോട്ട് നേടിക്കൊണ്ട് രണ്ടിടത്തും ഇടതുമുന്നണി ജയിച്ചപ്പോൾ നിങ്ങളുടെ പാർട്ടി മൂന്നാം സ്ഥാനത്തേയ്ക്ക് പിന്തള്ളപ്പെട്ടു. അരുവിക്കരയിൽ സംഭവിക്കുമെന്ന് ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞതാണ് ത്രിപുരയിൽ സംഭവിച്ചത്. അവിടെ രണ്ടിടത്തും ബി.ജെ.പി. രണ്ടാം സ്ഥാനത്തുവന്നു, ഒരിടത്ത് കോൺഗ്രസ്സിന്റെ കെട്ടിവച്ച കാശുംപോയി. അതുകൊണ്ട് നിങ്ങളാണ് ആത്മപരിശോധന നടത്തേണ്ടത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, പശ്ചിമ ബംഗാളിൽനടന്ന മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ എന്താണ് സംഭവിച്ചത്; എവിടെയാണ് നിങ്ങളുടെ പാർട്ടി നിൽക്കുന്നത് ? അവിടെ ആകെയുള്ള 90 സീറ്റുകളിൽ 70 സീറ്റുകളിലും വിജയിച്ചത് തൃണമൂൽ കോൺഗ്രസ്സാണ്. ശ്രീ. എം. എ. ബേബി, നിങ്ങളുടെ പാർട്ടി ഇപ്പോഴുള്ളത് ത്രിപുരയിൽ മാത്രമാണ്. ശ്രീ. സീതാറാംയെച്ചൂരി വന്നതോടുകൂടി നിങ്ങൾ അവിടെയും ഇല്ലാതാകും, അക്കാര്യത്തിൽ സംശയം വേണ്ട. അരുവിക്കരയിലെ ജനങ്ങൾ നൽകിയ വിധി ഈ സംസ്ഥാനത്തെ രാഷ്ട്രീയ മാറ്റത്തിനുവേണ്ടിയുള്ള വിധിയാണ്. അടുത്ത അഞ്ചുവർഷവും കേരളത്തിൽ

യു.ഡി.എഫ്.-ന് തുടർഭരണം ഉണ്ടാകുമെന്നുള്ളതിന്റെ സൂചനയാണ്. നിങ്ങളുടെ തെറ്റായ നയങ്ങളിലും നടപടികളിലുമുള്ള ശക്തമായ പ്രതിഷേധമാണ് ജനങ്ങൾ അരുവിക്കര തെരഞ്ഞെടുപ്പിലൂടെ രേഖപ്പെടുത്തിയിരിക്കുന്നത്. നിങ്ങൾക്ക് കാലത്തിന്റെ ചുവരെഴുത്ത് മനസ്സിലാക്കാൻ കഴിയുന്നില്ല. 1957-ലെ കാര്യം പറഞ്ഞല്ലോ ; ഞാൻ 1957 വരെ പോകുന്നില്ല. 2006 മുതൽ കഴിഞ്ഞ ഒൻപതുവർഷം കേരളത്തിലെ ഇടതുപക്ഷം ഒരു ഉപതെരഞ്ഞെടുപ്പിലെങ്കിലും വിജയിച്ചിട്ടുണ്ടോ? നീണ്ട ഒൻപതു വർഷം ഇടതുപക്ഷം പരാജയങ്ങൾ മാത്രമാണ് ഏറ്റുവാങ്ങിയിട്ടുള്ളത്. ശ്രീ. എം. എ. ബേബി എന്നോട് ആത്മപരിശോധന നടത്തണമെന്ന് പറഞ്ഞല്ലോ ; ഞാൻ പറയുന്നു, നിങ്ങൾ ആത്മപരിശോധന നടത്തണം. ശ്രീ. എം. എ. ബേബി കഴിഞ്ഞ പാർലമെന്റ് ഇലക്ഷനിൽ തോറ്റപ്പോൾ കുണ്ടറയിലെ എം.എൽ.എ. സ്ഥാനം രാജി വയ്ക്കാൻ തയ്യാറായിരുന്നു. രാജിവച്ചിരുന്നുവെങ്കിൽ ഞങ്ങൾ അവിടെയും ജയിക്കുമായിരുന്നു. കഴിഞ്ഞ ഒൻപതു വർഷം ഞങ്ങൾക്ക് ജയങ്ങൾ മാത്രമേയുള്ളൂ. അതിൽ ഞങ്ങൾ അഹങ്കരിക്കുന്നില്ല. ഈ വിജയത്തിൽ ഞങ്ങൾ തലകുനിച്ച് ജനവിധി അംഗീകരിച്ചുകൊണ്ട് തുടർന്നും ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കും. വിജയിക്കുമ്പോൾ കൂടുതൽ താഴ്മയോടെ ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ട് വിനയാന്വിതരായി മുന്നോട്ടുപോകുന്ന സമീപനമാണ് യു.ഡി.എഫ്. കൈക്കൊള്ളുന്നത്. അതുകൊണ്ട്, നിങ്ങൾക്കുണ്ടായ പരാജയങ്ങളിൽനിന്ന് നിങ്ങൾ പാഠങ്ങൾ ഉൾക്കൊള്ളണം. ഞങ്ങളുടെ ഭാഗത്ത് തെറ്റുകളുണ്ടായിട്ടുണ്ടെങ്കിൽ ഞങ്ങളത് തിരുത്തിത്തന്നെ മുന്നോട്ടുപോകും. വിജയിച്ചതുകൊണ്ട് എല്ലാം ഭദ്രമായെന്ന് ഞങ്ങൾ പറയുന്നില്ല. ഞങ്ങളുടെ പോരായ്മകൾ ഞങ്ങൾ പരിശോധിക്കും. വരുന്നപഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഞങ്ങൾ വിജയിക്കും. അതുകഴിഞ്ഞുവരുന്ന നിയമസഭാ തെരഞ്ഞെടുപ്പിലും വമ്പിച്ച ഭൂരിപക്ഷത്തോടെ യു.ഡി.എഫ്.-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽവരും. അതിന്റെ സൂചനയാണ് ഇവിടെ കാണുന്നത്. ആ ജനവിധി അംഗീകരിക്കാൻ നിങ്ങൾ തയ്യാറാകുന്നില്ല. മദ്യമൊഴുക്കി, പണമൊഴുക്കി എന്നൊക്കെ ഇവിടെ നിങ്ങൾ പറഞ്ഞു. അരുവിക്കരയിലെ ജനങ്ങളെ നിങ്ങൾ അപമാനിക്കരുത്. ആദിവാസികളടക്കമുള്ള പാവപ്പെട്ട ജനങ്ങളെ അപമാനിക്കരുത്. അവർ നൽകിയ വിധി കേരള രാഷ്ട്രീയത്തിലെ ചൂണ്ടുപലകയാണ്. ആ വിധി അംഗീകരിക്കാൻ നിങ്ങൾ തയ്യാറാകണം. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ,

ജനാധിപത്യവാദികളെല്ലാം തള്ളിപ്പറഞ്ഞ അടിയന്തരാവസ്ഥയുടെ നാൽപ്പതാം വാർഷികം കഴിഞ്ഞിട്ട് ദിവസങ്ങളേ ആയിട്ടുള്ളൂ. ആ അടിയന്തരാവസ്ഥയുടെ പ്രേതങ്ങൾ ഇപ്പോഴും നിങ്ങളുടെ ഓർമ്മകളിലും പ്രവർത്തനങ്ങളിലും ഉറഞ്ഞുതുള്ളുന്നു എന്നാണ് കഴിഞ്ഞ ദിവസത്തെ അനിഷ്ടസംഭവങ്ങൾ തെളിയിക്കുന്നത്. കള്ളക്കളികളൊക്കെ കാട്ടി നിങ്ങൾക്ക് അരുവിക്കരയിൽ ജയിക്കാൻ കഴിഞ്ഞു. എന്നാൽ കാശെറിഞ്ഞും കള്ളക്കളികൾ നടത്തിയും നേടിയ വിജയത്തിൽ ഇങ്ങനെ അഹങ്കരിക്കാമോ? സാങ്കേതികമായി ഉണ്ടായ വിജയത്തിന്റെ പേരിൽ നിങ്ങളുടെ ഗുണ്ടാസംഘം നാട്ടിൽ അക്രമങ്ങളും അരാജകത്വവും അഴിച്ചുവിടാനാണ് ഭാവമെങ്കിൽ അത് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നോർക്കണം. മാധ്യമപ്രവർത്തനത്തെയും മാധ്യമപ്രവർത്തകരെയും ആദരിക്കുകയെന്നത് ജനാധിപത്യ സംവിധാനത്തിലെ പരമപ്രധാനമായ സംഗതിയാണ്. കാരണം, ജനാധിപത്യ സംവിധാനത്തിലുണ്ടാകുന്ന എല്ലാ കുറവുകളും കുറ്റങ്ങളും ചൂണ്ടിക്കാണിച്ച് ജനാധിപത്യത്തെ കുറ്റമറ്റതാക്കാനുള്ള ചുമതല നിർവ്വഹിക്കുന്നവരാണ് മാധ്യമ പ്രവർത്തകർ. അതുകൊണ്ടാണ് പത്രങ്ങളെ ജനാധിപത്യത്തിന്റെ നാലാംതൂണെന്ന് വിളിക്കുന്നത്. 18-ാം നൂറ്റാണ്ടിന്റെ അവസാനം ബ്രിട്ടീഷ് പാർലമെന്റിൽ ജനാധിപത്യത്തെപ്പറ്റി നടന്ന ചർച്ചയ്ക്കിടയിലാണ് പത്രങ്ങളെ ജനാധിപത്യത്തിന്റെ 'നാലാംതൂണ് ' എന്ന് വിളിച്ചത്. ജനാധിപത്യത്തിലെ തിരുത്തൽ ശക്തികളാണ് മാധ്യമങ്ങളെന്ന അർത്ഥത്തിലാണ് എഡ്മണ്ട് ബർക്ക് ഇങ്ങനെ പറഞ്ഞത്. അതുകൊണ്ടാണ് മാധ്യമ പ്രവർത്തകരെ ലെജിസ്ലേച്ചറിലും എക്സിക്യൂട്ടീവിലും ജുഡീഷ്യറിയിലുമെല്ലാം ആദരിക്കുന്നത്. ജനാധിപത്യത്തിന്റെ ശ്രീകോവിലായ ഈ നിയമസഭാ ഹാളിൽത്തന്നെ മാധ്യമപ്രവർത്തകർക്ക് പ്രത്യേകം ഗാലറി ഒരുക്കിയിരിക്കുന്നതും സഭാനടപടികൾ അറിയാനും ജനങ്ങളെ അറിയിക്കാനുമുള്ള സൗകര്യം ചെയ്തുകൊടുക്കുന്നതും അതുകൊണ്ടാണ്. രാഷ്ട്രപതിയോ പ്രധാനമന്ത്രിയോ പോലുള്ള വി.വി.ഐ.പി.-കൾ പങ്കെടുക്കുന്ന ചടങ്ങുകളിൽപ്പോലും മാധ്യമ പ്രവർത്തകർക്ക് മുൻനിരയിൽ ഇരിപ്പിടങ്ങൾ നൽകുന്നതും ഇക്കാരണങ്ങൾ കൊണ്ടാണ്. ഞാൻ പറഞ്ഞുവരുന്നത്, ജനാധിപത്യ സംവിധാനം മുന്നോട്ടു കൊണ്ടു പോകുന്നതിൽ മാധ്യമപ്രവർത്തകർ വഹിക്കുന്ന ഗൗരവതരമായ പങ്കിനെപ്പറ്റി സൂചിപ്പിക്കുവാനാണ്. നമ്മളൊന്നും അറിയാതെ പോകുമായിരുന്ന അധികാര ശ്രേണിയിലെ കൊടിയ അഴിമതിക്കഥകൾ പലതും പുറംലോകം അറിഞ്ഞതും ചർച്ച ചെയ്തതും മാധ്യമ പ്രവർത്തകരുടെ ജാഗ്രതാപൂർണ്ണമായ

ഇടപെടലുകൾ കൊണ്ടായിരുന്നു. ടു-ജി സ്പെക്ട്രം അഴിമതി മുതൽ സോളാർ അഴിമതിയും ബാർ കോഴയുമെല്ലാം പുറത്തുവന്നത് മാധ്യമപ്രവർത്തകരുടെ ഇടപെടൽ കൊണ്ടാണ്. അത്തരം കാര്യങ്ങൾ പുറത്തുവരുമ്പോൾ ബന്ധപ്പെട്ടവർ അത് പരിശോധിക്കുകയും തിരുത്തുകയുമല്ലേ വേണ്ടത്; അതിനുപകരം അത്തരം അഴിമതികൾ പുറത്തു കൊണ്ടുവരുന്നവരെ തല്ലിത്തകർക്കാൻ ശ്രമിച്ചാലോ ? ഇത് ചെയ്തത് നിങ്ങൾക്കിടയിലെ ക്രിമിനൽ സംഘമായിരിക്കാം. പക്ഷെ, നിങ്ങൾക്കാണ് അതിന്റെ ഉത്തരവാദിത്വം. മി. ഉമ്മൻ ചാണ്ടി, മാധ്യമപ്രവർത്തകരെ ശാരീരികമായി അടിച്ചമർത്തി നിങ്ങളുടെ കള്ളത്തരങ്ങൾ ഒളിപ്പിച്ചുവയ്ക്കുവാൻ കഴിയുമോ? ഈ ആക്രമണത്തെ നിങ്ങൾക്ക് അപലപിക്കുകയെങ്കിലും ചെയ്യാമായിരുന്നില്ലേ? മാധ്യമപ്രവർത്തകരെ തല്ലി എല്ലൊടിച്ചുകൊണ്ടും ശ്വാസംമുട്ടിച്ചുകൊണ്ടും നിങ്ങളുടെ കൊള്ളരുതായ്മകൾ കൊള്ളരുതായ്മ കളല്ലാതാകുന്നില്ല. അത്തരം കള്ളത്തരങ്ങൾ കൂടുതൽ ഉത്തേജന ത്തോടുകൂടി, ഊർജ്ജസ്വലതയോടുകൂടി ഇനിയും പുറത്തുവരികതന്നെ ചെയ്യും. ശ്രീ. ഒബാമയുടെ കള്ളത്തരങ്ങൾപോലും വെളിച്ചത്ത് കൊണ്ടുവരുന്ന മാധ്യമ പ്രവർത്തകരുള്ള ലോകമാണിത്. നിങ്ങൾ ഒന്നും മൂടിവച്ച് രക്ഷപ്പെടാമെന്ന് കരുതേണ്ട. മാധ്യമപ്രവർത്തകന്റെ മൂന്നാംകണ്ണ് എപ്പോഴും നിങ്ങളുടെ കൊള്ളരുതായ്മയിലേയ്ക്ക് ഓരംപറ്റി സഞ്ചരിച്ചുകൊണ്ടിരിക്കുകയാണെന്ന് ഓർമ്മ വേണം. മാധ്യമപ്രവർത്തകരെ മാത്രമല്ല; ശ്രീ. ഉമ്മൻ ചാണ്ടിയുടെ കൊള്ളരുതായ്മകൾക്കെതിരെ ശബ്ദിക്കുന്ന പൊതുപ്രവർത്തകരെ ഇല്ലായ്മ ചെയ്യാനാണോ നിങ്ങളുടെ പുറപ്പാട് ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ. എ.-യുടെ വീടിനുനേരെ നിങ്ങൾ ഗുണ്ടകളെ അയച്ച് ആക്രമണം നടത്തിയത് അതിന്റെ തെളിവാണ്. നിങ്ങളുടെ കൊള്ളരുതായ്മകൾ എണ്ണിയെണ്ണി പറഞ്ഞുതുടങ്ങിയപ്പോഴാണ് ശ്രീ. കെ. ബി. ഗണേഷ് കുമാർ നിങ്ങൾക്ക് ശത്രുവായത്. അരുവിക്കരയിൽ വിജയം തരപ്പെടുത്തിയതിന്റെ പേരിൽ ശ്രീ. ഉമ്മൻ ചാണ്ടിയും കൂട്ടരും വല്ലാതെ വിറളി പിടിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ സ്വരത്തിലും ഭാവത്തിലുമിപ്പോൾ ഒരു ഏകാധിപതിയുടെ ലക്ഷണമാണ്. പക്ഷെ, ശ്രീ. ഉമ്മൻ ചാണ്ടി, നിങ്ങൾ സൂക്ഷിക്കണം. ചരിത്രത്തിലെ ഏകാധിപതികളുടെ അന്ത്യം എങ്ങനെയായിരുന്നുവെന്ന് വായിച്ചു മനസ്സിലാക്കുന്നത് നന്നായിരിക്കും. ലോകത്തെ ആകെ വിറപ്പിച്ച ഹിറ്റ്ലർക്ക് അവസാനം വിഷംകഴിച്ച് ജീവനൊടുക്കേണ്ടിവന്നു. ചരിത്രം മറക്കരുത്. പക്ഷെ, ചരിത്രത്തോട് നിങ്ങൾക്ക് പുച്ഛമാണല്ലോ ; അതുകൊണ്ടല്ലേ കോൺഗ്രസ്

പിരിച്ചുവിടണമെന്ന ഗാന്ധിജിയുടെ വാക്കുകൾ അദ്ദേഹത്തിന്റെ സമാഹൃത കൃതിയിൽനിന്ന് ഞാൻ ഉദ്ധരിച്ചപ്പോൾ നിങ്ങളുടെ ഒരു നേതാവ് എന്റെ നേരെ ചന്ദ്രഹാസമിളക്കിയത്? ഞാനേറെ പറയുന്നില്ല. ഇതൊന്നും ചർച്ച ചെയ്യുന്നതോ ജനങ്ങൾ അറിയുന്നതോ നിങ്ങൾക്ക് ഇഷ്ടമുള്ള കാര്യമല്ല. അതുകൊണ്ടാണല്ലോ ഇതുസംബന്ധിച്ച അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചത്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്യുതാനന്ദനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ : സർ, നമ്മുടെ സംസ്ഥാനത്ത് അസാധാരണമായ നിരവധി സംഭവങ്ങൾ അരങ്ങേറുകയാണ്. അനാരോഗ്യകരമായ, നിർഭാഗ്യകരങ്ങളായ സംഭവങ്ങളാണവ. ഞങ്ങൾ അടിയന്തരപ്രമേയത്തിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾക്കല്ല ആഭ്യന്തര വകുപ്പുമന്ത്രി മറുപടി നൽകിയത്. കഴിഞ്ഞ ദിവസങ്ങളിൽ പ്രസംഗിക്കാൻ അവസരം ലഭിക്കാതിരുന്നതുകൊണ്ട് അദ്ദേഹം ഇന്നൊരു രാഷ്ട്രീയ പ്രസംഗം നടത്തി. ഒരു എം.എൽ.എ.-യുടെ നേർക്ക് ആക്രമണമുണ്ടായി എന്നുള്ളതാണ് ഞങ്ങൾ ഉന്നയിച്ചത്. അത് നിങ്ങൾ നിഷേധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഈ വിഷയത്തിൽ എന്ത് നടപടിയാണെടുത്തത്; എന്ത് നടപടി യെടുക്കാനാണ് ആഗ്രഹിക്കുന്നത്; ഞങ്ങളത് അറിയേണ്ടേ ? ശ്രീ. കെ. ബി. ഗണേഷ് കുമാർ ഈ സഭയിലെ ഒരു എം.എൽ.എ. ആണ്. ആ എം.എൽ.എ.-യ്ക്ക് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഗുണ്ടകളാണ് ആക്രമിക്കുന്നത്. എം.എൽ.എ.-മാരുടെ നേർക്ക് വ്യക്തിപരമായ ആക്രമണങ്ങളുണ്ടാകുന്നത് ആദ്യമല്ല, എന്റെ ഓഫീസ് (എം.എൽ.എ ഓഫീസ്) കോൺഗ്രസ്സുകാർ ആക്രമിച്ചിട്ടുണ്ട്. അന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഭ്യന്തര വകുപ്പു മന്ത്രിയായിരുന്നു. അദ്ദേഹത്തിന് പരാതി നൽകിയിട്ട് ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല ): സർ, അങ്ങേയ്ക്ക് കോൺഗ്രസ്സുകാരുമായി നല്ല ബന്ധമല്ലേ ഉള്ളത് ?

ശ്രീ. സി. ദിവാകരൻ : സർ, കോൺഗ്രസ്സുകാരുമായി എല്ലാക്കാലത്തും എനിക്ക് വ്യക്തിപരമായി നല്ല ബന്ധമുണ്ട്. പക്ഷേ എന്റെ ഓഫീസ് തകർത്തതിന്റെ കാര്യമാണ് പറഞ്ഞത്. നഷ്ടപരിഹാരം നൽകാമെന്ന് പറഞ്ഞുവെങ്കിലും ഇതുവരെ നൽകിയിട്ടില്ല. ശ്രീ. കെ. ബി. ഗണേഷ് കുമാറിനെ ഉപദ്രവിച്ചതിന് എന്ത്

കാരണമാണുള്ളത്; നാലുകൊല്ലം നിങ്ങളുടെ മന്ത്രിസഭയിൽ ഉണ്ടായിരുന്ന ആളല്ലേ; നിങ്ങൾക്ക് നാണമുണ്ടോ? നിങ്ങളുടെ സഹപ്രവർത്തകനായിരുന്നയാളെ പാർട്ടി മാറിയ ഉടനെ ഇത്തരത്തിൽ ഉപദ്രവിക്കുന്നത് എന്ത് രാഷ്ട്രീയ സംസ്കാരമാണ്; ഇപ്പുറത്തുവന്നിരുന്ന് അഴിമതിയാരോപണം ഉന്നയിച്ചുവെന്നുള്ളതല്ലാതെ എന്ത് തെറ്റാണ് അദ്ദേഹം ചെയ്തത്; ഈ സംഭവുമായി ബന്ധപ്പെട്ട് ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ നേർക്ക് ആക്രമണം ഉണ്ടാകാൻ എന്താണ് കാരണം; എം.എൽ.എ. എന്നുള്ള പരിഗണനയെങ്കിലും അദ്ദേഹത്തിനുണ്ടോ? ശ്രീ. വർക്കല കഹാർ, എംഎൽ.എ.-മാരെ ഇങ്ങനെ കൈകാര്യം ചെയ്യാമോ; ഞങ്ങൾ ഇങ്ങനെ തീരുമാനിച്ചാൽ നിങ്ങൾക്ക് വർക്കലയിൽ ഇറങ്ങാൻ കഴിയുമോ? ഇത്തരം സംഭവങ്ങൾ വളരെ നിർഭാഗ്യകരമാണ്, ശക്തമായ നടപടിയെടുക്കണം. അതുപോലെ ശ്രീ. എം. വി. നികേഷ് കുമാറിനെ മർദ്ദിച്ചതിനും പ്രത്യേക കാരണമൊന്നുമില്ല. ശ്രീ. സണ്ണി ജോസഫ്, നിങ്ങൾ വിദ്യാസമ്പന്നനായ ഒരു അഭിഭാഷകനല്ലേ; ഇങ്ങനെയാണോ പെരുമാറേണ്ടത്; ഇത് പ്രാകൃതവും സംസ്കാരശൂന്യവുമല്ലേ ? നിങ്ങൾ ഉപതെരഞ്ഞെടുപ്പിൽ ജയിച്ചു. തോറ്റു എന്ന് ഞങ്ങളാരും പറഞ്ഞില്ല. ഇത്ര പ്രകോപനം എന്തിനാണ്? നിങ്ങൾ ജയിച്ചു എന്നുപറയുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് കണക്കുകൾ പരിശോധിച്ചാൽ 39.6 ശതമാനം വോട്ടാണ് നിങ്ങൾക്ക് ലഭിച്ചതെന്ന് കാണാം. അപ്പോൾ ബാക്കി വോട്ടെല്ലാം എവിടെപ്പോയി? അത് നിങ്ങൾക്ക് എതിരാണ്. ഇതുതന്നെയാണ് ബി.ജെ.പി.-യെക്കുറിച്ചുള്ള ഞങ്ങളുടെ ആക്ഷേപം. ബി.ജെ.പി.-ക്ക് സാങ്കേതികമായി ഭൂരിപക്ഷമുണ്ടെങ്കിലും ഇന്ത്യാ മഹാരാജ്യത്തെ ജനങ്ങളുടെ ടോട്ടൽ പോളിംഗ് ശതമാനമെടുത്താൻ അവർ ന്യൂനപക്ഷമാണ് എന്ന് ഞങ്ങൾ ആക്ഷേപിക്കുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഞങ്ങൾ ജയിച്ചു എന്നുള്ള ഒരു തെറ്റല്ലേ ചെയ്തുള്ളൂ, അതിന് ഇത്രയധികം പീഡിപ്പിക്കണോ ?

ശ്രീ. സി. ദിവാകരൻ : സർ, തെരഞ്ഞെടുപ്പിൽ കൂടുതൽ വോട്ട് ലഭിക്കുന്ന ആളുകൾ ജയിക്കും. ഞങ്ങൾ തോറ്റു. ഞങ്ങൾ തോറ്റതിന് നിങ്ങൾ മാധ്യമ പ്രവർത്തകർക്കെതിരെ തിരിയുന്നത് എന്തിനാണ്; അവരെ കൈകാര്യം ചെയ്തതിന് എന്ത് ന്യായമാണുള്ളത്; ശ്രീ. കെ. ബി. ഗണേഷ് കുമാറിനെ കൈകാര്യം ചെയ്തതിലെ ന്യായമെന്താണ്; ഞാൻ പറഞ്ഞ കണക്കനുസരിച്ചാണെങ്കിൽ നിങ്ങൾ തോറ്റു എന്നുള്ളത് സത്യമല്ലേ? ഈ ഭരണത്തിനെതിരായി കേരളത്തിലെ മഹാഭൂരിപക്ഷം ജനങ്ങളും വോട്ട് രേഖപ്പെടുത്തി. ബി.ജെ.പി.-ക്കും

എൽ.ഡി.എഫ്.-നും സ്വതന്ത്രന്മാർക്കും ലഭിച്ച വോട്ട് അതാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.........

ശ്രീ. സി. ദിവാകരൻ: സർ, അദ്ദേഹം പറഞ്ഞ ഒരുപാട് ആക്ഷേപങ്ങളുണ്ട്. അതിനെക്കുറിച്ചുകൂടി പറയട്ടെ. ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞു ഞങ്ങളാണ് ഇന്ത്യയിൽ ബി.ജെ.പി.-യെ വളർത്തിയതെന്ന്. നിങ്ങളുടെ കയ്യിലിരുന്ന എല്ലാ സംസ്ഥാനങ്ങളും ബി.ജെ.പി.-ക്ക് കൊടുത്തില്ലേ; മഹാത്മാഗാന്ധി ജനിച്ച സ്ഥലത്ത് നിങ്ങളുടെ ത്രിവർണ്ണ പതാക പിടിക്കാൻ കഴിയുമോ; ശ്രീ. എം. എ. വാഹീദ്, ഞങ്ങൾ ഇന്ത്യ ഭരിച്ചില്ല. പക്ഷെ ഞങ്ങൾ കഴക്കൂട്ടത്ത് വരുന്നുണ്ട്. ഇന്ത്യ ഭരിച്ച നിങ്ങളുടെ പാർട്ടി ഇന്നെവിടെയെത്തി; നിങ്ങൾ ബി.ജെ.പി-ക്കെതിരാണെന്ന് പറയുന്നത് പച്ചക്കള്ളമല്ലേ; കേരളത്തിൽ നിങ്ങളുടെ അധികാരം ആർക്കുവേണ്ടി വിനിയോഗിച്ചു? ശ്രീ. രമേശ് ചെന്നിത്തല ആദ്യം പിൻവലിച്ച കേസ് പ്രവീൺ തൊഗാഡിയയ്ക്ക് എതിരെയുള്ള കേസ്സാണ്. പോലീസ് കേസ് രജിസ്റ്റർ ചെയ്തു, പിന്നീട് പിൻവലിച്ചു. എം.ജി. കോളേജിൽ അക്രമമഴിച്ചുവിട്ട ആർ. എസ്.എസ്.-കാരുടെ കേസ് പിൻവലിച്ചു. ഇതാണോ ആർ.എസ്.എസ്. വിരുദ്ധം? നിങ്ങൾ ആർ.എസ്.എസ്.-നെതിരായി ബി.ജെ.പി.-ക്കെതിരായി എവിടെ എന്ത് ദേശീയ സമരമാണ് നടത്തുന്നത്; ഞങ്ങൾ ഉൾപ്പെടുന്ന ട്രേഡ് യൂണിയൻകാരുടെ ഒരു അഖിലേന്ത്യാ പണിമുടക്കല്ലാതെ ഒരു കൊല്ലവും രണ്ട് മാസവുമായിട്ടും ഇന്ത്യയിൽ ഏതെങ്കിലുമൊരു ദേശീയ സമരം നടത്താൻ നിങ്ങൾക്ക് കഴിഞ്ഞോ; എന്നിട്ട് നിങ്ങളാണോ ബി.ജെ.പി.-ക്കെതിരെ വർത്തമാനം പറയുന്നത്? അത് നിങ്ങളാലോചിക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട സി. ദിവാകരൻ, പ്ലീസ്...

ശ്രീ. സി. ദിവാകരൻ: സർ, മാധ്യമ പ്രവർത്തകരുടെ കോഴിക്കോട്ടുള്ള ഓഫീസ് അടിച്ചുതകർത്തില്ലേ; നിങ്ങൾ മംഗളം പത്രത്തിന്റെ കാര്യം പറഞ്ഞു, ഈ ചിത്രം കണ്ടോ? (ജനയുഗം പത്രം ഉയർത്തിക്കാണിച്ചു.) ശ്രീ. എം. വി. നികേഷ് കുമാറിനുനേരെ വടിയോങ്ങി അടിക്കാൻ നിൽക്കുന്ന ചിത്രമാണ്. വീക്ഷണം പോലെയുള്ള ഒരു പത്രം തന്നെയാണിതും. ശ്രീ. എം. വി. നികേഷ് കുമാറിനെ തല്ലുമ്പോൾ പോലീസ് വെറുതെ നോക്കിനിൽക്കുകയാണ്. പോലീസിന്റെ സാന്നിദ്ധ്യത്തിൽ തല്ലുകയാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പച്ചക്കള്ളമാണ് നിയമസഭയിൽ പറയുന്നത്; പോലീസുദ്യോഗസ്ഥർ എഴുതിത്തരുന്ന മറുപടി നിയമസഭയിൽ വായിക്കരുത്, സത്യസന്ധമായി കാര്യങ്ങൾ പറയണം.

ഞങ്ങൾ അക്രമം നടന്ന സ്ഥലങ്ങളിൽ നേരിട്ട് പോയതാണ്. നിങ്ങൾ ജയിച്ചതിന്റെ പേരിൽ മാധ്യമപ്രവർത്തകർക്കും എം.എൽ.എ.-മാർക്കും ഇവിടെ ജീവിക്കാൻ നിവൃത്തിയില്ല, പ്രതിപക്ഷത്തിന് നിയമസഭയിൽ ഒന്നും പറയാൻ നിവൃത്തിയില്ല. അരുവിക്കരയിൽ കുറച്ച് വോട്ടുകൾക്ക് നിങ്ങൾ ജയിച്ചു എന്നുള്ളത് ശരിയാണ്. അത് ഞങ്ങൾ അംഗീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, ശ്രീ. എം. വി. നികേഷ് കുമാറിനുനേരെ ആക്രമണം നടത്തിയവരുടെ പേരിൽ കേസ്സെടുക്കണം. അതിനാവശ്യമായ നടപടിയെടുക്കുകയും നഷ്ടപരിഹാരം നൽകുകയും വേണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുന്നിൽവച്ച് പത്രപ്രവർത്തകനെ തല്ലിയവരുടെ പേരിൽ അടിയന്തരമായി കേസ്സെടുക്കുമെന്ന് അങ്ങുതന്നെ പറഞ്ഞിട്ടുണ്ട്. അത്യന്തം ഗൗരവതരമായ ഈ വിഷയം ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മാത്യു റ്റി. തോമസ് : സർ, സഭയിൽ സാധാരണ അവതരിപ്പിക്കുന്ന ഗൗരവമുള്ള അടിയന്തരപ്രമേയ വിഷയങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് സംസാരിക്കാറുണ്ട്. കേരളത്തിലെ മാധ്യമപ്രവർത്തകർക്കുനേരെ നടന്ന ഒരു കടന്നാക്രമണം ഗൗരവമായി പരിഗണിക്കാതെ മുഖ്യമന്ത്രി മൗനം ഭജിച്ചത് സങ്കടകരമാണ്. അദ്ദേഹത്തിന്റെ മൗനം ഗവൺമെന്റിനെതിരായി വാർത്ത കൊടുക്കുന്ന പത്രക്കാരേയും ഗവൺമെന്റിനെതിരെ ശബ്ദിക്കുന്നവരെയും ശാരീരികമായി ആക്രമിക്കാനുള്ള പച്ചക്കൊടിയാണെന്ന തെറ്റായ സന്ദേശം സമൂഹത്തിലുണ്ടാക്കുമെന്നുള്ള കാര്യം ഓർമ്മിക്കണം. അരുവിക്കരയിൽ നിങ്ങൾ ജയിച്ചു, സാങ്കേതികമാണെന്ന് ഞങ്ങൾ പറഞ്ഞു, അതല്ല വലിയ ജനപിന്തുണയാണെന്ന് നിങ്ങൾ പറഞ്ഞു, അതിരിക്കട്ടെ. ഇവിടെ അഴിമതിക്കും മ്ലേച്ഛമായ പ്രവർത്തനങ്ങൾക്കുമുള്ള ലൈസൻസ് പുതുക്കിക്കിട്ടിയതായി അരുവിക്കര ജയത്തെ നിങ്ങൾ വ്യാഖ്യാനിക്കരുതെന്നാണ് എന്റെ അഭ്യർത്ഥന. ഇവിടെ അടിയന്തരാവസ്ഥയെക്കുറിച്ച് പറഞ്ഞു. ഇപ്പോൾ അടിയന്തരാവസ്ഥയുടെ 40-ാം വാർഷികമാണ്. അടിയന്തരാവസ്ഥക്കാലത്ത് press censorship ഉണ്ടായിരുന്നു. പക്ഷേ അടിയന്തരാവസ്ഥയെപ്പോലും ഭയപ്പെടുത്തുന്ന രീതിയിൽ വാർത്ത കൊടുക്കുന്ന മാധ്യമപ്രവർത്തകരെ ശാരീരികമായി ഉപദ്രവിക്കുന്ന ഒരവസ്ഥ വളർന്നുകൊണ്ടിരിക്കുകയാണ്. തെരഞ്ഞെടുപ്പുസമയത്ത് മുഖ്യമന്ത്രിയുടെ

റോഡ്ഷോ കടന്നുപോയ റോഡിലെ കുണ്ടുംകുഴിയും വെള്ളക്കെട്ടും ഫോട്ടോയിൽ പകർത്താൻ ശ്രമിച്ച ശ്രീ. പീതാംബരനെ നിങ്ങൾ കയ്യേറ്റം ചെയ്തു. ഗവൺമെന്റിനെതിരെ നിരന്തരമായി വാർത്ത കൊടുക്കുന്ന മാധ്യമങ്ങൾ നിരവധിയാണ്. ഗവൺമെന്റിനെതിരെ വാർത്ത കൊടുത്തതിന്റെ പേരിലാണ് റിപ്പോർട്ടർ ചാനലിന്റെ എം.ഡി. ആയ ശ്രീ. എം. വി. നികേഷ് കുമാറിനേയും ആക്രമിച്ചത്. വാർത്തയിൽ വസ്തുതാവിരുദ്ധമായ തെറ്റുകളുണ്ടെങ്കിൽ ബന്ധപ്പെട്ട ആളുകൾ അത് നിഷേധിക്കട്ടെ. അതാണിവിടെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ ചൂണ്ടിക്കാണിച്ചത്. ഇന്ത്യാ വിഷൻ ചാനലിന്റെ ഓഫീസിനുമുന്നിൽ കുറെ നാളുകൾക്കുമുമ്പ് ആക്രമണമുണ്ടായി. അടിയന്തരാവസ്ഥയെപ്പോലും ലജ്ജിപ്പിക്കുന്ന തരത്തിൽ, മാധ്യമ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന തരത്തിൽ, മാധ്യമപ്രവർത്തകരെ ശാരീരികമായി ഉപദ്രവിച്ച് ഭീഷണിപ്പെടുത്തുന്ന തരത്തിൽ കേരളത്തിലെ ജനാധിപത്യം തകരുന്നു എന്നുപറയുന്നത് നമുക്കെല്ലാവർക്കും അപമാനകരമാണ്.

സഭയിലെ ബഹുമാനപ്പെട്ട ഒരംഗം ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ ഭവനത്തിനുനേരെ ആക്രമണമുണ്ടായി. അദ്ദേഹം ചെയ്ത തെറ്റെന്താണ്; ഈ ഗവൺമെന്റിലെ ചില മന്ത്രിമാർക്കെതിരെയുള്ള അഴിമതി തുറന്നുപറഞ്ഞത് വലിയ അപരാധമാണോ? ജവഹർലാൽ നെഹ്റു മന്ത്രിസഭയിൽ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കൃഷ്ണമാചാരിക്കെതിരെ ജവഹർലാൽ നെഹ്റുവിന്റെ മരുമകൻ, ഇന്ദിരാ ഗാന്ധിയുടെ ഭർത്താവ് ഫിറോസ് ഗാന്ധി പാർലമെന്റിൽ അഴിമതിയാരോപണമുന്നയിച്ചു. അന്ന് അദ്ദേഹത്തെ ശാരീരികമായി കൈകാര്യം ചെയ്യുകയോ കോൺഗ്രസ്സിൽനിന്നും പുറത്താക്കുകയോ ചെയ്തില്ല. പകരം കൃഷ്ണമാചാരിയെ മന്ത്രിസഭയിൽനിന്നും പുറത്താക്കി. ഇവിടെ സ്ഥിതി വ്യത്യസ്തമാണ്. മന്ത്രിയെ പുറത്താക്കുന്നില്ല. യു.ഡി.എഫ്. പാനലിൽ നിന്നു ജയിച്ച ആൾ യു.ഡി.എഫ്. വിട്ടു എന്നുള്ളത് അക്രമം നടത്തുന്നതിനുള്ള ന്യായീകരണമാണോ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞങ്ങളുടെ പാനലിൽ മത്സരിച്ച മൂന്നുപേർ എൽ.ഡി.എഫ്. വിട്ടില്ലേ; അവരുടെ ദേഹത്ത് ഒരുതരി മണ്ണ് വീണോ; ഈ ഗവൺമെന്റിന്റെ കാലത്ത് സി.പി.ഐ.(എം) എം.എൽ.എ. ആയി ജയിച്ചുവന്ന ഒരാൾ രാജിവച്ച് അപ്പുറത്തുപോയി മത്സരിച്ചില്ലേ; ആർ.എസ്.പി.-യുടെ രണ്ട് എം.എൽ.എ.-മാർ അപ്പുറത്ത് പോയില്ലേ; അവരെ ആരെങ്കിലും ആക്രമിച്ചോ? ഇവിടെ ഒരു എം.എൽ.എ. യു.ഡി.എഫ്. വിട്ടപ്പോൾ അദ്ദേഹത്തെ ശാരീരികമായി

ആക്രമിക്കുക; എന്നിട്ട് അക്രമകാരികൾ ഞങ്ങളാണെന്ന വ്യാഖ്യാനം കൊടുക്കുകയാണ്. രാഷ്ട്രീയമായി വ്യത്യസ്ത അഭിപ്രായം രേഖപ്പെടുത്തുന്നവരെ ശാരീരികമായി ആക്രമിക്കുന്ന അക്രമരാഷ്ട്രീയമാണ് യു.ഡി.എഫ്. സംസ്ഥാനത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. മാധ്യമ പ്രവർത്തകർക്കെതിരെയും നിയമസഭയിലെ ഒരു ജനപ്രതിനിധിക്കെതിരെയും ഉണ്ടായിട്ടുള്ള ആക്രമണങ്ങൾ ചർച്ച ചെയ്യാൻ വൈമനസ്യം കാണിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഈ നിയമസഭയിലെ ഒരംഗത്തെ ആക്രമിച്ചാൽ ബഹുമാനപ്പെട്ട സ്പീക്കറാണ് ഇടപെടേണ്ടതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സ്പീക്കർ എന്തെങ്കിലും നടപടി എടുത്തോയെന്ന് എനിക്കറിയില്ല. ഇങ്ങനെയൊരു സംഭവമുണ്ടായാൽ ആ സംഭവത്തെ അപലപിക്കുകയും ഖേദം രേഖപ്പെടുത്തുകയും ചെയ്യുമെന്നായിരുന്നു ആഭ്യന്തര വകുപ്പുമന്ത്രിയിൽനിന്ന് ഞാൻ പ്രതീക്ഷിച്ചത്. ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.-യുടെ വീടിനുനേരെയാണ് ആക്രമണമുണ്ടായത്.

മി. സ്പീക്കർ: ശ്രീ. എ. കെ. ശശീന്ദ്രൻ, എം.എൽ.എ.-യെ ആക്രമിച്ചാൽ സ്പീക്കർ ഇടപെടും. എന്നാൽ എം.എൽ.എ.-യെ അവർ കണ്ടിട്ടുപോലുമില്ല. പിന്നെ എങ്ങനെയാണ് ആഭ്യന്തരവകുപ്പിന് ഇടപെടാൻ സാധിക്കുന്നത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, എം.എൽ.എ.-യുടെ വീട് ആക്രമിച്ചാൽ ആര് ഇടപെടും?

മി. സ്പീക്കർ: അത് സ്പീക്കറല്ല, ആഭ്യന്തര വകുപ്പാണ് ഇടപെടുന്നത്.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, മാധ്യമ പ്രവർത്തന സ്വാതന്ത്ര്യത്തെക്കുറിച്ചും അതിനുകൊടുക്കേണ്ട മാഹാത്മ്യത്തെക്കുറിച്ചും ഇപ്പുറത്തുനിന്നുണ്ടായ വിമർശനത്തെക്കുറിച്ചുമൊക്കെയുള്ള ഒരുപാട് നല്ല കാര്യങ്ങൾ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു. അങ്ങ് അതാണ് ആഗ്രഹിക്കുന്നതെങ്കിൽ ഇത്തരം പ്രവണതകൾ അവസാനിപ്പിക്കാൻ ഒരു ചർച്ച ആവശ്യമായിരുന്നു. ആ ചർച്ചയ്ക്ക് എന്തുകൊണ്ടാണ് ഈ അവസരം അങ്ങ് ഉപയോഗിക്കാതിരുന്നത്? അങ്ങ് പറയുന്നത് ആത്മാർത്ഥത യോടെയാണെങ്കിൽ എന്താണ് ചെയ്യേണ്ടത്? പ്രശ്നം ചർച്ച ചെയ്യണം. ഇത്തരം

പ്രവണതകൾ ഉണ്ടാകാൻ പാടില്ല. അങ്ങ് ഖേദം പ്രകടിപ്പിക്കണമായിരുന്നു. ഖേദം പ്രകടിപ്പിക്കാൻപോലും അങ്ങയെ അനുവദിക്കാതിരുന്നത് വിജയത്തിന്റെ അഹങ്കാരമാണെന്ന് ആക്ഷേപിക്കുമ്പോൾ തെറ്റിദ്ധരിക്കരുത്. അങ്ങനെയൊരു അഹങ്കാരം മന്ത്രിമാർക്കുണ്ടായാൽ അത് ആപൽക്കരമായൊരു സ്ഥിതി വിശേഷത്തിലേയ്ക്കാണ് ഈ സംസ്ഥാനത്തെ നയിക്കുക. ആ അഹങ്കാരം അരുതേ, അരുതേ എന്നുമാത്രം പറഞ്ഞുകൊണ്ട്, ചർച്ച ചെയ്യാനുള്ള സൗമനസ്യം കാണിക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി;

പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. എൻ. എ. ഖാദർ)

## V ശ്രദ്ധ ക്ഷണിക്കൽ

### 1. അനാചാരങ്ങളെ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. ശിവദാസൻ നായർ : സർ, അത്യന്തം ഗൗരവമുള്ള ഒരു സാമൂഹ്യ പ്രശ്നമാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. മതാചാരങ്ങളുടെ പേരിൽ വലിയ ക്രൂരമായ രീതിയിലുള്ള നടപടികൾ സംസ്ഥാനത്തെ പല സ്ഥലങ്ങളിലും നടക്കുന്നുണ്ട്. എന്റെ കയ്യിൽ ഇന്റർനെറ്റിൽനിന്നും കിട്ടിയ കുറേ ചിത്രങ്ങളുണ്ട്. അതിൽ കൊച്ചുകുട്ടികളുടെ കവിളിലും നാക്കിലും ശൂലംകുത്തി കയറ്റിയിരിക്കുന്ന ചിത്രങ്ങളാണ് കാണാൻ സാധിച്ചത്. ഇതൊക്കെ ആചാരത്തിന്റെ ഭാഗമാണെന്നുള്ള നിലയിലാണ് കൊണ്ടുനടക്കുന്നത്. ഇത് കാവടിയാട്ടത്തിന്റെ ഭാഗമെന്നുള്ള നിലയിലാണ് പല ക്ഷേത്രങ്ങളിലും നടക്കുന്നത്. പലപ്പോഴും ഇത്തരം ആചാരങ്ങൾ സുബ്രഹ്മണ്യ

ക്ഷേത്രങ്ങളിലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇങ്ങനെയൊരു ആചാരംതന്നെ നിലവിലുണ്ടോ എന്നുള്ളതിനെ സംബന്ധിച്ച് ഞാൻ പരിശോധിക്കുകയുണ്ടായി. സ്കന്ദപുരാണം ഞാൻ പൂർണ്ണമായും പരിശോധിച്ചു. അതിൽ ഇങ്ങനെയൊരു ആചാരത്തെക്കുറിച്ച് പറഞ്ഞിട്ടില്ല. ഇത്തരമൊരു ആചാരത്തെ സ്വയം പീഡനമുണ്ടാക്കുന്നതിനുവേണ്ടി ആളുകൾ കൊണ്ടുവരികയാണ് ചെയ്തത്. എന്തെല്ലാം ആചാരങ്ങൾ നമ്മൾ വേണ്ടെന്ന് വച്ചിട്ടുണ്ട്? നമ്മൾ സതി വേണ്ടെന്ന് വച്ചില്ലേ; അത് ഇന്ത്യയിലെ ഒരു ആചാരമായിരുന്നല്ലോ? ബലിയുമായി ബന്ധപ്പെട്ട് ജീവനുള്ള മൃഗങ്ങളെ ബലി കൊടുത്തിരുന്നില്ലേ? അതൊക്കെ വേണ്ടെന്ന് വച്ചൊരു രാജ്യമാണ് നമ്മുടേത്. ആചാരങ്ങളുടെ പേരിൽ നടക്കുന്ന പ്രാകൃതവും ക്രൂരവുമായ കാര്യങ്ങൾ കണ്ടില്ലെന്ന് നടിക്കാൻ കഴിയില്ല. പല ക്ഷേത്രങ്ങളിലും മനുഷ്യശരീരത്തിൽ കൊളുത്തിട്ടുകൊണ്ട് തൂക്കം എന്ന പേരുപറഞ്ഞ് നടക്കുകയാണ്. ചില സാമൂഹ്യ സംഘടനകൾ ഇതിനെതിരെ വളരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചു. മനുഷ്യാവകാശ കമ്മീഷൻ ഉൾപ്പെടെയുള്ള സംഘടനകൾ ഇടപെട്ടതിനുശേഷം ശരീരത്തിൽ കൊളുത്തിടാൻ പാടില്ലെന്നൊരു നടപടി ഉണ്ടായിട്ടുണ്ട്. ഇത് ആചാരത്തിന്റെ ഭാഗമാണെന്നുള്ള രീതിയിൽ, ഇതൊക്ക ഇങ്ങനെ നടക്കട്ടേ എന്നാണെങ്കിൽ സർക്കാരിന് ഇത്തരം ആചാരങ്ങളെ കണ്ടില്ലെന്നുനടിച്ചുകൊണ്ട് എത്രകാലം മുന്നോട്ടുപോകാൻ കഴിയും? 18 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് സ്വന്തമായി തീരുമാനമെടുക്കാൻ മാനസികമായി വളർച്ച എത്തിയിട്ടില്ല എന്നാണ് നമ്മുടെ ഭരണഘടന പറയുന്നത്. എന്നാൽ 18 വയസ്സിനുതാഴെയുള്ള കുട്ടികളുടെ ഇരു കവിളുകളിലും നാക്കിലും ശൂലം കുത്തിയിറക്കി ഇത്തരത്തിൽ കൊണ്ടുനടക്കാൻ ആർക്കാണ് അവകാശമുള്ളത്? അതിന് പ്രേരിപ്പിക്കുന്നവർക്കെതിരെ നടപടിയെടുക്കാൻ സോഷ്യൽ ജസ്റ്റിസ് ആക്ടില്ലേ; അതിന്മേലുള്ള നടപടികൾ സ്വീകരിക്കണ്ടേ? ഈശ്വര പ്രീതിക്കു വേണ്ടിയാണ് ഈ നടപടികളെടുക്കുന്നതെങ്കിൽ ഇത്തരം നടപടികൾ ഈശ്വര കോപത്തിനുമാത്രമേ ഇടയാക്കുകയുള്ളൂ എന്ന കാര്യത്തിൽ സംശയം വേണ്ട. കൊച്ചുകുട്ടികളുടെ നാക്കിൽ ശൂലം കുത്തി കൊണ്ടുനടന്നാൽ ഏതെങ്കിലുമൊരു ഈശ്വരന് പ്രീതിയുണ്ടാകുമോ? ആരുടെയെങ്കിലും കവിളിൽ ശൂലംകുത്തി കൊണ്ടുനടന്നാൽ ഏതെങ്കിലുമൊരു ഈശ്വരന് ഇതിൽ സംപ്രീതിയുണ്ടാകുമോ; അത് ഇഷ്ടപ്പെടുമോ? സോഷ്യൽ ജസ്റ്റിസ് ആക്ട് പ്രകാരം 18 വയസ്സിനുതാഴെയുള്ള ആരെയും ഇത്തരം ക്രൂരകൃത്യങ്ങൾക്ക് പ്രേരിപ്പിക്കരുത്. അതിനുവേണ്ടിയുള്ള നിയമനടപടികളെടുക്കാൻ ഗവൺമെന്റിന് അധികാരമുണ്ടെന്നിരിക്കെ, ഇത്തരം

കാര്യങ്ങൾ കണ്ടില്ല, അത് ആചാരമാണ് എന്നുപറഞ്ഞ് ഒഴിയാൻ പാടില്ല. സമൂഹത്തിൽ നടന്നുവന്നിരുന്ന ഇത്തരം പ്രാകൃതമായ പല ആചാരങ്ങളും നിർത്തലാക്കിയിട്ടുണ്ട്. അതുകൊണ്ട് ഈ ആചാരവും ആചാരത്തിന്റെ ഭാഗമല്ല എന്നിരിക്കെ, പിന്നീട് പല ആളുകളും ചേർന്ന് ഇത്തരം ആചാരങ്ങൾ പ്രാകൃതമായ രീതിയിൽ കൊണ്ടുനടക്കുന്നതിനെ അംഗീകരിക്കാൻ സാധിക്കില്ല. സമൂഹമെന്നുള്ള നിലയിൽ അതിനെ എതിർക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിക്കേണ്ടതാണ്. ഇത്തരം നടപടികൾക്ക് ഒരാചാരത്തിന്റെയും സംരക്ഷണം കൊടുക്കാൻ പാടില്ല. അതിനുവേണ്ടിയുള്ള ശക്തമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, വിവിധ മതവിഭാഗങ്ങൾ പല തരത്തിലുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളുമൊക്കെ നമ്മുടെ നാട്ടിൽ നടത്തിവരാറുണ്ട്. അത് പ്രാചീനകാലം മുതലുള്ള നടപടികളാണ്. ഇത്തരത്തിലുള്ള അനുഷ്ഠാനങ്ങളെ നിയമവിധേയമാക്കുക എന്നത് സങ്കീർണ്ണമായൊരു പ്രക്രിയയാണ്. അതിന് സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ചർച്ചകളും ആശയവിനിമയങ്ങളും അതിന്റെ അടിസ്ഥാനത്തിലുള്ള സമന്വയത്തിലും എത്തിച്ചേരേണ്ടത് ആവശ്യമാണ്. ഏതെങ്കിലും ഒരു പ്രത്യേക മതത്തിൽ മാത്രമല്ല, എല്ലാ മതങ്ങളിലും പണ്ടുകാലം മുതൽ ഇത്തരം ചില ആചാരങ്ങളും അനുഷ്ഠാനങ്ങളുമൊക്കെ നിലവിലുണ്ട്. അതിന് സമൂഹത്തിൽ ചർച്ചകൾ നടത്തുകയും പരസ്പര ധാരണ യുണ്ടാവുകയും ഒരു കൺസെൻസസ്സിലൂടെ ഇത്തരം കാര്യങ്ങൾ പരിഹരിക്കുകയും ചെയ്യുക എന്നുള്ളതാണ് ഏറ്റവും ആവശ്യമായിട്ടുള്ളത്. സാധാരണരീതിയിൽ മതാചാര പ്രകാരമുള്ള നടപടികളിലും ആചാരങ്ങളിലും ഇടപെടാതിരിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. എന്നാൽ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിൽ ബഹുമാന്യനായ കെ. ശിവദാസൻ നായർ ഉന്നയിച്ചതുപോലുള്ള ആചാരങ്ങൾ നിർവ്വഹിക്കപ്പെടുമ്പോൾ എപ്രകാരം സമീപിക്കണമെന്നുള്ളത് അഭിപ്രായ രൂപീകരണത്തിനും ചർച്ചകൾക്കും വിധേയമാക്കേണ്ടൊരു കാര്യമാണ്. മതവിശ്വാസങ്ങളുടെ ഭാഗമായി ഇത്തരം വിഷയങ്ങളിൽ നിയമനിർമ്മാണം പരിഗണിക്കുന്നതിനുമുമ്പ് സമൂഹത്തിൽ ബോധവൽക്കരണം, ചർച്ചകൾ എന്നിവ നടത്തുകയും സാമൂഹ്യമായ ഇത്തരം ആവശ്യങ്ങൾ ഉയർന്നുവരികയും അതുസംബന്ധിച്ച് എല്ലാ കോണുകളിൽനിന്നും അഭിപ്രായ ഐക്യമുണ്ടാകുകയും ചെയ്യേണ്ടത് അനിവാര്യമാണ്. മാത്രമല്ല, ഏതെങ്കിലും ഒരു വ്യക്തിയെ മുതിർന്ന പൗരനോ, കുട്ടിയോ എന്നുള്ള വ്യത്യാസമില്ലാതെ, തന്റെ പൂർണ്ണമായ

സമ്മതമില്ലാതെ നിർബന്ധിച്ച് ഏതെങ്കിലും ആചാരത്തിന്റെ പേരിൽ പീഡനം നടത്തിയാൽ അതിനെതിരെ നടപടി സ്വീകരിക്കാൻ ഇപ്പോൾ നമ്മുടെ നാട്ടിൽ നിയമങ്ങളുണ്ട്. ആ നിയമങ്ങൾ ഉപയോഗിക്കുകയാണ് വേണ്ടത്. ആ നിയമങ്ങൾ കുട്ടികൾക്ക് മാത്രമല്ല മുതിർന്ന ആളുകളാണെങ്കിൽപ്പോലും ഇത്തരം പീഡനങ്ങളുണ്ടായാൽ, പരാതികളുണ്ടാവുകയാണെങ്കിൽ അതിനെ നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി കേസ് രജിസ്റ്റർ ചെയ്യാനുള്ള സാഹചര്യം ഇപ്പോൾ നിലവിലുണ്ട്. എന്നിരുന്നാലും ഗവൺമെന്റ് ഇപ്പോൾ ഒരു കാര്യം ആലോചിക്കുന്നുണ്ട്. മഹാരാഷ്ട്ര ഗവൺമെന്റ് ഇതിനെതിരെ ഒരു നിയമം പാസ്സാക്കിയിട്ടുണ്ടെങ്കിലും അത് ഫലപ്രദമായി നടപ്പായിട്ടില്ല. കാരണം, അതിനെതിരെ ശക്തമായ പ്രക്ഷോഭങ്ങൾ വിവിധ മതവിശ്വാസികളിൽനിന്ന് ഉയർന്നുവരികയുണ്ടായി. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായി മഹാരാഷ്ട്ര ഗവൺമെന്റ് പാസ്സാക്കിയ നിയമം ഇന്ത്യയ്ക്ക് മാതൃകയാണ്. ഇന്ത്യയിൽ ഒട്ടാകെയുള്ള വിവിധ സംസ്ഥാനങ്ങൾ വിശദമായി ചർച്ച ചെയ്യേണ്ട വിഷയമാണ്. കേരളത്തിൽ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായ ഒരു നിയമം കൊണ്ടുവരുന്നത് സംബന്ധിച്ച് ആഭ്യന്തര വകുപ്പ് ഗൗരവമായി ആലോചിക്കുകയാണ്. വിവിധ ചർച്ചകൾ ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ സമ്മേളനത്തിൽ അല്ലെങ്കിൽ അടുത്ത സമ്മേളനത്തിലെങ്കിലും ഈ നിയമം കൊണ്ടുവരാൻ കഴിയുമെന്നാണ് എന്റെ പ്രത്യാശ.

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ആളുകൾക്കിടയിലുണ്ടാക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ അസുഖം വന്നാൽ മരുന്ന് കൊടുക്കാതെ ആളുകൾ മരിക്കാനിടയാകുക തുടങ്ങി നിരവധി സംഭവങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വരാറുണ്ട്. അനാചാരങ്ങളുടെ അടിസ്ഥാനത്തിൽ ആളുകളെ വിവിധതരത്തിൽ പീഡിപ്പിക്കുക, അന്ധവിശ്വാസങ്ങളിലേയ്ക്ക് ആളുകളെ നയിക്കുക തുടങ്ങിയ ധാരാളം നടപടികൾ നമ്മുടെ സമൂഹത്തിൽ പലതരത്തിൽ ഉണ്ടാകാറുണ്ട്. അതെല്ലാം ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും പൗരാണികമായ സമ്പ്രദായങ്ങളുടെയും പേരിൽ നമുക്ക് ignore ചെയ്യാൻ കഴിയാത്തതുകൊണ്ടാണ് അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും നിയന്ത്രിക്കാൻ മഹാരാഷ്ട്രയിലെപ്പോലെ നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നത്. മഹാരാഷ്ട്രയിൽ ഈ നിയമത്തിനുവേണ്ടി ശക്തമായി വാദിച്ച വ്യക്തിയെ പിന്നീട് വെടിവച്ചുകൊലപ്പെടുത്തിയ കാര്യം അങ്ങേയ്ക്ക് അറിയാവുന്നതാണ്. ഈ നിയമത്തെക്കുറിച്ച് ഇന്ത്യയൊട്ടാകെ ചർച്ച

ചെയ്യപ്പെടേണ്ട വിഷയമാണ്. മഹാരാഷ്ട്രയിൽ ഈ നിയമം പാസ്സാക്കിയെങ്കിലും മഹാരാഷ്ട്ര ഗവൺമെന്റ് ഫലപ്രദമായി ഈ നിയമം നടപ്പാക്കിയിട്ടില്ല എന്നത് ശ്രദ്ധേയമായ കാര്യമാണ്. ഗവൺമെന്റ് ഇത്തരമൊരു നിയമം പാസ്സാക്കുന്നതിനുമുമ്പ് സമൂഹത്തിലെ എല്ലാ കോണുകളിൽനിന്നും അഭിപ്രായമുണ്ടാവുകയും പൊതുചർച്ച നടത്തുകയും അഭിപ്രായസമന്വയത്തിലൂടെ നടപ്പാക്കുകയും ചെയ്യുക എന്നതാണ് ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത് നല്ലകാര്യം തന്നെയാണ്. ഈ വിഷയം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുള്ള കാര്യമാണെന്ന് മെമ്പറെയും മെമ്പറിലൂടെ കേരള സമൂഹത്തെയും അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, ആരും വെടിവച്ചുകൊല്ലുമെന്ന് അങ്ങ് ഭയപ്പെടേണ്ടതില്ല. ഇത് നിയമംമൂലം നിർത്തലാക്കിയാൽ അങ്ങയെ ഈ സമൂഹം ആദരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എളവൂർ തൂക്കം നിർത്തലാക്കിയില്ലേ ? അതുപോലെ ഏതെല്ലാം ആചാരങ്ങൾ നമ്മൾ നിർത്തലാക്കി. ഇത് അന്ധവിശ്വാസമാണെന്ന കാര്യത്തിൽ ആർക്കെങ്കിലും തർക്കമുണ്ടോ? ഈ ആചാരം സ്കന്ദപുരാണത്തിൽ ഒരിടത്തും പരാമർശിച്ചിട്ടില്ല. ഇത് അന്ധവിശ്വാസ മാണെന്ന് പരോക്ഷമായി അങ്ങ് സമ്മതിച്ചു എന്നാണ് ഞാൻ കരുതുന്നത്. എന്റെ അഭിപ്രായത്തിൽ പതിനെട്ട് വയസ് കഴിഞ്ഞ ആളാണെങ്കിലും പതിനെട്ട് വയസ് തികയാത്ത ആളാണെങ്കിലും ഇത്തരം പ്രവൃത്തികൾ ചെയ്യാൻ പാടില്ല. അന്ധവിശ്വാസത്തിന്റെ പേരിൽ മരുന്ന് കൊടുക്കാതെ ഒരാൾ മരിച്ചു എന്ന് ബോധ്യപ്പെട്ടാൽ കൊലക്കുറ്റത്തിന് കേസെടുക്കണം. ഇത് എന്ത് ആചാരമാണ്? ഇത്തരം കാര്യങ്ങളിൽ പരാതിപ്പെട്ടാൽ നിർബന്ധമായും നടപടിയെടുക്കുമെന്ന് അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രി എന്ന നിലയിൽ ഈ നിയമസഭയിൽ പറയണം. ഇത് തെറ്റാണെന്നും ഇതുസംബന്ധിച്ച് പരാതിയുണ്ടായാൽ നടപടി സ്വീകരിക്കുമെന്നും പറയാൻ അങ്ങ് തയ്യാറുണ്ടോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, ഇപ്പോഴും പരാതി വന്നാൽ നടപടി സ്വീകരിക്കാറുണ്ട്. വിവിധ സ്ഥലങ്ങളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാറുണ്ട്. വ്യാജ സിദ്ധൻമാർ, വ്യാജ പൂജാരിമാർ എന്നിവർ നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് കേസ്സുകൾ വന്നപ്പോൾ നടപടി സ്വീകരിച്ചിട്ടുണ്ട്. മരുന്ന് കൊടുക്കാതെ പൂജ നടത്തി ആളുകളുടെ അസുഖങ്ങൾ ഭേദമാക്കുന്ന പ്രവൃത്തിയിലൂടെ ആളുകൾ മരിക്കുമ്പോൾ നടപടി സ്വീകരിക്കാറുണ്ട്. അതുപോലെ വിവിധ

തരത്തിലുള്ള ആചാരങ്ങൾ, അതിന്റെ പേരിൽ മനുഷ്യനെ പീഡിപ്പിക്കുന്ന നടപടികൾ, പ്രാകൃതമായ രീതികൾ തുടങ്ങിയവയെല്ലാം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടാറുണ്ട്. ഇതുസംബന്ധിച്ച് ഗവൺമെന്റ് ഇടപെടുമ്പോൾ മതപരമായ ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും കണ്ടില്ലെന്ന് നടിക്കാൻ നമുക്ക് കഴിയില്ല. അതുകൊണ്ടാണ് ഇതുസംബന്ധിച്ച് വിപുലമായ ചർച്ച ആവശ്യമാണെന്ന് പറഞ്ഞത്. അങ്ങ് ഈ വിഷയം ഉന്നയിച്ചതോടുകൂടി സമൂഹത്തിൽ ഇതുസംബന്ധിച്ച ചർച്ചയുണ്ടാകട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു. അത് ഈ ഗവൺമെന്റ് കൊണ്ടുവരുന്ന നിയമത്തിന് സഹായകമാകും. കേരളത്തിലെ പൊതുസമൂഹവും മാധ്യമങ്ങളും ഇത് ചർച്ച ചെയ്യട്ടെ; ചർച്ച ചെയ്തുകൊണ്ട് സമൂഹത്തിൽ ഇത്തരമൊരു അവബോധമുണ്ടാക്കാനും പുതിയൊരു നിയമനിർമ്മാണത്തിന്റെ ആവശ്യകതയിലേയ്ക്ക് ഈ സഭയെ എത്തിക്കാനും കഴിയട്ടെ എന്ന് ഞാൻ കരുതുകയാണ്.

## 2. നഷ്ടപരിഹാരം നൽകേണ്ടതിന്റെ ആവശ്യകത

ശ്രീമതി ജമീലാ പ്രകാശം : സർ, സ്വാതന്ത്ര്യലബ്ധിക്കുശേഷം നമ്മുടെ രാജ്യത്ത് കൃഷിക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള ഒന്നാം പഞ്ചവത്സര പദ്ധതിക്കാലം മുതൽ (1950-55) വെള്ളായണി കായലിലെ ജലം വറ്റിച്ച് പ്രാന്തപ്രദേശങ്ങളിൽ ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നെൽകൃഷി സർക്കാർ പ്രോത്സാഹിപ്പിച്ച് നടത്തിവന്നിരുന്നു. സമീപ പ്രദേശങ്ങളിലുള്ള കർഷകർ ഒറ്റയ്ക്കും കാർഷിക സർവ്വകലാശാല അവരുടെ ഭൂമിയിൽ വ്യാപകമായ തോതിലും ഇപ്രകാരം നെല്ലുല്പാദനം നടത്താൻ തുടങ്ങി. അപ്രകാരം വെള്ളം വറ്റിച്ച് വയലാക്കി മാറ്റിയ കർഷകർക്ക് അവർ നെൽകൃഷി നടത്തിയിരുന്ന ഭൂമിയുടെ പട്ടയവും സർക്കാർ നൽകുകയുണ്ടായി. എന്നാൽ പിൽക്കാലത്ത് നെല്ലിന്റെ വില ഇടിഞ്ഞതോടുകൂടി ഇപ്രകാരം വർഷംതോറും വെള്ളം വറ്റിച്ച് കൃഷിചെയ്യുന്ന സമ്പ്രദായം സാമ്പത്തികമായി നഷ്ടമായിത്തീരുന്നുവെന്നതിനാൽ ആ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാനുള്ള സമ്മർദ്ദം സംസ്ഥാന സർക്കാരിന്റെ വിവിധ തലങ്ങളിൽനിന്ന് ഉണ്ടായിക്കൊണ്ടിരുന്നു. ഈ സാഹചര്യത്തിലാണ് 1990 മുതൽ വെള്ളായണി കായൽ ഒരു ശുദ്ധജല സ്രോതസ്സായി സംരക്ഷിക്കപ്പെടണമെന്ന പൊതുജനാഭിപ്രായം ശക്തമായി ഉയർന്നുവന്നത്. മാത്രമല്ല, കൃഷിക്കുവേണ്ടി ഉപയോഗിക്കപ്പെടുന്ന കീടനാശിനികളും രാസവളങ്ങളും ശുദ്ധജലം മലിനീകരിക്കപ്പെടുന്നതിനും വിഷലിപ്തമാക്കുന്നതിനും ഇടവരുത്തുന്നു എന്ന സത്യവും എല്ലാവരും അറിയാൻ

തുടങ്ങി. എന്നാൽ തങ്ങളുടെ ജീവനോപാധിയായിരുന്ന ഈ പട്ടയഭൂമിയിൽ കൃഷി നടക്കാത്ത സാഹചര്യം വന്നപ്പോൾ ചെറിയ രീതിയിൽ കൃഷിചെയ്യുന്ന കർഷകർ ബുദ്ധിമുട്ടിലായി. ഇപ്രകാരം ദാരിദ്ര്യത്തിലായ ഏതെങ്കിലുമൊരു കുടുംബത്തിന്റെ കൈവശമുള്ള കായൽക്കരയിലുള്ള കുറച്ച് ഭൂമി വാങ്ങിയശേഷം തൊട്ടടുത്തുള്ള കായൽ പ്രദേശങ്ങൾ കയ്യേറി റിസോർട്ടുകളും രമ്യഹർമ്മ്യങ്ങളും പണിയുക എന്നത് സ്ഥിരം പ്രതിഭാസമായി മാറി. പ്രകൃതിരമണീയമായ വെള്ളായണി കായൽ പ്രദേശത്ത് സുഖകരമായ ജീവിതം കണ്ടെത്തിയ ഉയർന്ന ഉദ്യോഗസ്ഥരടക്കമുള്ള സ്ഥാപിത താൽപ്പര്യക്കാർ ഇക്കാര്യത്തിൽ പങ്കാളികളാകുകയും സഹായികളാവുകയും ചെയ്തു. മറ്റൊരു ഭാഗത്ത് യാതൊരു നിയന്ത്രണവുമില്ലാതെ മണൽവാരലും നടന്നുകൊണ്ടിരുന്നു. ഇതിന്റെ പിന്നിൽ ശക്തമായ ചില മാഫിയകൾ പ്രവർത്തിക്കാൻ തുടങ്ങി. തങ്ങളുടെ വീട്ടിലോ, സ്ഥാപനങ്ങളിലോ, പുരയിടങ്ങളിലോ കുന്നുകൂടുന്ന മാലിന്യം വലിച്ചെറിയാനുള്ള ഒരിടമായി വെള്ളായണിക്കായലിനെ ചില കേന്ദ്രങ്ങൾ ദുരുപയോഗപ്പെടുത്തി. അക്കൂട്ടത്തിൽ മനുഷ്യന്റെ വിസർജ്ജ്യ വസ്തുക്കൾപോലും ഉണ്ടെന്നുള്ളതാണ് വസ്തുത. തിരുവനന്തപുരം നഗരത്തിന്റെ ഭാഗമായി മാറിയ നേമം, തിരുവല്ലം എന്നീ പഞ്ചായത്തുകളാലും നിലവിലുള്ള കല്ലിയൂർ, വെങ്ങാനൂർ പഞ്ചായത്തുകളാലും ചുറ്റപ്പെട്ടിരിക്കുകയാണ് വെള്ളായണി കായൽ. തലസ്ഥാനത്തിന്റെ വികസനത്തെക്കുറിച്ച് വാചാലമായി സംസാരിച്ചുകൊണ്ടിരുന്ന സർക്കാരുകളുടെ മുമ്പാകെ വെള്ളായണി കായൽ ഒരു ശുദ്ധജലതടാകമായി സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത അവതരിപ്പിക്കപ്പെട്ടുവെങ്കിലും ഫലപ്രദമായ നടപടികളൊന്നും സ്വീകരിക്കപ്പെട്ടില്ല എന്നുള്ളതാണ് സത്യം. വെള്ളായണി കായൽ നിലനിർത്തുകയും സംരക്ഷിക്കപ്പെടുകയും ചെയ്യേണ്ടതിനെ സംബന്ധിച്ച് നിരവധി പ്രോജക്ട് റിപ്പോർട്ടുകളും പഠനറിപ്പോർട്ടുകളുമൊക്കെ ഈ കാലഘട്ടത്തിനിടയിൽ ഉണ്ടായിട്ടുണ്ട്. അവയിൽ ചിലതാണ് കോഴിക്കോട് ആസ്ഥാനമായിട്ടുള്ള സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് പ്രിപ്പയർ ചെയ്ത് സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി വകുപ്പിന് സമർപ്പിച്ചിട്ടുള്ള Conservation and Protection of Vellayani Lake in Trivandrum District of Kerala - A Project Report. മറ്റൊന്ന്, സംസ്ഥാന സർക്കാരിന്റെതന്നെ സോയിൽ സർവ്വേ ആന്റ് കൺസർവേഷൻ വകുപ്പ് സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി വകുപ്പിന് സമർപ്പിച്ചിട്ടുള്ള വെള്ളായണി കായലിന്റെ പുനരുജ്ജീവന പ്രോജക്ട്

(Rejuvenation Project). കൂടാതെ 'Save Vellayani Lake' കാമ്പയിന്റെ ഭാഗമായി സമർപ്പിക്കപ്പെട്ടിട്ടുള്ള റിപ്പോർട്ടും മറ്റു ചില റിപ്പോർട്ടുകളുമുണ്ട്. നാല് വർഷങ്ങൾക്കുമുമ്പ്, ഞാൻ നിയമസഭാ സാമാജികയായി തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം ഈ വിഷയത്തിൽ പ്രത്യേക താൽപ്പര്യമെടുക്കുകയും ത്രിതല പഞ്ചായത്തിന്റെ ജനപ്രതിനിധികൾ, സാമൂഹ്യ-സാംസ്കാരിക പ്രവർത്തകർ, വിവിധ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥർ എന്നിവരുമായി പലപ്രാവശ്യം കൂടിയാലോചനകളും ചർച്ചകളും നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ Vellayani Fresh Water Lake Participatory Conservation Society എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുവാനുള്ള മെമ്മോറാണ്ടം ഓഫ് അസോസിയേഷനും നിയമാവലിയും തയ്യാറാക്കി ജലവിഭവ വകുപ്പുമന്ത്രിക്ക് നേരിട്ട് കൊടുത്തു. അദ്ദേഹത്തിന്റെ നിർദ്ദേശത്തിന്മേലാണ് ഈ സൊസൈറ്റി രൂപീകരിച്ചതെന്നുപറഞ്ഞ് വളരെ സന്തോഷത്തോടുകൂടി അദ്ദേഹം അത് വാങ്ങി സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിലേയ്ക്ക് കൊടുത്തു. എന്നാൽ ആ ഫയൽ ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ കൈവശമെത്തിയശേഷം കാണാതായി. പിന്നീട് ഒന്നരമാസത്തോളം കഴിഞ്ഞ് ഞാൻ പോയി പ്രശ്നമുണ്ടാക്കിയപ്പോഴാണ് ആ ഉദ്യോഗസ്ഥന്റെ കൈവശമുണ്ടെന്ന് പറഞ്ഞ് തിരിച്ചെടുത്തത്. പിന്നെയും സമ്മർദ്ദം ചെലുത്തിയപ്പോൾ ഇത്തരമൊരു സൊസൈറ്റി രൂപീകരിക്കുന്നത് നിലവിലുള്ള വാട്ടർ ബോഡീസ് കൺസർവേഷൻ ആക്ടിന് വിരുദ്ധമായതിനാൽ തള്ളിക്കളഞ്ഞിരിക്കുന്നു എന്ന മറുപടി ലഭിച്ചു. വെള്ളായണി കായലിന്റെ കയ്യേറ്റവും റിസോർട്ട് നിർമ്മാണവും സ്ഥിരം ഏർപ്പാടായി കൊണ്ടുനടക്കുന്ന ഉദ്യോഗസ്ഥപ്രമുഖരും മണൽ മാഫിയയും വെള്ളായണി കായൽ സംരക്ഷിക്കാനുള്ള ഏത് പരിശ്രമത്തെയും കാലാകാലങ്ങളായി തുരങ്കം വയ്ക്കുന്നതായിട്ടാണ് മനസ്സിലായിട്ടുള്ളത്. കൃഷി, റവന്യൂ, ജലവിഭവം, പരിസ്ഥിതി, വകുപ്പുകളുടെയും കാർഷിക സർവ്വകലാശാല തുടങ്ങി വിവിധ സ്ഥാപനങ്ങളുടെയും ഏകോപനം ഇക്കാര്യത്തിൽ ഒഴിച്ചുകൂടാൻ കഴിയാത്തതാണ്. നിർദ്ദിഷ്ട വിഴിഞ്ഞം തുറമുഖത്തിലേയ്ക്കും പരിസരവാസികളുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ആവശ്യത്തിലേയ്ക്കും ശുദ്ധജലം എത്തിക്കേണ്ട ഏക ജലസ്രോതസ്സാണ് വെള്ളായണി കായൽ. അനുദിനം വളർന്ന് വികസിച്ചുകൊണ്ടിരിക്കുന്ന തിരുവനന്തപുരം നഗരത്തിൽ ശുദ്ധജല പ്രതിസന്ധി ഉണ്ടായാൽ പ്രധാനമായും ആശ്രയിക്കേണ്ടിവരുന്നത് ഈ ജലാശയത്തെയാണ്.

ഈ പ്രശ്നം പലതവണ പല രൂപത്തിൽ സഭയിൽ ഉന്നയിച്ചിട്ടുള്ളതും ബന്ധപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ ഫലപ്രദമായി ഈ പ്രശ്നത്തെ സമീപിക്കുവാനുള്ള ഭരണനടപടികൾ ഇതുവരെ ഉണ്ടായിട്ടില്ല. ഒന്നാമതായി, കായലിന്റെ അതിരുകൾ റവന്യൂ റിക്കോർഡുകൾ സൂക്ഷ്മമായി പരിശോധിച്ച് വ്യക്തമായി അളന്നുതിരിച്ച് വേർതിരിച്ച് അടയാളപ്പെടുത്തണം. രണ്ടാമത്, തങ്ങളുടെ പട്ടയഭൂമി വെള്ളായണി കായലിൽപ്പെട്ടുപോയിട്ടുള്ള കർഷകർക്ക് മതിയായ നഷ്ടപരിഹാരം കൊടുത്ത് ആ ഭൂമി സർക്കാർ ഏറ്റെടുക്കണം. മൂന്നാമതായി, എല്ലാ വിധത്തിലുള്ള അനധികൃത കായൽ കയ്യേറ്റങ്ങളേയും സർക്കാരിന് പ്രയോഗിക്കാൻ കഴിയുന്ന സർവ്വശക്തിയും ഉപയോഗിച്ച് തടയുകയും കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുക്കുകയും വേണം. നാലാമത്, രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കുന്നതിൽനിന്ന് കർഷകരെ വിലക്കുകയും ജൈവകൃഷിയിലേയ്ക്ക് അവരെ നിർബന്ധപൂർവ്വം കൊണ്ടുവരികയും വേണം. കായലിന്റെ മലിനീകരണത്തിന് ഇടവരുത്തുന്ന എല്ലാ യത്നങ്ങളേയും ശക്തിയായി എതിർക്കണം. ഈ പറഞ്ഞ കാര്യങ്ങളുടെ നിർവ്വഹണത്തിലേയ്ക്കായി വിവിധ വകുപ്പുമന്ത്രിമാരും വകുപ്പ് തലവന്മാരും ജനപ്രതിനിധികളും ഉൾപ്പെട്ട സ്ഥിരം സ്റ്റാറ്റ്യൂട്ടറി സംവിധാനം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വെള്ളായണി കായലിന്റെ സംരക്ഷണാർത്ഥം രൂപീകരിക്കുന്നതിനുള്ള നിയമം നിർമ്മിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, കേരളത്തിലെ ശുദ്ധജല തടാകങ്ങളിലൊന്നായ തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കായലിന്റെ സംരക്ഷണം സംബന്ധിച്ച് 18-11-2014-ൽ ബഹുമാനപ്പെട്ട വനവും പരിസ്ഥിതിയും വകുപ്പുമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചിരുന്നു. കായലിന്റെ നിലവിലെ സ്ഥിതി, നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, വിവിധ ജൈവസമ്പത്തുകളുടെ സംരക്ഷണം, അനധികൃത കയ്യേറ്റങ്ങൾ, തദ്ദേശവാസികളുടെ പ്രശ്നങ്ങൾ എന്നിവ ആ യോഗത്തിൽ ചർച്ച ചെയ്തു. വെള്ളായണി കായൽ സംരക്ഷണം സംബന്ധിച്ച് ബൃഹത്തായ സംരക്ഷണ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തുകയും 2015 ജൂൺ മാസത്തിൽ സി.ഡബ്ല്യൂ.ആർ.ഡി.എം.സർക്കാരിന് കർമ്മപദ്ധതി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വെള്ളായണി കായലിലെ അനധികൃത കയ്യേറ്റങ്ങളും മണൽവാരലും ഒഴിവാക്കി ശുദ്ധജല തടാകമായി സംരക്ഷിക്കാനുള്ള വിശദമായ പരിപാടിയാണ് ഈ

റിപ്പോർട്ടിലുള്ളത്. വെള്ളായണി കായൽ തിരുവനന്തപുരം താലൂക്കിൽ കല്ലിയൂർ, വെങ്ങാനൂർ വില്ലേജുകളിലായി വ്യാപിച്ചുകിടക്കുകയാണ്. ഈ രണ്ട് വില്ലേജുകളിലായി കായലുമായി ബന്ധപ്പെട്ട് 33 കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി കേരള ഭൂസംരക്ഷണ നിയമപ്രകാരം ബന്ധപ്പെട്ട കക്ഷികൾക്ക് ഹിയറിംഗ് നോട്ടീസ് നൽകിക്കഴിഞ്ഞു. തിരുവനന്തപുരം അഡീഷണൽ തഹസീൽദാർ തുടർന്നുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കായലിലേയ്ക്ക് കയറിക്കിടക്കുന്ന പട്ടയഭൂമി അളന്ന് തിട്ടപ്പെടുത്തിയതനുസരിച്ച് 84.6387 ഹെക്ടർ സ്ഥലമുണ്ട്. ഈ ഭൂമി ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകി കായലിൽത്തന്നെ നിലനിർത്താനും കായൽ പൂർണ്ണമായും മലിനീകരണ വിമുക്തമാക്കി ശുദ്ധജല തടാകമായി സംരക്ഷി ക്കാനുമുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. സി.ഡബ്ല്യൂ.ആർ.ഡി.എം. തന്നിരിക്കുന്ന റിപ്പോർട്ട് സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല പരിശോധനാ സമിതി മുമ്പാകെ സമർപ്പിക്കാനുള്ള തയ്യാറെടുപ്പ് നടന്നുവരികയാണ്. മേൽസമിതിയുടെ ശിപാർശകൂടി പരിഗണിച്ച് സംസ്ഥാന സർക്കാർ ഏറ്റവും വേഗത്തിൽ ഒരു തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

<u>ശ്രീമതി ജമീലാ പ്രകാശം</u> : സർ, വെള്ളായണി കായൽ ശുദ്ധജല സ്രോതസ്സായി സംരക്ഷിക്കപ്പെടേണ്ടതിന്റെ പരമവും പ്രധാനവുമായിട്ടുള്ള ആവശ്യം കണക്കിലെടുത്തുകൊണ്ട് കൊല്ലം ജില്ലയിലെ ശാസ്താംകോട്ട കായൽ സംരക്ഷിക്കാനായി ഒരു അതോറിറ്റി രൂപീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നതുപോലെ ഇക്കാര്യത്തിലും അപ്രകാരം സ്റ്റാറ്റ്യൂട്ടറി ബോഡി ഉണ്ടാക്കുന്നതിനാവശ്യമായ നിയമനിർമ്മാണം കൊണ്ടുവരുമോ; ഒരു ഓർഡിനൻസ് അതിനായി പ്രൊമുൽഗേറ്റ് ചെയ്യുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ഇതിനെക്കുറിച്ച് വനവും പരിസ്ഥിതിയും വകുപ്പുമന്ത്രി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ സി.ഡബ്ല്യൂ.ആർ.ഡി.എം.-നെ പഠിക്കുന്നതിനായി നിയോഗിച്ചു. അവർ നൽകിയ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാനതല പരിശോധനാ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ആ സമിതി പരിശോധിച്ച് ഏറ്റവും വേഗത്തിൽ, രണ്ടാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് വാങ്ങണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിച്ചിരിക്കുന്നത്. ആ റിപ്പോർട്ട് കിട്ടിയതിനുശേഷം എന്തുവേണമെന്ന് ആലോചിച്ച് തീരുമാനിക്കും. ആ ആലോചനയിൽ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആവശ്യവും പരിഗണിക്കുന്നതാണ്.

# VI സബ്മിഷൻ

## 1. കൺസ്യൂമർഫെഡിലെ അഴിമതി

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, അഴിമതിയും കെടുകാര്യസ്ഥതയും ധൂർത്തുംമൂലം തകർച്ചയിലായ കൺസ്യൂമർഫെഡ് ഇന്ന് 1,100 കോടി രൂപയുടെ ബാദ്ധ്യതയിലാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം സപ്ലയർമാർക്ക് നൽകാനുള്ള തുക നൽകാൻ കഴിയുന്നില്ല. 356 കോടി രൂപയുടെ അഴിമതി ഈ സ്ഥാപനത്തിൽ നടന്നതായി എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്ന ശ്രീ. പി. ആർ. പ്രതാപചന്ദ്രൻ പരാതി നൽകിയിട്ടുണ്ട്. ഈ പരാതി സംബന്ധിച്ച് ശ്രീ. വി. ശിവൻകുട്ടി സഭയിൽ ഉന്നയിച്ചിട്ടുള്ളതുമാണ്. 2013 സെപ്റ്റംബർ 30-ന് 'ഓപ്പറേഷൻ അന്നപൂർണ്ണ' എന്ന പേരിൽ 19 ഗ്രാമങ്ങളിൽ വിജിലൻസ് റെയ്ഡ് നടന്നു. 60 കോടി രൂപയുടെ ക്രമക്കേടാണ് ഈ റെയ്ഡിൽ കണ്ടെത്തിയത്. ഇതിനെത്തുടർന്ന് തിരുവനന്തപുരം, തൃശ്ശൂർ വിജിലൻസ് കോടതികളിൽ 2 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തു. ഈ കേസ്സുകളിൽ പ്രതികളായിട്ടുള്ള മുൻ എം.ഡി.-യേയും ചീഫ് മാനേജരേയും സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്യണമെന്ന് വിജിലൻസ് ഡയറക്ടർ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും അവരെ സംരക്ഷിക്കുന്ന നയമാണ് സർക്കാർ സ്വീകരിച്ചത്. ഒരു വർഷത്തിനുശേഷം കഴിഞ്ഞ മാസമാണ് അവരെ സസ്പെൻഡ് ചെയ്യാൻ സർക്കാർ തയ്യാറായത്. ഈ അഴിമതിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്മേൽ വലിയ സാമ്പത്തിക അഴിമതി ആയതിനാൽ തലനാരിഴ കീറിയുള്ള അന്വേഷണം ആവശ്യമാണെന്ന് ഹൈക്കോടതി നിരീക്ഷിക്കുകയുണ്ടായി. ഉത്തരവ് വന്ന് ഒരുവർഷം പിന്നിട്ടിട്ടും സർക്കാർ ഇടപെട്ട് അന്വേഷണം മരവിപ്പിച്ചിരിക്കുകയാണ്. പുതിയ എം.ഡി. ചാർജ് എടുത്തതിനുശേഷം നടത്തിയ ആഭ്യന്തര പരിശോധനയിൽ 50 കോടി രൂപയുടെ സാമ്പത്തിക ക്രമക്കേട് കണ്ടെത്തിയതിന്റെ പരിശോധനാ റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ട്. കൺസ്യൂമർ ഫെഡ് ചെയർമാനായ ശ്രീ. ജോയ് തോമസ് കോടിക്കണക്കിന് രൂപയുടെ തിരിമറി നടത്തിയതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചെയർമാൻ ശ്രീ. ജോയ് തോമസിനെ തൽസ്ഥാനത്തുനിന്ന് മാറ്റിനിർത്തി വിശദമായ അന്വേഷണം നടത്തണമെന്ന്

ഞാൻ ശക്തമായി ആവശ്യപ്പെടുന്നു.

11.00 AM]

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) : സർ, സംസ്ഥാനത്തെ പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് കൺസ്യൂമർഫെഡ് നേതൃത്വപരമായ പങ്ക് നിർവ്വഹിച്ചുവരുന്നു. ഈ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനായി ത്രിവേണി, നന്മ സ്റ്റോറുകൾ, മൊബൈൽ ത്രിവേണികൾ, നീതി മെഡിക്കൽ സ്റ്റോറുകൾ ഉൾപ്പെടെയുള്ള യൂണിറ്റുകൾ സംസ്ഥാനവ്യാപകമായി പ്രവർത്തിച്ചുവരുന്നു. എന്നാൽ കൺസ്യൂമർഫെഡ് നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നം സാമ്പത്തിക പ്രതിസന്ധിയാണ്. മുൻസർക്കാരിന്റെ കാലത്ത് കൊടുത്തുതീർക്കേണ്ട ബാദ്ധ്യതയായിരുന്ന 255.3 കോടി രൂപ ഉൾപ്പെടെ ലഭ്യമാകാതിരുന്നത് കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. മുൻസർക്കാരിന്റെ അഞ്ചുവർഷ കാലയളവിൽ 117.71 കോടി രൂപ സബ്സിഡിയായി നൽകിയപ്പോൾ ഈ സർക്കാർ ഇതിനകം 229.50 കോടി രൂപ ഈയിനത്തിൽ നൽകിക്കഴിഞ്ഞു. ഇതിനുപുറമേ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി 50 കോടി രൂപയുടെ എൻ.സി.ഡി.സി. സഹായവും ലഭ്യമാക്കിയിട്ടുണ്ട്. കൺസ്യൂമർഫെഡ് തകർച്ചയിലാണെന്നും പ്രവർത്തനം പ്രതിസന്ധിയിലുമാണെന്ന ആക്ഷേപങ്ങൾക്ക് യാതൊരടിസ്ഥാനവുമില്ല. എന്നാൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള വായ്പ, നിക്ഷേപം, ഗവൺമെന്റ് സബ്സിഡി, എൻ.സി.ഡി.സി. സബ്സിഡി മുതലായവ കൃത്യമായി അടയ്ക്കാതിരിക്കുന്നതുമൂലമുള്ള ബാദ്ധ്യതയും സപ്ലയർമാർക്ക് കൃത്യമായി തുക നൽകാൻ കഴിയാത്തതും അവശ്യമരുന്ന് യഥേഷ്ടം ലഭ്യമാക്കുന്നതിന് ഫെഡറേഷന് സാധിക്കാതെ വന്നതും പ്രവർത്തനം മന്ദീഭവിക്കുന്നതിനിടയാക്കിയിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഫെഡറേഷന് വിവിധ ജില്ലാ ബാങ്കുകളിൽനിന്നും 150 കോടി രൂപ സർക്കാർ ഗ്യാരന്റിയോടുകൂടി വായ്പ ലഭ്യമാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ത്രിവേണി സ്റ്റോറുകളിൽ സാധനങ്ങൾ ആവശ്യാനുസരണം സംഭരിച്ച് വിൽപ്പന വർദ്ധിപ്പിക്കുന്നതിന് ഫെഡറേഷൻ തത്വത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. വകുപ്പുമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൺസ്യൂമർഫെഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി കൺസ്യൂമർഫെഡ് ഭരണസമിതിയുടെ യോഗം സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി 9-6-2015-ൽ വിളിച്ചുചേർക്കുകയും ഇതുസംബന്ധിച്ച് ആവശ്യമായ തീരുമാനം

കൈക്കൊള്ളുകയും ആയത് നടപ്പിലാക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ സമർപ്പിക്കുന്നതിന് മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൺസ്യൂമർഫെഡിലെ സാമ്പത്തിക ക്രമക്കേടുകൾ യഥാസമയം കണ്ടെത്തുന്നതിനും സ്ഥാപനങ്ങളിൽ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും ഗുരുതരമായി വീഴ്ചവരുത്തിയ കൺസ്യൂമർഫെഡ് മുൻ മാനേജിംഗ് ഡയറക്ടർ ഡോ. റിജി ജി. നായരെയും ചീഫ് മാനേജർ ആർ. ജയകുമാറിനെയും വിജിലൻസ് സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ നിലവിൽ നടന്നുവരുന്ന വിജിലൻസ് അന്വേഷണത്തോടൊപ്പം ഫെഡറേഷന്റെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് 15 ജീവനക്കാരെക്കൂടി അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൺസ്യൂമർഫെഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ യഥേഷ്ടം ലഭ്യമാക്കുന്നതിനുമുള്ള തുടർനടപടികൾ ഇന്നുചേരുന്ന കൺസ്യൂമർഫെഡ് ഭരണസമിതി യോഗം കൈക്കൊള്ളുന്നതാണ്. പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്നതിന് സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിക്കും സഹകരണ സംഘം രജിസ്ട്രാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നുകൂടി താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അങ്ങ് പറഞ്ഞ വിജിലൻസ് റെയ്ഡിനെ സംബന്ധിച്ച് ഇതുവരെ ഗവൺമെന്റിന് റിപ്പോർട്ട് ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഗുരുതരമായ വീഴ്ച വരുത്തിയവർക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കുന്നതാണ്. ഇപ്പോൾ കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; അവരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

## 2. നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. റോഷി അഗസ്റ്റിൻ</u> : സർ, പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകിവരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കേരളമൊട്ടാകെയും പ്രത്യേകിച്ച് ഇടുക്കി ജില്ലയിലും കനത്ത പേമാരിയിലും ശക്തമായ കാറ്റുമൂലവും വീടും കൃഷിയും നശിച്ച കർഷകർ വളരെയേറെ ദുരിതത്തിലാണ്. വാഴ, റബ്ബർ, തെങ്ങ്, കവുങ്ങ്, കൊക്കോ, ജാതി, കുരുമുളക്, കാപ്പി, കശുമാവ് തുടങ്ങിയ വിളകൾക്ക് നിലവിൽ നൽകിയിരുന്ന നഷ്ടപരിഹാരത്തുക വലിയ തോതിൽ വെട്ടിക്കുറച്ചിരിക്കുകയാണ്. ജി.ഒ.(എം.എസ്.)നം. 23/2012/സി.എം.ഡി. തീയതി

11-6-2012 പ്രകാരം പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ഏകദേശം ന്യായമായ നിലയിലുള്ള നഷ്ടപരിഹാരം ലഭിച്ചിരുന്നു. ഒരു തെങ്ങിന് 700 രൂപയും വാഴയ്ക്ക് 100 രൂപയും റബ്ബറിന് 300 രൂപയും കവുങ്ങിന് 150 രൂപയും ലഭിച്ചിരുന്ന സ്ഥാനത്ത് പിന്നീട് വന്ന റവന്യൂ വകുപ്പിന്റെ ജി.ഒ.(എം.എസ്.)നം . 48/2012 തീയതി 21-1-2014, ജി.ഒ.(എം.എസ്.)നം.194/2012 തീയതി 20-5-2015-ലെ ഉത്തരവുകൾ വളരെ അവ്യക്തതയാണ് സൃഷ്ടിക്കുന്നത്. ഇപ്പോൾ ലഭിച്ചിരുന്ന തുക വളരെയേറെ കുറഞ്ഞിരിക്കുന്നു. ഉദാഹരണമായി, കുലച്ച വാഴയ്ക്ക് 100 രൂപ ലഭിച്ചിരുന്ന സ്ഥാനത്ത് ഇന്ന് 3 രൂപയാണ് ലഭിക്കുന്നത്. അതോടൊപ്പംതന്നെ ഒരു റബ്ബർ മരം പോയാൽ 300 രൂപ ലഭിച്ചിരുന്ന സ്ഥാനത്ത് 40 രൂപയാണ് ലഭിക്കുന്നത്. ഒരു കവുങ്ങ് മറിഞ്ഞുപോയാൽ 150 രൂപ ലഭിച്ചിരുന്ന സ്ഥാനത്ത് 20 രൂപയാണ് ലഭിക്കുന്നത്. ഈ നിരക്കിലാണ് കർഷകർക്ക് ഇന്ന് തുക ലഭിക്കുന്നത്. ഇന്ന് വളരെയധികം ദുരിതവും ബുദ്ധിമുട്ടും അനുഭവിക്കുന്നവർ കർഷകരാണ്. നിലവിലുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുകയെന്നുള്ള ചർച്ചകൾ തുടരുന്ന സന്ദർഭത്തിലാണ് ഇടിത്തീപോലെ ഇത്തരമൊരു തീരുമാനമുണ്ടായിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ കർഷകവിരുദ്ധമായ നിലപാടുകളിലൂടെയാണ് ഇത് സംഭവിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ അനുഭാവപൂർവ്വമായ നിലപാട് സംസ്ഥാന ഗവൺമെന്റ് എടുത്ത് ഈ കർഷകരെ സംരക്ഷിക്കണം. ഏത്തവാഴ തൈ വാങ്ങണമെങ്കിൽ 15 രൂപ നൽകണം. ആ നിലയിൽ എല്ലാ തരത്തിലും വലിയ ബുദ്ധിമുട്ടാണ് കർഷകർ നേരിടുന്നത്. വ്യാപകമായ കാറ്റുമൂലം ഒട്ടേറെ കൃഷിനാശവും ധാരാളം വീടുകൾ തകർന്നിരിക്കുകയുമാണ്. അവർക്ക് അടിയന്തരമായി സഹായം ലഭ്യമാക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. അതിനാവശ്യമായ നടപടി കൈക്കൊള്ളണമെന്നതാണ് എന്റെ സബ്മിഷൻ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. റോഷി അഗസ്റ്റിൻ ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ പ്രധാനപ്പെട്ടതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 11-6-2012-ൽ കൃഷിനാശം സംബന്ധിച്ച നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചുകൊണ്ട് ഒരുത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിന്റെ ദുരന്ത നിവാരണ ഫണ്ട് വിനിയോഗം സംബന്ധിച്ചുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി കേന്ദ്ര ഗവൺമെന്റ് എടുത്തിരിക്കുന്ന നിലപാട് ഈ സഹായം നഷ്ടപരിഹാരമല്ല, മറിച്ച് അടിയന്തരാശ്വാസ ധനസഹായം (immediate relief) നൽകൽ മാത്രമാണെന്നാണ്. അതിന്റെ

അടിസ്ഥാനത്തിലാകുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നാമമാത്രമായ സഹായം മാത്രമെ ലഭിക്കുന്നുള്ളൂ. കർഷകർക്ക് അത്രയും തുക പര്യാപ്തമല്ല എന്നുള്ളത് തന്നെയാണ് ഗവൺമെന്റിന്റെ സമീപനം. കേന്ദ്ര ഗവൺമെന്റിന്റെ റൂൾ അനുസരിച്ചാണെങ്കിൽ നഷ്ടപരിഹാരത്തിന്റെ 75% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരും വഹിക്കണമെന്നാണ്. പക്ഷെ ആ തുക നാമമാത്രമാണ്. ആയതിനാൽ കൃഷിവകുപ്പ് ഇക്കാര്യം പരിശോധിച്ച് ഒരു പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഗവൺമെന്റ് ആ പ്രൊപ്പോസൽ എത്രയുംവേഗം പരിഗണിച്ച് ഒരു തീരുമാനമെടുക്കുന്നതാണ്. അങ്ങനെ തീരുമാനമെടുക്കുമ്പോൾ കേന്ദ്ര നിബന്ധനകൾക്ക് വിരുദ്ധമായി വർദ്ധിപ്പിക്കുന്ന തുക മുഴുവനും സംസ്ഥാന ഗവൺമെന്റ് വഹിക്കേണ്ടിവരും. കേന്ദ്ര ഗവൺമെന്റ് വഹിക്കുന്ന 75% എന്നുപറഞ്ഞത് അവരുടെ മാനദണ്ഡത്തിന് അനുസരിച്ച് മാത്രമുള്ള തുകയാണ്. എന്തായാലും കർഷകർക്ക് കുറച്ചുകൂടി സഹായം ലഭിക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. സംസ്ഥാന കൃഷികുപ്പ് അക്കാര്യം പരിശോധിച്ചുവരികയാണ്. എത്രയുംവേഗം ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

### 3. എസ്.സി. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്

<u>ശ്രീ. കെ. രാജു</u> : സർ, നേരത്തെ ഈ വിഷയം ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളതാണ്. വനമേഖലയിലും തമിഴ് നാടിനോടുചേർന്ന മേഖലകളിലുമായി തമിഴ്നാട്ടിൽനിന്നുവന്ന് സ്ഥിരമായി താമസിക്കുന്ന തമിഴ് വംശജരായ ആളുകളും അതുപോലെതന്നെ സിലോണിൽ നിന്ന് ഇവിടത്തെ റീഹാബിലേറ്റഷൻ പ്ലാന്റേഷനിൽ ജോലിക്കായി മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയും ശ്രീലങ്കൻ മുൻ പ്രധാനമന്ത്രി സിരിമാവോ ബണ്ഡാരനായകെയും തമ്മിലുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്ന് താമസിപ്പിച്ചിരിക്കുന്നവരടക്കമുള്ള ആയിരക്കണക്കിന് തമിഴ് കുടുംബങ്ങളുമുണ്ട്. അതിൽ ബഹുഭൂരിപക്ഷവും എസ്.സി. വിഭാഗത്തിൽപ്പെടുന്നവരാണ്. ഇവർക്ക് മുമ്പ് എസ്.സി. സർട്ടിഫിക്കറ്റ് ലഭിച്ചിരുന്നു. ഭരണഘടനാപരമായി എസ്.സി. വിഭാഗത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ എസ്.സി. സർട്ടിഫിക്കറ്റ് ലഭിക്കാത്തതുകൊണ്ട് ഇപ്പോൾ ഇവർക്ക് നിഷേധിക്കപ്പെടുകയാണ്. വിദ്യാഭ്യാസ

ആവശ്യങ്ങൾക്കുവേണ്ടി കോളേജുകളിൽ ഹാജരാക്കുന്നതിനും അഡ്മിഷൻ ലഭിക്കുന്നതിനും വളരെ ബുദ്ധിമുട്ടാണ്. അവർ എസ്.സി. ആണെന്ന് അപേക്ഷയിൽ രേഖപ്പെടുത്തിക്കൊടുത്തതിനുശേഷം എസ്.സി. സർട്ടിഫിക്കറ്റ് ഹാജരാക്കാൻ അധികാരികൾ സമയം കൊടുക്കുകയാണ് ചെയ്യുന്നത്. എന്നാൽ സർട്ടിഫിക്കറ്റിനു വേണ്ടി അപേക്ഷിച്ചാൽ റവന്യൂ അധികാരികൾ സർട്ടിഫിക്കറ്റ് കൊടുക്കുന്നില്ല. കാരണം, 50 വർഷംമുമ്പുള്ള അവരുടെ ചരിത്രം പരിശോധിച്ചതിനുശേഷം മാത്രമേ സർട്ടിഫിക്കറ്റ് കൊടുക്കാവൂ എന്ന വ്യവസ്ഥ നിലവിൽവന്നുവെന്നുള്ളതുകൊണ്ട് ഈ വിഭാഗം അനുഭവിക്കുന്ന ബുദ്ധിമുട്ട് വളരെ വലുതാണ്. കരാറടിസ്ഥാനത്തിൽ റീഹാബിലിറ്റേഷൻ പ്ലാന്റിൽ ജോലിക്ക് വന്നിട്ടുള്ളവരുടെ അടുത്ത തലമുറയിൽപ്പെട്ട ആളുകൾക്ക് ജാതി സർട്ടിഫിക്കറ്റില്ലാത്തതുകൊണ്ട് വർക്കറായി ജോലി കിട്ടുന്നതിനുപോലും തടസ്സം നേരിടുകയാണ്. അവർക്ക് താൽക്കാലിക നിയമനം നൽകി നീട്ടിക്കൊണ്ടുപോവുകയാണ്. അവരെ സ്ഥിരപ്പെടുത്തുന്നില്ല. ഫാമിലി കാർഡിൽ എസ്.സി. ആണോ എന്നെഴുതിയിട്ടില്ല എന്നുള്ള കാരണത്താലാണ് അവർക്ക് എസ്.സി. സർട്ടിഫിക്കറ്റ് ലഭിക്കാത്തതെന്നാണ് പറയുന്നത്. അതുകൊണ്ട് ധാരാളം ജനങ്ങൾ യഥാർത്ഥത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഇത് പുനലൂർ നിയോജകമണ്ഡലത്തിന്റെ ഭാഗത്തുമാത്രമല്ല, സംസ്ഥാനത്ത് പലഭാഗത്തുമുള്ള ആളുകൾക്കും ഈ പ്രശ്നമുണ്ട്. ഇക്കാര്യത്തിന് ശാശ്വത പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി താല്പര്യമെടുത്ത് ബന്ധപ്പെട്ട വകുപ്പുകളുടെ ഒരു യോഗം വിളിച്ചുകൂട്ടി ഇതിനൊരു പരിഹാരം കാണാനും ഇവർക്ക് ഭരണഘടനാപരമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള തടസ്സം ഒഴിവാക്കുന്നതിനും ആവശ്യമായ നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച കാര്യം ശരിയാണ്. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് ഗവൺമെന്റ് ആഗ്രഹിച്ചിട്ടും നടക്കാത്ത സ്ഥിതിയാണുള്ളത്. കാരണം, അതുസംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ വ്യക്തമായ ഒരു ഡയറക്ഷനുണ്ട്. അതായത്, കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം ഒരു സംസ്ഥാനത്തിന്റെ പട്ടികജാതി ലിസ്റ്റിലെ ഏതെങ്കിലും സമുദായത്തിൽപ്പെട്ടതായി സാക്ഷ്യപത്രം ലഭിക്കേണ്ട വ്യക്തി ഏത് സംസ്ഥാനത്തുനിന്നാണോ 1950-നുമുമ്പ് കുടിയേറിയത് ആ സംസ്ഥാനത്തിലെ പട്ടികജാതി ലിസ്റ്റിലെ അംഗീകരിക്കപ്പെട്ട സമുദായത്തിൽപ്പെട്ട

ആളായിരിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. സംസ്ഥാനങ്ങൾ തിരിച്ചുള്ള ലിസ്റ്റുകൾ 1950-ൽ മാത്രമേ പുറപ്പെടുവിച്ചിട്ടുള്ളൂ എന്നിരിക്കെ 1950-നുമുമ്പ് കുടിയേറിയവരെ സംബന്ധിച്ച് ഇപ്രകാരം നിഷ്കർഷിച്ചിരിക്കുന്ന നിബന്ധന നടപ്പിലാക്കുന്നതിൽ പ്രായോഗിക വൈഷമ്യം ഉള്ളതായി ഗവണ്മെന്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. പക്ഷെ ഈ കാര്യം കേന്ദ്ര മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും പ്രായോഗികമായി ഇതിനൊരു പരിഹാരമുണ്ടാക്കണമെന്ന് അറിയിക്കുകയും ചെയ്തിട്ടും ഇതുവരെയും മറുപടി കിട്ടുന്നില്ല. ഒരു വശത്ത് 1950-ലെ ലിസ്റ്റ് പ്രകാരം എന്ന് വ്യക്തമാക്കുന്നുവെങ്കിലും അങ്ങനെയുള്ള റിക്കാർഡുകൾ ഇല്ലാത്തതിന് എന്തുവേണമെന്നതിനെ സംബന്ധിച്ച് കേന്ദ്ര മന്ത്രാലയം നിശ്ശബ്ദരായിരിക്കുകയാണ്. അതുകൊണ്ട് 1950-നുമുമ്പ് സംസ്ഥാനത്ത് കുടിയേറിയവരാണെന്ന് തെളിയിക്കാൻ രേഖകളില്ലാത്തതിനാൽ മാത്രം പട്ടികജാതി വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കുന്നില്ലെന്ന് വീണ്ടും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ഇതുസംബന്ധിച്ച് ഒരു തീരുമാനമുണ്ടാക്കുന്നതിനും പരമാവധി ശ്രമിക്കുന്നതാണ്. ഇന്ന് ഇവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

## 4. ആസ്തി വികസന ഫണ്ടിന്റെ പ്രവർത്തന പുരോഗതി

ശ്രീ. കെ. മുരളീധരൻ : സർ, ഈ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കിയ എം.എൽ.എ.-മാർക്കുള്ള ആസ്തിവികസന ഫണ്ട് സംസ്ഥാനത്തെ അടിസ്ഥാനസൗകര്യ വികസനരംഗത്ത് വളരെയധികം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. സംസ്ഥാനത്ത് കഴിഞ്ഞ നാലുവർഷംകൊണ്ട് ഏതാണ്ട് 2,800 കോടി രൂപയുടെ വികസന നിർമ്മാണ പ്രവർത്തനങ്ങളാണ് ഇതിലൂടെ സാധ്യമായത്. നിയമസഭയുടെ കാലാവധി പൂർത്തിയാകുന്ന വർഷമെന്നുള്ള നിലയിൽ ഈ പദ്ധതിപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കേണ്ടതിന്റെയും ഏറ്റെടുത്ത മുഴുവൻ പ്രവർത്തനങ്ങളും സമയബന്ധിതമായി പരമാവധി ആറുമാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതിന്റെയും ആവശ്യകതയെപ്പറ്റി സർക്കാരിന്റെ സത്വരശ്രദ്ധ ക്ഷണിക്കുകയാണ്. നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയുടെ നടത്തിപ്പിൽ ഏറ്റവും വലിയ തടസ്സമായി കാണുന്നത് പ്രസ്തുത വികസന പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിന് ജില്ലാതലത്തിൽ ഒരു സംവിധാനം ഇല്ലെന്നുള്ളതാണ്. അതേസമയം എം.എൽ.എ.-മാരുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് അനുസരിച്ചുള്ള

പദ്ധതികൾ ജില്ലാ കളക്ടറേറ്റ് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ തലത്തിൽ മോണിറ്റർ ചെയ്യുന്നതിന് ഒരു സംവിധാനം ഇപ്പോഴുണ്ട്. അതേസമയം അതിനേക്കാൾ ഏതാണ്ട് അഞ്ചിരട്ടി തുക ചെലവിടുന്ന അസറ്റ് ഡെവലപ്മെന്റ് ഫണ്ട് പ്രവർത്തനങ്ങൾ യഥാസമയം നിരീക്ഷിക്കാൻ വ്യവസ്ഥാപിതമായിട്ടുള്ള മാർഗ്ഗമില്ലായെന്നുള്ളത് ഇതിന്റെ പ്രധാന തടസ്സമാണ്. ആസ്തിവികസന ഫണ്ട് പ്രകാരമുള്ള പദ്ധതികൾ സംസ്ഥാനത്ത് പ്ലാൻ ഫണ്ടിന്റെ പരിധിയിൽ വരുന്നതിനാൽ ഈ പദ്ധതിയുടെ പുരോഗതി നിരീക്ഷണത്തിന് ജില്ലാ പ്ലാനിംഗ് ഓഫീസ് കേന്ദ്രമാക്കി പ്രത്യേക സംവിധാനം രൂപീകരിക്കുന്നത് വളരെ സഹായകരമായിരിക്കും. അതുപോലെ വളരെ ഗൗരവമുള്ള കാര്യമാണ് അസറ്റ് ഡെവലപ്മെന്റ് പദ്ധതി അനുസരിച്ചുള്ള പ്രവൃത്തികളുടെ പേമെന്റ് സംവിധാനത്തിൽ നിലവിലുള്ള അസാധാരണമായ കാലതാമസം. അതായത് അസറ്റ് ഫണ്ട് വർക്കുകളുടെ ബില്ലുകൾ മറ്റ് ഡിപ്പാർട്ടുമെന്റുകളിലെ വർക്കുകളോടൊപ്പം പൊതു സീനിയോറിറ്റിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ മിക്ക പ്രവൃത്തികളും മുടങ്ങിക്കിടക്കുകയാണ്. കോൺട്രാക്ടർമാർക്ക് ധാരാളം കുടിശ്ശിക കിട്ടാനുള്ളതുകൊണ്ടും ഇതിന് പ്രയോറിറ്റി ഇല്ലാത്തതുകൊണ്ടും രണ്ടുംമൂന്നും തവണ ടെണ്ടർ വിളിച്ചാൽപ്പോലും എടുക്കാൻ ആളില്ലാത്ത സ്ഥിതിയാണ്. ഞാൻ മനസ്സിലാക്കുന്നത് സംസ്ഥാനത്ത് മുഴുവൻ ഈ പ്രശ്നങ്ങൾ നിലവിലുണ്ട് എന്നുള്ളതാണ്. എനിക്ക് ചെറിയ ചില നിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ളത്, നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയുടെ പുരോഗതി നിരീക്ഷിക്കുന്നതിന് ജില്ലാ പ്ലാനിംഗ് ഓഫീസിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും എല്ലാമാസവും എം.എൽ.എ.-മാർ, ജില്ലാ കളക്ടർ, നിർവ്വഹണ ഏജൻസികൾ തുടങ്ങിയവരെ ഉൾപ്പെടുത്തിക്കൊണ്ട് മോണിറ്ററിംഗ് കമ്മിറ്റികൾ വിളിച്ചുചേർക്കേണ്ടതുമാണ്. അതുപോലെ നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിപ്രകാരമുള്ള പേമെന്റുകൾക്കായി പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് സീനിയോറിറ്റി സംവിധാനം നടപ്പിലാക്കി മുഴുവൻ ബില്ലുകളും സമയബന്ധിതമായി പാസ്സാക്കണം. നിയമസഭയുടെ കാലാവധി അവസാനിക്കുന്ന വർഷമെന്നുള്ള നിലയിൽ 2015-16 വർഷത്തെ മുഴുവൻ പദ്ധതികളുടെയും ഭരണാനുമതി 2015 ആഗസ്റ്റ് മാസം 31-ാം തീയതിക്കുമുമ്പായി പുറപ്പെടുവിക്കുന്നതിന് ഫലപ്രദമായിട്ടുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രായോഗികമായിട്ടുള്ള ബുദ്ധിമുട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പക്ഷെ, നിലവിലുള്ള സംവിധാനമനുസരിച്ച് മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നതിന് സാങ്കേതിക തടസ്സമുണ്ട്. ഒരു വർഷം 705 കോടി രൂപയാണ് ആസ്തിവികസന ഫണ്ടായി വരുന്നത്. പദ്ധതിയിതര വിഭാഗത്തിലാണ് ഇത് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ഇത് പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ വരുന്നില്ല. ആസ്തിവികസന ഫണ്ടിന്റെ എ.എസ്. കൊടുക്കേണ്ടതും ഭരണ നിർവ്വഹണ ചുമതല വഹിക്കുന്നതും അതാത് വകുപ്പുതലവൻമാരാണ്. ഏതു വകുപ്പിലേയ്ക്കാണോ എഴുതിക്കൊടുക്കുന്നത് ആ വകുപ്പിന്റെ തലവനാണ് അതുസംബന്ധിച്ച കാര്യങ്ങൾ നോക്കേണ്ടത്. ആസ്തിവികസന പദ്ധതിയുടെ കീഴിൽ എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അതാത് വകുപ്പുകൾക്കുവേണ്ടി വെവ്വേറെ ഹെഡ് ഓഫ് അക്കൗണ്ടുകളാണ് നിലവിലുള്ളത്. വിവിധ വകുപ്പുകളുടെ കീഴിൽ ചെലവുകൾ വകയിരുത്തുന്നതിനായി പൊതുവായി ഒരു ഹെഡ് ഓഫ് അക്കൗണ്ട് തുറക്കുന്നത് പ്രായോഗികമല്ല. ആസ്തിവികസന ഫണ്ട് ഒന്നായി കണ്ടുകൊണ്ട് അതിനൊരു പ്രത്യേക അക്കൗണ്ട് തുറക്കുന്നത് പ്രായോഗികമല്ലാതെ വരികയും ഏത് വകുപ്പിലേയ്ക്കാണോ എം.എൽ.എ.-മാർ എഴുതിക്കൊടുക്കുന്നത് ആ വകുപ്പിന്റെ കീഴിലുള്ള ഒരു വർക്കായിവരികയും ചെയ്യും. ആ വകുപ്പിന്റെ കീഴിലുള്ള ഒരു വർക്ക് നടപ്പിലാക്കുന്നതിന് എന്തൊക്കെയാണോ നടപടിക്രമങ്ങൾ അതെല്ലാം പാലിച്ചുകൊണ്ടായിരിക്കും നടപടി എടുക്കുന്നത്. പൊതുമരാമത്ത്, ജലസേചനം, വനം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ നാല് വകുപ്പുകളുടെ ബില്ലുകൾ നിലവിൽ മറ്റു വർക്കുകൾക്കൊപ്പം സീനിയോറിറ്റി സംവിധാനത്തിൽ പരിഗണിക്കണമെന്ന ഹൈക്കോടതിയുടെ ഉത്തരവ് നിലവിലുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള സീനിയോറിറ്റിയുടെ പ്രശ്നവുമുണ്ട്. അങ്ങനെ വരുമ്പോൾ കോൺട്രാക്ടർമാർക്ക് ബുദ്ധിമുട്ടുണ്ടാകും. പക്ഷെ അത് ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. ബഹുമാനപ്പെട്ട മെമ്പർ ഈ വിഷയം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ കോടതിയിൽനിന്ന് ആസ്തിവികസന ഫണ്ടിന് ഇളവ് കിട്ടുമോയെന്ന കാര്യം നിയമപരമായി, അതായത് ഇവിടെ പ്രകടിപ്പിച്ച വികാരങ്ങൾ ഒരു അപേക്ഷയിലൂടെ കോടതിയെ

അറിയിച്ച് മാറ്റമുണ്ടാക്കാൻ കഴിയുമോയെന്ന് ആലോചിക്കുന്നതാണ്. ആസ്തിവികസന ഫണ്ടിന്റെ പ്രവർത്തനങ്ങൾ ഏറ്റവും കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് വകുപ്പദ്ധ്യക്ഷൻമാർക്ക് വ്യക്തമായ നിർദ്ദേശങ്ങൾ കൊടുക്കുന്നതാണ്.

## 5. കോട്ടയം ടെക്സ്റ്റൈയിൽസ് നേരിടുന്ന പ്രതിസന്ധി

ശ്രീ. മോൻസ് ജോസഫ് : സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന കോട്ടയം ടെക്സ്റ്റൈൽസ് ഇപ്പോൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. 300 -ഓളം പുരുഷ-വനിതാ ജീവനക്കാരാണ് ഇവിടെ ജോലി ചെയ്യുന്നത്. ഈ സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ raw material (പഞ്ഞി) ഇല്ലാതായിട്ട് മാസങ്ങൾ കഴിയുകയാണ്. ലാഭകരമായി പ്രവർത്തിച്ചിരുന്ന ഒരു സ്ഥാപനമാണിത്. പഞ്ഞി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് തൊഴിലാളിസംഘടനകൾ പല പ്രാവശ്യം ഗവൺമെന്റിനെ സമീപിച്ചു. കേരളത്തിലെ വിവിധ മില്ലുകളിൽ ഈ പ്രശ്നം നിലനിൽക്കുന്നുവെന്നുള്ളത് വസ്തുതയാണ്. സംസ്ഥാനത്തൊട്ടാകെ ഈ പ്രതിസന്ധി പരിഹരിക്കാൻ ഗവൺമെന്റ് ഇടപെടേണ്ടതായിട്ടുണ്ട്. കാലങ്ങളായി നല്ല ലാഭത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനമെന്ന നിലയിൽ കോട്ടയം ടെക്സ്റ്റയിൽസിലെ പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ ഫണ്ട് ഗവൺമെന്റ് അനുവദിക്കേണ്ടതായിട്ടുണ്ട്. അതിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ഫണ്ട് കിട്ടുന്നതോടൊപ്പം തൊഴിലാളികളിൽ നിന്നും പിരിച്ച പി.എഫ്. വിഹിതത്തിൽ ഏതാണ്ട് ഒരു കോടിയോളം രൂപയും ഇ.എസ്.ഐ., എൽ.ഐ.സി., സൊസൈറ്റി, ഗ്രാറ്റുവിറ്റി ഇവയ്ക്കെല്ലാം ചേർത്ത് ഏതാണ്ട് 25 ലക്ഷം രൂപയും അടയ്ക്കാനുണ്ട്. ഇത്തരം കാര്യങ്ങൾക്കൊന്നും ഒരു പരിഹാരവുമാകുന്നില്ലെന്ന പ്രതിസന്ധിയും നിലനിൽക്കുകയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഫണ്ട് അനുവദിക്കുവാനുള്ള നടപടി വ്യവസായ വകുപ്പിൽനിന്നും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കോട്ടയം ടെക്സ്റ്റൈയിൽസിന് 24 ഏക്കർ സ്ഥലമാണ് മൊത്തത്തിലുള്ളത്. 10 ഏക്കർ സ്ഥലത്താണ് കമ്പനി സ്ഥിതി ചെയ്യുന്നത്. ബാക്കി വരുന്ന സ്ഥലം വെറുതേ കിടക്കുകയാണ്. ഈ സ്ഥലം പ്രയോജനപ്പെടുത്തി വ്യവസായ വകുപ്പിന്റെ കീഴിൽ ഒരു സംരംഭം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഞങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് ഒരു നെയ്ത്തുശാല ആരംഭിക്കാൻ കഴിഞ്ഞാൽ കേരളത്തിലെ മുഴുവൻ സർക്കാർ സ്കൂളുകളിലെയും കുട്ടികൾക്ക് ഉപയോഗിക്കാൻ കഴിയുന്ന

രീതിയിൽ ഈ നെയ്ത്തുശാലയിൽനിന്നും തുണി നെയ്ത് നല്ലനിലയിൽ ലാഭകരമായി പ്രവർത്തിപ്പിക്കാനും സംസ്ഥാനത്തിന് മുഴുവൻ അത് പ്രയോജനകരമായിത്തീരുകയും ചെയ്യും. ഇത്തരത്തിലുള്ള ഒരു പദ്ധതിയുടെ ഫീസിബിലിറ്റി പരിശോധിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. കോട്ടയം ടെക്സ്റ്റൈയിൽസുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനെക്കുറിച്ചും ഇവിടെ നടപ്പാക്കാൻ കഴിയുന്ന പുതിയ വികസന കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും ഗവൺമെന്റ് ട്രേഡ് യൂണിയനുകളെക്കൂടി ഉൾപ്പെടുത്തി ഒരു ഉന്നതതലയോഗം വിളിച്ചുചേർക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കോട്ടയം ടെക്സ്റ്റയിൽസിനെ അടച്ചുപൂട്ടൽ ഭീഷണിയിൽ നിന്ന് രക്ഷിക്കാൻ ഗവൺമെന്റിന്റെ സഹായമുണ്ടാകണം; അതിനാവശ്യമായ ഫണ്ട് അനുവദിക്കണമെന്നുകൂടി ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, കേരളത്തിൽ മാത്രമല്ല, രാജ്യത്തൊട്ടാകെ തന്നെ ടെക്സ്റ്റയിൽസ് മേഖല പ്രതിസന്ധിയിലാണ്. ടെക്സ്റ്റൈയിൽസ് മേഖലയാകെ ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എല്ലാവർഷവും കുറച്ച് ഫണ്ട് നൽകിക്കൊണ്ട് മില്ലുകളെ നിലനിർത്തിപ്പോകുകയാണ് ചെയ്യുന്നത്. കോട്ടയം ടെക്സ്റ്റയിൽസ് ഉൾപ്പെടെ ടെക്സ്റ്റൈയിൽസ് കോർപ്പറേഷന് കീഴിലുള്ള എല്ലാ മില്ലുകൾക്കും ഗവൺമെന്റ് ഇക്കൊല്ലം കുറച്ച് ഫണ്ട് അടിയന്തരമായി കൊടുക്കുന്നുണ്ട്. ടെക്സ്റ്റൈയിൽസ് കോർപ്പറേഷൻ ലെഡ്ജർ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള 500 ലക്ഷം രൂപ ഉടനെതന്നെ കൊടുക്കുന്നതാണ്. അതിൽ 155 ലക്ഷം രൂപ കോട്ടയം ടെക്സ്റ്റൈയിൽസിനാണ്. എന്തായാലും മില്ലിന്റെ ഇന്നത്തെ സാമ്പത്തിക ബുദ്ധിമുട്ടിനാവശ്യമായ സഹായവുമായി ഗവൺമെന്റ് മുന്നോട്ടുവരും. അതിനായി സൗകര്യപ്രദമായ ഒരു തീയതി കണ്ടെത്തി ട്രേഡ് യൂണിയനുകളുടെ യോഗം വിളിച്ച് ചേർത്ത് ചർച്ച നടത്തുന്നതിൽ ഗവൺമെന്റിന് ബുദ്ധിമുട്ടില്ല.

## 6. റോഡ് പുനർനിർമ്മാണം

ശ്രീ. എ. എം. ആരിഫ് : സർ, അരൂർ നിയോജകമണ്ഡലത്തിലെ തുറവൂർ മുതൽ കുമ്പളങ്ങിവരെ നാലുപഞ്ചായത്തുകളിലായി നീണ്ടുകിടക്കുന്ന റോഡാണ് തുറവൂർ-കുമ്പളങ്ങി റോഡ്. നാലുപഞ്ചായത്തുകളിലായി ആശുപത്രികൾ, വിദ്യാലയങ്ങൾ തുടങ്ങിയവ സ്ഥിതി ചെയ്യുന്നതും പതിനായിരക്കണക്കിനാളുകൾ സഞ്ചരിക്കുകയും ചെയ്യുന്ന വളരെ സുപ്രധാനമായ റോഡാണ്. ആ റോഡ് താറുമാറായി കിടക്കുന്ന

സമയത്താണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി പ്രസ്തുത റോഡിനുള്ള തുക അനുവദിച്ചത്. 2010-ൽ ടെണ്ടർ ചെയ്തപ്പോൾ ആ വർക്ക് ഒരു കോൺട്രാക്ടർ ഏറ്റെടുത്തെങ്കിലും ഇടയ്ക്കുവച്ച് നിർത്തിപോയി. പിന്നീട് റിസ്ക് ആന്റ് കോസ്റ്റിൽ അയാളെ ടെർമിനേറ്റ് ചെയ്ത് പുതിയതായി ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും വർക്ക് ഏറ്റെടുത്തില്ല. അതിനുശേഷം വീണ്ടും ക്വട്ടേഷൻ ക്ഷണിച്ച് റോയ്സ് എന്ന കോൺട്രാക്ടർ ആ വർക്ക് ഏറ്റെടുത്തെങ്കിലും ഇപ്പോൾ അയാൾ അധിക തുക ചോദിച്ചിരിക്കുകയാണ്. അത് ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയിലാണ്. ഈ റോഡിന്റെ ശോചനീയാവസ്ഥ കണക്കിലെടുത്ത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിതന്നെ ഒരു മീറ്റിംഗ് വിളിച്ചുചേർത്ത് ഒരു കോടി രൂപ മെയിന്റനൻസിനായി നൽകി താൽക്കാലികമായി മെയിന്റനൻസ് നടത്തിയെങ്കിലും അതുകൊണ്ടൊന്നുമായിട്ടില്ല. അഗാധ ഗർത്തങ്ങൾമൂലം റോഡിലൂടെ സഞ്ചരിക്കാൻ ഒരു മാർഗ്ഗവുമില്ല. ജനങ്ങളാകെ ബുദ്ധിമുട്ടിലാണ്. ധാരാളം സംഘടനകൾ അനുദിനം ശയനപ്രദക്ഷിണം ഉൾപ്പെടെയുള്ള സമരത്തിന്റെ വിവിധ രൂപങ്ങൾ നടത്തുകയാണ്. എറണാകുളം ജില്ലയുമായി ബന്ധിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു റോഡാണിത്. ആ റോഡിന്റെ ദുരവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ ഒന്നുകിൽ ടെണ്ടർ കമ്മിറ്റിയിൽ വച്ചിരിക്കുന്നതിലധിക തുക നൽകിയോ അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ എത്രയുംവേഗം നടപടി സ്വീകരിക്കണം. ബസ്, ഓട്ടോ സർവ്വീസുകൾ നിർത്തിവച്ചിരിക്കുകയാണ്. ജനങ്ങളാകെ ബുദ്ധിമുട്ടിലാണ്. അടിയന്തരമായി അങ്ങ് ഇടപെട്ട് ഈ റോഡിന്റെ പുനർനിർമ്മാണം നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, അരൂർ നിയോജകമണ്ഡലത്തിലെ തുറവൂർ-കുമ്പളങ്ങി റോഡിന്റെ പുനർനിർമ്മാണ ത്തിനായി 390 ലക്ഷം രൂപയുടെ ഭരണാനുമതി 14-7-2009-ൽ നൽകുകയും 27-2-2010-ൽ പണി ആരംഭിക്കുകയും ചെയ്തു. എന്നാൽ കരാറുകാരൻ പണി ഇടയ്ക്കുവച്ച് നിർത്തിയതിനാൽ കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ പ്രവൃത്തി 16-11-2013-ൽ ടെർമിനേറ്റ് ചെയ്യുകയാണുണ്ടായത്. പിന്നീട് 23-1-2014-ൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി ഒരു കോടി രൂപ അനുവദിക്കുകയും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുകയും ചെയ്തു. പിന്നീട് ടെർമിനേറ്റ് ചെയ്യപ്പെട്ട ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് 24-3-2014-ൽ ടെണ്ടർ ക്ഷണിച്ചുവെങ്കിലും കരാറുകാർ

ആരും പങ്കെടുത്തില്ല. റീ-ടെണ്ടർ ചെയ്തിട്ടും പ്രതികരണമുണ്ടാകാത്തതിനാൽ ക്വട്ടേഷൻ ക്ഷണിക്കുകയുണ്ടായി. ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിരിക്കുന്നത് എസ്റ്റിമേറ്റിനേക്കാൾ 250% ഉയർന്ന തുകയ്ക്കാണ്. ഈ ക്വട്ടേഷന് സർക്കാരിന്റെ അംഗീകാരം ലഭിക്കുകയില്ല. ആയതിനാൽ പുതിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇന്നലെ ഈ സബ്മിഷൻ ലഭിച്ചയുടൻ തന്നെ ചീഫ് എഞ്ചിനീയറുമായും മറ്റ് ഉദ്യോഗസ്ഥരുമായും ഇക്കാര്യത്തെപ്പറ്റി ചർച്ച നടത്തി. കഴിയുന്നത്രവേഗം റീകാസ്റ്റ് ചെയ്ത് റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## 7. മേലോത്തുങ്കൽ ബാലഗോപാലക്ഷേത്ര പരിസരത്തുണ്ടായ സംഘർഷം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : സർ, ജൂൺ മാസം 2-ാം തീയതി വൈകുന്നേരം എന്റെ നിയോജകമണ്ഡലത്തിലെ ഉദുമ പഞ്ചായത്തിലെ മാങ്ങാട് ടൗണിൽവച്ച് കോൺഗ്രസിന്റെയും സി.പി.ഐ.(എം)-ന്റെയും പ്രവർത്തകർ തമ്മിലുണ്ടായ ചില അസ്വാരസ്യങ്ങളെത്തുടർന്ന് ചില പ്രശ്നങ്ങളുണ്ടായി. ബേക്കൽ പോലീസിന്റെ വണ്ടി അതുവഴി കടന്നുപോകുമ്പോൾ കോൺഗ്രസിന്റെ പ്രവർത്തകരും മുസ്ലീം സുഹൃത്തുക്കളുമായ ചില ആളുകളും ഈ സ്ഥലത്തുനിന്നും ഓടി പള്ളിയിൽ കയറി. കയറിയവരെ പിടിക്കാനായി പള്ളിയുടെ അടുത്ത് ചെന്നപ്പോൾ അങ്ങോട്ടുമിങ്ങോട്ടും കല്ലേറ് നടന്നതിന്റെ ഫലമായി ക്രിമിനലായ ഒരു കോൺഗ്രസ് പ്രവർത്തകനെ അറസ്റ്റ് ചെയ്യുകയും ഇപ്പോൾ ജാമ്യം കിട്ടാത്ത വകുപ്പിൽ അയാൾ ജയിലിൽ കിടക്കുകയുമാണ്. ഇതുമായി ബന്ധപ്പെട്ട് സി.പി.ഐ.(എം)-ന്റെയും കോൺഗ്രസിന്റെയും ചില പ്രവർത്തകർ തമ്മിൽ അവിടെ ചില പ്രശ്നങ്ങളുണ്ടാകുകയും പോലീസും ബന്ധപ്പെട്ട രാഷ്ട്രീയ പാർട്ടി പ്രതിനിധികളും ചേർന്ന് ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു. എന്നാൽ പിറ്റേദിവസം 3-ാം തീയതി രാവിലെ തൊട്ടടുത്തുള്ള ബാലഗോപാല ക്ഷേത്ര മുറ്റത്തുവച്ച് ചില സംഭവം നടന്നുവെന്നതിന്റെ പേരിൽ ഹിന്ദുക്കളും മുസ്ലീങ്ങളും വെവ്വേറെ സംഘടിച്ച് സംഘട്ടനമുണ്ടാകുന്ന സ്ഥിതിയിലേക്കെത്തി. പോലീസും ജില്ലാ കളക്ടറും എം.എൽ.എ. എന്ന നിലയ്ക്ക് ഞാനും ബന്ധപ്പെട്ട നാട്ടുകാരുമെല്ലാം ചേർന്ന് ആ പ്രശ്നം സമാധാനമായി പരിഹരിക്കാൻ തീരുമാനിക്കുകയും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ബന്ധപ്പെട്ട എസ്.പി.-യും കളക്ടറും ജനങ്ങൾക്ക് ഉറപ്പുനൽകുകയും ചെയ്തു. ഈ ക്ഷേത്രത്തിൽ പ്രശ്നമുണ്ടാക്കാൻ ശ്രമിച്ച ആളുകളെക്കുറിച്ച് ഞങ്ങൾക്ക് ധാരണയുണ്ടെന്നും അടിയന്തരമായി അറസ്റ്റുചെയ്യുമെന്നും പോലീസ് പറഞ്ഞു. ജൂൺ മാസം 3-ാം തീയതി നടന്ന

സംഭവം കഴിഞ്ഞിട്ട് ഏതാണ്ട് ഒരു മാസം തികയുകയാണ്. ഇന്നുവരെ ആരെയും അറസ്റ്റ് ചെയ്യുവാനോ നടപടി സ്വീകരിക്കുവാനോ പോലീസ് തയ്യാറായിട്ടില്ല. ക്ഷേത്ര കമ്മിറ്റിക്കാരോട് കൂടുതൽ പ്രശ്നമുണ്ടാക്കരുതെന്ന് ഞങ്ങൾ അഭ്യർത്ഥിച്ചതിന്റെ ഫലമായാണ് അവർ സമാധാനപരമായി നിലകൊള്ളുന്നത്. എന്നാലവിടെ വർഗ്ഗീയ സംഘർഷമുണ്ടാകാവുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോയിക്കൊണ്ടിരിക്കുകയാണ്. പോലീസ് അടിയന്തരമായി ഇടപെട്ട് ഈ സംഭവത്തിലെ പ്രതികളെ അറസ്റ്റ് ചെയ്ത് നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നില്ലെങ്കിൽ അവിടെ വലിയ പ്രശ്നമുണ്ടാകുമെന്ന് എല്ലാവർക്കുമറിയാം. കാസർഗോഡാണ് പ്രശ്നം നടന്നിരിക്കുന്നത്. കാസർഗോഡ് ജില്ലയുടെ ചാർജ് ശ്രീ. കെ. പി. മോഹനനാണ്. അദ്ദേഹത്തിന്റെ സഹായവും കിട്ടും. ആഭ്യന്തര വകുപ്പുമന്ത്രി പോലീസുമായി ബന്ധപ്പെട്ട് ഈ പ്രശ്നം എത്രയുംവേഗം പരിഹരിക്കണം. ജൂലൈ മാസം 5-ാം തീയതി ക്ഷേത്രകമ്മിറ്റിക്കാർ പോലീസ് സ്റ്റേഷൻ മാർച്ച് നിശ്ചയിച്ചിരിക്കുകയാണ്. നേരത്തെ നടത്താൻ നിശ്ചയിച്ചിരുന്ന പോലീസ് സ്റ്റേഷൻ മാർച്ച് മാറ്റാനായി ഞങ്ങളെല്ലാം ശ്രമം നടത്തിയതാണ്. എന്നാൽ അത് മാറ്റി മാറ്റി ഇപ്പോൾ 5-ാം തീയതി വീണ്ടും പോലീസ് സ്റ്റേഷൻ മാർച്ച് സംഘടിപ്പിച്ചിരിക്കുകയാണ്. അതോടെ അവിടെ വലിയ പ്രശ്നം വരാൻ പോകുകയാണ്. ആഭ്യന്തര വകുപ്പുമന്ത്രി അടിയന്തരമായി ഇടപെട്ട് പ്രതികളെ അറസ്റ്റുചെയ്ത് നിയമത്തിനു മുമ്പിൽ കൊണ്ടുവരണം. ശാശ്വതമായി, സമാധാനപരമായി ഈ പ്രശ്നം പരിഹരിക്കാൻവേണ്ട സഹായം ചെയ്യണമെന്ന് അഭ്യർത്ഥിക്കാൻ വേണ്ടിയാണ് ഈ സബ്മിഷൻ ഈ സഭയിൽ ഉന്നയിച്ചത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, വളരെ ഗൗരവമുള്ള വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നത് പൊതുജന താൽപ്പര്യങ്ങൾക്ക് ഗുണകരമല്ലായെന്നുള്ളതാണ് എന്റെ വിലയിരുത്തൽ. ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ച എല്ലാ സംഭവങ്ങളും ശരിയാണ്. അവിടെ ഒരു വർഗ്ഗീയമായ ചേരിതിരിവുണ്ടാവുകയും സംഘർഷങ്ങൾ വളരാനുള്ള സാധ്യതകൾ ഉള്ളതുകൊണ്ടും ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ സംഭവം നടന്ന് പത്ത് മിനിറ്റിനുള്ളിൽ എസ്.പി. സ്ഥലത്തെത്തുകയും അവിടെ നിരോധനാജ്ഞ പ്രഖ്യാപിക്കുകയും ശക്തമായ പോലീസ് ബന്ദവസ് ഏർപ്പെടുത്തുകയും ചെയ്തു. ഇത് കോൺഗ്രസ്സും സി.പി.ഐ.(എം.)-ഉം തമ്മിലുള്ള തർക്കമാണെങ്കിലും പിന്നീടതിന് വേറെ സ്വഭാവങ്ങൾ കൈവരികയും പലതരത്തിലുള്ള സംഭവങ്ങൾ ഉണ്ടാവുകയും

ചെയ്തു. സംഭവങ്ങൾ വിശദീകരിക്കുന്നത് നാട്ടിലെ സമാധാനത്തിന് ഗുണകരമല്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ), ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ., സി.പി.ഐ. (എം.) ന്റെ ജില്ലാ സെക്രട്ടറി ശ്രീ. കെ. പി. സതീശ് ചന്ദ്രൻ, ഡി.സി.സി. പ്രസിഡന്റ് ശ്രീ. സി.കെ. ശ്രീധരൻ, ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ എല്ലാവരും അവിടെ പോയിരുന്നു. അവരുടെ ശ്രമഫലമായാണ് പിന്നീട് പ്രശ്നങ്ങൾ ഉണ്ടാകാതെ പോയത്. അതുകൊണ്ട് ഈ സംഭവവുമായി ബന്ധപ്പെട്ട് നടത്താനിരിക്കുന്ന പോലീസ് സ്റ്റേഷൻ മാർച്ച് ദയവായി മാറ്റി വയ്ക്കണം. കാരണം, രാഷ്ട്രീയമായി അത് നമ്മൾ നടത്തുന്നതാണെങ്കിലും അതിന് വേറെ ചിത്രങ്ങളായിരിക്കും ഉണ്ടാകാൻ പോകുന്നത്. ഇപ്പോൾ തന്നെ പോലീസ് വേണ്ട നടപടികൾ സ്വീകരിക്കുകയും അതിനകത്ത് കേസ് എടുക്കുകയും കാപ്പ പ്രകാരം ഒരാളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. റിമാൻഡ് ചെയ്ത ആളുകളിൽ ചിലർ മുൻകൂർ ജാമ്യം എടുത്ത് പുറത്തുവന്നിട്ടുണ്ട്. വളരെ സ്ഫോടനാത്മകമായ സാഹചര്യങ്ങളാണ് അവിടെ നിലനിൽക്കുന്നതെന്ന കാര്യം അങ്ങേയ്ക്കും അറിയാവുന്നതാണ്. അതുകൊണ്ട് കാസർഗോഡ് ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ ശക്തമായ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സംഭവം അറിഞ്ഞ സമയംമുതൽ ഞാൻ അക്കാര്യങ്ങൾ സംബന്ധിച്ച് മോണിറ്റർ ചെയ്തുകൊണ്ടിരുന്നു. പ്രസ്തുത വിഷയം എല്ലാ പാർട്ടികളിലെ നേതാക്കളുമായി സംസാരിക്കുകയും ചെയ്തിട്ടുണ്ട്. എം.എൽ.എ.-യുടെ ഇടപെടലുമുള്ളതുകൊണ്ടാണ് സംഭവങ്ങൾ കൈവിട്ടുപോകാതിരുന്നത്. അതുകൊണ്ട് കാഞ്ഞങ്ങാട് ഡിവൈ.എസ്. പി.-യുടെ നേതൃത്വത്തിൽ നടക്കുന്ന അന്വേഷണത്തോട് ദയവായി എല്ലാവരും സഹകരിക്കണം. പോലീസ് സ്റ്റേഷൻ മാർച്ച് മാറ്റിവയ്ക്കണം. ഇത് കോൺഗ്രസ്സും സി.പി.ഐ.(എം.)-ഉം തമ്മിലുള്ള തർക്കമാണെങ്കിൽ പരിഹരിക്കാൻ എളുപ്പമായിരുന്നു. പക്ഷേ അത് വേറെ രീതിയിലേയ്ക്ക് കാര്യങ്ങൾ വളർന്നുവരാനുള്ള സാഹചര്യങ്ങൾ അവിടെയുണ്ടെന്നുള്ളത് അങ്ങേയ്ക്ക് അറിയാവുന്നതാണ്. പോലീസന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അന്വേഷണത്തിൽ കുറ്റക്കാരായ ആളുകളെ കണ്ടെത്തുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. അതിനകത്ത് കോൺഗ്രസ്സെന്നോ സി.പി.ഐ. (എം.) എന്നോ ഞാൻ നോക്കിയിട്ടില്ല. ഇക്കാര്യം അങ്ങേയ്ക്ക് അറിയാവുന്നതാണ്. കോൺഗ്രസ്സിന്റെ പ്രവർത്തകരെ വളരെ ശക്തമായ വകുപ്പുകൾ ഉപയോഗിച്ചുകൊണ്ടാണ് റിമാൻഡ് ചെയ്തിട്ടുള്ളത്. ഇതിനകത്ത് രാഷ്ട്രീയമില്ല. നമ്മുടെ രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും മതസൗഹാർദ്ദത്തിന്,

പ്രത്യേകിച്ച് കാസർഗോഡ് ജില്ലയുടെ മതസൗഹാർദ്ദത്തിന് ഏറ്റവും ആവശ്യമായ കാര്യമാണിത്. അതുകൊണ്ട് പോലീസിനെ കൂടുതൽ ജാഗ്രതയോടെ പ്രവർത്തിപ്പിക്കാമെന്ന് ഞാൻ അങ്ങേയ്ക്ക് ഉറപ്പുനൽകുന്നു. കാസർഗോഡ് ഡിവൈ.എസ്.പി.-യുടെയും എസ്.പി.-യുടെയും സാന്നിദ്ധ്യവും അവരുടെ പ്രത്യേക ശ്രദ്ധയും അക്കാര്യത്തിലുണ്ട്. ഒരുതരത്തിലുള്ള വീഴ്ചയും ഉണ്ടാകില്ലെന്ന് ഞാൻ ഉറപ്പു നൽകുന്നു. ഈ ഉറപ്പിന്റെ അടിസ്ഥാനത്തിൽ സി.പി.ഐ.(എം.)-ന്റെ പോലീസ് സ്റ്റേഷൻ മാർച്ച് ദയവായി മാറ്റിവയ്ക്കണം. കുറേ പ്രതികളെ കണ്ടെത്തിയിട്ടുണ്ട്.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : സർ, അവിടെ പോലീസ് സ്റ്റേഷൻ മാർച്ച് നടത്താൻ തീരുമാനിച്ചത് അമ്പലക്കമ്മിറ്റിയാണ്. ആദ്യം മാർച്ച് നടത്താൻ തീരുമാനിച്ചപ്പോൾ ഞങ്ങൾ മാറ്റിവയ്പിച്ചതാണ്. ഇപ്പോൾ ഞങ്ങളൊന്നും അറിയാതെ അഞ്ചാം തീയതി അവർ നടത്താൻ പോകുകയാണ്. സി.പി.ഐ.(എം) പ്രവർത്തകരല്ല മാർച്ച് നടത്തുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇക്കാര്യം ഞാൻ എസ്.പി.-യോട് ആവശ്യപ്പെടാം. എസ്.പി.-യോട് അമ്പലക്കമ്മിറ്റി അംഗങ്ങളുമായും കോൺഗ്രസ്സിന്റെയും സി.പി.ഐ.(എം)-ന്റെയും ആളുകളുമായി സംസാരിക്കാൻ ഞാൻ ഇന്നുതന്നെ പറയാം. പോലീസ് സ്റ്റേഷൻ മാർച്ച് മാറ്റിവയ്ക്കണം. ഇത്തരമൊരു സാഹചര്യത്തിൽ മാർച്ച് മാറ്റിവയ്ക്കാൻ സമ്മർദ്ദം ചെലുത്തണം. പ്രതികളെ റിമാൻഡ് ചെയ്തിട്ടുണ്ട്. കാപ്പ ആക്ട് അനുസരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. സംഘർഷം ഇനിയും വളരാനുള്ള സാധ്യതയുണ്ടെന്നാണ് ഇന്റലിജൻസ് റിപ്പോർട്ടുള്ളത്. അതുകൊണ്ട് ദയവായി അത്തരം സംഭവങ്ങളിൽ അങ്ങയുടെ ഇടപെടൽ ആവശ്യമാണ്. കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നും തീർച്ചയായും ഇടപെടലുണ്ടാകും. ജില്ലാ പോലീസ് സൂപ്രണ്ടിനോടും കളക്ടറോടും ക്ഷേത്ര കമ്മിറ്റിയുമായി ബന്ധപ്പെട്ട് ഇക്കാര്യം രമ്യമായ നിലയിൽ പരിഹരിച്ച് സംഘർഷം ഉണ്ടാകാതിരിക്കാനുള്ള സത്വരമായ നടപടി സ്വീകരിക്കും. അമ്പലക്കമ്മിറ്റിക്കാരുടെ വികാരം എനിക്കറിയാം. ആ വികാരം ന്യായമാണ്. പക്ഷേ, അതിന്റെ പേരിൽ കൂടുതൽ കുഴപ്പങ്ങളിലേയ്ക്ക് ഇനി പോകാത്ത അന്തരീക്ഷം ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ജില്ലയുടെ ചാർജ്ജുള്ള മന്ത്രി ശ്രീ. കെ. പി. മോഹനന് ഇക്കാര്യം അറിയാവുന്നതാണ്. അവിടെയുണ്ടാകുന്ന സംഭവവികാസങ്ങളിൽ നമ്മളെല്ലാവരും സമയാസമയങ്ങളിൽ ഇടപെടുന്നതു

കൊണ്ടാണ് സംഭവങ്ങൾ കൂടുതൽ ഗുരുതരമാകാതെ പോകുന്നത്. തീർച്ചയായും ജില്ലാ കളക്ടറും എസ്.പി.-യും ഇക്കാര്യത്തിൽ ഇടപെട്ടുകൊണ്ട് പ്രശ്നങ്ങൾ രമ്യമായി തീർക്കാനുള്ള നടപടിയുണ്ടാകും. അങ്ങയുടെ ഇടപെടലിനെ പ്രത്യേകമായി ശ്ലാഘിക്കുന്നു. എം.എൽ.എ. പ്രത്യേകമായി ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. മറ്റ് ജില്ലയിലെ എം.എൽ.എ.-മാരും ഇടപെട്ടിട്ടുണ്ട്. എല്ലാ രാഷ്ട്രീയ പാർട്ടികളിലെ നേതാക്കന്മാരും നല്ല ഉദ്ദേശ്യത്തോടുകൂടി ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. അത് നമുക്ക് continue ചെയ്യണം. അത് കാസർഗോഡ് ജില്ലയുടെ മതസൗഹാർദ്ദം നിലനിർത്താൻ ഏറ്റവും അത്യാവശ്യമാണെന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്.

## 8. സ്കോളർഷിപ്പ് വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ആർ. സെൽവരാജ് : സർ, കേരളത്തിൽ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളോടൊപ്പം തന്നെ മറ്റ് പിന്നാക്ക ജാതിയിൽപ്പെട്ടവരും നിരവധിയുണ്ട്. അത്തരം വിഭാഗങ്ങൾക്ക് എല്ലാവിധ ആനുകൂല്യങ്ങളും നൽകേണ്ടത് ഗവൺമെന്റിന്റെ അത്യന്താപേക്ഷിതമായ ചുമതലയാണ്. അത് നിർവ്വഹിക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി നേതൃത്വം നൽകുന്ന യു.ഡി.എഫ്. ഗവൺമെന്റ് മുന്നോക്കം പോയിട്ടുണ്ടെന്നുള്ളത് ശ്ലാഘനീയമാണ്. ഇവിടെ മറ്റ് പിന്നാക്ക വിഭാഗങ്ങളിൽപ്പെടുന്നവരിൽ പ്രധാനപ്പെട്ട വിഭാഗമാണ് നാടാർ വിഭാഗം. അതിൽ വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനുവേണ്ടി നാടാർ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് 1979-ലെ G.O.(MS) No.158/79/Gn.Edn, dated 25-9-1979 എന്ന ഉത്തരവുപ്രകാരം യു.പി. വിഭാഗത്തിന് 30 രൂപയും ഹൈസ്കൂൾ വിഭാഗത്തിന് 50 രൂപയും കോളേജിൽ പഠിക്കുന്നവർക്ക് 100 രൂപയും സ്കോളർഷിപ്പ് അനുവദിക്കുകയുണ്ടായി. തുടർന്നുവന്ന ഘട്ടത്തിൽ ചെറിയ വർദ്ധനവുണ്ടാക്കിക്കൊണ്ട് 250 രൂപയായി ഇപ്പോൾ നിജപ്പെടുത്തിയിട്ടുണ്ട്. വർദ്ധിച്ചുവരുന്ന വിദ്യാഭ്യാസ ചെലവിനനുസരിച്ച് ഒരു പുസ്തകംപോലും വാങ്ങാൻ കഴിയാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. ഇത്തരം വിഭാഗങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന സ്കോളർഷിപ്പ് എല്ലാവിഭാഗം കുട്ടികൾക്കും നൽകണമെന്നതോടൊപ്പം നാടാർ വിഭാഗത്തിലെ പെൺകുട്ടികൾക്ക്

നൽകിക്കൊണ്ടിരിക്കുന്ന 250 രൂപ വർദ്ധിപ്പിച്ച് 5,000 രൂപയെങ്കിലും പ്രതിവർഷം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, നാടാർ സമുദായത്തിൽപ്പെട്ട പെൺകുട്ടികൾക്ക് യു.പി. വിഭാഗത്തിൽ 175 രൂപ നിരക്കിലും ഹൈസ്കൂൾ വിഭാഗത്തിൽ 150 രൂപ നിരക്കിലുമാണ് സ്കോളർഷിപ്പ് നൽകി വരുന്നത്. പ്രസ്തുത സ്കോളർഷിപ്പ് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത കാര്യം പരിശോധിക്കുന്നതാണ്. അതേസമയം ഉന്നത വിദ്യാഭ്യാസമേഖലയിൽ വിദ്യാഭ്യാസ പരമായും സാമ്പത്തികപരമായും പിന്നാക്കം നിൽക്കുന്ന നാടാർ സമുദായത്തിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുക കാലോചിതമായി വർദ്ധിപ്പിക്കുന്ന തിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. നിലവിൽ വാർഷിക കുടുംബ വരുമാനം 18,000 രൂപയിൽ താഴെയുള്ളവർക്ക് പ്രതിവർഷം 125 രൂപയാണ് സ്കോളർഷിപ്പായി നൽകിവരുന്നത്. ബിരുദ കോഴ്സുകൾക്ക് പ്രതിവർഷം 2,000 രൂപ, ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പ്രതിവർഷം 2,500 രൂപ, പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രതിവർഷം 3,000 രൂപ, ഹോസ്റ്റൽ സ്റ്റൈപ്പന്റ് പ്രതിവർഷം 6,000 രൂപ എന്നിങ്ങനെ വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസലാണ് ഇപ്പോൾ പരിഗണനയിലുള്ളത്. പ്രസ്തുത സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വാർഷിക കുടുംബവരുമാന പരിധി 2.25 ലക്ഷം രൂപയായി ഉയർത്തുവാനുള്ള നിർദ്ദേശവും പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ചതിനുശേഷം തുടർനടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

### 9. തസ്തികകൾ അനുവദിക്കൽ

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഹയർസെക്കണ്ടറി വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതുമായി ബന്ധപ്പെട്ട്, ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനുവേണ്ടി ലബ്ബ കമ്മീഷനെ ഗവൺമെന്റ് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റിന് ലഭ്യമായിട്ടുണ്ട്. പ്രിൻസിപ്പൽമാരുടെ ജോലിഭാരം കുറയ്ക്കുന്നതോടൊപ്പം ഹയർസെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ക്വാളിറ്റി

മെച്ചപ്പെടുത്തുകയുമെന്നുള്ളതാണ് ഈ കമ്മീഷന്റെ ശിപാർശകളിൽ പ്രധാനമായും വന്നിട്ടുള്ളത്. പ്രിൻസിപ്പൽമാരുടെ ജോലിഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ അവർ ചെയ്തുകൊണ്ടിരിക്കുന്നത് ക്ലാർക്ക്, പ്യൂൺ, സ്വീപ്പർ അടക്കമുള്ള ജോലിഭാരം അവരിൽനിന്ന് എടുത്തുമാറ്റുന്നതിനുള്ള ശിപാർശകളും ഈ കമ്മീഷന്റെ ഭാഗമായി വന്നിട്ടുണ്ട്. മറ്റ് ഹെഡ്മാസ്റ്റർമാരടക്കമുള്ള ആളുകൾ ആഴ്ചയിൽ ഒരു ദിവസംപോലും പഠിപ്പിക്കുന്നില്ല. എന്നാൽ ആഴ്ചയിൽ ഇരുപത് മണിക്കൂർ സമയം ഹയർസെക്കണ്ടറി പ്രിൻസിപ്പൽമാർ ക്ലാസ്സെടുക്കേണ്ട സാഹചര്യവും നിലനിൽക്കുന്നുണ്ട്. അതോടൊപ്പം അഞ്ചുവർഷം ജൂനിയറായി പഠിപ്പിച്ചിട്ടുള്ള അദ്ധ്യാപകർക്ക് സീനിയർ പദവി നൽകുക, പ്രിൻസിപ്പൽമാരുടെ ജോലിഭാരം കുറയ്ക്കുക, പ്യൂൺ, ക്ലാർക്ക് അടക്കമുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുക തുടങ്ങിയ വിഷയങ്ങളിൽ ലബ്ബ കമ്മീഷന്റെ ശിപാർശ നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, ഹയർസെക്കണ്ടറി മേഖല നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിന് പ്രൊഫ. പി. ഒ. ജെ. ലബ്ബ ചെയർമാനായി നിയമിതനായ കമ്മിറ്റിയുടെ ഒന്നാംഘട്ട റിപ്പോർട്ടിൽ ഏഴാമത് ശിപാർശയായി ഹയർസെക്കണ്ടറി പ്രിൻസിപ്പലിന്റെ അദ്ധ്യാപന ജോലി ലഘൂകരിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്തിയിരുന്നു. തുടർന്ന് 4-2-2014-ൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്യോഗസ്ഥതല യോഗത്തിൽ പ്രസ്തുത ശിപാർശകൾ സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. നിലവിൽ ഹയർസെക്കണ്ടറി പ്രിൻസിപ്പൽ ആഴ്ചയിൽ 11-16 മണിക്കൂർവരെ ക്ലാസ്സെടുക്കുന്നുണ്ട്. പിരീഡുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക തസ്തികകൾ നിർണ്ണയിക്കുന്നതിനാൽ ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരുടെ ജോലിഭാരം ലഘൂകരിക്കുകയാണെങ്കിൽ അധിക തസ്തിക സൃഷ്ടിക്കേണ്ടിവരും. ഇതിനായി ഏകദേശം 40 കോടിയോളം രൂപ പ്രതിവർഷം സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്ന് ഹയർസെക്കണ്ടറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് നടന്ന തുടർചർച്ചകളിൽ ഹയർസെക്കണ്ടറി പ്രിൻസിപ്പൽമാരെ അദ്ധ്യാപന ജോലിയിൽനിന്ന് ഒഴിവാക്കേണ്ടതില്ലെന്നും ഓഫീസ് ജോലികൾക്കായി അനദ്ധ്യാപക ജീവനക്കാരെ നൽകിയാൽ മതിയെന്നുമുള്ള അഭിപ്രായം ഉയർന്നുവന്നിരുന്നു. ഈ സാഹചര്യത്തിൽ ഹൈസ്കൂളിനോടൊപ്പം

ഹയർസെക്കണ്ടറി സ്കൂൾ പ്രവർത്തിക്കുന്നിടത്ത് രണ്ട് വിഭാഗങ്ങളെയും ഏകീകരിച്ച് ഒരു ഭരണവിഭാഗമാക്കുവാനും അതിന്റെ തലവനായി ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലിനെ നിയമിക്കുവാനും ഹെഡ്മാസ്റ്റർ തസ്തികയെ പുനർനാമകരണം ചെയ്ത് പ്രിൻസിപ്പലിനുതാഴെ വൈസ് പ്രിൻസിപ്പൽ എന്ന തസ്തിക സൃഷ്ടിക്കുവാനും തീരുമാനിച്ചു. ഈ ഭരണപരമായ സംവിധാനത്തിൽ അനദ്ധ്യാപകരെ മൊത്തത്തിൽ സ്കൂളിന്റെ പ്രവർത്തനത്തിന് വിനിയോഗിക്കുവാനും ഹയർസെക്കണ്ടറിവരെ സ്കൂളിലെ മൊത്തം കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് നിലവിലുള്ള ഉത്തരവുകൾവച്ച് അനദ്ധ്യാപക തസ്തികകളുടെ എണ്ണം കണക്കാക്കി അതുവഴി സ്കൂളുകളിൽ കൂടുതൽ അനദ്ധ്യാപകരെ നിയമിക്കുവാൻ സർവ്വീസ് സംഘടനകളുമായി ചർച്ചചെയ്ത് സ്പെഷ്യൽ റൂളിലും കെ.ഇ.ആർ.-ലും വേണ്ട മാറ്റങ്ങൾ വരുത്തി നടപടി സ്വീകരിക്കുവാനും തീരുമാനം എടുത്തിട്ടുണ്ട്.

## 10. വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ട്

ശ്രീ. രാജു എബ്രഹാം : സർ, എം.ജി. സർവ്വകലാശാലയിലെ ഓഫ് ക്യാമ്പസ് സെന്ററുകളിൽ പഠിച്ചുകൊണ്ടിരുന്ന ഇരുപതിനായിരത്തോളം കുട്ടികൾ പെരുവഴിയിലായിരിക്കുകയാണ്. സർവ്വകലാശാലയുടെ പരിധിയിലുള്ള 55 ഓഫ് ക്യാമ്പസ് സെന്ററുകളിലും പരിധിക്ക് പുറത്തുള്ള 118 ഓഫ് ക്യാമ്പസ് സെന്ററുകളിലും പഠിച്ചുകൊണ്ടിരുന്ന കുട്ടികളാണ് ബുദ്ധിമുട്ടുന്നത്. ഈ സെന്ററുകൾ മുഴുവൻ പൂട്ടുവാനുള്ള നിർദ്ദേശം സർവ്വകലാശാല നൽകിയിരിക്കുകയാണ്. തുടർന്ന് മുഴുവൻ സ്ഥാപനങ്ങളും ഇപ്പോൾ അടച്ചുപൂട്ടിയിരിക്കുകയാണ്. 2004-ൽ യു.ജി.സി. നിർദ്ദേശപ്രകാരം ചീഫ് സെക്രട്ടറി നൽകിയ നിർദ്ദേശത്തെത്തുടർന്നാണ് ഈ സെന്ററുകൾ മുഴുവൻ ആരംഭിച്ചത്. ഇവിടെ പരീക്ഷ നടത്തുന്നത് കോളേജ് അദ്ധ്യാപകർ തന്നെയാണ്. വിദേശങ്ങളിലുള്ള ചില ഓഫ് ക്യാമ്പസ് സെന്ററുകളിൽ ക്രമക്കേടുണ്ടെന്നാരോപിച്ചാണ് ഗവർണ്ണർ ഇത്തരത്തിലുള്ള ഒരു നിർദ്ദേശം നൽകാനിടയായത്. പക്ഷേ ഇവിടത്തെ സെന്ററുകളിൽ പഠിക്കുന്ന 99 ശതമാനം കുട്ടികളും പാവപ്പെട്ട കുട്ടികളാണ്. ഇരുപതിനായിരത്തോളം വരുന്ന ഈ കുട്ടികൾക്ക് പഠിക്കാൻ ഇനി സ്ഥാപനങ്ങളില്ല. പഠിക്കാതെതന്നെ അവർക്ക് ഓൺലൈൻ പരീക്ഷ എഴുതാമെന്നുപറയുന്ന വളരെ വിചിത്രമായ നടപടിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. വളരെ ഗുരുതരമായ പ്രതിസന്ധിയാണിത്. ഗവൺമെന്റ് ഈ പ്രശ്നത്തിൽ അടിയന്തരമായി ഇടപെടണം. ഇതിനാവശ്യമായ

ഒരു ജി.ഒ. വിദ്യാഭ്യാസവകുപ്പ് പുറപ്പെടുവിക്കണം. പുതിയ കുട്ടികളെ പഠിപ്പിക്കേണ്ട, പക്ഷേ പഠിച്ചുകൊണ്ടിരുന്ന ഇരുപതിനായിരത്തോളം കുട്ടികൾക്ക് പഠിക്കാനുള്ള സംവിധാനം അടിയന്തരമായുണ്ടാക്കണം. അതിനുള്ള സമീപനം സ്വീകരിക്കുകയും അടിയന്തരമായ തീരുമാനമെടുക്കുകയും ആ തീരുമാനം ഇപ്പോൾ പ്രഖ്യാപിക്കുകയും ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, കേന്ദ്ര ഏജൻസിയായ ന്യൂഡൽഹിയിലെ ഡിസ്റ്റന്റ് എഡ്യൂക്കേഷൻ കൗൺസിലിനാണ് രാജ്യത്തെ വിദൂരവിദ്യാഭ്യാസത്തിന്റെ നിയന്ത്രണ ചുമതലയുള്ളത്. പ്രസ്തുത ഏജൻസി സർവ്വകലാശാലകളുടെയും സ്ഥാപനങ്ങളുടെയും വിദൂര പഠനകേന്ദ്രങ്ങൾ നടത്തുന്നതിന് സ്വകാര്യസ്ഥാപനങ്ങൾക്ക് അധികാരം കൊടുക്കുന്നത് നിരസിച്ചിട്ടുള്ളതാണ്. ആയതിനാൽ സ്വകാര്യ ഏജൻസികൾക്ക് നടത്തിപ്പ് അവകാശം കൊടുക്കുന്നത് അംഗീകരിക്കുന്നില്ല. കേന്ദ്ര ഏജൻസിയുടെ ഇത്തരം നിബന്ധനകൾ മുഖവിലയ്ക്കെടുക്കാതെയും സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതി തേടാതെയും മഹാത്മാഗാന്ധി സർവ്വകലാശാല അതിന്റെ അധികാര പരിധിക്കകത്തും പുറത്തും സംസ്ഥാനത്തിനകത്തും വിദേശത്തുമായി ധാരാളം ഓഫ് ക്യാമ്പസ് സെന്ററുകൾ നടത്തുന്നതിന് സ്വകാര്യ ഏജൻസികൾക്ക് അനുമതി നൽകുകയുണ്ടായി. 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ടിലെ സെക്ഷൻ IV പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അധികാരപരിധി കോട്ടയം, ഇടുക്കി, എറണാകുളം റവന്യൂ ജില്ലകളും ആലപ്പുഴ റവന്യൂ ജില്ലയിലെ കുട്ടനാട് താലൂക്കും പത്തനംതിട്ട റവന്യൂ ജില്ലയിലെ കോഴഞ്ചേരി, മല്ലപ്പള്ളി, തിരുവല്ല, റാന്നി താലൂക്കുകളും ചേരുന്നതാണ്. സർവ്വകലാശാലയുടെ അധികാരപരിധിക്ക് പുറത്ത് പ്രവർത്തിക്കുന്ന ഓഫ് ക്യാമ്പസ് സെന്ററുകൾ അടിയന്തരമായി നിർത്തലാക്കണമെന്ന് യു.ജി.സി. നിരവധി തവണ മഹാത്മാഗാന്ധി സർവ്വകലാശാല അധികാരികളോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ പ്രസ്തുത കേന്ദ്രങ്ങൾ നിർത്തലാക്കുന്നതിനു പകരം സംസ്ഥാനത്തിനകത്തും പുറത്തുമായി 77 പുതിയ ഓഫ് ക്യാമ്പസ് സെന്ററുകൾകൂടി അനുവദിക്കാൻ 17-1-2013 -ൽ ചേർന്ന മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് യോഗം തീരുമാനിക്കുകയുണ്ടായി. പ്രസ്തുത 77 ഓഫ് ക്യാമ്പസ് സെന്ററുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർവ്വകലാശാല സംസ്ഥാന

സർക്കാരുമായി കൂടിയാലോചിക്കുകയോ സർക്കാരിന്റെ മുൻകൂർ അനുമതി തേടുകയോ ചെയ്തിട്ടില്ല. പ്രസ്തുത സിൻഡിക്കേറ്റ് യോഗത്തിൽ സർക്കാരിന്റെ പ്രതിനിധികൾ എതിർപ്പ് രേഖപ്പെടുത്തിയിരുന്നു. എന്നാൽ സർക്കാരിന്റെ അഭിപ്രായം അവഗണിച്ചുകൊണ്ട് സംസ്ഥാനത്തിനകത്തും പുറത്തും സ്വകാര്യ ഏജൻസികൾക്ക് പഠനകേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികളുമായി സർവ്വകലാശാല മുന്നോട്ടുപോകുകയും ഇക്കാര്യങ്ങൾ സർക്കാർ സർവ്വകലാശാലയുടെ ചാൻസലറായ ബഹുമാനപ്പെട്ട ഗവർണ്ണറുടെ ശ്രദ്ധയിൽ കൊണ്ടുവരുകയുമുണ്ടായി. ബഹുമാനപ്പെട്ട ഗവർണ്ണർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുകയും 30-5-2015-ൽ സർക്കാരിന്റെയും സർവ്വകലാശാലയുടെയും ഇതുസംബന്ധിച്ച വാദമുഖങ്ങൾ കേൾക്കുകയുമുണ്ടായി. തുടർന്ന് 17-1-2013-ൽ സിൻഡിക്കേറ്റ് എടുത്തിരുന്ന തീരുമാനപ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാല അന്യായമായി അനുവദിച്ച 77 ഓഫ് ക്യാമ്പസ് സെന്ററുകൾ നിർത്തലാക്കണമെന്നും മുൻകാലങ്ങളിൽ സർക്കാരിന്റെ അനുമതിയില്ലാതെ സർവ്വകലാശാലയുടെ അധികാരപരിധിക്കകത്തും പുറത്തും ആരംഭിച്ച എല്ലാ ഓഫ് ക്യാമ്പസ് സെന്ററുകളും അടിയന്തരമായി അടച്ചുപൂട്ടണമെന്നും ബഹുമാനപ്പെട്ട ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത ഓഫ് ക്യാമ്പസ് സെന്ററുകളിൽ നിലവിൽ പ്രവേശനം നേടി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ പഠനം തുടരുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് സർവ്വകലാശാല ഉറപ്പുവരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. 20-06-2015-ലെ 3529/എസ്.ഡി.3/2015-ാം നമ്പർ ഉത്തരവുപ്രകാരം ചാൻസലറുടെ നടപടി അംഗീകരിച്ച് നടപ്പിലാക്കിക്കൊണ്ടും മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ നിർത്തലാക്കിയ ഓഫ് ക്യാമ്പസ് സെന്ററുകളിൽ നേരത്തെ അഡ്മിഷൻ നേടി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ പഠനം തുടരുന്നതിനും പൂർത്തീകരിക്കുന്നതിനും സർവ്വകലാശാല ബാദ്ധ്യസ്ഥമാണ്.

ശ്രീ. രാജു എബ്രഹാം : സർ, അതുസംബന്ധിച്ച നിർദ്ദേശം കൊടുക്കണം. അവരത് ചെയ്തിട്ടില്ലെന്നുള്ളതാണ് പ്രശ്നം.

## 11. താലൂക്ക് ആശുപത്രിയായി ഉയർത്തൽ

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, മങ്കട സി.എച്ച്.സി.-യുടെ പ്രശ്നം നിരവധി പ്രാവശ്യം ഈ സഭയിൽ ഉന്നയിച്ചതാണ്. കഴിഞ്ഞ ബഡ്ജറ്റ്

പ്രസംഗത്തിന് മറുപടി പറയവേ 29-1-2014-ൽ മങ്കട സി.എച്ച്.സി. താലൂക്കാശുപത്രിയാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി ഉറപ്പ് നൽകിയിരുന്നു. ഒരു പി.എച്ച്.സി.-യുടെ അവസ്ഥയിലാണ് ഈ സി.എച്ച്.സി. പോകുന്നത്. ധനകാര്യ വകുപ്പിന്റെ നിയന്ത്രണങ്ങൾ കാരണം ഇതിന്റെ നടപടിക്രമങ്ങളിലേയ്ക്ക് കടക്കാത്ത സാഹചര്യത്തിൽ ആ താലൂക്കിലെ മുഴുവൻ ജനങ്ങൾക്കും ഏക ആശ്രയമായ മങ്കട സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് നടപ്പിലാകുന്നതുവരെ ഒരു സി.എച്ച്.സി.-യുടെ സ്റ്റാഫ് സ്ട്രെംഗ്തെങ്കിലും അടിയന്തരമായി അനുവദിച്ചുകൊണ്ട് ജനങ്ങളെ സഹായിക്കണമെന്നും ഈ അവഗണന അവസാനിപ്പിക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ)</u> : സർ, മലപ്പുറം ജില്ലയിലെ മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് 2014-15-ലെ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതുസംബന്ധിച്ച് സർക്കാരിന് ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചതിൽ അറുപത്തിയെട്ടോളം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനവ്യയ നിയന്ത്രണം നിലനിന്നിരുന്നതിനാൽ കഴിഞ്ഞവർഷം പരിഗണിക്കാൻ കഴിഞ്ഞില്ല. വീണ്ടും ഈ വർഷം ധനകാര്യ വകുപ്പിന്റെ അംഗീകാരം തേടിക്കൊണ്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സി.എച്ച്.സി. സ്റ്റാഫ് പാറ്റേൺ അനുവദിക്കുന്നതിന് പുതിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യേണ്ടതുണ്ട്. എന്തായാലും പ്രസ്തുത ആശുപത്രിയിൽ അടിയന്തരമായി എൻ.ആർ.എച്ച്.എം. മുഖേന ഡോക്ടർമാരെ നിയമിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം. താലൂക്കാശുപത്രിയുടെ പോസ്റ്റ് ക്രിയേഷനുമായി ബന്ധപ്പെട്ട് ഈ വർഷംതന്നെ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതാണ്.

## VII മേശപ്പുറത്തുവച്ച കടലാസുകൾ

### (1) ചട്ടം 47 (2) അനുസരിച്ചുള്ള ലിസ്റ്റ് - I പ്രകാരം

1. വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2396,

അഞ്ചാം സമ്മേളനത്തിലെ 4245, 4257 ഒൻപതാം സമ്മേളനത്തിലെ 2612, 4252, 4277, 5647, 5683 പത്താം സമ്മേളനത്തിലെ 1077, 1164, 2885, 2934, 4367 പതിനൊന്നാം സമ്മേളനത്തിലെ 2638, 2639, 2681, 2684, 2688, 2716, 2724, 4307, 4318, 4351, 4353, 4356, 4357, 6986, 7047, 7100 പന്ത്രണ്ടാം സമ്മേളനത്തിലെ 1108, 1113, 1120, 1164, 2912, 2948, 3009, 3033, 3034, 3047, 4606, 4612, 4619, 4629, 4637, 4647, 4659, 4664, 4681, 4690, 4698, 4700, 4713, 4714, 4715, 4717, 4722, 4723 പതിമൂന്നാം സമ്മേളനത്തിലെ 1130, 1131, 2733 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

2. റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 3032, പതിനൊന്നാം സമ്മേളനത്തിലെ 1172, 4419, 7115 പന്ത്രണ്ടാം സമ്മേളനത്തിലെ 1298, 3054, 4732, 4735 പതിമൂന്നാം സമ്മേളനത്തിലെ 1168, 2857 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

### (1) ചട്ടം 236 (5) അനുസരിച്ചുള്ള ലിസ്റ്റ് - II പ്രകാരം

1. റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 3, 19 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസ പത്രിക.

2. പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സാമൂഹ്യസേവനം സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIII-ന്റെ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 1, 2, 5, 16 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസ പത്രികകൾ.

3. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സാമൂഹ്യസേവനം സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIII-ന്റെ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസ പത്രിക.

4. ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ജലവിഭവം സംബന്ധിച്ച വിഷയനിർണ്ണയ സമിതി III-ന്റെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 32, 36, 46, 47, 52, 61, 65, 68, 69, 70, 71, 72, 75, 76 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലും 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 37, 38, 39, 43, 44, 47, 51, 69 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലും സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസ പത്രികകൾ.

5. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV-ന്റെ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

രണ്ടാമത് റിപ്പോർട്ടിലെ 25, 26, 33, 34 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലും 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 44, 45, 51, 52, 53, 54, 55, 56 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലും സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസ പത്രികകൾ.

6. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി VII-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന കളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 47-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസ പത്രിക.

7. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി I-ന്റെ 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 7-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേലും 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 13, 14 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലും 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 5, 7, 31, 32, 34, 35 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലും സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസ പത്രികകൾ.

8. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XII-ന്റെ 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 68-ാം ഖണ്ഡികയിലെ ശിപാർശയിന്മേലും 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 7-ാം ഖണ്ഡികയിലെ ശിപാർശയിന്മേലും സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസ പത്രികകൾ.

## VIII റിപ്പോർട്ട് സമർപ്പണം

### സബ്ജക്ട് കമ്മിറ്റി V-ന്റെ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-2015-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, സബ്ജക്ട് കമ്മിറ്റി V-ന്റെ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-2015-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും പൊതുമരാമത്ത് വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി V-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

### (2) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഇരുപതാമത് റിപ്പോർട്ട്

ശ്രീ. വി. പി. സജീന്ദ്രൻ : സർ, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

### (3) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട്

ശ്രീ. സി. പി. മുഹമ്മദ് : പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## IX ധനകാര്യം

### 2015-2016 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2015-16 | | | | | | |
|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 23-03-2015-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) |
| V | കാർഷികാദായ നികുതിയും വില്പന നികുതിയും | 88,86,45,000 | .. | 177,72,90,000 | .. | 177,72,90,000 |
| XXI | ഭവന നിർമ്മാണം | 26,12,20,000 | 20,70,00,000 | 52,24,40,000 | 41,40,00,000 | 93,64,40,000 |

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2015-2016 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2015-16 | | | | | | |
|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 23-3-2015-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) |
| VI | ഭൂനികുതി | 176,14,62,000 | ... | 352,29,23,000 | .... | 352,29,23,000 |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| XI | ജില്ലാഭരണവും പലവകയും | 167,24,36,000 | .. | 334,48,73,000 | ... | 334,48,73,000 |
| XXVI | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസ ത്തിന് | 134,40,34,000 | ... | 268,80,67,000 | ... | 268,80,67,000 |

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ ഈ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയേയും ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയേയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപത്തിന് നോട്ടീസ് നൽകിയ അംഗം ശ്രീ. കെ. ബി. ഗണേഷ് കുമാർ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല)

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, കേരളത്തിലെ ധനകാര്യ വകുപ്പ് പിടിപ്പുകേടിന്റെയും കാര്യക്ഷമതയില്ലായ്മയുടെയും അഴിമതിയുടെയും പര്യായമായിട്ടാണ് ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നികുതി പിരിവ് തീർത്തും കാര്യക്ഷമമല്ലാതെ പോകുന്നു എന്നത് ധനകാര്യ വകുപ്പിനെക്കുറിച്ച് ഒരു വിഹഗവീക്ഷണം നടത്തുന്ന എല്ലാവർക്കും മനസ്സിലാകുന്ന കാര്യമാണ്. 2015-16 ബഡ്ജറ്റിൽ സെയിൽസ് ടാക്സ് വരവ് പ്രതീക്ഷിക്കുന്നത് 34,712.28 കോടി രൂപയാണ്. അതായത് മൊത്തം റവന്യൂ വരവിന്റെ 76.41 ശതമാനം. എന്നാൽ ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യഭാഗം അവസാനിക്കുമ്പോൾ സെയിൽസ് ടാക്സ് വരുമാനം 10% കുറവായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നുവച്ചാൽ പിരിക്കാത്ത നികുതിയും പെരുപ്പിച്ച്

കാണിച്ച വരവും വച്ച് നടപ്പാക്കാൻ കഴിയാത്ത പദ്ധതികൾ പ്രഖ്യാപിക്കുകയും ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഒന്നുപോലും രൂപകല്പന ചെയ്യാൻ പറ്റാത്തതുമായ സ്ഥിതിയിലാണ് ഇന്ന് ഗവൺമെന്റ് നില്ക്കുന്നത്. പദ്ധതിപ്രവർത്തനങ്ങളാകെ സ്തംഭനത്തിലായ ഒരു കാലമാണിത്. കഴിഞ്ഞവർഷം വില്പന നികുതിയിനത്തിൽ 31,913 കോടി രൂപ വരുമാനം ഉണ്ടാകുമെന്ന് പറഞ്ഞു; എന്നാൽ 2,778 കോടി രൂപ കുറവായിട്ടാണ് വരുമാനം വന്നത്. ഈ വർഷം അതിനേക്കാൾ കൂടുതലാണ്. ഈ സാമ്പത്തിക വർഷം പകുതിയായിട്ടും ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒരു പദ്ധതിക്കും ഭരണാനുമതി നല്കാത്ത ഒരു ഗവൺമെന്റാണിത്. ഇതിനിടയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു പൈസപോലും നല്കിയിട്ടില്ല. മുൻവർഷം കൊടുക്കാനുള്ള തുകയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നല്കിയിട്ടില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ.ശിവദാസൻ നായർ)

കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള 4,000 കോടി രൂപ നല്കാത്തതിന്റെ ഫലമായി പല കോൺട്രാക്ടർമാരും പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല എന്ന കാര്യം ഇവിടെയിരിക്കുന്ന എല്ലാ എം.എൽ.എ.-മാർക്കുമറിയാം. അതിന്റെ ഫലമായി പല വർക്കുകളും മുടങ്ങിക്കിടക്കുകയാണ്. കേന്ദ്ര സർക്കാർ പദ്ധതികളിൽനിന്ന് സംസ്ഥാന ഖജനാവിലേയ്ക്ക് നേരിട്ടെത്തുന്ന തുകയിൽനിന്നാണ് ഈ ഗവൺമെന്റിന് നിത്യനിദാന ചെലവുകൾ നടത്തിക്കൊണ്ടുപോകേണ്ട സ്ഥിതി വന്നിരിക്കുന്നത്. മൂന്നുവർഷം തികയുന്നതിനുമുൻപുതന്നെ 2,000 കോടി രൂപയിലധികം കടമെടുത്തു. ചുരുക്കത്തിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുകയോ അത് നടപ്പാക്കുകയോ ചെയ്യാൻ താല്പര്യം കാണിക്കാത്ത ധനകാര്യ വകുപ്പാണ് ഇന്ന് കേരളത്തിലുള്ളത്. അതിന്റെ ഫലമായി ഒട്ടനവധി ആളുകൾക്ക് സ്റ്റേ കൊടുത്തു. അഴിമതിയുടെ ഭാഗമായി ഒട്ടനവധി നികുതി പിരിവ് നിർത്തിവച്ചു. ഇതെല്ലാം സർക്കാരിന്റെ ഖജനാവിലേയ്ക്ക് വരേണ്ട തുക ഇല്ലാതാകുന്ന സ്ഥിതിയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഈ നാട്ടിൽ കോൺട്രാക്ടർമാർക്ക് കൊടുത്തുതീർക്കാനുള്ള പൈസ മുഴുവൻ കൊടുത്തുതീർത്തു. ഇന്ന് കോൺട്രാക്ടർമാർക്ക് 4,000 കോടിയിലധികം രൂപയാണ് ഈ ഗവൺമെന്റ് കൊടുത്തുതീർക്കാനുള്ളത്. ഇതിന്റെ ഫലമായി പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കാൻ കഴിയുന്നില്ല. ഉദാഹരണത്തിന് റബ്ബർ വിലയിടിവ് തടയുന്നതിനുവേണ്ടി 300 കോടി രൂപ മാറ്റിവച്ചു എന്നും 150 രൂപയ്ക്ക് റബ്ബർ എടുക്കുമെന്നും പറഞ്ഞു; എന്തായി? ഈ പ്രഖ്യാപനം വന്നിട്ട് എത്രയോ

ദിവസങ്ങളായി. ഇതിൽ ഏതെങ്കിലും ഒരു കാര്യം നടപ്പാക്കാനുള്ള ചുവടെങ്കിലും ഈ ഗവൺമെന്റ് എടുത്തിട്ടുണ്ടോ? റബ്ബറിന്റെ പേരിൽ ഏറ്റവുമധികം കണ്ണീരൊഴുക്കുന്ന ഒരു പാർട്ടിയും അതിന്റെ നേതാവുമാണ് ധനകാര്യ വകുപ്പുമന്ത്രി. എത്രയോ വർഷങ്ങളായി റബ്ബർ കർഷകർ നിത്യദുരിതത്തിലാഴ്ന്നിരിക്കുകയാണ്. റബ്ബറിന്റെ വിലയിടിവ് തടയാനുള്ള ഏകമാർഗ്ഗം തറവില നിശ്ചയിക്കുകയും തറവിലയ്ക്ക് റബ്ബർ എടുക്കുകയും ചെയ്യുകയാണെന്നുള്ളതാണെന്ന് എല്ലാവർക്കുമറിയാം. എങ്കിൽ മാത്രമേ റബ്ബർ കർഷകർക്ക് അല്പമെങ്കിലും ആശ്വാസം ലഭിക്കുകയുള്ളൂ. 150 രൂപ റബ്ബർ കൃഷിക്കാർക്ക് കിട്ടിയാൽ ഏറ്റവുമധികം ആശ്വാസമാകുന്ന കാര്യവുമാകും; റബ്ബർ കർഷകർ ആത്മഹത്യയിലേയ്ക്ക് പോകുന്നത് തടയാനും കഴിയും. പക്ഷേ ഈ ഗവൺമെന്റ് എന്തെങ്കിലും പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ടോ; നടപ്പാക്കാനുള്ള പൈസ ഗവൺമെന്റിനുണ്ടോ? ഇതെങ്ങനെ നടപ്പാക്കുന്നു; ഏതുരീതിയിൽ നടപ്പാക്കുന്നു; എപ്പോൾ നടപ്പാക്കാൻ തുടങ്ങി എന്നുള്ളതിനെക്കുറിച്ചുള്ള യാതൊരു കാര്യവും ഈ പ്രഖ്യാപനത്തിൽ വന്നിട്ടില്ല. ഉപതെരഞ്ഞെടുപ്പിനെ മുന്നിൽക്കണ്ടുകൊണ്ടായിരിക്കും പ്രഖ്യാപനം വന്നത്. 150 രൂപ തറവിലയായി നിശ്ചയിക്കുകയും 150 രൂപ കൃഷിക്കാരന് കിട്ടുകയും ചെയ്യുന്ന സംവിധാനമുണ്ടാക്കുമെന്ന് പറഞ്ഞ് കൃഷിക്കാർ കാത്തിരിക്കാൻ തുടങ്ങിയിട്ട് എത്ര നാളായി; അതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടി ഈ ഗവൺമെന്റ് എടുക്കുന്നുണ്ടോ; നടപടിയെടുക്കാനുള്ള സാമ്പത്തികസ്ഥിതി ഈ ഗവൺമെന്റിനുണ്ടോ? കേരളത്തിന്റെ സമ്പദ്ഘടനയെ തകർത്തെറിഞ്ഞില്ലേ? റബ്ബറിന്റെ ഏറ്റവും പ്രധാനപ്പെട്ട മേഖല ധനകാര്യ വകുപ്പുമന്ത്രി പ്രതിനിധീകരിക്കുന്ന കോട്ടയം ജില്ലയാണ്. ആ ജില്ലയിലെ സകല സാമ്പത്തിക വ്യാപാരവും മന്ദഗതിയിലായി. റബ്ബറിന്റെ വിലയിടിവിനെത്തുടർന്നുണ്ടായ ദു:സ്ഥിതിയിൽ നിന്ന് കൃഷിക്കാരനും കമ്പോളത്തിനും മോചനം നല്കണമെങ്കിൽ അടിയന്തരമായി ഗവൺമെന്റിന്റെ ഇടപെടൽ ആവശ്യമാണെന്നിരിക്കെ അതിനെ സംബന്ധിച്ച് യാതൊരു നടപടിയും ഗവൺമെന്റ് ഇതുവരെ എടുത്തിട്ടില്ല. നടപടിയെടുക്കാനുള്ള സാമ്പത്തികശേഷി ഈ ഗവൺമെന്റിനില്ല എന്നതാണ് സത്യം. സാമ്പത്തികശേഷി കൈവരുത്താനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ധനകാര്യ വകുപ്പുമന്ത്രിക്കില്ല. ഈ നാട്ടിൽ നികുതിപിരിവ് കാര്യക്ഷമമാക്കുക എന്നുള്ള സിംഗിൾ പോയിന്റ് അജണ്ട മുന്നിൽ വച്ചുകൊണ്ട് ഇക്കാലമത്രയും ഈ ഗവൺമെന്റിന് പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് ഏറ്റവും ദു:ഖകരമായ അവസ്ഥ. അതുപോലെ നാട്ടിലെ ഏതെങ്കിലും പദ്ധതികൾ നടപ്പാക്കിയോ? പദ്ധതികൾ പലതും പ്രഖ്യാപിക്കുക, ബഡ്ജറ്റിൽ

പ്രഖ്യാപിച്ച പദ്ധതികളൊന്നും നടപ്പാക്കാതിരിക്കുക, അതിനുവേണ്ടിയുള്ള പദ്ധതികൾ രൂപകല്പന ചെയ്യാതിരിക്കുക, അതായത് ഇല്ലാത്ത വരുമാനം പെരുപ്പിച്ച് കാണിക്കുക, ആ പദ്ധതികൾ നടപ്പാക്കുന്ന എന്നുള്ള പ്രതീക്ഷ ജനങ്ങൾക്ക് കൊടുക്കുക, എന്നിട്ട് ഒരു പദ്ധതിയും നടപ്പാക്കാതിരിക്കുക എന്ന സ്ഥിതിയിലേയ്ക്കാണ് ഇന്ന് കേരളം വന്നുനില്ക്കുന്നത്. അതിന്റെയെല്ലാം കാരണം ധനകാര്യവകുപ്പ് നികുതിപിരിവിൽ കാണിച്ചിട്ടുള്ള അശ്രദ്ധയും അലംഭാവവും അതിന്റെ ഭാഗമായി നടന്ന അഴിമതിയുമാണ്.

12 Noon]

റവന്യൂ വകുപ്പിന്റെ കാര്യമെടുക്കാം. കേരളത്തിൽ ഇത്രമാത്രം ഭൂമാഫിയ അഴിഞ്ഞാടിയ മറ്റേതെങ്കിലും സന്ദർഭമുണ്ടോ; ഇതിനുമുമ്പെന്നെങ്കിലും ഒരാളുടെ ഭൂമി വേറൊരാളുടെ പേരിൽ മാറ്റാൻ വേണ്ടി ഉന്നതതലങ്ങളിൽ ഗൂഢാലോചന നടത്തുകയും അതിന് ഉയർന്ന റവന്യൂ ഉദ്യോഗസ്ഥർ മുതൽ താഴോട്ടുള്ളവർവരെ കൂട്ടുനിൽക്കുകയും ചെയ്ത സ്ഥിതി ഉണ്ടായിട്ടുണ്ടോ; കേരളത്തിൽ ഏതെങ്കിലുമൊരു വില്ലേജ് ഓഫീസറുടെയടുത്ത് ഒരാൾ പോയി ലക്ഷക്കണക്കിന് രൂപ കൊടുക്കാമെന്ന് പറഞ്ഞാൽ രജിസ്റ്ററുകളിൽ ഇത്തരത്തിൽ തിരിമറി കാണിക്കുമോ; അങ്ങനെ കാണിക്കാനിടയായ സാഹചര്യമെന്താണ്; ഉന്നതതലങ്ങളിൽ നിന്നുള്ള രാഷ്ട്രീയ സമ്മർദ്ദംകൊണ്ട് മാത്രമാണ്. രജിസ്റ്ററുകൾ മാറുന്നു, എല്ലാത്തിലും തിരുത്തൽ വരുത്തുന്നു. നികുതി അടയ്ക്കാൻ വസ്തുവിന്റെ ഉടമ ചെല്ലുമ്പോൾ ഈ ഭൂമി നിങ്ങളുടേതല്ല എന്നുപറയുന്നു. അപ്പോൾ അയാൾ ഉയർന്ന ഉദ്യോഗസ്ഥരുടെയും അതിന് താഴോട്ടുള്ളവരുടെയും അടുത്ത് നിവേദനങ്ങളുമായി ചെല്ലുകയും മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർക്ക് നിവേദനം കൊടുക്കുകയും ചെയ്യുന്നു. അതിനൊന്നും ഒരു നടപടിയുമുണ്ടാകുന്നില്ല. ഒടുവിൽ കോടതി ഇടപെട്ടുകൊണ്ട് മാത്രമാണ് ഈ തട്ടിപ്പിന് നേതൃത്വം കൊടുത്തവരും ഉദ്യോഗസ്ഥരും മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരുടെ അടുത്ത ആളുകളുമെല്ലാം ജയിലിലേയ്ക്ക് പോയത്. കേരളത്തിന്റെ ചരിത്രത്തിൽ ഇതിനുമുമ്പ് എന്നെങ്കിലും ഇത്തരത്തിലൊരു തട്ടിപ്പ് നടന്നിട്ടുണ്ടോ; ഈ തട്ടിപ്പിന് ആരാണ് ഉത്തരവാദി; ഈ ഉദ്യോഗസ്ഥർ മാത്രമാണോ; ഈ ഉദ്യോഗസ്ഥർ വെറുതേ ഇങ്ങനെ ചെയ്യുമോ; കേരളത്തിൽ ഇതിനുമുൻപ് ഏതെങ്കിലുമൊരു റവന്യൂ ഉദ്യോഗസ്ഥൻ ഇത്തരത്തിൽ ഒരു വൻ തിരിമറിക്ക് കൂട്ടുനിൽക്കുകയോ അതിനുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുകയോ ചെയ്തിട്ടുണ്ടോ; കോടതി

ഇടപെടുന്നതുവരെ അതിന് കൂട്ടുനിന്ന റവന്യൂ ഉദ്യോഗസ്ഥരുടെ പേരിൽ എന്തെങ്കിലും നടപടിയെടുക്കാൻ റവന്യൂവകുപ്പ് തയ്യാറായോ; ഒരു നടപടിയും എടുത്തില്ലെന്നു മാത്രമല്ല കോടതി ഇടപെട്ടതുകൊണ്ട് മാത്രമാണ് ഉന്നത രാഷ്ട്രീയനേതാക്കളുടെ ഒത്താശയോടുകൂടി തട്ടിപ്പിന് കൂട്ടുനിന്ന ആളുകൾ ജയിലിൽ പോയത്. പക്ഷേ അവരെ സഹായിച്ചവർ ഇന്നും അധികാരത്തിൽ വിരാജിക്കുകയാണ്. അവരുടെ സഹായവും പിന്തുണയും ഓഫീസിന്റെ പിൻബലവുമില്ലാതെ കേരളത്തിൽ കോടിക്കണക്കിന് രൂപ വിലവരുന്ന ഈ ഭൂമിയുടെ തിരിമറി നടക്കുമോ ഇല്ലയോ എന്നകാര്യം നമ്മൾ ആലോചിക്കേണ്ടതുണ്ട്. ഇത് വെള്ളരിക്കാപ്പട്ടണമെന്ന പോലെയാണ് ഇത്തരത്തിൽ ഒരു തിരിമറി കേരളത്തിൽ നടന്നത്. കേരളത്തിന്റെ ചരിത്രത്തിൽ, ഏതെങ്കിലുമൊരു ഗവൺമെന്റിന്റെ ചരിത്രത്തിൽ ഇങ്ങനെ ആസൂത്രിതവും സംഘടിതവുമായി രാഷ്ട്രീയ നേതൃത്വത്തിന്റെ പിൻതുണയോടുകൂടി ഉദ്യോഗസ്ഥരെ പേടിപ്പിച്ചും വഴങ്ങാത്ത ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയും തങ്ങൾക്കുവേണ്ടി കാര്യങ്ങൾ ചെയ്യുന്ന ഉദ്യോഗസ്ഥന്മാരെ ആ സ്ഥാനത്തിരുത്തിയും ഇത്തരത്തിലൊരു തട്ടിപ്പ് നടന്നിട്ടുണ്ടോ; ഇത്തരമൊരു തട്ടിപ്പ് നടന്നിട്ട് റവന്യൂ വകുപ്പോ മുഖ്യമന്ത്രിയുടെ ഓഫീസോ കിട്ടിയ നിവേദനങ്ങളുടെ പേരിൽ എന്തെങ്കിലും തരത്തിലുള്ള നടപടിയെടുക്കാൻ തയ്യാറായോ; സാധാരണ പൗരന് കോടതി മാത്രമേ രക്ഷയുള്ളൂ എന്നുള്ളതാണ്. ജനങ്ങൾ വിശ്വസിച്ച് വോട്ട് ചെയ്ത് അധികാരത്തിലേറിയ ഒരു ഗവൺമെന്റ് ഏറ്റവും നികൃഷ്ടമായ രീതിയിൽ, ഒരു ഗവൺമെന്റും ചെയ്യാൻ ധൈര്യപ്പെടാത്ത രീതിയിൽ ഒരാളുടെ ഭൂമി തട്ടിച്ച് വേറൊരാൾക്ക് കൊടുക്കുന്നതിനുവേണ്ടി കൂട്ടുനിൽക്കുകയാണ്. ഇത് പുറത്തുവന്ന ഒരു സംഭവമാണ്. പുറത്തുവരാത്ത എത്രയോ സംഭവങ്ങളുണ്ട്. നമ്മുടെ നാട്ടിലെ വൻകിട ഫ്ലാറ്റ് ഉടമകൾ തോന്നിയതുപോലെ റവന്യൂ പുറമ്പോക്ക് കയ്യേറി കെട്ടിടം പണിയിക്കുകയാണ്. അതിനെല്ലാം മുഖ്യമന്ത്രിയടക്കമുള്ള ആളുകൾ ഒത്താശ ചെയ്യുകയാണ്. അതിന് കൂട്ടുനിന്ന ഒരുദ്യോഗസ്ഥൻ പിന്നീട് കുറ്റസമ്മതം നടത്തി. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുൾപ്പെടെ പറഞ്ഞതിന്റെ പേരിലാണ് ഞാനതിന് അനുമതി കൊടുത്തതെന്നാണ് അദ്ദേഹം പറയുന്നത്. കോടിക്കണക്കിന് വിലയുള്ള സർക്കാർ ഭൂമിയല്ലേ പാറ്റൂരിൽ കയ്യേറിയത്. ഇങ്ങനെ കേരളത്തിൽ എല്ലായിടത്തും വലിയ കെട്ടിട നിർമ്മാതാക്കൾ, വലിയ സമ്പന്നർ എന്നിവർക്കെല്ലാം സർക്കാർ ഭൂമി കയ്യേറാനും റവന്യൂ പുറമ്പോക്ക് കയ്യേറാനുമുള്ള ഒത്താശ കൊടുക്കുന്ന ഒരു വകുപ്പായി റവന്യൂ വകുപ്പ് മാറി എന്നുള്ളതാണ് ഏറ്റവും

ദു:ഖകരമായ സത്യം. പല സ്ഥലത്തും യാദൃശ്ചികമായി പരിശോധനകൾ നടത്തുമ്പോൾ സമ്പന്നരായ ആളുകൾ നിർബാധം ഗവൺമെന്റ് ഭൂമി കയ്യേറിയതായാണ് അറിയുന്നത്. അതിനൊന്നും ആരും പരാതി പറയാതിരിക്കുകയാണ്. നമ്മുടെ നാട്ടിൽ ഒരു പാവപ്പെട്ടവൻ വീട് പണിതാൽ, അതിന് എന്തെങ്കിലും തരത്തിലുള്ള സാംഗ്ഷന് കുറവുണ്ടെന്നു പറഞ്ഞാൽ ഉടനെ നിർത്തിവയ്ക്കാൻവേണ്ടി നോട്ടീസ് കൊടുക്കുന്നവരാണ് ഇവിടെയുള്ളവർ. പക്ഷെ ഈ നാട്ടിലെ സമ്പന്നൻമാർക്ക് ബഹുനില മന്ദിരങ്ങൾ പണിയുന്നതിന് എന്ത് ഒത്താശ ചെയ്തുകൊടുക്കാനും ഗവൺമെന്റ് ഭൂമി കയ്യേറിയതിനെതിരെ കണ്ണടയ്ക്കാനും ഇവർക്ക് യാതൊരു മടിയുമില്ല എന്നാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വന്ന നിരവധി സംഭവങ്ങൾ തെളിയിക്കുന്നത്. ശ്രീ. സലിം രാജ് ജയിലിൽ പോകില്ലായിരുന്നു. കോടതി ഇടപെട്ടതുകൊണ്ട്, കോടതി പറഞ്ഞ് സി.ബി.ഐ. അന്വേഷിച്ചതുകൊണ്ട് മാത്രമാണ് ജയിലിൽ പോയത്. കോടതി ഇടപെടുന്നതുവരെ വെളിവാകാതിരുന്ന കാര്യങ്ങൾ സി.ബി.ഐ. അന്വേഷിച്ചപ്പോൾ എങ്ങനെയാണ് തെളിഞ്ഞത്; അപ്പോൾ സത്യം മറയ്ക്കാൻ ആരാണ് കൂട്ടുനിന്നത്; അതിന്റെ പേരിൽ ഒരു ഡിപ്പാർട്ടുമെന്റൽ എൻക്വയറിപോലും നടത്താത്തതെന്താണ്; ഏതെങ്കിലും തരത്തിൽ ഒരു എൻക്വയറി നടത്തിയിരുന്നെങ്കിൽ ഈ ഉദ്യോഗസ്ഥരുടെ പങ്കും അവർ വഹിച്ച കാര്യങ്ങളുമെല്ലാം വെളിവാകുമായിരുന്നു. ഇത് ആർക്കും അന്വേഷിച്ചാൽ മനസ്സിലാകാവുന്ന കാര്യങ്ങളായിരുന്നില്ലേ; രജിസ്റ്ററിൽ തിരിമറി നടത്തിയത് സി.ബി.ഐ. അന്വേഷിക്കണോ; ഡിപ്പാർട്ടുമെന്റൽ എൻക്വയറി നടത്തിയാൽ മതിയായിരുന്നല്ലോ; പോലീസും റവന്യൂവകുപ്പും ഇതൊന്നും അന്വേഷിച്ചില്ലെന്ന് മാത്രമല്ല അവരെല്ലാം ഈ കൊള്ളയ്ക്ക് കൂട്ടുനിന്നു എന്നുള്ളതാണ് കേരളത്തിന് ഏറ്റവും അപമാനകരമായ കാര്യം. ഇതാണ് നമ്മുടെ നാട്ടിലെ റവന്യൂ വകുപ്പിൽ നടക്കുന്നത്.

അതുപോലെ ഭവനരഹിതർക്ക് ഭവനമുണ്ടാക്കിക്കൊടുക്കുന്ന പദ്ധതി എന്തായി; എത്രപേർക്ക് ഈ ഭവനം കിട്ടിയിട്ടുണ്ട്; പലതും നിർമ്മാണം പൂർത്തിയാക്കാതെ നിർത്തിവച്ചിരിക്കുകയാണ്. കാരണം ബാക്കി ഗഡുക്കൾ കിട്ടുന്നില്ല. എത്ര ഭവനങ്ങളാണ് പകുതി പൂർത്തിയാക്കി നിർത്തിയിരിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ശിവദാസൻ നായർ)

ഭവനങ്ങളുടെ പണി പൂർത്തീകരിക്കാനുള്ള മുഴുവൻ ധനസഹായവും കൊടുത്തുതീർക്കാൻ ഗവൺമെന്റിന് പണമുണ്ടോ; അത് കൊടുക്കുന്നുണ്ടോ; അതിനുവേണ്ടിയുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഇവർക്കുണ്ടോ; അതുപോലെ നമ്മുടെ നാട്ടിലെ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കാൻ വേണ്ടി ഈ നിയമസഭ പാസ്സാക്കിയ നിയമം ഭേദഗതി വരുത്താൻ പോവുകയല്ലേ; എന്തടിസ്ഥാനത്തിൽ ആർക്കുവേണ്ടിയാണ് ഭേദഗതി വരുത്തുന്നത്; കേരളത്തിൽ അവശേഷിക്കുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നതിനുവേണ്ടിയുള്ള എല്ലാ പദ്ധതികളും ഒരുക്കിവച്ചിരിക്കുകയാണ്. അതുകൂടി ഭേദഗതി ചെയ്ത് ഈ നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ അന്ത:സത്ത ഇല്ലാതാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ഇങ്ങനെ കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ ചില കാര്യങ്ങളിൽ അക്ഷന്തവ്യമായ തെറ്റുകളും കുറ്റങ്ങളുമാണ് ഗവൺമെന്റിന്റെ ഈ വകുപ്പുകൾ വരുത്തിക്കൊണ്ടിരിക്കുന്നത്. ജനങ്ങളെ സംബന്ധിക്കുന്ന ഏതെങ്കിലും പ്രശ്നങ്ങൾ പരിഹരിക്കാൻ ഇവർക്ക് താല്പര്യമുണ്ടോ. നമ്മുടെ നാട്ടിൽ നിർബാധം പല സ്ഥലത്തും ഭൂമികയ്യേറ്റം നടക്കുകയല്ലേ? അങ്ങനെ കയ്യേറുന്ന ഭൂമി ഒഴിപ്പിക്കുമെന്നും ഗവൺമെന്റിനെ ഭയപ്പെട്ടുകൊണ്ടുവേണം ഇക്കാര്യങ്ങൾ ഒളിച്ചെങ്കിലും ചെയ്യാൻ എന്നെങ്കിലും അവർക്ക് തോന്നണ്ടേ; എന്നാൽ വളരെ പരസ്യമായി യാതൊരു മറയുമില്ലാതെ ഇത്തരം കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കോട്ടയത്തുള്ള പഴയ എം.സി. റോഡ് എത്രയോ വർഷങ്ങളായി കയ്യേറ്റം നടന്നതാണ്. അവിടത്തെ എം.എൽ.എ. എന്നുള്ള നിലയിൽ ഞാൻ നിവേദനം കൊടുത്തിട്ടുണ്ട്. ഓൾഡ് എം.സി. റോഡിന്റെ കയ്യേറ്റം ഒഴിപ്പിക്കണ്ടേ; അത് പരിശോധിച്ച് സർക്കാർ ഭൂമി കയ്യേറിയത് ആരാണെന്ന് മനസ്സിലാക്കി അവരെ ഒഴിപ്പിക്കാനുള്ള നടപടി ഗവൺമെന്റ് എടുക്കണ്ടേ; അതിനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഉണ്ടോ; ഇത് എന്റെ മണ്ഡലത്തിൽ നടന്ന ഒരു കാര്യമാണ്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇങ്ങനെ എത്രയേറെ റോഡുകളും പുറമ്പോക്കുകളും വ്യക്തികളും സ്ഥാപനങ്ങളും കയ്യേറിയിട്ടുണ്ട്. സ്വാധീനമുള്ളവരും മതസംഘടനയുടെ തലപ്പത്തിരിക്കുന്നവരുമെല്ലാം ഇത്തരം കാര്യങ്ങൾ നിർബാധം ചെയ്തുകൊണ്ടിരുന്നിട്ട് അതിനെതിരായി യാതൊരു തരത്തിലുമുള്ള നടപടിയുമെടുക്കാൻ റവന്യൂവകുപ്പോ പി.ഡബ്ല്യൂ.ഡി.-യോ തയ്യാറാകുന്നില്ല എന്നുള്ളതാണ് കേരളത്തിനെ സംബന്ധിച്ചിടത്തോളമുള്ള ദു:ഖകരമായ വസ്തുത.

മി. ചെയർമാൻ : 4 മിനിട്ട് കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, പ്രകൃതിക്ഷോഭംമൂലം വീട് നഷ്ടപ്പെട്ടവർക്കുള്ള ധനസഹായം ആർക്കെങ്കിലും കിട്ടുന്നുണ്ടോ; എന്റെ മണ്ഡലത്തിൽ മരം വീണ് വീട്

പോയതും നാശനഷ്ടം സംഭവിച്ചതുമായ ഒരു ഡസൻ കേസ്സുകളുണ്ട്. ഇക്കാര്യത്തിൽ വില്ലേജ് ഓഫീസർ വന്ന് റിപ്പോർട്ട് എഴുതിക്കൊടുത്തു. എന്നാൽ റിപ്പോർട്ട് എങ്ങോട്ട് പോയെന്ന് ആർക്കും അറിയില്ല. പണം കിട്ടണ്ടേ; പണം കൊടുക്കാൻ സർക്കാരിന് എന്തെങ്കിലും നടപടിയുണ്ടോ; വില്ലേജ് ഓഫീസർ കൃത്യമായി വരുന്നുണ്ട്. പിറ്റേദിവസം വന്ന് വില്ലേജ് ഓഫീസർ ഈ നഷ്ടം തിട്ടപ്പെടുത്തും. അദ്ദേഹത്തോട് ചോദിക്കുമ്പോൾ ഞാൻ റിപ്പോർട്ട് കൊടുത്തിട്ടുണ്ടെന്ന് പറയും. ഈ ധനസഹായം എപ്പോഴെങ്കിലും ലഭിക്കുമോ; ആളുകൾ ധനസഹായം കിട്ടാൻ കാത്തിരിക്കുകയാണ്. പ്രകൃതിക്ഷോഭംമൂലം വീട് നഷ്ടപ്പെടുന്നവർക്കും ദുരിതമനുഭവിക്കുന്നവർക്കുമുള്ള ധനസഹായം ഒരു സ്ഥലത്തും കിട്ടുന്നില്ല എന്നുള്ളതാണ് വസ്തുത.

മി. ചെയർമാൻ : 5 മിനിട്ട് കഴിഞ്ഞിരിക്കുന്നു. പ്ലീസ് കൺക്ലൂഡ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. രാജു എബ്രഹാം)

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, കാര്യക്ഷമതയില്ലായ്മയുടെയും പിടിപ്പുകേടിന്റെയും അഴിമതിയുടെയും പര്യായമായ രണ്ട് വകുപ്പുകളാണ് ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് വന്നിരിക്കുന്നത്. ധനകാര്യ വകുപ്പിൽ നടക്കുന്ന അഴിമതി, ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന അഴിമതി ഇതെല്ലാം ഇന്ന് നാട്ടിൽ പാട്ടായ കാര്യങ്ങളാണ്. അദ്ദേഹം നടത്തിയ അഴിമതി ഇല്ലാതാക്കാൻ വേണ്ടി ഭരണതലത്തിലെ ഉന്നതരടങ്ങുന്ന ഒരു സംഘംതന്നെ ഗൂഢാലോചന നടത്തി അന്വേഷണ റിപ്പോർട്ട് പൂഴ്ത്തിയതും ഒരു കുറ്റവും ചെയ്തിട്ടില്ലായെന്ന രീതിയിൽ റിപ്പോർട്ട് എഴുതിപ്പിച്ചതും അതിനുവേണ്ടി സുപ്രീംകോടതിയിലെ അഭിഭാഷകരുടെ സേവനവും നിയമോപദേശവും തേടിയതും കേരളത്തിൽ ഇതിനുമുൻപ് ഒരിക്കലും നടന്നിട്ടില്ലാത്ത കാര്യമാണെന്നോർക്കണം. ഒരു വിജിലൻസ് കേസിലെ കുറ്റവാളിയെ സംബന്ധിച്ച റിപ്പോർട്ടിൽ കാലതാമസം വരുത്തി, ഒരാളുടെ കയ്യിൽനിന്നും റിപ്പോർട്ട് കിട്ടിയില്ലായെങ്കിൽ വേറൊരാളോട് ചോദിക്കുക, ആ ആളിനോട് ചോദിച്ച് തങ്ങൾക്ക് ആവശ്യമുള്ള രീതിയിൽ റിപ്പോർട്ട് എഴുതി വാങ്ങുക, അതിനുശേഷം കുറ്റവാളി കുറ്റം ചെയ്തിട്ടില്ലായെന്ന് സ്വയം തീരുമാനിക്കുക, കുറ്റപത്രം കോടതിയിൽ കൊടുക്കേണ്ടായെന്ന് തീരുമാനിക്കുക, ഇതെല്ലാം ആർക്കുവേണ്ടിയാണ്? നമ്മുടെ നാട്ടിൽ വിജിലൻസ് അന്വേഷണത്തിന് വിധേയനാകുന്ന ഏതെങ്കിലും ഒരു സാധാരണക്കാരന് ഈ ആനുകൂല്യം ലഭിക്കുമോ; എനിക്ക് ലഭിക്കുമോ; അങ്ങേയ്ക്ക് ലഭിക്കുമോ? ഈ നാട്ടിൽ ആർക്കും ലഭിക്കാത്ത

ആനുകൂല്യം ഗവൺമെന്റിന്റെകീഴിൽ കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിക്ക് ലഭിച്ചു. കൃത്യമായ ആരോപണങ്ങളും തെളിവുകളും വന്നു. കൽക്കരി കുംഭകോണത്തിലെ പ്രതികൾ പറഞ്ഞസമയത്ത് സി.ബി.ഐ. ഡയറക്ടറുടെ വീട്ടിൽ ചെന്നിരുന്നുവെന്ന് സി.ബി.ഐ. ഡയറക്ടറുടെ വീട്ടിലെ രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ പേരിലാണ് അദ്ദേഹം രാജിവച്ചത്. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണിയുടെ വീട്ടിൽ ആരോപണം ഉന്നയിച്ചവർ, ഡ്രൈവറും മറ്റാളുകളും ചെന്നുവെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയത് പോലീസ് കണ്ടെടുത്തില്ലേ? അതുമാത്രം പോരേ ഒരു കുറ്റപത്രം സമർപ്പിക്കാൻ; അതുമാത്രം പോരേ ധനകാര്യവകുപ്പുമന്ത്രി രാജിവയ്ക്കാൻ? അങ്ങനെ തെളിവുകൾ ഒരോന്നോരോന്നായി മുൻപിൽ വന്നുവീണിട്ടും ആ തെളിവുകൾ വച്ച് ഒരു കുറ്റപത്രംപോലും സമർപ്പിക്കേണ്ടതില്ല എന്നു തീരുമാനിക്കാനുള്ള രാഷ്ട്രീയ ധാർഷ്ട്യമാണ് ഈ ഗവൺമെന്റ് കാണിച്ചതെന്ന് ഓർക്കണം. ഇത്തരം ഒരു ഗവൺമെന്റ്, പിടിപ്പുകേടിന്റെയും അഴിമതിയുടെയും പര്യായമായ ധനകാര്യ വകുപ്പും അതുപോലെ തന്നെ പിടിപ്പുകേടിന്റെയും അഴിമതിയുടെയും പര്യായമായ റവന്യൂ വകുപ്പും കൊണ്ടുവന്നിരിക്കുന്ന ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, റവന്യൂ-ധനകാര്യ വകുപ്പുകൾ കൊണ്ടുവന്ന ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. ഈ ചർച്ചകളിൽ പങ്കെടുക്കാൻ പ്രതിപക്ഷം തയ്യാറായിയെന്നുള്ള കാര്യത്തിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ആരോഗ്യകരമായൊരു ചർച്ചയ്ക്ക് വഴിയൊരുക്കുമെന്നാണ് എന്റെ പ്രതീക്ഷ. പക്ഷെ, അതിലൊരു തിരുത്തുംകൂടി വേണ്ടതാണ്. മന്ത്രിമാരെക്കുറിച്ച് ആക്ഷേപം പറയുന്നതിൽ വലിയ തെറ്റൊന്നുമില്ല, കാരണം പ്രതിപക്ഷത്തിന്റെ ചുമതല ഭരണകക്ഷികളെ വിമർശിക്കലാണ്. പക്ഷെ ആർക്കെതിരായിട്ടാണോ വിമർശനം ഉന്നയിക്കുന്നത് ആ വ്യക്തി പറയുന്ന മറുപടികൂടി കേൾക്കാനുള്ള ക്ഷമയുണ്ടാകേണ്ടതാണ്. കഴിഞ്ഞതവണ ബഡ്ജറ്റ് തന്നെ അവതരിപ്പിച്ചില്ലായെന്ന് പറഞ്ഞവർ ആ ബഡ്ജറ്റിനെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുക്കാൻ തയ്യാറായതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. മന്ത്രിമാരുടെ മറുപടി കേൾക്കുവാനുള്ളൊരു ക്ഷമകൂടി പ്രതിപക്ഷം സ്വീകരിക്കണം എന്നൊരഭ്യർത്ഥനകൂടി മുന്നോട്ടുവയ്ക്കുകയാണ്. ഒരു ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ആ ബഡ്ജറ്റിൽ കുറ്റങ്ങളും കുറവുകളുമുണ്ടെന്ന് നമുക്കറിയാം. ബഡ്ജറ്റിനെക്കുറിച്ച് ഭരണകക്ഷികൾക്കും അഭിപ്രായ വ്യത്യാസങ്ങളുണ്ടാകും. ചില സ്ഥലത്ത് ഫണ്ട് കിട്ടിയില്ല, ചില സ്ഥലത്ത് കിട്ടി തുടങ്ങിയ പരാതിയുണ്ടാകും. അതിനാണ് ഒരു പൊതു ചർച്ച വയ്ക്കുന്നത്. ആ പൊതു

ചർച്ചയിൽ ഭരണകക്ഷിക്കും പ്രതിപക്ഷത്തിനും അവരുടേതായ അഭിപ്രായങ്ങൾ രേഖപ്പെടുത്താനും അതനുസരിച്ചുള്ള കുറവുകൾ പരിഹരിക്കാനും കഴിയും. നാല് ബഡ്ജറ്റവതരിപ്പിച്ചപ്പോൾ മൂന്ന് ബഡ്ജറ്റുകൾക്കും ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകുകയുണ്ടായി. ധാരാളം കുറവുകളും നമുക്ക് പരിഹരിക്കാൻ കഴിഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മൂന്ന് ബഡ്ജറ്റിന്റെയും പൊതുചർച്ചയുടെ മറുപടി പ്രസംഗസമയത്ത്, ഓരോ അംഗങ്ങളും ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ വ്യത്യാസം കൂടാതെ അവരവരുടെ നിയോജക മണ്ഡലങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അതിൽ ഏതാണ്ട് 96 ശതമാനം കാര്യങ്ങളും സഭയിൽ വച്ചുതന്നെ അദ്ദേഹം പ്രഖ്യാപിക്കുകയും അങ്ങനെ ബഡ്ജറ്റിന്റെ ഫൈനൽ കൺക്ലൂഷൻ തന്നെ മാറ്റുകയും ചെയ്ത അവസരങ്ങൾ സഭയിലുണ്ടായിട്ടുണ്ട്. ഇത്തവണ നമുക്ക് പറ്റിയൊരു പാളിച്ച എന്നുപറയുന്നത്, പ്രതിപക്ഷം ചർച്ച ബഹിഷ്കരിക്കുക മാത്രമല്ല, പൊതുചർച്ച നടത്താനുള്ള അവസരം നിഷേധിച്ചപ്പോൾ കുറ്റങ്ങളും കുറവുകളും ചൂണ്ടിക്കാണിക്കാനുള്ള എല്ലാ അംഗങ്ങളുടേയും അവകാശമാണ് ഇല്ലാതായത്. ബഹുമാനപ്പെട്ട മന്ത്രിയെക്കുറിച്ച് ശ്രീ. കെ. സുരേഷ് കുറുപ്പ് ചില കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ് അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചത്. ഇവിടെ വ്യവസ്ഥാപിതമായിട്ടുള്ള നീതി വ്യവസ്ഥയില്ലേ? ഒരാൾക്കെതിരെ ആരോപണം കൊണ്ടുവരുന്നു; ആ ആരോപണങ്ങളെക്കുറിച്ച് ഒരേജൻസി അന്വേഷിക്കുന്നു. ആ ആരോപണം അന്വേഷിക്കുന്ന വിജിലൻസിന്റെ റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കോ ആഭ്യന്തര വകുപ്പുമന്ത്രിക്കോ അല്ല, കോടതിയിലാണ് നൽകുന്നത്. ഈ അന്വേഷണത്തെക്കുറിച്ച് ആക്ഷേപങ്ങളുണ്ടെങ്കിൽ കോടതിയെ ബോധ്യപ്പെടുത്താമല്ലോ? ഗവൺമെന്റിന്റെ അന്വേഷണ റിപ്പോർട്ടുകൾ തള്ളിക്കളഞ്ഞ എത്രയോ കോടതി വിധികൾ നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. കേരള രാഷ്ട്രീയത്തിൽ ഏറ്റവുമധികം ചർച്ച ചെയ്യപ്പെട്ട പാമോയിൽ കേസ് പിൻവലിക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചപ്പോൾ കോടതി അത് സ്റ്റേ ചെയ്ത് അന്വേഷണം നടത്താൻ പറഞ്ഞില്ലേ? വ്യവസ്ഥാപിതമായിട്ടുള്ള നീതിനിർവ്വഹണ സ്ഥാപനങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. കോടതികളിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് ഉന്നയിച്ച ആരോപണങ്ങൾ ശരിയാണോ തെറ്റാണോ എന്നതിന്റെ ഫൈനൽ കൺക്ലൂഷൻ വരുന്നത് കോടതിയിൽ നിന്നാണ്. നമുക്കറിയാം, മാധ്യമങ്ങളിലൊക്കെ പല വാർത്തകളും വരും. ശ്രീ. ബിജു രമേശ് ധനകാര്യ വകുപ്പുമന്ത്രിക്കെതിരായി ഒരാരോപണം ഉന്നയിച്ചു. അദ്ദേഹം കുറെ

ആളുകളുടെ ലിസ്റ്റ് വിജിലൻസിന് കൊടുത്തു. നമ്മളെല്ലാവരും കാര്യങ്ങൾ മനസ്സിലാക്കുന്നത് മാധ്യമങ്ങളിൽക്കൂടിയാണ്. ഏതന്വേഷണ കമ്മീഷനു മുമ്പാകെ ആര് ഹാജരായാലും ആ അന്വേഷണത്തിന് മൊഴി കൊടുത്ത് തിരിച്ചുവരുമ്പോൾ എല്ലാപേരെയും കാത്ത് ചാനലുകാർ ഉണ്ടാകും. ചാനലുകളിൽ മൊഴികൊടുത്തവർ തന്നെ വ്യക്തമായി പറഞ്ഞത് ആരോപണങ്ങൾ ശരിയല്ല, ഞങ്ങൾ കാശ് കൊടുത്തിട്ടില്ലെന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഒരു കൺക്ലൂഷനിൽ എത്തിയിട്ടുണ്ടെങ്കിൽ, എത്തിയിട്ടുണ്ടോ ഇല്ലയോ എന്ന് നമുക്ക് ഇപ്പോഴും അറിയില്ല, എല്ലാം മാധ്യമങ്ങളെ ആശ്രയിക്കാനേ വഴിയുള്ളൂ. ചിലപ്പോൾ ശരിയായിരിക്കാം ചിലപ്പോൾ തെറ്റായിരിക്കാം. അതുസംബന്ധിച്ച റിപ്പോർട്ട് വരുമ്പോൾ, ആ റിപ്പോർട്ട് അന്വേഷിച്ച ഉദ്യോഗസ്ഥരെ കുറ്റപ്പെടുത്തുന്നതിനുപകരം, ആ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ച് കോടതിയുടെ തീരുമാനം വരുന്നതുവരെ കാത്തിരിക്കുക. പക്ഷേ അതുവരെ നമ്മുടെ വികസനപ്രവർത്തനങ്ങൾ തടസപ്പെടുത്താൻ പറ്റുമോ? എത്രയെത്ര നിർദ്ദേശങ്ങൾ നമുക്ക് ഇവിടെ സമർപ്പിക്കാമായിരുന്നു. അതിനുള്ള അവസരങ്ങളാണ് നഷ്ടപ്പെട്ടത്. സഭയുടെ കാലാവധി അവസാനിക്കാൻ ഇനി പത്ത് മാസമേ ബാക്കിയുള്ളൂ. ഈ പത്ത് മാസത്തിനുള്ളിൽ നമ്മുടെ നിയോജകമണ്ഡലങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടത്താൻ നമ്മളെല്ലാവരും ആഗ്രഹിക്കുന്നു. ആ പത്ത് മാസക്കാലം അതിന്റെ പോരായ്മകൾ പരിഹരിച്ച്, നമ്മുടെ നിയോജക മണ്ഡലങ്ങളിലെയും സംസ്ഥാനത്തിന്റെയും വികസനപ്രവർത്തനങ്ങൾക്ക് ഒരു കൂട്ടായ്മ ആവശ്യമാണ്. കുറേ അവസരങ്ങൾ നമ്മൾ പാഴാക്കി. ഇനിയെങ്കിലും അടുത്ത പത്ത് മാസക്കാലം, മറ്റെല്ലാകാര്യത്തിലും കോടതി വിധിയും അന്വേഷണ ഏജൻസിയുടെ റിപ്പോർട്ടും വരട്ടെ, അതുവരെ നമുക്ക് ക്ഷമയോടെ കാത്തിരിക്കാം.

നമ്മൾ നിരവധി തവണ ഇവിടെ പറഞ്ഞ പ്രധാനപ്പെട്ട കാര്യം, ഈ ഗവൺമെന്റ് കൊണ്ടുവന്ന ധനകാര്യ വകുപ്പിന്റെ ഏറ്റവും വലിയ നേട്ടം കാരുണ്യ ബെനവലന്റ് സ്കീമാണ്. നമുക്കറിയാം രോഗം നമ്മുടെ നിയന്ത്രണത്തിലല്ല. നിയമസഭാ സാമാജികരായ നമ്മുടെയടുത്ത് ഓരോ ദുരിതാശ്വാസഫണ്ടിനുവേണ്ടി പലരും നമ്മളെ സമീപിക്കാറുണ്ട്. അങ്ങനെ സമീപിക്കുന്നവരെ പരമാവധി തൃപ്തിപ്പെടുത്താൻ കഴിയുക എന്നതാണ് നിയമസഭാ സാമാജികരെന്ന നിലയിൽ നമുക്ക് ലഭിക്കുന്ന ഏറ്റവും വലിയ സംതൃപ്തി. ബാക്കിയെന്തൊക്കെ വികസനം പറഞ്ഞാലും പാവപ്പെട്ട ഒരാൾ സമീപിക്കുമ്പോൾ, അവരെ സഹായിക്കാൻ കഴിയുകയെന്നത് ഏറ്റവും വലിയ നേട്ടം തന്നെയാണ്. ഇന്നലെ മുഖ്യമന്ത്രി പറഞ്ഞ

കണക്കുപ്രകാരം കാരുണ്യ ബെനവലന്റ് സ്കീമനുസരിച്ച് ഏതാണ്ട് 96000-ത്തോളം രോഗികൾക്ക് 746 കോടി രൂപ നൽകാൻ കഴിഞ്ഞുവെന്നുള്ളത് മഹത്തായ കാര്യമായി ഞാൻ കാണുകയാണ്. അതിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമൊന്നുമില്ല. എത്രയോ ആളുകൾക്ക് രോഗം വരുന്നു. അവരെ സഹായിക്കാൻ ഒരു സ്കീം കൊണ്ടുവന്നുവെന്നത് ധനകാര്യവകുപ്പിന്റെ ഏറ്റവും വലിയ നേട്ടമായാണ് ഞാൻ കാണുന്നത്. ഈ സ്കീം കൊണ്ടുവന്നതിന്റെ ഒന്നാം വാർഷികം തിരുവനന്തപുരം കനകക്കുന്ന് പാലസിൽ വച്ചാണ് ആഘോഷിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആ ചടങ്ങിൽ മുഖ്യ അതിഥിയായിരുന്നു. ജനസമ്പർക്ക പരിപാടിയെക്കാൾ പാവപ്പെട്ടവരെ നേരിട്ട് സഹായിക്കുന്ന ഒരു പദ്ധതിയായതുകൊണ്ട് ധനകാര്യവകുപ്പുമന്ത്രി ചെയ്തത് നല്ലൊരു കാര്യമാണെന്ന് അദ്ദേഹം അന്ന് സൂചിപ്പിച്ചു. അന്ന് ഞാനായിരുന്നു യോഗത്തിന്റെ അദ്ധ്യക്ഷൻ. ലോട്ടറി ഞങ്ങളുടെ സമുദായത്തിനെ സംബന്ധിച്ചിടത്തോളം ഒരു ചൂതാട്ടമാണ്, പക്ഷേ കാരുണ്യ ലോട്ടറിയെന്നു പറഞ്ഞാൽ ചൂതാട്ടമല്ല, അത് പാവങ്ങളെ സഹായിക്കുന്ന പദ്ധതിയാണെന്ന് മുൻ പാളയം ഇമാം സൂചിപ്പിക്കുകയുണ്ടായി. പണ്ടുകാലത്ത് രണ്ട് രൂപ കൊടുത്തെടുക്കുന്ന ലോട്ടറി ടിക്കറ്റിന് സമ്മാനം കിട്ടിയില്ലെങ്കിൽ രണ്ടുരൂപ പോയി എന്നുപറയുമായിരുന്നു. എന്നാൽ ഇന്ന് അമ്പതുരൂപ കൊടുത്ത് കാരുണ്യ ലോട്ടറി എടുക്കുമ്പോൾ സമ്മാനം കിട്ടിയാൽ സന്തോഷം, കിട്ടിയില്ലെങ്കിൽ ദുഃഖവുമില്ല. പക്ഷേ നമുക്കതിൽ, പാവപ്പെട്ട രോഗികളെ സഹായിക്കാൻ കഴിഞ്ഞുവെന്നൊരു ചാരിതാർത്ഥ്യമുണ്ട്. അതിന് മുൻകൈ എടുത്ത ധനകാര്യവകുപ്പുമന്ത്രിയെ അഭിനന്ദിക്കാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുകയാണ്. ഇപ്പോൾ കാൻസർ, ബൈപ്പാസ് സർജറി തുടങ്ങിയവയ്ക്കാണ് ഈ ഫണ്ടിൽനിന്നും പണം കൊടുക്കുന്നത്. മേജർ ഓപ്പറേഷൻ വേണ്ടിവരുന്ന എല്ലാ രോഗങ്ങൾക്കും ഈ ഫണ്ടിൽനിന്നും തുക കൊടുക്കുന്ന സംവിധാനമുണ്ടാകണമെന്ന് ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധാരാളം ആളുകൾ തലചായ്ക്കാൻ ഒരു കൂരയ്ക്കുവേണ്ടി കാത്തിരിക്കുന്നവരാണ്. അവർക്കുള്ള ഭവനപദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ച് പാവപ്പെട്ടവർക്ക് തലചായ്ക്കാനുള്ള അവസരമുണ്ടാക്കണം. അതിന് ധനകാര്യവകുപ്പുമന്ത്രി മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. റബ്ബറിന് 150 രൂപ താങ്ങുവില കൊടുക്കാൻ

തീരുമാനിച്ചത് നല്ലൊരു കാര്യം തന്നെയാണ്. ശ്രീ. കെ. സുരേഷ് കുറുപ്പ് ഇവിടെ പറഞ്ഞതുപോലെ അതൊരു ഇലക്ഷൻ പ്രഖ്യാപനമല്ല, കാരണം ഇലക്ഷൻ തീർന്നിട്ടില്ല. ഒരു ബൈ ഇലക്ഷനേ കഴിഞ്ഞിട്ടുള്ളൂ. ലോക്കൽ ബോഡി ഇലക്ഷനും നിയമസഭാ ഇലക്ഷനും വരുന്നു. അതുകൊണ്ട് ഇലക്ഷൻ സംബന്ധിച്ച പ്രഖ്യാപനമല്ല. പക്ഷേ റബ്ബറിന് 150 രൂപയെങ്കിലും താങ്ങുവില കൊടുക്കാനെടുത്ത തീരുമാനം വളരെ സ്വാഗതാർഹമാണ്. ആ തുക എത്രയും പെട്ടെന്ന് കൊടുത്തുതീർക്കാനുള്ള നടപടിയുണ്ടാകണം.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് പെൻഷൻ പറ്റിയ ജീവനക്കാരെ സംബന്ധിച്ചാണ്. അവരുടെ 6 മാസത്തെ ഉൾപ്പെടെയുള്ള പെൻഷൻ കുടിശ്ശിക തീർക്കാൻ 118 കോടി രൂപയെങ്കിലും വേണ്ടിവരുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ ഡ്രൈവേഴ്സ് യൂണിയന്റെ പ്രസിഡന്റ് കൂടിയാണ്. അതിൽ കക്ഷിരാഷ്ട്രീയമില്ല. എല്ലാ പാർട്ടിക്കാരും ഇതിന്റെ പ്രസിഡന്റായി വരും. ഇപ്പോൾ തിരുവനന്തപുരത്തുള്ള എം.എൽ.എ.-മാർക്ക് ചില മുൻഗണന കൊടുക്കുന്നതുകൊണ്ട് ഞാൻ അതിന്റെ അദ്ധ്യക്ഷപദവി ഏറ്റെടുക്കേണ്ടിവന്നു. അതുകൊണ്ട് അക്കാര്യത്തിൽ പ്രയോറിറ്റി കൊടുക്കണം. നിയമസഭയിൽ ഒരു റിട്ടയേർഡ് ട്രാൻസ്പോർട്ട് ജീവനക്കാരൻ മുദ്രാവാക്യം മുഴക്കിയപ്പോൾ, സഭയുടെ റൂളനുസരിച്ച് നിയമം ലംഘിക്കാൻ പാടില്ലാത്തതുകൊണ്ട് അദ്ദേഹത്തിന് ഒരു ദിവസത്തേയ്ക്ക് ചെറിയ ശിക്ഷ കൊടുക്കേണ്ടിവന്നെങ്കിലും നമ്മുടെയൊക്കെ മനസ് വല്ലാതെ വേദനിച്ചിരുന്നു. കാരണം, അദ്ദേഹം പറഞ്ഞത് ജനവിനായിട്ടുള്ള ഒരു കേസാണെന്ന കാര്യത്തിൽ സംശയമൊന്നുമുണ്ടായിരുന്നില്ല. ഇക്കാരണങ്ങൾ പറഞ്ഞ് അരുവിക്കരയിൽ രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ പ്രതിപക്ഷം നോക്കിയെങ്കിലും അതൊന്നും ഏറ്റില്ലെന്ന് ഇലക്ഷൻ റിസൽട്ട് വന്നപ്പോൾ കണ്ടു. പക്ഷേ ഇപ്പോൾ ഇലക്ഷനൊന്നുമല്ല കാര്യം. ഇപ്പോൾ സർവ്വീസിലുള്ളവർ തന്നെ ചെലവ് കഴിക്കാൻ പാടുപെടുകയാണ്. അപ്പോൾ പെൻഷനായ ഒരു ജീവനക്കാരനെ സംബന്ധിച്ചിടത്തോളം കുടുംബം പുലർത്തുകയെന്നത് ഏറ്റവും പ്രയാസമുള്ള കാര്യമാണ്. അതുകൊണ്ട് കെ.എസ്.ആർ.ടി.സി. പെൻഷൻ കുടിശ്ശിക മുഴുവൻ കൊടുക്കുന്നതിനെക്കുറിച്ചും മാസാമാസം കൃത്യമായി അവർക്ക് പെൻഷൻ കൊടുക്കാനുള്ള ഒരു സംവിധാനമുണ്ടാക്കുന്നതിനെക്കുറിച്ചും ധനകാര്യ വകുപ്പുമന്ത്രി മറുപടി പ്രസംഗത്തിൽ ദയവായി സൂചിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പിനെ സംബന്ധിച്ച് ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞ പല

കാര്യങ്ങളോടും എനിക്ക് യോജിപ്പുണ്ട്, പക്ഷേ അതിന് രാഷ്ട്രീയനിറം കൊടുത്തതിൽ മാത്രമേ വിയോജിപ്പുള്ളൂ. സ്ഥലങ്ങൾ കയ്യേറുന്നത് കാലാകാലങ്ങളിൽ നടന്നുവരുന്ന ഒരു കാര്യമാണ്. ഏത് ഗവൺമെന്റ് ഭരിച്ചാലും പുറമ്പോക്ക് ഭൂമി കയ്യേറി വീട് വയ്ക്കുന്നത് കുറേ കാലങ്ങളായി നടന്നുവരുന്ന ഒരു പ്രക്രിയയാണ്. അതിന്റെ ദുരന്തമനുഭവിക്കുന്നത് തിരുവനന്തപുരം നഗരമാണ്. എന്റെയും ശ്രീ. വി. എസ്. ശിവകുമാറിന്റെയും ശ്രീ. വി. ശിവൻകുട്ടിയുടേയും നിയോജകമണ്ഡലങ്ങളിൽ കഴിഞ്ഞദിവസം ഒരു മഴ പെയ്തപ്പോഴേയ്ക്കും വെള്ളപ്പൊക്കമുണ്ടായി. ആ സ്ഥലങ്ങളിൽ ബണ്ട് നിർമ്മാണസമയത്ത് പ്രാദേശികമായ എതിർപ്പുകൾ വരികയാണ്. ഫണ്ട് അനുവദിക്കാത്തതുകൊണ്ടല്ല. പക്ഷെ എതിർപ്പിന്റെ കാരണമെന്താണ്? ഓരോരുത്തരും സ്ഥലം കയ്യേറിയിട്ടുണ്ട്. ബണ്ട് നിർമ്മാണ സമയത്ത് രേഖ പരിശോധിച്ചാൽ പലതും കയ്യേറ്റമാണെന്ന് മനസ്സിലാകും. ഈ കയ്യേറ്റം ഒഴിപ്പിക്കുമെന്ന ധാരണയിൽ ഫണ്ട് അനുവദിച്ചിട്ടുപോലും ബണ്ട് കെട്ടാൻ അനുവദിക്കാത്തതിന്റെ ഫലമായി തിരുവനന്തപുരം നഗരത്തിൽ തന്നെ വെള്ളപ്പൊക്കമുണ്ടായി. മൂന്ന് തവണ വെള്ളപ്പൊക്കമുണ്ടായെങ്കിലും ഭാഗ്യത്തിന് ആരുടേയും ജീവന് ഹാനിയുണ്ടായില്ല. അതുകൊണ്ട് ജനപ്രതിനിധികളായ ഞങ്ങൾ രക്ഷപ്പെട്ടു നിൽക്കുകയാണ്. പക്ഷേ ആർക്കെങ്കിലും ജീവൻ നഷ്ടപ്പെട്ടാലുള്ള സ്ഥിതിയെന്താണ്; അതിന് മറുപടി പറയേണ്ടതാരാണ്; ജനപ്രതിനിധികളല്ലേ? അതുകൊണ്ട് അനധികൃതമായ കയ്യേറ്റങ്ങൾ ആര് നടത്തിയാലും ഒഴിപ്പിക്കുന്ന കാര്യത്തിൽ ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കണം.

മറ്റൊരു കാര്യം, വൈദ്യുതോല്പാദനത്തിനായി ഒരു പ്രോജക്ട് കൊണ്ടുവരുമ്പോൾ പരിസ്ഥിതിക്ക് ഹാനികരമെന്ന് പറഞ്ഞ് അതിനെ തടസപ്പെടുത്തും. പക്ഷേ എത്ര ഫ്ലാറ്റ് കെട്ടിയാലും അതിനെ തടയാൻ ഒരു പ്രകൃതിസ്നേഹിയും വരില്ല. ഒരുപക്ഷേ ആളുകൾക്ക് ഒരു സെക്യൂരിറ്റി ഫീൽ ചെയ്യുന്നുണ്ടാകും. ഇത്രയേറെ ഫ്ലാറ്റുകൾ നമ്മുടെ സംസ്ഥാനത്ത് കെട്ടിപ്പൊക്കുന്നതിന്റെ ആവശ്യമെന്താണ്. കുഗ്രാമങ്ങളിൽപ്പോലും ഫ്ലാറ്റുകൾ. ഫ്ലാറ്റുകളുടെ എണ്ണം കൂടുന്നതുകൊണ്ട് അനുഭവിക്കുന്ന പ്രയാസമെന്തെന്നാൽ ഈ നഗരത്തിലുള്ളത് മുഴുവൻ പഴയകാല പൈപ്പുകളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞവർഷം ഉദ്ഘാടനം ചെയ്ത 13 കോടി രൂപയുടെ ആദ്യത്തെ ഇ-ടെണ്ടർ റോഡുണ്ട്. ഒരു ദിവസം കാലത്ത് അവിടെ പൈപ്പ്ലൈൻ പൊട്ടിയെന്ന് പറഞ്ഞ് എനിക്ക് ഫോൺ വരുന്നു. ആ ജംഗ്ഷന്റെ പേരുതന്നെ പൈപ്പിൻമൂട് ജംഗ്ഷനെന്നാണ്. ഞാൻ അവിടെ ചെന്നപ്പോൾ റോഡിന്റെ നടുവിൽ പൈപ്പ് പൊട്ടി റോഡ് കുഴിയിലേയ്ക്കായിരിക്കുകയാണ്. ഒരു കുഴിയും

കുഴിയിൽ മുങ്ങിക്കുളിക്കാവുന്ന രീതിയിൽ നിറയെ വെള്ളവും. ഏതാണ്ട് ഒരു കുളം തന്നെ രൂപപ്പെട്ടിരിക്കുകയാണ്. ഇതൊക്കെ ഫ്ലാറ്റുകളുടെ നിർമ്മാണത്തിന്റെ പരിണിത ഫലമാണ്. ഇതിനെ നിയന്ത്രിക്കേണ്ട സമയം കഴിഞ്ഞു. ഇപ്പോഴുള്ള ഫ്ലാറ്റുകളിൽ താമസിക്കുന്നതിനുള്ളത്ര ആളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഓരോരുത്തർ ഫ്ലാറ്റുകൾ വാങ്ങി പൂട്ടിയിട്ടിട്ട് വിദേശങ്ങളിൽ പോകുകയോ അല്ലെങ്കിൽ ആർക്കെങ്കിലും വാടകയ്ക്ക് കൊടുക്കുകയോ ചെയ്യുകയാണ്. അതിന്റെ പരിണിതഫലം അനുഭവിക്കുന്നത് ആ പ്രദേശത്തുള്ളവരാണ്. 1970-കളിലിട്ട പൈപ്പുകളാണ് തിരുവനന്തപുരം നഗരത്തിൽ പലയിടങ്ങളിലുമുള്ളത്. ആ പൈപ്പുകളൊക്കെ പൊട്ടി വെള്ളം ചീറ്റിക്കൊണ്ടിരിക്കുകയാണ്. അനധികൃതമായ ഫ്ലാറ്റ് നിർമ്മാണം തീർച്ചയായും നിയന്ത്രിക്കണം. പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ കൊടുക്കുന്ന ധനസഹായം കഴിഞ്ഞ വർഷമുള്ള തുക തന്നെ കൊടുത്തിട്ടുണ്ടോ എന്നെനിക്കറിയില്ല. കഴിഞ്ഞ ദിവസം തിരുവനന്തപുരം നഗരത്തിൽ പ്രകൃതിക്ഷോഭംമൂലം വളരെയധികം നഷ്ടമുണ്ടായി. ഞാനും ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറുംകൂടി പ്രസ്തുത സ്ഥലം സന്ദർശിച്ചതാണ്. എന്റെയും ശ്രീ. വി.എസ്. ശിവകുമാറിന്റെയും ശ്രീ. വി. ശിവൻകുട്ടിയുടെയും മണ്ഡലങ്ങളെയാണ് നഗരത്തിൽ പ്രകൃതിക്ഷോഭം കാര്യമായി ബാധിച്ചത്. ഒരുപാട് വീടുകൾ വെള്ളത്തിലായി. തലേദിവസം കാറിൽ പോയ റോഡുകൾ പിറ്റേ ദിവസം ചെല്ലുമ്പോൾ സമുദ്രമാണ്. പല വീടുകളിലും എനിക്കു പോകാൻ പറ്റിയില്ല. കാരണം, അവിടെ പോയിക്കഴിഞ്ഞാൽ തിരിച്ചുവരാൻ കഴിയാത്തത്ര വിധത്തിൽ ശക്തമായ ഒഴുക്കാണ്. ചിലപ്പോൾ നമ്മൾ ബണ്ടിലേയ്ക്ക് ഒഴുകിപ്പോകും. അത്രയ്ക്ക് ഭീകരമായിട്ടുള്ള കാഴ്ചയായിരുന്നു. വീടുകൾക്ക് രണ്ടാം നിലയുള്ളതുകൊണ്ട് പല ആളുകളും രക്ഷപ്പെട്ടു. ഒരാൾ രാത്രി കിടന്നുറങ്ങുമ്പോൾ വെള്ളത്തിന്റെ നനവ് തട്ടി ഞെട്ടിയുണർന്ന് നോക്കിയപ്പോൾ അയാൾക്ക് താഴേയ്ക്ക് ഇറങ്ങാൻ പറ്റാതെ വെള്ളം നിറഞ്ഞുനിൽക്കുകയാണ്. അദ്ദേഹം ഭാര്യയെയും മക്കളെയും വിളിച്ചുകൊണ്ട് ടെറസ്സിലേയ്ക്ക് കയറി. പത്തുമിനിട്ട് വൈകിയിരുന്നുവെങ്കിൽ മരണം ഉറപ്പായിരുന്നു. അതുകഴിഞ്ഞ് വെള്ളം ഇറങ്ങിയപ്പോഴുണ്ടായ സ്ഥിതിയെന്താണ്; എല്ലാം നഷ്ടപ്പെട്ടു. സമ്പന്നകുടുംബത്തിലുള്ളവരുടെ വീടുകളും നഷ്ടപ്പെട്ടു. കാർ, ഫ്രിഡ്ജ്, വീട്ടിലെ മറ്റ് സാധനങ്ങൾ തുടങ്ങിയവയെല്ലാം നഷ്ടപ്പെട്ടു. ഇത് കുറച്ചു വരുമാനമുള്ളവരുടെ സ്ഥിതിയാണ്. അതിലേറെ കഷ്ടമാണ് പാവങ്ങളുടെ സ്ഥിതി. വീട് നഷ്ടപ്പെട്ടവർക്കുള്ള ദുരിതാശ്വാസം എത്രയുംപെട്ടെന്ന് കൊടുക്കാനുള്ള സത്വരനടപടി ഗവൺമെന്റ് സ്വീകരിക്കണം. കഴിഞ്ഞവർഷത്തെ ധനസഹായം കുറേ പെൻഡിംഗുണ്ട്. അത് പരിഹരിച്ചുകൊണ്ട് അവർക്ക് എത്രയുംപെട്ടെന്ന് തുക എത്തിക്കാനുള്ള സംവിധാനം തീർച്ചയായും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം.

മി. ചെയർമാൻ : അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. കെ. മുരളീധരൻ</u> : സർ, ഞാൻ എപ്പോഴും സംസാരിക്കുന്ന ആളല്ല. പ്രധാനപ്പെട്ട ഒരു കാര്യമായതുകൊണ്ടാണ്. രാഷ്ട്രീയം ഇതുവരെ പറഞ്ഞിട്ടില്ല. ഒരു നിയമസഭാ സാമാജികന്റെ പ്രയാസം ഇവിടെയല്ലാതെ പിന്നെ എവിടെയാണ് പറയാൻ പറ്റുന്നത്; ഫ്ലഡ്-ന് കൊടുക്കുന്ന ഫണ്ടിനെ സംബന്ധിച്ച് കേന്ദ്രസർക്കാർ ഒരു പുതിയ നിയമം കൊണ്ടുവന്നിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒരു കിലോമീറ്റർ റോഡിന് 54,000 രൂപയാണുള്ളതെന്നാണ് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഈ 54,000 രൂപ കൊണ്ട് എന്തുചെയ്യാനാണ്; ഒരു ലക്ഷം രൂപയില്ലാതെ ഒരു റോഡിന്റെ ഒരറ്റത്തുള്ള പണിപോലും ചെയ്യാൻ കഴിയില്ല. എനിക്ക് കഴിഞ്ഞ മൂന്നുവർഷം കൊണ്ടുണ്ടായ ഏറ്റവും വലിയ നേട്ടമെന്നു പറയുന്നത് അനുമതിക്ക് അർഹമായ ഒരു വിഹിതം എന്റെ നിയോജക മണ്ഡലത്തിൽ ലഭിച്ചിട്ടുണ്ട് എന്നതാണ്. അതുകൊണ്ട് തീർച്ചയായും ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. കേന്ദ്ര സർക്കാരിന് നമ്മളോട് ചിലപ്പോൾ താൽപ്പര്യമുണ്ടാകില്ല. കാരണം, എത്രയായാലും ഗതിപിടിക്കാത്ത ഒരു സംസ്ഥാനമായതുകൊണ്ട് കേന്ദ്രത്തിലെ ഭരണകക്ഷിക്ക് താൽപ്പര്യമുണ്ടാകില്ല. പക്ഷേ ശക്തമായി സമ്മർദ്ദം ചെലുത്തണം. ഫ്ലഡ്-നുള്ള ഫണ്ടെന്നുപറയുന്നത് 140 എം.എൽ.എൽ.-മാരുടെയും നിയോജകമണ്ഡലങ്ങളിൽ പരമപ്രധാനമായിട്ടുള്ള കാര്യമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

നമ്മുടെ സംസ്ഥാനത്ത് ഒരുപാട് കാലപ്പഴക്കംചെന്ന മരങ്ങളുണ്ട്. മരം മുറിക്കരുതെന്നു പറയുന്നത് ശരിയാണ്; പ്രകൃതിയെ സംരക്ഷിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മിനിഞ്ഞാന്ന് പറഞ്ഞതുപോലെ ഒരു മരം മുറിച്ചാൽ രണ്ട് മരം വേണമെങ്കിൽ വച്ചുപിടിപ്പിക്കാം. കോതമംഗലത്തുണ്ടായ ദാരുണമായ സംഭവം നമ്മൾ കണ്ടതാണ്. പിഞ്ചുകുഞ്ഞുങ്ങളെ രക്ഷിതാക്കൾ പഠിക്കാൻ അയയ്ക്കുന്നത് അവരൊക്കെ പഠിച്ച് നല്ല മിടുക്കരായി വരുന്നതിനുവേണ്ടിയാണ്. നമ്മുടെ സംസ്ഥാനത്ത് മരം മുറിഞ്ഞുവീണ് എത്രയെത്ര ജീവനുകളാണ് പൊലിഞ്ഞത്. അതുകൊണ്ട് കാലപ്പഴക്കംചെന്ന മരങ്ങൾ വെട്ടി മാറ്റുക തന്നെവേണം. എന്ത് പ്രകൃതി സ്നേഹം പറഞ്ഞാലും കാലപ്പഴക്കംചെന്ന മരങ്ങൾ മുറിച്ചുമാറ്റുക തന്നെവേണം. എല്ലാ മരങ്ങളും വെട്ടിമാറ്റണമെന്നല്ല പറയുന്നത്. കളക്ടറുടെ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റി വ്യക്തമായി പരിശോധിച്ച്, ഏതൊക്കെ പ്രദേശങ്ങളിൽനിന്നാണ് പരാതി വരുന്നതെന്നു നോക്കി ആ സ്ഥലം പോയി പരിശോധിച്ച് വേണ്ട പരിഹാരമുണ്ടാക്കണം. മുറിക്കേണ്ട മരമാണെങ്കിൽ മുറിക്കണം. കഴിഞ്ഞദിവസം എന്റെ നിയോജകമണ്ഡലത്തിലെ ബാർട്ടൺഹിൽ എഞ്ചിനീയറിംഗ് കോളേജിനടുത്ത് മരംവീണ് ഒരു വീട് മുഴുവൻ നശിച്ചു. ഭാഗ്യംകൊണ്ട് ആ വീട്ടിലുള്ളവർ രക്ഷപ്പെട്ടു. ഇത്തരത്തിലുള്ള ഒരുപാട് സംഭവങ്ങളുണ്ട്. ഓരോ

ദിവസത്തെയും പത്രത്തിലെ 'നഗരം' പേജുകളിൽ നോക്കിയാൽ ഇത്തരം പ്രശ്നങ്ങൾ കാണാം. ഒരുപാട് വീടുകൾ മരംവീണ് തകർന്നിട്ടും ഭാഗ്യംകൊണ്ട് വീട്ടുകാർ രക്ഷപ്പെടുകയാണ് ചെയ്യുന്നത്. അങ്ങനെയുള്ള സ്ഥലങ്ങളിൽ മരംമുറിക്കാനുള്ള നിർദ്ദേശം ഗവൺമെന്റ് കർശനമായി കൊടുക്കണം. ഞാൻ ദീർഘമായിട്ടൊന്നും പറയുന്നില്ല. ഈ ഗവൺമെന്റ് നാലുവർഷം ചെയ്ത നല്ലകാര്യങ്ങൾക്ക് കിട്ടിയ ഒരംഗീകാരം കൂടിയാണ് അരുവിക്കര ഉപതെരഞ്ഞെടുപ്പ് ഫലം. തീർച്ചയായും ഭരണകക്ഷിക്ക് വളരെയേറെ സന്തോഷിക്കാൻ വകനൽകുന്നുണ്ട്. കാരണം, ഇത്രയേറെ വിപരീതമായ പ്രചരണങ്ങളുണ്ടായിട്ടും നല്ലരീതിയിൽ വിജയിക്കാൻ കഴിഞ്ഞു. അതൊരു വിജയം തന്നെയാണ്. അതേ സമയം ഈ വിജയത്തിനെ പരാജയമാക്കി ചിത്രീകരിച്ചിട്ടൊന്നും യാതൊരു കാര്യവുമില്ല. പക്ഷേ വർഗ്ഗീയ ശക്തികൾ ഈ മണ്ണിൽ ശക്തിപ്രാപിക്കുന്നത് തടയേണ്ട ഉത്തരവാദിത്വം നമുക്കെല്ലാവർക്കുമുണ്ട്. ബി.ജെ.പി.-ക്ക് ഒരു വോട്ടുമില്ലാത്ത സ്ഥലത്താണ് 34,000 വോട്ടുകൾ അവർക്ക് ലഭിച്ചത്. തിരുവനന്തപുരം നഗരത്തിൽ ഞങ്ങളൊക്കെ ബി.ജെ.പി.-യുമായി ഏറ്റുമുട്ടുന്ന നിയോജകമണ്ഡലത്തിൽപ്പെട്ടവരാണ്. അവിടെയൊക്കെ അടുത്ത ഇലക്ഷന്റെ സ്ഥിതിവിശേഷം നമ്മുടെ കൺമുമ്പിൽ ഉണ്ടാകണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. അതുകൊണ്ട് വർഗ്ഗീയശക്തികളെ നേരിടാൻ മതേതരശക്തികൾ ഒന്നിക്കണം. അതേസമയം തെറ്റുകളും കുറവുകളും ചർച്ച ചെയ്ത് പരിഹരിക്കണം. വർഗ്ഗീയതയെ ചെറുക്കുന്നതിന് മതേതരശക്തികൾ ഒന്നാകണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമനസ്സോടെ പിന്താങ്ങുകയാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : സർ, പ്രകൃതിക്ഷോഭംമൂലമുള്ള നാശനഷ്ടങ്ങൾക്ക് തുക നൽകുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാന്യനായ കെ. മുരളീധരൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, കഴിഞ്ഞ വർഷത്തെ തുക നൽകിയില്ലെന്നുമാത്രമല്ല 2013-ലുണ്ടായ നാശനഷ്ടങ്ങൾക്കുപോലും തുക നൽകാത്ത സാഹചര്യം നിലനിൽക്കുകയാണ്. ഇക്കാര്യങ്ങൾ ഇവിടെ ആവർത്തിച്ച് പറഞ്ഞാലും വലിയ ഫലമൊന്നുമുണ്ടാകുകയില്ല. പ്രത്യേകമായ രീതിയിലുള്ള ചുഴലിക്കാറ്റും അതോടൊ പ്പമുണ്ടായിട്ടുള്ള വമ്പിച്ച നാശനഷ്ടങ്ങളെ സംബന്ധിച്ചും മൂന്ന് തവണ ഞാനിവിടെ സബ്മിഷൻ അവതരിപ്പിച്ചതാണ്. അതുകൊണ്ടൊന്നും വലിയ കാര്യമില്ലെന്ന് ഇപ്പോൾ ബോദ്ധ്യമായി. മൂന്ന് തവണയും നഷ്ടപരിഹാരം നൽകുമെന്ന് കൃഷി വകുപ്പുമന്ത്രി ഉറപ്പ് നൽകിയതാണ്. കൃഷി വകുപ്പുമന്ത്രി നൽകിയ ഉറപ്പ് പാലിക്കാതെ വന്നപ്പോൾ 31-1-2015-ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പരാതി നൽകി. പക്ഷേ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും അനുകൂലമായ ഒരു പ്രതികരണവുമുണ്ടായിട്ടില്ല. പ്രകൃതിക്ഷോഭവും

അതോടനുബന്ധിച്ചുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ധനസഹായം നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുമ്പോൾ 2015-ലേത് മാത്രമല്ല 2014, 2013 വർഷങ്ങളിലെ തുകപോലും നല്കിയിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതുകൊണ്ട് പ്രത്യേകിച്ച് കാര്യമുണ്ടെന്ന് തോന്നുന്നില്ല. 26-4-2013-ലുണ്ടായ കാറ്റിലും മഴയിലുംപെട്ട് പതിനൊന്ന് കോടി മുപ്പത്തിയൊൻപത് ലക്ഷം രൂപയുടെ നാശനഷ്ടം കാസർഗോഡ് മേഖലയിൽ, പ്രത്യേകിച്ച് കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലും അനുബന്ധ പ്രദേശങ്ങളായ ഉദുമയും തൃക്കരിപ്പൂരും ഉൾപ്പെടുന്ന പ്രദേശത്തുമുണ്ടായി എന്ന് കണക്കാക്കിയത് കൃഷി വകുപ്പിന്റേയും റവന്യൂ വകുപ്പിന്റേയും ഉദ്യോഗസ്ഥരാണ്. അവർ ബന്ധപ്പെട്ട റിപ്പോർട്ടുകൾ ഇവിടെ സമർപ്പിച്ചിട്ടുള്ളതാണ്. ചാലയിലുണ്ടായ ദുരന്തത്തിന് സമാനമായ രീതിയിൽ കർഷകരുടെ നഷ്ടം പരിഹരിക്കാൻ നടപടി സ്വീകരിക്കുമെന്ന് മാധ്യമ പ്രതിനിധികളെ വിളിച്ചിരുത്തി അവിടെവച്ച് കൃഷി വകുപ്പുമന്ത്രി പത്രസമ്മേളനം നടത്തിയതാണ്. അദ്ദേഹം സ്ഥലത്തുവന്ന് പരിശോധിച്ചശേഷം പറഞ്ഞതാണ്. പക്ഷേ, ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചില്ല. അതുകൊണ്ട് ഇവിടെ പറയുന്ന കാര്യങ്ങൾക്കും നൽകുന്ന ഉറപ്പുകൾക്കുമൊന്നും വലിയ വിലയില്ലാതെ പോകുന്നുവെന്നതാണ് എന്റെ അനുഭവത്തിൽനിന്ന് മനസ്സിലായത്.

ഇതുപോലുള്ള മറ്റൊരു പ്രധാനപ്പെട്ട വിഷയമാണ് തീരദേശത്തുള്ള പ്രശ്നങ്ങൾ. കടലാക്രമണം നടന്ന സമയത്ത് അത് സംബന്ധിച്ച പ്രശ്ന പരിഹാരത്തിനായി ബഹുമാന്യനായ മുഖ്യമന്ത്രി ഒരു യോഗം വിളിക്കുകയുണ്ടായി. തീരദേശത്തുള്ള എം.എൽ.എ.-മാരെല്ലാം ആ യോഗത്തിൽ പങ്കെടുത്തു. ഏതാണ്ട് അഞ്ഞൂറും എഴുന്നൂറും മീറ്ററോളം കടൽ കരയിലേയ്ക്ക് കയറിക്കൊണ്ടിരിക്കുകയാണ്; കരയെടുത്തുകൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലുള്ള പല പ്രദേശങ്ങളേയും കാസർഗോഡ് ജില്ലയിലെ 70 കിലോമീറ്ററോളം വരുന്ന തീരദേശത്തെ എല്ലാമണ്ഡലങ്ങളേയും ബാധിക്കുന്ന ഒരു വിഷയമായി നിലനിൽക്കുകയാണ്. അവിടെ അഞ്ഞൂറിലും എഴുന്നൂറിലുമധികം മീറ്റർ ദൂരത്തിൽ കടൽ കയറിയതിന്റെ ഫലമായി ആളുകൾക്ക് വീടുകൾ വിട്ടിറങ്ങിപ്പോകേണ്ടി വരുന്നു; വീടുകൾക്ക് നാശനഷ്ടമുണ്ടാകുന്നു; പല വീടുകളും തകർന്നുപോകുന്നു; ഫലവൃക്ഷങ്ങളെല്ലാം നശിച്ചുപോകുന്നു. ഇത്രയധികം നാശനഷ്ടങ്ങളുണ്ടായിട്ടും അവർക്ക് നഷ്ടപരിഹാരം കൊടുക്കാൻ നടപടിയുണ്ടാകുന്നില്ല. കടലാക്രമണം തടയാൻ അത്യാവശ്യമായി വേണ്ട കടൽഭിത്തി കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കാനും

ഗവൺമെന്റ് മുന്നോട്ടുവരുന്നില്ല. 2013-ലുണ്ടായ കടലാക്രമണത്തിന്റെ ഭാഗമായി കടൽഭിത്തികെട്ടാനാവശ്യമായ നടപടികൾ ആരംഭിച്ച് എ.എസ്.-ഉം ടി.എസ്.-ഉം ടെണ്ടർ നടപടിക്രമങ്ങളുമെല്ലാം കഴിഞ്ഞ് ടെണ്ടർ അപ്രൂവലിനായി കാത്തു നിൽക്കുകയാണ്. 2013-ലുണ്ടായതിനാണ്. 2014 ലും കടലാക്രമണമുണ്ടായി. 2015-ലെ കടലാക്രമണത്തെക്കുറിച്ചുള്ള ചർച്ചയ്ക്കാണ് ഇപ്പോൾ വിളിച്ചത്. എല്ലാ വർഷവും കടലാക്രമണമുണ്ടാകുന്ന ഘട്ടങ്ങളിൽ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ ജനപ്രതിനിധികളെ വിളിച്ചിരുത്തി ചർച്ച ചെയ്ത് അതിന്റെ തുടർനടപടികൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥ നിലവാരത്തിൽ ആലോചനകളും ചർച്ചകളും നടത്തിക്കഴിയുമ്പോൾ കാലവർഷം കഴിയും. കാലവർഷം കഴിയുമ്പോൾ ചർച്ചയും അവസാനിപ്പിക്കും. വീണ്ടും അടുത്തവർഷം അതാവർത്തിക്കുമെന്നതാണ് സ്ഥിതി.

ഇതുപോലെതന്നെയാണ് കൊടിയ വരൾച്ചയുണ്ടാകുമ്പോഴും ഉണ്ടാകുന്നത്. അപ്പോഴും ഈ വിഷയങ്ങൾ ചർച്ച ചെയ്യാൻ ജില്ലാതലത്തിൽ മന്ത്രിമാരെ ചുമതലപ്പെടുത്തും. മന്ത്രിമാർ വന്ന് ജനപ്രതിനിധികളുടെ യോഗം വിളിക്കുകയും ചർച്ച നടത്തുകയും കുടിവെള്ളമെത്തിക്കേണ്ട പ്രശ്നത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അന്വേഷിക്കുകയും കുടിവെള്ളമെത്തിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ തീരുമാനിക്കുകയും ചെയ്യും. പദ്ധതികൾ തീരുമാനിച്ച് അതിന്റെ നടപടി ക്രമങ്ങളുമായി മുന്നോട്ടുപോകുമ്പോൾ ഉദ്യോഗസ്ഥതലത്തിൽ ഉണ്ടാകുന്ന ഇഴഞ്ഞു പോക്കിന്റെ ഫലമായി, എ.എസ്.-ഉം ടി.എസ്.-ഉം കിട്ടാത്തതിന്റെ ഫലമായി അവിടെ നിശ്ചയിക്കപ്പെടുന്ന വർക്കുകൾ ഒന്നുപോലും നടക്കാത്ത അവസ്ഥയാണുണ്ടാകുന്നത്. ഞാൻ ഇതിനുമുമ്പും നിയമസഭാ വേദിയിൽ ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. അങ്ങനെ തീരുമാനിക്കപ്പെടുന്ന വർക്കുകൾ തുടർച്ചയായി മഴ പെയ്താലും അവ പൂർത്തീകരിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോയാൽ തീർച്ചയായും അടുത്ത വർഷമെങ്കിലും അവിടെ കുടിവെള്ളപ്രശ്നം രൂക്ഷമാകാത്ത ഒരു സാഹചര്യമുണ്ടാകും. പക്ഷെ എന്താണ് ചെയ്യുന്നത്, കൊടുത്തിട്ടുള്ള അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനുകൾപോലും അപ്പോൾത്തന്നെ അതിന്റെ നടപടികൾ നിർത്തിവയ്ക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉത്തരവുണ്ടാകുകയാണ്. കടൽക്ഷോഭത്തിനായാലും കുടിവെള്ള പ്രശ്നത്തിനായാലും കാശ് ചെലവാക്കാതിരിക്കുന്ന സ്ഥിതി വന്നാൽ ആ പദ്ധതികൾ നടപ്പാകുന്നില്ല എന്ന അവസ്ഥയുണ്ടാകും.

നമുക്കറിയാവുന്ന ഒരുകാര്യം, നമ്മുടെ നിയോജകമണ്ഡലത്തിലെ പൊതുവായ

പ്രശ്നങ്ങളെടുത്ത് പരിശോധിക്കാം. കഴിഞ്ഞ ദിവസം ഇവിടെ ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചതാണ്. ജില്ലാതല ആശുപത്രികളിൽ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും ഇല്ലാത്തതിന്റെയും മരുന്ന് യഥാസമയം കിട്ടുന്നില്ലെന്ന കാര്യവും പലരും പറഞ്ഞതാണ്. മന്ത്രിമാർ ഇവിടെവച്ച് എല്ലാം സുസ്സജ്ജമാണെന്നുമുള്ള രീതിയിലുള്ള വിശദീകരണങ്ങൾ നൽകുന്നത് അത്ഭുതകരമായി തോന്നുകയാണ്. മലമ്പനിയും ഡെങ്കിപ്പനിയുമെല്ലാം പടർന്നുപിടിക്കുകയാണ്. ഇപ്പോൾ പുതിയതായി കരിമ്പനിയും വന്നിരിക്കുന്നു. ഇതെല്ലാം വരുന്ന സാഹചര്യത്തിൽ അവയെ പ്രതിരോധിക്കാൻ ആവശ്യമായ സംവിധാനമില്ലാതാകുന്നു. ആരോഗ്യ മേഖലയിൽ പൊതുവെ നമ്മുടെ സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ വിഷയമാണ് ജീവനക്കാരുടെ കുറവും മരുന്നുക്ഷാമവും. ബഹുമാന്യനായ ആരോഗ്യവകുപ്പുമന്ത്രി ഇന്നലെ പറഞ്ഞത് ഏതാണ്ട് അറുന്നൂറോളം ഡോക്ടർമാരുടെ ഒഴിവുണ്ടെന്നാണ്. എങ്ങനെയാണ് ഇത് പരിഹരിക്കപ്പെടുക? പ്രത്യേകിച്ച് നമ്മുടെ അതിർത്തിമേഖലകളിൽനിന്നും, അന്യസംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന മേഖലകളിൽനിന്നും വരുന്ന രോഗങ്ങളുൾപ്പെടെ പ്രതിരോധിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്നു. രോഗികളെ ചികിത്സിക്കാൻ ഡോക്ടർമാരും മറ്റു സംവിധാനങ്ങളുമില്ലാത്ത അവസ്ഥയാണ്.

ഇവിടെ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളെന്താണ്; എല്ലാവർക്കും അറിയാവുന്നതുപോലെ എസ്.എസ്.എൽ.സി. റിസൽട്ടുമായി ബന്ധപ്പെട്ട് ഇവിടെ ഉയർന്നുവന്നിട്ടുള്ള വിഷയങ്ങൾ കേരളം ഇന്നുവരെ കണ്ടിട്ടില്ലാത്ത രീതിയിലുള്ള അവസ്ഥയല്ലേ? ഗവൺമെന്റ് എന്ത് ആലോചനകളാണ് അക്കാര്യത്തിൽ എടുത്തത്? എന്ത് ചർച്ചയാണ് അതുമായി ബന്ധപ്പെട്ട് ഇവിടെ നടക്കുന്നത്? തങ്ങളിൽ നിഷിപ്തമായിരിക്കുന്ന അധികാരം യഥാസമയം ഉപയോഗിക്കാൻ കഴിയാതെ, അതിനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകാൻ കഴിയാതെ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഉദ്യോഗസ്ഥരെ കുറ്റപ്പെടുത്തി അവരെ പറഞ്ഞയയ്ക്കുന്ന നടപടികൾ സ്വീകരിക്കുകയാണ്. ഡി.പി.ഐ. എവിടെയാണ്; എന്താണ് എസ്.എസ്.എൽ.സി. റിസൽട്ടുമായി ബന്ധപ്പെട്ടുണ്ടായ വിഷയങ്ങൾ; അതിൽ ഉദ്യോഗസ്ഥരുടെ മാത്രം പിഴവാണോ; എവിടെയാണ് ഇതിന്റെ കുഴപ്പങ്ങൾ; അത്തരം കാര്യങ്ങൾ യഥാർത്ഥത്തിൽ കണ്ടുപിടിക്കാനും ആ പ്രശ്നത്തിന്റെ ഗൗരവാവസ്ഥ മനസ്സിലാക്കി അവ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുന്നതിനുപകരം ഏതെങ്കിലും ഉദ്യോഗസ്ഥരോട് പ്രതികാരബുദ്ധ്യാ പെരുമാറിയതുകൊണ്ട് പ്രശ്നത്തിന് പരിഹാരമുണ്ടാകുമോ; പാഠപുസ്തകങ്ങളുടെ പ്രിന്റിംഗ് ഇപ്പോഴും നടക്കുകയല്ലേ; സ്കൂളുകൾ തുറന്നിട്ട് മാസം ഒന്ന് കഴിഞ്ഞു,

രണ്ടാം മാസത്തിലേയ്ക്കെത്തി. ഓണപ്പരീക്ഷയോടടുത്ത് വരുന്ന സന്ദർഭത്തിൽ പോലും വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ കിട്ടാത്ത അവസ്ഥയാണ്. ആരോഗ്യ മേഖലയും അതോടൊപ്പം വിദ്യാഭ്യാസ മേഖലയും നേരിടുന്നത് അതിരൂക്ഷമായ പ്രശ്നങ്ങളാണ്.

അതുപോലെ കാർഷികമേഖല നേരിടുന്ന പ്രതിസന്ധിയും അവിടെയുണ്ടാകുന്ന നാശനഷ്ടങ്ങളും പ്രകൃതിക്ഷോഭങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളും ഗവൺമെന്റ് കണ്ടില്ലെന്ന് നടിക്കുന്ന അവസ്ഥ, അതെല്ലാം ഒരുഭാഗത്ത് നിൽക്കുകയാണ്. കടൽക്ഷോഭത്തിനും തീരദേശവാസികൾ അനുഭവിക്കുന്ന പ്രയാസങ്ങൾക്കും പരിഹാരമുണ്ടാക്കാൻ ആളില്ല. ഇത്തരമൊരു സാഹചര്യത്തിൽ എന്ത് ചർച്ചയാണ് നടത്തേണ്ടത്; ചർച്ച നടത്തുന്നുവെന്ന് പറയുന്നതിൽ എന്താണർത്ഥമുള്ളത്?

ഉന്നത വിദ്യാഭ്യാസരംഗം നേരിടുന്ന വിഷയങ്ങൾ എന്താണ്? സ്വയംഭരണ കോളേജുകൾ എന്ന പേരിൽ പുതിയ കോളേജുകൾ ആരംഭിക്കാനും അവയ്ക്ക് അധികാരം കൊടുക്കാനും ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടിയുടെ ഫലമെന്താണ്; ഉന്നതവിദ്യാഭ്യാസ രംഗം കുത്തഴിഞ്ഞ് കിടക്കുകയാണെന്നകാര്യം നമുക്കറിയാവുന്നതാണ്. സർവ്വകലാശാലകൾ അഴിമതിയുടെ കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. കേരളംപോലുള്ള സംസ്ഥാനത്ത് മെരിറ്റും സാമൂഹ്യനീതിയും അട്ടിമറിക്കാൻ കഴിയുന്ന സ്വയംഭരണ കോളേജുകളുടെ രൂപീകരണം ആരെ സഹായിക്കാനു ള്ളതാണ്; അത് കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയെ സഹായിക്കാനുള്ളതാണോ;

ഞാൻ മറ്റ് കാര്യങ്ങളൊന്നും പറയുന്നില്ല, ഇവിടെ ആവർത്തിച്ചാവർത്തിച്ച് എല്ലാവരും പറയുന്ന ഒരു കാര്യമുണ്ട്, ബഹുമാന്യനായ ശ്രീ. കെ. മുരളീധരൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, എന്താണ് അരുവിക്കരയിലെ തെരഞ്ഞെടുപ്പ് വിധിയുടെ ആകെത്തുകയെന്ന് പരിശോധിക്കുമ്പോൾ, ഇടതുപക്ഷ ജനാധിപത്യ മുന്നണി തോറ്റതിൽ വലിയ സന്തോഷമാണ് യു.ഡി.എഫ്.-നുള്ളത്. നിങ്ങൾ ജയിച്ചതിലുള്ള ആഹ്ലാദമാകാം, തരക്കേടില്ല. ഇവിടെ ഏറ്റവും അപകടകരമായ വസ്തുത, ഇടതുപക്ഷത്തെയും ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രസ്ഥാനത്തെയും ശത്രുക്കളെപ്പോലെ കണ്ടുകൊണ്ട് പ്രചരണം നടത്തുകയും അതിനിടയിലൂടെ കടന്നുവരുന്ന വർഗ്ഗീയശക്തികൾക്ക് പരവതാനി വിരിച്ചുകൊടുക്കുകയും ചെയ്യുന്ന സമീപനം നിങ്ങൾ അറിഞ്ഞും അറിയാതെയും ഈ നിയോജകമണ്ഡലത്തിൽ സ്വീകരിച്ചിട്ടുണ്ടെന്ന വസ്തുത ആർക്കാണ് നിഷേധിക്കാൻ കഴിയുക? എന്നിട്ടിപ്പോൾ അതിനെക്കുറിച്ചുള്ള ഭയാശങ്കകൾ ഉയർത്തുന്നതിൽ വലിയ കാര്യമുണ്ടെന്ന്

തോന്നുന്നില്ല. നമുക്കെല്ലാവർക്കും അറിയുന്നതുപോലെ ആർ.എസ്.എസ്. തങ്ങളുടെ വർഗ്ഗീയ അജണ്ട ശക്തിപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ താഴെത്തട്ടിൽവരെ നടത്തിക്കൊണ്ടിരിക്കുകയാണ്. സംഘ്പരിവാറിന്റെ ന്യൂനപക്ഷ വിരുദ്ധനയം ഇവിടത്തെ മതന്യൂനപക്ഷ വിഭാഗങ്ങളിൽ ആശങ്കയുണ്ടാക്കുകയാണ്. അതിന്റെ ഭാഗമായി ന്യൂനപക്ഷ തീവ്രവാദ വിഭാഗങ്ങൾ രൂപംകൊള്ളുകയാണ്. അവരുടെ യൊക്കെ പ്രവർത്തനത്തെ ശക്തിപ്പെടുത്തുന്ന രീതിയായിരിക്കും ഇത്തരമൊരു നിലപാടുമായി യു.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുപോയാൽ ഉണ്ടാകുന്നത്. അവർ ഇവിടെ പരസ്പരം നടത്തുന്ന വർഗ്ഗീയ ചേരിതിരിവിന്റെ ഫലമായി, ഈ രാജ്യത്തെ മതേതരശക്തികൾക്കും പുരോഗമന പ്രസ്ഥാനങ്ങൾക്കുമെതിരെ അവരെ തിരിച്ചു വിടുന്ന സമീപനം സ്വീകരിക്കുന്ന നിലപാടിൽനിന്ന് പിന്തിരിയണമെന്നാണ് യു.ഡി.എഫ്. നേതൃത്വത്തോട് ഈ സന്ദർഭത്തിൽ എനിക്ക് പറയാനുള്ളത്. ആർ.എസ്.എസ്. നേതൃത്വം ഘർ വാപ്പസിപോലുള്ള നിർബന്ധിത മതപരിവർത്തനം ഈ സംസ്ഥാനത്തിനകത്ത് വിവിധയിടങ്ങളിൽ നടത്തിക്കഴിഞ്ഞു. ഒരു കേസുപോലും അക്കാര്യത്തിലെടുക്കാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല. ഈ കാര്യങ്ങളൊക്കെ നോക്കുമ്പോൾ എന്താണ് ഈ വർഗ്ഗീയ ശക്തികളോട്, ആർ.എസ്.എസ്. പോലുള്ള സംഘടനകളോട് ഗവൺമെന്റിന്റെ സമീപനമെന്നകാര്യം വെളിപ്പെടുന്നുണ്ട്. തൊഗാഡിയയുടെ പേരിലുള്ള കേസ് പിൻവലിച്ചു കൊടുക്കാൻ എന്ത് താൽപര്യമായിരുന്നു സംസ്ഥാന ഗവൺമെന്റിനും മുഖ്യമന്ത്രിക്കുമുണ്ടായിരുന്നത്; ഈ ഗവൺമെന്റിന്റെ നിലപാടുകൾ അതിൽനിന്നും എന്താണ് തെളിയിക്കുന്നത്? യഥാർത്ഥത്തിൽ വർഗ്ഗീയ ശക്തികളുമായി സമരസപ്പെട്ടുകൊണ്ട് അവരുമായി പരസ്പരധാരണയോടുകൂടി, ഇടതുപക്ഷത്തെ ശത്രുതാപരമായ മനോഭാവത്തോടുകൂടി നോക്കിക്കാണാനും അതിനെതിരെ ജനങ്ങളുടെ വികാരത്തെ തിരിച്ചുവിടാനും വർഗ്ഗീയമായ ചേരിതിരിവുണ്ടാക്കാനും ശ്രമിക്കുന്ന ശക്തികൾ ഇത്തരം താൽക്കാലികമായ വിജയങ്ങൾക്കുമുമ്പിൽ വരാനിരിക്കുന്ന നാളുകളിൽ ഈ നാടിനെയും നമ്മളെയാകെയും വിഴുങ്ങിക്കളയുന്ന ശക്തികളാണ്, ഛിദ്രശക്തികളാണ് കടന്നുവരുന്നതെന്ന ആപത്ത് കാണാതിരിക്കരുതെന്ന് മാത്രം ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. സി. മമ്മൂട്ടി:</u> സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട കാർഷികാദായ നികുതിയും വില്പന നികുതിയും, ഭവനനിർമ്മാണം, ഭൂനികുതി, ജില്ലാഭരണവും പലവകയും, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ഇ. ചന്ദ്രശേഖരൻ പറഞ്ഞ കാര്യത്തെക്കുറിച്ച് പറയാം. ഇവിടെ ഇടതുപക്ഷം പരാജയപ്പെട്ടതിലുള്ള

സന്തോഷമല്ല, മറിച്ച് യു.ഡി.എഫ്.-ന്റെ തിളക്കമാർന്ന വിജയം, ആ വിജയം കഴിഞ്ഞ നാല് വർഷക്കാലം ഈ നാട്ടിലെ ജനങ്ങൾക്കുവേണ്ടി ജന സേവനത്തിലധിഷ്ഠിതമായ, പാവങ്ങൾക്കൊരു മാനുഷികമുഖമുള്ള ഭരണം കാഴ്ചവച്ചതിനുള്ള അംഗീകാരമായാണ് തിളക്കമാർന്ന വിജയത്തോടെ ശ്രീ. കെ. എസ്. ശബരീനാഥൻ ഇന്നിവിടെ കടന്നുവന്നതെന്ന സന്തോഷം പ്രകടിപ്പിക്കുന്നത്. ഇടതുപക്ഷം തളരുന്നത് ഒരിക്കലും ജനാധിപത്യ മതേതര വിശ്വാസികൾക്ക് സന്തോഷകരമായ കാര്യമല്ല. ഞങ്ങൾക്ക് ദു:ഖമുണ്ട്. ആ പാർട്ടി ഒരിക്കലും തളരാൻ പാടില്ല. ഈ രാജ്യത്തിന്റെ, ഇൻഡ്യൻ ഭരണകൂടം വിഭാവന ചെയ്യുന്ന മതേതരത്വവും ജനാധിപത്യവും നിലനിൽക്കണമെങ്കിൽ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ ഇവിടെ വളരാൻ പാടില്ല. ഇവിടെ ഒന്നുകിൽ യു.ഡി.എഫ്. അല്ലെങ്കിൽ എൽ.ഡി.എഫ്. എന്ന സമീപനത്തിൽ, അല്ലെങ്കിൽ ആ ഒരു ചരിത്രത്തിലാണ് കേരളം വന്നതെങ്കിൽ ഇനി അങ്ങോട്ടുള്ള ഓരോ ചുവടുവയ്പ്പും വളരെ കരുതലോടുകൂടി നീങ്ങാൻ എല്ലാവരും തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം, ഇടതുപക്ഷത്തിന്റെ ശക്തി കുറഞ്ഞപ്പോൾ വിജയം ഫാസിസ്റ്റ് ശക്തികൾക്കാണ് ഉണ്ടായിട്ടുള്ളത്. അക്കാര്യത്തെക്കുറിച്ച് ആത്മപരിശോധന നടത്താൻ സി.പി.ഐ.(എം.) തയ്യാറാകണം. ഒരു പ്രധാന പ്രതിപക്ഷ കക്ഷിയായി പ്രവർത്തിക്കാൻ എൽ.ഡി.എഫ്.-ന് സാധിക്കണമെങ്കിൽ വരാനിരിക്കുന്ന തെരഞ്ഞെടുപ്പുകളിൽ ജനകീയമുഖവുമായി പോകുന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് തുടർ ഗവൺമെന്റായി അടുത്ത തെരഞ്ഞെടുപ്പിലും വരുമെന്ന പ്രഖ്യാപനമാണ് അരുവിക്കരയിലൂടെ നേടിയിട്ടുള്ളതെന്നസത്യം അംഗീകരിക്കണം. അതിനപ്പുറത്ത് ശക്തിയായി വളരുന്ന ഒരു പ്രസ്ഥാനം ഈ നാടിനെ, ഇടതുപക്ഷ ശക്തിയെ വിഴുങ്ങുന്ന അവസ്ഥയിലേയ്ക്ക് പോകാതിരിക്കാൻ അക്രമരാഷ്ട്രീയം അവസാനിപ്പിച്ച് എല്ലാ കാര്യങ്ങൾക്കും സമരം എന്നതിലുപരി നാടിന്റെ വളർച്ചയ്ക്കും വികാസത്തിനും ഗുണകരമായ സമീപനവുമായി മുന്നോട്ടുപോയാൽ മാത്രമേ വിദ്യാസമ്പന്നമായ പ്രബുദ്ധകേരളം നിലനിൽക്കുകയുള്ളൂവെന്ന ചരിത്രം മനസ്സിലാക്കാൻ ഇനി വൈകാൻ പാടില്ല.

കേരളത്തിലെ സ്ത്രീകൾ കൂടുതലും വിദ്യാസമ്പന്നരാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരിശോധിച്ചാൽ കൂടുതലും പെൺകുട്ടികൾ പഠിക്കുന്ന ഒരു കാലഘട്ടമാണിത്. കൂടുതൽക്കൂടുതൽ പഠിക്കാൻ മുന്നോട്ടുവരിക എന്നതിന്റെ അർത്ഥം ഒരുകാലത്ത് സാമൂഹികമായി പിന്നാക്കം നിന്നിരുന്ന വനിതകൾ പ്രബുദ്ധരായി വരുന്നതോടൊപ്പംതന്നെ, വിദ്യാസമ്പന്നമായ ഒരു സമൂഹം കേരളത്തിൽ യുവതലമുറയിലൂടെ കടന്നുവരുന്നു എന്നതും അവരുടെ വോട്ടുകളെല്ലാം

യു.ഡി.എഫ്.-നാണെന്നതും പരിശോധന നടത്തിയാൽ മനസ്സിലാക്കാൻ കഴിയും. നാടിന്റെ വികസനത്തിന് അനുഗുണമായിട്ടുള്ള പ്രവർത്തനങ്ങളുമായി യോജിക്കേണ്ട കാര്യങ്ങളിൽ യോജിക്കാൻ ഇടതുപക്ഷം യു.ഡി.എഫ്.-നോടൊപ്പം തയ്യാറാകുക എന്നതാണ് ഇതിന് കരണീയമായിട്ടുള്ളകാര്യം. ഇവിടെ വസ്തുതകൾ മറച്ചുവയ്ക്കാതെ കാര്യങ്ങൾ പറയാൻ കഴിയും. ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാർ വളരെ ക്രിയാത്മകമായി കാര്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുന്നു. ഇടതുപക്ഷമാണെന്നോ പ്രതിപക്ഷമാണെന്നോ കരുതി ആനുകൂല്യങ്ങൾ കൊടുക്കുന്നതിൽ യാതൊരു വിലക്കുമില്ല. 5 കോടി രൂപ ആസ്തി വികസന ഫണ്ടിന് കൊടുത്തപ്പോൾ അത് എല്ലാ അംഗങ്ങൾക്കുമുണ്ട്. തുക വർദ്ധിച്ചപ്പോൾ അതും എല്ലാപേർക്കുമുണ്ട്. അതുപോലെ റോഡുകളുടെയും പാലങ്ങളുടെയുംകാര്യം പരിശോധിച്ചാൽ നിഷ്പക്ഷവും നീതിയുക്തവുമായി എല്ലാ മേഖലയിലും കൊടുത്തിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും.

വിപ്ലവകരമായ തീരുമാനമെടുക്കുന്ന റവന്യൂ വകുപ്പിന്റെകാര്യം പറയാം. വിൽപ്പന നികുതിയിലൂടെയാണ് കൂടുതൽ വരുമാനം വരുന്നത്. ഭൂപരിഷ്കരണ നിയമത്തിലൊക്കെ വിപ്ലവകരമായ തീരുമാനങ്ങളെടുത്ത ആളുകളാണ് ഇവിടെയുള്ളത്. ഭൂരഹിതരല്ലാത്ത കേരളം എന്നുള്ളത് ഒരിക്കലും ചിന്തിക്കാൻ പോലും കഴിയാത്ത കാര്യമാണ്. ഒരു ജില്ല, അതും മാർക്സിസ്റ്റ് പാർട്ടിയുടെ കോട്ടയെന്ന് അവകാശപ്പെടുന്ന കണ്ണൂരിലും അതുപോലെ കാസർഗോഡ് ജില്ലയിലേയും മുഴുവൻ ആളുകൾക്കും ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പാക്കിയെന്നുപറയുന്നത് നിസ്സാര കാര്യമാണോ? മുമ്പ് കൊടുത്തതല്ല, റവന്യൂ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ് കൊണ്ടുവന്ന പദ്ധതിയാണ്. അതെങ്ങനെയാണ് മുമ്പ് കൊടുക്കുന്നത്? നല്ല കാര്യത്തെ എതിർക്കുന്ന നിലപാടാണ് പ്രതിപക്ഷത്തിനുള്ള തകരാറ്. ഉള്ള കാര്യങ്ങൾ ഇല്ല എന്നുപറയുമ്പോഴാണ് വോട്ട് ചോർന്നുപോകുന്നതെന്ന് മനസ്സിലാക്കണം. ഉള്ള കാര്യങ്ങൾ അംഗീകരിക്കാൻ തയ്യാറാകണം. ഭൂപരിഷ്കരണ നിയമത്തെക്കുറിച്ചൊക്കെ പറയുന്നുണ്ടല്ലോ. ഭൂരഹിതരില്ലാത്ത കേരളം എന്നുപറഞ്ഞ് ഭൂമി കൊടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഒരു കാര്യം, ഈ തലമുറയ്ക്ക് ഭൂമി കൊടുത്തു കഴിഞ്ഞാൽ അടുത്ത തലമുറയ്ക്ക് കൊടുക്കാൻ ഭൂമിയുണ്ടാവില്ല. അതുകൊണ്ട് റവന്യൂ ഭൂമിയുള്ള സ്ഥലങ്ങളിൽ ഠൗൺഷിപ്പ് ഏർപ്പെടുത്തിക്കൊണ്ട് പാവപ്പെട്ട ആളുകളിൽനിന്ന് അപേക്ഷ വാങ്ങി ചെറിയ വിലയ്ക്ക് ഫ്ലാറ്റുകൾ നിർമ്മിച്ചുകൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. ഒരു ഠൗൺഷിപ്പ് മോഡലുണ്ടാക്കി കഴിഞ്ഞാൽ, അത് തലമുറകളായി

കൈമാറുകയല്ലാതെ വിൽപ്പനയ്ക്ക് പാടില്ലെന്നുള്ള നിബന്ധനകൂടിവച്ചാൽ, ആ കുടുംബത്തിന് മാറിമാറി ഉപയോഗിക്കാനും കുറഞ്ഞ സ്ഥലത്ത് കൂടുതൽ ആളുകളെ അധിവസിപ്പിക്കാനും സാധിക്കും. 3 സെന്റ് ഭൂമി എന്നു പറയുമ്പോൾ ചിലർക്ക് ഭൂമി എടുക്കാൻ കഴിഞ്ഞെന്ന് വരില്ല. അവർ വേറെ സ്ഥലത്ത് പോകും. അതേയവസരത്തിൽ ഠൗൺഷിപ്പായി എടുത്താൽ പാവപ്പെട്ടവർക്ക് ഉപകാരപ്രദമായിരിക്കും. കുറഞ്ഞ നിരക്കിൽ വീട്‌വയ്ക്കാനുള്ള സംവിധാനത്തെക്കുറിച്ച് ഭവനനിർമ്മാണ ബോർഡ് ആലോചിക്കണം. ഇപ്പോൾ നിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ സാധാരണക്കാരന് കിട്ടാത്ത സ്ഥിതിയുണ്ട്. പണ്ട് ലെവി സിമന്റ് ചെറിയ വിലയ്ക്ക് കൊടുത്തതുപോലെ, എല്ലാ ജില്ലയിലും വീട് നിർമ്മാണത്തിനാവശ്യമുള്ള മെറ്റീരിയലുകൾ ന്യായവിലയ്ക്ക് സപ്ലൈ ചെയ്യുന്നതിന് ആവശ്യമായ സംവിധാനമുണ്ടാക്കാൻ പ്രത്യേക നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. കാരണം, പാവങ്ങൾക്ക് നിർമ്മാണ സാമഗ്രികൾ വാങ്ങാൻ ബുദ്ധിമുട്ടാണ്. ഒരു തരത്തിലും കിട്ടില്ല. മണലിന് പോയാൽ വൻകിടക്കാർക്ക് കിട്ടുന്നതിനേക്കാൾ ഇരട്ടിവില കൊടുക്കണം. ഇഷ്ടികയ്ക്കും കല്ലിനും അതുപോലെ വില കൊടുക്കണം. അതുകൊണ്ട് പാവപ്പെട്ടവർക്ക്, ഒന്നുകിൽ ബി.പി.എൽ. കുടുംബത്തിന്, അല്ലെങ്കിൽ സാധുക്കൾക്ക് എന്നിങ്ങനെ മാനദണ്ഡം വച്ച് അവർക്കുമാത്രമായി പ്രത്യേകമായി ലെവി ഏർപ്പാട് ഇക്കാര്യത്തിൽ ഉണ്ടാക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

പാവപ്പെട്ടവരുടെ കാര്യത്തിൽ എക്കാലവും ശ്രദ്ധിക്കുന്ന ഒരു ഗവൺമെന്റിന്റെ പ്രതിനിധികളെന്ന നിലയ്ക്ക് ബഹുമാനപ്പെട്ട മന്ത്രിമാരോട് പറയുവാനുള്ളത്, ഒരു സെൻറ് ഭൂമിപോലുമില്ലാത്ത സാധാരണക്കാരായ ആളുകൾക്ക് വീടുവയ്ക്കാൻ 10 സെന്റ് ഭൂമി പഞ്ചായത്തിലും 5 സെന്റ് ഭൂമി നഗരസഭയിലും കൊടുക്കാനുള്ള സംവിധാനം ഇപ്പോഴുണ്ട്. പക്ഷേ അത് കൊടുക്കാൻ കഴിയുന്നില്ല, പലർക്കും കൊടുക്കുന്നില്ല. പലപ്പോഴും ഒരു വസ്തുവിൽത്തന്നെ 5 സെന്റ് ഒരാൾക്ക് കൊടുത്തിട്ടുണ്ടാകും; മറ്റേ ആൾക്ക് കൊടുത്തിട്ടുണ്ടാവില്ല. അങ്ങനെ വരുന്ന ഘട്ടത്തിൽ ഒന്നും നോക്കാതെ, നിയമം നോക്കിയാൽ പല വിധത്തിലാണ്. നെൽവയൽ-നീർത്തട നിയമം, കെ.എൽ.യു. ആക്റ്റ് എന്നിങ്ങനെ പല നിയമങ്ങളും വന്നതുകൊണ്ട് ആകെ കൺഫ്യൂഷനായിരിക്കുകയാണ്. ഗവൺമെന്റിന് കിട്ടേണ്ട ഭൂമിതന്നെ അത്തരത്തിൽ പ്രശ്നമായി കിടക്കുന്നുണ്ട്. അതുകൊണ്ട് പാവപ്പെട്ടവരുടെ കാര്യത്തിൽ നിയമമൊന്നും നോക്കാതെ, അതിനുള്ള അധികാരം വില്ലേജ് ഓഫീസർക്കോ ജില്ലാ കലക്ടർക്കോ കൊടുത്തുകൊണ്ട്, ഒരു ആക്ട് അമെന്റ്

ചെയ്യണമെന്നുപറഞ്ഞ് നീട്ടിക്കൊണ്ടുപോകുന്നതിനുപകരം എത്രയും പെട്ടെന്ന് തീരുമാനമെടുത്തില്ലെങ്കിൽ, സ്വർണ്ണം വിറ്റോ പണിയെടുത്തോ തുച്ഛമായ നാണയത്തുട്ടുകൾ സ്വരൂപിക്കുന്ന ആളുകൾക്ക് ഇത്തരം പെർമിഷനുവേണ്ടി പോയിട്ട് പെർമിഷൻ കിട്ടാതെ ഉള്ള പൈസകൂടി തീർന്നുപോകുന്ന ഒരുപാട് ദുരനുഭവങ്ങൾ നമ്മുടെ മുമ്പിലുള്ളതുകൊണ്ട് പാവപ്പെട്ടവരെ സഹായിക്കാൻ തയ്യാറായിട്ടുളള ഗവൺമെന്റ് ഇന്നുതന്നെ സഭയിൽ അതിനെക്കുറിച്ചൊരു മറുപടി പറയണമെന്ന് അഭ്യർത്ഥിക്കുകയാണ്. കാരണം, സാധാരണക്കാരെ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പെട്ടെന്ന് പരിഹാരം കാണണം. സമ്പന്നൻമാർ അവരുടെ കാര്യങ്ങൾ ഏതുവഴിയെങ്കിലും നേടിക്കൊള്ളും.

ഇപ്പോൾ റവന്യൂ അദാലത്ത് നടത്തിയപ്പോൾ 14 ജില്ലകളിൽ ഏതാണ്ട് 4.66 ലക്ഷം പരാതി കിട്ടി. 3.53 ലക്ഷം പരാതികൾക്ക് പരിഹാരം കണ്ടു. അതൊരു നിസ്സാരകാര്യമല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെപ്പോലെ ഒരാൾ ലോകത്തുണ്ടാവില്ല. കാരണമെന്തെന്നറിയാമോ; ജനസമ്പർക്ക പരിപാടി നാം കണ്ടതാണ്. രാവിലെ 8 മണിയ്ക്ക് പോയി നിൽക്കുകയാണ്. അദ്ദേഹത്തിന്റെ കണ്ണും കാതും കയ്യും കാലും ഹൃദയവും തലച്ചോറും ഒരുപോലെ പ്രവർത്തിക്കുകയാണ്. അദ്ദേഹം 8 മണിക്ക് വന്ന് ഒരു ഗ്ലാസ് വെള്ളംപോലും കുടിക്കാതെ നിൽക്കുന്നത് രാത്രി 10 മണിവരെയാണ്. ഒരു മനുഷ്യന് സാധിക്കുന്ന കാര്യമാണോ? അതുകഴിഞ്ഞ് ഗസ്റ്റ്ഹൗസിൽ വന്നിട്ട് വീണ്ടും പരാതികൾ. അതുകഴിഞ്ഞാലും ഉറക്കമില്ല. പൂർണ്ണമായും മുഴുവൻ സമയവും ജനസേവനത്തി നുവേണ്ടി വിനിയോഗിക്കുക മാത്രമല്ല എല്ലാറ്റിനും പരിഹാരം കാണുകയും ചെയ്യുന്നു. ഇടതുപക്ഷത്തെ ആളുകൾ ചിന്തിക്കേണ്ട ഒരു കാര്യമുണ്ട്, നിങ്ങൾ പോയില്ലെങ്കിലും നിങ്ങളുടെ അണികൾ അവിടെ പരാതിയുമായി പോയി പരിഹാരം നേടുകയാണ്. അവർക്കറിയാം, ഇവിടെ മാനുഷികമുഖമുള്ള ഒരു മുഖ്യമന്ത്രിയാണ്, ഒരു ഗവൺമെന്റാണുള്ളതെന്ന്. അവർ നിലനിന്നാൽ മാത്രമേ പാവങ്ങൾക്ക് രക്ഷയുള്ളൂ എന്ന തിരിച്ചറിവാണ്, അരുവിക്കരയിലെ ഫലം ചൂണ്ടിക്കാണിക്കുന്നത്. ഇവിടെ പാവങ്ങളുടെ പ്രശ്നത്തിൽ ഇടപെടുന്നു. നിയമക്കുരു ക്കുകളുണ്ടെങ്കിൽ ആ നിയമക്കുരുക്ക് നീക്കുന്നതിനുവേണ്ടി ഭേദഗതികളുണ്ടാക്കി ആ ഭേദഗതിയനുസരിച്ച് പുതിയ നിയമങ്ങൾ കൊണ്ടുവരികയാണ് ചെയ്യുന്നത്. പ്രായോഗികമായി നടപ്പാക്കാത്ത ഏത് കാര്യമാണ് പറയാൻ കഴിയുക? ജനസമ്പർക്ക പരിപാടിയുടെ രണ്ടും മൂന്നും ഘട്ടം കഴിഞ്ഞപ്പോൾ ലക്ഷക്കണക്കിന് ആളുകളുടെ പ്രശ്നങ്ങൾക്ക് പരിഹാരമായി. ഒരു

ഫയലെന്നു പറഞ്ഞാൽ ഒരു കുടുംബമാണ്. അങ്ങനെ ലക്ഷക്കണക്കിന് കുടുംബങ്ങളുടെ പ്രശ്നം തീർന്നപ്പോൾ നാട്ടിലുള്ള പാവങ്ങൾ ഈ ഗവൺമെന്റിനും മുഖ്യമന്ത്രിക്കുംവേണ്ടി
പ്രാർത്ഥിക്കുകയാണ്.

ജനങ്ങൾക്കുവേണ്ടി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നത് ധനകാര്യ വകുപ്പുമന്ത്രിയുടെ ഒരു പുതിയ പദ്ധതിയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് മുൻപ് എന്തായിരുന്നു സ്ഥിതി; ഒരു ഹാർട്ട് അറ്റാക്ക് വന്നാൽ, കാൻസർ വന്നാൽ അവൻ മരണം ഉറപ്പിച്ചുകഴിഞ്ഞു. കാരണം, ചികിത്സയ്ക്ക് പണമില്ല. ഇപ്പോൾ എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം കൊണ്ടുവന്നു. ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്താൽ ദീർഘായുസ്സുണ്ടാകും. അത് മഹദ് വചനമാണ്. അങ്ങനെ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടക്കുന്നതുകൊണ്ടുതന്നെ ഈ ഗവൺമെന്റിന്റെ നിലനിൽപ്പ് ദൈവം കാക്കും. അതിൽ യാതൊരു സംശയവുമില്ല. നല്ല കാര്യങ്ങൾ ചെയ്തവർക്ക്, സൻമനസ്സുള്ളവർക്ക് സമാധാനം. സമാധാനത്തോടുകൂടി മുന്നോട്ടുപോകാം. ആരോപണം ഉന്നയിക്കുന്നതിന് മുമ്പ് എന്തും കാടുകയറി പറയുന്നതിനുപകരം വസ്തുനിഷ്ഠമായി പറയുകയും തെളിയിക്കുകയും ചെയ്താൽ നടപടിയെടുക്കും. അതിന് പകരം എന്തെങ്കിലും പറഞ്ഞിട്ട് കാര്യമില്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അർഹരായവർക്കെല്ലാം ദുരിതാശ്വാസം കൊടുക്കുന്നു; ചോദിച്ചവർക്കെല്ലാം കൊടുത്തു. ഒരാളെയും മടക്കിയില്ല. അത് നിസ്സാര കാര്യമാണോ? പണം അതിന് തടസ്സമായോ; ആർക്കെങ്കിലും പണം കിട്ടാതെ വന്നിട്ടുണ്ടോ; എല്ലാവർക്കും ചികിത്സയ്ക്കുവേണ്ടി പണം കിട്ടുന്നു.

പ്രകൃതിദുരന്തമുണ്ടാകുമ്പോൾ ക്രൈസിസ് മാനേജ്മെന്റിനുവേണ്ടിയുള്ള സംവിധാനങ്ങളും സന്നാഹങ്ങളും വർദ്ധിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. വെള്ളപ്പൊക്കമുണ്ടായാൽ വെള്ളം ഒഴുകിപ്പോകാൻ സ്ഥലമില്ല. ഭൂമി കുറഞ്ഞുകുറഞ്ഞു വരികയാണ്. ചെറിയ മഴ പെയ്യുമ്പോൾത്തന്നെ വെള്ളപ്പൊക്കമുണ്ടാകുന്നു. ഡ്രെയിനേജിലൂടെ വെള്ളം പോകുന്നില്ല. ഇവ പരിഹരിക്കുന്നതിനുവേണ്ടി ദ്രുതകർമ്മസേന സജ്ജമാക്കണം. അവർക്കാവശ്യമായ ഉപകരണങ്ങളില്ലാത്തതിന്റെ പേരിൽ ജില്ലാ ഭരണകേന്ദ്രം പല ബുദ്ധിമുട്ടുകളും നേരിടുന്നത് എന്റെ അനുഭവത്തിലുണ്ട്.

മി. ചെയർമാൻ: അങ്ങയുടെ അനുവദിക്കപ്പെട്ട സമയം കഴിഞ്ഞു.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ഇപ്പോൾ നമ്മുടെ ഡാറ്റാ ബാങ്കിൽപ്പെടാത്ത ഭൂമിക്ക് ചില പ്രശ്നങ്ങളുണ്ട്. കഴിഞ്ഞ 23 വർഷമായി തിരൂർ മുനിസിപ്പാലിറ്റിയിൽ രാജീവ് ഗാന്ധി സ്മാരക സ്റ്റേഡിയം പ്രവർത്തിക്കുന്നു. അതുമായി ബന്ധപ്പെട്ട ഒരു ഫയലിന്റെ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താം. നഗരകാര്യ വകുപ്പുമന്ത്രിയും അങ്ങും ഒരു സംയുക്തയോഗം നടത്തി. അതുപോലെ കൃഷി വകുപ്പുമന്ത്രിയുമായും ചർച്ച നടത്തി. ഫയൽ വന്നപ്പോൾ അത് ഡാറ്റാ ബാങ്കിൽപ്പെട്ടിട്ടില്ല എന്നുള്ളതുകൊണ്ട് ആ ആക്ട് അനുസരിച്ച് അവിടെ സ്റ്റേഡിയം വികസനം നടത്താൻ പാടില്ല; അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റാണെന്ന് പറഞ്ഞ് അങ്ങോട്ടു കൊടുത്തു. ഫയൽ പരിശോധിച്ചിട്ട് അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റ് ഞങ്ങൾക്കിതിൽ ഒന്നും ചെയ്യാൻ പറ്റില്ലെന്ന് പറഞ്ഞ് വീണ്ടും റവന്യൂ വകുപ്പിലേയ്ക്ക് കൊടുത്തു. അങ്ങോട്ടുമിങ്ങോട്ടും ഫയൽ തട്ടി 6 മാസം കൊണ്ടുപോയി. 6 മാസം കഴിഞ്ഞപ്പോൾ ചീഫ് സെക്രട്ടറിക്ക് റഫർ ചെയ്തു. ഈ വിഷയത്തിൽ ഒരു തീരുമാനമെടുക്കണം. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. 23 വർഷക്കാലം ഒരു മുനിസിപ്പാലിറ്റിയുടെ കൈവശമുള്ള 13 ഏക്കർ ഭൂമി, ഒരു സെന്റിന് 80 ലക്ഷം വിലയുള്ള ഗവൺമെന്റ് ഭൂമിയാണത്. ഈ ഭൂമി ഉപയോഗിക്കാൻ കഴിയുന്നില്ലെന്നുപറയുന്നത് സങ്കടകരമാണ്. അതുകൊണ്ട് ഇത്തരം ഫയലുകൾ തീർപ്പുകൽപ്പിക്കണമെന്ന് വിനയത്തോടെ അഭ്യർത്ഥിക്കുയാണ്. ഗവൺമെന്റിന്റെ അധീനതിയിലുള്ള ഭൂമി അങ്ങോട്ടുമിങ്ങോട്ടും കൈമാറുന്നതിന് എന്തൊക്കെ നൂലാമാലകളാണുള്ളത്? രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് കെ.എസ്.ഇ.ബി.-ക്ക് ഒരു സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലം വിട്ടുകൊടുത്തിട്ട് ഒന്നര-രണ്ട് വർഷത്തോളമായി ഇന്നും നടപടികളൊന്നുമാകാതെ കിടക്കുകയാണ്. ഗവൺമെന്റ് ഭൂമികൾ തമ്മിൽ കൈമാറ്റം ചെയ്യുന്നതിന് ചില വ്യവസ്ഥകളുണ്ടാക്കണം.

അതുപോലെ പ്രധാനപ്പെട്ട ഒരു കാര്യമാണ് 'നിളാ സംരക്ഷണം'. നിളാ നദിയെക്കുറിച്ച് നമുക്കറിയാം. അവിടെ മണ്ണടിഞ്ഞ് പുഴ ചെറുതായി, ഒരു കിലോമീറ്റർ വീതിയുണ്ടായിരുന്ന പുഴയിപ്പോൾ ഏതാനും മീറ്ററുകളായി ചുരുങ്ങിയിരിക്കുകയാണ്. സുലഭമായി ഒഴുകുന്ന നീരൊഴുക്കുള്ള ഭാരതപ്പുഴ, നമ്മുടെ കേരളത്തിന്റെ അഭിമാനമായ ആ പുഴയുടെ സംരക്ഷണം ഏറ്റെടുക്കണം. അതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പദ്ധതി എത്രയുംപെട്ടെന്ന് നടപ്പാക്കുന്നതിനുവേണ്ടിയുള്ള സംവിധാന മൊരുക്ക

ണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ ഗവൺമെന്റിന്റെ കൈവശമുള്ള ഭൂമി ഉപയോഗിക്കാനുള്ള തടസ്സം മാറ്റണം. നിയമപരമായ കുരുക്കിൽപ്പെട്ട് ആക്ട് അമെന്റ് ചെയ്യാൻ കാത്തിരുന്നാൽ വർഷങ്ങളെടുക്കുമെന്നതുകൊണ്ട് അടിയന്തരമായി ഇക്കാര്യത്തിൽ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ നാട്ടിലെ ജനങ്ങൾക്കു വേണ്ടി നിലകൊള്ളുന്ന ഗവൺമെന്റിന് ഇനിയും തുടർ ഗവൺമെന്റ് ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ അരുവിക്കരഫലം വന്നപ്പോൾ ചില ശക്തികൾ ഉണർന്നു വരുന്നു എന്നത് ഗൗരവമായി കാണാൻ അപ്പുറത്തിരിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

1.00 PM]

<u>ശ്രീ. സി. കെ. നാണു</u>: സർ, കുറച്ചുനാൾ മുമ്പ് നേപ്പാളിൽ ഭൂകമ്പമുണ്ടായ അവസരത്തിൽ തന്നെ എറണാകുളത്തും ചെറിയതോതിൽ ഭൂചലനമുണ്ടായി. എന്റെ നിയോജകമണ്ഡലമായ വടകരയിൽ കടപ്പുറത്തെ ഒരു വീടിനുമുകളിൽ അടുത്തുള്ള പാറപൊട്ടി വീണു. ഭാഗ്യത്തിന് ആളുകൾ രക്ഷപ്പെട്ടു. ബദരീനാഥ് ക്ഷേത്രത്തിലേയ്ക്ക് തീർത്ഥാടകർ പോയ അവസരത്തിൽ വലിയ അപകടമുണ്ടാകുകയും ആയിരക്കണക്കിനാളുകൾ മരണമടയുകയും വലിയ പ്രശ്നങ്ങളുണ്ടാകുകയും ചെയ്തു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം സംഭവങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഹിമാലയത്തിൽ നാനൂറോളം ക്വാറികൾ അനധികൃതമായി കുഴിച്ചതിന്റെ ഫലമായിട്ടാണ് ബദരീനാഥ് ക്ഷേത്രത്തിനടുത്ത് അപകടമുണ്ടായത്. കേരളത്തിലടക്കം എല്ലാ സ്ഥലങ്ങളിലും ഒരു നിയന്ത്രണവുമില്ലാതെ, കോഴിക്കോട് ജില്ലയിൽ പത്ത് നാന്നൂറോളം കുന്നുകൾ അനിയന്ത്രിതമായരീതിയിൽ നിരത്തുന്നതിനെ സംബന്ധിച്ച് പത്രങ്ങളിൽ വാർത്തവരുന്നു. ഏതെല്ലാംതരത്തിൽ പണമുണ്ടാക്കാൻ സാധിക്കുമോ, അത്തരത്തിലുള്ള പരിശ്രമങ്ങൾ നടക്കുകയാണ്. അതിന്റെ ഫലമായി നമ്മുടെ പരിസ്ഥിതി തകരുകയും മൊത്തത്തിൽ അപകടകരമായ ഒരു സ്ഥിതിവിശേഷമുണ്ടാകുകയും ചെയ്യുന്നു. നമ്മളൊരുമിച്ച് ഏത് തരത്തിൽ നമ്മുടെ പ്രകൃതിയെ സംരക്ഷിക്കുവാൻ കഴിയുമെന്നത് സംബന്ധിച്ച് ഗൗരവമായി ആലോചിക്കേണ്ട ഘട്ടമാണിത്.

രണ്ടാമത്, ബഹുമാനപ്പെട്ട മുരളീധരൻ പറഞ്ഞതുപോലെ സംസ്ഥാനത്ത്

മഴക്കാലമായാൽ റോഡുകൾ മുഴുവൻ തകരുകയാണ്. തകരുന്ന റോഡുകൾ സംരക്ഷിക്കാനുള്ള വരുമാനമെന്നുപറയുന്നത് യഥാർത്ഥത്തിൽ ഫ്ലഡ് ഉണ്ടാകുമ്പോൾ റോഡുകൾക്ക് അനുവദിക്കുന്ന ഫണ്ടായിരുന്നു. ആ ഫണ്ടിന് ഇപ്പോൾ നിയന്ത്രണമേർപ്പെടുത്തിയിരിക്കുകയാണ്. ഒരു റോഡിനുവേണ്ടി ആ ഫണ്ട് ഉപയോഗിക്കുവാൻ സാധിക്കുകയില്ല. ബഹുമാനപ്പെട്ട മന്ത്രി മാത്രമല്ല, കേരളത്തിലെ പാർലമെന്റ് അംഗങ്ങളടക്കം ഒരുമിച്ച് കേന്ദ്രത്തിൽ ബന്ധപ്പെട്ട മന്ത്രിമാരെക്കണ്ട് ഫ്ലഡ് റോഡുകൾക്കുള്ള ഫണ്ട് വീണ്ടും കേരളത്തിന് അനുവദിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

പ്രകൃതിക്ഷോഭത്തിന്റെ കാര്യത്തിൽ മലബാർ ഭാഗത്ത് പ്രത്യേകിച്ച് കോഴിക്കോട് ജില്ലയെ കുറച്ചുകൂടി ഗൗരവമായി കാണേണ്ടതാണ്. അപകടമുണ്ടാകുന്ന അവസരത്തിൽ മത്സ്യത്തൊഴിലാളികളെ കടലിൽനിന്ന് രക്ഷപ്പെടുത്താൻ ഹെലികോപ്റ്റർ വരുമെന്നൊക്കെ വിചാരിക്കും, പക്ഷെ ഇതൊന്നും ലഭിക്കാതെ, ആ പ്രദേശത്തുള്ള മത്സ്യത്തൊഴിലാളികൾതന്നെ ഇവരെ രക്ഷിക്കേണ്ടിവരുന്ന സ്ഥിതിയാണുള്ളത്. ഡിസാസ്റ്റർ മാനേജ്മെന്റിന്, അതിനനുസൃതമായി കളക്ടറുടെ നേതൃത്വത്തിൽ നമ്മുടെ നാട്ടിലെ ഹാർബറുകൾ കേന്ദ്രീകരിച്ച് കടലിൽ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കാനും മറ്റുതരത്തിലുമുള്ള വിപുലമായ സംവിധാനങ്ങൾ ഉണ്ടാകേണ്ടതാണ്. പല മേഖലകളെ സംബന്ധിച്ചിടത്തോളം ഇവിടെ പലതരത്തിലുള്ള ചർച്ചകൾ നടന്നു. ഞാൻ അരുവിക്കര ഉപതെരഞ്ഞെടുപ്പിനെ സംബന്ധിച്ചൊന്നും പറയുന്നില്ല. പക്ഷേ, പുതിയ ചില ശക്തികളെ സംബന്ധിച്ച് ചില സുഹൃത്തുക്കളും വർഷങ്ങൾക്കുമുൻപ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും സൂചിപ്പിച്ചിരുന്നു. കേരളത്തിൽ അന്ന് അദ്ദേഹത്തിന്റെ പാർട്ടിയടക്കം ഉണ്ടാക്കിയ ഒരു മുന്നണി, ആ മുന്നണിയുടെ ഭവിഷ്യത്തുകൾ ഭാവിയിൽ ഇൻഡ്യയിൽ എങ്ങനെ വരുമെന്നും അതുകൊണ്ട് അദ്ദേഹത്തിന്റെ പാർട്ടിയോട് മറ്റ് കക്ഷികളുടെ ബന്ധം വേർപെടുത്തി ഒറ്റയ്ക്ക് നിൽക്കാനും പറഞ്ഞിരുന്നു. അങ്ങനെയാണ് 1967-ൽ അദ്ദേഹത്തിന്റെ കക്ഷിക്ക് 9 സീറ്റ് മാത്രം ലഭിച്ചത്. അതുകഴിഞ്ഞ് 1968-ൽ കേരളത്തിൽ കോർപ്പറേഷൻ/മുനിസിപ്പൽ തെരഞ്ഞെടുപ്പ് വന്നപ്പോൾ മുഴുവൻ കോർപ്പറേഷനുകളിലും 90 ശതമാനം മുനിസിപ്പാലിറ്റികളിലും ആ തെരഞ്ഞെടുപ്പിൽ അദ്ദേഹത്തിന്റെ കക്ഷിക്ക് ഒറ്റയ്ക്ക് അധികാരം ലഭിച്ചു. മറ്റു കക്ഷികളെല്ലാം ഒരുമിച്ച് നിന്നിട്ടും ആ കക്ഷികൾക്ക് വിജയിക്കാൻ സാധിക്കാതിരുന്നത് അന്ന് നെഹ്റു പറഞ്ഞ സമീപനം സ്വീകരിക്കാതിരുന്നതിന്റെ

ഫലമായിട്ടാണ്. പിന്നീട് ഈ രാജ്യത്ത് ചില ശക്തികൾ വന്നു, ഒരു പക്ഷേ പഴയ ജനതാപാർട്ടി അവരുമായി സഹകരിച്ചതിന്റെ ഫലമായിട്ടല്ലേ എന്നുപറഞ്ഞേക്കും, അതല്ല. ലോകത്തിൽ മറ്റുപല രാജ്യങ്ങളേക്കാളും ഇവിടെ മതസൗഹാർദ്ദം നിലനിന്ന ഒരു സംസ്ഥാനമായിരുന്നു. ആ മത സൗഹാർദ്ദം തകർക്കുന്നതിന് സഹായകരമായ നിലപാട് സ്വീകരിച്ച കക്ഷികൾ, ഇവിടത്തെ ഭൂരിപക്ഷം, മതത്തിന്റെ പേരിൽ സംഘടിച്ചിരുന്ന കക്ഷികൾപോലും മിതവാദം സ്വീകരിച്ച വർഷങ്ങളിൽ അതിനെ തകർക്കുന്ന രൂപത്തിലുള്ള നിലപാട് സ്വീകരിച്ചത് ആരാണെന്ന് സ്വയം ചിന്തിക്കണം. ആ നിലപാടുകൾ സ്വീകരിച്ചതിന്റെ ഫലമായി ഇൻഡ്യാരാജ്യത്തിലെ പല ആരാധാനാലയങ്ങളും തകർക്കപ്പെട്ട സംഭവത്തിനുശേഷമാണ് തീവ്രവാദത്തിലേയ്ക്ക് നമ്മുടെ നാട്ടിലെ ന്യൂനപക്ഷങ്ങൾ പോയത്. ആ സാഹചര്യങ്ങളെ സംബന്ധിച്ച് മറ്റുള്ളവരെ ഉപദേശിക്കുന്ന ബഹുമാനപ്പെട്ടവർ അതിന്റെ രാഷ്ട്രീയമായ പശ്ചാത്തലങ്ങൾ പറഞ്ഞതും നെഹ്റുവിനെപ്പോലുള്ള ഒരു നേതാവിൽനിന്നും ലഭിച്ച ഉപദേശങ്ങൾ തങ്ങൾ അംഗീകരിച്ചില്ല, താൽക്കാലികമായ അധികാരത്തിനുവേണ്ടി അതെല്ലാം ഞങ്ങൾ ഉപയോഗിച്ചതിന്റെ ഫലമായി ആ സാഹചര്യങ്ങളെ വീണ്ടും അഭിമുഖീകരിക്കുവാൻ പോകുകയാണ് ഓർക്കണം. പല ഘട്ടങ്ങളിലായി വന്ന് ജനാധിപത്യ പ്രസ്ഥാനങ്ങളെ ദുർബ്ബലമാക്കി. ഞാൻ അതൊന്നും വിശദീകരിക്കുന്നില്ല.

ഇൻഡ്യാരാജ്യത്ത് 1977-ൽ മൊറാർജി ദേശായിയുടെ നേതൃത്വത്തിൽ വന്ന ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ ഇൻഡ്യയിലെ വിദേശ കാര്യമന്ത്രിയായിരുന്ന ശ്രീ. അടൽ ബിഹാരി വാജ്പേയി. അദ്ദേഹം വിദേശകാര്യ മന്ത്രിയായിരുന്നിട്ടും ആ ഗവൺമെന്റ് കഴിഞ്ഞശേഷം പാകിസ്ഥാന്റെ പ്രധാനമന്ത്രി ഇൻഡ്യയിൽ വന്ന് ഇൻഡ്യ-പാകിസ്ഥാൻ ബന്ധത്തിനെടുത്ത സൗഹൃദ കാലഘട്ടം ശ്രീ. വാജ്പേയിയും, ശ്രീ. മുരളീ മനോഹർ ജോഷിയുമൊക്കെയുള്ള കേന്ദ്രഗവൺമെന്റ് ആയിരുന്നു എന്നുപറഞ്ഞ് മൊറാർജി ദേശായി അംഗീകരിച്ചു. അതിന്റെ കാരണം അന്നത്തെ ഭരണകൂടം ജനാധിപത്യപരമായ നിലപാടുകൾ സ്വീകരിച്ചു എന്നതാണ്. മതസൗഹാർദ്ദത്തിന് തകരാറുണ്ടാക്കുന്ന ഒരു പ്രശ്നവും ഉണ്ടാക്കിയില്ല. ഇൻഡ്യയിലെ ഏതെങ്കിലും ഒരു ആരാധനാലയം പൊളിച്ചുമാറ്റണ മെന്നുള്ള ഒരാവശ്യം ആ കാലഘട്ടത്തിലുണ്ടായി, അതിനെയെല്ലാം തകർത്തു. കുറെ കഴിഞ്ഞ് പിന്നോക്ക വിഭാഗത്തിൽവരുന്ന ഹിന്ദുക്കളുടെ താൽപ്പര്യങ്ങൾ, അവരുടെ അവകാശങ്ങൾക്കുവേണ്ടി മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കി,

ആ ഗവൺമെന്റിനെ തകർത്തു. ഇതെല്ലാം കഴിഞ്ഞശേഷം ഇന്ന് അങ്ങോട്ടു മിങ്ങോട്ടുമുള്ള അടിസ്ഥാനപരമായ പ്രശ്നങ്ങളിൽ പിടിച്ചുനിൽക്കാത്ത ഒരു സ്ഥിതിയിലേയ്ക്ക് ഇൻഡ്യാ രാജ്യത്തെ എത്തിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചവർ അപ്പുറത്ത് ഇരിക്കുന്നവരാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി, ഞങ്ങളിന്ന് വളരെയേറെ ബുദ്ധിമുട്ടുകയാണ്. കാരണം, നിങ്ങളുടെ സ്വാധീന വലയത്തിൽനിന്ന് ഇൻഡ്യയിലെ സാധാരണക്കാരെ, ഇൻഡ്യയിലെ ജനാധിപത്യ വിശ്വാസികളെ ബോദ്ധ്യപ്പെടുത്തിക്കൊണ്ട് നേടിയെടുക്കുന്ന പ്രശ്നത്തിൽ വളരെയേറെ ബുദ്ധിമുട്ട് സഹിക്കേണ്ടിവരുന്നു. തെരഞ്ഞെടുപ്പിന്റെ വിജയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ കുറിച്ച് ഞാനൊന്നും പറയുന്നില്ല. ടി. എം. ജേക്കബ് അന്തരിച്ചു. ടി. എം. ജേക്കബ് ജയിച്ചത് 200-ലധികം വോട്ടിന്റെ ഭൂരിപക്ഷത്തിലാണ്. അദ്ദേഹത്തിന്റെ മരണശേഷം ഉപതെരഞ്ഞെടുപ്പ് വന്നപ്പോൾ മകൻ പതിനാലായിരത്തിലധികം വോട്ടുകൾക്ക് വിജയിച്ചു. ആ ചരിത്രങ്ങൾ എന്തുകൊണ്ടുണ്ടായി? അതിനെക്കുറിച്ച് വളരെ വിശദമായ ചർച്ചയിലേയ്ക്കൊന്നും പോകുന്നില്ല. അതിന്റെ രാഷ്ട്രീയ പശ്ചാത്തലം, വിജയത്തിന്റെ സ്വാധീനം അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ജനാധിപത്യ രാജ്യത്ത് ഒരു ഗവൺമെന്റ് അധികാരത്തിൽ വന്നാൽ രാഷ്ട്രീയമായ തെരഞ്ഞെടുപ്പ് നടക്കും, തെരഞ്ഞെടുപ്പ് നടന്നാൽ സ്റ്റേറ്റിന്റെ മുഖ്യമന്ത്രിയും മന്ത്രിമാരും അതിനുവേണ്ടി അദ്ധ്വാനിക്കണം, അത് സ്വാഭാവികമാണ്. ഒരു ജനാധിപത്യ രാജ്യത്തിന് അതിന്റേതായ പ്രത്യേകതയുമുണ്ടാകും. നന്നായി ഭരിച്ചാൽ പിടിച്ചുനിൽക്കാൻ സാധിക്കുന്നവർക്ക് പിടിച്ചുനിൽക്കാൻ പറ്റും, പിടിച്ചുനിൽക്കാൻ സാധിക്കാത്തവർ പരാജയപ്പെടും.

എനിക്ക് ആവർത്തിച്ച് അഭ്യർത്ഥിക്കാനുള്ളത് രണ്ടുമൂന്ന് കാര്യങ്ങളാണ്. ഒന്ന് നമ്മുടെ നാട്ടിൽ പലഭാഗത്തും വയലുകൾ നികത്തുന്നു. അത്തരത്തിൽ നികത്തിയ വയലുകൾ പൂർവ്വസ്ഥിതിയിലാക്കാൻവേണ്ടി പണിയെടുക്കുന്നവർക്ക് കാശ് കൊടുക്കണം. എന്റെ നാട്ടിൽ ഒരു സ്ഥലം നികത്തിയത് പൂർവ്വസ്ഥിതിയിലാക്കാൻ 6 ലക്ഷത്തിലധികം രൂപ ചെലവായി, ആ കാശ് ആര് കൊടുക്കണം, ഉദ്യോഗസ്ഥർക്ക് താലൂക്കിൽ ഫണ്ട് കൊടുക്കാൻ സാധിക്കുന്നില്ല. ഇത്തരത്തിലുള്ള പ്രശ്നത്തിന്റെ പേരിൽ നികത്തിയ സ്ഥലം പൂർവ്വസ്ഥിതിയിലാക്കാൻ സാധിക്കുന്നില്ല. ഇതിനെല്ലാം പരിഹാരമുണ്ടാക്കാൻ ശ്രമിക്കണം

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. എൻ. എ. ഖാദർ)

ഡോ. എൻ. ജയരാജ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ സാമ്പത്തിക വളർച്ച വളരെയേറെ മുന്നോട്ടുപോകാൻ കഴിഞ്ഞ ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ദേശീയ ശരാശരി ഏതാണ്ട് 11 ശതമാനത്തോളമാണെങ്കിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര വളർച്ച ഏതാണ്ട് 15 ശതമാനത്തിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞ ഒരു കാലഘട്ടം കൂടിയാണിത്. ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് അദ്ദേഹത്തിന്റെ പ്രസംഗം തുടങ്ങിയപ്പോൾ നമ്മുടെ ധനകാര്യ മാനേജ്മെന്റിനെപ്പറ്റി വളരെ വിമർശനത്തോടുകൂടിയാണ് ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. റ്റി. എം. തോമസ് ഐസക് നക്ഷത്രച്ചിഹ്നമിടാത്ത ചോദ്യം ചോദിച്ചിരിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ബഡ്ജറ്റ് വഴിയും ജനങ്ങളിൽനിന്ന് അധിക വിഭവസമാഹരണം നടത്താൻ തീരുമാനിച്ച തുക എത്ര കോടി രൂപ വീതമായിരുന്നുവെന്നും അതുവഴി ഓരോ വർഷവും അധികമായി സമാഹരിച്ച തുക എത്രയെന്നുമുള്ളതുമാണ് ചോദ്യം. അതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കൊടുത്ത മറുപടി, 2011-12-ൽ ഏതാണ്ട് 3,896.91 കോടി രൂപയും 2012-13-ൽ 4,358.01 കോടി രൂപയുമാണെന്നാണ്. അധിക നികുതി വർദ്ധനവിന്റെ കാര്യത്തിൽ സംസ്ഥാനത്തിന് വളരെയേറെ മുമ്പോട്ട് പോകാൻ കഴിഞ്ഞുവെന്നുള്ളതാണ് ഇത് സൂചിപ്പിക്കുന്നത്. അതോടൊപ്പംതന്നെ നമ്മുടെ വാണിജ്യനികുതിയുടെ പിരിവ് സംബന്ധിച്ച് പറയുകയാണെങ്കിൽ 2010-11 കാലയളവിൽ 1,61,055.93 ആയിരുന്നുവെങ്കിൽ അത് ഇപ്പോൾ 2,78,070.89 കോടി രൂപയായി, ഏതാണ്ട് 19 ശതമാനം വർദ്ധനവ്. പ്രത്യേകിച്ച് വാറ്റ് നികുതിയിൽനിന്ന് ഏതാണ്ട് 9 ശതമാനത്തോളവും നോൺ വാറ്റ് ഇനത്തിൽ ഏതാണ്ട് 11 ശതമാനത്തോളവും വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞ ഒരു കാലഘട്ടമാണത്. 2014-15-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 29,159.82 കോടി രൂപയായിരുന്നു പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്നത്. ഇതുവരെയുള്ള കണക്കുപ്രകാരം ഏകദേശം 96 ശതമാനം, അതായത് 27,870.81 കോടി രൂപ നമുക്ക് പിരിച്ചെടുക്കാൻ കഴിഞ്ഞു. പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ ഏതാണ്ട് 96 ശതമാനത്തോളം പിരിച്ചെടുക്കാൻ കഴിഞ്ഞുവെന്നത് ധനകാര്യ വകുപ്പിനെ സംബന്ധിച്ചിടത്തോളം നികുതിപിരിവിൽ വളരെ ആത്മാർത്ഥമായ സമീപനം അക്കാര്യത്തിൽ സ്വീകരിക്കാൻ കഴിഞ്ഞുവെന്നുള്ളതിന്റെ പ്രധാനപ്പെട്ട തെളിവാണ്. മാത്രമല്ല, കഴിഞ്ഞ ധനകാര്യ വർഷം ഒട്ടേറെ

പ്രത്യേകതകളുള്ള ഒരു വർഷമായിരുന്നു. റബ്ബറിന്റെ വിലയിടിവ് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ദോഷകരമായി ബാധിച്ച ഒരു കാലഘട്ടമായിരുന്നു. സംസ്ഥാനത്തെ റബ്ബറിന്റെ നികുതി വരുമാനം 390 കോടി രൂപയിൽനിന്ന് 194.4 കോടി രൂപയായി കുറഞ്ഞ ഒരു കാലഘട്ടമായിരുന്നു. ഏതാണ്ട് 41 ശതമാനത്തിന്റെ കുറവാണ് ആ കാര്യത്തിലുണ്ടായത്. അതോടൊപ്പംതന്നെ മോട്ടോർവാഹന നികുതിയിൽ നിന്നുള്ള കുറവ് 18 ശതമാനത്തോളമായി. പെട്രോൾ വിൽപ്പനയിലൂടെയുള്ള നികുതിയിനത്തിൽ 20 ശതമാനത്തോളം കുറവുണ്ടായിട്ടുണ്ട്. അതുപോലെ സംസ്ഥാന ഗവൺമെന്റിന്റെ മദ്യനയത്തിന്റെ ഭാഗമായി ബാറുകൾ അടച്ചതുമൂലമുണ്ടായ സാമ്പത്തികനഷ്ടം സർക്കാരിനെ പ്രതികൂലമായി ബാധിച്ച മറ്റൊരു കാര്യമാണ്. അരി, ഗോതമ്പ്, മൈദ, ആട്ട മുതലായ നിത്യോപയോഗ സാധനങ്ങളെ നികുതി വർദ്ധനവിൽ നിന്നും പൂർണ്ണമായി ഒഴിവാക്കുകയും ചെയ്തു. സ്പൈസസിന്റെ ഉൽപ്പാദനം നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി കുറഞ്ഞ ഒരു വർഷംകൂടിയാണ് കടന്നുപോയത്. വർക്ക് കോൺട്രാക്ടിൽനിന്ന് കിട്ടാനുണ്ടായിരുന്ന പിരിവ് കുറഞ്ഞു എന്നതും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം കഴിഞ്ഞ കാലയളവിൽ മുമ്പോട്ടുപോയത്. പക്ഷേ ആ പരിമിതികളൊന്നുംതന്നെ നമ്മുടെ നിർമ്മാണ മേഖലയെയോ വികസന പ്രവർത്തനങ്ങളെയോ പ്രതികൂലമായി ബാധിച്ചില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഈ കാര്യത്തിൽ നികുതിപിരിവ് വളരെയേറെ ഊർജ്ജസ്വലമാക്കാനുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാവുകയും എന്നാൽ ഇത്തരം സാമ്പത്തികമായിട്ടുള്ള വെല്ലുവിളികൾ ഗവൺമെന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങളെയോ വികസനപ്രവർത്തനങ്ങളെയോ പ്രതികൂലമായി ബാധിക്കരുതെന്നുള്ള കാഴ്ചപ്പാട് ഗവൺമെന്റിന് ഉണ്ടായിരുന്നതു കൊണ്ടുമാണ് തീർച്ചയായും സംസ്ഥാനത്ത് വലിയ സാമ്പത്തികമാന്ദ്യം അനുഭവപ്പെടാതെ പോയതെന്നുള്ള കാര്യത്തിൽ സംശയമില്ല. മാത്രമല്ല, കൊമേഴ്സ്യൽ ടാക്സ് പിരിവിന്റെ കാര്യത്തിൽ ഈ ഗവൺമെന്റെടുത്ത സുതാര്യമായ ഒട്ടേറെ നടപടികളുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് എന്ന ആശയം കൊണ്ടുവന്നതെങ്കിലും ഇപ്പോൾ അമരവിളയിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കാനുള്ള സാഹചര്യമുണ്ടായിരിക്കുകയാണ്. മറ്റ് ചെക്ക്പോസ്റ്റുകളിലേയ്ക്കും ആ സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികളിലേയ്ക്ക് നീങ്ങുകയാണ്. കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ചെക്ക് പോസ്റ്റുകളിൽ ഇല്ലായെന്നുള്ളത് വളരെ ദീർഘകാലമായി

ഉണ്ടായിരുന്ന ഒരു പരാതി ആയിരുന്നു. അതിപ്പോൾ ഓൺലൈൻ ആക്കി മാറ്റിയതോടുകൂടി വ്യാപാരികൾ സാധനങ്ങൾ കൊണ്ടുവരുമ്പോൾ കൃത്യമായി അത് റിട്ടേണിൽ സൂചിപ്പിക്കാൻ കഴിയുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. അതുപോലെതന്നെ കുടിശ്ശികയുടെ അസെസ്സ്മെന്റുമായി ബന്ധപ്പെട്ട scrutiny, പ്രത്യേകിച്ച് Return scrutiny വളരെ സജീവമാക്കുകയും അതിന്റെ നിലവാരം വർദ്ധിപ്പിക്കാനുള്ള നടപടികളെടുക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം സി.എസ്.ടി. അസസ്മെന്റ് വളരെ കാര്യക്ഷമമായി ഏറ്റെടുക്കാനുള്ള നടപടികൾ ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട് എന്നത് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

ട്രെയിനിലും ലക്ഷ്വറി ബസ്സുകളിലും വരുന്ന സാധനങ്ങൾ നികുതി വെട്ടിപ്പിന് ഇടയാക്കുന്നുവെന്നുള്ളത് സംബന്ധിച്ച് വ്യാപകമായി പരാതികളാണുള്ളത്. ഇത്തരം കാര്യങ്ങളിലൊക്കെ ഇന്റലിജൻസ് വിഭാഗം വളരെ കൃത്യമായ ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല, ആഡിറ്റ് അസസ്സ്മെന്റ് വിംഗ് പുനഃസ്ഥാപിക്കാൻ കഴിഞ്ഞതും ധനകാര്യ വകുപ്പിനെ സംബന്ധിച്ചിടത്തോളം നികുതി പിരിവുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട ഒരു ചുവടുവയ്പ്പാണ്. ചുരുക്കത്തിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മുടെ ടാർജറ്റിനെക്കാൾ ഏതാണ്ട് 81 ശതമാനത്തോളം നമുക്ക് പിരിച്ചെടുക്കാൻ കഴിഞ്ഞ ഒരു കാലയളവിലൂടെയാണ് നമുക്ക് കടന്നുപോകാൻ സാധിച്ചതെന്നുള്ളത് ഈ അവസരത്തിൽ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്.

എൽ.ഡി.എഫ്. ഭരണകാലത്ത് ഏതാണ്ട് 557 കോടി രൂപയായിരുന്നു ലോട്ടറിയിൽ നിന്നുണ്ടായിരുന്ന വരുമാനം. പക്ഷേ, ഇന്നിവിടെ സൂചിപ്പിച്ചതു പോലെ അന്യസംസ്ഥാന ലോട്ടറികളുടെ തട്ടിപ്പിനെ സംബന്ധിച്ചുള്ള ഒട്ടേറെ പരാതികൾ നിലനിന്നിരുന്നു. നിയമപരമായി നമുക്ക് നിരോധിക്കാൻ കഴിയുകയില്ല എന്നുള്ള മറുപടികൾ ലഭിച്ച കാലഘട്ടത്തെക്കുറിച്ച് ഞാനിപ്പോൾ ഓർക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു നിയമനിർമ്മാണവും പുതുതായി കൊണ്ടുവരാതെ തന്നെ സാന്റിയാഗോ മാർട്ടിനെപ്പോലുള്ള ആളുകളെ കേരളത്തിന്റെ പടിക്കുപുറത്ത് നിർത്താൻ കഴിഞ്ഞു എന്നുള്ളത് ഈ ഗവൺമെന്റ് എടുത്ത ഏറ്റവും പ്രധാനപ്പെട്ടകാര്യമാണ്. മാത്രമല്ല, എനിക്ക് മുമ്പ് ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ ലോട്ടറി പോലുള്ള ഒരു സംവിധാനത്തെ സാമൂഹിക പരിരക്ഷയുടെ ഭാഗമാക്കി മാറ്റാൻ കഴിഞ്ഞ ഏറ്റവും കാരുണ്യപൂർവ്വമായ നിലപാട് ഈ കാര്യത്തിൽ എടുക്കാൻ കഴിഞ്ഞു.

നമ്മുടെ വാർഷിക വിറ്റുവരവ് 557-ൽനിന്ന് 2013-14-ൽ 3,794 കോടിരൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. യഥാർത്ഥത്തിൽ ഇവിടെ ഇതുവരെയുള്ള വിറ്റുവരവ് ഏതാണ്ട് 5,301 കോടി രൂപയായിട്ടുണ്ട്. മാത്രമല്ല ലോട്ടറി വില്പനക്കാരുടെ കമ്മീഷൻ ദീർഘകാലമായി ഉയർത്തണമെന്നുള്ള അവരുടെ ആവശ്യം പൂർണ്ണമായി നടപ്പാക്കാൻ കഴിഞ്ഞു. ഇതെല്ലാം വളരെ പ്രധാനപ്പെട്ടകാര്യമാണ്.

കാരുണ്യ ചികിത്സാ പദ്ധതിയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു. ഏകദേശം 746.76 കോടി രൂപയാണ് സമൂഹത്തിലെ ദുർബ്ബലാവസ്ഥയിലുള്ള 92,000-ത്തിൽപ്പരം ആളുകളുടെ ചികിത്സയ്ക്കായി ചെലവഴിക്കാൻ കഴിഞ്ഞത്. ജനപ്രതിനിധികളെന്ന നിലയിൽ പലപ്പോഴും നാം അനുഭവിച്ച ഏറ്റവും വലിയ ബുദ്ധിമുട്ട് ഹൃദ്രോഗ ചികിത്സയ്ക്കും ക്യാൻസർ ചികിത്സയ്ക്കും പണം എവിടെനിന്ന് ലഭിക്കുമെന്നുള്ളതായിരുന്നു. ഇന്ന് ധൈര്യമായി ഏത് ജനപ്രതിനിധിക്കും പ്രതിപക്ഷത്താണെങ്കിലും ഭരണകക്ഷിയിലുള്ളവരാണെങ്കിലും ഇത്തരമൊരു സംവിധാനത്തിലൂടെ പണം നേടിക്കൊടുക്കാനും ജനങ്ങളിൽ ആത്മവിശ്വാസം ഉണ്ടാക്കിയെടുക്കാനും സാധിച്ചു. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടകാര്യം വികസന പ്രവർത്തനത്തിനപ്പുറത്ത് ഒരാത്മവിശ്വാസം ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളതാണ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കേരളത്തിലെ ജനങ്ങൾക്ക് ആത്മവിശ്വാസം ഉണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞു. 92,000-ത്തിൽപ്പരം കുടുംബങ്ങൾക്ക് ഈ പദ്ധതിയിലൂടെ സഹായം നൽകാൻ കഴിഞ്ഞത് ചെറിയൊരു കാര്യമല്ല എന്നുള്ളത് ഈ സന്ദർഭത്തിൽ തീർച്ചയായും ഓർക്കേണ്ടതാണ്.

അതോടൊപ്പം നമ്മുടെ യുവസംരംഭകരെ പ്രോത്സാഹിപ്പിക്കാൻ വേണ്ടിയുള്ള സംസ്ഥാന വികസന മിഷന് രൂപം കൊടുത്തുകൊണ്ടുള്ള പദ്ധതികൾ. പലിശരഹിത വായ്പകൊടുത്തുകൊണ്ടുള്ള പദ്ധതി മുഖേന അയ്യായിരത്തിൽപ്പരം ആളുകൾക്ക് വിവിധ സംരംഭങ്ങൾക്കായി പണം അനുവദിക്കാൻ സാധിച്ചു. ഇത്രയും കാലത്തിനിടയിലുണ്ടായ ഏറ്റവും വലിയ വളർച്ചയാണ് കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന് (കെ.എസ്.എഫ്.ഇ.) ഉണ്ടായിട്ടുള്ളത്. 2011-ൽ 368 ശാഖയുണ്ടായിരുന്നത് ഇന്ന് 506 ശാഖകളായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. മാത്രമല്ല കമ്പനിയുടെ ബിസിനസ് ടേണോവർ 12,333 കോടി രൂപയിൽനിന്ന് 24,648 കോടി രൂപയായി ഉയർത്താൻ കഴിഞ്ഞു. ഏതാണ്ട് 89 ശതമാനം വർദ്ധനവാണ് കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ

മൂന്നുവർഷക്കാലയളവിൽ ഉണ്ടാക്കാൻ കഴിഞ്ഞത്. ലാഭം 52 കോടി രൂപയിൽനിന്ന് 173 കോടി രൂപയായി സംസ്ഥാനത്തുള്ള ഒരു പൊതുമേഖല സ്ഥാപനമെന്നുള്ളനിലയിൽ ഏറ്റവും ക്രിയാത്മകമായപങ്ക് നിർവ്വഹിക്കാൻ ആ സ്ഥാപനത്തിന് സാധിച്ചു. കാരണം, നിക്ഷേപത്തിനകത്ത് 125 ശതമാനത്തോളമാണ് കെ.എസ്.എഫ്.ഇ.-യുടെ വർദ്ധനവ് ഉണ്ടായിട്ടുള്ളതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ട്രഷറി ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് ഇ-ട്രഷറി സംവിധാനം വരികയാണ്. ട്രഷറി ബില്ലുകളെല്ലാം ഓൺലൈനിലേയ്ക്ക് വരികയാണ്. വളരെ സുതാര്യമായ ഒട്ടേറെ പ്രവർത്തനങ്ങൾ ഈ കാര്യത്തിൽ കാഴ്ചവയ്ക്കാൻ സാധിച്ചു. അതുകൊണ്ടു തന്നെയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ജി.എസ്.ടി. കമ്മിറ്റിയുടെ ചെയർമാനായി നിയമിക്കാൻ കേന്ദ്രഗവൺമെന്റ് തയ്യാറായത്. കേരളത്തിൽ ധനകാര്യ വകുപ്പുമന്ത്രിയെന്നനിലയിൽ നടത്തുന്ന കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള അംഗീകാരംകൂടിയാണ് അതെന്നുപറയാതിരിക്കാൻ കഴിയില്ല.

മറ്റൊരു പ്രധാനപ്പെട്ടകാര്യം റവന്യൂ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചാണ്. രണ്ടുകാര്യങ്ങൾ പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഒന്ന്, ഡിസാസ്റ്റർ മാനേജ്മെന്റ് വളരെ പ്രധാനപ്പെട്ടകാര്യമാണ്. കഴിഞ്ഞ ദിവസങ്ങളിൽ തീക്കാറ്റിനെക്കുറിച്ച് മാധ്യമങ്ങളിൽ വാർത്ത വന്നിരുന്നു. ഏതായാലും സംസ്ഥാനത്ത് അത്തരം ദുരന്തങ്ങൾ വളരെ പെട്ടെന്നുണ്ടാകുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. പലപ്പോഴും ദുരന്തങ്ങളുണ്ടാകുമ്പോൾ എന്തു ചെയ്യണമെന്നുള്ള ആശങ്കയിൽ നമ്മൾ നിൽക്കുമ്പോൾ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ദുരന്തനിവാരണ അതോറിറ്റിയുടെ ഒരു ആസ്ഥാനം ഇവിടെ സ്ഥാപിക്കാൻവേണ്ടി ഏഴരക്കോടിരൂപ ചെലവഴിച്ചുകൊണ്ടുള്ള നിർമ്മാണങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ആധുനിക വിവര സംവേദനസാങ്കേതികവിദ്യ ഈ രംഗത്ത് കൊണ്ടുവരാനും ദുരന്തങ്ങൾ ഭാവിയിൽ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ പഠിക്കുവാനും ദുരന്തങ്ങളുണ്ടായിക്കഴിഞ്ഞാൽ ഇടപെടാനും ഇത്തരം സംവിധാനങ്ങൾകൊണ്ട് സാധിക്കും. സ്റ്റേറ്റ് കൺട്രോൾ അതോറിറ്റിയോടൊപ്പം തന്നെ എല്ലാ ജില്ലകളിലും അത്തരമൊരു സംവിധാനം സംസ്ഥാനതലത്തിൽ കൊണ്ടുവരുമ്പോൾ, ഡിസ്ട്രിക്ട് ലെവലിലുള്ള ഒരു എമർജൻസി സെന്റർകൂടി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ തീർച്ചയായും റവന്യൂ വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകണം. അതോടൊപ്പം കഴിഞ്ഞ ദിവസങ്ങളിൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ സെന്ററുകൾ കേരളത്തിൽ ആരംഭിച്ചുകഴിഞ്ഞു. തീരദേശ മേഖലയെ സംബന്ധിച്ചിടത്തോളം ആ പ്രദേശത്തുള്ള ജനപ്രതിനിധികൾക്കറിയാം. പലപ്പോഴും പ്രശ്നങ്ങളുണ്ടാകുന്നതാണ്.

പ്രത്യേകിച്ച് ദുരന്തങ്ങളുണ്ടാകുമ്പോൾ കുട്ടികളെ തൊട്ടടുത്ത വിദ്യാലയങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുകയും വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങളോടൊപ്പം പലപ്പോഴും അവർക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുകയാണ്. അത്തരമൊരവസ്ഥയിൽ നിന്നാണ് ഇപ്പോൾ ഇത്തരമൊരു സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പദ്ധതി നടപ്പാക്കിക്കൊണ്ട് തീരദേശ മേഖലയിലുള്ള പുനരധിവാസ കേന്ദ്രങ്ങൾ സ്ഥിരമായ സംവിധാനങ്ങളാക്കി മാറ്റാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി, അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റിൽ കൊണ്ടുവന്ന ഏറ്റവും പ്രധാനപ്പെട്ട ഒരുകാര്യം ഇവിടെ പലരും സൂചിപ്പിക്കുകയുണ്ടായി. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. സി. മമ്മൂട്ടി 'പുഴമുതൽ പുഴവരെ' എന്നുള്ള ഒരാശയത്തെക്കുറിച്ച് പറയുകയുണ്ടായി. വളരെ ദീർഘമായി പറയേണ്ട ഒരു കാര്യമാണെങ്കിൽപ്പോലും നമ്മുടെ പുഴകൾ നശിച്ചു കൊണ്ടിരിക്കുകയാണ്. ഈ അടുത്തകാലത്ത് കണ്ട ഒരു റിപ്പോർട്ടിൽ കേരളത്തിലെ 44 നദികളിൽ 14 നദികൾ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന അവസ്ഥയിലാണെന്നുണ്ടായിരുന്നു. ഇവിടെ സൂചിപ്പിക്കാനുള്ളകാര്യം പരമ്പരാ ഗതമായി പുഴയുടെ തീരങ്ങൾ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി കെട്ടുന്ന ഒരു സംവിധാനത്തിനപ്പുറത്തേയ്ക്ക് പുഴയുടെ തീരങ്ങളിൽ മുളപോലുള്ള വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാനും പുഴയെ കുറെക്കൂടി ആകർഷകമാക്കാനും പുഴ ഒരു പ്രദേശത്തിന്റെ ജൈവ സാന്നിദ്ധ്യമാണെന്നും അതൊരു ജനതയുടെ ഹൃദയത്തോട് ചേർത്തുവയ്ക്കുവാൻവേണ്ടി വളരെ നൈതീകമായ തലത്തിലേയ്ക്ക് അതിനെ മാറ്റിയെടുക്കാനുമുള്ള ശ്രമങ്ങൾക്ക് തുടക്കമിട്ടിരിക്കുകയാണ്. ശ്രീ. എൻ. എസ്. മാധവന്റെ ഒരു ലേഖനം ഏതാനും മാസങ്ങൾക്കുമുമ്പ് മാതൃഭൂമിയിൽ വന്നിരുന്നു. ഭാരതപ്പുഴയുടെ തീരത്ത് ബലി ഇടാൻവേണ്ടി കൈകൊണ്ട് മാന്തി ജലമെടുത്ത് ബലി തർപ്പണംചെയ്യേണ്ട സ്ഥിതിവിശേഷമുണ്ടായി. ഒരുപക്ഷേ നിറഞ്ഞൊഴുകിയ ഒരു പുഴ ഇന്ന് ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഒരു കാഴ്ച. ആ പുഴ മാത്രമല്ല, ഒട്ടേറെ പുഴകൾ, കോട്ടയം ജില്ലയിലെ മീനച്ചിലാറും മണിമലയാറും മൂവാറ്റുപുഴയാറുമെല്ലാം നാശോന്മുഖമാകുകയാണ്. അവയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള വളരെ ബൃഹത്തായ പദ്ധതി ജില്ലാ ഭരണകൂടം ഏറ്റെടുത്തിരിക്കുകയാണ്. മറ്റു പ്രദേശങ്ങളിലും ഇത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകണം. മാത്രമല്ല, എനിക്ക് സൂചിപ്പിക്കുവാനുള്ളത്, ഈ പുഴയെ സംബന്ധിച്ച് ആദ്യം ചെയ്യേണ്ട പ്രധാനപ്പെട്ടകാര്യം പുഴ എവിടെയാണെന്നുള്ളതിന്റെ ഒരു ലിമിറ്റ് തീരുമാനിക്കണം. പുഴയുടെ കയ്യേറ്റം വളരെ പ്രധാനപ്പെട്ടപ്രശ്നമാണ്. സാധാരണ ഫോറസ്റ്റുകാർ ജണ്ട ഇടുന്നതുപോലെ പുഴയുടെ തുടക്കംമുതൽ എവിടെയാണ് അവസാനിക്കുന്നതെന്ന് തിരിച്ചറിയാൻ ജനങ്ങൾക്ക് കഴിയത്തക്കവിധം പുഴയുടെ തീരത്ത് ജണ്ടകൾ കെട്ടിക്കൊണ്ട് പുഴയുടെ തീരം കൃത്യമായി നിർണ്ണയിക്കപ്പെടേണ്ട ഒരു സംവിധാനം യഥാർത്ഥത്തിൽ ഉണ്ടെന്നുള്ളതാണ്. ഇവിടെ രാവിലെ പറഞ്ഞതുപോലെ,

തണ്ണീർത്തടങ്ങളുടെ കാര്യത്തിലും ഇതുതന്നെയാണ്. തണ്ണീർത്തടങ്ങളുടെ ഡേറ്റാബേസ് കൃത്യമായി നമ്മുടെ കൈവശം ഇല്ലാത്തതുകൊണ്ട് പലപ്പോഴും ......

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്.....

ഡോ. എൻ. ജയരാജ് : സർ, ഞാൻ അവസാനിപ്പിക്കാം. ഞാൻ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. പുഴയുടെ സംരക്ഷണം വളരെ കൃത്യമായി ഏറ്റെടുത്തുകൊണ്ടുള്ള നടപടികൾ ബഹുജന പങ്കാളിത്തത്തോടുകൂടി നടപ്പാക്കാനുള്ള പദ്ധതികൾ തീർച്ചയായിട്ടും ഉണ്ടാകണം. അതോടൊപ്പം തന്നെയാണ് സർവ്വേ അദാലത്ത് വളരെ കാര്യക്ഷമമായി നടന്ന പ്രവർത്തനമാണ്. ഇടുക്കിയിലെ എന്റെ സുഹൃത്ത് ശ്രീ. റോഷി അഗസ്റ്റിനുകൂടി വേണ്ടിയാണ് ഞാൻ ഇക്കാര്യം സംസാരിക്കുന്നത്. ഇടുക്കിയിലെ ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളിൽ പട്ടയം ഇതുവരെ ലഭ്യമാക്കിയിട്ടില്ല. അത് ലഭ്യമാക്കാൻ വേണ്ടിയുള്ള നടപടികൾ കൂടി അടിയന്തരമായി ഉണ്ടാകണം. അതോടൊപ്പം ഭൂരഹിതരില്ലാത്ത കേരളം പദ്ധതി, സർക്കാരിന്റെ മുഖമുദ്രയുടെ മറ്റൊരു കാര്യമാണ്. പക്ഷേ, പല പ്രദേശങ്ങളിലുമായി ബന്ധപ്പെട്ട് എതിർപ്പുകൾ കടന്നുവരുന്നുണ്ട്. ഭൂരഹിത കേരളമെന്നുള്ള ആശയം 2016 -ഓടെ പൂർത്തീകരിക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് ആ പ്രവർത്തനങ്ങൾകൂടി ത്വരിതപ്പെടുത്തണമെന്ന് സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. തീർച്ചയായും കേരളത്തെ സംബന്ധിച്ചിടത്തോളം എപ്പോഴും ഏത് കാലഘട്ടത്തിലും ജനങ്ങളുടെ പിന്നോക്കാവസ്ഥ തിരിച്ചറിഞ്ഞുകൊണ്ടുള്ള മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കഴിഞ്ഞിട്ടുണ്ട്. റവന്യൂ/ധനകാര്യ വകുപ്പുകളുടെ ഭാഗത്തുനിന്നും അത്തരം ക്രിയാത്മകമായ പങ്കാളിത്തം ഉണ്ടാകണമെന്നുകൂടി സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ് .........

ഡോ. എൻ. ജയരാജ് : സർ, ഒരു കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. അരുവിക്കര ഉപതെരഞ്ഞെടുപ്പ് കഴിഞ്ഞു. കേരളത്തെ സംബന്ധിച്ചിടത്തോളം അതൊരു ചൂണ്ടുപലകയാണ്. തീർച്ചയായും എനിക്ക് പ്രതിപക്ഷത്തിനോട് സൂചിപ്പിക്കുവാനുള്ള ഒരു കാര്യം രണ്ടാഴ്ചയ്ക്കു മുമ്പ് എന്റെ അടുത്ത സുഹൃത്തുകൂടിയായ മനോജ് കുറൂർ എഴുതിയ ഒരു പുസ്തകമുണ്ട്. സംഘകാലഘട്ടത്തിലുണ്ടായ ഒരനുഭവത്തിന്റെ വെളിച്ചത്തിൽ എഴുതിയ നോവലാണ്; 'നിലം പൂത്തുമലർക്കുന്ന നാട് 'എന്നാണ് പുസ്തകത്തിന്റെ പേര്. ആ പുസ്തകത്തിന്റെ ഡീറ്റെയിൽസിലേയ്ക്ക് പോകാൻ സമയമില്ല. ദയവായി ആ പുസ്തകം പ്രതിപക്ഷത്തുള്ള എന്റെ പ്രിയ സുഹൃത്തുക്കൾ ഒരാവർത്തി വായിക്കണം. തീർച്ചയായും ഈ പുസ്തകം നിങ്ങളുടെ ചിന്താഗതിയിൽ ഒരുപാട് മാറ്റമുണ്ടാക്കാൻ

സഹായിക്കുമെന്ന് ഞാൻ വളരെ ആത്മാർത്ഥമായി വിശ്വസിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സാജു പോൾ : സർ, റവന്യൂ /നികുതി വകുപ്പിന്റെയും ഭവന നിർമ്മാണ വകുപ്പിന്റെയുമൊക്കെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ നോക്കിയപ്പോൾ യഥാർത്ഥത്തിൽ ഇത് മാണിസാറിന്റെ ഉറവ വറ്റിയതാണോ സർക്കാരിന്റെ കറവ നിന്നതാണോ എന്നറിയില്ല. ഇനി അരുവിക്കരയിൽനിന്നും ഒരു പുതിയ ഉറവയും കറവയും തുടരാമെന്നുള്ള വ്യാമോഹമാണ് ഭരണപക്ഷത്തെ പല പ്രമുഖ നേതാക്കൾ ക്കുമുള്ളത്. ബഹുമാന്യനായ ഡോ. ജയരാജ് ഇവിടെ മനോജ് കുറൂരിനെക്കുറിച്ച് പറഞ്ഞു. അദ്ദേഹം എൻ.എസ്.എസ്. കോളേജിലെ അദ്ധ്യാപകനും എന്റെ സുഹൃത്തുമാണ്. അദ്ദേഹത്തിന്റെ ഒരു പുസ്തകത്തെപ്പറ്റിയും പറഞ്ഞു. അദ്ദേഹത്തിന്റെ അച്ഛൻ കഥകളി മേളപ്പദക്കാരനാണ്, അച്ഛന്റെ അച്ഛൻ ചെണ്ട വിദ്വാനാണ്. അങ്ങനെ ഒരു വലിയ കുടുംബത്തിലെ ഒരംഗത്തിന്റെ പുസ്തകത്തെക്കുറിച്ചാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. ഇതൊക്കെ വായിക്കുന്ന എത്രപേർ അപ്പുറത്തുണ്ട്? അങ്ങയെപ്പോലെ അപൂർവ്വം ചില പുസ്തകപ്രേമികളുണ്ടാകും. ഡോ. എം. കെ. മുനീറിനെപ്പോലെ പുസ്തകം എഴുതുന്ന ആളുകളും അപ്പുറത്തുണ്ട്. ഏതായാലും ഈ ബഡ്ജറ്റ് ഒന്ന് പരിശോധിച്ചുനോക്കണം. അപ്പുറത്തുള്ള ആളുകൾ വളരെ വാചാലമായി ബഡ്ജറ്റിലെ കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. ഭവനനിർമ്മാണം സംബന്ധിച്ച് ആകെ രണ്ട് പാരഗ്രാഫുകളേയുള്ളൂ. അതായത് ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് തുച്ഛമായ നിരക്കിൽ വീടുകൾ വാടകയ്ക്ക് ലഭ്യമാക്കുന്ന 'സാന്ത്വനം' പദ്ധതി ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കുന്നതാണ്. 44 യൂണിറ്റുകൾ നിർമ്മിക്കുന്നതിനായി 7.5 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡിന്റെ കൽപ്പറ്റയിലുള്ള സ്വന്തം സ്ഥലത്ത് മുതിർന്ന പൗരന്മാർക്കായി പകൽ സമയ വിശ്രമകേന്ദ്രം നിർമ്മിക്കുന്നതിനായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരംമുതലുള്ള മുതിർന്ന പൗരന്മാർ മുഴുവൻ കൽപ്പറ്റയ്ക്ക് പോകണോ;

റവന്യൂ വകുപ്പ് വലിയൊരു പാരാവാരമാണ്. ജനജീവിതവുമായി ഏറ്റവും അടുത്ത ബന്ധമുള്ള ഒരു വകുപ്പിന് ഇ-ഗവേണൻസിനുവേണ്ടി 4 കോടിരൂപ വകയിരുത്തിയിട്ടുണ്ട്, നെൽപ്പാടങ്ങൾ നികത്തിയ പ്രശ്നത്തിൽ മുമ്പ് നികത്തിയ സമാനഭൂമിയുടെ പ്രഖ്യാപിത ന്യായവിലയുടെ 25% ഫീസ് ഈടാക്കി പരിവർത്തനം വന്നത് റെഗുലറൈസ് ചെയ്യുന്നതിന് ഒരു പദ്ധതിയുണ്ട്.

നിലമ്പൂരിൽ ഒരു മിനി സിവിൽ സ്റ്റേഷൻ പണികഴിപ്പിക്കുന്നതാണെന്ന് കാണുന്നു. അപ്പോൾ ഭവന നിർമ്മാണ വകുപ്പിൽ കൽപ്പറ്റയ്ക്കും റവന്യൂ വകുപ്പിൽ നിലമ്പൂരിനും ഓരോ പ്രോജക്ടുണ്ട്. ട്രഷറി ഡിപ്പാർട്ടുമെന്റിന് പശ്ചാത്തല വികസനത്തിന് 12 കോടി രൂപ, സ്വന്തമായി കെട്ടിടമില്ലാത്തവയ്ക്ക് 8.78 കോടി രൂപ. അതുപോലെ മിതമായ നിരക്കിൽ ലോക്കർ സൗകര്യം ട്രഷറികളിൽ ലഭ്യമാക്കുന്നതിന് 50 ലക്ഷം രൂപ. ഈയിനത്തിൽ 5 കോടി രൂപയുടെ വരുമാനം കണ്ടെത്താൻ കഴിയും. ഇങ്ങനെ 8 പാരഗ്രാഫുകൾ മാത്രമാണ് റവന്യൂ, ട്രഷറി, ഭവനനിർമ്മാണം എന്നീ മൂന്ന് വകുപ്പുകൾക്കുമായി 140 പേജുകളുള്ള, 345 ഖണ്ഡികകളുള്ള ഈ ബഡ്ജറ്റ് പ്രസംഗത്തിലുള്ളത്. ഞാൻ പറഞ്ഞതിൽ എന്തെങ്കിലും തെറ്റുണ്ടോ; ഒന്നുകിൽ കെ. എം. മാണി സാറിന്റെ ഉറവ വറ്റി അല്ലെങ്കിൽ ഈ സർക്കാരിന്റെ കറവ വറ്റി. ഇതിലേത് വറ്റി എന്നുള്ളത് അവർതന്നെ കണ്ടുപിടിക്കട്ടെ.

വിൽപ്പന നികുതി വകുപ്പുമായി ബന്ധപ്പെട്ട് ഈ ബഡ്ജറ്റിൽ ഏതാനും ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. നികുതി പരിഷ്കാരങ്ങളേയും നികുതി നിർദ്ദേശങ്ങളേയും കുറിച്ച് പറഞ്ഞിട്ടുണ്ട്. ഇതിൽ എന്താണുള്ളത്? ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ, ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയിൽ ഞാൻ അംഗമായിരുന്നു. ബഹുമാന്യനായ ആര്യാടൻ മുഹമ്മദ് ആ കമ്മിറ്റിയിൽ അംഗമായിരുന്നു. ഞങ്ങളെല്ലാം ചേർന്ന്, ഇന്നത്തെ പ്ലാനിംഗ് ബോർഡ് മെമ്പർ ശ്രീ. ജി. വിജയരാഘവൻ, ലീലാ മേനോനെപ്പോലെയുള്ള ബഹുമാന്യരായ മാധ്യമപ്രവർത്തകർ ഒക്കെച്ചേർന്ന് അഴിമതിരഹിത വാളയാറിനുവേണ്ടി സോഷ്യൽ ഓഡിറ്റ് നടത്തി. ആ അഴിമതിരഹിത വാളയാർ ചെക്ക്പോസ്റ്റിന്റെ ഇന്നത്തെ അവസ്ഥയെന്താണ്; ഏതോ ഒരു ചെക്ക്പോസ്റ്റ് ഇന്റഗ്രേറ്റഡാക്കിയെന്ന് ഡോ. എൻ. ജയരാജ് പറഞ്ഞു. യഥാർത്ഥത്തിൽ വാളയാർ ചെക്ക്പോസ്റ്റല്ലേ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റാക്കേണ്ടത്? ഇപ്പോഴും കമ്പി ഉപയോഗിച്ച് കുത്തിനോക്കിയാണ് സ്പിരിറ്റ് പരിശോധിക്കുന്നത്. എക്സൈസ് ഉദ്യോഗസ്ഥർ വണ്ടിക്ക് ചുറ്റും നടന്ന് മണം പിടിച്ചുനോക്കും. ചാണകം നാറിയിട്ട് ഈ ചെക്ക്പോസ്റ്റിൽ നിൽക്കാൻ കഴിയാത്ത അവസ്ഥയാണ്. പിന്നെ എങ്ങനെ സ്പിരിറ്റിന്റെ മണമടിക്കാനാണ്. ഗതാഗതക്കുരുക്കുമൂലം ലോറി ഉടമസ്ഥർ സമരം നടത്തിക്കൊണ്ടിരിക്കുകയല്ലേ; അവിടെ 30 ഏക്കർ സ്ഥലം ഏറ്റെടുക്കണമെന്നുപറഞ്ഞതാണ്. എന്തെങ്കിലും നടന്നോ; അതുപോലെ ഇ-ഫയലിംഗിന്റേയും ഇ-പേമെന്റിന്റേയും തുടർച്ചയായി എന്തെങ്കിലും

സംവിധാനം കൊണ്ടുവരാൻ കഴിഞ്ഞോ; നികുതികുടിശ്ശിക എത്രമാത്രം പിരിച്ചെടുക്കാൻ കഴിഞ്ഞു; ജി.എസ്.ടി.-യുടെ മുന്നൊരുക്കങ്ങൾ എന്താണ് നടന്നത്; അതുപോല സേവന നികുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ട്. പഞ്ചായത്തുകളിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കെല്ലാം 14 ശതമാനം സേവന നികുതി, കരിപ്പൂർ വിമാനത്താവളത്തിൽനിന്നുള്ള കയറ്റുമതി കുറഞ്ഞതുമൂലമുള്ള നഷ്ടം ഇതെല്ലാം മാധ്യമങ്ങളിൽ വാർത്തയായി വന്നുകൊണ്ടിരിക്കുകയല്ലേ?

റബ്ബറിന്റെ വിലയിടിവുമൂലമുള്ള പ്രശ്നങ്ങൾ അതിലും വലുതാണ്. 150 രൂപ ലഭിക്കുമെന്നാണ് പറഞ്ഞത്. ഞാനൊരു റബ്ബർ കർഷകനാണ്. ഞാൻ റബ്ബർ ടാപ്പിംഗ് നിർത്തിയിട്ട് ഒന്നര വർഷമായി. ബഹുമാന്യനായ ശ്രീ. മോൻസ് ജോസഫ്, ശ്രീ. രാജു എബ്രഹാം, ശ്രീ. കെ. സുരേഷ് കുറുപ്പ് എന്നീ അംഗങ്ങൾ ഈ വിഷയത്തിൽ സബ്മിഷനുകളും ശ്രദ്ധ ക്ഷണിക്കലും കൊണ്ടുവന്നു. 150 രൂപയ്ക്ക് റബ്ബറെടുക്കാൻ ഇന്ന് കേരളത്തിൽ ആരെങ്കിലുമുണ്ടോ; എറണാകുളം ജില്ലയിൽനിന്നുള്ള മുഴുവൻ റബ്ബറും ശേഖരിച്ച് അവർക്ക് കൊണ്ടുപോയികൊടുക്കുന്ന ഉത്തരവാദിത്വം ഞങ്ങളേൽക്കാം. 150 രൂപയ്ക്ക് റബ്ബർ വാങ്ങാൻ ഇവിടെ ആരെങ്കിലുമുണ്ടോ?

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, 150 രൂപയ്ക്ക് റബ്ബർ സംഭരിക്കണമെന്നുള്ളത് നമ്മളെല്ലാം ആവശ്യപ്പെടുന്നകാര്യമാണ്. അതിനുവേണ്ടി ഗവൺമെന്റ് ആദ്യം സംഭരണം നടത്തിയെങ്കിലും അത് വിജയിക്കാതെ വന്നതുകൊണ്ട് മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഇക്കാര്യം ഇന്നലെ ചർച്ച ചെയ്യുകയും ഇന്നൊരു യോഗം വിളിച്ചിരിക്കുകയുമാണ്. നമ്മളെല്ലാം റബ്ബർ കർഷകർക്കുവേണ്ടി ഒരുപോലെ വാദിക്കുകയാണ്. ഇതല്ലാതെ എന്തെങ്കിലും ഒരു പ്രൊപ്പോസൽ ശ്രീ. സാജു പോൾ മുന്നോട്ടുവയ്ക്കുകയാണെങ്കിൽ അത് നടപ്പാക്കാൻ നമുക്ക് ഒറ്റക്കെട്ടായി നിൽക്കാം.

<u>ശ്രീ. സാജു പോൾ</u>: സർ, ഈ സഭയിൽ ചീഫ് വിപ്പ് ആയിരുന്നപ്പോൾ ശ്രീ. പി.സി. ജോർജ് റബ്ബർ സംഭരണത്തിന് 100 കോടി രൂപ വേണമെന്ന് പറഞ്ഞു. 10 കോടി രൂപയാണ് മാണി സാർ മാറ്റിവച്ചത്. ആകെ സംഭരിച്ചത് 50 ടൺ റബ്ബറാണ്. അതെത്രയെന്നുപറഞ്ഞാൽ മൂന്ന് ലോഡ് റബ്ബറാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, കാര്യങ്ങൾ സത്യസന്ധമായി പറയണം. ആകെ പതിനാലരക്കോടി രൂപയാണ് ഈ ഗവൺമെന്റ് റബ്ബർ സംഭരണത്തിനായി

മാറ്റിവച്ചത്. അതിൽ എട്ടരക്കോടി രൂപ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ കട്ടതിന്നു, ബാക്കി 6 കോടി രൂപ ശ്രീ. ടോമിൻ ജെ. തച്ചങ്കരിക്ക് കൊടുത്തു. 1227.32 ടൺ റബ്ബർ മാത്രമാണ് ഇതുവരെ സംഭരിച്ചത്. കർഷകന് 120 രൂപ കച്ചവടക്കാരും ബാക്കി 30 രൂപ ഗവൺമെന്റും കൊടുത്താൽ 300 കോടി രൂപയുണ്ടെങ്കിൽ ഒരുലക്ഷം ടൺ റബ്ബർ സംഭരിക്കാൻ കഴിയും. എന്തുകൊണ്ട് റബ്ബർ സംഭരിക്കുന്നില്ല?

<u>ശ്രീ. സാജു പോൾ</u>: സർ, ഇൻഡോനേഷ്യൻ ഗവൺമെന്റ് രണ്ട് ലക്ഷം ടൺ റബ്ബർ സംഭരിച്ച് അവിടത്തെ റബ്ബർ കർഷകരെ രക്ഷിച്ചതാണ്. റബ്ബറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് നിൽക്കുന്നതാണ്. നികുതി വരുമാനം കുറഞ്ഞിട്ടുണ്ട്. കാരുണ്യ പദ്ധതി ജനങ്ങൾക്ക് ഉപകാരപ്പെട്ടിട്ടുണ്ട്. കാരുണ്യ ലോട്ടറി ഞങ്ങളും വാങ്ങാറുണ്ട്. ഇപ്പോൾ സർക്കാർ പരിപാടികളിൽ സ്വാഗതം പറയുമ്പോൾ കൊടുക്കുന്നത് കാരുണ്യ ലോട്ടറിയാണ്. കാരുണ്യ ലോട്ടറി വിജയിച്ച എന്ന കാര്യത്തിൽ ഞങ്ങൾക്ക് തർക്കമില്ല. പക്ഷേ പിന്നീട് തെറ്റുചെയ്താൽ അത് തെറ്റല്ല എന്നുപറയാൻ കഴിയുമോ; ഫുട്ബാൾ താരം നെയ്മർക്ക് പരിക്കുപറ്റി, ബോധപൂർവ്വം പരിക്കേൽപ്പിച്ച് കളിക്കളത്തിൽനിന്നും പുറത്തുപോകേണ്ടിവന്നപ്പോൾ നമ്മൾ നെയ്മറെ അനുകൂലിച്ചു. എന്നാൽ നെയ്മർ കൊളംബിയൻ കളിക്കാരന്റെ തലയ്ക്കിടിച്ച് ചുവപ്പുകാർഡ് കണ്ട് എല്ലാ കളിയിൽനിന്നും പുറത്തായപ്പോൾ നെയ്മറെ അനുകൂലിക്കാൻ നമുക്ക് കഴിയുമോ; അത്രയേ ഞങ്ങളും ചെയ്തുകൊണ്ടിരിക്കുന്നുള്ളൂ. പ്രതിപക്ഷത്തിന്റെ ധർമ്മമാണത്. പരിക്കുപറ്റിയാൽ സഹതപിക്കും; തലയ്ക്കിടിച്ചാൽ പ്രതിഷേധിക്കും. അത്രയേ ഞങ്ങൾ ചെയ്യുന്നുള്ളൂ. കരാറുകാരന് കുടിശ്ശിക കൊടുത്തുവെന്നാണ് പറയുന്നത്; കരാറുകാർ ഇപ്പോഴും നിരന്തരം സമരം നടത്തിക്കൊണ്ടിരിക്കുകയല്ലേ; പെൻഷൻ കുടിശ്ശികയുടെ കാര്യമെടുത്താൽ, എച്ച്.ഐ.വി. ബാധിതരുടെ പെൻഷൻ തുക മുടങ്ങിയിട്ട് 16 മാസമായി. ക്യാൻസർ രോഗികൾ, വിധവകൾ, വികലാംഗർ, വൃദ്ധർ, കർഷകത്തൊഴിലാളികൾ ഇങ്ങനെയുള്ളവരുടെ ഒരു നീണ്ട നിരയുണ്ട്. അസുഖം ബാധിച്ച ആളുകളോടുപോലും ക്രൂരത കാണിക്കുന്ന ആളുകളെക്കുറിച്ച് എന്താണ് പറയാൻ കഴിയുന്നത്; എച്ച്.ഐ.വി. ബാധിതർക്കുപോലും പെൻഷൻ നൽകാത്ത ആളുകളാണിവിടെ ഒരു ഇലക്ഷൻ തെരഞ്ഞെടുപ്പിലെ വിജയത്തിൽ

മദിച്ചുകൊണ്ടിരിക്കുന്നത്.

അതുപോലെ പാകിസ്ഥാനിൽനിന്നുള്ള സിമന്റ് ഇറക്കുമതിയുടെ പേരിൽ നികുതി വെട്ടിപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. നെല്ലിന്റെ സംഭരണവില കൊടുത്തിട്ടില്ല. 'മിഷൻ 676' എന്തായെന്നറിയില്ല. ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടില്ല. കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം കൊടുക്കാനുള്ളത് 66 കോടി, നെല്ല് സംഭരിച്ചതിന്റെ തുക വേറെയുമുണ്ട്. ഇങ്ങനെ എന്തെല്ലാം കാര്യങ്ങൾക്കാണ് തുക കൊടുക്കാനുള്ളത്; നിർമ്മാണ മേഖല സ്തംഭിച്ചിരിക്കുകയാണ്. ഭൂമി ഏറ്റെടുക്കലിന് യാതൊരുവിധ നടപടിയുമില്ല. ഭവനനിർമ്മാണ വുമായി ബന്ധപ്പെട്ട് 650 കോടി രൂപയാണ് ഐ.എ.വൈ. പദ്ധതിയുടെമാത്രം കുടിശ്ശിക. ധനകാര്യ വകുപ്പുമായിമാത്രം ബന്ധപ്പെട്ടുള്ള വിഷയങ്ങളാണിത്. സമയമില്ലാത്തതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

റവന്യൂ വകുപ്പിന്റെ കാര്യമെടുത്താൽ ഭൂമി വിതരണവുമായി ബന്ധപ്പെട്ട് Zero Landless പദ്ധതിയുടെ ഭാഗമായി എറണാകുളത്ത് ഗാനമേളയും മറ്റു പരിപാടികളുമൊക്കെ സംഘടിപ്പിച്ചു, ഞങ്ങളൊക്കെ സഹകരിച്ചു. ബഹുമാന്യനായ മന്ത്രി ആ പദ്ധതിയിലേയ്ക്ക് അദ്ദേഹത്തിന്റെ കുറച്ചുഭൂമി സംഭാവന ചെയ്തു. അതൊക്കെ നല്ല കാര്യംതന്നെയാണ്. പക്ഷേ ഇതിൽപ്പെട്ട ആളുകൾക്ക് ഇപ്പോഴും ഭൂമി ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നടത്തിയ റവന്യൂ അദാലത്തിലുമൊക്കെ ആരാണ് വന്നത്; ചികിത്സാ സഹായം, പട്ടയം, പോക്കുവരവ്, എ.പി.എൽ. കാർഡ് ബി.പിഎൽ. കാർഡാക്കുക, ഭൂമി/വീട് ലഭ്യമാക്കുക എന്നീ ആവശ്യങ്ങളുമായാണ് ആളുകൾ വന്നത്. ഇതൊന്നുമല്ലെങ്കിൽ അയൽപക്കത്തെ പുരയിടത്തിൽനിന്നും ചാഞ്ഞുനിൽക്കുന്ന മരംവെട്ടൽ പോലുള്ള പരാതികൾ മാത്രമേയുള്ളൂ. ആ പരാതിക്കാർതന്നെ തുടർച്ചയായി വന്നുകൊണ്ടിരിക്കുകയാണ്. ഇവരിൽ ആർക്കാണ് വേണ്ടരീതിയിലുള്ള സഹായങ്ങൾ നൽകാൻ കഴിഞ്ഞിട്ടുള്ളത്; നടപടിക്രമങ്ങൾ ലഘൂകരിച്ച് പോക്കുവരവ്, പട്ടയം നൽകൽ എന്നീ കാര്യങ്ങളിൽ സർവ്വേ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടുവരുന്നകാര്യങ്ങളിൽ എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; ഇപ്പോൾ വേണ്ടത്ര മഴ ലഭിക്കുന്നില്ല. അതേസമയം അഗ്നിമഴ

പെയ്തുകൊണ്ടിരിക്കുകയും ഉഷ്ണക്കാറ്റ് അടിച്ചുകൊണ്ടിരിക്കുകയുമാണ്. പ്രകൃതി ദുരന്തങ്ങളും പ്രകൃതിയുടെ മറ്റ് പല പ്രതിഭാസങ്ങളും നടന്നുകൊണ്ടിരി ക്കുകയാണ്. എന്റെ നാട്ടുകാരനായ ശ്രീ. മുരളി തുമ്മാരുകുടി ഐക്യരാഷ്ട്ര സംഘടനയുടെ ദുരന്തനിവാരണ ഡിപ്പാർട്ടുമെന്റിന്റെ ചീഫാണ്. അദ്ദേഹത്തിന്റെ സഹായം ഉപയോഗപ്പെടുത്തിക്കൊണ്ട് ദുരന്തനിവാരണപ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാൻ സർക്കാർ ശ്രമിക്കണ്ടേ? റവന്യൂ വകുപ്പിൽനിന്നുണ്ടാകുന്ന ചെറിയ രീതിയിലുള്ള അനുകൂല നടപടിപോലും നാടിന്റെ വികസന പ്രവർത്തനങ്ങളിൽ വളരെ നിർണ്ണായകമായിത്തീരുമെന്നുള്ളതിന് എനിക്കുതന്നെ നിരവധി അനുഭവങ്ങളുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ 50 സെന്റ് സ്ഥലം ഫയർസ്റ്റേഷന് അനുവദിച്ചു. ഫയർസ്റ്റേഷൻ ആരംഭിച്ച കാലം മുതൽ വാടകക്കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. അതുപോലെതന്നെ, ശ്രീ. എം. വി. നാരായണപിള്ളയുടെയും മറ്റും നാടായ മേതല കല്ലിൽ എന്നുപറയുന്ന പ്രദേശത്ത് ഒരു ഹയർസെക്കണ്ടറി സ്കൂളിനുവേണ്ടി പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ നാലേക്കർ സ്ഥലം റവന്യൂ വകുപ്പുവഴി കൈമാറിക്കിട്ടി. ഈ രണ്ട് സ്ഥലങ്ങളും ലഭ്യമായ നടപടിക്കിടയായത് റവന്യൂ ഉദ്യോഗസ്ഥനായ അന്നത്തെ ഒരു ആർ.ഡി.ഒ.-യുടെ റിപ്പോർട്ടാണ്. ഒരു നാടിന് ഏറ്റവും പ്രയോജനപ്രദമായ നിരവധി കാര്യങ്ങൾ ചെയ്യാൻ പറ്റുന്നൊരു വകുപ്പാണ് റവന്യൂ വകുപ്പ്. ഈ അടുത്ത ദിവസം എന്റെയും ശ്രീ. ജോസ് തെറ്റയിൽ എം.എൽ.എ.-യുടെയും നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മലയാറ്റൂർ-കോടനാട് പാലം ഉദ്ഘാടനം ചെയ്തു. ഈ രണ്ട് നടപടികളുണ്ടായതും പ്രസ്തുത പാലത്തിനാവശ്യമായ സ്ഥലമേറ്റെടുത്തതും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. ഡോ. ടി. എം. തോമസ് ഐസക് ആണ് മാന്ദ്യവിരുദ്ധ പാക്കേജിൽ (സ്റ്റിമുലസ് പാക്കേജ്) ഈ പാലത്തിന് 15 കോടി രൂപ അനുവദിച്ചത്. അതേസമയം ഈ സർക്കാർ 42 കോടി രൂപ അനുവദിച്ച കാലടി സമാന്തര പാലവും ബൈപ്പാസ് റോഡും എവിടെയാണ് വേണ്ടതെന്നുപോലും ഇതുവരെ തീരുമാനിക്കാൻ സാധിച്ചിട്ടില്ല. മലയാറ്റൂർ-കോടനാട് പാലം യാഥാർത്ഥ്യമാക്കിയതിനുപിന്നിൽ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥനായ, അന്നത്തെ ലാന്റ് അക്വിസിഷൻ ഓഫീസറായ ശ്രീ. പവിത്രൻ എന്ന തഹസിൽദാരാണ്. അത്തരമൊരു നടപടിക്ക് അനുകൂലമായരീതിയിൽ കാര്യങ്ങൾചെയ്തത്

അദ്ദേഹമാണ്. അദ്ദേഹം ഇന്ന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിന്റെ സ്റ്റാഫിലെ ഒരംഗമാണ്. അദ്ദേഹം ചെയ്ത കാര്യത്തിന്റെ മികവും മിഴിവും ഒരിക്കലും ആർക്കും വിസ്മരിക്കാൻ കഴിയില്ല. റവന്യൂ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ക്രിയാത്മകമായി തീരുമാനിച്ചാൽ പല കാര്യങ്ങളും പ്രാവർത്തികമാക്കാൻ കഴിയും. ഒരു അങ്കണവാടിക്ക് നാലുസെന്റ് സ്ഥലം കിട്ടാൻവേണ്ടി പഞ്ചായത്ത് മെമ്പർമാർ, പ്രസിഡന്റുമാർ, ജനപ്രതിനിധികൾ തുടങ്ങിയവർ റവന്യൂ വകുപ്പിന്റെയും ജലവിഭവ വകുപ്പിന്റെയും അതുപോലെ സ്ഥലമുള്ള മറ്റ് വകുപ്പുകളുടെയും പിന്നാലെ എത്രപ്രാവശ്യമാണ് നടക്കേണ്ടി വരുന്നത്? അതുകൊണ്ട്, ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധത്തിൽ ചിന്തിക്കാനും പ്രവർത്തിക്കാനും റവന്യൂവകുപ്പും ധനകാര്യ വകുപ്പുമെല്ലാം നിലപാട് സ്വീകരിക്കണമെന്ന എളിയ അഭ്യർത്ഥനയാണ് എനിക്കുള്ളത്. ഞാൻതന്നെ കഴിഞ്ഞ നാലുവർഷം ശ്രമിച്ചിട്ടാണ് എന്റെ അയൽക്കാരനായ വികലാംഗനും പട്ടികജാതിക്കാരനുമായ ഒരു പാവപ്പെട്ട മനുഷ്യന് പട്ടയം ലഭിച്ചത്. ഒരു പട്ടയം ലഭിക്കാൻവേണ്ടി നാലുവർഷമെടുത്തു. അതുപോലെ, പോക്കുവരവിന്റെ നടപടികൾ പൂർത്തീകരിക്കാൻ എത്ര തവണയാണ് നടക്കേണ്ടിവരുന്നത്; സർവ്വേ ഡിപ്പാർട്ട് മെന്റിന്റെ ഓഫീസുകളിൽ വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരും കയറി നോക്കിയാൽ എത്ര പരിതാപകരമായ അവസ്ഥയാണ് ഇപ്പോഴുമുള്ളതെന്നറിയാൻ കഴിയും.

വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയിൽനിന്ന് റോഡുകൾക്ക് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് ശ്രീ. കെ. മുരളീധരൻ ഇവിടെ പറഞ്ഞു. കഴിഞ്ഞ വർഷത്തെ ഫണ്ടുപോലും ഞങ്ങളുടെ മണ്ഡലത്തിലൊന്നും ലഭ്യമായിട്ടില്ല. എന്താണ് ഇതിനൊരു പ്രതിവിധി എന്നുള്ളത് അടിയന്തരമായി തീരുമാനിക്കണം. വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോയ റോഡുകളുടെ പുനരുദ്ധാരണത്തിന് പകരമുള്ള പദ്ധതി എന്താണ്? കാലാകാലങ്ങളായി കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ചു കൊണ്ടിരുന്ന ആ പദ്ധതിയുടെ കാര്യത്തിൽ എന്തെങ്കിലും നീക്കുപോക്കുണ്ടാക്കാൻ കഴിയേണ്ടേ? ഞാൻ ദീർഘമായി കാര്യങ്ങൾ പറഞ്ഞുപോകുന്നില്ല.

രാഷ്ട്രീയവും പ്രേമവും തമ്മിൽ വലിയ ബന്ധമുണ്ട്. രാഷ്ട്രീയവും പ്രേമവും ഏതാണ്ട് സമാനമായ കാര്യങ്ങളാണ്. രാഷ്ട്രീയത്തിൽ പ്രേമം തോന്നാം, വ്യക്തി ജീവിതത്തിലും പ്രേമം തോന്നാം. ഞങ്ങളുടെ നാട്ടുകാരനായ, ശ്രീ. നിവിൻ പോളി

നായകനായി അഭിനയിച്ച 'പ്രേമം' എന്ന സിനിമയിൽ നായകന് ആദ്യം പ്രേമിച്ച പെൺകുട്ടിയുടെ ഒപ്പമുണ്ടായിരുന്ന ഒരു കൊച്ചുപെൺകുട്ടിയെയാണ് അവസാനം വിവാഹം കഴിക്കാൻ സാധിച്ചത്. രാഷ്ട്രീയത്തിലും ഇതുപോലെ പ്രേമം തോന്നും. മുമ്പ് സി.പി.ഐ.(എം)-നും ഇടതുപക്ഷ പാർട്ടികൾക്കുംകൂടി 63 അംഗങ്ങളുണ്ടായിരുന്നപ്പോൾ കോൺഗ്രസ്സിന് ഞങ്ങളോട് എന്തായിരുന്നു പ്രേമം? സാക്ഷാൽ ഹർകിഷൻ സിംഗ് സുർജിത്തിനെ കാണാൻ ബഹുമാന്യയായ സോണിയാ ഗാന്ധി നേരിട്ട് പോയില്ലേ? അതേസമയം 424 സീറ്റുകളുണ്ടായിരുന്ന കോൺഗ്രസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്? ഇപ്പോൾ 44 സീറ്റിൽ നിൽക്കുകയാണ്. അരുവിക്കര ഉപതെരഞ്ഞെടുപ്പിൽ ജയിച്ചുവെന്ന് പറഞ്ഞല്ലേ ഈ നാടായ നാടെല്ലാം മുഴങ്ങുന്ന തരത്തിൽ അലറിവിളിക്കുന്നത്. ശ്രീ. കെ. എസ്. ശബരീനാഥനെ ഞങ്ങളെല്ലാവരും അഭിനന്ദിച്ചു; അദ്ദേഹത്തിന്റെ വിജയം വിജയം തന്നെയാണ്. ജി. കാർത്തികേയനെ നമ്മളെല്ലാവരും ബഹുമാനിച്ചിരുന്നവരാണ്. അതിലൊന്നും ഞങ്ങൾക്ക് ഒരു തർക്കവുമില്ല. തെരഞ്ഞെടുപ്പിൽ വിജയമുണ്ടാകുമ്പോൾ അതിൽ അഭിമാനിക്കുകയും പരാജയമുണ്ടാകുമ്പോൾ അതിൽനിന്ന് പാഠം ഉൾക്കൊണ്ട് പുതിയ വിജയങ്ങൾക്കുവേണ്ടി പ്രവർത്തിക്കുകയുമാണ് ചെയ്യുന്നത്. ലോകസഭയിൽ ഞങ്ങളുടെ അംഗസംഖ്യ 63-ൽനിന്ന് 12 ആയിത്തീർന്നു. കോൺഗ്രസ് 424-ൽനിന്ന് 44 ആയിത്തീർന്നു, പത്തിലൊന്നായി ചുരുങ്ങി. ഞങ്ങൾ അഞ്ചിലൊന്നായേ ചുരുങ്ങിയിട്ടുള്ളൂ. അപ്പോഴും നിങ്ങളേക്കാൾ ഇരട്ടി ആഹ്ലാദിക്കാൻ വകയുള്ള ആളുകളാണ് ഞങ്ങൾ. സി.പി.ഐ.(എം)-ന് ഇപ്പോഴും ഈ സഭയിൽ 45 അംഗങ്ങളുണ്ട്. കോൺഗ്രസ്സിന് 38 അംഗങ്ങളേയുള്ളൂ. മുസ്ലീം ലീഗിന്റെയും കേരളാ കോൺഗ്രസ്സിന്റെയും പിന്തുണയിലല്ലേ നിങ്ങളുടെ ഭരണം നിലനിർത്തിക്കൊണ്ട് പോകുന്നത്; അല്ലാതെ നിങ്ങൾക്കെന്തുചെയ്യാൻ സാധിക്കുമെന്നാണ് പറയുന്നത്? അതുകൊണ്ട് അരുവിക്കരയിലെ വിജയത്തിന്റെ പേരിൽ അഹങ്കരിക്കുകയോ അലറിവിളിക്കുകയോ ഒന്നും ചെയ്യേണ്ട കാര്യമില്ല. ചില യൂത്ത് കോൺഗ്രസ്സ് എം.എൽ.എ.-മാരുടെ മട്ടും ഭാവവും കണ്ടാൽ മസിൽ ഇപ്പോൾ പൊട്ടുമെന്ന് തോന്നും. അങ്ങനെയൊന്നും മസിൽ പൊട്ടിക്കാൻ നിൽക്കേണ്ട. ആ മസിലുപൊട്ടിക്കലൊക്കെ ഭാവിയിൽ വളരെ ദോഷമേ ചെയ്യുകയുള്ളൂവെന്നുള്ള കാര്യമാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. ഞങ്ങൾക്ക് നല്ലകാലം വന്നാൽ ഇനിയും നിങ്ങൾ പ്രേമിക്കാൻ വരും. നണക്കുഴികളും വിടർന്ന

തലമുടിയുമായി ആടയാഭരണവിഭ്രൂഷിതയായി നിൽക്കുമ്പോൾ നിങ്ങൾ ഇനിയും ഞങ്ങളെ പ്രേമിക്കാൻ വരും. അല്ലെങ്കിൽ സായിപ്പിൽ ആരംഭിച്ച കോൺഗ്രസ്സ് മദാമ്മയിൽ അവസാനിക്കുമായിരുന്നുവെന്ന് മുമ്പ് ഞാൻ ഈ സഭയിൽ പറഞ്ഞതുപോലെ അതവസാനിക്കാനുള്ള ലക്ഷണങ്ങൾ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുകയാണ്. അതിലേയ്ക്ക് പോകാതെ, ശരിയായ രാഷ്ട്രീയ ധാരണയോടുകൂടി തീരുമാനമെടുത്ത് മുന്നോട്ടുപോകുന്നതിനും യഥാർത്ഥ രാഷ്ട്രീയ ശത്രുക്കളെ തിരിച്ചറിയാനും യു.ഡി.എഫ്.-കാർക്ക് പ്രത്യേകിച്ച് കോൺഗ്രസ്സുകാർക്ക് കഴിയണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. എം. പി. വിൻസെന്റ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണയ്ക്കുകയാണ്. ബഡ്ജറ്റുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ഒരു ധനാഭ്യർത്ഥനയാണ് ഇന്ന് നടക്കുന്നത്. 2015 മാർച്ച് 13-ാം തീയതി കേരള നിയമസഭ സാക്ഷ്യം വഹിച്ചത് അസാധാരണ സംഭവങ്ങൾക്കായിരുന്നു. പ്രതിപക്ഷം തീർത്ത പുകമറ ഭേദിച്ച്, ശക്തമായൊരു ജനപ്രിയ ബഡ്ജറ്റാണ് പ്രിയപ്പെട്ട കെ. എം. മാണി സാർ അവതരിപ്പിച്ചത്. കേരള ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ കേരളത്തിനു പുറത്തുള്ള മുഴുവൻ ജനങ്ങളും ആ ദിനത്തെ ഒരു കറുത്ത ദിനംപോലെയാണ് കണ്ടിരുന്നത്. 'ഭാരതമെന്നുകേട്ടാലഭിമാന പൂരിതമാകണമന്തരംഗം, കേരളമെന്നുകേട്ടാലോ, തിളയ്ക്കണം ചോര നമുക്കു ഞരമ്പുകളിൽ' എന്ന് കവി പാടിയിട്ടുണ്ട്. അത്രമാത്രം അഭിമാനത്തോടെ കേരളത്തെ കണ്ടിട്ടുള്ളവരാണ് നാം. സാക്ഷരതയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നവരാണ് നാമെന്ന് സ്വയം അഭിമാനിക്കുകയും കേരളത്തെ ഏറ്റവും നല്ല സംസ്ഥാനമായി കരുതുകയും ചെയ്യുമ്പോൾ, കേരളത്തിനുപുറത്തുള്ള, ലോകത്തെ മ്പാടുമുള്ള ജനങ്ങൾ ബഡ്ജറ്റവതരിപ്പിച്ച സമയത്തുള്ള ചവിട്ടുനാടകങ്ങളും ഓട്ടൻതുള്ളലുകളും കടിപിടിയുമൊക്കെ കണ്ട് നമ്മളെ പുച്ഛിച്ച് തള്ളിയ അവസ്ഥയുണ്ടായി. ബഡ്ജറ്റ് അവതരിപ്പിക്കുന്നവേളയിൽ ഒരു ഉത്തരവാദിത്വവുമില്ലാത്ത നിലപാടെടുത്ത പ്രതിപക്ഷബഹളം മുഴുവൻ ജനങ്ങളും കണ്ടുവെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് ശ്രീ. കെ. എസ്. ശബരീനാഥൻ വിജയശ്രീലാളിതനായി ഇവിടെ നമ്മോടൊപ്പം ഇരിക്കുന്നത്. അരുവിക്കരയിലെ യു.ഡി.എഫ്.-ന്റെ വിജയം ഇനിയെങ്കിലും ഇടതുപക്ഷം ഓർക്കണം. നുണപ്രചരണവും അനാവശ്യസമരങ്ങളുമാണ്

ഇടതുപക്ഷത്തെ പടുകുഴിയിലാക്കിയിട്ടുള്ളത്. തെരഞ്ഞെടുപ്പ് പ്രചരണവുമായി ബന്ധപ്പെട്ട് നടത്തിയ പ്രസംഗത്തിൽ ഇത് ഭരണത്തിന്റെ വിലയിരുത്തലാകുമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. സരിതകേസും ബാർകോഴയുമുൾപ്പെടെ അവർക്ക് പറയാവുന്ന മുഴുവൻ കാര്യങ്ങളും ഇടതുപക്ഷം പറഞ്ഞിട്ടും അതുകൊണ്ട് യാതൊരു പ്രയോജനമുണ്ടായില്ല. ഇവിടെ ചാരായം നിരോധിച്ചത് ശ്രീ. എ. കെ. ആന്റണിയാണ്. ബാറുകൾ നിർത്തലാക്കിയത് ഉമ്മൻ ചാണ്ടി സർക്കാരാണ്. ഐക്യജനാധിപത്യമുന്നണിയും കോൺഗ്രസ്സും കാലാകാലങ്ങളിൽ മദ്യനിരോധനം ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്ന് പറഞ്ഞതിന്റെ ഏറ്റവും വലിയ അംഗീകാരമായിരുന്നു അരുവിക്കര തെരഞ്ഞെടുപ്പ് ഫലം. ഫൈവ് സ്റ്റാർ ബാറുകൾ ഒഴികെയുള്ള 416 ബാറുകൾ പൂട്ടിയപ്പോൾ അതിലൊരു ബാറുകാരൻ നടത്തിയ ആരോപണത്തിന്റെപുറകെപോകുന്ന പ്രതിപക്ഷം എങ്ങനെയാണ് ഇവിടെ സത്യത്തെ വിലയിരുത്തുന്നത്?

നല്ല രീതിയിൽ കാര്യങ്ങൾ നടത്തുമ്പോൾ അതിനെ അനുകൂലിക്കാനെങ്കിലും ഇടതുപക്ഷം മുന്നോട്ടുവരണം. അവരുടെ കടമകൾ നിർവഹിക്കുന്നതിൽ ഞങ്ങളാരും എതിർപ്പ് പറയുന്നില്ല. ഇടതുപക്ഷമുന്നയിച്ച ആരോപണങ്ങൾ മുഴുവൻ തള്ളിക്കളഞ്ഞ് അരുവിക്കരയിലെ ജനങ്ങൾ ഐക്യജനാധിപത്യ മുന്നണിയെ വിജയിപ്പിച്ചു. പ്രതിപക്ഷത്തിന് സ്വന്തം തെറ്റുകൾ തിരുത്താൻ ജനങ്ങൾ നൽകിയ അവസരംകൂടിയാണിത്. ഇതെല്ലാം മനസ്സിലാക്കി പ്രതിപക്ഷം മുന്നോട്ടുവന്നില്ലെങ്കിൽ പലപ്പോഴും അവർക്ക് പിന്നിലേയ്ക്ക് പോകേണ്ടിവരും. കർഷകവിരോധം നടപ്പിലാക്കുന്ന കേന്ദ്ര ബഡ്ജറ്റിന് ശക്തമായ മറുപടി നൽകിക്കൊണ്ടാണ് പ്രിയപ്പെട്ട കെ.എം. മാണി ഒരു കർഷക സൗഹൃദ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചത്. സർക്കാരിന്റെ നയങ്ങളും ഭരണവും അംഗീകരിക്കപ്പെട്ടതിന്റെ ഉദാഹരണവും ആ ബഡ്ജറ്റിലുണ്ട്. പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങൾ ഒന്നൊന്നായി നടപ്പിലാക്കാൻ ഈ ബഡ്ജറ്റിലൂടെ ശ്രമിച്ചു എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്.

അരുവിക്കര തെരഞ്ഞെടുപ്പ് നടന്നപ്പോൾ ഇടതുപക്ഷം അഴിമതിയാണ് വലിയ കാര്യമായി പറഞ്ഞത്. അഴിമതിക്കെതിരെ ഏറ്റവും കൂടുതൽ സമരം നടത്തിയെന്നുപറഞ്ഞ് ജയിലിലടപ്പിച്ച ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ ചുമന്നുനടന്നും അദ്ദേഹത്തിന്റെ മകൻ സരിതാ വിഷയത്തിലെ ആദ്യത്തെ വ്യക്തിയാണെന്നുപറഞ്ഞ് സമരം നടത്തി നിയമസഭ പലപ്പോഴും സ്തംഭിപ്പിക്കുകയും

അവസാനം ശ്രീ. കെ. ബി. ഗണേഷ് കുമാറിനെ പേറിനടക്കുകയും ചെയ്ത നിങ്ങൾ, ബുദ്ധിയും കാര്യങ്ങൾ മനസ്സിലാക്കാൻ കഴിവുമുള്ള കേരളത്തിലെ ജനങ്ങൾ അതനുസരിച്ച് തീരുമാനമെടുത്തപ്പോൾ ഇനിയെങ്കിലും ഇത്തരം കാര്യങ്ങളിൽ മാറ്റംവരുത്താൻ നിങ്ങൾ മുന്നോട്ടുവരണം.

2015-16-ലെ കേരള ബഡ്ജറ്റ് കേരളത്തിന്റെ കാർഷിക സംസ്കാരത്തെ തൊട്ടറിഞ്ഞ ബഡ്ജറ്റാണ്. വിള ഇൻഷ്വറൻസിനായി 12.5 കോടിരൂപ നീക്കിവച്ചതിനാൽ കർഷകരുടെ നഷ്ടത്തിന് വലിയ ആശ്വാസമാണുണ്ടായിട്ടുള്ളത്. ചെറുകിട കർഷകരെ സഹായിക്കാൻ വ്യക്തികളുടെ പേരിലുള്ള തോട്ടങ്ങളുടെ പ്ലാന്റേഷൻ നികുതി പൂർണ്ണമായും ഒഴിവാക്കിയതും വലിയ ആശ്വാസമുണ്ടാക്കി. അതുപോലെ ജനാഭിപ്രായംമാനിച്ച് പായ്ക്ക്ചെയ്ത അരി, ആട്ട, സൂചി എന്നിവയുടെ കൂട്ടിയ നികുതി പിൻവലിക്കുകയുണ്ടായി. ധനകാര്യ വകുപ്പുമന്ത്രിയുടെ ശക്തമായ തീരുമാനമാണ് ഇത്തരം കാര്യങ്ങൾക്ക് ഗുണകരമായത്. ഈ ബഡ്ജറ്റിലൂടെ വിവാദങ്ങൾ ജനം തള്ളിക്കളഞ്ഞു. പെട്രോൾ, ഡീസൽ എന്നിവയിലുള്ള വിൽപ്പന നികുതി പാവങ്ങളുടെ ഭവനപദ്ധതിക്കായി നീക്കിവയ്ക്കുകയുണ്ടായി. സർക്കാരിന്റെ ഈ തീരുമാനം വളരെ ഉചിതമാണ്, അതിനെ ഞാൻ ശ്ലാഘിക്കുകയാണ്. കേന്ദ്ര വിൽപ്പന നികുതി കുറച്ചതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുവാൻ പഞ്ചസാരയ്ക്കും തുണിത്തരങ്ങൾക്കും ഇതര സംസ്ഥാനങ്ങൾ നികുതി ചുമത്തിയപ്പോൾ കേരളം പഞ്ചസാരയ്ക്ക് നാമമാത്രമായ നികുതിയാണ് ചുമത്തിയത്. വെളിച്ചെണ്ണയ്ക്ക് കേരളം ചുമത്തിയത് നാമമാത്രമായ ഒരു ശതമാനം നികുതിയാണ്. നിലവിലുള്ള വെളിച്ചെണ്ണ നികുതി വിമുക്തമായതിനാൽ ഇതിന്റെ വിപണനം സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭിച്ചിരുന്നില്ല. വെളിച്ചെണ്ണയിലെ മായം ചേർക്കൽ ഒരു പരിധിവരെ തടയാൻ ഈ തീരുമാനത്തിലൂടെ കഴിഞ്ഞു. നികുതിച്ചോർച്ച തടയുന്നതിന് ചെക്പോസ്റ്റുകൾ അഴിമതി വിരുദ്ധമാക്കാൻ ശക്തമായൊരു കർമ്മപദ്ധതി ഉടൻ തയ്യാറാക്കണം. ചെറുകിട കച്ചവടക്കാരുടെ പേരിലുള്ള കുറഞ്ഞ തുകയ്ക്കുള്ള നികുതി കുടിശ്ശികകൾ പിഴയിൽനിന്നും ഒഴിവാക്കേണ്ടതുണ്ട്. ഓൺലൈൻ വ്യാപാരത്തെ നികുതി വിധേയമാക്കുവാൻ കൂടുതൽ കാര്യക്ഷമമായ വ്യവസ്ഥകൾ കൊണ്ടുവരണം. ബഹുമാന്യനായ ഗതാഗത വകുപ്പുമന്ത്രിയുടേയും ശ്രീ. ഉമ്മൻ ചാണ്ടിയുടെയും നേതൃത്വത്തിലെടുത്ത തീരുമാനത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ കൊടുക്കാനുള്ള പാക്കേജുണ്ടാക്കുകയും പെൻഷൻ കൊടുക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. അതുപോലെ കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽനിന്നും റിട്ടയർചെയ്ത ആളുകൾക്ക് വർഷങ്ങളായി പെൻഷൻ കിട്ടാത്ത അവസ്ഥയുണ്ട്. സാധാരണ ഫാം ജീവനക്കാരുൾപ്പെടെയുള്ള

അവിടത്തെ നിരാംലംബരായ, അർദ്ധപട്ടിണിക്കാരായ തൊഴിലാളികൾക്കായി ഒരു പെൻഷൻ പാക്കേജുണ്ടാക്കി പെൻഷൻ കൊടുക്കാനുള്ള തീരുമാനമുണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ഭവനനിർമ്മാണ മേഖലയിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ഇന്ന് ഭവനം നിർമ്മിക്കുന്നതിന് വലിയ ചെലവ് വരുന്നുണ്ട്. മണൽക്ഷാമം, സിമന്റിന്റെ വില വർദ്ധനവ്, ചെറിയ പ്ലോട്ടുകളിൽ വീട് വയ്ക്കുന്നതിന് ലോൺ കിട്ടാത്ത അവസ്ഥ തുടങ്ങിയവയെല്ലാം ഇന്ന് വലിയ വിഷയങ്ങളാണ്. ഇന്ന് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പഞ്ചായത്തുമുഖേനയോ ബ്ലോക്ക് മുഖേനയോ വീട്‌വയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ ജനറൽ വിഭാഗത്തിലുള്ള പലർക്കും സ്ഥലമുണ്ടായിട്ടും വീട്‌വയ്ക്കാൻപറ്റുന്ന അവസ്ഥയില്ല. അവർക്ക് വീട്‌വയ്ക്കുന്നതിനായുള്ള ഒരു സ്കീമിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇടപെട്ട് തീരുമാനമെടുക്കേണ്ടതാണ്. മദ്രാസ് ഐ.ഐ.ടി. വികസിപ്പിച്ച ഏറ്റവും ചെലവുകുറഞ്ഞരീതിയിൽ വീട്‌വയ്ക്കുന്ന ഒരു പദ്ധതിയെക്കുറിച്ച് കഴിഞ്ഞ ദിവസം വായിച്ചിരുന്നു. വലിയ ചെലവില്ലാത്ത രീതിയിൽ അധികം സാമഗ്രികളി ല്ലാതെ വീട്‌വയ്ക്കാൻകഴിയുന്ന ജനങ്ങൾക്കുപകാരപ്രദമായ ആ പദ്ധതിയെക്കുറിച്ച് പരിശോധിക്കണം.

മറ്റൊന്ന്, റവന്യൂ വകുപ്പിനെക്കുറിച്ചാണ്. റവന്യൂ വകുപ്പിന്റെ ധനാഭ്യർത്ഥന യുമായി ബന്ധപ്പെട്ട് പറയുമ്പോൾ, വളരെ ആത്മാർത്ഥവും നിസ്വാർത്ഥവുമായ സേവനമാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയിട്ടുള്ളത്. റവന്യൂ-സർവ്വേ അദാലത്തുകൾ നടത്തി സംസ്ഥാനത്തെ പതിനാല് ജില്ലകളിലും സാധാരണക്കാർക്കുവേണ്ടി; പോക്കുവരവ് ലഭിക്കാത്തവർ, പട്ടയം ലഭിക്കാത്തവർ തുടങ്ങി കഷ്ടതയനുഭവിക്കുന്ന ജനവിഭാഗത്തിന് വലിയൊരു അത്താണിയായി റവന്യൂ സർവ്വേ അദാലത്തുകൾ മാറി. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. അങ്ങയുടെ നേതൃത്വത്തിൽ നടന്ന റവന്യൂ സർവ്വേ അദാലത്തിൽ കുറെയേറെ നടപടികൾ സ്വീകരിച്ചു. നാല് ലക്ഷത്തോളം പരാതികൾ വന്നതിൽ മൂന്ന് ലക്ഷത്തിൽക്കൂടുതൽ പരാതികളിൽ തീർപ്പ് കൽപ്പിക്കുകയുണ്ടായി. എന്നാൽ അന്ന് തീരുമാനമെടുത്ത പല പദ്ധതികളും ഉദ്യോഗസ്ഥർ കാലതാമസം വരുത്തുന്നതിനാൽ തീർപ്പുകൽപ്പിക്കാത്ത അവസ്ഥയുണ്ടാകുന്നു. എന്റെ മണ്ഡലത്തിൽ ഒന്നുരണ്ട് പ്രധാനപ്പെട്ട കാര്യങ്ങളിൽ മന്ത്രി അനുകൂലമായ നിലപാട് സ്വീകരിച്ച് പോക്കുവരവ് ചെയ്തുകൊടുക്കാൻ പറഞ്ഞുവെങ്കിലും അതിനൊന്നും നടപടി സ്വീകരിക്കാതെ

തടഞ്ഞുവയ്ക്കുന്ന വില്ലേജാഫീസർമാരുണ്ട്. അവർക്കെതിരെ നടപടിയെടുക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. റവന്യൂ സർവേ അദാലത്തിന്റെ ഭാഗമായെടുത്ത തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ ഒരു മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന അപേക്ഷയാണ് എനിക്കുള്ളത്. ഇന്ന് ഇവിടെ നടന്ന പ്രസംഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം പട്ടയത്തെ സംബന്ധിച്ചായിരുന്നു. വനപട്ടയമുണ്ട്, കരപട്ടയമുണ്ട്, പുറമ്പോക്കിലുള്ളവരുണ്ട്, തോടിന്റെ അരികിലുള്ളവരുണ്ട്. അവർക്കൊക്കെ പട്ടയം കിട്ടേണ്ടത് അത്യാവശ്യമാണ്. അമ്പതും അറുപതും കൊല്ലം ഭൂമി കൈവശംവച്ച പലർക്കും പട്ടയം കൊടുത്തിട്ടുമുണ്ട്. എന്നാൽ വനപട്ടയത്തിന്റെ കാര്യത്തിൽ ഇപ്പോഴും തീരുമാനമായിട്ടില്ല. പലപ്പോഴും പ്രഖ്യാപനങ്ങൾ വരികയും പല കാര്യങ്ങളിലും നടപടികളുമായി മുന്നോട്ടു പോകുന്നുണ്ടെങ്കിലും റവന്യൂ-വനം വകുപ്പുകൾ ഒരുമിച്ച്, ജോയിന്റ് വെരിഫിക്കേഷൻ നടത്തി എത്രയുംവേഗം പട്ടയങ്ങൾ കൊടുക്കാനുള്ള തീരുമാനമുണ്ടാക്കണം. പട്ടയം കിട്ടാത്ത ഭൂമിയിലുള്ള പലർക്കും വൈദ്യുതി ലഭിക്കാനാവശ്യമായ റേഷൻ കാർഡ്, ഐ.ഡി. കാർഡ് എന്നിവയുണ്ടെങ്കിലും പട്ടയം കൊടുക്കാൻ കാലതാമസം വരുന്നു. അതിന് ഫോറസ്റ്റുമായി ബന്ധപ്പെട്ട കാര്യങ്ങളോ മറ്റോ ഉണ്ടെന്നറിയാം. അക്കാര്യങ്ങളിൽ തീരുമാനമെടുത്ത് പട്ടയം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ ലക്ഷംവീട് കൈമാറ്റം ചെയ്യുന്നവർക്ക് പട്ടയം കൊടുക്കാനായി അങ്ങ് കൈക്കൊണ്ട തീരുമാനത്തെ ഞാൻ ശ്ലാഘിക്കുകയാണ്. ഭൂനികുതി പരിഷ്കരിക്കേണ്ടത് മാറിയ സാമ്പത്തികക്രമത്തിലെ പ്രധാന ആവശ്യമാണ്. മാറിയ ഭൂവിലയുടെ അടിസ്ഥാനത്തിൽ നികുതി പരിഷ്കരണം ന്യായീകരിക്കത്തക്കതാണ്. ബി.ടി.ആർ. പുതുക്കി അതിന്റെ അടിസ്ഥാനത്തിൽ നികുതി പുനർനിർണ്ണയം ചെയ്താൽ ഭൂമിയുടെ തൽസ്ഥിതിയുടെ അടിസ്ഥാനത്തിൽ റവന്യൂ രേഖകൾ മാറ്റുവാൻ കഴിയും. റവന്യൂ വകുപ്പിനുമുന്നിൽ പട്ടയത്തിന്റെ വിഷയം പറഞ്ഞതുപോലെ ജില്ലാഭരണകൂടങ്ങളും മറ്റുള്ള വകുപ്പുകളുമായി ബന്ധപ്പെട്ട് ചുവപ്പുനാടയിൽ കുരുങ്ങുന്ന ജീവിതങ്ങളുണ്ട്. സാധാരണക്കാരന്റെ വിഷയങ്ങൾ അദാലത്തുകളിൽ പറയുമ്പോൾ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്ത് അത്തരം പാവപ്പെട്ടവരുടെ ചെറിയ കാര്യങ്ങളിൽ ആവശ്യമായ തീരുമാനമെടുക്കാൻ അങ്ങ് നടപടി സ്വീകരിക്കണം. അതുപോലെ പ്രധാനപ്പെട്ട കാര്യം, പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ കർഷകന് വീടുകൾ നഷ്ടപ്പെടുകയും കൃഷിനാശം സംഭവിക്കുകയും ചെയ്യുമ്പോൾ എൻ.ആർ.എഫ്. ഭൂമിയിലുള്ള പാവപ്പെട്ട കർഷകന് ഒരു രൂപപോലും കൊടുക്കാൻ സർക്കാരിനോ മറ്റ് സംവിധാനങ്ങൾക്കോ കഴിയുന്നില്ല. അതിന് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ

നിയന്ത്രണമുണ്ടെന്നറിയാം. നിയന്ത്രണമുണ്ടെങ്കിലും ആ നിയന്ത്രണങ്ങൾ മാറ്റി സാധാരണക്കാരന് സഹായമെത്തിക്കുന്നകാര്യത്തിൽ പല കാര്യങ്ങളിലും തീരുമാനങ്ങളെടുത്ത ഉമ്മൻ ചാണ്ടി സർക്കാർ, എൻ.ആർ.എഫ്. ഭൂമിയിൽ കൃഷിനാശം നേരിടുന്നവർക്ക് വില്ലേജ് ഓഫീസറുടെയും കൃഷി ഓഫീസറുടെയും റിപ്പോർട്ടുകൾ വാങ്ങി വേണ്ട സഹായം ചെയ്യാൻ തീരുമാനമെടുക്കണമെന്നാണ് ഈ അവസരത്തിൽ പറയാനുള്ളത്. റവന്യൂ-തദ്ദേശ വകുപ്പുകൾ ജോയിന്റ് വെരിഫിക്കേഷൻ നടത്തി സർക്കാർ പുറമ്പോക്കുകൾ ന്യായമായും ഭൂരഹിതർക്ക് കൊടുക്കാനും പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും നടപടി സ്വീകരിക്കണം. യു.ഡി.എഫ്. സർക്കാർ നടപ്പാക്കിയ ഭൂമികേരളം പദ്ധതി ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ്. ലക്ഷക്കണക്കിനുള്ള നിരാലംബർക്ക് കിടപ്പാടം കൊടുക്കാനും ഭൂമിയില്ലാത്തവന് ഭൂമിയും അതുപോലുള്ള മറ്റ് സൗകര്യവും കൊടുക്കാനുള്ള ഭൂരഹിതരില്ലാത്ത കേരളം പദ്ധതി ജനങ്ങൾ സന്തോഷത്തോടെയും നന്ദിയോടെയുമാണ് ഓർക്കുന്നത്.

2.00 PM]

ഇ-ഗവേണൻസ് കാര്യക്ഷമമായി നടക്കുന്നുണ്ട്; അക്കാര്യങ്ങളിൽ അങ്ങെടുത്ത തീരുമാനങ്ങൾ ഏറ്റവും ഗുണകരമാണ്. ഏത് വ്യക്തിക്കും സ്വന്തം കമ്പ്യൂട്ടറിൽനിന്ന് കാര്യങ്ങൾ അറിയാനും പ്രധാനപ്പെട്ട സർട്ടിഫിക്കറ്റുകൾ കൈപ്പറ്റാനും കഴിയുന്നുണ്ട്. ഇതൊക്കെ എളുപ്പത്തിൽ ചെയ്യാൻ കഴിയുന്ന നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. റീ-സർവ്വേ നടത്തി, സാധാരണക്കാരന് ആവശ്യമായ സഹായങ്ങൾ കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കണം. ദുരിതാശ്വാസ സഹായത്തിന് റവന്യൂ അധികാരികളുടെ റിപ്പോർട്ട് സമയബന്ധിതമായി നൽകുന്നതിന് സ്പീഡ്-അപ് പ്രോഗ്രാം ഉണ്ടാക്കണം. ഫ്ലഡ്ഡിന്റെ ഭാഗമായോ അല്ലാതെയോ ബുദ്ധിമുട്ട് അനുഭവിക്കുന്നവർ ദുരിതാശ്വാസത്തിന് അപേക്ഷിക്കുമ്പോൾ ദിവസങ്ങളും മാസങ്ങളും കടന്നുപോകുന്ന അവസ്ഥ ഉണ്ടാവുന്നതും അത്തരം ആളുകൾ മരണപ്പെട്ടാലും സാമ്പത്തികസഹായം കിട്ടാത്ത അവസ്ഥ വരുന്നതും സങ്കടകരമായ കാര്യമാണ്. അത്തരം കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധയെടുത്ത് സ്പീഡ്-അപ് പ്രോഗ്രാം നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഒപ്പംനിന്ന് മുന്നോട്ടുപോകുന്ന പ്രധാനപ്പെട്ട വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, അരുവിക്കര തെരഞ്ഞെടുപ്പ് കഴിഞ്ഞു,

യു.ഡി.എഫ്. വിജയിച്ചത് ഞങ്ങൾ അംഗീകരിക്കുന്നു. എന്നാൽ ഈ തെരഞ്ഞെടുപ്പ് റിസൽട്ട് നമ്മെ ഓർമ്മിപ്പിക്കുന്ന വളരെ വേദനാജനകമായ ചില കാര്യങ്ങളുണ്ട്. അതിലൊന്ന്, മതനിരപേക്ഷ കേരളത്തിൽ ജാതിമത ചിന്തകൾ ആർക്കും അവഗണിക്കാൻ പറ്റാത്തരീതിയിൽ വളരുന്നുവെന്നുള്ളതാണ്. അതിന്റെ മറ്റൊരർത്ഥം വിശ്വപ്രസിദ്ധമായ കേരളത്തിന്റെ മതനിരപേക്ഷ സംസ്കാരം ശക്തമായ വെല്ലുവിളികളെ നേരിടുന്നുവെന്നുള്ളതാണ്. ജനാധിപത്യ കേരളത്തിന് ഈ വെല്ലുവിളിയെ അതിജീവിക്കാൻ കഴിഞ്ഞില്ലെങ്കിൽ നവോത്ഥാനത്തിനു മുമ്പുള്ള അവസ്ഥയിലേയ്ക്ക് നാം പോകും. അക്ഷരാർത്ഥത്തിൽ കേരളം പുറകോട്ട് നടക്കുകയാണോയെന്ന പ്രതീതി ജനിച്ചുവരികയാണ്. അതേസമയം ഈ ഭീഷണി നമ്മുടെ മുമ്പിൽ നിൽക്കുമ്പോൾ, ശ്രീ. ബെന്നി ബെഹനാൻ ഉൾപ്പെടെയുള്ളവർ ഈ വിജയത്തിന് കാരണം വികസന സങ്കൽപ്പത്തിന്റെ പ്രത്യേകതയാണെന്ന് സൂചിപ്പിക്കുകയുണ്ടായി. ഈ വിഷയവും വളരെ ശ്രദ്ധാപൂർവ്വവും സൂക്ഷ്മവുമായി പഠിക്കേണ്ടതാണ്. കേരളാ മോഡൽ വികസനം വിശ്വപ്രസിദ്ധമാണ്. ഏറെ വരുമാനം കുറഞ്ഞിട്ടും മനുഷ്യവികസനത്തിൽ വളരെ മുന്നിൽ നിൽക്കുന്നു വെന്നുള്ളതാണ് ആ മാതൃക. അനന്യമായ ഈ മോഡൽ ഗുരുതരമായ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. വികസനത്തെക്കുറിച്ച് വീണ്ടും സംസാരിക്കുന്നവർ ഈ വിഷയത്തെ ആ രീതിയിൽ കാണണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വികസന ചർച്ചകളിലെല്ലാം ലോകം മുഴുവൻ ഉദ്ധരിക്കുന്ന പേരാണ് കേരളത്തിന്റേത്. ആ നേട്ടം നാം കൈവിട്ടുകൊണ്ടിരിക്കുകയാണെന്ന് വികസനത്തെക്കുറിച്ച് സംസാരിക്കുന്നവർ ഓർക്കണം. എന്തെല്ലാം വൻകിട പദ്ധതികൾ വന്നാലും നാം വികസിപ്പിച്ചെടുത്ത വികസന മാതൃക നഷ്ടപ്പെട്ടാൽ എല്ലാം നഷ്ടമാകും. നീതിപൂർവ്വകമായ സമ്പത്തിന്റെ പുനർവിതരണത്തിലൂടെ നേടിയെടുത്ത ഈ മാതൃക നമുക്ക് നഷ്ടമാകരുത്. മതനിരപേക്ഷ പരിസരത്തിൽ വികസിച്ചതാണീ മാതൃക എന്നതുകൂടി നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. ആ പരിസരം നഷ്ടപ്പെടുമ്പോൾ വികസന സങ്കൽപ്പത്തിന് എന്ത് നഷ്ടമാണ് വരുന്നതെന്ന് പരിശോധിക്കേണ്ടതായിട്ടുണ്ട്. ചുരുക്കത്തിൽ കേരളത്തിൽ രണ്ട് തനിമകൾ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് അടിസ്ഥാനപ്രശ്നം. ഒന്ന്, തനതായ മതനിരപേക്ഷത. രണ്ട്, അനന്യമായ കേരള വികസന മാതൃക. പെനിൻസുല ഉൾപ്പെടെ പല രാജ്യങ്ങളും നമ്മുടെ മാതൃക കോപ്പി ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നാമിത് തിരിച്ചുപിടിക്കാൻ ശ്രമിച്ചില്ലെങ്കിൽ കേരളം

വൻവില നൽകേണ്ടിവരുമെന്നത് ഉറപ്പാണ്. നാമിന്നൊരു ഉമ്മറപ്പടിയിലാണ്. അകത്തേയ്ക്കോ പുറത്തേയ്ക്കോ എന്ന് തീരുമാനിക്കേണ്ടതുണ്ട്. കേരള വികസന മാതൃക നഷ്ടപ്പെടുന്നതിന്റെ ചില ലക്ഷണങ്ങൾ പറയാം. അവ ശരിയോ തെറ്റോ എന്ന് വസ്തുതാപരമായി പരിശോധിക്കണം. ഒന്ന്, കേരളത്തിൽ അസമത്വം അനിയന്ത്രിതമായി വർദ്ധിക്കുന്നു. നിരവധി ആധികാരിക പഠനങ്ങൾ അക്കാര്യം സാധൂകരിക്കുന്നുണ്ട്. രണ്ട്, കേവല ദാരിദ്ര്യമല്ല, ആപേക്ഷിക ദാരിദ്ര്യം വളരെ വേഗം വർദ്ധിക്കുന്നു. മൂന്ന്, രോഗാതുരത വളരെവേഗം വളരുന്നു. നാല്, പകർച്ചവ്യാധികൾ വ്യാപകമായി തിരിച്ചുവരുന്നു. അഞ്ച്, ആത്മഹത്യകൾ പെരുകുന്നു. ആറ്, മയക്കുമരുന്നിനോടും മദ്യത്തോടും പുതിയ തലമുറയിൽ ആസക്തി വർദ്ധിക്കുന്നു. ഏഴ്, പാരിസ്ഥിതിക തകർച്ച രൂക്ഷമാകുന്നു. എട്ട്, അട്ടപ്പാടിയിലടക്കം ശിശുമരണങ്ങൾ കൂടുന്നു. കേരളാ മോഡൽ വികസനം നേരിടുന്ന ഭീഷണിക്ക് നിരവധി പഠനാർഹമായ കാര്യങ്ങളുണ്ട്. സമയക്കുറവ് കാരണം സാമൂഹിക സാംസ്കാരിക പ്രശ്നങ്ങളെക്കുറിച്ച് ഞാൻ ഇപ്പോൾ വിശദമായി സംസാരിക്കുന്നില്ല. കാർഷിക തകർച്ച, തൊഴിലില്ലായ്മ, പൊതുവിതരണ തകർച്ച, സ്വകാര്യവത്ക്കരണം ഇതെല്ലാം ഇവയ്ക്ക് കാരണങ്ങളാണ്. പക്ഷേ, ഇന്ന് സഭയിൽ പ്രധാനമായും ടാക്സിന്റെ കാര്യമാണ് സംസാരിക്കുന്നതെന്നുള്ളതുകൊണ്ട് നികുതിയെ കുറിച്ചുള്ള ചർച്ചയിൽ, ഈ വിഷയം എങ്ങനെ കേരളാ മോഡലിന്റെ തകർച്ചയുമായി ബന്ധപ്പെട്ട് കിടക്കുന്നുവെന്നത് മാത്രമാണ് പരിശോധിക്കുന്നത്. 2013 മാർച്ച് 26-ലെ 'Business Standard'-ൽ ഒരു ലേഖനം വന്നിട്ടുണ്ട്. കേരളത്തിലെ എല്ലാ എം.എൽ.എ.-മാരും ഒരു തവണയെങ്കിലും വായിച്ചിരിക്കേണ്ട ലേഖനമാണത്. 'India's Tax GDP Ratio' എന്ന തലക്കെട്ടോടുകൂടി വന്ന ലേഖനത്തിൽ പറയുന്നത് - 'Tax GDP Ratio one of the lowest', ലോകത്തിൽ one of the lowest എന്നാണ് പറയുന്നത്, 'even lower middle income Countries have GDP ratio 17.7%, but India has only 15.5%' എന്നും പറയുന്നുണ്ട്. കേരളത്തിലും Tax GDP Ratio വളരെ കുറവാണ്. കേരളത്തിൽ 2015-16-ലെ Budget in brief -ലെ b(5) ടേബിളിൽ 2012-13-ലെ റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ച് കേരളത്തിന്റെ Own-tax GDP Ratio 0.08981 മാത്രമാണ്. Non-tax GSDP Ratio 0.028 മാത്രമാണ്. 2014-15-ലെ Budget in brief-ലെ a(12) ടേബിളനുസരിച്ച് percentage trend in tax revenue share of the Central Government നിരന്തരമായി കുറഞ്ഞുവരികയാണ്. ഇതേ ടേബിളിലെ കണക്കനുസരിച്ച് share of Central taxes കേവലം 18.07% മാത്രമാണ്. റവന്യൂ

വരുമാനത്തിന്റെ 79.9% മാത്രമേ Tax Revenue ഉള്ളൂവെന്നുള്ളത് കേരള വികസന മോഡൽ നഷ്ടപ്പെടുന്നതിന്റെ സൂചനയായി നാം തിരിച്ചറിയേണ്ടതുണ്ട്. Tax GDP Ratio-യിൽ തന്നെ രണ്ട് ഘടകങ്ങളുണ്ട്. ഒന്ന്, Tax GSDP Ratio; മറ്റൊന്ന് Non-tax GSDP Ratio. ഇത് രണ്ടും ചേരുന്നതാണ് Tax GDP Ratio എന്നുപറയുന്നത്. ഇങ്ങനെ തരംതിരിച്ചാൽ Tax GSDP Ratio കൂടുന്നതായും Non-tax GSDP Ratio ഗണ്യമായി കുറയുന്നതായും കാണാം. ഫ്രാൻസിലും ഇംഗ്ലണ്ടിലും Property Tax GSDP Ratio 4% -ന് മുകളിലാണ്. ഇന്ത്യയിൽ അത് 0.48% മാത്രമാണ്. Wealth Tax GDP Ratio മറ്റ് രാജ്യങ്ങളിൽ 1% ആണെങ്കിൽ ഇന്ത്യയിൽ 0.007% മാത്രമാണ്. അസമത്വത്തിന്റെ സാമ്പത്തിക കാരണങ്ങളാണ് പറയുന്നത്. ഇതേ അനുപാതത്തിൽ തന്നെയാണ് കേരളത്തിന്റെയും GSDP Ratio നിൽക്കുന്നതെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. ഇതിലൂടെ ഉദ്ദേശിക്കുന്നത് GSDP വളർച്ചാ നിരക്കനുസരിച്ച് റവന്യൂ വരുമാനം വർദ്ധിക്കുന്നില്ലെന്നുള്ളതാണ്. റവന്യൂ വരുമാനം വർദ്ധിച്ചാൽ മാത്രമേ സർക്കാർ ഇടപെടൽ ശക്തമാക്കിക്കൊണ്ട് അസമത്വം കുറയ്ക്കാൻ കഴിയുകയുള്ളൂ. അസമത്വം വളരുവാൻ മറ്റൊരുകാരണം കൂടിയുണ്ട്. GSDP വർദ്ധിക്കുന്നുണ്ടെങ്കിലും വർദ്ധനവിന്റെ സിംഹഭാഗവും സമൂഹത്തിന്റെ ഉയർന്ന വിഭാഗങ്ങളിലേയ്ക്ക് ധ്രുവീകരിക്കപ്പെടുകയാണ്. അതുകൊണ്ട്, അവിടെ സമ്പത്ത് വർദ്ധിക്കുന്നുവെന്ന് മാത്രമല്ല, Direct Tax GDP ratio കുറഞ്ഞുവരികയുമാണ്. Direct Tax GDP ratio കുറഞ്ഞുവരുമ്പോൾ സമ്പത്ത് പണക്കാരിൽ ധ്രുവീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. കൂടാതെ Direct Tax GDP ratio കുറഞ്ഞുവരുന്നതിനാൽ റവന്യൂ വരുമാനം വർദ്ധിക്കുന്നില്ല. അതാണ് സമ്പത്തിന്റെ പുനർവിതരണം കുറയാനുള്ള പ്രധാന കാരണങ്ങളിലൊന്ന്.

സമൂഹത്തിലെ ഉയർന്ന വിഭാഗം ഏർപ്പെടുന്ന ഉൽപ്പാദന വ്യാപാര മേഖലകളിൽനിന്നുള്ള വരുമാന വർദ്ധനവ് കുറഞ്ഞുവരികയാണ്. അവയ്ക്ക് സ്റ്റേ കൊടുക്കുകയാണ്. സ്വർണ്ണക്കടക്കാർ, കോഴിക്കച്ചവടം, സൗന്ദര്യവർദ്ധക വ്യാപാരികൾ എന്നിവർക്കെല്ലാം വൻ നികുതിയിളവ് നൽകുകയാണ്. നികുതി വരുമാനം കുറയുന്തോറും റവന്യൂകമ്മി കൂടുന്നു, റവന്യൂകമ്മി കൂടുന്തോറും കടം കൂടുന്നു, കടം വർദ്ധിക്കുന്തോറും റവന്യൂചെലവ് വർദ്ധിക്കുന്നു; വീണ്ടും റവന്യൂ കമ്മി വർദ്ധിക്കുകയാണ്. കേരളം ഒരു ഡെഡ് ട്രാപ്പിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. മറ്റൊരു പ്രശ്നം, Non Tax GSDP Ratio കുറയുന്നുവെന്നുള്ളതാണ്. വാസ്തവത്തിലത് വർദ്ധിക്കേണ്ടതാണ്. നോൺ ടാക്സ് പിരിക്കുന്ന ഖനനം തുടങ്ങിയ

മേഖലകളിലും സമൂഹത്തിലെ ഉന്നതർതന്നെയാണ് പ്രവർത്തിക്കുന്നത്. അവർക്കും ടാക്സ് ഇളവ് കൊടുത്തതുകൊണ്ടാണ് Non Tax GSDP Ratio കുറഞ്ഞുവരുന്നത്. ചുരുക്കത്തിൽ, GSDP വളർച്ചയുടെ സിംഹഭാഗവും 10% വരുന്ന ധനികരുടെ കൈവശം എത്തുന്നുവെന്ന് മാത്രമല്ല, അവരിൽനിന്ന് ലഭിക്കേണ്ട നികുതി ലഭിക്കുന്നില്ല എന്നതും മനസ്സിലാക്കേണ്ടിയിരിക്കുന്നു. പക്ഷെ, സാധാരണക്കാരുടെ നികുതി, Non Tax GSDP Ratio, Direct Tax GDP ratio എന്നിവയെല്ലാം കുറഞ്ഞുവരുമ്പോൾ സാധാരണക്കാരന് നികുതിയായ പരോക്ഷനികുതി, GSDP Ratio എന്നിവ നിരന്തരമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടും ചേർത്തുവയ്ക്കുമ്പോഴാണ് കേരളത്തിന്റെ വികസന മോഡൽ നേരിടുന്ന ഭീഷണിയുടെ സാമ്പത്തിക പശ്ചാത്തലം നമ്മൾ മനസ്സിലാക്കേണ്ടത്. അസമത്വം എന്ന കേരളമോഡൽ വികസനം നേരിടുന്ന വെല്ലുവിളികളുടെ പ്രധാനപ്പെട്ട കാരണം ഇതാണ്. ഇതോടൊപ്പംതന്നെ സബ്സിഡിയും പൊതുവിതരണവും ഇല്ലാതാക്കുന്നതും ഈ അസമത്വം രൂക്ഷമായി വർദ്ധിപ്പിക്കാൻ ഇടവരികയാണ്. വർഷങ്ങളായി യു.ഡി.എഫ്. സർക്കാർ 3,500 കോടിരൂപയാണ് പരോക്ഷ നികുതിയായി വർദ്ധിപ്പിച്ചത്. ഈ ഇനത്തിൽ പിരിക്കാനുള്ളത് 12,000 കോടിരൂപയാണ്. റവന്യൂ വരുമാനത്തിൽ നോൺ ടാക്സിന്റെ കോൺട്രിബ്യൂഷൻ അനുദിനം കുറയുകയാണ്. ഈ മേഖലയിലാണ് ടാക്സ് വർദ്ധിപ്പിക്കേണ്ട ഗ്യാപ്പ് നാം കണ്ടെത്തേണ്ടത്. ഇത് യു.ഡി.എഫ്. തുടരുന്ന ഫിസ്കൽ പോളിസിയുടെ ഭാഗമാണ്, നയപരമായ പ്രശ്നമാണ്. യു.ഡി.എഫ്.-ന്റെ ഫിസ്കൽ പോളിസിയുടെ ഇര എന്നുപറയുന്നത് കേരള മോഡൽ വികസനമാണെന്നകാര്യം വ്യക്തമാകുന്നു. ഇത് കുറ്റകരമായ നിലപാടാണ്. 'പബ്ലിക്', 'ആക്ഷൻ' എന്നീ വാക്കുകൾ കേരള വികസനം ചർച്ചചെയ്യുമ്പോൾ ഏവരും ചർച്ച ചെയ്യുന്ന രണ്ട് വാക്കുകളാണ്. ഈ വാക്കുകളിലൂടെയാണ് കേരള മോഡൽ വിജയിച്ചതെന്ന് ലോകം മുഴുവൻ പറഞ്ഞുനടന്നത് അമർത്യാസെൻ ആണ്. വിശ്വപ്രസിദ്ധനായ സാമ്പത്തിക ശാസ്ത്രജ്ഞൻ കേരള മോഡലിനെ വിശദീകരിക്കുമ്പോൾ അദ്ദേഹംപറഞ്ഞ രണ്ട് വാക്കുകളാണ് 'പബ്ലിക്', 'ആക്ഷൻ' എന്നിവ. ഈ രണ്ട് വാക്കുകളെയും കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽനിന്നും നിഷ്കാസനം ചെയ്യുവെന്നാണ് കഴിഞ്ഞ നാലുവർഷക്കാലത്തെ യു.ഡി.എഫ്. ഭരണത്തിന്റെ "നേട്ടം" എന്നുപറയുന്നത്. വളരെ സൂക്ഷ്മതലത്തിൽ പരിശോധിച്ചാൽ 'പബ്ലിക്' 'ആക്ഷൻ' 'മതനിരപേക്ഷത' എന്നിവ പരസ്പരപൂരകങ്ങളാണെന്ന് തിരിച്ചറിയാം. മതനിരപേക്ഷ പരിസരത്തല്ലാതെ കേരളാ മോഡൽ വികസനം നിലനിൽക്കുകയില്ലായെന്നതുകൂടി നാം തിരിച്ചറിയേണ്ടതുണ്ട്.

അതുപോലെ തന്നെയാണ് പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ. ദീർഘവീക്ഷണമില്ലാതെ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് ചില ഇടപെടലുകൾ

നമ്മൾ നടത്തുന്ന എന്നുമാത്രമേയുള്ളൂ. പ്രകൃതിക്ഷോഭം നിത്യസംഭവമായി മാറിക്കഴിഞ്ഞിരിക്കുന്നു. ജില്ലാഭരണകൂടം പലപ്പോഴും പരാജയപ്പെടുന്ന പ്രധാനപ്പെട്ട മേഖലയാണത്. കണ്ടിജൻസി നേരിടുവാൻ ജില്ലാഭരണകൂടവും അനുബന്ധ സംവിധാനങ്ങളും സാങ്കേതികമായി സജ്ജമല്ല എന്നതാണ് പരാജയത്തിന്റെ കാരണങ്ങളിലൊന്ന്. അവ സജ്ജമാക്കുകയെന്നതാണ് ഭരണകൂടത്തിന്റെ ചുമതല. രണ്ടാമത് ആവശ്യമായ പണമില്ല എന്നതാണ്. കൂടാതെ സഹായം നൽകുന്നത് വളരെ അപര്യാപ്തമാണ് എന്നതാണ് മറ്റൊരു കാര്യം. കാർഷികവിളകളും റോഡുകളും നശിച്ചാൽ നഷ്ടപരിഹാരം വർദ്ധിപ്പിക്കേണ്ട കാലത്ത് അത് കുറച്ചുകൊണ്ടുവരുന്നുവെന്നുള്ളത് പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കാര്യക്ഷമതാ കുറവാണ് സൂചിപ്പിക്കുന്നത്. ഇതിനേക്കാളുപരി ചെയ്യേണ്ട ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്നഭ്യർത്ഥനയുണ്ട്. പ്രകൃതിക്ഷോഭം എന്തുകൊണ്ട് സംഭവിക്കുന്നുവെന്നും എങ്ങനെ തടയാമെന്നും പഠിക്കുക, പ്രതിരോധത്തിന് ശ്രമിക്കുക, പക്ഷെ ഈ ദിശയിൽ ഒരു സെമിനാർപോലും സംഘടിപ്പിക്കുന്നില്ല. ദീർഘവീക്ഷണത്തോടെ പ്രകൃതിക്ഷോഭങ്ങൾ കുറയ്ക്കുന്നതിനുള്ള സമീപനമുണ്ടാകണം. മണ്ണിന്റെ porosity നഷ്ടപ്പെടുന്നതും അതിന്റെ capillary action നഷ്ടപ്പെടുന്നതും പുഴകളിലെ ജലത്തിന്റെ ജൈവവൈവിധ്യം നഷ്ടപ്പെടുന്നതും ലവണാംശങ്ങളിൽ മാറ്റംവരുന്നതും കുന്നുകൾ നഷ്ടപ്പെടുന്നതും വനത്തിന്റെ ജൈവസമ്പത്ത് നഷ്ടപ്പെടുന്നതും പാറയും മണ്ണും കളിമണ്ണും തമ്മിലുള്ള പ്രകൃതിയുടെ അനുപാതത്തിലുള്ള മാറ്റവും കളിമൺശേഖരത്തിൽ വരുന്നകുറവും കാർഷിക തകർച്ചയുമെല്ലാമാണ് പ്രകൃതിക്ഷോഭത്തിന്റെ അടിസ്ഥാന കാരണം. ഇനിയും നിരവധി കാരണങ്ങളുണ്ട്. പ്രകൃതിസന്തുലനം നിലനിർത്തുവാൻ സഹായിക്കുന്നവിധം അക്കാര്യത്തിൽ ഇടപെടേണ്ടതുണ്ട്. അതുകൊണ്ട് നഷ്ടപരിഹാരമായി പണം നൽകുകയെന്നതിനപ്പുറം പ്രതിരോധത്തിന് ഊന്നൽ നൽകുന്ന ശൈലിയില്ലായെന്നത് അപകടകരവും കുറ്റകരവുമാണ്. ആ ദിശയിൽ ഭരണകൂടം പോകണമെന്നൊരു നിർദ്ദേശമാണ് എനിക്ക് അങ്ങയുടെ മുമ്പിൽ വയ്ക്കാനുള്ളത്.

ഭവനപ്രശ്നമാണ് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരുപ്രശ്നം. ഞാൻ സൂചിപ്പിച്ചതുപോലെ കേരളത്തിൽ പാർശ്വവൽക്കരണം നടന്നുകൊണ്ടിരിക്കുകയാണ്. അസമത്വം വർദ്ധിച്ചുകൊണ്ടിരിക്കുന്ന, കേരള മോഡൽ തകർന്നുകൊണ്ടിരിക്കുന്ന ഈ സമയത്ത് ഭവനമില്ലാത്തവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പോൾ ക്രുഗ്മാൻ പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ട ഒരു ആശയമാണ്, ലോകത്ത് രണ്ട്

കാര്യങ്ങൾ വളരെവേഗം വളരുകയാണ്. ഒന്ന്, ധനമൂലധനം. രണ്ട്, സാങ്കേതികവിദ്യ. ഇതുരണ്ടും പെട്ടെന്ന് വളരുന്നുവെന്ന് പറഞ്ഞാൽ മനുഷ്യർക്ക് സന്തോഷവും സുഖവുമുണ്ടാകുമെന്നാണ് പൊതുവിൽ തോന്നുന്നത്. എന്നാൽ പോൾ ക്രുഗ്മാൻ ലോകജനതയോട് മൊത്തത്തിൽ പറയുകയാണ്, ഇത് രണ്ടും വളരുന്നതോടൊപ്പം വളരുന്നത് ദാരിദ്ര്യവും ഭവനമില്ലാത്തവരുടെയും വെള്ളം ലഭിക്കാത്തവരുടെയും തൊഴിലില്ലാത്തവരുടെയും എണ്ണമാണ് എന്നാണ്. എത്ര വേഗത്തിലാണോ സമ്പത്തും സാങ്കേതികവിദ്യയും വളരുന്നത് അതേ വേഗതയിൽ ദാരിദ്യവും തൊഴിലില്ലായ്മയും ഭക്ഷണമില്ലായ്മയും വീടില്ലായ്മയും വെള്ളമില്ലായ്മയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നത് വളരെ വ്യക്തമാണ്. ലോകത്ത് സമ്പത്തിന്റെ ധ്രുവീകരണവും വലിയ പാർശ്വവൽക്കരണവും നടക്കുന്നതിന്റെ ലളിതമായിട്ടുള്ള ഉദാഹരണങ്ങളാണ് പോൾ ക്രുഗ്മാൻ പറഞ്ഞത്. അത് അപ്പാടെ കേരളാ മോഡൽ വികസനമെന്ന് വിശ്വംമുഴുവൻ പറഞ്ഞുനടക്കുന്ന അവസ്ഥയിൽ കൊച്ചുകേരളത്തിൽ കണ്ടുകൊണ്ടിരിക്കുകയാണ്. ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട വിഷയമെന്ന് പറയുന്നത് പാർപ്പിട പ്രശ്നംതന്നെയാണ്. പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടി ഇടതുപക്ഷ ജനാധിപത്യമുന്നണി ആവിഷ്കരിച്ച വളരെ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി. സംസ്ഥാന സർക്കാരിന് നേരിട്ട് കൊടുക്കുവാൻ സമ്പത്തില്ലാത്ത ഒരു സാഹചര്യത്തിൽ ഇക്കോണമിയിലെ പണത്തെ ഉപയോഗിക്കാനാണ് ബഡ്ജറ്റ് ഉപയോഗിക്കേണ്ടത്. പലപ്പോഴും ബഡ്ജറ്റിലെ പണംകൊണ്ടാണ് ആ സംസ്ഥാനത്തെ മൊത്തം വികസനം നടക്കുന്നതെന്ന് പലരും ധരിക്കും. പക്ഷെ അതല്ല, ബഡ്ജറ്റിലെ സമ്പത്തും ഇക്കോണമിയും തമ്മിലുള്ള ബന്ധമാണ് നമ്മൾ തിരിച്ചറിയേണ്ടത്. ഇക്കോണമിയിൽ ലക്ഷക്കണക്കിന് കോടിരൂപയുണ്ട്. കേരളത്തിന്റെ ഇക്കോണമിയിൽ ഏകദേശം അഞ്ച് ലക്ഷംകോടി രൂപയുണ്ട്. പക്ഷെ ബഡ്ജറ്റിൽ 20,000 കോടി രൂപ മാത്രമേയുള്ളൂ. 20,000 കോടി രൂപ പദ്ധതിവിഹിതമുള്ള ബഡ്ജറ്റ് അഞ്ച് ലക്ഷം കോടിരൂപയുള്ള ഇക്കോണമിയെ ചലിപ്പിക്കുമ്പോഴാണ് അത് ദിശാബോധമുള്ള ബഡ്ജറ്റ് പ്രവർത്തനമാകുന്നത്. ആ രീതിയിൽ പ്രവർത്തിച്ചതിന്റെ ഒരുദാഹരണമാണ് ഇ.എം.എസ്. ഭവന പദ്ധതി. കേരളത്തിന്റെ സഹകരണ മേഖലയിൽ 1,20,000 കോടിരൂപ ഡെഡ് മണിയായി കിടക്കുകയാണ്. ആ സമ്പത്തിനെ കേരളത്തിന്റെ അടിസ്ഥാനമേഖലയിലെ വികസന പ്രവർത്തന ങ്ങളിലേയ്ക്ക് ഉപയോഗിക്കാനുള്ള വളരെ സമൂർത്തമായ പദ്ധതിയായിരുന്ന ഇ.എം.എസ്. ഭവന പദ്ധതി. ബഡ്ജറ്റിൽനിന്നും പലിശമാത്രം കൊടുത്തുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അതുപോലെ സഹകരണ

സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം വളർത്തിക്കൊണ്ടുവരേണ്ടത് ഏറ്റവും പ്രധാനപ്പെട്ടകാര്യമാണ്. പഞ്ചായത്തിന് ചെറിയ ബഡ്ജറ്റാണ്. സംസ്ഥാനത്തിന് വലിയ ബഡ്ജറ്റാണ്. ഇതിനേക്കാൾ വലുതാണ് ഇക്കോണമി. ഇവ തമ്മിൽ പരസ്പരപൂരകമായി ബന്ധിപ്പിക്കുന്നിടത്താണ് സാമ്പത്തിക പ്രവർത്തനത്തിന്റെ കലാബോധം കിടക്കുന്നത്. ആ കല വളരെ കൃത്യമായി ഡോ. ടി. എം. തോമസ് ഐസക് പ്രയോഗിച്ചതാണ് ഇ. എം. എസ്. ഭവന പദ്ധതി. അങ്ങനെ ഈ നാട്ടിൽ ഇഷ്ടംപോലെ വീടുകളായി. എന്റെ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് അയ്യായിരം വീടുകൾ നൽകി എല്ലാവർക്കും വീടെത്തിച്ച മണ്ഡലമെന്ന് പ്രഖ്യാപിക്കപ്പെട്ടതാണ്. അതുകൊണ്ട് ആ പദ്ധതി വളരെ പ്രധാനപ്പെട്ടതായിരുന്നു. ആ പദ്ധതി ഇല്ലാതാക്കിയത് ഒരിക്കലും ന്യായീകരിക്കാൻ പറ്റാത്ത, സാമ്പത്തിക ഇടപെടലിന്റെ അർത്ഥ ശാസ്ത്രത്തെ മനസ്സിലാക്കാത്തതുകൊണ്ടാണെന്ന് മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. തെറ്റായ ഫിസ്കൽ പോളിസിയിലൂടെ നാലരവർഷംകൊണ്ട് കേരളവികസന മാതൃകയെയും മതനിരപേക്ഷതയേയും പ്രകൃതി സന്തുലനത്തെയും അപകട പ്പെടുത്തിയ യു.ഡി.എഫ്.-ന്റെ സാമ്പത്തിക നിലപാടുകളെ എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇന്ന് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് സംസാരിക്കാൻ ഏറെ അഭിമാനമുണ്ട്. സംസ്ഥാന-ദേശീയ പ്രാധാന്യമുള്ള ഒരു ഉപതെരഞ്ഞെടുപ്പിലൂടെ യു.ഡി.എഫ്. തിളക്കമാർന്ന വിജയം നേടുകയും അതുവഴി ഭരണബെഞ്ചിലേയ്ക്ക് പുതിയൊരംഗം കടന്നുവരികയും ചെയ്ത ദിവസമാണിന്ന്. ശ്രീ. കെ. എസ്. ശബരീനാഥന് അഭിനന്ദനങ്ങളും അഭിവാദ്യങ്ങളും നേരുകയാണ്. എല്ലാ നുണപ്രചരണങ്ങളേയും തകർത്തെറിഞ്ഞ ഒരു വിജയമാണ് യു.ഡി.എഫ്.-ന് നേടാൻ സാധിച്ചത്. ബാർ മുതലാളിമാരും ചില തട്ടിപ്പുകാരും ചില മാധ്യമങ്ങളും പ്രതിപക്ഷവും ചേർന്നൊരുക്കിയ എല്ലാ കപടനാടകങ്ങളും തകർന്നടിഞ്ഞിരിക്കുകയാണ്. ധർമ്മവും അധർമ്മവും തമ്മിൽ ഏറ്റുമുട്ടുമ്പോൾ ധർമ്മം ജയിക്കും. സത്യവും അസത്യവും തമ്മിലുള്ള ഏറ്റുമുട്ടലിൽ സത്യം തെളിഞ്ഞുനിൽക്കും. നന്മയും തിന്മയും തമ്മിലുള്ള സംഘർഷത്തിൽ നന്മ വിജയിക്കും. അതാണ് അരുവിക്കരയിൽ കണ്ടതെന്ന് ശ്രീ. രാജേഷിനെയും സുഹൃത്തുക്കളെയും ഞാൻ ഓർമ്മിപ്പിക്കുകയാണ്. തോറ്റാൽ തോൽവി അംഗീകരിക്കണം. വീണിടത്തുകിടന്ന് ഉരുളരുത്. ഇടതുപക്ഷത്തിലെ ചില സൈദ്ധാന്തികന്മാർ പുതിയ കണക്കുകളുമായി ഇറങ്ങി പരാജയത്തെ വിജയമാക്കുകയാണ്. ഞാൻ ചോദിക്കട്ടെ, കഴിഞ്ഞ കാലഘട്ടത്തിൽ ഒരു മണ്ഡലത്തിൽ പാർട്ടിക്കും മുന്നണികൾക്കും കിട്ടിയ

വോട്ടിന്റെ എണ്ണം നോക്കുന്നത് മറ്റൊരു തെരഞ്ഞെടുപ്പ് കഴിയുമ്പോഴാണെന്നത് എത്ര നിരർത്ഥകമാണ്. 2011-ലെ കണക്കുപറയുന്നവർ 2014 ബോധപൂർവ്വം വിസ്മരിക്കുകയാണല്ലോ. ലക്ഷക്കണക്കിന് വോട്ടർമാർ വോട്ട് രേഖപ്പെടുത്തിയ സാഹചര്യത്തിൽ നിങ്ങളെക്കാൾ പതിനായിരത്തിൽപ്പരം വോട്ട് അധികംനേടി ഞങ്ങൾ ജയിച്ചാൽ അത് ഞങ്ങളുടെ വിജയവും നിങ്ങളുടേത് കനത്ത പരാജയവുമാണ്. നിങ്ങളുടെ വോട്ട് ബി.ജെ.പി. കൊണ്ടുപോയെങ്കിൽ അത് നിങ്ങളുടെ പോരായ്മയാണ്. അത് സംരക്ഷിച്ച് നിർത്തിതരേണ്ടത് ഞങ്ങളുടെ പണിയാണോ? നിങ്ങളുടെ വോട്ട് ബി.ജെ.പി കൊണ്ടുപോയെന്നുപറഞ്ഞാണ് വിലപിക്കുന്നത്. കൊണ്ടുപോയെങ്കിൽ അത് തടഞ്ഞുനിർത്തേണ്ട പണി ഞങ്ങളുടേതല്ല. അത് തടഞ്ഞുനിർത്താൻ പര്യാപ്തമായ രാഷ്ട്രീയവും സമീപനവുമൊക്കെ നിങ്ങൾക്കുണ്ടാകണം. അത് നിങ്ങൾക്കില്ലാതെപോയി. ഇനിയും ഒരുപക്ഷെ കൂടുതൽ വോട്ടുകൾ കൊണ്ടുപോയെന്നുവരും. അത് കൊണ്ടുപോകാതെ നോക്കേണ്ടത് സി.പി.ഐ.(എം.)-ന്റെ ചുമതലയാണ്. നിങ്ങളുടെ വോട്ട് ബി.ജെ.പി. കൊണ്ടുപോയെങ്കിൽ അത് സി.പി.ഐ.(എം.)-ന്റെ ദൗർബല്യമാണ്. ആ ദൗർബല്യം തിരിച്ചറിയാതെ അതിന്റെ പേരിൽ ഞങ്ങളോട് ഏറ്റുമുട്ടാൻ വരുന്നത് ഏതുതരത്തിലുള്ള രാഷ്ട്രീയമാണെന്ന് മനസ്സിലാകുന്നില്ല. ഇവിടെ തോൽവിയെ ന്യായീകരിക്കുന്ന അപ്പുറത്തെ സ്നേഹിതന്മാരുടെ ചില ശ്രമങ്ങൾ കാണുമ്പോൾ പഴയകാലത്തെ 'സന്ദേശം' എന്ന ഒരു രാഷ്ട്രീയ ഹാസ്യസിനിമയാണ് ഓർമ്മ വരുന്നത്. അതിൽ ഒരു സി.പി.എം. നേതാവായി ഏരിയ സെക്രട്ടറിയുടെ റോളിൽ ശങ്കരാടിയാണ് അഭിനയിക്കുന്നത്. ആ സിനിമയിലും ഒരു തെരഞ്ഞെടുപ്പ് പരാജയമുണ്ട്. പരാജയത്തെക്കുറിച്ച് സംസാരിക്കുമ്പോൾ പരിഹാസ്യമായി ന്യായീകരിക്കുന്ന ചില രസകരമായ സീനുണ്ട്. അതിൽ ശങ്കരാടി ഇങ്ങനെയാണ് പറയുന്നത്-'താത്വികമായ ഒരവലോകനമാണ് ഞാൻ ഉദ്ദേശിക്കുന്നത്. ചില പ്രതിക്രിയാവാദികളും വിഘടനവാദികളും പ്രഥമദൃഷ്ട്യാ അകൽച്ചയിലായിരുന്നുവെങ്കിലും അവർക്കിടയിലുള്ള അന്തർധാര സജീവമായിരുന്നു എന്നുവേണം കരുതാൻ. ബൂർഷ്വാസികളും തക്കംപാർത്തിരിക്കുകയായിരുന്നു. അങ്ങനെയാണ് തെരഞ്ഞെടുപ്പ് പ്രതികൂലമായി ഭവിച്ചത്.' പാർട്ടിക്ലാസ്സിൽ ഇത് പറഞ്ഞപ്പോൾ ഒരു സാധാരണ അണി എഴുന്നേറ്റ് നിന്നുചോദിച്ചു, 'നമ്മൾ തോറ്റില്ലേ, തോറ്റതിന്റെ കാരണമെന്താണെന്ന് പറയൂ. ഈ പറഞ്ഞതൊന്നും ഞങ്ങൾക്ക് മനസ്സിലായില്ല' എന്ന്. അപ്പോൾ മറ്റൊരു സഖാവ് പറഞ്ഞു 'അങ്ങനെ പാർട്ടിക്ലാസ്സിൽ ചോദ്യങ്ങൾ ചോദിക്കാൻ പാടില്ല. സഖാവ് വലിയ വിവരമുള്ള ആളാണ്. പറയുന്നത് അതുപോലെയങ്ങ് കേട്ടാൽമതി.' ഈ തെരഞ്ഞെടുപ്പ്

പരാജയം റാഡിക്കലായ ഒരു മാറ്റമല്ലായെന്നും പിന്നീട് സഖാവ് പറഞ്ഞു. ഇവിടെ സഖാവ് കോടിയേരി ബാലകൃഷ്ണൻ ഇന്നലെ അവതരിപ്പിച്ചതും അതുതന്നെയാണ്. അദ്ദേഹം നിങ്ങളോട് പറഞ്ഞത് ഇത് റാഡിക്കലായ ഒരു ചെയ്ഞ്ചല്ലായെന്നാണ്. നിങ്ങൾക്ക് പ്രതീക്ഷ ഉണ്ടാകട്ടെ. നിങ്ങൾ ഈ രീതിയിൽത്തന്നെ പോകൂ. മാർക്സിസ്റ്റ് പാർട്ടിക്കും കമ്മ്യൂണിസ്റ്റ് പാർട്ടിക്കും ഒന്നും പറ്റിയിട്ടില്ല എന്ന നിലയിലാണ് നിങ്ങളുടെ തീരുമാനമെങ്കിൽ കാലത്തിന്റെ മാറ്റം നിങ്ങൾ ഉൾക്കൊള്ളണമെന്ന് ഞങ്ങൾക്കെന്ത് നിർബന്ധമാണുള്ളത്. മാറ്റം ഉൾക്കൊള്ളേണ്ടതിനെക്കുറിച്ച് മാർക്സ് നിങ്ങളെ ഉപദേശിച്ചതാണല്ലോ. സമൂഹത്തിന്റെ മാറ്റം മനസ്സിലാക്കി സന്ദർഭത്തിനൊത്ത് നയസമീപനങ്ങളുണ്ടാക്കാൻ ഇവിടെ പാർട്ടിക്ക് സാധിക്കുന്നില്ലായെന്നല്ലേ നമ്മൾ കരുതേണ്ടത്? ഈ ഭരണത്തിൽ കേരളജനതയ്ക്ക് വിശ്വാസവും പ്രതീക്ഷയുമുണ്ട്. ഞങ്ങളുടെ വികസന പദ്ധതികളിൽ പുതുതലമുറ ആകർഷിക്കപ്പെടുന്നു. അവർക്ക് ആവശ്യമുള്ളത് കൊടുക്കാൻ ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണത്തിന് സാധിക്കുന്നുണ്ട്. അതാണ് ഞങ്ങളുടെ കൈമുതൽ. നാലുകൊല്ലം യാതൊരു മാജിക്കുമില്ലാതെ ഇവിടത്തെ സാധാരണക്കാരും ചെറുപ്പക്കാരും ആഗ്രഹിക്കുന്ന വികസന കാഴ്ചപ്പാടുകൾ അവരുടെ മുമ്പിൽ അവതരിപ്പിക്കാൻ, അത് കൊച്ചി മെട്രോ ആകട്ടെ, സ്മാർട്ട് സിറ്റിയാകട്ടെ, സ്റ്റാർട്ട് അപ്പ് വില്ലേജുകളാകട്ടെ സാധാരണ പരമ്പരാഗത രീതിയിൽനിന്ന് വ്യത്യസ്തമായൊരു പ്രതീക്ഷ ഈ സർക്കാർ കാഴ്ചവച്ചിരിക്കുന്നു. തെരഞ്ഞെടുപ്പിൽ ഭരണത്തിന്റെ വിലയിരുത്തലുണ്ടായിരുന്നു. മുഖ്യമന്ത്രി അവസാനംവരെ ഉറപ്പിച്ചുപറഞ്ഞത് തെരഞ്ഞെടുപ്പ് ഫലം ഭരണത്തിന്റെ വിലയിരുത്തലാണെന്ന്. ചെറിയ ടെൻഷൻ ഞങ്ങൾക്കൊക്കെ ഉണ്ടായിരുന്നപ്പോഴും തെരഞ്ഞെടുപ്പ് ഫലം വരുന്നതിന്റെ തലേ ദിവസവും മുഖ്യമന്ത്രി പറഞ്ഞു 'ഞാൻ പറഞ്ഞിടത്തുതന്നെ നിൽക്കുന്നു, ഇത് ഭരണത്തിന്റെ വിലയിരുത്തലാണെന്ന്.' ജനം പ്രതിപക്ഷത്തിനെയും ഭരണപക്ഷ ത്തിനെയും വിലയിരുത്തി. ജനം പ്രതീക്ഷിക്കുന്ന പ്രതിപക്ഷം ഇങ്ങനെ യല്ലായെന്ന് അവർ വിലയിരുത്തിയിരിക്കുകയാണ്. ഇന്റർനെറ്റ്, വാട്ട്സ്ആപ്, ഫെയ്സ്ബുക്ക് തുടങ്ങിയ സോഷ്യൽ മീഡിയകൾ നമ്മുടെ സാമൂഹിക ജീവിതത്തെ അനുനിമിഷം സ്പർശിക്കുമ്പോൾ കാലഹരണപ്പെട്ട സമരരീതികളും അക്രമങ്ങളും അവസാനിപ്പിക്കാറായിയെന്ന കൃത്യമായ സന്ദേശംകൂടിയാണ് അരുവിക്കര ഉപതെരഞ്ഞെടുപ്പ് സി.പി.ഐ.(എം.)നും ഇടതുപക്ഷത്തിനും നൽകുന്നതെന്നുവേണം കരുതാൻ. ഇത് ഉൾക്കൊണ്ടുകൊണ്ട് നിങ്ങളുടെ സമീപനങ്ങളിൽ മാറ്റമുണ്ടാകണ മെന്നുമാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ധനാഭ്യർത്ഥനകളിലേയ്ക്ക് കടക്കുമ്പോൾ റവന്യൂ വകുപ്പിനെക്കുറിച്ചാണ് പലരും ചർച്ച ചെയ്യുന്നത്. ചലനാത്മകമായ, ചൈതന്യാത്മകമായ റവന്യൂ വകുപ്പ് നമുക്കുണ്ടെന്ന് കാണാൻ കഴിയും. 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി ആയിരങ്ങളുടെ സ്വപ്നങ്ങൾ സഫലീകരിച്ചു. സർക്കാർ ഈ പദ്ധതിയിലൂടെ ധാരാളം ആളുകൾക്കാണ് ആശ്വാസം നൽകിയത്. നമ്മുടെ വകുപ്പുമന്ത്രിതന്നെയാണ് സ്വന്തംഭൂമി കൊടുത്തുകൊണ്ട് 'ഭൂരഹിതരില്ലാത്ത കേരളം' എന്ന പദ്ധതിയിലേയ്ക്ക് ഭൂമി സമാഹരിക്കുന്നതിന് നേതൃത്വം നൽകിയത്. ശ്രീ. പി. ബി. അബ്ദുൾ റസാക് എം.എൽ.എ.-യും കുറച്ച് ഭൂമി സംഭാവന ചെയ്തുകൊണ്ടാണ് അതിലേയ്ക്ക് കടന്നുവന്നത്. നമ്മുടെയൊക്കെ നിയോജകമണ്ഡലത്തിലെ ചില നല്ലമനസ്സുള്ള ആളുകളും ഈ പദ്ധതിയിലേയ്ക്ക് ഭൂമി സംഭാവന ചെയ്തിട്ടുണ്ട്. സർക്കാരിന്റെ ഭൂമിയും പരമാവധി കണ്ടെത്തി. അങ്ങനെ ധാരാളം ആളുകൾക്ക് ഭൂമികൊടുക്കാൻ സാധിച്ചു. പട്ടയ വിതരണത്തിന്റെ കാര്യത്തിലും വലിയ പുരോഗതിയുണ്ടായി. റവന്യൂ അദാലത്തുകൾ വളരെ പ്രയോജനം ചെയ്തു. ജനസമ്പർക്ക പരിപാടിയുടെ മാതൃകയിൽ നടത്തിയ പരിപാടിയിലൂടെ പതിനായിരങ്ങളുടെ ജീവിതപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സാധിച്ചു. പ്രകൃതിക്ഷോഭംമൂലം നഷ്ടം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം ഇരട്ടിയാക്കി. മുമ്പ് ഒരാൾ മരണപ്പെട്ടാൽ രണ്ടുലക്ഷം രൂപയായിരുന്നുവെങ്കിൽ ഇന്നത് നാലുലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. മറ്റു പല കാര്യങ്ങൾക്കും തുക വർദ്ധിപ്പിച്ചു. എന്റെ നിയോജകമണ്ഡലത്തിലെ ആദിവാസി ഭൂമിയായിട്ടുള്ള അട്ടപ്പാടിയിൽ ഉരുൾപൊട്ടി വലിയ നാശമുണ്ടായിട്ടുണ്ട്. അവിടെ വീടുകളും റോഡുകളുമൊക്കെ തകർന്നിരിക്കുകയാണ്. അവർക്കുള്ള നഷ്ടപരിഹാരം ഉടനെതന്നെ നൽകാനുള്ള നടപടിയുണ്ടാകണം. സാധാരണഗതിയിൽ നഷ്ടപരിഹാര വിതരണം വൈകാറുണ്ട്. ആദിവാസികളും പാവപ്പെട്ട കുടിയേറ്റ കർഷകരുമാണവർ. അതിനാൽ കേടുപറ്റിയ വീടുകളും റോഡുകളും നന്നാക്കാനുള്ള തുക ഉടൻ നൽകണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്.

മറ്റൊരു പ്രധാനപ്പെട്ടകാര്യം റവന്യൂ-ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റുകളുടെ ജോയിന്റ് വെരിഫിക്കേഷനാണ്. മണ്ണാർക്കാട് താലൂക്കിൽ ഈ വെരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടില്ല. കർഷകർ ദുരിതത്തിലാണ്. റവന്യൂഭൂമി കൃത്യമായി വേർതിരിച്ചെടുക്കണം. പതിറ്റാണ്ടുകളായി കൈവശം വയ്ക്കുന്ന ഭൂമിയിൽ ചിലസമയങ്ങളിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് വന്ന് no objection certificate കൊടുക്കുന്നില്ല. അതിനാൽ ഒരു കാര്യവും നടക്കാത്ത സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട് റവന്യൂഭൂമി കൃത്യമായി വേർതിരിച്ചെടുക്കുകയും കൈവശക്കാർക്ക് രേഖ നൽകുകയും വേണം. അതുപോലെതന്നെ മറ്റൊരുകാര്യം സൂചിപ്പിക്കാ

നുള്ളത്, റവന്യൂ വകുപ്പിന്റെ ഫ്ലഡ് റിലീഫ് സ്കീമിനെക്കുറിച്ചാണ്. പ്രസ്തുത സ്കീമിലൂടെയാണ് കേടുവന്ന റോഡുകളൊക്കെ പലപ്പോഴും നന്നാക്കിയിരുന്നത്. ഇപ്പോൾ കേന്ദ്രഗവൺമെന്റ് ഒരു കിലോമീറ്ററിന് 40,000 രൂപയായും മലയോര മേഖലയിൽ 60,000 രൂപയായും ചുരുക്കിയിരിക്കുകയാണ്. അതിനെതിരെ കേന്ദ്രത്തിൽ ശക്തമായി ഇടപെട്ട് ആ നോംസ് മാറ്റി പഴയ രീതിയിലേയ്ക്കുതന്നെ നമ്മുടെ ഫ്ലഡ് റോഡുകൾ കൊണ്ടുവരണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

റിയൽ എസ്റ്റേറ്റ് അതോറിറ്റിയും ട്രിബ്യൂണലും രൂപീകരിക്കാനുള്ള നീക്കം സ്വാഗതാർഹമാണ്. യാതൊരു നിയന്ത്രണവുമില്ലാതെ തോന്നിയതുപോലെ പ്രവർത്തിക്കുന്ന മേഖലയാണ് റിയൽ എസ്റ്റേറ്റ് മേഖല. അവിടെ ഒരുപാട് ചൂഷണങ്ങളും തട്ടിപ്പുകളുമൊക്കെ നടക്കുമ്പോൾ അവയെ നിയന്ത്രിക്കാൻ ഒരു ട്രിബ്യൂണൽ കൊണ്ടുവരാനും ഒരു അതോറിറ്റി രൂപീകരിക്കാനുമുള്ള ഓർഡിനൻസിന് ഈ ഗവൺമെന്റ് രൂപംനൽകിയതിൽ സന്തോഷമുണ്ട്.

ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ കുറച്ചുകൂടി വിപുലപ്പെടുത്തണം. തലചായ്ക്കാൻ ഒരു കൂരയില്ലാത്തവന്റെ ദുഃഖം വളരെ വലുതാണ്. ഭവന നിർമ്മാണ ബോർഡ് ഇപ്പോൾ നടപ്പിലാക്കുന്ന ജനകീയ പാർപ്പിട പദ്ധതിയായ 'ഗൃഹശ്രീ' വിപുലപ്പെടുത്തണം. ഇപ്പോഴുള്ള പദ്ധതി ഏറെ ആശ്വാസകരമാണ്. കുറേ വർഷങ്ങളായി നിർജ്ജീവമായിരുന്ന ബോർഡിന് ജീവൻ വയ്പിച്ചതും യു.ഡി.എഫ്. സർക്കാരാണ്. ഹൗസിംഗ് ബോർഡ് കടവിമുക്തമായി. ഗൃഹശ്രീയും കാരുണ്യഭവന പദ്ധതിയുംവഴി ഒരു ലക്ഷത്തിൽപ്പരം വീടുകൾ നിർമ്മിക്കാൻ ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. അത് കേവലം തീരുമാനത്തിലൊതുങ്ങരുത്. അതിന് ശക്തി പകരണം. ഭവന നിർമ്മാണം നമ്മുടെ മുമ്പിലുള്ള വലിയൊരു പ്രതിസന്ധിയാണ്. ഓരോ വർഷവും ഇതുപോലെ ഒരുലക്ഷം വീട് നിർമ്മിക്കാനുള്ള സംവിധാനമുണ്ടാകണം.

അതുപോലെ മാണിസാറിന്റെ കാരുണ്യ ബെനവലന്റ് ഫണ്ട് വഴി 87000 രോഗികൾക്ക് 702 കോടിരൂപയാണ് ഇതിനകം വിതരണം ചെയ്തത്. ധനകാര്യ വകുപ്പിനെയും ബഹുമാനപ്പെട്ട മന്ത്രിയെയും ഈ സന്ദർഭത്തിൽ പ്രത്യേകമായി അഭിനന്ദിക്കുകയാണ്.

ഇവിടെ ഈ ചർച്ചകളൊക്ക നടക്കുമ്പോൾ കാണുന്ന രസകരമായ ഒരു സംഗതിയുണ്ട്, ആ കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്ന് രാവിലെ ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയം ശ്രീ. ആർ.

ബാലകൃഷ്ണ പിള്ളയ്ക്കും അദ്ദേഹത്തിന്റെ മകൻ ശ്രീ. കെ. ബി. ഗണേഷ് കുമാറിനും വേണ്ടിയായിരുന്നു. ഈ സഭയുടെ തുടക്കത്തിൽ ധാരാളം അടിയന്തരപ്രമേയങ്ങൾ അവതരിപ്പിക്കുകയും ഈ സഭ സ്തംഭിച്ചു നിന്ന സന്ദർഭങ്ങളുണ്ടാകുകയും ചെയ്തിരുന്നു. അതെല്ലാം ആരുടെ പേരിലായിരുന്നു, വാളകം സംഭവത്തിന്റെയും ബാലകൃഷ്ണപിള്ള യുടെയും ഗണേഷ് കുമാറിന്റെയും യാമിനി തങ്കച്ചിയുടെയുമൊക്കെ പേര് പറഞ്ഞ് ദിവസങ്ങളോളം പ്രതിപക്ഷം അടിയന്തരപ്രമേയങ്ങൾ അവതരിപ്പിച്ചു. അവർക്കെതിരെ ആയിരുന്നു അക്കാലത്തെ അടിയന്തരപ്രമേയങ്ങൾ. ഇന്ന് അതേ ആൾക്കാർക്ക് വേണ്ടി അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ ആദ്യം അവതരിപ്പിച്ച പ്രമേയത്തിന്റെ പ്രസംഗങ്ങളുടെ കോപ്പി എടുത്ത് വായിച്ചുനോക്കാൻ നിങ്ങൾ തയ്യാറാകണം. അപ്പോൾ നിങ്ങൾ ചെയ്യുന്ന പ്രവർത്തനത്തെക്കുറിച്ച് നിങ്ങൾക്ക് തന്നെ പുച്ഛംതോന്നും, കാരണം ഒരേ ആളുകളെ സംബന്ധിച്ച്, ആദ്യം അവർക്കെ തിരായ അടിയന്തരപ്രമേയം, ഇന്ന് അവർക്കുവേണ്ടിയുള്ള അടിയന്തരപ്രമേയം. അതാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. അരുവിക്കര ഉപതെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം)-ന്റെ തന്ത്രവും സമീപനവുമൊക്കെ എത്ര പരിഹാസ്യമായിരുന്നു. അവിടെ ചുമതലയുള്ള പി.ബി. അംഗം ഒരു വോട്ടർക്കും മുഖം കൊടുത്തില്ല. സഖാവ് പിണറായി വിജയനായിരുന്നു ചുമതല. പിണറായി വിജയനെ പുറത്ത് കാണാൻ പാടില്ല, അദ്ദേഹം പ്രസംഗിക്കാൻ പാടില്ല എന്നൊന്നും ഞങ്ങൾക്ക് അഭിപ്രായമില്ല. നിങ്ങൾക്ക് ഒരു കൃത്യമായ സമീപനത്തിലെത്താൻ കഴിഞ്ഞില്ല. പിണറായി വിജയൻ ഒരു വോട്ടർക്കും മുഖം കൊടുത്തില്ല. കാണിക്കാൻ കൊള്ളാത്ത മുഖമാണെന്ന് പാർട്ടിതന്നെ അംഗീകരിക്കുകയായിരുന്നില്ലേ? അത് ഞങ്ങളാരും പറഞ്ഞതല്ല. നിങ്ങൾക്കുതന്നെ അദ്ദേഹത്തിന്റെ മുഖം പുറത്ത് കാണിക്കാൻ കൊള്ളില്ല, പിന്നെ എങ്ങനെ അദ്ദേഹത്തെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയാക്കാൻ സാധിക്കും? അദ്ദേഹമാണ് മുഖ്യമന്ത്രി സ്ഥാനാർത്ഥിയെന്ന് നിങ്ങളുടെ കൂട്ടത്തിൽ തന്നെ പലരും പ്രഖ്യാപിച്ചല്ലോ, അതോ പുറത്തുവരാൻ പാടില്ലെന്നുള്ളത് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നിർബന്ധമായിരുന്നോ എന്നാണ് ഞങ്ങൾക്കറിയേണ്ടത്. വി.എസ്. വരണമെങ്കിൽ പിണറായി വിജയൻ പ്രചരണരംഗത്തുണ്ടാകാൻ പാടില്ല എന്ന് പറഞ്ഞിരുന്നോ; വി.എസ്. വന്നിട്ട് ആളുകൾ കൂടി മിമിക്രിയൊക്കെ കണ്ടുപോയല്ലോ. വോട്ടെവിടെ? അപ്പോൾ ആ കാലമൊക്കെ കഴിഞ്ഞിരിക്കുന്നു. സി.പി.ഐ.(എം)-ന്റെ പ്രതിസന്ധിയുടെ ആഴം വളരെ വലുതാണ്. വി. എസ്. ആയാലും പിണറായി വിജയനായാലും ജനങ്ങൾക്ക് ദഹിക്കാത്തത് നിങ്ങളുടെ നിലപാടുകളാണെന്ന് മാത്രമാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുവാനുള്ളത്. ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെയെല്ലാം പിന്തുണച്ചുകൊണ്ട്;

നഷ്ടപരിഹാരത്തിന്റെ വിഷയത്തിൽ പ്രത്യേകിച്ച് എന്റെ നിയോജക മണ്ഡലത്തിൽ നടന്ന ഉരുൾപൊട്ടലിലൂടെ വലിയ നാശമാണുണ്ടായിട്ടുള്ളത്. അവിടെ പൂർവ്വസ്ഥിതി പ്രാപിക്കണമെങ്കിൽ 20 കോടി രൂപയെങ്കിലും വേണ്ടിവരും. ഇക്കാര്യം പ്രത്യേക അഭ്യർത്ഥനയായി പരിഗണിച്ചുകൊണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഇക്കാര്യം പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അട്ടപ്പാടിയോട് കനിവ് കാണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ഇന്ന് സഭയിൽ സംസാരിച്ചവരെല്ലാം പൊതുവെ അരുവിക്കരയുമായി ബന്ധപ്പെട്ടുകൊണ്ടാണ് പ്രസംഗം തുടങ്ങിയതും അവസാനിപ്പിച്ചതും. അവിടെ നടന്ന ഉപതെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. സ്ഥാനാർത്ഥി ശ്രീ. കെ. എസ്. ശബരീനാഥൻ വിജയിച്ചു എന്നത് ആർക്കും നിഷേധിക്കാൻ കഴിയുന്ന കാര്യമല്ല. ആ സഹോദരനെ അനുമോദിക്കാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. എന്നാൽ നെഞ്ചത്ത് കൈവച്ച് ഇത്തരമൊരു തെരഞ്ഞെടുപ്പ് സംവിധാനത്തിലേയ്ക്ക് കേരളം പോകണമോ എന്ന് ആലോചിക്കണം. തെരഞ്ഞെടുപ്പ് എന്നുപറയുന്നത് രാഷ്ട്രീയ പോരാട്ടമാണ്. അത്തരമൊരു പോരാട്ടത്തിന്റെ വഴികളിലേയ്ക്ക് പോകാൻ യു.ഡി.എഫ്. പരിശ്രമിച്ചിരുന്നോ എന്നതാണ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടത്. നാലുവർഷത്തെ ഭരണനേട്ടങ്ങളുടെ പട്ടികയുമായിവന്ന യു.ഡി.എഫ്.-ന് സന്തോഷിക്കാൻ വക നൽകുന്നതാണോ ആ വിജയമെന്ന് യു.ഡി.എഫ്. പക്ഷത്തുനിന്നും സംസാരിച്ചവരാരും തന്നെ പറഞ്ഞില്ല. 20000 വോട്ടുകൾ വർദ്ധിച്ച ഒരു മണ്ഡലത്തിൽ നേരത്തെ ജി. കാർത്തികേയന് ലഭിച്ചതിനേക്കാൾ വോട്ടുകൾ കുറഞ്ഞു. തീർച്ചയായും ഞങ്ങൾക്കും 20000 വോട്ടുകൾ വർദ്ധിച്ചതിന്റെ ആനുപാതികമായ വോട്ടുകൾ ലഭിച്ചില്ല എന്ന അവസ്ഥയുണ്ട്. ഈ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന് വോട്ടുകൾ വർദ്ധിച്ചു. 1957-ലെ തെരഞ്ഞെടുപ്പ് മുതൽ കേരളത്തിലെ കോൺഗ്രസ് എടുത്ത നിലപാടുകളിൽനിന്ന് പുറകോട്ടുപോകുന്നില്ല എന്ന് തെളിയിക്കുന്നതായിരുന്നു ഈ തെരഞ്ഞെടുപ്പ്. അന്ന് കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള ഗവൺമെന്റ് കേരളത്തിൽ വന്നപ്പോൾ ഇവിടത്തെ ജാതി-മത സംഘടനകളെ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള പ്രക്ഷോഭണങ്ങൾ തുടങ്ങി. ആ പ്രക്ഷോഭണങ്ങൾ വിജയിക്കാത്ത ഒരു സാഹചര്യം വന്നപ്പോൾ ജനാധിപത്യ വിരുദ്ധമായി ആ ഗവൺമെന്റിനെ പിരിച്ചുവിട്ടു. പിന്നീട് ആ സാഹചര്യങ്ങളെ കുറിച്ച്, ആ സമരത്തിന് ലഭിച്ച സഹായങ്ങളെക്കുറിച്ച് ശ്രീ. എ. കെ. ആന്റണി പറഞ്ഞത് കേരളം കേട്ടതാണ്. അതുപോലെ ഈ തെരഞ്ഞെടുപ്പിലും ജാതിയെയും

മതത്തെയും ഉപയോഗപ്പെടുത്താനാണ് കോൺഗ്രസും യു.ഡി.എഫും പരിശ്രമിച്ചത്. അതിന്റെ ഭാഗമായാണ് യു.ഡി.എഫ്. നേതാക്കന്മാരും ബഹുമാന്യനായ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും ഉൾപ്പെടെ എൽ.ഡി.എഫ്.-ഉം ബി.ജെ.പി.-യും രണ്ടാം സ്ഥാനത്തിന് വേണ്ടിയാണ് മത്സരിക്കുന്നതെന്ന് പറഞ്ഞത്. ഞങ്ങൾ ആ തെരഞ്ഞെടുപ്പ് പ്രചരണത്തിൽ പറഞ്ഞു, പ്രധാന പോരാട്ടം എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം തമ്മിലാണെന്ന്. ആ രാഷ്ട്രീയപോരാട്ടമാണ് നടക്കുന്നതെന്നു പറഞ്ഞു. അതിൽനിന്നും വ്യത്യസ്തമായി അവിടെ ജാതി-മത സംഘടനകളുടെ വോട്ടുകൾ കരസ്ഥമാക്കാൻ പ്രത്യേകിച്ചും മതന്യൂനപക്ഷങ്ങളുടെ വോട്ടുകൾ കരസ്ഥമാക്കാൻ വേണ്ടിയുള്ള പരിശ്രമമാണ് യു.ഡി.എഫ്. നടത്തിയത്. ഇത് കോൺഗ്രസ് ഇന്ന് ആരംഭിച്ചതല്ല. ഇപ്പോൾ പരിശുദ്ധ റംസാൻ മാസമാണ്. ബാബ്റി മസ്ജിദ് തകർന്നപ്പോഴുള്ള കഥ നമ്മുടെ മുമ്പിലുണ്ട്. നരസിംഹറാവു എന്ന കോൺഗ്രസ് നേതാവിനെ പ്രസംഗത്തിൽ സൂചിപ്പിക്കാൻ ഏതെങ്കിലും കോൺഗ്രസ് നേതാക്കന്മാർ ഇന്ന് തുനിയുമോ? അന്നെടുത്ത നിലപാടിന്റെ ഭാഗമായാണ് മതേതരത്വത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന സമീപനം നമ്മുടെ രാജ്യത്തുയർന്നുവന്നത്. 1957-ൽ ആരംഭിച്ച നിലപാടുകളിലേയ്ക്ക് ഒരു സീറ്ററപ്പിക്കാൻ എടുത്ത രാഷ്ട്രീയ സമീപനം ശരിയാണോ എന്നാലോചിക്കണം. അതോടൊപ്പം തെരഞ്ഞെടുപ്പ് പ്രവർത്തനത്തിൽ ഉത്തരേന്ത്യയിൽ പണത്തിന്റെയും ജാതിയുടെയും മതത്തിന്റെയും ഇടപെടലുകളെക്കുറിച്ച് ധാരാളം നമ്മൾ കേട്ടിട്ടുണ്ട്. അതുപോലെ വോട്ട് കരസ്ഥമാക്കാൻ പണം ഉപയോഗപ്പെടുത്തിക്കൊണ്ട്, എന്തിനേറെ മദ്യനിരോധനത്തിനുവേണ്ടി 24 മണിക്കൂറും സംസാരിക്കുന്ന കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ് അവിടെ തെരഞ്ഞെടുപ്പ് പ്രവർത്തനത്തിനുവേണ്ടി മദ്യം ഉപയോഗിച്ചോ എന്ന് ഇവിടെ പറയണം. ഇത് നമ്മുടെ തെരഞ്ഞെടുപ്പ് പ്രവർത്തനത്തിന് ഇനിയങ്ങോട്ടുള്ള കാലയളവിൽ കേരളത്തിന് ഭൂഷണമാണോ എന്നാലോചിക്കണം. ഒരു എളിയ രാഷ്ട്രീയ പ്രവർത്തകൻ എന്ന നിലയ്ക്ക് അവിടെ കണ്ട കാര്യത്തിൽ ധാർമ്മികരോഷം കൊണ്ടതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ സൂചിപ്പിക്കുന്നത്. ഈ നിലപാടിലേയ്ക്ക് പോകാൻ സാധിക്കുമോ? ഇത് കോൺഗ്രസ്സിന് ഭൂഷണമാണോ? അത്രയേറെ ദരിദ്രജനവിഭാഗങ്ങളുടെ ഒരു സമൂഹത്തിൽ അവരെ ഉദ്ധരിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനപ്പുറത്തേയ്ക്ക് അധികാരമുറപ്പിക്കാൻ, ഒരു സീറ്ററപ്പിക്കാൻ വഴിവിട്ട മാർഗ്ഗങ്ങൾ സ്വീകരിക്കുന്ന നിലപാട് ശരിയാണോ എന്നാലോചിക്കേണ്ടതുണ്ട്. ജനാധിപത്യത്തെ മുന്നോട്ടുകൊണ്ടുപോകാനുള്ള പ്രവർത്തനത്തിൽ നേരായ വഴികളിലേയ്ക്ക് നമുക്ക് തിരിയേണ്ടതുണ്ട്; അതിനെ

കുറിച്ച് ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. തെരഞ്ഞെടുപ്പുരംഗത്തെ പരിഷ്കരണത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്. തെരഞ്ഞെടുപ്പുവേളകളിൽ കഴുകന്മാരെപ്പോലെ വന്നുനിന്ന് പണം വാങ്ങുവാനുള്ള ഗ്രൂപ്പുകളെയും പ്രസ്ഥാനങ്ങളെയും രൂപീകരിച്ചുകൊണ്ട് തെരഞ്ഞെടുപ്പിന്റെ ആഴ്ചകൾക്കുമുമ്പോ തലേദിവസമോ വിലപറയുന്ന നിലപാടിലേയ്ക്ക് പോകുന്ന, വോട്ടർമാരെ വിലയ്ക്കുവാങ്ങുന്ന നിലപാട് നമ്മുടെ നാട്ടിൽ അരങ്ങേറുന്നു എന്ന് നമുക്ക് അവിടെ കാണാൻ കഴിഞ്ഞു. ഇതൊക്കെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. അതോടൊപ്പം അവിടെ മൂന്നാം സ്ഥാനത്തെത്തിയ ബി.ജെ.പി.-യെക്കുറിച്ച് ഇവിടെ എല്ലാവരും സംസാരിച്ചതാണ്, അതിൽ നമുക്കാർക്കും തർക്കമില്ല. അത്തരമൊരവസരം ഉപയോഗിക്കാൻ അവർക്കെങ്ങനെ കഴിഞ്ഞു എന്നാലോചിക്കണം. അവിടത്തെ മതന്യൂനപക്ഷങ്ങളുടെ വോട്ട് ഭരണപക്ഷത്തിന് ഉറപ്പിക്കുന്നതിന്റെ ഭാഗമായാണ് ഇത്തരമൊരു നിലപാടിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടുള്ളത്. തീർച്ചയായും ഇടതുപക്ഷ ജനാധിപത്യമുന്നണി ഈ പ്രശ്നത്തെക്കുറിച്ച് ഗൗരവമായി ചർച്ചചെയ്യും. ഇന്ത്യാ രാജ്യത്ത് മതന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിനുവേണ്ടി എല്ലാ മേഖലകളിലും അതിന്റെ പ്രവർത്തനങ്ങൾക്ക് മുന്നിൽനിന്ന് നയിച്ച പ്രസ്ഥാനമാണ് ഇടതുപക്ഷപ്രസ്ഥാനം. അത് തീവ്രവാദ പ്രവർത്തനത്തിന്റെ പ്രശ്നങ്ങളിലാകാം, വിഘടനവാദത്തിന്റെ പ്രശ്നങ്ങളിലാകാം, പഞ്ചാബിലാകാം, മതന്യൂനപക്ഷങ്ങളുടെ നേർക്കാകാം. എവിടെ ഉയർന്നുവന്നപ്പോഴും അതിനുവേണ്ടി പോരാടി രക്തസാക്ഷിത്വം വരിച്ചവരാണ് ഇന്ത്യയിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ. ആ നില സ്വീകരിച്ചുകൊണ്ട് മതന്യൂനപക്ഷങ്ങൾക്ക് നേർക്കുള്ള കയ്യേറ്റങ്ങളെ ധീരമായി നേരിടുവാൻ ഇന്ത്യയിൽ ഇടതുപക്ഷപ്രസ്ഥാനങ്ങളേ ഉണ്ടാകൂ എന്ന് തിരിച്ചറിയാനുള്ള കഴിവ് ഈ രാജ്യത്തെ ന്യൂനപക്ഷങ്ങൾക്കുണ്ടാകുമോ എന്നറിയേണ്ടതുണ്ട്. തീർച്ചയായും ഞാൻ ആ വിഷയത്തിൽ കൂടുതൽ പറയാൻ ആഗ്രഹിക്കുന്നില്ല.

അരുവിക്കരയിൽ ഇത്രയേറെ വോട്ടുകൾ കരസ്ഥമാക്കാൻ ബി.ജെ.പി.-ക്ക് കഴിഞ്ഞുവെന്നത് ഇടതുപക്ഷത്തിനായാലും ഭരണപക്ഷത്തിനായാലും ഭരണപക്ഷം സീറ്റ് നിലനിർത്തിയെങ്കിലും അതൊരു പരാജയമാണ്. ഈ പരാജയത്തിൽ നിന്ന് കേരളം പാഠം ഉൾക്കൊള്ളേണ്ടതുണ്ട്. കേരളത്തിൽ ഒരു സീറ്റ് എങ്ങനെയെങ്കിലും കരസ്ഥമാക്കുവാൻ കഴിയുമോയെന്ന് കഴിഞ്ഞ കുറേ വർഷങ്ങളായി ബി.ജെ.പി. പരിശ്രമിക്കുകയാണ്. നേരത്തേ എൽ.ഡി.എഫ്.-നോടൊപ്പമുണ്ടായിരുന്ന ആർ.എസ്.പി. ഉൾപ്പെടെയാണ് അവിടെ മത്സരിച്ചത്. എന്നിട്ടുപോലും യു.ഡി.എഫ്.-ന് നേരത്തെ ലഭിച്ച വോട്ട് നിലനിർത്താൻ കഴിഞ്ഞില്ലായെന്ന

യാഥാർത്ഥ്യമുണ്ട്. അതെല്ലാം വിസ്മരിച്ചുകൊണ്ട് ഭരണപക്ഷത്തു നിന്ന് ഏറെ സന്തോഷത്തോടെ, അഹങ്കാരത്തോടെ, അഭിമാനത്തോടെ അവർ പറയുന്ന ആവേശം, സ്വയംവിമർശനപരമായി ഈ പ്രശ്നങ്ങളെ ഞങ്ങളും കാണുന്നുവെന്ന് പറയാനുള്ള ധാർമ്മികമായ ബാധ്യത അവർക്കും ഈ കേരളത്തോടുണ്ടെന്നാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

1947-നുശേഷം റവന്യൂ ഭരണവുമായി ബന്ധപ്പെട്ട്, ഇതുവരെയും ഭരണരംഗത്ത് സമൂലമായ മാറ്റം വരുത്തിയെടുക്കാൻ കഴിഞ്ഞിട്ടില്ല. നേരത്തേ ഇവിടെ പറഞ്ഞതുപോലെ, ഭൂമി മുതൽ നമ്മുടെ ആവാസവ്യവസ്ഥയെപോലും ചോദ്യംചെയ്യുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ പോകുമ്പോൾ അതിനനുസൃതമായി സേവനതൽപ്പരരായ ഒരു വിഭാഗത്തെ മാറ്റിയെടുക്കാനുള്ള പ്രവർത്തനമാണ് ഇതുമായി ബന്ധപ്പെട്ട് കൊണ്ടുവരേണ്ടത്. കേന്ദ്ര ഫണ്ടുകൾ സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നമുറയ്ക്ക് അതുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കാൻ കഴിവുള്ള, മിടുക്കരായ ഉദ്യോഗസ്ഥരാണ് വരേണ്ടത്. ഇപ്പോഴും താഴെത്തട്ടിലുള്ള ക്ലർക്ക് കുറിച്ചുവയ്ക്കുന്ന കുറിപ്പിനുമേലെ ഏറ്റവും മുകൾത്തട്ടിലുള്ള ഐ.എ.എസ്. ഓഫീസർമാർവരെ അതിൽ ഒപ്പിടുന്നതിനുമപ്പുറം ജനങ്ങൾക്ക് കാര്യങ്ങൾ എത്രയുംവേഗം എത്തിച്ചുകൊടുക്കണമെന്ന നിലപാടിലേയ്ക്ക് പോകുന്നില്ല. വില്ലേജ് ഓഫീസുകളിലും കളക്ടറേറ്റുകളിലും സെക്രട്ടേറിയറ്റിലും അപേക്ഷകൾ കുന്നുകൂടി കിടക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. അതിന് മാറ്റം വരുത്തേണ്ടതുണ്ട്. നമ്മുടെ പോലീസ് സ്റ്റേഷനുകളിൽ പോയാൽ ഒരു കസേരയെങ്കിലും ഇരിക്കാനുണ്ട്. വില്ലേജ് ഓഫീസുകളിൽ ഇരിക്കാൻ കസേര പോലുമില്ല. ചില സമയങ്ങളിൽ നൂറുകണക്കിനാളുകളാണ് വില്ലേജാഫീസുകളിൽ എത്തിച്ചേരുന്നത്, അവിടെ നിൽക്കാൻപോലും ഇടമില്ല. ഈ സ്ഥിതിക്ക് മാറ്റം വരുത്തേണ്ടതുണ്ട്. ഭൂരഹിതരില്ലാത്ത കേരളത്തിന്റെകാര്യം നേരത്തേ ഇവിടെ പലരും പറഞ്ഞു. യഥാർത്ഥത്തിൽ പട്ടയം ലഭിച്ചിട്ടുണ്ട്, പക്ഷെ ഭൂമി ലഭിച്ചിട്ടില്ല. ഒട്ടേറെ ഭൂസമരങ്ങൾ കേരളത്തിലിപ്പോൾ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. രാജുവിന്റെ മണ്ഡലത്തിലുള്ള അരിപ്പയിൽനിന്ന് കുറച്ചാളുകൾ അരുവിക്കരയിൽ വന്നതായി അറിയാൻ കഴിഞ്ഞു. വലിയൊരു സമരം അവിടെ നടക്കുന്നുണ്ടായിരുന്നു. അവർ വന്നത് ബി.ജെ.പി.-ക്ക് വേണ്ടിയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏകദേശം 3800-ഓളം പേരുടെ പ്രശ്നമാണ് അവിടെയുള്ളത്. ഇതുപോലെ കുറേ സമരങ്ങൾ നടക്കുന്നുണ്ട്. ഇതിനെല്ലാം പരിഹാരം കാണണ്ടേ? ഭൂമിയുടെ പ്രശ്നം അതിരൂക്ഷമാണ്.

ഈ വർഷത്തെ ബഡ്ജറ്റിനെക്കുറിച്ച് ഞാനൊന്നും പറയുന്നില്ല. കഴിഞ്ഞ രണ്ട് വർഷത്തെ (2013-14, 2014-15) ബഡ്ജറ്റെടുത്ത് പരിശോധിച്ചാൽ ഭൂരഹിതരില്ലാത്ത പദ്ധതിക്കായി നീക്കിവച്ച പണം ചെലവഴിച്ചില്ലായെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. അതിനുവേണ്ടിയുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. റിവർ മാനേജ്മെന്റ് ഫണ്ടും കാര്യമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ഏതെങ്കിലും ഒരു പുഴ സംരക്ഷിക്കാൻ ആ ഫണ്ട് ഉപയോഗപ്പെടുത്തിയെന്ന് നമുക്ക് പറയാൻ കഴിയുമോ? നദികളുടെ സംരക്ഷണത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. എന്നാൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തികൊണ്ട് റോഡുകളും പാലങ്ങളും കെട്ടിടങ്ങളുമുണ്ടാക്കുന്ന നിലയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. അതിനപ്പുറം മണൽ വാരുന്നതിന്റെ ഭാഗമായി നശിച്ചുകൊണ്ടിരിക്കുന്ന പുഴകളെ സംരക്ഷിക്കാനുള്ള പ്രോജക്ട് തയ്യാറാക്കുന്ന നിലപാടിലേയ്ക്ക് പോകാൻ കഴിയുന്നില്ല. കേരളത്തിലെ വലിയ റവന്യൂ ഡിവിഷനുകളെ മാറ്റി പുനർനിർണ്ണയം നടത്താനും പുതിയ റവന്യൂ ഡിവിഷൻ ഓഫീസുകൾ ആരംഭിക്കാനുമുള്ള സംവിധാനങ്ങളുണ്ടാകേണ്ടതുണ്ട്. കോഴിക്കോട് ജില്ലയിലെ വടകര കേന്ദ്രീകരിച്ച് ആർ.ഡി.ഒ. ഓഫീസ് ആരംഭിക്കേണ്ട കാലം അതിക്രമിച്ചുകഴിഞ്ഞു. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട്, എം.എൻ. ലക്ഷം വീടിന്റെ നവീകരണപ്രവർത്തനങ്ങളും ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയും മുമ്പുണ്ടായിരുന്നു. സ്വന്തമായി വീടില്ലാത്തവർ കേരളത്തിലിനി ഉണ്ടാവില്ലെന്ന ചിന്തയുടെ ഭാഗമായാണ് അത്തരം പദ്ധതികൾ കേരളത്തിൽ കൊണ്ടുവന്നത്. നാല് വർഷത്തിനിടയിൽ ഒരു വീടെങ്കിലും അത്തരം പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചുകൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞോ? ഈ ഗവൺമെന്റിന്റെ വികസനപ്രവർത്തനങ്ങൾ പരിശോധിക്കാനുള്ള വിഷയമായി നമുക്കതിനെ കാണാൻ കഴിയും. ഈ രീതിയിലാണ് ഗവൺമെന്റിനെ വിലയിരുത്തേണ്ടത്. സമയം അതിക്രമിച്ചുപോയതുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇത്തരം സാഹചര്യങ്ങൾ കണ്ടുകൊണ്ടായിരിക്കണം കേരളത്തിൽ ഇനി മുന്നോട്ട് പോകേണ്ടത്. ഇവിടെ തെരഞ്ഞെടുപ്പ് പരാജയങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. ഇതിനകം നടന്ന തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ 63 ശതമാനം സീറ്റും ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ് നാലുവർഷം കൊണ്ട് നേടിയതെന്ന് കണക്കുകൾ പരിശോധിച്ചാൽ നമുക്ക് കാണാൻകഴിയും. ഇനി വരാൻ പോകുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ആ വിജയം ആവർത്തിച്ചുകൊണ്ട് വീണ്ടും കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വരാനുള്ള ശ്രമമായിരിക്കും ഈ പരാജയത്തിലൂടെ നമുക്കുണ്ടാക്കാൻ കഴിയുകയെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാനെന്റെ

വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ബഡ്ജറ്റുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് പ്രതിപക്ഷത്തുനിന്നും സംസാരിച്ച ശ്രീ. സാജുപോൾ ഉൾപ്പെടെയുള്ള ആളുകൾ ബഡ്ജറ്റിലെ ഓരോ വിശദാംശങ്ങളും എടുത്തു പറഞ്ഞുകൊണ്ടാണ് സംസാരിച്ചത്. പ്രതിപക്ഷം ബഡ്ജറ്റിനെ എതിർക്കുകയും ബഡ്ജറ്റ് അവതരിപ്പിക്കാൻ സമ്മതിക്കാതിരിക്കുകയും ബഡ്ജറ്റ് കീറിക്കളയുകയും ബഡ്ജറ്റ് അവതരിപ്പിച്ചില്ലായെന്ന് പറയുകയും ചെയ്തു. നിയമസഭാ ചട്ടമനുസരിച്ച് ധനാഭ്യർത്ഥന ചർച്ചകളിൽ പങ്കെടുക്കുമ്പോൾ ഒന്നുകിൽ അനുകൂലിക്കും അല്ലെങ്കിൽ പ്രതികൂലിക്കും. എന്നാൽ ഇവിടെ അനുകൂലിക്കുന്നതുമില്ല പ്രതികൂലിക്കുന്നതുമില്ല. ഈ നയംതന്നെയാണ് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് കേരളീയ സമൂഹത്തിൽ വിശ്വാസരാഹിത്യം ഉണ്ടാക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണം. ഇനിയും അത് തിരുത്താൻവേണ്ടിയുള്ള ശ്രമമുണ്ടാകണം. പ്രൊഫ. സി. രവീന്ദ്രനാഥിനെപോലുള്ള ആളുകൾ അവിടെ ഇരിക്കുന്നുണ്ട്. പാർലമെന്ററി പാർട്ടി മീറ്റിംഗ് കൂടുമ്പോഴോ പാർട്ടി സഖാക്കളുമായി ഏതെങ്കിലും പാർട്ടി ക്ലാസ്സിൽ ക്ലാസ് എടുക്കുമ്പോഴോ മാഷ് പറഞ്ഞുകൊടുക്കേണ്ടത് ഇവരുടെ സമീപനങ്ങളിൽ വരുത്തേണ്ട മാറ്റത്തെക്കുറിച്ചാണ്. ആ മാറ്റമില്ലെന്നുള്ളതിന്റെ തെളിവാണ് ഈ സഭയിലെ ബഡ്ജറ്റ് ചർച്ചകളിൽപോലും കാണിക്കുന്നത്. ഇന്ന് ചർച്ച ചെയ്യപ്പെടുന്ന ബഡ്ജറ്റ് നിങ്ങൾ അംഗീകരിക്കുന്നില്ലെങ്കിൽ, റവന്യൂമായി ബന്ധപ്പെട്ട്, പ്രകൃതിക്ഷോഭം, വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ് തുടങ്ങി കളക്ടറേറ്റ് വരെയുള്ള വിവിധ കാര്യങ്ങളുൾപ്പെടുന്ന ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട ചർച്ചയാണ് ഇവിടെ നടക്കുന്നത്. ഈ ബഡ്ജറ്റ് പാസായില്ലെങ്കിൽ നിങ്ങളുടെ മണ്ഡലങ്ങളിൽ എന്തെങ്കിലും കാര്യങ്ങൾ നടക്കുമോ? ഈ സാമ്പത്തിക വർഷം ഞങ്ങളുടെ ആരുടെയും മണ്ഡലത്തിന് തുകയൊന്നും വേണ്ടെന്നും മാണി സാർ അവതരിപ്പിച്ച ബഡ്ജറ്റ് അംഗീകരിക്കുന്നില്ലെന്നും ഈ ബഡ്ജറ്റ് ഞങ്ങൾക്ക് വേണ്ടെന്നും പറയാൻ കഴിയുമോ? ഇത്തരത്തിലുള്ള നിഷേധാത്മക രാഷ്ട്രീയത്തിനെതിരായി നിങ്ങൾക്ക് നിരന്തരമായി തിരിച്ചടി ലഭിക്കുകയാണ്, അതുകൊണ്ട് നിങ്ങൾ തിരുത്തണം. ഏതായാലും ശ്രീ. സാജുപോൾ അതിനുള്ള ലക്ഷണം കാണിച്ചിട്ടുണ്ട്. ബഡ്ജറ്റിലെ ഓരോ കാര്യങ്ങളും പരിശോധിച്ച ശേഷമാണ് അദ്ദേഹം ഇന്നിവിടെ സംസാരിച്ചത്. അത്തരത്തിൽ നിങ്ങൾ തിരുത്താൻ തുടങ്ങാൻ ഉദ്ദേശമുണ്ടെങ്കിൽ നല്ല കാര്യമാണെന്ന് പറയാൻ ഞാൻ

അഗ്രഹിക്കുകയാണ്. ഭൂമി അനുവദിച്ചുകൊടുത്തകാര്യത്തിൽ റവന്യൂ വകുപ്പുമന്ത്രിയെ ചില ഘട്ടത്തിൽ അനുമോദിക്കുന്നതും കണ്ടു. അദ്ദേഹംകൂടി പങ്കെടുത്ത ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ കാര്യത്തിൽ സഹകരിച്ച കാര്യമുൾപ്പെടെ പറയുകയുണ്ടായി. ഇതെല്ലാം മാണി സാർ കൊടുത്ത ബഡ്ജറ്റിലെ തുകകൊണ്ടാണ്. അങ്ങ് പറഞ്ഞത് നല്ല കാര്യമാണ്, അങ്ങനെയൊരു മാറ്റം വരട്ടെ. ജനങ്ങളെ ഏറ്റവും കൂടുതൽ ബാധിക്കുന്ന, ജനങ്ങൾ ഏറ്റവും കൂടുതൽ ബന്ധപ്പെടുന്ന വകുപ്പുകളിലൊന്നാണ് റവന്യൂ ഭൂവിനിയോഗം ഉൾപ്പെടുന്ന വകുപ്പ്. സംസ്ഥാനത്തെ സാധാരണക്കാരായ ആളുകൾ വില്ലേജ് ഓഫീസ് മുതൽ മുകളിലോട്ട് ദൈനംദിനം ബന്ധപ്പെടുന്ന വകുപ്പാണത്. ആ വകുപ്പുമായി ബന്ധപ്പെട്ട കാര്യത്തിൽ, പ്രത്യേകിച്ചും പ്രൊഫ. സി. രവീന്ദ്രനാഥ് മാഷിന്റെ സംസാരത്തിലുണ്ടായ പ്രധാനപ്പെട്ടകാര്യം, നമ്മുടെ വികസന മാതൃക നഷ്ടമാവുകയാണെന്നാണ്. തനതായ വികസന മാതൃക നഷ്ടമാകുന്നുവെന്നുള്ള ആശങ്ക അദ്ദേഹം പങ്കുവയ്ക്കുകയുണ്ടായി. കേരളത്തിന്റെ തനതായ വികസന മാതൃകയിൽപ്പെടുന്ന ഒന്നാണ് പ്രകൃതിവിഭവം. പ്രകൃതി വിഭവങ്ങളുടെ സംരക്ഷണമാണ് കേരളത്തിന്റെ തനത് വികസനത്തിന് കിട്ടിയ ഏറ്റവും വലിയ അസെറ്റ്. ആ അസെറ്റിന്റെ സംരക്ഷകരാണ് റവന്യൂ. അതിലേറ്റവും പ്രധാനപ്പെട്ടതാണ് നെൽവയലുകളും തണ്ണീർത്തടങ്ങളും ഉൾപ്പെടെയുള്ള കാര്യങ്ങൾ. ഇന്ത്യയിൽ ഏറ്റവുമധികം ജനസാന്ദ്രതയുള്ള സംസ്ഥാനമെന്ന നിലയിലും വനങ്ങളും തോട്ടങ്ങളും റോഡുകളും മാറിയാലും കൃഷിയോഗ്യമായ ഭൂമിയും ഏറ്റവും തുച്ഛമായ പ്രതിശീർഷ ഭൂമിലഭ്യത 40 സെന്റിൽ താഴെ നിൽക്കുകയും ചെയ്യുന്ന ഒരു സംസ്ഥാനമാണ് കേരളം. ഈ സാഹചര്യത്തിലാണ് കൃഷിക്കുപയുക്തമാകുന്ന രീതിയിലുള്ള നമ്മുടെ ഭൂമി സംരക്ഷിക്കുന്നതിനുവേണ്ടി നെൽവയൽ തണ്ണീർത്തട നിയമം കൊണ്ടുവന്ന് ഡാറ്റാ ബാങ്കുണ്ടാക്കാൻ തീരുമാനിച്ചത്. ഈ കാര്യങ്ങളിൽ റവന്യൂ വകുപ്പിന് ആവശ്യമായ പിന്തുണ നൽകുന്നതിന് ധനകാര്യ വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും പൂർണ്ണമായ പങ്കാളിത്തമുണ്ടാകണം. ഡാറ്റാ ബാങ്കിനെക്കുറിച്ച് നിയമസഭ ഇതിനുമുമ്പും നിരവധി തവണ ചർച്ച ചെയ്തിട്ടുള്ളതാണ്. കേരളത്തിൽ അവശേഷിക്കുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കപ്പെടുന്നതിന് ആവശ്യമായതാണ് ഡാറ്റാ ബാങ്ക്. ആ ഡാറ്റാ ബാങ്ക് ഇപ്പോഴും കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. 2004 മുതലുള്ള high resolution ഉപഗ്രഹ ചിത്രങ്ങൾ ഐ.എസ്.ആർ.ഒ.-യുടെ പക്കൽ ഇപ്പോൾ ലഭ്യമാണ്. അത് പരിശോധിച്ചാൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പാസ്സായ 2008-നുമുമ്പ് നികത്തപ്പെട്ട ഭൂമിയേതെന്ന് വ്യക്തമാകും.

അതോടൊപ്പംതന്നെ 2008-നുശേഷം ഏതൊക്കെ ഭൂമിയാണ് നികത്തിയതെന്ന് ഉപഗ്രഹചാനലിലൂടെ എടുത്ത ചിത്രങ്ങളിലൂടെ മനസ്സിലാകും. ഉപഗ്രഹ ചിത്രങ്ങൾ വാങ്ങണമെന്ന് ഞങ്ങളുൾപ്പെടെയുള്ള ആളുകൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാന ത്തിലാണ് കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷമുള്ള ചർച്ചയിൽ ശ്രീ. കെ.എം. മാണി സാർ 8 കോടി രൂപ കൂടി അനുവദിച്ചത്. ആ പണമുപയോഗിച്ച് ഡാറ്റാ ബാങ്കിന് ആവശ്യമായ ഉപഗ്രഹ ചിത്രങ്ങൾ വാങ്ങണം; അത് ഇനിയും പൂർത്തിയായിട്ടില്ല. ഡാറ്റാ ബാങ്ക് അടിയന്തരമായി കുറ്റമറ്റരീതിയിൽ പബ്ലിഷ് ചെയ്യാനുള്ള നടപടിയുമായി സർക്കാർ മുന്നോട്ടുപോകണം. ഇപ്പോൾ നിരവധി കൃഷിഭൂമി നികത്തി കൊണ്ടിരിക്കുകയാണ്. നിയമം വന്നതിനുശേഷവും നിലങ്ങൾ നികത്തുകയാണ്. നിലം നികത്തൽ നിയമവിധേയമാക്കാൻവേണ്ടി ഇപ്പോഴത്തെ ബഡ്ജറ്റിൽ ചില നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. അത് സൂക്ഷ്മതയോടുകൂടി കൈകാര്യം ചെയ്തില്ലെങ്കിൽ വലിയ അപകടം അക്കാര്യത്തിൽ പതിയിരിക്കുകയാണ്. കേരളത്തിലിന്ന് ഏറ്റവും വിലമതിപ്പുള്ളത് ഭൂമിയാണ്. കേരളത്തിന്റെ ഏറ്റവും ആകർഷണീയതയും ഭൂമിയാണ്. കേരളത്തിനുപുറത്തുള്ള സമ്പന്നവ്യവസായ ലോബികൾപോലും കേരളത്തിലേയ്ക്ക് വരുന്നത് നമ്മുടെ ഭൂമിയെ മോഹിച്ചാണ്. അവരിന്ന് ആശ്രയിക്കുന്നത് അവശേഷിക്കുന്ന നെൽവയലുകളെയാണ്. 2008-ൽ ഈ നിയമം വരുന്നതിനുമുൻപ് നികത്താത്ത ഭൂമിയും നിയമം വന്നതിനുശേഷം പരിവർത്തനം വരുത്തിയ ഭൂമികളുമുൾപ്പെടെയുണ്ട്. ഇപ്പോഴും ഓരോ ദിവസവും നെൽവയലുകൾ നികത്തിക്കൊണ്ടിരിക്കുകയാണ്. അവ സംരക്ഷിക്കുന്നതിന് അടിയന്തരമായി ആവശ്യമുള്ളതാണ് ഡാറ്റാ ബാങ്ക്. അതുകൊണ്ട് ഡാറ്റാ ബാങ്ക് പൂർത്തിയാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. കുറ്റമറ്റരീതിയിൽ ഡാറ്റാബാങ്ക് പ്രസിദ്ധീകരിച്ചില്ലെങ്കിൽ നിയമലംഘനം ഇനിയും തുടർന്ന് കൊണ്ടിരിക്കും. അതിനാവശ്യമായ നടപടി നിർബന്ധമായുമുണ്ടാകണം.

ഇതുപോലെയുള്ള മറ്റൊരു പ്രശ്നമാണ് പട്ടയവുമായി ബന്ധപ്പെട്ട കാര്യം. ഈ ചർച്ചയിൽ ശ്രീ. എം. പി. വിൻസെന്റ് ഉൾപ്പെടെയുള്ള ആളുകൾ 1977 ജനുവരി 1 കട്ട് ഓഫ് ഡേറ്റായി വച്ച് മലയോരമേഖലകളിൽ പട്ടയം കൊടുക്കുന്നതുമായി ബന്ധപ്പെട്ടകാര്യം പറയുകയുണ്ടായി. മാറിമാറി വന്ന ഗവൺമെന്റുകൾ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ മലയോരമേഖലയിലെ ആളുകൾക്ക് പട്ടയം കൊടുക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ട്. അത് സംബന്ധിച്ചെല്ലാം നിയമസഭയിൽ ചർച്ചകളുണ്ടായിട്ടുണ്ട്. വനം വകുപ്പും റവന്യൂ വകുപ്പും സംയുക്ത പരിശോധന നടത്തി അർഹരായ ആളുകൾക്ക് പട്ടയം കൊടുക്കുന്നതിനു

വേണ്ടിയാണ് തർക്കമറ്റരീതിയിൽ 1977 ജനുവരി 1 കട്ട് ഓഫ് ഡേറ്റ് വച്ചത്. ആ കാലയളവില്ലുള്ള ആളുകൾക്കുമുഴുവൻ പട്ടയം കൊടുത്തു തീർക്കാനുള്ള നടപടിയുണ്ടാകണം. അതോടൊപ്പം വളരെ പ്രധാനപ്പെട്ടതാണ് തീരദേശ മേഖലയിലെ ജനങ്ങളുടെ പട്ടയ പ്രശ്നം. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള 9 തീരദേശ ജില്ലകളിൽ പ്രത്യേകിച്ചും കടലോര ജില്ലകളിലും കായലോരം വരുന്ന കോട്ടയം ഉൾപ്പെടെയുള്ള ജില്ലകളിലും പട്ടയം ലഭിക്കാത്ത പതിനായിരക്കണക്കിന് ആളുകളുണ്ട്. സുനാമിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ കുറച്ചുപേർക്ക് പട്ടയം കൊടുത്തു എന്നുള്ളതൊഴിവാക്കിയാൽ പതിനായിരക്കണക്കിന് ആളുകൾക്കാണ് ഈ ജില്ലകളിൽ പട്ടയം ലഭിക്കാനുള്ളത്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള തീരപ്രദേശത്ത് ഞാനൊരു ജനസമ്പർക്ക പരിപാടി നടത്തുകയുണ്ടായി. അതിൽ കൂടുതലാളുകളും വളരെ സങ്കടത്തോടുകൂടി പറയുന്നത് പട്ടയത്തിന്റെ കാര്യമാണ്. മലപ്പുറം ജില്ലയിൽ ചെയറിലിരിക്കുന്ന ശ്രീ. കെ. എൻ. എ. ഖാദറിന്റെ നിയോജകമണ്ഡലമുൾപ്പെടെയുള്ള ഏത് സ്ഥലത്ത് ചെന്നാലും അവിടെയെല്ലാം താമസിക്കുന്നവർ പട്ടയമില്ലാത്തവരാണ്. കൊല്ലം ജില്ലയിലും തിരുവനന്തപുരം ജില്ലയിലുമാണ് പട്ടയമില്ലാത്ത ഏറ്റവും കൂടുതലാളുകളുള്ളത്. അവരെല്ലാവരും വർഷങ്ങളായി തീരദേശമേഖലകളിൽ താമസിക്കുന്ന ആളുകളാണ്. അവർക്ക് റേഷൻ കാർഡുണ്ട്, വോട്ടർ പട്ടികയിൽ പേരുണ്ട്, ഐ.ഡി. കാർഡുകളൊക്കെയുണ്ട്. പക്ഷേ പട്ടയം നൽകിയിട്ടില്ല. പട്ടയം ലഭിക്കാത്തതുകൊണ്ട് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവിടങ്ങളിൽനിന്ന് യാതൊരുതരത്തിലുമുള്ള ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. മലയോര മേഖലകളിൽ വനവുമായി ബന്ധപ്പെട്ട് തർക്കമില്ല. തീരദേശ മേഖലയിൽ പതിറ്റാണ്ടുകളായി കൈവശം വച്ചുപയോഗിച്ചുകൊണ്ടിരിക്കുന്ന അവരുടെ ഭൂമിക്ക് പട്ടയം കൊടുക്കേണ്ടതാണ്. പലപ്പോഴും ഉദ്യോഗസ്ഥർ പറയുന്നത് CRZ നിയമമുള്ളതുകൊണ്ട് പട്ടയം കൊടുക്കാൻ കഴിയില്ലെന്നാണ്. CRZ നിയമം ബാധകമായിട്ടുള്ളത് നിർമ്മാണ പ്രവൃത്തികൾക്കാണ്. നിലവിലുള്ള വീടുകൾക്കും നിലവിലുള്ള വീടുകൾ പുതുക്കിപ്പണിയുന്നതിനും CRZ നിയമം തടസ്സമല്ല. CRZ നിയമത്തിലെ മുഴുവൻ വകുപ്പുകൾ പരിശോധിച്ചാലും നിലവിലുള്ളവർക്ക് പട്ടയം കൊടുക്കുന്നതിന് നിയമത്തിൽ യാതൊരു തടസ്സവുമില്ല. അതുകൊണ്ട് നിലവിൽ ഭൂമി കൈവശമുള്ളവർക്ക് പട്ടയം കൊടുക്കണം. അങ്ങനെ പട്ടയം കൊടുക്കാത്തതിനാൽ കേരളത്തിൽ വലിയ പ്രക്ഷോഭങ്ങൾ നടന്നു വരികയാണ്.

സാമുദായിക സംഘടനകൾ, ബിഷപ്പുമാർ, മതസംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തുടങ്ങിയവർ കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ വലിയ സമരങ്ങൾ നടത്തിവരികയാണ്. സെക്രട്ടേറിയറ്റ് മാർച്ചുൾപ്പെടെയുള്ള പ്രക്ഷോഭം നടത്തുകയുണ്ടായി. സൂസപാക്യം തിരുമേനി ഉൾപ്പെടെയുള്ള ആളുകൾ എത്രയോ തവണ സെക്രട്ടേറിയറ്റിന് മുന്നിൽ സമരപരിപാടികൾ നടത്തുകയുണ്ടായി. തീരദേശത്തെ രൂപതകളും മറ്റ് മതസാമുദായിക സംഘടനകളും ഒന്നിച്ചു നിന്നുകൊണ്ട് ഇതിനെതിരായി വികാരപരമായ അഭിപ്രായങ്ങൾ പറയുകയാണ്. കടലിന്റെ വേലിയേറ്റവും വേലിയിറക്കവുംപോലെ തീരദേശ ജനത അവരുടെ ജീവിതവുമായി ബന്ധപ്പെട്ട് പ്രയാസങ്ങളുണ്ടാകുമ്പോൾ അവർ പെട്ടെന്ന് വികാരപരമായി പ്രതികരിക്കപ്പെടും. അങ്ങനെയുള്ള ഒരു സമൂഹത്തിന് അർഹമായ പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കണം. കേരളത്തിൽ ഇതുവരെ ഒരു ഗവൺമെന്റിന്റെ കാലത്തുമില്ലാത്ത രീതിയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ സ്വന്തം ഭൂമി കൊടുത്ത് മാതൃക കാണിച്ച ആളാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വികസനവും കരുതലും എന്നതിന്റെ ഭാഗമായി കരുതലിലേയ്ക്ക് അങ്ങയുടെ വകുപ്പിന്റെ വലിയ കോൺട്രിബ്യൂഷൻ നടത്തിയ ആളാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി. അതുകൊണ്ട് വളരെ പാവപ്പെട്ട, ആദിവാസികളുൾപ്പെടെയുള്ള കാടിന്റെ മക്കൾക്കും ആദിവാസികളെപോലെ ദുർബ്ബല ജീവിതസാഹചര്യമുള്ള, പാർശ്വവൽക്കരിക്കപ്പെട്ട തീരദേശജനതയ്ക്കും പട്ടയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇനി പത്ത് മാസക്കാലമാണ് ഈ ഗവൺമെന്റിനുള്ളത്. തുടർഭരണം വരുമെന്ന് ഉറപ്പുള്ളതുകൊണ്ടുതന്നെ അതിന്റെകൂടി ഭാഗമായി അങ്ങ് പട്ടയം കൊടുക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണം. തീരദേശജനതയുടെ കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രകൃതിക്ഷോഭവും അതുമായി ബന്ധപ്പെട്ട ദുരിതാശ്വാസ പ്രവർത്തനവും ഇന്നത്തെ ചർച്ചയിൽ പലരും ഉന്നയിച്ച കാര്യമാണ്. പ്രകൃതിക്ഷോഭ ദുരന്തത്തിൽ ഇടിമിന്നലും കടലാക്രമണവും ഉൾപ്പെടുത്തിയിട്ടില്ല. പാമ്പുകടിക്കുന്നതിനുള്ള സഹായം ഇതിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും കൂടുതൽ കടലാക്രമണം നടക്കുന്നത് ഈ സീസണിലാണ്. കേരളത്തിൽ 590 കിലോമീറ്ററിൽ ഭൂരിപക്ഷം സ്ഥലത്തും കടലാക്രമണം നടക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് തീരദേശ എം.എൽ.എ.-മാരുടെ പ്രത്യേക യോഗം വിളിക്കുകയുണ്ടായി. തീരദേശ എം.എൽ.എ.-മാർ പറഞ്ഞ കാര്യങ്ങളോട് വളരെ പോസിറ്റീവായി അദ്ദേഹം

ഇടപെടുകയും അതിന് പണം അനുവദിക്കാനും ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും പെട്ടെന്ന് പരിഹാരം കാണാനുമുള്ള മാർഗ്ഗമുണ്ടാക്കി. പ്രകൃതിക്ഷോഭമുണ്ടാകുന്ന സന്ദർഭത്തിൽ കടൽക്കരയിലെ തെങ്ങുകളും ഭൂമിയും പിഴുതുപോകുകയാണ്. പുഴ ഇടിഞ്ഞുപോയാൽ ആ പുഴ സംരക്ഷിക്കാൻ വേണ്ടി ചെയ്യുന്നതുപോലെ കടൽഭിത്തി ഇടിഞ്ഞുപോകുമ്പോൾ അത് സംരക്ഷിക്കാൻ വേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ ഏതെങ്കിലും സ്കീമിന് കാത്തുനിൽക്കാതെ പ്രകൃതിക്ഷോഭത്തിനാവശ്യമായ സഹായം നൽകുന്ന രീതിയിൽ അങ്ങ് നിർബന്ധമായും ഇടപെടണം. തീപിടിത്തം പ്രകൃതി ദുരന്തത്തിൽ ഉൾപ്പെടുത്തിയി ട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. പ്രകൃതിക്ഷോഭത്തിൽ ഏതെല്ലാം ദുരന്തങ്ങൾ ഉൾപ്പെടുത്തണമെന്ന് തീരുമാനിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. അതിനാൽ കടൽക്ഷോഭവും ഇടിമിന്നലും തീ പിടിത്തവുമെല്ലാം പ്രകൃതിക്ഷോഭ ദുരന്തത്തിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്രഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്താൻ തയ്യാറാകണം.

ഇന്നത്തെ ധനാഭ്യർത്ഥനയിൽ ജില്ലാ ഭരണകൂടവും ഉൾപ്പെടുന്നുണ്ട്. ജില്ലാ ഭരണകൂടങ്ങളിൽ ഐ.എ.എസ്. കേഡറിലുള്ള ആളുകളാണ് ജില്ലാ കളക്ടർ മാരായിരിക്കുന്നത്. മുഖ്യമന്ത്രിയുടെ 'കരുതൽ' എന്ന ജനസമ്പർക്ക പരിപാടിയിൽ പതിനാല് ജില്ലയിലെ കളക്ടർമാരും കഠിനാദ്ധ്വാനം ചെയ്തിട്ടുണ്ട്. പക്ഷെ കളക്ടർമാർക്കുള്ള ബുദ്ധിമുട്ടെന്നുപറയുന്നത്, അവർ ഏകദേശം നൂറോളം കമ്മിറ്റികളുടെ ചെയർമാന്മാരാണ്. ജനാധിപത്യവും ജില്ലാ പഞ്ചായത്തുകളും അധികാര വികേന്ദ്രീകരണവുമൊക്കെ വന്നിട്ടും കളക്ടർമാരുടെ ചെയർമാൻഷിപ്പ് മാറ്റിയിട്ടില്ല. പലപ്പോഴും ജില്ലാ കളക്ടർമാർക്ക് മറ്റ് കാര്യങ്ങൾ നോക്കാൻ സമയം കിട്ടാറില്ല. നൂറിൽപ്പരം കമ്മിറ്റികളുള്ളതുകൊണ്ടും രണ്ട് മാസത്തിലൊരിക്കലെങ്കിലും കമ്മിറ്റി കൂടണമെന്നുള്ളതുകൊണ്ടും പലപ്പോഴും കളക്ടർമാർ കൂടുതൽ സമയവും അതിനാണ് ചെലവഴിക്കുന്നത്. വളരെ സാധാരണക്കാരായ ആളുകൾ കളക്ടറേറ്റിൽ വരുമ്പോൾ കളക്ടർമാരുമായി സമ്പർക്കം പുലർത്താൻ കഴിയുന്നില്ല. അതുകൊണ്ട് ജില്ലാ കളക്ടർമാർ എല്ലാ ദിവസവും ശരാശരി രണ്ട് മണിക്കൂറെങ്കിലും ജനങ്ങളുമായി ഇടപഴകുന്നതിനും ജനങ്ങളെ കാണുന്നതിനുംവേണ്ടി കളക്ടറേറ്റിൽ ഉണ്ടാകണമെന്നത് കർശനമാക്കണം. അതോടൊപ്പം ജില്ലാ കളക്ടർമാർ പലപ്പോഴും ഉദ്ഘാടനങ്ങൾക്ക് പോകാറുണ്ട്. പത്രങ്ങളിലൊക്കെ പടം വരാനും ഉദ്ഘാടനങ്ങൾക്ക് പോകാൻ വേണ്ടിയും വളരെ താൽപ്പര്യമെടുത്ത് പോകുന്ന ആളുകളാണ് പലരും. അവർ പലപ്പോഴും ഓഫീസിൽ ഇരിക്കാറില്ല. ആളുകൾ

വരുമ്പോൾ അവരുണ്ടാകാറില്ല. ഫയൽ കൃത്യമായി പരിശോധിച്ച് നൽകാറുമില്ല. എല്ലാവരും അത്തരക്കാരാണെന്ന് ഞാൻ പറയുന്നില്ല. ഐ.എ.എസ്. ഉദ്യോഗസ്ഥരായ കളക്ടർമാർ ഉദ്ഘാടനങ്ങൾക്ക് പോകേണ്ട ആവശ്യമില്ല. ഉദ്ഘാടനത്തിന് എം.എൽ.എ.-മാർ, എം.പി.-മാർ, മന്ത്രിമാർ ഉൾപ്പെടെ ജില്ലാ പഞ്ചായത്ത് വരെയുള്ള പ്രതിനിധികളുണ്ട്; അവർ പോകട്ടെ. ചെറുതും വലുതുമായ സ്വകാര്യ സ്ഥാപനങ്ങളുടെ ഉദ്ഘാടനത്തിന് കളക്ടർമാർ പോകുന്ന രീതി കൂടുതലായി വരികയാണ്. അതുകൊണ്ട് ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന, റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ഇത്തരം പ്രധാനപ്പെട്ട സ്ഥലങ്ങളിൽ നിർബന്ധമായും ആവശ്യമായ ക്രമീകരണമുണ്ടാക്കാൻ അങ്ങ് ഇടപെടണം.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, അങ്ങ് ഭൂരഹിതരായ തീരദേശ വാസികൾക്ക് പട്ടയം കൊടുക്കണമെന്നു പറഞ്ഞു. അത് പുറമ്പോക്കിൽ താമസിക്കുന്നവരുടെ കാര്യമാണ്. മറ്റൊരു വിഭാഗമാളുകളുണ്ട്. കരഭൂമിയിൽ താമസിക്കുന്നവരുടെ സർവ്വേ നടത്താത്തതുകാരണം അവർക്ക് പട്ടയം കൊടുക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ കേരളത്തിലുടനീളം കരഭൂമിയിൽ സർവ്വേ നടത്താത്ത ഭൂമിക്ക് പട്ടയം കൊടുക്കണമെന്നുണ്ടെങ്കിൽ പ്രത്യേക ഉത്തരവ് റവന്യൂ കമ്മീഷണറേറ്റിൽനിന്നും കളക്ടർക്ക് കൊടുക്കണം. അവർ സർവ്വേ നടത്തി വീണ്ടും സർക്കാർ ഭൂമി ആക്കി മാറ്റിയാലേ പട്ടയം കൊടുക്കാൻ പറ്റുകയുള്ളൂ. അതിനെക്കുറിച്ച് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുകൂടി ചെയ്യേണ്ടതല്ലേ?

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സർ, പല സ്ഥലത്തും കടലെടുക്കുന്നതുപോലെ കടൽ കരവച്ചു പോയിട്ടുണ്ട്. അതാണ് ബഹുമാനപ്പെട്ട മുൻ ഫിഷറീസ് വകുപ്പുമന്ത്രി ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞത്. അദ്ദേഹത്തിന് തീരദേശവുമായി വലിയ ബന്ധമുള്ളതുകൊണ്ടും നേരിട്ട് അനുഭവമുള്ളതുകൊണ്ടും ചെല്ലാനം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഒരു ഭാഗത്ത് കടലാക്രമണവും വേറൊരു ഭാഗത്ത് കരവച്ചുപോയ സ്ഥലങ്ങളുമുണ്ട്. അത്തരം സ്ഥലങ്ങൾ സർവ്വേ ചെയ്തു കൊടുക്കുന്നില്ല, വളരെ എളുപ്പത്തിൽ ചെയ്യാവുന്ന കാര്യമാണ്. അക്കാര്യത്തിൽ പ്രത്യേക താല്പര്യമെടുക്കണം. നമ്മുടെ സംസ്ഥാനത്ത് പുതിയ ആർ.ഡി. ഓഫീസുകൾ വരേണ്ടതുണ്ട്. ഇപ്പോൾ 21 ആർ.ഡി. ഓഫീസുകളാണുള്ളത്. 7 ജില്ലകളിലായി 2 റവന്യൂ ഡിവിഷനുകളുണ്ട്. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ 7 ജില്ലകളിൽ ഓരോ റവന്യൂ ഡിവിഷനുകൾ മാത്രമേ നിലവിലുള്ളൂ. തിരുവനന്തപുരത്തുതന്നെ ഒരു പുതിയ റവന്യൂ ഡിവിഷനുവേണ്ടിയുള്ള പ്രൊപ്പോസൽ അങ്ങയുടെ മുന്നിലുണ്ടെന്ന്

അറിയാൻ കഴിഞ്ഞു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന സന്ദർഭത്തിൽ തൃശ്ശൂരിൽ കൊടുങ്ങല്ലൂർ ആസ്ഥാനമായി ഒരു ആർ.ഡി. ഓഫീസ് മുഴുവൻ ഡേറ്റാകളും കളക്ട് ചെയ്ത് അതിന്റെ വിശദാംശങ്ങളൊക്കെ വച്ച് ഫിനാൻഷ്യൽ കമ്മിറ്റ്മെന്റ് ഇല്ലാത്ത രീതിയിൽ തുടങ്ങുന്നതിനുവേണ്ടി ഞാൻ ശ്രദ്ധക്ഷണിക്കൽ പ്രമേയം കൊണ്ടുവന്നിരുന്നു. അന്ന് റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അത് കമ്മിറ്റ് ചെയ്യുകയും ചെയ്തതാണ്. പിന്നീട് അദ്ദേഹം റവന്യൂ വകുപ്പിൽനിന്ന് മാറുന്ന സാഹചര്യമുണ്ടായി. തൃശ്ശൂരിൽ പുതിയൊരു ആർ.ഡി. ഓഫീസ് കൊടുങ്ങല്ലൂർ ആസ്ഥാനമായി കൊണ്ടുവരണമെന്ന് പറഞ്ഞിരുന്നു. 7 ജില്ലകളിൽ പുതിയ റവന്യൂ ഓഫീസുകൾ വരേണ്ടതുണ്ട്. തിരുവനന്തപുരത്തും തൃശ്ശൂർ ജില്ലയിലും അടിയന്തരമായി ഇതിനുവേണ്ടിയുള്ള ഇടപെടലുണ്ടാകണം.

<u>ശ്രീ. സി. പി. മുഹമ്മദ്:</u> സർ, ഇന്നിവിടെ നടന്ന ചർച്ചയിൽ കേരളത്തിലെ നദികൾക്കുവേണ്ടി അതോറിറ്റി വേണമെന്ന് രണ്ടുമൂന്ന് മെമ്പർമാർ ഉന്നയിക്കുകയുണ്ടായി. സ്വാതന്ത്ര്യംകിട്ടി ഐക്യകേരളമുണ്ടായി ഇത്രയും വർഷമായിട്ടും 44 നദികളിൽ ഒരു നദിയേയും സംരക്ഷിക്കാൻ ഇന്നുവരെ ഒരു സംവിധാനവുമുണ്ടായിട്ടില്ല. പമ്പ അതോറിറ്റി ഫലപ്രാപ്തിയിലെത്തുന്നു എന്നു പറഞ്ഞു, അതിലും യാതൊരു നടപടിയുമായിട്ടില്ല. അതുകൊണ്ട് കേരളത്തിലെ പ്രധാനപ്പെട്ട രണ്ടോ മൂന്നോ നദികൾക്കായി അഞ്ചോ ആറോ അതോറിറ്റികൾ രൂപവൽക്കരിക്കണമെന്ന കാര്യത്തിൽ താങ്കളുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> : സർ, ബഹുമാനപ്പെട്ട ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞകാര്യവുമായി ബന്ധപ്പെട്ട് ശ്രദ്ധക്ഷണിക്കൽ പ്രമേയം നേരത്തെ കൊണ്ടുവന്നതാണ്. നദികളെ സംരക്ഷിക്കാൻ അർദ്ധ ജുഡീഷ്യൽ അധികാരമുള്ള ഒരു അതോറിറ്റി രൂപീകരിക്കുക എന്നുള്ളതാണ്. ശ്രീ. വി. ഡി. സതീശനും ശ്രീ. വി. റ്റി. ബൽറാമും ശ്രീമതി മേധാ പട്കർ ഉൾപ്പെടെയുള്ളവർ, കേരളത്തിലെ നദികളെ സംരക്ഷിക്കുന്നതിനുവേണ്ടി മുഴുവൻ നദികളെയും നദീതീരങ്ങളെയും ബന്ധപ്പെടുത്തിക്കൊണ്ട് നെയ്യാറിൽനിന്നും യാത്ര തുടർന്നുകൊണ്ടിരിക്കുകയാണ്. അതിലേറ്റവും പ്രധാനപ്പെട്ട ലക്ഷ്യം ഭാരതപ്പുഴയാണ്. ഞങ്ങളുടെ ഡിമാന്റ് അർദ്ധ ജുഡീഷ്യൽ പവറുള്ള ഒരു അതോറിറ്റി വേണമെന്നുള്ളതാണ്.

ഞാനൊരു കാര്യംകൂടി പറയാനാഗ്രഹിക്കുകയാണ്. ഈ സഭയിൽ നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട സന്തോഷമുള്ള കാര്യം, അരുവിക്കര തെരഞ്ഞെടുപ്പിനുശേഷം നടക്കുന്ന ഒരു നിയമസഭാസമ്മേളനമെന്നുള്ള നിലയിൽ, ബഡ്ജറ്റിന്റെ പൂർണ്ണമായ

സ്കൂട്ടിനി നടക്കുന്ന നിലയിൽ കേരള രാഷ്ട്രീയത്തിൽ പുതിയ വഴിത്തിരിവുകൾ ഉണ്ടാകേണ്ടതിന്റെ സൂചനകൾ വന്ന സന്ദർഭമാണ്. യു.ഡി.എഫ്. ആയാലും എൽ.ഡി.എഫ്. ആയാലും അരുവിക്കര തെരഞ്ഞെടുപ്പിന്റെ ചില ഗുണഫലങ്ങൾ അല്ലെങ്കിൽ പാഠങ്ങൾ പഠിക്കേണ്ടതുണ്ട്. ഇന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും ഇന്നലെ മുഖ്യമന്ത്രിയും നിയമസഭയിൽ അക്കാര്യം കൃത്യമായി പറയുകയുണ്ടായി. ഞങ്ങൾക്ക് ഈ ജയംകൊണ്ട് അഹങ്കാരമോ തലക്കനമോയില്ല. ജയിച്ചുവെങ്കിലും ഞങ്ങൾക്കും ചില കാര്യങ്ങളിൽ ബോധ്യങ്ങളുണ്ട്. കേരള രാഷ്ട്രീയത്തിൽ ചില ധ്രുവീകരണങ്ങൾ നടക്കുന്നുണ്ട്. ആ ധ്രുവീകരണങ്ങൾ ഗുണകരമല്ല. ഇടതുപക്ഷം തോറ്റു എന്നുള്ളതുകൊണ്ട് അമിതമായ ആഹ്ലാദം ഉണ്ടാകുകയല്ല വേണ്ടത്, ആ തോൽവിയിലും വേറെ ചില സ്ഥലത്തേയ്ക്ക് ജനപക്ഷ യാത്ര ഉണ്ടായിട്ടുണ്ട്. അത് ബി.ജെ.പി.-യിലേക്ക് പോയിരിക്കുന്ന ജനങ്ങളുടെ വോട്ട് തന്നെയാണ്. അപകടകരമായ ഒരു സൂചനയാണുള്ളത്. കമ്മ്യൂണിസ്റ്റ് പാർട്ടി തകർന്നതുകൊണ്ടോ നശിച്ചതുകൊണ്ടോ അതിന്റെ ഗുണം കോൺഗ്രസ്സിനോ യു.ഡി.എഫ്.-നോ ഉണ്ടാകുന്നതിൽ ആഹ്ലാദിക്കുന്നതല്ല. നിങ്ങൾ ഞങ്ങളെ എതിർക്കുമ്പോൾ ഞങ്ങൾ നിങ്ങളുടെ രാഷ്ട്രീയത്തെയാണ് എതിർക്കുന്നത്. ഈ രീതിയിൽപോകുന്ന നിങ്ങളുടെ രാഷ്ട്രീയവുമായി ഞങ്ങൾക്ക് ഒരിക്കലും യോജിക്കാൻ കഴിയില്ല. നിങ്ങൾ പുറത്ത് മതനിരപേക്ഷത പറയുകയും എന്നാൽ ശരിയായ രീതിയിൽ ന്യൂനപക്ഷ പ്രീണനത്തിനുവേണ്ടി എല്ലാ അടവുകളും പ്രയോഗിച്ചിട്ടുള്ള വരുമാണ്. ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ സമീപനം മുതൽ അവസാനം ശ്രീ. പിണറായി വിജയന്റെ സമീപനംവരെ ആ ശൈലിയാണ്. കേരളത്തിൽ അപകടകരമായ രീതിയിൽ ഭൂരിപക്ഷ വർഗ്ഗീയതയെ ചൂഷണം ചെയ്യാൻ നരേന്ദ്രമോദിയുടെ പുതിയ രാഷ്ട്രീയ സംസ്കാരത്തിന് അവസരം വച്ചുകൊടുക്കുന്നു എന്നത് മറന്നുപോകരുത്. അതുകൊണ്ട് നിങ്ങളും ഒരു തിരുത്തൽ വരുത്തണം. ഞങ്ങൾ സ്വാഭാവികമായും പുതിയ രാഷ്ട്രീയം കാണുകയാണ്. മതനിരപേക്ഷതയിൽ ഉറച്ചുനിന്നുകൊണ്ട് ഭൂരിപക്ഷ വികാരമെന്നോ ന്യൂനപക്ഷ വികാരമെന്നോ ഇല്ലാതെ ശരിയായ രീതിയിലുള്ള ശുദ്ധരാഷ്ട്രീയത്തിന്റെ വഴികൾ തന്നെയാണ് കോൺഗ്രസ്സും യു.ഡി.എഫ്.-ഉം ആഗ്രഹിക്കുന്നത്. അതൊരു താല്ക്കാലിക വിജയത്തിനു വേണ്ടിയല്ല. ഈ തെരഞ്ഞെടുപ്പ് നല്കുന്നത് വലിയൊരു പാഠമാണ്. അരുവിക്കരയിൽ ബി.ജെ.പി.-ക്ക് ലഭിച്ച വോട്ട് നമ്മുടെ എല്ലാവരുടെയും കണ്ണ് തുറന്നേ മതിയാകൂ. നാളെ ഒരുപക്ഷെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ തെരഞ്ഞെടുപ്പിലും വരാൻ

പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിലും ഞങ്ങൾക്ക് ഇന്നുള്ളതിനേക്കാൾ കുറേക്കൂടി മെച്ചംകിട്ടിയെന്നു വരാം. ഞങ്ങൾക്ക് ഇപ്പോഴുള്ള എം.എൽ.എ.-മാരെക്കാൾ 100-ൽപ്പരം എം.എൽ.എ.-മാരുമായി ഭരണത്തുടർച്ച അടുത്ത നിയമസഭാ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ ഉണ്ടാകുമെന്നുള്ളതിൽ തർക്കമില്ല. നിങ്ങളും അത് സമ്മതിക്കുമെന്നറിയാം. പഞ്ചായത്ത് ഇലക്ഷനിലും ഇതിന്റെ ഗുണം ഞങ്ങൾക്കുണ്ടാകും. ഇവിടെ സ്ഥായിയായി ഉണ്ടാകുന്നത്, എൽ.ഡി.എഫ്.-നും യു.ഡി.എഫ്.-നും ബദലായി വരുന്നത് ഏതെങ്കിലും ഒരു സെക്കുലർ ഫോഴ്സ് ആയിരുന്നുവെങ്കിൽ നമുക്ക് മനസ്സിലാക്കാമായിരുന്നു. അങ്ങനെയൊരു സെക്കുലർ ഫോഴ്സല്ല. വളരെ അപകടകരമായ രീതിയിലുള്ള ഒരു വ്യതിയാനമാണ്. അതിന് പ്രധാന കാരണം, കേരളത്തിലെ കമ്മ്യൂണിസ്റ്റ്-മാർക്സിസ്റ്റ് പാർട്ടി തന്നെയാണ്. നിങ്ങളുടെ സമീപനത്തിൽ മാറ്റം വരുത്തണം; രാഷ്ട്രീയത്തിൽ മാറ്റം വരുത്തണം; നിങ്ങളുടെ അഹങ്കാരത്തിൽ മാറ്റം വരുത്തണം; നിങ്ങളുടെ ഗർവ്വുകളിൽ മാറ്റം വരുത്തണം; നിങ്ങളുടെ രാഷ്ട്രീയമുഖം കുറെക്കൂടി സൗമ്യമുഖമാകണം; നിങ്ങളുടേത് ഇപ്പോൾ സൗമ്യ രാഷ്ട്രീയമുഖമല്ല. ശ്രീ. എ. കെ. ആന്റണിയെപ്പോലുള്ള ഒരാളെ അരുവിക്കരയിൽ വന്ന് നിങ്ങൾ ചീത്ത പറഞ്ഞാൽ, ശ്രീ. എ. കെ. ആന്റണി ആരാണെന്നുള്ളത് ഈ സഭയിൽ ചർച്ച ചെയ്യേണ്ട കാര്യമില്ല. കേരളത്തിൽ അരി ആഹാരം കഴിക്കുന്ന മുഴുവൻ ആളുകൾക്കുമറിയാം. എൽ.ഡി.എഫ്. എന്നോ യു.ഡി.എഫ്. എന്നോ ബി.ജെ.പി. എന്നോ വ്യത്യാസമില്ലാതെ മുഴുവൻ ആളുകളും ഒരുപോലെ അംഗീകരിക്കുന്ന സംശുദ്ധ രാഷ്ട്രീയത്തിന്റെയും രാഷ്ട്രീയ നേർരേഖയുടെയും സ്വഭാവശുദ്ധിയുടെയും പ്രതീകമാണ് ശ്രീ. എ. കെ. ആന്റണി. ശ്രീ. എ. കെ. ആന്റണിയെപ്പോലുള്ള ആളുകളെ അദ്ദേഹത്തിന്റെ ശരീരഘടന നോക്കിക്കൊണ്ട്, 92 വയസ്സായ ഞങ്ങളൊക്കെ എതിർപ്പുണ്ടെങ്കിലും വ്യക്തിപരമായി ബഹുമാനിക്കുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദനെപ്പോലുള്ള ആളുകൾ പറഞ്ഞാൽ അതൊക്കെ അരുവിക്കരയിൽ ഉമ്മൻ ചാണ്ടിയുടെ വികസനവും കരുതലിനും കിട്ടിയ അംഗീകാരത്തോടൊപ്പം ഇത്തരത്തിലുള്ള നിങ്ങളുടെ അഹങ്കാര രാഷ്ട്രീയത്തിനും നിഷേധാത്മക രാഷ്ട്രീയത്തിനുമെതിരെ കിട്ടുന്ന താക്കീത് കൂടിയാണെന്ന് മറന്നുപോകരുത്. അതുകൊണ്ട് നിങ്ങളുടെ പെരുമാറ്റത്തിലും പ്രവൃത്തിയിലും ശരീരഭാഷയിലും വർത്തമാന ഭാഷയിലും ചിന്തയിലും കാര്യമായ മാറ്റമുണ്ടാകണം. കമ്മ്യൂണിസ്റ്റ് പാർട്ടി തകരരുതെന്നാഗ്രഹിക്കുന്നവരാണ് ഞങ്ങൾ. നിങ്ങൾ പൂർണ്ണമായും തകർന്നാൽ അതിന്റെ ഗുണം വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾക്കുണ്ടാകും.

മദ്യവും പണവും ഒഴുക്കിയാണ് അരുവിക്കര തെരഞ്ഞെടുപ്പിൽ ജയിച്ചതെന്ന് ഇന്നും സഭയിൽ പറയുകയുണ്ടായി. തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയുടെ പ്രസ്സ് മുറിയിൽ വന്ന് ആദ്യം പറഞ്ഞത് ഈ വിജയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളിലൊന്ന് ഈ ഗവൺമെന്റിന്റെ വിലയിരുത്തലാണ്, ഒപ്പം പ്രതിപക്ഷത്തിന്റെ വിലയിരുത്തലുമാണെന്നാണ്. അരുവിക്കരയിലെ ജനങ്ങൾ ഈ ഗവൺമെന്റിന്, ഗവൺമെന്റിന്റെ മദ്യനയത്തിന് കൊടുത്ത അംഗീകാരം കൂടിയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. കാരണം, ആദിവാസി സ്ത്രീകളുൾപ്പെടെ ഏറ്റവും പിന്നാക്കം നില്ക്കുന്ന പ്രദേശങ്ങളിലുള്ള സ്ത്രീകളടക്കമുള്ള ആളുകൾ അനുകൂലമായിരുന്നു. ഒരുപക്ഷെ കേരള രാഷ്ട്രീയത്തിൽ ഇത്രമാത്രം കുടുംബയോഗങ്ങളിൽപോയ ഒരു രാഷ്ട്രീയ നേതാവ് ഉമ്മൻ ചാണ്ടിയല്ലാതെ മറ്റാരും ഉണ്ടാകാനിടയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുടുംബയോഗങ്ങളിൽ പോയി സ്ത്രീകളുമായും വീട്ടമ്മമാരുമായും നേരിട്ട് സംസാരിച്ചിട്ടുള്ള കാര്യം അരുവിക്കരയിൽ പോയ മുഴുവൻ ആളുകൾക്കുമറിയാം. അദ്ദേഹം പങ്കെടുത്ത കുടുംബയോഗങ്ങളിലെല്ലാം അദ്ദേഹത്തെ ഏറ്റവും കൂടുതൽ സ്വീകരിച്ചത് ന്യൂനപക്ഷ വിഭാഗവും ഭൂരിപക്ഷ വിഭാഗവുമൊക്കെയുള്ള സ്ഥലത്തുള്ളവരാണ്. അതിനുകാരണം ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളും ബാറുകളും പൂട്ടാൻ വേണ്ടി സ്വീകരിച്ച നടപടിയും മദ്യനയത്തിൽ എടുത്ത ധീരമായ സമീപനത്തിനും കൊടുത്ത അംഗീകാരമാണ്. അങ്ങനെയുള്ള തെരഞ്ഞെടുപ്പ് ഫലത്തെ മദ്യത്തിലൊഴുക്കി എന്നുപറയുന്നത് വളരെ അപമാനകരമാണെന്നുകൂടിപറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, പുറത്ത് ഒരു പത്രസമ്മേളനം നടത്തി ഈ വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചതായി വകുപ്പുമന്ത്രി അവകാശപ്പെട്ടിരുന്നു. പക്ഷേ അതുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനയെക്കുറിച്ച് സഭയിൽ ചർച്ച ചെയ്യാനാവില്ല. അതിന് ഞങ്ങൾ ഉദ്ദേശിക്കുന്നുമില്ല. വാച്ച് ആന്റ് വാർഡിന്റെ തിക്കിനും തിരക്കിനുമിടയിൽ ബഡ്ജറ്റ് അവതരിപ്പിക്കാൻ ഉദ്ദേശിച്ച ദിവസം സ്പീക്കർ ആംഗ്യം കാണിച്ചപ്പോൾ ധനകാര്യ വകുപ്പുമന്ത്രിയും കുറേയാളുകളും അവിടെ നിന്ന് ലഡു വിഴുങ്ങി. അതാണിവിടെ സംഭവിച്ചത്. അതിനുശേഷം ബഡ്ജറ്റിനെക്കുറിച്ചുള്ള വിവരം പുറത്തുപോയി പറയുകയും ചെയ്തു. ചട്ടപ്രകാരം ഇത്തവണത്തെ ബഡ്ജറ്റ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടില്ലെന്ന ഞങ്ങളുടെ നിലപാടിൽ മാറ്റമില്ലാതെ നിൽക്കുകയാണ്. പക്ഷേ ഈ രാഷ്ട്രീയ ലഡു വിഴുങ്ങികളുടെ കഴിഞ്ഞ നാലുവർഷക്കാലത്തെ ഭരണത്തിൽ ഈ നാട്ടിലെ

ജനങ്ങൾക്കുണ്ടായിട്ടുള്ള കെടുതികളും പ്രശ്നങ്ങളും ഉന്നയിക്കാനാണ് ഞങ്ങളുദ്ദേശിക്കുന്നത്. സംസ്ഥാനത്തിന്റെ ധനസ്ഥിതിയും തകർച്ചയുമെല്ലാം പ്രതിപക്ഷത്തു നിന്നും നേരത്തെ സംസാരിച്ചവർ ഉന്നയിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിനും മറ്റു വകുപ്പുകൾക്കും നാഥനും നേതൃത്വവും ഇല്ലാതായിരിക്കുന്നു. നമുക്ക് ലഭിക്കുന്ന പണംപോലും ശരിയായ രീതിയിൽ ഉപയോഗിക്കാൻ കഴിയുന്നില്ല. കാരണം, അതിനുള്ള ലീഡർഷിപ്പില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2011-12-ൽ 141.86 കോടി രൂപയുടേയും 2012-13-ൽ 96.75 കോടി രൂപയുടേയും 2013-14-ൽ 347.11 കോടി രൂപയുടേയും കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ലാപ്സാക്കിയത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഫലവത്തായി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ട് ലാപ്സായതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ ഒരോ പദ്ധതികളുടെയും പ്രഖ്യാപനം മുഖ്യമന്ത്രിയുൾപ്പെടെയുള്ള എല്ലാ മന്ത്രിമാരും നടത്തുകയാണ്. ഇപ്പോഴും ഭരണപക്ഷത്തുള്ള ചിലർ ചർച്ചയിൽ അക്കാര്യം ആവർത്തിച്ചു കൊണ്ടിരിക്കുകയാണ്. മോണോ റെയിൽ പദ്ധതി പ്രഖ്യാപിച്ചു, പക്ഷെ അത് നടന്നില്ല. കഴിഞ്ഞ ലോക്സഭാ ഇലക്ഷൻ സമയത്ത് വോട്ട് അഭ്യർത്ഥിക്കുന്ന സമയത്ത് അതൊരു പ്രചരണ ആയുധമാക്കി. പിന്നെ ആർക്കും ബോധ്യപ്പെടാത്ത ചില കാര്യങ്ങൾ പറഞ്ഞ് അക്കാര്യം ഒഴിവാക്കി. ഇപ്പോൾ പറയുന്നത് ലൈറ്റ് മെട്രോയാണ് ഇനി വരാൻ പോകുന്നതെന്നാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന കോഴിക്കോട് ഉൾപ്പെടെ വരുന്ന കാര്യമാണത്. പക്ഷേ ആ പദ്ധതിക്ക് പണമില്ല, അതിനുള്ള യാതൊരു നടപടികളിലേയ്ക്കും നീങ്ങിയിട്ടുമില്ല. അതുപോലെ ഈ സർക്കാരിന്റെ കെടുകാര്യസ്ഥത കാരണം കോഴിക്കോടുള്ള സൈബർ പാർക്ക് നിർമ്മാണം രണ്ടര വർഷമായി മുടങ്ങിയിരിക്കുകയാണ്. ഇപ്പോൾ അത് പുനരാരംഭിച്ചുവെങ്കിലും പദ്ധതി പൂർത്തിയാകേണ്ട സമയം കഴിഞ്ഞു. ഇതെല്ലാം ഈ നാലു വർഷക്കാലത്തെ അനുഭവങ്ങളാണ്. എന്നാൽ വൻ പദ്ധതികൾ പ്രഖ്യാപിക്കുകയും അതിന്റെ പ്രചരണത്തിനുവേണ്ടി കോടിക്കണക്കിന് രൂപ ചെലവഴിച്ച് വലിയ പരസ്യങ്ങൾ കൊടുക്കുകയുമാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ലഭിച്ച കണക്കനുസരിച്ച് നടക്കാത്ത പദ്ധതികളുടെ പരസ്യത്തിന് 110 കോടി രൂപയോളം രൂപ ഈ നാലുവർഷത്തിനിടയിൽ ചെലവഴിച്ചു. ജനങ്ങളുടെ തലയിൽ നികുതിഭാരം അടിച്ചേൽപ്പിച്ചു കൊണ്ടാണ് ഇതെല്ലാം ചെയ്യുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ എല്ലാ ബഡ്ജറ്റും നോക്കിയാലറിയാം, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ അഞ്ചു

വർഷക്കാലത്തെ ഭരണത്തിൽ നികുതി വർദ്ധനവിന്റെ തോത് വളരെ നാമമാത്രമായിരുന്നു. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നികുതി പല രീതിയിലാണ്. ചരിത്രത്തിലാദ്യമായി പ്രത്യേക നികുതിവർദ്ധനവ് ഓർഡിനൻസിലൂടെ കൊണ്ടുവന്ന എന്നുള്ള ഖ്യാതിയും നിങ്ങൾക്കുള്ളതാണ്. 2100 കോടി രൂപയുടെ വർദ്ധനവ് കൊണ്ടുവന്നു. അങ്ങനെ പത്രസമ്മേളനം വഴി പുറത്തു നടത്തിയ ബഡ്ജറ്റ് ഉൾപ്പെടെ 8,142 കോടിയിലധികം രൂപയുടെ ക്രൂരമായ നിലയിലുള്ള നികുതി വർദ്ധന ജനങ്ങളുടെ തലയിൽ നിങ്ങൾ അടിച്ചേൽപ്പിച്ചു. അതിന്റെ എന്തെങ്കിലും ഗുണമുണ്ടായോ; അങ്ങനെയെല്ലാം വരുമാനം സമാഹരിച്ചുകഴിഞ്ഞാൽ എന്തെങ്കിലും ഉപകാരം ജനങ്ങൾക്കുണ്ടാകണ്ടേ; എല്ലാ കാര്യങ്ങളിലും കോടാനുകോടി രൂപയുടെ കുടിശ്ശികയല്ലേയുള്ളത്; കരാറുകാർക്ക് കൊടുക്കാൻ 3,500 കോടിയോളം രൂപ കുടിശ്ശികയായതുകൊണ്ട് ഇപ്പോൾ ടെൻഡർ ചെയ്ത പ്രവൃത്തികൾപോലും എടുക്കുന്നില്ല. എല്ലാവർക്കും അതിന്റെ ബുദ്ധിമുട്ടുണ്ട്. ഭരണപ്രതിപക്ഷ ഭേദമന്യേ എം.എൽ.എ.-മാരൊക്കെ അത്തരം ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയല്ലേ; സിവിൽ സപ്ലൈസ് കോർപ്പറേഷന് 400 കോടി രൂപയിലധികം കൊടുക്കാനുണ്ട്. നെല്ല് സംഭരിച്ച ഇനത്തിൽ 300 കോടി രൂപയുടെ കുടിശ്ശിക, മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് 340 കോടി രൂപ, കൺസ്യൂമർഫെഡിന് സാധനങ്ങൾ വാങ്ങിയതിന് കൊടുക്കാനുള്ളത് 307 കോടിയിലധികം രൂപ. കൺസ്യൂമർഫെഡിന് സാധനങ്ങൾ കൊടുത്തിട്ട് പൈസ കിട്ടാത്ത 87 ലക്ഷം രൂപയുടെ കേസാണ് കോഴിക്കോടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയെ കാണണമെന്നുപറഞ്ഞ് അവരെന്നെ സമീപിച്ചിരുന്നു. കൺസ്യൂമർ ഫെഡിന് കൊടുക്കാൻ കഴിയുന്നില്ല. പാവപ്പെട്ട കർഷകത്തൊഴിലാളികളുടെ പെൻഷൻ ക്ഷേമനിധിയെല്ലാംകൂടി ചേർന്ന് 200 കോടിയിലധികം രൂപയുടെ കുടിശ്ശിക, തൊഴിലുറപ്പ് പദ്ധതിയുടെ കുടിശ്ശിക 108 കോടിരൂപ. കൂടാതെ വികലാംഗ പെൻഷൻ, അഗതി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ തുടങ്ങിയ എല്ലാ പെൻഷനുകൾക്കും കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക കൊടുക്കാൻ കിടക്കുകയാണ്. പാവപ്പെട്ട ജനങ്ങളുടെ തലയിൽ എണ്ണായിരത്തോളം കോടി രൂപയുടെ അധികനികുതി അടിച്ചേല്പിച്ചിട്ടും എന്തുകൊണ്ടാണ് ഇതൊന്നും നിങ്ങൾക്ക് കൊടുക്കാൻ സാധിക്കാത്തത്; അതാണ് ധനകാര്യ വകുപ്പിന്റെ കെടുകാര്യസ്ഥത. എല്ലാം താളം തെറ്റിയതുപോലെയാണ് ധനകാര്യ വകുപ്പിന്റെ സ്ഥിതി. നികുതി പിരിവിലുണ്ടായിട്ടുള്ള കുറവും പല നിലയിൽ നികുതി നഷ്ടപ്പെട്ടതും വരുമാന ചോർച്ചയുണ്ടായതുമെല്ലാം പ്രൊഫ. സി. രവീന്ദ്രനാഥ് നേരത്തെ വിശദമായി പറഞ്ഞു. ഈ സർക്കാർ നാലുവർഷംകൊണ്ട് നമ്മുടെ നാട്

ഭരിച്ച് ഈ സ്ഥിതിയിലാണ് ഇപ്പോൾ എത്തിച്ചിരിക്കുന്നത്.

പാർപ്പിട പദ്ധതികളെക്കുറിച്ചൊക്കെ വലിയ പ്രഖ്യാപനങ്ങൾ നടത്തുന്നുണ്ട്. ഇവിടെ നേരത്തെ പല നിർദ്ദേശങ്ങളും അവതരിപ്പിക്കപ്പെട്ടു. എന്റെ നിയോജക മണ്ഡലത്തിൽ തീരപ്രദേശത്ത് താമസിക്കുന്ന പാവങ്ങൾക്കുള്ള പാർപ്പിട പദ്ധതി, അതിന്റെ രണ്ടാം ഘട്ടമായി 150-ഓളം വീടുകളുണ്ടാക്കാനുള്ളതാണ്. മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമൊക്കെ പ്രഖ്യാപനങ്ങൾ നടത്തിപ്പോയതാണ്. ഒരു രൂപപോലും അനുവദിച്ചിട്ടില്ല. പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കെടുതികൾക്ക് പരിഹാരമുണ്ടാക്കാൻ ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തീരദേശ എം.എൽ.എ.-മാരുടെ ഒരു മീറ്റിംഗ് കൂടുകയും കോടികൾ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഒന്നിനും ഭരണാനുമതി കൊടുക്കുന്നില്ല. അതിൽ ഭരണ-പ്രതിപക്ഷ ഭേദമന്യേ എല്ലാവർക്കും ഏകാഭിപ്രായമാണ്. ഭരണാനുമതിയില്ലാത്ത തിനാൽ പ്രകൃതിക്ഷോഭംമൂലമുണ്ടായ കെടുതികൾക്ക് പരിഹാരമുണ്ടാക്കാൻ നടപടിയില്ല.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, Point of order. ചട്ടപ്രകാരം ഇത്തവണത്തെ ബജറ്റ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടില്ലെന്ന് പറയുന്നതും ഇപ്പോൾ ബഡ്ജറ്റിനെ ഉദ്ധരിച്ച് പ്രസംഗിക്കുന്നതും ഓർഡറിലാണോ; അതിന് റൂളിംഗ് വേണം.

<u>മി. ചെയർമാൻ</u>: യെസ് പ്രൊസീഡ്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഞാൻ ബഡ്ജറ്റിനെ ഉദ്ധരിച്ചല്ല പ്രസംഗിച്ചത്. വാച്ച് ആന്റ് വാർഡിന്റെ വഴിയിലൂടെവന്ന് സ്പീക്കർ ആംഗ്യം കാണിച്ചപ്പോൾ നിങ്ങളെല്ലാം കൂടെനിന്ന് ലഡു വിഴുങ്ങി. ഈ രാഷ്ട്രീയ ലഡുവിഴുങ്ങികളുടെ കഴിഞ്ഞ നാല് വർഷത്തെ ഭരണത്തെയും നാട്ടിൽ നടക്കുന്ന കെടുതികളെയും കൊള്ളരുതാ യ്മകളെയും സംബന്ധിച്ചാണ് ഞാൻ വിശദീകരിക്കുന്നത്. അല്ലാതെ പത്രസമ്മേളനം നടത്തി പുറത്ത് അവതരിപ്പിച്ച ബഡ്ജറ്റ് ഡോക്യുമെന്റിനെ കുറിച്ചല്ല. ബഡ്ജറ്റ് ചട്ടപ്രകാരം എന്ന് ഇവിടെ അവതരിപ്പിക്കുന്നോ അന്ന് അതിനെക്കുറിച്ച് ചർച്ച ചെയ്യും. അക്കാര്യത്തെക്കുറിച്ച് വളരെ വ്യക്തതയോടുകൂടിയാണ് ഞാൻ സംസാരിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങളുടെ നാല് വർഷത്തെ ഭരണത്തെക്കുറിച്ച് എത്രയോ വിഷയങ്ങൾ ഇവിടെ പറയാനുണ്ട്.

<u>മി. ചെയർമാൻ</u>: അതിനൊന്നും സമയം കിട്ടില്ല.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, സമയം ഉണ്ടാകില്ലെന്ന് ബഹു. ചെയർ

പറഞ്ഞത് ശരിയാണ്. നേരം പുലരുവോളം പറഞ്ഞാലും അത് തീരില്ല. അത്രമാത്രം കെടുതികളുണ്ടാക്കിയ ദുർഭരണമാണല്ലോ ഇത്. അരുവിക്കര മണ്ഡലത്തിലെ ഇലക്ഷൻ കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്തു. അരുവിക്കര മണ്ഡലത്തിൽനിന്നും വിജയിച്ചുവന്ന പ്രിയപ്പെട്ട ശ്രീ. കെ. എസ്. ശബരീനാഥനെ ഞാൻ അഭിനന്ദിക്കുന്നു. കാരണം, അദ്ദേഹം ഒരു സ്ഥാനാർത്ഥിയെന്ന നിലയിൽ വോട്ട് നേടി വിജയിച്ചുവന്നു. അത് വിജയം തന്നെയാണ്. പക്ഷേ അദ്ദേഹത്തെ യു.ഡി.എഫ്.-ന്റെ രാഷ്ട്രീയ അഴിമതികളിലും കൊള്ളരുതായ്മകളിലും മാമോദീസ മുക്കാതിരുന്നാൽ മതി. യു.ഡി.എഫ്.-ന്റെ രാഷ്ട്രീയ നേതൃത്വത്തിന് അഹങ്കരിക്കാൻ മാത്രം എന്താണുള്ളത്; നേരത്തെ ശ്രീ. എൻ. ഷംസുദ്ദീൻ സംസാരിക്കുന്ന സമയത്ത് ഞങ്ങളുടെ പരാജയത്തിൽ ആവേശം കൊള്ളുന്നതും യു.ഡി.എഫ്.-ന്റെ വിജയത്തിൽ വല്ലാതെ അഭിമാനിക്കുന്നതും കണ്ടു. തീർച്ചയായും നിങ്ങൾക്കതിന് അവകാശമുണ്ട്. പക്ഷേ ഞങ്ങൾ പരാജയപ്പെട്ടത് പരാജയമല്ലെന്ന് പറഞ്ഞിട്ടില്ല. ഞങ്ങൾക്ക് പരാജയമാണ് സംഭവിച്ചത്. നിങ്ങൾക്ക് അഹങ്കരിക്കാൻ വേണ്ടിമാത്രം വിജയമുണ്ടായോ എന്ന് പരിശോധിക്കണം. ഞങ്ങൾ ജയിച്ചുകൊണ്ടിരുന്ന സീറ്റ് നിങ്ങൾ പിടിച്ചെടുത്തതൊന്നുമല്ലല്ലോ; കഴിഞ്ഞ 24 വർഷക്കാലമായി നിങ്ങൾ നല്ല ഭൂരിപക്ഷത്തിൽ ജയിച്ചുകൊണ്ടിരിക്കുന്ന സീറ്റാണത്. എൽ.ഡി.എഫ്.-ന് നൂറോളം സീറ്റോടെ ജയിച്ചുവരാൻ കഴിഞ്ഞകാലത്തും യു.ഡി.എഫ്. ജയിച്ച സീറ്റാണത്. ആ സീറ്റ് നിങ്ങൾ സാങ്കേതികമായി നിലനിർത്തി. ആ അർത്ഥത്തിൽ നോക്കിയാൽ സാങ്കേതികമായ വിജയം തന്നെയാണ്. പക്ഷേ രാഷ്ട്രീയമായിട്ടുള്ള ഒരു വിജയം നേടാൻ നിങ്ങൾക്കായോ ? 2011-ലെ ഇലക്ഷനിൽ 48 ശതമാനത്തിലധികം വോട്ടാണ് നിങ്ങൾക്ക് കിട്ടിയത്. ഇപ്പോഴത് 39 ശതമാനമായി കുറഞ്ഞില്ലേ; സാധാരണഗതിയിൽ നിങ്ങളുടെ ഭരണത്തിനുള്ള അംഗീകാരമാണെങ്കിൽ വർദ്ധനവുണ്ടാകേണ്ടതല്ലേ? ശതമാനക്കണക്ക് വച്ച് നോക്കുകയാണെങ്കിൽ 9 ശതമാനത്തിലധികം വോട്ട് നിങ്ങൾക്കും 7 ശതമാനത്തിലധികം വോട്ട് ഞങ്ങൾക്കും കുറഞ്ഞു. ഞങ്ങൾ അതിനെ ആ നിലയിൽത്തന്നെ വിനയപൂർവ്വം കാണുന്നുണ്ട്. നിങ്ങൾ അഹങ്കരിക്കുമ്പോൾ ആകെ വോട്ടുചെയ്തതിൽ 60 ശതമാനം ആളുകൾ നിങ്ങളുടെ ഭരണത്തിനെതിരായി വോട്ട് ചെയ്തിട്ടുണ്ട്. ആ വോട്ട് പല നിലയിൽ പോയിട്ടുമുണ്ട്. അങ്ങനെ നിങ്ങൾക്ക് അഹങ്കരിക്കാൻ മാത്രമുള്ള വിജയം ഇതിനകത്തില്ലായെന്ന് പറയുമ്പോൾ ശ്രീ. ശബരീനാഥൻ വിഷമിക്കേണ്ട കാര്യമില്ല. അദ്ദേഹം ഇതിനകത്തില്ല. ഒരു സ്ഥാനാർത്ഥി എന്ന നിലയിൽ അദ്ദേഹത്തിന്റെ വിജയത്തെ കുറച്ചുകാണുന്നതല്ല. പക്ഷെ രാഷ്ട്രീയമായി നിങ്ങൾക്ക് യാതൊരു തരത്തിലുള്ള നേട്ടവുമുണ്ടായിട്ടില്ല. തികച്ചും സാങ്കേതികമായിട്ടുള്ള

വിജയമാണ്. ശ്രീ. എൻ. ഷംസുദ്ദീൻ മുഴുവൻ സമയവും പ്രസംഗിച്ച് സിനിമയിൽ ശങ്കരാടിയുടെ കഥാപാത്രത്തെ ഉദ്ധരിച്ചുകൊണ്ട് ഞങ്ങളെ കളിയാക്കാൻ ശ്രമിച്ചല്ലോ? ബി.ജെ.പി.-ക്ക് 17 ശതമാനം വോട്ടാണ് കിട്ടിയത്. അതിനെക്കുറിച്ച് നിങ്ങൾ ഒരക്ഷരം പറഞ്ഞോ? പറയില്ല. ശ്രീ. ടി. എൻ. പ്രതാപൻ പറഞ്ഞപ്പോൾ അത് ഞങ്ങൾക്കെതിരായിട്ടാണ് വച്ചത്. എന്തുകൊണ്ടാണ് ബി.ജെ.പി.-യ്ക്ക് വോട്ട് കൂടുന്നത് എന്നത് സംബന്ധിച്ച് ആത്മപരിശോധന നിങ്ങൾകൂടി നടത്തണ്ടേ? ഇവിടത്തെ സവർണ്ണ വർഗ്ഗീയ ഫാസിസ്റ്റ് സംഘടനയാണ് ബി.ജെ.പി. അതിന്റെ വ്യാപനം രാജ്യത്തിനാകെ വലിയ ആപത്ത് ഉണ്ടാക്കിയതാണെന്ന് നമുക്കെല്ലാപേർക്കുമറിയാം. യഥാർത്ഥത്തിൽ യു.ഡി.എഫ്.-ന്റെ നയമാണ് ബി.ജെ.പി.-ക്കും അതുപോലെ വർഗ്ഗീയശക്തികൾക്കും അനുകൂലമായി ആളുകളെ ചിന്തിപ്പിക്കുന്നതിനും അല്ലെങ്കിൽ അങ്ങോട്ടേയ്ക്ക് മാറിപ്പോകുന്നതിനും കാരണമായിട്ടുള്ളത്. ബി.ജെ.പി.-യോട് യു.ഡി.എഫ്. എല്ലാകാലത്തും മൃദുവായിട്ടുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ക്രൈസിസ് വരുമ്പോൾ നിങ്ങൾ അവരുമായി അഡ്ജസ്റ്റ് ചെയ്യും. വടകരയിലും ബേപ്പൂരിലും നിങ്ങൾ പരീക്ഷിച്ച പഴയ 'കോ-ലീ-ബി' സഖ്യം നമ്മൾ ആവർത്തിച്ചുപറയേണ്ട കാര്യമില്ലല്ലോ? അതൊക്കെ അവർക്കിവിടെ എൻട്രി കൊടുത്ത സംഭവങ്ങളായിരുന്നു. അതുപോലെ വോട്ട് കച്ചവടം. നിർണ്ണായക ഘട്ടങ്ങളിൽ വോട്ടു കച്ചവടം നടത്തിയതിനെതിരെ കെ.ജി. മാരാർ പുസ്തകത്തിൽ എഴുതിയതും അതെല്ലാം സഭയിൽ പലവട്ടം ചർച്ച ചെയ്തതുമാണ്. പഴയ ചരിത്രമൊക്കെ പോകട്ടെ, ഈ ഇലക്ഷനിൽ നിങ്ങളുടെ കാമ്പെയിൻ നയിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബി.ജെ.പി.-യെക്കുറിച്ച് അവരുടെ ഹിന്ദു അജണ്ടയെക്കുറിച്ച് ഒരക്ഷരം പറഞ്ഞോ? യാതൊന്നും പറഞ്ഞില്ല. അത് പറയാത്തത് യാദൃശ്ചികമല്ല. ബി.ജെ.പി. രണ്ടാംസ്ഥാനത്ത് വരികയാണെന്ന് കേരളത്തിലെ മുഖ്യമന്ത്രി പറഞ്ഞു. ഇങ്ങനെ നിർണ്ണായക രാഷ്ട്രീയസമരം നടക്കുന്ന സമയത്ത്, ബി.ജെ.പി. ഇവിടെ ഒരു എൻട്രിക്കുവേണ്ടി ശ്രമിക്കുന്ന സമയത്ത് ബി.ജെ.പി. രണ്ടാം സ്ഥാനത്ത് വരികയാണെന്ന് കേരളത്തിലെ മുഖ്യമന്ത്രി പറയുന്നതിന് ഒരു വിലയില്ലേ? നമ്മൾ മൂന്നാം സ്ഥാനത്ത് പോയി കാണണമെന്നാണ് നിങ്ങളുടെ ആഗ്രഹം. ബി.ജെ.പി. രണ്ടാം സ്ഥാനത്ത് വരണമെന്ന് നിങ്ങൾ കൊതിച്ചു. പ്രതിപക്ഷ നേതാവായാലും മുഖ്യമന്ത്രിയായാലും അവരുടെ സ്റ്റേറ്റുമെന്റിനൊരു വിലയുണ്ട്. ഒരു നിർണ്ണായക ഘട്ടത്തിൽ ബി.ജെ.പി.-ക്ക് ഒരു ലിഫ്റ്റ് കൊടുക്കാമെന്നുള്ള നിലയിലുള്ള പ്രസ്താവനയാണ്

മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായത്. ഇനിയെങ്കിലും അതിനെക്കുറിച്ച് ആത്മ പരിശോധന നടത്തുമോ? ഞാൻ അങ്ങനെ പറയേണ്ടിയിരുന്നില്ല, അത് തെറ്റായിപ്പോയെന്ന് സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുമോ?

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

വർഗ്ഗീയതയോടും ബി.ജെ.പി.-യോടുമുള്ള നിങ്ങളുടെ വിദ്വേഷത്തിന്റെ കരുത്ത് എത്രയുണ്ടെന്ന് നമുക്കൊന്ന് മാറ്റുരച്ചുനോക്കാം. ബി.ജെ.പി. ആയാലും ഏത് വർഗ്ഗീയ ശക്തികളാണെങ്കിലും പ്രശ്നമില്ല, നിങ്ങൾക്ക് അധികാരം മാത്രമാണ് പ്രശ്നം. അതിനുവേണ്ടി തരാതരം പോലെ എല്ലാപേരുമായി കൂട്ടുകൂടും. സത്യം പറഞ്ഞാൽ കേരളത്തിലെ മുഖ്യമന്ത്രിയെ, രാഷ്ട്രീയ കുതന്ത്രങ്ങളുടെ തമ്പുരാൻ എന്നാണ് ഞാൻ അദ്ദേഹത്തെ വിളിക്കുന്നത്. രാഷ്ട്രീയ കുതന്ത്രങ്ങളുടെ തമ്പുരാൻ ഈ ഇലക്ഷൻ മാനേജ് ചെയ്തു. അതിനുവേണ്ടി ബി.ജെ.പി.-യ്ക്ക് ലിഫ്റ്റ് കൊടുക്കേണ്ട സന്ദർഭത്തിൽ ലിഫ്റ്റ് കൊടുത്തു. പക്ഷെ നിങ്ങൾ കൊതിച്ചതുപോലെ ബി.ജെ.പി. രണ്ടാം സ്ഥാനത്ത് വന്നില്ല.

മറ്റൊന്ന് ഈ ഗവൺമെന്റിന്റെ നയങ്ങളാണ്. മുസ്ലീംലീഗ്, ശ്രീ. എൻ. ഷംസുദ്ദീന്റെ പാർട്ടിയുൾപ്പെടെയുള്ളവർ ആത്മപരിശോധന നടത്തേണ്ടതാണ്. ഈ സർക്കാരിന്റെ പൊതുവായ പ്രവർത്തനങ്ങളും മുസ്ലീംലീഗ് എന്ന പാർട്ടിയുടെ പ്രവർത്തനങ്ങളും ബി.ജെ.പി. പോലുള്ള വർഗ്ഗീയ രാഷ്ട്രീയ പാർട്ടികൾ ശക്തിപ്പെടുന്നതിന് വളക്കൂറുള്ള മണ്ണൊരുക്കുന്നില്ലേ? ലീഗിന്റെ ഒരു തരത്തിലുള്ള കച്ചവട രാഷ്ട്രീയത്തിന് ഈ ഗവൺമെന്റ് നിന്നുകൊടുക്കുകയാണ്. അഞ്ചാം മന്ത്രി വിവാദമുൾപ്പെടെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ലീഗുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകൾ, നിങ്ങൾക്ക് അഞ്ചോ ആറോ മന്ത്രിസ്ഥാനം ലഭിക്കാൻ അർഹതയുണ്ട്, ഞങ്ങളതിന് എതിരല്ല. അങ്ങനെ ധരിക്കേണ്ട. അതെങ്ങനെ കൈകാര്യം ചെയ്യാമായിരുന്നു? അഞ്ചാം മന്ത്രിസ്ഥാന വിവാദം, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വീടിന്റെ പേര് മാറ്റിയ വിവാദം, പച്ച വിവാദം, ഉൾപ്പെടെയുള്ള വിവാദങ്ങൾക്ക് ഇടനൽകി. വിവാദങ്ങളുണ്ടാകുന്നത് എങ്ങനെയാണ്? ഇതിനൊക്കെ ഇട നൽകുന്നതിന്റെ ഭാഗമായിട്ടാണ് വിവാദങ്ങളുണ്ടാകുന്നത്. ഈ സംഭവങ്ങൾ ഓരോന്നും ഇവിടെ ചില വർഗ്ഗീയ ചേരുവകൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്ന സാഹചര്യമുണ്ടായി. ചില വിഭാഗങ്ങളിൽ അത് ചില പ്രത്യേക വിചാരങ്ങളുണ്ടാക്കുന്നതിന് ഇടയായിട്ടുണ്ട്. ഞങ്ങൾ നിങ്ങളെ രൂക്ഷമായി എതിർക്കുമ്പോഴും അഴിമതിക്കെതിരായി ശക്തമായ നിലപാട്

സ്വീകരിക്കുമ്പോഴും നിങ്ങളൊരു മതനിരപേക്ഷ ഗവൺമെന്റ് അല്ലായെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. നിങ്ങൾ മതനിരപേക്ഷ സമീപനം സ്വീകരിക്കണം. ആ ഗവൺമെന്റിന് നിരക്കുന്ന തരത്തിലായിരിക്കണം നമ്മുടെ എല്ലാ വകുപ്പുകളുടെയും പ്രവർത്തനം. ലീഗ് കൈകാര്യം ചെയ്യുന്നവർ, പ്രത്യേകിച്ച് വിദ്യാഭ്യാസ വകുപ്പുൾപ്പെടെ നമ്മുടെ സമൂഹത്തിൽ വർഗ്ഗീയപ്രചരണം നടത്തുന്നതിന് ഇടനൽകുന്നുണ്ട്. നമുക്കെല്ലാം വോട്ട് ചെയ്യുന്ന സാധാരണക്കാർക്ക് മതപരമായ വിശ്വാസമോ സ്വാധീനമോ ഉണ്ടാകും. അത്തരം ആളുകളുടെ മനസ്സിൽ വർഗ്ഗീയതയുടെ വിത്തിറക്കുന്നതും ഇവർക്ക് അവരെ സംഘടിപ്പിക്കാൻ കഴിയുന്നതും നിങ്ങളുടെ ചില വകുപ്പുകളുടെ പ്രവർത്തനങ്ങളിൽ വരുന്ന വൈകല്യങ്ങൾ കൊണ്ടാണ്. അതിനെ സംബന്ധിച്ച് ആത്മപരിശോധന നടത്താൻ നിങ്ങൾ തയ്യാറാകണം. നിങ്ങൾക്കിപ്പോഴും വേവലാതിയില്ല. ഇവിടെ ബി.ജെ.പി. രാഷ്ട്രീയമായി ശക്തിപ്പെട്ടാൽ ഞങ്ങളെ തോൽപ്പിക്കാനാകുമെന്ന് വിചാരിച്ചുമാത്രം സങ്കടപ്പെടേണ്ട ആവശ്യമില്ല. നിങ്ങളുടെ സർക്കാരിനെക്കുറിച്ച് ഇത്തരം വിമർശനങ്ങളുണ്ടാകുമ്പോൾ അതിനെ മൃദുവായി തലോടിക്കൊടുത്താൽ ഞങ്ങൾക്ക് വലിയ വിജയമുണ്ടാകും. പക്ഷെ 140 സീറ്റിലും ഞങ്ങൾ തോറ്റാലും അത്തരത്തിലുള്ള ഒരു പ്രവണതയെ ഞങ്ങൾ പ്രോത്സാഹിപ്പിക്കില്ല. ഞങ്ങൾ ശക്തമായ നിലപാടെടുക്കും. എത്ര വോട്ട് പിടിച്ചാലും ബി.ജെ.പി.-യോടും ആർ.എസ്.എസ്.-നോടുമുള്ള ഞങ്ങളുടെ നിലപാടിൽ വിട്ടുവീഴ്ചയില്ല. നിങ്ങളുടെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ ചെയ്തത് അങ്ങനെയല്ല, അവരെ രണ്ടാം സ്ഥാനത്തെത്തിക്കാൻ ശ്രമം നടത്തി. അതിനെ ഏറ്റവും ശക്തമായിതന്നെ ഞങ്ങൾ എതിർക്കും. പക്ഷെ നിങ്ങൾ നിങ്ങളുടെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ നല്ല നിലയിൽ ആത്മവിമർശനം നടത്തണം.

ഞാൻ അവസാനിപ്പിക്കുകയാണ്. അരുവിക്കരയിലെ വിജയത്തെ സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും പത്രസമ്മേളനം നടത്തുമ്പോൾ, അവരുടെ ഭാവവും പ്രതികരണവുമൊക്കെ ഈ സർക്കാരിനെതിരെ ഉയർന്നുവന്ന അഴിമതികളിലും ആരോപണങ്ങളിലും ആക്ഷേപങ്ങളിലും കേസ്സുകളിലും നിന്നുമൊക്കെ കുറ്റവിമുക്തമാക്കപ്പെട്ടുവെന്ന നിലയിലാണ്; എല്ലാം ക്ലിയറായി എന്നാണ്. അങ്ങനെ കഴിയുമോ? ചില വസ്തുതകൾ ഉണ്ടെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ബാർ കോഴ പോലുള്ള കേസ്സുകളിലെല്ലാം ചില പ്രൊസീഡ്യുവേഴ്സ് നടക്കുന്നുണ്ട്. അതെല്ലാം അതിന്റേതായ നടപടിക്രമങ്ങളിലൂടെ ലീഗൽ സ്ക്രൂട്ടിനിക്ക് വിധേയമായി കുറ്റവിമുക്തമാകുന്നെങ്കിൽ ആകട്ടെ. പക്ഷെ അത് ആ പ്രോസസ്സിലൂടെ പോകേണ്ടേ? അങ്ങനെ പോകാതെ ഒരു ഇലക്ഷൻ

വിജയംകൊണ്ട് ഞങ്ങളെല്ലാം കുറ്റവിമുക്തമാക്കപ്പെട്ടുവെന്ന നിലപാട് സ്വീകരിക്കേണ്ടതിന്റെ അടിസ്ഥാനമെന്താണ്? ഇപ്പോൾത്തന്നെ അന്വേഷണം അട്ടിമറിക്കാനുള്ള ശ്രമത്തെക്കുറിച്ച് നമ്മളൊരുപാട് ചർച്ച ചെയ്തതാണ്. ഞാനത് ആവർത്തി ക്കുന്നില്ല. അങ്ങനെയൊരു സമീപനം സ്വീകരിച്ചാൽ വിജിലൻസും പോലീസും കോടതിയുമൊക്കെ എന്തിനാണ്? ഇലക്ഷനിൽ ഉണ്ടായിട്ടുള്ളത് സാങ്കേതിക വിജയം. രാഷ്ട്രീയമായി നമുക്ക് അത് ഡിബേറ്റ് ചെയ്യാം. കേസുകളും മറ്റും അതിന്റെ നടപടിക്രമങ്ങളിലൂടെ പോകാതെ എല്ലാം കുറ്റവിമുക്തമായി എന്ന നിലയിൽ മാണി സാർ പറഞ്ഞുകൊണ്ടിരിക്കുന്നതിന്റെ അടിസ്ഥാനമെന്താണ്? അങ്ങനെയാണെങ്കിൽ കുമാരി ജയലളിത, ഇലക്ഷനിൽ മഹാഭൂരിപക്ഷത്തോടെ ജയിച്ചതിനുശേഷമല്ലേ കേസിൽപ്പെട്ട് ജയിലിൽപോയി കിടക്കേണ്ടിവന്നത്? ആ കേസിൽനിന്നും അവർ പുറത്തായി. ഇപ്പോൾ വീണ്ടും അപ്പീലിന് പോയിരിക്കുകയാണ്. എന്താകുമെന്നറിയില്ല.

മി. സ്പീക്കർ: യെസ്, പ്ലീസ് കൺക്ലൂഡ്... പ്ലീസ്...

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഞാൻ അവസാനിപ്പിക്കുന്നു. ഇതിലുള്ള രണ്ടാമത്തെ അപകടം ഇതാണ്. മഹാഭൂരിപക്ഷം എതിരായി വോട്ട് ചെയ്തപ്പോഴും ടെക്നിക്കലായി അരുവിക്കര ഉപതെരഞ്ഞെടുപ്പിൽ വിജയിക്കാൻ കഴിഞ്ഞു. നല്ല കാര്യം. ആ വിജയം എല്ലാ കേസുകളിൽനിന്നും കുറ്റവിമുക്തമാക്കിയതായിട്ടുള്ള സർട്ടിഫിക്കറ്റായി കാണുകയാണെങ്കിൽ, ഞാൻ ഭയക്കുന്നത് അടുത്ത ഇലക്ഷൻ വരുമ്പോൾ ഉറച്ച കോൺഗ്രസ്സുകാരിയായ സരിതയെ നിങ്ങളുടെ സ്ഥാനാർത്ഥിയായി നിങ്ങൾ മത്സരിപ്പിക്കുമല്ലോ?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.. എട്ട് മിനിറ്റായി.

ശ്രീ. എ. പ്രദീപ് കുമാർ: സർ, എനിക്ക് കൂടുതലായി ഒന്നും പറയാനില്ല. അരുവിക്കരയിലെ വിജയം ഈ സർക്കാരിന്റെ സർവ്വ കൊള്ളരുതായ്മകൾക്കും അഴിമതികൾക്കും ജനവിരുദ്ധനയങ്ങൾക്കുമെല്ലാമുള്ള അംഗീകാരമാണെന്ന് നിങ്ങൾ വ്യാഖ്യാനിക്കുകയാണെങ്കിൽ നിങ്ങൾക്ക് അധികകാലം മുന്നോട്ടു പോകാനാകില്ല.

ശ്രീ. സി. ദിവാകരൻ : സർ, ആരോപണ വിധേയനായ ഒരാളിന്റെ പ്രസംഗം ഞങ്ങൾക്ക് കേൾക്കേണ്ട.

(ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗം ബഹിഷ്കരിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോയി.)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം.

മാണി): സർ, നമ്മുടെ പ്രതിപക്ഷാംഗങ്ങൾ ഇത്ര ഭീരുക്കളായിപ്പോയല്ലോ. അവർ പറയാനുള്ളത് പറഞ്ഞു, എനിക്ക് പറയാനുള്ളത് കേൾക്കാൻ, നമ്മളെ നേരിടാൻ, അവർക്ക് ഭയമാണ്. ഇതെന്ത് പ്രതിപക്ഷമാണ്? ഒഴിഞ്ഞ പ്രതിപക്ഷ ബഞ്ചുകളോടായി ഞാൻ സംസാരിക്കുകയാണ്. ഏതായാലും ഭരണകക്ഷി ബഞ്ചുകളുണ്ടല്ലോ. ഇത് മുഴുവൻ കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കുന്നുണ്ട്. നമ്മുടെ നികുതി വരുമാനം കുറയുന്നുവെന്ന ചില വിമർശനങ്ങൾ ഉയരുകയുണ്ടായി. അതിന്റെ ചിത്രമെന്ന് പറയുന്നത്, ടാക്സ് വരുമാനത്തിന്റെ കുറവിന് ചില സാഹചര്യങ്ങളുണ്ട്. അത് ഞാനിവിടെ വിശദീകരിക്കാം. ടോട്ടൽ ടാക്സിനെ സംബന്ധിച്ചിടത്തോളം ടാർജറ്റിന്റെ 96 ശതമാനം (റിവൈസ്ഡ് എസ്റ്റിമേറ്റ്) നമുക്ക് പിരിച്ചെടുക്കാൻ കഴിയുന്നുവെന്നുള്ളത് വലിയൊരു കാര്യമാണ്. 2014-15-ൽ 96 ശതമാനമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് വച്ചിരിക്കുന്നത്. ആ തുക നമുക്ക് പിരിച്ചെടുക്കാൻ കഴിയും. വാറ്റ്-നെ സംബന്ധിച്ചുള്ള ഗ്രോത്ത് റേറ്റ് പരിശോധിക്കുന്നുവെങ്കിൽ 2014-15-ൽ 9 ശതമാനമാണ്. വാല്യൂ ആഡഡ് ടാക്സസിന്റെ വരുമാന വർദ്ധനവ് 9 ശതമാനമാണ്. നോൺ വാറ്റ് വരുമാന വർദ്ധനവ് 10 ശതമാനമാണ്. നികുതി വരുമാനം കുറയുന്നതിന് പ്രധാനപ്പെട്ട കാരണം, റബ്ബറിന്റെ വിലയിടിവാണ്. റബ്ബറിന്റെ വില, മുൻവർഷത്തേതിൽനിന്നും ഒരു കിലോഗ്രാമിന് 240 രൂപയിൽ നിന്ന് 120 രൂപയായി കുറഞ്ഞിരിക്കുന്നു. ഇതുകാരണം കോടിക്കണക്കിന് രൂപയാണ് നമുക്ക് നഷ്ടം വരുന്നത്. റബ്ബറിന്റെ വിലയിൽ വന്ന കുറവ് ജനങ്ങളുടെ വാങ്ങലിനെ പ്രതികൂലമായി ബാധിക്കും. ഇത് നികുതി വരുമാനത്തേയും ബാധിച്ചിട്ടുണ്ട്. 31-3-2015 വരെയുള്ള കണക്കനുസരിച്ച് റബ്ബറിൽനിന്നുള്ള വരുമാനത്തിൽ 41 ശതമാനം കുറവുണ്ടായിട്ടുണ്ട്. കൂടാതെ റബ്ബറിനെ 2014 ഡിസംബർ 20 മുതൽ 2015 മാർച്ച് 31 വരെ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. മോട്ടോർ വാഹനങ്ങളിൽനിന്നുള്ള നികുതി സംസ്ഥാനത്തിന്റെ വാറ്റുനികുതി പിരിവിന്റെ 18 ശതമാനത്തോളം വരും. സാധാരണഗതിയിൽ 18 ശതമാനത്തോളമാണ് അതിന്റെ റിട്ടേൺ. പ്രസ്തുത ഇനത്തിൽ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചില്ല. മോട്ടോർ വാഹനങ്ങളിൽനിന്നുള്ള നികുതി മുൻവർഷ ങ്ങളിൽ 23 ശതമാനത്തോളം വളർച്ചാനിരക്ക് രേഖപ്പെടുത്തിയ സ്ഥാനത്ത് ഈ വർഷം, 31-3-2015 വരെ ഒരുശതമാനം കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എണ്ണക്കമ്പനികളിൽ നിന്നും 20 ശതമാനത്തോളം

വർദ്ധനവ് രേഖപ്പെടുത്തിയിരുന്ന സ്ഥാനത്ത് 2015 മാർച്ച് 31 വരെ 8 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ബിറ്റുമിൻ, ഫർണസ് ഓയിൽ എന്നിവയുടെ വിൽപ്പനയിൽ വന്ന കുറവാണ് ഇതിന് കാരണം. സ്വർണ്ണത്തിന്റെ നികുതിപിരിവ് പ്രധാനമായും കോമ്പൗണ്ടഡ് ഡീലർമാരിൽനിന്നാണ്. നടപ്പുസാമ്പത്തികവർഷം കോമ്പൗണ്ടിംഗ് നിരക്ക് 125 ശതമാനത്തിൽനിന്നും 115 ശതമാനമായി കുറയ്ക്കുകയുണ്ടായി. അതിന് കഴിഞ്ഞ സാമ്പത്തിക വർഷംമുതൽ പ്രാബല്യം നൽകി പ്രസ്തുത ഇനത്തിൽ 2013-14 സാമ്പത്തിക വർഷം അടച്ച നികുതി, നടപ്പുസാമ്പത്തിക വർഷത്തെ നികുതിയിൽനിന്നും കുറച്ചശേഷം ബാക്കിയാണ് അടച്ചിരിക്കുന്നത്. 31-3-2015-ലെ കണക്കനുസരിച്ച് ഈ ഇനത്തിൽ 4 ശതമാനം കുറവ് സംഭവിച്ചിട്ടുണ്ട്. കൂടാതെ അരി, ഗോതമ്പ്, മൈദ, ആട്ട, സൂചി എന്നിവയെ നികുതിയിൽനിന്നും ഒഴിവാക്കിയതും നികുതി പിരിവ് കുറയുന്നതിനുള്ള ഒരു കാരണമാണ്. കോഴിയിറച്ചിയിൽനിന്നുള്ള നികുതിയിലും ഉദ്ദേശിച്ച വളർച്ച കൈവരിക്കാൻ സാധിച്ചിട്ടില്ല, 31-3-2015 വരെ 22 ശതമാനത്തിന്റെ കുറവ് അതിൽ വന്നിട്ടുണ്ട്. ബാർ ഹോട്ടലുകൾ അടച്ചതും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. പ്രസ്തുത ഇനത്തിൽ 33 ശതമാനം കുറവാണ് സംഭവിച്ചിരിക്കുന്നത്. വിൽപ്പനയിൽ വന്ന കുറവുമൂലം ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിലും പ്രതീക്ഷിച്ച വർദ്ധനവുണ്ടായിട്ടില്ല. വർക്ക്സ് കോൺട്രാക്ടിന്റെ, പ്രധാനമായും പി.ഡബ്ല്യു.ഡി കോൺട്രാക്ടിന്റെ പിരിവിലും കുറവ് സംഭവിച്ചിട്ടുണ്ട്. പ്രൊഹിബിഷൻ ഏർപ്പെടുത്തിയതിന്റെ ഫലമായി ധാരാളം വരുമാനം നഷ്ടമായി. ഇക്കാരണങ്ങളാൽ ബഹുമാനപ്പെട്ട മെമ്പർമാർ ഈ ഗവൺമെന്റിനോട് അനുഭാവപൂർവ്വമുള്ള സമീപനം സ്വീകരിക്കണം. പ്രധാനപ്പെട്ട വരുമാന സ്രോതസ്സുകൾ മുഴുവൻ പോയിട്ടും ഈ ഗവൺമെന്റ് പിടിച്ചു നിൽക്കുന്നുവെന്നുള്ളതാണ് മറ്റൊരു കാര്യം. മാനേജ്മെന്റിനെ സംബന്ധിച്ചിടത്തോളം നമ്മളാലോചിക്കേണ്ട കാര്യം അതാണ്. ആ നിലയിൽ വളരെ കരുതലോടുകൂടിയാണ് സർക്കാർ കാര്യങ്ങൾ നീക്കിക്കൊണ്ടിരിക്കുന്നത്.

ചെക്ക്പോസ്റ്റിൽനിന്നുള്ള വരുമാനം സാധാരണഗതിയിൽ കുറവായിരുന്നു. ഇവിടെ ചെക്ക്പോസ്റ്റുകളെ സംബന്ധിച്ച് പറഞ്ഞു. അവയെ മോഡെണൈസ് ചെയ്യാനുള്ള ഒരു സ്കീം വരുന്നുണ്ട്. ഇപ്പോൾ അതില്ല. മോഡേണൈസ് ചെയ്തിരുന്നുവെങ്കിൽ ഇന്നത്തേക്കാൾ കൂടുതൽ വരുമാനമുണ്ടാക്കാമായിരുന്നു. പരിഷ്കൃതമല്ലാത്ത ഇന്നത്തെ നിലയിൽപ്പോലും ചെക്ക്പോസ്റ്റിൽ നിന്നുള്ള വരുമാനം 10 ശതമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്നുള്ളത് ഈ

ഗവൺമെന്റിന്റേയും ഇന്റലിജൻസിന്റേയും ബുദ്ധിപരമായ പ്രവർത്തനത്തിന്റെ ഫലമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ അഡീഷണൽ ഡിമാന്റ് വളരെ കൂടുതലാണെന്ന് പറഞ്ഞു. 2014-15 സാമ്പത്തികവർഷം 1569 കോടി രൂപ അഡീഷണൽ ഡിമാന്റായി ഉണ്ടാക്കിയിട്ടുണ്ട്. ഡിമാന്റ് ക്രിയേറ്റ് ചെയ്തെങ്കിൽ മാത്രമേ നമുക്ക് വരുമാനമുണ്ടാക്കാൻ കഴിയൂ. അഡീഷണൽ ഡിമാന്റ് എത്ര ക്രിയേറ്റ് ചെയ്യുവെന്നുള്ളതിനെ ആശ്രയിച്ചാണ് എഫിഷ്യൻസി തീരുമാനിക്കേണ്ടത്. മുൻ സാമ്പത്തികവർഷം 816 കോടി രൂപയാണ് അഡീഷണൽ ഡിമാന്റായി ഉണ്ടാക്കിയത്. വർദ്ധനവ് 92 ശതമാനമാണ്.

റിട്ടേൺ സ്കൂട്ടിനിയെപ്പറ്റി പറയുമ്പോൾ എനിക്ക് സന്തോഷമുണ്ട്. കാരണം, 2014-15 സാമ്പത്തിക വർഷം 45253 റിട്ടേണുകൾ ലഭിച്ചതിൽ 38672 റിട്ടേണുകൾ സ്കൂട്ടിനി നടത്തി. പ്രസ്തുത ഇനത്തിൽ 178 കോടി രൂപ അഡീഷണൽ ഡിമാന്റുണ്ടാക്കി. സ്കൂട്ടിനി അലെർട്ടായി നടത്തിയതിന്റെ ഫലമായി 178 കോടി രൂപ അഡീഷണൽ ഡിമാന്റുണ്ടാക്കി. ഇത് മുൻവർഷവുമായി താരതമ്യം ചെയ്യുമ്പോൾ 195 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിരിക്കുകയാണ്. പ്രസ്തുത അഡീഷണൽ ഡിമാന്റിൽനിന്നും 50 കോടി രൂപ പിരിച്ചെടുത്തു. ഇത് മുൻവർഷവുമായി താരതമ്യം ചെയ്യുമ്പോൾ 183 ശതമാനം വർദ്ധനവാണ്. 2014-15 സാമ്പത്തിക വർഷം 3766 ആഡിറ്റ് വിസിറ്റുകൾ (ഷോപ്പ് ഇൻസ്പെക്ഷൻ) നടത്തി. പ്രസ്തുത ആഡിറ്റ് വിസിറ്റുകളിൽ നിന്നും 40 കോടി രൂപ അഡീഷണൽ ഡിമാന്റുണ്ടാക്കുകയും 13 കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തു. കെ.ജി.എസ്.ടി./ സി.എസ്.ടി. അസെസ്മെന്റ് എന്നിവയെക്കുറിച്ച് പരിശോധിക്കുമ്പോൾ വാറ്റ് വന്നതോടെ കെ.ജി.എസ്.ടി.-ക്ക് പ്രസക്തിയില്ലാതായെങ്കിലും 2014-15 സാമ്പത്തിക വർഷത്തിൽ 925 കെ.ജി.എസ്.ടി. അസെസ്മെന്റുകളും 12376 സി.എസ്.ടി. അസെസ്മെന്റുകളും പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത ഇനത്തിൽ 210 കോടി രൂപ സമാഹരിക്കുകയും 35 കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ക്രൈം ഫയൽ, ഒ.ആർ. ഫയൽ എന്നിവ നമ്മുടെ എഫിഷ്യൻസിയുടെ ഇൻഡിക്കേറ്റേഴ്സാണ്. 2014-15 സാമ്പത്തിക വർഷത്തിൽ 3771 ക്രൈം ഫയലുകളും 8889 ഒ.ആർ. ഫയലുകളും ഡിസ്പോസ് ചെയ്തു. പ്രസ്തുത ഇനത്തിൽ 143 കോടി രൂപ അഡീഷണൽ ഡിമാന്റ് ഉണ്ടാക്കാൻ സാധിച്ചു.

അതുപോലെ റവന്യൂ റിക്കവറിയുടെ കാര്യത്തിൽ, 2014-15 സാമ്പത്തിക വർഷം 369 കോടി രൂപ കളക്റ്റബിൾ ഡിമാന്റുണ്ടായിരുന്നതിൽ 136 കോടി രൂപ

പിരിച്ചെടുത്തു. ഇത് കളക്ഷൻബിൽ ബാലൻസിന്റെ 37 ശതമാനമാണ്. മെറ്റൽ ക്രഷർ യൂണിറ്റുമായി ബന്ധപ്പെട്ട് 866 കോമ്പൗണ്ടഡ് ഡീലർമാരും 285 നോൺ കോമ്പൗണ്ടഡ് ഡീലർമാരുമുണ്ട്. 2014 സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ 145 കോടി രൂപ പിരിച്ചെടുത്തു. വർദ്ധനവ് 102 ശതമാനമാണ്. കഴിഞ്ഞ വർഷം 71 കോടി രൂപ ആയിരുന്നുവെങ്കിൽ 2014-15-ൽ 145 കോടി രൂപയായി വരുമാനം ഉയരുകയുണ്ടായി. ലക്ഷ്വറി ടാക്സ് ഇനത്തിൽ 2014-15 സാമ്പത്തിക വർഷം 5700 അസ്സസ്മെന്റുകൾ പൂർത്തിയാക്കുകയും 201 കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തു. വർദ്ധനവ് 11 ശതമാനമാണ്. ഇന്റലിജൻസ് വിഭാഗവുമായി ബന്ധപ്പെട്ട് 2014-15 സാമ്പത്തിക വർഷം 190 കോടി രൂപ പിരിച്ചെടുത്തു. ഇത് മുൻവർഷത്തെ നികുതി പിരിവിനെക്കാൾ 14 ശതമാനം കൂടുതലാണ്. 3999 കടകൾ പരിശോധിക്കുകയും 3864 ക്രമക്കേടുകൾ കണ്ടുപിടിക്കുകയും ചെയ്തു. അതുപോലെ ഇന്റലിജൻസ് വിഭാഗം 2014-15 സാമ്പത്തിക വർഷം 10 ലക്ഷം വാഹനങ്ങൾ പരിശോധിക്കുകയും 108 ലക്ഷം രൂപയുടെ ക്രമക്കേടുകൾ കണ്ടുപിടിക്കുകയും ചെയ്തു. ഇത്രയുമാണ് പെർഫോമൻസിനെ സംബന്ധിച്ച് ബ്രീഫായി പറയാനുള്ളത്.

നികുതി പിരിവുമായി ബന്ധപ്പെട്ട് 2015-16 സാമ്പത്തിക വർഷം 34,740 കോടി രൂപയാണ് പിരിക്കാൻ ലക്ഷ്യമിട്ടിരുന്നത്. 31-5-2015 വരെയുള്ള ടാർജറ്റ് 4,938 കോടി രൂപയാണ്. ഇതിൽ 4,419 കോടി രൂപ 31-5-2015-വരെ പിരിച്ചെടുത്തു. ടാർജറ്റിന്റെ 89 ശതമാനം പിരിച്ചെടുക്കാൻ സാധിച്ചു. ഇത് വലിയൊരു അച്ചീവ്മെന്റാണ്. ഏപ്രിൽ-മേയ് മാസങ്ങളിലെ ടാക്സ് പിരിവിന്റെ ശതമാനത്തിലുള്ള വർദ്ധനവ് 14 ശതമാനമാണ്. ഏപ്രിൽ-മേയ് മാസംകൂടി എടുത്താൽ ടാക്സ് പിരിവിന്റെ വർദ്ധനവ് (ഗ്രോത്ത്) 14 ശതമാനമാണ്. കഴിഞ്ഞവർഷം ഇത് 9 ശതമാനമായിരുന്നു എന്നുപറയുമ്പോൾ അഭിമാനകരമായ പെർഫോമൻസാണ് ഈ രംഗത്തുള്ളത്. നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിന് ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി മേൽനോട്ട സമിതി, വില നിരീക്ഷണ സമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനുള്ള വിശകലനം നടത്തുന്നുണ്ട്. നികുതി നിർണ്ണയം ഊർജ്ജിതമാക്കുന്നതിന് റിട്ടേൺസ് സ്ക്രൂട്ടിനിക്ക് വിധേയമാക്കി കൂടുതൽ വ്യാപാരികളെ നികുതി നിർണ്ണയ പരിധിയിൽകൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ചെക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി. അമരവിളയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇന്റഗ്രേറ്റഡ് ചെക്പോസ്റ്റ് നടപ്പിലാക്കി. ഈ സംവിധാനം ബാക്കിയുള്ള അതിർത്തി ചെക്ക്പോസ്റ്റുകളിൽ ഉടൻതന്നെ നടപ്പിലാക്കും. സി.സി.ടി.വി. ക്യാമറ

സംവിധാനം എല്ലാ അതിർത്തി ചെക്ക്പോസ്റ്റുകളിലും ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അമരവിളയിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കി. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി വലിയ തുക ഉൾപ്പെട്ട ഹൈക്കോടതിയിലെ കേസ്സുകളിൽ അടിയന്തരമായി തീർപ്പുകൽപ്പിച്ച് നികുതി പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഇതിനുപുറമെ, ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ), ട്രൈബ്യൂണൽ എന്നിവിടങ്ങളിലായി സ്റ്റേയിൽ കിടക്കുന്ന കേസ്സുകളും അടിയന്തരമായി തീർപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് വരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കി പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇതുപ്രകാരം സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന സാധനങ്ങൾ വ്യാപാരികൾ അവരുടെ റിട്ടേണിൽ കാണിച്ചിട്ടുണ്ടോ എന്നുള്ളത് പെട്ടെന്ന് ഒത്തുനോക്കാൻ കഴിയും. ആഡംബര നികുതി, കാർഷികാദായ നികുതി, മണി ലെൻഡേഴ്സ് നിയമം എന്നിവയിൽനിന്നുള്ള റിട്ടേണുകളും ഓൺലൈനാക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകളുടെയും വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന്റെയും പ്രവർത്തനം സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും തദ്വാരാ നികുതി വെട്ടിപ്പ് പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കുടിശ്ശിക അസ്സസ്മെന്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നികുതിനിർണ്ണയ അധികാരികളുടെ യോഗം നടത്തി നികുതി പിരിവ് സംവിധാനങ്ങൾ ശക്തമാക്കുകയും എല്ലാ കാര്യങ്ങളും ശാസ്ത്രീയമായും കാര്യക്ഷമമായും ചെയ്യുകയും അവ സംബന്ധിച്ച നടപടികൾ ക്രമമായി നടന്നുവരികയും ചെയ്യുന്നു. അതിന്റെ ഫലമായിട്ടാണ് ഇപ്പോൾ വരുമാന വർദ്ധനവുണ്ടായിട്ടുള്ളത്. ഭാരത് പെട്രോളിയം കോർപ്പറേഷന് വർക്സ് കോൺട്രാക്റ്റ് ഇനത്തിൽ 2015-16 വർഷത്തിൽ പലിശരഹിത ലോൺ അനുവദിക്കുന്നതിന് 1,000 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷത്തെ കുടിശ്ശിക നിലവിൽ 120 കോടി രൂപയാണെന്ന് ബി.പി.സി.എൽ. അവകാശപ്പെടുന്നുണ്ട്. ഈ വർഷം ആദ്യത്തെ ക്വാർട്ടറിലേയ്ക്ക് 30 കോടി രൂപ അനുവദിക്കുന്നതിനായി അഡീഷണൽ ആതറൈസേഷൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ 30 കോടി രൂപ ആവശ്യപ്പെട്ടതുകൂടാതെ ഈ വർഷം ഡിസംബർവരെ 60 കോടിരൂപ അനുവദിക്കുന്നതിലേയ്ക്ക് എസ്.ഡി.ജി. സമർപ്പിക്കുന്നുണ്ട്. വയനാട് ജില്ലയിലെ മുത്തങ്ങയിൽ 7 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് 7.28 കോടി രൂപ അനുവദിച്ചിട്ടുള്ളതും 2015-16 ബഡ്ജറ്റിൽ 5 കോടി രൂപ അനുവദിച്ചിട്ടുള്ളതുമാണ്.

ആയതിൽനിന്നും 12 ലക്ഷം രൂപ ചെലവാക്കിയിട്ടുള്ളതിനാൽ ബാക്കി 2.39 കോടി രൂപ അനുവദിക്കുന്നതിലേയ്ക്ക് എസ്.ഡി.ജി. സമർപ്പിക്കുന്നുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ വാട്ടർ ചാർജ് ഇനത്തിൽ 7 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയത് തികയാത്തതിനാൽ 2 ലക്ഷം രൂപകൂടി അനുവദിക്കുന്നതിന് എസ്.ഡി.ജി. സമർപ്പിക്കുന്നുണ്ട്. ഈ രീതിയിലുള്ള പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. അടുത്ത ഏപ്രിൽ ഒന്നാം തീയതി മുതൽ ചരക്കു സേവന നികുതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ചരക്കുസേവന നികുതിയുമായി ബന്ധപ്പെട്ട സമിതി ചെയർമാൻ എന്നുള്ള നിലയിൽ എത്രയും വേഗം ചരക്കുസേവന നികുതി നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വരുന്നവർഷം കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും അത് കൂടുതൽ നന്മ കൈവരുത്തുന്നതായിരിക്കും. ഏതായാലും പ്രസ്തുത നിയമം ഉടൻ നടപ്പിലാകുമെന്ന് പ്രത്യാശിക്കാം. എല്ലാനിലയിലും നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനം പരിരക്ഷിക്കുന്നതിനും അതോടൊപ്പം എല്ലാ കാര്യങ്ങൾക്കും ആവശ്യമായ തുക കൊടുക്കുന്നതിനും ഒരു കുറവുമുണ്ടായിട്ടില്ല. എല്ലാ വികസന പ്രവർത്തനങ്ങൾക്കും മെഗാപ്രോജക്ടുകൾക്കും ആവശ്യമായ പണം അനുവദിക്കുന്നുണ്ട്. ശ്രീ. കെ. പി. മോഹനൻ എന്റെയടുത്തിരുന്ന് അത്ഭുതപ്പെടുകയാണ്. അത്രമാത്രം അത്ഭുതകരമായ നിലയിലേയ്ക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. റവന്യൂ വകുപ്പുമന്ത്രിയുടെ സീറോ ലാന്റ് പദ്ധതിക്ക് 20 കോടി രൂപ പ്രൊവൈഡ് ചെയ്തിട്ടുണ്ട്, ശ്രീ. അടൂർ പ്രകാശ് അതൊരിക്കലും വിചാരിച്ചിരുന്നതല്ല. യാതൊരു സമ്മർദ്ദവുമില്ലാതെ ഓരോ കാര്യങ്ങൾക്കും അപ്പോഴപ്പോൾ ആവശ്യത്തിനനുസരിച്ച് തുക വകയിരുത്തി കാര്യങ്ങൾ ചെയ്യുന്നുണ്ട്. വരുമാനവും ചെലവും തമ്മിൽ നല്ലരീതിയിൽ സമന്വയപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പ് വളരെ കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്നുവെന്ന് പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, നമ്മുടെ തീരപ്രദേശത്ത് കടലാക്രമണം അതിരൂക്ഷമാണ്. കേന്ദ്രസർക്കാരിന്റെ സഹായം ലഭിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് സഭയിലെ 42-ഓളം തീരദേശ എം.എൽ.എ.-മാരുടെ യോഗം വിളിച്ചിരുന്നു. തീരപ്രദേശത്തുള്ള വീടുകൾ, പള്ളികൾ, അമ്പലങ്ങൾ എന്നിവ നഷ്ടപ്പെടുകയാണ്. തീരപ്രദേശം സംരക്ഷിക്കുന്നതിനുവേണ്ടി പണം അനുവദിക്കണം. നാച്ചുറൽ കലാമിറ്റി എന്നുള്ള നിലയിൽ പ്രത്യേക പരിഗണന നൽകി അക്കാര്യത്തിന് അടിയന്തര നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. എം. മാണി</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയാലോചിച്ച് ഗവൺമെന്റ് ഒരു നയം രൂപീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. അതിന് മുഖ്യപരിഗണന കൊടുക്കുന്നതാണ്. നാച്ചുറൽ കലാമിറ്റിയാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> സർ, റവന്യൂ വകുപ്പിന്റെ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾക്ക് ഞാൻ നന്ദി അറിയിക്കുകയാണ്. കഴിഞ്ഞ വർഷത്തെ ധനാഭ്യർത്ഥന ചർച്ചയ്ക്ക് മറുപടി പറഞ്ഞുകൊണ്ട്, റവന്യൂ വകുപ്പിൽ നടപ്പാക്കുന്ന ചില കാര്യങ്ങളെക്കുറിച്ച് ഞാൻ പ്രഖ്യാപിച്ചിരുന്നു. അതിൽ പ്രധാനമായും റവന്യൂ സർവ്വേ അദാലത്ത്, പട്ടയ വിതരണം തുടങ്ങിയ കാര്യങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് പറഞ്ഞിരുന്നത്. 8-1-2015-ന് ബഹുമാന്യനായ മുഖ്യമന്ത്രി തിരുവനന്തപുരം ജില്ലയിൽ ആരംഭം കുറിച്ച റവന്യൂ സർവ്വേ അദാലത്തുകൾ 14 ജില്ലകളിലും പൂർത്തീകരിക്കാൻ കഴിഞ്ഞു. മൊത്തത്തിൽ 4,72,506 പരാതികളാണ് റവന്യൂ സർവ്വേ അദാലത്തുമായി ബന്ധപ്പെട്ട് ലഭിച്ചത്. അതിൽ 3,86,323 പരാതികൾ ഇതിനോടകം പരിഹരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇനി ബാക്കിനിൽക്കുന്നത് 85,182 പരാതികളാണ്. അതായത് മൊത്തം പരാതികളുടെ 18 ശതമാനം മാത്രമാണ് ബാക്കിനിൽക്കുന്നത്. ഈ നിയമസഭാ സമ്മേളനം കഴിഞ്ഞാൽ എല്ലാ ജില്ലകളിലുമെത്തി ബാക്കിനിൽക്കുന്ന പരാതികൾകൂടി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാന്യനായ അംഗം ശ്രീ. എം. പി. വിൻസെന്റ് ഉൾപ്പെടെയുള്ള ആളുകൾ കിട്ടിയ പരാതികൾ എങ്ങനെ പരിഹരിച്ചു, ഇനി പരിഹരിക്കാനുള്ളതിന് നടപടികൾ സ്വീകരിക്കണം എന്നിങ്ങനെയുള്ള നിർദ്ദേശങ്ങൾ വച്ചിരുന്നു. തീർച്ചയായും എല്ലാ ജില്ലകളിലുമുള്ള പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇത് ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞത് റവന്യൂ/ സർവ്വേ വകുപ്പുകളിലെ മുഴുവൻ ജീവനക്കാരുടേയും പൂർണ്ണ സഹകരണത്തോടുകൂടിയാണ്. ഈ പ്രവർത്തനം നടക്കുന്ന അവസരത്തിൽ നിരവധി ആളുകൾ എന്റെ മുന്നിൽ പോക്കുവരവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പരാതികളുമായി എത്തിച്ചേർന്നിരുന്നു. അവരുടെ ഭൂമിയുടെ പോക്കുവരവ് സമയത്ത് ലഭിക്കുന്നില്ല, ചെയ്യാൻ കഴിയുന്നില്ല എന്ന പരാതിയാണ്

വന്നിട്ടുള്ളത്. ആ പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി ചട്ടങ്ങളിൽ ചില മാറ്റങ്ങൾ ഉണ്ടാക്കേണ്ടതായിവന്നു. അടിയന്തരമായി അതിനുള്ള തീരുമാനങ്ങളെടുക്കുകയും അത് പരിഹരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇന്ന് രജിസ്ട്രേഷൻ കഴിഞ്ഞാൽ അടുത്ത ദിവസംതന്നെ പോക്കുവരവ് ചെയ്യാൻവേണ്ടിയുള്ള നിർദ്ദേശം നൽകിക്ക ഴിഞ്ഞിട്ടുണ്ട്. നേരത്തെ രജിസ്ട്രേഷൻ ചെയ്ത് 30 ദിവസം കഴിഞ്ഞതിനുശേഷം മാത്രമേ പോക്കുവരവ് നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമായിരുന്നുള്ളൂ. അതുകൂടാതെ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നിറവേറ്റപ്പെടുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആദ്യം പ്രഖ്യാപിച്ച ഒരു സ്വപ്നപദ്ധതിയാണ് ഭൂരഹിതരില്ലാത്ത കേരളം എന്നുപറയുന്നത്. എത്ര കുടുംബങ്ങൾ ഇവിടെ ഭൂരഹിതരായിട്ടുള്ളവരുണ്ടെന്ന് കണ്ടെത്തുവാൻ വേണ്ടിയുള്ള നടപടികളാണ് ആദ്യം സ്വീകരിച്ചത്. 2,43,928 കുടുംബങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഭൂരഹിതരായിട്ടുണ്ടെന്ന് കണ്ടെത്തുവാൻ കഴിഞ്ഞു. സംസ്ഥാനത്തെ രണ്ട് ജില്ലകൾ രാജ്യത്തെ ആദ്യത്തെ ഭൂരഹിതരില്ലാത്ത ജില്ലകളാക്കി മാറ്റിയെടുക്കുവാൻ കഴിഞ്ഞുവെന്നുള്ള കാര്യം വളരെ അഭിമാനത്തോടുകൂടി ഈ അവസരത്തിൽ ഞാൻ പറയുകയാണ്. അത് കണ്ണൂരും കാസർഗോഡും ജില്ലകളാണ്. ആദ്യഘട്ടത്തിൽ കണ്ടെത്തിയ ഭൂമി വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്; അതിന്റെ നടപടികളൊക്കെ പൂർത്തീകരിച്ചു. പട്ടയം കൊടുക്കുക മാത്രമേ ചെയ്തുള്ളൂ, ഭൂമി കൊടുത്തിട്ടില്ലായെന്ന് ആക്ഷേപരൂപത്തിൽ ഇവിടെ ചില അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. എവിടെയെങ്കിലും അത്തരത്തിൽ പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കപ്പെടുന്നതിനുവേണ്ടിയുള്ള നടപടികൾ നിശ്ചയമായും നടത്തിയിരിക്കും. ഈ ഗവൺമെന്റ് ജനങ്ങളെ കബളിപ്പിക്കുകയെന്നുള്ള ചിന്താഗതിയോടുകൂടി പോകുന്നവരല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ചെങ്ങറ ഭൂസമരം നടത്തിയ 1600-ലധികം ആളുകൾക്ക് പട്ടയം നൽകിയിട്ടുണ്ട്. അതും പട്ടയം നൽകുക മാത്രമേ ചെയ്തിട്ടുള്ളൂ. ഭൂമി ഇതുവരെയും അവർക്ക് കൊടുത്തിട്ടില്ല. പക്ഷെ ഭൂമി ഉണ്ടോയെന്ന് പരിശോധന നടത്താതെ പട്ടയം വിതരണം ചെയ്യുവാനുള്ള നിർദ്ദേശം നൽകിയെന്നതിന്റെ അടിസ്ഥാനത്തിലാണ് ചെങ്ങറ ഭൂസമരത്തിൽ പങ്കെടുത്ത നിരവധിയാളുകൾ ഇന്നും അനാഥരായി കേരളത്തിൽ അങ്ങോളമിങ്ങോളം നടക്കുന്നത്. കഴിഞ്ഞ ഗവൺമെന്റ്

കാണിച്ചതുപോലുള്ള നടപടിയല്ല ഇപ്പോൾ ഞങ്ങൾ സ്വീകരിക്കുന്നത്. ഞങ്ങൾ ഭൂരഹിതർക്ക് ഭൂമി നൽകിയിട്ടുണ്ടെങ്കിൽ ആ ഭൂമി കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കും. എവിടെയെങ്കിലും പരാതികളുണ്ടെങ്കിൽ അവ പരിഹരിക്കുകയും ചെയ്യും. രണ്ടാംഘട്ടത്തിൽ കണ്ടെത്തിയിട്ടുള്ള ഭൂമി വിതരണം ചെയ്യുവാനുള്ള തയ്യാറെടുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. ബാക്കിയുള്ള ആളുകൾക്ക് ഭൂമി കണ്ടെത്തി ക്കൊടുക്കുന്നതിന് ഏതാണ്ട് 10,000 ഏക്കറോളം ഭൂമി കണ്ടെത്തേണ്ടതായിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് നിരവധി നല്ല മനസ്സുള്ള ആളുകൾ മുമ്പോട്ടുവന്ന് അവരുടെ ഭൂമി വിട്ടുതരുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സഭയിലെ ഒരംഗമായ ബഹുമാന്യനായ പി. ബി. അബ്ദുൾ റസാക് ഉൾപ്പെടെയുള്ള ആളുകൾ ഭൂമി വിട്ടുതരാനുള്ള സന്മനസ് കാണിക്കുകയുണ്ടായി. മറ്റു പല ആളുകളും സാമൂഹ്യ സംഘടനകളും ഇതിലേയ്ക്ക് കടന്നുവരണമെന്നുള്ളതാണ് ഈ അവസരത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇന്ന് പല ആളുകളും അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുകയാണ്. കേരളത്തിലെ 60,000 ഏക്കറോളം ഭൂമി ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമുണ്ട്. അവർ ആ ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്നുവെന്നാണ് ഗവൺമെന്റ് കണ്ടെത്തിയിട്ടുള്ളത്. ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ ചില കേസുകൾ നടക്കുന്നുണ്ട്. ആ കേസുകളുടെ അടിസ്ഥാനത്തിൽ ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ആ ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞാൽ നിശ്ചയമായും ഭൂരഹിതരില്ലാത്ത കേരളമെന്ന സ്വപ്ന പദ്ധതി യാഥാർത്ഥ്യമാക്കാൻ ഈ ഗവൺമെന്റിന് കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

പട്ടയവിതരണം ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. പട്ടയം നൽകുന്ന കാര്യത്തിൽ യാതൊരു തരത്തിലുള്ള വിട്ടുവീഴ്ചയുമുണ്ടാകാൻ പാടില്ലായെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ആവർത്തിച്ചാവർത്തിച്ച് പറയാറുള്ള കാര്യമാണ്. 1996 മുതൽ ഞാൻ ഈ സഭയിലെ അംഗമാണ്. അതുമുതലുള്ള കണക്ക് ഞാനെടുത്തിട്ടുണ്ട്. 1996-2001 കാലഘട്ടത്തിൽ അഞ്ച് വർഷക്കാലംകൊണ്ട് 73,009 പട്ടയമാണ് കേരളത്തിൽ വിതരണം ചെയ്തിട്ടുള്ളത്. 2001-2006 കാലഘട്ടത്തിൽ 46,324 പട്ടയങ്ങൾ നൽകിയിട്ടുണ്ട്. 2006-2011 കാലഘട്ടത്തിൽ

84,604 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 2011-2015-ൽ, അതായത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നാല് വർഷക്കാലം പൂർത്തീകരിക്കുമ്പോൾ 124260 പട്ടയങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വളരെ അഭിമാനകരമായ ഒരു കാര്യമായി ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. ഇതുകൊണ്ട് അവസാനിക്കുന്നില്ല. ഇന്ന് പലയിടങ്ങളിലും എത്തിച്ചേരുമ്പോഴും അദാലത്തുകൾ നടത്തിയ അവസരത്തിലും നിരവധിയാളുകൾ തോടുപുറമ്പോക്കിലും പുഴപ്പുറമ്പോക്ക് കൈവശംവച്ച് അവിടെ വീടുവച്ചും തീരദേശത്തും താമസിക്കുന്നവരുണ്ട്, ബഹുമാനപ്പെട്ട ടി. എൻ. പ്രതാപൻ അക്കാര്യം ഇവിടെ പറയുകയുണ്ടായി. തീരദേശങ്ങളിലുള്ള പാവപ്പെട്ട ആളുകൾ താമസിക്കുന്ന ഭൂമിക്ക് പട്ടയം നൽകണമെന്ന് നിരവധി വർഷങ്ങളായി അവർ ആവശ്യപ്പെടുകയാണ്. പല നിയമതടസ്സങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ട് അവർക്ക് പട്ടയം കൊടുക്കുവാൻ കഴിയുകയില്ലെന്ന് പല നിർദ്ദേശങ്ങളും പല ഭാഗത്തുനിന്നും വരുന്നുണ്ടെങ്കിൽപ്പോലും ഇത്തരത്തിലുള്ള പാവപ്പെട്ട ആളുകളുടെ കൈവശമുള്ള ഭൂമിയുടെ അവകാശം നൽകണമെന്നുള്ള തീരുമാനമാണ് ഈ ഗവൺമെന്റ് എടുത്തിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിഴിഞ്ഞമുൾപ്പെടെയുള്ള ചില മേഖലകളിൽ തീരദേശത്ത് വസിക്കുന്ന പാവപ്പെട്ട ആളുകൾക്ക് പട്ടയം കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. റ്റി. എൻ. പ്രതാപൻ:</u> സർ, ഞാൻ അങ്ങയുടെ ഈ പ്രഖ്യാപനത്തെ അങ്ങേയറ്റത്തെ നന്ദിയോടുകൂടി അഭിനന്ദിക്കുകയാണ്. പട്ടയം സമയബന്ധിതമായി നൽകണമെങ്കിൽ, സംസ്ഥാനത്തെ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ഒൻപത് തീരദേശ ജില്ലകളിൽ അങ്ങുൾപ്പെടെ പങ്കെടുത്തുകൊണ്ട് അർഹരായ ആളുകളെ എത്രയുംവേഗം ഐഡന്റിഫൈ ചെയ്ത് അവർക്ക് പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നതിനായി ഒരു അദാലത്ത് സംഘടിപ്പിക്കുന്ന കാര്യംകൂടി പ്രഖ്യാപിക്കാമോ?

<u>ശ്രീ. അടൂർ പ്രകാശ്:</u> സർ, പട്ടയ വിതരണം സംബന്ധിച്ച് മറ്റു ചില ഉറപ്പുകൾകൂടി സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. തോട്-പുഴ പുറമ്പോക്കുകൾ, പാറ പുറമ്പോക്ക്, കനാൽ പുറമ്പോക്ക്, മേച്ചിൽ പുറമ്പോക്ക്, കുളം പുറമ്പോക്ക്, റോഡ് പുറമ്പോക്ക്, തീരദേശം എന്നിവിടങ്ങളിൽ

വർഷങ്ങളായി താമസിക്കുന്ന നിരവധി പാവപ്പെട്ട ആളുകളുണ്ട്. അവർക്ക് വീടുണ്ട്. ആ വീടുകൾക്ക് പഞ്ചായത്ത് നമ്പരും കൊടുത്തിട്ടുണ്ട്. വൈദ്യുതി കണക്ഷൻ എടുത്തിട്ടുണ്ട്, റേഷൻ കാർഡും ഇലക്ഷൻ ഐഡന്റിറ്റി കാർഡുമുണ്ട്. ഇവയെല്ലാമുണ്ടെങ്കിൽപ്പോലും ആ ഭൂമിയുടെ അവകാശം പാവപ്പെട്ട ആളുകൾക്ക് ഇല്ലായെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇതിന് ചില നിയമ ഭേദഗതികൾ ആവശ്യമായിരിക്കുകയാണ്. അതുകൊണ്ട് പഞ്ചായത്ത് വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് ഒരു യോഗം ഞങ്ങൾ വിളിച്ചുചേർത്തിരുന്നു. റവന്യൂ-പഞ്ചായത്ത്-നിയമ വകുപ്പ് സെക്രട്ടറിയടങ്ങുന്ന ഒരു സമിതി രൂപീകരിച്ചുകൊണ്ട് ആ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടികൾ ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെ ഒരു കാര്യംകൂടി സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു. ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽതന്നെ മുമ്പ് കൊടുത്തിട്ടുള്ള പട്ടയം, അതായത് 124260 പട്ടയം കൂടാതെ അതിനോടൊപ്പം രണ്ട് ലക്ഷം പട്ടയം കൂടി കൊടുക്കുന്നതിനുവേണ്ട നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുകയാണ്.

4.00 PM]

<u>ശ്രീ. പി. ബി. അബ്ദുൽ റസാക്</u>: സർ, തീരദേശ മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകാൻ അളന്നുകൊടുത്തിട്ടുള്ള ഭൂമി ഒരുപാട് ദൂരെയാണ്. മത്സ്യബന്ധന മല്ലാതെ മറ്റൊരു ജോലിയും ചെയ്യാൻ പറ്റാത്ത ആളുകളാണവർ. അവർക്ക് അതേ പഞ്ചായത്തിൽത്തന്നെ ഭൂമി കൊടുക്കാനുള്ള സംവിധാനം, റവന്യൂ ഭൂമി വേറെ എത്രയോ ഉണ്ട്. അവർക്ക് തൊട്ടടുത്തുതന്നെ ഭൂമി കൊടുക്കാനുള്ള സംവിധാനമു ണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ബഹുമാനപ്പെട്ട അംഗം പി. ബി. അബ്ദുൾ റസാക് ഇവിടെ സൂചിപ്പിച്ച വിഷയം, കാസർഗോഡ് ഭൂമികൊടുത്ത അവസരത്തിൽ അതേ സ്ഥലത്തുതന്നെ, അവർ ഇപ്പോൾ താമസിക്കുന്ന മേഖലയിൽതന്നെ ഭൂമി കണ്ടെത്താൻ കഴിയുമെന്ന് അറിയിച്ചിട്ടുണ്ട്. പക്ഷേ അന്ന് പട്ടയം കൊടുത്ത അവസരത്തിൽ കുറച്ചുമാറി മറ്റ് സ്ഥലങ്ങളിലാണ് കൊടുത്തിട്ടുള്ളതെന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. ഞാൻ കഴിഞ്ഞ ദിവസം കാസർഗോഡ് പോയ അവസരത്തിൽ ഈ വിഷയം എന്റെ ശ്രദ്ധയിൽ വന്നിരുന്നു. ജില്ലാകളക്ടറുമായി

അവിടെവച്ച് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അവിടെത്തന്നെ ഭൂമി കണ്ടെത്തി കൊടുക്കുവാൻ കഴിയുന്നുവെങ്കിൽ ഇന്ന് കൊടുത്തിട്ടുള്ള പട്ടയങ്ങൾ ക്യാൻസൽ ചെയ്തിട്ട് അത്തരം ആളുകൾക്ക് അവിടെ ഭൂമി കൊടുക്കാൻ വേണ്ടിയുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്.

അതുപോല മിച്ചഭൂമിയാണെന്നറിയാതെ കബളിപ്പിക്കപ്പെട്ട ഒരുപാടാളുകൾ ഇന്ന് കേരളത്തിലുണ്ട്. നിരവധി തവണ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ അവിടെ താമസിക്കുന്ന പാവപ്പെട്ട കർഷകരുമായി ചർച്ച നടത്തുകയുണ്ടായി. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ അക്കാര്യം പരിഹരിക്കുന്നതിനുള്ള ചില തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. അതിന് നിയമഭേദഗതി ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഭൂപരിഷ്കരണ നിയമത്തിൽ ചില ഭേദഗതികൾ വരുത്തുവാനുള്ള തീരുമാനങ്ങളെടുത്തു. ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്നതിനായി സഭയിൽ അവതരിപ്പിക്കുകയും അത് പാസ്സാക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ റൂൾ ഫ്രെയിം ചെയ്തിട്ടുണ്ട്. അതനുസരിച്ച് കണ്ണൂർ ജില്ലയിൽ വടക്കേക്കളം, ആറളം പഞ്ചായത്തിൽ അമ്പലക്കണ്ടി, കൊട്ടിയൂർ പഞ്ചായത്തിൽ പൊട്ടൻതോട് തുടങ്ങിയ മേഖലകളിൽ പട്ടയം സമയബന്ധിതമായി നൽകുന്നതിനാവശ്യമായ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ കാലതാമസമില്ലാതെ പൂർത്തീകരിക്കുന്നതാണ്.

ബഹുമാനപ്പെട്ട അംഗം എം. പി. വിൻസെന്റ് എല്ലാ അവസരത്തിലും പറയുന്നൊരു കാര്യമാണ് മലയോര മേഖലയിലുള്ള കർഷകരുടെ ഭൂമിക്ക് അവകാശം വേണമെന്നുള്ളത്. അതിനാവശ്യമായ ചില ചർച്ചകൾ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുമായും അതുപോലെ മുഖ്യമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ നേരത്തെ നടത്തിയിരുന്നു. ഒന്നുകൂടി ചർച്ചകൾ നടത്തി മലയോര മേഖലയിലുള്ള കർഷകർക്ക് പട്ടയം നൽകാൻവേണ്ട നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

ഇ-ഡിസ്ട്രിക്റ്റ് പദ്ധതി കേരളത്തിൽ നടപ്പാക്കി. ആ പദ്ധതി നടപ്പാക്കാൻ കേന്ദ്രഗവൺമെന്റ് നിർദ്ദേശം നൽകുന്ന അവസരത്തിൽ രണ്ട് ജില്ലകളെ പൈലറ്റ് പ്രോഗ്രാമായി എടുക്കാൻ പറഞ്ഞു. പൈലറ്റ് പ്രോഗ്രാമെന്നുള്ള നിലയിൽ രണ്ട് ജില്ലകൾ മാത്രമെടുക്കാതെ കേരളത്തിലെ 14 ജില്ലകളിലും ഈ സംവിധാനം

നടപ്പാക്കി. അപേക്ഷ നൽകുന്നതനുസരിച്ച് 24-ഓളം സർട്ടിഫിക്കറ്റുകൾ ഇന്ന് അക്ഷയ കേന്ദ്രത്തിലൂടെ നൽകുകയാണ്. ഇന്നലെ വരെ (30-6-2015 വരെ) ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം 14360520 സർട്ടിഫിക്കറ്റുകൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല, പുതിയ നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമെന്ന നിലയിൽ വില്ലേജ് ഓഫീസിലും അക്ഷയ സെന്ററിലും അപേക്ഷ കൊടുക്കേണ്ട കാര്യമില്ല. കമ്പ്യൂട്ടറും ഇന്റർനെറ്റും പ്രിന്ററും വീട്ടിലുണ്ടെങ്കിൽ അവിടെയിരുന്ന് അപേക്ഷ കൊടുത്ത് സർട്ടിഫിക്കറ്റെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ കഴിയും. ഓൺലൈനായി ഫീസ് അടച്ചുകഴിഞ്ഞാൽ സർട്ടിഫിക്കറ്റ് കിട്ടുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കിയിട്ടുണ്ട്.

അതിപ്രധാനമായിട്ടുള്ള ചില കാര്യങ്ങൾകൂടി പറയാം. ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പാക്കാൻ പോകുകയാണ്. രജിസ്ട്രേഷൻ കഴിഞ്ഞാൽ അന്നുതന്നെ പോക്കുവരവ് ചെയ്യാൻ കഴിയുന്ന രൂപത്തിൽ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുക എന്നുള്ളതാണ് ഞങ്ങൾ ആലോചിക്കുന്നത്. നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ തുടങ്ങിയ പൈലറ്റ് പദ്ധതി, അതിലെ നിയമപരമായ ചില തടസ്സങ്ങളും പോരായ്മകളും പരിഹരിച്ച് രജിസ്ട്രേഷനും റവന്യൂ സംവിധാനങ്ങളും തമ്മിൽ പൂർണ്ണമായും സംയോജിപ്പിച്ചുകൊണ്ട് സംസ്ഥാനത്താകമാനം നടപ്പിലാക്കാൻ തയ്യാറായിരിക്കുകയാണ്. തുടക്കമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിൽ ചാല, പട്ടം, ശാസ്തമംഗലം എന്നീ സബ്‌രജിസ്ട്രാർ ഓഫീസുകളുടെ കീഴിലുള്ള 12 വില്ലേജുകളായ പേരൂർക്കട, ശാസ്തമംഗലം, വട്ടിയൂർക്കാവ്, തിരുമല, മണക്കാട്, തൈക്കാട്, ചെറുവയ്ക്കൽ, കവടിയാർ, കുടപ്പനക്കുന്ന്, പട്ടം, ഉള്ളൂർ, ഉളിയാഴത്തുറ എന്നിവയും എറണാകുളം ജില്ലയിലെ മുളന്തുരുത്തി സബ്‌രജിസ്ട്രാർ ഓഫീസിന്റെ കീഴിലുള്ള രണ്ട് വില്ലേജുകളായ കണയന്നൂർ, കരിയക്കാട് വില്ലേജുകളിലുമാണ് ഈ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുള്ളത്. രജിസ്ട്രേഷൻ നടപടികൾക്കൊപ്പം പോക്കുവരവ് ചെയ്യാനുള്ള ഫീസും ഓൺലൈനായി അടയ്ക്കാമെന്നതാണ് പ്രത്യേകത. വസ്തു രജിസ്റ്റർ ചെയ്തതിനുശേഷം സബ്‌രജിസ്ട്രാർ ഓൺലൈനായി അപ്രൂവ് ചെയ്തുകഴിഞ്ഞാൽ വിവരങ്ങൾ ഓൺലൈനായി വില്ലേജാഫീസിൽ എത്തുകയും

ആവശ്യമായ പരിശോധനകൾ നടത്തി സബ്ഡിവിഷൻ ഇല്ലാത്ത കൈമാറ്റമാണെങ്കിൽ അന്നുതന്നെ പോക്കുവരവ് ചെയ്യാവുന്ന രീതിയിലുള്ള സംവിധാനങ്ങളാണ് തയ്യാറാക്കിയിരിക്കുന്നത്. സബ്ഡിവിഷനിലുള്ള കേസുകൾ വില്ലേജാഫീസർമാർ തഹസിൽദാർമാർക്ക് ഡേറ്റാ ഓൺലൈനായി അയച്ചുനൽകുകയും തഹസിൽദാരുടെ അംഗീകാരത്തോടുകൂടി വില്ലേജാഫീസർക്ക് പോക്കുവരവ് ചെയ്യാവുന്നതുമാണ്. രജിസ്ട്രേഷൻ വകുപ്പുമായി നേരിട്ട് സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനാൽ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം നിലവിലുള്ള തിരുവനന്തപുരം ജില്ലയിലാണ് ആദ്യമായി ഈ സംയോജിത സംവിധാനം നടപ്പാക്കുന്നത്.

ഓൺലൈൻ നാൾവഴി പദ്ധതി എന്ന സംവിധാനത്തിലൂടെ വില്ലേജ് ഓഫീസിൽ ജനങ്ങൾക്ക് നേരിട്ട് പണം അടയ്ക്കുവാനുള്ള സംവിധാനം കമ്പ്യൂട്ടർവൽക്കരിക്കുകയാണ്. പലവിധ ടാക്സുകളും ഫീസുകളും ഇനിമുതൽ വില്ലേജ് ഓഫീസിൽ ഓൺലൈൻ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ സ്വീകരിക്കാൻ കഴിയും. പണം സ്വീകരിച്ചതിനുശേഷം ചുമതലപ്പെട്ട വില്ലേജ് ഓഫീസിലെ ജീവനക്കാരന്റെ ഡിജിറ്റൽ ഒപ്പോടുകൂടിയ രസീത് പ്രിന്റ് എടുക്കാവുന്നതാണ്. ദിവസവും വില്ലേജ് ഓഫീസിൽ ലഭിച്ച പണത്തിന്റെ കണക്ക് താലൂക്കുകളിലും കളക്ടറേറ്റുകളിലും ഓൺലൈനായി അറിയാൻ കഴിയുന്നതോടുകൂടി സുതാര്യത വർദ്ധിക്കുകയും ജനങ്ങൾക്ക് വേഗത്തിൽ സേവനം ലഭിക്കുകയും ചെയ്യുന്നതാണ്. ഈ പദ്ധതി മലപ്പുറം ജില്ലയിൽ തിരുനാവായ വില്ലേജിൽ പൈലറ്റായി നടപ്പിലാക്കുകയും മറ്റ് 14 വില്ലേജുകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തു. സംസ്ഥാനത്തൊട്ടാകെ ഈ പദ്ധതി വ്യാപിപ്പിക്കുവാനും ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ച് നടപ്പിലാക്കാനുമുള്ള ജോലികൾ നടന്നുവരികയാണ്.

പൊതുജനങ്ങൾക്ക് ഏറെ സൗകര്യപ്രദമായ ഓൺലൈൻ പരാതി പരിഹാര സംവിധാനത്തിന് ആലപ്പുഴ ജില്ലയിലും കോഴിക്കോട് ജില്ലയിലും തുടക്കംകുറിച്ചു. അടുത്തമാസം അവസാനത്തോടെ സംസ്ഥാനത്തൊട്ടാകെ ഈ പദ്ധതി നടപ്പിൽ വരുത്തുവാൻ കഴിയും.

ഇ-ഗവേണൻസ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി സംസ്ഥാനത്ത് വെർച്ച്വൽ ഐ.റ്റി. കേഡർ രൂപീകരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നുള്ള വിവരം സഭയെ അറിയിക്കുകയാണ്. വിവര സാങ്കേതികവിദ്യയോട് ആഭിമുഖ്യമുള്ള സർക്കാർ ജീവനക്കാരെ തെരഞ്ഞെടുത്ത് അവർക്ക് പരിശീലനം നൽകി ഇ-ഗവേണൻസ് പദ്ധതി നടത്തിപ്പിന്റെ ചുമതല നൽകുക എന്നുള്ളതാണ് വെർച്ച്വൽ ഐ.റ്റി. കേഡർ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ജില്ലകളിൽനിന്നും നാമനിർദ്ദേശം ചെയ്ത സർക്കാർ ജീവനക്കാർക്ക് റവന്യൂ വകുപ്പിന് കീഴിലുള്ള ഐ.എൽ.ഡി.എം.-ലും ടെക്നോപാർക്കിലെ ഐ.ഐ.ഐ.ടി.കെ.എം.-ലും 10 ദിവസത്തെ പരിശീലനം നൽകിയശേഷം അവർക്ക് ഇ-ഗവേണൻസ് പദ്ധതി നടത്തിപ്പിന്റെ ചുമതലകൾ നൽകും. സംസ്ഥാന ഐ.ടി. മിഷന്റെ സാങ്കേതിക സഹായത്തോടെയും ഇ-ഗവേണൻസ് മിഷൻ ടീമിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചും ഐ.ടി. കേഡർ ടീമംഗങ്ങൾ പ്രവർത്തിക്കും. ജീവനക്കാർ അവർ ജോലിചെയ്യുന്ന വകുപ്പിലെ ഉത്തരവാദി ത്വങ്ങൾക്ക് പുറമേയാണ് ഇ-ഗവേണൺസ് പദ്ധതിപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന ഇ-ഗവേണൺസ് പദ്ധതികളുടെ സങ്കീർണ്ണമായ നടത്തിപ്പ് സുഗമമാക്കാൻ ഒരു ടീമിന്റെ ആവശ്യകത മുന്നിൽ കണ്ടുകൊണ്ടാണ് അങ്ങനെയൊരു തീരുമാനം കൈക്കൊണ്ടത്. സെക്രട്ടേറിയറ്റ് കഴിഞ്ഞാൽ ഈ സംവിധാനം നടപ്പിലാക്കാനായി റവന്യൂ വകുപ്പാണ് ആദ്യമായി മുന്നോട്ട് വന്നിട്ടുള്ളത്.

റവന്യൂ ഇ-പേമെന്റ് സിസ്റ്റം- ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനോടൊപ്പം തന്നെ വസ്തുവിന്റെ കരം ഓൺലൈനായി അടയ്ക്കാനുള്ള ഇ-പേമെന്റ് പദ്ധതി ഉടൻതന്നെ നടപ്പിൽ വരുത്തുന്നതാണ്. ഇതിനാവശ്യമായ സോഫ്റ്റ്‌വെയർ തയ്യാറാക്കി ടെസ്റ്റ് ചെയ്തുകഴിഞ്ഞിരിക്കുകയാണ്. പദ്ധതി നിലവിൽ വരുന്നതോടുകൂടി വില്ലേജ് ഓഫീസിൽ പോകാതെതന്നെ വസ്തുവിന്റെ കരം വീട്ടിലിരുന്ന് അടയ്ക്കുവാനും കരം അടച്ച രസീത് പ്രിന്റ് ചെയ്തെടുക്കാനും കഴിയും. ഈ സേവനം അക്ഷയ കേന്ദ്രങ്ങൾ, ഇന്റർനെറ്റ് കഫേ എന്നിവ മുഖേനയും ലഭിക്കുന്നതാണ്. ഈ പദ്ധതി ആഗസ്റ്റ് മാസത്തിൽത്തന്നെ

എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത വില്ലേജുകളിൽ തുടങ്ങാൻ കഴിയുന്നതാണ്.

നമ്മുടെ സംസ്ഥാനത്ത് സ്മാർട്ട് വില്ലേജുകൾ രൂപീകരിക്കുമെന്നും പ്രസ്തുത സ്മാർട്ട് വില്ലേജുകളുടെ പ്രവർത്തനം ആരംഭിക്കുമെന്നും നേരത്തെ ഞാൻ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. അതിന്റെയടിസ്ഥാനത്തിൽ 2013-14 സാമ്പത്തിക വർഷം 14 സ്മാർട്ട് വില്ലേജുകൾ പ്രഖ്യാപിക്കുകയുണ്ടായി. അതിൻപ്രകാരം ആ 14 സ്മാർട്ട് വില്ലേജുകളുടെ പണികൾ പൂർത്തീകരിച്ചു. രണ്ടാംഘട്ടത്തിൽ, കഴിഞ്ഞ സാമ്പത്തിക വർഷം 11 സ്മാർട്ട് വില്ലേജുകൾക്ക് തുടക്കംകുറിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. അതിന്റെ പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. മൂന്നാംഘട്ടത്തിൽ, ഈ വർഷം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള പണം ഉപയോഗിച്ച് തെരഞ്ഞെടുക്കപ്പെട്ട 8 വില്ലേജാഫീസുകളുടെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ചു. കേരളത്തിൽ 33 സ്മാർട്ട് വില്ലേജുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പല ജില്ലകളിലും വില്ലേജാഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് താമസിക്കുന്നതിനുള്ള സൗകര്യമില്ലാത്തതിനാൽ, കഴിഞ്ഞ സാമ്പത്തികവർഷം കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം, വാകത്താനം, കുറിച്ചി, ഇളംകുളം, കുലശേഖരമംഗലം എന്നീ വില്ലേജുകൾക്കും പത്തനംതിട്ട ജില്ലയിലെ പള്ളിക്കൽ, കോന്നിത്താഴം, സീതത്തോട്, പത്തനംതിട്ട എന്നീ വില്ലേജുകൾക്കും റസിഡൻഷ്യൽ ക്വാർട്ടേഴ്സോടുകൂടി പുതിയ വില്ലേജാഫീസ് കെട്ടിടത്തിന്റെ ഫണ്ട് അനുവദിക്കുകയുണ്ടായി. അതിന്റെ പണികൾ തുടങ്ങുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം കോഴിക്കോട് ജില്ലയിലെ തിരുവണ്ണൂർ, നരിപ്പറ്റ, ഒളവണ്ണ, ചക്കിട്ടപ്പാറ, പേരാമ്പ്ര എന്നീ വില്ലേജുകൾക്കും മലപ്പുറം ജില്ലയിലെ വെറ്റിലപ്പാറ, കീഴുപറമ്പ്, മൂർക്കനാട്, കരുവാരക്കുണ്ട്, എടപ്പാൾ എന്നീ 10 വില്ലേജുകൾക്കും റസിഡൻഷ്യൽ ക്വാർട്ടേഴ്സോടുകൂടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതാണ്.

ഈ സഭയിൽ ഇന്ന് ചർച്ച ചെയ്ത കൂട്ടത്തിൽ പുഴകളെ സംരക്ഷിക്കുന്ന കാര്യത്തെക്കുറിച്ച് പല ബഹുമാന്യരായ അംഗങ്ങളും പറയുകയുണ്ടായി.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, രണ്ട് വില്ലേജുകൾക്ക് ഒരു ഓഫീസ് എന്ന നിലയിൽ പ്രവർത്തിക്കുന്ന സ്ഥലങ്ങളുണ്ട്. അവയെ ബൈഫർക്കേറ്റ് ചെയ്ത് രണ്ടു

വില്ലേജുകളും അതിനനുസരിച്ചുള്ള സ്റ്റാഫ് സ്ട്രെങ്ത്തും കൊടുക്കാൻ തയ്യാറാകുമോ? ഇത് കുറച്ചുകാലമായി പരിഗണിക്കുന്ന കാര്യമാണ്. പഴയ കൊച്ചിരാജ്യത്ത് പ്രത്യേകമായി ഉള്ള കാര്യമാണ്, തൃശ്ശൂർ ജില്ലയിൽ അതിന് സാധിക്കുമോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ബഹുമാനപ്പെട്ട തേറമ്പിൽ രാമകൃഷ്ണൻ പറയുന്നത് ഗ്രൂപ്പ് വില്ലേജുകളുടെ കാര്യത്തെ സംബന്ധിച്ചാണ്. അത് വേർതിരിക്കുന്ന കാര്യത്തെക്കുറിച്ചാണ് അദ്ദേഹം നിർദ്ദേശം വച്ചിരിക്കുന്നത്. അതിനെക്കുറിച്ച് ധനകാര്യ വകുപ്പുമായി ചർച്ച ചെയ്ത് പരിഗണിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന് </u>: സർ, റസിഡൻഷ്യൽ ക്വാർട്ടേഴ്സിന്റെ കാര്യം പറയുകയുണ്ടായി. കേരളത്തിൽ ഏറ്റവും കൂടുതൽ ഇത്തരം ക്വാർട്ടേഴ്സ് ആവശ്യമുള്ളത് കാസർഗോഡ് ജില്ലയിലാണ്. കാരണം, അവിടെ ഒരുദ്യോഗസ്ഥനും സ്ഥിരമായി ജോലി ചെയ്യുകയില്ല. താമസസൗകര്യമില്ലാത്തതുകൊണ്ട് ഉദ്യോഗസ്ഥർ ജോയിൻ ചെയ്യുന്ന അന്നുതന്നെ ലീവെടുത്ത് മാറിപ്പോകുകയാണ്. കാസർഗോഡ് ജില്ലയെക്കൂടി അതിലുൾപ്പെടുത്തണം. അതുപോലെതന്നെ പാഡി, നെല്ലിക്കെട്ട് തുടങ്ങിയ പല വില്ലേജ് ഓഫീസുകളും അപകടാവസ്ഥയിലാണ്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഓരോവർഷവും രണ്ട് ജില്ലകൾ വീതമെടുത്താണ് ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുള്ളത്. തീർച്ചയായും ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞിട്ടുള്ള വികാരങ്ങൾ ഉൾക്കൊള്ളുന്നതാണ്. കാസർഗോഡ് പോലെയുള്ള പ്രദേശങ്ങളിലെ ബുദ്ധിമുട്ടുകൾ നന്നായി മനസ്സിലാക്കിക്കൊണ്ടുതന്നെ അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതുപോലെ കണ്ണൂർ ജില്ലയിലെ കാര്യവും ശ്രീ. സണ്ണി ജോസഫ് സൂചിപ്പിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട ഡോ. എൻ. ജയരാജ് നദികളുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പുഴകളെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള നടപടികളുണ്ടാകണമെന്ന പ്രൊപ്പോസലാണ് അദ്ദേഹം വച്ചിട്ടുള്ളത്. അതിനായി ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട് " പുഴ മുതൽ പുഴ വരെ" എന്ന പദ്ധതിയാണ്. സംസ്ഥാനത്തെ പുഴകളുടെ സംരക്ഷണമാണ് ഏറ്റവും പ്രധാനമായി ഉദ്ദേശിക്കുന്നത്. പുഴകളുടെ സംരക്ഷണത്തിനും പുനർജ്ജീവനത്തിനുമായി "പുഴ

മുതൽ പുഴ" വരെ എന്ന പദ്ധതിക്ക് റവന്യൂ വകുപ്പ് തുടക്കം കുറിച്ചുവെന്ന വിവരം സഭയെ അറിയിക്കുകയാണ്. 'പുഴയെ അറിയുക ആദരിക്കുക' എന്ന സന്ദേശം വരും തലമുറയ്ക്ക് കൈമാറി അവരെ നദീസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പുഴയോരങ്ങളെ സൗന്ദര്യവൽക്കരിച്ചുകൊണ്ട് കയ്യേറ്റങ്ങൾ തടയുക, പുഴയെ മാലിന്യമുക്തമാക്കുക, പുഴകളുടെ സൗന്ദര്യം ആസ്വദിക്കുവാൻ അവസരം സൃഷ്ടിക്കുക തുടങ്ങിയവയും പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. മലിനീകരണവും കയ്യേറ്റവുംകൊണ്ട് വികൃതവും അന്യാധീനപ്പെട്ടതുമായ പുഴയോരങ്ങളിൽ ഫലവൃക്ഷങ്ങളും പൂമരങ്ങളും പൂച്ചെടികളും വളർത്തി റിവർ പാർക്ക് എന്ന വിശാല ലക്ഷ്യം സാക്ഷാത്കരിക്കുവാനും പദ്ധതികൊണ്ടുദ്ദേശിക്കുന്നു. ആദ്യഘട്ടത്തിൽ ഭാരതപ്പുഴ, അച്ചൻകോവിലാർ, പമ്പയാർ എന്നിവയുടെ തീരങ്ങളിലാണ് മാതൃകാപദ്ധതികൾ നടപ്പിലാക്കുന്നത്. ഭാരതപ്പുഴയുടെ 527 ഏക്കർ, മലപ്പുറം ജില്ലയിൽ കുറ്റിപ്പുറം മുതൽ തിരുനാവായ വരെയുള്ള 3 കിലോമീറ്റർ റോഡിനോട് ചേർന്നുള്ള സ്ഥലം, പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിലാറിന്റെ തീരത്ത് 9 ഏക്കർ, പത്തനംതിട്ട ജില്ലയിലെ തൃപ്പാര ക്ഷേത്രത്തിനു സമീപത്തെ ഒരേക്കർ, ആറന്മുളയിൽ പമ്പാനദീ തീരം എന്നിവിടങ്ങളാണ് നിർദ്ദിഷ്ട മാതൃകാ പദ്ധതി പ്രദേശങ്ങൾ. സംസ്ഥാന റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും 10 കോടിരൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

എറണാകുളത്ത് ഒരു റിവർ മാനേജ്മെന്റ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. സംസ്ഥാനത്തെ നദികളിൽ നിന്ന് മണൽ വാരുന്നതുമായി ബന്ധപ്പെട്ട് ഒരുപാട് പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. സഭയിൽ ഇന്നലെ അതുസംബന്ധിച്ച് ഒരു സബ്മിഷൻ വന്നിരുന്നു. പലപ്പോഴും നദികളെക്കുറിച്ച് പഠിക്കുവാൻ, മണൽ എത്രമാത്രമുണ്ടെ ന്നതിനെക്കുറിച്ച് പഠിക്കാൻ പല ആളുകളേയും ഏൽപ്പിച്ചാൽ സമയബന്ധിതമായി റിപ്പോർട്ടുകൾ ലഭിക്കാത്ത അവസ്ഥയുണ്ട്. റിവർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ടുകൊണ്ട് അത്തരം കാര്യങ്ങളെക്കുറിച്ച് പഠനം നടത്തുവാനും അതിലെ റിപ്പോർട്ടുകൾ വേഗത്തിൽ സമർപ്പിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുവാൻ

കഴിയുന്നതാണ്. അതിനായാണ് റിവർ മാനേജ്മെന്റ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാൻ തീരുമാനിച്ചത്.

ഡോ. എൻ. ജയരാജ്: സർ, പൊതുജനങ്ങൾക്ക് പുഴ എവിടെ മുതൽ എവിടെ വരെയാണെന്ന് അറിയില്ല. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ചെയ്യുന്നതുപോലെ ജണ്ടകൾ കെട്ടി നിലവിലുള്ള പുഴകളുടെ തീരങ്ങളെങ്കിലും ഡീമാർക്ക് ചെയ്തില്ലെങ്കിൽ വീണ്ടും കയ്യേറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കും. അതുകൂടി ഇതിന്റെ ഭാഗമായി നടപ്പിലാക്കണം.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇന്ന് പുഴയുടെ അതിർത്തി എവിടെ നിന്നാണെന്ന് ആർക്കും അറിയില്ല. അതുകൊണ്ട് റവന്യൂ ഡിപ്പാർട്ട്മെന്റ് പുഴയുടെ അതിർത്തി നിശ്ചയിക്കുകയും അവിടെ ജണ്ട കെട്ടുകയും ചെയ്താൽ നല്ലതായിരിക്കും. അക്കാര്യം ഗൗരവമായി എടുക്കണം.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പറഞ്ഞത് പുഴയുടെ അതിർത്തി നിർണ്ണയിക്കുന്ന കാര്യമാണ്. തീർച്ചയായും അക്കാര്യംകൂടി പരിഗണിക്കുന്നതാണ്; അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകാം.

ഡിസാസ്റ്റർ മാനേജ്മെന്റുമായി ബന്ധപ്പെട്ട്, സംസ്ഥാനത്ത് ഒരു ദുരന്ത നിവാരണ അതോറിറ്റിക്ക് ആസ്ഥാനമന്ദിരം പണിയുന്നതിനുള്ള തുടക്കംകുറിച്ചു കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശിലാസ്ഥാപനം നിർവ്വഹിക്കുകയുണ്ടായി. ദുരന്ത നിവാരണ അതോറിറ്റിക്ക് ഒരു ആസ്ഥാനമന്ദിരം തിരുവനന്തപുരത്ത് നിർമ്മിക്കുമെന്ന് കഴിഞ്ഞ പ്രാവശ്യം ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ ഞാൻ പറഞ്ഞിരുന്നതാണ്. അതിന്റെയടിസ്ഥാനത്തിൽ ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാനമന്ദിര നിർമ്മാണോദ്ഘാടനം ഇതിനോടകം നടത്തിക്കഴിഞ്ഞിട്ടുണ്ട്. അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. 7 കോടി 68 ലക്ഷം രൂപ ചെലവഴിച്ചാണ് പ്രസ്തുത കെട്ടിടം

നിർമ്മിക്കുന്നത്. ഈ മന്ദിരത്തിൽ ആധുനിക വിവരസംവേദന സാങ്കേതിക വിദ്യ തയ്യാറാക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിൽനിന്നും 7 കോടി 82 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. നമ്മുടെ തീരദേശങ്ങളിലെ ഏറ്റവും വലിയ പ്രശ്നമെന്നു പറയുന്നത്, പലപ്പോഴും ചുഴലിക്കാറ്റും കടൽക്ഷോഭവുമുണ്ടാകുന്ന അവസരങ്ങളിൽ തീരദേശത്ത് വസിക്കുന്ന ആൾക്കാരെ മാറ്റിപ്പാർപ്പിക്കുവാൻ സ്ഥലമില്ല. അത്തരം ആളുകളെ മാറ്റിപ്പാർപ്പിക്കുന്നത് സമീപത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ്. അത്തരത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാറ്റിപ്പാർപ്പിക്കുമ്പോൾ കുട്ടികൾക്ക് പഠിക്കാനുള്ള അവസരം നഷ്ടപ്പെടുകയാണ്. ഇതുസംബന്ധിച്ച് ഒരു പ്രൊപ്പോസൽ നമ്മൾ കേന്ദ്രസർക്കാർ മുമ്പാകെ സമർപ്പിച്ചിരുന്നു. അതിന്റെയടിസ്ഥാനത്തിൽ ലോക ബാങ്കിന്റെ സഹായത്തോടുകൂടി സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇത് കഴിഞ്ഞവർഷം ഞാൻ ഈ സഭയിൽ പറഞ്ഞ കാര്യമാണ്. 152 കോടി രൂപയോളം ഇതിനോടകം ലഭ്യമായിട്ടുണ്ടെന്ന സന്തോഷവാർത്ത ഈ അവസരത്തിൽ ഞാൻ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അന്ന് കേന്ദ്ര ആഭ്യന്തര സഹമന്ത്രിയായിരുന്ന ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രന്റെ സഹായത്തോടുകൂടിയാണ് Cyclone risk mitigation centre-കൾ അനുവദിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞത്. അതുകൊണ്ട് ഒൻപത് തീരദേശ ജില്ലകളിലായി 27 അടിയന്തരഘട്ട താൽക്കാലിക പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട പല എം.എൽ.എ.-മാരും അതിനുള്ള ചില നിർദ്ദേശങ്ങൾ നൽകിയതനുസരിച്ച് ആവശ്യമായ പരിശോധന നടത്തുവാനും അതിനുള്ള നടപടികൾ സ്വീകരിക്കുവാനുമുള്ള ഏർപ്പാടുകൾ ഉണ്ടാക്കിക്കഴിഞ്ഞിട്ടുണ്ട്.

അതുപോലെ ഓരോ ജില്ലകളിലും എമർജൻസി ഓപ്പറേഷൻ സെന്ററുകൾ ആരംഭിക്കുന്നതാണ്. ഇപ്പോൾ മൂന്ന് ജില്ലകളിൽ അതിന്റെ ആരംഭം കുറിച്ചു കഴിഞ്ഞു. ജില്ലകൾതോറും എമർജൻസി ഓപ്പറേഷൻ സെന്ററുകൾ പൂർണ്ണ സജ്ജീകരണത്തോടുകൂടി പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ, പത്തനംതിട്ട, മലപ്പുറം എന്നീ ജില്ലകളിൽ ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇടുക്കി ജില്ലയിൽ പ്രസ്തുത സെന്ററിന്റെ പ്രവർത്തനം അടുത്തമാസം ആരംഭിക്കുന്നതാണ്. മറ്റു ജില്ലകളിൽ ഈ വർഷം അവസാനത്തോടുകൂടി അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ ഐ.എസ്.ഒ. നിലവാര ത്തിലേയ്ക്ക് ഉയർത്തുവാൻവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. അതുപോലെ സ്മാർട്ട് വില്ലേജുകളുടെ കാര്യം പറഞ്ഞപ്പോൾ ഒരു കാര്യം പറയാൻ വിട്ടുപോയി. സ്മാർട്ട് വില്ലേജുകൾ പ്രവർത്തനം ഏതാണ്ട് പൂർണ്ണരൂപത്തിൽ പ്രവർത്തനം ആരംഭിക്കുന്ന ഘട്ടത്തിലേയ്ക്ക് എത്തിക്കഴിഞ്ഞു. സ്മാർട്ട് വില്ലേജുകളെല്ലാം തന്നെ ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് ഉയർത്തുവാനുള്ള നടപടികൾ റവന്യൂ വകുപ്പ് നടപ്പാക്കുന്നതാണ്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ അംഗ പരിമിതർക്കായി പ്രത്യേക ദുരന്ത നിവാരണ പരിശീലനം നടത്തുവാൻ ഉദ്ദേശിക്കുന്നു; ആയതിലേയ്ക്ക് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സർവ്വേ ആന്റ് ലാന്റ് റിക്കോർഡ്സുമായി ബന്ധപ്പെട്ട് മോഡേൺ സർവ്വേ ഇൻസ്റ്റിറ്റ്യൂട്ടിനെപ്പറ്റി കഴിഞ്ഞ സഭയിൽ ഞാൻ പറഞ്ഞിരുന്നതാണ്. ആധുനിക സർവ്വേ സംവിധാനങ്ങളായ ജി.പി.എസ്., ഇ.റ്റി.എസ്. എന്നിവ ഉപയോഗിച്ച് സർവ്വേ നടത്തുന്നതിന് ഒരു പരിശീലന കേന്ദ്രം 100 ദിവസങ്ങൾക്കുള്ളിൽ ആരംഭിക്കുമെന്ന് കഴിഞ്ഞപ്രാവശ്യം ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. അതനുസരിച്ച് 2014 നവംബർ മാസം 5-ാം തീയതി പ്രസ്തുത കോഴ്സ് ആരംഭിക്കുകയും ചെയ്തു. വിദേശത്ത് ധാരാളം തൊഴിൽസാധ്യതയുള്ള ഒരു കോഴ്സാണ് ഇവിടെ നടത്തുന്നത്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് ഇവിടെ പ്രവർത്തിക്കുന്ന എന്നുള്ളതുകൊണ്ട് പല തരത്തിലുള്ള പ്രയോജന

മാണുള്ളത്. സർവ്വേ-റവന്യൂ വകുപ്പുകളിലെ ജീവനക്കാർക്കും മറ്റ് വകുപ്പിലെ ജീവനക്കാർക്കും ഇവിടെ പരിശീലനം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും രണ്ട് ബാച്ച് ഇതിനോടകം തന്നെ പരിശീലനം പൂർത്തിയാക്കി പുറത്തിറങ്ങിയിട്ടുണ്ട്. ഇവിടെനിന്നും കോഴ്സ് കഴിഞ്ഞ് പുറത്തിറങ്ങുന്ന സർവ്വേയർമാരുടെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു സർവ്വേയർ ബാങ്ക് രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുകയാണ്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അടുത്ത രണ്ട് മാസത്തിനുള്ളിൽ സർവ്വേയർ ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. നിലവിൽ എല്ലാ സർവ്വേ ജോലിക്കും സർവ്വേ വകുപ്പിലെ ഉദ്യോഗസ്ഥരെയാണ് നിയോഗിക്കുന്നത്. അതുകൊണ്ടുതന്നെ പലപ്പോഴും ആവശ്യത്തിന് സർവ്വേയർമാർ ഇല്ലാത്താത്തതുകൊണ്ട് സമയബന്ധിതമായി പൂർത്തിയാക്കേണ്ട പല പദ്ധതികളും സമയത്ത് പൂർത്തിയാക്കാൻ കഴിയുന്നില്ല. സർവ്വേയർ ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കുമ്പോൾ ഇത്തരം ജോലികൾ സർവ്വേയർ ബാങ്കിൽ അംഗത്വമുള്ളവരെ ഏൽപ്പിക്കുവാനും അതുവഴി സർക്കാരിന്റെ എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുവാനും സർവ്വേയർ ബാങ്കിലെ അംഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുവാനും കഴിയും. സർവ്വേ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആസ്ഥാന മന്ദിരവും ഹോസ്റ്റലും പണിയുന്നതിന് തിരുവനന്തപുരത്ത് മുട്ടത്തറയിൽ സർക്കാർ 5 ഏക്കർ ഭൂമി അനുവദിക്കുകയും ഒരുകോടി ഇരുപതു ലക്ഷം രൂപ ഇതിന്റെ നിർമ്മാണത്തിനുവേണ്ടി വകയിരുത്തുകയും ചെയ്തു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണോ ദ്ഘാടനം വരുന്ന മാസം നടത്തുന്നതാണ്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞാൽ സർവ്വേയർമാർക്ക് അല്ലെങ്കിൽ റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് സർവ്വേയുമായി ബന്ധപ്പെട്ട് മെച്ചപ്പെട്ട പഠനം അവിടെ നൽകാൻ കഴിയും. നിലവിൽ ജീവനക്കാരെ ട്രെയിനിംഗിനായി അയച്ചുകൊണ്ടിരിക്കുന്നത് ഹൈദ്രാബാദിലെ സർവ്വേ ഓഫ് ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ടിലാണ്. അതിനുപകരം ഈ സ്ഥാപനത്തിൽത്തന്നെ അവർക്ക് ട്രെയിനിംഗ് കൊടുക്കുവാനുള്ള സൗകര്യങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരുക്കുവാൻ കഴിയും. നിലവിൽ സർവ്വേ ഓഫ് ഇൻഡ്യ നടത്തിവരുന്ന ട്രെയിനിംഗിൽ പങ്കെടുക്കുന്നവർക്ക് നൽകുന്ന ഫീസ്, യാത്രാപ്പടി, മറ്റ് അനുബന്ധ ചെലവുകൾ എല്ലാംകൂടി 300 പേർക്ക് ട്രെയിനിംഗ് കൊടുക്കണമെങ്കിൽ ഒരുവർഷം ഏകദേശം

രണ്ടുകോടി രൂപയോളം സംസ്ഥാന ഖജനാവിൽനിന്നും ചെലവഴിക്കേണ്ടിവരികയാണ്. ഈ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതോടുകൂടി സർവ്വേയുമായി ബന്ധപ്പെട്ട ട്രെയിനിംഗ് കൊടുക്കുവാനുള്ള അവസരം ഇവിടെത്തന്നെ ഉണ്ടാക്കിയെടുക്കാൻ കഴിയുമെന്നതാണ് പ്രത്യേകത. മാത്രമല്ല, സർവ്വേ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട് ഈ കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഒരുവർഷം ദൈർഘ്യമുള്ള ഒരു സർവ്വേ ഡിപ്ലോമ കോഴ്സുകൂടി ആരംഭിക്കുന്നതാണ്. അന്യസംസ്ഥാനങ്ങളിലെ ജീവനക്കാർക്കും ഇവിടെ ട്രെയിനിംഗ് കൊടുക്കുവാനുള്ള സംവിധാനമൊരുക്കുക എന്നതാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. റവന്യൂ സംബന്ധിച്ചും സർവ്വേ സംബന്ധിച്ചും ഡിസാസ്റ്ററുമായി ബന്ധപ്പെട്ടും കേരളത്തിൽ ഇന്ന് നടപ്പാക്കിയിട്ടുള്ളതും ഇനി നടപ്പാക്കാൻ പോകുന്നതുമായ കാര്യങ്ങളാണ് ഞാനിവിടെ പറഞ്ഞത്. തീർച്ചയായും ഇത്തരം കാര്യങ്ങൾ നിറവേറ്റുന്നതിനുവേണ്ട സഹകരണവും അംഗീകാരവും ഉണ്ടാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ:</u> കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ....

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ...........................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ ...

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ....

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...........

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ....

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ....

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ...........

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ, ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ജൂലൈ മാസം 2-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും

സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.28-ന് പിരിഞ്ഞു).

*****